# അദ്വൈതദർശനം ആശാൻകവിതയിൽ

കോഴിക്കോട് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം

ഒ. രാജേഷ്

മലയാള–കേരള പഠനവിഭാഗം

**2012**

# ADVAITA PHILOSOPHY IN THE POEMS OF KUMARANASAN

**A dissertation submitted to the University of Calicut**

**for the Degree of Doctor of Philosophy**

**by**

**O. RAJESH**

**DEPARTMENT OF MALAYALAM AND KERALA STUDIES**

**UNIVERSITY OF CALICUT**

**2012**

**ഡോ. എൻ. ഗോപിനാഥൻ നായർ**

പ്രൊഫസർ, മലയാളവിഭാഗം (റിട്ട.)

കോഴിക്കോട് സർവ്വകലാശാല

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്. ഡി. ബിരുദത്തിനായി സമർപ്പിക്കുന്ന **'അദ്വൈതദർശനം ആശാൻ കവിതയിൽ'** എന്ന പ്രബന്ധം ഒ. രാജേഷ് എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട് സർവ്വകലാശാല **ഡോ. എൻ. ഗോപിനാഥൻ നായർ**

– 02– 2012

# സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യ ബോധപ്പെടുത്തുന്നു.

എന്ന്

കോഴിക്കോട് സർവ്വകലാശാല **ഒ. രാജേഷ്**

- 02- 2012

## കൃതജ്ഞത

മലയാളസാഹിത്യത്തിൽ ദാർശനികമായ വിചിന്തനങ്ങൾക്കും ഗൗരവപൂർണ്ണമായ നിരവധി പഠനങ്ങൾക്കും വിധേയനായ കവിയാണ് കുമാരനാശാൻ. മനുഷ്യരാശിയുടെ സമസ്തതലങ്ങളെയും ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ കാവ്യങ്ങൾ ദേശകാലാതീതമായ പാഠശേഖരങ്ങളെ എന്നും ഊർജ്ജസ്വലമാക്കുന്നവയാണ്. ആശാൻ കവിതയിലെ അദ്വൈതദർശനത്തിന്റെ സ്വാധീനത്തെക്കുറിച്ച് പലരും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ വിശദവും വസ്തുനിഷ്ഠവുമായ പഠനം ഇതുവരെ ഉണ്ടായിട്ടില്ല. **'അദ്വൈതദർശനം ആശാൻ കവിതയിൽ'** എന്ന ഈ ഗവേഷണപ്രബന്ധം അതിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള ഒരെളിയ പരിശ്രമമാണ്.

ഈ ഗവേഷണപ്രവർത്തനം മുന്നോട്ടുകൊണ്ടു പോകാൻ എനിക്ക് പിന്തുണയും കരുത്തും പ്രോത്സാഹനവും നൽകിയ നിരവധി സുമനസ്സുകളുണ്ട്. അവരിൽ പ്രാതഃസ്മരണീയൻ എന്റെ ഗൈഡ് ഡോ.ഗോപിനാഥൻ നായർ അവർകളാണ്. ഗവേഷണപ്രവർത്തനത്തിന്റെ ഘട്ടങ്ങളിലെല്ലാം വ്യക്തവും കൃത്യവുമായ മാർഗ്ഗനിർദ്ദേശം നൽകി സർവ്വാത്മനാ എന്നോട് സഹകരിച്ച ഗോപി സാറിനോടുള്ള സ്നേഹാദരങ്ങളും നന്ദിയും കടപ്പാടും വാക്കുകൾക്കതീതമാണ്.

വിവിധ പഠനക്ലാസ്സുകളിലൂടെയും പ്രഗത്ഭമതികളുടെ പ്രഭാഷണങ്ങളിലൂടെയും അദ്വൈതത്തെക്കുറിച്ച് കിട്ടിയ അറിവാണ് പ്രസ്തുതദർശനത്തെ സാഹിത്യവുമായി ബന്ധപ്പെടുത്തി പഠിക്കാനുള്ള മനക്കരുത്ത് എനിക്ക് പകർന്നത്. ആഴവും പരപ്പും വളരെയേറെയുള്ള അദ്വൈതദർശനത്തിന്റെ വെളിച്ചം ഉള്ളിൽ ജ്വലിപ്പിച്ച ശ്രീമദ് അദ്ധ്യാത്മാനന്ദ സരസ്വതി സ്വാമികൾ (സംബോധ് ഫൗണ്ടേഷൻ, കേരളം), ശ്രീമദ് ചിദാനന്ദപുരി സ്വാമികൾ (കൊളത്തൂർ അദ്വൈതാശ്രമം), സ്വാമി മുനിനാരായണ പ്രസാദ് (നാരായണ ഗുരുകുലം, ഫേൺഹിൽ) തുടങ്ങിയ ഗുരുസ്ഥാനീയരോടും കോഴിക്കോട് സർവ്വകലാശാലയിലെ മലയാളം വകുപ്പിലെ മുഴുവൻ അദ്ധ്യാപക-അനദ്ധ്യാപകരോടും സ്ക്കൂൾ ഓഫ് ഫോക്ക്‌ലോർ സ്റ്റഡീസിന്റെ മേധാവി ശ്രീ. ഇ.കെ.ഗോവിന്ദവർമ്മരാജ അവർകളോടും എനിക്കുള്ള പ്രതിബദ്ധത അളവറ്റതാണ്.

ഗവേഷണത്തിന് സഹായം നൽകിയ കോഴിക്കോട് സർവ്വകലാശാലാ മലയാളവിഭാഗം ലൈബ്രറി, സി.എച്ച്. മുഹമ്മദ് കോയ ലൈബ്രറി, ദേശപോഷിണി പബ്ലിക്ക് ലൈബ്രറി, കുതിരവട്ടം

തുടങ്ങിയ ഗ്രന്ഥശാലകളിലെ ജീവനക്കാരോടുള്ള കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു.

ചേളന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ. എൻ. സുരേഷ്, കോഴിക്കോട് ജില്ലാ പട്ടികജാതി വികസന അസി. ഓഫീസർ ശ്രീ. കെ.ജെ. മൈക്കിൾ ഉൾപ്പെടെയുള്ള എന്റെ മേലുദ്യോഗസ്ഥരുടെയും സഹപ്രവർത്തകരുടെയും അനുഭാവപൂർണ്ണമായ സഹായസഹ കരണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഈ ഗവേഷണപ്രബന്ധം എനിക്ക് പൂർത്തീകരിക്കാനാകു മായിരുന്നില്ല. അവർക്കെല്ലാം നന്ദി. കൂടാതെ ഗവേഷണപ്രവർത്തനങ്ങളെ എല്ലാ അർത്ഥത്തിലും പിന്തുണച്ച രക്ഷിതാക്കളോടും ജീവിതപങ്കാളിയായ ശ്രീമതി. മഞ്ജുഷ ആർ.വർമ്മയോടുമുള്ള കടപ്പാട് അറിയിക്കാനും ഈ സന്ദർഭം വിനിയോഗിക്കട്ടെ. ഈ ഗവേഷണപ്രബന്ധത്തിന്റെ ഫോട്ടോകോപ്പി, ബൈന്റിങ്ങ് തുടങ്ങിയ കാര്യങ്ങൾ ഭംഗിയായി ചെയ്തുതന്ന കോഴിക്കോട് പുതിയ ബസ്സ്റ്റാന്റിനു സമീപത്തുള്ള പ്രിന്റ് ഹൗസിലെജീവനക്കാരോടുള്ള നന്ദിയും അറിയിച്ചു കൊള്ളുന്നു.

ഒ. രാജേഷ്

## ഉള്ളടക്കം


| വിഷയവിവരം | പുറം |
|---|---|
| **1- ദർശനവും സാഹിത്യവും (1-17)** | |
| 1.1 - സാഹിത്യവും ദർശനവും പൗരസ്ത്യവീക്ഷണത്തിൽ | 4 |
| 1.2 - സാഹിത്യവും ദർശനവും പൗരസ്ത്യവീക്ഷണത്തിൽ | 10 |
| **2- അദ്വൈതത്തിന്റെ സ്ഥാനവും സ്വാധീനവും (18-62)** | |
| 2.1 - അദ്വൈതചിന്ത വേദങ്ങളിൽ | 20 |
| 2.2 - ആസ്തിക-നാസ്തിക ദർശനങ്ങളിൽ | 22 |
| 2.3- പ്രസ്ഥാനത്രയത്തിൽ (23-26) | |
| 2.3.1- ഉപനിഷത്ത് | 23 |
| 2.3.2- ഭഗവദ്ഗീത | 24 |
| 2.3.3- ബ്രഹ്മസൂത്രം | 26 |
| 2.4- ഇതിഹാസ പുരാണങ്ങളിൽ | 26 |
| 2.5- ആചാര്യന്മാരുടെയും പ്രസ്ഥാനങ്ങളുടെയും സംഭാവനകൾ (29-36) | |
| 2..5.1- ശങ്കരാചാര്യർ | 29 |
| 2.5.2- ദ്വൈതം | 30 |
| 2..5.3- വിശിഷ്ടാദ്വൈതം | 31 |
| 2..5.4- ദ്വൈതാദ്വൈതം | 31 |
| 2..5.5- ശുദ്ധാദ്വൈതം | 32 |
| 2..5.6- ശൈവശാക്തേയ ചിന്തകൾ | 32 |
| 2.5.7- ഭക്തിപ്രസ്ഥാനം | 33 |
| 2.5.8- ശ്രീനാരായണഗുരു | 34 |
| 2.14- അദ്വൈതസിദ്ധാന്തത്തിലെ മൗലികതത്ത്വങ്ങൾ- (36-62) | |
| 2.14.1- ബ്രഹ്മം | 36 |

**വിഷയവിവരം** **പുറം**


2.14.2.- ഈശ്വരൻ 37

2.14.3- പ്രപഞ്ചം (ജഗത്ത്) 39

2.14.4..- മായ 40

2.14.5.- അവിദ്യ 43

2.14.6.- ജീവാത്മാവ് 44

2.14.7.- അദ്ധ്യാസം 47

2.14.8.- കർമ്മം 49

2.14.9.- യോഗം 51

2.14.10.- ഭക്തി 53

2.14.11.- ജ്ഞാനം 55

2.14.12.- മുക്തി 58

**3- ആശാൻ കവിതയിലെ ദാർശനിക-സാമൂഹിക പശ്ചാത്തലങ്ങൾ- (63-91)**

3.1- ആശാൻകവിതയുടെ സാമൂഹിക പശ്ചാത്തലം 78

3.2- ദേശീയപ്രസ്ഥാനം 79

3.3- പാശ്ചാത്യ അധിനിവേശം 80

3.4- ശ്രീനാരായണഗുരുവിന്റെ സ്വാധീനം 81

3.5- സാഹിത്യസംബന്ധമായ സാഹചര്യങ്ങൾ 84

**4- പരമാർത്ഥത്തിന്റെ വ്യവഹാരങ്ങൾ (92-175)**

4.1- ദേവതാ സങ്കല്പം 97

4.2- ബ്രഹ്മം/ഈശ്വരൻ 105

4.2.1- വിഷയ-വിഷയീ ഭാവം 107

4.2.2- ദാതൃ-ദേയഭാവം 109

4.2.3- ആശ്രയ-ആശ്രയീഭാവം 110

4.2.4- നിയമ-നിയാമകഭാവം 115

4.2.5- കാര്യ-കാരണഭാവം 117

| വിഷയവിവരം | പുറം |
|---|---|

4.2.6- ആധാര-ആധേയഭാവം 121

4.3- മതനിരപേക്ഷ ആത്മീയത 125

4.4- വിധി- പ്രപഞ്ചനിയമത്തിന്റെ അലംഘനീയത 131

4.5- ഗുരു- ആത്മബോധത്തിന്റെ മനുഷ്യാകാരം 145

4.6- മഹാവാക്യം- പരമമായ സത്യത്തെ വെളിപ്പെടുത്തൽ 155

4.7- സമന്വയത്തിന്റെ അദ്വൈതപക്ഷം (158-175)

4.7.1-ഭൗതികം/ആത്മീയം 165

4.7.2-കാര്യം/കാരണം 166

4.7.3-സാമാന്യം/വിശേഷം 167

4.7.4-പുണ്യം/പാപം 167

4.7.5- ആദാനം/പ്രദാനം 168

4.7.6- വിറക്/തീ 169

4.7.7-ലൗകിക കാമിതം/വിദേഹമുക്തി 170

4.7.8- കാലൻ/കാമൻ 170

4.7.9-പൂർവ്വപക്ഷം/സിദ്ധാന്തപക്ഷം 171

4.7.10-സാത്വികം/രാജസികം 173

4.7.11- ബൗദ്ധം/ അദ്വൈതം 173

**5- ലോകവീക്ഷണം- ആശാൻ കവിതയിൽ (176-268)**

5.1- ലോകവീക്ഷണം 176

5.2- ജീവിതദർശനം 190

5.3- പ്രമാണവിചാരം 212

5.5- മായ/അവിദ്യ 213

5.6- കർമ്മം-ഫലം-ഗതി 220

5.7- മനസ്സ് 230

| വിഷയവിവരം | പുറം |
|---|---|
| 5.8- ആദിപ്രരൂപം | 237 |
| 5.9- വാസന-സംസ്ക്കാരം | 239 |
| 5.10- ഭാഷ, അർത്ഥം | 241 |
| 5.11- ശാസ്ത്രത്തിന്റെ അപര്യാപ്തത | 242 |
| 5.12 പ്രകൃതി | 244 |
| 5.13- സ്ഥലം/കാലം | 246 |
| 5.14- ധർമ്മസങ്കല്പം | 251 |
| 5.15- മൃത്യു | 253 |
| **6- സ്നേഹം-സ്വാതന്ത്ര്യം-സാക്ഷാൽക്കാരം (269-339)** | |
| 6.1- സ്നേഹസങ്കല്പം | 269 |
| 6.2- കുടുംബവീക്ഷണം | 283 |
| 6.3- പരിസ്ഥിതി ദർശനം | 285 |
| 6.4- ഏകത്വബോധം | 288 |
| 6.5- സ്വാതന്ത്ര്യം | 290 |
| 6.5.1- അറിവിലൂടെ സ്വാതന്ത്ര്യം | 295 |
| 6.5.2- സ്തീസ്വാതന്ത്ര്യം | 296 |
| 6.5.3- ദളിത് വിമോചനം | 310 |
| 6.6- വൈരാഗ്യം | 320 |
| 6.7- മുക്തി | 326 |
| **7- ഉപസംഹാരം (340-350)** | |
| **ഗ്രന്ഥസൂചിക (351-364)** | |

# അദ്ധ്യായം ഒന്ന്

# ദർശനവും സാഹിത്യവും

ദർശനം എന്ന പദത്തിന് കാണുക, കാഴ്ച എങ്ങനെ സാമാന്യമായും സമഗ്രമായി അറിയുക എന്ന് വിശേഷമായും അർത്ഥമുണ്ട്. നശ്വരങ്ങളായ പ്രപഞ്ചപദാർത്ഥങ്ങൾ മുതൽ ശാശ്വതമായ ഉണ്മയെ കണ്ടെത്തുന്നതിന് സഹായിക്കുന്നതെന്താണോ അതെല്ലാം ദർശനത്തിന്റെ പരിധിയിൽപ്പെടും. ആത്യന്തികയാഥാർത്ഥ്യവും ആത്മസത്തയും തമ്മിലുള്ള പാരസ്പര്യം, യഥാർത്ഥജ്ഞാനം, അതിന്റെ അടിസ്ഥാനത്തിലുള്ള ജീവിതക്രമം എന്നിവയിലാണ് ദർശനം നിലയൂന്നുന്നത്. ഇന്ദ്രിയവിഷയങ്ങൾ മുതൽ ആന്തരികതത്ത്വം(Inner profile)വരെ അതിൽ അന്തർഭവിച്ചിരിക്കുന്നു. കലയിലും സാഹിത്യത്തിലും സൗന്ദര്യശാസ്ത്രത്തിലും ഇതിന് നിർണ്ണായകമായ സ്ഥാനവും സ്വാധീനവുമുണ്ട്.

സഹിതമായ ശബ്ദാർത്ഥങ്ങളാണ് സാഹിത്യം. വൈകാരികതയോടൊപ്പം വൈചാരികമായ മൂല്യവും അതിന്റെ ശില്പത്തെ രൂപപ്പെടുത്തുന്നു. ആത്മനിഷ്ഠസത്തയെ നൈസർഗ്ഗികപ്രതിഭ ഉപയോഗിച്ച് ബാഹ്യപ്രപഞ്ചവുമായി ഇണക്കുന്ന രചനാത്മകമായ പ്രക്രിയയാണ് സാഹിത്യം. പ്രമേയം, ഇതിവൃത്തം, കഥാപാത്രങ്ങൾ തുടങ്ങിവ ഭാഷ, ശൈലി, ആഖ്യാനം എന്നിവയുമായി സമന്വയിച്ചാണ് അത് രൂപമെടുക്കുന്നത്. രൂപഭാവങ്ങളുടെ അദ്വൈത സ്വഭാവമാണ് അതിന്റെ ജൈവഘടനയ്ക്ക് ഭദ്രതയേകുന്നത്. ആ അദ്വൈതഭാവത്തെ എഴുത്തുകാരൻ സമർത്ഥമായി ആവിഷ്ക്കരിക്കുമ്പോഴാണ് സാഹിത്യത്തിന് ദാർശനികതലം കൈവരുന്നത്. എഴുത്തുകാരന്റെ അറിവും അനുഭൂതിയും പ്രതിഭാവിലാസവുമാണ് അതിന് പിൻബലമേകുന്നത്.

മനുഷ്യന്റെ അവബോധം, ജീവിതാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന വൈരുദ്ധ്യങ്ങളെ പരിഹരിക്കുക വഴി അവനെ സത്യത്തിലേക്കടുപ്പിക്കുകയാണ് ദർശനം ചെയ്യുന്നത്. കാവ്യത്തിന് കലാസൗഭാഗ്യം നൽകുന്നത്, വിചാരങ്ങൾക്ക് മുൻതൂക്കമേകുന്നത്, തുടർവിചാരങ്ങൾക്ക് വഴിമരുന്നിടുന്നത്, അനുവാചകനെ മാറ്റി മറിക്കുന്നത് എന്നിങ്ങനെയെല്ലാം സാഹിത്യവുമായി ദർശനം ബന്ധപ്പെട്ടിരിക്കുന്നു. രചനയുടെ ഉൽകൃഷ്ടമായ നിമിഷത്തിൽ ചിലപ്പോൾ തത്ത്വചിന്താപരമായ സത്യത്തെയോ മതചിന്തയിലെ യാഥാർത്ഥ്യത്തെയോ ശാസ്ത്രവസ്തുതയേയോ ആവിഷ്ക്കരിച്ചെന്നു വരാം. അന്തർദൃഷ്ടി

യുടെ വെളിച്ചത്തിൽ കവി ആ സത്യങ്ങൾക്ക് രൂപഭാവങ്ങളേകുന്നു. അപ്പോൾ സാഹിത്യത്തിന്റെ സത്യം മറ്റെല്ലാത്തിനെയും പിന്നിലാക്കുന്നു. തനിക്കുണ്ടായ പ്രചോദനത്തെ കവി വിദഗ്ദ്ധമായി ആവിഷ്ക്കരിച്ച് മഹത്തായ ദർശനത്തെ പ്രകടമാക്കുന്നു. സൃഷ്ടിയുടെ ഘടന, അതിൽ ആവിഷ്ക്കൃതമായിരിക്കുന്ന മൗലികതത്ത്വങ്ങൾ, ആവിഷ്ക്കാരസങ്കേതങ്ങൾ തുടങ്ങിയവയെല്ലാം ഉരുത്തിരിയുന്നത് കവിയുടെ വൈചാരികമായ അവബോധത്തിൽ നിന്നാണ്.

എഴുത്തുകാരന്റെ ദാർശനികാവബോധം വായനക്കാരനുമായി പങ്കുവെക്കുമ്പോൾ അത് മൂല്യബോധമായും മനുഷ്യത്വത്തിലും നൈതികതയിലും അധിഷ്ഠിതമായ ജീവിതം നയിക്കുന്നതിനുള്ള സന്ദേശമായും മാറുന്നു. തത്ത്വചിന്തകൻ ആശയങ്ങളിലൂടെയാണ് ദർശനം അവതരിപ്പിക്കുന്നതെങ്കിൽ എഴുത്തുകാരൻ കാവ്യപരമായ ജൈവികതയിലൂടെയാണ് അത് സാധിച്ചെടുക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അടിസ്ഥാനപരവും സത്താത്മകവും ആത്യന്തികവുമായ അവബോധം, ഒരവസ്ഥയുടെയോ പ്രതിഭാസത്തിന്റെയോ ഗതിവിഗതികൾ, ലക്ഷ്യം, മൂല്യം എന്നിവയെക്കുറിച്ചുള്ള അറിവ് തുടങ്ങിയവ ദർശനത്തെ തിരിച്ചറിയുന്നതിന് ഉതകുന്ന ഘടകങ്ങളാണ്. ദാർശനികമായ ലോകവീക്ഷണത്തിൽ പൊതുവെ മൂന്നംശങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് ആധുനിക തത്ത്വചിന്ത കരുതുന്നു. "1- ഒരു സദാത്മകവീക്ഷണം - യാഥാർത്ഥ്യത്തിന്റെ പരമസ്വഭാവത്തെക്കുറിച്ചുള്ള സങ്കല്പം 2- പ്രപഞ്ചത്തിൽ മനുഷ്യനുള്ള സദാത്മകവും സദാചാരാത്മകവുമായ പദവി, അതായത് നിയന്ത്രണാതീതമായ വിശ്വവ്യവഹാരത്തിൽ സ്വതന്ത്രസത്തയുള്ള മനുഷ്യനെക്കുറിച്ചുള്ള അന്വേഷണം, 3- പരമമൂല്യങ്ങളുടെ സംഹിത, മറ്റെല്ലാം ബലി കഴിച്ച് നേടേണ്ട ലക്ഷ്യങ്ങളുടെ പട്ടിക (ഉപേയമൂല്യങ്ങളും ഉപായമൂല്യങ്ങളും തമ്മിലുള്ള നിത്യാനിത്യവിവേകജ്ഞാനം) എന്നിവയാണവ."[1]

സത്യത്തിന് അനശ്വരതയുടെതായ ഒരു തലമുണ്ട്. ജീവിതാനുഭവങ്ങളിലൂടെ ഗ്രഹിക്കുന്ന സത്യത്തെ വാഗ്രൂപത്തിൽ അവതരിപ്പിക്കുന്ന സാഹിത്യം അനശ്വരവും അതുകൊണ്ടുതന്നെ ഉദാത്തവുമാണ്. വ്യക്തിയിൽ നിലീനമായി കിടക്കുന്ന ശക്തികളെ ഉണർത്തി അതിലെ വൈരുദ്ധ്യങ്ങൾക്ക് സമന്വയമുണ്ടാക്കി നിരന്തരമായ വിചാരപ്രക്രിയയിലൂടെ വീക്ഷണത്തെ വിപുലീകരിച്ച് പരമാർത്ഥത്തെ അറിയാനുതകുന്ന ഉൽക്കൃഷ്ട

---

1-ആൽബർട്ട് നമ്പ്യാപറമ്പിൽ,(ഡോ.) , തോമസ് വെള്ളിലാം തടം (ഡോ.) സമ്പാദകർ-ദർശനം എന്ത്?- (ലേഖനങ്ങൾ)- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം-1986, എഡി-1, പുറം-12

മായ അവബോധം കരുപിടിപ്പിച്ച് പ്രപഞ്ചത്തിലെ സമസ്തചരാചങ്ങളോടും പ്രേമം വളർത്തുക യാണ് സാഹിത്യത്തിന്റെ പരമമായ ലക്ഷ്യം. വിഷയിയും വിഷയവും കെട്ടുപിണഞ്ഞു കിടക്കുന്ന ജീവിതം പ്രതിഫലിപ്പിക്കുന്ന സാഹിത്യം മനുഷ്യവർഗ്ഗത്തിന്റെ അടിസ്ഥാനപ്ര മേയങ്ങൾ ചർച്ച ചെയ്യുന്നു. സത്യത്തെ അന്വേഷിക്കുകയും അതിന്റെ കാര്യകാരണസംബ ന്ധതയെ അപഗ്രഥിക്കുകയും അതിനെ സാക്ഷാത്ക്കരിക്കാൻ ശ്രമിക്കുകയുമാണ് ദാർശനി കൻ ചെയ്യുന്നത്. എന്നാൽ അനുഭവിച്ച യാഥാർത്ഥ്യങ്ങളെ അനുഭൂതിപ്രവാഹമാക്കി അനു വാചകഹൃദയങ്ങളിലേക്ക് സംക്രമിപ്പിക്കുകയാണ് സാഹിത്യകാരന്റെധർമ്മം. താത്ത്വികതയുടെ ഔന്നത്യങ്ങളിൽ ദാർശനികൻ നിലകൊള്ളുമ്പോൾ പ്രായോഗികമായ ജീവിതസത്യങ്ങളോ ടാണ് സാഹിത്യകാരന് അടുപ്പം. പ്രതീകരൂപാന്തര(Symbolic tranformation)ങ്ങളുടെ ഉല്പ ന്നങ്ങളായ കലാസൃഷ്ടികൾ രൂപഭാവങ്ങളിലും രസഘടനയിലും വ്യത്യസ്തമാണെങ്കിലും അനുഭവസമഗ്രതയെ ആവിഷ്ക്കരിക്കുന്നു എന്ന നിലയിൽ അഭിന്നമായാണ് പ്രകടമാക്കു ന്നത്. കെട്ടുറപ്പുള്ള പ്രമേയഘടനയിലൂടെയും യുക്തിപൂർവ്വമായ തത്ത്വവിചാരത്തിലൂടെയും ദാർശനികമായ ഉൾക്കാഴ്ചയിലൂടെയുമാണ് ഇത് സാദ്ധ്യമാക്കുന്നത്. "ചിന്തയുടെയും ഭാവ നയുടെയും സർഗ്ഗാത്മക യോജിപ്പിൽനിന്നാണ് അനുഭൂതികൾക്ക് കാവ്യരൂപം ലഭിക്കുന്നത്. കവിതയുടെ കാതലായ അംശം ചിന്തയാണ്. ചിന്താശൂന്യമായ കല ആത്മാവില്ലാത്ത മനു ഷ്യനെപ്പോലെയാണ്. വിചാരവും ആശയും അന്തസ്സത്തയുമാണ് ഒരു കൃതിയുടെ യഥാർത്ഥ ഉള്ളടക്ക"[2] മെന്ന് മഹർഷി അരവിന്ദൻ അഭിപ്രായപ്പെടുന്നു.

സത്യത്തെ ഹൃദയംകൊണ്ടറിഞ്ഞ് ആവിഷ്ക്കരിക്കുമ്പോഴാണ് വെളിപാടുപോലെ ദർശനം ഉളവാകുന്നത്. അറിവും അനുഭൂതിയും സഹജമായ ആഭിമുഖ്യവും ഭാവനാവിലാ സത്തിൽ പ്രതിഫലിക്കുന്ന സത്യത്തിന്റെ അനുഭവവും അതിന് പിൻബലമേകുന്നവയാണ്. അതിലൂടെ യുക്തിവിചാരങ്ങൾക്കൊന്നും എത്തിച്ചേരാനാകാത്ത ഇടത്തിൽ കവിയുടെ ഉൾക്കാഴ്ച ചെന്നുചേരുന്നു. അത്യുന്നതവും മഹത്തരവുമായ ഏതു കവിതയ്ക്കും പൊടു ന്നനെയുള്ള സാക്ഷാത്ക്കാരത്തിന്റെ അന്തസ്സത്ത ഉണ്ടാകും. സത്യത്തിന്റെ ദർശനവും ശ്രവ ണവും വാഗ്രൂപത്തിലുള്ള അതിന്റെ ആവിഷ്ക്കാരവുമാണ് കവിത. അത് അവതരിപ്പിക്കപ്പെ ടുന്ന ജീവിതസന്ദർഭങ്ങളുടെ പശ്ചാത്തലത്തിലാണ് ദർശനത്തിന്റെ പൊരുൾ ആരായേണ്ട ത്. ഭാവന പിടിച്ചെടുക്കുന്ന സത്യത്തിന്റെ പ്രതിരൂപത്തിലാണ് അതിന്റെ നിലയുന്നൽ.

---

2-Sri Aurobindo- Future poetry- Pondicherry Sri Aurobindo Ashram, Edi-1, 1985, page-18

അനാദിയായ മനുഷ്യജീവിതത്തെയും വർത്തമാനകാലത്തെ ബുദ്ധിപരമായ ചിന്താഗതി കളെയും അവ സംയോജിപ്പിക്കുന്നു. ഒരു സാഹിത്യസൃഷ്ടിക്ക് മതം, ശാസ്ത്രം, ദർശനം എന്നിവയോട് ആവിർഭാവ, വികസ്വരഘട്ടങ്ങളിൽ സംബന്ധമുണ്ടാകാം. അന്തിമനിലയിൽ സാഹിത്യരൂപത്തിലെത്തുമ്പോൾ സർഗ്ഗാത്മകയാഥാർത്ഥ്യമെന്ന നിലയിൽ അത് തനിമ പുലർത്തുന്നു.

## <u>സാഹിത്യവും ദർശനവും- പൗരസ്ത്യവീക്ഷണത്തിൽ</u>

സാഹിത്യകലയും ദർശനവും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ച് സാഹിത്യമീമാംസകർ ചിന്തിച്ചിട്ടുണ്ട്. സ്വത്വാവിഷ്ക്കാരമാണ് സർഗ്ഗശക്തിയുടെ പരമധർമ്മമെന്നാണ് പൗരസ്ത്യദർശനം നിരൂപിക്കുന്നത്. അതിന്റെ വിശിഷ്ടരൂപമാണ് നാടകമെന്ന് ഭരതമുനിയെപ്പോലുള്ളവർ നിരീക്ഷിക്കുന്നു. കൃതി, രംഗവിധാനം, സംഗീതം, നൃത്തം, അഭിനയം എന്നിവയുടെ ഉദ്ഗ്രഥനത്തിലൂടെ കലാസൃഷ്ടിയുടെ ആത്മാവ് രസാനുഭൂതി തന്നെയെന്ന് അദ്ദേഹം ഉദ്ഘോഷിക്കുന്നുണ്ട്. കാവ്യസൃഷ്ടിയുടെ രൂപം നിർണ്ണയിക്കുന്നതും അതിലടങ്ങിയതും വിനിമയം ചെയ്യപ്പെടേണ്ടതുമായത് രസാനുഭൂതിയെയാണെന്ന് അദ്ദേഹം അഭി {] nb s¸ Spfl] p[3]

സാമ്പ്രദായികമായി വ്യവഹരിച്ചു പോരുന്ന കവി, കാവ്യം, കാവ്യഹേതു, കാവ്യപ്രയോജനം, രസം, ധ്വനി, വക്രോക്തി, രീതി, ഔചിത്യം, അനുമാനം, ശബ്ദശക്തികൾ, ഗുണദോഷവിചാരങ്ങൾ എന്നിവയെ കുറിച്ചുള്ള വിചിന്തനങ്ങളെല്ലാം ദാർശനിക അടിത്തറയിലാണ് നിലകൊള്ളുന്നത്. കു ധാതുവിനോട് ഇഃ എന്ന പ്രത്യയം ചേർന്നോ ജ്ഞാനാർത്ഥദ്യോതക മായ 'കവ്' ധാതുവിനോട് ഇൻ പ്രത്യയം ചേർന്നോ നിഷ്പന്നമാകുന്നതാണ് കവി ശബ്ദം. എല്ലാം അറിയുന്നവനും എല്ലാം വർണ്ണിക്കുന്നവനും എല്ലായിടത്തെക്കും ഗമിക്കുന്നവനെന്നുമാണ് അതിന്റെ അർത്ഥം.[4] മൂന്നു ലോകങ്ങളെ നിർമ്മിക്കുന്ന ശംഭുവിന് തുല്യനായ മനീഷിയായ കവി സ്വയംഭൂവാണെന്ന് ആചാര്യന്മാർ പറയുന്നു.[5] സാധാരണക്കാരെക്കാൾ ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും ഗ്രഹിക്കുന്നതിനും സംവേദനം ചെയ്യുന്നതിനും കവികൾക്ക് കഴിയും. മന്ത്രദ്രഷ്ടാക്കളായ ഋഷികൾക്കു തുല്യ

---

3-ഭരതമുനി- <u>നാട്യശാസ്ത്രം</u>- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1987, എഡി-1, പുറം-245

4- മുരളീധരൻ നെല്ലിക്കൽ (ഡോ.)- <u>വിശ്വസാഹിത്യദർശനങ്ങൾ</u>-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-290

5- അതേ പുസ്തകം- പുറം-275

മായ സ്ഥാനമാണ് അറിയുകയും ശബ്ദിക്കുകയും വർണ്ണിക്കുകയും ചെയ്യുന്നവർ എന്നർത്ഥമുള്ള കവികൾക്ക് ഭാരതീയചിന്തകർ നൽകിയിരിക്കുന്നത്. അസാധാരണമായ നിരീക്ഷണപാടവവും അന്തഃസത്തയെ സ്വാംശീകരിക്കാനുള്ള കഴിവും ക്രാന്തദർശിതയും ഉള്ളവനാണ് കവി (എഴുത്തുകാരൻ). "ഋഷിയല്ലാത്തവൻ കവിയല്ലെന്നും ദർശനംകൊണ്ടാണ് ഋഷിത്വം സംസിദ്ധമാകുന്നതെന്നും ഭാരതീയസാഹിത്യചിന്തകർ കരുതുന്നു."[6] ദീർഘദർശനം, വെളിപാട് എന്നിവയുൾക്കൊള്ളുന്നവർ എന്ന അർത്ഥത്തിൽ റോമാക്കാർ കവികളെ Vates എന്നാണ് വിളിച്ചിരുന്നത്. ദർശനവും സാഹിത്യവും തമ്മിലുള്ള ആത്മബന്ധമാണ് ഇവിടെയെല്ലാം വെളിപ്പെടുന്നത്.

കവിയിലെ കർമ്മശക്തിയുടെ ഭാവപ്രകാശനമാണ് കാവ്യം. സ്വാനുഭൂതിയെ അനുവാചകഹൃദയങ്ങളിലേക്ക് ശബ്ദശക്തിയിലൂടെ സന്നിവേശിപ്പിക്കുന്നതിനും സ്രഷ്ടാവിന്റെ അമൂർത്തമായ ഗുണധർമ്മങ്ങളെ ആവിഷ്ക്കരിക്കുന്നതിനുമുള്ള മാദ്ധ്യമമാണത്. ശബ്ദാർത്ഥങ്ങളുടെ തുല്യപ്രാധാന്യവും സാമഞ്ജസ്യവും ഉൾക്കൊള്ളുന്നതെന്ന് കാവ്യത്തെ ഭാമഹനും[7] ലോകോത്തരാഹ്ലാദജനകമായ ജ്ഞാനത്തിന്റെ രമണീയമായ അർത്ഥമാണ് കാവ്യത്തിലൂടെ പ്രതിപാദിക്കുന്നതെന്ന് ജഗന്നാഥപണ്ഡിതരും[8] വിഭവാദിസംയോജകസ്വരൂപവും രസാഭിവ്യഞ്ജകവുമായ തെറ്റാത്ത കവിവ്യാപാരമാണ് കാവ്യമെന്ന് മഹിമഭട്ടനും[9] ലോകത്തെ ജ്ഞാനദീപ്തമാക്കുന്ന ജ്യോതിസ്സാണ് സാഹിത്യമെന്ന് ദണ്ഡിയും[10] കാവ്യമീമാംസയെ നിർവ്വചിക്കുന്നു. വാസ്തവികതയെ സർഗ്ഗാത്മകയാഥാർത്ഥ്യമാക്കി പരിവർത്തിപ്പിക്കുന്ന പ്രക്രിയയിലാണ് സാഹിത്യം സൗന്ദര്യതത്ത്വത്തെ ഉൾക്കൊള്ളുന്നത്. കൂടാതെ അർത്ഥം/വാക്ക്, ആശയം/പദം തുടങ്ങിയ ദ്വന്ദ്വഭാവങ്ങളുടെ അഭിന്നതയും അത് അംഗീകരിക്കുന്നു. കാവ്യങ്ങളിലൂടെ ലഭിക്കുന്ന ആനന്ദം സത്യസാക്ഷാൽക്കാരത്തിന് സമാനമാണെന്നും ഭാരതീയചിന്തകർ അഭിപ്രായപ്പെടുന്നു. ബ്രഹ്മാനന്ദത്തിന്റെ തലത്തിൽ വാസനകളില്ലാതാകു

6- ടി. ഭാസ്ക്കരൻ (ഡോ.)- ഭാരതീയ കാവ്യശാസ്ത്രം - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എഡി-3, 1994, പുറം-126

7- കെ. സുകുമാരപ്പിള്ള (ഡോ.)- കാവ്യമീമാംസ - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, 1993 പുറം-44

8- മുരളീധരൻ നെല്ലിക്കൽ (ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-279

9- അതേ പുസ്തകം- പുറം-279

10þ Sn ` nk y є³ (t U m) þ ഭാരതീയ കാവ്യശാസ്ത്രം - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1994 പുറം-113

മ്പോൾ കാവ്യരസാനുഭവത്തിൽ വാസനകൾ സംസ്ക്കരിക്കപ്പെടുന്നു. "അതുകൊണ്ട് കാവ്യാനന്ദത്തെ ബ്രഹ്മാനന്ദതുല്യമെന്നല്ല, ബ്രഹ്മാനന്ദസവിധമെന്നാണ് പൗരാണികർ വിശേഷിപ്പിച്ചു പോന്നിട്ടുള്ളത്."[11]

കാവ്യരചനയുടെ ഹേതുവിനെക്കുറിച്ച് അന്വേഷിക്കുമ്പോഴും ദർശനം നിർണ്ണായകമാകുന്നുണ്ട്. ശക്തി, നിപുണത, അഭ്യാസം (വാസന, പാണ്ഡിത്യം, പരിശീലനം) എന്നിവയാണ് ഉൽകൃഷ്ടരചനകൾക്ക് ഹേതുവാകുന്നതെന്നാണ് അഭിജ്ഞമതം. എങ്കിലും കവിതയുടെ ബീജമെന്നു പറയുന്ന ശക്തി നിരന്തരാനുഭൂതികളിൽ നിന്ന് സമാഹൃതമായ സംസ്ക്കാരവിശേഷമാണ്. അനിവാര്യമായ ഈ ശക്തിയെ പ്രതിഭ എന്നാണ് ആചാര്യന്മാർ വിളിച്ചത്. പ്രതിഭകൊണ്ട് കവി വസ്തുക്കളുടെ ത്രികാലരൂപത്തെയും ദർശിക്കുന്നു. രസാനുഗുണ ശബ്ദാർത്ഥങ്ങളുടെ വിചിന്തനത്തിൽനിന്ന് ഉയിരെടുക്കുന്ന പ്രതിഭ ഭാവസമഗ്രതയെ സമ്പുഷ്ടമാക്കുന്നു. കവിത്വബീജമാണ് പ്രതിഭയെന്ന് വാമനനും[12] സൃഷ്ടിശക്തി അന്തർഗ്ഗതമാണെന്ന ഭരതന്റെ അഭിപ്രായം ഉദ്ധരിച്ച് അത് അപൂർവ്വവസ്തുനിർമ്മാണക്ഷമമായ പ്രജ്ഞയാണെന്ന് അഭിനവഗുപ്തനും[13] പ്രസ്താവിക്കുന്നു. സഹജ(സ്വതഃസിദ്ധം), ഔപാധികി(ആർജ്ജിതം) എന്നിങ്ങനെ ജൈനതത്ത്വചിന്തകനായ ഹേമചന്ദ്രൻ പ്രതിഭയെ തരംതിരിക്കുന്നു.[14] കാവ്യഹേതു കേവലശക്തിയാണെന്ന് (പ്രതിഭ) പറയുന്ന രാജശേഖരൻ അതിനെ കാരയിത്രി(കവിക്ക് ഉപകാരമായ പ്രതിഭ), ഭാവയിത്രി(സഹൃദയന് ഉപകാരമായത്) എന്നിങ്ങനെ തിരിവേകുന്നു.[15] പ്രതിഭയെക്കുറിച്ചുള്ള നിർവ്വചനങ്ങളെല്ലാം സ്രഷ്ടാവായ കവിയുടെയും ദൃഷ്ടമായ ലോകത്തിന്റെയും തത്ത്വത്തെ ബന്ധിപ്പിച്ചുള്ളതാണ്. പരമമായ കാവ്യാനുഭൂതി ലോകത്തിന്റെ യഥാർത്ഥസത്തയെ സ്പർശിക്കുന്നുവെന്നാണ് ഭാരതീയസാഹിത്യതത്ത്വചിന്തകരുടെ അഭിപ്രായം.

"ധർമ്മം, യശസ്സ്, ആയുസ്സ്, ഹിതം, ബുദ്ധി, ലോകോപദേശം എന്നിവയാണ് ഭരതമുനിയുടെ അഭിപ്രായത്തിലുള്ള കാവ്യപ്രയോജനങ്ങൾ."[16] ഭാമഹൻ ഇതിനെ പരിഷ്ക്കരിച്ച് ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളോടൊപ്പം പ്രാപ്തി, കലാ

---

11- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-290

12- അതേ പുസ്തകം- പുറം-281

13- അതേ പുസ്തകം- പുറം-284

14-അതേ പുസ്തകം- പുറം-286

15-അതേ പുസ്തകം- പുറം-285

16- ഭരതമുനി- നാട്യശാസ്ത്രം- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1987, പുറം-101,102

നൈപുണ്യം, പ്രീതി എന്നിവ കൂട്ടിച്ചേർത്തു. കാവ്യാസ്വാദനത്തിൽ രാഗദ്വേഷാദി വികാരങ്ങളുടെ വിമലീകരണ(Catharsis)ത്തിലൂടെ അനുഭവപ്പെടുന്ന ഉദാത്തമായ അനുഭൂതിവിശേഷത്തെ പരമപുരുഷാർത്ഥമായ മോക്ഷവുമായി ആചാര്യന്മാർ താരതമ്യപ്പെടുത്തുന്നു. കാവ്യം ആഹ്ലാദകാരിയായ അമൃതത്തെപ്പോലെ അവിവേകം എന്ന രോഗത്തെ ഉന്മൂലനം ചെയ്യുമെന്ന് കുന്തകനും[17] കവിയുടെ അനശ്വരകീർത്തി ഭൂമിയിലും സ്വർഗ്ഗത്തിലും നിറഞ്ഞു നിൽക്കുവോളം അയാൾ ദിവ്യപദത്തിലായിരിക്കും സ്ഥിതി ചെയ്യുന്നത്. ലോകാവസാനംവരെ സ്ഥായിയായി നിൽക്കുന്ന കീർത്തി കാവ്യത്തിൽനിന്നു ലഭിക്കുമെന്ന് ഭാമഹനും നിരീക്ഷിക്കുന്നു.[18] ആത്മാവിഷ്ക്കാരമായ കാവ്യത്തിന്റെ പരമലക്ഷ്യം തത്ത്വസാക്ഷാൽക്കാരമെന്നു തന്നെയാണ് ഭാരതീയകാവ്യദർശനത്തിന്റെ താല്പര്യമെന്ന് ഇതിലൂടെയെല്ലാം വ്യക്തമാകുന്നു.

ഭാരതീയമായ സാഹിത്യചിന്തയുടെ ഉൽക്കൃഷ്ടമായ സവിശേഷസിദ്ധിയാണ് രസതത്ത്വദർശനം. രസോവൈ സഃ (അവൻ രസമാണ്), രസം ഹ്യേവായം ലബ്ധ്വാനന്ദീതി (രസമെന്ന ആത്മാവിനെ നേടിയാലേ അവൻ ആനന്ദിതനാകുകയുള്ളൂ) എന്നിങ്ങനെയുള്ള ഉപനിഷൽസൂക്തങ്ങളുണ്ട്.[19] ആത്മബാഹ്യമായി ഒന്നുമില്ലെന്ന തത്ത്വമനുസരിച്ചാണ് ബ്രഹ്മം ഈശ്വരൻ എന്നിവയുടെ സമാന്തരാർത്ഥങ്ങൾ രസശബ്ദത്തിന് വന്നു ചേരുന്നത്. രസത്തിന്റെ ലൗകികാലൗകികതലങ്ങൾ വിവിധ നിലപാടുകളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വിഭാവം (വിജ്ഞാനം), അനുഭാവം (വാക്ക്, അംഗം, സത്വം എന്നിവയാൽ അനുഭവിപ്പിക്കപ്പെടുന്നത്) വ്യഭിചാരി(വിവിധങ്ങളായ ആഭിമുഖ്യങ്ങളോടെ രസത്തിൽ സഞ്ചരിക്കുന്നത്) എന്നിവയുടെ സംയോഗത്തിൽനിന്നാണ് രസനിഷ്പത്തി എന്നാണ് ഭരതമുനിയുടെ പ്രസിദ്ധമായ രസനിർവ്വചനം.[20] കാവ്യത്തിന്റെ ഇതിവൃത്തം ശരീരവും ആത്മാവ് രസവുമാണ്. സർഗ്ഗാത്മകതയെയും ആസ്വാദനക്ഷമതയെയും സമന്വയിപ്പിക്കുന്ന ഏകാധാരം രസമാണ്. ഭരതമുനിയുടെ വസ്തുനിഷ്ഠമായ രസമെന്ന പദാർത്ഥത്തെ ശൈവാദ്വൈതസിദ്ധാന്താനുസൃതം ആത്മനിഷ്ഠമായി വ്യാഖ്യാനിച്ച് സമഗ്രമായ ദാർശനികാടിത്തറയേകിയത് അഭിനവഗു

17- ടി. ഭാസ്ക്കരൻ (ഡോ.) - ഭാരതീയ കാവ്യശാസ്ത്രം - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1994 പുറം-114

18- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്-1997, പുറം- 288

19- തൈത്തിരീയോപനിഷത്ത്-വ്യാഖ്യാനം: മൃഡാനന്ദസ്വാമി- ശ്രീരാമകൃഷ്ണ മഠം, തൃശ്ശൂർ-1985-പുറം-73

20- ഭരതമുനി- നാട്യശാസ്ത്രം- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1987, പുറം-245

പ്തനാണ്. ബ്രഹ്മാനന്ദം അലൗകികമായ ദൈവികാനുഭവമാണെങ്കിൽ അതിന്റെ ലൗകിക മായ രസാനന്ദമാണ് കാവ്യാനുഭൂതി പകരുന്നത്. സ്ഥായീഭാവത്തോടുള്ള വിഭാവാദികളുടെ സംയോഗം തുടങ്ങിയവ പ്രതിപാദിക്കുന്ന ഭട്ടലോലടന്റെ ഉല്പത്തിവാദം, ബുദ്ധമത്തിലെ ക്ഷണിതാവാദം, രസവിചാരത്തിൽ നിർണ്ണായകഘടകമാക്കുന്ന ശ്രീശങ്കുകന്റെ അനുവ്യവ സായവാദം, വേദാന്തചിന്തയിലടിയുറച്ച ഭട്ടനായകന്റെ ഭുക്തിവാദം, ശൈവാദ്വൈതത്തിന്റെ സ്വാധീനമുള്ള അഭിനവഗുപ്തന്റെ അഭിവ്യക്തിവാദം തുടങ്ങിയ വ്യാഖ്യാനങ്ങൾ രസദർശ നത്തിനുണ്ടായിട്ടുണ്ട്.

മഹിമഭട്ടൻ ന്യായദർശനത്തിന്റെ പിൻബലത്തോടെ കാവ്യശാസ്ത്രത്തിൽ അനുമാ നത്തെ പ്രതിഷ്ഠിക്കുന്നു. ഒരിടത്ത് ഒന്നുണ്ടെന്നറിഞ്ഞാൽ അതിനോടനുബന്ധിച്ച മറ്റൊന്നു കൂടി അവിടെയുണ്ടാകുമെന്ന സാഹചര്യനിയമമാണ് അനുമാനം. കാര്യകാരണഭാവം, അവ യവാവയവീഭാവം, ധർമ്മധർമ്മിഭാവം, സാമാന്യവിശേഷഭാവം, പൗർവ്വാപര്യം എന്നാദി യായി ഈ സംബന്ധം പലതരത്തിലും വരും.[21] ശബ്ദശക്തിയിൽനിന്ന് അർത്ഥസഞ്ചാരം അസാദ്ധ്യമായതിനാൽ ധ്വനിലക്ഷണത്തിൽ ശബ്ദത്തെക്കുറിച്ചു പറഞ്ഞത് തെറ്റാണെന്നാണ് മഹിമഭട്ടന്റെ അഭിപ്രായം. വ്യഞ്ജനാവൃത്തിയെ സാധൂകരിക്കുന്നതിന് ശബ്ദത്തെ വ്യഞ്ജ കമായും സ്ഫോടത്തെ വ്യംഗ്യമായും അദ്ദേഹം നിർദ്ദേശിക്കുന്നു. അതിനാൽ വാച്യത്തിന്റെ ശക്തിനിമിത്തം അനുമേയാർത്ഥത്തെ പ്രധാനരൂപത്തിലോ അപ്രധാനരൂപത്തിലോ സ്ഫുട മാക്കി പ്രതീതമാക്കുന്ന വസ്തുവിനെയാണ് കാവ്യമെന്നു പറയുന്നത് എന്നാണ് അദ്ദേഹ ത്തിന്റെ കാവ്യനിർവ്വചനം.[22]

വ്യവസ്ഥാപിത പ്രയോഗത്തിൽനിന്നുള്ള വ്യതിയാനങ്ങളെ നിർദ്ദേശിക്കുന്ന കുന്ത കന്റെ വക്രോക്തി, ഉചിതഭാവങ്ങളുടെ അനിവാര്യബന്ധത്തെക്കുറിച്ചുള്ള ക്ഷേമേന്ദ്രന്റെ ഔചി ത്യസിദ്ധാന്തം, വിശിഷ്ടപദരചനയിലൂന്നിക്കൊണ്ടുള്ള വാമനന്റെ രീതിസിദ്ധാന്തം എന്നിവ യെല്ലാം കാവ്യങ്ങളുടെ രൂപഭാവങ്ങൾ നിർണ്ണയനം ചെയ്യുന്നത് മൗലികമായ ദാർശനികാവ ബോധത്തോടെയാണ്. കൂടാതെ ശ്ലേഷം, പ്രസാദം, സമത, സമാധി, മാധുര്യം, ഓജസ്സ്, സൗകു മാര്യം, അർത്ഥവ്യക്തി, ഉദാരത, കാന്തി എന്നീ ഗുണങ്ങളും പദവാക്യദോഷങ്ങളും വൃത്താ

---

21-കുട്ടിക്കൃഷ്ണ മാരാർ- സാഹിത്യഭൂഷണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്-1991, പുറം-161-162

22- മഹിമഭട്ടൻ- വ്യക്തിവിവേകം- വ്യാഖ്യാ. സുകുമാരപ്പിള്ള.കെ.(ഡോ.) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1988, പുറം-114

ലങ്കാരവിധികളുമുൾപ്പെടെയെല്ലാം അതിലൂടെത്തന്നെയാണ് വിലയിരുത്തുന്നത്. അർത്ഥോല്പാദനത്തെക്കുറിച്ചുള്ള വ്യാകരണതത്ത്വചിന്തയിലും ബൗദ്ധദർശനത്തിന്റെ സ്വാധീനമുണ്ട്. കാളിദാസൻ, ഭാസൻ, അശ്വഘോഷൻ, എന്നിവരുടെ മഹാകാവ്യങ്ങൾ, സംസ്കൃതസാഹിത്യത്തിലെ മുക്തകങ്ങൾ, സ്തോത്രകാവ്യങ്ങൾ, സന്ദേശകാവ്യങ്ങൾ, യമകകാവ്യങ്ങൾ, നീതികാവ്യങ്ങൾ തുടങ്ങിയവക്കെല്ലാം ആദ്ധ്യാത്മികവും ദാർശനികവുമായ ചിന്തയുടെ കെട്ടുറപ്പുണ്ട്. പൗരസ്ത്യദർശനം ഉൾക്കൊള്ളുന്ന സംഘകാലകൃതികൾ ശൈവം, വൈഷ്ണവം, ശാക്തേയം, ബൗദ്ധം, ജൈനം എന്നീ ചിന്തകളുമായി ഇഴയടുപ്പം ഉള്ളവയാണ്. ചെറുതിൽ സമസ്തവും ഉള്ളൊതുക്കുന്ന സെന്നിസ്റ്റ് സാഹിത്യദർശനം ലാളിത്യം, ഋജുത്വം, പ്രകൃത്യാത്മകത, അഗാധത എന്നിവയെയാണ് കലാസൃഷ്ടിയുടെ ഗുണങ്ങളായി കാണുന്നത്.[23] സ്വന്തം മനസ്സിലെ ബുദ്ധതത്ത്വത്തെ തിരിച്ചറിയാനുതകുന്ന രചനകളാണ് ഈ സമ്പ്രദായത്തിലുള്ളത്.

ഭാരതീയസാഹിത്യത്തിലെ ആധുനികവീക്ഷണവും ദർശനത്തിന് പ്രാമുഖ്യമേകുന്നുണ്ട്. സാഹിത്യാദി കലകളും തത്ത്വചിന്തയും മതവും വ്യക്തിസത്തയുടെ അതിവിശിഷ്ടമായ പ്രകൃതിയെ അനാവൃതമാക്കുമെന്നാണ് രവീന്ദ്രനാഥ ടാഗോറിന്റെ കാഴ്ചപ്പാട്. സംസ്കാരങ്ങളുടെ നിഗൂഢമായ അസ്തിത്വംകൊണ്ടല്ല സൃഷ്ടിപ്രക്രിയയുടെ അവിഭാവനീയമായ യോഗസാധനകൊണ്ടാണ് സ്വഭാവത്തിന്റെ വികാസം ഉണ്ടാകുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.[24] പരമാത്മാവിനെ സഗുണമായും നിർഗ്ഗുണമായും അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ കൃതികളിൽ വിവിധ പാശ്ചാത്യപൗരസ്ത്യദർശനങ്ങളുടെ സ്വാധീനം നിഴലിച്ചു കാണാം. തന്നിൽത്തന്നെ ഈ വിശ്വത്തെയും പ്രകൃതിയെയും ഈശ്വരനെയും സർവ്വജീവജാലങ്ങളെയും ദർശിക്കുകയും വാഗ്ബിംബങ്ങളിലൂടെ ആവിഷ്ക്കരിക്കുകയും ചെയ്യുന്നവനാണ് കവിയെന്ന് അരവിന്ദ മഹർഷിയും സ്പഷ്ടമാക്കുന്നു.[25] ആത്മദർശനത്തിൽനിന്നുണ്ടായ അനുഭൂതിയിലോ ആന്തരികമായ വെളിപാടിലോ ആത്മവ്യക്തിത്വം ദൃശ്യജാലങ്ങളുടെ സത്തയിലേക്ക് വ്യാപിക്കുമ്പോഴാണ് ഒരു സൃഷ്ടി സമ്പൂർണ്ണമാകുന്നത്. അവിടെ സത്യ

---

23-മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-276

24- രവീന്ദ്രനാഥ ടാഗോർ- സാഹിത്യചിന്തകൾ- വിവ. സി. ബാലകൃഷ്ണൻ, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, എഡി-1, കോട്ടയം-1991, പുറം-140

25-മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-276

ദർശനം, രൂപാത്മകസാമഞ്ജസ്യം, താളാത്മകത ഇവ ലയിച്ചൊന്നാകുന്നു. ചുരുക്കത്തിൽ സത്യത്തിന്റെ വിവിധ തലങ്ങളിൽ അഭിവ്യക്തമാകുന്നവയെ എല്ലാം മഹിതാനുഭൂതിയിലേക്ക് ഉന്നയിച്ച് അവയുടെ സത്താപരമായ അഭിന്നത വെളിപ്പെടുത്തുകയാണ് പൗരസ്ത്യകാവ്യ ദർശനം ചെയ്യുന്നത്.

## സാഹിത്യവും ദർശനവും- പാശ്ചാത്യവീക്ഷണത്തിൽ

ദർശനവും സാഹിത്യവും തമ്മിലുള്ള പാരസ്പര്യം പാശ്ചാത്യവീക്ഷണത്തിലും സുദൃഢമാണ്. പാശ്ചാത്യലോകത്തെ പ്രാരംഭദശയിലെ സാഹിത്യവിചിന്തനങ്ങളിൽ ദാർശ നികമായ ഉൾക്കാഴ്ച കുറവായിരുന്നു. കലാസാഹിത്യാദികളുടെ ദാർശനികാപഗ്രഥനം പതി നെട്ടാം നൂറ്റാണ്ടുവരെ അനൗപചാരികമായാണ് നടന്നിരുന്നത്. പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവ രുൾപ്പെട്ട പ്രാരംഭഘട്ടം, ദാന്തേ മുതലായവരുടെ മദ്ധ്യമഘട്ടം, ഫിലിപ്പ് സിഡ്നി, ബെൻജോൺസൻ എന്നിവരുടെ നവോത്ഥാനഘട്ടം, അലക്സാണ്ടർ പോപ്പും ക്രോച്ചെയും ഉൾപ്പെടുന്ന നിയോക്ലാസിസം, ഷെല്ലി, വേഡ്സ്വർത്ത്, കോൾറിഡ്ജ് തുടങ്ങിയവരുടെ കാല്പ നികയുഗം, വാൾട്ടർ പേറ്റർ, മാത്യു ആർനോൾഡ് എന്നിവരുടെ വിക്ടോറിയൻ ഘട്ടം, കാറൽമാ ക്സ്, ടോൾസ്റ്റോയ്, ഫ്രോയ്ഡ്, എലിയട്ട് എന്നിവരുടെ ആധുനികഘട്ടം, ദറിദ, ലക്കാൻ, ഫൂക്കോ എന്നിവരുടെ ഉത്തരാധുനികദർശനം തുടങ്ങിയ സാഹിത്യസിദ്ധാന്തങ്ങൾ ദാർശനികതയുമായി ബന്ധപ്പെട്ടവയാണ്.

ഗ്രീക്ക് സംസ്കൃതിയിൽനിന്നാണ് പാശ്ചാത്യസാഹിത്യദർശനത്തിന്റെ ആദ്യകിരണ ങ്ങൾ നാമെടുക്കുന്നത്. കവിയും നാടകകൃത്തും തത്ത്വചിന്തകനുമായ പ്ലേറ്റോയുടെ ആശ യവാദ(Idealism)ചിന്തയാണ് അതിൽ പ്രധാനം. സാഹിത്യം പ്രചോദന(Inspiration)ത്തിന്റെ സൃഷ്ടിയാണെന്നും അത് ജീവിതത്തിന്റെ അനുകരണ(Imitation)മാണെന്നും മനുഷ്യവി I mc§ sf Cf¡ pfl XmsW¶ pwA t±I wA `nfl mb s¸ «p[26] ഒപ്പം തന്നെ അസത്യജടില തയെ അനുകരിക്കുന്നതെന്നും വികാരങ്ങളെ അനിയന്ത്രിതമാക്കുന്നുതെന്നും ഭ്രാന്തിന്റെ ജല്പ നമെന്നും പറഞ്ഞ് സാഹിത്യത്തെ തന്റെ ആദർശലോകത്തുനിന്നും അദ്ദേഹം നിഷ്ക്കാസനം ചെയ്തു. ബാഹ്യപ്രപഞ്ചത്തെ നിർജ്ജീവമായി അനുകരിച്ച് സത്യദർശനത്തിൽനിന്ന് അകന്നു പോകുന്ന സാഹിത്യരചനകളെയാണ് അദ്ദേഹം വിമർശിക്കുന്നത്. പദാർത്ഥത്തിന്റെയും രൂപ

---

26- അച്യുതൻ എം- പാശ്ചാത്യസാഹിത്യദർശനം-കറന്റ് ബുക്സ്, തൃശ്ശൂർ, എഡി-6, 1997 പുറം-163

ത്തിന്റെയും സംയുക്തമായ വസ്തുസത്തയെയാണ് കലാകാരൻ ആവിഷ്ക്കരിക്കുന്നതെന്ന് അരിസ്റ്റോട്ടിൽ സിദ്ധാന്തിച്ചു.[27] വിശേഷ(Particular)ത്തിൽനിന്ന് സാമാന്യ(Universal)ത്തെ പ്രകാശിപ്പിക്കുന്ന തത്ത്വചിന്തയും വിശേഷത്തിലൂടെ സാമാന്യത്തെ പ്രകാശിപ്പിക്കുന്ന കവിതയും സാർവ്വലൗകികസത്യത്തെ പ്രതിനിധീകരിക്കുന്നവയാണ്. വികാരങ്ങളെ സുനിയന്ത്രിതമാക്കി ഒഴുക്കിവിടുകയാണ് കവിതയുടെ ലക്ഷ്യമെന്ന് അദ്ദേഹം കുറിക്കുമ്പോൾ ആത്മാവിനെ വിമലീകരിക്കുന്ന ഫലസിദ്ധിയായാണ് അദ്ദേഹത്തിന്റെ കഥാർസിസ് പ്രവർത്തിക്കുന്നത്. ആത്മസാക്ഷാൽക്കാരത്തിനുള്ള ഉപാധിയായി കലയെ ദർശിക്കുന്ന യോഗാത്മക(Mystic)സൗന്ദര്യദർശനം ഗ്രീക്ക്ചിന്തകനായ പ്ലോട്ടീനസ്സിൽനിന്നാണ് ആരംഭിക്കുന്നത്. 'നിർഗ്ഗുണവസ്തുവിൽക്കൂടി ഭാസിക്കുന്ന ആശയചൈതന്യവുമായി സമ്പർക്കം പുലർത്തി ആത്യന്തികസത്യവുമായി വിലയം പ്രാപിക്കാൻ മനുഷ്യാത്മാവിനെ സഹായിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.[28] ശക്തമായ വികാരപ്രസരണശേഷി, ഭാഷാവൈശിഷ്ട്യം, ഉൽകൃഷ്ടമായ ശില്പകല്പന, സംഘടിതമായ സംരചന, ഉക്തിവൈചിത്ര്യം എന്നിവയിലൂടെ കവിതയ്ക്ക് ഉദാത്തത(sublimity) നിർദ്ദേശിക്കുന്ന ലോംഗിനസ്സും ഇതേ വിചാരമാതൃക പിന്തുടരുന്നു. ഇങ്ങനെ ഗ്രീക്ക്ചിന്തയുടെ അതിപ്രാചീനമായ വീക്ഷണങ്ങൾ ക്ലാസിക്ക്ഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ കലാസാഹിത്യസൃഷ്ടികളും ദർശനവുമായി അടുപ്പമേറി വരുന്നത് കാണാം.

പള്ളിമതത്തിന്റെയും ഫ്യൂഡൽ ആധിപത്യത്തിന്റെയും കാലമായിരുന്നു മദ്ധ്യമദശ. അജ്ഞാനത്തിന്റെയും അസഹിഷ്ണുതയുടെയും ഈ യുഗത്തിലെ ശ്രദ്ധേയനായ സാഹിത്യവിമർശകനായിരുന്നു ഇറ്റാലിയൻ കവി ദാന്തേ. കല ഈശ്വരസൃഷ്ടമായ പ്രകൃതിയെ പുനരാവിഷ്ക്കരിക്കുന്നുവെന്നാണ് ഇക്കാലയളവിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ പക്ഷം.[29] പ്രസ്തുതഘട്ടത്തിന്റെ അടിയന്തിരസാഹചര്യമനുസരിച്ച് തദ്ദേശീയവും നൈസർഗ്ഗികവുമായ കാവ്യഭാഷയ്ക്ക് അദ്ദേഹം രൂപമേകി. അതുകൊണ്ട് ദാർശനികമായ അവലോകനങ്ങൾക്ക് അതിൽ ഇടമില്ലായിരുന്നു. എട്ടും ഒമ്പതും നൂറ്റാണ്ടുകളിലെ വിഗ്രഹഭഞ്ജക പ്രസ്ഥാനം (Iconoclasism) ശരീരത്തെ അമൂർത്തമാക്കി ആത്മതത്ത്വത്തെ പ്രകാശിപ്പിക്കുന്ന രീതി

---

27- അച്യുതൻ എം - പാശ്ചാത്യസാഹിത്യദർശനം-കറന്റ് ബുക്സ്, തൃശ്ശൂർ, എഡി-6, 1997 പുറം-163

28- തരകൻ കെ. എം. (ഡോ.)-പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രം -നാഷനബുക്സ്റ്റാൾ, എഡി-5, കോട്ടയം-2000, പുറം-70

29- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം- 62

കലയിൽ നടപ്പാക്കി. പ്രതീകാത്മകപാഠങ്ങളിലൂടെ ആന്തരികാർത്ഥം കണ്ടെത്തുന്ന പ്രക്രിയ സെയിന്റ് അഗസ്റ്റിനെപ്പോലുള്ളവർ കൊണ്ടുവന്നു.

പൗരോഹിത്യത്തിന്റെ ശക്തി ക്ഷയിച്ചതും ക്ലാസിക്കൽവിജ്ഞാനത്തിന്റെ പുതിയ അറിവിടങ്ങൾ വീണ്ടെടുത്തതും നവോത്ഥാനഘട്ടത്തിലാണ്. എല്ലാ അറിവുകളും ഇന്ദ്രിയഗതങ്ങളാണെന്നും അനുഭവപൂർവ്വ(a priori)മായതൊന്നും അറിവിലില്ലെന്നുമുള്ള ലോക്കിന്റെ കാഴ്ചപ്പാട് അനുഭൂതിയെ സാമൂഹികപ്രയോജനങ്ങൾക്ക് ഹേതുവാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. ഇക്കാലയളവിലെ സാഹിത്യചിന്തകനായ ഫിലിപ്പ് സിഡ്നി കവിതയെ വിഭജിക്കുമ്പോൾ തത്ത്വചിന്താപരമായ കവിതയെ മധുരോച്ചരിതജ്ഞാന (Sweet utter knowledge)മെന്നു പറയുന്നത് അത് സാർവ്വലൗകികസത്യങ്ങൾ ആവിഷ്ക്കരിക്കുന്നതുകൊണ്ടാണ്. മറ്റൊരു ചിന്തകനായ ദിദെറോവിന്റെ നിരീക്ഷണങ്ങളും ഭൗതികദർശനങ്ങളെ അടിസ്ഥാനമാക്കുന്നു. വൈവിദ്ധ്യങ്ങളിലെ ഏകതയെ സാക്ഷാൽക്കരിക്കുന്നതിന് വസ്തുനിഷ്ഠമായ നിയാമകതത്ത്വങ്ങൾക്കാണ് അതിൽ പ്രധാന്യമേകുന്നത്. പ്ലേറ്റോയും, അരിസ്റ്റോട്ടിലും എടുത്ത് കാണിച്ചതു തന്നെയാണ് നവോത്ഥാനസൈദ്ധാന്തികരും സ്ഥാപിച്ചത്.

ക്ലാസിസത്തിന്റെ വസ്തുനിഷ്ഠതയും നിയന്ത്രണവും നേടുന്നതിനുള്ള ബോധപൂർവ്വകമായ യത്നമാണ് നിയോക്ലാസിക്ക്ഘട്ടത്തിലേക്ക് വഴി തുറന്നത്. സാഹിത്യസിദ്ധാന്തങ്ങളെ വാർപ്പുമാതൃകകളാക്കിയതും സാഹിത്യഭാഷ ഒരു പെരുമാറ്റരീതിയായി അധഃപതിപ്പിച്ചതും ഇക്കാലയളവിലാണ്. ദൈവം ലോകത്തെ സൃഷ്ടിച്ചത് ക്രമബദ്ധമായും താളപ്പിഴവില്ലാതെയുമാണെന്ന നിഗമനത്തിൽ കലാസാഹിത്യസൃഷ്ടികൾക്ക് ഔചിത്യം, കൃത്യത, സന്തുലനം എന്നിവ വേണമെന്ന് ഈ ഘട്ടത്തിൽ നിഷ്ക്കർഷിച്ചു. സത്യവും സൗന്ദര്യവും ഒന്നായതിനാൽ കവി യുക്തി ഉപയോഗിക്കുന്നത് സത്യം ഗ്രഹിക്കാനാണെന്ന് ബാലോവെപ്പോലുള്ളവർ അഭിപ്രായപ്പെട്ടു.[30] ആഹ്ലാദദായകമെന്നതിനോടൊപ്പം കവിതയിൽ സത്യത്തിന്റെയും സദാചാരത്തിന്റെയും മൂല്യം അതിപ്രധാനമാണെന്ന് സാമുവൽ ജോൺസനും പറഞ്ഞു. യുക്തിയുടെ സഹായത്തിന് ഭാവനയെ വിളിച്ചുവരുത്തിക്കൊണ്ട് സത്യത്തെ ആനന്ദവുമായി ബന്ധിപ്പിക്കുന്ന കലാവിദ്യയാണ്

---

30- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം- 88

കവിത എന്നാണ് ജോൺസൻ കവിതയെ നിർവ്വചിച്ചത്.[31] യുക്തിപരമായി അസംഭാവ്യമായിരിക്കുമ്പോഴും സൗന്ദര്യപരമായി സംഭാവ്യമായിരിക്കുമെന്നതിനാൽ കലയിലെ സത്യത്തെ സംഭാവ്യസത്യം (Probable truth) എന്നാണ് അലക്സാണ്ടർ ബ്രോംഗാർട്ടൻ വിളിച്ചത്.[32] ആത്മാവിന്റെ അധഃസ്തലങ്ങളിലുള്ള ആനുഭൂതികമായ സമ്മുദ്രണങ്ങൾ വാക്കുകളിലൂടെ പുറത്തുവരുന്നതിനാൽ അന്തർജ്ഞാന(Intution)ത്തെ ആവിഷ്ക്കാരത്തിന്റെ അവിഭക്താംശമായി ക്രോച്ചെ കാണുന്നു.[33] അന്തർജ്ഞാനപരമായ സീമകൾ ആനുഭാവികവും നിർവ്വചനാതീതവുമായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്യുന്നു.

സാമ്പ്രദായികമായ അനുകരണത്തിന്റെ രീതി ഉപേക്ഷിച്ച് സാഹിത്യം വ്യക്ത്യധിഷ്ഠിതവും പ്രതീകാത്മകവുമായ ആവിഷ്ക്കരണമാണെന്ന ധാരണ സുപ്രതിഷ്ഠിതമായത് കാല്പനിക (Romantic)യുഗത്തിലാണ്. സഹജജ്ഞാനവും പ്രഹർഷണത്തിലൂടെയുള്ള പ്രചോദനവും തർക്കയുക്തികൾക്കതീതമായ ഭാവനാവ്യാപാരങ്ങളുമെല്ലാം അടിസ്ഥാനമായി പരിഗണിക്കുന്നത് സ്വത്വാവിഷ്ക്കരണവ്യഗ്രമായ ഇക്കാലഘട്ടത്തിലാണ്. "1) എല്ലാ അറിവുകളുടെയും പ്രാണശ്വാസവും മനോജ്ഞമായ ആത്മവത്തയുമാണ് കവിത 2)എല്ലാജ്ഞാനങ്ങളിലുംവെച്ച് ആദ്യത്തേതും അവസാനത്തേതുമായ ജ്ഞാനമാണ് കവിത"[34] എന്നീ നിരീക്ഷണങ്ങൾക്കായിരുന്നു ഇക്കാലയളവിൽ പ്രാമുഖ്യം ലഭിച്ചത്. രൂപീകരിക്കുന്നതിനുള്ള സിദ്ധിയായി ഭാവന(Imagination)യെയും സംയോജിപ്പിക്കുന്നതിനുള്ള കഴിവായി മനോധർമ്മ(Fantacy)ത്തെയും കാവ്യഹേതുക്കളായി വേഡ്സ്വർത്ത് വിലയിരുത്തി."[35] മൗലികാവസ്ഥയെ വിശ്വാസ്യമായി അനുകരിക്കുന്ന കൃതിയെ ഭാവനാകൃതിയെന്നും മൗലികാവസ്ഥയോട് സാധർമ്മ്യമുള്ള സങ്കല്പമാത്രലോകത്തെ അനുസരിക്കുന്നവയെ മനോധർമ്മസൃഷ്ടിയെന്നും കോൾറിഡ്ജ് തരംതിരിച്ചു. "കവിത ജീവിതത്തിന്റെ ഒരു ബിംബമാണ്. ജീവിതത്തിന്റെ നിത്യസത്യങ്ങളാണ് കവിതയിൽ ആവിഷ്ക്കാരം നേടുന്നതെ"ന്ന് ഷെല്ലിയും[36] സത്യം സൗന്ദ

31- തരകൻ കെ. എം. (ഡോ.)-പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രം -നാഷനബുക്സ്റ്റാൾ, കോട്ടയം, എഡി-5, 2000, പുറം-135

32- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം- 88

33- അതേ പുസ്തകം- പുറം-122

34- അച്യുതൻ എം - പാശ്ചാത്യസാഹിത്യദർശനം-കറന്റ് ബുക്സ്, തൃശ്ശൂർ, എഡി-5, 1997 പുറം-366

35- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം- 143

36- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം- 147

ര്യമാണ് സൗന്ദര്യം സത്യമാണ് എന്ന് കീറ്റ്സും[37] പ്രസ്താവിച്ചു. പ്രതിഭയുടെ സ്വാതന്ത്ര്യമുപയോഗിച്ച് കാവ്യസത്യം തുറന്നാവിഷ്ക്കരിക്കുവാൻ ഇക്കാലയളവിലെ സാഹിത്യചിന്തകർ ശ്രദ്ധിച്ചു.

യന്ത്രവൽക്കരണം, വ്യവസായവിപ്ലവം എന്നിവയുടെ സ്വാധീനഫലമായി 1850–1950 കാലയളവിൽ ആവിർഭവിച്ചതും പൂർവ്വഗതിയിൽനിന്ന് വ്യത്യസ്തമായ വീക്ഷണങ്ങളും രചനാതന്ത്രങ്ങളും ഉൾക്കൊള്ളുന്നതുമായ പ്രസ്ഥാനമാണ് ആധുനികത. മാർക്സ്, ഫ്രോയ്ഡ്, യുങ്, സാർത്ര്, എലിയട്ട് തുടങ്ങിയവർ ഈ ഘട്ടത്തിലെ പ്രമുഖചിന്തകരാണ്. തൊഴിലും അതിൽനിന്നുള്ള സ്വത്വത്തിന്റെ വിഘടനവും തൊഴിലാളിയിൽ ഉണ്ടാക്കുന്ന അന്യതാബോധവും നിർമ്മാണപ്രവർത്തനങ്ങളെ സ്വാധീനിക്കുന്നുവെന്നും ഇത് ബാഹ്യലോകത്തുനിന്നും വ്യക്തിസത്തയിൽനിന്നും മനുഷ്യാസ്തിത്ത്വത്തിൽനിന്നും അവനെ അന്യനാക്കുന്നുവെന്നുമാണ് മാർക്സിയൻ വീക്ഷണം.[38] ഉല്പാദകബന്ധങ്ങളിൽ നിന്നുരുത്തിരിയുന്ന അവബോധമാണ് മനുഷ്യജീവിതത്തെ നിർണ്ണയിക്കുന്നതെന്നാണ് അതിന്റെ സാരാംശം. വൈരുദ്ധ്യാത്മകവും ഭൗതികവും ചരിത്രപരവുമായ അടിത്തറയുള്ള പ്രസ്തുത ദർശനം സാഹിത്യവീക്ഷണങ്ങളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഇതിന്റെ സൈദ്ധാന്തികസാദ്ധ്യതകളെ ടെയ്ൻ, ട്രോട്സ്ക്കി, ലുക്കാച്ച്, സാർത്ര്, അൽത്തൂസർ തുടങ്ങിയവർ സാഹിത്യപരമായി പ്രയോജനപ്പെടുത്തി. സാമൂഹികയാഥാർത്ഥ്യങ്ങളെ മാർക്സിസ്റ്റ് നിലപാടിൽ അപഗ്രഥിക്കുന്ന സോഷ്യൽ റിയലിസ്റ്റിക്ക് കൃതികൾ എഴുത്തുകാരന്റെ പ്രതിജ്ഞാബദ്ധതയ്ക്ക് പ്രാധാന്യം കല്പിക്കുന്നുണ്ട്. സ്രഷ്ടാവും അനുവാചകനും ഏകീഭവിക്കുന്ന സാംക്രമിക(Infection)ശക്തിയുടെ അവസ്ഥാദശയ്ക്ക് ഊന്നലേകുന്ന ലിയോ ടോൾസ്റ്റോയിയുടെ ക്രൈസ്തവദർശനത്തിൽ അധിഷ്ഠിതമായ ചിന്തയും ഈ ഘട്ടത്തിലേതാണ്. കല സംക്രമിപ്പിക്കുന്ന വികാരങ്ങളിൽ ഏറ്റവും പ്രധാനം മനുഷ്യന്റെ മതാവബോധത്തിൽ(Religious perception)നിന്നും ഉറവെടുക്കുന്ന വികാരങ്ങൾക്കാണെ[39] ന്നായിരുന്നു അദ്ദേഹത്തിന്റെ ഭാഷ്യം.

അനിശ്ചിതവാദം, കാരണവാദം, വിധിവാദം തുടങ്ങിയ ചിന്താസങ്കേതങ്ങളിലൂടെ സാഹിത്യകലയെ ദാർശനികമായാണ് എമിലിസോള വിലയിരുത്തിയത്. സിഗ്മണ്ട് ഫ്രോയ്ഡ്,

---

37- തരകൻ കെ. എം. (ഡോ.)-പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രം -നാഷനൽബുക്സ്റ്റാൾ, കോട്ടയം, എഡി-5, 2000, പുറം-198

38- അച്യുതൻ എം. - പാശ്ചാത്യസാഹിത്യദർശനം-കറന്റ് ബുക്സ്, തൃശ്ശൂർ, എഡി-5, 1997 പുറം-391

39- അതേ പുസ്തകം- പുറം-366

സി.ജെ.യുങ് എന്നിവർ മനോവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലാണ് സാഹിത്യാദി കലകളെ നിരൂപണം ചെയ്യുന്നത്. കലാകാരൻ തന്റെ വിഭ്രമങ്ങളെ നിയന്ത്രണവിധേയമായി രൂപകങ്ങളുടെ ഭാഷയിൽ വിനിയോഗിക്കുമ്പോഴാണ് കലാസൃഷ്ടി സാദ്ധ്യമാകുന്നതെന്നായിരുന്നു ഫ്രോയ്ഡിനെപ്പോലുള്ളവരുടെ അഭിപ്രായം. ലൈംഗികോർജ്ജത്തിന്റെ ഭിന്ന പ്രകാരത്തിലുള്ള ആവിഷ്ക്കാരങ്ങൾ ആസ്വാദകരുടെ അബോധമനസ്സിലെ പ്രവണതകളെ തൃപ്തിപ്പെടുത്തുമ്പോഴാണ് കലയ്ക്ക് സാർവ്വലൗകികമായ അർത്ഥവും മൂല്യവും കൈവരുന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം.[40] മനസ്സിന്റെ അബോധതലത്തെക്കുറിച്ചുള്ള ഫ്രോയ്ഡിന്റെ നിഗമനങ്ങളെ തിരുത്തിക്കുറിക്കുന്നതായിരുന്നു സി.ജെ.യുങിന്റെ സിദ്ധാന്തം. ഉപരിഗതമായ വ്യഷ്ടിബോധം(Personal unconscious), അഗാധവ്യാപ്തമായ സമഷ്ടിബോധം(Collective unconscious) എന്നിങ്ങനെ പിരിഞ്ഞു കിടക്കുന്നതാണ് അബോധമനസ്സ്. അതിൽ സമഷ്ടിബോധത്തിലാണ് ഉന്നതമൂല്യങ്ങളുള്ള പുരാവൃത്തങ്ങളും യക്ഷിക്കഥകളും രഹസ്യജ്ഞാനോപദേശങ്ങളും മറഞ്ഞുകിടക്കുന്നതെന്ന് അദ്ദേഹം സ്ഥാപിച്ചു.[41]

ഒരു സംഭവപരമ്പരയിലൂടെയോ വസ്തുസംഘാതങ്ങളിലൂടെയോ വികാരങ്ങളെ കലാരൂപത്തിൽ പ്രകാശിപ്പിക്കാമെന്ന പരികല്പനയാണ് എലിയട്ടിന്റെ വസ്തുസംയോജകവാദം(Objective correlative theory). അസ്തിത്വവാദമെന്ന ദാർശനികചിന്താധാരയും ഇക്കാലയളവിലാണ് പ്രബലമായത്. മനുഷ്യന് സാർവ്വത്രികമായ സത്തയില്ലെന്നും മനുഷ്യപ്രകൃതിക്ക് പൂർവ്വനിശ്ചിതഘടനയില്ലാത്തതിനാൽ ഓരോ മനുഷ്യനും ജീവിച്ചുകൊണ്ട് തന്റെ സത്തയെ നിർണ്ണയിക്കുന്നുവെന്നും അസ്തിത്വം സത്തയ്ക്കുമുമ്പ് വരുമെന്നും ഈ സിദ്ധാന്തം പറയുന്നു.[42] അൽബേർ കമ്മ്യു, സാർത്ര്, കീർക്കഗാർ, തുടങ്ങിയവർ ഇതിന്റെ വക്താക്കളാണ്. അർത്ഥശൂന്യത, മൂല്യാഭാവം, ഏകാകിത, മരണഭയം, യുക്തിനിരാസം, സ്വാതന്ത്ര്യബോധം, അന്യവൽക്കരണം, സ്വത്വപ്രക്ഷോഭം, സാമൂഹികവീക്ഷണത്തിന്റെ അഭാവം എന്നിവ ഈ ഘട്ടത്തിന്റെ പ്രത്യേകതകളാണ്.

ആധുനികതയ്ക്ക്ശേഷം അറുപതുകളിലും എഴുപതുകളിലും യൂറോപ്പിലും അമേരിക്കയിലും കലാസാഹിത്യാദികളിൽ കാണുന്ന പ്രവണതയാണ് ഉത്തരാധുനികത(Post modernism). യന്ത്രവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും ഫലമായി സമൂ

---

40- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-204

41- അതേ പുസ്തകം- പുറം- 208

42- അതേ പുസ്തകം- പുറം- 211

ഹത്തിലുണ്ടായ അളവിലും ഗുണത്തിലുമുള്ള സാങ്കേതികപരിവർത്തനങ്ങളെയാണ് ഇത് ലക്ഷ്യംവെച്ചത്. ശാസ്ത്രസാങ്കേതികരംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റങ്ങൾ, യൂറോപ്യൻ സ്വാധീനത്തിന്റെ ഫലമായുണ്ടായ കോളനീയനന്തരക്രമം, എന്നിവയ്ക്കു പുറമെ സൊസ്യൂറിയൻ ഭാഷാശാസ്ത്രത്തിലെ ദ്വന്ദ്വങ്ങളെ ആധാരമാക്കിക്കൊണ്ടുള്ള ഘടനാവാദങ്ങൾ, ദറിദയുടെ അപനിർമ്മാണചിന്തകൾ, ലക്കാന്റെ കണ്ണാടിഘട്ടം, പ്രതീകക്രമം എന്നീ സങ്കല്പങ്ങൾ, അൽത്തൂസറിന്റെ പ്രത്യയശാസ്ത്രപരമായ കല്പനകൾ, ഫൂക്കോവിന്റെ വ്യവഹാരം, ജ്ഞാനിമം തുടങ്ങിയ ഭാഷാസമീപനങ്ങൾ, ബാർത്തിന്റെ എഴുത്തുകാരന്റെ മരണം, ഗ്രന്ഥ -പാഠവിഭജനങ്ങൾ, ദൃശ്യമാദ്ധ്യമങ്ങളും വിവരസങ്കേതങ്ങളും മറ്റും രൂപപ്പെടുത്തിയ സാംസ്കാരികഘടന എന്നിവയാണ് ഇക്കാലയളവിനെ സ്വാധീനിച്ചത്.

ആധുനികോത്തരതയുടെ നവീനശാസ്ത്രസമ്പ്രദായത്തിന് തുടക്കമിട്ടത് സ്വിസ് ഭാഷാശാസ്ത്രജ്ഞനായ സസൂറാണ്. ഭാഷയുടെ ബഹുകാലികതയ്ക്ക് ഊന്നലേകാതെ ഭാഷണഭേദങ്ങളിൽനിന്ന് ഭിന്നമായി ചിഹ്നശാസ്ത്രഭാഷയെക്കണ്ടും ശബ്ദവും അർത്ഥവും തമ്മിൽ സൂചകം/സൂചിതം എന്ന് ബന്ധിപ്പിച്ചും അദ്ദേഹം ഭാഷാശാസ്ത്രത്തിൽ കാതലായ amä§ Ä hcp̄ n[43] ചിഹ്നങ്ങളാൽ നിർമ്മിതമായ വ്യവഹാരങ്ങൾ(Discourses) വസ്തുസൂചകമായ അവയുടെ പ്രയോഗത്തിൽക്കവിഞ്ഞ ഒന്നാണെന്ന് ഫൂക്കോ കരുതുന്നു.[44] സത്യവും വസ്തുനിഷ്ഠവുമായ കാരണങ്ങളെല്ലാം അധികാരത്തിൽനിന്നാണ് ഉണ്ടാകുന്നത് എന്നതിനാൽ കർത്താവ്/കർമ്മം എന്നിങ്ങനെയുള്ള തിരിവ് ഇവിടെ അപ്രസക്തമാകുന്നു. ചിഹ്നംകൊണ്ട് പ്രതിനിധാനം ചെയ്യുന്നതാണ് ഒരു ഘടനയുടെ കേന്ദ്രമെന്നതിനാൽ ഘടനാപരമായ പരിഗണനകളിലെല്ലാംതന്നെ അത് നിശ്ചിതകേന്ദ്രത്തെ മാറ്റി നിർത്തുന്നു. വായനാമാതൃകയിലൂടെ രൂപവൽക്കരിക്കേണ്ടുന്ന പാഠശേഖരമായാണ് ഒരു കൃതിയെ കാണുന്നത്. ഇതിൽ വ്യാഖ്യാനത്തിലെ സത്യാത്മകത കാവ്യാത്മകതയാകുന്നതിനോടൊപ്പം സാമ്പ്രദായികമായ സത്യാത്മകത കാവ്യാത്മകതയുടെ ഒരുപജാതിയെന്ന് വരത്തക്കവിധത്തിൽ പ്രസക്തവിന്യാസത്തെ പുനരാലേഖനം ചെയ്യുന്നു.[45] പരിസ്ഥിതിവാദം, സ്ത്രീവാദം, കീഴാള

43- അച്യുതൻ എം. - പാശ്ചാത്യസാഹിത്യദർശനം-കറന്റ് ബുക്സ്, തൃശ്ശൂർ, എഡി-5, 1997 പുറം-391

44þ apc f d¦ є³ s\ Ãn Â (t U m)þ വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്, എഡി-1, 1997, പുറം-204

45-ശ്രീജൻ വി.സി. -ചിന്തയിലെ രൂപകങ്ങൾ- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം -2000, എഡി-1, പുറം-51,52

ബോധം എന്നിവയ്ക്കെല്ലാം ഈ വിചിന്തനപ്രക്രിയയിയിൽ പ്രധാനപ്പെട്ട സ്ഥാനമുണ്ട്.

മേല്പറഞ്ഞ ഭാരതീയവും പാശ്ചാത്യവുമായ ദർശനങ്ങളെല്ലാം കവിതയും തത്ത്വചിന്തയും തമ്മിലുള്ള ബന്ധം സാധൂകരിക്കുന്നു. സത്യാന്വേഷകനായ ദാർശനികൻ ജ്ഞാനത്തിന്റെ വെളിച്ചത്തിലും കവി സൗന്ദര്യത്തിന്റെ വെളിച്ചത്തിലും ലോകത്തെ കാണുന്നു. എങ്കിലും ഇരുവരും എത്തിച്ചേരുന്നത് ഒരേ ലക്ഷ്യത്തിലാണ്. വൈകാരികമായ രസം, ആനന്ദം എന്നിവ വൈചാരികപ്രക്രിയയിലൂടെ കടന്നുപോകുമ്പോൾ മാത്രമേ അത് നീണ്ടുനിൽക്കുകയുള്ളൂ. എന്നാൽ സൗന്ദര്യത്തിന്റെ ആവരണം നീക്കി സത്തയെ ആനുഭൂതികമായി സമന്വയിപ്പിക്കുന്നതാകട്ടെ വിചാരത്തെയും വികാരത്തെയും ഒരുപോലെ അതിക്രമിച്ചുകൊണ്ടാണ്.

## അദ്ധ്യായം രണ്ട്

## അദ്വൈതത്തിന്റെ സ്ഥാനവും സ്വാധീനവും

യാതൊന്നിൽ ദ്വൈതം - രണ്ടെന്ന അവസ്ഥ - ഇല്ലയോ അതാണ് അദ്വൈതം.[1] സുവ്യവസ്ഥിതവും, ക്രമബദ്ധവുമായ ഇതിന്റെ രൂപഘടന ഉൾക്കൊള്ളുന്നതാണ് അദ്വൈതസിദ്ധാന്തം. സത്യം രണ്ടോ അതിലധികമോ സംഘാതങ്ങളുടെ ഉദ്ഗ്രഥനമോ ഉപോല്പന്നമോ അല്ലെന്നുറപ്പിച്ചുകൊണ്ടാണ് ഏകം എന്നു പറയാതെ അദ്വയ(അദ്വൈതം)മെന്നു പ്രയോഗിക്കുന്നത്. ദ്വൈതരഹിതം (രണ്ടല്ലാത്തത്) എന്ന അർത്ഥത്തിൽ അദ്വയത്തിനും, അദ്വൈതത്തിനും ശബ്ദകല്പദ്രുമം ഒരേ അർത്ഥമാണ് നൽകുന്നത്.[2] സാർവ്വത്രികമായ വ്യവഹാരദ്വന്ദ്വങ്ങളെ സത്യത്തിന്റെ സീമിതമായ തലത്തിൽ മാത്രം അംഗീകരിച്ചുകൊണ്ട് പരമാർത്ഥം ഏകവും അദ്വിതീയവുമെന്ന് സ്ഥാപിക്കുന്ന ദർശനമാണത്. ഇതുപോലെ തന്നെ പരിവർത്തനനൈരന്തര്യത്തിലും മദ്ധ്യമമാർഗ്ഗത്തിലും അടിയുറച്ച ചിന്താപദ്ധതികളും അതത് നിലകളിലുള്ള ഏകതയിൽ ഊന്നിനിൽകുന്നുവെന്നത് ശ്രദ്ധേയമാണ്. സാപേക്ഷതലങ്ങളിൽ ഏകത്വത്തെ അവലംബിക്കുന്നത് എല്ലാ മൗലികചിന്തകളുടെയും സവിശേഷതയാണ്. സത്താപരമായ നിലനിൽപ്പിനും (ontological existence) പ്രായോഗികമായ നടത്തിപ്പിനും മൂല്യനിർണ്ണയനത്തിനും ഇത്തരമൊരു ആധാരം അനിവാര്യമാണ്.

മനുഷ്യവളർച്ചയുടെ എല്ലാ ഘട്ടങ്ങളും ഓരോരോ പ്രത്യയത്തെ ആസ്പദമാക്കിയാണ് മുന്നോട്ട് പോയിട്ടുള്ളത്. അറിവ്, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസം, വിനിമയം എന്നിങ്ങനെ മനുഷ്യൻ നേടിയെടുത്ത സോപാധികമായ സവിശേഷതകളാണ് പ്രത്യയങ്ങളിലുൾക്കൊള്ളുന്നത്. ആശയ പ്രകാശനത്തിലും ചിഹ്നവ്യവസ്ഥകളിലും കലാസാഹിത്യസപര്യകളിലും ഉടമ്പടികളിലും ഇതിനുള്ള പങ്ക് ചെറുതല്ല. ചരിത്രാതീതകാലം മുതൽ ആധുനിക ശാസ്ത്രയുഗംവരെയുള്ള മനുഷ്യവികാസപരിണാമത്തിന്റെ പ്രേരകശക്തി ഒരേകത്വത്തെക്കുറിച്ചുള്ള ധാരണയായിരുന്നു. സർഗ്ഗാത്മകവും സംയോഗാത്മകവുമായ പ്രക്രിയകൾ അന്യവൽക്കരണത്തിലൂടെയും (alienation) പുനഃസംയോഗത്തിലൂടെയും (re-unification) വികസ്വരമായ

---

1-ദ്വൈതം ന വിദ്യതേ യസ്മിൻ തദ് അദ്വൈതം - എൻ. കെ. രാജഗോപാൽ, <u>സംസ്കൃതനിരുക്തകോശം</u> കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം 10

2- <u>Sabdakalpadrumam</u> Chowkhamba Sanskrit Series Office, Varanasi. Ed. - 1967, Vol. I, P - 35

പ്പോഴും ഇത്തരമൊരു അവബോധത്തിന് ഇടിവു സംഭവിച്ചില്ല. എല്ലാ പ്രതിഭാസങ്ങളും വ്യവഹാരയാഥാർത്ഥ്യങ്ങളും വ്യക്തിത്വത്തിൽ വീഴ്ത്തുന്ന അനുഭവമുദ്രകളെ വിവേചിച്ചത് ഇതിന്റെ സാദ്ധ്യതകൾ ഉപയോഗിച്ചായിരുന്നു.

ബാഹ്യപരിണാമത്തോടൊപ്പം ആന്തരികവികാസവും മനുഷ്യനിൽ സംഭവിച്ചു. വ്യക്തി എന്ന നിലയിൽ തന്റെ പരിമിതികളെക്കുറിച്ചുള്ള ബോധവും അപരിമേയമായ ചരാചരപ്രപഞ്ചത്തോടുള്ള അത്ഭുതാദരങ്ങളും അജ്ഞാതരഹസ്യങ്ങളിലേയ്ക്കുള്ള അന്വേഷണവ്യഗ്രതയും സത്യത്തോടുള്ള സഹജമായ ആഭിമുഖ്യവും രക്ഷ നേടാനുള്ള ആവേശവുമാണ് മതാവബോധം (religious awareness) രൂപപ്പെടുത്തിയത്. അവന്റെ ഇച്ഛാശക്തിയും ജ്ഞാനാർജ്ജനശേഷിയും ക്രിയകൗശലവും ആന്തരികമായ സ്വാതന്ത്ര്യവാഞ്ഛയുടെ ഉള്ളടക്കത്തിലുണ്ടായിരുന്നു. ബാഹ്യാഭ്യന്തരങ്ങളുടെ സമന്വയം അസാദ്ധ്യമെന്ന് ആദ്യഘട്ടത്തിൽ അനുമാനിച്ച മനുഷ്യൻ ആരാധനയിലൂടെ അതിന്റെ ദൂരം കുറച്ചു. ക്രമേണ ഇന്ദ്രിയങ്ങളുടെ സ്ഥല-കാല-ദ്രവ്യസംബന്ധത്തിൽനിന്നുരുത്തിരിയുന്ന അറിവിനെ വിശ്ലേഷിയ്ക്കുവാനും തുടങ്ങി. ലോകത്തിലെ എല്ലാ വിജ്ഞാനപദ്ധതികളും ഇങ്ങനെ ഉണ്ടായതാണ്.

നാനാത്വത്തിലെ ഏകത്വമാണ് ഭാരതീയചിന്തയുടെ ആധാരം. ആധാരബഹുത്വം പരസ്പരനിരാകരണത്തിലൂടെ ശൂന്യതയിലേക്കാണ് എത്തുക. അപ്പോൾ പ്രാതിഭാസികവും വ്യാവഹാരികവുമായ ബഹുസ്വരത നിയന്ത്രിതയഥാർത്ഥ്യ(restricted reality)ങ്ങളാണ്. അതാതിന്റെ നിലപാടിലവ ശരിയാണെങ്കിലും പരമാർത്ഥദൃഷ്ട്യാ സത്യമാകാനിടയില്ല. കൂടാതെ ബാഹ്യദൃഷ്ടിയിലുള്ള വിക്ഷോഭ-വിക്ഷേപങ്ങൾ തിരിച്ചറിയണമെങ്കിൽ ഇവയിൽ പെടാത്ത മറ്റൊന്നിന്റെ അവബോധം അനിവാര്യവുമാണ്. ഭൗതികമായി അറിയുന്നതെല്ലാം ഒന്നാം അറിവിനോടുള്ള അകലവുമായി താരതമ്യപ്പെടുത്തിയതാണ് എന്നതിനാൽ രണ്ടാമത്തേത് ആദ്യത്തേതിന്റെ പരിണാമമോ ആവർത്തനമോ പ്രതിഫലനമോ ആകാനാണിട. ഇതിൽ പരിണാമത്തിലും ആവർത്തനത്തിലും പരമസത്തയുടെ പ്രാതിനിദ്ധ്യം പരിമിതമാകുമെന്നതിനാൽ ഏറ്റക്കുറച്ചിലില്ലാത്ത പ്രതിഫലനമായേ അവയെ കാണാൻ കഴിയൂ. അദ്വൈതദർശനം ഇതിലൂന്നിയതാണ്. വിവേകാനന്ദസ്വാമികൾ പറയുന്നു. "അദ്വൈതം പറയുന്നതിങ്ങനെയാണ്. എല്ലാറ്റിന്റെയും അടിയിൽ അവയ്ക്ക് അധിഷ്ഠാനമായി മാറ്റമില്ലാത്ത ഒന്നുണ്ടെന്ന ദ്വൈതവാദം ശരിയാണ്. മാറ്റമില്ലാത്ത ഒന്നിനെ ആസ്പദിയ്ക്കാതെ നമുക്ക് മാറ്റം മനസ്സിലാക്കാൻ വയ്യ. മാറ്റം (വികാരം) ഉള്ള ഒന്നിനെ നാമറിയുന്നത് അതിനെക്കാൾ മാറ്റം കുറഞ്ഞ ഒന്നി

നോടു സംബന്ധിച്ചിട്ടാണ്."[3]

അദ്വൈതം അതിനുവേണ്ടി മാത്രം നിലകൊള്ളുന്ന ഒന്നല്ല. പ്രത്യുത എല്ലാദർശനങ്ങളെയും അതാതിടങ്ങളിൽ നിന്ന് സമുദ്ധരിക്കുകയാണത് ചെയ്യുന്നത്. വിമർശനങ്ങൾക്കും വിവാദങ്ങൾക്കും നിരാകരണത്തിനും ഇതിലുള്ള സ്ഥാനം തികച്ചും വിനിമയതലത്തിൽ അധിഷ്ഠിതമാണ്. വേദത്തിൽനിന്നാവിർഭവിച്ച് ഉപനിഷത്തുക്കളിലൂടെ വികസിച്ച് ഇതിഹാസപുരാണങ്ങളിലൂടെ വ്യാപിച്ച് മറ്റ് വിചിന്തനങ്ങൾക്ക് വഴിമരുന്നിട്ട ഈ ദർശനത്തിന്റെ ആഗമചരിത്രം അന്വേഷണവിധേയമാക്കേണ്ടതുണ്ട്.

## *2. 1. അദ്വൈതചിന്ത വേദങ്ങളിൽ*

അറിയുക എന്നർത്ഥം വരുന്ന 'വിദ്' എന്ന ധാതുവിൽ നിന്നാണ് വേദശബ്ദം നിഷ്പന്നമാകുന്നത്. ധർമ്മാധർമ്മങ്ങളെയും പുരുഷാർത്ഥങ്ങളെയും മോക്ഷോപായത്തെയും പ്രത്യക്ഷാദി പ്രമാണങ്ങൾക്ക് വിധേയമാകാത്ത അറിവിനെയും വേദം പ്രദാനം ചെയ്യുന്നു. ഭൗതികജീവിതത്തിന്റെ അഭ്യുദയം മുതൽ പരമമായ നിഃശ്രേയസത്തിലേക്കുള്ള മാർഗ്ഗം വരെ പരാമർശിയ്ക്കുന്ന വേദത്തിൽ ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളും ഉൾകൊള്ളുന്നു. സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നിങ്ങനെ പഠന സൗകര്യത്തിന് വേണ്ടി വേദമന്ത്രങ്ങളെ നാലാക്കി തരംതിരിച്ചിട്ടുണ്ട്. ഇവയിൽ ആദ്യവ്യാഖ്യാനങ്ങളെ സംഹിതകളെന്നും യാജ്ഞികദൃഷ്ടിയിലുള്ള വിശദീകരണങ്ങളെ ബ്രാഹ്മണങ്ങളെന്നും ഇവയുടെ അവസാനം വരുന്ന ഭാഗങ്ങളെ ആരണ്യകങ്ങളെന്നും ജ്ഞാനകാണ്ഡസംബന്ധമായ ഭാഗങ്ങളെ ഉപനിഷത്തുകളെന്നും വ്യവഹരിക്കുന്നു.

വേദങ്ങളിലെ അന്തർദർശനങ്ങളുടെ യുക്തിയും വെളിപാടുകളും ആഭ്യന്തരത്തെ ബാഹ്യയാഥാർത്ഥ്യങ്ങളുമായി ഇണക്കുന്നു. മാർഗ്ഗതലത്തെ ലക്ഷ്യതലത്തിലേക്കുയർത്തുന്ന ഉദാരസമീപനത്തിന്റെ സവിശേഷതയാണിത്. സമഷ്ടി ഇച്ഛയെ, പ്രതിനിധീകരിയ്ക്കുന്നതുകൊണ്ടാണ് വേദങ്ങളെ അനാദിയും അപൗരുഷേയവുമെന്ന് പറയുന്നത്. ഇവയുടെ രചനയ്ക്കു നിമിത്തമായവരെല്ലാം ഈ തലത്തിൽ നിന്നുകൊണ്ടാണ് സത്യത്തെ ദർശിച്ചത്. ചിന്തയുടെ പ്രാരംഭഘട്ടത്തിൽ ആഖ്യാനങ്ങളുടെ ശാസ്ത്രീയവീക്ഷണങ്ങളും ദേവതാകീർത്തനങ്ങളും കൂടിക്കുഴഞ്ഞിട്ടുണ്ടെങ്കിലും ആധാരത്തെക്കുറിച്ചുള്ള ഉദ്ബോധനങ്ങൾ അവയിൽ ദർശിക്കാം. "ഈ ആദിത്യനെ (സർവ്വേശ്വരനെ) ഇന്ദ്രനെന്നു പറയുന്നു, വരുണ

3-വിവേകാനന്ദ സാഹിത്യസംഗ്രഹം - ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ എഡി-1, 1992, പുറം 166

നെന്നു പറയുന്നു, അഗ്നിയെന്നു പറയുന്നു. പിന്നെ ദ്യോവിലുള്ള നല്ല പറക്കലോടുകൂടിയ ഗരുഡനെന്നു പറയുന്നു. വാസ്തവത്തിൽ ഉള്ള ഒന്നിനെയാണ് ദേവതാ തത്ത്വവിത്തുക ളായ മേധാവികൾ പണ്ഡിതന്മാർ ഇന്ദ്രാഭിരൂപരായി പലവിധം പറയുന്നത്. (അവിടുത്തെ ത്തന്നെ) വൈദ്യുതാഗ്നിയായും നിയന്താവായ യമനായും, അന്തരീക്ഷത്തിൽ ശ്വസിക്കുന്ന വായുവായും പറയപ്പെടുന്നു."[4]

ഋഗ്വേദത്തിലെ പുരുഷസൂക്തം, നാസദീയസൂക്തം, സുപർണ്ണസൂക്തം, ദീർഘ തമ:സൂക്തം, ഹംസവതീമന്ത്രം, ആദിത്യമന്ത്രം എന്നിവ ഏകത്വപ്രഖ്യാപനത്തിന് നിദർശ നമാണ്. യജുർവേദത്തിലൊരിടത്ത് വിശ്വവ്യാപകനെ നമസ്കരിക്കുന്നു. ഗതിശീലനും സർവ്വവും പ്രാപ്തമാക്കുന്നവനും ആയവനെ നമസ്കരിക്കുന്നു. ജലതരംഗത്തിലുണ്ടാകു ന്നവനും സ്ഥിരജലത്തിലുള്ളവനുമായവനെ നമസ്കരിക്കുന്നു.[5] ഈ ദേവൻ ഒന്നു മാത്രമാ ണെന്ന ജ്ഞാനം സിദ്ധിച്ചവന് രണ്ടാമതോ മൂന്നാമതോ നാലാമതോ ആയ ദേവനില്ലെന്നു പറയുന്ന അഥർവ്വവേദത്തിലെ ഏകവൃതസൂക്തവും (12.1.4 -1)[6] ബ്രഹ്മവിദ്യയെക്കുറിച്ച് പ്രതി പാദിക്കുന്ന വ്രാത്യകാണ്ഡവും (15-ാം കാണ്ഡം)[7] ദ്യാവാപൃഥ്വീസൂക്തവും (13-3-13)[8] ഏകാ ത്മകതയുടെ സാരം ഉൾക്കൊള്ളുന്നവയാണ്.

പ്രത്യക്ഷാദി പ്രമാണങ്ങൾ മുതൽ അനുഭവജ്ഞാനത്തിന്റെ നിമ്നോന്നതങ്ങളെ ശ്രവ ണ-മനന-നിദിദ്ധ്യാസങ്ങളിലൂടെ പുടപാകം ചെയ്ത് താത്ത്വികവും പ്രായോഗികവുമായ ക്രിയാപദ്ധതികൾക്ക് വിധേയമാക്കുന്ന ശബ്ദപ്രമാണംവരെ വേദത്തിലൂൾപ്പെടുന്നു. സ്വരൂപ ത്തിൽനിന്ന് അനന്യമായ തത്ത്വത്തെ പ്രതിപാദിയ്ക്കുന്ന അപരോക്ഷശബ്ദപ്രമാണംവരെ അതിന്റെ ജ്ഞാനകാണ്ഡത്തിലുണ്ട്. പ്രകൃത്യാരാധനയുടെ പ്രാഥമികഘട്ടത്തെ സൂചിപ്പി ക്കുന്ന ദ്യോവ്, അത്യന്തനീതിമാനായ വരുണൻ, കീഴടക്കലിന്റെയും ആധിപത്യത്തിന്റെയും ദേവതയായ ഇന്ദ്രൻ, ഏകേശ്വരവാദികളുടെ ദേവതയായ പ്രജാപതി എന്നിവയിലൂടെ പുരോ

---

4- ഋഗ്വേദം (ഭാഷാഭാഷ്യം) - ഒ.എം.സി. നമ്പൂതിരിപ്പാട്, ഡി.സി. ബുക്സ്, 1995, വാല്യം-2, പുറം-282

5- യജുർവേദം - വ്യാഖ്യാനം : വി. ബാലകൃഷ്ണൻ & ആർ. ലീലാദേവി, വിദ്യാർത്ഥിമിത്രം, Ed.: 1975, പുറം - 256

6- അഥർവ്വവേദം- വ്യാഖ്യാനം-വി. ബാലകൃഷ്ണൻ, ആർ. ലീലാദേവി- വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, കോട്ടയം, എഡി-1, 1976, പുറം-801,802

7- അതേ പുസ്തകം- പുറം-831

8- അതേ പുസ്തകം- പുറം-790

ഗമിക്കുന്ന വേദചിന്ത ഇവയുടെ സമന്വയം സംഭവിക്കുന്ന ബ്രഹ്മദർശനത്തിൽ എത്തിനിൽക്കുന്നു.

## 2. 2. ആസ്തിക – നാസ്തികദർശനങ്ങളിൽ

വേദ(ശബ്ദം)ത്തെ പ്രമാണമായി അംഗീകരിക്കുന്ന സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നിവ ആസ്തികദർശനങ്ങളിൽ ഉൾപ്പെടുന്നു. അദ്വൈതസിദ്ധാന്തത്തിന്റെ വികാസപരിണാമങ്ങളുടെ പ്രാരംഭസൂചനകൾ ഇവയിൽ തെളിഞ്ഞുകാണാം. പ്രകൃതി - പുരുഷദ്വന്ദ്വങ്ങളെ ആധാരമാക്കുന്ന സാംഖ്യവും അസംഗവും സ്വതന്ത്രവുമായൊരു തത്ത്വത്തിന് ഊന്നലേകുന്നുണ്ട്. ഉപാദ്ധ്യധീനനായി പുരുഷൻ ബന്ധനസ്ഥനെപ്പോലെ കാണുപ്പെടുന്നുവെന്നാണ് സാംഖ്യമതം.[9] പ്രകൃതിയുടെ കർത്തൃത്വംകൊണ്ട് പുരുഷൻ കർത്താവായും പുരുഷന്റെ സാമീപ്യംമൂലം പ്രകൃതി സചേതനയായി ഗുണങ്ങളുടെ അസന്തുലിതാവസ്ഥ സംഭവിച്ച് പരിണാമവിധേയയാകുന്നതായും പറയുന്നു. പുരുഷനെന്ന അപരിവർത്തിയായ തത്ത്വം സുഖ-ദുഃഖ-മോഹാദികളിൽനിന്ന് വിഭിന്നവും സാക്ഷിയുമാണ്. അനുഷ്ഠാനക്രമത്തിലൂടെ ഈ തത്ത്വം തിരിച്ചറിയാനാകുമെന്നാണ് യോഗസിദ്ധാന്തത്തിന്റെ വിവക്ഷ.[10] ഇതിന്റെ മാർഗ്ഗത്തിൽ ചരിയ്ക്കുമ്പോൾ ഉണ്ടാകാവുന്ന സങ്കല്പവികല്പങ്ങളെ നിവാരണം ചെയ്യാൻ താർക്കികവും വസ്തുനിഷ്ഠവുമായ ഒരു സമീപനം അനിവാര്യമാണ്. ഇവയുടെ നിരോധനത്തിനുള്ള പരമാർത്ഥജ്ഞാനത്തിന് പ്രമാണം, പ്രമേയം, സംശയം, പ്രയോജനം തുടങ്ങി പതിനാറ് വസ്തുതകളെ ഗൗതമാചാര്യൻ കണക്കിലെടുക്കുന്നു.[11] ന്യായത്തിന്റെ പ്രാതിയൗഗികമായ വൈശേഷികം അസത്തിൽനിന്ന് സത്ത് ഉല്പന്നമാകുകയില്ലെന്നതിനാലാണ് പരമാണുക്കളെ അടിസ്ഥാനമായെണ്ണുന്നതും അവയുടെ സംയോഗത്തോടെ ദ്വ്യണുകങ്ങളും ത്ര്യണുകങ്ങളുമായി പ്രകടമാകുന്നതെന്ന് വിശദമാക്കുന്നതും.[12]

9- വാസുദേവ ഭട്ടതിരി. സി. വി. - ഭാരതീയദർശനങ്ങൾ - നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം, എഡി-2, 1990, പുറം-211

10- Chandradhar Sharma (Dr.) - Critical Survey of Indian Philosophy - Motilal Banarsidass Publication Pvt. Ltd., Edn. 1997, Page- 174

11- വാസുദേവ ഭട്ടതിരി. സി. വി. - ഭാരതീയദർശനങ്ങൾ - നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം, എഡി-2, 1990, പുറം-33

12- Chandradhar Sharma (Dr.) - Critical Survey of Indian Philosophy - Motilal Banarsidass Publication Pvt. Ltd., Edn. 1997, Page-184

ശബ്ദാർത്ഥഘടനയെ നിരൂപണം ചെയ്യുന്ന പൂർവ്വമീമാംസ കർമ്മാധിഷ്ഠിതമായാണ് ധർമ്മത്തെ ഉന്നയിക്കുന്നത്. വിധി, മന്ത്രം, നാമധേയം, നിഷേധം എന്നിവയിലൂടെ വാക്കുകളെയും വാക്യങ്ങളെയും വേദദൃഷ്ട്യാ നിർണ്ണയനം ചെയ്യുന്നു. ഓരോ ശബ്ദത്തിന്റെയും നിയതമായ അർത്ഥം, അതിനെ പ്രകാശിപ്പിക്കാൻ നിഹിതമായ ശക്തി, അതിന്റെ മാർഗ്ഗദർശിത്വം, അതുകൊണ്ട് മറ്റൊരുപാധിയെയും ആശ്രയിക്കേണ്ടാത്ത വിധത്തിലുള്ള ശബ്ദത്തിന്റെ പ്രാമാണ്യം എന്നിവ ഇതിലൂടെ സ്ഥാപിച്ചെടുക്കുന്നു. ഉത്തരമീമാംസ(വേദാന്തം)യിൽ എത്തുമ്പോൾ മുമ്പുപറഞ്ഞ ദർശനങ്ങളുടെ സമന്വയം കാണാം.

ബൗദ്ധ, ജൈന, ചാർവ്വാകങ്ങൾ വേദപ്രാമാണ്യമംഗീകരിക്കാത്തതുകൊണ്ട് നാസ്തികശ്രേണിയിലുൾപ്പെടുന്നു. ബൗദ്ധദർശനത്തിലെ മഹായാനവിഭാഗത്തിന്റെ ഉപവിഭാഗങ്ങളായ ശൂന്യവാദത്തെയും വിജ്ഞാനവാദത്തെയും ശങ്കരൻ വിമർശിക്കുന്നില്ല. വിജ്ഞാനവാദമെന്ന പേരിലുള്ള സ്വതന്ത്രവിജ്ഞാനവാദത്തെ വിമർശിക്കുമ്പോഴും സ്വനിരാകരണാത്മകമായ ശൂന്യവാദത്തെ അതിനു വിധേയമാക്കുന്നില്ല. ബുദ്ധൻ സ്വാനുഭവത്തിലൂടെ സാക്ഷാൽക്കരിക്കുന്നത് ഉപനിഷത്സത്യങ്ങളാണ്. പരാമർശത്തിലും സമീപനത്തിലും അന്തരമുണ്ടെങ്കിലും പരമമായ നിർവ്വാണം വേദാന്തവിവക്ഷിതമായ മോക്ഷംതന്നെയാണ്. കാര്യകാരണങ്ങൾ സംവൃതിസത്യങ്ങളാണെന്ന് അദ്വൈതികളെപ്പോലെ ബൗദ്ധരും വിശ്വസിക്കുന്നു. "വിജ്ഞാനവാദികളെപ്പോലെ പ്രത്യക്ഷത്തിൽ കാണപ്പെടുന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളെ നിരാകരിക്കുകയോ അവയെ ആശയങ്ങളാക്കി രൂപപ്പെടുത്തുകയോ അല്ല ശങ്കരാചാര്യർ ചെയ്യുന്നത്. മറിച്ച്, ആശയങ്ങൾക്ക് വസ്തുക്കളുടെ രൂപമുണ്ടാവുന്നത് ആശയങ്ങളിൽനിന്ന് വ്യത്യസ്തമായി അവയ്ക്ക് പുറത്ത് വസ്തുക്കൾ സ്ഥിതി ചെയ്യുന്നത് കൊണ്ടാണെന്ന് ഊന്നിപ്പറയുകയാണ് ചെയ്യുന്നത്."[13]

## *2.3. <u>പ്രസ്ഥാനത്രയത്തിൽ</u>*

ഉപനിഷത്ത്, ഭഗവദ്ഗീത, ബ്രഹ്മസൂത്രം എന്നിവയാണ് പ്രസ്ഥാനത്രയത്തിലെ ഗ്രന്ഥങ്ങൾ. അദ്വൈതസിദ്ധാന്തസ്ഥാപനത്തിന് പ്രസ്തുത ഗ്രന്ഥങ്ങളെയാണ് മുഖ്യമായും ആചാര്യന്മാർ ഉപജീവിച്ചത്.

### 2.3.1. <u>ഉപനിഷത്ത്</u>

സദ് എന്ന ധാതുവിനോട് ക്വിപ് എന്ന ശൂന്യരൂപമായ പ്രത്യയം പിമ്പും, ഉപ, നി എന്നീ

13-ദാമോദരൻ. കെ. - <u>ഭാരതീയ ചിന്ത</u> - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1998, എഡി-2, പുറം-346

രണ്ട് ഉപസർഗ്ഗങ്ങൾ മുമ്പും ചേരുമ്പോൾ ഉണ്ടാകുന്ന സവിശേഷരൂപമാണ് ഉപനിഷത്ത് എന്ന ശബ്ദം. ഗുരുവിന്റെ സമീപത്ത് (ഉപ), താഴെ (നി) ഇരുന്ന് (സദ്) അഭ്യസിക്കുന്ന ഈ ശാസ്ത്രം അറിവിന്റെ അറ്റം എന്നർത്ഥത്തിലുള്ള (വേദാന്തം) വേദത്തിലെ ജ്ഞാനകാണ്ഡ മാണ്. അജ്ഞാനതിമിരത്തെ നീക്കി ആത്മാവിനെ ബ്രഹ്മസമീപത്തേക്ക് നയിക്കുന്ന പരമ മായ ശ്രേയസ്സ് ഇതിലടങ്ങിയിട്ടുണ്ട്. പ്രകൃതിവാദ (Naturalism)ത്തിൽ നിന്നും അവതാര വാദ(Anthropomorphism)ത്തിലേക്കും, തുടർന്ന് ഏകസത്താവാദ(Henotheism)ത്തിലൂടെ ഏകേശ്വരവാദ(Monotheism)ത്തിലേക്കും ക്രമേണ അദ്വൈത(Non-Dwellism)ത്തിലേക്കും എത്തിച്ചേർന്ന രേഖാപടം ഉപനിഷത്തുകളിൽ കാണാം. അസംസ്കൃതമായ ആചാരാനു ഷ്ഠാനങ്ങൾ പരിഷ്ക്കരിച്ച് അവയ്ക്ക് ദാർശനികമായ ദിശാബോധമേകി ആവിഷ്കരിക്കുന്ന സമ്പ്രദായം അവയുൾക്കൊള്ളുന്നു.

വിദ്യയേയും അവിദ്യയേയും ഒരുമിച്ചറിഞ്ഞ വ്യക്തിപതനരൂപമായ മരണത്തെ കടന്ന് വിദ്യയെ അറിഞ്ഞ് മരണമില്ലാത്ത പൂർണ്ണസത്യത്തെ അനുഭവിക്കുന്നു എന്ന് ഈശാവാ സ്യോപനിഷത്ത് (11-ാം മന്ത്രം),[14] സൂചിപ്പിക്കുന്നു. തത്ത്വമസി (അത് നീയാകുന്നു. ഛാന്ദോഗ്യം 6.9-16)[15] പ്രജ്ഞാനം ബ്രഹ്മ (പ്രജ്ഞാനം ബ്രഹ്മമാകുന്നു. ഐതരേയം 3.3),[16] അഹം ബ്രഹ്മാസ്മി (1-4-10 ഞാൻ ബ്രഹ്മമാകുന്നു(ബൃഹദാരണ്യകം 1-4-10)[17] എന്നിങ്ങനെ ഉപനിഷത്തുക്കൾ സമസ്തൈക്യത്തിന് നിദർശനമേകുന്നു. യുക്തിവൽക്കരണം, കേന്ദ്രീക രണം, ഉദാത്തീകരണം, ആനുഭവീകരണം എന്നിവയാണ് വേദത്തിൽ നിന്ന് ഉപനിഷത്തി ലേക്കെത്തുമ്പോൾ സംഭവിക്കുന്ന സവിശേഷതകൾ.

### 2.3.2. ഭഗവദ്ഗീത :

സന്തുലിതവും, പ്രായോഗികവുമായ സമത്വദർശനം അനാവരണം ചെയ്യുന്ന ഗീത ബ്രഹ്മവി

14- ഈശാവാസ്യോപനിഷത്ത് -വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി, നാരായണ ഗുരു കുലം -1992, എഡി-1, പുറം-1

15- ഛാന്ദോഗ്യോപനിഷത്ത് - ശാങ്കരഭാഷ്യസഹിതം- വിവർത്തകൻ - ഡോ. ടി. എൻ. എൻ. ഭട്ട തിരിപ്പാട്, ആദിശങ്കര സാംസ്ക്കാരികകേന്ദ്രം, തിരുവനന്തപുരം - 1981, പുറം-510

16- Aithareya upanishad-Swami Chinmayananda, Central Chinmaya Mission Trust, Edi-3, 1998, Page-122

17- ബൃഹദാരണ്യകോപനിഷത്ത്, വ്യാഖ്യാനം-മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണ മഠം, തൃശ്ശൂർ എഡി-2, പുറം-75

ദ്യയെ പ്രതിപാദിക്കുന്ന യോഗശാസ്ത്രമാണ്. ഉപനിഷത്തുക്കളിലെ പരമാർത്ഥദർശനത്തെ ജീവിതഗതിയുടെ ഒരു നിർണ്ണായകഘട്ടത്തിൽ വിചാരം ചെയ്യുന്ന ഈ ഗ്രന്ഥം ഭക്തി, ജ്ഞാനം, കർമ്മം യോഗം എന്നിവയെ സമന്വയിപ്പിക്കുന്നു. സഗുണസാകാരതത്ത്വംമുതൽ നിർഗ്ഗുണനിരാകാരതത്ത്വമായ ബ്രാഹ്മീസ്ഥിതിവരെ ഇതിൽ പ്രതിപാദിക്കുന്നു. ഈശാവാസ്യോപനിഷത്തിലെ തേന ത്യക്തേന ഭുഞ്ജീഥ (ത്യാഗം കൊണ്ട് ആത്മാവിനെ രക്ഷിയ്ക്കണം, അഥവാ അഹന്തയെ ഉപേക്ഷിച്ച് എല്ലാറ്റിനെയും സന്തോഷമായി അനുഭവിക്കുക (മന്ത്രം-1)[18] എന്നുള്ളതിന്റെ വികസിതരൂപംതന്നെയാണ് നിഷ്ക്കാമകർമ്മം (അനാസക്തിയോഗം). കർമ്മങ്ങളെ ബ്രഹ്മാർപ്പണമായി ചെയ്യുന്ന ഒരാൾ പാപംകൊണ്ട് ലിപ്തനാകുന്നില്ലെന്ന് ഗീത പറയുന്നു (5-10)[19] ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള ഭഗവദ്ഗീതയിലെ ശ്ലോകം (2-20)[20] കഠോപനിഷത്തിൽ മന്ത്രരൂപത്തിലും (മന്ത്രം 2-18)[21] കാണാം. വിശ്വരൂപപ്രദർശനയോഗത്തിൽ അങ്ങ് അറിയപ്പെടാത്ത പരമമായ അക്ഷരമാകുന്നു എന്നു പറയുന്നത് തന്നെയാണ് ഏതദക്ഷരം ഗാർഗ്ഗി (3.8.10)[22] എന്നു തുടങ്ങുന്ന ബൃഹദാരണ്യകമന്ത്രത്തിന്റെ സാരാംശം. യാതൊന്നിൽ നിന്ന് വാക്കുകൾ മനസ്സോടുകൂടി പ്രാപിക്കാനാകാതെ പിൻമടങ്ങുന്നുവെന്ന് തൈത്തിരീയത്തിന്റെ ധ്വനി (2.4)[23] തന്നെയാണ് ത്രിഗുണാത്മക വിദ്യയെ പ്രതിപാദിക്കുന്ന വേദങ്ങളിൽനിന്ന് ഗുണാതീതമായ ആത്മാവിൽത്തന്നെ വർത്തിയ്ക്കുവാൻ

---

18- ഈശാവാസ്യോപനിഷത്ത് -വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി, നാരായണ ഗുരു കുലം -1992, എഡി-1, പുറം-1

19- ഭഗവദ്ഗീതാ സ്വാദ്ധ്യായം - ഗുരു നിത്യചൈതന്യയതി കറന്റ് ബുക്സ്, കോട്ടയം, എഡി-1, - 1992, പുറം-388

20- ന ജായതേ മ്രിയതേ വാ കദാചി- / ന്നായം ഭൂത്വാ ഭവിതാ വാനഭൂയഃ

അജോ നിത്യഃ ശാശ്വതോഽയം പുരാണോ / ന ഹന്യതേ ഹന്യമാനേ ശരീരേ (ശ്ലോകം-2-20)
ഭഗവദ്ഗീതാ സ്വാദ്ധ്യായം - ഗുരു നിത്യചൈതന്യയതി കറന്റ് ബുക്സ്, കോട്ടയം, എഡി-1, 1992, പുറം- 153

21- ന ജായതേ മ്രിയതേ വാ വിപശ്ചി- / ന്നായം കുതശ്ചിന്ന ബഭൂവ കശ്ചിദ്

അജോ നിത്യഃ ശാശ്വതോയം പുരാണോ / ന ഹന്യതേ ഹന്യമാനേ ശരീരേ (ശ്ലോകം-2-18)
കഠോപനിഷത്ത് - (ശാങ്കരഭാഷ്യസഹിതം), വിവ.: ടി. എൻ. എൻ. ഭട്ടതിരിപ്പാട് - ഡി.സി. ബുക്സ്, 1994, പുറം- 52 (2-18)

22- ബൃഹദാരണ്യകോപനിഷത്ത്, വ്യാഖ്യാനം-മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണ മഠം, തൃശ്ശൂർ എഡി-2, പുറം-75

23-തൈത്തിരീയോപനിഷത്ത്- വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ എഡി-3, 1985, പുറം-89

പ്രതിപാദിക്കുന്ന ഗീതയിലും (2.45)[24] ഉള്ളത്.

### 2.3.3. ബ്രഹ്മസൂത്രം

പരിമിതാക്ഷരങ്ങളിലൊതുങ്ങുന്നത്, സംശയരഹിതമായത്, സാരം മാത്രമുൾക്കൊള്ളുന്നത്, പൂർണ്ണമായത്, ഉറപ്പുറ്റത്, ഹൃദിസ്ഥമാക്കിവെക്കാൻ തക്കവണ്ണം ലളിതമായത് ഇങ്ങനെയെല്ലാമുള്ള വാക്യമാണ് സൂത്രമെന്ന് സൂത്രജ്ഞന്മാർ അറിയുന്നു എന്നാണ് സൂത്രത്തിന്റെ നിർവ്വചനം.[25] വേദോപനിഷത്തുകളിലും മറ്റും പ്രതിപാദിച്ചിട്ടുള്ള തത്ത്വങ്ങളെ സൂത്രരൂപത്തിൽ സംഗ്രഹിച്ച ബ്രഹ്മസൂത്രം അനുഭവതീക്ഷ്ണതയുടെയും വാചംയമിത്വത്തിന്റെയും പ്രകൃഷ്ടമായ നിദർശനമാണ്. പൂർവ്വസൂരികളുടെ ഗ്രന്ഥങ്ങളിലെ ആശയവൈരുദ്ധ്യങ്ങളകറ്റി സത്യത്തെ കൂടുതൽ തെളിമയുറ്റതാക്കുന്ന ബാദരായണന്റെ ഈ ഗ്രന്ഥം വേദാന്ത (ഉത്തരമീമാംസ) ദർശനത്തിന്റെ ആണിക്കല്ലാണ്. ആചാര്യപാദരുടെ സൂത്രഭാഷ്യം അതിന് ശക്തവും വ്യാപ്തവുമായ സൈദ്ധാന്തിക അടിത്തറയേകുന്നു. പരമ്പരാഗതചിന്തകളടങ്ങുന്ന വിവിധ ഉപനിഷൽധാരകളെ ചിട്ടപ്പെടുത്തുവാനുള്ള ശ്രമത്തിൽ, ഉപനിഷദദ്ധ്യാപനങ്ങളെ സംഗ്രഹിക്കുകയായിരുന്നു ബ്രഹ്മസൂത്രത്തിന്റെ ലക്ഷ്യം. ബ്രഹ്മജിജ്ഞാസക്കുള്ള അധികാരി, വിഷയിയുമായുള്ള അതിന്റെ സംബന്ധം, അതുകൊണ്ടുള്ള പ്രയോജനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒന്നാം സൂത്രം വ്യാഖ്യാനിക്കുമ്പോൾ 'യതോ വാ ഇമാനി ഭൂതാനി ജായന്തേ' (തൈത്തരീയം - 3.2)[26] എന്ന നിർവചനത്തിൽ എത്തുന്നത് ബ്രഹ്മസൂത്രത്തിന് ഉപനിഷൽദർശനങ്ങളോടുള്ള ബന്ധം വ്യക്തമാക്കുന്നു.

## *2.4. ഇതിഹാസ പുരാണങ്ങളിൽ*

ശ്രുത്യർത്ഥങ്ങളെ ആഖ്യാനം ചെയ്ത് കാലം, ദേശം, മൂല്യം, ആശ്രമം എന്നിവയ്ക്ക

---

24- ഭഗവദ്ഗീതാ സ്വാദ്ധ്യായം - ഗുരു നിത്യചൈതന്യയതി കറന്റ് ബുക്സ്, കോട്ടയം, എഡി-1, 1992, പുറം- 153

25- അല്പാക്ഷരമസന്ദിഗ്ധം / സാരവദ് വിശ്വതോമുഖം
അസ്തോഭമനവദ്യം ച / സൂത്രം സൂത്രവിദോവിദു.

ബ്രഹ്മസൂത്രഭാഷ്യാനുവാദം (ഭാഷ്യപ്രദീപം): പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ (ഭാഷ്യപ്രദീപം) - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്., 1997, ആമുഖം-12

26-തൈത്തിരീയോപനിഷത്ത്- വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ എഡി-3, 1985, പുറം-89

നുസരിച്ച് തരഭേദം വരുത്തി കഥകളിലൂടെയും തത്ത്വോപദേശങ്ങളിലൂടെയും സംവാദങ്ങളിലൂടെയും വിശദീകരിയ്ക്കുക എന്നതാണ് ഇതിഹാസ പുരാണാദികളുടെ ലക്ഷ്യം. അതിൽ പുരുഷാർത്ഥങ്ങളായ ധർമ്മാർത്ഥകാമമോക്ഷങ്ങളെ പാരമ്പര്യോപദേശരൂപത്തിൽ ഇത് ഇവിടെ സംഭവിച്ചിരിക്കുന്നു എന്ന നിലയിൽ അവതരിപ്പിക്കുന്നതാണ് ഇതിഹാസം. പഞ്ചമവേദം എന്നറിയപ്പെടുന്ന മഹാഭാരതവും ആദികാവ്യമായ രാമായണവും ഇതിഹാസങ്ങളെന്ന് പ്രഖ്യാതമാണ്. മഹാഭാരതത്തിൽ ഭഗവദ്ഗീതക്ക് പുറമെ നിരവധി തത്ത്വചിന്തകൾ മറ്റ് പർവ്വങ്ങളിലുണ്ട്. അതിൽ ജഗത്തിന്റെ മിഥ്യാതത്ത്വത്തെക്കുറിച്ചും ഏകമായ സത്യത്തെക്കുറിച്ചുമുള്ള പ്രസ്താവനകളും അടങ്ങിയിട്ടുണ്ട്. ഉദ്യോഗപർവ്വത്തിൽ ധൃതരാഷ്ട്രരും സനൽസുജാതമുനിയും തമ്മിലുള്ള സംവാദത്തിൽ പറയുന്നു. " വിഷയങ്ങൾ വാസ്തവത്തിൽ അസത്യങ്ങളാണ്. മൂന്ന് കാലത്തും ഉണ്ടായിട്ടില്ലാത്തവയാണ്. എന്നിരുന്നാലും അവയുടെ പ്രവാഹം എപ്പോഴും ഉള്ളതായി സത്യമായിട്ടിരിക്കയാണ്. ഇന്ദ്രിയങ്ങളുടെ ഏറ്റവും വമ്പിച്ച മഹാമോഹമാണ് അതിന് ഹേതു. മനസ്സിന്റെ നിത്യാനുസന്ധാനം കൊണ്ട് ഇല്ലാത്ത എല്ലാ വിഷയങ്ങളും ഉള്ളതായിട്ടിരിക്കയാണ്. മനസ്സിന്റെ വിഷയസ്മരണം നിന്നാൽ മാത്രമേ സ്വരൂപസ്മൃതിക്കുള്ള അവസരം കിട്ടൂ."[27]

ഗുണവാനും വീര്യവാനുമായ ശ്രീരാമചന്ദ്രനെ മാതൃകാപുരുഷോത്തമനായാണ് വാൽമീകി രാമായണത്തിൽ അവതരിപ്പിച്ചിട്ടുള്ളതെങ്കിലും ചില സന്ദർഭങ്ങളിൽ അതിനതീതമായി വർണ്ണിക്കുന്നുണ്ട്. രാവണവധാനന്തരമുള്ള ബ്രഹ്മസ്തുതിയിൽ "ഹേ രാഘവാ, അങ്ങുതന്നെയുള്ള എല്ലാറ്റിലും മുൻപിലും മദ്ധ്യത്തിലും അവസാനത്തിലും നിൽക്കുന്ന ബ്രഹ്മം. ലോകങ്ങൾക്കുപരിയായ ധർമ്മരൂപിയും സർവ്വതിന്റെയും സ്വാമിയും സർവ്വവിധ പുരുഷാർത്ഥങ്ങളും നൽകുന്നവനും അങ്ങ് തന്നെയാണ്."[28] എന്നിങ്ങനെ കവിതയും ദർശനവും ഭംഗ്യന്തരേണ ഇണക്കിച്ചേർക്കുന്നു.

പഴയവയുമായി ബന്ധിപ്പിക്കുന്നതും വരാൻ പോകുന്ന അർത്ഥത്തെ വചിക്കുന്നതുമാണ് പുരാണം. സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം എന്നിവ അതിൽ വിവരിക്കുന്നു. ത്രിമൂർത്തികളെ സംബന്ധിച്ച് ആറ് വീതമുള്ള പതിനെട്ട് പുരാണ

---

27- മഹാഭാരത സർവ്വസ്വം- സ്വാമി ജ്ഞാനാനന്ദ സരസ്വതി ആനന്ദ കുടീരം പ്രസിദ്ധീകരണം വാല്യം-1, എഡിഷൻ-3, പുറം- 467

28- വാൽമീകി രാമായണം (വാല്യം 3), വിവർത്തനം - സുധാംശു ചതുർവേദി, പ്രസാധനം - ഗീതാ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ, പുറം - 641

ങ്ങളുണ്ട്. പതിനെട്ട് ഉപപുരാണങ്ങളുമുണ്ട്. അവതാരലീലകൾ, സൃഷ്ടിസ്ഥിതിസംഹാരങ്ങൾ, ഉപാസനാഭേദങ്ങൾ, മഹച്ചരിതങ്ങൾ, ദേവതാകീർത്തനങ്ങൾ, ചരിത്രസത്യങ്ങൾ, പുരുഷാർത്ഥനിരൂപണങ്ങൾ എന്നിവയുൾപ്പെടുന്നു. സാമൂഹികം, രാഷ്ട്രീയം, ചരിത്രം, സംസ്കാരം, സൗന്ദര്യശാസ്ത്രം എന്നിവയുടെ ഗതാനുഗതികവികാസം ഇതിൽ ദർശിക്കാം. ഒരു സംസ്കൃതിയുടെ ധാർമ്മികവും നൈതികവുമായ അവബോധത്തിൽനിന്ന് ഉരുത്തിരിഞ്ഞ ജീവിതാചരണത്തിന്റെ ചമത്കാരപൂർണ്ണമായ ആവിഷ്കാരവും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഈശ്വരപ്രേമം (ഭക്തി) ആത്മസ്വരൂപബോധം (ജ്ഞാനം), വിഷയാസക്തിരാഹിത്യം (വൈരാഗ്യം) എന്നിവയെ ബലപ്പെടുത്തി ആദ്ധ്യാത്മികവും ആധിഭൗതികവും ആധിദൈവികവുമായ ദുഃഖങ്ങൾക്ക് ഇവ ശമനൗഷധമേകുന്നു. ഭാഗവതം ദശമസ്കന്ധത്തിൽ ശ്രീകൃഷ്ണ പരമാത്മാവിനെ തിരഞ്ഞു പരവശരായ ഗോപികമാർ വിലപിക്കുന്നത് "പ്രിയ, നിന്തിരുവടി ഗോപികയുടെ പുത്രൻ അല്ലല്ലോ. സകലദേഹികളുടെയും ആന്തരമായ ആത്മാവിന്റെ സാക്ഷിയാകുന്നു"[29] എന്നാണ്. ശിവതത്ത്വം പലരൂപത്തിൽ ആവിർഭവിക്കുമെന്ന് ഓർമ്മിപ്പിക്കുന്ന ശിവപുരാണത്തിൽ നൈമിഷവാസിമുനികൾ വായുദേവനോട് മായ ആവരണം ചെയ്യുന്നതിനെപ്പറ്റി ചോദിക്കുമ്പോൾ "ലോകത്തിൽ സർവ്വത്ര വ്യാപിക്കുന്നതുകൊണ്ട് തന്നെ ചിലപ്പോൾ ആവരണം വന്നേക്കാം. ആത്മാവിന് കലയിലുള്ള സംസർഗ്ഗബന്ധേച്ഛയാലും വരും. സുഖഭോഗാസക്തികൾ കൊണ്ട് തദനുസൃതമായ കർമ്മം ചെയ്യുന്നതും കാരണമാണ്. പാപം (മാലിന്യം) ക്ഷയിക്കുമ്പോൾ മായാവരണം ക്രമത്തിൽ വിട്ടുപോകുകയും പതിവാണ്"[30] എന്നാണ് മറുപടിയേകുന്നത്.

ദേവതകളെ വൈവിദ്ധ്യത്തോടുകൂടി ആവിഷ്ക്കരിക്കുമ്പോൾത്തന്നെ തത്ത്വാന്തർഗ്ഗതമായ ഏകത്വം തന്നെയാണ് ഇവിടെയെല്ലാം അനാവൃതമാക്കുന്നത്. പ്രായോഗികതയിലൂന്നിനിന്ന് സത്യത്തെ ലക്ഷ്യമായും, ധർമ്മത്തെ മാർഗ്ഗമായും അനുഷ്ഠിക്കേണ്ടതിന്റെ അനിവാര്യത വിളംബരം ചെയ്യുന്ന ഇവയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പല അപനിർമ്മിതികളും പിൽക്കാലത്ത് രൂപപ്പെട്ടിട്ടുണ്ട്.

---

29-ശ്രീമദ് ഭാഗവതം 10-31.4 വാല്യം-6, ഭാവാർത്ഥകൗമുദീ വ്യാഖ്യാനസഹിതം - സാഹിത്യകേസരി പണ്ഡിറ്റ്. പി. ഗോപാലൻ നായർ ഗുരുവായൂർ ദേവസ്വം, പ്രസിദ്ധീകരണം, 1995, പുറം-664

30- സമ്പൂർണ്ണ ശിവപുരാണം (ഗദ്യം) - സി. ജി. വാരിയർ, സുലഭ ബുക്സ്, തൃശ്ശൂർ. എഡി-1, 1996, പുറം 1127

## 2.5 ആചാര്യന്മാരുടെയും പ്രസ്ഥാനങ്ങളുടെയും സംഭാവനകൾ

വേദദർശനത്തെ യജ്ഞധൂമത്തിൽ മറച്ചുപിടിച്ച പൗരോഹിത്യത്തിനെതിരെ ഉപനിഷൽസൂക്തങ്ങളായിരുന്നു നിലയുറപ്പിച്ചതെങ്കിൽ അവയ്ക്കു ശേഷം അതിലും അധഃപതിച്ച സാമൂഹികജീർണ്ണതയെക്കെതിരെ പ്രതിരോധമുയർത്തിയത് അദ്വൈതദർശനത്തിന്റെ വക്താക്കളായ ആചാര്യന്മാരായിരുന്നു. ഭാമതി-വിവരണ മാർഗ്ഗങ്ങൾ, വിശിഷ്ടാദ്വൈത -ദ്വൈത- ശുദ്ധാദ്വൈതശാഖകൾ, ശൈവ - ശാക്തേയചിന്തകൾ, ഭക്തിപ്രസ്ഥാനം എന്നിവയുടെയും, ശങ്കരാചാര്യർ, ശ്രീരാമകൃഷ്ണപരമഹംസർ, സ്വാമി വിവേകാനന്ദൻ, അരവിന്ദൻ, രമണമഹർഷി, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, ബ്രഹ്മാനന്ദസ്വാമിശിവയോഗികൾ തുടങ്ങിയ ആചാര്യന്മാരുടെയും ഈ മേഖലയിലുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. സംസ്കൃതിയുടെ സുപ്തചേതസ്സിൽനിന്നും അഭേദദർശനത്തെ വീണ്ടെടുത്ത് അതിന് സാർവ്വലൗകികമായ പരിവേഷമേകി പ്രമാണഗ്രന്ഥങ്ങൾക്ക് ശാസ്ത്രീയവും, യുക്തിനിഷ്ഠവുമായ ഭാഷ്യം രചിച്ച് അദ്വൈതത്തെ ഒരു ദർശനത്തിന്റെ നിലയിലേയ്ക്ക് ഉദ്ധരിച്ചവരിൽ പ്രമുഖസ്ഥാനം ശങ്കരാചാര്യർക്കാണ്.

### 2.5.1. ശങ്കരാചാര്യർ

പാരമ്പര്യത്തെ ആവർത്തിച്ചുകൊണ്ട് ചരിത്രത്തെ കെട്ടിനിർത്തുന്നതിനു പകരം അതിനെ അതിക്രമിയ്ക്കാനുള്ള ഊർജ്ജം സമാഹരിയ്ക്കുകയായിരുന്നു മറ്റേതു നവോത്ഥാനനായകന്മാരെയുംപോലെ ആചാര്യപാദരും ചെയ്തത്. നിയതമായ ഭൗതികജീവിതതത്ത്വത്തിൽനിന്ന് ശക്തി സംഭരിച്ച് വ്യവസ്ഥകൾക്കതീതമായ ലക്ഷ്യത്തെ സാക്ഷാൽക്കരിക്കാൻ അതു വിനിയോഗിച്ചു. ഇതിനായി തെരഞ്ഞെടുത്ത മാർഗ്ഗങ്ങളും സമീപനങ്ങളും, ശൈലികളും പ്രഥമദൃഷ്ട്യാ വിരുദ്ധമെന്നു തോന്നുമെങ്കിലും വിശാലമായ അർത്ഥത്തിൽ പരസ്പരപൂരകങ്ങളാണെന്നു കാണാം. ഭൂതഭൗതികമായ വസ്തുനിഷ്ഠതയുടെയും നൈസർഗ്ഗികചോദനയായ ആത്മനിഷ്ഠതയുടെയും ആനുപാതികവും സമതുലിതവുമായ വികാസപ്രക്രിയകളെ ദീർഘവീക്ഷണത്തോടെ സമന്വയിപ്പിച്ചാണ് ഈ ദൗത്യം അദ്ദേഹം ഏറ്റെടുത്തത്. ഗ്രന്ഥരചന, തർക്കവിതർക്കങ്ങൾ, പ്രതിഷ്ഠാകർമ്മങ്ങൾ എന്നീ ത്രിമുഖ പദ്ധതികളാണ് ഇതിനു വേണ്ടി ആചാര്യൻ ആവിഷ്ക്കരിച്ചത്. ധർമ്മവ്യവസ്ഥക്കു വന്ന അപചയം നീക്കാൻ ഗ്രന്ഥങ്ങളെ ചിട്ടപ്പെടുത്തി ശാസ്ത്രത്തിൽ കടന്നുകൂടിയ ദുർവ്യാഖ്യാനങ്ങൾ നീക്കി അവയ്ക്ക് അനുഷ്ഠാനമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അതിന്റെ മുഴുവൻ മഹിമയും പുറത്തുകൊണ്ടുവരാൻ

ഭഗവദ്ഗീതയ്ക്കും, ഉപനിഷത്തുകൾക്കും ബ്രഹ്മസൂത്രങ്ങൾക്കും രചിച്ച ഭാഷ്യഗ്രന്ഥങ്ങൾ, ഉപദേശസാഹസ്രി, അപരോക്ഷാനുഭൂതി, തത്ത്വബോധം, ആത്മബോധം, ആത്മാനാത്മവിവേകം, വാക്യവൃത്തി, ശതശ്ലോകി, അപരോക്ഷാനുഭൂതി, മനീഷാപഞ്ചകം, സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം, എന്നീ പ്രകരണഗ്രന്ഥങ്ങൾ, ദക്ഷിണാമൂർത്തിസ്തോത്രം, അച്യുതാഷ്ടകം, ഗണേശപഞ്ചരത്നം, സുബ്രഹ്മണ്യഭുജംഗസ്തോത്രം, ശിവാനന്ദലഹരി, സൗന്ദര്യലഹരി തുടങ്ങിയ നിരവധി സ്തോത്ര കൃതികൾ എന്നിവ ആചാര്യപാദർ രചിച്ചിട്ടുണ്ട്.

സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിനും മറ്റു ദർശനങ്ങളെ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ മൂല്യനിർണ്ണയനം നടത്തുന്നതിനും ലക്ഷ്യമാർഗ്ഗങ്ങൾ കൂടുതൽ സ്ഫുടം ചെയ്തെടുക്കുന്നതിനും പ്രായോഗിക സമീപനത്തിലൂടെ ഇവയെ ജനകീയമാക്കുന്നതിനുംവേണ്ടി ദേശാന്തരഗമനം ചെയ്ത് ഇതരശാസ്ത്രങ്ങളിൽ അവഗാഹമുള്ളവരുമായി ആചാര്യൻ വാദപ്രതിവാദം നടത്തി. പ്രാകൃതമായ ദുർദ്ദേവതോപാസനകളും മറ്റും പരിഷ്ക്കരിച്ച് സാത്വികാരാധനയ്ക്ക് കളമൊരുക്കുവാൻ ക്ഷേത്രപ്രതിഷ്ഠകൾക്കും സ്തോത്രകൃതികൾക്കും സാധിച്ചു. ബദരി, പുരി, ശൃംഗേരി, ദ്വാരക എന്നീ സ്ഥലങ്ങൾ തുല്യദൂരമുള്ള ചതുർഭുജാകാരത്തിൽ ബന്ധപ്പെടുത്തി മഠങ്ങൾ സ്ഥാപിച്ച് പ്രധാന ശിഷ്യരിലോരോരുത്തരെ അധിപതിയാക്കി വാഴിച്ചു. ഭാരതത്തിൽ ചിതറി കിടന്നിരുന്ന ദർശനങ്ങളെയും, സന്ന്യാസിസമൂഹത്തെയും, വിവിധ വിശ്വാസങ്ങളെയും ഇങ്ങനെ അദ്ദേഹം അഴിച്ചുപണിഞ്ഞു. പ്രകരണഗ്രന്ഥങ്ങൾക്ക് നിരൂപണത്തിലൂടെയും നിർദ്ധാരണത്തിലൂടെയും നിയമങ്ങളിലൂടെയും ആചാര്യൻ പുതിയ മാനങ്ങളേകി. ഗൗഡപാദാചാര്യരിലൂടെയും ഗോവിന്ദ ഭഗവദ്പാദരിലുടെയും വളർന്ന അദ്വൈത ദർശനം സിദ്ധാന്തമെന്ന നിലയിൽ മുറ്റിത്തഴയ്ക്കുന്നത് ശങ്കരാചാര്യരിലെത്തുമ്പോഴാണ്.

### *2.5.2. <u>ദ്വൈതം</u>*

ബ്രഹ്മവും ജീവനുംതമ്മിൽ അഭിന്നത ദർശിയ്ക്കുന്ന മാദ്ധ്വാചാര്യന്റെ ദ്വൈതം (പൂർണ്ണപ്രജ്ഞമതം) അലൗകികശരീരമുള്ളതും അനന്തകല്യാണഗുണസമ്പന്നവും സ്വതന്ത്രവുമായ ഏകസത്തയെ അംഗീകരിയ്ക്കുന്നു. പരമാത്മാവായ വിഷ്ണുവാണ് എല്ലാറ്റിന്റെയും അടിസ്ഥാനമെന്നു സാക്ഷാൽക്കരിയ്ക്കുന്നതാണ് മുക്തി. തത്ത്വമസ്യാദി മഹാവാക്യങ്ങൾ വ്യാഖ്യാനിയ്ക്കുമ്പോൾ ആത്മാവിന് അതിന്റെ സാരതത്ത്വമായ ഈശ്വരന്റെ ഗുണങ്ങളോട് തുല്യമായ ഗുണങ്ങളുണ്ടെന്നു മാത്രമേ പ്രസ്താവിക്കുന്നുള്ളൂ. ഏകവും അനേകവും വേർതിരിയ്ക്കപ്പെടുന്ന വിശേഷപദാർത്ഥം നിത്യാനിത്യവസ്തുക്കളിൽ ധനാത്മകവും നിഷേധാത്മ

കവുമായ സംബന്ധത്തിലുൾപ്പെടുന്നുവെന്നും ഇത് വ്യക്തമാക്കുന്നു. വൈവിദ്ധ്യത്തിന് നിദാനവും ഇതാണ്. അനുവ്യാഖ്യാനം, ന്യായസുധ, പദാർത്ഥസംഗ്രഹം, മാദ്ധ്വസിദ്ധാന്ത സാരം എന്നിവ ദ്വൈതികളുടെ പ്രമാണഗ്രന്ഥങ്ങളാണ്,

### *2.5.3. വിശിഷ്ടാദ്വൈതം*

ഭക്തിപ്രസ്ഥാനസ്വാധീനത്തിലൂന്നിയ ഈ വിഭാഗങ്ങൾ അദ്വൈതചിന്തയുടെ കാതലായ നിർഗ്ഗുണനിരാകാരബ്രഹ്മതത്ത്വത്തിനു ബദലായി നാമരൂപഗുണയുക്തമായ സഗുണസാകാരബ്രഹ്മതത്ത്വത്തിന് പ്രധാന്യമേകുന്നു. ദേഹം, ഇന്ദ്രിയങ്ങൾ, ബുദ്ധി, മനസ്സ്, പ്രാണൻ എന്നിവ ചേർന്ന ജീവിതത്ത്വം (ചിത്ത്), ജ്ഞാനാനന്ദജനകമായ സത്വരജസ്തമോ ഗുണങ്ങൾ കലർന്ന മിശ്രസത്വം, പ്രാകൃതികപദാർത്ഥങ്ങളുടെ പരിണാമഹേതുവായ സത്വ ശൂന്യം എന്നിങ്ങനെ പരിണാമിയായ ജഡതത്ത്വം (അചിത്ത്), എന്നിവ ചിദചിദ്വിശിഷ്ടമായ ഈശ്വരതത്ത്വവുമായി ബന്ധപ്പെട്ടിരിയ്ക്കുന്നുവെന്ന് വിശിഷ്ടാദ്വൈതം പറയുന്നു. പ്രമാണനിരപേക്ഷമായ കേവലചൈതന്യത്തെ സ്വതന്ത്രമായി നിർവ്വചിയ്ക്കാനാകില്ല. ജ്ഞാനം, ആനന്ദം, ശക്തി, നന്മ, സ്നേഹം, ദയ എന്നിവയുടെ ഉള്ളടക്കമായ സഗുണരൂപമാണ് ഈശ്വരൻ. വൈവിദ്ധ്യങ്ങളെയും, നാനാത്വ വൈരുദ്ധ്യങ്ങളെയും നിയന്ത്രിക്കുന്ന ഏക ശക്തിയാണ് അദ്ദേഹം. ആത്മാവും പ്രപഞ്ചവും ഈശ്വരനിൽനിന്ന് വ്യത്യാസമുള്ളതുകൊണ്ട് അവ ഈശ്വരനുമായി താദാത്മ്യമുള്ളതല്ല. ആശ്രയ-ആശ്രയീഭാവങ്ങൾ ഈ ദർശനത്തിൽ വ്യക്തമാണെങ്കിലും ഏകവും നിരപേക്ഷവുമായ ഈശ്വരതത്ത്വംതന്നെയാണ് ഇതിന്റെ ആധാരം.

### *2.5.4. ദ്വൈതാദ്വൈതം*

ദ്വൈതാദ്വൈതത്തിന്റെ ഉപജ്ഞാതാവായ നിംബാർക്കൻ രാധാകൃഷ്ണനാണ് പ്രാധാന്യമേകുന്നത്. ജീവാത്മാവ്, പരമാത്മാവ് (ഈശ്വരൻ), പ്രകൃതി എന്നീ മൂന്നു തത്ത്വങ്ങൾ പരമാത്മാവിൽ ഊടും പാവുമായി നിൽക്കുന്ന ജഡചൈതന്യത്തിന്റെ അവിഭാജ്യത ഈ ദർശനം മാനിയ്ക്കുന്നു. പരമാത്മാവ്, വൈശ്വാനരൻ പുരുഷോത്തമൻ, ബ്രഹ്മം എന്നിങ്ങനെ അറിയപ്പെടുന്ന ഈശ്വരൻ സർവ്വജ്ഞനും, സൃഷ്ടിസ്ഥിതിലയകർത്താവും, ആനന്ദരൂപനുമാണ്. വൈകുണ്ഠത്തിലെ ഗോലോകത്തിൽ രാധയോടൊപ്പം ശ്രീകൃഷ്ണരൂപത്തിൽ വിഹരിയ്ക്കുന്ന ആ തത്ത്വം ഭക്താനുഗ്രഹത്തിന് വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനി

രുദ്ധൻ എന്നീ രൂപങ്ങൾ കൈക്കൊള്ളുന്നു.

### *2. 5.5 ശുദ്ധാദ്വൈതം*

ശ്രീശങ്കരമതം സ്വീകരിക്കുകയും സൃഷ്ടിപ്രക്രിയയെക്കുറിച്ചും മറ്റും അദ്വൈതേതരമായി വിവരണം നൽകുകയും ചെയ്യുന്ന ശുദ്ധാദ്വൈതമതത്തിന്റെ പ്രവാചകനാണ് വല്ലഭാചാര്യർ. ഏകതത്ത്വമാണ് ബ്രഹ്മം. വിഷ്ണുമായകൊണ്ട് നിർമ്മിച്ചതാണ് ജഗത്ത്. ബ്രഹ്മത്തിലെ സദംശത്തിന്റെ ക്രിയാരൂപശക്തിയും, ചിദംശത്തിന്റെ വ്യാമോഹരൂപശക്തിയും ചേർന്ന മായയാണ് സംസാരം സൃഷ്ടിക്കുന്നത്. ശാസ്ത്രവും പുരാണഭാഗങ്ങളും വർണ്ണനകളും കൂട്ടിക്കലർത്തിയ ഇതിലെ പ്രസ്താവനകൾക്കും വിവരണങ്ങൾക്കും യുക്തിഭദ്രത കുറവാണ്. ഗോപസ്ത്രീകളുമായി കളിച്ചു രസിക്കുന്ന ബാലകൃഷ്ണന്റെ രൂപത്തിലാണ് വല്ലഭാചാര്യർ ബ്രഹ്മത്തെ സങ്കൽപ്പിച്ചത്.

### *2. 5.6 ശൈവ – ശാക്തേയ ചിന്തകൾ*

ബ്രഹ്മാദ്വൈതഭാവത്തിനു പകരം ഈശ്വരാദ്വൈതഭാവമാണ് വൈഷ്ണവ-ശൈവ-ശാക്തേയചിന്തകൾ സ്വീകരിച്ചത്. ത്രികദർശനം, മാഹേശ്വരദർശനം എന്നീ പേരുകളിൽ ഖ്യാതമായ കാശ്മീരശൈവദർശനത്തിന് ശിവസൂത്രം, സ്പന്ദപ്രദീപിക, ഭാസ്ക്കരന്റെ വാർത്തികം, ക്ഷേമരാജന്റെ വിമർശിനി, പ്രത്യഭിജ്ഞാകാരിക, തന്ത്രാലോകം തുടങ്ങിയ പ്രകരണഗ്രന്ഥങ്ങളുണ്ട്. അഭിനവഗുപ്തൻ, ഭാസ്ക്കരൻ, ഉല്പലാചാര്യൻ, കല്ലടൻ മുതലായവരാണ് ഇതിന്റെ വക്താക്കൾ. ഏക മാത്രതത്ത്വമായ ശിവനിൽനിന്ന് എല്ലാം അഭിവ്യക്തമാകുന്നുവെന്നും സൃഷ്ടിയുടെ ഓരോ അണുവിലും ശിവതത്ത്വം നിർല്ലീനമാണെന്നും ഇവർ കുരുതുന്നു. കല, വിദ്യ, രാഗം, കാലം, നിയതി എന്നീ പഞ്ചകഞ്ചുകങ്ങളുടെ ജ്ഞാനാവധാരണം മായ(പ്രകൃതി)യിൽനിന്ന് ജീവനെ മുക്തമാക്കി ഈശ്വരതത്ത്വത്തിലും സദാശിവതത്ത്വത്തിലും ശക്തിതത്ത്വത്തിലും പരമശിവതത്ത്വത്തിലും ക്രമികമായി വിലയിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ശിവതത്ത്വത്തെ പതിയെന്നും അവിദ്യാബന്ധനത്തിലുള്ള ജീവാത്മാവിനെ പശുവെന്നും ബന്ധനോപാധികളായ അവിദ്യ മായ എന്നിവയെ പാശമെന്നും ഇതു കണക്കാക്കുന്നു. ദക്ഷിണേന്ത്യയിലെ ശൈവമതക്കാർ ശക്തിയെ ശിവന്റെ സഹധർമ്മിണിയായി കരുതുമ്പോൾ, അദ്വൈതവേദാന്തത്തിന്റെ സ്വാധീനമുള്ള കാശ്മീരശൈവസിദ്ധാന്തം ശിവശക്ത്യൈക്യകൃത്തിനാണ് ഊന്നലേകുന്നത്. കർണ്ണാടകം, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ പ്രചാരം

നേടിയ ലിംഗായതസിദ്ധാന്തം (വീരശൈവസിദ്ധാന്തം) മദ്ധ്യവർത്തിയായ പുരോഹിതനെ അകറ്റി നിർത്തി ഇടനിലയില്ലാത്ത ഈശ്വരാനുഭൂതിയെ ലക്ഷ്യമാക്കുന്നു.

ശാക്തേയമതമനുസരിച്ച് പ്രപഞ്ചത്തിന്റെ മൂലഹേതു അഭിന്നമായ ശിവശക്തിയോഗ മാണ്. നിർഗ്ഗുണവും നിഷ്ക്രിയവുമായ ബോധസ്വരൂപത്തിലെ ക്രിയാശേഷിയാണ് ചിദ്രൂപി യായ ശക്തിസത്ത. ചിത്സ്വരൂപിയായ ശിവൻ പ്രകാശമാണെങ്കിൽ ശക്തി പരമാസ്തിത്വബോ ധകമായ വിമർശ(സ്ഫൂർത്തി)മാണ്. ബിന്ദുരൂപത്തിൽ ശക്തി ശിവനിലാവേശിച്ച് നാദമായി കാമോർജ്ജത്തിലൂടെ കാമകലയായി വിശ്വസർജ്ജനം സംഭാവ്യമാക്കുന്നു. ചിച്ഛക്തി, ആനന്ദശക്തി, ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി എന്നിവയുടെ പരിണാമമായ സൃഷ്ടി പരമതത്ത്വത്തിന്റെ യഥാർത്ഥമായ അഭിവ്യക്തിയാണ്. മായ, കാലം, നിയതി, രാഗം, വിദ്യ, ക ല, പുരുഷൻ (ജീവൻ) എന്നീ സൃഷ്ടിതത്ത്വങ്ങളിൽ മായ പുരുഷന്റെ ജ്ഞാനത്തെ മറ യ്ക്കുന്ന ആവരണശക്തിയും കാലം, നിയതി തുടങ്ങിയ തത്ത്വങ്ങൾ ജീവനെ ബന്ധിക്കുന്ന കഞ്ചുകങ്ങളുമാണ്. ജീവൻ പശ്വാചാരത്തോടെ ആത്മീയവികാസം ആരംഭിച്ച്, വീരാചാര ത്തിലൂടെ രുദ്രതത്ത്വത്തിലെത്തി, ദിവ്യാചാരത്തിലൂടെ ശക്തിയുമായി ഐക്യം പ്രാപിയ്ക്കു ന്നു. ആനന്ദപൂർണ്ണതയിൽ അനുഭവിക്കുന്ന ശിവശക്ത്യൈക്യാവബോധമാണ് ശാക്തേയ രുടെ ദൃഷ്ടിയിൽ മുക്തി. ചര്യ, ക്രിയ, യോഗം, ജ്ഞാനം എന്നീ ചതുർവ്വിധ ഘട്ടങ്ങളെ ശാക്തേയമതം സ്വീകരിയ്ക്കുന്നു. ശക്ത്യുപാസനയുടെ മാർഗ്ഗവിവരണം ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ മന്ത്രസഹിതമുള്ള തത്ത്വപ്രതിപാദനവും അർത്ഥവിസ്താരവും നടത്തി സംസാ രമുക്തിയ്ക്കു കാരണമാക്കുന്ന തന്ത്രശാസ്ത്രങ്ങളാണ്. ജ്ഞാനപ്രധാനമായ സമയം, മന്ത്ര ശക്ത്യുദ്ധാരണത്തിനുള്ള കൗളം, രണ്ടിനും പ്രാധാന്യമേകുന്ന മിശ്രം എന്നിവ ഇതിന്റെ സാധനാശാസ്ത്രഗ്രന്ഥങ്ങളാണ്. ശങ്കരാചാര്യർ രചിച്ച സൗന്ദര്യലഹരി തുടങ്ങിയ ശക്ത്യു പാസനാഗ്രന്ഥങ്ങളിലെ ആനുഭൂതികമായ വിവരണങ്ങളുടെ ശാസ്ത്രീയവും പ്രായോഗികവു മായ സ്വാധീനവും ഈ പ്രസ്ഥാനത്തിനുണ്ട്.

### ***2.5.7. ഭക്തിപ്രസ്ഥാനം :***

ഏകാത്മമാനവദർശനമാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത. ആചാരാനുഷ്ഠാ നങ്ങളുടെ നടപടിക്രമങ്ങളിൽ വന്ന പ്രമാദങ്ങളും അപാകങ്ങളും ഇത് പുനർനിർണ്ണയം നട ത്തുകയും പരമ്പരാഗത മാർഗ്ഗത്തിൽനിന്നുകൊണ്ടുതന്നെ അതിനുള്ള ഉപാദാനങ്ങളെ സ്വീക രിക്കുകയും ചെയ്തു. ചൂഷിതവർഗ്ഗത്തിന്റെ ആദ്ധ്യാത്മികമായ വിമോചനശാസ്ത്രമായിരുന്നു

അത്. ജീവിതത്തിൽനിന്നുകൊണ്ടുതന്നെ കോപ്പുകൾ കണ്ടെത്തി അതിന് ജനകീയമായ മാനങ്ങളേകി ജാതി-മത-വർഗ്ഗ പരിഗണനകൾക്കതീതമായി ദൈവത്തിനു മുന്നിൽ മനുഷ്യനൊന്നാണെന്ന് പ്രഖ്യാപിച്ചു. വ്യക്തിയുടെ ഉൽക്കൃഷ്ടഗുണങ്ങൾക്കു പ്രാധാന്യം കൊടുത്ത് അവനിലെ സ്നേഹം, നന്മ, ത്യാഗം എന്നീ മൂല്യങ്ങളെ ഉണർത്തി അനാചാരങ്ങൾക്കും സാമൂഹ്യതിന്മകൾക്കുമെതിരെ തടയണയായും ഈ പ്രസ്ഥാനം നിലകൊണ്ടു. ജനങ്ങളെ പല തട്ടുകളിലാക്കി താന്താങ്ങളുടെ സ്ഥാനമാനങ്ങൾ ഉറപ്പാക്കിയിരുന്ന അധികാരിവർഗ്ഗത്തിനും പൗരോഹിത്യത്തിനും എതിരായ പ്രതിഷേധവും പ്രതിരോധവുമായിരുന്നു അത്. ഭക്തിപ്രസ്ഥാനത്തിൽ സൂഫികളുടെയും ഇസ്ലാമിലെ മറ്റു പരിഷ്ക്കരണവാദികളുടെയും ചിന്തയുടെ സ്വാധീനമുണ്ടായിരുന്നു. നെയ്ത്തുകാരനായ കബീറും നൂൽനൂൽപ്പുകാരനായ ദാദുവും, ചെറുകിട കച്ചവടക്കാരന്റെ പുത്രനായ നാനാക്കും തുന്നൽക്കാരനായ മറാഠികവി നാമദേവനും കർഷകനായ വേമണ്ണയും ചക്കാലനായിരുന്ന എഴുത്തച്ഛനും ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരായിരുന്നു. മനുഷ്യമഹത്ത്വത്തെയും ആദ്ധ്യാത്മികസ്വാതന്ത്ര്യത്തിന്റെ ബിംബാവലികളെയും ക്രിയാതലങ്ങളിലേക്കിറക്കി സാർവ്വത്രികതയെ ആവിഷ്ക്കാരത്തിനും പ്രതിരോധത്തിനും ഉപാധിവൈവിദ്ധ്യങ്ങളിലൂടെ പ്രയോജനപ്പെടുത്തിയതാണ് ഭക്തി പ്രസ്ഥാനത്തിന്റെ വിജയരഹസ്യം.

### *2.5.8. <u>ശ്രീനാരായണഗുരു</u>*

കേരളത്തിൽ നിലവിലിരുന്ന ജാതിവിവേചനവും അനുബന്ധങ്ങളായ പ്രാകൃതചര്യകളും ഉച്ചകോടിയിലെത്തിയ ചരിത്രത്തിന്റെ ഇരുണ്ട ഘട്ടത്തിലായിരുന്നു നാരായണഗുരുദേവന്റെ രംഗപ്രവേശം. അദ്വൈതദർശനത്തിന്റെ പ്രായോഗിക നിലപാടുകൾക്ക് ഉപരോധമേർപ്പെടുത്തി ബ്രാഹ്മണ-നാടുവാഴി വിഭാഗങ്ങൾ അടക്കിവെച്ച എല്ലാ കുത്തകകളുടെയും പുനർവിതരണമായിരുന്നു ഗുരുദേവൻ നിർവ്വഹിച്ചത്. സ്ഥിതിസമത്വത്തിൽ അധിഷ്ഠിതമായ അവകാശബോധത്തിന് പ്രാഥമികമായി ചെയ്യേണ്ടത് അന്തഃസംസ്ക്കരണമാണെന്ന് സ്വാമികൾ അറിഞ്ഞിരുന്നു. മറ്റേതു പരിഷ്ക്കരണ പ്രവർത്തകർ അഭിമുഖീകരിച്ചതിനെക്കാളും വലിയ സങ്കീർണ്ണതകളും പ്രതിസന്ധികളുമാണ് സ്വാമികൾ നേരിട്ടത്. ജാതിക്കോമരങ്ങളുടെ നെറികേടുകൾക്കെതിരെ സനാതനധർമ്മത്തെ സമഗ്രമായി ചിട്ടപ്പെടുത്തി അതിനെ ഭദ്രവും രൂഢവും വ്യാപ്തവുമായി പ്രയോഗിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭൗതികം/ആത്മീയം എന്നിങ്ങനെ വ്യവഹാരസങ്കേതങ്ങൾക്ക് കല്പിയ്ക്കുന്ന അതിരടയാളങ്ങൾ ആശാസ്യമല്ലെന്ന്

അദ്ദേഹം ഓർമ്മിപ്പിച്ചു. കെട്ടി നിർത്തിയ സാമൂഹ്യജീവിതത്തെ മഹാപ്രവാഹമാക്കിയത് അദ്ദേഹത്തിന്റെ ക്രിയാകുശലതയാർന്ന ആചരണമുറകളാണ്. സർഗ്ഗോന്മുഖവും സമന്വയാത്മകവുമായ തത്ത്വദർശനത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ചലനാത്മകതയായിരുന്നു അത്. വാദിക്കുകയും ജയിക്കുകയുമല്ല അറിയുകയും അറിയിക്കുകയുമായിരുന്നു  നാരായണഗുരു ചെയ്തത്. ആത്മോപദേശശതകം, ബ്രഹ്മവിദ്യാപഞ്ചകം, അദ്വൈത ദീപിക, ചിജ്ജഡചിന്തനം തുടങ്ങിയ അദ്വൈതസാരസമ്പുഷ്ടമായ സ്വതന്ത്ര കൃതികളും, വിനായകാഷ്ടകം, ഗുഹാഷ്ടകം, സുബ്രഹ്മണ്യ കീർത്തനം, ദേവീസ്തവം, ശിവസ്തവം, ശ്രീവാസുദേവാഷ്ടകം എന്നീ സ്തോത്രകൃതികളും അദ്ദേഹം രചിച്ചു. ജാതിലക്ഷണം, ആശ്രമം, സദാചാരം, ഭാര്യാധർമ്മം, അനുകമ്പാദശകം, തുടങ്ങി സാമൂഹിക ഉന്നമനം ലക്ഷ്യമാക്കിയുള്ള നൈതികബോധനങ്ങളും ഗുരുവിന്റെതായിട്ടുണ്ട്. ആട്, കോഴി മുതലായ ജീവികളെ ബലികൊടുക്കുന്ന മാടൻ, എശക്കി മുതലായ ദുർദേവതകളുടെ സ്ഥാനപീഠങ്ങളെ ഇളക്കിമറിച്ച നാരായണ ഗുരു, വാമാചാരികൾ, കാപാലികർ എന്നിവരെ എതിർത്ത ശങ്കരാചാര്യരെ ഓർമ്മപ്പെടുത്തുന്നു. അധമാരാധനാസമ്പ്രദായത്തിൽനിന്ന് ഉത്തമത്തിലേക്കുയർത്തുന്ന ഉപാസനാക്രമമാണ് ഗുരു ചിട്ടപ്പെടുത്തിയത്.

മാനവരാശിയുടെ സർവ്വതോന്മുഖമായ വികാസത്തിന് പ്രായോഗികവേദാന്തപദ്ധതിക്കുള്ള പ്രാധാന്യം ദർശിച്ച ശ്രീരാമകൃഷ്ണ പരമഹംസർ, സമൂഹചേതസ്സിലെ സുപ്തമായ ശക്തിയെയും ധീരതയെയും പ്രബുദ്ധതയെയും ഉണർത്താൻ ആഹ്വാനം ചെയ്ത വിവേകാനന്ദസ്വാമികൾ, മനുഷ്യരാശി മുഴുവൻ ആന്തരികവികാസത്തിലൂടെ ആദർശസമൂഹമാകണമെന്ന ദർശനത്തിന്റെ വക്താവായ അരവിന്ദമഹർഷി, ആത്മജ്ഞാനത്തിന്റെ ജീവസാന്നിദ്ധ്യമായിരുന്ന രമണമഹർഷി, വാദകുശലനും, വിഗ്രഹഭഞ്ജകനുമായ ചട്ടമ്പി സ്വാമികൾ, കവി, നിരൂപകൻ, ഗ്രന്ഥകാരൻ, വാഗ്മി, പണ്ഡിതൻ, ആത്മവിദ്യയുടെ പ്രണേതാവ് എന്നീ നിലകളിൽ ശ്രദ്ധേയനായ വാഗ്ഭടാനന്ദഗുരുദേവൻ, ജാതി, വിഗ്രഹാരാധന, ബഹുദൈവവിശ്വാസം, സ്ത്രീവിവേചനം തുടങ്ങിയവക്കെതിരെ ശക്തമായ പ്രതിഷേധവുമായി വന്ന ബ്രഹ്മാനന്ദസ്വാമിശിവയോഗികൾ തുടങ്ങിയ ആചാര്യന്മാരിലും അദ്വൈതദർശനം ചെലുത്തിയ സ്വാധീനം നിസ്തുലമാണ്. ഉപരിതലത്തിൽ വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും സംഘട്ടനങ്ങളും നിലനിൽക്കുമ്പോൾത്തന്നെ അധഃസ്തലത്തിന്റെ പാരസ്പര്യം പ്രചോദനമേകിയ നിരവധി സന്ദർഭങ്ങൾ ചരിത്രത്തിലുണ്ടായിട്ടുണ്ട്. മാറ്റങ്ങളെ ഉൾക്കൊള്ളുവാനും അതാതിന്റെ നിലപാടിൽ അവയെ അംഗീകരിക്കുവാനും അതിനെ അതിവർത്തിക്കുവാനും

അപാരശക്തിയുള്ള ഈ ദർശനം പല ചരിത്ര സന്ദർഭങ്ങളിലും ദുർവ്യാഖ്യാനത്തിന് വിധേയമായിട്ടുണ്ട്. അപ്പോഴെല്ലാം ഇതിന്റെ പുനഃപ്രവചനത്തിന് മഹാത്മാക്കൾ ആവിർഭവിച്ചിട്ടുമുണ്ട്. താത്ത്വികമായ ഇതിന്റെ നിലപാടുകളെക്കുറിച്ചുള്ള അന്വേഷണവും ഇതിനോടൊപ്പം പ്രധാന്യമർഹിക്കുന്നു.

## *2.14. അദ്വൈതസിദ്ധാന്തത്തിലെ മൗലികതത്ത്വങ്ങൾ*

അദ്വൈതചിന്തയുടെ അടിയാധാരങ്ങൾ മുമ്പുപറഞ്ഞ ആചാര്യന്മാരുടെ ഗ്രന്ഥങ്ങളിൽ വിവിധ തലങ്ങളിലായി നമുക്കു ദർശിയ്ക്കാം. മാർഗ്ഗവൈവിദ്ധ്യങ്ങൾക്കുപരി ലക്ഷ്യഗതമായ സ്ഥിരനിർണ്ണയങ്ങളിലാണ് അവയെല്ലാം ഊന്നലേകുന്നത്. ബ്രഹ്മം, ഈശ്വരൻ, പ്രപഞ്ചം (ജഗത്ത്), മായ, അവിദ്യ, ജീവാത്മാവ്, അദ്ധ്യാസം, കർമ്മം, യോഗം, ഭക്തി, ജ്ഞാനം, മുക്തി എന്നീ മേഖലകളിലേക്ക് അവയെ സംഗ്രഹിയ്ക്കാം.

### *2.14.1. ബ്രഹ്മം*

ബൃഹത്താകയാലും, വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും ബ്രഹ്മമെന്നു പറയപ്പെടുന്നു.[31] ഏതിൽ നിന്നാണോ ഈ പ്രപഞ്ചഘടകങ്ങൾ ഉണ്ടാകുന്നത് ഏതിനെ ആശ്രയിച്ചാണോ ജനിച്ചവ വളരുന്നത് ഏതിലാണോ അതായി തിരിച്ചു ലയിക്കുന്നത് അതിനെ വേർതിരിച്ചറിയുവാൻ യത്നിക്കൂ. അതാണ് ബ്രഹ്മം എന്ന്. (തൈത്തിരീയം 3.1).[32] ആചാര്യപാദർ ശ്ലോകാർദ്ധം കൊണ്ടുതന്നെ ഇക്കാര്യം സ്പഷ്ടമാക്കുന്നു. ബ്രഹ്മം തന്നെയാണ് സത്യം, ജഗത് മിഥ്യയാണ്. ജീവൻ ബ്രഹ്മല്ലാതെ മറ്റൊന്നല്ല എന്നതാണ് അദ്വൈതത്തിന്റെ അകക്കാമ്പ്.[33] അധിഷ്ഠാനമായ ബ്രഹ്മതത്ത്വത്തിന്റെ കാര്യഭാവമാണ് സ്ഥലകാലദ്രവ്യസംബദ്ധമായ വ്യാകൃത പ്രപഞ്ചം. മുൻപറഞ്ഞ ആചാര്യന്മാർക്ക് ഈ ആധാരൈക്യം സുസമ്മതമാണ്. സ്വതന്ത്രമായ കല്യാണഗുണസത്തക്കും അതിനെ ആശ്രയിച്ചു നിൽക്കുന്ന ജീവ, പ്രപഞ്ചാംശങ്ങൾക്കു

31- എൻ. കെ. രാജഗോപാൽ - സംസ്കൃത നിരുക്തകോശം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം-157

32-വേദാന്തദർശനം- ഉപനിഷത് സ്വാദ്ധ്യായം, പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997, പുറം- 123

33- ബ്രഹ്മസത്യം ജഗന്മിഥ്യാ / ജീവോ ബ്രഹ്മൈവ നാപരാഃ
ശ്രീ ശങ്കരാചാര്യർ- ബ്രഹ്മജ്ഞാനാവലി- സ്വാമി ജ്ഞാനാനന്ദ സരസ്വതി, ആനന്ദ കുടീരം പ്രസിദ്ധീകരണം, കന്യാകുമാരി, എഡി-1, പുറം-7, (ശ്ലോകം-19)

മാണ് വിശിഷ്ടാദ്വൈതം ഊന്നലേകുന്നതെങ്കിൽ മദ്ധ്വാചാര്യരുടെ ദ്വൈതസിദ്ധാന്തത്തിൽ ബ്രഹ്മവും ജഗത്തും ഭിന്നങ്ങളാണ്. സ്ഥാവരജംഗമപദാർത്ഥങ്ങളെല്ലാം ഏകവും അദ്വയ വുമായ സത്യത്തിന്റെ സ്ഫുരണഭേദങ്ങൾ മാത്രമാണ്. നേതി നേതി എന്ന് അറിയപ്പെട്ടവ യെല്ലാം പിന്തള്ളുമ്പോഴും നിരാകരിയ്ക്കാനാകാത്ത സഹജസ്വരൂപമാണത്. "മൃത്തിന്റെ അഥവാ മണ്ണിന്റെ സത്തകൊണ്ട് കുടം, താലം മുതലായവ എന്നപോലെ യാതൊന്നിന്റെ ഉള്ളിൽ ഇത് സ്ഫുരിക്കുന്നുവോ ഈ ജഗത്ത് വാസ്തവത്തിൽ യാതൊന്നു തന്നെയാണോ ഇത് യാതൊന്നിൽ നിന്നാണോ ജാതമായത് ഇത് യാതൊന്നിൽ നിലനിൽക്കുന്നുവോ ഈ ജഗത്തെല്ലാം പ്രളയത്തിൽപോലും സദ്ഘനവും അജവുമായ യാതൊന്നിനെ പിന്തുടർന്ന് പ്രാപിക്കുന്നുവോ അമൃതസ്വരൂപമായ യാതൊന്നിനായിക്കൊണ്ട് നിർമ്മലബുദ്ധിയുള്ളവർ നമസ്ക്കരിക്കുന്നുവോ അതിനെ പരമമായ സത്യമാണെന്നറിഞ്ഞാലും."[34]

സ്ഥൂലഭാനങ്ങളെ നിഷേധിച്ച് ബ്രഹ്മസ്വരൂപത്തെ നാരായണഗുരു വിവരിയ്ക്കുന്നതി ങ്ങനെയാണ്. ബ്രഹ്മഭിന്നമായതെല്ലാം അദ്ധ്യസ്തവും ആരോപിതവുമാണെന്ന് ഗുരു പറയു ന്നു. നാമരൂപാത്മകമായ ആകാശാദി സർവ്വപ്രപഞ്ചത്തെയും അവയ്ക്കധിഷ്ഠാനമായ മായ യെത്തന്നെയും തത്ത്വദൃഷ്ട്യാ അപഗ്രഥിക്കുമ്പോൾ അവശേഷിയ്ക്കുന്ന അനിർവ്വചനീയ മായ സച്ചിദാനന്ദസ്വരൂപമാണ് ബ്രഹ്മശബ്ദത്തിന്റെ ലക്ഷ്യാർത്ഥമെന്ന്[35] മഹാവാക്യങ്ങളുടെ വാച്യാർത്ഥ ലക്ഷ്യാർത്ഥ നിർണ്ണയവേളയിൽ ചട്ടമ്പിസ്വാമികളും വ്യക്തമാക്കുന്നുണ്ട്.

### *2.14. 2. ഈശ്വരൻ*

ഭരിയ്ക്കപ്പെടുന്നവൻ ഐശ്വര്യമേകുന്നവൻ മറ്റുള്ളവയെ വശപ്പെടുത്തുകയും മറ്റൊ ¶ n\ pwh i s¸ Sm\X ncbp y pI b pwsN¿ pI¶ h³ F s¶ ns¡ b mW vCui zc³ Z-´ nsâ hmh- £ .\ nb {´ nX amb h yhI mc\ ne b nemW vA ssZzX wCui zc\ vØ m\ taI nb ncn pI¶ - Xvk mÀÆ{X nI amb {] ]© \ nb aH yhØ b mW X v`uX nI ten ml wk X ysa¶ pA \ p`h- s¸ Sp¶ X ph sc Ch sb Ãmw{I aI h pwh yhØ m] nX h pamb nDcp¯ ncn² h sb ¶ p\ mw A wKcI cnb v¡ - mh cp¶ p b mZrÑn wk zmÌ mh n wk I Pwk wt b mKPw{] I rX wF ¶ o

---

34-നാരായണഗുരു - ബ്രഹ്മവിദ്യാപഞ്ചകം - വ്യാഖ്യാനം : മുനി നാരായണപ്രസാദ്, നാരായ ണഗുരുകുലം, 1985- പുറം-30

35-മഹേശ്വരൻ നായർ. കെ. (ഡോ.) - ചട്ടമ്പിസ്വാമികൾ - ജീവിതവും കൃതികളും - ഡൂമ ബുക്സ് - 1995, പുറം-633

മുറകളിൽ ചിട്ടപ്പെടുത്തിയതായി കാണുന്നവയെല്ലാം ഈ നിയമവ്യവസ്ഥയുടെ വരുതിയിലാണ് വർത്തിയ്ക്കുന്നത്. ലോകം യാഥാർത്ഥ്യമെന്ന് അനുഭവപ്പെടുന്നതുവരെ അതുരുത്തിരിഞ്ഞ നിയമസംഹിതയും അനുല്ലംഘ്യമാണ്. ഈ നിലപാടിലാണ് ഈശ്വരതത്ത്വം പ്രാധാന്യമർഹിയ്ക്കുന്നത്. ''തർക്കശാസ്ത്രത്തിന്റെ മൂശയിൽ വാർത്തെടുത്ത ബ്രഹ്മമാണ് ഈശ്വരൻ. ഇതു പരമാർത്ഥസത്തയല്ല. എന്തെന്നാൽ അസ്തിത്വവും വിഷയപദാർത്ഥവും ഒരിക്കലും വേർപിരിയ്ക്കാത്ത പരമാനുഭൂതിയുമായി ഇതിനു ബന്ധമൊന്നുമില്ല.''[36]

പരമാർത്ഥത്തിലുള്ള ബ്രഹ്മം വ്യവഹാരദൃഷ്ടിയിൽ ഈശ്വരനായും, പ്രാതിഭാസികദൃഷ്ടിയിൽ ജീവനായും പ്രകടമാകുന്നു. മാനസികവും, ബൗദ്ധികവുമായ ഉന്നതിയ്ക്കനുസരിച്ചും ഗുണഘടനയുടെയും സ്വഭാവത്തിന്റെയും വ്യത്യാസമനുസരിച്ചു ഏകമായ ലക്ഷ്യത്തെ സാക്ഷാൽക്കരിയ്ക്കുന്നതിനാണ് അനേകങ്ങളായ ഉപാസനോപാധികൾ പ്രായോഗികതലത്തിൽ രൂപപ്പെടുത്തിയത്. ചമത്ക്കാരഭൂയിഷ്ഠമായ കല്പനകളും സ്തോത്രങ്ങളും മറ്റും ഇതിന്റെ ഭാഗമാണ്. ബ്രഹ്മത്തിൽനിന്ന് അഭിന്നവും അതുകൊണ്ടുതന്നെ അതിനെ ആശ്രയിച്ചു നിൽക്കുന്നതുമായ മായ എന്ന സോപാധികതയിൽ ബ്രഹ്മചൈതന്യം പ്രതിബിംബിയ്ക്കുമ്പോൾ വെളിപ്പെടുന്ന ബ്രഹ്മാണ്ഡത്തിന്റെ നിയാമകതത്ത്വമാണ് ഈശ്വരൻ. കാലാന്തരങ്ങളായി സമഷ്ട്യവബോധത്തിൽ സുഷുപ്തിയിലാണ്ട ചിഹ്നങ്ങളെയും ധാതുക്കളെയും മറ്റും ആനുഭൂതികമായി സമന്വയിപ്പിച്ചാണ് സഗുണസാകാരനിർമ്മിതികൾക്ക് മിഴിവേകുന്നത്. പ്രായോഗികമായി പ്രയോജനപ്പെടുന്ന ആനുഭവികതത്ത്വമായി ശ്രുത്യടിസ്ഥാനത്തിൽ ഈശ്വരനെ സ്വീകരിച്ചിരിയ്ക്കുന്നത് ജഗത്തിന്റെ കാര്യകാരണനിബന്ധനയ്ക്കും ജീവഗതിയുടെ ഫലദാതാവെന്ന നിലയ്ക്കും വ്യവസ്ഥാവിധേയമാക്കിയാണ്. ''സത്വത്താൽ വികസിക്കപ്പെട്ടതും സർവ്വജ്ഞത്വം മുതലായ ഗുണങ്ങളുള്ളതും, സൃഷ്ടി, രക്ഷ, സംഹാരം എന്നിവയ്ക്കു കാരണവുമായ മായയാകുന്ന ഉപാധിയോടുകൂടിയ മായയാൽ പ്രതിബിംബിയ്ക്കപ്പെട്ട ചൈതന്യത്തെ അവ്യാകൃതമെന്നും അവ്യക്തമെന്നും ഈശ്വരനെന്നും പറയുന്നു.''[37]

നാമം, രൂപം, ഗുണം എന്നിവയിലൂടെ പ്രസ്തുത സത്തയെ കൂടുതൽ കമനീയമാക്കുന്നതിനാണ് ശങ്കരാചാര്യരും നാരായണഗുരുവും മറ്റും സ്തോത്രകൃതികൾ രചിച്ചത്. ഇതു

---

36-ഡോ. എസ്. രാധാകൃഷ്ണൻ - ഭാരതീയദർശനം (വാല്യം-2) മാതൃഭൂമി പബ്ലിക്കേഷൻ. വിവ. : നാരായണൻ നമ്പീശൻ - 1996, പുറം - 533

37-ശങ്കരാചാര്യർ - സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം - വ്യഖ്യാനം. സ്വാമി ജ്ഞാനാനന്ദ സരസ്വതി - ആനന്ദകുടീരം പ്രസിദ്ധീകരണം, പുറം- 95

കൊണ്ട് ലക്ഷ്യമാക്കുന്നത് ഇതിലുമെത്രയോ ഉപരിയുള്ളതിനെയാണെന്ന് അവയിലെല്ലാം സ്പഷ്ടമാണ്. സുബ്രഹ്മണ്യകീർത്തനത്തിൽ 'ചിന്താസന്താനമേ'[38] എന്നും 'ദൈവമേ, നിന യ്ക്ക, നീയും ഞാനുമൊന്നുതന്നെ'[39] യെന്നു സദാശിവദർശനത്തിലും 'സൃഷ്ടിയും സ്രഷ്ടാവും, സൃഷ്ടിസാമഗ്രിയും ദൈവ'[40] മെന്ന് ദൈവദശകത്തിലും മറ്റും നാരായണഗുരു വിവരിയ്ക്കുന്നത് ഇതേ ഉദ്ദേശ്യം വെച്ചാണ്.

മനോനിയന്ത്രണത്തിലൂടെ ചിത്തൈകാഗ്രത ഉന്നം വെയ്ക്കുന്ന ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ ആനന്ദാദർശത്തിൽ ആസ്തിക്യ, നാസ്തിക്യവാദങ്ങൾ ചിന്തനീയവിഷയങ്ങളല്ല. സകല ജീവജാലങ്ങളും ഈ ആനന്ദശക്തിയിൽ നിന്നുണ്ടായി, ഇതിൽ നിലനിന്ന്, ഇതിലേയ്ക്കുതന്നെ വിലയിക്കുന്നു. ഈ ദർശനത്തിൽ ആനന്ദത്തെയാണ് ഈശ്വരസ്ഥാനത്ത് അവരോധിച്ചിരിയ്ക്കുന്നത്.[41] ബ്രഹ്മത്തിനും ജഗത്തിനുമിടയിലുള്ള തടസ്ഥതത്ത്വമായി ഈശ്വരനെ കാണുന്ന അദ്വൈതം ഊന്നലേകുന്നത് ഈശ്വരനെയും ദർശിച്ച ബോധസ്വരൂപത്തെയും ഈശ്വരനിൽ നിന്നും അഭിന്നമായി അറിയുന്നതിലാണ്.

### *2.14.3. പ്രപഞ്ചം (ജഗത്ത്)*

നിരന്തരം ചലിയ്ക്കുകയും ഗമിയ്ക്കുകയും ചെയ്യുന്ന വ്യാവഹാരിക സത്യമാണ് ജഗത്ത്. ബ്രഹ്മവും ജഗത്തും തുല്യ യാഥാർത്ഥ്യങ്ങളാകാനിടയില്ല. അങ്ങനെ വന്നാൽ ബ്രഹ്മത്തിന്റെ വ്യാപ്തിക്ക് മുറിവ് സംഭവിക്കും. ജഗൽ പ്രതീതിയുള്ളതുകൊണ്ട് അത് അയഥാർത്ഥമാകാനും വയ്യ. ജഗത് ഉണ്ടെന്നും, ഇല്ലെന്നും രണ്ടും വന്നാൽ അത് പരസ്പരവിരുദ്ധമാണ്. ഉണ്മയും ഇല്ലായ്മയും കേവലഭാവത്തിലാണ് ആചാര്യപാദർ നിർദ്ദേശിയ്ക്കുന്നത്.[42] യാതൊരു പരിവർത്തനത്തിനും വിധേയമാകാതെ എല്ലാ അവസ്ഥകളിലും നിലനിൽക്കുന്ന അനിഷേദ്ധ്യമായ മൗലികതയാണ് ഉണ്മ. ആകാശപുഷ്പം, വന്ധ്യാപുത്രൻ എന്നിങ്ങനെ സംഭാവ്യതയുടെ അങ്കുരംപോലുമില്ലാത്തതാണ് ഇല്ലായ്മ. തലനിബദ്ധമായി പ്രതീതമാകുക

---

38- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003, പുറം-91

39- അതേ പുസ്തകം- പുറം-187

40- അതേ പുസ്തകം- പുറം-40

41- നായർ. എം. എസ്. (ഡോ.) - മനസ്സ് എന്ന ദൈവം - കറന്റ് ബുക്സ് - 1997, പുറം-54

42- Chandradhar Sharma (Dr.) - Critical Survey of Indian Philosophy - Motilal Banarsidass Publication Pvt. Ltd., Edn. 1997, page- 279

യും അത്യന്തികമായ അസ്തിത്വമില്ലാത്തതുമായ ഒന്നത്രേ മിഥ്യ. അതുകൊണ്ടാണ് ജഗന്മിഥ്യ എന്ന് ആചാര്യൻ വിവക്ഷിച്ചത്. യഥാർത്ഥമോ അയഥാർത്ഥമോ അല്ലാത്തതും അനിർവ്വചനീയവുമായ ഒരു പ്രതിഭാസമാണത്.

"സമുദ്രത്തിൽ നുര മുതലായവയെപ്പോലെ, ഉണ്മ, ജ്ഞാനം, രൂപം എന്നിങ്ങനെയുള്ള വസ്തുവായ ബ്രഹ്മത്തിൽ പേരും രൂപവും ഉണ്ടാകുന്നതും കൽപ്പിക്കുന്നതും തന്നെയാണ് സൃഷ്ടിയെന്നും എല്ലാ വസ്തുവിലും അതുണ്ട്, അതു പ്രകാശിക്കുന്നു (ജ്ഞാനാശ്രയമായിരിക്കുന്നു), അത് ഇഷ്ടമാണ്, അതിനു നാമമുണ്ട്, രൂപമുണ്ട് എന്ന് അഞ്ചു വശമുണ്ടെ"[43] ന്ന് ശ്രീ ശങ്കരാചാര്യരും "എണ്ണിയാലൊടുങ്ങാത്ത പേരുകൾ, എണ്ണിയാലൊടുങ്ങാത്ത തരത്തിൽ തെളിയുന്ന സങ്കല്പങ്ങളും വികല്പങ്ങളും ധാരണകളും. ഇപ്പറഞ്ഞ രണ്ടിനോടും വിട്ടുപിരിയാതിരിക്കുന്ന വിഷയങ്ങൾ. ഇത്രയും ചേർന്നതാണ് പ്രപഞ്ചമായിരിക്കുന്നതെ"[44] ന്ന് നാരായണഗുരുവും പ്രപഞ്ചത്തെ നിരൂപണം ചെയ്യുന്നു. ഇന്ദ്രജാലക്കാർ വസ്തുക്കളെടുക്കുന്നതു പോലെ ഈശ്വരൻ മായകൊണ്ട് ജഗത്തുമുഴുവൻ സൃഷ്ടിച്ചു[45] എന്ന് ദർശനമാലയിലും ഗുരുവരുളുന്നു.

### 2.14. 4. മായ

a) മീയതേ അപരോക്ഷവത് പ്രദർശ്യതേ അനയാ ഇതി മായാ (പ്രപഞ്ചം ഇതിനാൽ പ്രത്യക്ഷമായി കാണപ്പെടുന്നതുകൊണ്ട് മായാ).

b) മാതി വിശ്വം യാ സാ മായാ - യാതൊരുവൾ വിശ്വത്തെ അളക്കുന്നുവോ അവൾ മായാ.

c) ന മീയതേ, ന ജ്ഞായതേ മായാ - അളക്കാനാവാത്തത്, അറിയപ്പെടാത്തത് മായ

d) യാ മാ സാ മായാ - യാതൊരുവൾ ഇല്ലാത്തവളാണോ അവൾ മായാ.[46]

---

43-ശങ്കരാചാര്യർ - ദൃക്ക്ദൃശ്യവിവേകം - വ്യാഖ്യാനം - ആഗമാനന്ദസ്വാമികൾ - ശ്രീരാമ കൃഷ്ണ അദ്വൈതാശ്രമം- കാലടി - 1985, പുറം- 11

44- പേരായിരം പ്രതിഭയായിരമിങ്ങിവറ്റി -/ ലാരാലെഴും വിഷമായിരമാം പ്രപഞ്ചം
ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003, പുറം- 260, (ശ്ലോകം-1)

45- അതേ പുസ്തകം- പുറം-24

46- എൻ. കെ. രാജഗോപാൽ - സംസ്കൃത നിരുക്തകോശം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം-173

ബ്രഹ്മത്തിൽനിന്ന് അനന്യവും അവ്യതിരിക്തവുമായ ജഗത്ത് സ്വതന്ത്രമായി തോന്നുന്നതിനുള്ള കാരണം വിശദീകരിക്കുന്നതിനാണ് മായ എന്ന ഉപാദാനത്തെ അദ്വൈതം സ്വീകരിയ്ക്കുന്നത്. രാമാനുജാചാര്യരുടെ ബ്രഹ്മപരിണാമവാദത്തിൽനിന്ന് ഭിന്നമായി ബ്രഹ്മവിവർത്തവാദമാണ് ശങ്കരാചാര്യർക്ക് അഭിമതമായത്. പൂർണ്ണസത്തഒരിയ്ക്കലും പരിണമിക്കുകയില്ലെന്ന് ആചാര്യൻ കരുതുന്നു. പരിവർത്തനത്തിലൂടെ സാന്തമായ ജഗത്തും മറ്റുമായി രൂപാന്തരപ്പെടുന്ന ഒന്ന് സ്ഥലകാലപരിമിതികൾക്ക് വിധേയമായിരിക്കും.ഈ ന്യൂനതകൾ പരിഹരിച്ച് ബ്രഹ്മത്തിൽ സ്വരൂപഹാനി കൂടാതെ സർജ്ജനരഹസ്യം വെളിപ്പെടുത്തുവാൻ സ്വപ്നാവസ്ഥയെയും ഇന്ദ്രജാല പ്രകടനത്തെയും രജ്ജുസർപ്പന്യായ ത്തെയും ശുക്തിരജതാദ്ധ്യാസത്തെയും ദൃഷ്ടാന്തങ്ങളായെടുത്ത് മായാസ്വരൂപത്തെ വ്യക്ത മാക്കുന്നു. വിവേകചൂഡാമണിയിൽ ''മായ സത്തുമല്ല, അസത്തുമല്ല; സദസദാത്മികയുമല്ല (ഉള്ളതോ ഇല്ലാത്തതോ രണ്ടുംകൂടിച്ചേർന്നതോ അല്ല) ബ്രഹ്മത്തിൽ നിന്ന് ഭിന്നമല്ല അഭിന്നവുമല്ല രണ്ടും കൂടിച്ചേർന്നതുമല്ല. അത് അംഗങ്ങളുള്ളതോ അംഗങ്ങളില്ലാത്തതോ രണ്ടും കൂടിയതോ അല്ല.മഹാത്ഭുതമെന്നല്ലാതെ അത് ഇന്ന വിധമാണെന്ന് പറയാൻ സാദ്ധ്യമല്ല''[47] എന്നാണ് മായയെ വിവരിയ്ക്കുന്നത്.

യാന്ത്രികമായി എത്തിച്ചേർന്ന ഒരു ഇടനിലയോ അനന്തമായ പിൻപോക്കിനെ (Infinite regress)കുറിക്കുന്ന സൂചകമോ സങ്കല്പജന്യമായ നിരർത്ഥകതയോ അല്ല അദ്വൈതിയെ സംബന്ധിച്ചിടത്തോളം മായാതത്ത്വത്തിനുള്ള സ്ഥാനം. ഗുരുനിത്യചൈതന്യയതി എഴുതുന്നു. ''ശങ്കരൻ മായാവാദിയല്ല; വാദിയേയല്ല. നിശ്ചയദാർഢ്യം വന്ന ദാർശനികനാണ്. സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ പ്രക്രിയകൾ ഗണിതശാസ്ത്രത്തിൽ എന്തു പങ്കാണോ വഹിയ്ക്കുന്നത് അതുപോലുള്ളൊരു താർക്കികതയാണ് മായയിലിരിക്കുന്നത്.''[48]

മായയ്ക്ക് അവിദ്യ, അജ്ഞാനം, അദ്ധ്യാസം, അദ്ധ്യാരോപം, അനിർവ്വചനീയം, വിവർത്തം, ഭ്രാന്തി, ഭ്രമം, നാമരൂപം, അവ്യക്തം, അക്ഷരം, ബീജശക്തി, മൂലപ്രകൃതി എന്നീ പദങ്ങൾ സമാനങ്ങളായി വിവിധഗ്രന്ഥങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. മായയുടെ ഋണാത്മക (negative) മായ ആവരണശക്തി ശുദ്ധബോധസ്വരൂപത്തെ മറച്ച് ധനാത്മക (Positive) മായ

47 ശങ്കരാചാര്യർ - <u>വിവേകചൂഡാമണി</u> - വ്യാഖ്യാനം:സ്വാമി ചിന്മയനന്ദൻ- പരിഭാഷകൻ: സി. ഗോപാലൻ, ചിന്മയ പബ്ലിക്കേഷൻസ് - 1998, പുറം-185,186

48- ശങ്കരദർശനം വ്യത്യസ്ത വീക്ഷണങ്ങളിൽ- ലേഖന സമാഹാരം, കുരുക്ഷേത്ര പബ്ലിക്കേ ഷൻസ്, എഡി-1, 1989, പുറം-25

വിക്ഷേപശക്തിയിലൂടെ നാനാത്വത്തെ പ്രകടമാക്കുന്നു. അവിദ്യയെ അപേക്ഷിച്ച് മായ {_ Ò¯ rsâ A h ǹ à i à rb rb X ǹ mÂ A X ǹ v` rh cq] m I (Positive entity)മായ ഒരു തലമുണ്ട്. ത്രിഗുണങ്ങളിൽ തമസ്സിന്റെ ആവരണം സംഭവിയ്ക്കുമ്പോൾത്തന്നെ രാജസികവിക്ഷേപണവും നടക്കുന്നു. അതിനാൽ മായ ജ്ഞാനവിരോധി കൂടിയാണ് ധന-ഋണങ്ങളുടെ സമുച്ചയമായതിനാലാണ് അത് അനിർവ്വചനീയമാവുന്നത്. ബ്രഹ്മം അതിന്റെ ആശ്രയവും വിഷയവുമായ മായയിൽ പതിയുമ്പോൾ ഈശ്വരനായും അപരാബ്രഹ്മം മായയിലും അന്തഃകരണത്തിലും പതിയുമ്പോൾ ജീവനായും പ്രകടമാകുന്നുവെന്ന് അദ്വൈതചിന്തയിലെ പ്രമുഖമായ വിവരണമാർഗ്ഗവും ബ്രഹ്മം മായയിൽ പതിയുമ്പോൾ ഈശ്വരനായും മായയിലും ബുദ്ധിയിലും പതിയുമ്പോൾ ജീവനായും അദ്ധ്യസ്തമാകുന്നുവെന്ന് ഭാമതിമാർഗ്ഗവും വ്യക്തമാക്കുന്നു.[49] മായാവാദത്തിന് ഉപനിഷത്തുക്കൾ യാതൊരു പിന്തുണയും നൽകുന്നില്ലെന്നും അത് ബുദ്ധമതത്തിൽ നിന്നുള്ള ഇറക്കുമതിയാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ശൂന്യവിവർത്തവാദത്തിന് പ്രധാന്യമേകുന്ന മാദ്ധ്യമിക ചിന്താധാരയുടെയും മറ്റും സ്വാധീനം അദ്വൈതത്തിനുണ്ട്. “ബൗദ്ധചിന്തയിലെ ഇത്തരം പ്രസ്ഥാനവും, ശങ്കരന്റെ അദ്വൈതവേദാന്തവും തമ്മിലുള്ള രൂപവും, നിഴലും പോലുള്ള അഭേദ്യമായ ബന്ധം കാരണമായിരിക്കണം. ശങ്കരനെ സമകാലീന ബ്രാഹ്മണർ പ്രച്ഛന്നബുദ്ധനെന്നു വിശേഷിപ്പിയ്ക്കാൻ ഇടയായത്.”[50]

വൈരുദ്ധ്യാത്മകവും ചലനാത്മകവുമായ സംവൃതിസത്യത്തെ നിരാകരിച്ചാണ് മാദ്ധ്യമികർ പരമാർത്ഥമായി നിർണ്ണയിയ്ക്കുന്ന ശൂന്യതയിലെത്തുന്നത്. ശങ്കരാചാര്യരുടെ വിചാരപദ്ധതിക്ക് പരിചിതമാണ് പ്രസ്തുത സമ്പ്രദായം. ശൂന്യതയെയും തിരിച്ചറിഞ്ഞ ബോധകേന്ദ്രമാണ് അദ്വൈതത്തിന്റെ സാക്ഷാൽക്കാര ലക്ഷ്യം. ഇവിടെയാണ് മാദ്ധ്യമികചിന്ത അദ്വൈതത്തിൽ നിന്ന് വേറിട്ടുനിൽക്കുന്നത്. ഭാവാത്മകവും അഭാവാത്മകവുമായ എല്ലാ പരകോടികളെയും (Extreme) നിരാകരിച്ച് മദ്ധ്യമമാർഗ്ഗത്തിൽ സത്യദർശനം നടത്തുന്ന പ്രസ്തുത ചിന്തയ്ക്കുമപ്പുറം ദ്വന്ദ്വാതീതമായ ബ്രഹ്മനിർവ്വാണവും കൂടി അദ്വൈതം ലക്ഷ്യമാക്കുന്നു.

---

49- ശ്രീശങ്കര സപ്ലിമെന്റ്- മാതൃഭൂമി, 1993, ലേഖനം- അദ്വൈത ചിന്ത- വികാസ പരിണാമങ്ങൾ- ലേഖകൻ- പ്രൊഫ. കെ.പി. ബാബുദാസ്, പുറം-25

50- ശങ്കരദർശനം പ്രശ്നങ്ങളും പ്രസക്തിയും- എഡി: ഐ.വി.ദാസ്, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം-1990, പുറം-68

### 2.14. 5. അവിദ്യ

യഥാർത്ഥത്തിൽ നിലനിൽക്കാത്തതാണ് അവിദ്യ.[51] വ്യഷ്ടിഗതമായ ജീവന്റെ ജ്ഞാനാവരണഹേതുവായ ഇതിനെ സമഷ്ട്യർത്ഥത്തിലും വ്യവഹരിക്കാറുണ്ട്. കാലദേശോപാധികളിലൂടെ ബ്രഹ്മത്തിന് സംഭവിയ്ക്കുന്ന ബഹുത്വാഭാസത്തിന്റെ അന്തഃകരണപരമായ പരിമിതഭാവംകൂടിയാണിത്. ജീവന് സംസാരദശയിലുള്ള സുഖ-ദുഃഖ-സമ്മിശ്രഫലാനുഭവങ്ങളുടെ പ്രഥമകാരണവും ഇതാണ്.

മായയെപ്പോലെ അവിദ്യക്കും ആശ്രയമായത് നിരുപാധികമായ ബ്രഹ്മതത്ത്വം തന്നെയാണ്. മായയിൽനിന്നും ഭിന്നമായി അവിദ്യ ഋണാത്മകസ്വഭാവം (Negative Character) പ്രകടിപ്പിക്കുന്നു. വിശ്വശക്തിയായ മായ സമഷ്ടിഭാവം ഉൾക്കൊള്ളുമ്പോൾ പരിമിതമായ വ്യഷ്ടിഭാവത്തിലാണ് അവിദ്യയുടെ നിലയുറപ്പ്. മായയിലൂടെ വെളിവാകുന്ന ഈശ്വരതത്ത്വം അവിദ്യകൊണ്ട് ജീവൻ എന്നപോലെ വിധേയത്വം കൈക്കൊള്ളുന്നില്ല. ഈശ്വരൻ മായാധീശനാണെങ്കിൽ ജീവൻ അവിദ്യാധീനനാണ്. വ്യഷ്ടിഗതമായ അവിദ്യ അറിവിലൂടെ നീക്കാമെങ്കിൽ സമഷ്ടിഗതമായ മായയെ സാമാന്യദൃഷ്ടിയിൽ നീക്കം ചെയ്യാനാകില്ല. മായയിൽ സാത്വികഭാവത്തിന് മുൻതൂക്കമുണ്ടെങ്കിൽ  അവിദ്യയിൽ രജഃസ്തമസ്സുകൾക്ക് സത്വഗുണത്തോടൊപ്പംതന്നെ സ്ഥാനമുണ്ട്. ഇവയ്ക്ക് അടിസ്ഥാനപരമായി സാജാത്യമാണുള്ളത്.[52] ഇവ  ആവരണവിക്ഷേപണശക്തികൾ ഉൾക്കൊള്ളുന്നതും അനാദിയുമാണ്. യഥാർത്ഥമോ അയഥാർത്ഥമോ രണ്ടും കൂടിയുള്ളതോ അല്ലാത്ത സദസദ്വിലക്ഷണവും അനിർവ്വചനീയാകാരവുമാണവ. അവിദ്യ പ്രാതിഭാസികസത്തയിലും മായ വ്യാവഹാരികസത്തയിലും അദ്ധ്യസ്തമായ ചൈതന്യഭാവമാണ്. രണ്ടും ബ്രഹ്മത്തിന് ആശ്രയവും വിഷയവുമാണ്. ഇത്രയുമാണ് ഇവയ്ക്ക് പൊതുവിൽ കല്പിക്കപ്പെടുന്ന സാമ്യ വ്യത്യാസങ്ങൾ.

കേവലസത്ത ഏകവും അദ്വിതീയവുമാണെങ്കിലും, ഉപാധിഭേദം കണക്കിലെടുത്ത് സത്യത്തെ പ്രാതിഭാസികം, വ്യാവഹാരികം, പാരമാർത്ഥികം എന്നിങ്ങനെ ശങ്കരാചാര്യർ മൂന്നാക്കിത്തിരിച്ചു. ഉദാഹരണത്തിന് ഒരാൾ  എന്റെ വിവാഹമോതിരമെന്നു കല്പിക്കുന്നി

---

51- എൻ. കെ. രാജഗോപാൽ - സംസ്കൃത നിരുക്തകോശം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം-173

52- Chandradhar Sharma (Dr.) - Critical Survey of Indian Philosophy - Motilal Banarsidass Publication Pvt. Ltd., Edn. 1997, page- 274

ടത്തെ വൈകാരികമനോഭാവം പ്രാതിഭാസികമാണ്. കുറച്ചുകൂടി വ്യാപ്തമായ ദൃഷ്ടിയിൽ വെറും മോതിരമെന്നു പറയുമ്പോൾ വ്യാവഹാരികസത്തയിലാണ് അത് നിലകൊള്ളുന്നത്. സ്വർണ്ണമെന്ന അടിസ്ഥാനവസ്തുതന്നെയാണ് മോതിരം, വള, മാല എന്നിവയുടെ രൂപത്തിൽ കാണുന്നത് എന്ന ബോധത്തോടെ പ്രസ്തുത മോതിരത്തെ സ്വർണ്ണം എന്നു പറയുന്നത് പാരമാർത്ഥകദൃഷ്ടിയോടെയാണ്. ഇപ്രകാരം സത്താത്രയത്തെ പരിമിതമായ ഉദാഹരണത്തിലൂടെ അവതരിപ്പിയ്ക്കാം. അറിവ് പ്രാതിഭാസികവും വ്യാവഹാരികവുമാവുമ്പോൾ സത്യം സോപാധികവും പരിമിതവും ആപേക്ഷികവും അറിവിന്റെ പാരമാർത്ഥിക ദശയിൽ സത്യം നിരുപാധികവും അപരിമേയവും നിരപേക്ഷവും ആയിരിയ്ക്കുമെന്നതാണ് സത്താത്രയത്തിന്റെ മൗലികതത്ത്വം.

### *2.14. 6. ജീവാത്മാവ്*

ശരീരങ്ങളിൽ പോയി വസിക്കുകയും കർമ്മഫലങ്ങൾ ഭുജിക്കുകയും മുക്തനാൽ നേടപ്പെടുകയും എല്ലാറ്റിനെയും ആദാനം ചെയ്തുകൊണ്ട് നൈരന്തര്യത്തോടും വ്യാപ്തിയോടും നിലനിൽക്കുകയും ചെയ്യുന്ന ഒന്നാണ് ജീവാത്മതത്ത്വം. വ്യഷ്ടിഗതമായ ജീവൻ അവിദ്യകാരണം സംസാരിയും, കർമ്മം ചെയ്യുമ്പോൾ കർത്താവും ഫലം അനുഭവിയ്ക്കുമ്പോൾ ഭോക്താവുമാകുന്നു. ഗൗഡപാദമാണ്ഡൂക്യകാരികയിലെ അലാതശാന്തിപ്രകരണത്തിൽ ജീവന് ആദിയോ ജനനമരണാദികളോ ഉണ്ടായിട്ടില്ലെന്നും മനുഷ്യജീവന്മാരും മറ്റും ഉണ്ടായി ഇല്ലാതാകുന്നത് സ്വപ്നം പോലെയോ മായാവിയാലുണ്ടാക്കപ്പെടുന്നതുപോലെയോ ആണെന്നും മറ്റും പറയുന്നു. ഒരു ജീവനും ജനിക്കാത്തതിനാൽ അതിന് ഉല്പത്തിയുണ്ടെന്നു പറയാൻ കഴിയില്ല. ഏതൊരു സത്യത്തിലാണോ ഒന്നും ജനിക്കാത്തത് അത് ഉത്തമമായ സത്യമാകുന്നു. (68-71).[53] അതിൽ തന്നെയുള്ള അദ്വൈതപ്രകരണത്തിൽ ഘടാകാശത്തിനും ആകാശത്തിനും തമ്മിലുള്ള ബന്ധംതന്നെയാണ് ജീവാത്മാക്കൾക്കും പരമാത്മാക്കൾക്കും തമ്മിലുള്ളതെന്നും ഘടോല്പത്തിപോലെയാണ് ദേഹോപാധികളായ സംഘാതങ്ങളുടെ ഉത്ഭവമെന്നും ഘടം മുതലായവ നശിയ്ക്കുമ്പോൾ ഘടാകാശം മുതലായവ ആകാശത്തിൽ ലയിക്കുന്നതുപോലെ ദേഹസംഘാതങ്ങൾ നശിയ്ക്കുമ്പോൾ ജീവന്മാർ പരമാത്മാവിൽ ലയിക്കുന്നുവെന്നും

53-മാണ്ഡൂക്യകാരിക - മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, എഡി-2, 1988, പുറം-372

പറയുന്നു. ഒരു ഘടാകാശം പൊടി, പുക എന്നിവ പറ്റിയിരിക്കുമ്പോഴും, മറ്റു ഘടാകാശങ്ങൾ ശുദ്ധമായിരിക്കുന്നതുപോലെയാണ് ഒരു ജീവൻ സുഖദുഃഖാദികളുമായി ബന്ധപ്പെടുമ്പോൾ മറ്റു ജീവന്മാർ അതുമായി ബന്ധപ്പെടാതിരിയ്ക്കുന്നത്.[54]

വ്യഷ്ടിയാൽ (വ്യഷ്ട്യജ്ഞാനത്താൽ) അവച്ഛിന്നമായ (വിശിഷ്ടമായ) ചൈതന്യാഭാസം (ചൈതന്യപ്രതിബിംബം) അജ്ഞാനത്തോട് താദാത്മ്യത്തെ പ്രാപിച്ച് അതിന്റെ ഗുണങ്ങളാൽ (സത്വാദികളാൽ) ആക്രമിക്കപ്പെട്ട് (അതുതന്നെ) ജീവനെന്ന് പറയപ്പെടുന്നുവെന്നും പ്രത്യഗാത്മാവെന്നറിയപ്പെടുന്ന ജീവൻ രജസ്തമസ്സുകളാൽ മലിനസത്വമാണെന്നും അതുകൊണ്ടത് നികൃഷ്ടമായി ഭവിയ്ക്കുന്നുവെന്നും ശങ്കരാചാര്യർ പറയുന്നു.[55] ദേഹേന്ദ്രിയ മനോബുദ്ധികളുടെ നിയന്താവായ ജീവൻ സോപാധികമായ പരിമിതി അനുഭവിയ്ക്കുന്നതു പോലെ പ്രകടമാകുമ്പോളാണ് അത് സുഖദുഃഖഫലാനുഭവങ്ങൾക്ക് നിദാനമാണെന്നു പറയുന്നത്. തത്വബോധത്തിൽ ആത്മാവിനെ a) സ്ഥൂല-സൂക്ഷ്മ-കാരണ ശരീരങ്ങളിൽ നിന്നും വ്യതിരിക്തൻ b) പഞ്ചകോശാതീതൻ c) അവസ്ഥാത്രയസാക്ഷി d) സച്ചിദാനന്ദസ്വരൂപൻ എന്നിങ്ങനെ നിർവ്വചിച്ചിരിക്കുന്നു.[56]

അകത്തും പുറത്തും സ്ഥിതിചെയ്യുന്നതും വണ്ടിനെപ്പോലെ എപ്പോഴും ഇളകിക്കൊണ്ടിരിയ്ക്കുന്നതുമായ രണ്ടിനെയും സമന്വയിപ്പിച്ച്, ഭാനമെന്നു നിർദ്ദേശിച്ച് നാരായണഗുരു അവയെ സാമാന്യം, വിശേഷം എന്നിങ്ങനെ വിഭജിയ്ക്കുന്നു. വിഷയപദാർത്ഥങ്ങൾക്ക് ആധാരമായത് സ്ഥൂലഭാനവും, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, വിഷയങ്ങൾ, പഞ്ചപ്രാണങ്ങൾ എന്നിവ ഭാസിക്കപ്പെടുന്നത് സൂക്ഷ്മഭാനവും ഞാൻ അജ്ഞനാണ് എന്നത് കാരണഭാനവും ഞാൻ ബ്രഹ്മമാകുന്നു എന്നത് തുര്യഭാനവുമാണെന്ന് ഗുരു വെളിപ്പെടുത്തുന്നു.[57] മനോബുദ്ധികൾ ഉൾപ്പെടുന്ന സൂക്ഷ്മഭാനത്തിൽ വിഷയങ്ങളെയും പഞ്ചപ്രാണങ്ങളെയും ഗുരു ഉൾപ്പെ

---

54- Mandukya Upanishad - Commentary : Swami Chinmayananda, Central Chinmaya Mission Trust, Page 202-206

55-ശങ്കരാചാര്യർ - സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം - വ്യാഖ്യാനം : ആഗമാനന്ദ സ്വാമികൾ, ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി - 1981, പുറം-97

56-ശങ്കരാചാര്യർ - തത്ത്വബോധം - പരിഭാഷകൻ - എ. കെ. പ്രഭാകരൻ, ചിന്മയ പബ്ലിക്കേഷൻസ് - 1998, പുറം-20

57- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003, പുറം-135-150 (ശ്ലോകം-3-7)

ടുത്തിയത് ഭാനഭാസ്യങ്ങളെ സമന്വയിപ്പിക്കുന്നതിനാണ്. സ്ഥൂല-സൂക്ഷ്മഭാനങ്ങളുടെ അന്തരം വെറും ഉപാധിനിഷ്ഠമാണ്. ഞാൻ ബ്രഹ്മമാകുന്നു എന്നതിനെ ഗുരു ഭാനത്തിൽ ഉൾപ്പെടുത്തിയത് അത് വ്യവഹാരദശയിൽ നിലകൊള്ളുന്നതുകൊണ്ടാണ്. ഞാൻ എന്ന സാമാന്യാംശവും ബ്രഹ്മം എന്ന വിശേഷാംശവും എന്നു തിരിച്ചു പറയുന്നിടത്തും അപ്രകാരം അറിയുന്നിടത്തും ഭാനവൃത്തിയുണ്ട്. ബ്രഹ്മബോധം സാമാന്യവിശേഷവ്യതിരിക്തമാകുമ്പോഴാണ് ഭാനാതീതമാകുന്നത്. സ്ഥിരബോധമില്ലാത്തിടത്തോളം അത് അറിവിനു വിഷയമായിരിയ്ക്കും. യാതൊന്നു ഭാനവിഷയമാകുന്നുവോ അത് അദ്ധ്യസ്തമാണ്. അദ്ധ്യസ്തമല്ലാത്തത് ഭാനവിഷയമാകുന്നില്ല. യാതൊന്ന് അദ്ധ്യസ്തമാണോ അത് അസത്താണ് യാതൊന്ന് അനദ്ധ്യസ്തമാണോ അതു സത്തുതന്നെയാണ് താനും.[58] എന്നിങ്ങനെ ഗുരു ഇക്കാര്യം സ്പഷ്ടമാക്കുന്നു. കേവലാവസ്ഥയിലെ ഭാവം തന്നെ ബ്രഹ്മവിത്ത്, ബ്രഹ്മവിദ്വരൻ, ബ്രഹ്മവിദ്വരീയാൻ, ബ്രഹ്മവിദ്വരിഷ്ഠൻ എന്നിങ്ങനെ തിരിച്ച ഔപചാരികത മാത്രമേ തുര്യഭാനമെന്നു വിശേഷിപ്പിച്ചതിലുമുള്ളൂ എന്ന് ഇങ്ങനെ വ്യക്തമാകുന്നു.

കർമ്മസംസ്ക്കാരമാണ് ജീവഗതിയുടെ അനിവാര്യമായ കാരണം. അന്തഃകരണം സമ്പൂർണ്ണമായി വിലയിക്കുന്നതുവരെ ജനനമരണനിബദ്ധമായ സംസാരത്തിൽ ജീവൻ ഉഴലുന്നു. ഓരോ അനുഭവവും അവയുടെ ഫലങ്ങളും നൂതനവും സംയുക്തവുമായ ഇതര അനുഭവങ്ങളെ ഉണ്ടാക്കുന്നു. ജീവന്റെ സാർത്ഥകമായ ലക്ഷ്യപ്രാപ്തിയ്ക്കാണ് വിശ്വത്തെയും അവസ്ഥകളെയും മറ്റും സൃഷ്ടിച്ചിരിയ്ക്കുന്നത്. ജീവൻ തന്റെ മുക്തസ്വരൂപം അറിയുന്നതുവരെ അതിന്റെ പ്രയാണം തുടർന്നുകൊണ്ടിരിയ്ക്കും. സമഷ്ടിസത്തയിൽനിന്ന് അഭിന്നമായ അനുഭവത്തിലാണ് ഈശ്വരനും ജഗത്തും ബ്രഹ്മവും ഏകീഭവിയ്ക്കുന്നത്. ഈശ്വരന്റെയും ജീവന്റെയും ഉപാധിയിലാണ് വേറെ എന്ന ബുദ്ധിയുള്ളതെന്ന് രമണമഹർഷി അഭിപ്രായപ്പെടുന്നു.[59]

ആത്മാവ് ആകാശംപോലെ സർവ്വത്ര പരിപൂർണ്ണമായിട്ടുള്ളതും സർവ്വ ജീവരാശികളുടെയും ബുദ്ധിയെന്ന ഉപാധിയിൽക്കൂടി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിയ്ക്കുന്നതും നിത്യം, നിർവ്വികാരം എന്നീ വ്യവസ്ഥകളോടുകൂടിയ വസ്തുവുമാകുന്നു എന്ന് വാഗ്ഭടാനന്ദനും പറയു

---

58- ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി - 1985, പുറം-446

59- രമണ മഹർഷി ട്രസ്റ്റ്- രമണദർശനം- കോഴിക്കോട്, എഡി-1, 1985, പുറം-38

ന്നു.[60] ആത്മാവായി പിരിച്ചുതള്ളിയതൊന്ന് ആത്മാവ് ഒന്ന് എന്നിങ്ങനെ രണ്ട് പദാർത്ഥ ങ്ങളെ അംഗീകരിച്ചുകൊണ്ട് ആത്മാനാത്മവിചാരം ചെയ്യുന്നവർ ദ്വൈതികളാണെന്നാണ് ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ അഭിപ്രായം.[61] ബ്രഹ്മത്തിന്റെ സോപാധികപ്രകാശനമാണ് ജീവാത്മാവ്. അന്തിമവിചാരത്തിൽ ജീവനും ബ്രഹ്മവും ഒന്നാണെന്ന് വെളിപ്പെടുന്നു.

### *2.14.7. അദ്ധ്യാസം*

മുമ്പു കണ്ടിട്ടുള്ളതും, സ്മൃതിരൂപമായിട്ടുള്ളതുമായ കാര്യത്തിന്റെ അവഭാസമാണ് അദ്ധ്യാസം. സ്മൃതിരൂപമായ (സ്മരിക്കപ്പെടുന്ന) രജതത്തിനു തുല്യമായി മറ്റൊന്നിൽ (അ ധിഷ്ഠാനമായ ശക്തിയിൽ) മുമ്പു കണ്ടതിന്റെ അവഭാസം തന്നെ അദ്ധ്യാസം. ശുക്തിയെ ക്കണ്ട ഒരാൾ ഇതു രജതമാണെന്നു പെട്ടെന്നു വിചാരിയ്ക്കുന്നു. സംസ്ക്കാരാത്മകമായ സ്മൃതി (ഓർമ്മ) ശുക്തി കണ്ടപ്പോൾ ഉണ്ടായി.[62] ശുക്തിരജതന്യായം നിരുപാധിക അദ്ധ്യാസമെങ്കിൽ ഏകചന്ദ്രസത് ദ്വിതീയവത് (ഒരു ചന്ദ്രനെ രണ്ടായി കാണുന്നത്) സോപാ ധിക അദ്ധ്യാസമാണ്. അനിർവ്വചനീയഖ്യാതിവാദവും ഇതിൽത്തന്നെയാണ് ഉൾപ്പെടുന്നത്.

വ്യഷ്ടിമനസ്സിലെ ആർജ്ജിതസംസ്ക്കാരവും, അവബോധവും സമഷ്ടി മനസ്സിന്റെ മൗലികഭാവവുമായി പൊരുത്തപ്പെടാതെ ഉണ്ടാകുന്ന വിച്ഛേദങ്ങളാണ് കല്പനകളിലൂടെയും ആരോപണങ്ങളിലൂടെയും പലപ്പോഴും പൂർത്തീകരിയ്ക്കാൻ ശ്രമിക്കുന്നത്. വസ്തുരൂപത്തെ മനസ്സ് ആത്മസ്വത്വവുമായി ഇണക്കുന്നത് അതിന്റെ അടിത്തറയിലേയ്ക്കിറങ്ങാതെ പ്രിയങ്ക രമായ ചമത്ക്കാരങ്ങളുമായി ബന്ധപ്പെടുത്തിയാണ്. തനിമയിലേയ്ക്കിറങ്ങാതെ പ്രിയങ്കര മായ ചമത്ക്കാരങ്ങളുമായി ബന്ധപ്പെടുത്തിയാണ്. തനിമയുമായി ബന്ധമില്ലാത്ത ശോഭനത കളെ ഒന്നിലേക്ക് സങ്കല്പരൂപത്തിൽ ആരോപിക്കുന്നതാണ് ശോഭനാദ്ധ്യാസം. സാർവ്വത്രി കമായ ഹിതാനുഭവത്തെ പ്രിയത്തിലേക്കു സംഗ്രഹിക്കുന്ന പാഴ്വേലയും ലംബ മാനത(vertical)യേയും, തിരശ്ചീനത(Horizontal)യേയും സമാനാധികരണത്തിൽ നിർദ്ധാ രണം ചെയ്യാതെ സംഭവിയ്ക്കുന്ന പ്രമാദവും കൂടിയാണത്. ഒരദ്ധ്യാസംകൊണ്ടുണ്ടായ വില ക്ഷണതകളെ ശോഭനതയിൽ വ്യാപ്തിയുള്ള മറ്റൊരദ്ധ്യാസംകൊണ്ട് ഉദാത്തീകരിക്കാനാണ്

---

60- വാഗ്ഭടാനന്ദന്റെ സമ്പൂർണ്ണ കൃതികൾ - മാതൃഭൂമി പ്രസിദ്ധീകരണം - -1988, പുറം-269

61- ബ്രഹ്മാനന്ദസ്വാമി ശിവയോഗി - മോക്ഷപ്രദീപം - സിദ്ധാശ്രമം - 1952- പുറം-111

62- 35 ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം) - പണ്ഡിറ്റ് ഗോപാലൻ നായർ. ഈതോസ് ബുക്സ്, 1994, പുറം-9

പ്രായോഗികമായ ആലംബനോപാധികൾ നിലകൊള്ളുന്നത്. അധിഷ്ഠാനവസ്തുവിന് യാതൊരു ഭേദവും അതുകൊണ്ട് സംഭവിക്കുന്നില്ല. ഉള്ളതുപോലെത്തന്നെ അത് തുടർന്നും നിലനിൽക്കുന്നു. ‘‘ആകാശം ഘടാദികളിൽ പ്രവേശിച്ചതെന്നപോലെ കാണപ്പെടുന്നുണ്ടെങ്കിലും പരമാർത്ഥമായി പ്രവേശിക്കുന്നില്ല. ജലാശയാദികളിലുള്ള ജലം ചലിയ്ക്കുമ്പോൾ അതിൽ പ്രതിബിംബിച്ച സൂര്യബിംബം ചലിക്കുന്നുവെങ്കിലും യഥാർത്ഥ സൂര്യനു ചലനമില്ല. അതുപോലെ അവിദ്യാബന്ധം നിമിത്തം ബുദ്ധ്യാദികളെന്നഭിമാനിക്കുന്ന ജീവാംശം ദുഃഖിക്കുന്നുവെങ്കിലും അംശിയായ ഈശ്വരൻ ദുഃഖിക്കുന്നില്ല.’’[63]

സത്തായ ഒന്ന് ഭേദബുദ്ധികൊണ്ട് അനുഭവിക്കുന്ന ന്യൂനതകൾ പരമമായ സ്വതഃപ്രാമാണ്യത്തിന് വിരുദ്ധമാണ്. വിവേചനബുദ്ധി കൈവരിക്കുമ്പോൾ മാത്രമേ ജീവന് നിത്യാനിത്യവിവേകമുണ്ടാകുകയുള്ളൂ. ആ നിലയിൽ വിലക്ഷണങ്ങളായ ആരോപണങ്ങൾ ഒരിയ്ക്കലും സംഭവിയ്ക്കുകയില്ല. അദ്ധ്യാസം പരിണാമമെന്നതിലുപരി വിവർത്തരൂപവുമായി ബന്ധപ്പെട്ടതാണ്. സത്തയുടെ ഗുണം, മൂല്യം, വ്യാപ്തി എന്നിവ പ്രതിബിംബനപ്രക്രിയയിൽ പരിമിതമാകുമ്പോഴാണ് അത് വിവർത്തമായി അദ്ധ്യസ്തമാകുന്നത്. ജീവനിൽ കർത്തൃത്വ-ഭോക്തൃത്വബുദ്ധിയുടെ ഉദയത്തിന് നിദാനമാണത്. എന്റെ എന്ന അറിവിനു വിധേയമായ ഒന്നിൽ ഞാനിനെ (എന്നെ) ഇണക്കിച്ചേർക്കുന്നത് അതുകൊണ്ടാണ്. പരമാർത്ഥതലത്തിൽ അറിയപ്പെടുന്നവയും, അറിവും ഭിന്നമല്ലെങ്കിലും വ്യവഹാരദശയുടെ ഉപരിതലത്തിൽ വൈരുദ്ധ്യം അനുഭവപ്പെടുന്നു.

ഞാൻ, ഇവർ എന്നിങ്ങനെ വിവേചിച്ചതും, ഞാനിലെ (എന്നിലെ) പ്രിയം മുതലായവ മമതാരൂപത്തിൽ ഇവരിലേയ്ക്ക് സംക്രമിപ്പിച്ചതും സ്വന്തം അസ്തിത്വത്തെ അപരനുമായി പങ്കുവെച്ചതുമെല്ലാം അവിദ്യാജന്യമായ അദ്ധ്യാസം വഴിയാണ്. സൂക്ഷ്മമായ അർത്ഥത്തിൽ ഞാനിന്റെ (എന്റെ) സാർവ്വത്രികവും, സർവ്വവ്യാപകവുമായ സ്വാതന്ത്ര്യത്തിന്റെ അംഗീകാരമാണ് അദ്ധ്യാസം വഴി നിർവ്വഹിക്കുന്നത്. ഉപാധിമുക്തമല്ലാത്തതിനാൽ ഇത് തിരിച്ചറിയുന്നില്ലെന്നു മാത്രം. സദ്വസ്തു മറഞ്ഞിരിക്കുകയും ലോകം അതിൽ ആരോപിച്ചിരിക്കുകയാണെന്നുമുള്ള വസ്തുതയെ ‘‘എപ്പോൾ ആത്മവിദ്യക്കു സങ്കോചം സംഭവിയ്ക്കുന്നുവോ, അപ്പോൾ അവിദ്യ ഭയങ്കരമായിത്തീരുന്നു. അതു നാമരൂപാദികൾ കൈക്കൊണ്ട് പിശാചിനെപ്പോലെ അത്യന്തം ഭാനവിഷയമാകുന്നു എന്നും ലോകം വേതാളനഗരംപോലെ ഉൾക്കാ

---

63- ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം) - പണ്ഡിറ്റ് ഗോപാലൻ നായർ. ഈതോസ് ബുക്സ്, 1994, പുറം-429

മ്പില്ലാത്തതും, അതേ സമയം ഭീകരവുമാണ് എന്നും, ആത്മാവിൽ നിന്ന് ഒറ്റയടിയ്ക്ക് സ്വന്തം വീക്ഷണം കൊണ്ട് ഉറക്കത്തിൽ നിന്നെന്നപോലെ (ലോകം) ആവിർഭവിയ്ക്കുകയാണ് ചെയ്തതെന്നും"[64] ഗുരു വ്യക്തമാക്കുന്നു. ഒരേ അഖണ്ഡജ്യോതിസ്സുതന്നെ ആദിയിൽ അഭ്യാസ കാലത്തിൽ ഖണ്ഡമായി കാണും. മനോമാലിന്യം തീരെ വിടുമ്പോൾ അഖണ്ഡമായി കാണും. അതുകൊണ്ട് ഖണ്ഡജ്യോതിസ്സ് ഒന്നു വേറെ, അഖണ്ഡജ്യോതിസ്സ് ഒന്നുവേറെ എന്നു പറയുന്നതും ഖണ്ഡജ്യോതിർദ്ദർശനംകൊണ്ട് അഖണ്ഡജ്യോതിർദ്ദർശനം സിദ്ധിക്കയില്ലെന്നു പറയുന്നതും അബദ്ധമാകുന്നുഎന്നാണ് ബ്രഹ്മാനന്ദസ്വാമി ശിവയോഗികളുടെ അഭിപ്രായം.[65] ചുരുക്കത്തിൽ അവിദ്യയാണ് അദ്ധ്യാസഹേതുവെന്നും, പരമാർത്ഥനിർണ്ണയത്തിലൂടെമാത്രമേ അതിനെ അതിക്രമിക്കാനാകൂ എന്നുമാണ് അദ്വൈതവേദാന്തം നിർദ്ദേശിയ്ക്കുന്നത്.

### *2.14. 8. കർമ്മം*

അദ്വൈതദൃഷ്ടിയിൽ കർമ്മം (ചലനം) അവിദ്യാജന്യമാണ്. പരമാണുമുതൽ മഹാപിണ്ഡങ്ങൾവരെ നിരന്തരവും, അനസ്യൂതവുമായ കർമ്മം തുടരുന്നു. ഉണ്ടാകുന്നു, നിലനിൽക്കുന്നു, പരിവർത്തനം സംഭവിക്കുന്നു എന്നീ തുടർക്രിയകൾ ചലനത്തിന്റെ ഫലമാണ്. അസന്തുലിതാവസ്ഥയെ നിവർത്തിയ്ക്കാനാണ് ആദാന-പ്രദാനങ്ങളിലൂടെ പ്രപഞ്ചപദാർത്ഥങ്ങൾ ചലിയ്ക്കുന്നത്. മനുഷ്യനിൽ അപൂർണ്ണതാബോധമാണ് കർമ്മം ചെയ്യാൻ പ്രേരണയാകുന്നത്. എല്ലാ കർമ്മങ്ങളും ഫലത്തെ ഉല്പാദിപ്പിക്കുന്നതിനാൽ കർമ്മം മാർഗ്ഗവും, ഉദ്ദിഷ്ടഫലം ലക്ഷ്യവുമാണ്. ലക്ഷ്യമാർഗ്ഗങ്ങളുടെ വിഭക്തതയാണ് കർമ്മത്തെ പരമാർത്ഥത്തിൽ നിന്ന് അകറ്റുന്നത്. ബ്രഹ്മാവലോകനധിഷണ ഒരു കർമ്മത്തിന്റെയും ഫലമല്ല. കാരണം തുടങ്ങിയൊടുങ്ങുന്ന കർമ്മത്തിന്റെ സ്വഭാവത്തിൽനിന്നും ഭിന്നമാകില്ല അതിന്റെ ഫലം. ബ്രഹ്മജ്ഞാനമാകട്ടെ അനാദ്യന്തമാണ്. ദേശകാലപരിച്ഛിന്നതകളിൽ നടക്കുന്ന കർമ്മംകൊണ്ട് അതിനുപരിയായ ഒന്നിനെ സാക്ഷാൽക്കരിയ്ക്കുക അസാദ്ധ്യമാണ്. അന്തഃകരണശുദ്ധിയ്ക്കുതകുന്നുവെന്ന നിലയ്ക്കേ അദ്വൈതത്തിലതിന് സ്ഥാനമുള്ളൂ. ഗീതാഭാഷ്യത്തിൽ ആചാര്യസ്വാമികൾ പറയുന്നു. ''അജ്ഞാനം കൊണ്ടും രാഗാദിദോഷംകൊണ്ടുമൊക്കെ കർമ്മത്തിൽ പ്രവൃ

---

64-ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി - 1985, പുറം-414-415

65- ബ്രഹ്മാനന്ദസ്വാമി ശിവയോഗി - മോക്ഷപ്രദീപം - സിദ്ധാശ്രമം, എഡി-1, 1952- പുറം-71

ത്തനായ യാതൊരാൾക്കാണോ യജ്ഞം കൊണ്ടും ദാനംകൊണ്ടും തപസ്സുകൊണ്ടുമൊക്കെ അന്തഃകരണം ശുദ്ധമായത് (അതിനാൽത്തന്നെ) സർവ്വവും ഏകമാണ്, അകർത്താവായ ബ്രഹ്മം തന്നെയാണ് എന്നുള്ളതായ പരമാർത്ഥവിഷയമായ ജ്ഞാനം ഉല്പന്നമായിരിക്കുന്നത്, അയാൾക്ക് കർമ്മത്തിലോ, കർമ്മഫലത്തിലോ യാതൊരു പ്രയോജനവുമില്ലെങ്കിലും, ലോകസംഗ്രഹാർത്ഥം മുമ്പു ചെയ്തപോലെത്തന്നെ പ്രയത്നപൂർവ്വം അയാൾ കർമ്മത്തിൽ വ്യാപരിച്ചാൽ ആ യാതൊരു പ്രവൃത്തിരൂപം കാണപ്പെടുന്നുവോ അത് കർമ്മമേ അല്ല."[66]

ഇച്ഛ, ക്രിയ, ജ്ഞാനം എന്നീ ആന്തരികഘടകങ്ങളുടെയും, കാലം, ദേശം, ഈശ്വരൻ എന്നീ ബാഹ്യഘടകങ്ങളുടെയും (സാപേക്ഷദൃഷ്ടിയിൽ) ന്യൂനാധികസ്വാധീനം കൊണ്ട് ഉരുത്തിരിയുന്നതാണ് കർമ്മഫലമെന്നതുകൊണ്ട് കർമ്മത്തെ ഫലേച്ഛകൂടാതെ താദാത്മ്യമില്ലാതെ നിർല്ലേപമായി വിവേകപൂർവ്വം ആചരിയ്ക്കാൻ കഴിയണമെങ്കിൽ സ്ഥിതപ്രജ്ഞഭാവം അനിവാര്യമാണ്. ഇങ്ങനെ കർമ്മത്തിൽ സമത്വമാർന്ന യോഗബുദ്ധിയും പ്രതികരണരാഹിത്യവും സംഭവിയ്ക്കുമ്പോൾ രാഗദ്വേഷാദിമാലിന്യങ്ങൾ നീങ്ങി അന്തഃകരണശുദ്ധി കൈവന്ന് സ്വസ്വരൂപമായ സാക്ഷീചൈതന്യം പ്രകാശിക്കുന്നു. പ്രപഞ്ചവിധാനത്തിനുള്ള സമർപ്പണമായി ആചരിയ്ക്കുന്ന കർമ്മങ്ങളെല്ലാം തൽകർത്താവിന് മുക്തിയും, ജഗത്തിന് സർവ്വഹിതങ്ങളും പ്രദാനം ചെയ്യുന്നു. തികഞ്ഞ യാജ്ഞികവീക്ഷണവും ശാസ്ത്രാവബോധവും ഇതിന്നനിവാര്യമാണ്. ഉപകരണഭാവനയോടെയുള്ള ചെയ്തികൾകൊണ്ടേ നിലവിലുള്ള വാസനകൾ അതിക്രമിയ്ക്കാനും പുതിയവ നേടാതിരിയ്ക്കാനും സാധിയ്ക്കൂ. കർത്തൃത്വ-ഭോക്തൃത്വ-ജ്ഞാതൃത്വസമുച്ചയമായ അഹങ്കാരം ഇപ്രകാരമുള്ള വികാസ-സങ്കോചപ്രക്രിയയിലൂടെ വിശ്വവിലീനമാകുന്നു. താദാത്മ്യജന്യമായ ആസക്തിയും അതുനേടാനുള്ള കർമ്മവും അതിന്റെ ഫലമായി വീണ്ടും കർമ്മചക്രത്തിലേയ്ക്കു നയിക്കുന്ന വാസനകളും മറ്റും ഉദാത്തീകരണ(Sublimation)ത്തിലൂടെ സത്വഗുണത്തിലേക്കും അതിനെയും അതിക്രമിച്ച് നിസ്ത്രൈഗുണ്യ(ഗുണാതീത)ഭാവത്തിലേക്കും ഉയരുവാൻ കർമ്മയോഗം (ബുദ്ധിയോഗം) സഹായിക്കുന്നു.

കർമ്മം ജഡമെന്ന് ഉപദേശസാരത്തിന്റെ പ്രാരംഭത്തിൽ രമണമഹർഷിയും സൂചിപ്പിക്കുന്നുണ്ട് - (കർമ്മതജ്ജഡം)[67] പരിണാമിയായ കർമ്മത്തിന് തദനുസൃതഫലമേകാനേ കഴി

---

66-ശ്രീമദ് ഭഗവദ്ഗീത - (ഭാഗം - 2) - ശങ്കരഭാഷ്യ വ്യാഖ്യാനസഹിതം. സ്വാമി ചിദാനന്ദപുരി കൊളത്തൂർ അദ്വൈതാശ്രമം. പുറം-227

67- Ramahra Maharsh - Upadesa Sara -Commentary : Swami Tejomayananda, Central Chinmaya Trust. Edi-1, Page - 5

വുള്ളൂ. മാത്രമല്ല ഫലത്തിന്റെ സ്വഭാവത്തിലും അന്തരമുണ്ട്. ജഡപദാർത്ഥം ഒരേ ഇനത്തിലും ഒരേ തരത്തിലുമുള്ള ഫലമാണ് നൽകുന്നത്. സർവ്വാന്തര്യാമിയായ ജഗൽതത്ത്വം തന്നെയാണ് അനുകൂലവും പ്രതികൂലവും സമ്മിശ്രവുമായ ഫലത്തെ നൽകുന്നത്. കർമ്മത്തിനു മുമ്പ് ആത്മാവ് മാത്രമേയുള്ളൂ. വേറെ യാതൊന്നുമില്ല. അതുകൊണ്ട് സ്വന്തം മായയാൽ തന്നത്താൻ കർമ്മങ്ങൾ ചെയ്യുന്നു.[68]

കർമ്മം നിഷ്ക്കാമമായി ചെയ്യുമ്പോൾ ബദ്ധത(Bondage)യിൽനിന്ന് ബുദ്ധത(enlightment)യെ തിരിച്ചറിയും. ലോകത്തിന്റെ പ്രകൃതം മാറ്റത്തക്കരീതിയിൽ കർമ്മം ചെയ്യാൻ ഒരാൾക്കാകുമെന്നും, മനുഷ്യൻ കർമ്മയോഗത്തിന്റെ സാക്ഷാൽ പരമോച്ചമായ ആദർശത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നും സ്വാമികൾ വ്യക്തമാക്കുന്നുണ്ട്. ശ്രീ വാഗ്ഭടാനന്ദന്റെ അഭിപ്രായവും മറ്റൊന്നല്ല. ''മനസ്സു വികസിക്കട്ടെ, സുരഭിലമായ സ്വഭാവം പ്രത്യക്ഷപ്പെടട്ടെ, ഇന്ദ്രിയങ്ങൾ പ്രശാന്തസുന്ദരങ്ങളും ലോകാരാധനങ്ങളുമായി പരിണമിക്കട്ടെ, ആത്മാവിന്റെ അഖണ്ഡമായ ശക്തിമത്ത തുറക്കപ്പെടട്ടെ. ഇതത്രേ കർമ്മയോഗത്തിന്റെ പരമമായ രഹസ്യം.''[69] ബന്ധനഹേതുവായ കർമ്മത്തിൽനിന്ന് മുക്തിമാർഗ്ഗത്തിലേക്കുള്ള ദിശാസൂചകമായ പരിണാമഗുപ്തിയാണ് കർമ്മയോഗം.

### 2.14. 9. യോഗം

ഇതിനാൽ യോജിപ്പിയ്ക്കപ്പെടുന്നതുകൊണ്ട് യോഗം, ചിത്തവൃത്തികളുടെ നിരോധം, യാതൊന്നിനാൽ പുരുഷൻ മോക്ഷത്തിന് യോഗ്യനായി ഭവിയ്ക്കുന്നുവോ അത് യോഗം എന്നീ അർത്ഥങ്ങളാണ് യോഗത്തിനുള്ളത്.[70] കർമ്മത്തിലൂടെയും, യോഗത്തിലൂടെയും, ഭക്തിയിലൂടെയും ആന്തരികമായ ഉദ്ഗ്രഥനം സംഭവിയ്ക്കുമ്പോൾ അന്തഃകരണം സൂക്ഷ്മമാകുകയും അവയുടെ വൃത്തികൾ ചരമഗതിയിലാകുകയും ചെയ്യുമ്പോൾ സ്വസ്വരൂപത്തെ മറച്ചുപിടിച്ചിരിയ്ക്കുന്നതെല്ലാം അഴിഞ്ഞുവീഴുന്നു. മുൻപറഞ്ഞ ത്രിവിധാനങ്ങളൊന്നുംതന്നെ അതാതിന്റെ നിലയിൽ മോക്ഷോപായങ്ങളല്ല. ഇവയുടെയെല്ലാം ആധാരവുമായി സമന്വയി

---

68- ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി - 1985, പുറം-455-459

69- വാഗ്ഭടാനന്ദന്റെ സമ്പൂർണ്ണ കൃതികൾ - മാതൃഭൂമി പ്രസിദ്ധീകരണം, ദധള1, 988, പുറം-319

70-എൻ. കെ. രാജഗോപാൽ - സംസ്കൃത നിരുക്തകോശം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം-183

പ്പിയ്ക്കുമ്പോഴാണ് ലക്ഷ്യം സാക്ഷാൽക്കൃതമാകുന്നത്. മനസ്സിന്റെ വിഷയങ്ങളിൽമാത്രം ഒതുക്കി നിർത്താതെ വിഷയിയിലേക്കും വ്യാപരിപ്പിയ്ക്കുക എന്നതാണ് ഇവയുടെ ഉദ്ദേശ്യം. വൃത്തിനിരോധമാകുന്ന നിർവ്വികല്പസമാധിയെത്തന്നെ യോഗശാസ്ത്രത്തിന്റെ ആശയങ്ങൾ നന്നായറിഞ്ഞവർ യോഗമെന്നും താൻ ബ്രഹ്മമാണെന്ന ചിന്ത ഒഴുക്കുകയും മറ്റുള്ളവ തള്ളിക്കളയുകയും ചെയ്യുന്നതിനെ അത്യാനന്ദകരമായ നിയമമെന്നും, യാതൊരവസ്ഥയിൽ സുഖമായിത്തന്നെ എപ്പോഴും ബ്രഹ്മചിന്തയുണ്ടാകുമോ അതിനെ ആസനമെന്നും അന്തഃകരണഭാവങ്ങളെ ബ്രഹ്മരൂപമായിഭാവന ചെയ്യുകനിമിത്തം എല്ലാ വൃത്തികളുമടങ്ങുന്നതിനെ പ്രാണായാമമെന്നും താൻ, തന്റേത് എന്നീ ബുദ്ധി വെടിഞ്ഞ് മനസ്സ് ശുദ്ധജ്ഞാനരൂപത്തിൽ മുഴുകുന്നതിനെ പ്രത്യാഹാരമെന്നും സാർവ്വത്രികമായി ബ്രഹ്മത്തെ ദർശിച്ച് ഇളക്കമില്ലാതെ നിർത്തുന്നത് ഉൽക്കൃഷ്ടധാരണയെന്നും ഞാൻ ബ്രഹ്മമെന്ന സദ്വൃത്തിയോടുകൂടിയ സ്ഥിതിയെ ധ്യാനമെന്നും ആദ്യം മനസ്സിന്റെ വൃത്തിയെ വികാരമില്ലാതാക്കി വീണ്ടും ബ്രഹ്മാകാരവൃത്തിയാക്കി എല്ലാ വൃത്തികളെയും തീരെ വിസ്മരിയ്ക്കുന്നതിനെ സമാധിയെന്നും ആചാര്യപാദർ വ്യക്തമാക്കുന്നു.[71] ഇങ്ങനെ യമനിയമാദികളെ മാനസികപ്രക്രിയയ്ക്ക് വിധേയമാക്കി സാധകനെ ബ്രഹ്മദർശനത്തിന് സജ്ജനാക്കുന്നു. നാരായണഗുരുവിന്റെ കാഴ്ചപ്പാടിൽ യാതൊരിടത്തു കാണുന്നവൻ, കാഴ്ച, കാണപ്പെടേണ്ടത് എന്നീ ത്രിപുടി ഇല്ലയോ അവിടെ ഹൃദയം വാസനയുള്ളിടത്തോളം യോജിപ്പിയ്ക്കണം. ഇതാണ് യോഗമെന്ന് യോഗജ്ഞൻ പറയുന്നു എന്നും, തൈലധാരപോലെ മുറിയാതെ ചിത്തവൃത്തി ആത്മാവിൽ നിരന്തരം രമിയ്ക്കുന്നതാണ് യോഗമെന്ന് യോഗികൾ സ്മരിച്ചിരിയ്ക്കുന്നുവെന്നും പരാമർശിച്ചിരിക്കുന്നു.[72]

“രണ്ടു പുറത്തുമായി ആറവസ്ഥ പൂത്ത ഒരു കൊടി വന്നു പടർന്നുകയറി ഉയർന്നിരിക്കുന്ന മരത്തിന്റെ അടിയിൽ തപസ്സനുഷ്ഠിച്ചു കഴിയുന്ന മനുഷ്യന് നരകമുണ്ടാകുകയില്ലെന്ന് ഓർത്തുകൊള്ളണം”[73] എന്ന് ഗുരു ആത്മോപദേശശതകത്തിൽ പറയുമ്പോൾ, മനു

---

71- ശങ്കരാചാര്യർ - സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം - വ്യാഖ്യാനം : ആഗമാനന്ദ സ്വാമികൾ, ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി, 1981, പുറം-301-305

72- ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി - 1985, പുറം-466,467

73-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം-(ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003, പുറം-566 (ശ്ലോകം-9)

ഷ്യശരീരത്തെ വൃക്ഷമായും സുഷുമ്നാനാഡിയെ വള്ളിയായും കല്പിച്ച്, അവനിലെ കുണ്ഡലിനീശക്തിയെ ഉണർത്താൻ തപിക്കുന്ന മനുഷ്യൻ ദുഃഖമുക്തനാകുമെന്നാണ് വിവക്ഷിക്കുന്നത്. ചുരുക്കത്തിൽ ചിത്തവൃത്തികളുമായി മിശ്രീകരിക്കാത്ത സ്വരൂപാവസ്ഥിതിയാണ് അകലങ്ങളില്ലാത്ത അഖണ്ഡാനുഭൂതിയായ സച്ചിദാനന്ദബോധം. ഈ തത്ത്വത്തോടുള്ള കേവലമായ യോഗമാണ് അദ്വൈതം ലക്ഷ്യമാക്കുന്നത്.

### 2.14. 10.ഭക്തി

ഭജിക്കപ്പെടുന്നതുകൊണ്ട് ഭക്തി എന്നാണ് ഭക്തിയ്ക്കുള്ള നിർവ്വചനം.[74] അദ്വൈതജ്ഞാനത്തിന് ഭക്തിയും ഒരു മാർഗ്ഗമാണ്. ആരാദ്ധ്യൻ, ആരാധകൻ, ആരാധന എന്നിവയുടെ ആധാരത്തിലേയ്ക്കുള്ള ഉന്നമനമാണ് ഇതുകൊണ്ട് വിവക്ഷിയ്ക്കുന്നത്. സഗുണസാകാരരൂപത്തിലേയ്ക്ക് നാമരൂപഗുണഭൂഷണങ്ങളോടെ കടന്നുചെന്ന് ഭൗതികാലംബനങ്ങൾകൊണ്ട് ആരാദ്ധ്യമൂർത്തിയെ സംപ്രീതമാക്കുന്ന പ്രാഥമികഘട്ടമാണത്. ശങ്കരാചാര്യരും നാരായണഗുരുവും മറ്റും സ്തോത്രകൃതികളും, പ്രതിഷ്ഠാകർമ്മങ്ങളും നടത്തിയത് ഈ നിലയിലുള്ളവരെ ഉദ്ദേശിച്ചാണ്. എല്ലാ തലങ്ങളിലേയ്ക്കുമിറങ്ങിവന്ന് അതാതു നിലകളിലുള്ളവരെ അവരാശ്രയിക്കുന്ന ആലംബനങ്ങളും പ്രതീകങ്ങളുംവെച്ചുകൊണ്ടുതന്നെ അവയുടെയെല്ലാം ലക്ഷ്യത്തിലേക്കുയർത്തുകയാണ് അദ്വൈതത്തിന്റെ സമ്പ്രദായം. നിരാകരണമെന്നതിലുപരി ഉദാത്തീകരണ(Sublimation)മാണ് അതിന്റെ ഉന്നം. ഒന്ന് അതിനുവേണ്ടിമാത്രം എന്ന വീക്ഷണത്തിൽനിന്ന് വ്യത്യസ്തമായി, എല്ലാം, എല്ലാറ്റിനും, എല്ലാറ്റിലേയ്ക്കുംവേണ്ടി എന്നതാണ് അദ്വൈതത്തിന്റെ ധാത്വർത്ഥം. ഭക്തിയും ഈ നിലയിലാണ് പ്രസക്തമാകുന്നത്.

സൗന്ദര്യലഹരി, ആനന്ദലഹരി, ശിവപഞ്ചാക്ഷരസ്തോത്രം, ശിവതാണ്ഡവസ്തോത്രം, വിഷ്ണു ഭുജംഗസ്തോത്രം, ഗണേശപഞ്ചരത്നം, നർമ്മദാഷ്ടകം, യമുനാഷ്ടകം, വാഗീശീസ്തവം എന്നിങ്ങനെ വിവിധ ദേവതകൾക്ക് ശങ്കരഭഗവത്പാദർ സ്തോത്രമെഴുതിയപ്പോൾ, വിനായകാഷ്ടകം, ഗുഹാഷ്ടകം, ബാഹുലേയാഷ്ടകം, ദേവീസ്തവം, അർദ്ധനാരീശ്വരസ്തവം, ശിവശതകം, വിഷ്ണ്വഷ്ടകം, എന്നിങ്ങനെയുള്ള സ്തോത്രങ്ങൾ ശ്രീനാരായണ ഗുരുദേവനും എഴുതി. പുറംമോടികൾക്കപ്പുറം ഏകവും, അദ്വിതീയവുമായ തലത്തിൽ നിന്നുള്ള

74-എൻ. കെ. രാജഗോപാൽ - സംസ്കൃത നിരുക്തകോശം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999, പുറം-183

അവബോധമാണ് ഇവയുടെ സമാനത. വാക്കുകളുടെ രൂപഭാവങ്ങളും, അർത്ഥവും, ധ്വനിയും, ചമത്ക്കാരവുമെല്ലാം ഏകരസത്തിലൂന്നിയതാണ്. ശങ്കരാചാര്യരുടെ ഹരിമീഡേസ്തോത്രത്തിൽ എല്ലാത്തിന്റെയും ആത്മാവും, ഹൃദയത്തിൽ വിളങ്ങിക്കൊണ്ടിരിയ്ക്കുന്നവനുമായ ഞാൻ തന്നെയാണ് പലതായും പ്രകാശിച്ചുകൊണ്ടിരിയ്ക്കുന്നത്. അതിനാൽ, തന്നെ അറിഞ്ഞു കഴിഞ്ഞാൽ എല്ലാമറിയാനാവും എന്നു ബോദ്ധ്യം വന്ന് തന്റെ തന്നെ ആത്മാവായ യാതൊരീശ്വരനെ സാക്ഷാൽക്കരിച്ചാണോ മുമുക്ഷുക്കൾ കൃതകൃത്യന്മാരായിത്തീരുന്നത്, സംസാരമാകുന്ന അജ്ഞാനത്തെ നശിപ്പിക്കുന്ന ശ്രീഹരിയെ ഞാൻ സ്തുതിയ്ക്കുന്നു.[75] എന്നു കാണാം. നാരായണഗുരുവിന്റെ ഷണ്മുഖസ്തോത്രത്തിലും ഇപ്രകാരമുള്ള പരാമർശങ്ങൾ കാണാം. "എട്ടുകാലി തന്റെയുള്ളിൽ ഒളിഞ്ഞിരിക്കുന്ന നൂലു പറത്തേയ്ക്കു വലിച്ചെടുത്ത് അതുകൊണ്ടു പല രൂപങ്ങളുണ്ടാക്കി കളിച്ചതും, അതേ പ്രക്രിയയെ മാനിച്ചു കൊണ്ടു തന്നെ വീണ്ടും ആ നൂലിനെ തന്റെ ഉള്ളിലേയ്ക്കു വലിച്ചെടുത്തുകൊണ്ട് രമിച്ചുകൊണ്ടിരിക്കുന്നതുപോലെ തന്റെ മായകൊണ്ട് ഭൗതികമായി ഉണ്ടായിത്തീരുന്നതായി കാണപ്പെടുന്ന ഈ പ്രപഞ്ചത്തെ മുഴുവനും നിരന്തരം തന്നിൽനിന്നുതന്നെ പുറത്തേയ്ക്ക് കൊണ്ടുവന്ന്, സൃഷ്ടി നടത്തി, അതിനെ നിലനിർത്തി, അതിനെ തന്നിലേയ്ക്കു തന്നെ ലയിപ്പിച്ചുകൊണ്ട് സകലതിനും ആദികാരണമായിരിക്കുന്ന മൂന്നു ജ്യോതിസ്സുകളായി യഥാക്രമം (ബ്രഹ്മാവായും, വിഷ്ണുവായും, ശിവനായും) പ്രകാശിച്ചുകൊണ്ടിരിക്കുന്ന അനാദ്യന്തസത്യമായിരിക്കുന്ന ഷണ്മുഖ, എന്നെ രക്ഷിച്ചാലും."[76]

ലളിതവും, ഉദാരവും, അലങ്കാരസമ്പൂർണ്ണവുമായ ഭക്തിമാർഗ്ഗം ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, പൂജനം, അഭിവന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നിങ്ങനെ ഒൻപതു തരത്തി(നവധാഭക്തി) ലുണ്ട്. ദ്വൈതവും, വിശിഷ്ടാദ്വൈതവും, ശുദ്ധാദ്വൈതവും സഗുണരൂപിയായ ദേവതാസങ്കല്പത്തിൽ അധിഷ്ഠിതമാണ്. ഈശ്വരന്റെ വെറും ലീല മാത്രമാണ് സംസാരമെന്നും, ഭക്തിയിലൂടെ പരമലക്ഷ്യം സാക്ഷാൽക്കരിയ്ക്കാമെന്നും അവർ വിശ്വസിക്കുന്നു.

---

75- ശങ്കരാചാര്യർ - ഹരിമീഡേ സ്തോത്രം - വ്യാഖ്യാനം : സ്വാമി ജ്ഞാനാനന്ദ സരസ്വതി. ആനന്ദകുടീരം പ്രസിദ്ധീകരണം, 1996, പുറം-13, (ശ്ലോകം - 13)

76- നാരായണ ഗുരു - ഷൺമുഖ സ്തോത്രം - വ്യാഖ്യാനം - മുനി നാരായണ പ്രസാദ്, നാരായണ ഗുരുകുലം, 1989, പുറം-45

### 2.14. 11. ജ്ഞാനം

മുൻപറഞ്ഞ മൂന്നു പദ്ധതികളും ജ്ഞാനത്തിൽത്തന്നെയാണ് പര്യവസാനിക്കുന്നത്. കർമ്മം ശാരീരികതലത്തിലും, യോഗം പ്രാണനെക്രമീകരിച്ചുകൊണ്ട് ജ്ഞാനകർമ്മേന്ദ്രിയങ്ങളുടെ തലത്തിലും ഭക്തി മാനസികതലത്തിലും ജ്ഞാനം ബൗദ്ധികതലത്തിലുമാണ് പ്രസക്തമായിട്ടുള്ളത്. അതാതുനിലകളിൽനിന്ന് ലക്ഷ്യസ്ഥാനത്തിലേയ്ക്കുയർത്തുന്ന ഇവ പരസ്പരപൂരകങ്ങളാണ്. കർമ്മ- യോഗ-ഭക്തിമാർഗ്ഗങ്ങളുടെ ഫലമല്ല ജ്ഞാനം. കാരണം അറിവ് ഇവയുടെയെല്ലാം ആധാരമാണ്. മുൻപറഞ്ഞ മാർഗ്ഗങ്ങളിലൂടെ അന്തർദ്വന്ദ്വങ്ങളെല്ലാം വിരമിയ്ക്കുമ്പോൾ തെളിഞ്ഞു നിൽക്കുന്നതാണ് ശുദ്ധജ്ഞാനം, ആത്മജ്ഞാനം, ബ്രഹ്മജ്ഞാനം എന്നതുകൊണ്ടെല്ലാം വിവക്ഷിക്കുന്നത് ആർജ്ജിക്കേണ്ടതോ, ആയിത്തീരേണ്ടതോ (becomming) അല്ലാത്ത സഹജമായ ഉണ്മ(being)യെയാണ്. ആയിത്തീർന്നതൊന്നും സ്വരൂപമല്ല. അറിയപ്പെടുന്ന വസ്തു, അറിയപ്പെടുന്ന ആൾ, ഇവയെ ബന്ധിപ്പിക്കുന്ന അറിവ് എന്നീ മൂന്ന് ഘടകങ്ങൾ ഏതൊരറിവിലും ഉണ്ട്. ഇതിനെ വേദാന്തത്തിന്റെ സങ്കേതത്തിൽ ത്രിപുടി എന്നു പറയുന്നു. ഇതിൽ അറിയപ്പെടുന്ന വിഷയവും, വ്യക്തിയും രണ്ടാമതൊന്നില്ലാത്ത അറിവിലേയ്ക്കുണരുമ്പോഴാണ് അറിവിന്റെ പൂർണ്ണത ദർശിയ്ക്കാനാകുന്നത്. ഈയൊരവബോധമാണ് സാക്ഷാത്ക്കാരം.

അവിദ്യാനാശം എന്നാൽ സാക്ഷാത്ക്കാരം എന്നുതന്നെയാണ് അർത്ഥമാക്കുന്നത്. ഏകകാലികമായതിനാൽ പൂർവ്വാപരക്രമമായി ഇവയെ പിരിയ്ക്കാനാകില്ല. കാര്യകാരണസംബന്ധവും ഇവയ്ക്കില്ല. തമസ്സിന്റെ ആവരണശക്തിയിൽ ജ്ഞാനം മറയുമ്പോൾ അറിവില്ല, മനസ്സിലാകുന്നില്ല, അനുഭവമില്ല എന്നിങ്ങനെയുള്ള ഭാവങ്ങൾ ഉദയം കൊള്ളുന്നു. ശ്രുതിയിൽ വിവരിയ്ക്കുന്ന ആത്മസ്വരൂപത്തെ മുൻവിധികളൊന്നുമില്ലാതെ എല്ലാ നിലപാടുകളിൽനിന്നും കേട്ടെടുക്കുന്ന ശ്രവണത്തിലൂടെ ലക്ഷ്യമാർഗ്ഗങ്ങളെ ആദ്യം സാമാന്യമായി ഗ്രഹിയ്ക്കുന്നു. വാക്കുകളുടെ ആഴവും പരപ്പും മാനസികമായും ബൗദ്ധികമായും വിചിന്തനം ചെയ്ത് പൂർവ്വാപരവൈരുദ്ധ്യങ്ങളെ നീക്കി ഗ്രഹിച്ച തത്ത്വത്തിൽ ഉറച്ചു നിന്ന് കേട്ടറിഞ്ഞ തത്ത്വത്തെ യുക്തിപൂർവ്വം മനോബുദ്ധികൾക്ക് സുസമ്മതമാക്കുന്ന രീതിയാണ് മനനം. ഈ രണ്ടു പ്രകാരത്തിലും അറിഞ്ഞ തത്ത്വം അറിവിനു വെളിയിലാണ് നിൽക്കുന്നത്. ആവരണത്തിന്റെ സാന്ദ്രതയിൽ ഏറ്റക്കുറച്ചിലുണ്ടാകുമെങ്കിലും, അത് നിശ്ശേഷമൊടുങ്ങുന്നതിന് നിദിദ്ധ്യാസ(ധ്യാന)ത്തിലൂടെയും കടന്നു പോകണം. ശ്രവണമനനങ്ങളിലൂടെ നേടിയെടുത്ത പക്വതയും, ആർജ്ജവവും സാഫല്യമടയുന്നത് ധ്യാനവേളയിലാണ്. ഈയൊരാവരണത്തിന്റെയും

സൂക്ഷ്മപടലം നീങ്ങിയാലേ തത്ത്വവിവേകം ഉണരുകയുള്ളൂ.

ഒരു സത്യാന്വേഷകനുവേണ്ട ഉത്തമഗുണങ്ങളായി ആചാര്യപാദർ നിർദ്ദേശിക്കുന്ന മാനദണ്ഡം വ്യക്തിയുടെ ആന്തരികമായ ഉയർച്ചയിൽ അധിഷ്ഠിതമാണ്. മനുഷ്യർ കല്പിച്ചുകെട്ടിയ വിവേചനങ്ങൾക്കൊന്നും അവിടെ സ്ഥാനമില്ല. സ്വതന്ത്രവും സർവ്വഗതവുമായ ഈ ഔന്നത്യത്തിലേക്ക് മുമുക്ഷുക്കളെ തയ്യാറാക്കുന്നതിന് ശ്രവണ-മനന-നിദിദ്ധ്യാസങ്ങളെയും സാധനാചതുഷ്ടയസമ്പത്തിനെയും കുറിച്ച് ശങ്കരാചാര്യർ വിവരിയ്ക്കുന്നു. അദ്വൈതദർശനത്തിലെ ധാർമ്മികവും നൈതികവും സനാതനവുമായ ഉള്ളടക്കമാണ് അവയിലുള്ളത്. ബ്രഹ്മം സത്യവും, ജഗത്ത് മിഥ്യയുമാണ് എന്ന ദൃഢബോധം, ഇഹലോകത്തിൽ മാത്രമല്ല, പരലോകത്തിൽപ്പോലും തന്റെ കർമ്മഫലം ആസ്വദിക്കണമെന്ന ആഗ്രഹമില്ലായ്മ, ശമം(മനോനിഗ്രഹം), ദമം(ബാഹ്യേന്ദ്രിയ നിഗ്രഹം), ഉപരമം അഥവാ ഉപരതി (സ്വധർമ്മാനുഷ്ഠാനം), തിതിക്ഷ(ദ്വന്ദ്വസഹിഷ്ണുത), ശ്രദ്ധ(വിശ്വാസം), സമാധാനം (ചിത്തൈകാഗ്രത) തുടങ്ങിയവ, തനിക്ക് മോക്ഷം ഭവിക്കണമെന്ന ഉത്കടമായ ആഗ്രഹം എന്നിവയാണ് ബ്രഹ്മസൂത്രത്തിലെ ആദ്യസൂത്രത്തിൽ ബ്രഹ്മവിചാരത്തിനുണ്ടാകേണ്ടതായ അധികാരം മേല്പറഞ്ഞ സാധനാചതുഷ്ടയസമ്പത്തു തന്നെയാണ്.[77]

ലക്ഷ്യം സത്യദർശനവും മാർഗ്ഗം ധർമ്മാചരണവുമായി അദ്വൈതം വ്യപദേശിക്കുന്നു. ബ്രഹ്മാത്മൈക്യം അഭേദജ്ഞാനത്തിലധിഷ്ഠിതമാണ്. മുൻപറഞ്ഞ നിഷ്ഠകളെല്ലാം തന്നെ ചിത്തശുദ്ധിയ്ക്കു വേണ്ടിയുള്ളതുമാണ്. സ്ഥൂല-സൂക്ഷ്മങ്ങളിൽ വ്യാപ്തമായ ജഗദനുഭവത്തെ ഇന്ദ്രിയമനോബുദ്ധികളുടെ തലത്തിലേയ്ക്കൊതുക്കുവാനാകില്ല. കാരണം അറിയുന്തോറും ഇനിയുമറിയപ്പെടേണ്ടവയെക്കുറിച്ചുള്ള അവബോധമാണ് ഓരോ പരീക്ഷണ-നിരീക്ഷണ-ഗവേഷണങ്ങളും നമുക്കേകുന്നത്. അനാദ്യന്തമായി അവ മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കുന്നു. ദ്വന്ദ്വങ്ങളിൽ നിന്നാണ് വിശ്വകടാഹം മുഴുവനുരുത്തിരിയുന്നത്. ഇതിനെ അതിക്രമിച്ച് സമഷ്ടിസത്തയിൽ ഏകീഭവിക്കുമ്പോൾ അറിയിക്കുവാനോ, അറിയാനോ, അറിയപ്പെടാനോ മറ്റൊന്നുമില്ല. അറിവെന്ന സ്വരൂപം മാത്രമാണവിടെയുള്ളത്. സച്ചിദാനന്ദസ്വരൂപം അസ്തി, ഭാതി, പ്രിയം എന്നിവയുടെ സാരമായതിനാൽ അത് സാർവ്വത്രികമായ കേവലതയാണ്. ഈ അർത്ഥത്തിൽ അറിവല്ലാത്തതും, അറിവില്ലാത്തതുമായ ഒന്നുമില്ല. ഇതാണ് ജ്ഞാനമാർഗ്ഗത്തിന്റെ പരമതത്ത്വം.

77- ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം) - പണ്ഡിറ്റ് ഗോപാലൻ നായർ. ഈതോസ്, ബുക്സ്, 1994, പുറം-16

ജ്ഞാന–വൈരാഗ്യലക്ഷണമുള്ളത് നിവൃത്തിലക്ഷണധർമ്മവും, അഹങ്കാരം, മമത ഇവയില്ലാതെ അർപ്പണത്തോടെ ചെയ്യുന്ന കർമ്മങ്ങൾ പ്രവൃത്തിലക്ഷണധർമ്മവുമാണ്. അഥവാ കർമ്മ–ഭക്തി–യോഗങ്ങൾ പ്രവൃത്തിലക്ഷണത്തിലും, ജ്ഞാനയോഗം നിവൃത്തിലക്ഷണത്തിലുമുൾപ്പെടും. ശാസ്ത്രത്തിൽനിന്നും ആചാര്യനിൽ നിന്നും ആത്മാവ് തുടങ്ങിയവയെ കുറിച്ച് അറിയുന്നതാണ് ജ്ഞാനം. ആത്മവിഷയബുദ്ധി ആർക്കുണ്ടോ അവരാകുന്നു പണ്ഡിതർ എന്ന് ഗീതാഭാഷ്യത്തിൽ[78] പണ്ഡിതശബ്ദത്തിന് വ്യാഖ്യാനമേകുന്ന ആചാര്യൻ, പരമപവിത്രമായ ജ്ഞാനംകൊണ്ട് മാത്രമേ മോക്ഷം ലഭിക്കുകയുള്ളൂവെന്ന് ഭിന്നപ്രകാരത്തിൽ അരുളിച്ചെയ്യുന്നു.

ആത്മേതരവും അസംഖ്യവുമായ അഹങ്കാരം മുതലായ കാര്യം യാതൊന്ന് കൊണ്ടറിയപ്പെടുന്നുവോ അത് അനാത്മജ്ഞാനമെന്നും, ഓം തത് സദ് എന്ന് നിർദ്ദേശിക്കപ്പെട്ടതും, ബ്രഹ്മാത്മൈക്യം പ്രാപിച്ചതും കല്പനാദികളോടു കൂടാത്തതുമായ അറിവിനെ പരാജ്ഞാനമെന്നു പറയുന്നതായി ദർശനമാലയിലും[79] ഞാൻ, ഞാൻ എന്ന് എല്ലാവരും പറഞ്ഞു പോരുന്നതൊക്കെ സൂക്ഷ്മമായി ആലോചിച്ചുനോക്കുമ്പോൾ അതിന്റെ ഉള്ളിലെ സാരമായിരിക്കുന്നത് പലതല്ല ഏകമാണ്. ഓരോരുത്തരും വെവ്വേറെയെന്ന തരത്തിൽ തോന്നുന്നതായ ഞാൻ എന്ന ഭാവം അനേകമാണ്. അതു കാരണം ഏകതയുടെയും അനേകതയുടെയും ആകത്തുകയെന്ന തരത്തിലാണ് പരമാർത്ഥത്തിലുള്ള ഞാൻ എന്ന പൊരുൾ അഥവാ ആത്മസത്യം ഉണ്മയായിരിക്കുന്നത്[80] എന്ന് ആത്മോപദേശശതകത്തിലും നാരായണഗുരു വ്യക്തമാക്കുന്നു. ജീവിതോദ്ദേശ്യസിദ്ധിയ്ക്ക് ജ്ഞാനത്തെ ശരണം പ്രാപിയ്ക്കുന്നുവെന്നും ജ്ഞാനം വെളിയിലല്ലാത്തതിനാൽ വിദ്യാഭ്യാസം കൊണ്ട് ജ്ഞാനത്തിന്റെ ആവരണം നീക്കുക മാത്രമേ ചെയ്യുന്നുള്ളൂവെന്ന് വാഗ്ഭടാനന്ദനും പറയുന്നു.[81]

---

78– ശ്രീമദ് ഭഗവദ്ഗീത – (ഭാഗം – 2) – ശങ്കരഭാഷ്യ വ്യാഖ്യാനസഹിതം. സ്വാമി ചിദാനന്ദപുരി കൊളത്തൂർ അദ്വൈതാശ്രമം, എഡി–1, 1999, പുറം–70

79– ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി – 1985, പുറം–455–459, (4–10)

80– നാരായണഗുരു – ആത്മോപദേശശതകം – വ്യാഖ്യാനം : മുനി നാരായണപ്രസാദ്, നാരായണഗുരുകുലം, 1985, പുറം–45

81– വാഗ്ഭടാനന്ദന്റെ സമ്പൂർണ്ണ കൃതികൾ – മാതൃഭൂമി പ്രസിദ്ധീകരണം, 1988, എഡി–1, പുറം–677

### *2.14. 12. മുക്തി:*

ദേശ-കാല-ദ്രവ്യ-കാര്യ-കാരണപരിച്ഛിന്നതകളിൽനിന്നുള്ള ശാശ്വതമായ മോചനമാണ് മുക്തി. ഭാരതീയ-ദർശനത്തിലെ മുഖ്യ പ്രതിപാദ്യവിഷയമാണിത്. താത്ത്വികതലത്തിൽനിന്നു കൊണ്ടുള്ള നിർവ്വചനങ്ങൾക്കും, പരാമർശങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉപരി എങ്ങനെ പ്രായോഗികതയുമായി ഇണക്കാമെന്ന് അനുഭവദൃഷ്ട്യാ അത് വിശദീകരിക്കുന്നു. വ്യക്തമായ ലക്ഷ്യത്തെ ചൂണ്ടി, മാർഗ്ഗനിർദ്ദേശങ്ങളും നൽകി, ഓരോ സാധകനെയും വിവിധ ജീവിതസന്ദർഭങ്ങളിൽവെച്ച് അതിന് തയ്യാറാക്കുന്ന സമ്പ്രദായം അദ്വൈതശാസ്ത്രങ്ങളിലുണ്ട്. ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം മുക്തിയിൽകുറഞ്ഞതൊന്നുമല്ലെന്ന് അവ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുന്നു. ജീവിതനിരാസത്തിൽനിന്നും അതിൽനിന്നുള്ള പാലായനത്തിൽ നിന്നും ഭിന്നമായി ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും അനസ്യൂതം നിലനിർത്തേണ്ടുന്ന ഒരവബോധം കൂടിയാണത്. ബഹ്മതത്ത്വം പരിധിയും പരിമിതിയുമില്ലാത്ത പരമാവധിയും അസ്തിത്വത്തിന്റെയും അറിവിന്റെയും ആനന്ദത്തിന്റെയും ഉള്ളടക്കവുമാണത്. ഈ പരമമായ സ്ഥിതിസമത്വത്തിന്റെ അവബോധമാണ് ഉപാധിയുക്തമാകുമ്പോൾ അപൂർണ്ണതാബോധമായി അനുഭവപ്പെടുന്നത്. കർമ്മ-ഭക്തി-യോഗങ്ങളിലൂടെ അന്തഃകരണം ഇതിനുവേണ്ടി ചിട്ടപ്പെടുത്താമെന്നല്ലാതെ ഇവയുടെ അനുഷ്ഠാനം കൊണ്ട് ഈ ലക്ഷ്യത്തെ വാഗ്ദാനം ചെയ്യാനാകില്ല. അറിവിലുമേറിയറിഞ്ഞ് അറിവിലമരുന്ന ശുദ്ധ-ബുദ്ധ-നിത്യമായ അവസ്ഥയാണ് മുക്തി.

വ്യാവഹാരികനിലയിൽ ഇതിന് നേടേണ്ട അവസ്ഥ എന്നിങ്ങനെയുള്ള ഔപചാരികമായ വ്യാഖ്യാനഭേദങ്ങളുണ്ട്. ജാഗ്രത്-സ്വപ്ന-സുഷുപ്ത്യവസ്ഥകൾക്കതീതമായി തുരീയം എന്ന അവസ്ഥയിലാണ് സച്ചിദാനന്ദബോധം. മാണ്ഡൂക്യോപനിഷത്തിൽ ആത്മാവിന്റെ നാലാംപാദമായ തുരീയാവസ്ഥ അന്തഃപ്രജ്ഞവും, ബഹിപ്രജ്ഞവുമല്ല ബോധവിഷയവുമല്ല, അറിയപ്പെടുന്നതോ അറിയപ്പെടാത്തതോ അല്ല, പറഞ്ഞറിയിക്കുവാൻ പാടില്ലാത്തതും, ഗ്രഹിയ്ക്കാൻ സാദ്ധ്യമല്ലാത്തതും, ഒരു പ്രത്യേക ലക്ഷണത്തിലൊതുങ്ങാത്തതും, ചിന്താതീതവും, ഇന്നതെന്ന് നിർദ്ദേശിയ്ക്കാൻ കഴിയാത്തതും, ഏകാന്തമായ ബോധത്തിന് ഉപകരിയ്ക്കുന്നതും, അതോടൊപ്പം പ്രപഞ്ചബോധത്തെ നശിപ്പിയ്ക്കുന്നതും, ശാന്തവും, ശിവവും, അദ്വൈതവുമാകുന്നു. അങ്ങനെയുള്ള ആത്മാവാണ് അറിയപ്പെടേണ്ടത് എന്ന് വ്യക്തമാക്കു

ന്നു.[81] അത് (ബ്രഹ്മം) പൂർണ്ണമാകുന്നു. ഇത് (ഞാൻ, ജീവൻ) പൂർണ്ണമാകുന്നു. പൂർണ്ണത്തിൽ നിന്ന് പൂർണ്ണം (കാര്യരൂപമായ ജീവജഗത്തുകൾ) ആവിർഭവിക്കുന്നു. പൂർണ്ണത്തെ എടുത്താലും പൂർണ്ണം തന്നെ അവശേഷിക്കുന്നു എന്ന് സത്തയുടെ സഹജമായ പൂർണ്ണഭാവത്തെ ഈശാവാസ്യോപനിഷത്തിലും, ബൃഹദാരണ്യകോപനിഷത്തിലുമുള്ള ശാന്തിമന്ത്രങ്ങൾ നിർദ്ധാരണം ചെയ്യുന്നു.[82] സീമിതമായ ഉഭയാക്ഷങ്ങ(Axis)ളെയും നിരാകരിച്ച് അനിർവാച്യം, അവ്യപദേശ്യം എന്നീ നിർദ്ദേശങ്ങളിലൂടെ, അന്വയവ്യതിരേകന്യായേന, അനന്യമായ തത്ത്വത്തെ, പ്രതിപാദിക്കുന്ന അപരോക്ഷശബ്ദപ്രമാണത്തിലൂടെ ഇതിലെത്തുന്നു. ചില ഉപനിഷത്തുകളിലുൾപ്പെടുന്ന മഹാവാക്യങ്ങൾ ഇത്തരത്തിലുള്ളതാണ്. ശങ്കരാചാര്യർ അരുളുന്നു. ‘‘ഒരുവന് എങ്ങനെ  ഞാൻ ശരീരമാണ്, ഞാൻ പുരുഷനാണ്, ഞാൻ ബ്രാഹ്മണനാണ്, ഞാൻ ശൂദ്രനാണ് എന്ന ഉറച്ച വിശ്വാസമുണ്ടോ അതുപോലെ ഞാൻ ബ്രാഹ്മണനല്ല, ഞാൻ ശൂദ്രനല്ല ഞാൻ പുരുഷനല്ല എന്നാൽ ഞാൻ അസംഗനും സച്ചിദാനന്ദസ്വരൂപനും സർവ്വാന്തര്യാമിയും ജ്യോതിർമ്മയനും ചിദാകാശരൂപനുമാണ് എന്ന അപരോക്ഷജ്ഞാനം ദൃഢമായുറച്ചവനാണ് ജീവന്മുക്തൻ.’’[83]

മുക്തന്റെ അനുഭവവർണ്ണനത്തിൽ, ശുദ്ധൻ, ബുദ്ധൻ, നിത്യസിദ്ധൻ,  ശാന്തൻ, അനന്തൻ, അനാദ്യന്തൻ, അഗമ്യൻ, എന്നിവയെല്ലാം ഞാൻ തന്നെ എന്ന് ആചാര്യൻ പറയുന്നുണ്ട്. വിവേകചൂഡാമണിയിൽ  പരമാത്മ, പ്രത്യഗാത്മാക്കളുടെ ഐക്യ വിഷയവും, നിർവ്വികല്പവും, ചിന്മാത്രവൃത്തിയുമായ പ്രജ്ഞയിലുറച്ചവനാണ് സ്ഥിതപ്രജ്ഞൻ. ബ്രഹ്മത്തിൽ മനസ്സ് ലയിച്ചെങ്കിലും, ജാഗ്രത്തായിട്ടാണ് അയാൾ വർത്തിക്കുന്നത്. എന്നാൽ ജാഗ്രദ്ധർമ്മങ്ങളൊട്ടില്ലതാനും. ആരുടെ ബോധം ആഗ്രഹങ്ങളിൽനിന്ന് മുക്തമാണോ അയാൾ ജീവന്മുക്തനത്രേ[84] എന്നാണ് കല്പിക്കുന്നത്.

---

81- ഉപനിഷത്ത് സർവ്വസ്വം - സമ്പൂർണ്ണമൂലവും, പരിഭാഷയും, ഡി. ശ്രീമാൻ നമ്പൂതിരി, സമ്രാട്ട് പബ്ലിക്കേഷൻസ് - 2001, പുറം - 81

82- ബൃഹദാരണ്യകോപനിഷത്ത്  - ഗുരു നിത്യചൈതന്യയതി,  ഡി.സി.ബുക്സ് -വാല്യം-1, മധുകാണ്ഡം, പുറം - 18 &

ഈശാവാസ്യോപനിഷത്ത് - വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി, നാരായണ ഗുരുകുലം 1992, പുറം 48

83- ശങ്കരാചാര്യർ - തത്ത്വബോധം - പരിഭാഷകൻ - എ. കെ. പ്രഭാകരൻ, ചിന്മയ പബ്ലിക്കേഷൻസ് - 1998, പുറം-61

84- ശങ്കരാചാര്യർ - വിവേകചൂഡാമണി - ശങ്കരാചാര്യർ. വ്യാഖ്യാനം - സ്വാമി ചിന്മയാനന്ദൻ, വാല്യം-2,  വിവ. : സി. ഗോപാലൻ, ചിന്മയ പബ്ലിക്കേഷൻ, എഡി-1, 1988, പുറം- 170-72

ലോകവ്യവഹാരം നടത്തുമ്പോൾ മറ്റുള്ളവർക്ക് അവരുടെ ഔപാധിശേഷികൾക്കനുസരിച്ച് അനുഭവപ്പെടുന്ന വിഭിന്നദൃഷ്ടികൾക്കനുസൃതമായി ശ്രീനാരായണഗുരു ബ്രഹ്മവിത്ത്, ബ്രഹ്മവിദ്വരൻ, ബ്രഹ്മവിദ്വരീയാൻ, ബ്രഹ്മവിദ്വരിഷ്ഠൻ എന്നിങ്ങനെ ജീവന്മുക്തരെ തരം തിരിക്കുന്നുണ്ട്.[85] ജീവന്റെ വിഷയവിനിർമ്മുക്തമായ അവസ്ഥക്കും യോഗപ്രാപ്തിക്കും വേണ്ടി ശുഭേച്ഛാ, വിചാരണാ, തനുമാനസ, സത്ത്വാപത്തി, അസംസക്തി, പരാർത്ഥഭാവിനീ, തുര്യഗാ എന്നിങ്ങനെ സപ്തവിചാരഭൂമികകൾ യോഗവാസിഷ്ഠത്തിലുണ്ട്. സത്ത്വാപത്തിയിൽ ബ്രഹ്മവിത്തായും അസംസക്തിയിൽ ബ്രഹ്മവിദ്വരനായും പരാർത്ഥഭാവിനിയിൽ ബ്രഹ്മവിദ്വരീയാനായും തുര്യഗയിൽ ബ്രഹ്മവിദ്വരിഷ്ഠനായും അതിൽത്തന്നെ വീണ്ടും തിരിവു നടത്തുന്നുമുണ്ട്.[86]

ആത്മദർശനമെന്നത് അവനവനിൽത്തന്നെയുള്ള അവസ്ഥയാണെന്നും ആത്മാവ് ഏകവും അദ്വിതീയവുമായതുകൊണ്ട് ആത്മനിഷ്ഠതന്നെയാണ് ആത്മദർശനമെന്ന് രമണമഹർഷി പറയുന്നു.[87] മനുഷ്യമംഗളത്തിനുവേണ്ടി അദ്ധ്യാത്മശിക്ഷണമേകുന്ന നിത്യമുക്തൻ, വിഷയാസക്തനായ ബദ്ധജീവൻ, മുക്തനാകണമെന്നാഗ്രഹിയ്ക്കുന്നവർ (മുമുക്ഷു), വിഷയചിന്തയില്ലാത്ത മുക്തജീവൻ എന്നിങ്ങനെ ജീവന്മാരെ ശ്രീരാമകൃഷ്ണ പരമഹംസരും വിവേചിക്കുന്നുണ്ട്.[88] ശരീരവും മനസ്സും ബുദ്ധിയും മറ്റും നിമ്നതലശക്തികളുടെ നിയന്ത്രണമറ്റ് അതിമാനസിക നിയന്ത്രണത്തിന് വിധേയമാകുന്ന പ്രക്രിയയാണ് അരവിന്ദമഹർഷിയുടെ ദൃഷ്ടിയിലെ സാക്ഷാൽക്കാരം. പ്രപഞ്ചപരിവർത്തനാർത്ഥം ഇതിന് ആരോഹണ അവരോഹണ ക്രമമുണ്ട്. ഏകവും അനേകവുമില്ലാത്ത ബ്രഹ്മം മാത്രമായൊരവസ്ഥയിൽ അനിർവ്വചനീയശാന്തിയും അതിഗംഭീരമായ നിശബ്ദതയും അനന്തമായ സ്വാതന്ത്ര്യബോധവും തനിക്കു കൈവന്നതായി അദ്ദേഹം പറയുന്നു.[89]

---

85-ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി - 1985, പുറം-474-478

86-യോഗവാസിഷ്ഠം (കൈരളീവ്യാഖ്യാനം) - ഡോ. എൻ. ഗോപാലപ്പണിക്കർ, ശ്രീരാമവിഷൻ പ്രിന്റിംങ് & പബ്ലിക്കേഷൻസ്, 1985,(അവതാരിക)പുറം-31,32

87- രമണമഹർഷി ട്രസ്റ്റ് - രമണദർശനം - കോഴിക്കോട്. എഡി-1, 1985, പുറം-40

88-ശ്രീരാമകൃഷ്ണ മഠം - ശ്രീരാമകൃഷ്ണവചനാമൃതം - വാല്യം-1 വിവർത്തനം - സിദ്ധിനാഥാനന്ദ സ്വാമികൾ, - 1990, പുറം-17

89-ഡോ. കെ. വേലായുധൻ നായർ - അരവിന്ദദർശനം - ട്രസ്റ്റ് പബ്ലിക്കേഷൻസ് - 2000, പുറം-261

ആനന്ദത്തിൽനിന്നു ജനിക്കുന്നതെല്ലാം അതിൽത്തന്നെ ജീവിച്ച് തിരിച്ചതിൽത്തന്നെ എത്തുന്ന ചാക്രികതയാണ് ശിവയോഗിയുടെ ആനന്ദാദർശത്തിന്റെ സൂക്ഷ്മതന്തു. ഉല്പത്തി മുതൽ ലയനാവസ്ഥവരെ ആനന്ദത്തിലാണെന്ന അറിവാണ് മുക്തി. ദുഃഖരഹിതമാണ് ശാശ്വതാനന്ദമെന്ന് യോഗികൾ നിർദ്ദേശിയ്ക്കുമ്പോൾ സച്ചിദാനന്ദസ്വരൂപത്തിലെ പരമ ഏകീഭാവമായ ആനന്ദത്തെത്തന്നെയാണ് വ്യക്തമാക്കുന്നത്. ഉല്പത്തിയ്ക്കും ലയത്തിനും കാരണം ആനന്ദം തന്നെ എന്നദ്ദേഹം പറയുന്നു. ആനന്ദലബ്ധിക്കുള്ള മാർഗ്ഗം ചിത്തവൃത്തിനിരോധനത്തിനൂന്നലേകുന്ന യോഗമാണ്. ആനന്ദസ്ഥാനത്തുതന്നെ ചിത്തവൃത്തികളെ തടഞ്ഞു നിർത്തുമ്പോൾ മറ്റെങ്ങും വ്യാപരിയ്ക്കാതെ ആനന്ദസത്തയിൽ അത് നിറഞ്ഞുനിൽക്കും. ഇപ്രകാരം സച്ചിദാനന്ദവസ്തുവിലുള്ള മനോലയമാണ് മുക്തിയെന്ന് ശിവയോഗികൾ വിവക്ഷിക്കുന്നു.[90] "ക്രോധാദിവിക്ഷേപങ്ങൾ ഇല്ലാത്തവനായതുകൊണ്ട് ശാന്തനും ഗമനാദിക്രിയകൾ ഇല്ലാത്തതുകൊണ്ട് അചലനും സ്വഗതസജാതീയവിജാതീയഭേദരഹിതനും സച്ചിദാനന്ദസ്വരൂപിയുമായ പരമാത്മാവുതന്നെയാണ് ഞാൻ എന്നത്രെ യോഗിയുടെ അനുഭവം. ആ ബ്രഹ്മതത്ത്വംതന്നെയാണ് യോഗിയുടെ വാസ്തവസ്വരൂപമെന്ന്"[91] വിദ്യാരണ്യസ്വാമികളും കുറിക്കുന്നു.

അദ്വൈതദർശനത്തിലെ പ്രധാന ആശയങ്ങളെല്ലാം മറ്റു ദർശനങ്ങളിലും ഭിന്നപ്രകാരത്തിൽ ചർച്ച ചെയ്യുന്നു. ഓരോ തലത്തിലുമുള്ള യാഥാർത്ഥ്യത്തിലാണവ സ്ഥിതി ചെയ്യുന്നത്. ഏകസത്തയുടെ അനുഭവം കരണേന്ദ്രിയങ്ങൾക്ക് അപ്രാപ്യമാണ്. വാക്കുകളുടെ അർത്ഥവും, ധ്വനിയും പരമാവധി വിനിയോഗിച്ച് നിർദ്ദിഷ്ടതത്ത്വത്തെ കൂടുതൽ തെളിമയുറ്റതാക്കുവാൻ എല്ലാ ആചാര്യന്മാരും ശ്രമിച്ചിട്ടുണ്ട്. അരവിന്ദമഹർഷി, ബ്രഹ്മാനന്ദസ്വാമി ശിവയോഗി എന്നീ ആചാര്യന്മാർ ഉൾപ്പെടെയുള്ളവർ സാമ്പ്രദായികമായ അദ്വൈതപദ്ധതിയിൽ നിന്ന് പല ഘട്ടങ്ങളിലും വ്യതിചലിയ്ക്കുന്നുണ്ടെങ്കിലും, അതിന്റെ അടിസ്ഥാനതത്ത്വങ്ങളെ അവർ നിരാകരിച്ചിട്ടില്ല.

---

90- ബ്രഹ്മാനന്ദസ്വാമി ശിവയോഗി - ആനന്ദസൂത്രം- പ്രസാധകൻ - നിർമ്മലാനന്ദയോഗി, ആലത്തൂർ, 1997, പുറം-8

91- രണ്ടു വിദ്യാരണ്യകൃതികൾ- പഞ്ചദശി, ജീവന്മുക്തി വിവേകം- പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1997, പുറം-483,484

ശിഥിലീകരണങ്ങളും നവനിർമ്മിതികളും അരങ്ങുവാഴുന്ന വർത്തമാനകാലത്ത് ബഹു മുഖമായ പ്രതിസന്ധികൾ നിലവിലുണ്ട്. സമാഹരണാധിഷ്ഠിതമായ ഉപഭോഗസംസ്ക്കാരം മനുഷ്യവ്യക്തിത്വത്തെ കീഴ്മേൽമറിക്കുകയും ചെയ്യുന്നു. ഇവിടെയെല്ലാം അസ്തിത്വ ത്തെകുറിച്ചുള്ള ആശങ്കകളും, വ്യാകുലതകളും ഉയരുമ്പോൾ മനുഷ്യസത്തയുടെ പരമമൂ ല്യത്തിന്റെ അഭംഗുരസ്മരണ നിലനിർത്താൻ അദ്വൈതദർശനം സഹായിക്കുന്നു. അറിവിന്റെ സർവ്വതന്ത്രസ്വതന്ത്രതയെ വ്യവസ്ഥകൾക്ക് വിധേയമാക്കുമ്പോഴാണ് സ്ഥിതിസമത്വബോധം അസന്തുലിതമാകുന്നത്. ഇത് വ്യക്തിത്വത്തിൽ വിഘടനം വരുത്തി ഉൾത്തലത്തെ കലുഷി തമാക്കി അപൂർണ്ണതാബോധമായി അസ്വസ്ഥതയായി വളരുന്നു. സമന്വയവും, ഉദ്ഗ്രഥനവും ഉദാത്തീകരണവുമാണ് വിഘടനത്തെക്കാളും, ശിഥിലീകരണത്തെക്കാളും ഇന്ന് എല്ലാ മേഖ ലകളിലും ആവശ്യമായിട്ടുള്ളത്. ഉണ്മയുടെ ഏകതാനതയോട് താളാത്മകമായി വർത്തിക്കുന്ന സ്ഥിതിവിശേഷമാണത്. വ്യാവഹാരികമായ ക്രിയാ-പാഠഭേദങ്ങൾ ഉൾക്കൊള്ളുന്ന, അഭേദാ വബോധത്തിന്റെ സാർവ്വത്രികതയെ നിലനിർത്തുന്ന പരമൈക്യമണ്ഡലം(Ultimate Unified Field) തന്നെയാണ് അദ്വൈതത്തിന്റെ അടിസ്ഥാനമെന്നുള്ളത് വിജ്ഞാനവിസ്ഫോട നത്തിന്റെ ഉത്തരാധുനികഘട്ടത്തിലും ഈ ദർശനത്തെ കൂടുതൽ പ്രസക്തമാക്കുന്നു.

# അദ്ധ്യായം മൂന്ന്

## ആശാൻകവിതയുടെ ദാർശനിക – സാമൂഹിക പശ്ചാത്തലങ്ങൾ

മറ്റ് സാഹിത്യശാഖകളെപ്പോലെ തന്നെ മലയാളകവിതയ്ക്കും അതിവിപുലമായ ദാർശനിക പാരമ്പര്യമുണ്ട്. മലയാളം സ്വതന്ത്രഭാഷയായി വ്യക്തിത്വം കൈവരിക്കുകയും തുടർന്ന് ഭക്തിപ്രസ്ഥാനം നിർണ്ണായകസ്വാധീനം ചെലുത്തുകയും ചെയ്തതോടെ ഭക്തിയെ വൈയക്തികതലത്തിലുള്ള ആവശ്യമെന്നതുപോലെതന്നെ വസ്തുനിഷ്ഠമായും കാണാൻ തുടങ്ങി. പ്രകൃതിവസ്തുക്കളിൽ ദൈവികത കല്പിച്ച് നടത്തുന്ന സർപ്പാരാധന, കാളീപൂജ, അയ്യൻ/അമ്മൻ ആരാധന, പാന, കളമെഴുത്ത്, കളംപാട്ട്, മുടിയേറ്റ്, കാളീപൂജ എന്നിവയ്ക്കുള്ള മതപരമായ ഗാനങ്ങളിലും നാടൻപാട്ടുകളിലുമാണ് ഇത് കൂടുതൽ പ്രകടമാകുന്നത്. യാചനാഭാവത്തിലാരംഭിക്കുന്ന ഭക്തിയുടെ പ്രാഥമികതലം മുതൽ നിർഗ്ഗുണോപാസനയുടെ ഉച്ചകോടിയിൽപ്പെട്ട വേദാന്തഗാനങ്ങൾവരെ ഈ വിഭാഗത്തിലുണ്ട്.

മലയാള കവിതയിൽ ഭക്തിയും ദർശനവും സമരസപ്പെട്ടാണ് കിടക്കുന്നത്. ഭക്തിയിൽ അധിഷ്ഠിതമായ സഗുണസാകാരഭാവത്തിൽ നിന്ന് പരമമായ നിർഗ്ഗുണനിരാകാരതത്ത്വത്തിലേക്കുയരുന്ന സന്ദർഭങ്ങളിലാണ് കവിതയുടെ ദാർശനികതലം അനാവൃതമാകുന്നത്. ആദർശനിഷ്ഠയിലടിയുറച്ച സംസ്ക്കാരികബോധവും മനുഷ്യന്റെ ആത്യന്തികമായ വിമോചനവും ലക്ഷ്യമാക്കിയ ഭക്തിപ്രസ്ഥാനം ആദ്ധ്യാത്മികതയെ കൂടുതൽ ജനകീയമാക്കി. അതിന്റെ സ്വാധീനംകൊണ്ട് മലയാളഭാഷയിൽ ദേവതാസംബന്ധമായ സ്ത്രോത്രങ്ങൾ, കീർത്തനങ്ങൾ, മുക്തകങ്ങൾ, മഹാത്മ്യവർണ്ണനകൾ, സ്തവങ്ങൾ, സാംഗോപാംഗവർണ്ണനങ്ങൾ എന്നിവ ഉണ്ടായി. വാത്മീകിരാമായണവും, കമ്പരാമായണവും ഉപജീവിച്ച് മനോധർമ്മാനുസൃതം രചിച്ച രാമചരിതം, അയ്യിപ്പിള്ള ആശാന്റെ രാമകഥപ്പാട്ട്, നാടോടിപ്പാട്ടുകൾ ഉൾക്കൊള്ളുന്ന ശുദ്ധമലയാള ശാഖ, തമിഴ് മിശ്രശാഖയിലുൾപ്പെടുന്ന നിരണംകൃതികൾ, കിളിപ്പാട്ടുകൾ, തുള്ളൽക്കൃതികൾ, പ്രാചീന/ആധുനിക മണിപ്രവാള കവിതകൾ എന്നിവയിലെല്ലാം അതിന്റെ സ്വാധീനമുണ്ട്.

ഒരു ജനതയുടെ സാംസ്ക്കാരികപശ്ചാത്തലങ്ങളും സർവ്വതോമുഖമായ വികാസപരിണാമങ്ങളും ജീവിതചിന്തകളുടെ സവിശേഷസ്വഭാവങ്ങളും ഗ്രഹിക്കാനുതകുന്ന മൗലികശേഖ

രങ്ങളാണ് നാടൻ പാട്ടുകൾ. ആചാരാനുഷ്ഠാനങ്ങളും വിശ്വാസപ്രമാണങ്ങളും ദാർശനികവിചാരങ്ങളും പ്രകൃതിസൗന്ദര്യവും ലാവണ്യബോധവുമെല്ലാം അവയിൽ സത്യസന്ധമായി വിവരിച്ചിട്ടുണ്ട്. അജ്ഞാതകർത്തൃകങ്ങളായ ഈ പാട്ടുകൾ ജനസാമാന്യത്തിൽ നിന്നുരുത്തിരിഞ്ഞ് തലമുറകളുടെ പാഠാന്തരങ്ങളിലൂടെ കൈമാറ്റം ചെയ്തു വന്നവയാണ്. മതാനുഷ്ഠാനങ്ങൾ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി, സദാചാരം, തത്ത്വജ്ഞാനം, സ്തോത്രം, ഐതിഹ്യം എന്നിങ്ങനെ നിരവധി ശ്രേണികളിൽ അവ ഉൾപ്പെടുന്നു. ആത്മീയാന്വേഷണങ്ങളും അതിൽ നിന്നുള്ള അനുഭൂതിയും ലൗകികതയുമായി ഇടകലർന്നു നിൽക്കുന്ന മതപരവും ദാർശനികവുമായ പാട്ടുകളും അവയിലുണ്ട്.

മൂലക്കിഴങ്ങിനു മൂന്നല്ലോ വള്ളി / മൂലത്തിലാകെ പടർന്നോരു വള്ളി

ജ്ഞാനക്കിഴങ്ങിനു നാലല്ലോ വള്ളി / ജ്ഞാനത്തിലാകെ പടർന്നോരുവള്ളി[1]

തുടങ്ങിയ വേദാന്തപരമായ പാട്ടുകളിൽ മൂലാധാരം സ്വാധിഷ്ഠാനം തുടങ്ങിയ ഷഡാധാരചക്രങ്ങളെയും, ഇഡ, പിംഗല, സുഷുമ്ന തുടങ്ങിയ നാഡികളെയും, നിർവ്വികല്പസമാധിയെയുമാണ് പരാമർശിച്ചിരിക്കുന്നത്. വള്ളോക്കുമ്മി, വാരണപ്പാട്ട് എന്നിവയിലും പരാഭക്തിതലത്തിലുള്ള പരാമർശങ്ങളുണ്ട്. ആരാധനയോടൊപ്പം അന്വേഷണത്തിനും വിശ്വാസത്തോടൊപ്പം വിചിന്തനത്തിനും പ്രാധാന്യം കല്പിച്ചുവന്ന ഇത്തരം പാട്ടുകൾ നിത്യസാധാരണമായ പ്രതീകങ്ങളിലൂടെ ആത്മീയതത്ത്വങ്ങളെ അനുസന്ധാനം ചെയ്യുന്നു. ദുർദ്ദേവതോപാസന മുതൽ ജ്ഞാനതലത്തിലുള്ള നിർഗുണോപാസനയുടെതലംവരെ നാടൻപാട്ടുകളിലുണ്ട്.

പാട്ടിലെയും മണിപ്രവാളത്തിലെയും നല്ല വശങ്ങൾ സ്വാംശീകരിച്ച് പുറംചട്ടയിലും ഉള്ളടക്കത്തിലും നവീനത പ്രകടിപ്പിച്ച് ഭാഷ, വൃത്തം, ഇതിവൃത്തം തുടങ്ങിയവയിൽ സമാനസ്വഭാവം പുലർത്തുന്നവയാണ് നിരണം(കണ്ണശ്ശ)കൃതികൾ. അതിൽ മാധവപ്പണിക്കരുടെ കൃതിയാണ് 'ഭഗവദ്ഗീത'യുടെ ആദ്യവിവർത്തനസംഗ്രഹമായ 'ഭാഷാഭഗവദ്ഗീത'. എഴുന്നൂറ് ശ്ലോകങ്ങളുള്ള ഭഗവദ്ഗീത അതിന്റെ സാരാംശത്തിന് കോട്ടം തട്ടാത്ത വിധത്തിൽ 328 പാട്ടുകളിൽ സംഗ്രഹിച്ചുകൊണ്ടുള്ള ഈ വിവർത്തനം നടത്തിയത് സംസ്കൃതഭാഷ അറിയാത്ത സാധാരണക്കാർക്കുവേണ്ടിയായിരുന്നു. പരമ്പരാഗതമായ സ്തോത്രകൃതികളിൽ നിന്നു വ്യത്യസ്തമായി

1-സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ- സമ്പാ: ഡോ. കെ.എം. ജോർജ്ജ്, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷനൽ ബുക്ക് സ്റ്റാൾ കോട്ടയം-1973, പുറം-98

തത്ത്വദർശനത്തെ ഭാഷാസാഹിത്യത്തിൽ നേരിട്ടവതരിപ്പിക്കുന്നതിലും ഗഹനമായ ഗീതാതത്ത്വങ്ങൾ അയത്നലളിതമായി ഉൾക്കൊള്ളാൻ കഴിയും വിധം മലയാളഭാഷയെ സജ്ജമാക്കുന്നതിലും അദ്ദേഹം വിജയിച്ചു. "കേരളത്തിലെ ഭക്തിസാഹിത്യത്തിൽ രണ്ടാമത്തെ അത്യുന്നതതരംഗം സഹ്യശൃംഗങ്ങൾവരെ പൊങ്ങുകയും, തടഭൂമികളെ മുത്തുകൾകൊണ്ടും രത്നങ്ങൾകൊണ്ടും ഭൂയിഷ്ഠലാവണ്യം കൊണ്ടും ഐശ്വര്യ(ഈശ്വരസത്ത)പൂർണ്ണമാക്കിച്ചെയ്കയുമുണ്ടായത് നിരണം കവികളുടെ കാലഘട്ടത്തിലാണ്. അവരിൽ ആദ്യത്തെ ഋഷിയായിരുന്നു മാധവപ്പണിക്കർ."[2] ഗീതാശ്ലോകങ്ങളെ ചില ഭാഗത്ത് ഭഗ്നക്രമമായി ഭാഷപ്പെടുത്തുകയും മറ്റിടങ്ങളിൽ വിട്ടു കളയുകയും ചെയ്തിട്ടുണ്ട്. ആശയവൈശദ്യത്തിനുവേണ്ടി ശങ്കരഭഗവദ്പാദരുടെ ഭാഷ്യത്തിൽ നിന്ന് യുക്തമായ ഭാഗങ്ങളെ പരിഭാഷപ്പെടുത്തുന്നതായും കാണാം. പദാനുപദമായ തർജ്ജമയോടൊപ്പം സ്വന്തം ആശയങ്ങളും ചില ഭാഗങ്ങളിലുണ്ട്. മൂലത്തിലെ പദങ്ങളും പദസമുദായങ്ങളും ഉപയോഗിച്ചിട്ടുള്ള പാട്ടുകളും അപൂർവ്വമല്ല ഉദാഹരണത്തിന്

അവിനാശിതു തദ് വിദ്ധി / യേന സർവ്വമിദം തതം
വിനാശമവ്യയസ്യാസ്യ / നകശ്ചിദ് കർത്തുമർഹതി
അന്തവന്ത ഇമേ ദേഹാ / നിത്യസ്യോക്താ ശരീരിണഃ
അനാശിനോഽപ്രമേയസ്യ / തസ്മാദ് യുദ്ധ്യസ്വ ഭാരത (ഭഗവദ്ഗീത 2-17,18)[3]

എന്നീ ശ്ലോകങ്ങളുടെ വിവർത്തനമാണ്

ഉണ്ടാം നാളിലുമഴിയും നാളിലു / മുണ്മകൾ അറി കാരണമായെങ്കൽ
തണ്ടാരണിമാർവ്വാ തടിയാർ വഴി / താനവികാരമരൂപവുമായേ
പണ്ടേയുള്ള പരംപൊരുളായേ / പരിപൂർണ്ണവുമായ് നില്പിതു ഞാനേ
ഉണ്ടായഴിവതു രൂപമതല്ലാ / ലുണ്മയ്ക്കൊരു കാലവുമഴിവുണ്ടോ?

(സകലത്തിനും കാരണമായ എന്നിൽ നിന്നുതന്നെ പദാർത്ഥങ്ങൾ എല്ലാം ഉണ്ടാകുന്നു. അവ നശിക്കുമ്പോഴും കാര്യമായ ഘടാദികൾ നശിച്ചാൽ കാരണമായ മണ്ണിലെന്നപോലെ എന്നിൽത്തന്നെ ചേരുന്നതുമാണ്. ഒരു കാലത്തും ഭാവഭേദമില്ലാത്തവനും രൂപരഹിതനും ഇക്കാ

---

2-ലീലാവതി എം (ഡോ.)മലയാള കവിതാ സാഹിത്യ ചരിത്രം- കേരളസാഹിത്യ അക്കാദമി തൃശ്ശൂർ-1980 പുറം-65

3- ഭഗവദ്ഗീതാ സ്വാദ്ധ്യായം - ഗുരു നിത്യചൈതന്യയതി കറന്റ് ബുക്സ്, എഡി-1, 1992, പുറം-146

ണുന്ന പ്രപഞ്ചം മുഴുവനും വ്യാപിച്ചിരിക്കുന്നവനും ആയ പരമാത്മാവ് ഞാൻ തന്നെയാണ്. രൂപമുള്ള- കാര്യ/ദൃശ്യ- വസ്തുക്കൾക്കല്ലാതെ അരൂപനായ-കാരണസ്വരൂപനായ- പരമാത്മാ h ń vHcr e pwA gm nÃ ).[4]

ആദ്ധ്യാത്മികാശയങ്ങളുടെ സർഗ്ഗാത്മകമായ സംവേദനം അളവിലും ഗുണത്തിലും കൂടുതൽ നടന്നത് ഭക്തിപ്രസ്ഥാനത്തിന്റെ കാലത്താണ്. ജാതിമതപരിഗണനകളും ഉച്ചനീചത്വങ്ങളുമില്ലാതെ ജനങ്ങളെ ഏകോപിപ്പിക്കാൻ അതിന് കഴിഞ്ഞു. ദൈവത്തിനു മുന്നിൽ എല്ലാവരും സമന്മാരാണെന്നും വ്യക്തിയുടെ മഹത്വം അവനിലെ ഉൽകൃഷ്ടഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നും അത് ഉദ്ഘോഷിച്ചു. ഉദാരമായ മനുഷ്യസ്നേഹത്തിലും സമർപ്പണത്തിലും അധിഷ്ഠിതമായ നിസ്സ്വാർത്ഥമായ ഭക്തിയെന്ന മനോഭാവത്തിന് പുതിയ മാനമേകിയത് അതിലുൾപ്പെടുന്ന എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയവരാണ്. വൈയക്തികമായ ഉണർവിനോടൊപ്പം സാമൂഹികമായ വിമോചനവും അവർ ലക്ഷ്യമിട്ടു. അതിൽ എഴുത്തച്ഛനെപ്പോലെ ഭക്തിമാർഗ്ഗത്തിലൂടെ അന്തഃസംസ്ക്കരണം നിർദ്ദേശിച്ച കവിയാണ് പൂന്താനം. ജ്ഞാനപ്പാന, സന്താനഗോപാലം, ശ്രീകൃഷ്ണകർണ്ണാമൃതം എന്നിങ്ങനെ നിരവധി കൃതികളും, കീർത്തനങ്ങളും അദ്ദേഹം രചിച്ചു. ഭക്തി, ആത്മസമർപ്പണം, വിഷാദം എന്നീ അന്തർഭാവങ്ങളുടെ കൂറിണക്കം അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്രയാണ്. ഗഹനമായ വേദാന്തതത്ത്വങ്ങളെ ലളിതവും മധുരോദാരവുമായി അവതരിപ്പിച്ച് കൂടുതൽ ജനകീയമാക്കി അന്നത്തെ ജീർണ്ണിച്ച സാമൂഹികവ്യവസ്ഥയ്ക്കെതിരെ ശക്തമായ ചെറുത്തുനില്പ് നടത്തി. ജ്ഞാനപ്പാനയിൽ അദ്ദേഹം എഴുതി.

ഒന്നെന്നുള്ളിലുറയ്ക്കും ജനങ്ങൾക്ക് / ഒന്നുകൊണ്ടറിവാകുന്ന വസ്തുവായ്
ഒന്നിലുമുറയ്ക്കാത്ത ജനങ്ങൾക്ക് / ഒന്നുകൊണ്ടും തിരിയാത്ത വസ്തുവായ്
ഒന്നുപോലെയൊന്നില്ലാതെ കണ്ടതിൽ / ഒന്നായുള്ളൊരു ജീവസ്വരൂപമായ്
ഒന്നിലുമൊരു ബന്ധമില്ലാതെയായ് / നിന്നവൻ തന്നെ വിശ്വം ചമച്ചുപോൽ[5]

രണ്ടില്ലാതെ സ്വയം പ്രകാശിച്ചു നിൽക്കുന്ന പരമാത്മചൈതന്യം അഭിന്നശക്തിയായ മായയിൽ

---

4- നിരണത്ത് രാമപ്പണിക്കർ- ഭാഷാ ഭഗവദ്ഗീത—കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1988- പുറം-31

5- പൂന്താനം നമ്പൂതിരി- ജ്ഞാനപ്പാന- വ്യാഖ്യാനം: പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-2, 1993, പുറം-19

പ്രതിഫലിച്ച് സോപാധികമായ പ്രപഞ്ചപ്രതീതി ഉളവാക്കുന്നു. അതിൽനിന്ന് ആവിർഭവിക്കുന്ന കർമ്മഗതിയിൽ ബ്രഹ്മാവുമുതൽ ചെറുജീവികൾവരെ ബദ്ധരാണ്. നാമരൂപഭേദങ്ങളായി പ്രകടമാകുമ്പോഴും കേവലസത്യം പരിമിതപ്പെടുന്നില്ല. തത്ത്വവിചാരം ചെയ്യാതെ ഈ വ്യവഹാരത്തിൽപ്പെട്ട് ഉഴലുന്നവർക്ക് പരമാത്മസത്യം വെളിപ്പെടുന്നുമില്ല. നശ്വരപ്രപഞ്ചത്തിന് ആധാരമായ ശാശ്വതസത്യത്തെ തിരിച്ചറിയുന്നതിന്വേണ്ടി ഈശ്വരജപവും, ശ്രവണവും കൊണ്ട് ഹൃദയം നിറയ്ക്കുവാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. ജീവിതത്തിന്റെ അസ്ഥിരത മനസ്സിലാക്കിയാൽ അത് വിവേകവൈരാഗ്യങ്ങളിലേക്ക് നയിക്കും. ആസ്തിക്യബോധവും ഭക്തിയും ആത്മാർത്ഥതയും നിറഞ്ഞ പൂന്താനത്തിന്റെ കൃതികളിൽ ശോകാത്മഭാവമാണ് അന്തർധാരയായി വർത്തിക്കുന്നത്.

രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടും പാട്ടുകൃതികളിൽ ശ്രദ്ധേയമാണ്. ഭാഗവതത്തിലെ ലൗകികവിരക്തനായ കുചേലന് വിഭിന്നവ്യക്തിത്വമേകിയാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. ആത്മാർത്ഥതയും സ്വാനുഭവവും ഉൾക്കൊള്ളുന്ന പ്രസ്തുതകൃതി കൂടുതൽ ഹൃദയംഗമമാകുന്നത് പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങളോടടുത്ത് നിൽക്കുന്നതുകൊണ്ടാണ്. പാട്ടുപ്രസ്ഥാനത്തിലെ ആത്മീയതയുടെ സാന്നിദ്ധ്യത്തിന് മുൻപറഞ്ഞ കൃതികളെല്ലാം തെളിവാണ്.

കേരള ഭാഷയും വിഭക്ത്യന്തസംസ്കൃതപദങ്ങളും മാണിക്യവും പവിഴവും പോലെ ഹൃദ്യമായി ചേർന്നതാണ് മണിപ്രവാളം. ഉപരിപ്ലവമായ ഈ കാവ്യസംസ്ക്കാരത്തിന് ആത്മീയതയും താത്ത്വികവീക്ഷണങ്ങളും ജീവിതവിമർശനങ്ങളും അന്യമായിരുന്നു. അതിൽ ദേവതാകീർത്തനങ്ങളുടെ സ്ഥാനം ശൃംഗാരരസപ്രധാനമായ കൃതികൾക്ക് താഴെയായിരുന്നു. അഥവാ അത്തരം കാവ്യങ്ങളിലെ മംഗളശ്ലോകങ്ങളിൽ മാത്രം അവയൊതുങ്ങി നിന്നു. ശൃംഗാരരസത്തിൽ കുതിർന്ന ലൗകികങ്ങളായ അവയിൽ അർത്ഥകാമങ്ങളാണ് നിറഞ്ഞു നിന്നത്. കൃഷ്ണന്റെ ജനനം മുതൽ കംസവധം തൊണ്ണൂറ്റെട്ട് ശ്ലോകങ്ങളിൽ എഴുതിയ വാസുദേവസ്തവം, ചെല്ലൂർനാഥസ്തവം, രാമായണ കീർത്തനം, ചോറ്റാനിക്കരദേവീസ്തവം, സരസ്വതീസ്തവം തുടങ്ങിയവ ഇക്കാലയളവിലെ സ്തോത്രകൃതികളിൽ പെടുന്നു.

സാമൂഹിക ജീർണ്ണതകളെ തുടച്ചു  നീക്കുന്ന പുതിയ കാവ്യസംസ്ക്കാരത്തിന് തുടക്കം കുറിച്ചത് ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നിവരായിരുന്നു. ഭക്തി, തത്ത്വചിന്ത,

സാമൂഹികവിമർശം എന്നിവ കൃതികളുടെ അന്തർന്നാദമാക്കിയ അവർ കാവ്യശാഖയെ ആത്മസംസ്ക്കരണപ്രക്രിയയ്ക്ക് ഉപകരണമാക്കി. അതിൽ നിരണംകവികൾക്ക് ശേഷം മലയാളഗാനശാഖയെ പരിപോഷിപ്പിച്ചവരിൽ ശ്രദ്ധേയനായ കവിയാണ് ചെറുശ്ശേരി നമ്പൂതിരി. ശ്രീകൃഷ്ണന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള ചരിത്രം 47 ഉപാഖ്യാനങ്ങളായി വിവരിക്കുന്ന മഹാകാവ്യലക്ഷണങ്ങളുള്ള കൃഷ്ണഗാഥ(കൃഷ്ണപ്പാട്ട്) കൃഷ്ണഭക്തിയിലൂടെ അന്തഃകരണശുദ്ധിയും സംസ്ക്കരണവും കൈവരിക്കുന്നതിന് വേണ്ടി രചിച്ച ഉൽക്കൃഷ്ടകൃതിയാണ്. ശ്രീകൃഷ്ണനെന്ന പരമാത്മതത്ത്വത്തെ കല്യാണഗുണസമ്പന്നനും സർവ്വൈശ്വര്യയുക്തനും സഗുണസാകാരസമ്പന്നനുമായാണ് അതിൽ അവതരിപ്പിച്ചിരിക്കുന്നത്. കവനപാടവവും വർണ്ണനാഭംഗിയും മസൃണമായ ഫലിതപരിഹാസങ്ങളുടെ പ്രയോഗവും ഗാനാത്മകമായ രചനാശില്പവും കൊണ്ട് ശ്രദ്ധേയമായ ഈ കൃതിയിൽ ഭാരതീയദർശനങ്ങളിലെ പല ആശയങ്ങളും സന്ദർഭോചിതം പ്രയോഗിച്ചിട്ടുണ്ട്.

ചീർത്തുള്ള മേഘത്തിൻ ചാർത്തു പരന്നപ്പോൾ / മാർത്താണ്ഡബിംബം മറഞ്ഞു പോയി
മായയിൽ മൂടിയ മാനസം തന്നിലെ / ജ്ഞാനം മറഞ്ഞങ്ങു പോകും പോലെ[6]

എന്ന് കൃഷ്ണഗാഥയിലെ പ്രാവൃഡ്വർണ്ണനത്തിൽ കാണാം. അവിടെ സൂര്യൻ മേഘങ്ങൾക്കിടയിൽ മറയുന്നതിനെ മായയിൽ പരമാർത്ഥജ്ഞാനം മൂടുന്നതിനോട് കവി താരതമ്യപ്പെടുത്തുന്നു. ഇന്ദ്രനെ പൂജിക്കാൻ തുടങ്ങുന്ന നന്ദഗോപരോട് കൃഷ്ണൻ അരുളുന്ന കർമ്മഗതി പൂർവ്വമീമാംസകരുടെ വീക്ഷണമനുസരിച്ചുള്ളതാണ്.

ഭൂലോകവാസികൾ ചെയ്യുന്ന കർമ്മങ്ങ- / ളാലംബമെന്നതേ വന്നുകൂടൂ
ഉണ്മയെച്ചൊൽകിലോ തന്നുടെ തന്നുടെ / കർമ്മത്തെപ്പൂജിപ്പൂവെന്നേ വേണ്ടൂ[7]

കൃഷ്ണനോടൊപ്പമുള്ള കന്നുകാലികളെയും ഗോപാലകരെയും മറച്ചുവെച്ച ബ്രഹ്മാവ് ഒരുവർഷം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ താൻ മറച്ചുവെച്ചവരെയെല്ലാം വീണ്ടും പഴയതുപോലെ കാണുന്നു. അവിടെ കാഴ്ചയുടെ ഫലമായി പ്രകൃതി(മായയിൽ)യിൽ വന്ന മാറ്റം കൂടി ദ്യോതിപ്പിച്ചിരിക്കുന്നു. ഇതിലൂടെ വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ വീക്ഷണകോണുകളെ അവതരിപ്പിക്കു

6- ചെറുശ്ശേരി നമ്പൂതിരി- കൃഷ്ണഗാഥ- വ്യാഖ്യാനം: ഡോ. ടി. ഭാസ്ക്കരൻ കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ എഡി-3, പുറം-36

7-അതേ പുസ്തകം- പുറം- 154

ന്നു. യോഗനിലയിൽ ഇരിക്കുന്ന ഒരാളിൽ ജീവാത്മപരമാത്മമേളനമാണ് നടക്കുന്നതെന്ന് കൃഷ്ണ ഗാഥയിൽ പലയിടത്തുമുണ്ട്. ഉദാഹരണത്തിന് ശ്രീകൃഷ്ണന്റെ ദേഹാന്ത്യം വിവരിക്കുമ്പോൾ

മൂലസ്ഥനായുള്ള പാവകൻ തന്നെയും / ചാലെ ജ്വലിപ്പിച്ചു ധാരണയാൽ

ദേഹസ്ഥനായുള്ള തന്നെയും മെല്ലവേ / കൂടസ്ഥനായുള്ള തങ്കലാക്കി

പൂർണ്ണമായ് നിന്നുള്ളൊരാനന്ദം തങ്കലേ / ചേർന്നുകൊണ്ടീടിനാൻ ചൊവ്വിനോടെ.[8]

ഇങ്ങനെ കവിതയുമായി ഇണങ്ങുന്ന ദർശനഭാഗങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ ഉണ്ട്.

പ്രാചീനകവിത്രയത്തിൽ അഗ്രിമസ്ഥാനമാണ് മലയാളകവിതയിൽ നൂതനയുഗത്തിന് നാന്ദികുറിച്ച തുഞ്ചത്താചാര്യനുള്ളത്. ഗീതഗോവിന്ദകർത്താവായ ജയദേവരിലൂടെ ഉത്തരേന്ത്യയിൽ ആരംഭിച്ച ഭക്തിപ്രസ്ഥാനത്തിന്റെ കേരളത്തിലെ പ്രതിനിധിയാണ് അദ്ദേഹം. എല്ലാം ജഗന്നിയന്താവിന്റെ ഇച്ഛയ്ക്ക് വിധേയമാക്കി ശരണാഗതിയടയുകയാണ് ഭക്തിപ്രസ്ഥാനത്തിന്റെ കാതൽ. ഈശ്വരന്റെ സ്വരൂപം, സൃഷ്ടിയുടെ കാരണം, മനുഷ്യാവസ്ഥ, വിശ്വത്തിന്റെ സത്ത, മനുഷ്യനും പരംപൊരുളുമായുള്ള ബന്ധം തുടങ്ങിയവയെല്ലാം സഗുണഭാവത്തിലുള്ള ഈശ്വരതത്ത്വത്തോടിണക്കിയാണ് അതിൽ അവതരിപ്പിച്ചത്. വൈശികതന്ത്രം മുതൽ ചന്ദ്രോത്സവംവരെയുള്ള പ്രാചീന മണിപ്രവാളസാഹിത്യം പ്രതിഫലിപ്പിക്കുന്ന സ്ഥൂലമാംസളശൃംഗാരത്തിൽ അഭിരമിച്ചിരുന്ന ജനതയെ ഭക്തിയുടെ അത്യുദാത്തമേഖലകളിലേക്ക് ഉയർത്തിയത് എഴുത്തച്ഛനാണ്. ഒരു കാലഘട്ടത്തിന്റെ സൗന്ദര്യബോധത്തിലും സാംസ്ക്കാരികവീക്ഷണത്തിലും മാറ്റം വരുത്തി ഭാഷയ്ക്കും സാഹിത്യത്തിനും സ്വതന്ത്രവ്യക്തിത്വവും ഭാവഗൗരവവുമേകി കാവ്യപരവും ആദ്ധ്യാത്മികവുമായ പരിഷ്ക്കാരത്തിന് നേതൃത്വം നൽകിയതുകൊണ്ടാണ് അദ്ദേഹം മലയാളഭാഷയുടെ പിതാവെന്നറിയപ്പെടുന്നത്. ജീവിതതത്ത്വങ്ങളുടെയും ആത്മീയമൂല്യങ്ങളുടെയും സ്വകീയവും സ്വതന്ത്രവുമായ ആവിഷ്ക്കാരത്തിനാണ് അദ്ദേഹം പുരാണേതിഹാസങ്ങളെ ആശ്രയിച്ചത്. വാത്മീകിരാമായണത്തിലെ മര്യാദാപുരുഷോത്തമനായ ശ്രീരാമനു പകരം അദ്ധ്യാത്മരാമായണത്തിലെ ഈശ്വരപരിവേഷമുള്ള രാമനെയാണ് ആചാര്യൻ സ്വീകരിച്ചത്. അതിലെ ലക്ഷ്മണോപദേശം, താരയോടുള്ള ഉപദേശം, രാമഹൃദയം, നാരദരാഘവസംവാദം എന്നിവയിലെല്ലാം ഏകവും അദ്വിതീയവുമായ അവബോധത്തിന്റെ നിറവ് അനുവാചകർക്ക്

---

9- ചെറുശ്ശേരി നമ്പൂതിരി- കൃഷ്ണഗാഥ- വ്യാഖ്യാനം: ഡോ. ടി. ഭാസ്ക്കരൻ കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ എഡി-3, പുറം-504

അനുഭവിക്കാം. ബ്രഹ്മസ്വരൂപം, മായ, ഈശ്വരതത്ത്വം, ജഗത്ത്, അവിദ്യ, ജീവന്റെ ഗതിവിഗതികൾ, സാക്ഷാൽക്കാരത്തിന് അനുഗുണമായ ജീവിതക്രമം എന്നിവയുടെ വിവരണം അദ്വൈതവേദാന്തത്തിന്റെ വിവിധതലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. 'ആദ്ധ്യാത്മരാമായണം കിളിപ്പാട്ടി'ലെ ആരണ്യകാണ്ഡത്തിലുള്ള ലക്ഷ്മണോപദേശത്തിൽ സംസാരതത്ത്വം പറയുന്നത് ഇങ്ങനെയാണ്.

ആത്മാവല്ലാതെയുള്ള ദേഹാദിവസ്തുക്കളി- / ലാത്മാവെന്നുള്ള ബോധം യാതൊന്നു ജഗത്ത്രയേ
മായയാകുന്നതതു നിർണ്ണയമതിനാലേ / കായസംബന്ധമാകും സംസാരം ഭവിക്കുന്നു[9]

ബാലിയുടെ നിര്യാണത്തിൽ ദുഃഖിക്കുന്ന താരയെ ആശ്വസിപ്പിക്കുന്നതും ഇത്തരത്തിൽ ശ്രദ്ധേയമാണ്.

നീയും മയാപ്രോക്തമോർത്തു വിശുദ്ധയായ് / മായാവിമോഹം കളക മനോഹരേ,
കർമ്മബന്ധത്തിങ്കൽ നിന്നുടൻ വേർപെട്ടു / നിർമ്മല ബ്രഹ്മണി തന്നെ ലയിക്ക നീ[10]

മഹാഭാരതത്തിലും ഭാഗവതത്തിലും ശ്രീകൃഷ്ണനെ കേന്ദ്രബിന്ദുവായാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. അവയിലെ കൃഷ്ണസ്തുതികളിൽ പരമാത്മതത്ത്വനിർണ്ണയനത്തിന് ഉതകുന്ന പല സന്ദർഭങ്ങളുണ്ട്.

നിശ്ചലൻ നിർമ്മലൻ നിസ്പൃഹൻ നിർമ്മമ-/ നച്യുതനാദ്യനനന്തനാനന്ദാത്മാ
നിർവ്വികാരൻ നിരാകാരൻ നിരാധാരൻ / നിർവ്വികല്പൻ നിരാഖ്യാനൻ നിരാമയൻ[11]

എന്നിങ്ങനെ ഹൃദയഹാരിയായാണ് അവയുടെ വിവരണം നടത്തുന്നത്. 'വാസാംസി ജീർണ്ണാനി' എന്ന ഗീതാശ്ലോക(2-22)[12] മാണ്

ജീർണ്ണവസ്ത്രം കളഞ്ഞമ്പോടുമാനുഷർ / പൂർണ്ണശോഭം നവവസ്ത്രം ധരിച്ചിടും

---

9- തുഞ്ചത്തെഴുത്തച്ഛൻ- അദ്ധ്യാത്മരാമായണം കിളിപ്പാട്ട്- സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം എഡി-6, 1997, പുറം-207

10- അതേ പുസ്തകം- പുറം-270

11- തുഞ്ചത്തെഴുത്തച്ഛൻ- മഹാഭാരതം കിളിപ്പാട്ട്- സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-1, 1967, പുറം-634

12- വാസാംസി ജീർണ്ണാനി യഥാ വിഹായ / നവാനി ഗൃഹ്ണാതി നരോ$f$പരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ- / ന്യന്യാനി സംയാതി നവാനി ദേഹീ
ഭഗവദ്ഗീതാ സ്വാദ്ധ്യായം - ഗുരു നിത്യചൈതന്യയതി കറന്റ് ബുക്സ്, എഡി-1, 1992, പുറം-156

ജീർണ്ണദേഹം കളഞ്ഞവ്വണ്ണം ദേഹികൾ / പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു[13]

എന്ന മഹാഭാരതം കിളിപ്പാട്ടിലെ വിദുരോപദേശത്തിന്റെ സാരാംശം. അദ്വൈതവിചാരത്തിന് ഊന്നലേകി ആചാര്യൻ രചിച്ച പ്രസിദ്ധകൃതിയാണ് ഹരിനാമകീർത്തനം. അതിലെ

ആനന്ദചിന്മയഹരേ ഗോപികാരമണ / ഞാനെന്ന ഭാവമതു തോന്നായ്ക വേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്ന വഴി / തോന്നേണമേ വരദ നാരായണായനമഃ[14]

എന്ന പരാമർശം എല്ലാം ഒന്നായി തോന്നുന്നതിനുള്ള പ്രാർത്ഥനയാണ്. അദ്ദേഹത്തിന്റെ മറ്റൊരു ദാർശനികഗ്രന്ഥമായ ചിന്താരത്നം ബ്രഹ്മനിഷ്ഠനായ ഒരാചാര്യൻ തന്റെ ശിഷ്യയ്ക്ക് അനുഗ്രഹബുദ്ധിയോടെ നൽകുന്ന ഉപദേശമാണ്.

നിർഗ്ഗുണേ, സഗുണവും കേവലേ ദ്വൈതീഭാവ
നിശ്ചയത്വവുമുണ്ടാക്കുന്നു ഭ്രാന്തിയെപ്പോലെ
രജ്ജുവെസ്സർപ്പമെന്നും, ശുക്തിയെത്താരമെന്നും
വസ്തുവെത്തിരിയാതെ തോന്നിക്കുന്നതുപോലെ[15]

സഗുണസാകാരോപാസനയിലൂടെ സച്ചിദാനന്ദസ്വരൂപമായിരിക്കുന്ന നിർഗ്ഗുണബ്രഹ്മത്തെ സാക്ഷാത്ക്കരിക്കാനാകുമെന്ന് അദ്ദേഹത്തിന്റെ കൃതികളെല്ലാം സ്പഷ്ടമാക്കുന്നു. ആത്മസാക്ഷാൽക്കാരവും ലോകഹിതവും വ്യത്യസ്തമല്ലെന്ന് സ്ഥാപിച്ച ആചാര്യൻ ഏകാനുഭൂതിയിലേക്കുള്ള വിവിധമാർഗ്ഗങ്ങളെന്ന നിലയ്ക്കാണ് ഭക്തി-ജ്ഞാന-കർമ്മ-യോഗങ്ങളെ സമന്വയിപ്പിച്ചത്. തദ്വാരാ കവിതയും ദർശനവും തമ്മിലുള്ള പാരസ്പര്യം കൂടുതൽ ഫലപ്രദമാക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു.

കൂത്തും കൂടിയാട്ടവും കഥകളിയുമെല്ലാം നിലനിന്നിരുന്ന കാലത്ത് സാധാരണക്കാരുടെ കലാരൂപമായി തുള്ളൽപ്രസ്ഥാനത്തെ വികസിപ്പിച്ചെടുത്തത് കുഞ്ചൻനമ്പ്യാരാണ്. ആളുകളെ രസിപ്പിക്കുന്ന ഫലിതം, അവരെ കർമ്മോന്മുഖരാക്കുന്ന പരിഹാസം, ആലോചനാമൃതമായ കവി

13- തുഞ്ചത്തെഴുത്തച്ഛൻ- മഹാഭാരതം കിളിപ്പാട്ട്- സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം എഡി-6, പുറം-207

14 രണ്ട് മലയാള മാമറകൾ ഹരിനാമകീർത്തനം, ജ്ഞാനപ്പാന- വ്യാഖ്യാനം- പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997, പുറം-24

15- തുഞ്ചത്തെഴുത്തച്ഛൻ- ചിന്താരത്നം- സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം എഡി-2, 1968, പുറം-89

ത, ഉയർന്ന തത്ത്വചിന്ത, സാമൂഹികവിമർശനം, ഹൃദ്യമായ ഭാഷ, ലൗകികതയും ആത്മീയതയും നിറഞ്ഞ കഥാഖ്യാനം തുടങ്ങിയവയെല്ലാം ഈ പ്രസ്ഥാനത്തിന്റെ സവിശേഷതകളാണ്. പാത്രസൃഷ്ടിയിലൂടെയും പ്രതിപാദനത്തിലൂടെയും ഉദ്ബോധനങ്ങളേകി ധർമ്മച്യുതിക്ക് തടയിടാൻ ശ്രമിച്ച അദ്ദേഹം പുരാണേതിഹാസകഥകൾക്ക് രംഗാവിഷ്ക്കാരമേകിയാണ് തുള്ളൽപ്രസ്ഥാനത്തെ ജനകീയമാക്കിയത്. ആട്ടക്കഥാസാഹിത്യത്തിലും മറ്റും നേരിട്ടുള്ള ദാർശനികാഖ്യാനങ്ങളും തത്ത്വോപദേശങ്ങളും സുലഭമല്ല. അവയുടെ താല്പര്യം പഴമൊഴികളും സാരോപദേശകഥകളുമാണ് ഏറ്റെടുത്തിരിക്കുന്നത്.

കുവലയമലരുടെ പരിമളസാരം/തവളകളറിവാൻ സംഗതി വരുമോ?[16] (നളചരിതം തുള്ളൽ)

കർമ്മദോഷത്താൽ വരുന്ന രോഗങ്ങൾക്ക് ചെമ്മേ കഷായം കുടിച്ചാൽ ഫലിക്കുമോ?[17]

(ഹരിണീ സ്വയംവരം)

തന്നത്താനറിയാഞ്ഞാൽ/പിന്നെത്താനറിഞ്ഞീടും[18] (നാളായണീ ചരിതം)

എന്നിങ്ങനെ അദ്ദേഹത്തിന്റെ തുള്ളൽക്കൃതികളിൽ നിന്ന് നിരവധി ഉദാഹരണങ്ങൾ എടുത്തു കാണിക്കാൻ കഴിയും. മായാബന്ധനത്തിൽ നിന്ന് മുക്തിനേടാൻ ഈശ്വരതത്ത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലിൽ പറയുന്നത് ഇങ്ങനെയാണ്.

ജായാപുത്രമിത്രങ്ങളാകുന്ന സാഗരം നോക്കി
പായാതെ മനക്കാമ്പേ പോയാലും മുദാ ഗംഗാ-
തോയേന കുളിച്ചാലും മായകൾ കുറച്ചാലും
കായാദികളിൽ സ്നേഹിച്ചായാസം വരുത്താതെ
തോയജനയനന്റെ കായത്തെ സ്മരിച്ചാലും[19]

ഇതിൽ നിന്നെല്ലാം ദാർശനികബോധത്തിൽ അടിയുറച്ച ധാർമ്മികവീക്ഷണമാണ് അദ്ദേഹത്തിന്റെ സാമൂഹ്യവിമർശനത്തിന്റെ ആധാരമെന്ന് തെളിയുന്നു.

16-കുഞ്ചൻ നമ്പ്യാർ- കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകൾ- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1976, പുറം-288

17- അതേ പുസ്തകം- പുറം-1019

18- അതേ പുസ്തകം- പുറം- 1149

19-കുഞ്ചൻ നമ്പ്യാർ- കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകൾ- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1976, പുറം-817

ദൈവികവിഷയങ്ങളെ ആശ്രയിച്ച് കാവ്യരചന നടത്തിയ കുഞ്ചൻനമ്പ്യാരുടെ മിക്കകൃതികളിലും സ്തവങ്ങൾ, കീർത്തനങ്ങൾ, ഭഗവദ്സ്തുതികൾ എന്നിവ സുലഭമാണ്. കഥാസന്ദർഭങ്ങളിൽ നിന്ന് വ്യത്യസ്തമായി ആദ്ധ്യാത്മികതത്ത്വത്തിലേക്കുയർന്നതാണ് അദ്ദേഹത്തിന്റെ ദേവതാസങ്കല്പങ്ങൾ. പാശുപതാസ്ത്രലബ്ധിക്കുവേണ്ടി ശിവനെ തപസ്സു ചെയ്യുന്ന അർജ്ജുനനെ കിരാതം തുള്ളലിൽ വിവരിച്ചിരിക്കുന്നത് യോഗസിദ്ധാന്തത്തിന് അനുപൂരകമായാണ്.

അന്നുള്ള ചങ്ങലകളഞ്ചും വെവ്വേറെയാക്കി
ആറിൽ കടന്നൂ പിന്നെ ഏഴുള്ള മാർഗ്ഗത്തൂടെ
എട്ടുള്ള പെട്ടകങ്ങളെട്ടും തുറന്നുവെച്ചു
ഒൻപതാം വാതിലപ്പോൾ ബന്ധനം ചെയ്തു ധീരൻ
പത്തുള്ള ദിക്കിൽക്കൂടെ പേർത്തും സഞ്ചാരം ചെയ്തു
ആയിരം ഇതളുള്ള താമരയിതൾ പല
ഭൃംഗം പറന്നു പല ഭൃംഗികയായുള്ളോരു
പിംഗലയിഡതന്നിൽ പിന്നെ സുഷുമ്ന തന്നിൽ
ഒക്കെ കടന്നു പിന്നെ ദുർഘടനദികളും
ജിഹ്വാപ്രഖണ്ഡത്തിന്റെ അഗ്രേ കടന്നു വീരൻ[20]

'ശ്രീകൃഷ്ണചരിതം മണിപ്രവാള'ത്തിൽ കൃഷ്ണാവതാരസമയത്ത് ശ്രീകൃഷ്ണനെ പരമാത്മാവായി കണ്ട് സ്തുതിക്കുന്ന ഭാഗത്ത് കവി ഇങ്ങനെ പറയുന്നു. "അത്ഭുതം! ജനങ്ങൾക്ക് മനസ്സിൽ ജ്ഞാനമുണ്ടാകായ്ക നിമിത്തമാണ് 'ഞാൻ ചെയ്യുന്നു, എന്റേതാണ്'എന്ന സങ്കുചിത ബോധത്തിൽ നിന്നും ഉടലെടുക്കുന്ന അഹങ്കാരമുണ്ടായിത്തീരുന്നത്. ജ്ഞാനിക്ക് 'ഞാൻ' എന്നു പറയുന്നതിൽ ഈ പ്രപഞ്ചം മുഴുവൻ അടങ്ങിയിരിക്കും. അല്ലയോ സർവ്വവ്യാപിയായ പരമേശ്വരാ! അങ്ങയുടെ ചരിതം മനസ്സിലാക്കിക്കഴിഞ്ഞാൽ, അതിൽ ആനന്ദമല്ലാതെ മറ്റൊരു വികാരവും കാണുകയില്ല."[21] ഒരു ജനതയുടെ ജീവിതത്തെ സമഗ്രമായി സ്പർശിക്കുന്ന ആശ്രയസംക്രമ

20-കുഞ്ചൻ നമ്പ്യാർ- കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകൾ- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1976, പുറം- 199

21- കുഞ്ചൻ നമ്പ്യാർ- ശ്രീകൃഷ്ണചരിതം മണിപ്രവാളം (സവ്യാഖ്യാനം)- വ്യാഖ്യാനം- സാഹിത്യശിരോമണി കെ.കെ. ബാലകൃഷ്ണപ്പണിക്കർ, എച്ച്. & സി. സ്റ്റോഴ്സ്, കുന്നംകുളം, എഡി-5, 1986, പുറം-65

ണവും ധർമ്മോദ്ബോധനവുമാണ് തന്റെ കൃതികളിലൂടെ നമ്പ്യാർ നിർവ്വഹിച്ചത്.

ആട്ടക്കഥാസാഹിത്യരചനയിലൂടെ നൂതനമായ രംഗഭാഷാസംസ്ക്കാരം മലയാളത്തിനു പ്രദാനം ചെയ്ത ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ കഥാഘടനയിലും പാത്രസൃഷ്ടിയിലുമെന്നതുപോലെത്തന്നെ ജീവിതദർശനത്തിലും മിഴിവുറ്റതാണ്. വിധിവിശ്വാസത്തോടൊപ്പം തന്നെ മനുഷ്യന്റെ ഇച്ഛാശക്തിക്കും പ്രയത്നത്തിനും അദ്ദേഹം പ്രാധാന്യം കൊടുക്കുന്ന സന്ദർഭം നളചരിതം ആട്ടക്കഥയിൽ കാണാം. വിധിയുടെ നിയോഗത്താലാണ് വിനാശകാരണമായ ചൂതുകളിയിൽ താനേർപ്പെട്ടതെന്ന് കരുതുന്ന നളനെ ഒരിടത്ത് കാർക്കോടകൻ ഇങ്ങനെ ഉപദേശിക്കുന്നു.

ഏതെന്നാകിലുമിവയെ വിടുമുടനെ, പിന്നെ/ നീ തന്നെ വേണം തവ ഗുണഘടനേ[22]

നിന്റെ ഗുണഘടനയ്ക്ക് നീ തന്നെ വേണം പ്രവർത്തിക്കേണ്ടതെന്നാണ് ഇവിടെ പറയുന്നത്. മനുഷ്യന്റെ ആത്മബലത്തിൽ നിലയൂന്നിയാണ് അദ്ദേഹം ജീവിതാവസ്ഥകളെ നിരൂപണം ചെയ്തത്. സംസാരബന്ധനത്തിൽ നിന്ന് വിട്ടുനിൽക്കുക എളുപ്പമല്ലെന്നും അതിനു കഴിയുന്നവർ അഭിനന്ദനാർഹരാണെന്നും അദ്ദേഹം പറയുന്നു.

ഞാനെന്നുമെനിക്കുള്ളതെന്നും അഭിമാനമെല്ലാവർക്കും തോന്നും
അതു മായം, അതമേയം, അതുമായുന്നതുമല്ലുലകിൽ
കായം പോകിലും, തദുപായം യോഗികൾക്കുപദേശം;
ഗതനാശം, അതിക്ലേശം, പശുപാശം, ജഗദീശം
ചിന്തിപ്പവർ ജനിമൃതിക്ഷയമനുഭവിപ്പവർ[23]

എന്നാണ് കവി ജീവലനെക്കൊണ്ട് മറ്റൊരവസരത്തിൽ പറയിക്കുന്നത്.

വെണ്മണിക്കവികളുടെ കാലത്ത് ജീവിച്ചിരുന്ന എടമരത്ത് വിക്ടർ പഴയപാന, മരണപർവ്വം, വിധിപർവ്വം, മിശിഹാചരിത്രം, സ്തുതിരത്നമാല, കിളിയെക്കൊണ്ട് പാടിക്കുന്ന മട്ടിൽ ഇരുപത്തിനാലു വിവിധവൃത്തങ്ങളിൽ വിരചിച്ച മിശിഹാചരിത്രം എന്നിങ്ങനെ നിരവധി കൃതികൾ എഴുതിയിട്ടുണ്ട്. അവ പദശുദ്ധി, ശയ്യാഗുണം എന്നിവയിൽ മികച്ചു നിൽക്കുന്നു. അതിൽ 'സ്തുതിരത്നമാല'യിലെ

---

23- ഉണ്ണായി വാര്യർ- നളചരിതം ആട്ടക്കഥ-വ്യാഖ്യാനം- ശിരോമണി ദേശമംഗലത്തു രാമവാരിയർ, മാതൃഭൂമി പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ലിമിറ്റഡ്, കോഴിക്കോട്, എഡി-2, 1955, പുറം-132

അക്ഷയൻ നീ രക്ഷകൻ നീയിക്ഷിതിതലേ പുരാ
അക്ഷിഗോചരപ്രകാരമുത്ഭവിച്ച ദൈവമേ
ലക്ഷ്യമെന്യേ വന്നു ഹന്ത ചിന്തയുറ്റു നിത്യവും
രക്ഷമാർഗ്ഗമേകിടേണമെന്നിലീശൊ പാഹിമാം[25]

എന്ന ഭാഗം ക്രൈസ്തവദർശനവുമായി ബന്ധപ്പെട്ടു കിടക്കുന്നു.'ലക്ഷ്യമില്ലാതെ അലയുന്ന മനുഷ്യജീവിതത്തിന് രക്ഷാമാർഗ്ഗം അരുളുവാനാണ് ക്രിസ്തുദേവനോട് ആവശ്യപ്പെടുന്നത്. രക്ഷയിലൂടെ ആത്മസമർപ്പണവും സത്യസാക്ഷാൽക്കാരവുമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

നാടുവാഴിത്തത്തിന്റെയും ജാതീയതയുടെയും ഫലമായുണ്ടായ സാമൂഹികമായ ഉച്ചനീചത്വങ്ങൾകൊണ്ട് കലുഷിതമായ അന്തരീക്ഷത്തിലാണ് ശ്രീനാരായണഗുരുദേവനും ചട്ടമ്പിസ്വാമികളും പ്രവർത്തിച്ചത്. മേലാളവിഭാഗത്തിന്റെ  അധികാരപ്രാമാണ്യത്തെ അവർ തങ്ങളുടെ രചനകളിലൂടെയും സർവ്വതോമുഖമായ പ്രവർത്തനങ്ങളിലൂടെയും ചോദ്യം ചെയ്തു. അദ്വൈതവേദാന്തചിന്തയിൽ അധിഷ്ഠിതമായ സാമൂഹികപരിഷ്ക്കരണമെന്നപോലെ സർഗ്ഗാത്മകപ്രവർത്തനങ്ങളിലും അവർക്ക് വിപുലമായ സംഭാവനകൾ നൽകാൻ കഴിഞ്ഞു. സംഗീതത്തിലും നൃത്തത്തിലും തല്പരനായ ചട്ടമ്പിസ്വാമികളിൽ കവിഹൃദയം കൂടി ഉണ്ടായിരുന്നു.

ലോലക്കണ്ണാം സുമത്തിൻ ചെറുമുനയണുവോളം ചുളിച്ചൊന്നു നോക്കും
കാലത്തെല്ലാ പ്രപഞ്ചങ്ങളുമരനൊടിയിൽ തോന്നിനിന്നങ്ങുമായും
കൂലം വിട്ടോരു ശക്തിക്കുടയവളവളെൻ ചിത്തരംഗത്തിലാടും
ബാലപ്പെൺ കല്പകപ്പൂംകൊടി തവ മനമാം ദാരുവിൽ ചുറ്റിടട്ടേ[26]

തുടങ്ങിയ അദ്ദേഹത്തിന്റെ ശ്ലോകങ്ങൾ സത്യസാക്ഷാൽക്കാരത്തിന്റെ സൗന്ദര്യാനുഭൂതിയെ വെളിപ്പെടുന്നവയാണ്.

സാമൂഹികപരിഷ്ക്കർത്താവും നവോത്ഥാനനായകനുമായിരുന്ന ശ്രീനാരായണഗുരുവിന്റെ സംഭാവനകളും ദാർശനികസാഹിത്യത്തിന് വലിയ മുതൽക്കൂട്ടാണ്. ആത്മോപദേശ ശതകം, ബ്രഹ്മവിദ്യാപഞ്ചകം, അദ്വൈതദീപിക, ജനനീനവരത്നമഞ്ജരി തുടങ്ങിയ അദ്ദേഹത്തിന്റെ കൃതി

24- ഉണ്ണായി വാര്യർ- നളചരിതം ആട്ടക്കഥ-വ്യാഖ്യാനം- ശിരോമണി ദേശമംഗലത്തു രാമവാരിയർ, മാതൃഭൂമി പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ലിമിറ്റഡ്, കോഴിക്കോട്, എഡി-2, 1955, പുറം-143

25-ചുമ്മാർ ടി.എം. പദ്യ സാഹിത്യ ചരിത്രം - നാഷനൽ ബുക്ക് സ്റ്റാൾ കോട്ടയം-1973, പുറം-193

കൾ ദേവതോപാസനാതലംമുതൽ സത്യാനുഭവതലംവരെ ബന്ധപ്പെട്ടു കിടക്കുന്നു. അബദ്ധവിശ്വാസങ്ങളും അനാചാരങ്ങളും അദ്വൈതസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നിരാകരിച്ച ഗുരു പ്രസ്തുത ചിന്തകളുടെ ആഴവും പരപ്പും കൃതികളിലൂടെ സാധാരണക്കാർക്ക് ഗ്രഹിക്കാൻ കഴിയത്തക്കവിധത്തിൽ അവതരിപ്പിച്ചു. അസാധാരണ കവിതാമാധുര്യവും ആത്മീയാനുഭൂതിയുടെ നിറവും ഉൾക്കൊള്ളുന്ന ലളിതസുന്ദരമായ പ്രസ്തുത കൃതികൾ സാമൂഹികപ്രവർത്തനമെന്നതുപോലെ തന്നെ ഭാഷയ്ക്ക് ദിശാബോധവും ഭാവഗരിമയും പ്രദാനം ചെയ്തു. സംഘർഷരഹിതമായ സാമൂഹികവിപ്ലവത്തിന് വഴിയൊരുക്കാനും പുതിയ ഉണർവ് പ്രദാനം ചെയ്യാനും ഇതിലൂടെ അദ്ദേഹത്തിന് കഴിഞ്ഞു. ഇഷ്ടദേവതോപാസനാസംബന്ധമായ സ്ത്രോത്രകൃതികൾ, പ്രബോധനകൃതികൾ, പ്രകരണഗ്രന്ഥങ്ങൾ, വിവർത്തനങ്ങൾ എന്നിവ മലയാളത്തിലും സംസ്കൃതത്തിലും തമിഴിലും അദ്ദേഹത്തിന്റേതായുണ്ട്. തികഞ്ഞ സ്വാനുഭൂതിസമ്പത്തുകൊണ്ടും പക്വമായചിന്തകൊണ്ടും കാവ്യസൗന്ദര്യംകൊണ്ടും ആശയപരമായ ഔന്നത്യംകൊണ്ടും പ്രസ്തുത രചനകൾ മികച്ചു നിൽക്കുന്നവയാണ്.

ഇന്ദ്രിയങ്ങളിലൂടെ ഉപലബ്ധമാകുന്ന പ്രപഞ്ചാനുഭവങ്ങളുടെ മൂല്യത്തെ പരമമായ ആത്മജ്ഞാനത്തിന്റെ ദൃഷ്ടിയിൽ നിരൂപണവിധേയമാക്കുകയാണ് ഗുരുദേവൻ കൃതികളിലൂടെ ചെയ്യുന്നത്. വിവിധപ്രകാരത്തിലുള്ള സ്പന്ദനങ്ങളിലൂടെ പ്രതിഭാസിക്കുന്ന വിശ്വത്തിന്റെ നാനാത്വത്തെ സ്വരൂപനിഷ്ഠമായ അറിവിന്റെ അദ്വയഭാവത്തിൽ സമന്വയിപ്പിക്കുകയാണ് അവിടത്തെ കൃതികൾ. അഭേദദർശനമായ വേദാന്തചിന്തകളെ മാനുഷികൈക്യത്തിന് ഊന്നലേകി വ്യാഖ്യാനിക്കുകയും അവയെ സാംസ്ക്കാരിക ജീർണ്ണതകൾക്കെതിരെ ശക്തമായ നിലപാടുകൾ കൈക്കൊള്ളാൻ ഉപയുക്തമാക്കുകയും ചെയ്തു. മനുഷ്യരെ വിഭജിക്കുന്ന എല്ലാ കെട്ടുപാടുകൾക്കുമെതിരെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കൈക്കൊണ്ട നിലപാടുകൾ സമൂഹത്തിന് പുതിയ ഉണർവും ദിശാബോധവുമേകി. അന്നുവരെ വികേന്ദ്രീകൃതമായി കിടന്ന സത്സംരംഭങ്ങളെയെല്ലാം ക്രോഡീകരിച്ച് ഏകലക്ഷ്യത്തിലേക്കു നയിക്കാൻ ഗുരുദേവന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് സാധിച്ചു. ആത്മസാക്ഷാൽക്കാരത്തിൽ അധിഷ്ഠിതമായ വ്യക്തിവിമോചനത്തോടൊപ്പം അതിന്നനുപൂരകമായ സാമൂഹികവിമോചനവും ഗുരു ലക്ഷീകരിച്ചു. ''ഞാൻ,

26- പരമേശ്വരൻ പിള്ള എരുമേലി (പ്രൊഫ.)- മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ-കറന്റ് ബുക്ക്സ്, എഡി-8, 1996 പുറം-203

നീ, അവൻ, ഇവൻ എന്നിങ്ങനെ വേർതിരിച്ചറിയുന്നതൊക്കെ സത്യമെന്തെന്നു വിചാരം ചെയ്തറിഞ്ഞാൽ ഈ പ്രപഞ്ചത്തിൽ ആദികാരണമായി വർത്തിക്കുന്ന ബോധഘനമായ പരമാത്മാവു തന്നെയാണ്. അതുകൊണ്ട് ഓരോരുത്തരും സ്വന്തം സുഖത്തിനായ് ചെയ്യുന്ന കർമ്മമെല്ലാം മറ്റുള്ളവരുടെയും സുഖത്തെ മുന്നിൽക്കണ്ടുകൊണ്ടായിരിക്കണം"[27] എന്നാണ് ഗുരുവരുളുന്നത്. ഇത്തരം സത്യനിർണ്ണയനങ്ങൾ മലയാളത്തിന്റെ ദാർശനികശാഖയ്ക്ക് വന്മുതൽക്കൂട്ടേകി.

ഇരുപതാം ശതകത്തിലാണ് മലയാളസാഹിത്യത്തിൽ കാല്പനികപ്രസ്ഥാനം (Romantic) നാമ്പെടുക്കുന്നത്. വികാരതീവ്രവും ആദർശാത്മകവും ഭാവനാപ്രധാനവുമായ വൈയക്തി കാവിഷ്ക്കാരമായിരുന്നു ഇക്കാലത്തെ സാഹിത്യകൃതികൾ. കാല്പനികതയെ സമഗ്രമായി പ്രതിഫലിപ്പിച്ചത് ആഖ്യാനസ്വഭാവത്തിൽ അധിഷ്ഠിതമായ ഖണ്ഡകാവ്യങ്ങളായിരുന്നു. വർണ്ണ്യവസ്തുവിന്റെ ബാഹ്യമോടികൾക്കുപരി അതിന്റെ ഉള്ളറകളിലേക്ക് വെളിച്ചംവീശി സ്വകാര്യഭാവനകളെ ഉദ്ദീപ്തമാക്കുന്നതായിരുന്നു കാല്പനികതയുടെ ദർശനം. എ.ആർ. രാജരാജവർമ്മയുടെ മലയവിലാസം, വി.സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം, വിശ്വരൂപം, നാലാപ്പാട്ട് നാരായണമേനോന്റെ കണ്ണുനീർത്തുള്ളി എന്നിവയാണ് ഈ ഘട്ടത്തിലെ ആദ്യതലമുറയിൽപ്പെട്ടവരുടെ പ്രധാനകൃതികൾ. അതിൽ പ്രപഞ്ചപ്രതിഭാസങ്ങളെ കാലാതിവർത്തിയായ മാനത്തിലേക്കുയർത്തുന്ന വി.സി.ബാലകൃഷ്ണപ്പണിക്കരുടെ കവിതകൾ ഇക്കാലത്തുണ്ടായതാണ്. " വി.സി.യെ സംബന്ധിച്ചിടത്തോളം സൗന്ദര്യോപാസന, ദീർഘകാലത്തെ മനനദ്ധ്യാനങ്ങളിലൂടെ തത്ത്വജ്ഞാനികൾക്ക് സാക്ഷാത്ക്കരിക്കാനാവുമെന്നു വിശ്വസിക്കുന്ന സത്യദർശനമാകുന്നു."[28] ഒരു സായാഹ്നത്തിൽ കോഴിക്കോട് കടപ്പുറത്ത് നിന്ന കവിയുടെ മനസ്സിൽ ദൃശ്യഭംഗികളുണർത്തിയ സൗന്ദര്യബോധത്തിന്റെ ദാർശനികമായ ആവിഷ്ക്കാരമാണ് 'വിശ്വരൂപ'മെന്ന കൃതി.

എല്ലാമസത്യ, മിതുമല്ലിതുമല്ല സത്യ- / മെന്നോതുമിങ്ങനെ മറഞ്ഞരുളുന്നു തത്ത്വം[29]

എന്നിങ്ങനെ പ്രകൃതിദൃശ്യങ്ങളെ ഔപനിഷദമായ സത്യനിർണ്ണയനത്തിന് വിധേയമാക്കുന്നു.

---

27- അവനിവനെന്നറിയുന്നതൊക്കെയോർത്താൽ / അവനിയിലാദിമമായൊരാത്മരൂപം

അവനവനാത്മസുഖത്തിനാചരിക്കു-/ന്നവയപരന്നു സുഖത്തിനായ് വരേണം

ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003, പുറം-598, (ശ്ലോകം-24)

വിഷൂചിക ബാധിച്ച് മരിച്ച ഭാര്യയുടെ അന്ത്യയാത്രയ്ക്ക് സാക്ഷിയാകേണ്ടി വന്ന ഒരു യുവാവിന്റെ മനോഗതങ്ങളാണ് 'ഒരു വിലാപ'മെന്ന കൃതിയിലൂടെ വി.സി. വരച്ചു കാട്ടുന്നത്. വിശ്വചലനത്തിൽ തോന്നുന്ന രൂപഭാവങ്ങളാണ് സൃഷ്ടിയെന്നും മരണത്തിലൂടെ തുടങ്ങിയേടത്തു തന്നെ ഒടുങ്ങുകയാണെന്നുമുള്ള ജീവിതദർശനമാണ് അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്നത്. ഇവിടെ വിഷാദാത്മകതയെ തത്ത്വചിന്തയിലേക്ക് നയിച്ച് പ്രപഞ്ചരഹസ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയാണ് കവി. ഇങ്ങനെ ഭാവുകത്വത്തെ വിവിധതലങ്ങളിലൂടെ സുസംസ്കൃതമാക്കി പുതിയൊരു സംവേദനക്ഷമതയും സൗന്ദര്യബോധവും നൽകാൻ മലയാളകവിതാ സാഹിത്യത്തിലെ ദാർശനികശാഖയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

***<u>ആശാൻകവിതയുടെ സാമൂഹിക പശ്ചാത്തലം</u>***

മനുഷ്യന്റെ ആത്മീയചോദന(Spiritual urge)യെ തൃപ്തിപ്പെടുത്താനുള്ള ആശയസമ്പന്നത, സത്യാന്വേഷണം, ധാർമ്മികമൂല്യങ്ങൾക്ക് വേണ്ടിയുള്ള ചെറുത്തുനിൽപ്പ്, സ്ഥലകാലാനുസൃതമായ പാഠാന്തരങ്ങൾക്കുള്ള സന്നദ്ധത എന്നിവ ആശാൻ കവിതകളുടെ പ്രത്യേകതകളാണ്. മലയാളത്തിലെ ദാർശനിക കാവ്യപാരമ്പര്യത്തിന്റെയും അന്നത്തെ സാമൂഹികപശ്ചാത്തലത്തിന്റെയും സദ്ഫലങ്ങളെ തന്റെ കൃതികളിൽ ഫലപ്രദമായി സമന്വയിക്കാൻ കഴിഞ്ഞതിന്റെ ഫലമാണത്. ആശാൻകൃതികളിലെ താത്ത്വികവും പ്രായോഗികമായ അദ്വൈതദർശനം അവലോകനം ചെയ്യുന്നതിനു മുമ്പ് അത് ഉരുത്തിരിഞ്ഞു വന്ന സാമൂഹിക, സാംസ്ക്കാരിക പശ്ചാത്തലംകൂടി പരിശോധിക്കേണ്ടതുണ്ട്. ദേശീയപ്രസ്ഥാനം, പാശ്ചാത്യ അധിനിവേശം, ശ്രീനാരായണഗുരുവിന്റെ സ്വാധീനം, സാഹിത്യസംബന്ധമായ സാഹചര്യങ്ങൾ എന്നിവയുമായി അത് ബന്ധപ്പെട്ടിരിക്കുന്നു.

***<u>ദേശീയ പ്രസ്ഥാനം</u>***

ബ്രിട്ടീഷാധിപത്യത്തിനു കീഴിൽ രാഷ്ട്രീയമായ അടിമത്തവും സാമ്പത്തികമായ അധഃ

---

28- പരമേശ്വരൻ പിള്ള എരുമേലി (പ്രൊഫ.)- <u>മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ</u>-കറന്റ് ബുക്ക്സ്, എഡി-8, 1996 പുറം-194

29- ബാലകൃഷ്ണപ്പണിക്കർ വി.സി.-<u>ഒരു വിലാപം വിശ്വരൂപവും</u>- പഠനം, വ്യാഖ്യാനം- ഡോ.ജോർജ്ജ് ഇരുമ്പയം, കറന്റ് ബുക്ക്സ്, എഡി-1, പുറം-56, ശ്ലോകം-43

പതനവും സാംസ്ക്കാരികവും സാമൂഹികവുമായ അവഗണനയും ഭാരതത്തിന് ഉണ്ടായി. ഇതിനെതിരെയുണ്ടായ ശക്തമായ പ്രതിഷേധമായിരുന്നു 1857-ലെ വിപ്ലവം. ഭാരതീയ പൈതൃകത്തിലുള്ള അഭിമാനബോധവും പാശ്ചാത്യ ആശയങ്ങളുമായുള്ള സമ്പർക്കവും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നേടിയ പുതിയ ഉൾക്കാഴ്ചയും ലക്ഷ്യബോധവും സാമൂഹികപരിഷ്ക്കരണങ്ങൾക്ക് അന്ന് നേതൃത്ത്വം കൊടുത്തവർക്ക് തുണയായി. ജാതി, മതം, വർഗ്ഗം, പ്രദേശം, വിഭാഗം, വിശ്വാസം, ആചാരവിചാരങ്ങൾ എന്നിവയുടെ പേരിൽ വിഘടിച്ചു നിന്നിരുന്ന ജനതയുടെ വൈകല്യങ്ങളും ദൗർബ്ബല്യങ്ങളും പാശ്ചാത്യരുടെ കടന്നുകയറ്റത്തോടെ കൂടുതൽ അഭിവ്യക്തമായി. ഭാരതീയമായ ആശയങ്ങളിൽ വിശ്വാസമർപ്പിക്കുന്നതോടൊപ്പം പാശ്ചാത്യമായ ശാസ്ത്രീയയുക്തികളും സിദ്ധാന്തങ്ങളും സ്വീകരിക്കാൻ പലരും സന്നദ്ധരായി. ഭാരതത്തിന്റെ സമഗ്രമായ സ്വാതന്ത്ര്യത്തിന് വിഘാതമായിരിക്കുന്നത് ആന്തരികമായ അസമത്വങ്ങളും വിവേചനങ്ങളുമാണെന്ന് അന്നത്തെ സാമൂഹികപരിഷ്ക്കർത്താക്കൾ തിരിച്ചറിഞ്ഞു. ഇത് അവസാനിപ്പിക്കുന്നതിന് സ്വാതന്ത്ര്യം, സ്ഥിതിസമത്വം, ജനാധിപത്യം, മാനവികത, ദേശീയത എന്നിവ ഉൾക്കൊണ്ട് നിരവധി പ്രസ്ഥാനങ്ങളിലൂടെ ബഹുജന മുന്നേറ്റങ്ങൾ ഉണ്ടായി. ഇതിൽ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ സംസ്ക്കരണത്തിന് തുടക്കമിട്ടത് രാജാറാം മോഹൻ റായ് ആയിരുന്നു. അദ്ദേഹം 1815-ൽ സ്ഥാപിച്ച ആത്മീയസഭയും 1828-ൽ സ്ഥാപിച്ച ബ്രഹ്മസമാജവും അയിത്തം, അടിമത്തം, സതി, ശിശുവിവാഹം, ജാതിവ്യവസ്ഥ തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരെ പോരാടി. രാധാകാന്ത് ദേവിന്റെ ധർമ്മസഭ(1829), ദേവേന്ദ്രനാഥടാഗൂറിന്റെ തത്ത്വബോധിനിസഭ(1839), സ്വാമി ദയാനന്ദ സരസ്വതിയുടെ ആര്യസമാജം(1875), സാർവ്വലൗകിക സാഹോദര്യത്തെ ആസ്പദമാക്കി സൊരാഷ്ട്ര, ഹൈന്ദവ, ബുദ്ധമതങ്ങളുടെ ശാക്തീകരണത്തിനുവേണ്ടി മാഡം എച്ച്.പി.ബ്ലാവ്റ്റ്സ്ക്കിയുടെയും എച്ച്. എസ്. ഓൽക്കോട്ടിന്റെയും നേതൃത്ത്വത്തിൽ രൂപംകൊണ്ട തിയോസൊഫിക്കൽ സൊസൈറ്റി(1839), സ്വാമി വിവേകാന്ദൻ രൂപംകൊടുത്ത രാമകൃഷ്ണമിഷൻ(1877), ഗോപാലകൃഷ്ണഗോഖലെയുടെ സർവ്വന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി(1839) തുടങ്ങിയ നവീകരണ പ്രസ്ഥാനങ്ങൾ ഇത്തരത്തിൽ ശ്രദ്ധേമായ സംഭാവനകൾ നൽകി. കൂടാതെ മിർസ ഗുലാം മുഹമ്മദിന്റെ നേതൃത്ത്വത്തിലുള്ള അഹമ്മദീയപ്രസ്ഥാനം, 1870-1880-ൽ സയ്യദ് അഹമ്മദ്ഖാന്റെ നേതൃത്ത്വത്തിലുള്ള അലിഗർപ്രസ്ഥാനം എന്നിവയും വിവിധ ജാതി മത, ഗോത്ര, വർഗ്ഗ, തൊഴിലാളി വിഭാഗങ്ങൾ നടത്തിയ സമരങ്ങളും ദേശീയപ്രസ്ഥാനത്തിന് കരുത്തേകി. ഇതിന്റെ സ്വാധീനം

സമസ്ത ജീവിതമണ്ഡലങ്ങളെയും ചലനാത്മകമാക്കി. ബാംഗ്ലൂരിലും കൊൽക്കത്തയിലും ഉപരിപഠനത്തിന് പോയ കുമാരനാശാന് അന്നാടുകളിലെ സാമൂഹികാന്തരീക്ഷത്തെയും സാംസ്ക്കാരികസാഹചര്യങ്ങളെയുംകുറിച്ച് നേരിട്ടറിയാനും ഒപ്പംതന്നെ പാശ്ചാത്യവീക്ഷണങ്ങളുമായി ബന്ധപ്പെടാനും ഉള്ള അവസരം കിട്ടി. ബംഗാളിൽ ശ്രീരാമകൃഷ്ണ പരമഹംസർ, സ്വാമി വിവേകാനന്ദൻ എന്നിവർ ആദ്ധ്യാത്മികരംഗത്തും ടാഗോർ, ബങ്കിംചന്ദ്രചാറ്റർജി എന്നിവർ സാഹിത്യരംഗത്തുമുണ്ടാക്കിയ പരിവർത്തനങ്ങളും മറ്റും അദ്ദേഹം മനസ്സിലാക്കി. പഠനം കഴിഞ്ഞ് തിരിച്ചെത്തിയ ആശാൻ എസ്.എൻ.ഡി.പി യുടെ ജനറൽ സെക്രട്ടറിയെന്ന നിലയിൽ സാമൂഹികപരിഷ്ക്കരണ സംബന്ധമായും വിവേകോദയം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ സാഹിത്യപരമായും ഇടപെട്ട് ദേശീയപ്രസ്ഥാനത്തിന്റെ ഉന്നതാദർശങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ഉൾക്കൊണ്ട് പ്രവർത്തിച്ചു.

## പാശ്ചാത്യ അധിനിവേശം

പാശ്ചാത്യശക്തികളുടെ അധിനിവേശം കേരളത്തിന്റെ സമസ്തരംഗങ്ങളിലും വമ്പിച്ച ചലനമുളവാക്കി. മുഖ്യലക്ഷ്യമായിരുന്ന മതപ്രചാരണത്തിന് അവർ ഇംഗ്ലീഷ് ഭാഷയായിരുന്നു ഉപയോഗിച്ചിരുന്നത്. അതിനോടനുബന്ധിച്ച് നാടിന്റെ പല ഭാഗങ്ങളിലും ഇംഗ്ലീഷ് മാദ്ധ്യമവിദ്യാലയങ്ങൾ സ്ഥാപിച്ചു. ചർച്ച് മിഷൻ സൊസൈറ്റി 1813-ൽ കോട്ടയത്ത് ഒരു കോളേജും സെമിനാരിയും സ്ഥാപിച്ചു. 1834-ൽ തിരുവനന്തപുരത്തും 1837-ൽ തൃശ്ശൂരിലും 1841-ൽ കണ്ണൂരിലും 1848 -ൽ കോഴിക്കോട്ടും വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. തുണിമില്ലുകൾ, ഓട്ടുകമ്പനികൾ മുതലായ വ്യവസായസംരംഭങ്ങൾ ആദ്യമായി കോഴിക്കോട്ടും കണ്ണൂരും ആരംഭിച്ചു. ഇങ്ങനെ വിദ്യാഭ്യാസം, വാണിജ്യം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ രംഗങ്ങളിൽ വന്ന മാറ്റങ്ങൾ ജനങ്ങളുടെ ലോകവീക്ഷണത്തിലും സാംസ്ക്കാരികാവബോധത്തിലും വമ്പിച്ച പരിവർത്തനങ്ങൾക്കിടയാക്കി. നിലവിലുള്ള വ്യവസ്ഥിതിയെ പുനഃപരിശോധിക്കാനും അതിനു ബദലായൊരു സാമൂഹികക്രമം രൂപീകരിക്കാനും ഇവിടെയുള്ള വ്യക്തികളും പ്രസ്ഥാനങ്ങളും സംഘടനകളും സന്നദ്ധരായി. സംസ്കൃതത്തിലുള്ള കാവ്യനാടകശാസ്ത്രാദികളുടെ പഠനങ്ങൾ, കാവ്യപരിശീലനങ്ങൾ, കഥകളി, തുള്ളൽ മുതലായ ക്ഷേത്രകലകൾ, കളരിപ്പയറ്റ് തുടങ്ങിയ ആയോധനമുറ

കളുടെ അഭ്യസനം എന്നിവയായിരുന്നു സാമ്പ്രദായികമായ അദ്ധ്യയനത്തിൽ ഉണ്ടായിരുന്നത്. ഇംഗ്ലീഷ്‌വിദ്യാഭ്യാസം, മിഷിനറിമാരുടെ പ്രവർത്തനങ്ങൾ, നൂതനങ്ങളായ ആശയങ്ങളുടെ ആദാനപ്രദാനങ്ങൾ എന്നിവ പുതിയൊരു വിദ്യാഭ്യാസരീതിക്ക് തുടക്കമിട്ടു. തദ്ഫലമായി പൗരസ്ത്യദർശനങ്ങളോടൊപ്പം തന്നെ പാശ്ചാത്യവീക്ഷണങ്ങളും പഠനവിഷയമായി. ഇതിൽ നിന്നെല്ലാം ഊർജ്ജമുൾക്കൊണ്ട് സാമൂഹിക പരിവർത്തനത്തിന് നിരവധി വ്യക്തികളും സംഘടനകളും പ്രസ്ഥാനങ്ങളും മുന്നോട്ടു വന്നു. പഴകിദ്രവിച്ച മാമൂലുകളേയും വിശ്വാസപ്രമാണങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും ചോദ്യംചെയ്യാനും വിവേചിക്കാനുമുള്ള ശേഷി പത്തൊമ്പതാംനൂറ്റാണ്ടിന്റെ അപരാർദ്ധത്തിലാണ് കൈവരുന്നത്. ഇതിന്നനുപൂരകമായ ചലനങ്ങൾ സാംസ്ക്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ നവോത്ഥാനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. "അടിമസമ്പ്രദായം നിർത്തൽ ചെയ്തതും ബ്ലൗസും മേൽമുണ്ടും ധരിക്കാൻ സ്ത്രീകളെ അനുവദിച്ചതും അപരിഷ്ക്കൃതമായ നികുതിയിനങ്ങൾ നിർത്തൽ ചെയ്തതും നീതിന്യായം കൂടുതൽ യുക്ത്യധിഷ്ഠിതമാക്കിയതും ജന്മികുടിയാൻ വ്യവസ്ഥ പരിഷ്ക്കരിച്ചതും അതീവ ശ്രദ്ധേയമായ ചരിത്രസംഭവങ്ങളാണ്."[30]

***<u>ശ്രീനാരായണഗുരുവിന്റെ സ്വാധീനം</u>***

കേരളീയനവോത്ഥാനത്തിന് മേല്പറഞ്ഞ പല ഘടകങ്ങളും പ്രേരകമായിട്ടുണ്ടെങ്കിലും അവയെല്ലാം ത്വരിതഗതിയിൽ സമന്വയിപ്പിച്ച് സദ്ഫലമുളവാക്കിയത് ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങളായിരുന്നു. ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലായിരുന്നു അന്നത്തെ സമത്വവും സ്വാതന്ത്ര്യവും നീതിന്യായവ്യവസ്ഥയുമെല്ലാം പ്രവർത്തിച്ചിരുന്നത്. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇത് ശക്തിപ്രാപിച്ചു. താലികെട്ടുകല്യാണം, തെരണ്ടു കുളി, പുളികുടി തുടങ്ങിയ ധൂർത്തിലധിഷ്ഠിതമായ ദുരാചാരങ്ങളും  കള്ളും ചാരായവും ബലിയും കൊണ്ട് ഉപാസിച്ചിരുന്ന മാടൻ, ചാത്തൻ, ചാമുണ്ഡി തുടങ്ങിയ ദുർമ്മൂർത്ത്യുപാസനകളും അന്ന് പ്രബലമായിരുന്നു. ഇത്തരം അനാചാരങ്ങളും അബദ്ധവിശ്വാസങ്ങളും നിരാകരിക്കാൻ ആവശ്യപ്പെട്ട ഗുരുദേവൻ സാത്വികമായ സഗുണോപാസനയ്ക്ക് ക്ഷേത്രപ്രതിഷ്ഠകൾ നടത്തി. അതിനോടനുബ

---

30- പ്രശോഭൻ കെ. (ഡോ.)- <u>ശ്രീനാരായണ ഗുരുവിന്റെ സ്വാധീനത മലയാള കവിതയിൽ</u>- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1 1998, പുറം-77

ന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിക്കാൻ അവിടന്ന് നിർദ്ദേശിച്ചു. അദ്ദേഹം പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിൽ ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രവേശനം ഉണ്ടായിരുന്നു. 1888-ൽ ഗുരുദേവൻ നടത്തിയ അരുവിപ്പുറം പ്രതിഷ്ഠ അധഃസ്ഥിതവർഗ്ഗത്തിന്റെ വിമോചനത്തിന് പൗരോഹിത്യത്തിന്റെ തായ്‌വേര് അടിയോടെ പിഴുതെടുത്ത ചരിത്രസംഭവമായിരുന്നു. സുഷുപ്തിയിലാണ്ടു കിടന്ന ഒരു സമൂഹത്തിന്റെ പുത്തൻ ഉണർവ്വും സ്വാതന്ത്ര്യപ്രഖ്യാപനവുമായിരുന്നു അത്.

പരസ്പരാദരവിലും സൗഹൃദത്തിലും അടിയുറച്ച ആരോഗ്യകരമായ മാനുഷികബന്ധം വളർത്തിയെടുക്കാനും ആദ്ധ്യാത്മികസാധനയിലും ആദർശനിഷ്ഠയിലും അടിയുറച്ച സാമൂഹികജീവിതം കെട്ടിപ്പടുക്കാനുമാണ് നാരായണഗുരു ശ്രമിച്ചത്. അതിന് വിദ്യാസമ്പാദനം, വ്യവസായപരിഷ്ക്കരണം, സംഘടനാസ്വാതന്ത്ര്യം എന്നിവയിലൂടെ ശാസ്ത്രീയമായ കർമ്മപദ്ധതികൾ അദ്ദേഹം ആവിഷ്ക്കരിച്ചു. ഇത് ആചാരവിചാരങ്ങളിലും സാമൂഹികവീക്ഷണത്തിലും ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കി. ഇതിന്റെ തുടർചലനങ്ങൾ എല്ലാ സമുദായവിഭാഗങ്ങളിലും ഉണ്ടായി. പൗരോഹിത്യം സഫലമായി ചോദ്യംചെയ്യപ്പെട്ടാലെ സമൂഹത്തെ ആദ്ധ്യാത്മികസ്വാതന്ത്ര്യത്തിലേക്ക് നയിക്കാനാകുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഒരു മതത്തെയും ദ്വേഷിക്കാതെ മതപരിവർത്തനം തടയുന്നതിനോടൊപ്പം വിവിധ മതവിഭാഗങ്ങളുടെ സ്നേഹാദരങ്ങളും അവിടന്ന് ഉൾക്കൊണ്ടു. "ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ വളർന്നുവന്ന ആദ്ധ്യാത്മികവും യുക്തിവാദപരവുമായ ചിന്താവിപ്ലവത്തിന് ശ്രീനാരായണഗുരുവിൽനിന്നും തുല്യശക്തി പകർന്നു കിട്ടിയിരുന്നു. ആസ്തികന്മാരുടെയും നാസ്തികന്മാരുടെയും അംഗീകാരം ഒരേ സമയം നേടിയ ഇത്തരം ഒരു വ്യക്തിത്വം ഒരുപക്ഷേ ചരിത്രത്തിൽ വിരളമാണ്."[31] യുക്തിവാദികൾ ആത്മീയചിന്തകളെ സഹിഷ്ണുതയോടെ പഠിച്ചതും ആത്മീയവാദികൾ തങ്ങളുടെ ആശയങ്ങളെ ശാസ്ത്രീയമായി നിർദ്ധാരണം ചെയ്തതും ഇക്കാലയളവിലായിരുന്നു. സ്വാനുഭവമഹിമയിൽ നിന്നുകൊണ്ട് ജാതിമതാധിഷ്ഠിതമായ സാമൂഹികഘടനയെ സമൂലം പരിഷ്ക്കരിക്കുവാൻ ഗുരുദേവദർശനങ്ങൾക്ക് കഴിഞ്ഞു. ആത്മോപദേശശതകത്തിൽഗുരുദേവൻ ഇപ്രകാരം അരുളുന്നു. "ഒരു മതം മറ്റൊരു മതത്തോട് യുദ്ധം ചെയ്തു വിജയം നേടാമെന്നു കരുതുന്നത് ഒരിക്കലും പ്രായോഗികമല്ല. ഒരു മതത്തേയും യുദ്ധം ചെയ്തു നശിപ്പിക്കാമെന്നു കരുതേണ്ട. അന്യമതത്തെ നിന്ദിക്കുന്നയാൾ ഈ നിയമം ധരിക്കാതെ യുദ്ധത്തിനിറങ്ങി

യാൽ സ്വയം പതിച്ചു നശിക്കുമെന്ന വിവേകം ഉണ്ടാകേണ്ടതാണ്.''[32]

1903-ൽ ഗുരുദേവന്റെ നേതൃത്ത്വത്തിൽ എസ്.എൻ.ഡി.പി.യോഗം രൂപീകരിച്ചതിനു ശേഷം പല നവീകരണപ്രസ്ഥാനങ്ങളും നിലവിൽ വന്നു. അയ്യൻകാളിയുടെ നേതൃത്ത്വത്തിൽ 1905-ൽ ഉണ്ടായ സാധുജന പരിപാലന സംഘം, 1910-ൽ കെ.പി. കറുപ്പന്റെ ശ്രമഫലമായി തേവരയിൽ നിലവിൽവന്ന വാലസമുദായ പരിഷ്ക്കാരിണിസഭ മുതലായ കൂട്ടായ്മകൾക്കെല്ലാം ചട്ടമ്പിസ്വാമികൾ ഉൾപ്പെടെയുള്ളവരുടെ പിന്തുണ ലഭിച്ചു. ഇതിന്റെ ഫലമായി അധഃസ്ഥിതവിഭാഗത്തിന് ക്ഷേത്രങ്ങളിലും അദ്ധ്യയനകേന്ദ്രങ്ങളിലും ഔദ്യോഗികരംഗങ്ങളിലും പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചു.

സമസ്തമേഖലകളിലും അതിശക്തമായ ചലനമുണ്ടാക്കിയ ശ്രീനാരായണഗുരുവിന്റെ പ്രായോഗികമായ അദ്വൈതവീക്ഷണം തന്നെയാണ് കാവ്യരംഗത്ത് ആശാൻ പ്രയോജനപ്പെടുത്തിയത്. ഗുരുവിനെപ്പോലുള്ള ഒരാത്മീയാചാര്യനുമായുള്ള സമ്പർക്കം ആശാനിലെ സർഗ്ഗപ്രതിഭയെ സ്ഫുടം ചെയ്തെടുത്തു. ശൃംഗാരത്തിന് മുൻതൂക്കമുള്ള ശ്ലോകങ്ങൾ സാമ്പ്രദായികരീതിയിൽ എഴുതിയ കുമാരനാശാന്റെ കാവ്യബോധത്തെ സംസ്ക്കരിച്ചെടുക്കാൻ ഗുരുദേവനു കഴിഞ്ഞു. സാമൂഹികജീർണ്ണതയുടെ ഭാഗമായി അന്നു നിലവിലിരുന്ന അസംസ്കൃതമായ രചനാസങ്കേതങ്ങളിൽനിന്നുള്ള വിമോചനമായിരുന്നു ഗുരു അതിലൂടെ നിർദ്ദേശിച്ചത്. സന്ന്യാസജീവിതത്തിനു പകരം പരിവർത്തനോന്മുഖമായ സാഹിത്യ/സാമൂഹിക പ്രവർത്തനങ്ങൾക്കാണ് ഗുരു ആശാനെ നിയോഗിച്ചത്. ലോകപരിചയത്തിനും പുതിയ വൈജ്ഞാനികമേഖലയിലേക്കുള്ള പ്രവേശനത്തിനും ഉപരിപഠനത്തിനുംവേണ്ടി ആശാനെ ഡോ. പൽപ്പുവിന് വിട്ടുകൊടുക്കാൻ ഗുരു തയ്യാറായി. അദ്ദേഹവുമായുള്ള അടുപ്പവും മൈസൂർ, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ നിന്നുമുൾക്കൊണ്ട ജീവിതപാഠങ്ങളും ആംഗലഭാഷാപരിചയവുമാണ് ആശാന്റെ

---

31- പ്രശോഭൻ കെ. (ഡോ.)- ശ്രീനാരായണ ഗുരുവിന്റെ സ്വാധീനത മലയാള കവിതയിൽ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1 1998, പുറം-77

32- പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോടൊ-/ന്നൊരു മതവും പൊരുതാലൊടുങ്ങുവീല;
പരമതവാദിയിതോർത്തിടാതെ പാഴേ / പൊരുതു പൊലിഞ്ഞിടുമെന്ന ബുദ്ധി വേണം
ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003, പുറം-637, (ശ്ലോകം-46)

പിന്നീടുള്ള സാഹിത്യ സാംസ്ക്കാരികപ്രവർത്തനങ്ങളെ നിർണ്ണയിച്ചത്.

***<u>സാഹിത്യസംബന്ധമായ സാഹചര്യങ്ങൾ</u>***

ഉപരിപ്ലവവും മാംസബദ്ധവുമായ മണിപ്രവാളകാവ്യസമ്പ്രദായത്തിനുശേഷം ജനകീയമായ ആദ്ധ്യാത്മികാവബോധത്തിന് അടിത്തറ പാകിയ തുഞ്ചത്തെഴുത്തച്ഛന്റെ സ്ഥാനമാണ് വെണ്മണിപ്രസ്ഥാനത്തെത്തുടർന്നു വന്ന കുമാരനാശാനുള്ളത്. ആകർമ്മണ്യതയിലേക്കും ആലസ്യത്തിലേക്കും കൊണ്ടുപോകുന്ന പരിമിതമായ ജീവിതാവശ്യങ്ങളും സങ്കുചിതവും ഉപരിപ്ലവവുമായ ചിന്താഗതിയുമായിരുന്നു അന്നത്തെ സാംസ്ക്കാരികമണ്ഡലത്തിൽ ഉണ്ടായിരുന്നത്. അനുഭവസത്യങ്ങളെ സ്വായത്തമാക്കി കാവ്യാനുഭൂതിയുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള പരിശ്രമവും അന്നുണ്ടായില്ല. ''ആഴക്കയങ്ങളിലേക്കിറങ്ങി മുത്തുശേഖരിക്കാൻ അവരാരും വെമ്പിയില്ലെന്നുള്ളതാണ് വസ്തുത. ഓളങ്ങളുടെ മേൽ ഓടിക്കളിക്കാനേ അവരാശിച്ചുള്ളൂ.''[33] ജനിച്ചുവളർന്ന യാഥാസ്ഥിതികാന്തരീക്ഷവും വിവേചനരഹിതമായി ഉൾക്കൊണ്ട പാരമ്പര്യവും അവരെ മറ്റൊരു വിധത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചില്ല. സംസ്കൃതപാഠ്യപദ്ധതിയനുസരിച്ചുള്ള അന്നത്തെ ശിക്ഷാസമ്പ്രദായം ഭാഷാസാഹിത്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പ്രോത്സാഹനമേകിയിരുന്നുമില്ല. പാണ്ഡിത്യം നിശ്ചയിച്ചിരുന്നത് സംസ്കൃതസാഹിത്യത്തിലും അതിലെ ശാസ്ത്രശാഖകളിലുമുള്ള പ്രാവീണ്യത്തെ അടിസ്ഥാനമാക്കിയായിരുന്നു. അതുകൊണ്ട് അന്നത്തെ മിക്ക കവികളുടെയും രചനാനൈപുണ്യവും സർഗ്ഗപ്രതിഭയും പ്രകാശിച്ചിരുന്നത് അവരുടെ സംസ്കൃതകൃതികളിലായിരുന്നു. ജാതിവ്യവസ്ഥയിലും നാടുവാഴിത്തത്തിലും അധിഷ്ഠിതമായ ഫ്യൂഡൽ വ്യവസ്ഥയായിരുന്നു ഇത്തരം അഭിരുചികളെ നിയന്ത്രിച്ചിരുന്നത്. അന്നത്തെ ക്ലാസിക്ക്/നിയോക്ലാസിക്ക് പ്രസ്ഥാനങ്ങളുടെ ആഖ്യാനപരിമിതികളിൽനിന്ന് ഭാഷയെ കാല്പനിക സ്വാതന്ത്ര്യത്തിലേക്ക് നയിച്ചത് കുമാരനാശാനാണ്. ഗൃഹാതുരത്വവും നഷ്ടബോധവും നിറഞ്ഞ ജീവിതത്തിന്റെ നിരർത്ഥകതയും സ്വപ്നാത്മകതയും കാല്പനികമായ കാവ്യസങ്കേതങ്ങളിലൂടെ അദ്ദേഹം സാർത്ഥകമായി പ്രതിഫലിപ്പിച്ചു.

ആശാൻ കവിതയെഴുതിത്തുടങ്ങുന്ന കാലയളവിൽ സാംസ്ക്കാരികമണ്ഡലം അനേകം

33- ലീലാവതി എം (ഡോ.)<u>മലയാള കവിതാ സാഹിത്യ ചരിത്രം</u>- കേരളസാഹിത്യ അക്കാദമി തൃശ്ശൂർ-1980 പുറം-

സ്വാധീനങ്ങൾക്ക് വിധേയമായിരുന്നു. ഇംഗ്ലീഷ് ഭാഷയുടെയും സാഹിത്യത്തിന്റെയും വ്യാപനം, അച്ചടിശാലകളുടെ പ്രവർത്തനം, സാഹിത്യപ്രസിദ്ധീകരണങ്ങളുടെ വർദ്ധനവ്, അവയിലൂടെ ഉടലെടുത്ത പുതിയ സംവാദമണ്ഡലം എന്നിവ ബഹുജനങ്ങൾക്കിടയിൽ നൂതനങ്ങളായ ആശയങ്ങൾക്കും അഭിരുചികൾക്കും രൂപംകൊടുത്തു. മഹാകാവ്യങ്ങൾ, ഖണ്ഡകാവ്യങ്ങൾ, ഭക്തികാവ്യങ്ങൾ, വെണ്മണിക്കവിതകൾ, മുക്തകങ്ങൾ തുടങ്ങിയ രചനാവൈവിദ്ധ്യങ്ങൾ അക്കാലയളവിൽ കവിതാരംഗത്ത് സജീവമായി നിലനിന്നിരുന്നു.

സ്ഥൂലമായ ഇതിവൃത്തവും അതിവിസ്തൃതമായ സംഭവപരമ്പരകളും അവയുടെ വികാസപരിണാമങ്ങളുമെല്ലാം നിർദ്ദിഷ്ടമായ ചട്ടക്കൂട്ടിൽ നിബന്ധിച്ചൊതുക്കുന്ന രചനാസമ്പ്രദായമായിരുന്നു മഹാകാവ്യത്തിന്റേത്. 'നഗരാർണ്ണവശൈലർത്തു' എന്ന രീതിയിലുള്ള സംസ്കൃത മഹാകാവ്യങ്ങളുടെ നിർമ്മാണവിധിയും ഛായാസാമ്യവും ഉൾക്കൊള്ളുന്ന ഈ പരകീയ പ്രസ്ഥാനം നിയോക്ലാസിക് കാലഘട്ടത്തിലാണുണ്ടായത്. സ്വകീയമായ നൈസർഗ്ഗികപ്രതിഭയെ നൂതനാവിഷ്ക്കാരസാദ്ധ്യതകൾക്കനുഗുണമായി വിനിയോഗിക്കുന്നതിനു പകരം പാണ്ഡിത്യം, പരിശ്രമം, രചനാസങ്കേതങ്ങൾ എന്നിവയ്ക്കനുസരിച്ചുള്ള യാന്ത്രികമായ ക്രമീകരണങ്ങളാണ് മഹാകാവ്യങ്ങൾ കൈക്കൊണ്ടത്. അഴകത്തു പത്മനാഭക്കുറുപ്പ് 1904-ൽ രചിച്ച രാമചന്ദ്രവിലാസം, പന്തളം കേരളവർമ്മയുടെ രുഗ്മാംഗദചരിതം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ പാണ്ഡവോദയം, വഞ്ചീശവംശം, സാവിത്രീ മഹാത്മ്യം, വള്ളത്തോളിന്റെ ചിത്രയോഗം, ഉള്ളൂരിന്റെ ഉമാകേരളം എന്നിവ ഈ ഗണത്തിൽപ്പെടുന്നു. നൂതനഭാവുകത്വത്തിന് വിലങ്ങു തടിയായി നിന്ന ഇത്തരം പ്രവണതകളെ ചില ക്ഷേത്രങ്ങളിലെ നെടുംകുതിര കെട്ടിയെടുപ്പെന്ന് കുമാരനാശാൻ വള്ളത്തോളിന്റെ ചിത്രയോഗത്തിന് നിരൂപണമെഴുതുമ്പോൾ വിശേഷിപ്പിച്ചു. "ചിത്രയോഗംപോലെയുള്ള നവീനകൃതികൾ എഴുതുന്നതിനേക്കാൾ സംസ്കൃത മഹാകാവ്യങ്ങളെ തർജ്ജിമ ചെയ്യുന്നതാണ് അധികം നന്നായിരിക്കുക എന്ന് ഈ പുസ്തകം വായിക്കാൻ ഇടയായപ്പോൾ ഞങ്ങൾക്കു തോന്നി."[34]

പിന്നീട് കൊടുങ്ങല്ലൂർക്കളരിയുടെ ഉപോല്പന്നമായി മദ്ധ്യകേരളത്തിൽ ഉടലെടുത്ത വെണ്മണി പ്രസ്ഥാനം മധുരമായ നാടോടി മലയാള ഭാഷാപദങ്ങളും ശൈലിയും മറ്റും സംസ്കൃതത്തോടിണക്കി പ്രസന്നലളിതമായ ഭാവം ഭാഷയ്ക്കുണ്ടാക്കി. സംസ്കൃതഭാഷയുടെ സാങ്കേ

തികതയിൽനിന്നും മലയാളത്തിന് വിമോചനവും തനത് വ്യക്തിത്വവുമേകിയ പ്രാചീന കവിത്രയത്തിന്റെ സ്വാധീനം ഒരു വശത്തും ആട്ടക്കഥ, ചമ്പു എന്നിവയുടെ സ്വാധീനം മറുവശത്തും നിലനിന്ന കാലഘട്ടത്തിലാണ് ഈ പ്രസ്ഥാനം സജീവമാകുന്നത്. നാടുവാഴിത്തം ദുർബ്ബലമായതോടെ നമ്പൂതിരിമാരുടെ അധികാരാവകാശങ്ങളും നേതൃപദവിയും ചുരുങ്ങിയത് അവരുടെ സാമ്പ്രദായികമായ ജീവിതസമീപനത്തിൽ മാറ്റം വരുത്തി. സമകാലിക ജീവിതയാഥാർത്ഥ്യങ്ങളോട് ഉപരിപ്ലവമായെങ്കിലും പ്രതികരിക്കാൻ അത് അവരെ നിർബന്ധിതരാക്കി. ശുദ്ധമലയാളത്തിന്റെ സ്വാഭാവികത, വാങ്മയചിത്രണം, വിഷയസ്വീകരണം, ഫലിതം, പരിഹാസങ്ങളുടെ ഹൃദ്യമായ സന്നിവേശം മുതലായവ പ്രസ്തുത രചനകളിൽ നിറഞ്ഞു നിന്നു. എന്നാൽ ജീവിതത്തിന്റെ അനുഭവതീക്ഷ്ണതയും ഭാവഗൗരവവും സങ്കീർണ്ണതകളും ഉൾക്കൊള്ളാതെ ഉപരിതലത്തിൽ മാത്രം അവരുടെ ഭാവുകത്വം വിഹരിച്ചു. നിരുത്തരവാദപരമായ ഈ ബഹിർമ്മുഖത ശൃംഗാരലോലുപമായ കാവ്യവിനോദങ്ങളിലേക്ക് തരംതാണു. അംബോപദേശം, പൂരപ്രബന്ധം, എന്നിവ അടയാളപ്പെടുത്തുന്നത് ഇത്തരത്തിലുള്ള ധർമ്മച്യുതിയെയാണ്. മുമ്പ് നിലവിലുണ്ടായിരുന്ന ചന്ദ്രോത്സവം, അച്ചീചരിതങ്ങൾ എന്നിവയുടെ ആവർത്തനങ്ങളായിരുന്ന അവയിലെ പലതും സഭ്യതയുടെയും ശ്ലീലത്തിന്റെയും അതിരുകൾ കടന്നവയായിരുന്നു. ഈ കാവ്യശൈലി അക്കാലയളവിലെ രചനകളെ പരക്കെ സ്വാധീനിച്ചു. എങ്കിലും സാധാരണക്കാരുടെ ഭാഷയും ശൈലിയും അവർ കൈക്കൊണ്ടത് കാവ്യലോകത്തേക്ക് അധഃസ്ഥിതവിഭാഗത്തിലുള്ള പലരുടെയും കടന്നു വരവിന് കാരണമായി. ചേലപ്പറമ്പ് നമ്പൂതിരിയെപ്പോലുള്ളവർ പൗരാണികവിഷയങ്ങളെപ്പോലെതന്നെ സമകാലികവിഷയങ്ങളും ശ്ലോകരൂപത്തിലാക്കി കാവ്യരചന നടത്തി. "അമരകോശസിദ്ധരൂപങ്ങളെങ്കിലും അല്പം പഠിക്കേണ്ടി വന്നിരുന്ന പ്രാചീനസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം പുതിയ രീതിയിലുള്ള സർക്കാർ മലയാളം പള്ളിക്കൂടങ്ങളുടെയും വിശിഷ്യ അധീശഭാഷാദ്ധ്യാപനത്തിനായി സ്ഥാപിച്ച ഹൗണി വിദ്യാലയങ്ങളുടെയും ആവിർഭാവത്തോടുകൂടി സ്ഥാനഭ്രഷ്ടമാകുവാനുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങി. അതുകൊണ്ട് സംസ്കൃതവൃത്തനിബദ്ധങ്ങളായ നൂതനഭാഷാപ്രബന്ധങ്ങളെ യാഥാർത്ഥ ഭാഷാകൃതികളായി രൂപാന്തരപ്പെടുത്തത്തക്കവണ്ണം അവയിൽ ശബ്ദവിഷയകമായി ചില മൗലികങ്ങളായ പരിഷ്ക്കാരങ്ങൾ

---

34-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം മൂന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-601

ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായിത്തീർന്നു. അതാണ് വെണ്മണിപ്രസ്ഥാനത്തിന്റെ പ്രാദുർഭാവത്തിനുള്ള പ്രധാന കാരണം"[35] മെന്നാണ് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നത്. ഇതിൽ നിന്ന് ആവേശംകൊണ്ടാണ് പച്ച മലയാളപ്രസ്ഥാനം തുടങ്ങിയ സാഹിത്യസംരംഭങ്ങൾ പിറവിയെടുക്കുന്നത്.

സംസ്കൃതവിഭക്തിപ്രത്യയങ്ങളും ക്രിയാപദങ്ങളും ഉപേക്ഷിച്ച് സുലളിതങ്ങളായ സംസ്കൃതപദങ്ങളെ മലയാളവുമായി കോർത്തിണക്കിക്കൊണ്ട് സ്വയം സമ്പൂർണ്ണമായ അർത്ഥത്തെ പ്രകാശിപ്പിക്കുന്ന മുക്തകങ്ങളും അന്ന് സജീവമായിരുന്നു. തോലകവിയിൽ നിന്ന് തുടങ്ങി ചേലപ്പറമ്പൻ, പൂന്തോട്ടം എന്നിവരിലൂടെ വളർന്ന ഈ പ്രസ്ഥാനം ഭക്തിയെയും ശൃംഗാരത്തെയും പരസ്പരപൂരകമായി ഉൾക്കൊണ്ടു. പത്രമാദ്ധ്യമങ്ങളിലൂടെ പരിചയപ്പെട്ട കവികൾ തങ്ങളുടെ രചനാവൈഭവം പ്രകടിപ്പിച്ചിരുന്നത് മുക്തകങ്ങളിലൂടെയായിരുന്നു. സമകാലിക സംഭവങ്ങളെ കവിതയ്ക്ക് വിഷയമാക്കിയിരുന്നെങ്കിലും ആശയഗാംഭീര്യമോ ഉദാത്തലക്ഷ്യമോ ഇല്ലാത്ത പ്രസ്തുത രചനകൾ ഭൂരിപക്ഷവും അലസവും അനായാസവുമായ ജീവിതതലങ്ങളെ സ്പർശിക്കുന്നതായിരുന്നു. ഫലിതപരിഹാസങ്ങൾ, നർമ്മസല്ലാപം, എഴുത്തിടപാടുകൾ, സമസ്യാപൂരണം, ശബ്ദാലങ്കാര പരീക്ഷണങ്ങൾ, ഇഷ്ടദേവതാ സ്തുതികൾ, മംഗളാശംസകൾ എന്നിവയിലൂടെ കവികളുടെ മനോധർമ്മവും ഉല്ലേഖചാതുര്യവും അന്ന് ശ്ലോകരൂപത്തിൽ ആവിഷ്കരിക്കപ്പെട്ടിരുന്നു. വ്യക്തിനിഷ്ഠവും ചടുലവുമായ ഭാവങ്ങളിലൂന്നിനിന്ന് സഹൃദയസദസ്സുകളിൽ വിനോദവും വിജ്ഞാനവും പകർന്ന അക്ഷരശ്ലോകപ്രസ്ഥാനവും മറ്റും രൂപമെടുത്തത് മുക്തകങ്ങളിൽ നിന്നാണ്. പണ്ഡിത സദസ്സുകളിലെ നേരംപോക്കുകളിൽനിന്നും വിനോദങ്ങളിൽനിന്നും രൂപംകൊണ്ട ഈ പ്രസ്ഥാനത്തിന് രംഗാവിഷ്ക്കാരം ലഭിച്ചത് അതിനെ കൂടുതൽ ജനകീയമാക്കാനുതകി. കാവ്യാസ്വാദനത്തോടൊപ്പം തന്നെ ഭാഷാപരമായ സ്വാധീനം വളർത്താനും സാഹിത്യാഭിരുചിയും ഓർമ്മശക്തിയും പാരായണശേഷിയും വികസ്വരമാക്കാനും വൃത്തപരിചയത്തിനും സർവ്വോപരി കാവ്യശിക്ഷ എന്ന നിലയിലും ഈ പ്രസ്ഥാനം പ്രാധാന്യമർഹിക്കുന്നു. കൂടാതെ ഒന്നിലധികം കവികൾ ചേർന്നിരുന്ന് ഒരു ഇതിവൃത്തത്തെ ആസ്പദമാക്കി കാവ്യരചന നടത്തുന്ന കൂട്ടുകവിതാ പ്രസ്ഥാനവും അന്ന് വ്യാപകമായിരുന്നു.

---

35- പരമേശ്വര അയ്യർ എസ്. ഉള്ളൂർ- കേരള സാഹിത്യ ചരിത്രം (വാള്യം-4)- കേരള സർവ്വ കലാശാല പ്രസിദ്ധീകരണ വകുപ്പ്, എഡി-3, 1974, പുറം-319

എഴുത്തച്ഛനിൽ പ്രവൃദ്ധമായ ഭക്തിപ്രസ്ഥാനപാരമ്പര്യം മണിപ്രവാളശൈലിയിൽ കവിതകളെഴുതിയ വെണ്മണി നമ്പൂതിരിമാരിലും പ്രകടമായിരുന്നു. ആട്ടക്കഥ, ചമ്പുക്കൾ, സന്ദേശകാവ്യങ്ങൾ തുടങ്ങിയവയിലെ സംസ്കൃതപ്രഭാവം മുന്നിട്ടു നിൽക്കുന്ന ശൈലിയിൽനിന്നു വ്യത്യസ്തമായി ഭാഷാസംസ്കൃതയോഗത്തിന്റെ കരുത്ത് ഉൾക്കൊണ്ട് അവർ കാവ്യരചന നടത്തി. ഭക്തിയും ശൃംഗാരവും പരസ്പരപൂരകമായി അവർ കൈകാര്യം ചെയ്തു. നടുവത്ത് അച്ഛൻ നമ്പൂതിരിയുടെ ഭഗവദ്ദൂത് നാടകം, അക്രൂരഗോപാലം എടമരത്തു വിക്ടറിന്റെ പഴയപാന, മരണപർവ്വം, മിശിഹാചരിത്രം, മാർത്തോമാ പർവ്വം കിളിപ്പാട്ട്, സ്തുതി രത്നമാല തുടങ്ങിയവ അക്കാലയളവിലെ പ്രസിദ്ധ ഭക്തികാവ്യങ്ങളായിരുന്നു.

അന്നത്തെ രചനകളിൽനിന്ന് വ്യത്യസ്തമായ സമീപനം, അവതരണം, ഉൾക്കാഴ്ച എന്നിവ ശ്രീനാരായണ ഗുരുവിന്റെ കാവ്യസരണിയിൽ കാണാം. സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ ഗണപതി, ശിവൻ, വിഷ്ണു, സുബ്രഹ്മണ്യൻ എന്നീ ദേവതകളെ സ്തുതിച്ചു കൊണ്ടെഴുതിയ സ്തോത്രങ്ങളും ആത്മോപദേശശതകം, ദർശനമാല എന്നീ പ്രകരണഗ്രന്ഥങ്ങളും അതിൽ ഉൾപ്പെടുന്നു. നിലവിലുണ്ടായിരുന്ന സ്തുതിഗീതങ്ങളുടെ പ്രകരണത്തിൽ നിന്ന് വ്യത്യസ്തമായി സ്വാനുഭൂതിയിലേക്കുയർന്നു നിൽക്കുന്നവയാണവ. ആശാന്റെ സ്ത്രോത്രകൃതികളിലും ഇത്തരമൊരു സമീപനത്തിന്റെ സാന്നിദ്ധ്യവും സൂചനകളുമുണ്ട്.

കവിതയുടെ രൂപശില്പത്തെയും ഭാവശില്പത്തെയും സംബന്ധിച്ച് അക്കാലയളവിലുണ്ടായ വിവാദങ്ങളാണ് ദ്വിതീയാക്ഷരപ്രാസവാദം. കവിതയുടെ ബാഹ്യരൂപം ഉള്ളടക്കത്തെപ്പോലെ കമനീയമാകണമെന്ന് രൂപശില്പവാദികളും അർത്ഥത്തിനും ഭാവത്തിനുമാണ് കൂടുതൽ ഊന്നലേകേണ്ടതെന്ന് ഭാവശില്പവാദികളും അഭിപ്രായപ്പെട്ടു. മലയാള സാഹിത്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് നടന്ന വിമർശനപരമായ ആദ്യത്തെ സംവാദമായിരുന്നു അത്. നിലവിലുള്ള സാഹിത്യത്തിന്റെ ഗതിവിഗതികളെക്കുറിച്ച് പുനരാലോചിക്കാൻ അത് പ്രേരണയേകി. ഇതിനു നേതൃത്ത്വം കൊടുത്തവരിൽ പ്രമുഖനായ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അഭിപ്രായത്തിൽ ദ്വിതീയാക്ഷരപ്രാസവും ശബ്ദാലങ്കാരഭംഗിയുമില്ലെങ്കിൽ കവിത ചമത്ക്കാരപൂർണ്ണവും ആഹ്ലാദകാരിയുമാകില്ലെന്നായിരുന്നു. തുടർന്ന് അദ്ദേഹം രചിച്ച സജാതീയദ്വിതീയാക്ഷരപ്രാസനിബദ്ധമായ മയൂരസന്ദേശവും(1894) പ്രാസദീക്ഷ നിരാകരിച്ചുകൊണ്ട് എ.ആർ. രാജരാജവർമ്മ നടത്തിയ കുമാരസംഭവവിവർത്തനവും (1902)പ്രസിദ്ധീകരിച്ചു. 1908-ൽ തിരുവ

നന്തപുരം മഹാരാജാസ് കോളേജ് മലയാളസമാജത്തിന്റെ വാർഷികത്തോടനുബന്ധിച്ചുണ്ടായ യോഗത്തിൽ നടന്ന വാദപ്രതിവാദങ്ങൾ ഈ വിഷയത്തെ ചടുലമാക്കി. പിന്നീട് ഇരു വിഭാഗവും പത്രപങ്ക്തികളിലൂടെ എഴുതിയ ലേഖനങ്ങൾ വ്യക്തിപരമായ സ്വഭാവഹത്യയിലേക്കുവരെ നീണ്ട് ചൂടേറിയ വാദകോലാഹലങ്ങൾക്ക് വഴിമരുന്നിട്ടു. സാഹിത്യത്തിന്റെ മാനദണ്ഡം, രചനാസമ്പ്രദായം, പ്രതിപാദനവിഷയം, ഉദ്ദേശ്യലക്ഷ്യങ്ങൾ, ഭാവുകത്വം എന്നീ വിഷയങ്ങളിൽ പുതിയ കാഴ്ചപ്പാടേകുന്നതിന് ഈ വിവാദം ഉപകരിച്ചു. സാഹിത്യത്തിന്റെ സമസ്തശാഖകളിലും പ്രതിഫലിച്ച ഇതിന്റെയെല്ലാം സദ്ഫലങ്ങളാണ് കുമാരനാശാൻ തന്റെ രചനകളിൽ സമക്രോഡീകരിച്ചത്.

കൊടുങ്ങല്ലൂർക്കളരിയിൽനിന്നു തുടങ്ങിയതും സംസ്കൃതത്തെ ഒഴിവാക്കി മലയാളപദങ്ങൾക്ക് പ്രാധാന്യമേകിക്കൊണ്ടുള്ള കാവ്യരചനാസമ്പ്രദായമാണ് പച്ചമലയാള പ്രസ്ഥാനം. വെറും മലയാളപദങ്ങൾവെച്ച് കാവ്യരചന നിർവ്വഹിക്കുക സാദ്ധ്യമല്ലെന്ന സി.പി. അച്യുതമേനോന്റെ വാദത്തിന് മറുപടിയായി 52 ശ്ലോകങ്ങളുള്ള 'നല്ലഭാഷ' എന്ന പച്ചമലയാളകൃതി കൊല്ലവർഷം 1066-ൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'വിദ്യാവിനോദിനി'യിൽ പ്രസിദ്ധീകരിച്ചതോടെയാണ് ഈ പ്രസ്ഥാനത്തിന് തുടക്കമിടുന്നത്. കുണ്ടൂർ നാരായണമേനോന്റെ കോമപ്പൻ, കണ്ണൻ, പാക്കനാർ, കൊച്ചി ചെറിയ ശക്തൻ തമ്പുരാൻ എന്നീ കൃതികൾ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ മദിരാശി കടൽക്കര, ഉള്ളൂർ എസ്സ്. പരമേശ്വര അയ്യരുടെ ഒരു നേർച്ച, പിജി. രാമയ്യരുടെ വങ്കപ്രഭു തുടങ്ങിയവ ഈ പ്രസ്ഥാനത്തിലെ ശ്രദ്ധേയങ്ങളായ കൃതികളാണ്. അയത്നലളിതമായ ആവിഷ്ക്കാരം, അർത്ഥസൗകുമാര്യം, ശ്രുതിമാധുര്യം എന്നിവ ഉൾക്കൊണ്ട ഈ പ്രസ്ഥാനം മലയാളഭാഷയുടെ കരുത്തും സൗന്ദര്യവും സഹൃദയലോകത്തിന് അനുഭവവേദ്യമാക്കിക്കൊടുത്തു.

നാടുവാഴിത്തത്തിന്റെയും കൂട്ടുകുടുംബവ്യവസ്ഥയുടെയും തകർച്ച, ആംഗലവിദ്യാഭ്യാസത്തിലൂടെ നേടിയ പുതിയ ദേശീയാവബോധം, അധഃസ്ഥിതവിഭാഗത്തിന്റെ പുത്തനുണർവ്, പാശ്ചാത്യകാവ്യസമ്പ്രദായങ്ങളുമായുള്ള അടുപ്പം, അച്ചടിശാലകളുടെ പ്രവർത്തനം, സാഹിത്യപ്രസിദ്ധീകരണങ്ങളുടെ വർദ്ധനവ്, നൂതനമായ ഭാവുകാന്വേഷണം എന്നിവയാണ് കാല്പനികപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് കാരണമായത്. ഭൗതികതലത്തിലെ വിശ്വാസപ്രമാണങ്ങൾക്ക് ഇടിവു തട്ടുകയും വ്യക്തിഗതമായ ആശയാദർശങ്ങളുടെ സമർദ്ദം സമൂഹത്തെ ചലന

ക്ഷമമാക്കുകയും ചെയ്തിരുന്ന അക്കാലത്ത് സഹൃദയത്വത്തിന് നൂതന മാനങ്ങളും ദിശാബോധവുമുണ്ടായി. ആത്മനിഷ്ഠതയ്ക്ക് പ്രാധാന്യമേകുന്ന ഭാവഗീതങ്ങളുടെയും വസ്തുനിഷ്ഠങ്ങളായ ആഖ്യാനങ്ങളുടെയും സ്വഭാവം ഒത്തിണങ്ങിയ ഖണ്ഡകാവ്യങ്ങളായിരുന്നു മലയാളസാഹിത്യത്തിൽ ഇത്തരമൊരു നവോത്ഥാനത്തിന് തുടക്കം കുറിച്ചത്. പുറം ലോകത്തെ ഭാവസുന്ദരമായി പ്രതിഫലിപ്പിക്കുന്ന സമീപനവും തദനുസൃതമായി ക്രമീകരിക്കപ്പെട്ട മാനസികഭാവങ്ങളും അവയുടെ വ്യക്തിനിഷ്ഠയാഥാർത്ഥ്യങ്ങളോടുള്ള ഇണക്കവും അതിന്റെയെല്ലാം പ്രചോദനമായി വരുംകാലത്തെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും അതിലുൾക്കൊള്ളുന്നു. മലയാളത്തിൽ ഈ സമ്പ്രദായത്തിന് തുടക്കമിട്ടത് 1895-ൽ എ.ആർ.രാജരാജവർമ്മ രചിച്ച 'മലയവിലാസ'മെന്ന ഖണ്ഡകാവ്യമാണ്. ചെന്നെയിൽനിന്ന് തിരുവനന്തപുരത്തേക്ക് യാത്ര ചെയ്യുന്നതിനിടയിൽ കണ്ട സഹ്യപർവ്വതം അദ്ദേഹത്തിന്റെ മനസ്സിലുണർത്തിയ അനുഭൂതിയാണ് ഈ കൃതിയിലെ പ്രതിപാദ്യം. നിരീക്ഷ്യത്തിന്റെ ബാഹ്യരൂപത്തെ വിവരിക്കുന്നതിനു പകരം അതിന്റെ അന്തർമ്മണ്ഡലത്തിലേക്കിറങ്ങിച്ചെന്ന് സംവേദനത്തെ ഉദ്ദീപ്തമാക്കുന്ന രചനാസങ്കേതമാണ് അതിൽ കൈക്കൊണ്ടിരിക്കുന്നത്. കാല്പനികമായ വികാരാവിഷ്ക്കരണമനോഭാവവും അതിലുൾച്ചേർന്നിരുന്നു. ഈ പ്രസ്ഥാനത്തിലുൾപ്പെടുന്ന വി.സി.ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം, നാഗാനന്ദം, വിശ്വരൂപം, സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപം തുടങ്ങിയ രചനകൾ കാല്പനികതയുടെ ചൈതന്യം തുടിച്ചു നിൽക്കുന്നവയാണ്. പ്രകൃതിപ്രതിഭാസങ്ങൾ കവിയുടെ ആത്മഭാവങ്ങളുമായി ചേർന്നുണ്ടാകുന്ന സവിശേഷമായ സൗന്ദര്യാനുഭൂതിയാണ് ഈ കൃതികളെല്ലാം പ്രകാശിപ്പിച്ചത്.

മേല്പറഞ്ഞ സാഹചര്യങ്ങളാണ് കുമാരനാശാൻ കാവ്യലോകത്തേക്ക് കടന്നു വരുമ്പോൾ നിലവിലിരുന്നത്. അതിൽനിന്നെല്ലാമുൾക്കൊണ്ട സാംസ്ക്കാരികബോധത്തെ ആദ്ധ്യാത്മിക ദർശനംകൊണ്ട് സുസംസ്കൃതമാക്കി സാഹിത്യത്തിലൂടെ ആവിഷ്ക്കരിച്ച് ഗതാനുഗതികത്വത്തിന്റെ ജീർണ്ണതയിൽനിന്ന് മലയാളകവിതയെ മുക്തമാക്കി കാവ്യാസ്വാദനത്തിന് പുതിയ ഉണർവും ഉത്തേജനവും നൽകി. ആശയഗാംഭീര്യവും ആദർശശുദ്ധിയും ബഹുസ്വരതയും ഉൾക്കൊണ്ട അദ്ദേഹത്തിന്റെ രചനകളെല്ലാം നിലവിലെ കീഴ്വഴക്കങ്ങളോടെല്ലാമുള്ള വിസമ്മതമായിരുന്നു. ഇത്തരം പശ്ചാത്തലസ്വാധീനങ്ങളും ശ്രീ ശങ്കരാചാര്യരുടെ താത്ത്വികവും ശ്രീനാരായണഗുരുദേവന്റെ പ്രായോഗികവുമായ അദ്വൈതദർശനത്തിന്റെ സ്വാംശീകരണമാണ്

ആശാൻകൃതികളുടെ വിവിധ തലങ്ങളിലുള്ള പഠനത്തിന് സാദ്ധ്യതയേകുന്നത്.

# അദ്ധ്യായം നാല്

# പരമാർത്ഥത്തിന്റെ വ്യവഹാരതലങ്ങൾ

നിത്യനൂതനമായ പ്രതീകങ്ങളുടെ ചൈതന്യവും ദീപ്തമായ ജീവിതദർശനവും മാനവമൂല്യങ്ങളെ സ്വായത്തമാക്കുന്നതിനുള്ള ജാഗ്രതയും ഉള്ളവർക്കേ വിശ്വവൈവിദ്ധ്യത്തിന്റെ ഇടങ്ങളെ സമഗ്രഭാവത്തിൽ ആവിഷ്ക്കരിക്കാനാകുകയുള്ളൂ. അതിനുള്ള കരുത്തും പ്രാപ്തിയും കുമാരനാശാന് നൽകിയത് വേദാന്തചിന്തയിലെ അദ്വൈതപക്ഷത്തോടുള്ള ആഭിമുഖ്യമാണ്. ശങ്കരാചാര്യർമുതൽ നാരായണഗുരുവരെയുള്ളവർ സ്വത്വാവിഷ്ക്കരണത്തിന് മാദ്ധ്യമമാക്കിയ അദ്വൈതചിന്തയുടെ താത്ത്വികവും പ്രായോഗികവുമായ ബലതന്ത്രമാണ് സാമൂഹികമായ നവോത്ഥാനത്തിനും ആത്മീയമായ വിമോചനത്തിനും ആശാൻ വിനിയോഗിച്ചത്.

അദ്വൈതത്തെപ്പോലുള്ള ആനുഭവികദർശനങ്ങളുടെ സ്വാധീനം ഒരു കൃതിയിൽ രണ്ട് വിധത്തിലുണ്ടാകാം. ആനുഭൂതികമായി സാക്ഷാത്ക്കരിച്ച് അത് നേരിട്ട് ആവിഷ്ക്കരിക്കുന്ന സമ്പ്രദായമാണ് ഒന്ന്. പാരായണത്തിലൂടെയും വിചാരത്തിലൂടെയും ധ്യാനത്തിലൂടെയും അദ്വൈതത്തെ ഒരു ദർശനമെന്ന നിലയിൽ ഗ്രഹിച്ച് അതിനെ ആത്മാവിഷ്ക്കാരത്തിന് വിധേയമാക്കുന്ന രീതിയാണ് രണ്ടാമത്തേത്. ഇതിൽ രണ്ടാമത്തെ രീതിയാണ് കുമാരനാശാന്റെ കൃതികളിൽ കാണുന്നത്. ഒന്നിന്റെയും ശരികളെ ആത്യന്തികമെന്ന് വിലയിരുത്താതെ എല്ലാത്തിന്റെയും സമുന്നതമായ സത്യം ഏതെന്ന് അന്വേഷിക്കുന്ന നിലപാടാണ് മഹാകവി കുമാരനാശാൻ കൈക്കൊള്ളുന്നത്. അതിന് ആസ്തികദർശനങ്ങൾ, ബൗദ്ധദർശനം, പാശ്ചാത്യചിന്തകൾ എന്നിവയെ എല്ലാം ആശാൻ രചനകളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. വിവിധ ദർശനങ്ങളെ അനുഭവസമഗ്രതയുമായി ചേർത്തിണക്കുമ്പോൾ അവയുടെ സ്ഥാനപ്പെടുത്തലിന് ആധാരമായി അദ്വൈതാവബോധത്തെ ആശാൻ എങ്ങനെ സ്വാംശീകരിച്ചിരിക്കുന്നു എന്നാണ് ഇവിടെ പരിശോധിക്കുന്നത്.

അദ്വൈതചിന്തയുടെ സ്ഥലകാലാനുസൃതമായ പ്രയോഗമാണ് ആശാൻ കാവ്യരചനയിലൂടെ നിർവ്വഹിച്ചത്. ഏകവും അദ്വിതീയവുമായ പരമസത്യത്തോട് നീതിപുലർത്തേണ്ടുന്നതിന്റെ അനിവാര്യതയും അതിന്നനുസൃതമായ വ്യാവഹാരികക്രമവുമാണ് അദ്ദേഹം കൃതികളിലൂടെ നിർദ്ദേശിച്ചിരിക്കുന്നത്. അദ്വൈതചിന്തയുടെ സ്വാധീനമുപയോഗിച്ച് കാവ്യമണ്ഡലത്തിൽ തുഞ്ചത്തെഴുത്തച്ഛൻ നിർവ്വഹിച്ച ശുദ്ധീകരണപ്രക്രിയയാണ് മറ്റൊരു തരത്തിൽ കുമാരനാശാനും നടത്തിയത്. വ്യക്ത്യധിഷ്ഠിതമായ ധ്യാനാനുഭൂതികളെ അർത്ഥബോധാതീതമായ ഭാവാവിഷ്ക്കാരത്തിലേക്കുയർത്താൻ അദ്ദേഹത്തിന്

കഴിഞ്ഞു. "കാവ്യമണ്ഡലത്തിൽ പുലർന്നിരുന്ന തരംതാണ അഭിരുചികളെ സംസ്ക്കരിച്ചു വിശുദ്ധമാക്കുകയും വായനക്കാരുടെ മനസ്സിനെ ഉന്നമിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിൽ എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ വഹിച്ച പങ്കുതന്നെയാണ് പിൽക്കാലത്ത് ആശാന്റെ കൃതികളും വഹിച്ചത്."[1] സാമൂഹികവും സാംസ്ക്കാരികവുമായി ശ്രീ നാരായണഗുരുദേവൻ ഉണർത്തിവിട്ട അതിശക്തമായ തരംഗചലനവും അതിന് പശ്ചാത്തലമായി ഉണ്ടായിരുന്നു.

വ്യക്ത്യപേക്ഷമായ പ്രാതിഭാസികസത്ത, പ്രപഞ്ചതലത്തിലുള്ള വ്യാവഹാരികസത്ത, കേവലമായ പാരമാർത്ഥികസത്ത എന്നിങ്ങനെ സത്യത്തിന്റെ വീക്ഷണതലത്തെ അദ്വൈതദർശനം മൂന്നായി തിരിക്കുന്നു. അതിൽ പ്രാതിഭാസിക, വ്യാവഹാരികസത്തകൾക്ക് നിക്ഷിപ്തതാല്പര്യങ്ങളോടെ കുറഞ്ഞ പ്രാധാന്യമേകുന്ന പ്രവണത അന്നുവരെയുള്ള ജീവിതാഖ്യാനങ്ങളിൽ മുന്നിട്ടു നിന്നു. മനുഷ്യനിർമ്മിതമായ ഉച്ചനീചത്വങ്ങളെ വിധികല്പിതമായി കണക്കാക്കുക, അതിനുള്ള ഉപകരണങ്ങളാക്കി അധികാരവും സമ്പത്തും വിജ്ഞാനവും ഉപയോഗിക്കുക എന്നിവയ്ക്കെല്ലാം പിൻബലമേകുന്ന ഗ്രന്ഥങ്ങളും മറ്റും ചിട്ടപ്പെടുത്തുകയോ നിലവിലുള്ള ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനങ്ങൾ ചമയ്ക്കുകയോ ചെയ്യുക, അതിനനുസൃതമായി സമൂഹമനസ്സിനെ വ്യവസ്ഥീകരിക്കുക തുടങ്ങിയ പ്രക്രിയകളിലൂടെ അധീശത്വം അരക്കിട്ടുറപ്പിക്കുകയാണ് ഇവിടെ പൗരോഹിത്യം ചെയ്തുകൊണ്ടിരുന്നത്. ഇതിന്റെ അലയൊലികൾ സമസ്തരംഗങ്ങളിലും സജീവമായിരുന്നു. തദവസരത്തിൽ സത്യത്തിന്റെ വിവിധ തലങ്ങളെ അതാതിടങ്ങളിൽ അനുവദിക്കുകയും പരമമായ സത്യത്തിന്റെ തലത്തിലേക്ക് അവയെ ക്രമമായി ഉയർത്തുകയും ചെയ്യുന്ന അദ്വൈതനിലപാടാണ് ആശാൻ സ്വീകരിച്ചത്. അതിന് യാന്ത്രികമായ സമർദ്ദതന്ത്രങ്ങളിലൂടെയോ ഇടനിലയിലൂടെയോ നടത്തുന്ന ഏകീകരണത്തിൽനിന്നു വ്യത്യസ്തമായി നൈസർഗ്ഗികവും സ്വാഭാവികവുമായ ഒത്തിണക്കത്തിലാണ് അദ്ദേഹം ശ്രദ്ധയൂന്നിയത്. വൈവിദ്ധ്യങ്ങൾക്കും വൈരുദ്ധ്യങ്ങൾക്കും യാതൊരു ഹാനിയും അവിടെ സംഭവിക്കുന്നില്ല. കേവലസത്യത്തെക്കുറിച്ചുള്ള അവബോധം, അതിന്നനുസൃതമായ പ്രായോഗികയാഥാർത്ഥ്യങ്ങളോടുള്ള അനുഭാവം എന്നിവയാണ് ആശാൻകവിതയിലുള്ളത്. ഉപരിതലത്തിൽ സംഘർഷാത്മകമെന്നു തോന്നാമെങ്കിലും അന്തഃസത്തയിൽ അവ സമന്വയത്തിലാണ് നിലകൊള്ളുന്നത്.

അറിവും അനുഭൂതിയുമാണ് സത്യത്തിന്റെ അവസ്ഥിതിയെ നിർണ്ണയിക്കുന്ന സുപ്രധാന ഘടകങ്ങൾ. വൈയക്തികഭാവത്തിലും ലോകനിലയിലും വർത്തിക്കുന്ന സത്യത്തിന്റെ തലം ആശ്രിതവും

---

1-കൃഷ്ണപ്പിള്ള എൻ. പ്രൊഫ.- തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-1, പുറം-123,124

ആപേക്ഷികവുമായിരിക്കും. എന്നാൽ സത്യത്തിന്റെ നിരുപാധികമായ കേവലതലം വിരുദ്ധദ്വന്ദ്വങ്ങൾക്ക് ആധാരവും അതീതവുമായിരിക്കുമെന്നാണ് അദ്വൈതത്തിന്റെ വീക്ഷണം. അത് സത്താപരമായ സമൈക്യ ത്തിലൂന്നിയ മനുഷ്യനന്മയെയും ലോകനീതിയെയും കോർത്തിണക്കുന്നു. വന്നുചേരുന്ന പ്രതിസന്ധികളെ ആത്മസംയമനത്തോടെയും തന്മയത്ത്വത്തോടെയും നേരിടുന്നതിന് ആശാൻ അവ ലംബമാക്കുന്നത് അദ്വൈതചിന്തയെയും അത് ഉയർത്തിപ്പിടിക്കുന്ന സമന്വയഭാവത്തെയുമാണ്. ഇതിലടിയുറച്ച് നയിച്ച സ്വകാര്യജീവിതത്തിൽനിന്ന് അനന്യമായിരുന്നു ആശാന്റെ കാവ്യജീവിതം. "ആശാൻ അദ്വൈതവേദാന്തിയും ആത്മസാക്ഷാൽക്കാരംചെയ്ത ദേഹവുമാണ്. മനസ്സും ശരീരവും അദ്ദേഹത്തിന്റെ ചൊൽപ്പടിയിൽ നിന്നുകൊള്ളും. ശങ്കരാചാര്യരെയാണ് ഏറ്റവും വലിയ ബഹുമാനം. 'വത്സേ! കൈരളി,യാശ്വസിക്ക....'എന്ന പ്രരോദന പദ്യം തന്നെ ഇതിന് ദൃഷ്ടാന്തമാണല്ലോ. വിവാഹ ത്തിന് മുമ്പേ തന്നെ–ആത്മതത്ത്വം തുടങ്ങിയ ശങ്കരാചാര്യരുടെ ചില പദ്യങ്ങളും ആത്മസ്വരൂപത്തെ വർണ്ണിക്കുന്ന ഭഗവദ്ഗീതയിലെ ചില പദ്യങ്ങളും എനിക്ക് പറഞ്ഞു തന്നിരുന്നു"[2] എന്ന് ആശാന്റെ പത്നിയായ ഭാനുമതി അമ്മ പറയുന്നു.

വിചാരവും ഭാവനയും സർഗ്ഗാത്മകമായി സംയോജിക്കുമ്പോഴാണ് ആനുഭൂതികപ്രവാഹങ്ങൾക്ക് കാവ്യരൂപം സിദ്ധിക്കുന്നത്. ആശാൻകവിതകളിൽ കവിതയുടെയും തത്ത്വചിന്തയുടെയും ആനുപാതികമായ സമന്വയം കാണാം. തത്ത്വചിന്തയുടെ അനുചിതമായ കടന്നു കയറ്റം ആശാൻ കവിതയിലില്ല. സത്യദർശനത്തിന്റെ സർവ്വതന്ത്രസ്വതന്ത്രമായ സ്വാംശീകരണത്തെ വൈകാരികാനുഭൂ തിയുമായി സമന്വയിപ്പിച്ചാണ് ആശാൻ ഇത് സാധിച്ചത്. " തത്ത്വചിന്തകരോട് യോജിക്കുകയോ വിയോ ജിക്കുകയോ ആകാം. എന്നാൽ കവിയോട് വായനക്കാരൻ യോജിക്കുന്നുമില്ല, വിയോജിക്കുന്നുമില്ല. അയാളൊരു ശുഭനിമിഷത്തിൽ കവിതന്നെ ആയിത്തീരുകയാണ് ചെയ്യുന്നത്. കവിയുടെ കണ്ണിലൂടെ കവി കാണുന്ന ചിത്രം കാണുമ്പോൾ അയാൾ കവിയുമായി സായുജ്യം പ്രാപിക്കുന്നു. ഈ കവനേന്ദ്ര ജാലം പ്രയോഗിക്കാനാണ് തത്ത്വചിന്താധനം വാരിവിതറാനല്ല ആശാൻ മുതിർന്നത്"[3]എന്നാണ് വിഷയത്തെക്കുറിച്ച് ശ്രീ. സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നത്.

ഒരു വിശ്വാസത്തെ ന്യായീകരിക്കുന്നതിനും അതിന്റെ നിജസ്ഥിതി തെളിയിക്കുന്നതിനും അത് സുവ്യക്തമായി അവതരിപ്പിക്കുന്നതിനും ചില പ്രമാണസംഹിതകൾ വേണം. അതിന് ഒരു പരിധിവരെ

---

2- കമലമ്മ ജി.- ആശാൻ സാഹിത്യ പ്രവേശിക (പഠനങ്ങൾ)- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-1. 1989, പുറം-129

3- കുമാരനാശാൻ സ്മാരകസമിതി- സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം, എഡി-1, 1968 പുറം-73

യുക്തിയുടെയും തർക്കത്തിന്റെയും വാദങ്ങളുടെയും പിൻബലം ആവശ്യമാണ്. ആത്മാവിഷ്ക്കാരത്തിൽ അവ ആനുപാതികമായി നിലകൊള്ളണമെന്നില്ല. എന്നാൽ യുക്ത്യധിഷ്ഠിതമായ തത്ത്വചിന്തയും വൈകാരികതലത്തിലുള്ള ഭക്തിയും തമ്മിലുള്ള അന്തഃസംഘർഷത്തെക്കാൾ ഭക്തിയും ജ്ഞാനവും കർമ്മവും യോഗവും യുക്തിയും തമ്മിലുള്ള ഹൃദ്യമായ മേളനത്തിൽനിന്നാണ് ആസ്തിക്യബോധവും ദാർശനികഗൗരവവും ഉൾക്കൊള്ളുന്ന ആശാന്റെ രചനകളെല്ലാം ഉയിരെടുക്കുന്നത്.

ശ്രീ ശങ്കരാചാര്യരുടെ താത്ത്വികവും ശ്രീ നാരായണ ഗുരുവിന്റെ പ്രായോഗികവുമായ അദ്വൈതമാണ് കുമാരനാശാന്റെ കൃതികളിലുള്ളത്. അതിലൂടെ മനുഷ്യരെ തമ്മിലകറ്റുന്ന മൂല്യനിരാസം സംഭവിച്ച ജാതി, മതം എന്നീ സ്ഥാപനങ്ങൾക്കെതിരെ പ്രതിരോധമുയർത്താനും ആദ്ധ്യാത്മിക ആശയങ്ങളെ ആദർശസമൂഹത്തിന് അനുഗുണമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. സ്വേച്ഛാനുസൃതമായ പ്രയോഗത്തിലൂടെ പൗരോഹിത്യം വികലമാക്കിയ വൈദികചിന്തകളെ തിരുത്തിക്കുറിച്ച് അതിന്റെ യഥാർത്ഥമഹിമയെ പ്രായോഗികതലത്തോടിണക്കുന്നതിന് ശ്രീനാരായണ ദർശനം അദ്ദേഹത്തെ സഹായിച്ചു. പ്രസ്തുത സ്വാധീനം അദ്ദേഹത്തിന്റെ സ്തോത്രകൃതികളിൽ പ്രത്യക്ഷമായും പിൽക്കാലകൃതികളിൽ അത് അന്തർദ്ധാരയായുമാണ് പ്രവർത്തിച്ചത്. ‘‘മരണത്തിന് ഏതാനും നിമിഷം മുമ്പ് കുമാരനാശാനോട് തന്റെ ജീവിതത്തെ അടിമുടി സ്വാധീനിച്ച ഏറ്റവും മഹത്തായ സംഭവം ഏന്താണെന്ന് ചോദിച്ചിരുന്നെങ്കിൽ ഒരു മറുപടിയേ അദ്ദേഹം പറയുമായിരുന്നുള്ളൂ- എന്റെ ശ്രീനാരായണ ദർശനം എന്ന്.’’[4] അതുകൊണ്ട് സ്തോത്രകൃതികൾമുതൽക്കുള്ള അതിന്റെ സ്വാധീനം പരിശോധിക്കേണ്ടതുണ്ട്.

സ്തോത്രസമ്പ്രദായത്തിന് ചരിത്രപരമായി വളരെയധികം പ്രാധാന്യമുണ്ട്. പ്രപഞ്ചനിയമമായ ഈശ്വരനോടുള്ള മനുഷ്യന്റെ ആത്മനിവേദനമാണ് സ്തോത്രങ്ങളായി ഉരുത്തിരിയുന്നത്. വിവിധ നാമങ്ങളിലൂടെ ദൈവത്തിന്റെ മഹത്വം വാഴ്ത്തുക, എല്ലാ തരത്തിലുമുള്ള പരിമിതികളിൽനിന്നും വിമുക്തി അഭ്യർത്ഥിക്കുക, അതിനെ മനുഷ്യഭാവത്തിൽക്കണ്ട് കുറ്റം പറയുകയും പരിഭവിക്കുകയും കളിയാക്കുകയും താക്കീത് കൊടുക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള പല സമ്പ്രദായങ്ങളും അതിലുണ്ട്. അംഗോപാംഗവർണ്ണനകളിലൂടെ മനസ്സിനെ ഏകാഗ്രമാക്കി അതിലടക്കി നിർത്തുന്നതിനുള്ള ഉപാധികൂടിയാണ് സ്തോത്രങ്ങൾ. അത് ‘‘പഴയ ഭക്തിയെ പുതിയ സാഹചര്യങ്ങളിൽ പുനരുദ്ധരിക്കുകയും അതിന്റെ സമ്പത്തും വിശ്വവ്യാപകത്വവും തികച്ചും അത്ഭുതകരമാക്കി തീർക്കുകയും ചെയ്തു.’’[5] സ്തോത്രങ്ങളെ

4- കൃഷ്ണപ്പിള്ള എൻ. പ്രൊഫ.- തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ- നാഷനൽ ബുക്ക് സ്റ്റാൾ, എഡി.1, കോട്ടയം-പുറം-95

5- Sunil Kumar D.E-Aspects of sanskrit literature- Firma K.M. Pvt. Ltd. Calcutta Edi-1, 1976, Page-102

പ്രധാനമായും നാമാവലീസ്തോത്രങ്ങൾ, രൂപവർണ്ണനാസ്തോത്രങ്ങൾ, അർത്ഥനാമസ്തോത്രങ്ങൾ, ദീനാലാപനസ്തോത്രങ്ങൾ, ശത്രുസംഹാരസ്തോത്രങ്ങൾ, ക്ഷമാപണസ്തോത്രങ്ങൾ, പുരാണകഥന സ്തോത്രങ്ങൾ, കാലികസ്തോത്രങ്ങൾ, ദാർശനികസ്തോത്രങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. ആർത്തർ ജിജ്ഞാസുക്കൾ, അർത്ഥാർത്ഥികൾ ജ്ഞാനികൾ എന്നിങ്ങനെ വിവിധശ്രേണികളിലുള്ള ഭക്തരെ സംബന്ധിക്കുന്ന സ്തോത്രകൃതികളെ യഥാക്രമം വിധി സ്തോത്രം, കർമ്മസ്തോത്രം, ദ്രവ്യസ്തോത്രം, അഭിജ്ഞാനസ്തോത്രം എന്നിങ്ങനെയും വിഭജിക്കാം. അവയിൽ നാമാവലികൾ, രൂപവർണ്ണനകൾ, ദീനാലാപങ്ങൾ, ക്ഷമാപണം, ദാർശനികചിന്തകൾ എന്നിവയെല്ലാം ഉൾപ്പെടുന്നു.

ശ്രീനാരായണദർശനത്തിന്റെ സ്വാധീനമുൾക്കൊണ്ടാണ് കുമാരനാശാൻ സ്തോത്രകൃതികൾ എഴുതിയത്. ശ്രീനാരായണദർശനത്തെ ജനങ്ങളിലേക്കെത്തിക്കാൻ അദ്ദേഹം ശ്രമിച്ചു. പരംപൊരുളിനെ അന്വേഷിച്ചലയുന്ന ജീവാത്മാവിന്റെ വിഹ്വലതകളും വേദനകളും അതിലുണ്ട്. സാർവ്വജനീനമായ സ്നേഹമെന്ന വികാരത്തെ അതിന്റെ പൂർണ്ണതയിലേക്ക് ഉയർത്തുന്ന ഭക്തിദർശനവുമായും അവയ്ക്ക് ബന്ധമുണ്ട്. എല്ലാം വെടിഞ്ഞ് സ്വയം മറന്ന് ജഗന്നിയന്താവിന്റെ ഇച്ഛയ്ക്ക് ഉപകരണമായിത്തീരുക എന്നതാണ് ഭക്തിമാർഗ്ഗത്തിന്റെ കാതൽ. പരമാത്മാവിനെ സ്വായത്തമാക്കാനുഴറുന്ന ജീവാത്മഭാവം ആശാന്റെ സ്തോത്രകൃതികളിൽ പ്രത്യക്ഷപ്പെടുന്നു. ബ്രഹ്മത്തിന്റെ സമൂർത്തപ്രതീകങ്ങളാണ് ആശാന്റെ സ്തോത്രകൃതികളിലെ ദേവതാസങ്കല്പങ്ങൾ. അദ്വൈതജ്ഞാനോപാസനയിലൂടെ അതിനെ ധ്യാനിക്കാനും പ്രതിപാദിക്കാനും ഭക്തിയുടെ ശക്തവും സാർവ്വത്രികവുമായ പരമപ്രേമത്തെത്തന്നെയാണ് അദ്ദേഹം സമാശ്രയിക്കുന്നത്. പ്രാപഞ്ചികജീവിതത്തെപ്പറ്റി ദാർശനിക നിലവാരത്തിൽ ചിന്തിക്കുകയും ജീവിതത്തിന്റെ അന്തസ്സാരശൂന്യതയും നിസ്സാരതയും ബോദ്ധ്യമാകുകയും ചെയ്ത ഒരാളുടെ ഭക്തി പരമമായ അറിവിന്റെ ഈടുറപ്പുള്ളതായിരിക്കും. അതിലൂടെ പരാഭക്തിയിലെത്തുന്ന മനസ്സ് ഇന്ദ്രിയങ്ങളെ വശപ്പെടുത്തി സ്വാർത്ഥബുദ്ധിയെ നശിപ്പിച്ച് ക്രമികമായി സത്യത്തിലും ധർമ്മത്തിലും അധിഷ്ഠിതമാകുന്നു.

ദേവതാസങ്കല്പങ്ങളെ പുരസ്ക്കരിച്ചെഴുതിയ സ്തോത്രകൃതികളുൾപ്പടെയെല്ലാം ലക്ഷീകരിക്കുന്നത് ആശാന്റെ ഏകത്വത്തിലടിയുറച്ച ഈശ്വരാവബോധത്തിലേക്കാണ്. അതിൽ ശാങ്കരശതകം, ശിവസുരഭി, ഉപക്രമപഞ്ചകം, ശിവധ്യാനവിംശതി, മിശ്രസ്തവങ്ങൾ, മിശ്രസ്തോത്രങ്ങൾ, ശിവഭക്തിപഞ്ചകം, ശിവജ്ഞാനപഞ്ചകം, ശിവയോഗി പഞ്ചകം, ശിവമാഹാത്മ്യസ്തോത്രം എന്നിവ ശിവസ്തോത്രങ്ങളാണ്. നിജാനന്ദാനുഭൂതി, പരമപഞ്ചകം, ദേവീസ്തോത്രങ്ങൾ, സാവിത്രിയുടെ പ്രാർത്ഥന, ആനന്ദലഹരി(വിവർത്തനം), ദേവ്യപരാധക്ഷമാപണ സ്തോത്രം(വിവർത്തനം), സൗന്ദര്യല

ഹരി(വിവർത്തനം) എന്നിവ ദേവീസ്തോത്രങ്ങളും ഭക്തവിലാപം, സുബ്രഹ്മണ്യദശകം, ശിഖിവാഹന ധ്യാനദശകം(സംസ്കൃതം) തുടങ്ങിയവ സുബ്രഹ്മണ്യസ്തോത്രങ്ങളുമാണ്. ശാരദാസ്തവം, സരസ്വതീപഞ്ചകം എന്നിവ സരസ്വതീ സ്തുതികളും നിജാനന്ദവിലാസം, കളകണ്ഠഗീതം എന്നിവയും അദ്വൈതത്തെ നേരിട്ടു പ്രതിപാദിക്കുന്ന രചനകളുമാണ്. കാമിനീഗർഹണം, വൈരാഗ്യപഞ്ചകം, വിഭൂതി, അനുഗ്രഹപരമദശകം എന്നിവ സാധനാപ്രധാനങ്ങളാണ്. പ്രഭാതപ്രാർത്ഥന, മതാതീതനായ ഈശ്വരനെപ്പറ്റിയുള്ള സങ്കീർത്തനം, ആത്മാർപ്പണം എന്നിവ നിരാകാരനായ ഈശ്വരനെ കുറിയ്ക്കുന്നു. സൃഷ്ടിക്ക് കാരണഭൂതനെന്ന നിലയിൽ ഈശ്വരനെ സ്തുതിക്കുന്ന ഈശ്വരൻ, സകലമൂല്യങ്ങൾക്കും ആധാരമെന്ന നിലയിൽ ഈശ്വരനെ വാഴ്ത്തുന്ന ദീപാർപ്പണം, അവശന് ആലംബമെന്ന നിലയിൽ ഈശ്വരനെ കാണുന്ന നിശാപ്രാർത്ഥന, പ്രതീകത്തിലൂടെ ഈശ്വരനെ വാഴ്ത്തുന്ന ഓം എന്ന സംസ്കൃത രചന, കരുണാനിധി സ്തോത്രം എന്നിവ ഏകാത്മദർശനത്തിന്റെ പ്രതിദ്ധ്വനികളാണ്. കൂടാതെ ഖണ്ഡകാവ്യങ്ങളായ വീണപൂവ്, സിംഹപ്രസവം(1908), നളിനി(1911), ലീല(1914), ശ്രീ ബുദ്ധചരിതം(1917 -24), ഗ്രാമവൃക്ഷത്തിലെ കുയിൽ(1918), പ്രരോദനം(1919), ചിന്താവിഷ്ടയായ സീത(1919), പുഷ്പവാടി(1922), ദുരവസ്ഥ(1922), ചണ്ഡാലഭിക്ഷുകി(1922), കരുണ(1923), മണിമാല(1924), വനമാല(1925) എന്നീ കൃതികളിൽ അദ്വൈതചിന്ത ബിംബങ്ങളായും മനഃശാസ്ത്രരൂപങ്ങളായും മിത്തുകളായും ഉരുത്തിരിയുന്നുണ്ട്. ഇതേ ദർശനത്തിന്റെ അനുരണനവും പിന്തുടർച്ചയുമാണ് അദ്ദേഹത്തിന്റെ കാവ്യലോകം പരമതാല്പര്യമായി ഉന്നയിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ദേവതാ സങ്കല്പം, ബ്രഹ്മം/ഈശ്വരൻ എന്നീ സംജ്ഞകൾ, പ്രപഞ്ചനിയമത്തിന്റെ അലംഘനീയതയെന്ന നിലയിലുള്ള വിധി, ആത്മബോധത്തിന്റെ മനുഷ്യാകാരമെന്ന നിലയിൽ ഗുരു, പരമമായ സത്യത്തെ വെളിപ്പെടുത്തുന്ന മഹാവാക്യങ്ങൾ, അദ്വൈതചിന്തയുടെ അടിസ്ഥാനത്തിലുള്ള സമന്വയപദ്ധതി എന്നീ മൗലിക വീക്ഷണങ്ങൾ ബിംബങ്ങളായും ഗൂഢാവബോധമായും ആദിരൂപങ്ങളായും ആശാന്റെ രചനകളിൽ നിലകൊള്ളുന്നുണ്ട്. ആയതിനാൽ അവിരുദ്ധമായ ആധാരൈക്യത്തിന്റെ പാരസ്പര്യത്തിൽ വർത്തിക്കുന്ന അവയെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നു.

### 4.1-ദേവതാ സങ്കല്പം

ഈ പ്രപഞ്ചത്തിലെ ഓരോ ചലനവും സുസ്ഥാപിതവും സുവ്യക്തവുമായ നിയമവ്യവസ്ഥയുടെ വരുതിയിലാണ് വർത്തിക്കുന്നത്. ഏകമായ സത്യം വിവിധ മാദ്ധ്യമങ്ങളിലൂടെ പ്രകടമാകുമ്പോൾ പ്രപഞ്ചവസ്തുക്കളുടെ വിവിധ ആകാരപ്രകാരങ്ങൾക്കനുസൃതമായി അവയ്ക്കെല്ലാം ദേവതാരൂപത്തി

ലുള്ള ഉപനിയമങ്ങളെ ആചാര്യന്മാർ വിഭാവനം ചെയ്തു. ഈ ഉപനിയമങ്ങൾ ഈശ്വരനെന്ന ഏകമായ അധിനിയമത്തിൽനിന്ന് അനന്യമെന്നും അവർ സ്ഥാപിച്ചു. ഇങ്ങനെയാണ് ഏകമായ ഈശ്വരതത്ത്വത്തിൽനിന്നും ബഹുദേവതോപാസനയുടെ തലം പ്രകടമാകുന്നത്. ഇവിടെ സ്തോത്രങ്ങൾ, കീർത്തനങ്ങൾ വാഴ്ത്തുപാട്ടുകൾ എന്നിവ പ്രസക്തമായി വരുന്നു. ദേവതാസ്വരൂപം, ഭക്തനുൾപ്പെടുന്ന സമൂഹത്തിന്റെ അവസ്ഥ, ലോകത്തിന്റെ സ്ഥിതിഗതികൾ എന്നിവയെല്ലാം ഇതിൽ പ്രതിപാദിക്കും. അന്തഃകരണശുദ്ധി, ചിത്തൈകാഗ്രത, വൈരാഗ്യം, ഭക്തി എന്നിവ സമ്പാദിച്ച് നാനാത്വമാർന്ന ഉപനിയമങ്ങ ളിലൂടെ സഞ്ചരിക്കുമ്പോൾ അധിനിയമമായ ഈശ്വരന്റെ ഏകത്വമറിയിയാൻ സാധിക്കും. പ്രപഞ്ചസൗന്ദര്യത്തിന്റെയും ശക്തിവിശേഷങ്ങളുടെയും അകപ്പൊരുളറിഞ്ഞ് പാടിപ്പുകഴ്ത്തുന്ന ഭാവഗീതങ്ങളായ സ്തോത്രകൃതികളുടെ ലക്ഷ്യം വൈചാരികമായ സത്യസന്ധതയെയും വൈകാരികാനുഭൂതിയെയും സമന്വയിപ്പിച്ച് അവബോധത്തെ ആത്യന്തികമായ മുക്തിയിലേക്ക് നയിക്കുക എന്നതാണ്. ആശാന്റെ സ്തോത്രകൃതികളുടെ ലക്ഷ്യവും അതുതന്നെ.

ജാതിമേധാവിത്വത്തിന്നെതിരെ സ്തോത്രങ്ങളെ ജനകീയസാഹിത്യമാക്കി വികസിപ്പിക്കാനും സംസ്കൃതഭാഷാപാരമ്പര്യത്തെ കൂടുതൽ കരുത്തോടെ സമന്വയിപ്പിക്കാനും സ്തോത്രകൃതികളിലൂടെ ആശാനു കഴിഞ്ഞു. സ്തോത്രകൃതികളെ സംഗീതാത്മകമാക്കാൻ സംസ്കൃതവൃത്തങ്ങളോടൊപ്പം ഭാഷാവൃത്തങ്ങളെയും സ്വീകരിച്ചു. യോഗദർശനം, തന്ത്രവിധികൾ, ശൈവാഗമങ്ങൾ തുടങ്ങിയവയ്ക്കനുഗുണമായ ദേവതാസങ്കല്പം, ദർശനം, ഭാഷ, രൂപവർണ്ണന, അർത്ഥാലങ്കാരങ്ങൾ എന്നിവ സ്വീകരിച്ചത് തുടക്കം മുതൽ അദ്ദേഹത്തെ സ്വാധീനിച്ച അദ്വൈതദർശനത്തിന്റെ വെളിച്ചത്തിലായിരുന്നു. ഇതിലൂടെ വിവിധരസങ്ങൾ കോർത്തിണക്കി ഭക്തിയെ പോഷിപ്പിച്ച് ശാന്തരസത്തിലെത്തിക്കുന്ന സമുന്നതമായ സ്തോത്രധർമ്മത്തെ അദ്ദേഹം അനാവരണം ചെയ്തു. വൈകാരികാംശംകൊണ്ടും സൗന്ദര്യപ്രകാശനംകൊണ്ടും ശ്രദ്ധേയമായ കാവ്യങ്ങൾപോലും അദ്വൈതചിന്തയുടെ സ്വാധീനമുൾക്കൊള്ളുന്നവയാണ്. ശ്രീനാരായണഗുരുദേവനെ പ്രത്യക്ഷമായി അനുകരിച്ചാണ് കുമാരനാശാൻ ആദ്യകാല സ്തോത്രങ്ങൾ എഴുതിയത്. ശങ്കരാചാര്യരിൽനിന്നു തുടങ്ങുന്ന സ്തോത്രരചനയുടെ അദ്വൈതപാരമ്പര്യമാണ് കുമാരനാശാൻ പൂർത്തീകരിച്ചത്.

'നിജാനന്ദവിലാസ'ത്തിൽ പഞ്ചഭൂതങ്ങളായ ആകാശം, വായു, അഗ്നി, വെള്ളം, ഭൂമി എന്നിവയും സൂര്യചന്ദ്രാദികളും ചേർന്ന ദൃശ്യപ്രപഞ്ചത്തിനും രൂപമില്ലാത്ത നിർമ്മലജ്ഞാനത്തിനും ബ്രഹ്മാ

ദികൾക്കും സാരമാണ് എന്റെ ഈശ്വരനെന്ന് കവി പറയുന്നു.''[6]ദൃശ്യപ്രപഞ്ചത്തിലെ അടിസ്ഥാനഘടകങ്ങളായ പഞ്ചഭൂതങ്ങളും സൂര്യചന്ദ്രന്മാരും ഈശ്വരാംഗങ്ങളാണെന്നാണ് കവി ഉദ്ദേശിക്കുന്നത്. കൃത്യമായ നിയമക്രമത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ പ്രപഞ്ചപദാർത്ഥങ്ങളിൽ നിന്ന് വിഭിന്നമല്ല അതിന്റെയെല്ലാം അധിനിയമമായ ഈശ്വരനെന്ന് പറയുന്ന ഈ ഭാഗം സർവ്വേശ്വരവാദ(Panthesm) ത്തെയാണ് ഉന്നയിക്കുന്നത്. ഇവിടെ സൃഷ്ടിയും സ്രഷ്ടാവും ഒരു തത്ത്വത്തിന്റെ വിവിധതലത്തിലുള്ള പ്രകടീകരണങ്ങളാണ്.

ആരാധനാമൂർത്തിയുടെ വാഹനത്തെ സംബോധന ചെയ്ത് അർത്ഥിക്കുന്ന രീതി, ശിവന്റെ സവിശേഷതകൾ മകനിൽ ആരോപിച്ച് വർണ്ണിക്കുന്ന രീതി, സ്തുതികൾക്കിടയിൽ കഥകൾ കൂട്ടിച്ചേർത്ത് പ്രതിപാദിക്കുന്ന സവിശേഷത തുടങ്ങിയവയെല്ലാം ഗുരുവിനെപ്പോലെതന്നെ ആശാനും പിന്തുടരുന്നു. ''ശിവകുടുംബത്തിലെ അംഗങ്ങളായ ശിവനും ദേവിയും സുബ്രഹ്മണ്യനുമാണ് ശ്രീ നാരായണഗുരുദേവന്റെ കൃതികളിലെന്നപോലെ ആശാന്റെയും സ്തോത്രങ്ങളിൽ കാണുന്നത്.'' [7]എന്ന് കെടാക്കുളം കരുണാകരനും ''ഗുരുവിന്റെ ആത്മീയജീവിതയാത്രയുടെ ഒന്നാം ഘട്ടത്തിൽ-അവധൂതഘട്ടത്തിൽ-എഴുതിയ സ്തോത്രങ്ങളുമായി കുമാരനാശാന്റെ ആദ്യകാലസ്തോത്രങ്ങൾക്ക് പ്രഗാഢബന്ധം കാണുന്നു. ശിവൻ, പാർവ്വതി, ഗണപതി തുടങ്ങിയവരാണ് പ്രധാനമായും ഗുരുവിന്റെ ആരാധനാപുഷ്പങ്ങൾ പിടിച്ചുപറ്റുന്നത്. ആശാന്റെയും അധികശ്ലോകങ്ങളും ശിവൻ, സുബ്രഹ്മണ്യൻ, പാർവ്വതി എന്നീ ആരാദ്ധ്യദേവതകളെ വാഴ്ത്തുന്നതാണ്. ശ്രീനാരായണഗുരു ശിവനെ കേശാദിപാദം വർണ്ണിക്കുന്നതായി കാണാം. ശാങ്കരശതകത്തിൽ ആശാനും ഇതു പിന്തുടരുന്നു''[8]എന്ന് ഡോ. കെ. ഗോപിനാഥനും അഭിപ്രായപ്പെടുന്നു.

കരയിലെ ഏറ്റവും വലിയ ജീവിയായ ആനമുതൽ എലിവരെ എല്ലാം ജീവധർമ്മങ്ങളും കണ്ണിചേർന്നു നിൽക്കുന്നതാണ് ഈശ്വരതത്ത്വമെന്നറിയുമ്പോൾ മനുഷ്യജീവിതം നിർവ്വിഘ്നം സഞ്ചരിക്കുമെന്നതിന്റെ പൊരുളാണ് ഗണേശതത്ത്വം. ഭൗതികവും ആത്മീയവുമായ ലക്ഷ്യങ്ങൾ

---

6-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010 പുറം-66, (ശ്ലോകം-17)

7- കരുണാകരൻ, കെടാക്കുളം- ഋഷിയും കവിയും ശ്രീനാരായണ യുഗപ്രഭാവം- അന്താരാഷ്ട്ര ഗുരുവർഷാചരണം, സ്മരണിക 1970 പുറം-400

8- ഗോപിനാഥൻ കെ. കുമാരനാശാന്റെ കവിതകളിൽ വെളിപ്പെടുന്ന കവി മനസ്സ്- പിഎച്ച്.ഡി. പ്രബന്ധം, കേരള സർവ്വകലാശാല, 1986

നേടുന്നതിനിടയിൽ ജീവിതത്തിലുണ്ടായേക്കാവുന്ന തടസ്സങ്ങളെ അത് നിവാരണം ചെയ്യുന്നു. ദ്രാവിഡ സങ്കല്പത്തിലുള്ള ദേവതാരൂപമായ ഗണപതിയെ വണങ്ങി നിൽക്കുന്ന ദേവസമൂഹത്തോടു കൂടിയവൻ, വേദങ്ങളുടെ നാരായവേര്, ചന്ദ്രനെ ശിരസ്സിൽ ചൂടിയവൻ, ലക്ഷ്മീസമേതനായ വിഷ്ണുവിനാൽ ഭജിക്കപ്പെടുന്നവൻ, തടിച്ച മനോഹരമായ വയറോടു കൂടിയവൻ, സനന്ദാദി മുനിമാരാൽ സ്തുതിക്കപ്പെടുന്നവൻ, ജടയിൽ സർപ്പരാജാവായ വാസുകിയെ മുല്ലമാലയായി അണിഞ്ഞിരിക്കുന്നവൻ, അഭീഷ്ടസിദ്ധി ദായകൻ എന്നിങ്ങനെ 'വിനായകാഷ്ടക'ത്തിൽ ശ്രീനാരായണഗുരു പ്രാധാന്യത്തോടെ വർണ്ണിക്കുന്നുണ്ട്.[9] സാധാരണ മനുഷ്യർക്ക് അവരവരുടെ നിലവാരത്തിലുള്ള നാമരൂപങ്ങളുമായി നേരിട്ട് ബന്ധപ്പെടാമെന്നതിനാലാണ് പ്രതീകാത്മകങ്ങളായ ദേവതാസങ്കല്പങ്ങൾക്ക് ആശാൻ സ്തോത്രകൃതികളിൽ ഊന്നൽ നൽകാതിരുന്നത്. ശിവകുടുംബാംഗമാണെങ്കിലും അതിൽ ഗണപതിക്ക് സ്ഥാനം ലഭിക്കാതെ പോയത് അതുകൊണ്ടാവാം. ജീവിതത്തിലെ ഉൽക്കണ്ഠകൾ, വിഹ്വലതകൾ, പ്രത്യാശകൾ, ഭയാശങ്കകൾ എന്നിവ നേരിട്ട് സംവദിച്ച് ക്രിയാത്മക പരിഹാരമാർഗ്ഗം നേടാൻ മനുഷ്യാകാരത്തിലുള്ള ദേവീദേവന്മാരാണ് ഉചിതമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

നാരായണഗുരു സ്വാമികളുടെ സ്തോത്രത്തിൽ ശിവന്റെ പാമ്പും അമ്പിളിയും ഗംഗയും തുമ്പയും സുബ്രഹ്മണ്യനും കല്പിച്ചിരിക്കുന്നു.[10]ഇതിനെ അനുകരിച്ച് 'ഭക്തവിലാപ'ത്തിൽ ഗംഗ, ചന്ദ്രക്കല, മൂന്നാംകണ്ണ് എന്നിവയോടെ ആശാൻ സുബ്രഹ്മണ്യനെ അവതരിപ്പിക്കുന്നു.[11]ശൈവസിദ്ധാന്തമനുസ

---

9- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003 പുറം-5

10- അർക്കബിംബമൊരാറുദിച്ചുയരുന്നപോലെ വിളങ്ങിടും/ തൃക്കിരീടജടയ്ക്കിടയ്ക്കരവങ്ങളമ്പിളി തുമ്പയും ദുഷ്ക്കൃതങ്ങളകറ്റുവാനൊഴുകീടുമംബരഗംഗയും/ ഹൃത്ക്കുരുന്നിലെനിക്കു കാണണമെപ്പൊഴും ഗുഹ പാഹിമാം

(നാരായണ ഗുരു-ഷണ്മുഖ സ്തോത്രം)

ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003 പുറം-120

11- കാളാംഭോദക്കരിംകോമളതരകബരീ ഭാരമാരോഹണം ചെ-
യ്തോളം തല്ലുന്ന ഗംഗാനദിയുമൊളി ചൊരിക്കുന്ന ചന്ദ്രക്കിടാവും
മാളും മാരൻ മദിച്ചാലിനിയുമിനിയുമെന്നങ്ങു ചെന്നെറ്റിയിൽ തീ-
കാളും കണ്ണും കലർന്നെൻ കരുണമുരുകനെക്കാണുവാൻ കാലമായോ!

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-90

രിച്ച് ശിവന്റെ ഒരു ഭാഗം തന്നെയായ സുബ്രഹ്മണ്യനും സ്ത്രൈണസത്തയായ പാർവ്വതിയും ഭിന്നരല്ല. വിവിധ ദേവതാ സങ്കല്പവൈവിദ്ധ്യങ്ങളിൽ സമാനധർമ്മങ്ങൾ ആരോപിക്കുന്നത് അദ്വൈതചിന്തയി ലധിഷ്ഠിതമായ ഏകത്വത്തിലൂന്നിയാണ്. ''കാര്യത്തിൽ നില്പതിഹ കാരണ സത്തയെന്യേ വേറല്ല''[12] എന്ന നാരായണഗുരുവിന്റെ കാഴ്ചപ്പാടുതന്നെയാണ് ''കാരണത്തിലമരുന്നു കാര്യം''എന്ന ആശാന്റെ വീക്ഷണത്തിലുമുള്ളത്. കൂടാതെ ദേവതാസങ്കല്പം, ദർശനം, ഭാഷ, വിവരണം എന്നിവയിലെല്ലാം മധുരഭക്തിയുടെ വർണ്ണനാസ്തോത്രങ്ങളിൽനിന്നും നാമസങ്കീർത്തനസ്തോത്രങ്ങളിൽനിന്നും വ്യത്യ സ്തമായി ശൈവഭക്തിയുടെ വൈരാഗ്യപ്രധാനമായ തലങ്ങളിലൂടെ ആശാൻ ഒരുപാട് മുന്നേറുന്നുണ്ട്.

ശൈവസങ്കല്പം ആത്മാകാരവൃത്തിയിലേക്കുയരുന്നത് 'കളകണ്ഠഗീത'ത്തിൽ കാണാം. ''ബ്രഹ്മ സാക്ഷാൽക്കാരത്തോടെ ശേഷിക്കുന്നത് അടിസ്ഥാന ബോധരൂപമായ ശിവനാണ്. കാണുന്നതെല്ലാം അവന്റെ വിഭൂതികളാണ്. ചിന്മയമായ ശിവതത്ത്വത്തിൽ അവയൊന്നും ശേഷിക്കുകയില്ല.''[13] പരമസ ത്തയ്ക്കേകിയ ശിവനാമവും അവന്റെ വിഭൂതികളും അവിഭക്തസത്തകളാണെന്ന് സമർത്ഥിക്കുകയാ ണിവിടെ. രണ്ടിനെയും സ്വതന്ത്രമായി കാണാൻ നമുക്കാകില്ല. പരിപൂർണ്ണമായ പരമസത്യത്തെക്കുറി ച്ചുള്ള ശാന്തിമന്ത്രവും ലക്ഷീകരിക്കുന്നത് ഇതുതന്നെയാണ്. ''അത് പൂർണ്ണമാകുന്നു. ഇത് പൂർണ്ണമാകു ന്നു. പൂർണ്ണത്തിൽ നിന്ന് പൂർണ്ണം ഉണ്ടാകുന്നു. പൂർണ്ണത്തിൽ നിന്ന് പൂർണ്ണമെടുത്താലും പൂർണ്ണം തന്നെ അവശേഷിക്കുന്നു.''[14] അതായത് കാരണബ്രഹ്മത്തിൽനിന്ന് കാര്യപ്രപഞ്ചമെടുത്താൽ സച്ചിദാ നന്ദരൂപമായ ബ്രഹ്മം തന്നെ അവശേഷിക്കുന്നു എന്ന് താല്പര്യം.

വാക്കിനും മനസ്സിനും ബുദ്ധിക്കും എത്തിപ്പിടിക്കാനാവാത്ത വിഷയമെന്ന നിലയ്ക്ക് പരബ്രഹ്മ തത്ത്വത്തെ പ്രതിപാദിക്കാൻ 'യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാ സഹ,' 'നേതി, നേതി' തുടങ്ങിയ വേദാന്തചിന്തകളെ സ്തോത്രകൃതികളിൽ ആശാൻ അവതരിപ്പിച്ചിരിക്കുന്നു. 'നിജാനന്ദവി ലാസ'ത്തിൽ വേദാന്തത്തിനും മറ്റ് പല ശാസ്ത്രങ്ങൾക്കും പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാ

---

12- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-164, (ശാങ്കരശതകം-ശ്ലോകം-93) 12- ശേഷിപ്പതു

13- ബോധമയൻ ശിവനാം / ശേഷങ്ങളവന്റെ വിഭൂതികളാം

ശേഷിക്കയുമില്ലവ ചിന്മയനിൽ / ഭാഷാജിത പൂമധുവാം കുയിലേ (ശ്ലോകം-17)

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 318

14- ബൃഹദാരണ്യകോപനിഷത്ത്- (വാള്യം-1)-ഗുരു നിത്യചൈതന്യയതി- ഡി.സി.ബുക്ക്സ്, കോട്ടയം, എഡി-1, 1994, പുറം-18

നങ്ങൾക്കുമെല്ലാം സാരമെന്നും വാദാതീതമെന്നും യോഗികകളുടെ ഹൃദയപത്മത്തെ നിത്യമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഇതല്ല ഇതല്ല എന്ന അവാച്യഭാവമെന്നും[15] ഈശ്വരതത്ത്വത്തെ കവി വിശേഷിപ്പിക്കുന്നു. 'ശിവസുരഭി'യിൽ "എന്തു വന്നാലും എന്റെ ഹൃദയമേ, നീ ശിവനാമം തന്നെ ജപിക്കുകയാണെങ്കിൽ പാതാളവും ബ്രഹ്മലോകവുമെല്ലാം അപ്രസക്തമാകും"[16] എന്ന് കവി പറയുന്നു. എത്തിപ്പെടേണ്ട ലോകങ്ങൾക്കുപരിയുള്ള പരമധാമമായി ഇവിടെ ശിവതത്ത്വത്തെ കാണുന്നു. നാമജപത്തിലൂടെ ക്രമമായി ഉയർന്ന് സാധകൻ എത്തിച്ചേരുന്ന തലം അറിയപ്പെടുന്ന ലോകങ്ങൾക്കെല്ലാമുപരിയുള്ളതാണെന്ന് ഇവിടെ വ്യക്തമാക്കുന്നു.ദേവതാ സങ്കല്പത്തിലൂടെ പരബ്രഹ്മതത്ത്വത്തിലെത്തുന്ന നവധാ ഭക്തിമാർഗ്ഗത്തിലെ കീർത്തനം, സ്മരണം തുടങ്ങിയ സാധനാമാർഗ്ഗങ്ങളാണ് ഈ ശ്ലോകങ്ങളിലുള്ളത്.

പഞ്ചഭൂതങ്ങളും സൂര്യനും ചന്ദ്രനും ഹോതാവും ഉൾപ്പെടെ ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും ഉൾച്ചേർന്നവനും അഷ്ടമൂർത്തികളോടു കൂടിയവനെന്നൊക്കെയുമാണ് ശൈവാഗമങ്ങളിൽ ശിവതത്ത്വത്തെ പരിചയപ്പെടുത്തുന്നത്. അതിനാൽ ഒന്നിനെയും നിരാകരിക്കാതെ രുചിഭേദങ്ങൾ ഏറെയുള്ള ഈ ലോകത്തിൽ ഇന്ദ്രിയാകർഷകങ്ങളായ വസ്തുക്കളെ അഭിസംബോധന ചെയ്യുന്ന രീതി തേവാരവഴി പിന്തുടരുന്ന ശൈവസിദ്ധാന്തിയിൽ പ്രകടമാണ്. ആശാനും ഇതു തന്നെ പിന്തുടരുന്നതായി കാണാം. ശിവനെ "കൽക്കണ്ടമേ, കദളിപ്പഴമേ, അത് മുക്കുന്ന തേനേ, തമ്പുരാനേ, വിഖ്യാതങ്ങളായ വേദങ്ങളാകുന്ന മുന്തിരിക്കൊമ്പൊക്കെ കുലച്ച് കനിയേ എന്നിൽ കനിയേണമെ"ന്നൊക്ക[17] മിശ്രസ്തവത്തിൽ കവി അപേക്ഷിക്കുന്നു. പരമസത്തയ്ക്ക് നൽകുന്ന ശിവനാമവും അവന്റെ വിഭൂതികളും അവിഭക്തമെന്ന് സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ട്. രണ്ടിനെയും സ്വതന്ത്രമായി കാണാൻ നമുക്കാകില്ല. പരിപൂർണ്ണമായ സത്യത്തിന്റെ പരമതാല്പര്യംതന്നെയാണ് വിവിധ ഉപാധികളിലൂടെ ഇവിടെ പ്രകാശിക്കുന്നത്.

'നിജാനന്ദാനുഭൂതി'യിൽ ബ്രഹ്മാദികൾക്കെല്ലാം പരമാനന്ദമേകുന്നവൾ, ബ്രഹ്മപ്രതിപാദകമായ വേദങ്ങൾക്കും മുമുക്ഷുക്കൾക്കും ആശ്രയമായവൾ, ബ്രഹ്മാനന്ദരസത്തിന്റെ മാനദണ്ഡം, അഗാധമായ

---

15-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-66, (ശ്ലോകം-18,19)

16- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-176

17- അതേ പുസ്തകം- പുറം-127 (ശ്ലോകം-10)

ധ്യാനവിദ്യ, സംസാരചക്രത്തിനെതിർദിശയിൽ നീങ്ങി ദുഃഖങ്ങൾ ഇല്ലാതാക്കുന്നവൾ, സന്ദർഭാനുസൃതം മൗനരൂപത്തിൽ ഉപദേശിക്കുന്നവൾ, നിർവ്വിവാദമായ ആത്മജ്ഞാനംകൊണ്ട് അറിയപ്പെടുന്നവൾ, നാദാതീതമായ പരബ്രഹ്മസ്വരൂപിണി, ആത്മനിർവ്വാണ മാത്ര ധ്യാനരൂപിണി, ഹൃദയവേദന അകറ്റുന്ന വിധത്തിൽ ദയാമൃതവർഷം ചൊരിയുന്നവൾ, 'നേതി, നേതി' എന്ന അദ്വൈതതത്ത്വം സ്വരൂപമാക്കിയവൾ എന്നിങ്ങനെ ദാർശനികമായ പ്രകരണത്തിൽനിന്നുകൊണ്ട് ദേവിയെ വാഴ്ത്തുന്നു.[18]

'സുബ്രഹ്മണ്യശതക'ത്തിൽ അഹംബുദ്ധിയില്ലാതെ ശുദ്ധബ്രഹ്മമായി വിലസുന്ന അദ്വൈതമൂർത്തിയായ മുരുകൻ തന്റെ തുണയ്ക്ക് എന്ന് വരുമെന്ന് കവി ചോദിക്കുന്നു.[19] ഇവിടെ തനിക്ക് ഒരേ ഒരാശ്രയമെന്ന് പറയുന്നത് സുബ്രഹ്മണ്യനാണ്. അദ്വൈതമൂർത്തിയെന്നത് ഉപാസകന്റെ തലത്തിൽനിന്നുള്ള ദേവതാ വീക്ഷണമാണ്. പരമമായ അദ്വൈതതലത്തിലേക്കുയരുന്നതിനുള്ള പരിശീലനമായി ഏക ദേവതോപാസനയിലാണ് ഇവിടെ നിലയൂന്നുന്നത്. ദേവതാസങ്കല്പത്തിലൂടെ ആത്മാകാരവൃത്തിയിലേക്കുയരുന്നത് കളകണ്ഠഗീതത്തിലും കാണാം.

സ്തോത്രങ്ങളിൽ അനുവർത്തിക്കുന്ന രീതിവിധാന(Meathodology)മാണ് ഖണ്ഡകാവ്യങ്ങളിലുമുള്ളത്. അഹിതങ്ങൾ വന്നു ചേരുമ്പോൾ ഭക്തൻ ഭഗവാനെ കുറ്റപ്പെടുത്തുന്ന രീതി സ്തോത്രങ്ങളിലുണ്ട്. അതേ സമ്പ്രദായമാണ് നളിനി പാർവ്വതീദേവിയോട് ദിവാകരനുവേണ്ടി നടത്തുന്ന പ്രാർത്ഥനയിലുമുള്ളത്. നൈരാശ്യം ബാധിച്ച് തളർന്നു കഴിഞ്ഞ നളിനി പാർവ്വതീ ദേവി(ശക്തി)യിൽ സ്വയം അർപ്പിച്ചുകൊണ്ട് ആത്മഹത്യ ചെയ്യാൻ പോകുമ്പോൾ തന്റെ പ്രാണനാഥനെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.[20] അഗ്നിപ്രവേശം ചെയ്ത് വീണ്ടും ജന്മമെടുത്ത സതിയാണ് പാർവ്വതീദേവി. തപസ്സിലൂടെയാണ് അവൾ ഭർത്താവിനെ നേടുന്നത്. തന്റെ ഭാഗത്തുനിന്ന് എല്ലാം ചെയ്തെന്നും ഇനി തന്നെ തുണയ്ക്കേണ്ടത് അവിടന്നാണെന്നും ഒരു ഭക്തയുടെ നിലപാടിൽ നിന്നുകൊണ്ട് നളിനി അർത്ഥിക്കുന്നു.

സ്തോത്രകൃതികളിലെ ദേവതയെ എന്നപോലെയാണ് 'ലീല'യിലെ നായികയായ ലീല നായകനായ മദനനെ അഭിസംബോധന ചെയ്യുന്നത്. പ്രാണനാഥനായ മദനനോട് തന്നിലപ്രിയം തോന്നാതെ വളരെ കാലമായി നഷ്ടപ്പെട്ട പാദസ്പർശനവും ദർശനവും തനിക്ക് അനുവദിക്കാൻ കാരുണ്യം കാണി

---

18- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010 പുറം-68-72

19- അതേ പുസ്തകം-പുറം-111, (ശ്ലോകം-74)

20- അതേ പുസ്തകം-പുറം-302, (ശ്ലോകം-74)

ക്കണമെന്നും ഒരു തെറ്റുപോലും ചെയ്യാൻ താനശക്തയാണെന്നും പരമമായ ആഗ്രഹം തനിക്ക് അങ്ങയിലാണെന്നും പറയുന്നു. "വിരഹിണിയുടെ വിലാപവും ക്ഷമാപണവും പ്രണയപ്രാർത്ഥനയും ആത്മസമർപ്പണവും മാത്രമല്ല, സംസാരകാന്താരത്തിൽപ്പെട്ടുഴലുന്ന ജീവാത്മാവ് പരമാത്മാവിനോടു ചെയ്യുന്ന കരുണകരുണമായ പ്രാർത്ഥനയും ഈ ഭാഗത്ത് ഭാവുകന്മാർക്ക് കേൾക്കാ"[21]മെന്നാണ് ഇതിനെക്കുറിച്ച് കരിമ്പുഴ രാമകൃഷ്ണൻ പറയുന്നത്. ലീലയിൽത്തന്നെ ആശയം അറിയാതെയും വികാരം ഉൾക്കൊള്ളാതെയും അനുകരണമായി പാടുന്ന സൂക്തികൾ കേട്ട് "ദേവന്മാർ അരികിലെത്തിച്ചേരുമെന്നും സരളവും മനോഹരവുമായ ഹൃദയഭാവത്തിന്റെ സത്യസന്ധമായ പ്രകാശനം നിശ്ചയമായും ഫലത്തെ അർഹിക്കുന്നുണ്ടെന്നും"[22] പറയുന്നു. പ്രാർത്ഥനാഗീതങ്ങൾ ആലപിക്കുമ്പോൾ ഇഷ്ടദേവതാപ്രീതി കിട്ടുമെന്നും നമ്മുടെ കാമനകൾ പൂർത്തീകരിക്കപ്പെടുമെന്നുമുള്ള വിശ്വാസം നിലവിലുണ്ട്. ഇത് വൈദിക ദേവതാസങ്കല്പവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതനുസരിച്ച് പ്രാർത്ഥന കേട്ട് അണഞ്ഞ ദേവതയുടെ തലത്തിലേക്ക് മദനൻ ഉയരുന്നു. "സുഹൃൽ സ്നേഹം പരിഗണിച്ച് ദേവേന്ദ്രനും വരുണനും മരുത്തുക്കളും തീനാളങ്ങളെപ്പോലെ ആകാശത്തിൽ എത്തിച്ചേർന്നു. ദേവന്മാരുടെ കല്പനകൊണ്ടെന്നപോലെ മേഘസമൂഹം അല്പനേരത്തേക്ക് മഴ പെയ്യൽ നിർത്തിയിരിക്കുന്നു"[23]വെന്ന പ്രരോദനശ്ലോകത്തിലും ഇതേ സങ്കല്പമാണുള്ളത്.

'ചിന്താവിഷ്ടയായ സീത'യിലെ ഭർത്താവെന്ന പരദേവതയ്ക്ക് ഹൃദയാർപ്പണം ചെയ്ത ഭക്തയാണ് താനെന്ന് സീത ചിന്തിക്കുന്നു.[24] സീതയുടെ ഈ വിചാരം ഈശ്വരനിൽനിന്ന് പ്രതികൂലാനുഭവങ്ങൾ നേരിട്ട ഒരു ഭക്തയുടെതാണ്. ഭർത്താവിനെ ഈശ്വരനായി കരുതി എല്ലാം സമർപ്പിച്ച ഭക്തയെന്ന നിലയിൽ തനിക്ക് ദോഷം വരത്തക്കവിധം പ്രവർത്തിച്ചാലും താനത് സഹിക്കു

---

21-കുമാരനാശാൻ- ലീല- (കരിമ്പുഴ രാമകൃഷ്ണന്റെ ലീലാഹൃദയം വ്യാഖ്യാനത്തോടു കൂടി)-ഡി.സി. ബുക്ക്സ്, കോട്ടയം-1982, പുറം-141

22- അതേ പുസ്തകം- പുറം- 381 (3-53)

23- വൃത്രദ്വേഷി വജ്രകരനായെത്തീ വിയത്തിൽ സ്വയം
മിത്ര സ്നേഹമൊടൊത്തിതാ വരുണനും വന്നൂ മരുത്തുക്കളും
അത്രത്യാഗ്നി ശിഖാളിപോൽ മുകളിൽ വന്നെത്തുന്നു രുദ്രാളിയും
ചിത്രം! ദേവഗണം ക്ഷണം മഴയിതാ നിർത്തുന്നു ദേവാജ്ഞാൽ

കുമാരനാശാൻ-പ്രരോദനം- പ്രദ്യോതിനി വ്യാഖ്യാനം- ഡോ. ടി. ഭാസ്കരൻ-കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം- 2000 (ശ്ലോകം-40)

24- പതിയാം പരദേവതയ്ക്കഹോ / മതിയർപ്പിച്ചൊരു ഭക്തയല്ലി ഞാൻ
അതേ പുസ്തകം- പുറം- 381 (ശ്ലോകം-99)

മായിരുന്നു. എന്നിട്ടും വിവരങ്ങളൊന്നും പറയാതെ എന്നെ ശിക്ഷിച്ചത് സ്നേഹവിശ്വാസങ്ങൾക്ക് നിരക്കാത്ത വിധത്തിൽ ചതിയായിപ്പോയെന്നാണ് വിവക്ഷ. വളരെയേറെ അടുപ്പമുള്ളതുകൊണ്ട് ഭക്തൻ തന്റെ സർവ്വസ്വമായ ഭഗവാനോട് ഉന്നയിക്കുന്ന പരാതിപോലെയാണിത്.

സ്തോത്രകൃതികൾ രചിക്കുമ്പോൾ സമന്വയിക്കപ്പെടേണ്ടുന്ന തലത്തെക്കുറിച്ചുള്ള അവബോധമാണ് ആശാന്റെ പിന്നീടു വന്ന കൃതികളിലും കാണുന്നത്. തരംതിരിവുകൾക്കതീതമായ പരമാർത്ഥത്തെ വൈവിദ്ധ്യമാർന്ന കഥാപാത്രങ്ങളിലൂടെ സ്ഥലകാലനിബദ്ധമായി ആവിഷ്ക്കരിക്കുന്നവയാണവ. ആത്യന്തികസത്യത്തിന്റെ ആവിഷ്ക്കാരങ്ങളെ അളവുതൂക്കങ്ങൾക്ക് വിധേയമാക്കുന്നത് അസ്വീകാര്യമായതിനാൽ ഒരുണ്മയുടെ വിഭിന്നഭാവങ്ങളെന്ന നിലയിൽ അവയെ കവി പക്ഷാതീതമായി വിലയിരുത്തുന്നു. അസ്തിത്വത്തിന്റെ സമഗ്രതയിലേക്കും പരസ്പരപൂരകത്വത്തിനുള്ള അവബോധത്തിന്റെ ജാഗ്രതയിലേക്കുമുള്ള പ്രയാണമാണ് മനുഷ്യജീവിതത്തെ സാർത്ഥകമാക്കുന്നതെന്ന് ഇതിലൂടെയെല്ലാം കവി സ്പഷ്ടമാക്കുന്നു.

## 4.2–ബ്രഹ്മം/ ഈശ്വരൻ– ഏകമായ പരംപൊരുൾ

ഏകമായ സത്യത്തെ ഭിന്നതലങ്ങളിലൂടെ സമീപിച്ചപ്പോഴാണ് ബ്രഹ്മം, ഈശ്വരൻ എന്നിവയെ ആശാൻ സ്വീകരിച്ചത്. അദ്വൈതവീക്ഷണത്തിൽ ബ്രഹ്മം നിർഗ്ഗുണവും ശുദ്ധവുമായ ബോധചൈതന്യമാണ്. സഗുണസാകാരയുക്തമായി മായയിൽ പ്രതിഫലിക്കുന്ന ബ്രഹ്മചൈതന്യമാണ് അപരാബ്രഹ്മം അഥവാ ഈശ്വരൻ. ആത്മജ്യോതിസ്സായി ബ്രഹ്മത്തെ കാണണമെന്ന് 'സദാചാരശതക' ത്തിൽ ആശാൻ പറയുന്നു. ശുകൻ ഭീഷ്മർ മുതലായവരൊക്കെ അത് സാധിച്ചവരാണെന്ന നിദർശനവും ഉന്നയിക്കുന്നു.[25] ആത്മജ്യോതിസ്സെന്ന സൂചന അന്തര്യാമിയായ ആത്മസ്വരൂപമെന്ന തലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ശുദ്ധബോധസ്വരൂപമായ ബ്രഹ്മതത്ത്വത്തെക്കുറിച്ചുള്ള നിരൂപണം ആശാൻകവിതയിൽ ഈശ്വരതത്ത്വവുമായി ഒത്തിണങ്ങിപ്പോകുന്നുണ്ട്. അതിനെ ഇങ്ങനെ സംഗ്രഹിക്കാം.

1)– ആത്യന്തികസത്യം രണ്ടാമതൊന്നില്ലാത്ത കേവലമായ ഏകത്വമാണ്.

2)– ഈ വിശ്വപ്രപഞ്ചമായി വിരിഞ്ഞു നിൽക്കുന്ന അനുഭവവൈവിദ്ധ്യങ്ങൾ ഏകമായ പരംപൊരുളിന്റെ വിഭിന്നതലത്തിലുള്ള ആവിഷ്ക്കാരമാണ്.

---

25–അന്തത്തിലന്തർജ്ജ്യോതിസ്സായ് കാണ്മൂ ബ്രഹ്മം സനാതനം
ശുകശന്തനുജാദ്യന്മാ– രതു സാധിച്ച യോഗികൾ

കുമാരനാശാൻ–കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)– കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്–2010 എഡി–1, പുറം–464

3)– സഗുണസാകാരോപാസനയിലൂടെ ചിത്തസംസ്ക്കരണം നടത്തി നിർഗ്ഗുണനിരാകാരഭാവത്തിലേക്കുയരാൻ ഓരോ ജീവനും അധികാരമുണ്ട്.

മനുഷ്യരാശി ഉൾക്കൊള്ളുന്ന ഈശ്വരാവബോധതലത്തെ പ്രധാനമായും നാലായി തിരിക്കാം. സകലപ്രപഞ്ചങ്ങൾക്കും ഉപരിവർത്തിക്കുന്ന നിലയിൽ അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനാഗീതങ്ങളുടെയും സ്തോത്രങ്ങളുടെയും തലം, ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞു നിൽക്കുന്ന സർവ്വവ്യാപി എന്ന തലം, ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന അന്തര്യാമിയുടെതായ ഭാവം, അകവും പുറവും അഭിന്നമായി നിൽക്കുന്ന അവബോധം അഥവാ ആത്മസ്വരൂപതലം എന്നിവയാണവ. ഈ നാല് തലങ്ങളെയും അതാതിടങ്ങളിൽ അനുവദിക്കുന്ന അദ്വൈതദർശനത്തിൽ ഇവയെല്ലാം പരസ്പരപൂരകങ്ങളായാണ് വർത്തിക്കുന്നത്. നാമം, രൂപം, ഗുണം, കർമ്മം, സ്ഥലം, കാലം, അവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട ദേവതാസങ്കല്പങ്ങൾ ഈശ്വരനെ ഉപരിമണ്ഡലവർത്തിയായും സർവ്വവ്യാപിയായും എണ്ണുന്നതിന്റെ ഫലമാണ്. 'ഞാൻ അങ്ങയുടേത്' എന്ന ഭാവത്തിനാണ് ഇവിടെ മുൻതൂക്കം. അന്തര്യാമി എന്ന നിലയിലുള്ള മൂന്നാമത്തെ തലം അങ്ങ് എന്റേത് എന്ന ഭാവത്തിലും ആത്മസ്വരൂപി എന്ന നാലാമത്തെ തലം ഞാനും അങ്ങും ഒന്നു തന്നെ എന്ന ഭാവത്തിലും അധിഷ്ഠിതമാണ്. ഒരു ചാർട്ടിലൂടെ അതിനെ ഇപ്രകാരം ചിത്രീകരിക്കാം.

| നം. | ഈശ്വര സങ്കല്പം | ഭാവം | തലം | ദർശനം | മുക്തി |
|---|---|---|---|---|---|
| 1 | ഉപരിമണ്ഡലസ്ഥൻ | } ഞാൻ അങ്ങയുടെത് | വ്യവഹാരം | കർമ്മം/ഭക്തി | സാലോക്യം/ സാമീപ്യം |
| 2 | സർവ്വവ്യാപി (സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ പ്രസക്തമായ തലം) | | | | |
| 3 | അന്തര്യാമി | അങ്ങ് എന്റേത് | പ്രതിഭാസം | യോഗം | സാരൂപ്യം |
| 4 | ആത്മസ്വരൂപി | ഞാനും അങ്ങും ഒന്ന് തന്നെ | പരമാർത്ഥം | ജ്ഞാനം | സായുജ്യം |

ഇതിൽ ഞാൻ അങ്ങയുടെത്, അങ്ങ് എന്റെത് എന്നീ തലങ്ങൾക്ക് വാച്യാർത്ഥതലത്തിൽ പ്രാധാന്യമേകിയും ഞാനും അങ്ങും ഒന്നു തന്നെ എന്ന ലക്ഷ്യാർത്ഥതലത്തിലേക്ക് ദിശാസൂചനയേകിയുമാണ് ഈശ്വരതത്ത്വത്തെ ആശാൻ അവതരിപ്പിക്കുന്നത്. മനോവാക്കർമ്മങ്ങൾക്ക് അതീതമായ ഈശ്വ

രതത്ത്വവുമായുള്ള സംബന്ധം അഞ്ച് വിധത്തിലാണ് ആശാന്റെ സ്തോത്രകൃതികളിൽ പരാമർശിക്കുന്നത്. അതിനെ 1-വിഷയ-വിഷയീഭാവം, 2-ദാതൃ-ദേയഭാവം, 3-ആശ്രയ-ആശ്രയീഭാവം, 4-നിയമ-നിയാമകഭാവം, 5-കാര്യകാരണഭാവം, 6-ആധാര-ആധേയഭാവം എന്നിങ്ങനെ തരംതിരിക്കാം.

#### 4.2.1- വിഷയ-വിഷയീ ഭാവം

ഈശ്വരൻ സർവ്വവ്യാപിയും സർവ്വാന്തര്യാമിയുമാണെന്ന നിലയാണ് വിഷയ-വിഷയീഭാവത്തിലുള്ളത്. 'നിജാനന്ദവിലാസ' ത്തിൽ "ഇന്ദ്രൻ മുതൽ പുല്ലുവരെയുള്ള ദൃശ്യങ്ങളെല്ലാം നശിക്കുന്നതിനാൽ ദൃശ്യമായത് വാസ്തവത്തിൽ ഇല്ലാത്തതാണ്. അതിനെല്ലാം ഉപരിയുള്ള നശിക്കാത്ത തത്ത്വമാണ് ദൈവം."[26] സൃഷ്ടിയുടെ രണ്ടതിരുകളിലുള്ള ദൃശ്യജാലങ്ങളുടെ നശ്വരതയിലൂന്നിനിന്ന് പ്രപഞ്ചത്തെയും അതിന്റെ കർത്താവിനെയും അഭിസംബോധന ചെയ്യുകയാണിവിടെ. കേവലവും അനശ്വരവുമായ സത്യത്തിന്റെ അപേക്ഷയിൽ മറ്റുള്ളതെല്ലാം പരിച്ഛിന്നങ്ങളാണ്. എല്ലാം ഒരുപോലെ നശിക്കുന്നതാണെന്ന് വന്നാൽ അവയുടെ സ്ഥിരതയ്ക്ക് പ്രസക്തിയില്ല. അങ്ങനെയാണെങ്കിൽ അവ ഉള്ളതുപോലെതന്നെയുണ്ടെന്ന് പറയാനുമാകില്ല. ഉണ്ടെന്നു പറയണമെങ്കിൽ ഒന്ന് പരിവർത്തനമില്ലാതെ കാലാതീതമായി നിലനിൽക്കണം. അപ്രകാരമുള്ളത് അവയെല്ലാം ചമച്ച സ്രഷ്ടാവ് മാത്രമാണ്. പ്രസ്തുത സത്തയുടെ അപേക്ഷയിലാണ് ജഗത്ത് അനിത്യമെന്നും അസ്ഥിരമെന്നും പറയുന്നത്. 'ശിവസുരഭി' യിൽ "മണവും വിടർന്നപൂവും ആയവനേ, പൂംപൊടിയും അതിനു ചുറ്റും പാടുന്ന വണ്ടും ആയവനേ, വസന്തകാലമേ, നിർഗ്ഗുണവും ഉള്ളിലെ ജ്യോതിസ്സായി നിൽക്കുന്നവനുമായ കരുവായിലെ ഗുഹനേ, തുണച്ചാലും"[27] എന്ന് കാണാം. ഇതിൽ മണവും വിടർന്നപൂവും എന്നതുകൊണ്ട് ഗുണവും ഗുണിയുമെന്നും പൂവും വണ്ടും എന്നതുകൊണ്ട് ഭോജ്യവും ഭോക്താവുമെന്നുമാണ് അർത്ഥമാക്കുന്നത്. കാലത്തിന്റെ പരിമാണമായി സുന്ദരമായ വസന്തത്തെ എടുത്ത് മുഴുവൻ കാലത്തെയും ഇവിടെ പ്രതിനിധീകരിച്ചിരിക്കു

---

26- കാണും ദ്രവ്യങ്ങളാകും ഘടപടമഖിലം കാൽക്ഷണം കാലതത്ത്വ-
ന്നൂണിന്നാമുമ്പർകോനും തൃണവുമൊരുകണക്കാകുമെന്നാലുമിപ്പോൾ
കാണാനില്ലെങ്കിലില്ലക്കലനമതു മഹാ കാളരാത്രിക്കരത്തിൽ
പ്രാണാപായം ഭവിക്കുന്നതിനുമതിനുമങ്ങപ്പുറത്തെന്റെ ദൈവം (ശ്ലോകം-13)

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-63-64

27- മണമേ മലർന്ന മലരേ! മരന്ദമേ! അണയിട്ടു പാടുമളിയേ വസന്തമേ!
ഗുണമറ്റു നിന്നു 'കരുവാ' വിളങ്ങുമു-ണ്മണിയേ തുണയ്ക്ക ഗുഹദേവ ദൈവമേ
അതേ പുസ്തകം- പുറം-83, (ശ്ലോകം-30)

ന്നു. നീ തന്നെ വർത്തമാനവും ഭൂതവും ഭാവിയും എന്നിങ്ങനെയുള്ള ശ്രീനാരായണഗുരുവിന്റെ വചനങ്ങളെ ഓർമ്മിപ്പിക്കുംവിധമാണ് ഇവിടെ കാലത്തെ സൂചിപ്പിച്ചിരിക്കുന്നത്. സ്രഷ്ടാവും സൃഷ്ടിയും സൃഷ്ടിജാലവും ഏകീഭവിച്ചിരിക്കുന്നുവെന്ന അദ്വയബോധമാണ് ഇവിടത്തെ ഈശ്വരചിന്തയുടെ അന്തർദ്ധാര.

ഇതേ ആശയം 'ശിവസുരഭി' യിലും ഉണ്ട്. "ബാഹ്യശബ്ദത്തിൽ ഇന്ദ്രിയങ്ങൾക്ക് സാക്ഷിയും തന്റെ വാക്കിന് അന്തർഗ്ഗതം അറിയിക്കുന്നതിനുള്ള മാർഗ്ഗവും ആയ അവന് ശോഭനീയമായ ശ്രുതിപുടങ്ങൾ ഉണ്ടെന്ന് അതിൽ പറയുന്നു."[28] എവിടെയും എക്കാലത്തും പ്രസക്തമായ, യാതൊരു മാറ്റങ്ങൾക്കും വിധേയമാകാത്ത, വിധിനിഷേധങ്ങൾക്കതീതവും സത്യസ്വരൂപവുമായ ബ്രഹ്മത്തെ സൂചിപ്പിക്കുന്നതുമായ പരമപ്രമാണമാണ് ശ്രുതി. അത് ശ്രോത്ര(കാത്)വുമായി ബന്ധപ്പെട്ടു കിടക്കുന്നു. ശ്രോത്രേന്ദ്രിയം പഞ്ചഭൂതങ്ങളിലെ ആകാശതന്മാത്രയുമായി ബന്ധപ്പെട്ടതാണ്. ഉപനിഷത്തുകളിൽ ബ്രഹ്മവാചിയായി ആകാശത്തെ പലയിടത്തും പരാമർശിച്ചിട്ടുണ്ട്. പരമമായ അറിവ് എന്ന ലക്ഷ്യതലത്തിലാണ് പ്രസ്തുതഭാഗത്ത് ഈശ്വരത്ത്വത്തെ നിരൂപണം ചെയ്യുന്നത്.

'ശിഖി വാഹനദശക' മെന്ന സംസ്കൃതസ്തോത്രത്തിൽ പറയുന്നു. "കാണാൻ കൊതിയുള്ളവനാണെങ്കിലും ഞാൻ പരമാത്മാവിൽ എന്ന പോലെ പ്രകാശരൂപമായ നിന്റെ മുഖത്ത് പുരികങ്ങൾ, കടാക്ഷങ്ങൾ, കൃപയാലുള്ള മന്ദസ്മിതംകൊണ്ടു വിടരുന്ന കപോലപുഷ്പങ്ങൾ എന്നിങ്ങനെ ഒരു ഭേദവും കാണുന്നില്ല."[29] പുരികങ്ങൾ, കടാക്ഷം, മുഖകപോലം എന്നിവിടങ്ങളെ യാതൊരു ഭാവവ്യത്യാസവും കൂടാതെയാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നത്. ബ്രഹ്മം ഉത്തമാംഗമായ മുഖമണ്ഡലത്തെ കുറിക്കുന്നു. അതിൽ വിടരുന്ന മന്ദസ്മിതകടാക്ഷാദി ഭാവഭേദങ്ങൾ ജഗതത്ത്വംപോലെ മാറി മറഞ്ഞു വരുന്നതാണ്. അതിനെല്ലാം ആധാരമായ മുഖം സ്ഥാനഭേദമോ മറ്റോ സംഭവിക്കാതെ എല്ലാ ഭാവങ്ങളെയും ഒരേ പോലെ പ്രകാശിപ്പിക്കുന്നു. പ്രസ്തുത സ്തോത്രം അവസാനിക്കുന്നത് ഇങ്ങനെയാണ്. "ഹൃദയത്തിലിരിക്കുന്നവനേ, ഞാൻ ഭവാനെ എപ്പോഴും സേവിക്കുന്നു. ഇഷ്ടമായത് ഇന്നതെന്ന് സ്വയമേവ അറിവി

28-കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-171 (ശ്ലോകം-17)

29- ഏതൗ ഭ്രുവൗ സ്വയമിമേ സരളാഃ കടാക്ഷാ-/ ശ്ചൈതേ കൃപാസ്മിതവികാസി കപോല പുഷ്പേ

ഇത്ഥം ദിദൃക്ഷുരപി ദേവ ഭിദാം ന വീക്ഷേ / തേജോമയേ തവ മുഖേ പരമാത്മനീവ

(ശിഖി വാഹനദശകം- ശ്ലോകം-4)

കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)</u>- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-426

ല്ലാതാകയാൽ ഞാനൊന്നും യാചിക്കുന്നില്ല. ഏത് ശ്രേയസ്സിനായി ഭവിക്കുമോ താരകനെയും സർവ്വ ലോകങ്ങളേയും ജയിച്ചവനുമായ നിന്നെ ഞാൻ പ്രാപിക്കുമോ അത് എനിക്ക് ചെയ്താലും."[30] ഭാരതീയദർശനത്തിൽ ശ്രേയസ്സിന്റെയും പ്രേയസ്സിന്റെയും മാർഗ്ഗങ്ങളുണ്ട്. ആത്യന്തികവും സമഗ്രവുമായ ശ്രേയോമാർഗ്ഗം സമ്പൂർണ്ണദുഃഖനിവൃത്തിയുടേതാണ്. എന്നാൽ ഇന്ദ്രിയാധീനവും ലൗകികവുമായ ഉപലബ്ധികളാണ് പ്രേയോമാർഗ്ഗത്തിലൂടെ വിവക്ഷിക്കുന്നത്. ഇവിടെയെല്ലാം ഉപാസ്യദേവതാസങ്കല്പത്തിൽനിന്ന് ഈശ്വരനിലേക്കും അവിടെനിന്ന് ക്രമമായി ബ്രഹ്മതത്ത്വത്തിലേക്കും കവി അനുവാചകരെ ഉയർത്തുന്നു.

#### 4.2.2- ദാതൃ-ദേയഭാവം

ലോകവ്യവഹാരങ്ങൾ ആദാനപ്രദാനങ്ങളിൽ അധിഷ്ഠിതമാണ്. ഈശ്വരൻ കൊടുക്കുന്നവനും മനുഷ്യൻ വാങ്ങുന്നവനും എന്ന ദൃഷ്ടിയിലുള്ള ദാതൃ-ദേയഭാവം ഈശ്വരനെ സമീപിക്കുന്നതിന്റെ പ്രാഥമികതലമാണ്. ഈ തലത്തിൽ ലൗകികമായ ഭോഗത്തിനു പുറമെ ആർക്കും കൊടുക്കാനാകാത്ത സ്വരൂപജ്ഞാനമായ മോക്ഷംവരെ നൽകുന്ന ആളെന്ന നിലയിലാണ് ശിവസ്തോത്രമാലയിലെ ഉപക്രമ പഞ്ചകത്തിൽ ഈശ്വരനെ പരാമർശിക്കുന്നത്.

ചൊല്ലാം നിജാശ്രിത ജനത്തിനു ഭോഗമോക്ഷ-/ മെല്ലാം കൊടുക്കുവതിനീശ്വര നേകനത്രേ

"ഒന്നാലോചിച്ചാൽ വാത്സല്യം ഇതുപോലെ കൊടുക്കുന്ന മറ്റൊരു ദേവനില്ല. തന്റെ സേവകർക്ക് ഭോഗവും മോക്ഷവുമെല്ലാം കൊടുക്കുന്നത് ഏകനായ ഈ ഈശ്വരൻ തന്നെയാണ്".[31] ലൗകികമായ പ്രാപഞ്ചികസുഖങ്ങൾക്കും പരമമായ മുക്തിക്കും നിദാനമായത് ഏകമായ ഈശ്വരതത്ത്വം തന്നെയാണ്. അത് ഒന്നൊഴിവാക്കി മറ്റൊന്ന് കൊടുത്തുകൊണ്ടല്ല ലോകത്തോട് വാത്സല്യം കാണിക്കുന്നത്; മറിച്ച് ഓരോ സൃഷ്ടിക്കും ആവശ്യമുള്ളത് പ്രദാനം ചെയ്ത് അതാതിന്റെ തലത്തിൽനിന്ന് ക്രമികമായി ഉയർത്തിയാണ്. കാരണം ഗുണത്തിലും അളവിലുമുള്ള ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ഓരോരുത്തരും ഈശ്വരനെ ആശ്രയിക്കുന്നത് അവരവരുടെ തലത്തിൽ നിന്നുകൊണ്ടാണ്. ഈ പ്രാപഞ്ചികതലത്തിൽ നിന്നുകൊണ്ടാണ് കവി ഈശ്വരനിരൂപണം ചെയ്യുന്നത്. ഭക്തവിലാപത്തിൽ "ജീവാത്മാവിന് അതീതമായ സഗുണബ്രഹ്മമായും പരാവിദ്യയിലും അപരാവിദ്യയിലും ഒന്നിച്ചു

---

30- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-427 (ശിഖി വാഹനദശകം- ശ്ലോകം-10)

31- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-118

നിൽക്കുന്നവനായും സ്വാത്മാനുഭവതത്ത്വവും ജീവരാശിയ്ക്ക് ഐശ്വര്യവും മുക്തിയും കൊടുക്കുന്ന നിത്യസ്വരൂപവും അനാദ്യനും പ്രസിദ്ധനും മാഹാത്മ്യക്കടലുമായ സുബ്രഹ്മണ്യനെക്കുറിച്ച് അല്ലയോ ഗൂഢവാണീ നീ പാടിയാലും"[32] എന്നാണ് സ്തുതിക്കുന്നത്. പരബ്രഹ്മമായും സഗുണസാകാരസമ്പന്ന മായ ഈശ്വരതത്ത്വത്തെ പ്രതിനിധീകരിക്കുന്ന ദേവതാവിശേഷമായും സുബ്രഹ്മണ്യനെ ഇവിടെ വിവ രിക്കുന്നു. ഒരു ജീവാത്മാവ് ഉൾക്കൊണ്ടിരിക്കുന്നതിലും ഉയർന്ന ബോധതലത്തെ പ്രതിനിധീകരി ക്കുന്നുവെന്ന അർത്ഥത്തിലാണ് ആത്മീയപരപ്പ് എന്ന് പറയുന്നത്. പരബ്രഹ്മവും പ്രാപഞ്ചികനിയമ മായ ഈശ്വരനും ജീവാത്മാവും തമ്മിലുള്ള അന്തരം ഈ ബോധതലത്തിന്റെതാണ്. പരാവിദ്യയുടെയും അപരാവിദ്യയുടെയും സമന്വിതഭാവമാണ് പരബ്രഹ്മമെന്ന് വിശേഷിപ്പിച്ച് തന്റെ ആത്മീയാനുഭവവാ യ്പിന്റെ വടിവാണ് അനാദിയായ ജഗദീശ്വരനെന്ന് പറയുമ്പോൾ ഈശ്വരതത്ത്വം തന്റെ സ്വരൂപത്തിൽ നിന്ന് അനന്യമാണെന്നു തന്നെയാണ് അവിടെ അർത്ഥമാക്കുന്നത്.

ഈശ്വരനെ അർത്ഥാർത്ഥിയായ ഒരു ഭക്തന്റെ തലത്തിൽനിന്ന് വീക്ഷിക്കുന്ന സമീപനവും 'മിശ്ര സ്തവ'ത്തിലുണ്ട്.

സന്താനമേ, സുരഭിയേ, സമവസ്തുവറ്റ / ചിന്താമണേ, ശിവ ചിദൈകരസാംബുരാശേ

എന്നിടത്ത് "അഭീഷ്ടമെല്ലാം സാധിച്ചു തരുന്ന കല്പവൃക്ഷംപോലെയും വിചാരിച്ചതെല്ലാം സാധിച്ചു തരുന്ന ചിന്താമണിപോലെയുമുള്ള ചിദാനന്ദ സമുദ്രമെ"[33] ന്ന് ഇച്ഛിച്ചതെല്ലാം കല്പിച്ചു തരുന്ന ഈശ്വരനെ വാഴ്ത്തുന്നു. അവിടന്നല്ലാതെ മറ്റൊരാശ്രയം തനിക്കില്ലെന്ന് ബോധിപ്പിച്ചുകൊണ്ടും ഭക്തന് തന്റെ ഇഷ്ടമൂർത്തിയോടെടുക്കാവുന്ന സ്വാതന്ത്ര്യം വിനിയോഗിച്ചുകൊണ്ടും തന്റെ ഭാരങ്ങളും പ്രയാ സങ്ങളുമെല്ലാം ഇറക്കിവെച്ചുകൊണ്ടുമാണ് എല്ലാം തുറന്നു പറയുന്നത്. ഇവിടെ അർത്ഥാർത്ഥിയുടെയും ജ്ഞാനിയുടെയും നിലകളിലെല്ലാം അഭികാമ്യമായതാണ് ഈശ്വരീയഭാവം.

**4.2.3- ആശ്രയ-ആശ്രയീഭാവം**

ഇന്ദ്രിയ മനോബുദ്ധിതലങ്ങളിൽ പരിമിതനായ മനുഷ്യൻ സ്ഥലം, കാലം, വസ്തുക്കൾ എന്നിവ

---

32- ആത്മാതീതപ്പരപ്പിൽ പരയുമരുളുമായ് പറ്റിനിൽക്കും പരത്തിൽ
സ്വാത്മാനന്ദാനുഭൂതി പ്രചുരിമവടിവായാർന്നുനേർന്നോരു ദേവൻ
ആത്മൗഘൈശ്വര്യമുക്തിപ്രദനചലനനാദീശ്വരൻ വിശ്രുതൻ മാ-
ഹാത്മ്യാംഭോരാശിയെന്നെന്നരുമമുരുകനെ പ്പാടു നീ ഗൂഢവാണീ (ഭക്തവിലാപം ശ്ലോകം-61)
കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-92-93

33- അതേ പുസ്തകം- പുറം-128

യുടെ ബാധയാൽ പരിമിതനാണ്. ഇതിൽനിന്നുള്ള വിമോചനത്തിന് നിരന്തരമായി പരിശ്രമിക്കുമ്പോൾ അതിന്നൊരാശ്രയമായി ശക്തമായ ഒരു സുരക്ഷാകേന്ദ്രം അവന് ആവശ്യമാണ്. ഈ തലത്തിലാണ് ആശ്രയ-ആശ്രയീ ഭാവമെന്ന നിലയിലുള്ള ഈശ്വരസങ്കല്പത്തിന്റെ അനിവാര്യത വരുന്നത്. ഈ വിഷയത്തിൽ നടക്കുന്ന ഈശ്വരനിരൂപണം കാവ്യാത്മകവും ചമൽക്കാരപൂർണ്ണവും ആലങ്കാരികവുമായി പ്രവർത്തിക്കുന്ന നിരവധി സന്ദർഭങ്ങൾ ആശാൻ കവിതയിലുണ്ട്. 'ഭക്തവിലാപം' എന്ന സ്തോത്രത്തിൽ ഈശ്വരനെ പരമാർത്ഥരൂപമായിക്കണ്ട് മറ്റൊരാശ്രയവും തനിക്കില്ലെന്നും തന്നെ രക്ഷിക്കണമെന്നും പല രൂപവുമെടുത്ത് 'കരുവാ'ക്ഷേത്രത്തിൽ സന്നിധാനം ചെയ്ത് കാരുണ്യം കാണിച്ചുകൊണ്ടിരിക്കുന്ന ദൈവത്തോട് കവി പറയുന്നു.[34] ഇവിടെ കരുവായിരുന്നു വിലസുന്ന ദൈവം എന്നതിന് കരുവ എന്ന ക്ഷേത്രനാമത്തിനപ്പുറം ശ്രീനാരായണഗുരു ആത്മോപദേശശതകത്തിൽ പറയുന്ന കരുവിന്, അഥവാ വസ്തുസ്വരൂപമായ ബോധത്തിന് കണ്ണുകളുള്ളതഞ്ചടക്കി എന്ന സൂചനകളിലേക്കത് കടന്നു പോകുന്നുണ്ട്.[35]

'നിജാനന്ദവിലാസ'ത്തിൽ "മരുമരീചികപോലെ കാണപ്പെടുന്ന പ്രപഞ്ചം അസത്യമാണെന്ന ബോദ്ധ്യപ്പെടുമ്പോൾ മറ്റ് തടസ്സങ്ങളൊന്നുമില്ലാതെ ആനന്ദാകാരമായ് അതിശയത്തോടെ നിൽക്കുന്നതാണ് എന്റെ ദൈവ"[36]മെന്ന് പറയുന്നു. പ്രപഞ്ചത്തിന്റെ മിഥ്യാത്വത്തിലൂന്നിയാണ് ഇതിൽ ഈശ്വരനിരൂപണം ചെയ്യുന്നത്. പ്രപഞ്ചപ്രതീതി കാനൽജലംപോലെയാണെന്ന അദ്വൈതവേദാന്തവാദം സോദാഹരണം ഇവിടെ സമർത്ഥിക്കുന്നു. ഒരു ദൃഷ്ടിയിൽ നിന്ന് നോക്കുമ്പോൾ ഉള്ളതെന്ന് തോന്നുന്നതും ആത്യന്തികവിശകലനത്തിൽ ഇല്ലാത്തതുമായ പ്രതിഭാസമാണ് മിഥ്യ. തലവൈവിദ്ധ്യങ്ങൾ മാറിമറിഞ്ഞു വരുന്നതിനാൽ ഒന്നിനെയും സ്ഥിരമായി ആശ്രയിക്കാനാകില്ല. മുമുക്ഷുവാകട്ടെ പരിണാമമില്ലാത്ത സത്യത്തെക്കുറിച്ച് നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നവനാണ്. ഇവിടെയെല്ലാം അയാളുടെ ആശ്രയസ്ഥാനം സ്ഥിരവും അനശ്വരവുമായ ഈശ്വരതത്ത്വം തന്നെയാണ്. അതിൽത്തന്നെ "അവാച്യ

---

34- പരമില്ലെനിക്കു പറവാനുമാശ്രയം / പരിപാഹി പാഹി പരമാർത്ഥരൂപമേ

പരിതോഷമോടു പലവാറുമാളുമെൻ / 'കരുവാ'യിരുന്നു കനിയുന്ന ദൈവമേ

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-80

35- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003, എഡി-1, പുറം-553

36- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-62

മായതും നാമ-നാദ-രൂപരഹിതവും ഉള്ളിന്റെ ഉള്ളായി നിൽക്കുന്നതും മനുഷ്യർ, സിദ്ധർ, അസുരർ എന്നിവർക്കെല്ലാം ഒന്നായി സ്നേഹപൂർണ്ണമായ ജ്ഞാനസ്വരൂപത്തോടു കൂടി നിന്ന് അതിരറ്റ ദയാവർഷം പൊഴിക്കുന്നതുമായ സന്മയമേഘമാണ് ഈശ്വരനെ"[37]ന്ന് വിശേഷിപ്പിക്കുന്നു. ആകാര പ്രകാരങ്ങളിൽ വൈവിദ്ധ്യമുണ്ടെങ്കിലും ഒരു സ്രഷ്ടാവിന്റെ സൃഷ്ടികളെന്ന നിലയിൽ എല്ലാം സാരത്തിലൊന്നായിരിക്കും. ആ ജ്ഞാനസമഗ്രതയിൽനിന്നുകൊണ്ടാണ് ഈ പ്രപഞ്ചത്തെ ഇവിടെയെല്ലാം വിലയിരുത്തുന്നത്.

'നിജാനന്ദവിലാസ'ത്തിൽ 'അതല്ലതല്ലെന്നോതി വാക്കിന്നതീതമായ ഒന്നിനെ ചിദാകാശത്തു ലക്ഷ്യമാക്കി അധികമായ ആനന്ദാനുഭവത്തേനൊലിക്കുന്ന യോഗിയുടെ ഹൃദയത്തെ നിത്യമായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സൂര്യനാണ് എന്റെ ദൈവമെന്ന്'[38] പറയുന്നു. വാക്കിനും പൊരുളിനും അതീതമായ അനിർവ്വചനീയതയിലാണ് 'നേതി, നേതി' തുടങ്ങിയ ഉപനിഷന്മന്ത്രങ്ങൾ പ്രസക്തമാകുന്നത്. ഇവിടെ ദൃശ്യങ്ങളെല്ലാം അടങ്ങി ഒടുവിൽ ദൃക്ക് മാത്രം അവശേഷിക്കുന്നു. ആ തലത്തിൽ അറിയപ്പെടാൻ മറ്റൊന്നും ഇല്ലാത്തതുകൊണ്ട് ആത്മസ്വരൂപമായി ഈശ്വരൻ അവശേഷിക്കുന്നു. യോഗിയുടെ ഹൃദയത്തിൽ നിത്യവും വിളങ്ങുന്നത് എന്നതിലൂടെ സർവ്വാന്തര്യാമിയായാണ് ഇവിടെ ഈശ്വരനെ വിലയിരുത്തുന്നത്. "നമിച്ചാൽ സാക്ഷാൽക്കാരമാർഗ്ഗത്തിൽ സൗഭാഗ്യമായി ജഡചൈതന്യങ്ങളായി മുത്ത്, മാണിക്യം തുടങ്ങിയ രത്നങ്ങളായി ഒരേ സമയംതന്നെ ജ്ഞാനികൾക്കും അജ്ഞാനികൾക്കും ഒരേപോലെ ആശ്രയിക്കാവുന്ന തത്ത്വവുമാണ് ഈശ്വര"[39]നെന്ന് പ്രഖ്യാപിക്കുന്നു. അജ്ഞാനി മൂല്യവത്തായി കാണുന്ന മുത്തും മാണിക്യവും വിജ്ഞാനി പരമ പ്രധാനമായെണ്ണുന്ന മുക്തിയും ഒന്നിൽത്തന്നെ നിഹിതമാണ്. ആപേക്ഷികമായ വ്യാവഹാരികദ്വന്ദ്വങ്ങൾക്കെല്ലാം അതീതനാണ് ഈശ്വരനെന്നും ദ്വന്ദ്വങ്ങൾ ഒരേ അസ്തിത്വത്തിന്റെ വിവിധ വശങ്ങളാണെന്നും ഇതിലൂടെ സ്പഷ്ടമാക്കുന്നു.

മറ്റ് സ്തോത്രകൃതികളിലും ഈശ്വരദർശനത്തിന്റെ വിവിധ നിലപാടുകൾ കവി അവതരിപ്പിക്കുന്നു. 'ശാങ്കരശതക'ത്തിൽ "സർവ്വജ്ഞനായ ഈശ്വരന് യാതൊരു മറവിയുമില്ലെന്നും വ്യക്തിപരമായ അഹന്താദിദോഷങ്ങൾ കളഞ്ഞാൽ ശിവൻ ശരണമായിരിക്കുമെന്നതിൽ യാതൊരു സംശ

---

37- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-63

38- അതേ പുസ്തകം-പുറം-80, (ശ്ലോകം-19)

39- അതേ പുസ്തകം-പുറം-66, (ശ്ലോകം-20).

യവുമില്ലെന്നും"[40] പറയുന്നു. ഈശ്വരപ്രസാദത്തിന് തടസ്സമായി നിൽക്കുന്നത് അഹന്ത, മമത എന്നിവയാണ്. ജീവേശ്വരൈക്യത്തിനുള്ള പ്രതിബന്ധങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിലാണ് ഭക്തൻ ശ്രദ്ധിക്കേണ്ടതെന്ന് ഇവിടെയെല്ലാം വ്യക്തമാക്കുന്നു. മമത്വാദ്യഭിമാനങ്ങളാണ് പരമേശ്വരതത്ത്വത്തിൽ നിന്നും ജീവനെ ഭിന്നമാക്കുന്നതെന്നും അതൊഴിഞ്ഞാൽ അവശേഷിക്കുന്നത് ജീവൈശ്വര്യങ്ങളുടെ ഐക്യമാണെന്നും പറയുന്നു. ഇതെല്ലാം പരമമായ അദ്വയഭാവത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്.

"ബ്രഹ്മാണ്ഡസമൂഹം ഉൾക്കൊണ്ടിരിക്കുന്ന ശിവനിൽനിന്നും അഭിന്നശക്തിയായ പാർവ്വതിയെ വെച്ചു പുലർത്തുന്ന, അത്യുൽകൃഷ്ടമായ തേജസ്സിന്റെ നിധിയായ, പണ്ഡിതശ്രേഷ്ഠന്മാർ എത്ര വിവരിച്ചാലും അറിയാൻ സാധിക്കാത്ത പരമേശ്വരനെ ഏഴയായ ഞാൻ ഒട്ടും അറിയുന്നില്ലെ"[41] ന്ന് 'ശാങ്കര ശതക'ത്തിൽ പറയുന്നുണ്ട്. ഇവിടെ പാർവ്വതിയെ ബ്രഹ്മത്തിൽനിന്ന് അഭിന്നമായ മായാശക്തിയെന്നും പുരുഷനിൽനിന്ന് അഭിന്നമായ പ്രകൃതിയെന്നും ശിവനിൽനിന്ന് അഭിന്നമായ ശക്തിയെന്നുമൊക്കെ വിശേഷിപ്പിക്കാം. ബ്രഹ്മാണ്ഡത്തെ ഉൾക്കൊണ്ടിരിക്കുന്ന പരമബോധമായാണ് ശിവനെ കാണുന്നത്. ആശാന്റെ സ്തോത്രകൃതികളിൽ ദേവതാസങ്കല്പത്തെ നിമിത്തമാക്കി ശിവനെ നിഖിലേശൻ, നിർമ്മലൻ, നിരാമയൻ, ത്രിനയനൻ, കാലകാലൻ, കമലസായകാന്തകൻ, മുനിമാനസാംബുജ ദിവാകരൻ എന്നിങ്ങനെ പൗരാണികമായ ഈശ്വരതത്ത്വമായും ബ്രഹ്മസ്വരൂപമായും അവതരിപ്പിക്കുന്നുണ്ട്.[42]

"ഗുരു കാരുണ്യത്തോടെ അരുളിയ വേദജ്ഞാനത്തിലും അനുഭൂതിയിലും ചേർന്നലിഞ്ഞ് എന്നാണെന്നിക്ക് ഇരിക്കാനാകുക? കാണപ്പെടുന്ന വിഷയങ്ങളെല്ലാം അസത്താണെന്ന അറിവോടെ ചിദ്ദ്യുതിയാർന്ന ശിവചന്ദ്രബിംബത്തെ എന്ന് കാണാനാകും? അജ്ഞാനസമുദ്രംതാണ്ടി ത്രിഗുണങ്ങളെ അതിക്രമിച്ച് നിന്റെ കഴലിണ എന്നാണ് ഈ അഗതി കാണുക? ദുഃഖഭാരങ്ങൾ നീക്കുന്ന അവിടത്തെ പാദങ്ങളെയും അർദ്ധാംഗമായ പരാശക്തിയെയും മറികടന്ന് അമൃതവാരിധിയിൽ എന്നാണ് ചെന്നണയാനാകുക?"[43] എന്നൊക്കെയാണ് 'ശിവജ്ഞാനപഞ്ചക'ത്തിൽ കവി ചോദിക്കുന്നത്. ഇവിടെ ശിവതത്ത്വവും പരാശക്തിയും പ്രസക്തമാകുന്നത് പ്രപഞ്ചത്തിന്റെ തലത്തിലാണ്. ഉപാസ്യദേവതയുടെ പ്രകടീകരണത്തിനും ആധാരഭൂതമായ തത്ത്വത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്.

---

40- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-67, (ശ്ലോകം-31)

41- അതേ പുസ്തകം-പുറം-148, (ശ്ലോകം-92)

42-അതേ പുസ്തകം-പുറം-163

'നിജാനന്ദാനുഭൂതി' യിൽ "മായാ മാർഗ്ഗത്തിലെ പാപഭാരത്തോടുകൂടിയുള്ള കോട്ടവാതിൽ അണയ്ക്കാതെ നിർവ്വികല്പമാളികയിലെത്തിക്കാൻ അചലതത്ത്വമായ അങ്ങല്ലാതെ മറ്റൊരാശ്രയവും തനിക്കില്ലെന്ന്"പറയുന്നു.[44]ഇവിടെ പാപഭാരത്തിൽനിന്നുമൊഴിപ്പിച്ച് നിർവ്വികല്പസമാധിയുടെ തലത്തിലേക്കുയർത്തുവാൻ കവി സമാശ്രയിക്കുന്നത് അചഞ്ചലശക്തിയായ ദേവിയെയാണ്. ഇതേ ആശയം സുബ്രഹ്മണ്യതത്ത്വവുമായി ബന്ധപ്പെടുമ്പോൾ "അല്ലയോ മനസ്സേ, നീയിനി ദുഃഖിക്കേണ്ടതില്ല. ദുഃഖനാശത്തിന് ഇത്ര നാളും കാത്തിരുന്ന വേദാന്തതത്ത്വത്തിന്റെ വേരായ വേലായുധൻ വന്നു കഴിഞ്ഞു."[45]പരമമായ അറിവിന്റെ മൂർത്തതത്ത്വമായി കവി ഇവിടെ സുബ്രഹ്മണ്യനെ സങ്കല്പിക്കുന്നു. യഥാർത്ഥജ്ഞാനത്തിന്റെ അഭാവത്തിലാണ് അജ്ഞാനം നിലനിൽക്കുന്നത്. അറിവില്ലായ്മയുടെ അഭാവത്തിൽ മാത്രമേ ദുഃഖനാശം ഉണ്ടാകുകയുള്ളൂ. വേദനിഷ്ഠവും പരമവുമായ അറിവിനെ സ്ഥാപിച്ചവനായതിനാലാണ് വേദാന്തതത്ത്വത്തിന്റെ വേരെന്ന് സുബ്രഹ്മണ്യനെ വിശേഷിപ്പിച്ചിരിക്കുന്നത്.

'സരസ്വതീപഞ്ചക'ത്തിൽ "സംഗീതസാഹിത്യാദികൾകൊണ്ട് പൂവിൽ തേനും സുഗന്ധവുമെന്നതുപോലെ ഈ മന്നിൽ നീ തിങ്ങി വിളങ്ങുന്നു. മംഗളരൂപിയായ ദേവീ, അങ്ങ് ഉപേക്ഷ വരുത്തിയാൽ ഈ ലോകം അർത്ഥശൂന്യമാകും. അല്ലയോ വരദേ, വല്ലാതെ ദുഃഖിക്കുന്ന എനിക്ക് അവിടന്നല്ലാതെ മറ്റാശ്രയമില്ലാത്തതുകൊണ്ട് വാഗീശ്വരിയായ അവിടന്ന് അല്പം കരുണ കാണിക്കേണമേ"[46]എന്നെല്ലാം കവി പ്രാർത്ഥിക്കുന്നു. വാഗ്ദേവതയായ സരസ്വതിയെ പ്രപഞ്ചനിയാമകശക്തിയായ ഈശ്വരതത്ത്വത്തിൽ ഏകീഭവിപ്പിച്ചാണ് ഇവിടെ സ്തുതിക്കുന്നത്. പ്രപഞ്ചത്തിനാധാരമായ ഈശ്വരതത്ത്വത്തെ നിരാകരിക്കുകയാണെങ്കിൽ വ്യഷ്ടി/സമഷ്ടി തലത്തിലുള്ള അസ്തിത്വഭാവം തകരാറിലാകും. ആത്മസ്വരൂപജ്ഞാനമായ മുക്തി ആർക്കും കൊടുക്കാൻ കഴിയില്ലെങ്കിലും ഒരു ഭക്തന്റെ വീക്ഷണത്തിൽനിന്നുകൊണ്ടാണ് മുക്തിദായകനെന്ന് ഈശ്വരനെ വിശേഷിപ്പിക്കുന്നത്.

ആശാന്റെ ഖണ്ഡകാവ്യങ്ങളിലെ തീവ്രമായ ഈശ്വരാവബോധം ആശ്രയ-ആശ്രയീഭാവത്തിലൂന്നിയതാണ്. അതിലൂടെയാണ് ഈശ്വരാവിഷ്ക്കാരത്തിന്റെ കാല്പനികതലം അനാവൃതമാകുന്നത്. ശാസ്ത്രം, യുക്തിചിന്ത എന്നിവയ്ക്ക് അതീതമായതുകൊണ്ടാണ് ഈശ്വരാവിഷ്ക്കാരത്തിന്റെ മറ്റ് തല

43-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-63, (ശ്ലോകം-1-5)

44- അതേ പുസ്തകം-പുറം-72

45- അതേ പുസ്തകം-പുറം-112

46- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, സരസ്വതീ പഞ്ചകം- ശ്ലോകം-3, എഡി-1, പുറം-407

ങ്ങൾക്ക് ആശാൻ പ്രാധാന്യമേകാത്തത്. തന്റെ സർവ്വസ്വവും ഈശ്വരന് സമർപ്പിച്ച ഭക്തൻ ഭഗവാനോടെന്നതുപോലെയുള്ള ആശ്രയ-ആശ്രയീഭാവമാണ് ആശാന്റെ ഖണ്ഡകാവ്യങ്ങൾ അനുവർത്തിക്കുന്നത്. 'നളിനി' യിൽ അഗതിയായ ദാസിയെന്ന് പരിചയപ്പെടുത്തി വീണു നമസ്ക്കരിക്കുകയും യോഗിയുടെ പദരേണുക്കളെ നളിനി നെറുകിൽ ചൂടുകയും ചെയ്യുന്നുണ്ട്. വളരെക്കാലത്തെ പ്രാർത്ഥനയുടെ ഫലമായാണ് തനിക്ക് ദിവാകരനെ കാണാൻ കഴിഞ്ഞതെന്ന് നളിനി അനുമാനിക്കുന്നു. ഇവിടെ തപസ്സിലൂടെയും കഠിനങ്ങളായ സാധനകളിലൂടെയും താൻ പ്രത്യക്ഷമാക്കിയ ദേവതയെ എന്നതുപോലെയാണ് നളിനി ദിവാകരനെ കാണുന്നതും അഭിസംബോധന ചെയ്യുന്നതും.

തന്നിലെന്നും ഈശ്വരസ്വരൂപം തെളിഞ്ഞു നിൽക്കണമെന്നാണ് പ്രഭാതപ്രാർത്ഥനയിൽ കവി ആവശ്യപ്പെടുന്നത്. ''നിദ്രയിൽ നിലീനമായിരിക്കുന്ന ഇന്ദ്രിയങ്ങൾ പ്രഭാതത്തിൽ ഉണരുന്നതോടെ ഈശ്വരൻ മറനീക്കി കാട്ടുന്ന ലോകരംഗം ബുദ്ധിയിൽ വെളിവാകുന്നു. ദുഷ്ക്കരമായ സംസാരക്കടലിൽ യാത്ര ചെയ്യുന്ന ദിക്കറിയാത്ത നാവികനായ എനിക്ക് കരകാണിച്ചു തന്ന് ഭീതിലേശം കൂടാതെ കാക്കണം. ആത്മസംതൃപ്തിയോടെ ദിവസങ്ങൾ നീക്കാനാകണം. ഇന്ദ്രിയങ്ങളുടെ വഴിക്കുപോയി നശിക്കാതിരിക്കാനും കളിയായിട്ടുപോലും കളവു പറയാതിരിക്കാനും അവിടന്ന് അനുഗ്രഹിക്കണം.''[47] ഇതിൽ നാവികനായ എന്നെ നയിക്കണമെന്നു പറയുന്നത് നാരായണഗുരുവിന്റെ ദൈവദശകത്തിലെ ''നാവികൻ നീ ഭവാബ്ധിയ്ക്കൊ-/ രാവി വൻതോണി നിൻ പദം' എന്ന ഭാഗത്തെ അനുസ്മരിപ്പിക്കുന്നു.''[48] ഈശ്വരതത്ത്വത്തെയാണ് നാരായണഗുരുവും കുമാരനാശാനും ഇവിടെ പരാമർശിക്കുന്നതെങ്കിലും, ഗുരു പ്രതിപാദിക്കുന്ന ഈശ്വരതത്ത്വം ആവരണവിക്ഷേപാദികളിൽനിന്നും വിമുക്തമാണ്. ആശാൻ വിവക്ഷിക്കുന്ന തത്ത്വമാകട്ടെ അവിദ്യയിൽ നാമരൂപാദികളോടെ വർത്തിക്കുന്ന ജീവഭാവമാണ്. ഗുരുവിന്റെ ദൈവദശകത്തിന് പൂരകമാക്കുകയാണ് 'പ്രഭാതപ്രാർത്ഥന' എന്ന കവിത യിലെ നാവികവിവക്ഷയിലൂടെ കുമാരനാശാൻ ചെയ്യുന്നത്. ജീവനും ഈശ്വരനും തമ്മിൽ സോപാധികമായ അന്തരമേ നിലവിലുള്ളൂവെന്നും കേവലഭാവത്തിൽ അവ ഒന്നാണെന്നും പ്രാർത്ഥനാരൂപത്തിലുള്ള ഈ രചനയിൽ സ്പഷ്ടമാകുന്നുണ്ട്.

#### 4.2.4- നിയമ-നിയാമകഭാവം

സാർവ്വത്രികമായ ഈ പ്രപഞ്ചം നിലകൊള്ളുന്നത് അലംഘനീയവും സുസ്ഥാപിതവുമായ നിയ

47- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-109

48- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003, എഡി-1, പുറം-16

മവ്യവസ്ഥയെ ആധാരമാക്കിയാണ്. ഈ ദൃഷ്ടിയിൽ പ്രപഞ്ചനിയമങ്ങളുടെയെല്ലാം ഉറവിടമെന്ന നിലയിൽ ഈശ്വരനെ നിർദ്ധാരണം ചെയ്തുകൊണ്ടുള്ള ശ്ലോകങ്ങൾ ആശാൻകവിതയിലുണ്ട്. നിജാനന്ദവിലാസത്തിൽ "വേദാന്തശാസ്ത്രത്തിനും മറ്റ് ശാസ്ത്രങ്ങൾക്കും വ്യത്യസ്തനിലയിൽ കലഹിച്ചുകൊണ്ടിരിക്കുന്ന വിവിധ ശാസ്ത്രങ്ങൾക്കും വാദാതീതമായ വാസ്തവം കണ്ട വിജ്ഞാനിക്കും ദുഃഖശാന്തിയരുളുന്നതാണ് ദൈവം"[49] എന്ന് പറഞ്ഞിരിക്കുന്നു. അനുഭവവൈവിദ്ധ്യങ്ങളായി ഉരുത്തിരിഞ്ഞ്, നിലനിന്ന് വിലയം പ്രാപിക്കുന്ന പ്രതിഭാസങ്ങൾക്കെല്ലാം ആധാരമായ പ്രപഞ്ചനിയമത്തെ കുറിച്ചാണ് വിവിധ ശാസ്ത്രങ്ങൾ വ്യത്യസ്ത വീക്ഷണകോണുകളിൽനിന്ന് നിരൂപണം ചെയ്യുന്നത്. എന്നാൽ എല്ലാത്തിന്റെയും അകപ്പൊരുളായ ഈശ്വരതത്ത്വമാകട്ടെ വാദപ്രതിവാദങ്ങൾക്കതീതമാണ്. വിവിധതലത്തിലൂടെ കടന്ന് സത്യാനുഭൂതിയെ സാക്ഷാൽക്കരിക്കുന്ന വിജ്ഞാനിയുടെ വ്യവഹാരദശയിലെ അനുഭവങ്ങളെ അപ്രസക്തമാക്കുന്നതും ഈശ്വരനിയമം തന്നെയാണ്.

'ഭക്തവിലാപ'ത്തിൽ"പ്രപഞ്ചത്തിലെ സൂക്ഷ്മരൂപമായ അണുവിന് കാരണവും അജ്ഞാനകാര്യവും അണുസംഘാതവുമായ ബ്രഹ്മാണ്ഡം പരിപാലിച്ചു പോരുന്ന നിയാമകശക്തിയെ ആരാധിക്കുന്നവർക്ക് ദുഃഖമില്ലെന്ന്" പറയുന്നു.[50]ഇവിടെ പ്രപഞ്ചം അജ്ഞാനംകൊണ്ട് തോന്നുന്നതാണെന്നും ആത്യന്തികമായി നിലനിൽക്കുന്നതല്ലെന്നും അജ്ഞാനത്തിന്റെ കാരണം ദുഃഖമാണെന്നും അതിന് ഉപരിയായി വർത്തിക്കുന്ന പ്രപഞ്ചാധിഷ്ഠാനമായ ഈശ്വരനെ ആശ്രയിക്കുകയാണ് കരണീയമെന്നും കവി സൂചിപ്പിക്കുന്നു. വേദാന്തദർശനത്തിന്റെ സൈദ്ധാന്തിക നിലപാടിൽനിന്നാണ് ഈ തലത്തിൽ ഭക്തിയെ അഭിസംബോധന ചെയ്യുന്നത്. ഈശ്വരഭക്തി ഇവിടെ ജഗന്നിയാമകനെന്ന അറിവിന് പൂരകമായാണ് വർത്തിക്കുന്നത്.

'ശിവദ്ധ്യാനവിംശതി'യിൽ "ഒന്ന് ചുളിച്ചാൽ ആ നിമിഷംതന്നെ ഈ ലോകത്തിന് സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ഉണ്ടാക്കുന്നതും മഹിമയുള്ളതുമായ എന്റെ പ്രേമമൂർത്തിയായ ശിവന്റെ പുരികങ്ങൾക്ക് തുല്യമായി ഒന്നുമില്ലെന്ന്"[51]പറയുന്നു. കേവലമായ ഇച്ഛാശക്തികൊണ്ട് സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്ന തത്ത്വം ഈശ്വരനല്ലാതെ രണ്ടാമതൊന്നല്ല. ആവിർഭാവതിരോഭാവങ്ങൾക്ക് കാരണമായി രണ്ടാമതൊരു തത്ത്വത്തെക്കൊണ്ടു വരുമ്പോൾ അത് ആദ്യതത്ത്വത്തെ നിരാകരിക്കാനിടയു

---

49- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-66, (ശ്ലോകം-18)

50- അതേ പുസ്തകം-പുറം-60, (ശ്ലോകം-21)

ണ്ട്. ഈശ്വരനെ മനുഷ്യാകാരത്തിൽ കണ്ട് സർവ്വസാക്ഷിയായ അവിടത്തെ പുരികക്കൊടിയുടെ ഇളക്കമാണ് ഈ പ്രപഞ്ചചലനത്തിന് ആധാരമെന്ന് പറയുന്നു. ഇവിടെ സ്രഷ്ടാവും പാലകനും സംഹർത്താവും ഒരാളാണ്. സംഹാരകർമ്മത്തിന്റെ ദേവതാവിശേഷമായ ശിവനെയാണ് പ്രാഥമികാർത്ഥത്തിൽ ഇവിടെ സ്തുതിക്കുന്നത്. അത് പുരോഗമിക്കുമ്പോൾ വെറും സംഹാരശക്തിയായി മാത്രം ഒതുക്കി നിർത്താതെ ഉല്പത്തിവിനാശങ്ങൾക്കെല്ലാം ആധാരമായ ഈശ്വരനിയമത്തിലേക്ക് ഉൾച്ചേർത്ത് എല്ലാം ഒരു ശക്തിയുടെ വിഭിന്ന ആവിഷ്ക്കാരങ്ങളായി കാണുന്നു. ദേവതയിൽനിന്നും ഈശ്വരത്വത്തിലേക്ക് ഉയർന്നാണ് പ്രസ്തുത പ്രകരണം നിലകൊള്ളുന്നത്.

#### 4.2.5- കാര്യകാരണഭാവം

കാര്യാകാരമായ വസ്തുപ്രപഞ്ചം ശൂന്യതയിൽ നിന്ന് ഉരുത്തിരിഞ്ഞതല്ല. അത് ആവിർഭവിച്ചത് സൂക്ഷ്മമായ കാരണശക്തിയിൽ നിന്നാണ്. ഈശ്വരനെ സമൂലകാരണമായും പ്രപഞ്ചത്തെ അതിൽ നിന്നുരുത്തിരിയുന്ന കാര്യവുമായാണ് ഇവിടെ വിലയിരുത്തുന്നത്. ഇതിന് പ്രപഞ്ചഘടനാശാസ്ത്രമായും (cosmology) കാര്യകാരണവാദ(cause-effect relation)മായും ബന്ധമുണ്ട്. അസ്തിത്വം കാര്യകാരണാതീതമെന്നതിനാൽ അതിലൂടെ പ്രകടമാകുന്ന പ്രപഞ്ചവ്യവസ്ഥയും അതിനെ സാധൂകരിച്ച് ദ്വന്ദ്വവൈരുദ്ധ്യങ്ങളെ സമന്വയിപ്പിച്ചാണ് നിലകൊള്ളുന്നത്. അദ്വൈതചിന്തയിൽ ഒരുണ്മയുടെതന്നെ വിഭിന്ന തലത്തിലുള്ള പ്രകടീകരണങ്ങളാണ് കാര്യകാരണങ്ങൾ. അതുകൊണ്ടാണ് സൃഷ്ടിയെ പ്രതിപാദിക്കുമ്പോൾ അഭിന്നനിമിത്തോപാദാനകാരണമെന്ന നിലയിൽ ബ്രഹ്മവിവർത്തവാദത്തെ അദ്വൈതം സ്വീകരിക്കുന്നത്. കാരണതത്ത്വത്തിൽ യാതൊരുവിധ പരിവർത്തനവും നടക്കാതെ സോപാധികമായ കാര്യാകാരത്തിൽ പ്രകാശിതമാകുന്നതാണ് വിവർത്തം. സത്തയ്ക്ക് ന്യൂനതകളോ പരിമിതിയോ വൈകല്യമോ അതുകൊണ്ട് സംഭവിക്കുന്നില്ല. മാത്രമല്ല, കാര്യോപാധിയിലൂടെ പരമമായ കാരണത്തെ സാക്ഷാൽക്കരിക്കാനും വ്യക്തിസത്തയ്ക്ക് കഴിയും. ഈ നിലപാട് ആശാന്റെ സ്തോത്രകൃതികളിലൊന്നായ 'ശിവസുരഭി' യിൽ കാണാം. "കാരണത്തിൽനിന്ന് ഭിന്നമായി നശിക്കാത്തൊരു നില കാര്യത്തിനില്ല. ജഗത്തിന് ഏകമൂർത്തിയായ അവിടന്ന് കാലത്തിൽ ഇരുന്നരുളുന്നതും ഇന്ദ്രജാലസമാനമായ പ്രപഞ്ചത്തിന്റെ പൂർണ്ണാധികാരിയുമാണ്".[52] ഇതിലെ സൃഷ്ടിവാദപരമായ കാര്യകാരണസംബന്ധത്തെ ഇങ്ങനെ സംഗ്രഹിക്കാം.

---

51- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-120, (ശ്ലോകം-7)

1- എല്ലാ കാരണങ്ങൾക്കും ആധാരമായി ഒരു കാര്യമുണ്ട്. കാര്യം കാരണത്തെ ആശ്രയിച്ചിരിക്കുന്നു.

2- കാരണത്തിൽനിന്ന് കാര്യത്തെ എടുത്താൽ കാരണം അവശേഷിക്കുന്നു. എന്നാൽ കാര്യത്തിന് സ്വതന്ത്രമായ നിലനില്പില്ലാത്തതിനാൽ അത് കാരണത്തിൽനിന്ന് അവിഭക്തമായിരിക്കുന്നു.

3- കാര്യത്തിന്റെ പ്രകടീകരണവും തിരോഭാവവുമെല്ലാം കാരണത്തിന്റെ വിവിധ തലങ്ങളിലുള്ള രൂപ ഭാവ പ്രകടനങ്ങളായാണ് വർത്തിക്കുന്നത്.

ഇതേ ആശയങ്ങൾ ആശാന്റെ മറ്റ് സ്തോത്രകൃതികളിലും കാണാം. 'നിജാനന്ദവിലാസ' ത്തിൽ "ഈ കാണുന്ന സ്ഥൂലപ്രപഞ്ചം സൂക്ഷ്മമായതിന്റെ ഘനീഭാവമാണെന്നും അജ്ഞാനമാണ് അതിന്റെ വേരെന്നും പറഞ്ഞിരിക്കുന്നു. ഇതറിഞ്ഞ് അവസ്ഥാത്രയത്തിൽ നിന്ന് തുരീയമെന്ന നാലാമത്തെ തലത്തിലേക്കുയരുമ്പോൾ പൊഴിയുന്ന അനുഭൂതിയുടെ മധുരമഴയായി ആശാൻ ഈശ്വരനെ വിശേഷിപ്പിക്കുന്നു".[53] മേൽപ്പറഞ്ഞ തുരീയഭാവം ആത്മജ്ഞാനതലത്തിലാകയാൽ അങ്ങും ഞാനും ഒന്നുതന്നെ എന്ന മഹാവാക്യത്തിന്റെ പരമതാല്പര്യത്തിലാണ് നിലയൂന്നുന്നത്. ഇന്ദ്രിയഗോചരങ്ങളായ പദാർത്ഥങ്ങളെല്ലാം പരിവർത്തനവിധേയങ്ങളും താൽക്കാലിക പ്രതീതിയുള്ളതും നശ്വരങ്ങളുമാണ്. സത്തയിൽ പ്രകടമായെന്നതുപോലെ അനുഭവപ്പെടുന്ന വികാരങ്ങൾ കേവലം പ്രാതിഭാസികങ്ങളാണ്. അതുകൊണ്ട് പ്രപഞ്ചസൃഷ്ടി സ്രഷ്ടാവിന്റെ സർവ്വവ്യാപകത്വത്തെ പരിമിതപ്പെടുത്തുന്നില്ല. തന്നിലെ അനന്യശക്തിയെ നിമിത്തവും ഉപാദാനവുമാക്കിയാണ് ഈശ്വരൻ പ്രപഞ്ചത്തിന് രൂപംകൊടുത്തത്. പ്രസ്തുത തലത്തിൽനിന്ന് ക്രമമായി ഉയർന്ന് സഹജാവസ്ഥയിലേക്ക് നയിച്ച് അമൃതാനന്ദത്തിന്റെ മഴ പൊഴിക്കുന്നതും ഈശ്വരൻതന്നെയാണ്.

'നിജാനന്ദവിലാസ' ത്തിൽ "സൂര്യചന്ദ്രാദികളെ രചിച്ച് ചലിപ്പിച്ച് ഈ കാണായ പഞ്ചഭൂതാത്മകമായ പ്രപഞ്ചത്തിന്റെ കാതലായി വർത്തിക്കുന്ന പരംപൊരുളാണ് ദൈവമെന്ന് പറയുന്നു. ആകാശത്തിനുപോലും ആകാശമായിരിക്കുന്നതും ഈ വിശ്വത്തിൽ പഞ്ചഭൂതാത്മകമായ സൃഷ്ടിക്ക് കാരണമായിരിക്കുന്നതും ഉണ്ണിക്കൈക്ക് പന്തെന്നപോലെ സൃഷ്ടിജാലങ്ങൾ പൂർണ്ണമായും ഈശ്വരന് വിധേയമാണെന്നും"[54] വ്യക്തമാക്കുന്നു. അതിൽത്തന്നെ മറ്റൊരിടത്ത് "കാണാനാകാത്തതും കരണേന്ദ്രിയങ്ങൾ ഇല്ലാത്തതും രൂപമില്ലാത്തതും അളവറ്റതും ആദ്യന്തരഹിതവും നിശ്ശേഷ്ടവും ജഡത്വം ഒട്ടുമില്ലാത്തതും ആത്യന്തികസത്യമല്ലാത്തതുമായ ഈ ബ്രഹ്മാണ്ഡകോടികളെ പ്രകടമാക്കുന്ന ഐന്ദ്രജാലി

---

52- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-177, (ശ്ലോകം-43)

53-അതേ പുസ്തകം-പുറം-64, (ശ്ലോകം-14)

കനുമെല്ലാമാണ് ഈശ്വര"[55]നെന്നും പറയുന്നു. മായയെന്ന ഉപാധിയിലൂടെയാണ് സ്രഷ്ടാവായ ഈശ്വരൻ ഈ ബ്രഹ്മാണ്ഡത്തെ പ്രകടമാക്കുന്നതെന്നാണ് അദ്വൈതമതം. ഒരു ഭക്തന്റേതിൽനിന്നും വ്യത്യസ്തമായി ദാർശനികമായ നിലപാടിൽ നിന്നുകൊണ്ടാണ് ഈശ്വരനെ ഇവിടെ സ്തുതിക്കുന്നത്.

അതിൽത്തന്നെ "വെള്ളം, തീ, കാറ്റ്, ആകാശം, ചന്ദ്രൻ, സൂര്യൻ തുടങ്ങിയ ഭൂതങ്ങളേഴിനും ദൃശ്യപ്രപഞ്ചത്തിനും അരൂപമായ നിർമ്മലജ്ഞാനത്തെ ധ്യാനിക്കുന്നവനും ബ്രഹ്മാദികളുൾപ്പെടെയുള്ളവർ ആശ്രയിക്കുന്നവനുമായ ആദിധാമമാണ് ഈശ്വരനെന്നും കൂട്ടിച്ചേർക്കുന്നു".[56]ജഡ-ചൈതന്യ/സ്ഥൂല-സൂക്ഷ്മഭേദങ്ങൾക്കപ്പുറത്ത് സമസൃഷ്ടങ്ങൾക്കെല്ലാം ഉറവിടമാണ് ദൈവമെന്ന വസ്തുത ഇവിടെ കവി സ്പഷ്ടമാക്കുന്നു. ദൃശ്യങ്ങളുടെ നാനാത്വത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ദൃക്കിനെ ചിന്മാത്രമായ ശിവവിഭൂതിയിലേക്കെത്തിക്കാൻ "ഹൃദയം ബ്രഹ്മദ്ധ്യാനത്തിൽ മുഴുകുമ്പോൾ വിസ്തൃതിയാർന്ന പ്രപഞ്ചം മനോവൃത്തികളില്ലാത്ത ശുദ്ധചിന്മാത്രമായ ശിവവിഭൂതി മാത്രമാണെന്നറിയണമെന്ന്' ശിവസുരഭി' യിൽ കാണാം".[57]ഇവിടെ കർത്താവ്, കാരകം, കാരണം, കരണം എന്നിങ്ങനെ നൃത്തം ചെയ്യുന്ന നടരാജമൂർത്തിയാണ് ശിവൻ. ഈ പ്രകരണത്തിൽ സ്രഷ്ടാവും സൃഷ്ടിയും സൃഷ്ടിജാലങ്ങളുമെല്ലാം അവിഭക്തങ്ങളാണ്. കർത്താവും കാരണവും കരണങ്ങളും കർത്തവ്യവും നിലകൊള്ളുന്ന ഭേദവികാരങ്ങളില്ലാത്ത നിയമത്തിലൂന്നിയാണ് ഈശ്വരതത്ത്വത്തെ പ്രതിപാദിക്കുന്നത്. സൃഷ്ടിയിൽ സ്രഷ്ടാവിനെ പങ്ക് ചേർക്കുന്നതുകൊണ്ട് ഈശ്വരന്റെ സർവ്വവ്യാപകത്വവും സർവ്വാതിരിക്തതയും വെളിവാകുന്നു. മറിച്ച് സൃഷ്ടിയിൽനിന്ന് സ്രഷ്ടാവിനെ നീക്കിയാൽ അത് സർവ്വജ്ഞത്വം, സർവ്വശക്തിത്വം, സർവ്വവ്യാപകത്വം തുടങ്ങിയ ഈശ്വരീയമായ ഗുണങ്ങളെത്തന്നെ പ്രതികൂലമായി ബാധിക്കുകയും സ്രഷ്ടാവിനെ പരിമിതപ്പെടുത്തി പ്രപഞ്ചക്രമത്തെ താറുമാറാക്കുകയും ചെയ്യും. എന്നാൽ ഇത്തരം ആശങ്കകൾക്കൊന്നും പഴുതേകാതെ സർവ്വകർമ്മാദ്ധ്യക്ഷനായി കാണുന്ന ഈശ്വരനെത്തന്നെ കർമ്മത്തിന്റെ കരണവും കാരണവുമായി കാണുന്നു. ശ്രീനാരായണ ഗുരുവിന്റെ ദൈവദശകമെന്ന കൃതിയിൽ കാണുന്ന അതേ സമീപനരീതിയാണ് ഇവിടെയും അനുവർത്തിച്ചിരിക്കുന്നത്.[58]അതിൽ നാമരൂപഗുണനിഷ്ഠമായ ദേവതാസങ്കല്പത്തെ പരമാത്മതത്ത്വവുമായി സംഘടിപ്പിക്കുന്നതു കാണാം. അദ്വൈതത്തിന്റെ ദാർശനികവും താത്ത്വി

---

54- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-64-65 (ശ്ലോകം-15)

55- അതേ പുസ്തകം-പുറം-173, (ശ്ലോകം-16)

56- അതേ പുസ്തകം-പുറം-65

57- അതേ പുസ്തകം-പുറം-173 (ശ്ലോകം-25)

കവുമായ തലമാണ് ഇവിടെയെല്ലാം അനാവൃതമാകുന്നത്. എല്ലാത്തിനും കാരണഭൂതമായ പരമേ ശ്വരതത്ത്വമെന്ന നിലയ്ക്കാണ് 'ശിവസുരഭി' യിൽ ഈശ്വരനെ കാണുന്നത്.

ജീവിതദുഃഖങ്ങളുടെ കാരണം അന്വേഷിക്കുമ്പോൾ അഹംബുദ്ധിയാണ് ദുഃഖത്തിനാധാരമെന്ന് കവി മനസ്സിലാക്കുന്നു. കേവലസുഖം ജ്ഞാനലബ്ധിയാണെന്നും അതിന്റെ സ്ഥാനത്ത് തന്നെയിരി ക്കുന്ന സച്ചിദാനന്ദത്തിന്റെ വേരും മുളയുമായുള്ള ജഗദീശ്വരൻ തന്റെ എല്ലാ ദുഃഖങ്ങളുമകറ്റിത്തര ണമെന്നും അതിൽ പറയുന്നു. ഈശ്വരനെ സച്ചിദാനന്ദസ്വരൂപമായ പരബ്രഹ്മമായിക്കണ്ട് മുക്തിദായ കനെന്ന് വേദങ്ങളെല്ലാം അരുളുന്ന അവിടന്ന് ദീനദയാപയോധിയാണെന്ന് വാഴ്ത്തുന്നു.[59] പ്രപഞ്ചപ്ര തിഭാസത്തെ അഭിസംബോധന ചെയ്യുമ്പോൾ അത് ഉരുത്തിരിഞ്ഞ നിയമവ്യവസ്ഥയ്ക്കും കവി പ്രാധാ ന്യം കല്പിക്കുന്നുണ്ട്. ശാങ്കരശതകത്തിൽ കവി ചോദിക്കുന്നു. "ഈ ലോകങ്ങൾ ഉള്ളതാണെങ്കിൽ അതിനൊരു നാഥൻ ഉണ്ടായിരിക്കുമല്ലോ? അങ്ങനെയൊരുണ്മ അങ്ങ് തന്നെയാണ്. അതിനാൽ മറ്റൊ രൊശ്രയവും എനിക്കില്ല."[60] ഈ പ്രപഞ്ചത്തിന്റെ മൂലകാരണം ഈശ്വരനാണെന്ന് വ്യക്തമാക്കുകയാ ണിവിടെ. കാരണത്തിന് കൊടുക്കുന്ന ആലങ്കാരികഭാഷ്യമാണ് നാഥനെന്ന പ്രയോഗം. ഏകനും അദ്വി തീയനുമായ ഈശ്വരനെയാണ് കവി ഇവിടെ പ്രകീർത്തിക്കുന്നത്. ആകാരത്തിലും പ്രകാരത്തിലും വ്യത്യ സ്തമായ പ്രപഞ്ചപ്രതിഭാസങ്ങൾ വൈവിദ്ധ്യപൂർണ്ണമാണെങ്കിലും പരസ്പരപൂരകമായാണ് വർത്തി ക്കുന്നത്. അപ്പോൾ അവയെ സമന്വയിപ്പിക്കുവാൻ സർവ്വാതിവർത്തിയായ ഒരു ശക്തിവിശേഷം അനി വാര്യമാണ്. സൃഷ്ടിയും അവയ്ക്കെല്ലാം ഉപരിയുള്ള സ്രഷ്ടാവും വ്യത്യസ്തമാണെന്ന നിലയിൽ ഈശ്വരനെ വിലയിരുത്തുന്നതാണ് ഇവിടത്തെ തലം. സൃഷ്ടികളെ ആശ്രയിക്കുന്നതിലും യുക്തം അ വയുടെ സ്രഷ്ടാവിനെത്തന്നെ ആശ്രയിക്കുന്നതാണ്.

കളകണ്ഠത്തെ അഭിസംബോധന ചെയ്യുന്ന 'കളകണ്ഠഗീതം' എന്ന പാട്ട് അദ്വൈതചിന്തയിൽ അധിഷ്ഠിതമാണ്. ഇവിടെ എല്ലാവർക്കും അമേയവും അഖണ്ഡവുമായ സുഖം നൽകുന്ന, എല്ലാ വർക്കും ആശ്രയമായ ശിവനെ യൗവനവും സമ്പത്തും ഉൾപ്പെടെയുള്ള ലൗകികവിഷയങ്ങൾ ഉപേ ക്ഷിച്ച് ശരണം പ്രാപിക്കാനാണ് കവി ആവശ്യപ്പെടുന്നത്. ഈ പ്രപഞ്ചത്തിന്റെ സത്യം നിർമ്മലമായ ബോധമാണ്. ഇതറിയാത്തവൻ ആരായാലും അല്പനാണ്. ശിവനിൽ ഹൃദയം ഉറപ്പിച്ചാൽ, ബോധത്തി

58-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃ ഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 എഡി-1, പുറം-40

59- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-178

60- അതേ പുസ്തകം-പുറം-147, (ശ്ലോകം-23)

ലമർന്ന് ബോധസ്വരൂപമായിത്തീർന്നാൽ ശിവനും നീയും ഒന്നാകും. ഇന്ദ്രിയങ്ങളിലൂടെ അറിയപ്പെടുന്നതെല്ലാം ആകാശനീലിമപോലെ വെറും തോന്നലാണ്. വേദാദി ശാസ്ത്രങ്ങൾ പല വാദങ്ങളും സൃഷ്ടിക്കും. വേദങ്ങളാലും നിർദ്ദേശിക്കാനാവാത്ത വാദങ്ങളെപ്പറ്റി അല്ലയോ കുയിലേ, നീ പാടുക. സത്യം സംവാദത്തിനു വിഷയമല്ല. അവസാനം ശേഷിക്കുന്നത് ബോധസ്വരൂപിയായ ശിവനാണ്. ബോധോദയത്തോടെ ശിവനാകുന്ന അധിഷ്ഠാനം നിലനിൽക്കുകയും ആരോപിതമായതെല്ലാം മറയുകയും ചെയ്യും. തിരയടങ്ങിയ കടലെന്നപോലെ സത്യസാക്ഷാൽക്കാരത്തോടെ പദാർത്ഥപ്രപഞ്ചം പരംപൊരുളിൽ വിലയിക്കും. ഈ തത്ത്വമുൾക്കൊണ്ട് പാടിയാൽ കുയിലിന്റെ ഗാനത്തിന് മാധുര്യം കൂടുമെന്ന് കവി പറയുന്നു.[61] ഈശ്വരനെ കാര്യകാരണ ഭാവമെന്ന നിലയിൽ പരാമർശിക്കുന്നുണ്ടെങ്കിലും കാര്യകാരണങ്ങൾ അഭിന്നമാണെന്നും സത്യം അവയ്ക്കെല്ലാം ഉപരിയാണെന്നുമുള്ള ലക്ഷ്യതലം ഇവിടെയെല്ലാം അനാവൃതമാകുന്നുണ്ട്.

### 4.2.6–ആധാര-ആധേയഭാവം

പ്രപഞ്ചം ഈശ്വരനെന്ന കാരണത്തിൽ വർത്തിക്കുമ്പോൾ പ്രപഞ്ചം ആധേയഭാവത്തിലും ഈശ്വരൻ ആധാരഭാവത്തിലുമാണ് വിലയിരുത്തപ്പെടുന്നത്. അസ്തിത്വത്തിന് ഒന്നിൽ കൂടുതൽ ആധാരമുണ്ടെങ്കിൽ അത് പരസ്പരനിരാകരണത്തിലൂടെ ശൂന്യമാകും. ജഗത്തിന് ഏകാധാരമായി സ്തോത്രകൃതികളിൽ ഈശ്വരനെ വാഴ്ത്തുന്നതും അതുകൊണ്ടാണ്. "നിജാനന്ദവിലാസ'ത്തിൽ 'നാദബ്രഹ്മത്തിനും പ്രകാശത്തിനും ഉൾപ്പെടെ എല്ലാറ്റിനും ലക്ഷ്യമായ അതിനെ മറ്റൊരു രൂപത്തിൽ പറയാനാകില്ല. നാദരൂപവും വസ്തുരൂപവും നശിച്ച് ത്രിഭുവനരൂപമായി നിൽക്കുന്ന പരമമായ കാരുണ്യപ്രവാഹമാണ് ഈശ്വരൻ."[62] ത്രിഭുവനവടിവായ് നിന്ന് പരമകാരുണ്യം ചൊരിയുന്ന ഈശ്വരനെ സർവ്വാതീതനായി പരിചയപ്പെടുത്തുകയാണിവിടെ. ത്രിഭുവനത്തിന് ഉടലും ഉയിരുമായി നിൽക്കുകയും അനന്യമെങ്കിലും വേറിട്ട അസ്തിത്വംപോലെ അതിൽ കാരുണ്യം വർഷിക്കുകയും ചെയ്യുന്ന ഈശ്വരതത്ത്വത്തെ വർണ്ണിക്കുന്ന കവി അദ്വൈതപക്ഷത്തിൽ നിന്നുകൊണ്ടാണ് സ്രഷ്ടാവിനെ പരാമർശിക്കുന്നത്.

'ശിവസുരഭി'യിൽ നിർവ്വചനാതീതമായ പരംപൊരുളിനെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്. "അതിന് ഗുണം, ചിഹ്നം, നാമം എന്നിവയൊന്നുമില്ല. അത് ധ്യാനാവസ്ഥിതനായവന് ഉണർച്ച

---

61-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-64

62- അതേ പുസ്തകം-പുറം-63 (ശ്ലോകം-12)

യോടു കൂടിയുണ്ടാകുന്ന ജ്ഞാനലഹരിയാണ്. നിസ്സാരമായ ഭോഗേച്ഛയറ്റ അനുഭൂതിതല്പരനായ സിദ്ധന് ഹൃദയത്തെ അലിയിക്കുന്ന ശീതളമധുരസാരമായ സച്ചിന്മയമുദ്രയുടെ മൗനാവസ്ഥയിലുള്ള മാധുര്യ മാകയാൽ അതിനെ ഒന്നുകൊണ്ടും വിശേഷിപ്പിക്കാനാകില്ല".[63] അറിയപ്പെടാത്തതിൽ നിന്ന് അന്യവും അറിയപ്പെട്ടതിൽ നിന്ന് ഉപരിയുമായതിനാലാണ് അറിയപ്പെട്ടവയെയെല്ലാം 'അതല്ല അതല്ല' എന്ന് തള്ളി നിരാകരിക്കാനാകാതെ അവശേഷിക്കുന്ന സത്യത്തെ പരംപൊരുളെന്ന് പറയുന്നത്.

'ശിവദ്ധ്യാന വിംശതി' യിൽ "അത് (ബ്രഹ്മം) തന്നെ ഇത് (ജീവാത്മാവ്) എന്ന അദ്വൈതഭാ വത്തെ ഉപദേശിക്കുന്ന അങ്ങയുടെ ജ്ഞാനമുദ്രയുടെ അർത്ഥം അറിവുള്ളവർ മനസ്സിലാക്കിയിട്ടുണ്ട്. പിന്നെ അതിന്റെ താല്പര്യം അറിയാത്ത ഞാനെന്ത് പറയാനാണെ"[64]ന്ന് ചോദിക്കുന്നു. ജീവാത്മാവ് ബ്രഹ്മം തന്നെയെന്ന് ജ്ഞാനമുദ്രയിലൂടെ ഉപദേശിക്കുന്ന മഹാഗുരുവായി കവി ഈശ്വരനെ കാണു ന്നു. ആരാധനാതലത്തിൽ ജീവനിൽനിന്ന് വേറിട്ട അസ്തിത്വമെന്ന നിലയിൽ ഈശ്വരനെ സമാശ്രയി ക്കുമ്പോൾ ജീവാത്മാവിന്റെ അവബോധതലത്തെ അത് ക്രമേണ പരബ്രഹ്മതത്ത്വത്തിലേക്കുയർത്തും. 'അത് തന്നെ ഇത്' എന്ന മഹാസത്യത്തിന്റെ അകപ്പൊരുളിലേക്കത് നയിക്കുകയും ചെയ്യും. അതിലേക്കുള്ള വഴിയായി കവി ഉപാസനയെ കാണുന്നു. അങ്ങനെ അനുഭവവേദ്യമാകേണ്ടുന്ന ഈശ്വ രീയതലത്തെ നാദം, ലയം, വേദം, രൂപം എന്നിവയിലൂടെ കവി സൂചിപ്പിക്കുന്നു. അങ്ങനെ പ്രപഞ്ച വൈജാത്യങ്ങളിലൂടെ പ്രകടമാകുന്ന ഈശ്വരനെ ഉപാധിനിഷ്ഠനായും അതിൽനിന്ന് അതീതനായും കാണാൻ കഴിയും. ഇത്തരം കല്പനകൾ ഈശ്വരസത്തയെ ബാധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യാതെ സമസ്ത ഇടങ്ങളെയും സമന്വയിപ്പിക്കുകയാണ് ചെയ്യുന്നത്.

'പരമപഞ്ചക'മെന്ന സ്തോത്രത്തിൽ അദ്വൈതവീക്ഷണം വളരെ സ്പഷ്ടമാണ്. അതിൽ ദേവി നാനാത്വത്തിലെ ഏകത്വത്തിന് കാരണമായ പ്രപഞ്ചസ്വരൂപിണിയും നരകാബ്ധിയിൽനിന്ന് അകലെ യുള്ളവളും നിർവ്വചിക്കാനാകാത്തവളും വാക്കുകൾകൊണ്ട് സൂചിപ്പിക്കാൻ കഴിയാത്തവളും ഷഡാധാ രചക്രങ്ങൾ കടന്ന് വിളങ്ങുന്നവളുമാണ്. മറക്കാത്ത മറവിയെന്നും ആവരണങ്ങളുണ്ടായിട്ടും സദാ വിള ങ്ങുന്നവളെന്നും പരിപൂർണ്ണാമൃതഭാവത്തിൽ അവസ്ഥിതയായവളെന്നും അതിൽത്തന്നെ പറയുന്നു. വളരെ വേഗമുള്ള തിരയായും ശാന്തമായ കാരുണ്യസമുദ്രമായും തിരിയില്ലാതെ എരിയുന്ന വിളക്കായും തെരഞ്ഞു കണ്ടെത്താൻ പറ്റാത്തതും നശിക്കാത്തതും ഉറപ്പുറ്റതും എപ്പോഴും ചേർന്നിരിക്കുന്നതുമായ

---

63-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-168, (ശ്ലോകം-6,7)

64- അതേ പുസ്തകം-പുറം-123

അവലംബമായും പരാമർശിക്കുന്നു.[65] പരസ്പരവൈരുദ്ധ്യമാർന്ന നാനാത്വങ്ങൾ ചെന്നെത്തുന്നത് ദേവിയുടെ അനന്യമായ ഏകത്വത്തിലാണ്. ബ്രഹ്മത്തിന് നൽകുന്ന സൂചനകൾതന്നെയാണ് ഇവിടെയെല്ലാം ദേവിയ്ക്കും നൽകുന്നത്.

''ഷഡാധാരങ്ങളിൽ ആടിയുലഞ്ഞ, യോഗികൾക്കെല്ലാം ആശ്രയമായ, നിഷ്പ്രപഞ്ചാവസ്ഥയിൽ അവശേഷിക്കുന്ന, സത്തായ, ബാധകളറ്റ അകവും പുറവുമായ, പ്രപഞ്ചസാക്ഷിയായ, ബോധാതീതമായ മൗനാവസ്ഥയായ ആ ഇടത്തെക്കുറിച്ച് ഒന്നും പറയാനാകില്ലെന്നരുളുന്നു''[66]. ഇത് ''ചക്ഷുസ്സ് അവിടെ എത്തുന്നില്ല. വാക്കും മനസ്സും അവിടെ എത്തുന്നില്ല''[67] എന്ന കേനോപനിഷന്മന്ത്രത്തെ ഓർമ്മപ്പെടുത്തുന്നു. ആത്മപ്രകാശത്തിലുള്ളടങ്ങുന്ന പരമമായ ബോധതലം അനിർവ്വചനീയവും അവ്യപദേശ്യവുമാണ്. സോപാധിക മാനദണ്ഡങ്ങൾകൊണ്ട് നിരുപാധികമായ തത്ത്വത്തെ അനുസന്ധാനം ചെയ്യാൻ കഴിയില്ല. അതുകൊണ്ടാണ് ഇന്ദ്രിയവിഷയങ്ങളായ വാക്കും മനസ്സും അവിടെ കടന്നു ചെല്ലാത്തത്. ഇതിനെക്കുറിച്ച് ''ശബ്ദമയമായി ആകാശം പ്രത്യക്ഷപ്പെടും. തുടർന്ന് ആ ആകാശത്തിൽ എല്ലാ പ്രപഞ്ചഘടകങ്ങളും ഒത്തുചേരും. വീണ്ടും അവിടെ അറിവ്, അറിയുന്നവൻ, അറിയപ്പെടുന്ന പദാർത്ഥം എന്ന അറിവിന്റെ മൂന്ന് പുടങ്ങൾക്കും വേർതിരിവില്ലാത്ത അവസ്ഥ വന്നു ചേരും. പ്രപഞ്ചഘടങ്ങളും ശബ്ദവും മാഞ്ഞു മറയുന്ന അഖണ്ഡബോധമാണ് സ്വയം പ്രകാശിച്ചു വിളങ്ങുന്ന സത്യം''[68] എന്ന് നാരായണഗുരു ആത്മോപദേശശതകത്തിൽ പറയുന്ന അവസ്ഥയുമായി ബന്ധപ്പെട്ടതാണ്.

അദ്വൈതതത്ത്വത്തെ നേരിട്ടു പ്രതിപാദിക്കുന്ന 'ശിവസുരഭി'യിൽ ശിവനെ പരബ്രഹ്മസ്വരൂപമായാണ് പ്രതിപാദിക്കുന്നത്. യോഗികൾക്ക് ആധാരമായി അവസാനം നിലനിൽക്കുന്നതായി അകവും പുറവും നിറഞ്ഞ് ബോധത്തിന് അതീതമായി നിൽക്കുന്ന മൗനം വിവരണാതീതമാണെന്നും അതിന് ഗുണമോ അടയാളമോ പേരോ ഇല്ലെന്നും ഉണർന്നുവരുന്ന ആളുടെ ബോധലഹരിയാണെന്നും അത്

---

65- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം- 203-204

66- അതേ പുസ്തകം- പുറം-167, (ശ്ലോകം-3)

67- ന തത്ര ചക്ഷുർഗ്ഗച്ഛതി ന വാഗച്ഛതി നോ മനഃ കേനോപനിഷത്ത്- മന്ത്രം-3 -വ്യാഖ്യാനം- മൃഡാനന്ദ സ്വാമി- ശ്രീരാമകൃഷ്ണ മഠം, പുറനാട്ടുകര, തൃശ്ശൂർ, 1992 പുറം-26

68-ധ്വനിമയമായ് ഗഗനം ജ്വലിക്കുമന്നാൾ അണയുമതിങ്കലശേഷ ദൃശ്യജാലം
പുനരവിടെ ത്രിപുടിക്കു പൂർത്തി നൽകും സ്വനവുമടങ്ങുമിടം സ്വയം പ്രകാശം
ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 പുറം-650

വാക്കിന് വിഷയമല്ലെന്നും സൂചിപ്പിക്കുന്നു. ഭോഗാസക്തിയറ്റ് ശീതളമധുരമായി അനുഭവപ്പെടുന്ന അത് ചിന്മുദ്രയുടെ സാരസർവ്വസ്വമായ മൗനമാണെന്നും സൂചിപ്പിച്ച് അതിൽ തുടരുന്നു- ''മനസ്സിൽ അഖ ണ്ഡാവബോധമുയിരെടുക്കുമ്പോൾ പ്രപഞ്ചം വിലയിച്ച് ശുദ്ധചിത്ത് അവശേഷിക്കുന്നു. ഈ അഖ ണ്ഡാവബോധം നിലനിർത്താൻ പൂശുന്നതാണ് ശിവവിഭൂതി''.[69] സംഹാരശക്തിയുടെ അധിദേവതാ സങ്കല്പത്തെ മറികടന്ന് ശിവനെ പൂർണ്ണബ്രഹ്മതത്ത്വമായും പ്രപഞ്ചത്തിന്റെ ഭാവാഭാവങ്ങളിൽ അവ ശേഷിക്കുന്ന ഉണ്മയായും പുറത്ത് ജഗദീശ്വരനായും ഉള്ളിൽ സാക്ഷീരൂപത്തിൽ വർത്തിക്കുന്ന അന്ത ര്യാമിയായും പരാമർശിക്കുന്നു. അദ്വൈതത്തിന്റെ ബഹുസ്വരത ശൈവചിന്തയുടെ പശ്ചാത്തലത്തിലൂ ടെയാണ് ഇവിടെയെല്ലാം ആവിഷ്ക്കൃതമാകുന്നത്.

വിവിധ ദേവതാസങ്കല്പങ്ങളിലൂടെ കടന്നുപോകുമ്പോൾ അതത് സന്ദർഭങ്ങളിൽ പ്രതിപാദിച്ച ദേവ താവിശേഷം സർവ്വശക്തമാണെന്നും അതിനെ സമാശ്രയിച്ചാണ് മറ്റെല്ലാം നിലകൊള്ളുന്നതെന്നുമുള്ള നിലയിൽ പ്രതിപാദിക്കുന്ന സമ്പ്രദായം (Henotheism)ഭാരതീയ ചിന്തയിലുണ്ട്. ആശാൻ ഈ ചിന്ത സ്വാംശീകരിച്ചിട്ടുണ്ട്. ഏകമായ ഈശ്വരതത്ത്വത്തിന്റെ വിഭിന്ന ആകാരഭേദങ്ങളെന്ന നിലയിലാണ് ഓരോ ദേവതാതത്ത്വവും പ്രസക്തമാകുന്നത്. ദേശം, കാലം, വർണ്ണം, വർഗ്ഗം, വിശ്വാസപ്രമാണങ്ങൾ, ഭാഷ, സാംസ്ക്കാരികതലം എന്നിവയ്ക്കനുസരിച്ച് കാലാകാലങ്ങളായി സമുദായത്തിന്റെ പരിണാമഗതിയിൽ വികസ്വരമായതാണ്. നാമരൂപഗുണകർമ്മാദ്യുപാധികളിൽ അധിഷ്ഠിതമായ ബഹുദേവതാസങ്കല്പങ്ങൾ. അവയ്ക്ക് പ്രത്യേകം പ്രത്യേകം ഗുണഘടനയും ഉത്ഭവസാഹചര്യങ്ങളും അപദാനകഥകളുമുണ്ട്. ഭാരതത്തിൽ ശൈവം, വൈഷ്ണവം, ശാക്തേയം, സൗരം, സ്കാന്ദം, ഗാണപത്യം എന്നിങ്ങനെ വിവിധ ശാഖകളുണ്ട്. സ്തോത്രകൃതികളിലെ അതത് പ്രകരണങ്ങളിൽ മാത്രമേ ഒരു ദേവതാസങ്കല്പം പരമമെന്ന അർത്ഥത്തിലും ഈശ്വരതത്ത്വത്തിൽ നിന്ന് അഭിന്നമെന്ന നിലയിലും പ്രസക്തമാകുന്നുള്ളൂ. അപ്പോൾ ആ ഭാവം പരമശക്തമെന്നും സച്ചിദാനന്ദസ്വരൂപമെന്നും മറ്റുള്ളവയെല്ലാം അതിന് കീഴ്പ്പെട്ട് നിൽക്കു ന്നുവെന്നും പരാമർശിക്കേണ്ടി വരുന്നു. ബ്രഹ്മം, ഈശ്വരൻ, ദേവതാസങ്കല്പങ്ങൾ എന്നിവയെ കവി സ്വീകരിക്കുന്നത് അവ ഒരു സത്യത്തിന്റെ വിഭിന്ന ആവിഷ്ക്കാരതലങ്ങളെന്ന നിലയിലാണ്. അതിലൂടെ അദ്വൈതചിന്തയെ കാവ്യാത്മകവും ആനുഭൂതികവുമായി പരിണമിപ്പിക്കുകയാണ് കവി ചെയ്യുന്നത്.

---

69-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 എഡി-1, പുറം-173

**4.3-മതനിരപേക്ഷ ആത്മീയത**

സത്യാന്വേഷണത്തിന്റെ ബാഹ്യഘടന സ്ഥൂലമായ മതാത്മകതയെങ്കിൽ അതിലൂടെ എത്തിച്ചേരുന്ന സൂക്ഷ്മലക്ഷ്യം ആത്മീയതയാണ്. മനസ്സിനും ബുദ്ധിയ്ക്കും ഇണങ്ങുന്ന വിധത്തിൽ വിവിധ ദേവതാസങ്കല്പങ്ങളെ നാമരൂപങ്ങളുമായി ഇണക്കി സ്തോത്രകൃതികളിൽ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും അവയ്ക്കെല്ലാം മതനിരപേക്ഷമായ മാനം കൈവരുന്നുണ്ട്. ദേവതാസങ്കല്പങ്ങളിലൂടെ ആശാൻ ഉന്നയിക്കുന്ന ആസ്തിക്യബോധം ഒരു മതത്തിന്റെ പരിധിയിലും ചട്ടക്കൂടിലും ഒതുങ്ങി നിൽക്കുന്നതല്ല. അവയെല്ലാം സാർവ്വലൗകികമായ പ്രപഞ്ചശക്തിയുടെ സവിശേഷ പ്രതിനിധാനങ്ങളാണ്. മതവും ആത്മീയതയും പരസ്പരപൂരകങ്ങളെങ്കിലും മതത്തിന്റെ ബാഹ്യപരിവേഷങ്ങളാൽ ആത്മീയത പലപ്പോഴും മറയ്ക്കപ്പെട്ടിരിക്കും. ഈ ദൃഷ്ടിയിലാണ് ആത്മീയതയെ മതാതീതവും മതനിരപേക്ഷവുമെന്ന് പറയുന്നത്. മതങ്ങൾ ഉന്നയിക്കുന്ന ആചാരവിചാരപ്രക്രിയകൾക്ക് അപ്പുറം കടന്ന് അതിന്റെ അന്തഃസാരമായ ആത്മീയതയെ ഹൃദയംകൊണ്ട് അനുഭവിച്ചറിഞ്ഞ് സാർവ്വലൗകികഭാവത്തിൽ രചനകളിലൂടെ അതിനെ ആവിഷ്ക്കരിക്കരിച്ചതുകൊണ്ടാണ് ആശാൻകവിതകളിലെ മതനിരപേക്ഷ ആത്മീയതയെക്കുറിച്ചുള്ള അന്വേഷണം പ്രസക്തമാകുന്നത്. മതദൃഷ്ടിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദേവതാസങ്കല്പങ്ങളെ ആശ്രയിക്കാത്ത രചനകളാണ് ഇവിടെ പരിശോധിക്കുന്നത്.

'മണിമാല' യിലെ ആത്മാർപ്പണമെന്ന കവിതയിൽ "സചേതനാചേതനരൂപത്തിലുള്ള ഈ പ്രപഞ്ചത്തിന്റെ മുഴുവൻ കെടാവിളക്കേ, സകലനന്മകളുടെയും ഇരിപ്പിടമായവനേ, അങ്ങയെ ഞങ്ങൾ തൊഴുന്നു. ഭഗവൻ, എന്റെ കണ്ണുതെളിയിച്ച് കൂരിരുൾ മാറ്റുക. നേർവഴി കാണാതെ തപ്പിത്തടയുന്ന എന്നെ അങ്ങയുടെ മുമ്പിലേക്കു വിളിക്കുക. എന്റെ ഉള്ളിലെ കാടുകൾ വെട്ടിമാറ്റി അവിടെ എഴുന്നള്ളിയിരിക്കുക. എന്റെ ഹൃദയത്തെ അവിടത്തെ വിശ്രമസ്ഥാനമാക്കുക. അങ്ങെന്റെ ആത്മാർപ്പണം കൈക്കൊള്ളുക. മഹാവനം മലർവാടിയും മുള്ള് മുകുളങ്ങളുമാകട്ടെ. മഹേശ നിന്റെ സാന്നിദ്ധ്യത്താൽ ദുഷ്ടമൃഗങ്ങൾപോലും ഗായകദേവരാകട്ടെ. എല്ലാം മറന്ന് ഒരു പാറ്റപോലെ അവിടന്നുമായുള്ള സംസർഗ്ഗത്തിന്റെ നിർവ്വാണരസത്തിൽ മുങ്ങാൻ കൊതിക്കുന്നു. അല്ലയോ ഈശ്വരാ, കാൽക്ഷണമെങ്കിലും അവിടത്തെ മുഖാരവിന്ദം കാണിച്ചു തന്നാലും"[70] എന്നെല്ലാമാവശ്യപ്പെട്ട് കവിത ഉപസംഹരിക്കുന്നു.

'വനമാല' യിലെ അഹിംസ എന്ന കവിതയിലൂടെ "പുഴുവിനെ ചവിട്ടാതിരിക്കാൻവേണ്ടി പെട്ടെന്ന്

70- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-263

കാലെടുത്താലും. കാരണം ഈ പുഴുവും ഈശ്വരസൃഷ്ടിയാകയാൽ അതിനോട് നിന്ദ തോന്നാൻ പാടില്ല. അത് ഈശ്വരനിൽനിന്നു വന്നതായതുകൊണ്ട് അവയിലെല്ലാം ഈശ്വരാംശമുണ്ട്. എല്ലാത്തിലുമെന്നപോലെ സൂര്യചന്ദ്രനക്ഷത്രാദികളുടെ ശോഭയും അതിന്റെ സൃഷ്ടിയിലുണ്ട്. പുല്ലു മൂടിയ ഭൂമി നമുക്കും അതിനും ഒരുപോലെ അവകാശപ്പെട്ടതാണ്. അവ ചെറിയ സുഖത്തോടെ ജീവിക്കട്ടെ. പോയ ജീവൻ തിരിച്ചുകൊടുക്കാനാകില്ലല്ലോ? കളിയായിട്ടുപോലും അവയുടെ ജീവനെടുക്കരുത്. എല്ലാത്തിനെയും തീർത്തത് ഒരേ കയ്യാണ്. നമുക്കെന്നതുപോലെ അതിനും ഇവിടെ പുലർന്നുപോകാൻ അവകാശമുണ്ട്"[71] എന്നെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നു. വൈവിദ്ധ്യമാർന്ന സൃഷ്ടികളെ വാർത്തെടുത്തത് ഒരു സ്രഷ്ടാവാണെന്ന തലത്തിൽനിന്നുകൊണ്ടാണ് കവി ഇവിടെ ഈശ്വരസൃഷ്ടികളെ വിലയിരുത്തുന്നത്. ഓരോ സൃഷ്ടിയുടെയും പിറകിലുള്ള സ്രഷ്ടാവിന്റെ സോദ്ദേശ്യതയാണ് സകലസൃഷ്ടികളേയും ഏകീഭവിപ്പിക്കുന്നത്. ബാഹ്യമായ വിഷയാകാരമല്ല, മറിച്ച് ആന്തരികൈക്യമാണ് അതിനാധാരം. ഒരമ്മയുടെ മക്കളെന്നതുപോലെയാണ് സൃഷ്ടികളും സ്രഷ്ടാവും തമ്മിലുള്ള ബന്ധം. ശ്രീമദ് ഭഗവദ്ഗീതയിൽ താനാണ് ജഗത്തിന്റെ മാതാവും പിതാവുമെന്ന് ശ്രീകൃഷ്ണൻ പറയുന്നുണ്ട്.[72] സർവ്വോപരി നാരായണഗുരുവിന്റെ ദൈവദശകത്തിലെ നീ തന്നെയാണ് സ്രഷ്ടാവും സൃഷ്ടിയും സൃഷ്ടിക്കുള്ള സാമഗ്രിയുമെന്ന ഏകത്വദർശനത്തിലേക്കും ഇത് നമ്മെ നയിക്കുന്നു. അഹിംസ ബുദ്ധമതത്തിന്റെ നെടുംതൂണാണെങ്കിലും അതിന്റെ അനിവാര്യതയെക്കുറിച്ചും ദാർശനിക ഔന്നത്യത്തെക്കുറിച്ചും അത് സമഗ്രമായി ചർച്ച ചെയ്യുന്നില്ല. പരിവർത്തനവിധേയമല്ലാത്തതും ഏകാത്മകവുമയ ആത്മതത്ത്വത്തെക്കുറിച്ച് മൗനമവലംബിച്ചിരിക്കുന്നുവെന്ന ബുദ്ധമതം കർമ്മചക്രപ്രവർത്തനത്തിലധിഷ്ഠിതമായ സംസാരഗതിയെ അംഗീകരിക്കുന്നു. എങ്കിലും കർമ്മഫലപ്രദാതാവെന്ന പ്രാപഞ്ചികദൃഷ്ടിയിൽ ലോകം ഈശ്വരസൃഷ്ടമെന്ന വ്യാവഹാരികയാഥാർത്ഥ്യത്തെ അനുവദിക്കുന്ന അദ്വൈതചിന്തയ്ക്കാണ് ഇവിടെ മുൻതൂക്കം ലഭിക്കുന്നത്.

'പുഷ്പവാടി'യിലെ സങ്കീർത്തനത്തിൽ ഭംഗിയുള്ള പൂവിലും ശലഭത്തിലും എപ്പോഴും കരചാതുരി കാട്ടിയും ലോകാനുഗ്രഹത്തിനായി കടാക്ഷമാലകൾ സൂര്യരശ്മികളിലൂടെ നീട്ടിയും ചിന്തയാകുന്ന മണിമന്ദിരത്തിൽ വസിക്കുന്ന ഈശ്വരനെ വാഴ്ത്തുന്നു. അതിൽ ഈശ്വരനെ പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ്. "അവൻ സകലസാരവും മതങ്ങൾക്കറിയാൻ കഴിയാത്തവനും ആദികാരണനും സർവ്വോ

---

71-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-349

72- ഭഗവദ്ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം, 1992 പുറം-672

ത്തുംഗനുമാണ്. കസ്തൂരിയുടെ മണംകൊണ്ട് അതിന് ഉറവിടമായ മാനിനെയെന്നപോലെ ഈശ്വരനെ പിന്തുടരാം. അകലെയെങ്കിലും ഓരോരുത്തരുടെയും ഹൃദയശുദ്ധിയിൽ അവൻ നിലകൊള്ളുന്നു. നിത്യ നായകാ, നീതിയുടെ ചക്രം തിരിയുന്നത് സത്യമാകുന്ന അച്ചുതണ്ടിലാണ്. ആ സത്യം എന്റെ ഉള്ളിലും നാവിലും എപ്പോഴും വിളങ്ങട്ടെ. ഒരിക്കലും ആലസ്യം തോന്നാതെ ഞാൻ കൃതകൃത്യനാകട്ടെ. ശരീരം, മനസ്സ് എന്നീ ദോഷങ്ങളുടെ ഉറവിടം യഥാർത്ഥസുഖത്തെ നശിപ്പിക്കുന്നു. അറിവില്ലായ്മയുടെ ഇരുൾ നീങ്ങി അറിവിന്റെ വെളിച്ചം എങ്ങും പരക്കട്ടെ. അതോടൊപ്പം നിന്റെ മഹത്ത്വം ഉള്ളിൽ വിളങ്ങട്ടെ. ധർമ്മമാർഗ്ഗത്തിൽ ശത്രുക്കൾ വന്നണയുമെന്നതുകൊണ്ട് നിശ്ചയദാർഢ്യത്തിന്റെ തിളക്കമാർന്ന പള്ളി വാളേന്തി നടക്കുകയാണ്. അല്ലയോ ദയാമയാ, അങ്ങനെ കർമ്മത്തിന്റെ അതിർത്തി കടന്ന് മുക്തിയാകുന്ന സമുദ്രത്തിലെ ശാന്തിനൗകയിൽ കളിയാടാൻ അവിടന്ന് കനിയേണമേ".[73]

അവശന് ആശ്രയമെന്ന നിലയിൽ ഈശ്വരനെ കാണുന്ന 'നിശാപ്രാർത്ഥന' യിൽ ഈശ്വരനെ പരാമർശിക്കുന്നത് ഇങ്ങനെയാണ്. "ഒരു കുട്ടി കളിച്ചു തളരുമ്പോൾ അമ്മയുടെ അടുത്താണെത്തുന്നത്. അതുപോലെ പകൽ മുഴുവൻ പല പല വൃത്തികളിൽ ഏർപ്പെട്ട് വലഞ്ഞ ഞാൻ അങ്ങയെ അന്വേഷിക്കുന്നത് രാവിലാണ്. ഉറങ്ങുമ്പോൾ എന്റെ മനസ്സും ഇന്ദ്രിയങ്ങളും വിശ്രാന്തിയനുഭവിക്കും. കർമ്മബദ്ധമായി നിൽക്കുന്ന ഈ ശരീരത്തിലെ ഇന്ദ്രിയങ്ങളും ഉള്ളവും നിലത്ത് വീഴുന്ന പുഷ്പമെന്നതുപോലെ അങ്ങയിലേക്കണയും. അങ്ങയോടുള്ള അടുപ്പം മുൻനിർത്തി ഇരുളിൽ ഞാൻ ഉറങ്ങുമ്പോൾ ദയാമയനായ അവിടന്ന് എനിക്ക് കാവൽ നിൽക്കേണമേ. മുമ്പത്തെക്കാൾ ഗുണവാനായി അടുത്ത ദിവസം എനിക്ക് ഉണരാൻ കഴിയണേ. ലോകത്തെവിടെയും സമൃദ്ധി ഉണ്ടാകട്ടെ. അങ്ങയുടെ കൃപ എന്നിൽ ഉണ്ടാകണം. പാപമെല്ലാം നീങ്ങി എന്റെ വിരോധികൾക്കുപോലും സുഖം ഉണ്ടാകണം. ചന്ദ്രനും വിളക്കും നക്ഷത്രങ്ങളുമൊന്നും പ്രകാശിക്കാതെ ഇരുളാണ്ടു കിടക്കുന്ന സുഷുപ്തിയിൽപോലും ചിന്മയനായ അവിടന്ന് തന്നെയാണ് എനിക്കാശ്രയം".[74] സാധകന്റെ വൃത്തിവിശേഷങ്ങളെ സൂചിപ്പിക്കുകയാണ് നിശാപ്രാർത്ഥന എന്ന കവിതയുടെ ധർമ്മം. ഇവിടെ സാധകൻ പകൽ കർമ്മവൈവിദ്ധ്യങ്ങളിൽ ഏർപ്പെടുന്നതുകൊണ്ട് ഈശ്വരാന്വേഷണം നടത്തുന്നത് രാത്രിയിലാണ്. എല്ലാ ജീവജാലങ്ങൾക്കും

---

73-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, സരസ്വതീ പഞ്ചകം- ശ്ലോകം-3 പുറം-128-129

74-അതേ പുസ്തകം- പുറം-119

യാതൊന്ന് രാത്രിയായിരിക്കുന്നത് ആയതിൽ ജിതേന്ദ്രിയനായ യോഗി ഉണർന്നിരിക്കുന്നു. "യാതൊന്നിൽ പ്രാണികൾ ഉണർന്നിരിക്കുന്നുവോ ആ അവസ്ഥ ആത്മതത്ത്വത്തെ അറിയുന്ന മുനിയെ സംബന്ധിച്ച് രാത്രിയാകുന്നു"[75] എന്ന ഗീതാശ്ലോകവുമായി ഛായാസാമ്യമുണ്ട്.

'നിശാപ്രാർത്ഥന'യിലെ ഈശ്വരോപാസകനും ഗീതയിൽ പരാമർശിച്ചിരിക്കുന്ന യോഗിയും തമ്മിൽ അന്തരമുണ്ടെങ്കിലും അവർക്ക് ചില സമാനതകളുണ്ട്. യോഗിയുടെ അവബോധത്തിന്റെ തലം പകൽ, രാത്രി തുടങ്ങിയ ദ്വന്ദ്വങ്ങൾക്ക് അതീതമാണെങ്കിലും ലൗകികദൃഷ്ടിയിൽ സാധാരണക്കാർ ആത്യന്തികമെന്നു കരുതുന്നതിനെ യോഗി അപ്രകാരമല്ല കാണുന്നത്. എന്നാൽ ഇവിടത്തെ സാധകൻ പകലിനെയും രാത്രിയെയും അതിന്റേതായ തലങ്ങളിൽ ഉൾക്കൊള്ളുന്നുണ്ട്. ലോകത്തിന്റെ ഉറക്കം തന്റെ ഈശ്വരാന്വേഷണത്തിലേക്കുള്ള ഉണർച്ചയായി ഇവിടെ പരിവർത്തിക്കുന്നു. ഒന്നിനെയും നിരാകരിക്കാതെ സത്യത്തിന്റെ വിഭിന്നമുഖങ്ങളെന്ന് തിരിച്ചറിഞ്ഞ് നിലവിലുള്ള തനത് ഭാവങ്ങളിൽനിന്നും ഏകമായ പൊരുളിലേക്ക് ഉയരാനാൻ നിർദ്ദേശിക്കുന്ന അദ്വൈതതത്ത്വത്തിന്റെ മൗലികമായ കാഴ്ചപ്പാട്തന്നെയാണ് കവി ഇതിൽ അനുവർത്തിക്കുന്നത്. കർമ്മനിയമങ്ങൾക്കെല്ലാം അദ്ധ്യക്ഷനായ ഈശ്വരനിലേക്കാണ് ഈ വാസനാശരീരം ഒരു പൂവുപോലെ നിപതിക്കുന്നത്. ഇതേ നിയമം തന്നെയാണ് പ്രപഞ്ചവ്യവസ്ഥയുടെയും കർമ്മക്രമത്തിന്റെയും ഭാഗമായി താഴെ വീഴുന്ന വീണപൂവിലെയും പ്രമേയം. ശത്രു/മിത്രം എന്നിങ്ങനെ വ്യവഹാരദ്വന്ദ്വങ്ങളിൽ ഒരുപോലെ ഈശ്വരനെ കാണുമ്പോൾ തന്നോട് വിരോധം ഭാവിക്കുന്നവർക്കും ക്ഷേമമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാൻ കഴിയുന്നു. പ്രകാശസ്രോതസ്സുകൾക്ക് ഉറവിടമായ, യാതൊന്നും വെളിപ്പെടാതിരിക്കുന്ന, വൃത്തിവിശേഷങ്ങളൊന്നുമില്ലാത്ത സുഷുപ്തിയിൽപോ ലും ഈശ്വരൻ തന്നെയാണ് തനിക്കാശ്രയമെന്ന് പ്രസ്തുത കവിതയിലുണ്ട്. ജാഗ്രത്തിലും സ്വപ്നത്തിലും മാത്രമല്ല, അവിദ്യയുടെ മറവ് താരതമ്യേന കുറവുള്ള സുഷുപ്ത്യവസ്ഥയിൽവരെ ഈശ്വരൻ പ്രസക്തനാണെന്ന് ഇതിലൂടെ സ്പഷ്ടമാക്കുന്നു.

ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിയ്ക്കും സ്ഥിതിയ്ക്കും സംഹാരത്തിനും കാരണമാണ് പരംപൊരുളെന്ന അദ്വൈതചിന്തയുടെ ആവിഷ്ക്കാരമാണ് 'ഈശ്വരൻ' എന്ന കവിതയിലുള്ളത്. പ്രഭാതത്തിന്റെ ഹൃദയഹാരിയായ ശോഭ, അനന്തമായ നീലാകാശം, അതിലെരിയുന്ന സൂര്യബിംബം, ഐശ്വര്യസമൃദ്ധമായ ഭൂമി, അന്തിച്ചുവപ്പ്, അഗാധമായ സമുദ്രം, താരാഗണം എന്നീ പ്രപഞ്ചപ്രതിഭാസങ്ങളെ സ്മരിക്കു

---

75- യാ നിശാ സർവ്വ ഭൂതാനാം / തസ്യാം ജാഗർത്തി സംയമീ
യസ്യാം ജാഗ്രതി ഭൂതാനി / സാ നിശാ പശ്യതോ മുനേഃ (ശ്ലോകം-2-69)
ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, എഡി-1, കോട്ടയം-1992 പുറം-221

മ്പോൾത്തന്നെ കവിയുടെ കണ്ണിൽ ആനന്ദാശ്രു പൊടിയുന്നു. ഉള്ളം കവരുംവിധം പൂത്തുലഞ്ഞ കാടും അതിനെ മുടിയേറ്റുന്ന മലയും കാണുമ്പോൾ പീലി കുടയുന്ന മയിലിനെ ഓർത്തുപോകും. മഴവില്ല് ആകാശത്ത് ഉദിച്ചതു കാണുമ്പോൾ പല നിറത്തിലുള്ള കിളികൾ ഒത്തുചേർന്ന് പറക്കുകയാണെന്നു തോന്നും. കളകളം പാടുന്ന അരുവിയുടെ തിരയിളക്കങ്ങളും അതിൽനിന്നുയരുന്ന കുളിർതെന്നലും പൂക്കളുടെ സൗരഭ്യവും മനംകുളിർപ്പിക്കുന്നു. വൈവിദ്ധ്യപൂർണ്ണമായ സുന്ദരവസ്തുക്കൾ ചമച്ചതും അവയെ ഗ്രഹിക്കാൻ ഉള്ളം തന്നതും അതിനെ നിയന്ത്രിക്കുന്നതും ഒരേ കൈയ്യാണ്. എന്റെ പ്രിയ താതനായ ഈശ്വരാ, നിന്നെ കാണാനുള്ള ഭാഗ്യം കിട്ടാതെ ലോകഭോഗത്തിന് അവകാശിയായിട്ടാണ് ഞാൻ പിറന്നത്. നിന്നെക്കുറിച്ച് വേദങ്ങൾ പറഞ്ഞറിഞ്ഞാണ് ഞാൻ വാഴ്ത്തുന്നത് എന്നെല്ലാം സൂചിപ്പിച്ചാണ് കവിത ഉപസംഹരിക്കുന്നത്.[76]

സൃഷ്ടിയുടെ വൈവിദ്ധ്യപൂർണ്ണമായ ബഹുസ്വരതയാണ് ഇവിടത്തെ വിഷയം. ഏകവും അദ്വിതീയവുമായ സത്യത്തിന്റെ വിവിധതലങ്ങളാണ് സൃഷ്ടിയിലൂടെ ആവിഷ്ക്കൃതമാകുന്നത്. നിരുപാധികസത്തയെ സോപാധികതലത്തിൽ അനന്തവൈചിത്ര്യങ്ങളോടെ ആവിഷ്ക്കരിക്കുമ്പോൾ വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും അതിൽ പ്രകടമാകും. അവയെ ഏകരസത്തോട് സമന്വയിപ്പിക്കുന്നത് ബഹുസ്വരതയിൽ അധിഷ്ഠിതമായ അതിന്റെ സൗന്ദര്യദർശനമാണ്. ദൃശ്യജാലത്തെ ഈയൊരവബോധത്തോടെയാണ് കവി നോക്കി കാണുകയും വിലയിരുത്തുകയും സമീപിക്കുകയും വർണ്ണനകളിലൂടെ പരകായപ്രവേശം നടത്തുകയും ചെയ്യുന്നത്. സൗന്ദര്യതലത്തിന്റെ അവിരതസ്പന്ദങ്ങളാണ് വൈകാരികഭാവമായി കവിയിൽ നിറയുന്നത്. എല്ലാത്തിനെയും സൃഷ്ടിച്ചും പാലിച്ചും നിയന്ത്രിച്ചും പോരുന്നത് ഒരേ കൈകളാണെന്ന് കവി പറയുന്നു. ഒന്നായ ഉറവിടത്തെക്കൊണ്ട് പലതായ സൃഷ്ടികളെ അതിന് കീഴിൽ ചേർത്തുകോർത്തിണക്കുകയാണ് കവി ഇവിടെയെല്ലാം ചെയ്യുന്നത്. പ്രത്യക്ഷം, അനുമാനം, ഉപമാനം, അർത്ഥാപത്തി, അനുപലബ്ധി, ആഗമം(വേദം, ആപ്തവാക്യം) തുടങ്ങിയ പ്രമാണങ്ങളിൽ പ്രധാനമായി അദ്വൈതം ഗണിക്കുന്നത് ശബ്ദപ്രമാണത്തെയാണ്. സ്വാനുഭൂതിസമ്പന്നരും മന്ത്രദ്രഷ്ടാക്കളുമായ വിജ്ഞാനികളുടെ അനുഭവസാക്ഷ്യമാണ് വേദപ്രമാണം. ശബ്ദത്തിന്റെയും ഭാഷയുടെയും പരിധികൾ ഉൾപ്പെടുന്ന സീമിതമായ വ്യവഹാരമണ്ഡലത്തിൽനിന്നുകൊണ്ട് അനാദിയും അപൗരുഷേയവുമായ ശാസ്ത്രസത്യത്തെ അത് നമ്മിൽനിന്ന് അനന്യതത്ത്വമെന്ന നിലയിൽ പ്രതിപാദിക്കുന്നു. അതാണ് ഈശ്വരതത്ത്വത്തെക്കുറിച്ച് വെളിപ്പെടുത്തുന്ന പ്രസ്തുത അവസരത്തിൽ കവി പരമപ്ര

---

76-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-120

മാണമായെണ്ണുന്നത്. വേദത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞിരിക്കുന്നത് ഈ തലത്തിന് ഊന്നലേകിയാണ്.

ഇതേ ആശയം തന്നെയാണ് പ്രണവാകാരമായി ഈശ്വരനെ കാണുന്ന 'ഓം' എന്ന സംസ്കൃത കവിതയിലും ഉള്ളത്. അല്പമായ പ്രപഞ്ചസുഖങ്ങൾ കൊതിച്ച് സ്വയം വഞ്ചിതനായിരിക്കുന്നുവെന്ന് അതിൽ കവി കുറ്റസമ്മതം നടത്തുന്നു. അപ്പോഴാണ് ലോകനിയന്താവായ സർവ്വേശ്വരന്റെ ശാശ്വത സ്ഥാനം അന്വേഷിക്കാൻ തയ്യാറാകുന്നതും അതിനുള്ള അർഹത സ്വയം തിരിച്ചറിയുന്നതും. ഇതിന് നിദാനമായി കവി പറയുന്നത് ഞാനും അങ്ങയുടെ സൃഷ്ടികളിൽ ഒന്നാണല്ലോ എന്നാണ്. പരംപൊരുളിനെക്കുറിച്ച് അറിയാനുള്ള അവകാശം എല്ലാ സൃഷ്ടികൾക്കുമുണ്ട്. കുലമോ വംശമോ ജാതിയോ സമ്പത്തോ മറ്റ് ഭൗതികമായ സാഹചര്യങ്ങളോ അല്ല ഒരാളുടെ ബ്രഹ്മജിജ്ഞാസയ്ക്കുള്ള അധികാരത്തെ നിശ്ചയിക്കുന്നത്. മറിച്ച്, സാധനാസമ്പത്തിലുൾപ്പെടുന്ന വിവേകവൈരാഗ്യങ്ങളെക്കൊണ്ട് അന്തഃകരണത്തെ സംസ്ക്കരിക്കുന്നതിലൂടെയാണ്. ഈ വിഷയം ശങ്കരാചാര്യർ ബ്രഹ്മസൂത്രഭാഷ്യത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.[77] പ്രസ്തുത ആശയംതന്നെയാണ് കവി ഇവിടെയും അവതരിപ്പിക്കുന്നത്. തനിക്ക് ഈശ്വരനെ അറിയാൻ അധികാരമുണ്ടെന്ന് പറയുന്നതിന്റെ അടിസ്ഥാനം ഇവയാണ്.

1- താൻ അവിടത്തെ സൃഷ്ടിജാലങ്ങളിൽ ഒന്നാണ്

2- അല്പത്തിൽ അഭിരമിച്ച് അതിൽനിന്നും ഉദ്ദേശിച്ചത് ലഭിക്കാത്തതുകൊണ്ട് ഇപ്പോൾ അതിലുള്ള ആസക്തി വെടിഞ്ഞിരിക്കുന്നു

3- അതുകൊണ്ടുതന്നെ നിലവിലുള്ള മറ്റെല്ലാത്തിൽനിന്നും ശ്രദ്ധ തിരിച്ച് അഥവാ മറ്റുള്ളവയിലേക്കുള്ള ശ്രദ്ധ പരിമിതപ്പെടുത്തി ചിത്തത്തെ അങ്ങയിൽ മാത്രം ഉറപ്പിച്ചു നിർത്തിയിരിക്കുന്നു.

'നെയ്ത്തുകാരുടെ പാട്ടി'ലെ ആശയവും ഇതു തന്നെയാണ്. നിന്റെ വസ്ത്രം നൂലൊന്നും പോകാതെ നേര് എന്നതുപോലെ വളരെ കാലം നിൽക്കട്ടെ എന്ന് അതിൽ ആശംസിക്കുന്നുണ്ട്. നേര് എന്നത് സത്യമാകയാൽ അത് 'ഇവിടെ' എന്ന കാഴ്ചവട്ടത്തിൽനിന്ന് 'എക്കാലവും' എന്ന തലത്തിലേക്ക് ഉയരുന്നു. കായ എടുക്കുന്നതും പൂവ് പറിക്കുന്നതും വിത്ത് വിതയ്ക്കുന്നതുമെല്ലാം ആയാസകരമാണെങ്കിലും അതെല്ലാം വിധിസങ്കല്പംതന്നെയാണ്. ഇതെല്ലാമോർത്ത് സഹോദരാ തുണി നെയ്യൂ[78] എന്നാണ് ആ പാട്ടിലൂടെ മഹാകവി ആവശ്യപ്പെടുന്നത്.

---

77- ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം)- പണ്ഡിറ്റ് ഗോപാലൻ നായർ, ഈതോസ് ബുക്സ്, 1994, എഡി -1, പുറം-16

78-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-110

ചെടികളിൽനിന്ന് പാറിപ്പറക്കുന്ന പൂക്കളായി പൂമ്പാറ്റകളെ കാണുന്ന ഒരു കുട്ടിയും അതിന്റെ അമ്മയുമായുള്ള സംഭാഷണമാണ് 'കുട്ടിയും തള്ളയും' എന്ന കവിതയുടെ പ്രമേയം. അത് ഉപസംഹരിക്കുന്നത് ഈശ്വരതത്ത്വത്തെ ചേതോഹരമായി വാഴ്ത്തിക്കൊണ്ടാണ്. വിണ്ണിൽപ്പാറിപ്പറന്നു നടക്കുന്ന പൂമ്പാറ്റകളോടൊത്ത് തനിക്ക് കളിക്കാനാവില്ലെന്ന് കുട്ടി പരിതപിക്കുമ്പോൾ ആ കുട്ടിയെപ്പോലെ പിച്ചകത്തിന് പിച്ചവെച്ചു നടക്കാനാകില്ലെന്ന് അമ്മ മറുപടി കൊടുക്കുന്നു. അമ്മയും കുഞ്ഞും എന്ന തലത്തിന് ഉപരിയായി ഗുരുശിഷ്യസംവാദമണ്ഡലത്തിന്റെ ആന്തരികച്ഛായകൂടി ഈ കവിത ഉൾക്കൊള്ളുന്നു. ചെടികളും പൂക്കളും പൂമ്പാറ്റകളും അവയോടൊത്ത് കളിക്കാനാഗ്രഹിക്കുന്ന അമ്മയും കുട്ടിയുമെല്ലാം സൃഷ്ടിയുടെ സോദ്ദേശ്യതയിൽ ഏകീഭവിക്കുന്നു. ഒരു സൃഷ്ടി മറ്റൊന്നിനോട് താദാത്മ്യപ്പെടാനാഗ്രഹിക്കുന്ന നൈസർഗ്ഗികപ്രചോദനമാണ് ആ കുട്ടിയിലൂടെ ആവിഷ്ക്കൃതമാകുന്നത്. എന്നാൽ വിവേചനത്തിൽ കുട്ടിയുടെ അമ്മ സൃഷ്ടിയുടെ വൈരുദ്ധ്യങ്ങളെ ചൂണ്ടിക്കാണിച്ച് ഒടുവിൽ നമ്മൾ അറിയുന്നത് വളരെ പരിമിതമാണെന്നും എല്ലാം ഈശ്വരസങ്കല്പമാണെന്നും ഉപസംഹരിക്കുന്നു. ലോകത്തിന് സന്തോഷമേകുവാൻ സ്വർഗ്ഗത്തിൽ അയച്ചതാണ് പൂക്കാലമെന്ന് അതിൽ പറയുമ്പോൾ സൃഷ്ടികൾ മാത്രമല്ല, അവയിലെ സർഗ്ഗാത്മകതയെ തൊട്ടുണർത്തുന്ന ഋതുഭേദങ്ങളും ഈശ്വരാധീനമെന്ന് വരുന്നു.[79] ഇങ്ങനെ ഈശ്വരസൃഷ്ടികളെന്ന നിലയിൽ വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും മറ്റും സൃഷ്ടിയും സ്രഷ്ടാവും സൃഷ്ടിജാലങ്ങളുമെന്നപോലെ മതാതീതമായ ആത്മഭാവത്തിൽ ഏകോപിക്കുന്നു.

### 4.4- വിധി- പ്രപഞ്ചനിയമത്തിന്റെ അലംഘനീയത

പ്രപഞ്ചനിയമവ്യവസ്ഥ കർമ്മക്രമത്തിന്നനുസൃതമായി മനുഷ്യജീവിതത്തിൽ ഇടപെടുമ്പോൾ അതിന്റെ ഗതിവിഗതികളും കാര്യകാരണബന്ധവും കൈകാര്യകർത്തൃത്വവും ജീവനിലുണ്ടാക്കുന്ന അമ്പരപ്പും പ്രതികരണവും പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള അജ്ഞതയുമാണ്പലപ്പോഴും വിധി (Fate) എന്ന സംജ്ഞയുടെ രൂപത്തിൽ ലോകത്ത് പ്രചരിതമായിരിക്കുന്നത്. ഉള്ളിലെ സ്വതന്ത്രേച്ഛ (Free Will)യ്ക്ക് പ്രാധാന്യമേകാതെ സ്വയം കീഴടങ്ങുമ്പോൾ ജീവന് തന്നിലെ അനന്തസാദ്ധ്യതകളെ വിനിയോഗിക്കാനാകാതെ വരുന്നു. വ്യക്തിവൈഭവത്തെ നിർണ്ണയിക്കുന്നതിൽ ബാഹ്യഘടകങ്ങൾക്ക് മുൻതൂക്കമുണ്ടെന്ന ബോധം ഒരാളിലെ കർമ്മശേഷിയെ ഫലപ്രദമായി വിനിയോഗിക്കാതിരിക്കുന്നതിന് ഇടയാക്കുന്നു. അപ്പോൾ ബാഹ്യശക്തികൾക്ക്മുന്നിൽ വ്യക്തിതാല്പര്യങ്ങളെ വിട്ടുകൊടുത്ത് സ്വയം അടി

79-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-110

യറവ് പറയേണ്ടി വരുന്നു. വിധിയെന്ന ഫലദാതൃഘടകത്തെ ഇത്തരത്തിലാണ് പരമ്പരാഗതമായി ഉൾക്കൊണ്ടിരുന്നത്. തന്റെ പരിമിതികൾക്കും ദുഃഖങ്ങൾക്കുമുള്ള സാന്ത്വനവും നീതീകരണവുമായിട്ടാണ് മനുഷ്യൻ വിധിയെ സമാശ്രയിക്കുന്നത്. എന്നാൽ സ്വജീവിതത്തിലുണ്ടാകുന്ന അനുകൂലവും ആഹ്ലാദ കവുമായ അനുഭവങ്ങളെ വിധിക്ക് വിട്ടുകൊടുക്കാൻ തയ്യാറാകാതെ വ്യക്തിഗതമായ മികവിന്റെ അട യാളമായാണ് പലപ്പോഴും എണ്ണുന്നത്. ഇതിന്റെ അർത്ഥം അവന്റെ ഉള്ളടക്കം പരിമിതികളെ നിരാകരി ക്കുന്നതിലും മറികടക്കുന്നതിലും ബദ്ധശ്രദ്ധമാണെന്നും അപരത്തിന്റെ ഇടപെടലാണ് അതിന് തടസ്സ മുണ്ടാക്കുന്നത് എന്നുമാണ്. ഈയർത്ഥത്തിൽ കൈവരിക്കാൻ പരിശ്രമിക്കുന്ന ആനന്ദമാണ് അവന്റെ ആത്മസ്വരൂപമെന്നും പരിമിതികളും ദുഃഖങ്ങളും അവയെ സാധൂകരിക്കുന്ന ഉപാധികളുമെല്ലാം അനാത്മഭാവങ്ങളാണെന്നും വരുന്നു. അപരിമേയസത്തയുടെ അപരത്വബോധമാണ് വിധിയുടെ പ്രഭവ കേന്ദ്രം. ഇത് ആശാനിലൂടെ കടന്നുപോയപ്പോൾ തികച്ചും വ്യതിരിക്തമായ രീതിയിലാണ് പ്രവർത്തിച്ച ത്. വിധിയുടെ മുന്നിൽ എല്ലാം ഇട്ടെറിഞ്ഞ് നിസ്സഹായമായി നിലവിളിക്കുന്നതിന് പകരം അതിനെ വളരെ ധനാത്മക(positive)മായ നിലപാടിൽ അഭിമുഖീകരിക്കുകയാണ് വേണ്ടതെന്ന ഓർമ്മപ്പെടുത്ത ലായി ആശാൻ തന്റെ കഥാപാത്രങ്ങളെ പരിവർത്തിപ്പിച്ചു.

'വീണപൂവി'ൽ പരസ്പരാനുരാഗികളായ പൂവും വണ്ടും വളർന്ന് വിവാഹിതരാകാനിരിക്കെ, പൂവിന് സംഭവിച്ച അപായം കണ്ട് ഭാഗ്യഹീനനായ വണ്ട് കരയുകയാകാമെന്നും അതിനു കാരണമായ വിധി കഠിന തന്നെയാണെന്നും കവി പറയുന്നു.[80] അതിൽത്തന്നെ മറ്റൊരിടത്ത് പൂവിന് കനിഞ്ഞേ കിയ ഗുണപരമ്പരകൾ എന്തിന് വിധിതന്നെ ഇല്ലാതാക്കിയെന്ന് ചോദിക്കുന്നു.[81] ഭൗതികമായ പതനം അതീതമായ ഉയർച്ചയിലേക്കെത്തിക്കുമെന്ന് കവിക്ക് ഉത്തമബോദ്ധ്യമുണ്ട്. പൂവിന്റെ പതനം വണ്ടിലു ണ്ടാക്കിയ ആഘാതം കണക്കിലെടുത്താണ് വിധിയെ കഠിനമെന്ന് കാവ്യത്തിൽ വിശേഷിപ്പിച്ചത്. പ്രാപ ഞ്ചികതലത്തിൽ നിന്നും ഔന്നത്യമാർന്ന സുഖാനുഭൂതികളിലേക്ക് സഞ്ചരിക്കാനുള്ള അവകാശം പൂവുൾപ്പെടെയുള്ള ചരാചരങ്ങൾക്കെല്ലാമുണ്ട്. അതിന് വിഘാതമുണ്ടാക്കുന്നവയോടെല്ലാം കവി നിർദ്ദാ ക്ഷിണ്യം പ്രതികരിക്കുന്നു.

'സിംഹപ്രസവ'ത്തിൽ ബന്ധനത്തിൽ കിടക്കുമ്പോൾ സിംഹം സ്വപത്നിയിൽ ആസക്തനെന്ന്

---

80-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-245, (ശ്ലോകം-16)

81- അതേ പുസ്തകം- പുറം-250, (ശ്ലോകം-30)

പറഞ്ഞ് കുലസൃഷ്ടി നടത്തുന്നതിനുള്ള വിധിയുടെ മൗലികപ്രവണതയെ ആർക്കും തടയാനാകില്ലെന്ന് സമർത്ഥിക്കുന്നു.[82] വിധിഹസ്തം എന്നതുകൊണ്ട് പ്രത്യുല്പാദനത്തിനും വംശവർദ്ധനവിനും സിംഹത്തിനുള്ളിൽ പ്രവർത്തിക്കുന്ന അനിഷേദ്ധ്യശക്തിയെന്നാണ് അർത്ഥമാകുന്നത്. സ്വതന്ത്രമായി വിഹരിക്കുമ്പോൾ മാത്രമല്ല, അത് ബന്ധനത്തിൽപ്പോലും കീഴടക്കാനാകാത്തവിധം വളരെ ശക്തമാണെന്ന് കവി പറയുന്നു. നൈസർഗ്ഗികവും പ്രകൃതിദത്തവുമായ അടിസ്ഥാന പ്രചോദനങ്ങളാണ് ഇവിടത്തെ പരാമർശവിഷയം. ഇത് ബാഹ്യസ്വാധീനമല്ലെന്നും നിഹിതമായ ആന്തരികശക്തിയാണെന്നും സ്പഷ്ടമാണ്.

നളിനീകാവ്യംമുതൽ പരിശോധിക്കുമ്പോൾ ഇക്കാര്യം വ്യക്തമാകും. തപശ്ചര്യയിലൂടെ ശാന്തിയും ശാശ്വതമായ മുക്തിയും അഭിലഷിച്ച താൻ കഠിനദുഃഖത്താൽ നീറുന്നത് നല്ലൊരു നാളെയെ കണ്ടുകൊണ്ടാകാമെന്ന് നളിനി ആശ്വസിക്കുന്ന സന്ദർഭത്തിൽ കവി ചോദിക്കുന്നു- മഹാവ്രതയായ നളിനി കൊതിച്ച സിദ്ധിയെവിടെ? പരമദുഃഖമയമായ ഈ അനുഭവമെവിടെ? കവി തുടരുന്നു.

ഹാ മനുഷ്യനഥവാ ഹിതാർത്ഥമായ് / വാമലീല തുടരുന്നതാം വിധി

"മനുഷന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള നന്മയ്ക്ക് വിധി വിപരീതലീലകൾ പ്രവർത്തിക്കുന്നതാകാം".[83] വിധിയുടെ ലീലകൾ പ്രപഞ്ചഹിതാനുസാരിയായിരിക്കുമെന്നും മനുഷ്യന് അവന്റെ പരിമിതിയിൽനിന്നുകൊണ്ട് സോപാധികമായി വിലയിരുത്തുമ്പോൾ അത് പ്രതികൂലമായി തോന്നാൻ ഇടയാകുന്നതാണെന്നുമാണ് ഇവിടത്തെ വിവക്ഷ. പക്ഷെ നല്ലൊരു നാളേയ്ക്കെന്ന കാഴ്ചപ്പാടിൽ വ്യക്തിയ്ക്കും സമൂഹത്തിനും വിധിയുടെ പരമമായ വിഹിതം ഒരിക്കലും വിരോധിയായിരിക്കില്ല. മാത്രമല്ല, വിധിവശമെന്ന് കരുതുന്ന സുഖദുഃഖങ്ങളുൾപ്പെടെയുള്ള അനുഭവദ്വന്ദ്വങ്ങൾ എല്ലാകാലത്തും ഒരുപോലെ നിലനിൽക്കുന്നവയുമല്ല. ഇന്നനുഭവിക്കുന്ന വേദനകളൊഴിഞ്ഞ് നല്ലൊരു നാളെ വരുമെന്നത് സാധാരണ മനുഷ്യന്റെ പ്രതീക്ഷയാണ്. വിധി ധനാത്മകചിന്തകൾ ഉണർത്തി ശുഭാപ്തിവിശ്വാസം വളർത്തുന്നതിന് മനുഷ്യനെ പ്രേരിപ്പിക്കുന്നു. ദുഃഖംപോലെ മനുഷ്യന് അറിവേകുന്ന ഗുരു വേറെയില്ലെന്ന് ചിന്താവിഷ്ടയായ സീതയിൽ ആശാൻ പറയുന്നുണ്ട്.[84] വിധിയെക്കുറിച്ചുള്ള നിരൂപണവും മനുഷ്യജീവിതത്തിൽ അതിന്റെ ഇടപെടലുകളെക്കുറിച്ചുള്ള മുന്നറിയിപ്പും അതിനോട് പുലർത്തേണ്ട നിലപാടുകളുമെല്ലാം നളിനി, ലീല, പ്രരോദനം എന്നി

82-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-261, (ശ്ലോകം-19)

83- അതേ പുസ്തകം- പുറം-282

84- അതേ പുസ്തകം- പുറം-680

വയുൾപ്പെടെയുള്ള ആശാന്റെ ഖണ്ഡകാവ്യങ്ങളിൽ പരാമർശിക്കുന്നുണ്ട്.

നളിനിയെ കണ്ടുമുട്ടാൻ ഇടയാക്കിയ വിധിയെ നമിക്കുന്നതിനിടയിൽ അവളുടെ വാക്കുകൾ നിലച്ചുപോയതിൽ ദിവാകരൻ ദുഃഖിക്കുന്നതായി പറയുന്നു.[85] അതിനു കാരണമായ വിധി തന്നെയാണ് ദിവാകരനെ കൈവല്ല്യത്തിന്റെ മഹിതഭാവത്തെ നിദർശിക്കാനും അതിലൂടെ ആത്മസാക്ഷാൽക്കാരത്തിനുള്ള അവബോധം ദൃഢപ്പെടുത്താനും സഹായിക്കുന്നത്. ലൗകികത്തിന്റെ ഉപത്യകയുടെയും ആത്മീയതയുടെ അധിത്യകയുടെയും പാരസ്പര്യത്തിലൂടെമാത്രമേ ജീവിതത്തിന് സമഗ്രത ലഭിക്കുന്നുള്ളൂവെന്നും അവ ഒരേ സത്യത്തിന്റെ വിഭിന്നതലങ്ങളാണെന്നുമുള്ള തിരിച്ചറിവിലേക്ക് ദിവാകരനെ നയിക്കാൻ നളിനിക്കു കഴിയുന്നു. സ്ഥലകാലനിരപേക്ഷമാണ് ആത്മഭാവമെന്ന് തെളിയിച്ച് ദിവാകരന്റെ അവബോധത്തിലേക്ക് നളിനിയെന്ന പ്രകാശപ്രസരം സഞ്ചരിക്കുന്നു. കൈവല്ല്യാനുഭവം മറ്റേതെങ്കിലും തലത്തിൽനിന്ന് സ്വായത്തമാക്കേണ്ടതല്ലെന്നും സമഗ്രതയുടെ പാരസ്പര്യത്തിലൂടെ 'ഇപ്പോൾ, ഇവിടെ' എന്നതിലാണ് അനുഭൂതമാകുന്നതെന്നും അത് വ്യക്തമാക്കുന്നു.

'ലീല'യിൽ ദുർവ്വിധിയായ മേഘത്താൽ മനോദുഃഖമാകുന്ന ഇരുട്ട് പരന്നെന്നും ദുഃഖത്തിന്റെ വലിയ ആപത്താകുന്ന കോളിൽ കന്യകയാകുന്ന ചെറിയ തോണി അകപ്പെട്ടുവെന്നുമുള്ള പരാമർശം ഉണ്ട്.[86] വിധിയുടെ ബലമല്ല നായികയുടെ താൽക്കാലിക ദൗർബ്ബല്യമാണ് ഇവിടെ പ്രകടമാകുന്നത്- അവരതിനെ പിന്നീട് മറികടക്കുന്നുണ്ടെങ്കിലും. വിധിയാകുന്ന ഇരുളിനെ കീറിമുറിക്കുന്ന മനസ്സിന്റെ വെളിച്ചം ലീലയ്ക്ക് കൈമോശം വന്നപ്പോഴാണ് അവർ അതിന് കീഴടങ്ങുന്നത്. ആധിഭൗതികവും ആധിദൈവികവുമായ തടസ്സങ്ങളെ മറികടക്കാൻ ആദ്ധ്യാത്മികശക്തിയെത്തന്നെ വിനിയോഗിക്കണമെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആശാൻ തന്റെ കൃതികളിലെല്ലാം ഉന്നയിച്ച വിധിവിശ്വാസത്തിന്റെ തനത് ഭാവം ലീലയിൽ മറ്റൊരിടത്ത് സ്പഷ്ടമായി കാണാം.

വിദയനിയതി ദുസ്തരൗഘയാ- / നദിയെയെതിർത്തൊരു ജന്തു നീന്തുമോ?

(ലീല-ശ്ലോകം 1-27).

ദയാശൂന്യമായ വിധിയാകുന്ന നദിയ്ക്കെതിരെ ഒരു ജീവിക്കും നീന്താൻ കഴിയില്ല.[87] അവിടെ ഉപയോഗിച്ച പദം 'ദുസ്തരൗഘ'(മുറിച്ചു കടക്കാൻ പ്രയാസമുള്ളത്)യെന്നാണ്. അത് കടക്കാൻ പ്രയാ

85- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-319, (ശ്ലോകം-158)

86- അതേ പുസ്തകം- പുറം-337

87-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-339

സമുള്ളതായിരിക്കുന്നതിന്റെ കാരണം സാധാരണക്കാർ അതിനുള്ള ഇച്ഛാശക്തി വിനിയോഗിക്കാറില്ല എന്നതുകൊണ്ടാണ്. വിദയ(ദയയില്ലാത്തത്) ആയിരിക്കുന്നത് മറികടക്കാൻ അനിതരസാധാരണമായ ഇച്ഛാശക്തി ആവശ്യപ്പെടുമെന്നതിനാലാണ്. ഇവിടെ വ്യക്തിതലത്തിലുള്ള സ്വതന്ത്രേച്ഛയെ തടസ്സപ്പെടുത്തുകയല്ല, മറിച്ച് വിധി എന്ന കടമ്പയെയും അതിക്രമിക്കുന്ന യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ഉൾക്കരുത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ കവി തിരിച്ചു വിടുന്നത്. നിയതി മറികടക്കാൻ പ്രയാസമുള്ളതാണെന്ന് പറയുമ്പോൾ അത് ഒരിക്കലും മറികടക്കാനാകാത്തതല്ലെന്നും സർവ്വതന്ത്രസ്വതന്ത്രമായ ഇച്ഛകൊണ്ട് അതിനെ മറികടന്നവരുണ്ടെന്നും സവിശേഷാർത്ഥത്തിൽ സൂചിപ്പിക്കുന്നു. വിവേകശക്തികൊണ്ട് അനുഗ്രഹീതനായ മനുഷ്യൻ തന്റെ സ്വതന്ത്രേച്ഛയെ വിനിയോഗിക്കാതിരിക്കുമ്പോൾ ജന്തുസമാനനാണെന്ന് കാണിക്കാനാണ് 'അതിനെയെതിർത്തൊരു ജന്തു നീന്തുമോ'എന്ന് പറഞ്ഞത്. നിയതിയാകുന്ന നദിയെ മിറിച്ച് നീന്താനാകുന്നത് തന്നിലെ സമഗ്രതയെ ഫലപ്രദമായി വിനിയോഗിക്കുമ്പോളാണ്. സാമാന്യവൽക്കരണമെന്നതിനപ്പുറം അതിവർത്തനത്തിനുള്ള സാദ്ധ്യത ഉൾക്കൊള്ളാത്ത സാധാരണതലത്തിലുള്ള ജൈവബോധത്തെയാണ് ജന്തു എന്ന പദം കുറിക്കുന്നത്.

തന്നിൽത്തന്നെയുള്ള നന്മയും തിന്മയും തമ്മിലും ഒരേ ചേരിയിലുള്ള നന്മയും തിന്മയും വ്യത്യസ്തതലങ്ങളിൽ നിന്നുകൊണ്ടും നമ്മിലെ നന്മ പ്രതിയോഗിയായ തിന്മയോടും തിരിച്ചും സംഘർഷം ഉണ്ടാകാറുണ്ട്. വ്യക്തിസത്ത സമഷ്ടിഭാവത്തിലേക്ക് വികസ്വരമാകുന്ന പ്രക്രിയയാണിതെല്ലാം. മദനനുമായി അനുരാഗബദ്ധയായ ലീല മറ്റൊരാളെ വരിച്ചതിന്റെ കാരണമന്വേഷിക്കുമ്പോൾ അതിൽ വിധിബലത്തെ പരാമർശിക്കുന്നതായി കാണാം. ദുർവ്വിധി ലീലയെ കാമുകനിൽനിന്നകറ്റി മറ്റൊരാളുമായി വിവാഹബന്ധത്തിൽ കുരുക്കി. സ്വന്തം ഭാര്യയുടെ സ്നേഹം അനുഭവിക്കാൻ കഴിയാതെ ഒരു ദിവസം രാവിലെ മരിച്ചു കിടക്കുന്ന ലീലയുടെ ഭർത്താവിനോട് കവി പറയുന്നു-"നിയതി(വിധി)യാൽ വഞ്ചിക്കപ്പെട്ടവനാണെങ്കിലും അങ്ങ് അഭിമാനത്താൽ കൃതാർത്ഥനാണ്. കാരണം ലീലയുടെ യഥാർത്ഥ അനുരാഗം ഭർത്താവിനോടായിരുന്നില്ലെന്ന് അറിയാതെ ദേഹം ഉപേക്ഷിക്കാൻ അങ്ങേക്ക് ഇട വന്നു."[88] യാഥാർത്ഥ്യമറിയിക്കുന്നതിൽനിന്നും ഭർത്താവിനെ തടയുന്ന മറവായി ഇവിടെ വിധി നിലകൊള്ളുന്നു. മനസ്വിനിയായ ഭാര്യയുടെ അനുരാഗം മറ്റൊരാളിൽ ഉറച്ചുപോയ അവളുടെ സ്നേഹം പൂർണ്ണമായും അനുഭവിക്കാൻ കഴിയാത്ത ന്യൂനതയാണ് വിധിയുടെ ഇടപെടലിലൂടെ പരിഹൃതമാകുന്നത്. ഭർത്താവിനുണ്ടാകുന്ന മരണമാണ് ഇരുവരെയും ഒരുപോലെ സ്വതന്ത്രമാക്കുന്നത്. മരണമടഞ്ഞ ലീലയുടെ ഭർത്താ

---

88-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-339, (ശ്ലോകം 1-39)

വിനെ നിയതിഹതനെന്നും എന്നാൽ ആത്മാഭിമാനത്താൽ കൃതാർത്ഥനെന്നുമൊക്കെ കവി വിശേഷിപ്പിക്കുന്നത്.

ലീലയെ സംബന്ധിച്ചാകട്ടെ കാമുകനായ മദനനെ അന്വേഷിച്ചിറങ്ങുന്നതിനുള്ള സാഹചര്യവും വിധിയൊരുക്കുന്നു. 'ഗുണപരിണാമ പരീക്ഷകൻ വിധി' എന്ന പരാമർശം ഈ പ്രകരണത്തിലാണ് വരുന്നത്. പരിണമിച്ചുകൊണ്ടിരിക്കുന്ന ഗുണങ്ങളെ നിരവധി പരീക്ഷണങ്ങൾക്ക് വിധേയമാക്കി പാകപ്പെടുത്തിയെടുക്കുന്നവൻ എന്നാണ് അർത്ഥം. ഏത് ഗുണഘടനയായാലും അത് നിരന്തരമായ സംസ്ക്കരണപ്രക്രിയയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. പരീക്ഷണോപാധി എന്ന നിലയിലാണ് ആശാൻ ഇവിടെ വിധിയെപ്പറ്റി പറയുന്നത്. വിധിയെ മറികടക്കാൻ പ്രയാസകരമായി തോന്നുന്നത് അത് നമ്മിലെ ഗുണഗണങ്ങളെ നിരന്തരമായ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നതുകൊണ്ടാണ്. സംസ്ക്കരണം അതിന്റെ ഉച്ചകോടിയിൽ ഗുണാതീതമായ ഭാവത്തിലെത്തുമ്പോൾ, അഥവാ ജീവഭാവം അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്കുയരുമ്പോൾ വിധിയുടെ പരീക്ഷണം നിലയ്ക്കുന്നതായി ആശാൻകൃതികളിൽ കാണാം. വിധിയുടെ നിഷ്ഠൂരവും കർക്കശവുമായ പരീക്ഷണങ്ങളെ ജയിക്കലാണ് യഥാർത്ഥ ജീവിതവിജയം. നിലവിലുള്ള ഗുണഘടനയെ പരീക്ഷണപ്രക്രിയയിലൂടെ പാകപ്പെടുത്തുകയും ഓരോ ഗുണത്തെ സ്വയം മറികടക്കുന്നതിന് സജ്ജമാക്കുകയുമാണ് വിധി. വിധിയെ തരണം ചെയ്യാനുള്ള അതിജീവനസ്വാതന്ത്ര്യം മനുഷ്യനിലുണ്ടെന്ന് വ്യക്തമാക്കി അതിലേക്ക് ശ്രദ്ധ തിരിക്കുകയാണ് കവി ചെയ്യുന്നത്. കരിമ്പുഴ രാമകൃഷ്ണന്റെ ലീലാഹൃദയം വ്യാഖ്യാനത്തിൽ "രസതന്ത്രശാലയിൽവെച്ച് ശാസ്ത്രജ്ഞന്മാർ നടത്തുന്ന പരീക്ഷണങ്ങൾക്കു തുല്യമാണ് വിധിയുടെ പരീക്ഷ. പല പദാർത്ഥങ്ങൾ ചേർത്തും തപിപ്പിച്ചും കാച്ചിയടിച്ചും പരീക്ഷയ്ക്കു വിധേയമായ വസ്തുവിൽ വന്നു ചേരുന്ന മാറ്റം ശാസ്ത്രജ്ഞന്മാർ പരിശോധിക്കുന്നതുപോലെ വിധി ലീലയുടെ പരിണാമത്തെ പരിശോധിച്ചു"[89] എന്ന് പറയുന്നു. മറ്റൊരിടത്ത് സ്ത്രീയുടെ ഏകബലവും വിശുദ്ധിയുമായ പാതിവ്രത്യത്തെപ്പോലും പരീക്ഷണത്തിന് വിധേയമാക്കുന്ന വിധിയുടെ ക്രൂരതയെ ലീല പഴിക്കുന്നുണ്ട്.[90] മുമ്പ് വിധിക്ക് കീഴടങ്ങി വിരമിച്ച ലീലയെയല്ല C h nsS I nW p¶ X v'കരുതിയൊരെൻ വിധി'എന്ന് പ്രയോഗിച്ചതിന്റെ ഉദ്ദേശ്യവും അതാണ്. അവളുടെ പാതിവ്രത്യത്തെ നശിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിധിക്ക് അതിന് കഴിഞ്ഞില്ല. ലീല വിധിയെ പഴിക്കു

---

89- ലീലാഹൃദയം വ്യാഖ്യാനം- കരിമ്പുഴ രാമകൃഷ്ണൻ- (നാലാം പതിപ്പ്) ഡി.സി.ബുക്ക്സ്, കോട്ടയം, 1982, പുറം-51

90- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-346, (ശ്ലോകം-1-54)

ന്നത് തന്നിലെ ഇച്ഛാശക്തിയുടെ നെറുകിൽനിന്നുകൊണ്ടാണ്.

വിധിയുടെ പരീക്ഷണത്തിൽ ലീലയ്ക്കുണ്ടായ പരിഗ്രഹേച്ഛയുടെ ശക്തിക്ഷയമാണ് അവളെ കാമുകനിൽനിന്നും തട്ടിമാറ്റി മറ്റൊരാളിൽ കൊണ്ടെത്തിച്ചത്. അതേ വിധിതന്നെയാണ് ലീലയെ സ്വത ന്ത്രയാക്കുന്നതും. വ്യക്തിയുടെ അന്തരാളങ്ങളിൽ വർത്തിക്കുന്ന ഇച്ഛാശക്തി സമഗ്രതയോടെ ആവി ഷ്ക്കരിക്കപ്പെട്ടിട്ടില്ലെങ്കിൽ അത് പാരതന്ത്ര്യത്തിന് ഇടയാക്കും. അതിന്റെ കാര്യക്ഷമമല്ലാത്ത പ്രകടീക രണം ബാഹ്യമെന്നതുപോലെ അനുഭവപ്പെടുന്ന വിധിയുടെ കൈക്കരുവായി നമ്മെ പരിമിതപ്പെടുത്തും. ഇവിടെയെല്ലാം സ്വത്വാവിഷ്ക്കാരസ്വാതന്ത്ര്യം പരാജയപ്പെടുമ്പോഴാണ് അതിനെ സാധൂകരിക്കാൻ വിധി ബലത്തെ സമാശ്രയിക്കുന്നത്. വൈയക്തികമായ കാമ്യപരിഗ്രഹേച്ഛയിലുള്ള സ്വാതന്ത്ര്യത്തോട് ആഭി മുഖ്യമുള്ള കവിയുടെ സ്വാഭാവികമായ നിരീക്ഷണമാണിത്.

എല്ലാ ഗതിവിഗതികളെയും നിരീക്ഷിക്കുകയും അവയെ തീവ്രമായ പരീക്ഷണങ്ങൾക്ക് വിധേയ മാക്കുകയും ചെയ്യുന്ന വിധിയ്ക്ക് വശപ്പെടാത്തതൊന്നും ഈ ലോകത്തിലില്ല. എങ്കിലും അത് വ്യക്തി യുടെയോ സമൂഹത്തിന്റെയോ ഇച്ഛാശക്തിക്ക് വെളിയിലല്ല നിലകൊള്ളുന്നത്. വിധിയുടെ പരീക്ഷണ ങ്ങളുടെ തീവ്രതയെക്കുറിച്ച് മറ്റൊരിടത്ത് പറയുന്നു. ഇഷ്ടമുള്ള ആളോടൊത്ത് ജീവിതംകൊതിച്ച ലീല പ്രതിബന്ധങ്ങളകറ്റി ജീവിതത്തിലെ അമൂല്യനിധിയുടെ അടുത്തെത്തുമ്പോഴേക്കും അത് തിരിച്ചെടു ക്കാനാകാതെ ശൂന്യഭാണ്ഡമായിക്കഴിഞ്ഞു. കവി നമ്മെ ഓർമ്മപ്പെടുത്തുന്നു-ചുണ്ടോളമെത്തിയ പാനീയം കുടിക്കുന്നതിനു മുമ്പുതന്നെ നഷ്ടപ്പെട്ടുവെന്നും വരാം.[91] ലോകത്തിന്റെ അനിശ്ചിതഭാവ മാണ് വിധിയുൾപ്പെടെ എല്ലാ ലോകാനുഭവങ്ങളിലുമുള്ളത്. അതുകൊണ്ടാണ് കുടിക്കാനെടുക്കുമ്പോ ഴേക്കും തട്ടിമാറ്റപ്പെടുന്നത്. തന്റെ അരികിൽ നിന്ന്കൊടുങ്കാട്ടിൽ എങ്ങോ മറഞ്ഞുപോയ മദനനെക്കുറിച്ച് ലീല ഇങ്ങനെ പറയുന്നു.

തിരിയെ മദനനെന്തിനോടി?-യെന്താം/ പരിണതി? ഹാ! വിധി വാമ്യമെന്തു ചൊൽവൂ [92]

ദുഃഖത്താൽ ചഞ്ചലചിത്തയായ ആ സുന്ദരി അതുകേട്ട് വളരെ പരവശയായി. അവളുടെ പ്രാർത്ഥ നകേട്ട് അരികെ വന്ന മദനൻ എന്തിന് തിരിച്ചോടി? എന്താണതിന്റെ അവസാനം? വിധിയുടെ ക്രൂരത എന്തൊക്കെയാണ് ചെയ്യാത്തത്? ഇവിടെയെല്ലാം വിധിയെ ദീർഘദർശനം ചെയ്യുന്നതിനുള്ള മാദ്ധ്യമമായാണ് അഭിസംബോധന ചെയ്യുന്നത്. രേവാനദിയിലേക്ക് എടുത്തു ചാടുന്നതു കണ്ട് മനം

---

91- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-349

92- അതേ പുസ്തകം-പുറം-349, (ശ്ലോകം-3-66)

നൊന്ത് മാധവി പറയുന്നു. 'അല്ലയോ തോഴീ, നിന്റെ പ്രവൃത്തി ക്രൂരമായിപ്പോയി. നീയെന്നെ ഉപേക്ഷിച്ചു. പ്രിയനെ അനുഗമിച്ച് നീ ചരിതാർത്ഥയായി. അല്ലെങ്കിൽ വിധി ഇന്ന് തൃപ്തമായിരിക്കുന്നു.'[93] പ്രിയനെ അനുഗമിക്കുന്ന വെമ്പലിൽ തന്നെ മറന്നെന്ന് തോഴി ആവലാതിപ്പെടുകയാണ്. ഇതിനെല്ലാം ഉത്തരവാദി വിധിയാണെന്നും പറയുന്നു. ഇവിടെ വിധി മദനനും ലീലയ്ക്കും അവളുടെ ഭർത്താവിനും ശരീരത്തിന്റെ കെട്ടുപാടുകളിൽനിന്നും പരിമിതികളിൽനിന്നും സ്വാതന്ത്ര്യം നൽകുന്നു. അഥവാ അവരെ ബന്ധനത്തിൽനിന്നും വിമോചിതരാക്കുന്നത് വിധിയാണ്.

വിധി വിശ്വസുഖം സ്വദിക്കുവാൻ / മതിയും, മർത്ത്യനു നൽകി രാഗവും
രതിയാലസമീക്ഷ്യകാരിയാം / സുധി, ധാതാവെയനാദരിക്കയാം[94]

'ലീല'യിൽ മറ്റൊരിടത്ത് പറയുന്നു. വിധി പ്രാപഞ്ചികസുഖം അനുഭവിക്കുവാൻ മനുഷ്യന് ബുദ്ധിയും പ്രാപഞ്ചികവസ്തുക്കളിലെ ആസക്തിയായ രാഗവും നൽകി. ആ രാഗം മുഴുത്ത് ഭവിഷ്യത്തെ കുറിച്ച് ചിന്തിക്കാത്തവൻ എത്ര ബുദ്ധിമാനായാലും വിധിയെ നിന്ദിക്കുകയാണ് ചെയ്യുന്നത്. ഇവിടെ വിധിയെക്കുറിച്ചുള്ള ആശാന്റെ നിലപാടിന് കൂടുതൽ തെളിച്ചം കിട്ടുന്നു. വിധി എന്നതിന് സ്രഷ്ടാവ് എന്ന അർത്ഥമെടുക്കാമെങ്കിലും മനുഷ്യന്റെ ഭാഗധേയത്വത്തെ നിശ്ചയിക്കുന്ന ശക്തിയെന്ന നിലയിലാണ് പ്രസക്തമാകുന്നത്. പുറമെനിന്നുള്ള നിയന്ത്രണത്തിന് വിധി മനുഷ്യനെ വിധേയമാക്കുന്നുണ്ടെങ്കിലും ഭൗതികതലത്തിൽ മനുഷ്യർക്ക് രാഗവും ബുദ്ധിയും അത് നൽകിയിട്ടുണ്ട്. അതിനെ ശരിയായി വിനിയോഗിക്കാതിരിക്കുന്നത് ആത്മനിന്ദയാണെന്ന് ഇവിടെ വ്യക്തമാക്കുന്നു. വിധിതന്നെ മനുഷ്യന് കനിഞ്ഞരുളിയ രാഗത്തെ വ്യക്ത്യപേക്ഷമായ വിവേചനബുദ്ധികൊണ്ട് നിയന്ത്രിച്ച് ഉപയോഗിക്കാത്തതുകൊണ്ടാണ് ബാഹ്യസ്വാധീനമെന്നപോലെ അതനുഭവപ്പെടുന്നത്. സ്ത്രീപുരുഷന്മാരുടെ പരസ്പരാനുരാഗം അതിന്റെയൊരു ഭാഗം മാത്രം. വിവിധതലങ്ങളിൽ അനുഭവപ്പെടുന്ന ബാഹ്യാഭ്യന്തരങ്ങളുടെ സമവായത്തിലൂടെ മാത്രമേ വ്യക്തിയുടെ നിലീനശക്തി മാംസനിബദ്ധതയെ അതിക്രമിക്കുകയും സമഷ്ടിയുടെ ഇച്ഛയിലേക്ക് ഉയരുകയും ചെയ്യുകയുള്ളൂ. തരംതിരിവുകൾ അഴിഞ്ഞില്ലാതാകുമ്പോൾ വ്യക്തി തന്റെ ഉള്ളടക്കം സമഷ്ടിയിൽനിന്ന് അഭിന്നമെന്ന് തിരിച്ചറിയുന്നു. ഇങ്ങനെ അകം/പുറം തിരിവുകൾ വേറിട്ടു നിലകൊള്ളുമ്പോൾ അതിനെ സമീകരിക്കാൻ ഇടപെടുന്ന സമഷ്ടിതലത്തെ വൈയക്തികതലത്തിന്റെ ആഴമുൾക്കൊള്ളാതെ ഒരാൾ ബാഹ്യമെന്ന് തെറ്റിദ്ധരിക്കുന്നു. അങ്ങനെ വരു

---

93-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-386

94- അതേ പുസ്തകം -പുറം-363, (ശ്ലോകം-2-52)

മ്പോൾ വൈയക്തികമായ നിഷ്ക്രിയതയോടെ അതിനെ സ്വീകരിക്കേണ്ടി വരുന്നു.

പ്രപഞ്ചശക്തിയുടെ ലീലയിൽ അകപ്പെട്ടുപോകുന്ന കരുക്കളല്ല മനുഷ്യർ. ആത്മവീര്യംകൊണ്ട് തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവന് കഴിയും. പ്രണയപാശത്താൽ ബന്ധിക്കപ്പെട്ട നളിനിയും ലീലയും അനുഭവിക്കുന്ന കഷ്ടങ്ങൾ വൈധികം തന്നെയാണ്. എന്നാൽ നിശ്ചയദാർഢ്യം കൈമുതലാക്കി അവർ അതിനെ എതിർത്തു തോല്പിക്കുന്നതു കാണാം. ഇരുവരും തങ്ങളുടെ കമിതാക്കളെ അന്വേഷിച്ച് പോകുന്നതും ഒടുവിൽ ദർശനസാഫല്യമടയുന്നതും അതിന്റെ തെളിവാണ്. മാത്രമല്ല, തങ്ങളുടെ ജീവൻ എങ്ങനെ ഉപേക്ഷിക്കണമെന്നതുവരെയുള്ള തീരുമാനം പരപ്രേരണയില്ലാതെ, വിധിക്ക് വഴങ്ങാതെ കൈക്കൊള്ളാനും അവർക്കാകുന്നു. ലക്ഷ്യബോധത്തിലേക്കുള്ള തപസ്യയാക്കി ജീവിതത്തെ മാറ്റിയെടുത്ത് കൃതാർത്ഥതയടയുന്നത് ഫലത്തിൽ വിധിയെ അതിക്രമിക്കലാണ്.

അനിവാര്യമായ മരണത്തിനു മുന്നിൽ ജീവിതരതി പിൻവാങ്ങുന്നതായി പറയുന്ന പ്രരോദനത്തിൽ "ആരു വിചാരിച്ചാലും ഒന്നും ചെയ്യാനാകില്ലെന്നും അത്യാർത്തിമൂലം ജീവിതരസം നുകരാൻ കൊതിച്ച മനുഷ്യനെ സമർത്ഥനും കണ്മുന്നിൽവെച്ചുതന്നെ എല്ലാം അപഹരിച്ചുകൊണ്ടു പോകുന്നവനും തടുക്കാനാകാത്ത ക്രൂരതയുള്ളവനുമായ വിധി ചുട്ടു പഴുപ്പിച്ചു കണ്ണീരിൽ മുക്കി തല്ലിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നു".[95] പരിമിതമായ ലോകജീവിതത്തിന്റെ രസത്തിൽ വീണ് ജന്മമൊടുക്കുന്നവരോടാണ് വിധി ഇങ്ങനെ ക്രൂരമായി പെരുമാറുന്നത്. അവിദ്യയെ ഉപാസിച്ച് കഴിയുന്നവർ അന്ധതമസ്സിലേക്ക് പോകുന്നുവെന്ന ഉപനിഷദ്വാക്യം ഇവിടെ സ്മരണീയമാണ്.[96] പൊരുളന്വേഷണത്തോട് ആഭിമുഖ്യമുണ്ടാക്കാനാണ് ഇവിടെ വിധി കടുത്ത പരീക്ഷണങ്ങൾക്ക് മനുഷ്യരെ വിധേയമാക്കുന്നത്. സമൂഹമനസ്സിന്റെ ഉപരിതലത്തിൽനിന്ന് അവബോധത്തിന്റെ ആഴത്തിലേക്കു കടക്കുമ്പോൾ വിധിയുടെ തീരുമാനം നമ്മുടെതായി മാറും. ജീവനെ കൂടുതൽ ഉയർന്ന ഭാവങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് നില

---

95- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-51, (ശ്ലോകം-27)

96- അന്ധം തമഃ പ്രവിശന്തി യേ*f*വിദ്യാമുപാസതേ

അതോ ഭൂയ ഇവ തേ തമോ യ ഉ വിദ്യായാം തതാഃ

(കർമ്മാനുഷ്ഠാനത്തെ ഉപായവും ഉപേയവുമായി കരുതി കർമ്മത്തിൽ മാത്രം മുഴുകി ജീവിക്കുന്നവർ അധോഗതി പ്രാപിക്കുന്നു. കർമ്മത്തെ ഉപേക്ഷിച്ച് ദേവതാദി ജ്ഞാനത്തെ,, ഉപാസനയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർക്ക് അതിലും വലിയ അധോഗതിയാണ് ഫലം.മന്ത്രം-9)

ഈശാവാസ്യോപനിഷത്ത്- വ്യാഖ്യാനം- മൃഡാനന്ദസ്വാമി- ശ്രീരാമകൃഷ്ണ മഠം, എഡി-4, തൃശ്ശൂർ- 1991, പുറം-55-56

വിലുള്ള അവസ്ഥയിൽനിന്ന് വിടുതൽ ചെയ്യേണ്ടതുണ്ട്. അന്തരാത്മാവിന്റെ ഇത്തരത്തിലുള്ള ആവശ്യം പ്രപഞ്ചനിയമത്തോട് സമരസപ്പെടുമ്പോളാണ് അത് വിധിരൂപമായി വന്ന് ദേഹതാദാത്മ്യംകൈക്കൊണ്ട് ആഴത്തിൽ വേരോടിയ ജീവന്റെ പിടിവള്ളികൾ മുറിച്ചു മാറ്റുന്നതിന് കാരണമാകുന്നത്. വിവിധ ലോകവിഷയങ്ങളുടെ പിറകെയുള്ള നെട്ടോട്ടമാണ് ഉള്ളം ചുട്ടുപഴുപ്പിക്കുന്നത്. വിഷയങ്ങളുടെ അമിതലബ്ധിയോ അല്ബധിയോ ജീവനിലുണ്ടാക്കുന്ന വിപരീതഫലമാണ് കണ്ണുനീർ. അതായത് വിധിക്ക് തിരിച്ചടിക്കാനുള്ള സർവ്വസന്നാഹങ്ങളൊരുക്കുന്നത് നമ്മുടെ അടങ്ങാത്ത പ്രപഞ്ചതൃഷ്ണ തന്നെയാണ്. ബുദ്ധമതത്തിലെ തൃഷ്ണാനിരാസത്തിനുള്ള സന്ദേശവും അദ്വൈതവേദാന്തത്തിലെ സാധനാചതുഷ്ടയസമ്പത്തിലുള്ള ഇഹാമുത്രാർത്ഥ ഫലഭോഗവിരാഗ(ഇഹ-പര ലോകങ്ങളിൽ ഒന്നിനോടും ആസക്തിയില്ലാത്ത അവസ്ഥ)വുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.[97]

'പ്രരോദന'ത്തിൽ മറ്റൊരിടത്ത് "എല്ലാം പോകട്ടെ, വിധിയ്ക്ക് കീഴടങ്ങാം. ചിതയുടെ അപ്പുറത്ത് ജീവിതം ഇല്ലെന്നുതന്നെ വരട്ടെ. എന്നാലും വിഭോ, ഞങ്ങൾക്ക് അങ്ങയുടെ പേരിലെ പുണ്യാക്ഷരങ്ങൾ മതിയാകും. ഞങ്ങൾ അത് നട്ട് കണ്ണീരുകൊണ്ട് അതിനെ നനച്ചു വളർത്തും. അത് പടർന്ന് പന്തലിച്ച് എല്ലാവർക്കും പുഷ്പസുഗന്ധം നൽകും. അതിനെ കാലമാകുന്ന അഗ്നി ദഹിപ്പിക്കുകയില്ല."[98] എന്നു പറയുന്നു. ഇവിടെ വിധിക്ക് കീഴടങ്ങൽ എന്ന പ്രതിപാദനം പൂർണ്ണമായ സമ്മതമോ നിർദ്ദേശമോ അല്ല. എ.ആറിന്റെ പ്രസക്തി കാലാതിവർത്തിയാകുമെന്നാണ് ധ്വനിപ്പിക്കുന്നത്. അതിനെ സുസ്പഷ്ടമാക്കുന്നതാണ് അനുബന്ധകല്പനകൾ. ആത്മാവോ മരണാനന്തരജീവിതമോ ഇല്ലെന്നു വന്നാലും അനശ്വര സ്മരണ മരണത്തെ കീഴ്പ്പെടുത്തുന്നതായിരിക്കുമെന്ന് ഇതിലൂടെ വ്യക്തമാക്കുന്നു. ചിതയുടെ അപ്പുറത്തൊരു ജീവിതമില്ലെങ്കിൽ മാത്രമേ മരണവിധിയ്ക്ക് കീഴടങ്ങുകയുള്ളൂവെന്ന സൂചനയും ഇതിലുണ്ട്. എ.ആറിന്റെ വ്യക്തിവൈഭവവും അതിനോട് താളാത്മകമായി വർത്തിക്കുന്ന ഭാവുകേച്ഛയും കാലാതീതമായ സമഷ്ടിതലത്തിലേക്ക് ഉയർന്ന് അനശ്വരമാകുമ്പോൾ അവിടെ വിധി സ്വയം വഴിമാറുന്നു. മറിച്ചാണെങ്കിൽ മാത്രമേ അത് വിധിക്കും ചിതയ്ക്കും കീഴടങ്ങലാകുകയുള്ളൂ. പ്രാതിഭാസികമായ വിധിയെ മറി കടന്ന് അനശ്വരതയിലേക്കുയരാൻ മനുഷ്യാത്മാവിനുള്ള ബാദ്ധ്യതയും അധികാരവുമാണ് ഇവിടെയെല്ലാം സൂചിപ്പിക്കുന്നത്.

---

97- ശങ്കരാചാര്യർ- സർവ്വവേദാന്ത സിദ്ധാന്തസാര സംഗ്രഹം- ശ്രീമദ് ആഗമാനന്ദ സ്വാമികൾ- ശ്രീ രാമകൃഷ്ണ അദ്വൈതാശ്രമം, കാലടി, 1988, എഡി-1, പുറം-301

98- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-142

'ചിന്താവിഷ്ടയായ സീത' യിൽ മനുഷ്യജീവിതത്തിന്റെ അനിശ്ചിതാവസ്ഥയെയും ക്ഷണിക തയെയുംകുറിച്ച് ഗാഢമായി ചിന്തിച്ചതിനുശേഷം ബാഹ്യലോകത്തിന് മോടി കൂട്ടുന്ന ഭർത്താവൊന്നിച്ചുള്ള ജീവിതം ദുർവ്വിധിയുടെ ചിരി കണക്കെ മാഞ്ഞുപോയതായി സീത അനുസ്മരിക്കുന്നു.[99] ഇഷ്ടങ്ങളെ നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമാക്കുന്ന പ്രകൃതിനിയമത്തെയാണ് വ്യക്തിനിഷ്ഠമായി സീത ദുർവ്വിധിയെന്ന് പറയുന്നത്. പരിണാമവിധേയമായതുകൊണ്ട് പ്രപഞ്ചഭോഗങ്ങളിലുള്ള അവിശ്വാസത്തെയും വെറുപ്പിനെയും ഇത് ദ്യോതിപ്പിക്കുന്നു. ഗീതയിൽ പറയുന്ന ദ്വന്ദ്വസഹിഷ്ണുതയും ഉഭയസമന്വയഭാവവുമാണ് സീതയുടെ ഇത്തരം വെളിപ്പെടുത്തലുകളിലുള്ളത്.[100] അനുഭവങ്ങളുടെ മാറിമറയലുകൾക്കും പോക്കുവരവുകൾക്കും ഇടകലർപ്പുകൾക്കും അനുസൃതമായി ഉണ്ടാകുന്ന വികാരങ്ങൾക്കുമൊന്നും അടിമപ്പെടാത്ത മനസ്സാണ് ഇവിടെ ഭൂതകാലത്തെ നിസ്സംഗഭാവത്തിൽ നിരൂപണം നടത്തുന്നത്.

തന്റെ കഴിഞ്ഞ കാലത്തെക്കുറിച്ച് ആത്മഗതം ചെയ്യുന്ന സീത ആശ്രമവാസികളായ മുനിപത്നിമാരോടൊത്തുള്ള ജീവിതം അനുഗ്രഹമായെന്ന ഉത്തമബോദ്ധ്യംകൊണ്ടാണ് അതിന്നവസരമൊരുക്കിയ വിധിയോട് ഒരു രോഗി വൈദ്യനോടെന്നതുപോലെ കടപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നത്.[101] പരിത്യാഗത്തിന്റെ വേദനയും ദുരിതങ്ങളും അനുഭവിക്കുന്ന സീതയെ സംബന്ധിച്ച് മുനിപത്നിമാരൊത്തുള്ള ആശ്രമജീവിതം നിപുണനായ വൈദ്യൻ ശസ്ത്രക്രിയയിലൂടെ രോഗിക്കു കൊടുക്കുന്ന വലിയൊരാശ്വാസം പോലെയായിരുന്നുവെന്ന് വ്യക്തമാക്കുന്നു. പരിത്യാഗമെന്ന രോഗശമനത്തിന് നടത്തുന്ന ശസ്ത്രക്രിയകൊണ്ട് തുടക്കത്തിലുളവാകുന്ന വേദന മുനിപത്നിമാരുമായുള്ള സംസർഗ്ഗത്തിലൂടെ നിത്യമായ സ്വാസ്ഥ്യത്തിലേക്ക് തന്നെ നയിച്ചതായി സീത ഇവിടെ വിലയിരുത്തുന്നു. തുടക്കത്തിൽ പ്രയാസകരവും പരിണാമത്തിൽ അമൃതസമാനവുമായ സാത്വികസുഖമാണ് ഇതിലൂടെ പ്രതിപാദിക്കപ്പെടുന്നത്.[102] തനിക്കു നേരിട്ട അനുഭവങ്ങൾ സാധാരണക്കാർക്ക് ഉണ്ടാകുമ്പോൾ അതിനെ ദുർവ്വിധിയെന്നാണ് അവർ വിശേഷിപ്പിക്കാറുള്ളത്. ലൗകികദൃഷ്ടിയിൽ വ്യവഹരിക്കുന്ന അതേ ദുർവ്വിധി തന്റെ ജീവി

---

99- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-673

100- ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992 പുറം-221 ശ്ലോകം-2-69

101- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-688

102- ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992 പുറം-221 ശ്ലോകം-18-37

തത്തെ പുനർനിർവ്വചിക്കുകയും മാറ്റിയെഴുതുകയുമായിരുന്നുവെന്ന സൂചന വിധിയോടുള്ള കടപ്പാട് വ്യക്തമാക്കുന്ന സീതയുടെ പരാമർശത്തിലുണ്ട്.

കരുണയിൽ ‘‘കള്ളന്മാർ ചുമര് കുത്തിത്തുരന്ന് വീട്ടിനുള്ളിൽ കടന്ന് ചെയ്ത ക്രൂരകൃത്യമല്ല, മദ്യപിച്ചുണ്ടാക്കിയ ലഹളയിൽ വെട്ടി മുറിച്ചതല്ല, രാജദ്രോഹക്കുറ്റം ചുമത്തി ഭരണാധികാരികൾ വിധിച്ചതുമല്ല എന്നിങ്ങനെ വാസവദത്ത എത്തിച്ചേർന്ന അവസ്ഥയുടെ കാരണം വിവിധ വശങ്ങളിലൂടെ അന്വേഷിക്കുന്ന കവി ഒടുവിൽ ചെന്നെത്തുന്നത് സ്വന്തം വാളുകൊണ്ടു മനുഷ്യൻ സ്വയംവെട്ടി നശിക്കുകയാണെന്നതിലാണ്’’.[103] ഇവിടെ വിധിയുൾപ്പെടെയുള്ള ഘടകങ്ങളെ മനുഷ്യന്റെ ഭാഗധേയത്വത്തിൽ പങ്കാളിയാക്കുന്നില്ല. മനുഷ്യൻ എത്തി നിൽക്കുന്ന വർത്തമാനാവസ്ഥയുടെ പ്രധാന കാരണം അവൻ മാത്രമാണെന്ന് അന്വയവ്യതിരേക രൂപത്തിൽ കവി സമർത്ഥിക്കുകയാണിവിടെ. മുൻപറഞ്ഞ ഘടകങ്ങളാണ് വാസവദത്തയെ ഇന്നത്തെ നിലയിലാക്കിയതെങ്കിൽ തീർച്ചയായും വിധിവൈഭവമെന്ന് പറയാമായിരുന്നു. പക്ഷേ, അവരിന്നോളം ചെയ്ത കർമ്മങ്ങളുടെ ഫലമാണ് അനുഭവിക്കുന്നതെന്ന് ആശാൻ സമർത്ഥിക്കുന്നു.‘‘വാൾ ഉറയിലിടുക. വാളെടുത്തവൻ വാളാൽ നശിച്ചുപോകും’’[104] എന്ന കർമ്മനിയമത്തിന്റെ ലളിതാഖ്യാനമായ ക്രിസ്തുവചനവുമായി ഇതിന് ബന്ധമുണ്ട്. കൂടാതെ ‘‘നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ’’[105] (മണിമഞ്ജുഷ-പ്രേമഗീതം) എന്ന ഉള്ളൂരിന്റെയും ‘‘മർത്ത്യനെ താഴോട്ടു തള്ളുന്നതയാൾ താൻ/മറ്റാരുമല്ല കരേറ്റുന്നതും’’[106] എന്ന വള്ളത്തോളിന്റെയും കാഴ്ചപ്പാടാണ് വിധിവിശ്വാസത്തെ സംബന്ധിച്ച് ആശാൻ ഉന്നയിക്കുന്നത്.

അസ്തമയത്തെക്കുറിച്ചുള്ള ‘വനമാല’യിലെ യാത്രാമംഗളമെന്ന കവിതയിൽ ‘‘എന്തായാലും വരേണ്ടത് വരണമെന്ന് അറിയുന്നവർ നിരർത്ഥകമായ വിഷാദത്തിന് അടിപ്പെടുകയില്ലെന്നും കാലത്തിന്

---

103-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-245

104- ബൈബിൾ-പുതിയ നിയമം- ദി ഗിഡിയൻസ് ഇന്റർ നാഷനൽ-1990, പുറം-30, (മത്തായി-26:52)

105- ഉള്ളൂർ എസ്. പരമേശ്വരയ്യർ- ഉള്ളൂരിന്റെ പദ്യകൃതികൾ- (വാള്യം-2)- നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1977 പുറം-148

106- വള്ളത്തോൾ നാരായണ മേനോൻ- മഗ്ദലന മറിയം- പൂർണ്ണ പബ്ലിക്കേഷൻ, കോഴിക്കോട്, 1990, പുറം -68

കാരണമായ ഉദയാസ്തമയങ്ങൾക്കു കാരണം അങ്ങയെപ്പോലുള്ള നേതാക്കന്മാർ ഉള്ളതുകൊണ്ടാണെ"[107] ന്നും പറയുന്നു. വിധിയെയും കാലത്തെയും ബന്ധപ്പെടുത്തുകയാണ് ഇവിടെ. വരുംവരായ്കകൾക്ക് പശ്ചാത്തലമാക്കുന്ന പ്രതലം കാലദേശങ്ങളാണ്. കാലം നിർണ്ണയിക്കുന്ന പ്രധാനഘടകങ്ങളാകട്ടെ ഉദയാസ്തമയങ്ങളും. അതിനനുസരിച്ച് ജീവനിൽ വന്നടിയുന്ന പോക്കുവരവുകളിൽ ഉൽക്കണ്ഠ ആവശ്യമില്ലെന്നാണ് കവി സൂചിപ്പിക്കുന്നത്. കാരണം വിധിപോലും ആത്യന്തികദൃഷ്ടിയിൽ അസ്ഥിരവും ചഞ്ചലവുമാണ്. സ്ഥിരദുഃഖമോ സ്ഥിരസുഖമോ നൽകാൻ വിധിക്ക് കഴിയില്ല. വന്നുപോയിക്കൊണ്ടിരിക്കുന്നവയിൽ മനസ്സുടക്കാതെ വരുന്നതിനെ അപേക്ഷിക്കുകയും പോകുന്നതിനെ ഉപേക്ഷിക്കുകയുമാണ് ഇവിടെ ജീവന് കരണീയമായിട്ടുള്ളത്. ജീവിതാനുഭവങ്ങൾക്ക് കാരണമായെണ്ണുന്ന വിധി ഒരാത്യന്തികനിയോഗമല്ലെന്നും വ്യക്തിനിഷ്ഠമായ ഇച്ഛാശക്തികൊണ്ട് മാറ്റിമറിക്കാൻ കഴിയുന്ന ഒരാപേക്ഷികചലനപഥമാണെന്നും മനസ്സിലാക്കി ഒന്നിനും അടിപ്പെടാതെ എല്ലാ പ്രതിസന്ധികളെയും മറികടക്കുന്നതിനുള്ള കരുത്താർജ്ജിക്കുകയാണ് വേണ്ടതെന്ന് സ്പഷ്ടമാക്കുകയും ചെയ്തിരിക്കുന്നു. 'വനമാല' യിലെ ഒരനുമോദനമെന്ന കവിതയിൽ

എത്തീടേണ്ടവയെത്തിടേണ്ട ദിശിചെന്നെത്തും തടുത്തിന്നൊരാൾ
നിർത്തീടാൻ കരുതേണ്ടഹോ നിയതിതന്നുദ്ദേശ്യമുദ്ദാമമാം [108]

എന്നും കാണാം. നിയതിയുടെ ഉദ്ദേശ്യം ശക്തമായതുകൊണ്ട് എത്തേണ്ടത് എത്തേണ്ട ദിക്കിൽത്തന്നെ എത്തിച്ചേരും. അതുകൊണ്ട് അതിനെ തടുക്കാൻ ആരും ശ്രമിക്കേണ്ടതില്ലെന്നാണ് വിവക്ഷ.മനുഷ്യേച്ഛയെ തടുത്ത് നിർത്തി തുടക്കത്തിൽത്തന്നെ അതിന് കീഴ്പ്പെടാനുള്ള ആഹ്വാനമല്ലിത്. സമഷ്ടി ഇച്ഛയ്ക്ക് വ്യക്തിയുടെ ഇച്ഛാശക്തി പ്രതികൂലമായിക്കൂടെന്നാണ് ഈ പ്രകരണത്തിൽ കവി ഓർമ്മപ്പെടുത്തുന്നത്. വ്യക്തിഗതമായ ബുദ്ധിയുടെയോ മനസ്സിന്റെയോ ഇച്ഛയ്ക്ക് വിധേയമായി ജീവിതം നീണ്ടുപോകില്ലന്നും ദൈവേച്ഛയാണ് പ്രധാനമെന്നും തുടർന്ന് പറയുന്നു. ഇവിടെ നിയതി വ്യക്തിയുടെ ഇച്ഛാശക്തിയെ കീഴ്പ്പെടുത്തുന്ന പ്രതിദ്വന്ദ്വിയായല്ല, മറിച്ച് സമഗ്രതയിലേക്ക് നയിക്കുന്ന അവബോധമായാണ് പ്രവർത്തിക്കുന്നത്.

കാവ്യലോകത്തും സാമൂഹികരംഗത്തും അസാധാരണമായ ചലനങ്ങൾ ഉണർത്തിവിട്ട കുമാരനാശാൻ ഇങ്ങനെ വിധിയുടെ സ്വഭാവസവിശേഷതകളും ഗുണവും പ്രവർത്തനങ്ങളും പലയിടങ്ങ

107- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ, ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-245

108- അതേ പുസ്തകം- പുറം-388

ളിലും സൂക്ഷ്മമായി വിലയിരുത്തുന്നു. മനുഷ്യൻ അനുഭവിക്കുന്ന സുഖദുഃഖങ്ങൾ ഉൾപ്പെടെയുള്ള സകല അനുഭവങ്ങൾക്കും കാരണം അവന് പിടിതരാത്ത വിധിബലമാണെന്ന് പലയിടങ്ങളിലും പ്രത്യക്ഷത്തിൽത്തന്നെ വ്യക്തമാക്കുന്നുണ്ട്. പലപ്പോഴും കഥാപാത്രങ്ങളുടെ ഭാഗധേയത്വത്തെയും ഗതിവിഗതികളെയും വികാസപ്രക്രിയകളെയും നിർണ്ണയിക്കുന്നത് വിധി തന്നെയാണ്. പക്ഷേ, മനുഷ്യജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന ബാഹ്യഘടകമെന്ന നിലയിലല്ല, മറിച്ച് മനുഷ്യനെ ക്രമീകരിക്കുന്ന, അവന്റെ കർമ്മങ്ങൾക്കനുസരിച്ച് ഫലം സംസിദ്ധമാക്കുന്ന, ക്രമികമായി അവനെ ഉന്നതാവസ്ഥയിലെത്തിക്കാനുള്ള സാഹചര്യമൊരുക്കുന്ന പ്രപഞ്ചശക്തിയായാണ് വിധി ആശാൻ കവിതകളിൽ പ്രവർത്തിക്കുന്നത്. ജീവജാലങ്ങളിൽ ഫലരൂപത്തിലണയുന്ന വിധിയെ നിരുപാധികം കൈക്കൊള്ളണമെന്ന അർത്ഥത്തിലാണ് വിധി വിഭുവാണെന്നും സർവ്വാത്മനാ അതിന് കീഴടങ്ങണമെന്നും സാമ്പ്രദായികമായി പറയുന്നത്. കടക്കാൻ പ്രയാസമുള്ളതാണെങ്കിലും കർമ്മശുദ്ധിയും ആത്മബലവുംകൊണ്ട് വിധിയെ മറികടക്കാമെന്നും കവിക്ക് അഭിപ്രായമുണ്ട്. വിധിക്ക് കീഴ്പ്പെട്ടുകൊണ്ടുള്ള മനുഷ്യാവസ്ഥകളിൽനിന്ന് വ്യത്യസ്തമായി ജീവിതാനുഭവങ്ങളെ സമചിത്തതയോടെ നേരിടുന്നതിനും മനുഷ്യന്റെ സാദ്ധ്യതകളെ പരമാവധി വിനിയോഗിക്കുന്നതിനുമുള്ള പ്രേരണയും കരുത്തുമായി വിധി മാറുന്നത് ആശാന്റെ എല്ലാ കൃതികളിലും കാണാം. ഇത് ഭഗവദ്ഗീതയിലെ "ആത്മാവിനെക്കൊണ്ട് ആത്മാവിനെ ഉദ്ധരിക്കണം. ആത്മാവിനെ ക്ഷീണിപ്പിക്കരുത്. എന്തുകൊണ്ടെന്നാൽ ആത്മാവ് തന്നെ ആത്മാവിന്റെ ബന്ധുവാകുന്നു. ആത്മാവ് തന്നെ ആത്മാവിന്റെ ശത്രുവും ആകുന്നു"[109] എന്ന ശ്ലോകത്തിന്റെ തത്ത്വാർത്ഥം തന്നെയാണ് വിധിയെക്കുറിച്ചുള്ള വീക്ഷണത്തിൽ ആശാൻ കൈക്കൊള്ളുന്നത്. നമ്മുടെ ഉയർച്ചയെയും താഴ്ചയെയും തീരുമാനിക്കുന്നത് ബാഹ്യഘടകങ്ങളല്ലെന്നും പ്രത്യുത അവയെ കൈകാര്യം ചെയ്യുന്ന നമ്മുടെ സ്വത്വബലമാണെന്നും ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു.

ആത്മീയമായ സാധനാനുഷ്ഠാനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലക്ഷീകരിക്കുന്നത് അവയെല്ലാം അറിഞ്ഞാചരിച്ച് സ്വയം ഉയരണമെന്നതിലേക്കാണ്. സർവ്വവ്യാപി, അന്തര്യാമി എന്നീ നിലകളിൽ ഈശ്വരനെ പരാമർശിക്കുമ്പോൾ 'നിനക്ക് ഞാനുണ്ടെ'ന്ന സമാശ്വാസം നമുക്കരുളുന്നുണ്ടെങ്കിലും 'അത് നീ തന്നെയാണ്' 'നീയും ഞാനും ഒന്നു തന്നെ' എന്ന ലക്ഷ്യതലത്തിലേക്കുയരുമ്പോൾ വിധി നമ്മിൽ നിന്ന് അനന്യമെന്നുതന്നെ ബോദ്ധ്യപ്പെടും. അവിടെ വന്നു ചേരുന്ന സാഹചര്യങ്ങളെയും പരിതസ്ഥി

109- ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്

ആത്മൈവ ഹ്യാത്മനോ ബന്ധു-രാത്മൈവ രിപുരാത്മനഃ

ഭഗവദ്ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം, 1992 പുറം-440

തികളെയും അനുകൂലമാക്കാൻ കഴിയുന്നത് നമ്മുടെ സ്വതന്ത്രേച്ഛയ്ക്ക് മാത്രമാണ്. ഉപാസനാതലത്തിൽ അകം/പുറം തിരിവുകളുണ്ടെങ്കിലും ലക്ഷ്യതലത്തിൽ അവയെല്ലാം കൊഴിഞ്ഞു പോകുന്നു. വിധിയെക്കുറിച്ചുള്ള ആശാന്റെ കാഴ്ചപ്പാട് എത്തിച്ചേരുന്നത് ആദ്ധ്യാത്മികമായ ഈ സ്വയംനിർണ്ണയാവകാശ(Self-determinism)ത്തിലാണ്. ഇന്നത്തെ എന്നെ തീരുമാനിക്കുന്നത് ഇന്നലെകളിലെ ഞാനാണെങ്കിൽ നാളത്തെ എന്നെ തീരുമാനിക്കുന്നത് ഇന്നത്തെ ഞാനാണ് എന്നാണ് അതിന്റെ കാതൽ. ഈ വിവേകത്തിലേക്കുള്ള ക്രമമായ ഉയർച്ചയാണ് ആശാന്റെ കഥാപാത്രങ്ങൾ നിർവ്വഹിക്കുന്നത്. ബാഹ്യസ്വാധീനമെന്ന നിലയിൽ വിധിയെ പരാമർശിക്കുന്നത് അതിലേക്കു നയിക്കുന്ന ചവിട്ടുപടിയായാണ്.

പ്രത്യക്ഷത്തിൽ വൈധികമായ പാരതന്ത്ര്യവും വൈയക്തികമായ സ്വതന്ത്രേച്ഛയും തമ്മിലുള്ള സംഘർഷം ആശാൻകൃതികളിൽ നമുക്കനുഭവപ്പെടാം. വിധിയുടെ പരമമായ ഉദ്ദേശ്യലക്ഷ്യങ്ങൾ മനുഷ്യന്റെ സർവ്വതന്ത്രസ്വതന്ത്രവും ആത്യന്തികവുമായ ഇച്ഛയോട് ചേർന്നു നിൽക്കുന്നതുതാണ്. അവിടെ വിധിയുടെ ഇടപെടൽ മനുഷ്യന്റെ സ്വയംനിർണ്ണയാവകാശത്തെ തടയുന്നില്ല. ഫലത്തിൽ വൈയക്തികമായ ഇച്ഛയെ പ്രപഞ്ചത്തിലേക്ക് വളർത്തുന്നതുകൊണ്ട് വിധിവിഹിതം അവന്റെ അന്തഃസംസ്ക്കരണപ്രക്രിയയുടെ അനിവാര്യതയെയാണ് കുറിക്കുന്നത്.

### 4.5–ഗുരു– ആത്മബോധത്തിന്റെ ജൈവാകാരം

ഭാരതീയദർശനത്തിൽ ഗുരുവിന് സുപ്രധാനമായ സ്ഥാനമുണ്ട്. പരമമായ വിജ്ഞാനത്തിന്റെ പ്രതിനിധാനമായ ഗുരു ഉപദേശങ്ങളിലോ ശാസ്ത്രസ്വാദ്ധ്യായങ്ങളിലോ മാത്രം ഒതുങ്ങി നിൽക്കുന്നവനല്ല. അനുഭൂതി സമ്പന്നരായ മഹാത്മാക്കളിൽ നിന്ന് സ്വായത്തമാക്കിയ ആത്മതത്ത്വത്തെ സ്വാനുഭവതലത്തിൽ ഉൾക്കൊണ്ടവനെന്ന അർത്ഥത്തിലാണ് ശ്രോത്രിയൻ എന്നതുപോലെ ബ്രഹ്മനിഷ്ഠനുമായിരിക്കണം ഗുരുവെന്ന് ആചാര്യന്മാർ അനുശാസിച്ചത്. മാറിമറഞ്ഞു വരുന്ന ശാസ്ത്ര സാങ്കേതികവിദ്യകൾ ഉന്നയിക്കുന്ന മൂല്യസങ്കല്പങ്ങൾക്കും സൗന്ദര്യവീക്ഷണങ്ങൾക്കും ബിംബവിശേഷങ്ങൾക്കും ഉപരിയായി എക്കാലത്തും എവിടെയും പ്രസക്തമായ വിജ്ഞാനത്തിന്റെ സ്രോതസ്സെന്ന നിലയിലാണ് ഗുരുതത്ത്വം പ്രസക്തമാകുന്നത്.

മനുഷ്യൻ വ്യക്തിതലത്തിലും സാമൂഹികതലത്തിലും നടത്തുന്ന ഏത് മുന്നേറ്റത്തിലും വ്യക്തവും കൃത്യവുമായ ദിശാബോധം ലഭിക്കുന്നതിന് എക്കാലത്തും സമാശ്രയിക്കാവുന്ന കരുത്താർന്ന

ഒരാദിമബോധമെന്ന നിലയ്ക്കാണ് കുമാരനാശാൻ ഗുരു പ്രതീകത്തെ കാണുന്നത്. ഗുരു ഒരു വ്യക്തിയല്ല, മറിച്ച് അത് സാർവ്വജനീനമായ പ്രപഞ്ചാസ്തിത്വത്തിന്റെ മൗലികതയാണ്. മനുഷ്യൻ എത്ര വികസിച്ചാലും അവനിൽ കുടിയിരിക്കുന്ന അപൂർണ്ണതാബോധം രക്ഷാകേന്ദ്രങ്ങളെ അനവരതം അന്വേഷിച്ചു കൊണ്ടിരിക്കും. അതിന്റെ പൂർത്തീകരണമാണ് സമഷ്ടിചേതസ്സിൽ രക്ഷാകർത്തൃരൂപത്തിൽ നിലീനമായ മഹാപിതാവ്, രക്ഷകൻ എന്നീ ആദിബിംബങ്ങളായി ഗുരുപ്രരൂപം ഉരുത്തിരിയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ സംഭവിക്കുന്നത്.

ശിവസ്തോത്രമാലയിലെ നമസ്ക്കാര പഞ്ചകത്തിൽ "മേലിൽ ജനനമരണ കാരണമായ സംസാരദുഃഖം ഇല്ലാതാക്കാൻ എന്റെ പാപത്തിന്റെ അടിവേരറുത്ത് എന്നിൽ കരുണ കാണിച്ചുകൊണ്ടിരിക്കുന്ന നാരായണഗുരുവിന്റെ പേര് എനിക്ക് ആരാദ്ധ്യസാധനമാണെ"[110]ന്ന് പറയുന്നു. ഇവിടെ ഗുരുകാരുണ്യം പാപത്തിന്റെ നാരായവേരറുത്ത് തനിക്ക് എന്നന്നേക്കുമായി വിമോചനമേകുന്ന രക്ഷാകേന്ദ്രമെന്ന് കവി തിരിച്ചറിയുന്നു. സമൂഹചേതസ്സിൽ നിലീനമായി കിടക്കുന്ന മഹാപിതാവിന്റെ രക്ഷാകർത്തൃത്വത്തിലേക്ക് ഗുരുവിനെ ഉന്നയിക്കുകയാണ് ഇവിടെ. 'ശാങ്കരശതക'ത്തിൽ ഇങ്ങനെയാണ്. "ആരാദ്ധ്യനും അഷ്ടൈശ്വര്യസിദ്ധികളുള്ള മഹാത്മാവും സംസാരസമുദ്രത്തിലെ കപ്പിത്താനുമായ നാണുവെന്ന പേരോടു കൂടിയ ആൾ ഭാവിയിലെ മംഗളത്തിന് ഭയത്തെ നശിപ്പിക്കമൂലം എനിക്ക് ദൈവമാണ്"[111] അഭയസ്വത്വനായ ഒരാൾക്ക് മാത്രമേ മറ്റൊരാളുടെ ഭയം ഇല്ലാതാക്കാൻ കഴിയൂ. ഭാവിയെക്കുറിച്ചുള്ള തന്റെ ഉൽക്കണ്ഠ മാറ്റിയ ഗുരു തികച്ചും നിർഭയനാണ്. തന്നിൽ നിന്ന് അന്യമായ മറ്റ് പലതിൽനിന്നും തനിക്ക് പ്രാതികൂല്യമുണ്ടാകുമെന്ന ആശങ്കയാണ് എല്ലാ ഭയങ്ങൾക്കും നിദാനം. അതിൽനിന്നൊഴിഞ്ഞ ഏകാത്മഭാവമാണ് അഭയത്തിന്റെ ഉറവിടം. ഗുരുതത്ത്വം അഭയത്തിൽ അധിഷ്ഠിതമാണെന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു.

'നിജാനന്ദവിലാസം' തുടങ്ങുന്നത് ഗുരുവിനെ വന്ദിച്ചുകൊണ്ടാണ്. "ആധാരമായ ബ്രഹ്മത്തെ അന്വേഷിച്ച് സർവ്വവും അതിൽ അടങ്ങിയിരിക്കുമെന്ന് കണ്ടുകൊണ്ടിരിക്കുന്ന പണ്ഡിതശ്രേഷ്ഠൻപോലും തന്റെ അവസാനസമയത്ത് കുഴങ്ങിപ്പോകും. ബ്രഹ്മാവിന്റെ മുഖത്തുനിന്ന് പുറപ്പെടുന്ന വേദങ്ങളെല്ലാം അറിഞ്ഞാലും കർമ്മം ചെയ്താലും എന്ത് പ്രയോജനമാണുള്ളത്? വിജ്ഞാനിയായ

---

110-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-116

111- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-141

ഒരാചാര്യന്റെ പാദസേവകൊണ്ടേ മുക്തി ലഭിക്കുകയുള്ളൂ."[112] പണ്ഡിതശ്രേഷ്ഠനെ സംബന്ധിച്ച് ബ്രഹ്മജ്ഞാനം താൻ പഠിച്ചുപാസിക്കുന്ന ശാസ്ത്രജ്ഞാനത്തിന്റെ ഭാഗം മാത്രമാണ്. ഈ വിഷയത്തിൽ അയാൾക്ക് സ്വാനുഭവമില്ല. ഈ വിഷയത്തിലുള്ള അറിവിന്റെയും അനുഭവത്തിന്റെയും പൊരുത്തക്കേടിൽനിന്നാണ് അയാൾക്ക് അവസാനകാലത്ത് മൃതിഭയമുൾപ്പെടെ എല്ലാം ഉണ്ടാകുന്നത്. വേദമറിഞ്ഞതുകൊണ്ടോ കർമ്മത്തിൽ മാത്രം മുഴുകിയതുകൊണ്ടോ ഈ ഭയത്തെ അതിക്രമിക്കാനാകില്ല. അതിന് ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഗുരുവിന്റെ ഉപദേശം അനിവാര്യമാണ്. ജാതീയമോ വർഗ്ഗപരമോ ലിംഗപരമോ ആയ വ്യത്യാസങ്ങളൊന്നുമില്ലാതെ ഗുരുവെന്ന സ്വത്വം നിരുപാധികതത്ത്വവുമായി ഇവിടെ അഭിന്നത പുലർത്തുന്നു. നാരായണഗുരുവിലൂടെയാണ് ഇവിടെ ഗുരുഭാവത്തിലുള്ള ആദിമാവബോധത്തെ അഭിസംബോധന ചെയ്യുന്നത്. വിജ്ഞാനിയായ ഒരാചാര്യന്റെ കാൽക്കീഴിലാണ് നിർവ്വാണലോകമെന്ന് പറയുമ്പോൾ അത് വൈയക്തികവും സാമൂഹികവും ഐതിഹാസികവുമായ പാരതന്ത്ര്യങ്ങളിൽ നിന്നുള്ള വിമോചനത്തെയാണ് ലക്ഷീകരിക്കുന്നത്.

നിജാനന്ദവിലാസത്തിൽ "ആനന്ദത്തിന്റെ ഉല്പത്തിസ്ഥാനമായ അമൃതസമുദ്രത്തിന് നടുവിൽ അനന്തസ്ഥാനത്ത് ഇടവിടാത്ത ആനന്ദത്തോടുകൂടിയ യോഗലയം അനുഭവിക്കുന്നവനായി സദാ പ്രബുദ്ധനായി സർവ്വജനങ്ങൾക്കും യോജിച്ചു നിൽക്കുന്ന നിർമ്മത്സരനായി ഭക്തജനങ്ങൾക്ക് നരകം ഇല്ലാതാക്കുന്നവനായി സ്വന്തം നിർവ്വാണശ്രീയുടെ ഇരിപ്പിടമായവനായി നാരായണൻ എന്ന് പേരുള്ള എന്റെ ഉപദേഷ്ടാവായ ഗുരു സർവ്വോൽക്കർഷേണ വർത്തിക്കുന്നു"[113] എന്ന് പറഞ്ഞിരിക്കുന്നു. വിഷ്ണുപക്ഷത്തിൽ വ്യാഖ്യാനിക്കുമ്പോൾ അനന്തസ്ഥാനത്ത് എന്നുള്ളതിന് അനന്തനാകുന്ന സ്ഥാനത്ത് എന്നും നിർവ്വാണ ലക്ഷ്മീനിവാസൻ എന്നതിന് ലക്ഷ്മീദേവിക്ക് ഇരിപ്പിടമായവനെന്നും നാരായണാഖ്യനെന്നതിന് സാക്ഷാൽ നാരായണനെന്ന് അറിയപ്പെടുന്നവനെന്നും അർത്ഥം വരുന്നു. സ്ഥിതിപാലനത്തിന്റെ ദേവതയായ വിഷ്ണുതത്ത്വത്തെ ശ്രീനാരായണഗുരുവുമായി ഇവിടെയെല്ലാം സമന്വയിപ്പിക്കുന്നു. അസ്തിത്വത്തിന്റെ കാതലായ ആത്മസത്യത്തെ സാക്ഷാൽക്കരിച്ച ദിവ്യാത്മാവ് പ്രപഞ്ചത്തിന്റെ അധിനിയമമായ ഈശ്വരനിൽനിന്ന് അഭിന്നനാണെന്ന അദ്വൈതതലമാണ് ഇവിടെ അനാവൃതമാകുന്നത്.

---

112- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-57

113- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-58, (ശ്ലോകം-2)

നിജാനന്ദവിലാസത്തിലെ മൂന്നാം ശ്ലോകത്തിൽ അദ്വൈതവിദ്യയെ പ്രദാനം ചെയ്യുന്നവനെന്ന നിലയിൽ ഗുരുവിനെ വിലയിരുത്തുന്നു. "കല്പകതുല്യമായ കൈകൊണ്ട് അനുഗ്രഹിച്ച് മായയ്ക്ക് മൂല നാശം വരുത്തുന്ന വിധത്തിൽ പുണർന്ന് അധികമായ അനുകമ്പയോടെ എന്റെ മൂർദ്ധാവിൽ ചുംബിച്ച് അദ്വൈതവിദ്യ ഉപദേശിച്ചതായ വാക്കിനെ ഞാനെത്രയും ആദരിക്കുന്നു."[114] എന്താഗ്രഹിച്ചാലും സാധിച്ചു തരുന്ന കല്പകതുല്യമായ കൈകൊണ്ട് ശിഷ്യനെ അനുഗ്രഹിച്ച് മായയ്ക്ക് മൂലനാശം വരുത്തുന്ന അദ്വൈതവിദ്യ ഉപദേശിച്ച വ്യക്തിവൈഭവമാണ് ഇവിടെ ഗുരു. ശൈവാഗമങ്ങൾക്കനുസരിച്ച് ധ്യാനം, ദർശനം, സ്പർശനം എന്നിവയിലൂടെ ഗുരുവിന് ശിഷ്യനിൽ ജ്ഞാനം ഉണർത്താൻ കഴിയും. അവയെ മാനസദീക്ഷ(സ്മരണ ദീക്ഷ), ദൃഷ്ടിദീക്ഷ, സ്പർശദീക്ഷ എന്നിങ്ങനെ തിരിക്കാം. ഇവിടെ ഗുരു ശിഷ്യനിൽ ജ്ഞാനത്തെ ഉണർത്തുന്നത് സ്പർശദീക്ഷയിലൂടെയാണ്.

'നിജാനന്ദവിലാസ'ത്തിൽ "മന്ദനായ എന്നിൽ പ്രതികൂല ബുദ്ധിയില്ലാതെ ഗുരു ഞാൻ ബ്രഹ്മമാണെന്നുള്ള ഒരു ശാന്തിസ്ഥാനത്ത് എന്റെ സംശയങ്ങളെല്ലാം തീർത്തുകൊണ്ട് എന്നെ എത്തിച്ചു. നിന്ദ്യനായ ഞാൻ ഇവിടെത്തന്നെ ഇരുന്നാലും ശുദ്ധമായ ആ ബ്രഹ്മാനന്ദസമുദ്രം എന്നെ മുക്കുക തന്നെ ചെയ്യു"[115] മെന്ന് സൂചിപ്പിക്കുന്നു. സനാതനധർമ്മത്തിൽ അറിവില്ലായ്മയുടെ ഇരുട്ട് അറിവു കൊണ്ട് നീക്കം ചെയ്യുന്ന ഗുരുവിന്റെ സ്ഥാനം ഈശ്വരന് തുല്യമോ അതിലുപരിയോ ആണ്. ഈ ദൃഷ്ടിയിലാണ് പ്രപഞ്ചാനുഭവത്തെ അഭിന്നമായി സാക്ഷാൽക്കരിച്ച് ലോകത്തിന് ഉൾത്തെളിച്ചമേകുന്ന ഗുരുവിന്റെ പരമമായ ധർമ്മം ഇവിടെ പരാമർശിച്ചത്. അറിവില്ലായ്മയുടെ ഇരുളകറ്റൽ മാത്രമല്ല തെളിഞ്ഞ വെളിച്ചത്തെ മേലിൽ ഇരുളടയാനനുവദിക്കാതെ കൂടുതൽ സമുജ്ജ്വലിപ്പിച്ച് നിർത്തുന്നവനും അതിലൂടെ കൂടുതൽ പേരുടെ ഇരുളകറ്റുന്നതിന് പ്രേരിപ്പിക്കുന്നവനുമാണ് ഗുരു. ആശാന്റെ കവിതകളിൽ ആവിഷ്ക്കൃതമാകുന്ന ഗുരുപ്രരൂപം ഈ ധർമ്മനിർവ്വഹണത്തിന് പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ടാണ് പരമമായ ശാന്തിസ്ഥാനത്ത് സംശയങ്ങളൊഴിഞ്ഞ ഇടത്തിൽ ഗുരു തന്നെ കൊണ്ടെത്തിച്ചത്. പ്രസ്തുത അവബോധത്തിൽനിന്ന് വ്യതിരിക്തനായി നിൽക്കുമ്പോളാണ് സ്വയം നിന്ദ്യനാകുന്നത്. താൻ എവിടെയാണെങ്കിലും ആ ബ്രഹ്മാനന്ദത്തിന്റെ കടലലകൾ വന്ന് തന്നെ അതിലാഴ്ത്തുമെന്നു തന്നെയാണ് കവി പറയുന്നത്.

ദുഃഖസമുദ്രത്തിൽ ആഴുന്ന എന്നോട് അതിയായ വാത്സല്യം തോന്നി പൊടുന്നനെ അതിൽ

---

114- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-58

115- അതേ പുസ്തകം- പുറം-59

നിന്ന് പിടിച്ചു കയറ്റാൻ അടുത്തണയുന്ന ശ്രീനാരായണഗുരു നാഥൻ തനിക്ക് ദൈവമാണെന്ന് പറഞ്ഞുകൊണ്ടാണ് 'ഭക്തവിലാപം', 'സുബ്രഹ്മണ്യശതകം' എന്നിവ തുടങ്ങുന്നത്.[116] ഭക്തവിലാപത്തിൽ (ശ്ലോകം-22) "അണകവിഞ്ഞു പൊങ്ങുന്ന അറിവാകുന്ന സമുദ്രത്തിൽ ഈ ജഡങ്ങളെല്ലാം കുമിളകൾപോലെ വിലസുന്നു. ഗുണങ്ങളറ്റതിനെ ലക്ഷ്യമാക്കുന്ന നിന്റെ ഗുണം ഗുരുവിനല്ലാതെ മറ്റാർക്കുമറിയില്ല. ജഡങ്ങളെല്ലാം ക്ഷണികങ്ങളാണെന്നും അവയ്ക്ക് വേറെ സത്തിയില്ലെന്നും അറിവാകുന്ന സമുദ്രത്തിലുണ്ടാകുന്ന പോക്കുവരവുകൾ മാത്രമാണ് ജഡങ്ങളെന്നും കവി പറയുന്നു."[117] ഇത് ശ്രീനാരായണ ഗുരുവിന്റെ "ഇവിടെ അറിയപ്പെടുന്നതൊക്കെയും സൂക്ഷ്മമായി തിരഞ്ഞു നോക്കുമ്പോൾ അവയിൽ അറിവല്ലാതെ വേറൊന്നും തന്നെയില്ല എന്ന് തെളിയുന്നതാണ്. ഉള്ളിലും പുറത്തും ഉള്ളതായി അനുഭവപ്പെടുന്നതെല്ലാം ഒരേ അറിവിന്റെ ഭാവാന്തരവും രൂപാന്തരവുമാണ്. എന്നാൽ അറിവല്ലാതെ വേറൊന്നും തന്നെ എവിടെയുമില്ല എന്ന് ഉറപ്പിക്കാവുന്നതാണ്"[118] എന്ന കാഴ്ചപ്പാടാണ് കവിയിലൂടെ വെളിപ്പെടുന്നത്. ഇവിടെ ആരാദ്ധ്യദേവതയായ സുബ്രഹ്മണ്യതത്ത്വം ദേവതാസങ്കല്പമെന്നതിലുപരി ഗുണാതീതഭാവമായ പരമാത്മതത്ത്വത്തെ പ്രതിനിധാനം ചെയ്യുന്നതാണ്. പ്രസ്തുത ഭാവം തിരിച്ചറിയാൻ തത്തുല്ല്യ നിലയിൽ ഗുണാതീതമായ മറ്റൊരു ഭാവത്തിന്റെ ആവശ്യമുണ്ട്. അതാകട്ടെ സ്വാനുഭവനിഷ്ഠമാണ്. ശാസ്ത്രങ്ങളും ആചാര്യവാക്യങ്ങളും ഈ തത്ത്വത്തിന്റെ ദിശാസൂചകങ്ങളായേ വരികയുള്ളൂ. സുബ്രഹ്മണ്യതത്ത്വം അഥവാ പരമാത്മഭാവം ഗുരുവിനറിയാമെന്നതിന്റെ അർത്ഥം ഗുരു അതിൽനിന്ന് അഭിന്നമായ ആത്മബോധം കൈവരിച്ച ആളാണെന്നാണ്.

ഗുരുവിനെക്കുറിച്ചുള്ള ഇതേ വീക്ഷണംതന്നെയാണ് ആശാന്റെ ഖണ്ഡകാവ്യങ്ങളിലുമുള്ളത്. ഗുരുകടാക്ഷത്തിന്റെ അവർണ്ണനീയഭാവം 'നളിനി'യിൽ കാണാം. ദിവ്യപ്രകാശം ചിതറുന്ന ദിവാകരയോഗിയുടെ മുഖശ്രീ കണ്ടപ്പോൾ എങ്ങനെ തന്റെ കാര്യങ്ങൾ ആ മഹാപുരുഷനോടു പറയുമെന്നോർത്ത് നളിനിയുടെ മനസ്സ് പതറിപ്പോയി. ദിവാകരന്റെ അമേയമായ വ്യക്തിവൈഭവം നളിനിയിലുണ്ടാക്കിയ പ്രതികരണം എന്നതിലുപരി സമുന്നതവും ദിവ്യവുമായ ബോധതലത്തിലേക്കുയരുന്നതിന് ദിവാകരയോഗി നളിനിക്കേകിയ ദൃഷ്ടിദീക്ഷ കൂടിയാണത്.

---

116- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-57

117-അതേ പുസ്തകം-പുറം-81

118- അറിയപ്പെടുമിതു വേറ-ല്ലറിവായീടും തിരിഞ്ഞിടും നേരം
അറിവിതിലൊന്നായതു കൊ- ണ്ടറിവല്ലാതില്ലെങ്ങുമില്ല വേറൊന്നും
ശ്രീനാരായണഗുരു-അറിവ്-വ്യാഖ്യാനം- ഗുരു നിത്യചൈതന്യ യതി- നാരായണഗുരുകുലം- 1989 പുറം-1

ആത്മഹത്യയിൽനിന്ന് രക്ഷപ്പെടുത്തി തന്നോടൊപ്പം വ്രതനിഷ്ഠയോടെ കഴിയുന്ന നളിനിയോട് ഒരിക്കൽ അവളുടെ ആഗ്രഹത്തിന് വൈകാതെ സാഫല്യം കൈവരുമെന്ന് പറഞ്ഞ് യോഗിനി അനുഗ്രഹിക്കുന്നു. അവിടെ കവി ഗുരുവിന്റെ അനുഗ്രഹത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ശിഷ്യലോകത്തിന് പ്രേമമാർന്ന ഗുരുവിന്റെ പ്രസാദമാണ് ക്ഷേമത്തിന് കാരണമായി തീരുന്നതെന്ന് കവി അഭിപ്രായപ്പെടുന്നു.[119] ഇവിടെ ഗുരുവിന്റെ ത്രികാലദർശിത്വമാണ് വെളിപ്പെടുന്നത്. നളിനിയെ ഇവിടെ അനുഗ്രഹിക്കുന്നത് യോഗിനിയാണ്. മുഖ്യമായും അറിവധികാരവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഗുരുത്വം ലിംഗവ്യത്യാസങ്ങൾക്കും കാലഭേദങ്ങൾക്കും അതീതമാണെന്നും പങ്കുവയ്ക്കാനാകാത്തതായി അറിവിന്റെ ഇടങ്ങളൊന്നുപോലുമില്ലെന്നും കവി സ്ഥാപിക്കുകയാണിവിടെ. മാത്രമല്ല, പ്രണയസാഫല്യം വൈകാതെ കൈവരുമെന്ന് നളിനിയെ ആശംസിക്കുന്നത് ലൗകികചിഹ്നങ്ങൾക്ക് നിലവിലുള്ള തന്റെ ജീവിതസാഹചര്യത്തിൽ പ്രാധാന്യം കൊടുക്കാത്ത യോഗിനിയാണ്. തുടർന്നു വരുന്ന ജീവിതത്തിൽ നിന്ന് വ്യത്യസ്തമായി ആശ്രമചര്യകളോട് പൊരുത്തപ്പെട്ട് കഴിയുന്ന നളിനിയ്ക്കാണ് ഈ ആശിസ്സർപ്പിക്കുന്നത്. ലൗകികം/ആത്മീയം എന്നീ പിരിവുകളോടെ സാമാന്യലോകം പരസ്പരവിരോധിയായി കാണുന്ന ദ്വന്ദ്വങ്ങളെ സമന്വയിപ്പിക്കുന്ന ഗുരുകർത്തൃത്വം ഇവിടെ നിർവ്വഹിക്കുന്നത് യോഗിനിയാണ്. യൗഗികബുദ്ധ്യാ അവയെ ഉൾക്കൊള്ളുന്നതിലേക്ക് നളിനിയുടെ സ്വത്വത്തെ ക്രമമായി ഉയർത്തുകയാണ് അവർ ചെയ്യുന്നത്.

നിർവ്വാണമാകുന്ന നിധിയോടു കൂടിയവൻ, ദിവ്യൻ, സർവ്വലോകത്തിനും വന്ദ്യനായ ഒരേയൊരാൾ, ദയാലു, ഗുരുക്കന്മാർക്ക് അധീശനായവൻ എന്നൊക്കെയാണ് കുടിനീരേകിയ ചണ്ഡാലയുവതിക്ക് ഗുരുനാഥനായ ബുദ്ധഭഗവാനെ ആനന്ദഭിക്ഷു ചണ്ഡാലഭിക്ഷുകിയിൽ പരിചയപ്പെടുത്തിക്കൊടുക്കുന്നത്. നിർവ്വാണനിധി തുടങ്ങിയ വിശേഷണങ്ങൾ ഗുരുത്വമെന്ന അവബോധത്തിന്റെ സവിശേഷതലങ്ങളായാണ് നിലകൊള്ളുന്നത്. ഇവിടെയെല്ലാം ഗുരുവെന്ന അഭിസംബോധന ചെയ്യുന്നത് മാനവികതയുടെയും സാർവ്വലൗകികമായ ഈശ്വരീയതയുടെയും ആത്മബോധത്തിന്റെയും വിളക്കുകണ്ണിയായാണ്.[120]

---

119- പ്രേമമാർന്ന ഗുരുവിൻ പ്രസാദമാം / ക്ഷേമമൂലമിഹ ശിഷ്യലോകരിൽ (ശ്ലോകം-114)

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-57

120- നിർവ്വാണ നിധി കണ്ടെ മഹാസിദ്ധൻ / സർവ്വലോകൈക വന്ദ്യൻ ദയാകുലൻ

ഗുർവ്വധീശനനുഗ്രഹിക്കും നിന്നെ / പ്പർവ്വചന്ദ്രവദനേ ഞാൻ പോകുന്നു

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-203

ശ്രീനാരായണഗുരുവിന് ജന്മദിനാശംസകളർപ്പിച്ച് എഴുതിയ വനമാലയിലെ 'സ്വാമിതിരുനാൾ മംഗള'മെന്ന കവിത ഗുരുസ്തോത്രം തന്നെയാണ്. ''തന്നെ ചിന്തിക്കുന്നവർക്കെല്ലാം ജഗൽക്കാരണ നായ ശ്രീ പരമേശ്വരൻ ഐശ്വര്യമേകട്ടെ. അതുപോലെ തന്നെ ശ്രീനാരായണധർമ്മപാലന സഭാദ്ധ്യക്ഷ നും ജനക്ഷേമദനുമായ ഗുരുദേവനും തനിക്ക് ഒട്ടും കുറയാത്ത അനുഗ്രഹം നൽകട്ടെ. ഈ ഭൂമിയും ചരാചരപ്രപഞ്ചവും ആകാശവും ഒക്കെ ചമച്ച് തിളങ്ങുന്ന തൃക്കൈകളോടെയുള്ള കരുണക്കടലേ, തിര യുന്ന ജ്ഞാനികൾക്കുപോലും നീ പിടികിട്ടാത്തവനാണ്. പിന്നെ പാമരന്മാർ നിന്നെ ഭജിക്കുന്നത് എങ്ങ നെയാണ്? സ്വന്തം മതത്തെ സംസ്ക്കരിക്കാനായും ഈ മന്ദഭാഗ്യവാന്മാരുടെ പടനായകനായും വർത്തി ക്കുന്ന അങ്ങയുടെ യോഗക്ഷേമം ശാശ്വതനായ ഈശ്വരൻതന്നെ നോക്കിക്കൊള്ളു''[121] മെന്നെല്ലാം അതിലുണ്ട്. അദ്വൈതത്തിന്റെ മനോഹരമായ ആശ്രമാന്തരീക്ഷത്തിൽ ശോഭിക്കുന്ന ചന്ദ്രനെന്നും ലോക ത്തിൽ ജാതിയുടെ ഇരുട്ട് പരത്തുന്ന ചിറക് മുറിച്ചു കളഞ്ഞ് ഐശ്വര്യത്തിന്റെ പ്രകാശം പരത്തുന്ന പൂർണ്ണചന്ദ്രനെന്നും ഗുരുദേവനെ വിശേഷിപ്പിച്ച് അത് ഉപസംഹരിക്കുന്നു. ഈശ്വരതത്ത്വത്തെ നിരാകരിച്ച് അതിനു പകരമായല്ല ഇവിടെ ഗുരുവിനെ ദർശിക്കുകയും അഭിസംബോധന നടത്തുകയും ചെയ്യുന്നത്; പ്രത്യുത, ഗുരുവിന്റെയും ഈശ്വരന്റെയും സ്ഥാനം കേവലനിലയിൽ ഒന്നാണെന്ന് സമർത്ഥിക്കാനാണ് ഇരുവരും തനിക്ക് ഐശ്വര്യവും അനുഗ്രഹവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നത്. അതിൽ പ്രപഞ്ച സൃഷ്ടിയുടെ കർത്തൃത്ത്വംപോലും ഗുരുവിൽ അദ്ധ്യാരോപിച്ചിരിക്കുന്നു. സ്രഷ്ടാവിന്റെയും സൃഷ്ടി കളുടെയും പൂർണ്ണമായ അവബോധത്തിന്റെ പ്രതിനിധാനമായി ഇവിടെ ഗുരുതത്ത്വം പരിണമിക്കുന്നു. അതിൽ ഒരുപാസകന്റെ തലത്തിൽനിന്നുകൊണ്ടും ഗുരുവിനെ കാണുന്നുണ്ട്. അവിടെയാണ് സമൂർത്ത നായ ഗുരുവിന്റെ യോഗക്ഷേമം ഈശ്വരൻതന്നെ നോക്കിക്കൊള്ളുമെന്ന് പറയുന്നത്. അദ്വൈതത്ത്വ ത്തിൽ അധിഷ്ഠിതമായ അവബോധത്തോടെ സാമൂഹികരംഗങ്ങളിൽ ഇടപെടൽ നടത്തുന്ന ഗുരുദേ വനെ പ്രകീർത്തിച്ചാണ് അത് ഉപസംഹരിക്കുന്നത്. ഉപാസകന്റെ തലത്തിൽ നിന്ന് ഗുരുവിനെ വാഴ്ത്തി ഈശ്വരതലവുമായി അതിനെ ബന്ധിപ്പിച്ച് അതിന്നുപരിയുള്ള അദ്വൈതബോധത്തിലേക്കുയർത്തിയാണ് ഇവിടെ ഗുരുതത്ത്വത്തെ പ്രതിപാദിക്കുന്നത്.

കുമാരനാശാന്റെ ഗുരുദർശനത്തിന്റെ സമഗ്രഭാവം 'ഗുരു' എന്ന കവിതയിൽ കാണാം. ''ഇരുള കറ്റി അനാദിയായ അവബോധത്തിന്റെ നേർവഴി കാണിക്കുന്ന ഗുരു പരമേശ്വരൻ തന്നെയാണ്. ഈ ദൃഷ്ടിയിൽ ഞങ്ങൾക്ക് നാരായണഗുരുദേവൻ തന്നെയാണ് സമാരാദ്ധ്യനായിട്ടുള്ളത്. പരമമായ അറിവും

---

121- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-393-395

കരുണയും അഹങ്കാരരാഹിത്യവും ഇതുപോലെ മറ്റാർക്കും ഇല്ല. മറ്റുള്ളവർക്കുവേണ്ടി ആയുസ്സും ശരീരവും തപസ്സും ബലിചെയ്ത യോഗിശ്രേഷ്ഠന്മാർ വേറെയില്ല. വാദപ്രതിവാദങ്ങൾ ചെവിക്കൊണ്ടാലും മതപ്പോരുകൾ കണ്ടാലും വേദസാരമറിയുന്ന അവിടന്ന് ഭാവഭേദമെന്യേ മലപോലെ ഉറച്ചിരിക്കുന്നു. അറിവില്ലാത്ത ഞങ്ങളെ സ്നേഹത്തിന്റെ പാശത്തിൽ കെട്ടിയിരിക്കുകയാണ് അവിടന്ന്. അനേകലക്ഷം ജനങ്ങളുടെ തിരുനാമോച്ചാരണബലംകൊണ്ട് അങ്ങ് വിജയിക്കുന്നു. അങ്ങയുടെ കാരുണ്യം ഞങ്ങളുടെ ഈ യോഗത്തിന് ശുഭകരമാണ്. എവിടെയും നിറഞ്ഞ അങ്ങയുടെ കീർത്തി ജനചിത്തങ്ങളിൽ നിന്ന് ഇണങ്ങി പ്രസരിക്കുന്നു. ഉറുമ്പ് ഉൾപ്പെടെയെല്ലാത്തിനെയും തന്നെപ്പോലെതന്നെ കാണുന്ന അങ്ങേക്ക് ഈ ലോകം ദീർഘായുസ്സ് നേരുന്നുവെന്ന്"[122] ആശംസിച്ചാണ് പ്രസ്തുത കവിത ഉപസംഹരിക്കുന്നത്. ഉറുമ്പ് ഉൾപ്പെടെ എല്ലാത്തിനെയും തന്നിൽ നിന്ന് അദ്വയമായി കാണുന്ന സമദർശിത്വവും വിപരീതദ്വന്ദ്വങ്ങളോടുള്ള സഹിഷ്ണുതയുമാണ് ഗുരുവിനെ പ്രപഞ്ചനിയമവുമായി ഏകീഭവിപ്പിക്കുന്നത്. ഒരു സത്യത്തിന്റെ വിഭിന്ന ആവിഷ്ക്കാരമായ ഗുരുവും ഈശ്വരനും രണ്ടല്ലെന്നും മഹനീയഗുണങ്ങളുടെ ഉള്ളടക്കമാണ് ഗുരുതത്ത്വമെന്നും ഇതിലൂടെ സ്പഷ്ടമാക്കുന്നു.

'ഗുരുപാദദശക'മെന്ന കവിതയിൽ "വിപരീതങ്ങളായി ലോകം കാണുന്ന ഭുക്തിയും മുക്തിയും ലഭിക്കാൻ എല്ലാത്തിനും ആധാരമായ നാരായണഗുരുദേവന്റെ പാദം എപ്പോഴും കൈതൊഴുന്നതായി പറയുന്നു. ബ്രഹ്മതത്ത്വത്തിലെന്നപോലെ ഗുരുവിൽ ഭുക്തിയും മുക്തിയും നിലകൊള്ളുന്നു എന്നതിൽനിന്നും നിരാകാരമായ പരംപൊരുൾ തന്നെയാണ് ഗുരുവെന്ന് താല്പര്യപ്പെടുന്നു. അതിൽത്തന്നെ ആചാരമൊന്നും വിചാരം മറ്റൊന്നുമായിട്ടുള്ള ധൂർത്തന്മാരും വാചാടോപത്തിൽ മാത്രമൊതുങ്ങി നിൽക്കുന്ന വികടാത്മാക്കളും ഏറെയുണ്ട്. എന്നാൽ ആചരണം, മനോവൃത്തികൾ മുതലായവയിൽ വിചക്ഷണരായവർ കുറവായിരിക്കും. അത്തരത്തിൽപ്പെട്ട എന്റെ ഗുരുവിനെ ഞാൻ വന്ദിക്കുന്നു."[123] ഉൾക്കൊണ്ടിരിക്കുന്ന തത്ത്വത്തെ ചൊല്ലിലും ചിന്തയിലും ചെയ്തിയിലും അന്തരമില്ലാതെ ലോകത്തിനു മുന്നിൽ പ്രവർത്തിപ്പിച്ചു കാണിക്കുന്നവനാണ് ശരിയായ ആചാര്യനെന്ന് കവി ഇവിടെ വിവക്ഷിക്കുന്നു. ശ്രീനാരായണഗുരുവിന്റെ ജന്മദിനാവസരത്തിൽ എഴുതിയ 'സ്വാമി തിരുനാൾ വഞ്ചിപ്പാട്ടെ'ന്ന കവിതയിൽ വേദപാണ്ഡിത്യം, ശുദ്ധതപസ്സ്, ക്രിയായോഗം എന്നിവിലൂടെ ഔന്നത്യത്തെ സാക്ഷാൽക്കരിച്ച സ്വാമിയെപ്പോലെ പരമാത്മവിദ്യയുടെ പരമാവധി കണ്ട മറ്റൊരാളില്ലെന്നും എല്ലാവർക്കും അഭ്യു

122-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-203

123- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-401

ദയം നൽകാൻ ദൈവമയച്ച തിരുവവതാരംതന്നെയാണ് അവിടന്നെന്നും വെളിപ്പെടുത്തുന്നു.

സമീപത്തെത്തുന്ന സാധകന്റെ അവബോധനിലയറിഞ്ഞ് പെരുമാറാൻ യോഗിക്ക് കഴിയും. സാധകരെ സംബന്ധിച്ച് തങ്ങളുടെ തലങ്ങളും നിലവാരവും യോഗിയിൽ ദർശിക്കാനും സാധിക്കും. അതിൽത്തന്നെ തുടരുന്നു: "അമ്മയെപ്പോലെ കരുണ, അച്ഛനെപ്പോലെ ക്ഷേമചിന്ത, സഹോദരനെപ്പോലെ ഹൃദയത്തിലുള്ള സഹജമായ സ്നേഹം, വേദത്തെപ്പോലെ അറിവ്, രാജാവിനെപ്പോലെയുള്ള പരിപാലന ചിന്ത എന്നിവയെല്ലാമുൾച്ചേർന്ന ഗുരുപാദത്തെ എപ്പോഴും കൈതൊഴുന്നു."[124] നാരായണ ഗുരു സ്വാമി കളുടെ അറുപതാമത്തെ പിറന്നാളിന് എഴുതിയ "ഷഷ്ടിപൂർത്തി മംഗള' ത്തിൽ 'യാതൊരുവൻ മന സ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ജയങ്ങളാൽ ശുകമഹർഷിയെ അതിക്രമിച്ചവനും കപിലനെ കടന്ന വനും കരുണകൊണ്ട് ബുദ്ധനിലും കൂടിയവനുമാണോ അങ്ങനെയുള്ള സ്വയം പരമഹംസനായ നാരാ യണഗുരു അദ്വൈതമായ ചിദാകാശത്തിൽ സർവ്വോൽക്കർഷേണ വർത്തിക്കുന്നു"[125] വെന്ന് പറഞ്ഞി രിക്കുന്നു. ഗുരുവിന്റെ ഭാവസമഗ്രതയാണിവിടെ പ്രതിപാദിക്കുന്നത്. തന്റെ ഗുരുവിന്റെ മഹത്വം താരത മ്യത്തിലൂടെ ഭൗതികമായി വെളിപ്പെടുത്തി അത്തരമൊരാചാര്യനെ തെരഞ്ഞെടുത്തതിലുള്ള തന്റെ പാടവം വെളിപ്പെടുത്തുകയല്ല കവിയുടെ ലക്ഷ്യം. മറിച്ച്, അദ്വൈതാവബോധത്തിൽ വർത്തിക്കുന്ന സൂക്ഷ്മസാ ക്ഷിയായ ഗുരു അറിയപ്പെട്ടതിൽനിന്നെല്ലാം അന്യവും അറിയപ്പെടാത്തതിൽനിന്നും ഉപരിയുമാണെന്ന് സ്ഥാപിക്കാനാണ് ഇതര മഹാത്മാക്കളുമായി താരതമ്യം നടത്തുന്നത്. ഭാരതീയവീക്ഷണത്തിൽ ഗുരു വിനെ ത്രിമൂർത്തികൾക്കുപരിയുള്ള പരബ്രഹ്മതത്ത്വമായി വിധിരൂപത്തിൽ നിർദ്ദേശിക്കുമ്പോൾ ഇവിടെ ചില മഹദ്വ്യക്തിത്വങ്ങളെ ഉദ്ധരിച്ച് അതിൽ നിന്നെല്ലാം ഉപരിവർത്തിക്കുന്നതാണ് ഗുരുവെന്ന് ബോദ്ധ്യ പ്പെടുത്തുന്നു.

വിവേകാനന്ദസ്വാമികളുടെ 'രാജയോഗം' ഭാഷയിലേക്കാക്കുമ്പോഴും ഗുരുതത്ത്വത്തിനു മുന്നിൽ ആത്മസമർപ്പണം ചെയ്തു നിൽക്കുന്ന വിനീതശിഷ്യന്റെ രൂപത്തിൽ കവിയെ കാണാം. അതിൽ "ജ്ഞാനംകൊണ്ടും തന്റെ തപസ്സുകൊണ്ടും പരിശുദ്ധനായ അദ്ദേഹം മനുഷ്യലക്ഷണത്തിലുള്ള ശിവനോ അല്ല, പുതിയ അവതാരം എടുത്ത നാരായണൻ തന്നെയോ എന്ന് നിർമ്മത്സരന്മാർക്ക് വിവാദവിഷയമാ യിരുന്നു. അദ്ദേഹത്തിന്റെ കാലിലെ പൊടിപോലും നെറുകയിൽ ധരിക്കപ്പെട്ടിട്ട് അഴുക്കുള്ള എന്റെ മന ക്കണ്ണാടിയെ തുടയ്ക്കുന്നു. അതുകൊണ്ട് എനിക്ക് മറ്റൊരാൾ പൂജനീയനായിട്ടുണ്ടോ? ആ ഗുരു തന്നെ

124- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-403

125-അതേ പുസ്തകം-പുറം-437

യാണ് തനിക്കേറ്റവും വലിയവ്"[126] നെന്നരുളുന്നു. തന്റെ ജീവിതയാത്രയിൽ ഗുരുവിനുള്ള സ്ഥാനവും സ്വാധീനവുമാണ് കവി ഇവിടെ വെളിവാക്കുന്നത്. ഗുരു ബാഹ്യമായ ജീവിതസന്നാഹങ്ങളുടെ വക്താവല്ല മറിച്ച് ആന്തരികമായ സംസ്ക്കരണത്തിനുള്ള ഉൽപ്രേരകമാണ്. ആശാന്റെ ഗുരുസങ്കല്പം ദേവതകളോടും ഈശ്വരനോടും ഒത്തുപോകുന്ന ഒന്ന് മാത്രമല്ല. അത് പ്രായോഗികതലത്തിൽ നാം അഭിമുഖീകരിക്കുന്ന സാഹചര്യങ്ങൾ, അതിൽ നിന്നുൾക്കൊള്ളുന്ന പാഠങ്ങൾ, അതിലൂടെ ജീവിതത്തിലുണ്ടാകുന്ന ധനാത്മകമായ പരിവർത്തനങ്ങൾ, സർവ്വോപരി അതിലൂടെ എത്തിച്ചേരുന്ന ലക്ഷ്യതലം എന്നിവയുമായെല്ലാം ബന്ധപ്പെട്ടതാണ്. ബഹുസ്വരമാർന്ന അറിവിന്റെയും അനുഭവങ്ങളുടെയും സമ്യക്കായ സമന്വയഭാവമായും ജീവിതമൂല്യങ്ങളുടെ ഉദാത്തലക്ഷ്യമായും അതിനുള്ള ഉദ്ബോധനമായും ആത്മസാക്ഷാൽക്കാരത്തിന്റെ ജൈവരൂപമായുമാണ് ആശാൻ കവിതകളിൽ ഗുരുതത്ത്വം അന്തർല്ലീനമായിരിക്കുന്നത്.

ഗൃഹസ്ഥാശ്രമധർമ്മം സ്വീകരിക്കാൻ തയ്യാറായ കുമാരനാശൻ ഗുരുവിനേകുന്ന ഒരു സമർപ്പണമെന്ന സംസ്കൃത രചനയുടെ തുടക്കത്തിൽത്തന്നെ പറയുന്നു. ഇങ്ങനെയാണ്. "ആശ്രിതന്മാരിലുള്ള കരുണകൊണ്ടും ദയകൊണ്ടും അധികമായിട്ട് ഭിന്നഗതികളോടു കൂടിയ സമ്പ്രദായങ്ങളാൽ സേവിക്കപ്പെടുന്നതും സജ്ജനങ്ങൾക്ക് പ്രാപ്യമായിത്തീരുന്ന ശരീരത്തോടു കൂടിയതും ഗുരുവിന്റെ പാദമാകുന്ന ലക്ഷണങ്ങളോടു കൂടിയതുമായ മഹേശ്വരനെ ഞാൻ ഉപാസിക്കുന്നു."[127] മഹേശ്വരതത്ത്വത്തെ ഗുരുപാദമാകുന്ന ലക്ഷണത്തോടുകൂടിയതെന്ന് പരാമർശിച്ചത് ശ്രദ്ധേയമാണ്. ഗുരുശരീരത്തിന്റെ ഏറ്റവും താഴെയുള്ള പാദം പരമേശ്വരലക്ഷണമാണെന്നരുളുമ്പോൾ അതിനുപരിയുള്ള പരബ്രഹ്മസ്വരൂപമായാണ് കവി ഗുരുഭാവത്തെ നിദർശിക്കുന്നതെന്ന് ഇവിടെ സ്പഷ്ടമാണ്.

ഈശ്വരനെന്നപോലെ തന്നെ ഗുരുവിനും ആശാൻ കവിതയിൽ വിവിധ തലങ്ങൾ നിർദ്ദേശിച്ചിരിക്കുന്നതായി കാണാം. 'സാമാന്യധർമ്മങ്ങൾ' എന്ന ഭാഗത്ത് ഗുരുഭക്തിയെക്കുറിച്ച് ആശാൻ ഇങ്ങനെ പറയുന്നു. 'കുറച്ചോ കൂടുതലോ ശാസ്ത്രം അഭ്യസിച്ച ഒരാൾ നമ്മുടെ വിദ്യയ്ക്ക് ഉപകരിക്കകൊണ്ട് ഗുരുവെന്നറിയണം. ഗുരുവിന്റെ പേര് മറവിൽപ്പോലും പറയരുത്. ഗുരു ചേഷ്ടകളെ അനുകരിക്കൽ, ഗുരുവിനെക്കുറിച്ചുള്ള അപവാദങ്ങൾ കേൾക്കൽ എന്നിവയിൽ നിന്നെല്ലാം വിട്ടൊഴിഞ്ഞു നിൽക്കേ

---

126- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ , ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-171

127- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-439

ണ്ടതാണ്.'[128] രക്ഷകൻ, മഹാപിതാവ്, ഈശ്വരൻ, ആത്മതത്ത്വം എന്നീ നിലയിലെല്ലാം ഗുരുസ്വത്വം ആശാൻ കവിതകളിൽ കടന്നു വരുന്നുണ്ട്. പരമ്പരാഗതമായി അവതരിപ്പിച്ചു പോരുന്ന ദേവതാസങ്ക ല്പത്തോടിണക്കിയാണ് പലയിടങ്ങളിലും ഗുരുവിനെ അവതരിപ്പിക്കുന്നത്. ഗുരുവിലൂടെ ഈശ്വരനെ കാണുന്നതിനോടൊപ്പം ഗുരുവിനെത്തന്നെ ഈശ്വരനായും ആത്മസ്വരൂപമായും തിരിച്ചറിയുന്ന അഭിന്നാവസ്ഥയേയും കവി പലയിടങ്ങളിലും നിർദ്ദേശിക്കുന്നുണ്ട്. ഗുരുത്വം ദേവതാസങ്കല്പങ്ങൾക്കും നാമരൂപങ്ങൾക്കും അതീതമായ അനുഭവാവസ്ഥയായി ഇവിടെ പരിവർത്തിക്കപ്പെടുന്നു. വ്യക്തിതലത്തെ മറികടക്കുന്നതിനുള്ള ഉത്തേജകോർജ്ജമായി ഗുരുപ്രസാദത്തെ കവി വിലയിരുത്തുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആത്മാവിൽ വെളിച്ചം പകരുന്ന ഗുരുകാരുണ്യം പാപത്തിന്റെ നാരായവേരറുത്ത് തന്നെ എന്നന്നേക്കുമായി രക്ഷിക്കുന്ന ആത്മബോധമായി ഇവിടെയെല്ലാം മാറുന്നു.

### 4.6-മഹാവാക്യം- പരമമായ സത്യബോധനം

പരമമായ സത്യം അറിവിലും അനുഭൂതിയിലും അധിഷ്ഠിതമാണെങ്കിലും അതിന്റെ അർത്ഥ ബോധനത്തിന് പദവാക്യാർത്ഥങ്ങളുടെ സീമിതതലത്തെ വിനിയോഗിക്കലാണ് മഹാവാക്യങ്ങളിലൂടെ ചെയ്യുന്നത്. പാരമാർത്ഥികമായ വിജ്ഞാനം, അതിലൂടെ ഉപലബ്ധമാകുന്ന ശാന്തി, ആനന്ദം, സ്വാത ന്ത്ര്യം എന്നിവയെക്കുറിച്ചെല്ലാം ജിജ്ഞാസുക്കളായവർക്ക് സൂചന നൽകുകയാണ് അതിന്റെ ലക്ഷ്യം. ജീവരാശിയുടെ മൗലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കഥാസന്ദർഭങ്ങളിലൂടെയും പ്രശ്നോത്തരങ്ങളിലൂ ടെയും വാദപ്രതിവാദങ്ങളിലൂടെയും കൊണ്ടുചെന്ന് അവയെ മർമ്മപ്രധാനമായ രീതിയിൽ ഒതുക്കി ഉപ ദേശം, മനനം, സാധന, അനുഭവം എന്നിവയിലൂടെ പരമസത്യത്തിന്റെ ഭാവത്തിലേക്കുയർത്തുകയാണ് ശ്രുതിയുടെ പരമതാല്പര്യമായ മഹാവാക്യങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. സാധനാസമ്പത്തിലൂടെ മന സ്സിനെ ഏകാഗ്രവും സ്വച്ഛവും സൂക്ഷ്മവുമാക്കിയ ശിഷ്യന് കേൾക്കുന്ന മാത്രയിൽത്തന്നെ അതിന്റെ അകക്കാതലറിയുന്നതിന് ശ്രോത്രിയനും ബ്രഹ്മനിഷ്ഠനുമായ ഗുരു ചുരുങ്ങിയ വാക്കുകളിൽ ഉപദേശി ക്കുന്നതാണവ. ഇതിന്റെ സ്വാധീനം ആശാൻകൃതികളിലെ വിവിധ സന്ദർഭങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും വെളിപ്പെടുന്നതായി കാണാം.

നളിനിയിൽ മഹാവാക്യോപദേശത്തിന്റെ നേരിട്ടുള്ള പ്രവർത്തനം കാണാം. സാധാരണ കാമുകീ കാമുകന്മാരുടേതിൽനിന്ന് വ്യത്യസ്തമായിരുന്നു നളിനീദിവാകരന്മാരുടെ ബന്ധമെന്ന് 'നളിനി'യിലെ

128- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, എഡി-1, പുറം-171

പലയിടങ്ങളിലും ആശാൻ നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ദിവാകരന്റെ മാറിലമർന്ന് അലൗകികമായ അനുഭൂതിക്ക് വശംവദയായ നളിനി പ്രാണനുപേക്ഷിക്കുന്ന സന്ദർഭത്തെക്കുറിച്ച് കവി വിവരിക്കുന്നത് ഇങ്ങനെയാണ്.

ഓമലാൾ മുഖമതിന്നു നിർഗ്ഗമി-/ ച്ചോമിതി ശ്രുതി നിഗൂഢവൈഖരി

ധാമമാർന്നുടനുയർന്നു മിന്നൽ പോൽ / വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ

നളിനിയുടെ മുഖത്തു നിന്നും വേദാന്തപ്പൊരുളായ ഓങ്കാരം ഉയർന്നു പൊങ്ങി. ഉടനെ ഒരു തേജസ്സ് മിന്നൽപ്പിണർപോലെ ഉയർന്ന് അന്തരീക്ഷത്തിലേക്ക് മാഞ്ഞുപോയി.[129] ഇത് കേവലസുഖം സമാസ്വദിച്ച കന്യകയുടെ അനിതരസാധാരണമായ ദേഹവിയോഗമാണ്. കാമുകനോടുള്ള ലൗകികപ്രണയത്തിൽ നിന്നുയർന്ന് പ്രണവത്തെ സാക്ഷാൽക്കരിച്ച അവർ ദിവാകരന് നൂതനമായ ഉണർച്ചയിലേക്കുള്ള മാർഗ്ഗദർശിയായി. ഒരേ പ്രകൃതിപ്രതിഭാസത്തിന്റെ രണ്ട് വ്യത്യസ്ത പ്രതിനിധാനങ്ങളാണ് കൊടുമുടിയും താഴ്‌വാരവുമെന്നും സമവായത്തിലൂടെയാണ് അവ ചാരുതയാർജ്ജിക്കുന്നതെന്നും നളിനിയുടെ ദേഹവിയോഗത്തിലൂടെ ദിവാകരയോഗി തിരിച്ചറിയുന്നു. നളിനിയുടെ പ്രണവോച്ചാരണം ദിവാകരനെ സംബന്ധിച്ച് ഉയർന്ന അവബോധത്തെക്കുറിക്കുന്ന മഹാവാക്യോപദേശമായി പരിണമിക്കുകയാണ് ചെയ്യുന്നത്.

മദനനെ കാണുന്ന ലീലയുടെ ഭാവവൈവശ്യത്തെക്കുറിച്ച് കവി ഇപ്രകാരം പറയുന്നു. ആ പതിവ്രത പെട്ടെന്ന് ബോധമാർന്ന് തിരിഞ്ഞു നോക്കിയപ്പോൾ അരികിൽ ഒരു രൂപത്തെ കണ്ടു. അത്യധികം ശാരീരിക പാരവശ്യങ്ങൾ ഉണ്ടായിരുന്നിട്ടും അവൾ അതിന്റെ പാദങ്ങൾ തൊട്ടുവണങ്ങി എഴുന്നേറ്റു നിന്നു. ഉൽക്കടമായ ആശയോടെ വിറയാർന്ന ചിറകുകൾ വിടർത്തി ഇണയോടടുക്കുന്ന പെൺപ്രാവിനെപ്പോലെ ആ വികൃതരൂപത്തിനു നേരെ നിറഞ്ഞ സ്നേഹത്തോടെ ലീല കൈകൾ നീട്ടിയണഞ്ഞു.പ്രസ്തുതശ്ലോകങ്ങളിൽ 'കൂപ്പിനാളെണീറ്റാൾ' എന്നും 'വികൃതരൂപമാമതിൽത്താൻ' എന്നും പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. "ബോധം തെളിയാത്തതുകൊണ്ട് ആഗതനായ മദനനെ വെറും നിഴലായാണ് ലീല കാണുന്നത്. ബോധം നല്ലവണ്ണം തെളിഞ്ഞിട്ടില്ല. ഇത് കാണിക്കാനാണ് അത് എന്ന് പറഞ്ഞിട്ടുള്ളത്. വ്യംഗ്യപക്ഷത്തിൽ അത് എന്നത് തത്ത്വമസി മഹാവാക്യത്തിലെ **അത്** തന്നെ. തന്നിൽനിന്ന് വ്യതിരിക്തമല്ലാത്ത തത്ത്വത്തെ കുറിയ്ക്കുന്നതാണ് സാങ്കേതികമായി വേദാന്തത്തിൽ നിർദ്ദേശിക്കുന്ന അപരോക്ഷശബ്ദപ്രമാണം. ഏകവും അദ്വിതീയവും അഖണ്ഡവും നാമരൂപരഹിത

---

129- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-316, (ശ്ലോകം- 145)

വുമായ ബ്രഹ്മം (**അത്**).**അത്** തന്നെ **ഇത്** (ജീവൻ) എന്ന മഹാവാക്യമായ തത്ത്വമസിയുടെ താല്പര്യം തന്നെയാണ് ഇതിനുള്ളത്. ''[130] ഇവിടെ ലീലയെന്ന ആവരണമാർന്ന ജീവാത്മഭാവം മദനനെന്ന പരമാത്മതത്ത്വത്തെ അന്വേഷിച്ചു കണ്ടെത്തുമ്പോഴുള്ള സാക്ഷാൽക്കാരസാഫല്യം വിദേഹമുക്തിയായാണ് പരിണമിക്കുന്നത്. വളരെക്കാലത്തിനുശേഷം കണ്ടുമുട്ടുന്ന മദനൻ ലീലയെ സംബന്ധിച്ച് വികൃതരൂപമല്ല, മറിച്ച് തന്റെ അനന്യലക്ഷ്യം തന്നെയാണ്.

നളിനിയിലേതെന്നപോലെ സത്യത്തിന്റെ ലക്ഷ്യതലത്തെ വാക്കുകൾകൊണ്ട് ഉപദേശിക്കുമ്പോൾ ആളും മൊഴിയും പൊരുളും ഒന്നായി സാഫല്യമടയുന്ന ദൃശ്യം കരുണയിലും കാണാം. ഓമെന്ന ശ്രുതിനിഗൂഢവൈഖരിയുടെ മറ്റൊരു രൂപമാണ് വാസവദത്തയ്ക്ക് ഉപഗുപ്തൻ ഉപദേശിച്ചു കൊടുക്കുന്നത്. താനനുഭവിച്ചറിഞ്ഞ സത്യത്തിലേക്കടുപ്പിക്കുന്നതിനുള്ള ശരണത്രയത്തിന്റെ ഉപദേശം വാസവദത്തയ്ക്ക് കൊടുക്കുന്നത് അവൾ മരണാസന്നയായി കിടക്കുമ്പോളാണ്. ഉപഗുപ്തൻ അവളുടെ ശിരസ്സിന്മേൽ തന്റെ കൈവെച്ച് കാരുണ്യത്തോടെ കാതുകളിൽ ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി എന്നീ ശരണത്രയത്തെ ഉരുവിടുന്നു. അവയെ രത്നങ്ങളായി സങ്കല്പിച്ച് അതുൾക്കൊണ്ടപ്പോൾ വാസവദത്തയ്ക്ക് പുതിയ തേജസ്സും കാന്തിയും കൈവന്നതായി കവി പറയുന്നു.[131] സ്ത്രീ പുരുഷഭേദമെന്യേ എല്ലാവർക്കും ആത്മീയലക്ഷ്യത്തിലേക്കുയരാൻ കഴിയുമെന്ന സൂചനകൂടി ഇതിലുണ്ട്. ശ്മശാനഭൂമിയിൽവെച്ച് പാപപങ്കിലമായ ജീവിതത്തെ ആകത്തുകയിൽ ഒരു നിമിഷമെങ്കിലും ചിന്തിച്ച് വിലയിരുത്താനായപ്പോളാണ് പ്രസ്തുത സാഹചര്യത്തിൽനിന്ന് എന്നന്നേക്കുമായ വിടുതൽ വേണമെന്ന് വാസവദത്തയ്ക്ക് തോന്നിയത്. അപ്പോളാണ് അത് ശ്രവിക്കുന്നതിനുള്ള സമയം സമാഗതമായത്. അതുകൊണ്ടാണ് അവൾ മുമ്പ് ഉപഗുപ്തനെ ക്ഷണിച്ചപ്പോൾ സമയമായില്ലെന്ന മറുപടി അദ്ദേഹത്തിൽനിന്നുണ്ടായത്. അവൾ പ്രസ്തുത സമയത്ത് ശാസ്ത്രസ്വാദ്ധ്യായത്തിന്റെ ആദ്യപടിയായ ശ്രവണത്തിനുപോലും അർഹത നേടിയില്ലെന്നതുകൊണ്ടാണ്. ശ്മശാനഭൂമിയിൽ അംഗങ്ങളറ്റ് ചരമാവസ്ഥയിൽ കിടക്കുമ്പോൾ തന്റെ ജീവിതത്തെക്കുറിച്ചുള്ള പര്യാലോചനകളുടെയും മറ്റും ഫലമായി അവൾക്ക് ആപ്തവാക്യം കേൾക്കുന്നതിനുള്ള അർഹതയും അധികാരവും സമാഗതമാകുന്നു. തീവ്രമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുവന്ന് അതിനെ ആകത്തുകയിൽ നിരൂപണം ചെയ്യുന്ന

---

130- ലീലാഹൃദയം വ്യാഖ്യാനം- കരിമ്പുഴ രാമകൃഷ്ണൻ- (നാലാം പതിപ്പ്) ഡി.സി.ബുക്ക്സ്, കോട്ടയം, 1982, എഡി-1, പുറം-154

131- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-253

ഒരാളിലാണ് ആപ്തവാക്യങ്ങൾ പ്രവർത്തനസാഫല്യമടയുന്നത്. "മുക്തിപാത്രമായി പവിത്രയായി കാണപ്പെടുന്ന വാസവദത്തയെ അനുഗ്രഹിച്ചുകൊണ്ട് കരതലമുയർത്തി കാർചികുരംതൻ ശിരസ്സിൽവെച്ച് അല്പം കുനിഞ്ഞ് അവളുടെ കർണ്ണങ്ങളിൽ ശരണരത്നമോതിക്കൊടുക്കുന്ന മുനീശ്വരന്റെ ചിത്രം ഒരിക്കലും വിസ്മരിക്കാനാകുന്നതല്ല"[132] എന്നാണ് ഉപഗുപ്തന്റെ കൃത്യസമയത്തുള്ള ആഗമനത്തെപ്പറ്റി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നത്. ഇങ്ങനെ നശ്വരതയുടെ കൊടുമയിൽ തെളിയിക്കുന്ന അനശ്വരമായ വെളിച്ചം തൂകുന്ന ഇത്തരം സൂക്തികൾ പൂർണ്ണപ്രജ്ഞയിൽ നിന്നുതിരുന്ന മഹാവാക്യങ്ങൾ തന്നെയാണ്.

## 7-സമന്വയത്തിന്റെ അദ്വൈതപക്ഷം

കവി, സാമൂഹികപരിഷ്ക്കർത്താവ്, നിരൂപകൻ, ദാർശനികൻ എന്നീ വ്യക്തിത്വങ്ങളുടെ സമന്വിതഭാവമായിരുന്നു കുമാരനാശാന്റേത്. സാമൂഹികനവോത്ഥാനത്തിന് ഗുരു നൽകിയ സംഭാവനകളാണ് സാഹിത്യരംഗത്ത് ആശാൻ നൽകിയത്. യഥാർത്ഥ സ്ഥിതിസമത്വത്തിലേക്കും പരമാനുഭൂതിയിലേക്കും നയിക്കുന്ന അദ്വൈതാദർശം പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്ന സത്യത്തിലധിഷ്ഠിതമായ വ്യക്തിജീവിതം കെട്ടിപ്പടുക്കാൻ പ്രേരകമാകുന്നു. അനാചാരങ്ങളെയും അബദ്ധവിശ്വാസങ്ങളെയും ജാതീയതയെയും എതിർക്കുവാൻ പ്രസ്തുത ദർശനത്തെയാണ് കുമാരനാശാൻ അവലംബമാക്കിയത്. വ്യവസായവിപ്ലവത്തെത്തുടർന്ന് പാശ്ചാത്യലോകത്തുണ്ടായ സോഷ്യലിസം, ജനാധിപത്യം, മാനവികത തുടങ്ങിയ ചിന്തകളെക്കുറിച്ച് അവബോധമുണ്ടായിരുന്നെങ്കിലും അദ്വൈതപക്ഷത്തിൽ നിന്നുകൊണ്ടാണ് അതിന് നൂതനവ്യാഖ്യാനങ്ങൾ ചമച്ചത്. വേദോപനിഷത്തുകളിലെ സ്ഥിതിസമത്വചിന്തകൾക്ക് ഊന്നലേകി ഉച്ചനീചകല്പനകളിൽ അധിഷ്ഠിതമായ ജാതീയതയെ എതിർത്തു. സാമൂഹികനവോത്ഥാനത്തിന് പാരമ്പര്യത്തിന്റെ കേന്ദ്രാക്ഷത്തിൽനിന്നുതന്നെയായിരുന്നു അദ്ദേഹം ഊർജ്ജസമാഹരണം നടത്തിയത്. ജാതിവ്യവസ്ഥയുൾപ്പെടെയുള്ള അനാചാരങ്ങൾ ഈശ്വരസൃഷ്ടമല്ലെന്നും സ്വാർത്ഥമൂർത്തികളും സ്നേഹശൂന്യരുമായ മനുഷ്യരുടെ നിർമ്മിതിയാണെന്നും അദ്ദേഹം കൃതികളിലൂടെ സമർത്ഥിച്ചത് സാർവ്വലൗകികസഹിഷ്ണുതയുടെ വെളിച്ചത്തിലായിരുന്നു. "ആശാന്റെ പടച്ചട്ട വൈഷ്ണവരായ വൈശേഷികരുടെതായിരുന്നു എങ്കിലും വീരസ്യം അതിന് കടകവിരുദ്ധമായി വളർന്നുയർന്നു നിന്നിരുന്ന ബൗദ്ധപ്രതിപത്തിയുള്ള ഉല്പതിഷ്ണുവായ ശാക്തേയന്റെതാണ്. ഇതിലെ വൈരുദ്ധ്യങ്ങളുടെ പരസ്പരനിരാകരണത്തിനാലാകാം അദ്ദേഹം ശൈവനുമായില്ല, ശാക്തേയനുമായില്ല; വൈഷ്ണവനു

132- ജോസഫ് മുണ്ടശ്ശേരി, (പ്രൊഫ.)- മാറ്റൊലി- മംഗളോദയം, ഒന്നാം പതിപ്പ്, 1944, തൃശ്ശൂർ പുറം-28

മായില്ല, വൈശേഷികനുമായില്ല. നേരെ മറിച്ച് മാനുഷികമൂല്യങ്ങളുടെ കറയറ്റ ഉപാസകനും നീതിക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി പൊരുതുന്ന പടയാളിയുമായി. ഇപ്രകാരം അതീവ സങ്കീർണ്ണമായിരുന്നു ആശാന്റെ അപബോധസ്മൃതി."[133] എന്ന് ഗുരു നിത്യചൈതന്യയതി ഈ വിഷയത്തെക്കുറിച്ച് അഭിപ്രായപ്പെടുന്നു.

അപേക്ഷികമായ നിരവധി സത്യങ്ങളുടെ സമാഹാരമാണ് ഈ പ്രപഞ്ചം. ഒരു തലത്തിൽ പ്രസക്തമാകുന്ന യാഥാർത്ഥ്യം മറ്റൊരു തലത്തിൽ സാധുതയുള്ളതായിരിക്കണമെന്നില്ല. അതായത് അവയ്ക്ക് ഓരോന്നിനും കടന്നുചെല്ലാവുന്ന സ്ഥലകാലനിബദ്ധമായൊരു അതിർത്തിയുണ്ട്. അതിനോട് അസ്തിത്വതലത്തെ ഇണക്കി മുമ്പോട്ടുകൊണ്ടുപോകുന്നതിന് അവയിൽ പുനഃക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കും. അതിന്റെ പ്രകടമായ ബാഹ്യലക്ഷണമാണ് അവയ്ക്കുണ്ടാകുന്ന നിരന്തര പരിണാമങ്ങൾ. ഇങ്ങനെയുണ്ടാകുന്ന ചലനനൈരന്തര്യങ്ങൾ ഇന്ദ്രിയമനോബുദ്ധികളിലുണ്ടാക്കുന്ന സംവേദനങ്ങൾക്കും ബാധകമായിരിക്കും. ഒരു സമയത്ത് ഒരു തലം എത്രത്തോളം സത്യമായനുഭവപ്പെടുന്നുവോ അത്രത്തോളം തന്നെ അതിന്റെ മറുഭാഗം മറ്റൊരവസരത്തിൽ സത്യമായിരിക്കും. ഏകമായ അധിഷ്ഠാനത്തിൽ നിന്നുകൊണ്ടാണ് ഈ വിരുദ്ധതലങ്ങൾ സ്ഥലകാലാനുസൃതം സജീവമാകുന്നത്. സ്ഥലകാലങ്ങളുടെ സംബന്ധംകൊണ്ട് വിവിധവൃത്തികൾ ബോധത്തിലുണ്ടാക്കുന്ന രേഖപ്പെടുത്തലുകൾക്കും അന്തരമുണ്ടായിരിക്കും. വ്യക്തിതലത്തിൽ വിച്ഛേദങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വൃത്തിവൈജാത്യങ്ങൾക്ക് സമന്വയം അനിവാര്യമാണ്. എല്ലാത്തിനും അതീതവും ആധാരഭൂതവുമായ അധികരണത്തിന്റെ തലത്തിൽ അനുഭവങ്ങളെ മൂല്യനിർണ്ണയം ചെയ്യുമ്പോൾ അവ ഒരേ സത്തയുടെ തന്നെ സാപേക്ഷ വൈവിദ്ധ്യങ്ങളെന്ന് തിരിച്ചറിയാനാകും. വിരുദ്ധ ധ്രുവങ്ങളിലെന്ന് അനുഭവപ്പെടുന്നവയെ ആധാരത്തിന്റെ സമഗ്രഭാവത്തിൽ അന്വയിപ്പിച്ച് നേടുന്ന പരസ്പരപൂരകവും സമഗ്രവുമായ സമീപനസമ്പ്രദായമാണ് യോഗസമീക്ഷ(Dialetics)എന്ന വിചാര പദ്ധതി. ഈ വിഷയത്തിൽ കൃത്യമായ ശാസ്ത്രീയ സമീപനം കൈക്കൊള്ളുന്ന അദ്വൈതചിന്തയുടെ വിചാരനിഷ്ഠയാണ് ആശാൻകവിതകളിലുള്ളത്.

ആശാന്റെ ഖണ്ഡകാവ്യങ്ങളും സ്തോത്രകൃതികളും ഇതിനു നിദർശനങ്ങളാണ്. പരമപഞ്ചകത്തിൽ "ഐക്യവും അനൈക്യവും ഇടകലർന്ന പ്രപഞ്ചമായ്, നരകക്കടലിന് വളരെ അകലത്തായ്, വർണ്ണിക്കാനാകാത്തതും എന്നാൽ വർണ്ണനാവിഷയമാക്കിയാൽ അനന്തമായി വർണ്ണിക്കേണ്ടുന്ന

---

133-നിത്യചൈതന്യയതി, ഗുരു- സീത നൂറ്റാണ്ടുകളിലൂടെ- നാരായണ ഗുരുകുലം- ശ്രീനിവാസപുരം, തിരുവനന്തപുരം- പുറം-156

ശ്രേഷ്ഠയായ് ഷഡാധാരചക്രാദികൾ കടന്ന അധിഷ്ഠാനദേവതയെ വന്ദിക്കാം"[134] എന്ന് പറയുന്നു. ലളിതാ സഹസ്രനാമത്തിൽ ഷഡാധാരചക്രങ്ങളിലോരോന്നിനെയും മറികടന്നവളെന്ന അർത്ഥത്തിൽ ദേവിയെ സ്തുതിക്കുമ്പോൾ ബ്രഹ്മഗ്രന്ഥിവിഭേദിനി, വിഷ്ണുഗ്രന്ഥിവിഭേദിനി, രുദ്രഗ്രന്ഥിവിഭേദിനി എന്നിങ്ങനെ ദേവിയെ വിശേഷിപ്പിക്കുന്നു. ശ്രീ ലളിതാ സഹസ്രനാമ വ്യാഖ്യാനത്തിൽ "കുണ്ഡലിനി ഓരോആധാരചക്രങ്ങൾ കടക്കുമ്പോഴും മനസ്സിന്റെ വിവിധ അറകൾ താനേ തുറക്കപ്പെടുന്നു. അത്ഭുതദൃശ്യങ്ങളും അതുല്യനാദങ്ങളും അവാച്യസിദ്ധികളും അനുഭവപ്പെടുന്നു. അങ്ങനെ കുണ്ഡലിനി മസ്തിഷ്ക്കത്തിന്റെ സഹസ്രാരചക്രത്തിൽ എത്തുന്നതോടെ യോഗി മനസ്സിന്റെയും ശരീരത്തിന്റെയും പരിമിതികൾ അതിക്രമിക്കപ്പെടുന്നു"[135] എന്ന് പറഞ്ഞിരിക്കുന്നു. ഓരോ ചക്രത്തിനും നാമരൂപഗുണയുക്തമായ ഓരോ ദേവതാസങ്കല്പമുണ്ട്. ഇവിടെ ഷഡാധാരചക്രങ്ങൾ കടന്ന അധിഷ്ഠാനദേവത എന്ന് പറയുമ്പോൾ എല്ലാ ചക്രങ്ങളെയും വിഭേദനം ചെയ്ത് എത്തിച്ചേരുന്ന ഈശ്വരതത്ത്വത്തെയാണ് ലക്ഷ്യമാക്കുന്നത്. ദേവതാസങ്കല്പത്തെ ഇവിടെയും സർവ്വാതീതമായ ഈശ്വരത്വത്തിലേക്കുയർത്തുന്നു. കൂടാതെ ഇവിടെ നിർദ്ദേശിക്കുന്ന ദേവതാവിശേഷത്തിൽ ഐക്യവും അനൈക്യവും ഇടകലർന്നിരിക്കുന്നുവെന്നും അതുകൊണ്ടുതന്നെ അവർണ്ണനീയമെന്നും കവി പറയുന്നു. കാര്യകാരണസംബന്ധമുള്ള വിരുദ്ധദ്വന്ദ്വങ്ങൾ (Contradictories) ഒരധികരണത്തിൽ നിലനിന്നാൽ പരസ്പരം നിർവ്വീര്യമായിപ്പോകും. എന്നാൽ അതിനെല്ലാം ആധാരമായ അധിഷ്ഠാനസത്യത്തിൽ തലബദ്ധമായി വർത്തിക്കുമ്പോൾ അവിടെ നിരാകരണം സംഭവിക്കുന്നില്ല. അതിനാൽ അവയുടെ ഒന്നിന്റെയും അസ്തിത്വത്തിന് സംഘർഷമുൾപ്പെടെയുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല. ആ അവസ്ഥയെ വർണ്ണിക്കാൻ തുടങ്ങിയാൽ വാക്കുകളുടെ അപൂർണ്ണതകൊണ്ട് അത് അവർണ്ണനീയമാണെന്ന ബോദ്ധ്യത്തിലെത്തിച്ചേരും.

'നളിനി'യിലെ കൊടുമുടിയിൽ നിൽക്കുന്ന ദിവാകരനും താഴ്‌വാരത്തിൽ നിൽക്കുന്ന നളിനിയും ഒരസ്തിത്വത്തിന്റെ അവിരുദ്ധമായ രണ്ട് മുഖങ്ങളാണ്. പുറംകാഴ്ചയുടെ ആപേക്ഷികതയിൽ വിരുദ്ധകോടികളിലെന്നൊക്കെ വിലയിരുത്താമെങ്കിലും സ്ഥലരാശിയിൽ മുറിപ്പെടുത്താനാകാത്ത

---

134-നിരയാനിരയായ് നിരയായ് / നിരയാംഭോധിയ്ക്കു നിയതമകലത്തായ്

വരയാ വരയായ് വരയായ് / വരയാറും വിട്ട വരയെ വന്ദിക്കാം

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-203

135-ശ്രീ ലളിതാ സഹസ്രനാമം- വ്യാഖ്യാനം-തിരുവാലി വള്ളിക്കാട്ട് നാരായണ മേനോൻ-മാതാ അമൃതാനന്ദമയീ മിഷൻ ട്രസ്റ്റ്, 1995- പുറം-108

അനന്തതയുടെ നൈരന്തര്യവും ധ്രുവീകരിച്ചതുപോലെ ലോകനിലയിൽ അനുഭവപ്പെടുന്ന കേവലതയുടെ രണ്ട് വിന്യാസങ്ങളുമാണവർ. ഇവയിൽ ഒന്നിനെയും നിരാകരിക്കാതെ രണ്ടിടങ്ങളെയും കൂട്ടിവരയ്ക്കുകയെന്ന അദ്വൈതാത്മകമായ ലക്ഷ്യനിർവ്വഹണത്തിനാണ് കവി ഇവിടെ യോഗബുദ്ധിയെ ഉപയോഗപ്പെടുത്തുന്നത്. കൊടുമുടിയെ ദിവാകരനും താഴ്വാരത്തെ നളിനിയും പ്രതിനിധീകരിക്കുന്നു. കേവലസത്യത്തിന്റെ ദൃഷ്ടിയിലാണ് ദ്വന്ദ്വങ്ങളെ ഇവിടെ യോഗാത്മകമായി സമന്വയിപ്പിക്കുന്നത്.

ദിവാകരയോഗിയുടെ അകം വിവരിക്കുന്ന സന്ദർഭത്തിൽ വരാനിരിക്കുന്ന ഏത് പ്രതിസന്ധിയെയും നേരിടത്തക്കവിധത്തിലുള്ള കരുത്ത് അദ്ദേഹത്തിൽ നിലീനമാണെന്നും അതിന്റെ വിനിയോഗത്തെ കുറിക്കുന്നതാണ് നളിനീകാവ്യമെന്നുമുള്ള പരാമർശമുണ്ട്. പ്രസ്തുത നിലവാരത്തിലുള്ള ഒരാൾ ജീവിതത്തെ എങ്ങനെ അഭീമുഖീകരിക്കുമെന്ന് കാണാൻ അനുവാചകരെ ക്ഷണിക്കുകയാണ് കവി തുടക്കത്തിൽ ചെയ്യുന്നത്. ഭയമില്ലായ്മ, ആന്തരികമായ സംശുദ്ധി, ജ്ഞാനത്തിലും കർമ്മയോഗത്തിലുമുള്ള നിഷ്ഠ, ദാനം, ഇന്ദ്രിയനിയന്ത്രണം തുടങ്ങിയ ദൈവികഗുണസമ്പത്തിന്റെ പ്രതിനിധിയാണ് ദിവാകരയോഗി. ദിവാകരൻ ഭയത്തെ ജയിച്ചതിന്റെ കാരണം അഭയത്തിലുള്ള അടിയുറപ്പാണ്. രണ്ടാമതൊരു സത്യമില്ലെന്ന ഉറച്ച ബോദ്ധ്യമാണ് അഭയത്തിന് നിദാനമായി ശാസ്ത്രങ്ങൾ പറയുന്നത്. തന്നിൽനിന്ന് അന്യമായിട്ടൊന്നുമില്ലെന്ന അഭയാവസ്ഥയുടെ ഉത്തമബോദ്ധ്യം പ്രകടമാകുന്നത് കാരുണ്യഭാവത്തിലൂടെയും. യോഗാവസ്ഥിതനായ ജ്ഞാനിയെക്കുറിച്ച് ഭഗവദ്ഗീതയുടെ രണ്ടാം അദ്ധ്യായത്തിൽ പറയുന്നത് യോഗിയുടെ സവിശേഷതകളുമായി ഒത്തുപോകുന്നുണ്ടെന്ന് കാണാം.[136]

വേരുറപ്പേറെയുള്ള പ്രതലം കാവ്യത്തിന്റെ പശ്ചാത്തലശോഭയാക്കിയാണ് ജടയും മുടിയും വളർന്ന നഖങ്ങളും വിഭൂതിയുമണിഞ്ഞ് ഒട്ടു മിക്കവാറും നഗ്നനായി നിൽക്കുന്ന നായകകഥാപാത്രമായ ദിവാകരയോഗിയെ അവതരിപ്പിക്കുന്നത്. നായകകഥാപാത്രത്തിന്റെ വേഷവിധാനങ്ങളെക്കുറിച്ചുള്ള വർണ്ണന കേൾക്കുമ്പോൾ അദ്ദേഹം ജീവിതത്തെ നിഷേധാത്മകമായി സമീപിക്കുന്ന ഒരാളാണെന്ന് തോന്നാനിടയുണ്ട്. അതുകൊണ്ടാണ് 'തല്പരത്വമവനാർന്നിരുന്നു' എന്ന് പറഞ്ഞത്. കൊടുമുടിയിൽ നിൽക്കുമ്പോഴും ഒന്നിനോടും നിഷേധാത്മകഭാവമില്ലാത്ത പ്രസന്നതയും അതേസമയം തന്നെ ശത്രുവിനെ ജയിച്ച് ഭൂമിയെ പരിപാലിക്കുന്ന രാജാവിൽ കാണുന്ന ഗൗരവവും കളിക്കോപ്പെടുത്ത ചെറിയ കുട്ടിയിൽക്കാണുന്ന നിഷ്ക്കളങ്കമായ ലാഘവവും ചേർന്ന സമീകൃതാവസ്ഥയാണ് അദ്ദേഹത്തിന്റെത്.

---

135- ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992, എഡി-1, പുറം -1068-1069, (ശ്ലോകം-16:1-3)

“സദസദ്വിലക്ഷണമായ മായയിലാണ് അഹന്തയുടെ സത്താഭാവമെന്ന് യോഗിക്കറിയാം. ആ വസ്തുത ഓർമ്മയുള്ള വേദാന്തി കവിതയെഴുതുമ്പോൾ, ജീവിതം ഒരു ലീലയാണെന്നുള്ള വാസ്തവം മറന്നു പോകുമോ? അതുകൊണ്ടായിരിക്കണം യോഗിയുടെ ഉദ്വേഗത്തെ കവി ഉടൻ തന്നെ കളിക്കോപ്പെടുത്ത ചെറുപൈതലിന്റെ ഉത്സാഹമായി തിരുത്തിപ്പറഞ്ഞത്.”[137] എന്ന ഗുരു നിത്യചൈതന്യയതിയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

വിഭക്തവ്യക്തിത്വങ്ങളുടെ സംഘട്ടനം മാത്രമല്ല അവയുടെ സമന്വയവും ഉദ്ഗ്രഥനവുമാണ് യോഗിയിലൂടെ അവതീർണ്ണമാകുന്നത്. “ചിത്തമാകുന്ന ഏറ്റവും വലിയ ശത്രു കീഴടങ്ങി ദുഃഖമില്ലാതെയായിത്തീർന്ന ഭാഗ്യവാനാണ് യമി”[138] എന്ന് കവി കുറിക്കുന്നു. ഇതിൽ നിന്ന് അദ്ദേഹം ജീവന്മുക്തനല്ലെന്നും തപശ്ചര്യയിൽ തീവ്രതയുള്ള സംന്യാസിയാണെന്നും വ്യക്തമാണ്. മാത്രമല്ല, എല്ലാത്തിനും ഉപരിയുള്ള കൊടുമുടിയിൽനിന്നാണ് ദിവാകരൻ ലോകവീക്ഷണം നടത്തുന്നത്. പ്രത്യേക സ്ഥലകാലങ്ങളിൽ അനുഭവപ്പെടുന്ന ഒന്നിന്റെ പ്രസക്തി അതിലും സമുന്നതമായ മറ്റൊരവസ്ഥയിൽ അപ്രസക്തമാകുമെന്ന് വെളിപ്പെടുത്തുന്നതാണിത്. ഒരു പക്ഷി താൻ അതിന്റെ കൂടിരിക്കുന്ന വനത്തെ ആകാശത്തുനിന്നു നോക്കുന്നതുപോലെ ധ്യാനശീലനായ യോഗി കൊടുമുടിയിൽ നിന്നുകൊണ്ട് തടശോഭ നോക്കിയെന്നാണ് കവി പറയുന്നത്. ഇടംചേരലില്ലാത്ത സമുന്നത്മായ ബിന്ദുവിൽനിന്ന് ലോകത്തെ കാണുമ്പോഴാണ് അതിന് ഒരു ചിത്രപടത്തിന്റെ ചാരുത കൈവരുന്നതും അതിന്റെ ആസ്വാദ്യത കൂടുതൽ ഹൃദ്യമാകുന്നതും. പർവ്വതത്തോടൊട്ടി നിൽക്കുന്ന ഒരാൾക്ക് അതിന്റെ യഥാർത്ഥസൗന്ദര്യം ആസ്വദിക്കാനാകാത്തതുപോലെ പ്രപഞ്ചത്തോട് ചേർന്നു നിൽക്കുമ്പോൾ അതിന്റെ സൗന്ദര്യത്തനിമ നുകരാൻ കഴിയില്ല. അതുകൊണ്ട് ജീവിതത്തെ നിരാകരിച്ച് പുറംപോക്കിൽ നിന്നുകൊണ്ടല്ല ദിവാകരയോഗി ലോകനിരീക്ഷണം നടത്തുന്നത്. ഇവിടെ ദൃശ്യങ്ങളുടെയെല്ലാം പൊരുൾ അറിയാൻ പാലിക്കേണ്ടുന്ന അകലം, പ്രകൃതിയുടെ പ്രതിഭാസവൈജാത്യങ്ങളായ താഴ്‌വാരങ്ങളുടെയും കൊടുമുടികളുടെയും പരസ്പരപൂരകത്വം എന്നിവ യോഗിയുടെ വീക്ഷണത്തിനുണ്ട്. മാത്രമല്ല, ലോകമെന്ന യാഥാർത്ഥ്യത്തെ അവബോധത്തിന്റെ ഔന്നത്യങ്ങളിൽനിന്ന് നോക്കുമ്പോൾ ഒരു ചിത്രപടത്തിന്റെ ഗൗരവമേ അതുൾക്കൊള്ളുന്നുള്ളൂവെന്ന് അനുഭവജ്ഞാനികൾ അരുളുന്നുമുണ്ട്. ഇത് ശങ്കരാചാര്യരുടെ “തന്നുള്ളിൽത്തന്നെയുള്ള നാമരൂപാദി ജഗത്തിനെ മായാശക്തിയാൽ കണ്ണാടിയിൽ കാണുന്ന

---

137- നിത്യ ചൈതന്യയതി, ഗുരു- നളിനി എന്ന കാവ്യശില്പം- കറന്റ് ബുക്ക്സ്, എഡി-1, 1993, പുറം-27

138- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-273

നഗരംപോലെ പുറത്ത് കാണുകയും ബോധസമയത്ത് ഉറക്കത്തിൽനിന്നുണർന്നപോലെ സ്വന്തം ആത്മാവിൽ അദ്വൈതമായ ആത്മസ്വരൂപമായി കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന പരമഗുരുവായ ശ്രീദക്ഷിണാമൂർത്തിയെ ഞാൻ പ്രണമിക്കുന്നു"[139] എന്ന ദക്ഷിണാമൂർത്തിസ്തോത്രത്തിലെ ശ്ലോകവുമായി ഇതിന് ബന്ധമുണ്ട്.

തന്റെ മാറിടം ചരമശയ്യയാക്കിയ നളിനിയെക്കുറിച്ച് ദിവാകരൻ പറയുന്ന ഭാഗത്ത് യോഗദർശനം വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എത്രയോ ചെറുപ്പത്തിൽത്തന്നെ പക്വത നേടിയ നളിനിയോട് 'ശരീരമുള്ളവർക്ക് പ്രാണബന്ധം ഇത്ര നിസ്സാരമാണെന്ന് ആരാണ് മനസ്സിലാക്കിയതെ'ന്ന് ദിവാകരൻ ചോദിക്കുന്നു. ചെടിയിൽനിന്ന് ഞെട്ടറ്റു വീഴുന്ന പൂവും പുൽത്തലപ്പിൽനിന്ന് തെന്നി വീഴുന്ന മഞ്ഞുതുള്ളിയും ചെറിയൊരു വേദനയനുഭവിച്ചിട്ടുണ്ടാകാം. എന്നാൽ നിന്റെ പ്രാണൻ വേറിട്ടു പോകുന്ന സുഖം അവ കൊതിക്കുകതന്നെ ചെയ്യു[140] മെന്നും അദ്ദേഹം വിലയിരുത്തുന്നു. തന്റെ ആഗ്രഹമനുസരിച്ചുള്ള മരണമാണ് നളിനി ഇവിടെ വരിക്കുന്നത്. പാകമാകുമ്പോൾ സ്വാഭാവികമായും ചെടിയിൽനിന്ന് അടരുന്ന പൂവും പ്രകൃതിയുടെ ഗുരുത്വനിയമംകൊണ്ട് പുൽത്തലപ്പിൽനിന്ന് താഴോട്ട് വീഴുന്ന മഞ്ഞുതുള്ളിയും ഒരു പക്ഷേ, വേദനിച്ചിരിക്കാമെന്ന കവിയുടെ പരാമർശം യോഗസിദ്ധികൊണ്ട് നളിനിക്ക് കൈവന്ന സ്വച്ഛന്ദമൃത്യുവിന്റെ ആയാസരാഹിത്യത്തെ കുറിക്കുന്നു. യോഗാനുഭൂതി സംബന്ധമായ ഇത്തരം അവലോകനങ്ങൾ ആശാൻകവിതയിലെ സൂക്ഷ്മതലങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ്.

ഏകാന്താച്ഛം വിഷയമഘലമിങ്ങേതുമേ ചിത്തവൃത്തി-
ക്കേകാ കണ്ണാടിയിലിനമയൂഖങ്ങൾ മങ്ങാ പതിഞ്ഞാൽ

ലോകസേവനനിരതനായി വിദേശങ്ങളിൽ കഴിഞ്ഞ യതീന്ദ്രനിൽ നളിനിയെക്കുറിച്ചുള്ള ചിന്തകൾ സൂര്യരശ്മി പതിക്കുമ്പോൾ കണ്ണാടി നിറംമങ്ങാത്തതുപോലെ കൂടുതൽ പരിശുദ്ധി ചേർക്കുകയാണു

---

139- വിശ്വം ദർപ്പണദൃശ്യമാന നഗരീ തുല്യം നിജാന്തർഗ്ഗതം
പശ്യന്നാത്മനി മായയാ ബഹരിവോദ്ഭൂതം യഥാ നിദ്രയാ
യഃ സാക്ഷാൽക്കുരുതേപ്രബോധ സമയേ സ്വാത്മാനമേവാദ്വയം
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമ ഇദം ശ്രീദക്ഷിണാമൂർത്തയേ

ശ്രീ ശങ്കരാചാര്യർ-ദക്ഷിണാമൂർത്തി സ്തോത്രം-വ്യാഖ്യാതാവ് സ്വാമി ചിന്മയാനന്ദ, വിവ: ശ്രീ.കൃഷ്ണൻകുട്ടി കുറുപ്പ്, സെൻട്രൽ ചിന്മയ മിഷൻ ട്രസ്റ്റ്, എഡി-1, 1999, പുറം-14

140- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-273, (ശ്ലോകം-152)

ണ്ടായതെന്ന് നളിനിയുടെ അവസാനഭാഗത്ത് കവി സൂചിപ്പിക്കുന്നു.[141] ലൗകികം മനസ്സിനെ മലിനപ്പെടുത്തുമെന്ന് പറയുന്ന സാമ്പ്രദായിക വീക്ഷണത്തിൽനിന്ന് വ്യത്യസ്തമായി പരിശുദ്ധമായ ലൗകികവിഷയങ്ങൾ മനസ്സിനെ സംസ്ക്കരണപ്രക്രിയയ്ക്ക് വിധേയമാക്കി കൂടുതൽ പവിത്രമാക്കുമെന്നാണ് ഇവിടെ കവി വിവക്ഷിക്കുന്നത്. അവബോധസമഗ്രത വ്യക്തിസത്തയെ ബഹുസ്വരതയുടെ ആധാരത്തിലേക്ക് ഉയർത്തുമ്പോൾ അവിടെ ശുദ്ധിയും അശുദ്ധിയും അപ്രസക്തമാകുന്നു. വിഷയങ്ങൾക്ക് ഒരാളെയും ഒരു കാലത്തും ബന്ധിപ്പിക്കാൻ കഴിയില്ല. എന്നാൽ അതിനോടിടപെടുന്ന സമീപനങ്ങളും മനോഭാവങ്ങളുമാണ് ബന്ധനത്തിന് കാരണം. സ്നേഹത്തിന്റെ ദിവ്യാനുഭൂതി ദിവാകരയോഗിക്ക് പകർന്നേകിയ നളിനി അദ്ദേഹത്തെ സംബന്ധിച്ച് മഹനീയഗുണങ്ങളുടെ വിളനിലവും സദ്ഗുണസമ്പത്തിന്റെ കരുതലും കാതലുമായ ഊർജ്ജസ്രോതസ്സായിരുന്നു. മാത്രമല്ല, ഇവിടെ ലൗകികം/അലൗകികം, ശുദ്ധം/അശുദ്ധം തുടങ്ങിയ ദ്വന്ദ്വങ്ങൾക്ക് പുതിയൊരർത്ഥതലം കവി നൽകുന്നുണ്ട്. വ്യക്തിഗതവും സോപാധികവുമായ പരിമിതികളിൽ നിന്നുകൊണ്ട് നിരീക്ഷിക്കുമ്പോളാണ് ദ്വന്ദ്വങ്ങൾക്ക് വിവിധ അളവുകോലുകൾ അനിവാര്യമായി വരുന്നത്. എന്നാൽ നിരുപാധികമായ ഉൾക്കാഴ്ച നിർണ്ണയങ്ങളിലും നിരാകരണങ്ങളിലും തടയാതെ തികച്ചും സ്വതന്ത്രമായിത്തന്നെ നിലകൊള്ളുന്നു.

മദനനെ അന്വേഷിച്ചു പോകുന്ന സമയത്ത്

സ്ഥിരമാത്മനിബന്ധനം സുഖം / പരതന്ത്രം സുഖമൊക്കെ ദുഃഖമാം

എന്നൊരുപദേശം കൊടുക്കുന്നുണ്ട്.[142] വിഷയങ്ങളിലല്ല സുഖം നിലകൊള്ളുന്നതെന്നും പൊരുളറിയാതെ വിവിധ ചമത്ക്കാരങ്ങൾ കണ്ടെത്തി അതിലേക്കോടുന്ന മനസ്സിന്റെ ആരോപിതമായ കല്പനകളെയെല്ലാം വിവേകപൂർവ്വം തടഞ്ഞു നിർത്തുന്നതാണ് ആത്മബന്ധനമെന്നും ഇവിടെ വ്യക്തമാക്കുന്നു. അങ്ങനെ കൈവരുന്ന സ്വസ്ഥതയിലാണ് യഥാർത്ഥ സുഖം. തന്നിൽനിന്നന്യമായ ഒന്നിനെ (അപരത്തെ) തന്റേതാക്കാൻ ശ്രമിക്കുന്നത് തനിക്ക് അതിൽനിന്ന് ലഭിക്കുന്ന ആനുകൂല്യം പ്രതീക്ഷിച്ചാണ്. അത് സ്ഥാനത്തായിരിക്കണമെന്നൊരു നിർബ്ബന്ധംവെച്ചു പുലർത്താൻ വിധേയിക്കാകില്ല. എന്നാൽ അപരമല്ലാത്തതുകൊണ്ട് ആത്മസ്വരൂപത്തെ സമാശ്രയിക്കുന്നവന് മറ്റൊന്നിനും വിധേയപ്പെടേണ്ടതില്ല. തന്നിലെ എല്ലാ കാമനകളെയും അതിലേക്കിണക്കുന്നതാണ് അഥവാ അതിൽ നിന്നെല്ലാത്തിനെയും അനന്യമായി തിരിച്ചറിയുന്നതാണ് ശരിയായ ആത്മനിബന്ധനം. മറ്റ് ഉപലബ്ധികളെല്ലാം ദുഃഖപ്രദങ്ങളാണ്.

141- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ, ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-318, (ശ്ലോകം-172)

142- അതേ പുസ്തകം, പുറം-358, (ലീല-:2-29)

ആശ്രയിച്ചതിൽനിന്നു കിട്ടുന്ന സുഖങ്ങളൊക്കെ കാലക്രമേണ അതിന്റെ പ്രതിദ്വന്ദ്വിയായ ദുഃഖമായി പരിണമിക്കുമെന്നതിനാൽ നിരപേക്ഷമായ തന്റെ അസ്തിത്വതലത്തിലാണ് ശാശ്വതസുഖമെന്ന ആത്മ സാക്ഷാൽക്കാരരഹസ്യമാണ് കവി ഇവിടെ വെളിപ്പെടുത്തുന്നത്.

### 4.7.1 ഭൗതികം/ ആത്മീയം

രതിവിരതികളുടെ സംഘർഷം, തീവ്രവികാരങ്ങളെ സംയമനത്തോടെ ആവിഷ്ക്കരിക്കുന്ന രീതി, പുതുമയുള്ള ബിംബവിന്യാസം, ലോകോക്തികളുടെ ആയോജനം, ഉചിതമായ പദസംയോജനം എന്നിവ ആശാൻകവിതകളുടെ സവിശേഷതകളാണ്. വൈരുദ്ധ്യമെന്ന് ബാഹ്യവീക്ഷണത്തിൽ അനുഭവപ്പെ ടുന്ന മൂല്യങ്ങളെ നിർദ്ധരിക്കുന്നതിന് മേല്പറഞ്ഞ ഘടകങ്ങൾക്കു പുറമെ ഏകത്വത്തിന്റെ സമന്വ യബോധംകൂടി അതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

'വീണപൂവി'ൽ ദേഹകാന്തിയുടെ വശ്യത, മുഖത്തിനു വന്ന ഭാവപ്പകർച്ച, കവിൾത്തുടുപ്പ്, ചുണ്ടിലെ പുതുപുഞ്ചിരി എന്നിങ്ങനെ പൂവ് ജീവിതസൗഭാഗ്യത്തിലേക്ക് വിടരുന്നതിൽ കവിയുടെ ശ്രദ്ധ പതിയുന്നുണ്ട്. എന്നാൽ മറ്റ് അവസ്ഥകളെയും യാഥാർത്ഥ്യങ്ങളെയും അതിൽ വിസ്മരിക്കുന്നി ല്ല. ഇവ ആശാന്റെ ആത്മീയദർശനത്തിന് ബദലെന്ന നിലയിലല്ല അവതരിപ്പിക്കുന്നത്. ഭൗതികതയും ആത്മീയതയും കുമാരനാശാനെ സംബന്ധിച്ച് ഒരു പക്ഷിയുടെ ചിറകുകൾപോലെ പ്രധാനപ്പെട്ടതാണ്. ഒരസ്തിത്വത്തിന്റെ വിഭിന്നഭാവങ്ങളെന്ന നിലയിലാണ് അവ വിലയിരുത്തപ്പെടുന്നത്. അതിന്റെ നീതീ കരണമായാണ് ലക്ഷ്യത്തിന് കോട്ടംതട്ടാത്ത വിധത്തിൽ മാർഗ്ഗതലത്തിലധിഷ്ഠിതമായ ലൗകികത്തെ അദ്ദേഹം അഭിസംബോധന ചെയ്യുന്നത്.

ഹിമാലയത്തിലെ കൊടുമുടികളെ ദിവാകരനും താഴ്വാരങ്ങളെ നളിനിയും പ്രതിനിധാനം ചെയ്യു ന്നതുപോലെ ലൗകിക-ധാർമ്മിക-ദാർശനികചിന്തകളുടെ യഥാർത്ഥസമന്വയമാണ് നളിനിയിൽ കാണു ന്നത്. നളിനി/ദിവാകരൻ ദ്വന്ദ്വം ലൗകികം/അലൗകികം എന്നീ വിഭജനക്രമത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന മൂല്യമണ്ഡലങ്ങളുടെ പ്രാതിനിദ്ധ്യപ്രരൂപങ്ങളല്ല. നളിനിയെന്ന പേര് തന്നെ ദിവാകര ത്വത്തോടും തിരിച്ചും ഉള്ള ആഭിമുഖ്യത്തെ കുറിക്കുന്നതാണ്. കൊടുമുടിയിൽ നിലകൊള്ളുന്ന ദിവാക രയോഗിയെ നളിനി തന്റെ അനിവാര്യതയായി തിരിച്ചറിയുന്നു. ദിവാകരൻ നളിനിയിലേക്കിറങ്ങി വരു മ്പോൾ നളിനി ദിവാകരനിലേക്ക് ഉയരുകയാണ്. ഇതിന്റെ സംഗമബിന്ദു അദ്വൈതം ലക്ഷീകരിക്കുന്ന ഏകവും അദ്വയവുമായ കൈവല്ല്യാവസ്ഥ തന്നെയാണ്.

### 4.7.2 കാര്യം/കാരണം

കാര്യകാരണസംബന്ധത്തെക്കുറിച്ച് ആശാൻ നളിനിയിൽ (ശ്ലോകം- 12) ഇങ്ങനെ പറയുന്നു.

ഏകകാര്യമഥവാ ബഹൂത്ഥമാം / ഏകഹേതു ബഹു കാര്യകാരിയാം. [143]

1- ഒരു കാര്യം പല കാരണങ്ങളിൽ നിന്നുമുണ്ടാകാം.

2- ഒരു കാരണം പല കാര്യങ്ങളെയും ഉണ്ടാക്കാം

കാര്യകാരണങ്ങളുടെ പാരസ്പര്യമാണ് കവി ഇവിടെ സ്പഷ്ടമാക്കുന്നത്. ഒരു കാര്യത്തിന് അനേകം കാരണങ്ങളുണ്ടായിരിക്കാം. കാര്യകാരണങ്ങൾക്ക് ബഹുമുഖ സംബന്ധമാണുള്ളത്. തിരിച്ചും സംഭവിക്കാം. കാര്യകാരണബന്ധത്തെ പൂർവ്വാപരം, യാദൃച്ഛികം എന്നീ നിലപാടുകളിൽ തളച്ചൊതുക്കുന്നതിനപ്പുറം ഒരു സത്യത്തിന്റെ വിവിധപ്രകാരങ്ങളായാണ് അവയെ കവി എണ്ണുന്നത്. അതുകൊണ്ട് യോഗിയുടെ ഭൗതികവും മാനസികവുമായ സഞ്ചാരത്തിനു പിന്നിലുള്ള ദുരൂഹകാരണങ്ങളെയാണ്. കവി ആരായുന്നത്. ആ പരമമായ കാരണത്തെയാണ് സ്നേഹമെന്ന ഭാഷ്യമേകി കവി പ്രപഞ്ചത്തോളം വികസ്വരമാക്കുന്നത്. ഗുരു നിത്യ ചൈതന്യയതി എഴുതുന്നു. "കർമ്മം ഒരു കാരണത്തിൽനിന്നും അതിന്റെ കാര്യത്തിലേക്കു മാത്രം എന്നിങ്ങനെ രേഖീയമായി പോകുന്ന സരളമായ ഗതിയുള്ളതല്ല. ഇത് കവിക്ക് നല്ലതുപോലെ അറിയാം. കാര്യകാരണ സംബന്ധത്തിൽ ഋജുവായ സരളഭാവത്തെക്കാളും കുടിലമായ സങ്കീർണ്ണത ഒളിഞ്ഞിരിക്കുന്നുവെന്ന വസ്തുത അറിയാതെയാണ് പലരും കർമ്മത്തെപ്പോലും വ്യാഖ്യാനിച്ചു പോരുന്നത്."[144]

സംഭവപരമ്പരകളെ കാര്യം/കാരണം എന്നിങ്ങനെ വിഭജിക്കന്നതിലെ വ്യർത്ഥതയാണ് ഇവിടെ വ്യക്തമാക്കുന്നത്. കേവലസ്ഥിതിയിൽ അവിഭക്തങ്ങളും ഏകസ്വഭാവമാർന്നതുമാണവ. ഇതേ ആശയം ശ്രീനാരായണഗുരു ആത്മോപദേശശതകത്തിൽ "ഒരേ കാരണവസ്തുവിൽ അനേകം കാര്യരൂപങ്ങൾ ഉണ്ടാകാം. ഈ ബുദ്ധി ഉണ്ടായാൽ ഇക്കാണുന്ന പ്രപഞ്ചനാമരൂപങ്ങളെല്ലാം യാതൊരു ഭിന്നതയില്ലാതെ ബോധത്തിൽ ഏകീഭവിക്കും. ഈ വസ്തുസ്ഥിതി എല്ലാവർക്കും അറിയാൻ കഴിയുന്നില്ല"[145] എന്ന് പറയുന്നു. ഈ വിചിന്തനപ്രക്രിയതന്നെയാണ് കവി ഇവിടെ പിന്തുടരുന്നത്.

---

143-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-276

144-നിത്യ ചൈതന്യയതി, ഗുരു- നളിനി എന്ന കാവ്യശില്പം- കറന്റ് ബുക്ക്സ്,1993, പുറം-34

145-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 എഡി-1, പുറം-682

#### 4.7.3 സാമാന്യം/ വിശേഷം

സാമാന്യ(universal)ത്തിൽനിന്ന് വിശേഷ(particular)ത്തിലേക്കും തിരിച്ചും പോകുന്ന പ്രതിപാദനക്രമമാണ് ആശാൻ സ്വീകരിച്ചിരിക്കുന്നത്. ഇത് വീണപൂവ് മുതൽ പ്രകടമായി കാണാം. വീണുകിടക്കുന്ന പൂവിന്റെ ശൈശവവും ബാല്യവും കൗമാരവും യൗവനവും പതനവുമൊക്കെ വർണ്ണിക്കുന്ന സമീപനം വിശേഷത്തിന്റെതാണ്. എങ്കിലും വിശേഷത്തിൽനിന്ന് സാമാന്യത്തിലേക്ക് സഞ്ചരിച്ച് രണ്ടിനും ഉപരിയായ ജീവിതതത്ത്വങ്ങളെ അനാവൃതമാക്കുന്ന സമ്പ്രദായം കാവ്യത്തിലുടനീളം കവി കൈക്കൊണ്ടിരിക്കുന്നു.

പൂവിന്റെ ജീവിതവും മരണവും പ്രതിപാദിക്കുന്ന കവിയുടെ ചിന്തകൾ സവിശേഷമായ ലോകനിരീക്ഷണത്തിൽനിന്നാണ് രൂപമെടുക്കുന്നത്. പൂവിന്റെ ബാല്യകൗമാരയൗവനങ്ങളിലെ കാന്തിയും വശ്യതയുമെല്ലാം ആവിഷ്ക്കൃതമാകുന്നത് മനുഷ്യജീവിതയാഥാർത്ഥ്യങ്ങളുടെ വിഭിന്നമുഖങ്ങളെന്ന നിലയിലാണ്. എന്നാൽ അതിൽ ചുറ്റിപ്പറ്റി നിന്ന് ജീവിതത്തെ വിലയിരുത്തുന്നതിനു പകരം അതിന്റെ എല്ലാ വശങ്ങളെയും നിഷ്പക്ഷമായിക്കണ്ട് അതിൽ പ്രകടമാകുന്ന തരഭേദങ്ങളെ സത്യനിരൂപണബുദ്ധയോടെ വിലയിരുത്തുകയാണ് ചെയ്യുന്നത്. ജീവിതാസക്തിയിലോ വിരക്തിയിലോ പരിമിതപ്പെടുത്താതെ രണ്ടിനും ഉപരിയുള്ള തലത്തിലേക്കത് സംക്രമിക്കുന്നു.

#### 4.7.4 പുണ്യം/പാപം

പരസ്പരാപേക്ഷയിൽ നിലകൊള്ളുന്ന പുണ്യപാപങ്ങളുടെ സംയുക്തഫലാനുഭവപരമ്പരയാണ് മനുഷ്യജീവിതം. അതിൽ ഒന്നിന്റെ ധർമ്മയോഗത്തിലാണ് മറ്റൊന്നിനെ അറിയുന്നത്. മാത്രമല്ല, ഒന്ന് എന്താണെന്ന് അറിയണമെങ്കിൽ മറ്റൊന്ന് എന്തല്ലെന്ന്കൂടി അറിയേണ്ടതുണ്ട്. 'കരുണ'യിൽ പാപത്തിൽ കാലുകുത്താത്തവർ ലോകയാത്രയിൽ ഉണ്ടാകില്ലെന്ന് ഉപഗുപ്തൻ വാസവദത്തയോട് പറയുന്നു. ''ഒരിക്കൽ കലങ്ങി മറിഞ്ഞൊഴുകുന്ന നദി കാലക്രമേണ തെളിവുറ്റതാകുന്നു. അപ്രകാരം ഒളിഞ്ഞും തെളിഞ്ഞും മനുഷ്യജീവിതത്തിൽ പ്രകടമാകുന്ന മാറിമറിഞ്ഞു വരുന്ന പ്രതിഭാസങ്ങളാണ് പുണ്യപാപങ്ങൾ.''[146] ഇത് ''ചിന്താവിഷ്ടയായ സീത'യിൽ ''മലയിൽ ഗുഹകളെന്നപോലെ ചില പതനങ്ങൾ

---

146- സത്യമോർക്കുകിൽ സംസാര യാത്രയിൽ പാപത്തിൻ കഴൽ / കുത്തിടാതെ കടന്നവർ കാണുകില്ലെടോ

ബദ്ധപങ്കമായോടുന്നിതൊരു കാലം നദി പിന്നെ / ശുദ്ധി കലർന്നൊരു കാലം ശോഭ തേടുന്നു.

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-252

മഹാന് ശോഭയുണ്ടാക്കുമെന്ന്'' സീത ശ്രീരാമന്റെ ചെയ്തികളെ വിചിന്തനം ചെയ്യുന്ന ഭാഗത്ത് പറയുന്നുണ്ട്.[147] പ്രപഞ്ചത്തിലെ സകലപ്രതിഭാസങ്ങളും ഉൾക്കൊള്ളുന്ന പുണ്യപാപങ്ങൾ ഉൾപ്പെടെ യുള്ളമൂല്യങ്ങൾ സ്ഥലകാലാനുസൃതം നിരന്തര മാറ്റങ്ങൾക്ക് വിധേയമാണെന്നും അവയുടെ പരിധിയും വ്യാപ്തിയും നിശ്ചയിക്കുന്നത് അതിൽത്തന്നെ നടക്കുന്ന നവീകരണങ്ങളും സംസ്ക്കരണങ്ങളുമാ ണെന്നും കവി ഇതിലൂടെ സ്പഷ്ടമാക്കുന്നു. പുണ്യപാപങ്ങൾക്കതീതമായ കേവലസത്യത്തെയാണ് കവി ഇവിടെയെല്ലാം സൂചിപ്പിക്കുന്നത്.

#### 4.7.5 ആദാനം/പ്രദാനം

'നളിനി' യിൽ

സന്തതം മിഹിരനാത്മശോഭയും / സ്വന്തമാം മധു കൊതിച്ച വണ്ടിനും

ചന്തമാർന്നരുളി നിൽക്കുമോമലേ / ഹന്ത! ധന്യമിഹ നിന്റെ ജീവിതം (ശ്ലോകം-35)

ആവശ്യപ്പെടാതെ തന്നെ തന്റെ ആത്മശോഭ സൂര്യനും തന്നിലെ തേൻ അത് കൊതിച്ചെത്തുന്ന വണ്ടിനും നൽകിപ്പോരുന്ന താമരയുടെ ജീവിതം എത്ര ധന്യമാണെന്ന് കവി പറയുന്നു.[148] താമരയെ സംബ ന്ധിച്ച് ആത്മശോഭ ഹൃദയവുമായും തേൻ അതിന്റെ ഭൗതികതലവുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇവയെ സമരസപ്പെടുത്തിക്കൊണ്ടുപോകാനാണ് ജലരാശിയുമായി സംഗമറ്റ് കഴിയുന്ന താമരയുടെ ജീവിതത്തെ നളിനി പ്രകീർത്തിക്കുന്നത്. ഒന്നിനുവേണ്ടി വിരുദ്ധമായി കരുതുന്ന മറ്റൊന്നിനെ നിരാകരിക്കാതെ എല്ലാം ഒരേ ആധാരത്തിൽ ചേർത്തുകോർത്തിണക്കുന്ന പരമമൂല്യത്തിലേക്കാണ് ഇവിടെ വെളിച്ചം വീഴ്ത്തുന്നത്. കൂടാതെ ആത്മീയ/ഭൗതികതലങ്ങളെ എങ്ങനെ പരസ്പരപൂരകമാക്കാമെന്നതിന് അരു ന്ധതീ വസിഷ്ഠന്മാരുടെ കുടുംബജീവിതത്തെയും 'നളിനി' യിൽ ഉദാഹരിക്കുന്നുണ്ട്.[149]

ഒരു വസ്തുവിന്റെ വിവിധതലങ്ങൾ അപരത്തെ ഉൾക്കൊണ്ടു നടത്തുന്ന സംവേദനമണ്ഡലവും ഈ പ്രകരണത്തിലുണ്ട്. കാന്തിയും സൗരഭ്യവും തേനും ഉൾക്കൊള്ളുന്ന സമഗ്രതയിലാണ് സൂര്യഭാ വം പ്രസക്തമാകുന്നതെങ്കിൽ അതുമായി ദ്രുതസംവേദനത്തിനുതകുന്ന പ്രതലവർത്തിയായ തേനാണ് വണ്ടിന്റെ സമാശ്രയം. മനസ്സ് ഒന്നിനും ശരീരം മറ്റൊന്നിനുമെന്ന നിരീക്ഷണങ്ങൾക്കപ്പുറം അതാതിട

147- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-708, (ശ്ലോകം-140)

148- അതേ പുസ്തകം-പുറം- 284 (ശ്ലോകം-35)

149- അതേ പുസ്തകം-പുറം-308 (ശ്ലോകം-117)

ങ്ങളിൽ പ്രസക്തമായതിനെയെല്ലാം ഒരു പ്രതിഭാസം അനുവദിക്കുന്നു എന്നതിലാണ് ഇവിടത്തെ നില യൂന്നൽ. യോഗിയുടേതുൾപ്പെടെ എല്ലാ പ്രാപഞ്ചികനിരീക്ഷണങ്ങളെയും ഉൾക്കൊള്ളുന്നതിനുള്ള അന്തഃ സാരമാണ് താമരയുടെ ജീവിതത്തിന്റെ ധന്യതയ്ക്ക് നിദാനം. വീണപൂവിലെ

അംഭോജ ബന്ധുവിത നിന്നവശിഷ്ട കാന്തി
സമ്പത്തെടുപ്പതിനണഞ്ഞു കരങ്ങൾ നീട്ടി
ജൃംഭിച്ച സൗരഭമിതാ കവരുന്നു വായു
സമ്പൂർണ്ണമായഹഹ! നിന്നുടെ ദായഭാഗം [150]

എന്ന ശ്ലോകത്തിൽ നിന്നിൽ അവശേഷിച്ച സൗന്ദര്യസമ്പത്ത് സ്വന്തമാക്കാൻ ഇതാ സൂര്യൻ കൈകൾ നീട്ടിയിരിക്കുന്നു. വായുവാകട്ടെ വർദ്ധിച്ച സുഗന്ധത്തെ ഇതാ കവരുന്നു. നിന്റെ സ്വത്ത് വീതംവെക്കൽ ഇതോടെ പൂർണ്ണമായി. നളിനിയിലെ വിടർന്നു നിൽക്കുന്ന താമരപ്പൂവാകട്ടെ സ്വമേധയാ തന്റെ ആത്മ ശോഭ സൂര്യന് പകരുമ്പോൾ വീണുകിടക്കുന്ന പൂവിൽ അവശേഷിക്കുന്ന കാന്തി കവർന്നുകൊണ്ടു പോരാൻ സർവ്വകർമ്മസാക്ഷിയായ സൂര്യന്റെ രശ്മികൾ തന്നെ ഇവിടെ നേരിട്ടണയുന്നു. താമരയും വീണപൂവും ഉൾപ്പെടുന്ന പുഷ്പമെന്ന സാമാന്യവിഭാഗത്തിലെ ആദാനപ്രദാനങ്ങളുടെ സമീകരണമാണ് ഇതിലൂടെ സാധിച്ചിരിക്കുന്നത്. കൊള്ളലും കൊടുക്കലും ഇവിടെ സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ച് മാറി മറഞ്ഞാലും അത് പരഃപ്രേരണകളൊന്നും കൂടാതെ നൈസർഗ്ഗികമായി നിവർത്തിച്ചുപോരുന്ന ജീവിതവ്യവസ്ഥയുടെ അനിവാര്യതയാണ്.

### 4.7.6 വിറക്/തീ

ലീലയിൽ 'എന്റെ ബുദ്ധി മദനന് അധീനമാണ്. വിറകില്ലാതെ വെറും കൗശലം കൊണ്ട് അഗ്നി ജ്വാലയെ കൈക്കലാക്കാനാകില്ല. ആധാരമായ വിറകും ആധേയമായ തീനാളവും തമ്മിൽ ഇഴ പിരി യ്ക്കാനാകാത്ത ബന്ധമുണ്ട്' [151] എന്ന് കാണാം. ലോകദൃഷ്ട്യാ താനും മദനനും വേറിട്ടതുപോലെ തോന്നുമെങ്കിലും ആത്യന്തികമായി തങ്ങളിലുള്ളത് വിറകും അതിലെ തീയും പോലെയുള്ള

---

150- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-252, (ശ്ലോകം-34)

151- ഉരചെയ്വനവന്നീധമെൻ/ സ്ഥിരമാം ചേതന യുക്തിയാൽ സഖീ
കരുതായ്ക കരസ്ഥമാക്കുവാ- നെരിയും ജ്വാലയെയിന്ധനം വിനാ
അതേ പുസ്തകം-പുറം-361, (ശ്ലോകം-2-42)

അഭിന്നബന്ധമാണ്. ലീലയും മദനനും വേറിട്ടു നിൽക്കുന്ന അസ്തിത്വങ്ങളല്ലെന്നും ഒരാവിഷ്ക്കാരത്തിന്റെ ദ്വിമുഖഭാവങ്ങളാണെന്നും ഇതിലൂടെ വ്യക്തമാകുന്നു. ഇതേ ആശയംതന്നെ മറ്റൊരിടത്ത് "തീരത്ത് രശ്മിയെ വിട്ടുകൊണ്ട് സൂര്യനെയെന്നപോലെ കടലിൽ മുങ്ങിത്താഴാനാവാത്തതുപോലെ എന്നെ ഉപേക്ഷിച്ച് പ്രിയതമന് എങ്ങോട്ടും പോകാനാകില്ല"[152] എന്ന് കാണാം. കിരണങ്ങൾക്കും അതിന്റെ ഉറവിടമായ സൂര്യനുമെന്നപോലെ ഒരിക്കലും പിരിയാൻ കഴിയാത്തവരാണ് ലീലാമദനന്മാർ എന്ന് ഇവിടെ വ്യക്തമാക്കുന്നു. വിറക്/തീ, സൂര്യൻ/രശ്മി എന്നിവയെപ്പോലെ പരസ്പരപ്രേമത്തിന്റെ ആധാരത്തിലാണ് അവയുടെ ഒന്നിപ്പ്.

#### 4.7.7 ലൗകിക കാമിതം/വിദേഹമുക്തി

ശിവസ്തോത്രമാലയിലെ ഉപസംഹാരശ്ലോകത്തിൽ "എല്ലാം നിന്റെ പാദമെന്ന് വിചാരിക്കുന്ന ഭക്തന് ലൗകികമായ ആഗ്രഹനിവൃത്തി മുതൽ പരമമായ വിദേഹമുക്തിവരെ എല്ലാ കാമിതവും കൈവരു"[153] മെന്ന് പറയുന്നുണ്ട്. ഭൗതിക കാമിതത്തിൽനിന്നു തുടങ്ങി വിദേഹമുക്തിവരെയുള്ള തലത്തിലേക്ക് ഭക്തനെ ഉയർത്തുന്നതാണ് ഇവിടെ ശിവതത്ത്വം. സമഗ്രമായ അനുഭവസിദ്ധിയാണ് ഭക്തന് അവിടെ കൈവരുന്നത്. ശരീരത്തിലിരിക്കുമ്പോൾ മുഴുവൻ ആഗ്രഹങ്ങളും കൈവരുന്നതിനോടൊപ്പം ദേഹം ഉപേക്ഷിച്ചതിനുശേഷമുള്ള മുക്തിയും അവന് കിട്ടുന്നു. ഇവിടെ ലൗകികകാമിതങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി മുക്തിയെയോ തിരിച്ചോ നിരാകരിക്കേണ്ടി വരുന്നില്ല. തത്ത്വാന്വേഷണത്തിലൂടെ കടന്നുപോകുമ്പോൾ അനുഭവപ്പെടുന്ന ഒരുണ്മയുടെ വിവിധനിലകളായ ലൗകികകാമിതങ്ങളും വിദേഹമുക്തിയും ഇവിടെ അഭിന്നങ്ങളായാണ് വർത്തിക്കുന്നത്.

#### 4.7.8 കാലൻ/കാമൻ

'അനുഗ്രഹപരമദശക'ത്തിൽ കാലനെയും കാമനെയും ദഹിപ്പിച്ച കണ്ണെന്ന് ശിവന്റെ തൃക്കണ്ണിനെക്കുറിച്ചു പറയുന്നു.'[154] കാമൻ ജീവിതാസക്തിയിലേക്ക് നയിക്കുമ്പോൾ കാലൻ ജീവിതത്തിന്

---

152- സ്ഫുടമെൻ സഖി ചൊൽവനെൻ പ്രിയൻ / വെടികില്ലെന്നെ വെടിഞ്ഞു ജീവിതം
തടസീമയിൽ വിട്ടു രശ്മിയെ-/ ക്കടലിൽപ്പോയ് രവി മുങ്ങിടാ സഖീ
കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-252, പുറം-366, (ശ്ലോകം-2-65)

153- കൈവന്നിടുന്നഖില കാമിതവും വിദേഹ- / കൈവല്യവും കരതലാമലകം പുരാരേ
അതേ പുസ്തകം-പുറം-308 (ശ്ലോകം-1)

154- അതേ പുസ്തകം- പുറം-196, (ശ്ലോകം-8)

വിരാമമിടുന്ന ബലസ്രോതസ്സാണ്. ശിവന്റെ തൃക്കൺജ്വാലയാകട്ടെ കാലനെയും കാമനെയും ഒരു പോലെ എരിച്ചു കളഞ്ഞതാണ്. പരമാർത്ഥജ്ഞാനത്തിന് പ്രതിബന്ധമാകുന്ന വിചാരങ്ങളെ ചാരമാക്കുന്ന മൂന്നാം കണ്ണ് കാലൻ/കാമൻ ഉൾപ്പെടെ പരസ്പരവിരുദ്ധമായ രണ്ടുതലങ്ങളെയും അതിക്രമിച്ചു നിൽക്കുന്ന പരംപൊരുളാണ്. ദ്വന്ദ്വങ്ങളിൽ ഉടക്കി നിൽക്കുന്ന യാഥാർത്ഥ്യങ്ങളെല്ലാം ഒരുപോലെ നിരാകരിക്കപ്പെടുമെന്നും യോഗബുദ്ധിയുടെ വെളിച്ചത്തിൽ അവയെ മറികടക്കണമെന്നും ഇവിടെ വ്യക്തമാക്കുന്നു. എങ്കിൽ മാത്രമേ അവയുടെ ആധാരത്തിലേക്ക് കണ്ണ് പായിക്കുമ്പോൾ ശിവതത്ത്വം അനുഭൂതമാകുകയുള്ളൂ.

### 4.7.9 പൂർവ്വ പക്ഷം/ സിദ്ധാന്തപക്ഷം

ഭാരതീയ ശാസ്ത്രവിചാര പദ്ധതിയിൽ പൂർവ്വപക്ഷം/സിദ്ധാന്തപക്ഷം എന്നീ സംവാദമണ്ഡലങ്ങളുണ്ട്. സാധാരണവീക്ഷണത്തിൽ വായിച്ചെടുക്കുന്ന യാഥാർത്ഥ്യങ്ങളെ പ്രസ്തുതതലത്തിലെ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ ഉന്നയിക്കുന്ന അസംസ്കൃതവിചാരങ്ങളാണ് പൂർവ്വപക്ഷം. സത്യത്തിന്റെ സമഗ്രഭാവത്തിൽ നിന്നുകൊണ്ട് ഒന്നിനെ ബഹുസ്വരമായി മൂല്യശോധനം ചെയ്യുന്ന രീതിയാണ് സിദ്ധാന്തപക്ഷം. അതായത് വേണ്ടവിധം വിചാരം ചെയ്യുന്നതിനു മുമ്പേ ഒരു വിധത്തിൽ തോന്നുന്ന അർത്ഥം പൂർവ്വപക്ഷവും ഉപക്രമോപസംഹാരങ്ങൾ, അഭ്യാസം, അപൂർവ്വത, ഫലം, അർത്ഥവാദം, ഉപപത്തി എന്നിങ്ങനെ ആറ് ലിംഗങ്ങൾ (ലക്ഷണങ്ങൾ) എന്നിവ യോജിച്ചതിനെ സിദ്ധാന്തപക്ഷമെന്നും ബ്രഹ്മസൂത്രത്തിൽ പറയുന്നു.[155]

'ചിന്താവിഷ്ടയായ സീത'യിൽ ഈ തരംതിരിവ് പ്രകടമായി നിലകൊള്ളുന്നുണ്ട്. സാമാന്യലോകദൃഷ്ടിയിൽ ശ്രീരാമനെക്കുറിച്ച് ഉയരാവുന്ന സന്ദേഹങ്ങൾ അതിൽ സീത പൂർവ്വപക്ഷമായി അവതരിപ്പിക്കുന്നു. പ്രസ്തുത തലത്തിലൂടെ കടന്നു പോകുമ്പോൾ ശ്രീരാമനെ പ്രതിക്കൂട്ടിലാക്കുന്നുവെന്നതുപോലുള്ള ചിന്തകൾ അനുവാചകന് തോന്നാനിടയുണ്ട്. തുടർന്നു വരുന്ന ഭാഗങ്ങളിൽ ആദ്യത്തെ ചിന്തകൾ ഉന്നയിച്ച പ്രശ്നമണ്ഡലങ്ങളെ നിഷ്പക്ഷബുദ്ധിയോടെ വിചാരം ചെയ്ത് വസ്തുസ്ഥിതിയിലെത്തിച്ചേരുന്നു. സീത പൂർവ്വപക്ഷമായി ഉയർത്തുന്ന ചിന്തകളെ ഇങ്ങനെ സംഗ്രഹിക്കാം. നല്ല വണ്ണം പരിശോധിച്ചറിഞ്ഞ സ്നേഹവും കാരുണ്യവുമെല്ലാം അല്പബുദ്ധികളുടെ ഏഷണികൾകേട്ട് ഉപേക്ഷിച്ച് രാജാക്കന്മാർ നിന്ദ്യങ്ങളായ കൃത്യങ്ങൾക്ക് ചാടിയിറങ്ങുന്നു(ശ്ലോകം-82), ധർമ്മിഷ്ഠരെന്ന്

155- ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം)- പണ്ഡിറ്റ് ഗോപാലൻ നായർ, ഈതോസ് ബുക്സ്, 1994, എഡി-1, പുറം-13-14

പുകൾപെറ്റവർ തന്നെ ഇത്തരം ആചരണത്തിനു മുതിർന്നാൽ ധർമ്മത്തിനു നാശവും സജ്ജനങ്ങൾക്കിവിടെ പുലരാൻ കഴിയാത്ത അവസ്ഥയുമുണ്ടാകും(ശ്ലോകം-85), രാമനെപ്പോലെ ഭാര്യയെ ഉപേക്ഷിക്കുന്ന പുരുഷന്മാർ സ്നേഹം നിമിത്തമായി അവളനുഭവിക്കുന്ന ക്ലേശത്തെ അശേഷം അറിയുന്നില്ല (ശ്ലോകം -87), ജനഹിതമനുസരിച്ച് രാമൻ എന്നെ ശിക്ഷിക്കാൻ നിർബന്ധിതനായെന്ന് പറയുന്നത് ശരിയല്ല. വിവിധ തട്ടിൽ നിൽക്കുന്ന ജനങ്ങളുടെ അഭിപ്രായങ്ങൾ രാജാവ് പരിശോധിച്ചറിയേണ്ടതാണ്.(ശ്ലോകം -92), കൈകേയി പട്ടാഭിഷേകം മുടക്കിയശേഷം സകലജനങ്ങളും തടുത്തിട്ടും വനത്തിൽ പോയ രാമൻ സീതാവിഷയത്തിൽ മാത്രം ഇങ്ങനെ പ്രവർത്തിച്ചത് ശരിയായില്ല (ശ്ലോകം-94), മാനിയായ രാമൻ തന്റെ അപമാനത്തെ കഴുകിക്കളയാനാണ് ശിക്ഷിച്ചതെങ്കിൽ ആ കൃത്യംകൊണ്ടുതന്നെ തന്റെ കുറ്റം സ്ഥിരീകരിച്ചെന്നുള്ള വസ്തുത കൂടി അദ്ദേഹം വിചാരിക്കേണ്ടതായിരുന്നു (ശ്ലോകം-105), തെളിവിൽ സംശയം വന്നാൽ ധർമ്മബുദ്ധിയുള്ള രാജാക്കന്മാർ കുറ്റം ചെയ്തവർക്കുതന്നെ മാപ്പ് കൊടുക്കാറുണ്ട്. നിരപരാധിയും ഗർഭിണിയുമായ എനിക്ക് ശ്രീരാമൻ പാപഭയമൊന്നും കൂടാതെ കഠിന ശിക്ഷ നൽകിയിരിക്കുന്നു(ശ്ലോകം-106,107), സ്ത്രീകളെയും ശൂദ്രരെയും തള്ളിക്കളയുന്ന ധർമ്മശാസ്ത്രങ്ങളെ അക്ഷരാർത്ഥത്തിൽ അനുഷ്ഠിക്കാൻ തുടങ്ങിയതിന്റെ ദോഷഫലമാണിത്, (ശ്ലോകം-112), രാമന്റെ ഇന്നത്തെ ചെയ്തികൾവെച്ചു നോക്കുമ്പോൾ ഉൽക്കൃഷ്ടമായ മനോഗുണങ്ങൾ തനിക്കു മുമ്പെ അദ്ദേഹത്തെ വിട്ടുപോയിരിക്കാം(ശ്ലോകം-113).

തുടർന്നുള്ള ശ്ലോകങ്ങളിൽ താൻ ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള മറുപടി സീത സ്വയം കണ്ടെത്തുന്നു. അപവാദശ്രവണത്തിൽനിന്നുണ്ടായ ഉദ്വേഗത്താൽ അഭിമാനിയായ അദ്ദേഹം ആപത്തുകളെക്കുറിച്ച് ചിന്തിക്കാതെ രാജധർമ്മത്തെ പുരസ്ക്കരിച്ച് അങ്ങനെ ചെയ്തതാകാം(ശ്ലോകം-135,136), മലകളിൽ ഗുഹകളെന്നപോലെ മഹാന്മാർക്ക് ചില വീഴ്ചകൾ ശോഭ നൽകുന്നു(ശ്ലോകം-140), യജ്ഞപത്നിക്കായി രാമനുണ്ടാക്കിയ സീതയുടെ പൊൻപ്രതിമയുടെ കാര്യം അനുസ്മരിച്ച് നടത്തുന്ന അഭിനന്ദനം(ശ്ലോകം-147), പുറമെ ഗാംഭീര്യം നടിച്ചുകൊണ്ട് സ്വയംകൃതമായ കഠിനകൃത്യത്തെ ഓർത്ത് ശപിച്ചുകൊണ്ട് രാജധർമ്മമാകുന്ന ഇടുങ്ങിയ അറയിൽ അങ്ങ് തടവിലാണെന്ന് ഞാനറിയുന്നു(ശ്ലോകം -151), വളരെക്കാലം ബന്ധനത്തിലിരുന്ന പക്ഷി തന്റെ ചിറകിന്റെ ശക്തി മറന്നുപോകുന്നതുപോലെ പാരമ്പര്യാചാരങ്ങളുടെ ശക്തി രാജാക്കന്മാരെ പരാധീനരാക്കും(ശ്ലോകം-152), വിരഹോൽക്കടമായ മാനസികാവസ്ഥകളനുഭവിക്കുന്ന അങ്ങയെപ്പോലെ ലോകത്തിന്വേണ്ടി കഷ്ടതയും ത്യാഗവുമനുഷ്ഠിക്കാൻ മറ്റാർക്കുമാകില്ല (ശ്ലോകം-155,156), പ്രജാഹിതത്തിന്നനുസരിച്ച് നാട് ഭരിക്കാൻ പ്രയാസമാണ് (ശ്ലോകം -157), അതിമാനുഷനും യതിയെക്കാൾ ഇന്ദ്രിയനിഗ്രഹമുള്ളവനും ധർമ്മത്തിന്റെ പ്രകാശവുമായ രാമൻ

തനിക്ക് ആദരണീയനാണ്(ശ്ലോകം-161), ഇന്ന് ചെയ്ത പ്രവർത്തി ദേശകാലങ്ങളിൽ പരിഗണിക്കാതെ വന്നാൽപ്പോലും അങ്ങയുടെ ആത്മത്യാഗം ഉൽകൃഷ്ടസ്ഥാനത്തിന് അങ്ങയെ അർഹനാക്കും(ശ്ലോകം -162) തുടങ്ങിയ നിരവധി സന്ദർഭങ്ങളിലൂടെ ശ്രീരാമന്റെ പ്രണയം നീതിബോധം, ത്യാഗം, സംയമിത്വം എന്നിവയെ ശ്ലാഘിക്കുന്നു. മാത്രമല്ല തനിക്ക് മാനിലുണ്ടായ ആഗ്രഹം യുദ്ധങ്ങളിലേക്കും കഷ്ടനഷ്ട ങ്ങളിലേക്കും നയിച്ചതായി സീത ആത്മവിമർശനം നടത്തുന്നുണ്ട്(ശ്ലോകം-162). തന്നിലെ പൂർവ്വപ ക്ഷരൂപത്തിലുള്ള വിചാരധാരകളെ അർത്ഥവാദം, ഫലം, ഉപപത്തി എന്നിവയിലൂടെ സീത ക്രമീകരി ച്ചപ്പോൾ അത് കൂടുതൽ സിദ്ധാന്തപക്ഷ ലക്ഷണങ്ങളോടെയാണ് പുനരവതരിച്ചതെന്ന് ഇവിടെയെല്ലാം നമുക്ക് കാണാം.[154]

#### 4.7.10 സാത്വികം/രാജസികം

സാത്വികതയിൽ നിന്ന് രാജസികഭാവത്തിലേക്ക് വരുമ്പോൾ വികാരതീവ്രമായി മാറുന്ന കൃതിയാണ് ലീല. സാത്വികമായ ഗുണകോടിയിൽനിന്നുള്ള പതനമായി വിലയിരുത്താനിടയുണ്ട്. കവി ഉൾക്കൊ ണ്ടിരിക്കുന്ന യാഥാർത്ഥ്യം സത്വരജസ്തമോഗുണങ്ങങ്ങൾക്ക് ഉപരിയുള്ളതാണ്. ഗുണഘടകങ്ങളിലൂടെ അതിനുപരിയുള്ള ലക്ഷ്യത്തെ പ്രാപിക്കാനാകില്ല. അപ്പോൾ ഏത് ഗുണത്തെ സമാശ്രയിച്ചാലും നിർദ്ദി ഷ്ടലക്ഷ്യത്തിൽനിന്നുള്ള പിന്നോട്ടടിക്കലായി അത് മാറുന്നില്ല. കാരണം പരമസത്യത്തിൽ പരിമിത ഭാവം പ്രതീതമാകുന്നത് ഗുണധർമ്മങ്ങളുടെ വ്യത്യസ്തമായ സ്വാധീനംകൊണ്ടാണ്. ഗുണങ്ങളിലൂടെ ഗുണാതീതഭാവത്തെ അറിയാനാകില്ല. മാത്രമല്ല, എല്ലാ ഗുണങ്ങളുടെയും ആധാരമായി വർത്തിക്കു ന്നത് ഏകമായ സത്യംതന്നെയാണ്. അതുകൊണ്ട് ഗുണവൈവിദ്ധ്യങ്ങളെയും അവയുടെ അനുപാത വ്യതിയാനങ്ങളെയും  സമന്വയിപ്പിച്ചുകൊണ്ടുള്ള മൗലികമായ അടിത്തറയിൽ നിന്നാണ് കവി ജീവി തത്തെ നിരൂപണം ചെയ്യുന്നത്.

#### 4.7.11 ബൗദ്ധം/അദ്വൈതം

അദ്വൈതദർശനവും ബൗദ്ധദർശനവും തമ്മിലുള്ള ഛായാസാമ്യങ്ങളെ കൃതികളിൽ വിദഗ്ദ്ധ മായി ഉപയോഗിച്ച കവിയാണ് കുമാരനാശാൻ. സത്യത്തെ അദ്വൈതം കൂടുതൽ ധനാത്മകമായി വില യിരുത്തുമ്പോൾ ബൗദ്ധദർശനം അതിനെ നിർണ്ണയിക്കാൻ മദ്ധ്യമവും ഋണാത്മകവുമായ മാർഗ്ഗങ്ങളെ അവലംബിക്കുന്നു. ധന-ഋണ-മദ്ധ്യമങ്ങൾക്കുപരിയാണ് കേവലസത്യമെന്നതിനാൽ അതിനെ രണ്ട് ദർശ

154-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-691-715

നങ്ങളും വിവിധ മാർഗ്ഗത്തിങ്ങളിലൂടെ സമീപിക്കുന്നുവെന്ന് മാത്രം. ആത്മാവ്, ഈശ്വരൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ബൗദ്ധദർശനം മൗനമവലംബിക്കുമ്പോൾ പ്രാപഞ്ചികതലത്തിൽ മാത്രമാണ് അവയുടെ പ്രസക്തിയെന്ന് അദ്വൈതം അടിവരയിടുന്നു. അനിർവ്വചനീയപ്രതിഭാസം എന്ന അർത്ഥത്തിൽ അദ്വൈതം മായയെന്നും ബൗദ്ധം ശൂന്യമെന്നും വിശ്വപ്രപഞ്ചത്തെ പരാമർശിക്കുന്നു.

'വീണപൂവി'ൽ ദേഹസുഷമ കുറഞ്ഞ് വീണപൂവ് സുമേരുവിന്റെ മുകളിലുള്ള കല്പദ്രുമത്തിന്റെ കൊമ്പിൽ വിരിയാനും സുരയുവാക്കളിൽ ഇമ്പത്തെ ജനിപ്പിച്ച് രാഗസമ്പത്ത് ഉണർത്താനുമുള്ള സാദ്ധ്യതയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. (ശ്ലോകം-37)[155] ഇവിടെ സംഭാവ്യതയെ ഉന്നയിക്കുമ്പോൾ സ്വീകരിക്കുന്നത് മദ്ധ്യമമാർഗ്ഗമാണ്. വിവിധതലങ്ങൾ നിരൂപിക്കുമ്പോൾ അതെല്ലാം കേവലസത്യത്തിന്റെ നിലപാടിൽ അപ്രസക്തമെന്നു കാണിക്കാൻ അവയുടെ പരകോടിക(extremes)ളെ നിഷേധിക്കുന്ന സമീപനം അദ്വൈതത്തിലുണ്ട്. കാരണം പരകോടികളിലേക്കുള്ള ഗമനം ഏതെങ്കിലും സാപേക്ഷയാഥാർത്ഥ്യങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നതിനേ ഉതകൂ. അതുകൊണ്ട് അവയെ നിരാകരിച്ച് പ്രാപഞ്ചികയാഥാർത്ഥ്യങ്ങളെ മദ്ധ്യമമാർഗ്ഗത്തിൽ ഉൾക്കൊള്ളുന്നതാണ് സന്തുലിതമായ സമീപനം. പരകോടികളിൽ ചിന്തയെ തളച്ചുകെട്ടാതെ അതിന്റെ മദ്ധ്യമമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ വിരുദ്ധദ്വന്ദ്വങ്ങളെ സന്തുലിതമായി നിരീക്ഷിക്കാനും തദ്വാരാ അതിക്രമിക്കാനും സാധിക്കുന്നു. ബൗദ്ധദർശനത്തിലെ മദ്ധ്യമമാർഗ്ഗ(middle path)ത്തിന്റെ താല്പര്യവും അതു തന്നെയാണ്.

ബുദ്ധമതത്തെക്കുറിച്ചുള്ള ആശാന്റെ വീക്ഷണങ്ങൾ 'മതപരിവർത്തന രസവാദ'മെന്ന ലേഖനത്തിലുണ്ട്. ''സ്വാമിയെ അഭിനവബുദ്ധൻ എന്നു നമ്മിൽ ചിലർ ചിലപ്പോൾ വിശേഷിപ്പിക്കാറുണ്ട്. അതു ബുദ്ധഭഗവാനോടുള്ള ശീലസാമ്യത്തെ അടിസ്ഥാനമാക്കി നമ്മൾ ചെയ്യുന്ന അപദാനമാകുന്നു. ആദ്ധ്യാത്മികമായ അഭിപ്രായത്തിലുള്ള സാമ്യത്തെ ആധാരമാക്കി ചെയ്യുന്നതല്ല. എന്തുകൊണ്ടെന്നാൽ 'പലമതസാരവുമേകം' എന്ന് സ്വാമി പറയുന്നു. ബുദ്ധദേവൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. ബുദ്ധതത്ത്വങ്ങൾക്ക് ഈ അഭിപ്രായം പ്രത്യക്ഷവിരുദ്ധവും ആകുന്നു. ഒരു മതം എന്ന സ്വാമികളുടെ സിദ്ധാന്തവും മേൽപ്രകാരം സാരനിർണ്ണയം ചെയ്തു സിദ്ധിക്കുന്ന ഏകത്വത്തെ ആസ്പദീകരിച്ചുള്ളതാകുന്നു. അതുകൊണ്ട് സ്വാമിക്ക് എല്ലാ മതത്തെയും അതാതിനുള്ള ആദ്ധ്യാത്മികമായ ലക്ഷ്യത്തിന്റെ അഭേദത്തെ ആധാരമാക്കി സ്നേഹിക്കാൻ കഴിയുന്നു. നമ്മളിൽ ചിലരാകട്ടെ, ഹിന്ദുമതത്തെ കഠിനമായി

155- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-253

ആക്ഷേപിക്കുകയും ബുദ്ധമതത്തെ അമിതമായി സ്തുതിക്കുകയും ചെയ്യുന്നു.''[156]

തന്റെ കൃതികളിലെ ബുദ്ധമതദർശനത്തിന്റെ സ്വാധീനത്തെ കുറിച്ച് ആശാൻ ഇങ്ങനെ എഴുതുന്നു-

''ദുരവസ്ഥയിലോ ചണ്ഡാലഭിക്ഷുകിയിലോ എന്നല്ല എന്റെ ഏതെങ്കിലും കൃതികളിൽ മതത്തെ ഉപലംഭിച്ചു ഞാൻ ചെയ്യുന്ന നിർദ്ദേശങ്ങളെല്ലാം മതപരിഷ്ക്കരണത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടാണെന്നും പരിവർത്തനത്തെ മുൻനിർത്തിയല്ലെന്നും നിഷ്ക്കർഷിച്ചു വായിച്ചു നോക്കുന്ന ആർക്കും അറിയാമെന്നാണ് എന്റെ ധാരണ. പരിഷ്ക്കരണത്തിൽ ഒരു ജാതി ഒരു മതം ഒരു ദൈവം എന്നുള്ള ശ്രീനാരായണ മതം ആണെന്ന് ഞാൻ ഒരിക്കൽ കൂടി പറഞ്ഞേക്കാം. നിങ്ങളുടെ തൃശ്ശൂർ ലേഖകൻ ശ്രീമാൻ കുഞ്ഞുണ്ണി ഞാൻ ആറ്റിങ്ങലിൽ ഈയിടെ ചെയ്ത ഒരു പ്രസംഗത്തിൽ എന്റെ മതം ബുദ്ധമതമാണെന്നു പ്രസ്താവിച്ചതായി കാണുന്നു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എനിക്ക് ബുദ്ധഭഗവാനിലും ഭക്തിബഹുമാനങ്ങൾ ഉണ്ടെന്നുള്ളത് ശരി തന്നെ. അത് എന്റെ ഇപ്പോഴത്തെ ആദർശത്തിനു വിരുദ്ധമല്ലായ്കയാൽ തുടർന്നുകൊണ്ടിരിക്കുന്നതിനുള്ളതുമാകുന്നു.''[157]

ബൗദ്ധദർശനം ആശാനിലുണ്ടാക്കിയ സ്വാധീനം ഈ രണ്ട് പരാമർശങ്ങളിലും വ്യക്തമാണ്. ആശാൻകവിതയിൽ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത് അദ്വൈതചിന്തയാണെങ്കിൽ അതിന് പശ്ചാത്തലശോഭ നൽകുന്നത് അതിനോട് അനന്യമായി വർത്തിക്കുന്ന ബൗദ്ധദർശനമാണ്. ബുദ്ധമതം ലോകനിലപാടിൽ ഉന്നയിക്കുന്ന സാർവ്വത്രിക സ്നേഹസാഹോദര്യങ്ങളിൽ അധിഷ്ഠിതമായ വിശ്വമാനവികതയുൾപ്പെടെയുള്ള മൂല്യസഞ്ചയങ്ങളെ ആശാൻ ഉൾക്കൊണ്ട് രചനകളെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. പക്ഷേ, അതദ്ദേഹം സ്വാംശീകരിച്ച അദ്വൈതമായ ഐക്യബോധത്തിന്റെ അടിസ്ഥാനത്തിലാണ്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് തൃഷ്ണയെ സംസ്ക്കരിച്ച് അവസാനം വ്യക്തിതലത്തിലുള്ള അഹങ്കാരംപോലും കെട്ടടങ്ങുന്നുവെന്ന് ബൗദ്ധർ പറയുന്ന നിർവ്വാണാവസ്ഥയെത്തന്നെയാണ് പദാർത്ഥപ്രപഞ്ചത്തെ തന്റെ അസ്തിത്വത്തിൽനിന്ന് അഭിന്നമായി തിരിച്ചറിയുന്ന ജീവന്മുക്തിയെന്ന് അദ്വൈതം നിർദ്ദേശിക്കുന്നത്.

---

156- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം മൂന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-

157- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം മൂന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-

# അദ്ധ്യായം അഞ്ച്
# ലോകവീക്ഷണം ആശാൻകവിതയിൽ

ഒരു കൃതിയുടെ ദാർശനിക അപഗ്രഥനത്തിൽ പ്രപഞ്ചവീക്ഷണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഈ പ്രപഞ്ചം ഏത് ശക്തിവിശേഷത്തിൽ നിന്നുണ്ടായി? എന്തിൽ നിലനിന്ന് ഏതിലേക്ക് വിലയം പ്രാപിക്കുന്നു? അതിന്റെ സത്യാവസ്ഥ എന്താണ്? മനുഷ്യജീവിതവും ഈ ലോകവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? തുടങ്ങിയ നിരവധി ചോദ്യങ്ങൾ ഈ തലത്തിൽ നിന്നാണ് ഉരുത്തിരിയുന്നത്. അതുകൊണ്ട് ലോകവീക്ഷണത്തെ അടിസ്ഥാനമാക്കി സാഹിത്യകൃതിയെ അപഗ്രഥിക്കുമ്പോൾ പ്രപഞ്ചനിരൂപണം, മൃത്യുബോധം, സ്വത്വബോധം, നൈതികമൂല്യങ്ങളോടുള്ള സമീപനം, സാമൂഹിക ബന്ധം എന്നിവയെല്ലാം പരിശോധിക്കേണ്ടി വരുന്നു. മനുഷ്യന്റെ ബൗദ്ധികവും പ്രായോഗികവുമായ ചിന്തകളെ വൈയക്തികഭാവത്തോടും കാലഘട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോടും വസ്തുതത്ത്വത്തിന്റെ അടിസ്ഥാനത്തോടും ഇണക്കിയാണ് ലോകവീക്ഷണം രൂപപ്പെടുന്നത്. അതിൽ വസ്തുനിഷ്ഠഭാവത്തോടൊപ്പംതന്നെ അന്വേഷകന്റെ ആത്മനിഷ്ഠഭാവവും പ്രസക്തമാണ്. ഇവയുടെ പാരസ്പര്യത്തിൽ നിന്നാണ് സമ്യക്കായ പ്രപഞ്ചവീക്ഷണം ഉണ്ടാകുന്നത്. സർഗ്ഗാത്മകത വിവിധ മാദ്ധ്യമങ്ങളിലൂടെ വസ്തുനിഷ്ഠതലവുമായി താദാത്മ്യം പ്രാപിച്ചാണ് സാഹിത്യസൃഷ്ടികളിൽ ഈ ധർമ്മം പ്രത്യക്ഷപ്പെടുന്നത്.

**ലോകവീക്ഷണം**

എല്ലാം യാതൊന്നിൽ കാണപ്പെടുകയും അറിയപ്പെടുകയും കർമ്മഫലം അനുഭവിക്കപ്പെടുകയും ചെയ്യുന്നുവോ അതാണ് ലോകം.[1] ഇതിന് വ്യഷ്ടിതലത്തിലും സമഷ്ടിതലത്തിലും അർത്ഥവ്യാപ്തിയുണ്ട്. ഉണ്ടായി നിലനിന്ന് വളർന്ന് ക്ഷയിച്ച് നശിച്ചുപോകുന്ന ഇന്ദ്രിയവേദ്യമായ സർവ്വചരാചരാത്മക പ്രപഞ്ചവും ലോകമെന്ന പദത്തിന്റെ സമഷ്ട്യർത്ഥപരിധിയിൽ പെടുന്നു. വ്യഷ്ട്യർത്ഥത്തിൽ ഒരാൾക്ക് ഇന്ദ്രിയമനോബുദ്ധ്യുപാധികളിലൂടെ സംവേദ്യമാകുന്ന അനുഭവമണ്ഡലമാണ് അയാളുടെ ലോകം. ഈ ദൃഷ്ടിയിൽ ലോകം ഓരോരുത്തരെ സംബന്ധിച്ച് വ്യത്യസ്തമാണ്. കേവലമായ സത്യത്തെ കർമ്മസംസ്ക്കാരത്തിന്റെ സ്വാധീനത്താൽ സോപാധികമാക്കിയാണ് വൈവിദ്ധ്യപൂർണ്ണമായ സൃഷ്ടിജാല

1-രാജഗോപാൽ. എൻ. കെ.-സംസ്കൃത നിരുക്തകോശം, (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒന്നാം എഡി.-1999, പുറം-195

ങ്ങൾ പ്രകടമാകുന്നത്. സത്താപര(Ontological)മായ ഏകത്വമുണ്ടെങ്കിലും കേവലസത്യത്തെ അനന്ത കോടി തലങ്ങളിൽ പ്രകാശിപ്പിക്കുന്നതിനുള്ള സാദ്ധ്യതയും അതുൾക്കൊള്ളുന്നു. അതിനാൽ എല്ലാ സൃഷ്ടികളും തനത് വ്യക്തിത്വം പുലർത്തുന്നവയാണ്. "അപ്പോൾ ജീവാത്മാവിന്റെ പ്രജ്ഞ പരിണാമ ഗതിയിൽ ചവുട്ടിക്കയറുന്ന നാനാതരം കോണിപ്പടികളാണ് ലോകങ്ങൾ. പ്രജ്ഞാശക്തിയുടെ വാസനാ ത്തോതനുസരിച്ച് ഓരോ ലോകവും മേൽക്കുമേൽ സ്പഷ്ടീഭവിക്കുന്നു. പ്രജ്ഞാശക്തിയുടെ നിലഭേ ദമനുസരിച്ച് ഓരോ ജീവാത്മാവും ഓരോരോ ഉപാധിവിശേഷങ്ങളെ സ്വീകരിക്കുന്നു. ഈശ്വരചൈത ന്യത്തിന്റെ ഓരോ രൂപഭേദവും അതിനെ ആവിർഭവിപ്പിക്കുന്ന പ്രകൃതിയുടെ നിലയ്ക്കുള്ള ഓരോ വ്യത്യാസവുമാണ് ഓരോ ലോകമാകുന്നത്."[2]

പ്രകൃതിയുടെയും മനുഷ്യജീവിതത്തിന്റെയും സൂക്ഷ്മാംശങ്ങളിലേക്ക് വൈകാരികതലത്തിലൂന്നി കവിത സർഗ്ഗപര്യടനം നടത്തുമ്പോൾ യുക്ത്യധിഷ്ഠിതമായ തർക്കവിതർക്കങ്ങളുടെയും വിചാരവിശ്ലേ ഷണങ്ങളുടെയും അവിരുദ്ധപഥത്തിലാണ് ദർശനം സഞ്ചരിക്കുന്നത്. എന്നാൽ ആശാൻ കവിതയിൽ ലോക ത്തിന്റെ മിഥ്യാത്വം, ആത്മാവിന്റെ അനശ്വരത, ജീവിതത്തിന്റെ നശ്വരത, ലോകജീവിതത്തെ സാർത്ഥക മാക്കുന്ന സ്നേഹദീപ്തി എന്നിങ്ങനെയുള്ള സവിശേഷ ഘടകങ്ങളെ സംഘടിപ്പിച്ച് ഉദാത്തതയിലേ ക്കെത്തിക്കുന്നത് ദാർശനികതലമാണ്. കാല്പനികതയുടെ വക്താവെന്ന നിലയിൽ വികാരവിചാരങ്ങളെ യും വിശ്വപ്രകൃതിയെയും അന്തർജ്ഞാനമണ്ഡലവുമായി ഇണക്കിക്കൊണ്ടു പോകുന്നതിന് അദ്ദേഹം അവലംബമാക്കുന്നത് അദ്വൈതദർശനത്തെയാണ്. അതിലൂടെ ജീവിതയാഥാർത്ഥ്യങ്ങളെ ധ്വന്യാത്മകവും ധ്യാനാത്മകവുമായി സ്വാംശീകരിക്കാനും തന്നിണക്കത്തോടെ ആവിഷ്ക്കരിക്കാനും കഴിഞ്ഞു.

സ്തോത്രകൃതികൾമുതൽക്കുള്ള കുമാരനാശാന്റെ ദാർശനിക അവബോധത്തിന്റെ മൗലികഭാ വമാണ് അദ്ദേഹത്തിന്റെ പിൽക്കാലകൃതികളിലുമുള്ളത്. രൂപഘടനയിലും ഭാവത്തിന്റെ ഉപരിമണ്ഡല ത്തിലും ഭാവുകത്വപരിണാമത്തിന്നനുസൃതമായ ആവിഷ്ക്കാര സമ്പ്രദായങ്ങൾ ആശാൻ കൈക്കൊണ്ടിട്ടു ണ്ട്. എന്നാൽ കേവലസത്യത്തെ കുറിച്ചുള്ള അവബോധം, ഈശ്വരന്റെ ഏകത്വം, ജീവാത്മാവിന്റെ അനശ്വരത്വം തുടങ്ങിയവയെക്കുറിച്ചുള്ള നിദർശനം വിഷയപ്രപഞ്ചം മായികമാണെന്നും അതിന്നപ്പു റത്തുള്ള അതീതതലങ്ങളെ അന്വേഷിച്ചറിയണമെന്നുള്ള ബോദ്ധ്യം, വ്യവഹാരപ്രപഞ്ചം അപൂർണ്ണവും ദുഃഖദായകവുമാണെന്ന വീക്ഷണം, ഭോഗവിഷയങ്ങളിലൂടെ ശാശ്വതമായ വിമോചനം നേടാനാകില്ലെന്ന വിശ്വാസം, സർവ്വചരാചരങ്ങളുടെയും ഉള്ളിൽ നിലകൊള്ളുന്ന നന്മയിലും കാരുണ്യത്തിലും സ്നേഹ

---

2-നാരായണ മേനോൻ നാലാപ്പാട്ട്- <u>ആർഷജ്ഞാനം</u>- മാതൃഭൂമി ബുക്ക്സ്, കോഴിക്കോട് 1970, എഡി-1, പുറം-16

ത്തിലും നിലയൂന്നിയ ഐകമത്യം എന്നീ മൗലികവീക്ഷണങ്ങളിലെല്ലാം സ്തോത്രകൃതികൾക്കും പിൽക്കാലകൃതികൾക്കും തമ്മിൽ സാദൃശ്യമുണ്ട്. ലോകവീക്ഷണത്തിലും ഇതേ കാഴ്ചപ്പാടാണ് കവി ഉന്നയിക്കുന്നത്. അതിനെ ഇങ്ങനെ സംഗ്രഹിക്കാം.

| | | |
|---|---|---|
| **അറിവ്** | **ചൈതന്യം** | **ശാശ്വതം** |
| **ലോകം** | **ജഡം** | **ക്ഷണികം** |

പ്രപഞ്ചത്തിലെ സൃഷ്ടിജാലങ്ങളെല്ലാം നിമിത്ത-ഉപാദാനകാരണങ്ങളിൽ അധിഷ്ഠിതമാണ്. സ്രഷ്ടാവ് നിമിത്തകാരണവും സൃഷ്ടിക്കുള്ള സാമഗ്രി ഉപാദാന കാരണവുമാണ്. നിമിത്തകാരണത്തിന് ആവശ്യമായ അറിവും സൃഷ്ടിക്കുന്നതിനുള്ള ശക്തിയും സാമർത്ഥ്യവും വേണം. ജഡപദാർത്ഥങ്ങൾക്ക് ചൈതന്യത്തിൽനിന്ന് ഭിന്നമായ അസ്തിത്വമില്ലാത്തതിനാൽ പ്രപഞ്ചസൃഷ്ടിക്ക് നിമിത്തവും ഉപാദാനവുമായ കാരണമായി അദ്വൈതം നിർദ്ദേശിക്കുന്നത് ഏകനായ ഈശ്വരനെയാണ്. ഇതിനെക്കുറിച്ച് ശാങ്കരശതകത്തിൽ കവി പറയുന്നത് ഇങ്ങനെയാണ്. ''ഈ ലോകങ്ങൾ ഉള്ളതാണെങ്കിൽ അതിനൊരു നാഥൻ ഉണ്ടായിരിക്കുമല്ലോ? അങ്ങനെയൊരുണ്മ അങ്ങ് തന്നെയാണ്. അതിനാൽ മറ്റൊരാശ്രയവും തനിക്കില്ല.''[3] ഈ പ്രപഞ്ചത്തിന്റെ മൂലകാരണം ഈശ്വരനാണെന്ന് വ്യക്തമാക്കുകയാണിവിടെ. കാരണത്തിന് കൊടുക്കുന്ന ആലങ്കാരിക ഭാഷ്യമാണ് നാഥനെന്ന പ്രയോഗം. അതിൽത്തന്നെ മറ്റൊരിടത്ത് (ശ്ലോകം-28) പറയുന്നു.

ചിന്തിക്കിലീയുലകു തന്തു ചിലന്തിപോലെ / ബന്ധിച്ചു നീ സകല സാക്ഷിയതായിരുന്നും
അന്ധത്വമേകിയതിലിട്ടിവരേ വലിപ്പ-/ തെന്തിന്ദ്രജാലമിതു സാംബ! കൃപാംബുരാശേ

ആലോചിച്ചു നോക്കിയാൽ എട്ടുകാലി വല നെയ്യുന്നതുപോലെ ലോകം കെട്ടിപ്പടുത്ത് അതിൽ മായയാൽ വലിച്ചിടുന്നു. ഇത് എന്ത് ഇന്ദ്രജാലമെന്ന് കവി ആശ്ചര്യപ്പെടുന്നു.[4] തന്റെ ശരീരത്തിലുള്ള നൂലുകൊണ്ട് എട്ടുകാലി വലകെട്ടുന്നതുപോലെയാണ് വിശ്വസൃഷ്ടിയെന്നാണ് സൂചന. പരസഹായമില്ലാതെ ഒരു വസ്തുവിൽനിന്ന് പലതും പ്രകടമാകാമെന്നതിനുള്ള ദൃഷ്ടാന്തമാണ് ഇവിടെ നൽകുന്നത്. ചിലന്തി തന്നിൽനിന്നുതന്നെ നൂലുകളുണ്ടാക്കി വലകെട്ടി അതിൽത്തന്നെയിരിക്കുന്നു. അതുപോലെ ഈശ്വരന്റെ അനന്യമായ ശക്തിതന്നെയാണ് പ്രപഞ്ചമായി പരിലസിക്കുന്നത്. ''എപ്രകാരമാണോ ചിലന്തി തന്നിൽ നിന്നുതന്നെ നൂലുണ്ടാക്കി വലകെട്ടി തന്റെ ഭാഗമായിത്തന്നെ കരുതിപ്പോരുന്നത്,

---

3- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-147, (ശ്ലോകം-23)

4- അതേ പുസ്തകം- പുറം-148

എപ്രകാരമാണോ ഭൂമിയിൽ ഭൂമിയുടെ ഭാഗമായിത്തന്നെ ചെടികളും വൃക്ഷങ്ങളും രൂപംകൊള്ളുന്നത്, എപ്രകാരമാണോ ജീവിക്കുന്ന വ്യക്തിയിൽ നിന്നും തലമുടിയും ദേഹരോമങ്ങളും ഉണ്ടാകുന്നത് അപ്രകാരം പരമകാരണമായ അഖണ്ഡബോധത്തിൽ നിന്നും ജഗത്തായി കാണപ്പെടുന്ന എല്ലാം രൂപംകൊള്ളുന്നു''[5] വെന്ന ഉപനിഷൽദർശനവുമായി ഇതിന് ബന്ധമുണ്ട്. ഈശ്വരനെ നിമിത്തകാരണമായും ലോകത്തെ ഉപാദാനകാരണമായും എണ്ണുന്ന ന്യായത്തിൽനിന്ന് വ്യത്യസ്തമായി അഭിന്നനിമിത്തോപാദാനകാരണമെന്ന നിലയിലാണ് അദ്വൈതം ഈശ്വരനെ പരാമർശിക്കുന്നത്. ബ്രഹ്മത്തിന്റെ അനന്യശക്തിയായ മായയിലൂടെയാണ് ഈ ലോകം പ്രകടമാകുന്നത്. വ്യാവഹാരികമായി നിരൂപണം ചെയ്യുമ്പോൾ ഈശ്വരൻ തന്നെയാണ് അതിന്റെ സൃഷ്ടിയും സ്രഷ്ടാവുമെന്ന[6] നാരായണഗുരുവിന്റെ ദൈവദശകത്തിലെ അദ്വൈതവീക്ഷണം തന്നെയാണ് കവി ഇവിടെ കൈക്കൊള്ളുന്നത്.

ശാങ്കരശതകത്തിലെ മറ്റൊരിടത്ത് ഇങ്ങനെ ചോദിക്കുന്നു. ''കൈവല്യദശയിലും ജാഗ്രത്തിലും സുഷുപ്തിയിലും എല്ലാ ജീവന്മാരെയും ഉള്ളിലിരുന്നു സംരക്ഷിക്കുന്ന ഒന്നിന്റെ ലീലയോ മികവോ ആണോ ഈ പ്രപഞ്ചം?''[4] വൈവിദ്ധ്യപൂർണ്ണമായ ജഗത്തിന്റെ സൂക്ഷ്മസാക്ഷിയാണ് ഈശ്വരതത്ത്വം. പ്രകടമായതെല്ലാം നിലനിന്ന് വിലയം പ്രാപിക്കുന്നത് ഒരേ ബോധകേന്ദ്രത്തിലാണ്. അതിന്റെ അപേക്ഷയിൽ സ്ഥായീഭാവമില്ലാത്ത നിരന്തരമാറ്റങ്ങൾക്ക് വിധേയമാകുന്ന ഒന്ന് സ്രഷ്ടാവിന്റെ കളിയോ പൊളിയോ ആകാനേ തരമുള്ളൂ. നിമിഷംകൊണ്ട് നശിച്ചു പോകുന്ന ഈ ലോകത്തെക്കണ്ട് മടുത്ത് അവിടത്തെ തൃപ്പാദം അണയാൻ കൊതിക്കുന്നുവെന്നും തുടർന്ന് പറയുന്നു. ലോകം ക്ഷണികവും ശൂന്യവുമാണെന്ന മാദ്ധ്യമികബൗദ്ധരുടെ ചിന്തയുമായി ഇതിന് ബന്ധമുണ്ട്. എന്നാൽ അതിനെ കേവലസത്യമായി പരിഗണിക്കാതെ വ്യവഹാരയാഥാർത്ഥ്യമെന്ന നിയന്ത്രിതനിലയിലാണ് അദ്വൈതം ഉൾക്കൊള്ളുന്നത്.

ശരീരക്ലേശങ്ങൾക്കെല്ലാം കാരണമായിട്ടുള്ളതും അഹങ്കാരത്തിൽനിന്ന് രൂപംകൊണ്ടതുമായ സംസാരവൃക്ഷത്തെ വെട്ടി മുറിക്കാൻ കഴിവുള്ള കുഠാരമുണ്ടെന്ന് അതിൽത്തന്നെ ശിവനെ സ്തുതി

---

5-യഥോർണ്ണനാഭിഃ സൃജതേ ഗൃഹ്ണതേ ച / യഥാ പൃഥിവ്യാമോഷധയഃ സംഭവന്തി
യഥാസതഃ പുരുഷാത് കേശലോമാനി / തഥാക്ഷരാത് സംഭവതീഹ വിശ്വം (മുണ്ഡകോപനിഷത്ത്-1-1-7) വേദാന്തദർശനം-ഉപനിഷത് സ്വാദ്ധ്യായം-പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -1997, എഡി-1-പുറം-495

6- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003- പുറം-40, (ശ്ലോകം- 5)

7-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-156, (ശ്ലോകം-63)

ക്കുന്ന സന്ദർഭത്തിൽ കവി പറയുന്നു.[8] അഹംകൃതി യാണ് സംസാരവൃക്ഷത്തിന്റെ ആണിവേര്. വൈവിദ്ധ്യമാർന്ന ലോകാനുഭവങ്ങൾ പ്രതിജനഭിന്നമാണെന്നതിനാൽ ഏവർക്കും പ്രസക്തമായൊരു പൊതുമണ്ഡലം ഈ ലോകത്തിലില്ല. അഹംകൃതിയെന്ന ഈ ലോകവൃക്ഷത്തിന്റെ വേര് മുറിച്ചു കളഞ്ഞാൽ മാത്രമേ എല്ലാവരിലും ഒരേപോലെ നിറവാർന്നു നിൽക്കുന്ന ചൈതന്യത്തിന്റെ സമാനത അനുഭൂതമാകുകയുള്ളൂ. പരിമിതികളെ നിവർത്തിക്കുവാൻ അപരിമേയതയ്ക്കേ കഴിയൂവെന്ന് വ്യക്തമാക്കാനാണ് സംസാരവൃക്ഷത്തിന്റെ വേരറുക്കുന്നതിനുള്ള ഉപായമായി ശിവന്റെ കൈവശമുള്ള കുഠാരത്തെ കല്പിക്കുന്നത്. ഉല്പത്തിയും വിനാശവുമുള്ള ഈ പ്രപഞ്ചത്തിന്റെ തികച്ചും ദുഷ്ക്കരമായ ബാധയകന്നാൽ ഈശ്വരന്റെ  അഭയഹസ്തം കാണാനാകുമെന്നും അതിൽത്തന്നെ കവി പറയുന്നു.[9] ജീവനെ അതിശക്തമായി സ്വാധീനിച്ചിരിക്കുന്നതിനാലാണ്  ഈ പ്രപഞ്ചത്തെ ബാധയെന്ന് പറയുന്നത്. പ്രപഞ്ചത്തിന്നതീതമായൊരു ബോധചൈതന്യമാണ് ഈശ്വരന്റെ അസ്തിത്വതലമെന്ന് കവി ഇവിടെ സ്പഷ്ടമാക്കുന്നു.

അനിത്യവും അസുഖവുമാണ് അറിവിനു വിഷയമായ എല്ലാ ലോകങ്ങളുമെന്നാണ് ആശാന്റെ പക്ഷം. അതുകൊണ്ടാണ് കാനൽജലംപോലെ ആത്യന്തികമായി നിലനില്പില്ലാത്ത ഈ ലോകത്തെയും അതിലുപരി സ്വർഗ്ഗലോകത്തെയും ഒരുപോലെ വെറുക്കുന്നുവെന്ന് പറയുന്നത്.[10] ബ്രഹ്മജിജ്ഞാസയ്ക്ക് അധികാരിയാകണമെങ്കിൽ അനിവാര്യമായി നേടേണ്ട ഗുണവിശേഷമാണ് ഇഹ-പരലോകങ്ങളിലെ വിഷയങ്ങളിലുള്ള വിരക്തിയെന്ന് ബ്രഹ്മസൂത്രത്തിലുണ്ട്.[11] അറിവിന് വിഷയമായവയിൽ നിന്ന് യഥാർത്ഥസുഖമന്വേഷിക്കാതെ നിരുപാധികമായ അറിവിന്റെ കേന്ദ്രസ്രോതസ്സിലേക്കാണ് കവി ഉറ്റു നോക്കുന്നത്. അസ്ഥിരവും ചഞ്ചലവും കർമ്മചക്രശൃംഖലയിൽപ്പെടുന്നതുമായ ലോകവിഷയങ്ങളിലൂടെ കേവലമായ ഒന്നിനെ അന്വേഷിക്കുന്നത് യുക്തിസഹമല്ല. പരിണാമപ്രക്രിയയിലൂടെ കടന്നു പോകുന്ന ലോകത്തിലെ എല്ലാ പദാർത്ഥങ്ങളും നശിച്ചുകൊണ്ടിരിക്കുന്നവയാണ്. അതിനെല്ലാം ആധാരമായ ഈശ്വരനെ സമാശ്രയിക്കുന്നത് പരമനിഃശ്രേയസത്തിലേക്ക് ഉയരാനാണ്. പ്രപഞ്ചാനുഭവങ്ങളെ അനുവദിച്ചും അംഗീകരിച്ചുംകൊണ്ടാണ് അവയുടെയെല്ലാം പരമാർത്ഥത്തെ ഇവിടെ അന്വേഷിക്കുന്നത്.

---

8-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-172, (ശ്ലോകം-21)

9- അതേ പുസ്തകം- പുറം-172, (ശ്ലോകം-22)

10- അതേ പുസ്തകം- പുറം-79, (ശ്ലോകം-15)

11-ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം)- പണ്ഡിറ്റ് ഗോപാലൻ നായർ, ഈതോസ് ബുക്സ്, എഡി1, 1994, പുറം-16

ക്ഷണവർത്തിയായ ഈ ലോകത്തിൽ നിന്ന് ലഭിക്കുന്നതെല്ലാം പുല്ലുപോലെ നിസ്സാരമായി കണ്ട് ബുദ്ധിമാന്മാർ ഈശ്വരസേവയിലേക്കു തിരിയുന്നു എന്ന് കവി ഭക്തവിലാപത്തിൽ പറയുന്നു.[12] ഈശ്വരകീർത്തനമെന്നതിലുപരി ലൗകികതയോടുള്ള നിലപാടും ഇതിലന്തർഭവിച്ചിരിക്കുന്നു. കവി ലക്ഷീകരിക്കുന്ന സുഖത്തിന്റെ സാന്ദ്രതയും വ്യാപ്തിയും ഈ ലോകത്തിന് നൽകാൻ കഴിയില്ലെന്ന ബോദ്ധ്യമാണിവിടെയുള്ളത്. ലൗകികസുഖങ്ങളാസ്വദിക്കുമ്പോൾത്തന്നെ പെരികെ വളർന്നുകൊണ്ടിരിക്കുന്ന മരണഭയവും കൂടെയുണ്ട്. മാത്രമല്ല, കൂടുതൽ സുഖത്തെ അന്വേഷിച്ചറിയുക എന്നതിനോടൊപ്പം തന്നെ നിലവിലുള്ള ദുഃഖത്തിൽനിന്നുള്ള മോചനവും ആവശ്യമാണ്. അതിന് പ്രപഞ്ചനിലയിലെ കാല്പനികതയെയും ചമത്ക്കാരങ്ങളെയും ഒഴിവാക്കി വിവിധാകാരത്തിലും പ്രകാരത്തിലുമുള്ള പ്രപഞ്ചപ്രതിഭാസങ്ങളെ നിഷ്പക്ഷബിന്ദുവിൽ നിന്നാണ് നിരൂപണ വിധേയമാക്കുന്നത്. കാലത്തിന്റെ ഒരു ബിന്ദുവിലുള്ള സംയോഗം മറ്റൊരു മേഖലയിലെ വിയോഗമെന്ന് അപ്പോൾ തിരിച്ചറിയുന്നു. അതിൽ സംയോഗതലത്തിലാണ് പലപ്പോഴും മനസ്സ് നാനാത്വവും ചമത്ക്കാരങ്ങളും കണ്ടെത്തി സുഖാസ്വാദനം നടത്തുന്നത്. സ്ഥലകാലാനുസൃതമായി പ്രകടമാകുന്ന വസ്തുക്കളുടെ സ്വരൂപത്തിലേക്കാണ് കവിയുടെ അന്വേഷണം ചെന്നെത്തുന്നത്.

തത്ത്വാന്വേഷണം അനേകം തലങ്ങളിലൂടെ പുരോഗമിക്കുമ്പോൾ ബോധപൂർവ്വമല്ലാതെത്തന്നെ ലോകാനുഭവങ്ങളിലെ വാസ്തവികതയ്ക്ക് സ്വാഭാവികമായ ന്യൂനത സംഭവിക്കും. അപ്പോൾ സാർവ്വത്രികമായ സത്യത്തെക്കുറിച്ചുള്ള അവബോധം ദുഃഖനിവൃത്തിയായി പരിണമിച്ച് കൃതകൃത്യത നേടുന്നു. അതുകൊണ്ടാണ് ഈ പ്രപഞ്ചം ശാശ്വതമല്ലെന്നും ദുഃഖദായകമാണെന്നും വിചാരിക്കുന്നവന് പരമാനന്ദം ലഭിക്കുമെന്ന് ശാങ്കരശതകത്തിൽ കവി പറയുന്നത്.[12] വിഷയപ്രപഞ്ചത്തിനപ്പുറത്തൊരു സത്യമില്ലെന്ന് വിചാരിക്കുന്നവർക്കാണ് ദുഃഖം. പരിധികളെല്ലാം അവസാനിക്കുന്നത് പരംപൊരുളുമായുള്ള ചേർച്ചയിലൂടെ മാത്രമാണെന്ന് പറഞ്ഞ് പ്രസ്തുത തലത്തെ ശിവസായുജ്യമായി കല്പിച്ച് മനസ്സിനോട് അത് നേടാൻ കവി ആവശ്യപ്പെടുന്നു. ദുഃഖത്തെ സാർവ്വത്രികമായി കണ്ട് ബുദ്ധൻ അംഗീകരിച്ച ആര്യസത്യങ്ങളെ ഈ ശ്ലോകത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ ക്രമീകരിക്കാം.

1- യാഥാർത്ഥ്യം- ദുഃഖം

2- അതിന്റെ നിദാനം- ഭവയോഗം (ലൗകിക വിഷയങ്ങളുമായുള്ള ചേർച്ച)

3- പരിഹാരമാർഗ്ഗം- ഭവയോഗം (ശിവതത്ത്വവുമായുള്ള ചേർച്ച)

---

12-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-158, (ശ്ലോകം-74)

വ്യക്തിതലത്തിലുള്ള പരിവർത്തനങ്ങളിലൂന്നിയാണ് ആര്യസത്യങ്ങളും ദുഃഖത്തെ മറികടക്കുന്നതിനുള്ള പ്രായോഗിക പദ്ധതികൾ നിർദ്ദേശിക്കുന്ന അഷ്ടാംഗമാർഗ്ഗങ്ങളും നിലകൊള്ളുന്നത്. ഇതിലൂടെ ക്രമമായി എത്തിച്ചേരുന്ന ലക്ഷ്യതലത്തെ ബൗദ്ധർ നിർവ്വാണമെന്നും അനിർവ്വാച്യം, അവ്യപദേശ്യം എന്ന് സൂചിപ്പിച്ചുകൊണ്ട് മോക്ഷം, ബ്രഹ്മ/ഈശ്വര/ആത്മസാക്ഷാൽക്കാരമെന്നെല്ലാം അദ്വൈതികളും പറയുന്നു. പരിപൂർണ്ണമായ ദുഃഖനിവൃത്തിയാണ് ഈശ്വരാശ്രയത്തിലൂടെ ലഭിക്കുന്നത്. എല്ലാത്തിനുംപോന്ന ഈശ്വരൻ 'എന്തു ചെയ്യും' 'എങ്ങനെ എന്റെ അടുത്തു വരും' തുടങ്ങിയ വിചാരങ്ങൾകൊണ്ട് ഭ്രമിക്കേണ്ടതില്ലെന്നും കവി പറയുന്നു. പ്രപഞ്ചവിഷയങ്ങളോടുള്ള താദാത്മ്യവും അതിൽ നിന്നുണ്ടാകുന്ന ആഗ്രഹങ്ങളും വിവേകത്തിന്റെ വെളിച്ചത്തിൽ വിലയിരുത്താത്തതുകൊണ്ടാണ് ദുഃഖമുണ്ടാകുന്നത്.

ക്ഷണികമായ ജീവിതാവബോധത്തിന്റെ നേർപ്പകർപ്പായ 'വീണപൂവി'ൽ സമസ്തജീവിതഭാവങ്ങളെയും കവി ഉള്ളൊതുക്കിയിരിക്കുന്നു. അതിൽ പ്രാപഞ്ചികസത്യത്തെ തന്റെ കാവ്യകല്പനകളിലൂടെ പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. അദ്വൈതചിന്തയിലെ സത്താത്രയത്തി(Triple Ducker reality) ലെ പ്രാതിഭാസിക,വ്യാവഹാരിക സത്തകളെ ഉൾക്കൊണ്ടാണ് അതിലെ ജീവിതനിരൂപണം പുരോഗമിക്കുന്നത്. പൂവിനെ പെറ്റമ്മയായ ലത പല്ലവപുടങ്ങളിൽവെച്ച് ലാളിച്ച് വളർത്തി. ഇളംകാറ്റ് തൊട്ടിലാട്ടുകയും ഇലയുടെ മർമ്മരങ്ങൾ താരാട്ടു പാടുകയും ചെയ്തു. ഒടുവിൽ പൂവ് ഭൂമിയിൽപ്പതിക്കുന്ന അവസരത്തിൽ ജീവന്റെ വികാസപരിണാമങ്ങൾക്കെല്ലാം സാക്ഷ്യം വഹിച്ച ഭൂമിപോലും ധൈര്യം ചോർന്നുപോയ നിലയിലാകുന്നു. ചിലന്തികൾ പൂവിനെ പട്ടണിയിക്കുന്നു. കുരുവികൾ സമീപം നിന്ന് നിലവിളിക്കുന്നു. കല്ലിനുപോലും കരളലിയുന്നു. ദിക്കുകളുടെ മുഖം മങ്ങുന്നു. സൂര്യൻ വിവർണ്ണനാകുന്നു. വായു നെടുവീർപ്പിടുന്നു. പ്രസ്തുത സന്ദർഭത്തിൽ മരത്തിലും കല്ലിലും തല തല്ലുന്ന വണ്ടിന്റെ പ്രതികരണത്തെ ശോകാന്ധതയെന്നാണ് കവി പറയുന്നത്. സർവ്വചരാചരങ്ങളിലും ഈ ഭാവങ്ങളെല്ലാം നിയന്ത്രിതരൂപത്തിൽ കാണപ്പെടുന്നുണ്ട്. വൈയക്തികാനുഭവങ്ങളെ സാമൂഹികതലത്തിലേക്ക് സന്നിവേശിപ്പിക്കുകയും ജീവിതാനുഭവങ്ങളെ ദാർശനികമനോഭാവത്തോടെ സമീപിക്കുകയും പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം വികാരാർദ്രമായി ആവിഷ്ക്കരിക്കുകയുമാണിവിടെ. ബഹുസ്വരമായ സൃഷ്ടിവിശേഷത്തിൽ ഒന്നിന്റെ വൃദ്ധിയോ ക്ഷയമോ മറ്റുള്ളവയുടെ അസ്തിത്വത്തെ ബാധിക്കുന്നുവെങ്കിൽ ഔൽപ്പത്തികമായി അവ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് അർത്ഥമാക്കുന്നത്. അതിലൂടെയാണ് മാനുഷികമായ വികാരവിചാരങ്ങളെ പ്രകൃതിപ്രതിഭാസങ്ങളുമായി ചേർത്തിണക്കി എല്ലാം ഒരേ സത്തയുടെ വിഭിന്ന പ്രകാശനങ്ങളെന്ന ഏകാത്മതത്ത്വത്തിലേക്കാണ് കവി നമ്മെ കൊണ്ടെത്തിക്കുന്നത്. അവിടെ സചേതനാചേതനങ്ങൾ, സ്ഥൂലസൂക്ഷ്മങ്ങൾ, കാര്യകാരണങ്ങൾ എന്നിങ്ങനെയുള്ള തരഭേദ

ങ്ങൾ അപ്രസക്തമാകുന്നു. ഒരു സൃഷ്ടിയുടെ രൂപാന്തരീകരണത്തിൽ സകലപ്രപഞ്ചപ്രതിഭാസങ്ങളും ഇടപെടുന്നത് അവയിലെ അന്തസ്സാരസംബന്ധിയായ സഹവർത്തിത്ത്വത്തെ പ്രതിനിധീകരിച്ചുകൊണ്ടാണെന്ന് സോദാഹരണം സമർത്ഥിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഒന്നിന്റെ അസ്തിത്വം ശാശ്വതമാകുന്നത് വർത്തമാനം, ഭൂതം, ഭാവി എന്നീ മൂന്ന് കാലങ്ങളിലും ഒരുപോലെ പ്രസക്തമാകുമ്പോളാണ്. അതുകൊണ്ടാണ് 'ആ ഭൂതിയെങ്ങ് പുനരെങ്ങ് കിടപ്പിതോർത്താൽ' തുടങ്ങിയ പരാമർശങ്ങളിലൂടെ പൂവിന്റെ ശൈശവ-ബാല്യ-കൗമാരങ്ങൾ ഉൾക്കൊള്ളുന്ന ഭൂതകാലത്തെയും ചരമാനന്തരമുള്ള ഭാവിയെയും പതനത്തിന്റെ വർത്തമാനകാലത്തോടിണക്കി തുല്യപ്രാധാന്യത്തോടെയാണ് പ്രതിപാദിക്കുന്നത്.

പുറംമോടിയും പകിട്ടും കമനീയതയുമൊക്കെ ഉണ്ടെങ്കിലും ക്ഷണികതയും പരിവർത്തനനൈരന്തര്യവും അവനി വാഴ്‌വിനെ സുഖദുഃഖസമ്മിശ്രമാക്കുന്നു. പുഷ്പജന്മത്തിന്റെ അനുഭവതലങ്ങളെ അടുക്കിവെക്കുന്നത് ശാശ്വതവും സാർവ്വലൗകികവുമായ സത്യത്തെ അനുഭവവേദ്യമാക്കാനാണ്.

കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥ ദീർഘം
മാലേറെയെങ്കിലുമതീവ മനോഭിരാമം [13]

സമജാതികളായ പൂക്കളോടൊത്ത അഴകാണ് പൂവിനെങ്കിലും അതിൽ അനുരാഗിയായ ഒരാൾക്ക് അനുഭവപ്പെടുന്നത് സവിശേഷശോഭയാണ്. കുറഞ്ഞ കാലമേ ഉള്ളൂവെങ്കിലും അത് സംഭവബഹുലവും ദുഃഖഭരിതമെങ്കിലും മനോഹരവുമായിരുന്നു. ഭൗതികമായ നശ്വരതയ്ക്ക് വിധേയമാകുന്ന ഒന്നിനെ അനശ്വരതയുടെ വിവിധഭാവങ്ങളിലേക്ക് എങ്ങനെ മാറ്റാനാകുമെന്നാണ് കവി വീണപൂവിലൂടെ സ്പഷ്ടമാക്കുന്നത്. വീണപൂവിന്റെ ആകാരഭംഗിയൊടുങ്ങി അത് സുമേരുവിലോ അല്ലെങ്കിൽ ദേവകുമാരന്മാരിൽ അനുരാഗം ജനിപ്പിക്കത്തക്ക വിധത്തിൽ സുരകുമാരിമാരുടെ നെറുകിലോ അതുമല്ലെങ്കിൽ ദേവർഷിമാരുടെ ബലിപുഷ്പമായി തമസഃപരമാം പദത്തിലോ എത്തിച്ചേരാമെന്നാണ് അതിൽ പൂവിന്റെ ഭാവിയെക്കുറിച്ച് പരാമർശിക്കുന്നത്. ഒരസ്തിത്വത്തിന്റെ നാനാത്വങ്ങളെന്ന നിലയിൽ മനുഷ്യനുൾപ്പെടെയുള്ള എല്ലാ ചരാചരങ്ങൾക്കും ഉന്നതമായ അവസ്ഥാവിശേഷങ്ങളിലൂടെ കടന്നുപോകാൻ അവകാശമുണ്ടെന്നതിന്റെ പ്രഖ്യാപനവും കൂടിയാണിത്.

'ഒരു വനയാത്ര'യിൽ സൗന്ദര്യാനുഭൂതിയുടെ ഉച്ചകോടിയിലെത്തി തനിച്ച് നിശ്ശബ്ദനായി ഇരിക്കുന്ന കവിയെ കാണാം. ലോകത്തിൽ സൗഖ്യത്തിന്റെ കിരണങ്ങളുടെ ഉറവിടമായ സൂര്യൻ മൗന

---

13-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-242, (ശ്ലോകം-10)

ത്തിലാണെന്ന് അവിടെ പറയുന്നു.[14] വിഷയസൗന്ദര്യത്തെ ഈശ്വരീയമായി കാണുന്ന കവി അതനുഭവിക്കുന്ന നിർവൃതിതലത്തെ വിജ്ഞാനത്തിന്റെ പ്രതീകമായ സൂര്യനോട് താരതമ്യപ്പെടുത്തുന്നു. മനസ്സിന് അഭയവും ആനന്ദപ്രദവുമായ സ്വാസ്ഥ്യത്തെ പ്രകൃതി പ്രദാനം ചെയ്യുന്നതായി അദ്ദേഹം തിരിച്ചറിയുന്നു; പ്രകൃതിസൗന്ദര്യത്തെ പരമസത്യത്തിന്റെ പ്രതിനിധിയായി കാണുകയും ചെയ്യുന്നു. അഹംബുദ്ധിയില്ലാതെ തനിച്ച് മൗനത്തിൽ സുഖമായിരിക്കുന്നതാണ് മഹേശന്റെ മംഗളകരമായ രൂപമെന്ന് കവി 'ശാങ്കരശതക'ത്തിൽ പറയുന്നുണ്ട്.[15] സത്യാനുഭൂതിക്കും സൗന്ദര്യാസ്വാദനത്തിനും തടസ്സമായി നിൽക്കുന്നത് താദാത്മ്യത്തിലൂന്നിയ മമത്വാദ്യഭിമാനങ്ങളാണ്. പ്രസ്തുത ആവരണം നീങ്ങുമ്പോളാണ് നിരുപാധികസത്തയുടെ ഉറവിടത്തിലെത്തുന്നത്. ഏകാത്മകമായ ബോധപ്രകാശത്തിൽ നിറയുന്ന മൗനത്തെ ശ്രീനാരായണ ഗുരു മൗനഘനാമൃതാബ്ധിയെന്നാണ് 'ആത്മോപദേശ ശതക'ത്തിൽ വിശേഷിപ്പിക്കുന്നത്.[16] ഈ തലത്തെ ലക്ഷ്യംവെക്കുന്നതാണ് കവിയുടെ മൗനത്തിന്റെ അഗാധമായ സംവേദനക്ഷമത.

പ്രപഞ്ചപ്രതിഭാസങ്ങളായ പ്രഭാതമോ സന്ധ്യയോ പൂവോ നിലാവോ കണ്ട് പ്രപഞ്ചത്തെ പാടി പുകഴ്ത്താനല്ല താൻപോകുന്നതെന്ന് പറഞ്ഞുകൊണ്ടാണ് ആശാന്റെ 'ലോക'മെന്ന കവിത തുടങ്ങുന്നത്. "ശരിയായ അറിവില്ലാത്തവർക്ക് എന്തുമാകാമെന്നതുകൊണ്ടാണ് പൂന്തോട്ടത്തിലെ സുഗന്ധം നിറഞ്ഞ അന്തരീക്ഷത്തെ പക്ഷികൾ പാടി കീർത്തിക്കുന്നത്. മദ്യപൻ മദ്യത്തെയും കാമാസക്തർ വേശ്യയെയും ചൂതാട്ടക്കാരൻ ചൂതുകളിയെയും ഹൃദയശൂന്യനായ നായാട്ടുകാരൻ നായാട്ടിനെയും പുകഴ്ത്തുന്നതുപോലെയാണത്. മനോഹരമായ കാട്ടിൽ ദുഷ്ടമൃഗങ്ങളെയും മേഘത്തിൽ ഇടിമിന്നലിനെയുംപോലെയാണ് ലോകത്തെ ഭയപ്പെടേണ്ടത്. ഉദാഹരണത്തിന് തളിര്, പച്ചില, വാടിയ ഇല എന്നിങ്ങനെ വിവിധ അവസ്ഥകളിലൂടെ കടന്നുപോകുന്ന ഇലയ്ക്ക് സംരക്ഷണമെന്ന് പറയാവുന്നത് വലിയ ആപത്തുകളും മരണവും മാത്രമാണ്. മിഥ്യയായതെല്ലാം ഞാവൽപ്പഴംപോലെ ഈ മണ്ണിൽ വീണ് ലയിക്കും. സുഖദാ

---

14-പാരിൽപ്പലേ സുഖമയൂഖഗണത്തിനൊറ്റ-
വേരായടിക്കു വിലസും രവി മൗനമത്രേ (ശ്ലോകം-42)
കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-313

15-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-158, (ശ്ലോകം-62)

16-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 പുറം-722, (ശ്ലോകം-97)

യകങ്ങളായ എത്രയോ ഇളംകാറ്റുകൾ കൊടുങ്കാറ്റുകളായി മാറി. പുല്ല് തിന്നുന്ന മാനിനെ സിംഹവും സിംഹത്തെ വേട്ടക്കാരനും കൊല്ലുന്നതായി കാണുമ്പോൾ മരണത്തിന്റെ നർത്തനമാണ് പ്രപഞ്ചമെന്ന് ബോദ്ധ്യപ്പെടുന്നു. ജയത്തെ പകയും യുദ്ധത്തെ പിന്നീട് വരുന്ന യുദ്ധങ്ങളും തീയിനെ വെള്ളവുമെന്ന പോലെ ഒന്നിന്റെ വിനാശത്തിന് മറ്റൊന്ന് കാരണമാകാമെന്ന് ശാസ്ത്രഗ്രന്ഥങ്ങളെല്ലാം അറിയിക്കുന്നു. എന്നെപ്പോലെ തന്നെ നീയും ഈ ലോകം വിടേണ്ടി വരും. സൂര്യചന്ദ്രനക്ഷത്രാദികൾ വെടിക്കെട്ടെന്നപോലെ പൊട്ടിച്ചിതറാം. എങ്കിലും മനുഷ്യർ കിനാവിൽത്തന്നെയാണ്. ഈ ഭൂമി ഒരു പ്രകാശകണംപോലെ ചുറ്റിത്തിരിയുന്നു. മറ്റ് ജീവരാശികളാകുന്ന സമുദ്രത്തിൽ മനുഷ്യൻ ഒരു നീർത്തുള്ളി മാത്രമാണ്. ഗഹനമായ ഈ പ്രപഞ്ചത്തിന്റെ തത്ത്വമറിയുമ്പോൾ മനുഷ്യന്റെ ആഗ്രഹങ്ങളും അസൂയയുമെല്ലാം അപ്രസക്തമാകു"[17] മെന്ന് കവി ഉപസംഹരിക്കുന്നു.

ആശാൻ കവിതയിൽ അന്തർഭവിച്ച ലോകവീക്ഷണത്തിന്റെ സംഗ്രഹമാണ് 'ലോകം' എന്ന കവിത. മനുഷ്യജീവിതത്തിന്റെ പ്രസന്നഭാവങ്ങളെ ആവിഷ്ക്കരിക്കുമ്പോഴും ദൃശ്യപ്രപഞ്ചത്തെക്കുറിച്ചുള്ള കവിയുടെ ഉത്തമബോദ്ധ്യമാണ് അതിൽ അവതരിപ്പിക്കുന്നത്. കവി ലോകസൗന്ദര്യത്തെ അറിയുകയും അംഗീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പാരതന്ത്ര്യത്തിന്റെ പരിമിതികളോ പൊരുളറിവിനുള്ള വിലക്കോ ആയി അവയൊന്നും മാറുന്നില്ല. ആർത്തിയും ആസക്തിയുംവെച്ച് പരക്കം പായുന്ന മനുഷ്യരോട് ഭീതിയും മരണവും അരക്ഷിതാവസ്ഥയും മിഥ്യാത്വവും ക്ഷണികതയും ഒളിച്ചുവെച്ച നശ്വരപ്രതീകമാണ് പ്രപഞ്ചസൗന്ദര്യമെന്ന് കവി നിരന്തരം ഓർമ്മപ്പെടുത്തുന്നു. സൃഷ്ടിയുടെ മർമ്മത്തിലിരുന്നുകൊണ്ടുള്ള നിരീക്ഷണമാണ് ഈ കവിതയിലുടനീളമുള്ളത്. പ്രത്യക്ഷദർശനത്തിൽ അനുഭൂതമാകുന്നതല്ല ദൃശ്യപ്രപഞ്ചമെന്നും പരിണാമനൈരന്തര്യമാർന്ന അതിന്റെ ഉള്ളടരുകളിൽ കപോലകല്പിതമായ ശോഭനതകളൊന്നുമില്ലെന്നും കവി സ്പഷ്ടമാക്കുന്നു. മനുഷ്യന്റെ നിസ്സാരത അവന് ബോദ്ധ്യമാകാത്തത് അവന്റെ ആഗ്രഹങ്ങളും അസൂയയും നിറഞ്ഞ ജീവിതത്താലാണെന്നും കവി നിദർശിക്കുന്നു.

ശ്രീനാരായണഗുരുവിന്റെ ആദ്യശിഷ്യരിലൊരാളായ ശിവലിംഗദാസ സ്വാമികളുടെ ദേഹവിയോഗത്തിൽ എഴുതിയ 'പറന്നുപോയ ഹംസ'ത്തിൽ വിഷയങ്ങളുടെ ചേർച്ചയിൽ നിന്നുണ്ടാകുന്ന മമത്വാദ്യഭിമാനങ്ങളാണ് സുഖദുഃഖങ്ങൾക്ക് കാരണമെന്നും യഥാർത്ഥ സുഖത്തിന്റെ ഉറവിടം തന്നിൽ നിന്നു

---

17- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)</u>- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-327-328

തന്നെയാണെന്നും വ്യക്തമാക്കുന്നുണ്ട്.[18] ലോകവിഷയങ്ങൾ വ്യക്തിക്കോ സമൂഹത്തിനോ എല്ലാ കാലത്തും ഒരുപോലെ സുഖം നൽകുകയില്ല. ഒരു വിഷയം മമത്വബുദ്ധിയുമായി ഇടപെടുന്ന പ്രകാരമാണ് സുഖദുഃഖാദികളെ തീരുമാനിക്കുന്നത്. ഒരു വിഷയം തന്നിൽ നിന്ന് അന്യമെന്നുള്ള അറിവും അതിനോടുള്ള താദാത്മ്യവും സുഖപ്രതീക്ഷയോടെ അതിൽനിന്നുണ്ടാകുന്ന ആഗ്രഹങ്ങളുമാണ് കർമ്മങ്ങൾക്ക് പ്രേരകമാകുന്നത് എന്ന തത്ത്വമാണ് ഇവിടെ വെളിപ്പെടുത്തുന്നത്.

ശ്രീ നാരായണഗുരുവിന് മംഗളമാശംസിച്ചു രചിച്ച വനമാലയിലെ 'സ്വാമി തിരുനാൾ മംഗള'ത്തിൽ ഈ ജഗത്തിലുള്ള ഭ്രമബുദ്ധിയകന്ന് ഗുരുതൃപ്പാദങ്ങളെ ആശ്രയിക്കുന്നവരെ എല്ലാവരും നമസ്ക്കരിക്കുമെന്ന് കവി അഭിപ്രായപ്പെടുന്നു. അനേകം വൈവിദ്ധ്യങ്ങൾ ചേർന്ന് മാറി മറഞ്ഞു വരുന്ന ഈ ലോകത്തെ ഭ്രമമെന്നാണ് അതിൽ വിശേഷിപ്പിക്കുന്നത്. വൈവിദ്ധ്യങ്ങളിലെ ഏകത്വത്തെ അറിയാനായില്ലെങ്കിൽ അത് ഭ്രമാത്മകതയിലേക്ക് നയിക്കും. ഉള്ളതുപോലെ അനുഭവപ്പെടുന്നതും എന്നാൽ മറ്റ് തലങ്ങളുമായി ബന്ധപ്പെടുത്തി വിചാരം ചെയ്യുമ്പോൾ പ്രസക്തമല്ലാത്തതുമായ ഒന്നാണ് ഭ്രമത്തിന് കാരണമാകുന്നത്. ഇങ്ങനെ യാഥാർത്ഥ്യമെന്നു കരുതുന്ന ലോകം ഭ്രമമെന്നറിഞ്ഞ് ഗുരുവിനെ ആശ്രയിച്ചാൽ എല്ലാവരും ആദരിക്കും. ഭ്രമബുദ്ധിക്ക് വിഷയമായ ജഗത്ത് യഥാർത്ഥ വിജ്ഞാനത്തിന്റെ ഉദയത്തിൽ നിരസിക്കപ്പെടുമെന്ന് കവി ഇവിടെ വ്യക്തമാക്കുന്നു.[19]

വനമാലയിലെ 'എഡ്വേർഡ് ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാർത്ഥന'യിൽ (ശ്ലോകം-9) കവി പറയുന്നത് ഇങ്ങനെയാണ്. ജീവജാലങ്ങളുടെ ദിവസങ്ങൾ അതിവേഗത്തിൽ കടന്നു പോകുന്നു. ഐശ്വര്യം മങ്ങുന്നു, കീർത്തി മായുന്നു, എല്ലായിടവും മാറ്റങ്ങൾക്കും നാശങ്ങൾക്കും വിധേയമാകുന്നു. യാതൊരു മാറ്റത്തിനും വിധേയമാകാത്ത ജഗദീശ്വരാ, അങ്ങെനിക്ക് തുണയാകണം. കർമ്മകലാപങ്ങളിൽപ്പെട്ട് ജീവിതം അതിവേഗത്തിൽ കടന്നു പോകുകയാണ്. പുതിയത് വരുമ്പോൾ പഴയതിന്റെ കീർത്തിയും വിഭൂതിയുമെല്ലാം മങ്ങുന്നു.[20] ചഞ്ചലവും അസ്ഥിരവും പരിണാമിയുമായ ലോകാനുഭവങ്ങളെല്ലാം സമാനസവിശേഷതകൾ ഉൾക്കൊള്ളുന്നവയായിരിക്കുമെന്നാണ് ഇവിടത്തെ വിവക്ഷ. ഈ ലോകത്തിൽ നിത്യങ്ങളെന്നും അനിത്യങ്ങളെന്നും നിത്യാനിത്യങ്ങളെന്നുമുള്ള പദാർത്ഥവിഭാഗങ്ങളുണ്ടെന്ന് പരാമർശിച്ച് ലോകത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് മൂന്ന് തരത്തിലുള്ള ചിന്തകൾ കവി

---

18- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-338-339

19- അതേ പുസ്തകം- പുറം-393

20- അതേ പുസ്തകം- പുറം-405

വനമാലയിലെ ശിവമാഹാത്മ്യസ്തോത്രത്തിൽ അവതരിപ്പിക്കുന്നു.[21]

1- ഈ ലോകം ശാശ്വതമാണ്. ഇതിനപ്പുറം മറ്റൊരു യാഥാർത്ഥ്യമില്ല. അതുകൊണ്ട് അതിനെ അന്വേഷിക്കേണ്ടതില്ല. അഥവാ അതിന് കഴിയുകയുമില്ല.

2- ലോകം നിത്യമല്ല. അതിനപ്പുറത്ത് പല യാഥാർത്ഥ്യങ്ങളുണ്ട്. മനുഷ്യൻ അതിനെ ആരാഞ്ഞറിയേണ്ടതാണ്.

3- ഒരു തലത്തിൽ ഉണ്ടെന്നും കേവലമായ മറ്റൊരു അവസ്ഥയോട് താരതമ്യം ചെയ്യുമ്പോൾ അതിന് നിലവിൽ അനുഭവപ്പെടുന്നതുപോലെയുള്ള വാസ്തവികതയില്ലെന്നും വരുന്ന തലമുണ്ട്.

ഇങ്ങനെ വിവിധ തരത്തിലുള്ള നിരൂപണങ്ങൾ നിലനിൽക്കേ ഇവയ്ക്കെല്ലാം ആധാരമായൊരു തത്ത്വത്തെ വാക്കുകൾകൊണ്ട് വാഴ്ത്തുന്നവരുടെ ധൈര്യത്തെ കവി അനുമോദിക്കുന്നുണ്ട്. ഇവിടെയെല്ലാം വിവിധ വാദമുഖങ്ങളെ പ്രതിപക്ഷഭാവനയോടെ സബഹുമാനം പരിശോധിച്ച് അതിനെ എല്ലാതലത്തിൽനിന്നും വിലയിരുത്തുന്നു. വാഴ്ത്തേണ്ടത് വാദപ്രതിവാദങ്ങളെയല്ലെന്നും അവയ്ക്കെല്ലാം ഉപരി നിർവ്വിവാദമായി സ്ഥിതിചെയ്യുന്ന അസ്തിത്വതലത്തെയാണെന്നും അതാണ് ഈശ്വരനെന്നും സ്രഷ്ടാവിനെ വാഴ്ത്തുമ്പോൾ സൃഷ്ടിയും അതിൽ ഉൾപ്പെടുമെന്നും ഇവിടെ കവി തിരിച്ചറിയുന്നു.

വനമാലയിലെ ‘ഓം’ എന്ന സംസ്കൃത രചനയുടെ സാരമിതാണ്. വിഷയമാകുന്ന മരുഭൂമിയിലെ കാനൽത്തിരകളാൽ ഞാൻ വളരെ ദൂരം സഞ്ചരിച്ച് വഞ്ചിതനായിരിക്കുന്നു. എങ്കിലും യോഗസംബന്ധിയായ വലിയ സുഖങ്ങൾക്ക് നിദാനമായിരിക്കുന്ന ജഗന്നിയന്താവിന്റെ ആ പദത്തെ ഞാൻ ആരായുന്നു. ഇവിടെ മരുഭൂമി, കാനൽജലം തുടങ്ങിയ സാമ്പ്രദായികസങ്കേതങ്ങളിലൂടെയാണ് കവി ലോകത്തെ നിർദ്ധരിക്കുന്നത്. അനിത്യവസ്തുക്കളുടെ ഉപരിതലത്തിലൂടെ യഥാർത്ഥ സ്വരൂപമന്വേഷിച്ച് സ്വയം വഞ്ചിതനായപ്പോളാണ് കവിയുടെ ശ്രദ്ധ അവയുടെയെല്ലാം ഉറവിടത്തിലേക്ക് ചെല്ലുന്നത്. അങ്ങനെ അന്വേഷണം പുരോഗമിക്കുമ്പോൾ ജഗത്തത്ത്വം പ്രതീതമാകുന്നതും വിലയിക്കുന്നതും ഏകമായ ഉണ്മയിലാണെന്ന് ബോദ്ധ്യമാകുന്നു. നാനാത്വത്തിൽനിന്ന് ഏകത്വത്തിലേക്കു സഞ്ചരിക്കുന്ന അന്വേഷണവഴികളാണ് ഇതിൽ അനാവൃതമാകുന്നത്.[22]

ഉറ്റവരും ഉടയവരുമെല്ലാമുപേക്ഷിച്ച ‘ദുരവസ്ഥ’യിലെ സാവിത്രി അന്തർജ്ജനം ആത്മഗതം ചെയ്യുന്നതിനിടെ നടത്തുന്ന ലോകനിരീക്ഷണം ശ്രദ്ധേയമാണ്.

---

21- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-411, (ശ്ലോകം-9)

22- അതേ പുസ്തകം- പുറം- 156

ശോകങ്ങളിത്ര വരാവതോ ലോകത്തിൽ ലോകമേ നീ തന്നെ സത്യമാണോ [23]

സത്യമായ ഒന്നിന് ദുഃഖമോ പരിമിതികളോ ന്യൂനതകളോ പ്രദാനം ചെയ്യാൻ കഴിയില്ല. സത്യാനുഭൂതിയിൽ നിന്ന് പരമാനന്ദവും ശാശ്വതശാന്തിയും തദ്ഭിന്നമായ അനുഭവങ്ങളിൽ നിന്ന് ദുഃഖവുമാണ് പ്രസരിക്കുന്നത്. എന്നാൽ ലോകാനുഭവങ്ങളാകട്ടെ സുഖദുഃഖസമ്മിശ്രമാണ്. യാതൊരു പരിവർത്തനത്തിനും വിധേയമാകാതെ ത്രികാലത്തും നിൽക്കുന്ന ഒരവസ്ഥയിലും നിഷേധിക്കാനാകാത്ത ഒന്നിനു മാത്രമേ അഖണ്ഡമായ സുഖം നൽകാനാകൂ. ഇടവേളകളോടുകൂടിയുള്ള സുഖാനുഭവങ്ങളെല്ലാം നമ്മെ ദുഃഖത്തിലേക്കാണ് നയിക്കുന്നത്. അതുകൊണ്ടാണ് സുഖദുഃഖസമ്മിശ്രാനുഭവങ്ങളേകുന്ന ഈ ലോകത്തിനും അതീതമായൊരു മണ്ഡലമാണ് സത്യത്തിനുള്ളതെന്ന് കവി ആണയിടുന്നത്.

ലീലയിൽ പല നാൾ യാത്ര ചെയ്ത് വിന്ധ്യാടവിയിലെത്തിയ ലീലയും മാധവിയും സ്വപ്നലോകത്തിൽ സഞ്ചരിക്കുന്ന മനസ്സും ജീവനുമെന്നപോലെ പരിജനങ്ങളെ അകറ്റി നിർത്തി കാടിനുള്ളിലേക്കു പോകുന്ന സന്ദർഭമുണ്ട്.[24] ഇരുളടഞ്ഞ വിന്ധ്യാവനത്തെ സ്വപ്നലോകത്തോടും ലീലയെ ജീവനോടും മാധവിയെ മനസ്സിനോടും ഉപമിച്ചിരിക്കുന്നു. ബാഹ്യേന്ദ്രിയങ്ങളിലൂടെ സമാഹരിച്ച സംസ്ക്കാരമാണ് സ്വപ്നമായി പുനരാവിഷ്ക്കരിക്കുന്നത്. ജാഗ്രത്തും സ്വപ്നവും തമ്മിലുള്ള സമാനതയെ സൂചിപ്പിച്ചുകൊണ്ട് 'സ്വപ്നമാകും പ്രപഞ്ചം' എന്ന് കവി പറയുന്നു. ഇതിലൂടെ രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു.

1- പ്രപഞ്ചം സ്വപ്നം തന്നെയാണ്.

2- ഓരോ പ്രപഞ്ചാനുഭവവും പിന്നീട് വിലയിരുത്തപ്പെടുന്നത് സ്വപ്നംപോലെയാണ്.

ജാഗ്രത്തിനെ സ്വപ്നവുമായി താരതമ്യം ചെയ്ത് രണ്ടും തുല്യയാഥാർത്ഥ്യങ്ങളെന്ന നിലയിലാണ് ഇവിടെ അവതരിപ്പിക്കുന്നത്. ജാഗ്രദവസ്ഥയിൽ കണ്ടതോ കേട്ടതോ ആയ കാര്യങ്ങളിൽ നിന്നുണ്ടായ തോന്നലുകളുടെ ഫലമായി ഉറക്കത്തിൽ പ്രകടമാകുന്ന അനുഭവമാണ് സ്വപ്നം.[25] വ്യാപ്തിയും അനുഭവ

---

23- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-156

24- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-367, (ശ്ലോകം-2-70)

25- ജാഗ്രദവസ്ഥായാം യദ് ദൃഷ്ടം യദ് ശ്രുതം തജ്ജനിത വാസനയോ നിദ്രാസമയേ യഃ പ്രപഞ്ചഃ പ്രതീയതേ സാ സ്വപ്നാവസ്ഥാ.

ശങ്കരാചാര്യർ- തത്ത്വബോധം- പരിഭാഷകൻ- എ.കെ.പ്രഭാകരൻ-ചിന്മയ പബ്ലിക്കേഷൻ, സെൻട്രൽ ചിന്മയ ട്രസ്റ്റ്, തൃപ്പൂണിത്തുറ, എഡി-1, 1998, പുറം-30

നൈരന്തര്യവുമുള്ള ജാഗ്രദവസ്ഥ പൊതുമണ്ഡലത്തിൽ വർത്തിക്കുമ്പോൾ സ്വപ്നം സ്വകാര്യാനുഭവമാണ്. സ്വപ്നം സീമിതയാഥാർത്ഥ്യമായിരിക്കുന്നത് അതിനോടു താരതമ്യപ്പെടുത്താൻ ജാഗ്രദവസ്ഥ നിലകൊള്ളുന്നതുകൊണ്ടാണ്. ജാഗ്രത്തിനും അതീതമായ തലവുമായി തട്ടിച്ചു നോക്കുമ്പോളാണ് ഈ പ്രപഞ്ചം സ്വപ്നാവസ്ഥയിലെന്ന് പറയുന്നത്. മാത്രമല്ല, അതീതാവസ്ഥയിലേക്കുയർന്ന് ഈ പ്രപഞ്ചത്തെ സ്വപ്നതുല്യമായി കാണുന്ന ഒരു മഹാത്മാവുമായുള്ള കൂടിക്കാഴ്ചയ്ക്കാണ് ലീല തയ്യാറെടുക്കുന്നത് എന്ന സൂചനയും ഇതിലുണ്ട്. ഇതേ ആശയംതന്നെ പൂത്തുനിൽക്കുന്ന വനഭംഗി കാണാതെ കടന്നുപോകുന്ന ലീലയെപ്പറ്റി പറയുന്ന ഭാഗത്തുമുണ്ട്.[26] മദനനെ അന്വേഷിച്ച് നടക്കുന്ന ലീല പൂത്തുനിൽക്കുന്ന കാടിന്റെ ശോഭ കണ്ടില്ല. അമൂല്യരത്നം തേടുന്നവർ പുറമെയുള്ള ധാതുക്കളുടെ ഭംഗി പരിഗണിക്കില്ലല്ലോ? ഉന്നത സത്യമെന്ന നിലയിൽ മദനനെ അന്വേഷിക്കുന്ന ലീലയ്ക്ക് ഭൂഭാഗഭംഗികൾ എത്രയോ തുച്ഛമായാണ് അനുഭവപ്പെടുന്നത്. ഏകമായ സത്യത്തെ അന്വേഷിച്ചു പോകുന്ന ആൾ വ്യാവഹാരികതയെ ആത്യന്തികമെന്ന് കരുതുകയില്ലെന്ന അദ്വൈത നിലപാടാണ് കവി ഇവിടെ അനുവർത്തിക്കുന്നത്.

ഇതേ ആശയംതന്നെ ദേഹത്യാഗം ചെയ്ത ലീലാമദനന്മാരെ ആശംസിക്കുമ്പോൾ മാധവി ആവർത്തിക്കുന്നുണ്ട്. ഹേ, ദമ്പതിമാരേ, പ്രപഞ്ചമെന്ന സ്വപ്നത്താൽ ഭയാകുലരായ മനുഷ്യർക്ക് നിങ്ങളുടെ ചരിത്രം ആശ്വാസമേകുന്നു. ഇനിയും നമ്മൾ എവിടെവെച്ചു കാണും? എന്റെ ബുദ്ധിയെ എന്നപോലെ ഭൂമിയെയും ഇരുട്ട് മൂടിയിരിക്കുന്നു.[27] സ്വപ്നാവസ്ഥയുടെ പരിമിതമായ വാസ്തവികതയിലൂടെ കടന്നുപോകുന്ന ഒരാളെ സംബന്ധിച്ച് ജാഗ്രദവസ്ഥയിലേക്ക് ഉണർന്നേ പറ്റൂ. അതുപോലെ ആത്മസാക്ഷാൽക്കാരത്തിലൂടെ എല്ലാ ദുഃഖങ്ങളെയും മറികടക്കുന്നതിനുള്ള ഉള്ളുണർവ് ജാഗ്രല്ലോകത്തുള്ളവർക്കും അനിവാര്യമാണെന്ന പാഠം ലോകത്തിന് നൽകിക്കൊണ്ടാണ് ലീലാ മദനന്മാർ കടന്നുപോയത്. ഇരുളു മൂടിയ വനപ്രദേശത്തു നിൽക്കുന്ന മാധവിയിൽനിന്ന് അപ്പോൾ എവിടെവെച്ചു കാണാമെന്ന ചോദ്യം ഉയരുന്നു. ലീലാമദനന്മാർ എത്തിച്ചേർന്ന വെളിച്ചത്തെ കുറിച്ച് വിചാരം ചെയ്തപ്പോളാണ് അവിവേകത്തിന്റെ ഇരുൾക്കനം ഭൗതികസാഹചര്യവുമായി ബന്ധപ്പെടുത്തി മാധവി അറിയുന്നത്. ആരും ഈ ലോകത്തിൽനിന്ന് എന്നന്നേക്കുമായി മറഞ്ഞുപോകുന്നില്ലെന്ന ഉത്തരം പിന്നീട് ലഭിക്കുന്നുണ്ട്.

---

26- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-368, (ലീല-3.2)

27- അതേ പുസ്തകം- പുറം-387, (3-80)

'ചിന്താവിഷ്ടയായ സീത'യിൽ സീത ലോകനിരീക്ഷണം നടത്തുന്നത് ഇങ്ങനെയാണ്. വിഷയാഭിലാഷങ്ങൾക്ക് കീഴ്പ്പെട്ട് നിരാശനായി മരണഭീതിയോടുകൂടി കഴിയുന്നതാണ് ജീവിതമെന്ന് ഞാൻ കരുതുന്നില്ല.[28] ഇന്ദ്രിയാർത്ഥം ജീവിക്കുന്ന മനുഷ്യർ നിരവധി പ്രതിബന്ധങ്ങൾമൂലം ജീവിതത്തിൽ നിരാശയനുഭവിക്കുന്നു. ഈ പ്രപഞ്ചത്തെ ഗ്രഹിക്കാനുതകുന്ന ജ്ഞാനകർമ്മേന്ദ്രിയങ്ങളിൽ വിഷയിക്ക് അധികാരമുണ്ട്. എന്നാൽ വിഷയങ്ങൾക്കടിപ്പെട്ട് കഴിയുന്ന ഒരാൾക്ക് തന്റെ പ്രകൃതിദത്തമായ സർഗ്ഗാത്മകതയെ ഉണർത്താൻ കഴിയുകയില്ല. മാത്രമല്ല, വിഷയങ്ങൾ നേടിയെടുക്കുമ്പോളുണ്ടാകുന്ന പ്രതിബന്ധങ്ങൾ സ്വസ്ഥതയെ ബാധിച്ച് ഒരാളെ നിരാശയിലേക്കും മൃതിഭീതിയിലേക്കും നയിക്കും. ഇതാണ് ജീവിതമെന്ന് ചിന്തിക്കാൻപോലും കഴിയില്ലെന്നാണ് സീതയിലൂടെ കവി പറയുന്നത്. ഭോഗവിഷയങ്ങൾ അനന്തമായതുകൊണ്ടും അതെല്ലാം അനുഭവിക്കുന്നതിനുള്ള ജീവിതം ഹ്രസ്വമായതുകൊണ്ടും അനുഭവിക്കേണ്ട ഭോഗ്യവിഷയങ്ങളെ കുറിച്ചുള്ള ഉൽക്കണ്ഠ, അവയെ നിഷേധിക്കുന്ന മൃതി എന്നിവയെയെല്ലാം മനുഷ്യന് അഭിമുഖീകരിക്കേണ്ടതുള്ളതുകൊണ്ടും ലൗകികവിഷയങ്ങൾ അവനെ വിശ്രാന്തിയിലേക്ക് നയിക്കില്ല. അചഞ്ചലമായ സ്വാസ്ഥ്യത്തെ പ്രദാനം ചെയ്യാൻ ഇന്ദ്രിയവിഷയങ്ങൾക്കാകില്ലെന്നറിഞ്ഞ് അവയെ ലോകോപകാരാർത്ഥം വിനിയോഗിച്ചുകൊണ്ടുള്ള ത്യാഗജീവിതമാണ് അഭിലഷണീയമെന്ന് കവി ഇവിടെ നിർദ്ദേശിക്കുന്നു.

## ജീവിതദർശനം


സാഹിത്യം അഗാധമായ സവിശേഷാവബോധത്തിൽ നിന്ന് ഉയിരെടുക്കുന്നതുകൊണ്ടാണ് അതിൽ ജീവിതനിരൂപണത്തിന് പ്രാധാന്യം ലഭിക്കുന്നത്. അനുസ്യൂതവും ബഹുമുഖവുമായ അനുഭവപരമ്പരയാൽ സജീവമായ മനുഷ്യജീവിതം തദനുസൃതമായ വിചിന്തനപ്രക്രിയകൾക്ക് രൂപമേകും. ജീവിതത്തിൽനിന്ന് ഉയിരെടുക്കുന്നതിനോടൊപ്പം തന്നെ സത്യാന്വേഷണത്തിന്റെ നിഗൂഢതലങ്ങളിലൂടെ കടന്നുചെന്ന് അവ ജീവിതത്തെ സംസ്ക്കരിക്കുകയും പുനർനിർമ്മിക്കുകയും അവബോധത്തെ ഉദാത്തമാക്കുകയും ചെയ്യും. മാനസികവും ബൗദ്ധികവുമായ വികാരവിചാരങ്ങൾ, കാലികവും സാഹചര്യസംബന്ധിയുമായ സ്വാധീനങ്ങൾ എന്നിവയോടൊപ്പംതന്നെ ബോധത്തിന്റെ വികാസപരിണാമങ്ങളിലൂടെ മനുഷ്യരാശി നേടിയ സാംസ്ക്കാരികമായ സമ്മുദ്രണ(Impression)വും ജീവിതവീക്ഷണത്തിലുണ്ടായിരിക്കും. ഇങ്ങനെ ഉരുത്തിരിയുന്ന നിദർശനങ്ങൾക്ക് വാഗ്രൂപമേകുമ്പോൾ പ്രാപഞ്ചികവും മാന

---

28-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-714, (ശ്ലോകം-160)

വികവുമായ സമസ്തവും അതിൽ ഉള്ളൊതുങ്ങും. വിഭിന്നവും വിചിത്രവുമായ ജീവിതത്തെ അടിസ്ഥാനമാക്കുന്ന കൃതികളെല്ലാം തന്നെ മനുഷ്യകഥയെ അനുഗാനം ചെയ്യുന്നവയാണെന്ന് [29] ലീല യിൽ ആശാൻ പറഞ്ഞത് അതുകൊണ്ടാണ്.

ക്രാന്തദർശിയായ കവി നശ്വരതയിൽനിന്ന് അനശ്വരഭാവങ്ങളെ അനാവരണം ചെയ്യുന്നു. ജീവിതം ദുഃഖമാണെന്ന തിരിച്ചറിവ്, നശ്വരതയെക്കുറിച്ചുള്ള ബോദ്ധ്യം തുടങ്ങിയവ വീണു കിടക്കുന്ന പൂവിലേക്ക് സംക്രമിച്ചപ്പോൾ മുഴുവൻ പ്രപഞ്ചത്തിന്റെ നശ്വരതയെയും അത് ആവാഹിച്ചു. രാഗങ്ങളൊഴിഞ്ഞ വൈദി കനും ശത്രുവിന് മുന്നിൽ തോറ്റോടിയ ഭീരുവും വിടർന്നു നിൽക്കുന്ന ആ പുഷ്പത്തെ ഉറ്റുനോക്കിയി രുന്നു. ഇവിടെ വ്യത്യസ്തമായ ചേതോവികാരമുള്ളവർ പൂവിന്റെ സൗന്ദര്യം ഒരുപോലെ ആസ്വദിക്കു ന്നു. ആത്യന്തികമായ പരമാർത്ഥത്തിലാണ് എല്ലാം ഒരുപോലെ അനുഭവപ്പെടുന്നത്. പൂവിന്റെ കമനീയതയാണ് പൊതുസമ്മത മണ്ഡലം. അവിടമാണ് എല്ലാ വൈരുദ്ധ്യങ്ങളെയും അപ്രസക്തമാക്കി കേവലതയെ പ്രതിനിധീകരിക്കുന്ന പൂവിന്റെ സൗന്ദര്യസാന്ദ്രത കുടികൊള്ളുന്നത്. ഇതിനെ ഒരു ചാർട്ടിലൂടെ ഇങ്ങനെ അവതരിപ്പിക്കാം.




പരിണാമഗതി ചരാചരങ്ങളിലുണ്ടാക്കുന്ന പരിണതിയെക്കുറിച്ച് വീണപൂവിലൂടെ ഇങ്ങനെ അവ തരിപ്പിക്കുന്നു. ശരീരകാന്തിയുടെ പ്രസരിപ്പ് മറഞ്ഞു. മുഖം വളരെ ഇരുണ്ട് അതിന്റെ ശോഭയും കുറ ഞ്ഞു. പുതിയ വിളക്ക് പെട്ടന്ന് എണ്ണ വറ്റിപ്പുകഞ്ഞ് കെട്ടുപോയി എന്നല്ലാതെ മറ്റൊന്നും ഇതിനെക്കുറിച്ച് പറയാനില്ല.[30] നിമ്നോന്നതികളുടെ ആവർത്തനചക്രമാണ് പരിണാമ ത്തിലുള്ളത്. അതിനാൽ ഈ പ്രപഞ്ചത്തിൽ ശാശ്വതമായ ഉൽക്കർഷമോ അപകർഷമോ ഉണ്ടാകുന്നില്ല. വീണപൂവിന്റെ ലൗകിക

---

29- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-333, (ശ്ലോകം-1-5)

30- അതേ പുസ്തകം- പുറം- 247, (ശ്ലോകം-22)

ജീവിതത്തെ കവി വ്യഷ്ടിതലത്തിൽ നിന്നുകൊണ്ട് നിരൂപണം ചെയ്യുത് ഇങ്ങനെയാണ്. ആരും കൊതിച്ചുപോകുന്ന ഗുണഗണങ്ങളുള്ള, ആർക്കും ഒരുപദ്രവുമേല്പിക്കാത്ത, മറ്റുള്ളവർക്കായി ജീവിതം ഉഴിഞ്ഞുവെച്ച നിന്റെ ചരിത്രമോർത്താൽ ആരും ഹൃദയംനൊന്തു വിലപിക്കും.[31] സദ്ഗുണങ്ങളും ദുർഗ്ഗുണങ്ങളുമെല്ലാം മാനുഷികതലത്തിൽ മാത്രം നിലകൊള്ളുന്നതാണ്. നിരന്തരം പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന പ്രാപഞ്ചികതലത്തിൽ മാനവിക നിയമങ്ങൾക്ക് ചിരസമ്മതമായൊരു സാധുതയില്ല. സദ്ഗുണങ്ങൾക്കെല്ലാം വിളനിലമായ വീണപൂവിന്റെ പരോപകാരാർത്ഥമുള്ള ജീവിതത്തിന് പ്രകൃതിയുടെ അനിവാര്യമായ നിയമഘടനയെ മുറിച്ചു കടക്കാൻ കഴിയില്ല. കവി സമാശ്വസിപ്പിക്കുന്നു-അല്ലയോ പുഷ്പമേ, നിനക്ക് വന്നു ചേർന്ന ഗതിയിലൂടെ പൊയ്ക്കൊള്ളുക. നാളെ ഞങ്ങളും നിന്നെ പിന്തുടരുന്നതാണ്. ഈ ലോകത്തിൽ ഒന്നിനും ശാശ്വതമായ നിലനില്പില്ല. ഉന്നതമായ കുന്നും കടലും ഒരിക്കൽ നശിച്ചു പോകുന്നതാണ്.[32] എന്നാൽ വിശ്വദൃഷ്ടിയിൽ വിലയിരുത്തുമ്പോൾ പൂവിന്റെ പതനം ഒരിക്കലും അതിന്റെ അവസാനമല്ല. നിലവിലുള്ളതിലും സുഖസമൃദ്ധമായൊരു അനുഭവമണ്ഡലത്തിലേക്കുള്ള പ്രയാണ സാദ്ധ്യതയാണ് കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാമെന്ന പരാമർശത്തിലുള്ളത്.[33] ഈ പ്രപഞ്ചത്തിൽ ആത്യന്തികനാശമെന്നൊന്നില്ല. ഉല്പത്തി കർമ്മഗതിപോലെയാണ് സംഭവിക്കുന്നത്. പ്രാരബ്ധകർമ്മം അവസാനിക്കുമ്പോൾ ഒരാൾ തന്റെ ശരീരം ഉപേക്ഷിക്കുന്നു. എന്നാൽ ഈ ലോകവുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം അവശേഷിച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിക്കുന്നതിന് തദനുഗുണമായ സാഹചര്യത്തിലേക്ക് അയാൾ വീണ്ടും മടങ്ങി വരുന്നു. പോക്കുവരവുകളില്ലാത്ത പരമാത്മഭാവമെന്നത് ആത്യന്തിക നിലപാടെങ്കിലും വ്യാവഹാരികതലത്തിലെ ജീവന്റെ ഗതിവിഗതികളെ കുറിച്ച് മേൽപ്പറഞ്ഞ പരാമർശങ്ങൾ അദ്വൈതചിന്തയ്ക്ക് സുസമ്മതമാണ്. ഉണ്ടാകുക, നിലനിൽക്കുക, വർദ്ധിക്കുക, മാറ്റങ്ങൾക്ക് വിധേയമാകുക, ക്ഷയിക്കുക, നശിക്കുക എന്നിവയുടെ ആവർത്തനമാണ് ഈ ലോകം. എന്നാൽ ഇതിൽനിന്ന് വിലക്ഷണമാണ് മാറ്റങ്ങൾക്കെല്ലാം ആധാരമായി നിൽക്കുന്ന ആത്മതത്ത്വം. ആത്മാവിന്റെ അനശ്വരതയും പഞ്ചഭൂതാത്മകമായ പ്രപഞ്ചപദാർത്ഥങ്ങളുടെ നശ്വരതയുമാണ് ഇവിടെയെല്ലാം വെളിപ്പെടുന്നത്.

കരിഞ്ഞലിഞ്ഞ് മണ്ണടിയുന്ന മലരിൽ നിന്ന് കണ്ണെടുക്കുവാൻ ആവശ്യപ്പെട്ട് ലോകത്തിലെ എല്ലാ

---

31- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-250, (ശ്ലോകം-28)

32- അതേ പുസ്തകം- പുറം- 251, (ശ്ലോകം-33)

33- അതേ പുസ്തകം- പുറം- 253, (ശ്ലോകം-37)

ത്തിന്റെയും ഗതി ഇതുതന്നെയാണെന്നും ഇവിടെ കണ്ണീരുകൊണ്ടൊന്നും സാദ്ധ്യമല്ലെന്നും ഈ ലോക ജീവിതം സ്വപ്നതുല്യമാണെന്നും പറഞ്ഞുകൊണ്ടാണ് വീണപൂവ് ഉപസംഹരിക്കുന്നത്.[34] ഈ ലോകത്തിന്റെ ക്ഷണികതകളിലേക്ക് കണ്ണുപായിച്ച് ആത്മാവിന്റെ അനശ്വരതയെ തിരിച്ചറിയാതെ പോകരുതെന്ന് കവി നിർദ്ദേശിക്കുന്നു. നശ്വരതയുൾപ്പെടെയുള്ള പരിമിതികളിൽനിന്ന് അനശ്വരതയിലേക്കുള്ള വിമോചനമാണ് ആദ്ധ്യാത്മികശാസ്ത്രങ്ങളെല്ലാം നിർദ്ദേശിക്കുന്നത്. ഒരു പ്രത്യേക സന്ദർഭത്തിൽ പ്രകടമാകുന്ന വൈകാരികവിക്ഷോഭങ്ങളുടെ പ്രസക്തി താൽക്കാലികമാണെന്നും കാലത്തിന്റെ മറ്റൊരു ബിന്ദുവിൽനിന്നു നോക്കുമ്പോൾ വർത്തമാനകാലാനുഭവങ്ങൾ മറവിയിലേക്കോ തീവ്രതക്കുറവിലേക്കോ നീങ്ങാമെന്നും ഇവിടെ സൂചിപ്പിക്കുന്നു. അവനി വാഴ്വ് അവാസ്തവമെന്നു സ്ഥാപിക്കലല്ല, മറിച്ച് സമുന്നതമായ മറ്റൊരു മേഖലയിൽനിന്ന് നോക്കുമ്പോൾ അതൊരു കിനാവുപോലെയാണെന്ന് വിലയിരുത്തുകയാണിവിടെ.

ചരജീവികളിലൂടെ പ്രത്യുല്പാദനധർമ്മം നിർവ്വഹിക്കുന്ന 'വീണപൂവി'ലെ പൂവ് എന്ന ബിംബം ജീവപ്രപഞ്ചത്തിന്റെ സങ്കീർണ്ണാവസ്ഥയെയും നിലനില്പിന് അനിവാര്യമായ സഹവർത്തിത്ത്വത്തെയും ആവശ്യപ്പെടുന്നു. മനോബുദ്ധികളെ അതിക്രമിച്ചു നിൽക്കുന്ന ഉദാത്ത സൗന്ദര്യത്തിന്റെ പ്രകാശനമാകുമ്പോളാണ് സർഗ്ഗാത്മകമായ നീതിബോധത്തിലേക്ക് പൂവ് സമാനതകളില്ലാതെ ഉയിർത്തെഴുന്നേൽക്കുന്നത്. 'ഹാ!' എന്ന വ്യാക്ഷേപക ശബ്ദത്തിൽ നിന്നാരംഭിച്ച് 'കഷ്ടം' എന്ന ശബ്ദത്തിൽ അവസാനിപ്പിക്കുന്നതിനിടയ്ക്കുള്ള കല്പനകളും വിശ്വാസങ്ങളും ചിന്തകളുമെല്ലാം കവിതയിൽ ചേരുംപടി ചേർത്തിരിക്കുന്നു. മനുഷ്യജീവിതവും പുഷ്പജീവിതവും രണ്ടല്ലെന്നും സുന്ദരമായ എല്ലാ വസ്തുക്കളും അനിവാര്യമായ മരണത്തിലേക്കും മറവിയിലേക്കുമാണ് സഞ്ചരിക്കുന്നതെന്നും അതിന്റെ പേരിൽ വിലപിക്കുന്നത് വ്യർത്ഥമാണെന്നുമുള്ള ഉത്തമബോദ്ധ്യത്തിലാണ് ഒടുവിൽ കവി നമ്മെ കൊണ്ടെത്തിക്കുന്നത്. സ്വപ്നത്തിൽനിന്ന് ജാഗ്രത്തിലേക്ക് ഉണരുമ്പോളുള്ള അനുഭവതീക്ഷ്ണതയാണ് അതിന്റെ ഉൾത്തുടിപ്പ്. അതിന് ഉന്നതമായ കുന്നുമെന്നല്ല ആഴിയും നശിക്കുമൊരിക്കലോർത്താൽ (33), എണ്ണീടുകാർക്കുമിതുതാൻ ഗതി സാദ്ധ്യമെന്ത് - കണ്ണീരിനാൽ (41), അവനി വാഴ്വ് കിനാവ് (41) എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ എടുത്തു കാണിക്കാം.

ആശാന്റെ രണ്ട് ഖണ്ഡകൃതികളിലൊന്നായ 'സിംഹപ്രസവ'ത്തിൽ

ഇതു കണ്ടു ശരീര പഞ്ജര-/സ്ഥിതനാം ജീവനെയോർത്തിടുന്നു ഞാൻ

---

34-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-255, (ശ്ലോകം-41)

ചൈതന്യവത്തായ ജീവനെ സിംഹമായും അതിന്റെ കൂടായി ഈ ശരീരത്തെയും കവി കാണുന്നു.[35] ജഡത്തെ അപേക്ഷിച്ച് ചൈതന്യത്തിനുള്ള സജീവതയും ഗൗരവവുമാണ് ജീവനെ സിംഹത്തോടുപമിക്കുവാൻ കാരണം. കവി ചൈതന്യത്തിന്റെ പ്രാധാന്യം ജഡപദാർത്ഥങ്ങൾക്ക് നൽകുന്നില്ല. സിംഹം കൂട്ടിൽ കിടക്കുന്നതു കാണുമ്പോളുള്ള കവിയുടെ ഉൽക്കണ്ഠ ജഡപഞ്ജരത്തിൽ ചൈതന്യം പരിമിതപ്പെടുന്നതുപോലെയുള്ള നിലയാണ്. നാശമില്ലാത്ത ഒന്ന് നശ്വരമായതിൽ കുടുങ്ങിയിരിക്കുന്നുവെന്നതിലെ അയുക്തികതയാണ് അതിൽ വെളിപ്പെടുത്തുന്നത്.

ആത്മശോഭ സൂര്യനും തന്റെ തേൻ അത് കൊതിച്ചെത്തുന്ന വണ്ടിനും നൽകുന്ന താമരയുടെ ജന്മം എത്രയോ ശ്രേഷ്ഠമാണെന്ന് നളിനിയിൽ കവി പറയുന്നു.[36] വിവേകികൾ സ്വജീവിതം മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തിയാണ് കൃതാർത്ഥരാകുന്നതെന്ന പരമാർത്ഥവും ദിവാകരയോഗി അരുളുന്നുണ്ട്. ഭൗതികവും ആത്മീയവുമായ വിഭവങ്ങളുടെ സാർത്ഥകവിനിയോഗത്തെയാണ് കവി ഇവിടെ പരാമർശിക്കുന്നത്. ഈ പ്രപഞ്ചത്തിലെ വിഭവങ്ങൾക്കൊന്നും ആത്യന്തികമായി തന്റെ തൃഷ്ണയെ ശമിപ്പിക്കാനാകില്ലെന്ന ദൃഢനിശ്ചയവും ഇവിടെ അവനവന്റേതെന്ന് അവകാശപ്പെടാൻ ഒന്നിനുമാകില്ലെന്ന ഉത്തമവിശ്വാസവും  എല്ലാം ഏകമായ പൊരുളിന്റെ ആവിഷ്ക്കാരവൈവിദ്ധ്യങ്ങളെന്ന ബോദ്ധ്യത്തിൽ നിന്നുയിരെടുക്കുന്ന ജീവകാരുണ്യവുമാണ് പരോപകാര തല്പരതയ്ക്ക് ഇവിടെ നിദാനമാകുന്നത്. ഇതേ ആശയം തന്നെയാണ് ആശാൻ 'സദാചാരശതക'ത്തിൽ ശ്രേഷ്ഠനായ ഒരാളെ സംബന്ധിച്ച് ജനോപകാരമെന്നത് ജീവിതസാരമെന്ന് സൂചിപ്പിച്ച് എല്ലാവർക്കും നിർവ്വാണമേകുവാൻ യത്നിച്ച ശ്രീ ബുദ്ധനെ ഉദാഹരിക്കുന്നത്.[37]

അസ്ഥിരവും ക്ഷണഭംഗുരവുമായ ലോകത്തെ കുറിച്ചുള്ള നിരൂപണം (ശ്ലോകം-160) നളിനിയിലുണ്ട്.

നീ കുലീന ഗുണദീപികേ വിടും / ലോകമാണു ദയനീയമെൻ പ്രിയേ [38]

യോഗിയായ എനിക്കും ലോകം വെടിഞ്ഞ നിനക്കും ദുഃഖമില്ല. അല്ലയോ അഭിജാത ഗുണങ്ങൾ

---

35- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 265, (ശ്ലോകം-36)

36-അതേ പുസ്തകം- പുറം- 284, (ശ്ലോകം-35)

37- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 463

38- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 320, (ശ്ലോകം-160)

പ്രകാശിപ്പിക്കുന്നവളേ, നീ ഉപേക്ഷിക്കുന്ന ലോകത്തിന്റെ സ്ഥിതിയാണ് ദയനീയം. ഇന്ദ്രിയനിഗ്രഹം കൈവന്ന ദിവാകരയോഗിയെ സംസാരദുഃഖങ്ങൾ ബാധിക്കുന്നില്ല. നളിനിയെ സംബന്ധിച്ച് അവർ ദേഹത്യാഗം ചെയ്തു കഴിഞ്ഞു. എന്നാൽ മഹനീയ ഗുണഗണങ്ങളുടെ ഇരിപ്പിടവും ലോകത്തിന് തുടർന്നും വെളിച്ചമേകേണ്ടിയിരുന്നവളുമായിരുന്നവളുമായ നളിനി ഉപേക്ഷിച്ചുപോയ ലോകത്തിന്റെ സ്ഥിതി ആശങ്കാജനകമാണെന്നാണ് ദിവാകരൻ പറയുന്നത്. വിവിധ അനുഭവതലങ്ങളിലൂടെ കടന്നു പോകുന്നവർ എന്ന അർത്ഥം ലോകമെന്ന പദത്തിനെടുത്താൽ കവി ചില വസ്തുതകൾ അതിലൂടെ വിവക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാകും.

1– ആത്മസംയമനം നേടിയ ദിവാകരനും ദേഹത്യാഗം ചെയ്ത നളിനിയും ഈ ലോകത്തിൽ വർത്തിച്ചിരുന്നുവെങ്കിലും ഈ ലോകത്തിന്റെ പരിമിതി അവർക്ക് ബാധകമായിരുന്നില്ല.

2– നിരന്തരപരിവർത്തനത്തിന് വിധേയമാകുന്ന ഈ ലോകത്തിന്റെ മർമ്മമറിയാതെ നിലവിലുള്ളതിനെ ആത്യന്തികമെന്ന് കരുതുന്നത് തികഞ്ഞ ദയനീയത തന്നെയാണ്.

ഭൂമിയിൽ മനുഷ്യന്റെ ജീവിതം ജനംപ്രതി വ്യത്യസ്തവും വിചിത്രവുമായ മാർഗ്ഗങ്ങളോടു കൂടിയതുമാണ്. അതിൽനിന്ന് ഉരുവംകൊള്ളുന്ന കാവ്യങ്ങൾ വിഭിന്നരസങ്ങളെ ആവിഷ്ക്കരിക്കുന്നതും പുതുമ നശിക്കാത്തതും മനുഷ്യന്റെ കഥയെ അനുഗാനം ചെയ്യുന്നവയുമാണ്.[39] ആശാന്റെ കാവ്യങ്ങളെത്തന്നെ ഇതിന് ഉദാഹരണങ്ങളായെടുക്കാം. വീണു കിടക്കുന്ന പൂവിനെ കണ്ട കവി മനുഷ്യജീവിത്തെ നിഷ്പക്ഷബിന്ദുവിൽ നിന്ന് സമഗ്രനിരൂപണത്തിന് വിധേയമാക്കി അതിന്റെ അസ്ഥിരതയും ക്ഷണഭംഗുരതയും അവതരിപ്പിച്ചു. പ്രണയഭംഗം നേരിട്ട നായികമാരെ കേന്ദ്രീകരിച്ച് എഴുതിയ നളിനിയുടെയും ലീലയുടെയും പ്രമേയങ്ങൾ തമ്മിൽ വളരെയേറെ സാമ്യമുണ്ടെങ്കിലും കഥാഗതിയിലും ഗുണഘടനയിലും രസവൈചിത്ര്യത്തിലും സാരമായ വ്യത്യാസങ്ങളുണ്ട്. രണ്ടു കൃതികളിലും മുന്നിട്ടു നിൽക്കുന്നത് വിപ്രലംഭശൃംഗാരത്തിന്റെ സാത്വികവും രാജസികവുമായ ഭാവഭേദങ്ങളാണ്. മനുഷ്യജീവിതത്തെ നിരൂപണം ചെയ്യുന്ന കൃതികൾക്ക് ബാഹ്യതലത്തിൽ സമാനത കല്പിച്ചാലും സൃഷ്ടിതത്ത്വംപോലെ തന്നെ അവയുടെ അന്തർഭാവം ബഹുസ്വരമാണ്.

ലോകനിരൂപണത്തിൽ മനുഷ്യാവസ്ഥയുടെ നിസ്സഹായതയെ കുറിച്ച് ആശാൻ ലീലയിൽ ഇങ്ങനെ എഴുതുന്നു.

---

39- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 333, (ശ്ലോകം-5)

അവിദിത പരിണാമമൊക്കെയോർക്കിൽ / ശിവ! ശിവ! സർവ്വമനാഥമീ ജഗത്തിൽ [40]

സാമൂഹികജീവി എന്ന നിലയിൽനിന്ന് വ്യത്യസ്തമായി ഓരോരുത്തരുടെയും സ്വകാര്യജീവിതാനുഭവങ്ങളെ എടുത്ത് പരിശോധിക്കുമ്പോൾ ബോദ്ധ്യപ്പെടുന്ന മനുഷ്യന്റെ നിസ്സഹായതയും അനാഥത്വവുമാണ് കവി ഇവിടെ സ്പഷ്ടമാക്കുന്നത്. ലീലയുടെ ജന്മദേശം എവിടെയാണ്? അവർ കടന്നുപോയ വനഭാഗം എവിടെ കിടക്കുന്നു? ലീലാ മദനന്മാരുടെയും മാധവിയുടെയും ആഗ്രഹം എന്തായിരുന്നു? ഒടുവിൽ സംഭവിച്ചതെന്താണ്? ഒന്നിന്റെയും അവസാനം എന്തായിരിക്കുമെന്ന് ആർക്കും അറിഞ്ഞു കൂടാ. മാധവിയുടെ ഹൃദയത്തിൽ നിറഞ്ഞു നിന്ന വേദനയും ശോകവുമാണ് ജീവിതത്തെ ഇത്തരത്തിൽ നിരൂപണം ചെയ്യാൻ അവരെ പ്രേരിപ്പിച്ചത്. എവിടെയോ പിറന്ന് ആഗ്രഹങ്ങൾക്ക് വിരുദ്ധമായി ഏതിലൂടെയോ കടന്നുപോയി എങ്ങോ വീണടിയുന്നതാണ് മനുഷ്യജന്മം. ഇങ്ങനെ നിരന്തരം കലങ്ങി മറഞ്ഞ് ഒന്നിനും രക്ഷിക്കാനാകാത്ത, ഒന്നിലും പോയി രക്ഷ നേടാനാകാത്ത, ഇടപെടലുകൾക്കെല്ലാം അതിരും അകലങ്ങളുമുള്ള മനുഷ്യനുൾപ്പെടെയുള്ള എല്ലാ ചരാചരങ്ങളും അനാഥമാണെന്നും ഫലത്തിൽ നാമല്ലാതെ നമ്മെ രക്ഷിക്കാൻ മറ്റാർക്കുമാകില്ലെന്നുമുള്ള പ്രപഞ്ചയാഥാർത്ഥ്യം ഇവിടെ കവിയരുളുന്നു. മാധവി രേവാനദിയെ  അഭിസംബോധന ചെയ്യുമ്പോഴും ഇതു തന്നെയാണ് ഉന്നയിക്കുന്നത്. “ഭൂഗർഭജലത്തിൽ നിന്ന് വീണ്ടും വീണ്ടും ഉയിർക്കുന്നു. പല വ്യഥകളനുഭവിച്ചുകൊണ്ട് യാത്ര തുടർന്ന് ലയം പ്രാപിക്കുന്നു. ഇടമുറിയാത്ത പ്രവാഹമായി നിലകൊള്ളുന്ന അല്ലയോ രേവേ, നീയും മനുഷ്യനും ഒന്നുപോലെയാണ്.”[41] മനുഷ്യജീവിതമാണ് വ്യംഗ്യരൂപത്തിൽ ഇവിടെ പതിപാദിക്കുന്നത്. സമുദ്രജലം ആവിയായിപ്പൊങ്ങി മേഘവും മഴയുമായി മാറി ഭൂഗർഭത്തിലെത്തി വീണ്ടും നദിയായൊഴുകി സമുദ്രത്തിലെത്തി അതായിത്തീരുന്നു. ഇതേ ആവർത്തന പ്രക്രിയ തുടരുന്നു. ഭൂമിയിൽ പിറക്കുന്ന മനുഷ്യൻ നിരവധി പ്രതിസന്ധികളിലൂടെ നേരിട്ടും മറികടന്നും ഒടുവിൽ ശരീരമുപേക്ഷിക്കുന്നു. കർമ്മസംസ്ക്കാരങ്ങൾക്കനുസരിച്ച് ഈ പ്രകൃതിയിൽത്തന്നെ പല പല രൂപത്തിൽ വീണ്ടും പ്രകടമാകേണ്ടി വരുന്നു.  മറ്റൊന്നിനും ഈ വ്യവസ്ഥയെ സ്വാധീനിക്കാനോ മാറ്റിമറിക്കാനോ കഴിയില്ല എന്നതിനാൽ എല്ലാം അനാഥമാണെന്ന കാഴ്ചപ്പാടിൽ കവിയെത്തുന്നു. ലീലയിൽത്തന്നെ മറ്റൊരിടത്ത് കവി പറയുന്നു.

കരുതുവതിഹ ചെയ്യവയ്യ ചെയ്യാൻ / വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം

40- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 386, (ശ്ലോകം-3-77)

41-അതേ പുസ്തകം- പുറം-386, (ശ്ലോകം-3-78)

പരമഹിതമറിഞ്ഞു കൂട;യായു-/ സ്ഥിരതയുമില്ലതി നിന്ദ്യമീ നരത്വം [42]

വിചാരിച്ചതു ചെയ്യാൻ മനുഷ്യനാകുന്നില്ല. എന്നാൽ ചെയ്യാൻ അനുമതി ലഭിച്ചതിൽ മനസ്സ് ഉറച്ചു നിൽക്കുന്നുമില്ല. പരമമായ ഈശ്വരഹിതം എന്തെന്ന് അറിയില്ല. ആയുസ്സിന് സ്ഥിരതയുമില്ല. മനുഷ്യ ജന്മം അതിനിന്ദ്യം തന്നെ. ലീലയെ സംബന്ധിച്ച് ഭാവി വരനായി ഒരാളെ മനസ്സിൽ കരുതി, പക്ഷേ, ഗുരുജനഭയപഞ്ജരസ്ഥയായ അവൾക്ക് രക്ഷിതാക്കളുടെ അനുവാദം ലഭിച്ചില്ല. വിവാഹം കഴിച്ച ആളു മായി ഇണങ്ങിപ്പോകാൻ കഴിയാത്തപ്പോൾ അതിനുള്ള പോംവഴിയും കണ്ടെത്താനായില്ല. ഇതെല്ലാം തന്നെ ഭാവിയിൽ തന്നെ എങ്ങോട്ട് നയിക്കുമെന്നും ലീലയ്ക്കറിയുമായിരുന്നില്ല. ലീല എന്ന വ്യക്തി യുടെ സവിശേഷാനുഭവങ്ങളിലൂടെ ലോകാവസ്ഥയെ സാമാന്യവൽക്കരിക്കുകയാണ് കവി. ഒന്നിനൊന്ന് വ്യത്യസ്തമായ സൃഷ്ടിജാലങ്ങൾക്ക് കർമ്മസംസ്ക്കാരങ്ങൾക്കനുസരിച്ച് ഉപലബ്ധമാകുന്ന ഇന്ദ്രിയ ങ്ങൾ, മനസ്സ്, ബുദ്ധി തുടങ്ങിയ ഉപാധികളിലുള്ള വ്യത്യാസംകൊണ്ടാണ് അനുഭവങ്ങൾക്ക് പ്രതിജനഭിന്നമായ അന്തരമുണ്ടാകുന്നത്. എന്നാൽ ഒരേ സത്തയുടെ വിവിധ ആവിഷ്ക്കാരങ്ങളെന്ന നിലയിൽ അവയ്ക്കു തമ്മിൽ പല സമാനതകളുമുണ്ട്. ഇതാണ് സുദൃഢമായ പാരസ്പര്യത്തിലൂന്നി പ്രപഞ്ചവ്യവസ്ഥയെ കോർത്തിണക്കുന്നത്. ഇങ്ങനെയൊക്കെ ജീവിത്തെ ദാർശനികമായി നിർദ്ധാരണം ചെയ്ത കവി അത് ക്ഷണികവും അസ്ഥിരവും ദുഃഖദായവുമായതിനാലാണ് വളരെ നിന്ദ്യമാണെന്ന് സമർത്ഥിക്കുന്നത്.

മദനനെ അന്വേഷിച്ചു കുഴങ്ങിയ ലീല ഒരു നിമിഷവും തന്നെ വിട്ടു പിരിയാതെ നിൽക്കുന്നത് അറിയുന്നുവെന്നും എന്നാൽ സങ്കല്പദൃഷ്ടമായ ആ രൂപം നിഴൽപോലെ ഇന്ദ്രിയങ്ങൾക്ക് അനുഭവി ക്കാൻ കഴിയാത്തതിനാൽ താൻ വലഞ്ഞെന്നും പറയുന്നു.[43] അദ്വൈതദൃഷ്ടിയിൽ ലീലയെ ജീവാത്മഭാ വമായി സങ്കല്പിച്ചാൽ മദനൻ പരമാത്മതത്ത്വമാണ്. ജീവൻ പരമാത്മാവിനെ നിഴൽപോലെയാണ് അറിയു ന്നത്. ഈ അല്പഗ്രഹണമാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം. സാക്ഷാൽക്കാരദശയിൽ മാത്രമേ അന ല്പമായ പരമാത്മഭാവത്തെ തനതു മഹിമയിൽ അനുഭവിച്ചറിയാനാകൂ. ലീല പറയുന്ന നിഴലിന്റെ ദൃഷ്ടാന്തം ഈയൊരു താരതമ്യത്തെ കുറിക്കുന്നതാണ്.

'ഗ്രാമവൃക്ഷത്തിലെ കുയിലി'ൽ അന്തരംഗത്തിന്റെ വിശുദ്ധികണ്ട് ഈശ്വരൻ അതിനെ പദപീഠ മാക്കാൻ കൊതിക്കുന്നുവെന്ന് പറയുന്ന ആശാൻ ലോകത്തിൽ ഒരാൾക്കും അതിൽക്കവിഞ്ഞ ധന്യത

---

42- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-378, (ശ്ലോകം-3-40)

43- അതേ പുസ്തകം- പുറം-379, (ശ്ലോകം-3-45)

യില്ലെന്നും അതുകൊണ്ട് ഒരിക്കലും ദുഃഖിക്കേണ്ടതില്ലെന്നും ആശ്വസിപ്പിക്കുന്നു.[44] അതിൽ ജീവൻ സ്വന്തം പ്രഭാവം അറിയാതെ ഉഴലുകയാണെന്ന് പറയുന്നു. തന്റെ വൈഭവം എന്തെന്ന് അറിയാതെ പോകുന്ന ആത്മാവിനെ കുറിച്ചാണിവിടെ പ്രതിപാദിക്കുന്നത്. ബൃഹദാരണ്യകോപനിഷത്തിലെ യാജ്ഞവൽക്ക്യനും ഗാർഗ്ഗിയും തമ്മിലുള്ള സംവാദത്തിൽ ഇങ്ങനെ പറയുന്നു. "അല്ലയോ ഗാർഗ്ഗി, ആരാണോ ഈ അക്ഷരത്തെ അറിയാതെ ഈ ലോകത്തിൽ നിന്നും മരിച്ചു പോകുന്നത് അവൻ കൃപണനാകുന്നു. പിന്നെ ആരാണോ ഈ അക്ഷരത്തെ അറിഞ്ഞതിനുശേഷം ഈ ലോകത്തിൽ നിന്ന് പോകുന്നത് അവൻ ബ്രാഹ്മണനാകുന്നു."[45] അവിദ്യയാൽ ബന്ധിക്കപ്പെട്ട ജീവന് അതിന്റെ യഥാർത്ഥ സ്വരൂപമറിഞ്ഞ് കൃതാർത്ഥമാകാനാകുന്നില്ല. ഒരു ജീവൻ സദ്ഗുണസമ്പത്തുകൊണ്ട് ഈശ്വരപ്രസാദം നേടിയിട്ടുണ്ടെങ്കിലും അതിന്റെ ലക്ഷ്യം അവിടെ അവസാനിക്കുന്നില്ല. ഗുണാതീതമായ മാനത്തിലാണ് യഥാർത്ഥ ആത്മസാഫല്യം. മറ്റ് ഉപലബ്ധികളെല്ലാം അതിലേക്ക് ഉന്മുഖമാകുന്നതിനുള്ള ഉപായങ്ങൾ മാത്രമാണ്. അദ്വൈതത്തിന്റെ ദൃഷ്ടിയിൽ ഗുണാധിഷ്ഠിതമായ വ്യാവഹാരദശയിലാണ് സർവ്വകാരണനായ ഈശ്വരനെന്ന അധിനിയമം പ്രസക്തമാകുന്നത്. ദ്വന്ദ്വാതീതമായ നിരുപാധികതലത്തെ അഭിന്നമായി ദർശിക്കുന്നതാണ് സമുന്നതമായ വ്യക്തിവൈഭവമെന്ന് കവി ഇവിടെ സ്പഷ്ടമാക്കുന്നു.

'ചിന്താവിഷ്ടയായ സീത'യിൽ ഒന്നിനും ഒരു നിശ്ചിയമില്ല; ഓരോന്നും വരും വന്നതുപോലെ പോകും. മനുഷ്യൻ എന്തിനോ ഉഴലുന്നു. സൃഷ്ടിയുടെ രഹസ്യം ആർക്കും അറിയാൻ കഴിയില്ല. ചലിച്ചുകൊണ്ടിരിക്കുന്ന രസബിന്ദുപോലെയും പൊരിയുന്ന നെന്മണിപോലെയും ചെറുതായും വലുതായും മനസ്സ് ഇളകിക്കൊണ്ടിരിക്കുന്നുവെന്നാണ് കവിയുടെ നിദർശനം.[46] ലോകത്തിന്റെ തനത് ഭാവംതന്നെയാണ് അതിൽ വർത്തിക്കുന്ന മനുഷ്യജീവിതത്തിനുമുള്ളത്. ഈയൊരു ആധാര-ആധേയ സംബന്ധമാണ് കവി ഇവിടെ ഉന്നയിക്കുന്നത്. സുഖം മനസ്സിന് ഏകാഗ്രതയെയും നിശ്ചലതയെയും നൽകുമ്പോൾ ദുഃഖം അസ്വാസ്ഥ്യത്തിനും ചാഞ്ചല്യത്തിനും ഇടയാക്കുന്നു. ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവുമന്വേഷിച്ച് ഉഴലുന്ന മനുഷ്യജീവിതത്തിന്റെ അനിശ്ചിതവും അനിർവ്വചനീയവുമായ അവസ്ഥയാണ് കവി ഇവിടെ സ്പഷ്ടമാക്കുന്നത്.

---

44- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-665, (ശ്ലോകം-43)

45-ബൃഹദാരണ്യകോപനിഷത്ത് (വാല്യം-2)-വ്യാഖ്യാ: ഗുരു നിത്യചൈതന്യ യതി-ഡി.സി.ബുക്ക്സ്, എഡി:ഒന്ന്, 1995, പുറം-341

46- അതേ പുസ്തകം- പുറം-672, (ശ്ലോകം-12, 13)

ലോകത്തിന് കൃത്രിമഭംഗി കൂട്ടുന്ന ഭർത്താവൊന്നിച്ചു കഴിഞ്ഞ സുഖകാലങ്ങൾ ദുർവ്വിധിയുടെ കള്ളച്ചിരിപോലെ മാഞ്ഞുപോയെന്നു ചിന്തിക്കുന്ന ഭാഗം ചിന്താവിഷ്ടയായ സീതയിലുണ്ട്. മനുഷ്യ ജീവിതത്തിലുണ്ടാകുന്ന സുഖാനുഭവങ്ങൾ കാലഗതിക്കനുസരിച്ച് പ്രകൃതി പ്രതിഭാസങ്ങൾപോലെ മാറി വരുന്നതിനാൽ അവ ദുഃഖത്തിലേക്കു നയിക്കുന്നു. അതുകൊണ്ടാണ് അവ ദുർവ്വിധിയുടെ കള്ളച്ചിരിപോലെ സീതയ്ക്ക് അനുഭവപ്പെടുന്നത്. വേനലും മഴയും മരങ്ങളിലെ ഇല പൊഴിയലും തളി രണിയലും യഥാസമയം മാറിമറഞ്ഞു കൊണ്ടിരിക്കും ഇങ്ങനെയുള്ള വിചാരങ്ങളിലൂടെ കടന്നുപോ കുന്ന സീത ഇടതുതോൾ തുടിച്ചുകൊണ്ടിരിക്കുന്നത് വ്യക്തമായറിയുന്നു. പ്രിയസമാഗമസൂചനയേകുന്ന അതിനെ പുഴുപോലെ എന്ന നീചമായ ഉപമാനംകൊണ്ടാണ് വെളിപ്പെടുത്തുന്നത്. മനസ്സുകൊണ്ടുപോലും സുഖഭോഗങ്ങളെ നിശ്ശേഷം ഉപേക്ഷിച്ചതിനാൽ ഈ നിമിത്തസൂചന തന്നെ സംബന്ധിച്ച് വ്യർത്ഥമെന്ന് സീത കരുതുന്നു. നിഴലിനെ പിടിക്കാൻ കുട്ടികൾ പോകുന്നതുപോലെ ഭോഗങ്ങൾ തേടി ഞാനലയുക യില്ലെന്നും തീരുമാനിക്കുന്നു. പരിമിതമായ ഇന്ദ്രിയവിഷയങ്ങളെ സമാശ്രയിക്കുന്ന മനഃശ്ചാപല്യത്തെ മറി കടക്കുമെന്ന സീതയുടെ നിശ്ചയദാർഢ്യമാണ് നിഴലിനെ കുട്ടികളെപ്പോലെ പിന്തുടരുകയില്ലെന്ന ചിന്തയ്ക്ക് നിദാനം.[47]

ഒരേ മനോഭാവം തന്നെ വിവിധ സന്ദർഭങ്ങളിൽ സുഖദുഃഖങ്ങളായി അനുഭവപ്പെടാം. ഒന്ന് ഒര വസരത്തിൽ സുഖഹേതുവാകുമ്പോൾ അതുതന്നെ പിന്നീട് ദുഃഖമായി പരിണമിക്കാം. ഇങ്ങനെ ഒന്ന് തന്നെ പരിണാമത്തിലൂടെ വിരുദ്ധദശകളിലേക്ക് പോകുന്നതുകൊണ്ടാണ് വിജ്ഞാനികൾ ദ്വന്ദ്വങ്ങളെ സമഭാവനയോടെ കാണാൻ ആവശ്യപ്പെടുന്നത്. ഇനി മേലിൽ താൻ വരിക്കുന്നത് ദുഃഖത്തെയായിരി ക്കുമെന്നും ദുഃഖപര്യവസായിയായ സുഖത്തെ ആഗ്രഹിക്കില്ലെന്നും സീത ചിന്തിക്കുന്നുണ്ട്.[48] മനസ്സ് ദുഃഖം കൊതിച്ചു ചെന്നാൽ മനുഷ്യനോടുള്ള ഈർഷ്യ വിധി കൈവിടുമെന്നും സീത കരുതുന്നു. സുഖപരിണാമം ദുഃഖമായതുകൊണ്ടും താൻ മഹാത്മാക്കളുടെ മനഃസ്ഥിതിയിലെത്തിച്ചേരാത്തതു കൊണ്ടും അസുഖത്തെ വരിക്കുന്നുവെന്നാണ് സീത പറയുന്നത്.

സുഖദുഃഖങ്ങൾ ജീവിത്തിൽ മാറിമറഞ്ഞു വരുന്നതാണെന്ന് സീത വിലയിരുത്തുന്നുണ്ട്. കാല ക്രമേണ ഇരുള് വെളിച്ചമായും കയ്പ് മധുരമായും പരിണമിക്കാമെന്നും കാലഗതിയും പരിശീല നവുംകൊണ്ട് ദ്വന്ദ്വത്തിന്റെ ഒരു തലപ്പിൽനിന്ന് മറ്റേതിലേക്ക് നടന്നു നീങ്ങാമെന്നും സീത ചിന്തിക്കുന്നു.

---

47- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-673, (ശ്ലോകം-14)

48- അതേ പുസ്തകം- പുറം-677, (ശ്ലോകം-30)

ആത്മാവ് സുഖദുഃഖാനുഭവങ്ങളോടെ ശുക്ലകൃഷ്ണപക്ഷങ്ങളിലെ വൃദ്ധിക്ഷയങ്ങളോടു കൂടിയ ചന്ദ്ര നെപ്പോലെ ഈ ലോകാനുഭവങ്ങളിലൂടെ ഉഴന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ പലനാൾ കഴിയുമ്പോൾ അജ്ഞാനമാകുന്ന സമുദ്രത്തിന്റെ മറുകരയെത്തിച്ചേരാം.[49] ഇവിടെ എത്തിയേക്കാം എന്ന സംഭാവ്യത യുടെ രൂപത്തിലാണ് പറയുന്നത്. അദ്വൈതദൃഷ്ടിയിൽ ലോകം അനിശ്ചിതവും അനിർവ്വചനീയവു മായ മിഥ്യാതലത്തിലാണ് വർത്തിക്കുന്നത്. അതുകൊണ്ടാണ് ലോകാവസ്ഥ, മനുഷ്യജീവിതം, മരണാ നന്തരമുള്ള ജീവന്റെ ഗതിവിഗതികൾ എന്നിവ പരാമർശിക്കുമ്പോൾ സംഭാവ്യതയുടെ രൂപത്തിൽ മാത്രം കവി സൂചനകളേകുന്നത്. ഇത് അജ്ഞേയവാദ(Agnostic)മെന്ന് തോന്നുമെങ്കിലും സമുന്നതമായ സത്യത്തെ കേന്ദ്രബിന്ദുവാക്കി കവി നടത്തുന്ന ജ്ഞാനശാസ്ത്രാനുസാരിയായ അന്വേഷണങ്ങളാണിവ.

അപവാദപ്രചാരണങ്ങൾ കേട്ട് അതിൽ ഇളക്കം തട്ടിയ ശ്രീരാമൻ തന്നെ ഉപേക്ഷിച്ചു പോയത് ശരിയായില്ലെന്ന് പറയുന്ന സന്ദർഭത്തിൽ തന്റെ വിശുദ്ധി തന്നെയാണ് തനിക്ക് സാക്ഷിയെന്ന് സീത സ്പഷ്ടമാക്കുന്നു.[50] രാമനെ സംബന്ധിച്ച് ഈ വിഷയം തെളിയിക്കാൻ ജനാപവാദമല്ലാതെ മറ്റൊന്നു മില്ല. മാത്രമല്ല, സീതയുടെ സച്ചരിതത്വത്തെക്കുറിച്ച് അദ്ദേഹത്തിന് ഉത്തമബോദ്ധ്യവുമുണ്ട്. മറ്റൊരു തെ ളിവും മുന്നിൽ വെക്കാനില്ലാത്ത ശ്രീരാമൻ സീതാ പരിത്യാഗത്തിലൂടെ തന്റെ മനസ്സാക്ഷിയെത്തന്നെയാണ് വഞ്ചിച്ചിരിക്കുന്നത്. എന്നാൽ സീതയ്ക്കാകട്ടെ ആത്മവിശുദ്ധിയല്ലാതെ മറ്റ് പരസ്യമായ തെളിവുക ളൊന്നും തന്നെ ആരുടെ മുന്നിലും വെക്കാനില്ല. അതുകൊണ്ടാണ് എനിക്കു സാക്ഷി ഞാൻതന്നെ യാണ് എന്ന് പറയുന്നത്. ഒരാളുടെ ചെയ്തികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് അയാൾക്കല്ലാതെ മറ്റാർക്കും സാക്ഷിയാകാൻ കഴിയില്ല. നമ്മിലേക്കിറങ്ങിച്ചെന്ന് പരിവർത്തനമുണ്ടാക്കാൻ ആത്യന്തിക മായി നമുക്ക് മാത്രമേ കഴിയൂ എന്നാണ് അതിന്റെ താല്പര്യം. വേദാന്തത്തിൽ സാക്ഷിയെന്ന പദം സവി ശേഷ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. കർമ്മങ്ങളിലൊന്നും ഇടപെടാതെ മാറിമറഞ്ഞു വരുന്ന വയെ നിഷ്പക്ഷമായി കണ്ടുകൊണ്ടിരിക്കുന്ന ജീവഭാവത്തെയാണ് സാക്ഷീഭാവമെന്നു പറയുന്നത്. ഇതിന്റെ പരകോടിയിൽ തന്റെ മുക്തസ്വരൂപത്തെ തിരിച്ചറിയുമ്പോളാണ് നാം തന്നെ നമുക്ക് വെളിച്ച മായി മാറുന്നത്. ഈ ആശയം മുണ്ഡകോപനിഷത്തിൽ സ്പഷ്ടമാക്കുന്നത് ഇങ്ങനെയാണ്. "എപ്പോഴും ഒരുമിച്ചിരിക്കുന്നവയും ഒരുപോലെയുള്ളവയുമായ രണ്ട് പക്ഷികൾ ഒരേ വൃക്ഷത്തെ ആശ്രയിച്ചിരിക്കു ന്നു. അവയിൽ ഒന്ന് പല രസങ്ങളോടു കൂടിയ ഫലങ്ങളെ ഭക്ഷിക്കുന്നു. മറ്റേത് ഒന്നും ഭക്ഷിക്കാതെ

---

49- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-678, (ശ്ലോകം-33)

50- അതേ പുസ്തകം- പുറം-694, (ശ്ലോകം-93)

നോക്കിക്കൊണ്ടിരിക്കുന്നു."[51] മരക്കൊമ്പെന്ന ഏകാധാരത്തിൽ ഭുക്തിയും മുക്തിയും അനുഭവിച്ചു കൊണ്ടിരിക്കുന്ന രണ്ട് പക്ഷികളെ പ്രതീകാത്മകമായാണ് അവതരിപ്പിക്കുന്നത്. വൈയക്തികഭാവത്തിൽ അന്തർല്ലീനമായ ഭോക്താവ്(സ്വാമി), ദ്രഷ്ടാവ് (സാക്ഷി) എന്നീ ദ്വന്ദ്വങ്ങളെ ഇവ പ്രതിനിധീകരിക്കു ന്നു. കാമമോഹിതമായ ക്രൗഞ്ചമിഥുനങ്ങളിലൊന്നിനെ അമ്പെയ്തു വീഴ്ത്തിയതു കണ്ടപ്പോൾ വാത്മീകി മഹർഷിയുടെ ദുഃഖത്തിൽനിന്നുണ്ടായ ആദികാവ്യമായ രാമായണം ഈ രണ്ടു ഭാവങ്ങളെയും സമന്വ യിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് തന്റെ സച്ചരിതത്വത്തിന് താൻതന്നെയാണ് സാക്ഷിയെന്ന സീതയുടെ പരാമർശം പ്രസക്തമാകുന്നത്.

ശ്രീരാമന്റെ ചെയ്തികളെ ന്യായീകരിക്കുന്ന ഭാഗത്ത് മലയിൽ ഗുഹകളെന്നപോലെ ചില പതന ങ്ങൾ മഹാന് ശോഭയാണെന്ന് പറയുന്നു.[52] ഔന്നത്യത്തിന്റെ പ്രതീകമാണ് മലയെങ്കിൽ ഉള്ളറകളിലേ ക്കുള്ള അന്വേഷണമാണ് ഗുഹ. എന്നാൽ ഔന്നത്യങ്ങൾപോലെ തന്നെ ഉള്ളറകളിലേക്കുള്ള അന്വേഷ ണവും അനിവാര്യമാണെന്ന് വരുമ്പോൾ മലപോലെ തന്നെ ഗുഹയും പ്രസക്തമാകുന്നു. സത്യത്തെ ലംബമാനമായും തിര്യക്കീനമായും അന്വേഷിക്കുന്നതിന്റെ രണ്ട് നിലകളാണ് മലയും ഗുഹയും. ലക്ഷ്യ വും മാർഗ്ഗവും അവിഭക്തമായ സത്യത്തിന്റെ അന്വേഷണവഴികളിലെ രണ്ടിടങ്ങളും കൂടിയാണവ. മഹ ത്തുക്കൾ ഇതുൾക്കൊണ്ടവരായതുകൊണ്ട് ലൗകികദൃഷ്ട്യാ അവരിൽ പതനം ആരോപിച്ചാലും സമ ന്വയബുദ്ധിയുടെ കാന്തിയോടെ അവർ നിലകൊള്ളുന്നു. ശ്രീരാമനെതിരായി താൻ നിരത്തിയ വാദ മുഖങ്ങളെ സീതയിൽത്തന്നെയുള്ള ബഹുപക്ഷ വീക്ഷണമുള്ള സിദ്ധാന്തി നിരസിക്കുകയാണിവിടെ.

പ്രപഞ്ചസൃഷ്ടിയിലും അതിന്റെ സുസ്ഥിതിയിലും ഓരോ അണുവിനും പങ്കാളിത്തമുണ്ട്. അവ യുടെ പരസ്പരപൂരകത്വമാണ് ഓരോ സൃഷ്ടിയെയും വ്യവസ്ഥീകരിക്കുന്നത്. ഒരണുവിന്റെ നാശംപോലും പ്രകൃതിയിൽ ന്യൂനതയുണ്ടാക്കുന്നുവെന്നറിയുന്ന ദേവന്മാർക്ക് ദിവ്യാത്മാക്കളുടെ മരണം പ്രക്ഷോഭ ഹേതു തന്നെയാണെന്ന് പ്രരോദനത്തിൽ പറയുന്നു.[53] ഇങ്ങനെ പലതും പറഞ്ഞ് മനോവ്യഥയാകുന്ന

---

51- ദ്വാ സുപർണ്ണാ സയുജാ സഖായാ സമാനം വൃക്ഷം പരിഷസ്വജാതേ

തയോരന്യഃ പിപ്പലം സ്വാദ്വ- ത്ത്യനശ്നന്നന്യോ അഭിചാക ശീതി (3-1)

മുണ്ഡകോപനിഷത്ത്- വ്യാഖ്യാനം- മൃഡാനന്ദ സ്വാമി, നാലാം പതിപ്പ്, ശ്രീരാമകൃഷ്ണ മഠം, പുറനാട്ടുക ര, തൃശ്ശൂർ 1987, പുറം-70

52- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-708, (ശ്ലോകം-140)

53- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-41, (ശ്ലോകം-8)

അഗ്നിയിൽ ഉള്ളെരിഞ്ഞ് തൊണ്ടയിൽ ശബ്ദം ഇടറി ഭൂമി സ്വയം കരയുന്നു. നിസ്സാരമായ വസ്തുവിന്റെ നാശംകൊണ്ടു പോലും ലോകത്തിനു നേരിടുന്ന കോട്ടം ദേവതകളുടെ പ്രജ്ഞയ്ക്ക് മനസ്സിലാക്കാനാകും. വലിയ വസ്തുക്കൾക്കുണ്ടാകുന്ന ആപത്തുകൾ വളരെ ശക്തമായ പ്രക്ഷോഭം ജനിപ്പിക്കുക തന്നെ ചെയ്യും.

ജീവനെ മുറിച്ചു കളയുന്ന വിധത്തിലുള്ള മാനസികവ്യഥ വന്നാലും മനക്കരുത്തുള്ളവർ അവശരാകാതെ കുറച്ചുനാൾ കൂടി ജീവിച്ചെന്നു വരാം. പൂവ് ചെടിയിൽ നിന്ന് അടർന്നുപോയാൽ അതുടനെ കരിയുന്നില്ല. നല്ല മുറിവേറ്റാൽ അതിന്റെ സംവേദനം ഉടനെ നടക്കുന്നില്ല. ഭാവം അതിന്റെ പരകോടിയിൽ എത്തുമ്പോൾ അതിന് അഭാവത്തിന്റെ സ്വഭാവമുണ്ടാകും.[54] എ.ആർ. രാജരാജവർമ്മയുടെ നിര്യാണം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ എങ്ങനെ സഹിച്ചുവെന്നതിന് ദാർശനികമായും മനഃശാസ്ത്രപരമായും ഉള്ള വ്യാഖ്യാനം നൽകുകയാണ് കവി ചെയ്യുന്നത്. ഒരു ഭാവം അതിന്റെ പരകോടിയിലെത്തുമ്പോൾ അതിന് അഭാവ(Non-existence)ത്തിന്റെ സ്വഭാവമുണ്ടാകുമെന്ന് ഇവിടെ സാമാന്യവൽക്കരിക്കുന്നു. ദ്വന്ദ്വങ്ങൾക്കിടയിൽ വർത്തിക്കുന്ന ഭൗതികവിഷയങ്ങളുടെ സ്വാധീനം അതിന്റെ ഉച്ചകോടിയിലെത്തുമ്പോൾ അധികമായാൽ അമൃതും വിഷമയമെന്ന പഴഞ്ചൊല്ലുപോലെ വിപരീത ദിശയിലേക്കാണ് സഞ്ചരിക്കുന്നത്. ഒന്നിനെ അതിന്റെ സമഗ്രഭാവത്തിൽ ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോൾ ഉപാധിയുടെ പരിമിതി അതിന് ബാധകമാകും. അതിനെ മറികടക്കാൻ അതിന്റെ ഉച്ചകോടിയിലേക്ക് സഞ്ചരിക്കുമ്പോൾ എത്തിച്ചരുന്നത് അതിന്റെ തന്നെ എതിർ ധ്രുവത്തിലായിരിക്കും. അതുകൊണ്ടാണ് അദ്വൈതം ബദ്ധദർശനംപോലെ പരകോടികളെ അവഗണിച്ചുകൊണ്ട് സത്യത്തെ മദ്ധ്യമമാർഗ്ഗത്തിൽ വിലയിരുത്തുന്നതും സദ്ഭാവത്തെയും അസദ്ഭാവത്തെയും ശുദ്ധബോധത്തിന്റെ രണ്ടാവിഷ്ക്കാരങ്ങളായി കണ്ട് മായയെന്ന അനിർവ്വചനീയഭാവത്തിൽ നിർദ്ദേശിക്കുന്നതും. എന്നാൽ അഭാവത്തെ പദാർത്ഥങ്ങളുടെ ഗണത്തിൽപ്പെടുത്തി അത് പ്രത്യക്ഷപ്രമാണത്തിലൂടെ തിരിച്ചറിയാമെന്നാണ് നൈയ്യായികമതം. അഭാവത്തിന് പ്രത്യക്ഷത്തിൽ ഇന്ദ്രിയസന്നികർഷമുണ്ടാക്കാൻ കഴിവില്ലാത്തതുകൊണ്ട് അതിനെ അനുപലബ്ധിയെന്ന പ്രത്യേക പ്രമാണവിശേഷമായാണ് അദ്വൈതം വ്യവഹരിക്കുന്നത്. ആപേക്ഷികമായി ഇവിടെ നിർദ്ദേശിക്കുന്ന ഭാവവും അഭാവവും ബോധാസ്പദമായാണ് നിലകൊള്ളുന്നത്.

എ.ആർ. രാജരാജവർമ്മയുടെ മൃതദേഹം അമ്മാവനായ കേരളവർമ്മയെ ദഹിപ്പിച്ച സ്ഥലത്തേക്ക് കൊണ്ടു വന്നപ്പോൾ അവിടെ ശേഷിച്ചിരുന്ന ചിതാഭസ്മം ഭാഗിനേയന് ഇങ്ങനെ സ്വാഗതമോതുന്ന

---

54- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-51, (ശ്ലോകം-26)

തായി കവി പറയുന്നു.

ഒന്നാണിങ്ങെഴുമുഗ്രനാമനലഭൂതത്തിൻ കരം തട്ടിയാൽ

വന്നാളും പരിണാമഭിന്നത പറഞ്ഞാലും ഭയം തോന്നുമേ [55]

ഉഗ്രമായ തീയാകുന്ന ഭൂതത്തിന്റെ കൈ തട്ടിയാൽ വന്നുചേരുന്ന പരിണാമജന്യമായ വിവിധനില എല്ലാറ്റിനും ഒരുപോലെയാണെന്ന് കവി വിശ്വസിക്കുന്നു. ഞങ്ങൾ ഒട്ടുമുക്കാലും പുകയായി. ശേഷിക്കുന്നവ ചളിയും പുൽക്കൂട്ടവുമായി. കൊള്ളിമീൻപോലെ മിന്നിമായുന്ന ജീവിതം ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വളരുന്ന നറുതുമ്പയും മൃദുവായ പർപ്പടകപ്പുല്ലും ജീവിതത്തിന്റെ ക്ഷണികമായ അവസ്ഥ കണ്ട് പൂങ്കുലകളാൽ ചിരിക്കുന്നു. കേരളവർമ്മയുടെ ശരീരരേണുക്കളായ ഞങ്ങളെ അഗ്നി ഈ വിധത്തിൽ അവശേഷിപ്പിച്ചു. മനുഷ്യരുടെ ഭാഗ്യം എവിടെ? ചിതയെവിടെ? ഞങ്ങൾ രണ്ടും അടുത്തടുത്തായി കണ്ടു. കഷ്ടം! സ്ഥാനവലിപ്പമോ പ്രഭുത്വമോ ശ്രേഷ്ഠജാതിയോ വംശമോ ശരീരത്തിന്റെ പുഷ്ടിയോ ഘോരനായ അഗ്നി വകവെക്കില്ല. മനുഷ്യന്റെ അഹങ്കാരം ഇവിടെ എത്തുമ്പോൾ നിശ്ചയമായും അസ്തമിക്കും. പ്രിയപ്പെട്ടവർ പിരിഞ്ഞു പോകുന്ന ഇവിടമാണ് ആത്മവിദ്യ പഠിപ്പിക്കാനുതകുന്ന വിദ്യാലയം.[56] ഇത് ഉപാധിനിഷ്ഠമായി ഈ ദേഹത്തിൽ പ്രവർത്തിച്ചിരുന്ന പ്രാണവായു സമഷ്ടി പ്രാണനിൽ ലയിക്കട്ടെ. അതിനുശേഷം ഭൗതികമായ ദേഹം ഭസ്മമാകട്ടെ. ഹേ, പരബ്രഹ്മമേ, അങ്ങ് എന്നെയും എന്റെ കർമ്മങ്ങളെയും സ്മരിച്ചാലും എന്ന ഔപനിഷദമായ വിചാരമാണ് കവി ഇവിടെ ഉന്നയിക്കുന്നത്. ഈ പ്രാർത്ഥനയെ കുറിച്ച് ഗുരു നിത്യചൈതന്യ യതി 'ഈശാവാസ്യോപനിഷ' ത്തിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു. ''നമ്മുടെ ആവിർഭാവത്തിൽ നൂറു വർഷത്തോളം വരുന്ന ലോകത്തിന്റെ അവസ്ഥയിലും അവസാനം വരുന്ന അന്തർദ്ധാനത്തിലും നമ്മോടൊപ്പം ഉണ്ടായിരിക്കുന്ന അനിശ്ചിതത്വത്തെ ഈശ്വരനോടും ആത്മാവിനോടും ഒരുപോലെ സംബന്ധിപ്പിച്ചു നിർത്തി ക്കൊണ്ട് ചെയ്യാൻ തോന്നുന്ന പ്രാർത്ഥനയുണ്ട് ; ആ പ്രാർത്ഥന മരണാനന്തരത്തെ ഓർമ്മിപ്പിച്ചുകൊണ്ടുള്ളതാണ്. ജനിച്ച നാൾമുതൽ ഉണ്ടായിട്ടുള്ള ലൗകീകവും ആദ്ധ്യാത്മികവും ആധിദൈവികവുമായ എല്ലാ വെല്ലുവിളികളെയും നാം ഒറ്റയ്ക്ക് നേരിടുകയായിരുന്നു. നമ്മുടെ മാർഗ്ഗത്തെ നാം തന്നെ തേടിപ്പിടിച്ച് അതിൽ തനിയെ സഞ്ചരിക്കുകയായിരുന്നു. അതിന് നമുക്ക് ശരീരം ഉപാധിയും ഉപായവുമായിരുന്നു. ആ ശരീരം ഇതാ നഷ്ടപ്പെടുന്നു. അതിന് ഇനിയും ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് ഈശ്വരസഹായം

55- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-54, (ശ്ലോകം-32)

56- അതേ പുസ്തകം- പുറം-694, (ശ്ലോകം-35)

വേണം. അപ്രകാരം കൊണ്ടുപോകുന്നത് ലക്ഷ്യവും മാർഗ്ഗവും അറിയാവുന്ന പ്രകാശം തന്നെയായിരിക്കും. ആ പ്രകാശത്തോടാണ് പ്രാർത്ഥന."[57] ഇതിലേക്കുയരുന്നതിന് ജീവന് വേണ്ട അനൗപചാരിക വിദ്യാഭ്യാസമേകുന്ന പാഠശാലയായാണ് ആശാൻ ശ്മശാനഭൂമിയെ പരിചയപ്പെടുത്തുന്നത്.

വിദ്യാലയമാണെങ്കിൽ അതിൽ നിശ്ചയമായും പഠന-പാഠനങ്ങൾ ഉണ്ടായിരിക്കും. ശ്മശാനമാകുന്ന ആത്മവിദ്യാലയത്തെ കുറിച്ച് കവി പറയുന്നത് ഇങ്ങനെയാണ്. ചോരച്ചെങ്കനൽ പറ്റി കൊള്ളിനിരപോലെ പൂക്കുന്ന മുരുക്കും അതിന്നടുത്തായി കത്തുന്ന പൂക്കൾ ധാരാളമായി വിരിഞ്ഞു നിൽക്കുന്ന മുൾക്കള്ളിയും ചുവന്ന പൂക്കളോടെ ചുറ്റും വളരുന്ന എരിക്കും സാരജ്ഞരായ ആളുകൾക്കുവേണ്ടി മനുഷ്യേതിഹാസത്തിന്റെ അവസാനത്തെ അദ്ധ്യായം വിവരിച്ചു കൊടുക്കുകയാണ്. വിവേചനമില്ലാതെ എല്ലാവരും ഒടുക്കം എത്തിച്ചേരുന്ന അനിവാര്യമായൊരിടമാണ് ശ്മശാനഭൂമി. ചളിയും പുല്ലുകളുമായി കിടക്കുന്ന ചിതാരേണുക്കൾപോലും സജീവമായി അവ മർത്ത്യജന്മത്തിന്റെ അന്തസ്സാരശൂന്യതയെ തത്ത്വവിചാരം ചെയ്യുന്ന ശ്മശാനഭൂമിയെ അദ്ധ്യാത്മവിദ്യാലയമെന്ന് കവി കല്പിക്കുന്നു. മനുഷ്യന്റെ ക്ഷണികാവസ്ഥ ചെറുചെടികളുടെ ചിന്താവിഷയത്തിന് പാത്രമാകുമ്പോൾ വീണപൂവിലെ ആ ഭൂതിയെങ്ങ്? പുനരെങ്ങ്?[58] എന്ന ആദ്യശ്ലോകംപോലെ അവന്റെ ഭാഗ്യമെവിടെ? ചിതയെവിടെ? എന്ന ചോദ്യമുയരുന്നു. ശ്മശാനത്തിലെ കള്ളിയും മുരുക്കും എരിക്കുപോലും മനുഷ്യേതിഹാസത്തിന്റെ അവസാന അദ്ധ്യായം സാരജ്ഞന്മാർക്ക് വിവരിച്ചുകൊടുക്കുകയാണെന്ന് സൂചിപ്പിക്കുന്നതിലൂടെ സൃഷ്ടികൾ തമ്മിൽ പാരസ്പര്യമുണ്ടെന്നും ഈ വിശ്വപ്രകൃതിയിൽ നിന്ന് ജീവിതപാഠങ്ങളെല്ലാം ഉൾക്കൊള്ളാനാകുമെന്നുമുള്ള യഥാർത്ഥബോദ്ധ്യമാണ് കവി പ്രകാശിപ്പിക്കുന്നത്.

കാളിദാസന് ഭൂമിയോട് പ്രത്യേക മമത തോന്നുന്നതിന്റെ കാരണമായി പ്രരോദനത്തിൽ പറയുന്നത് ഇങ്ങനെയാണ്.[59] സ്വർഗ്ഗലോകത്ത് ദുഃഖലേശമില്ലാത്ത സുഖവും ഭൂമിക്കടിയിലെ അന്ധകാരാവൃതമായ നരകത്തിൽ എന്നും ദുഃഖവുമാണുള്ളത്. ഇരുട്ടും വെളിച്ചവും ഇടകലർന്നതും നടുക്ക് സ്ഥിതി

---

57-(വായുരനിലമമൃതമഥേദം ഭസ്മാന്തം ശരീരം
ഓം കൃതോ സ്മരകൃതം സ്മരക്രതോ സ്മരകൃതം സ്മര (മന്ത്രം-17)
ഈശാവാസ്യോപനിഷത്ത്- വ്യാഖ്യാനം- ഗുരു നിത്യ ചൈതന്യയതി- നാരായണ ഗുരുകുലം, 1992, മന്ത്രം -17, പുറം-49

58- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 238, (ശ്ലോകം-1)

59þ I panc‹ nì nî þകുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം- 72, (ശ്ലോകം-71)

ചെയ്യുന്നതുമായ ഭൂമിയോടുള്ള ആസക്തി ഒരാൾക്കും വിട്ടുമാറുന്നതല്ല. സഹൃദയൻ ചഞ്ചലഭോഗങ്ങൾക്കാസ്പദമായ ഭൂമിയിൽ ഓരോ നിമിഷവും രസോന്മേഷം കണ്ടെത്തുന്നു. ഓർത്തു നോക്കിയാൽ ഐശ്വര്യപൂർണ്ണവും രസം ചുരത്തുന്നതുമായ കാമധേനുവാണ് ഭൂമി. ഭൂമിയിലെ ജീവിതത്തോട് ആസക്തി പുലർത്തുന്നുണ്ടെങ്കിലും രണ്ട് കാര്യങ്ങൾ ഇവിടെ സ്പഷ്ടമാക്കുന്നു.

1- വെളിച്ചവും ഇരുളും മാറി മറഞ്ഞു വരുന്ന ചഞ്ചല സുഖാനുഭവമണ്ഡലമാണ് കവിക്ക് രസാനുഭൂതികൾ നൽകുന്ന ഈ ഭൂമി.

2-ഭൂമിയിലും ഉപരിയായ സുഖാനുഭവമേഖലകളുണ്ട്.

ചഞ്ചലമായതിൽ നിന്നെല്ലാം ലഭിക്കുന്ന അസ്ഥിരമായ സുഖമാണ് ദുഃഖത്തിന് നിദാനം. സർഗ്ഗാവിഷ്ക്കാരത്തിന്റെ സവിശേഷസാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ഒരാളെ സംബന്ധിച്ച് ഐശ്വര്യസമ്പൂർണ്ണവും രസപ്രദവുമായ കാമധേനുവാണ് ഭൂമി. സുഖാനുഭവങ്ങളുടെ പ്രാഥമികതലമായാണ് ഇതിൽ ഭൂമിയെ അടയാളപ്പെടുത്തുന്നത്. ഗണപതി ശാസ്ത്രികൾ പരിഭാഷപ്പെടുത്തിയ തന്റെ നാടകങ്ങൾ മലയാളത്തിലേക്കാക്കിയ എ.ആർ. ദിവംഗതനായതിൽ ഭാസൻ ഖേദിച്ചുകൊണ്ട് ഇങ്ങനെ പറയുമെന്ന് കവി സങ്കല്പിക്കുന്നു. അങ്ങ് കാലസമുദ്രത്തിൽ മുങ്ങിപ്പോയതോർക്കുമ്പോൾ സംസാരത്തിന്റെ അസ്ഥിരത ദുഃഖദായകംതന്നെയാണ്. സ്ഥിരമായതിൽനിന്നേ ശാശ്വതമായവ ഉറവെടുക്കൂ. നിരന്തരം മാറി വരുന്ന ഈ ലോകത്തിൽനിന്ന് വലുതായൊന്നും പ്രതീക്ഷിക്കാനില്ല.

പ്രരോദനത്തിൽ കവി മരണമെന്ന സത്യത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്. ലോകം എന്നും ചലിച്ചുകൊണ്ടിരിക്കുന്നതിനാൽ മരണത്തെ പേടിക്കുന്നത് വെറുതെയാണ്. കാലചക്രഭ്രമണത്തിനിടയിൽ ഒരേ പൊരുൾ സ്ഥകാലോപാധികളോടെ പലതായി പ്രതീതമാകാം. ഏകവും വ്യാകുലവുമായ വിശ്വചക്രപടലം ധർമ്മമാകുന്ന അച്ചുതണ്ടിൽ പ്രളയാവസാനംവരെ കറങ്ങിക്കൊണ്ടിരിക്കുന്നു. അതിന്റെ ഗതി തടുക്കാൻ ആർക്കും കഴിയുകയില്ല.  കാലചക്രഭ്രമണത്തിലുണ്ടാകുന്ന സ്വാഭാവികമായ അവസ്ഥാന്തരമാണ് മരണമെന്ന് സമാശ്വസിച്ച് അതിനെ ഭയപ്പെടേണ്ടതില്ലെന്ന് കവി ഇവിടെ സ്പഷ്ടമാക്കുന്നു. ധർമ്മാക്ഷദണ്ഡിൽ കാലം കറങ്ങുന്നതിനാലാണ് വരേണ്ടത് വന്നു ചേരുന്നത്. ലോകത്തിൽ നടക്കുന്നതെന്തും ധർമ്മാനുസൃതമാണെന്ന ചിന്ത മരണത്തിലും ശുഭാപ്തിവിശ്വാസം പകരുന്നു.[60] കവിയുടെ നിർദ്ദേശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1- ക്ഷണികവും പരിണാമനൈരന്തര്യവുമാർന്നതാണ് ഈ ലോകം.

---

60- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-82, (ശ്ലോകം-93)

5

57- അതേ പുസ്തകം- പുറം-86, (ശ്ലോകം-102)

2- ഒരു സത്യംതന്നെയാണ് ലോകത്തിന്റെ പരിണാമഗതിയ്ക്കനുസരിച്ച് സ്ഥലകാലങ്ങളിലൂടെ അഭിവ്യക്തമാകുന്നത്.

3- ധർമ്മമാകുന്ന അച്ചുതണ്ടിൽ ലോകം പ്രളയംവരെ കറങ്ങിക്കൊണ്ടിരിക്കും.

ജനിമൃതികളുൾപ്പെടെ പ്രപഞ്ചത്തിൽ നടക്കുന്ന ഗതിവിഗതികളെല്ലാം അനിവാര്യങ്ങളാണ്. എല്ലാ ചലനങ്ങളും ധർമ്മഹിതാനുവർത്തിയെന്നറിഞ്ഞ് ഈ വ്യവസ്ഥയെ ഉദാരമായി വിലയിരുത്തുകയും ഉൾക്കൊള്ളുകയും ചെയ്യണമെന്നാണ് ഇതിലൂടെ കവി ആവശ്യപ്പെടുന്നത്.

"പൂവല്ലികൾ മനോഹരമായ പൂക്കളെ വീഴ്ത്തുന്നു. വൃക്ഷങ്ങൾ മധുരമുള്ള ഫലങ്ങളെ ഉപേക്ഷിക്കുന്നു. ഭൂമി സ്വപുത്രന്മാരെ പാകമാകുമ്പോൾ കൈവെടിയുന്നു. ഇതെല്ലാം കാണുമ്പോൾ ഗുണം ദോഷമാകുകയാണോ എന്നും അതല്ലെങ്കിൽ വല്ലിയും വൃക്ഷവും ഭൂമിയും ത്യാഗത്തിന്റെ മാതൃക കാട്ടുകയാണോ എന്ന് തോന്നു"[61] മെന്ന് പ്രരോദനത്തിൽ കവി പറയുന്നു. സുഖ്യപ്രദമായ ഒന്നിനെ പൂർണ്ണമനസ്സോടെ  ബോധപൂർവ്വം ഒഴിവാക്കുന്നതാണ് യഥാർത്ഥ ത്യാഗം. താഴ്ന്ന ബോധനിലവാരത്തിലുള്ള അചരങ്ങളായ വൃക്ഷലതാദികൾപോലും പ്രിയപ്പെട്ടവയെ ഉപേക്ഷിച്ച് ത്യാഗത്തിന്റെ മാതൃക കാണിക്കുന്നതുപോലെയാണ് മഹിതമായ ഗുണങ്ങൾക്കിരിപ്പിടമായ രാജരാജവർമ്മയുടെ ദേഹവിയോഗത്തെ വിലയിരുത്തുന്നത്.

"പ്രിയപ്പെട്ടവരേ, അലഞ്ഞു തിരിഞ്ഞു കേണുകൊള്ളുക. ഗതികെട്ടവർ അവരുടെ എല്ലാമായി കരുതുന്ന കണ്ണീരിന് അങ്ങനെ സാഫല്യം അണയ്ക്കുക. നിങ്ങളുടെയെല്ലാം പ്രാണനായിത്തീർന്നിട്ടുള്ള ആ മഹാൻ ഇനി തിരിച്ചു വരില്ല. വലിയ ദുഃഖമാകുന്ന നദി കൂലംകുത്തിയൊഴുകുമ്പോൾ അതിൽ വിവേകമാകുന്ന വഞ്ചി മുന്നോട്ടു തുഴയാനാകില്ല"[62] എന്നും കവി പറയുന്നു. ദുഃഖത്തെ വിവേകം കൊണ്ട് നിയന്ത്രിക്കുന്നത് ദുഷ്ക്കരമായതിനാൽ കരച്ചിലിൽ ആശ്വാസം കണ്ടെത്താനാണ് ആവശ്യപ്പെടുന്നത്. വിവേകവും വികാരവും ഒരേ സമയം നിലകൊള്ളാത്തതിനാൽ രണ്ടിലേതെങ്കിലുമൊന്നിനെയാകും മനുഷ്യന് ആശ്രയിക്കേണ്ടി വരുന്നത്. വീണപൂവിലെ അവസാനശ്ലോകത്തിൽ കണ്ണീരുകൊണ്ട് ഒന്നും സാദ്ധ്യമല്ലെന്ന് പറഞ്ഞ കവി[63] ഇവിടെ കരയാൻ ആവശ്യപ്പെടുന്നത് പൂവും മനുഷ്യനും തമ്മിലുള്ള വ്യത്യാസംകൊണ്ടല്ല മറിച്ച്, സത്യാന്വേഷണത്തിന്റെ  മാർഗ്ഗവൈവിദ്ധ്യങ്ങളെന്ന നിലയിൽ വിവേകവും

---

61- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-86, (ശ്ലോകം-102)

62- അതേ പുസ്തകം- പുറം-87, (ശ്ലോകം-103)

63-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-255, (ശ്ലോകം-41)

വികാരവും പ്രസക്തമായതിനാലാണ്. വിവേകം വികാരത്തിനു കീഴ്പ്പെട്ടു നിൽക്കുമ്പോളാണ് ഭ്രമബുദ്ധിയും മിഥ്യാപ്രതീതിയും ഉളവാകുന്നത്. വികാരത്തിന്റെ നിലപാടും പ്രവർത്തനങ്ങളും മനസ്സിലാക്കി അതിന് ജീവിതത്തിൽ സ്ഥായിയായ സ്വാസ്ഥ്യംനൽകാൻ സാധിക്കില്ല. അപ്പോൾ മാത്രമേ വിവേകത്തിന്റെ പ്രാധാന്യം തിരിച്ചറിയാനാകൂ. ഒരേ ബോധചൈതന്യത്തിന്റെ രണ്ടിടങ്ങളെന്ന നിലയിൽ മനോബുദ്ധികളുടെ തലത്തിൽ പ്രകടമാകുന്ന വികാരവിവേകങ്ങളെ അദ്വൈതം ഒരിക്കലും നിരാകരിക്കുന്നില്ല. അവയുടെ പ്രാധാന്യം സോപാധികമാണെന്നും രണ്ടിനും ആധാരമായുള്ള തത്ത്വം എല്ലാത്തിനെയും അതിവർത്തിച്ചു നിൽക്കുന്നതാണെന്നും ബോധിപ്പിക്കുകയാണ് ചെയ്യുന്നത്.

പഞ്ചഭൂതങ്ങളുടെ സംയോഗവിയോഗങ്ങളിലൂടെയാണ് പ്രപഞ്ചപദാർത്ഥങ്ങൾ രൂപംകൊള്ളുന്നത്. സ്ഥലകാലാനുബദ്ധമായി സംഘടിച്ചു നിൽക്കുന്ന അവയെല്ലാംതന്നെ മറ്റൊരവസരത്തിൽ വിഘടിച്ചു പോകുന്നവയുമാണ്. അവയുമായി ഇടപെട്ടുകൊണ്ടിരിക്കുന്ന മനുഷ്യജീവിതം അസ്ഥിരവും നശ്വരവും ദുഃഖാവഹവുമാണെന്നും കേവലമായ അവബോധതലത്തിൽ എല്ലാം പ്രതീതിമാത്രമാണെന്നുമുള്ള വിചിന്തനത്തിന് തന്റെ രചനകളിലുടനീളം പ്രാമുഖ്യം നൽകിയ കവിയാണ് കുമാരനാശാൻ. ദുരവസ്ഥയിൽ സാവിത്രിയുടെ നില ഇങ്ങനെ വിവരിക്കുന്നു.

വിണ്ടലത്തിലെങ്ങോ വിളങ്ങിയ താരമേ / കുണ്ടിൽപ്പതിച്ചു നീ കഷ്ടമോർത്താൽ

നക്ഷത്രത്തെപ്പോലെ ഉന്നതങ്ങളിൽ വിളങ്ങിയിരുന്ന സാവിത്രിയുടെ നിലവിലെ ജീവിതാവസ്ഥ കുണ്ടിൽ പതിച്ചതുപോലെയാണെന്ന് ആശാൻ പറയുന്നു.[64] ഉന്നതമായ സൗഭാഗ്യങ്ങൾ ഈ ലോകത്തെപ്പോലെ തന്നെ അസ്ഥിരവും ചഞ്ചലവുമായതുകൊണ്ട് മാറി മറഞ്ഞു വരുന്ന അവസ്ഥകളിലൂടെ തരഭേദമില്ലാതെ സഞ്ചരിച്ച് ആരും എപ്പോൾ വേണമെങ്കിലും ഏതവസ്ഥയേയും പ്രാപിക്കാം. കാരണത്തിന്റെ സ്വഭാവസവിശേഷതകൾ അതിൽ നിന്നുരുത്തിരിയുന്ന കാര്യത്തിലും ഉണ്ടാകുമെന്ന തത്ത്വത്തെ നിർദ്ദേശിക്കുകയാണിവിടെ.

കരുണയിലെ ജീവിതനിരൂപണത്തിന്റെയും സാരസംഗ്രഹം ഇതു തന്നെയാണ്.

അഹഹ! സങ്കടമോർത്താൽ മനുഷ്യജീവിതത്തെക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തൊന്നുള്ളൂ?
പുഷ്ടശക്തി വഹിക്കുമീ പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽ മതി തവിടുപൊടിയാമല്ലോ

---

64- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-140

ഒന്നാലോചിച്ചാൽ മനുഷ്യജീവിതത്തെപ്പോലെ ഇത്ര നിസ്സാരമായി മറ്റൊന്നുമില്ല. കാഴ്ചയിൽ ഭംഗിയുള്ളതും ഉറപ്പുള്ളതുമായ ഒരു പളുങ്കുപാത്രംപോലെയുള്ള അത് ഒന്നു മുട്ടിയാൽ തവിടുപൊടിയാകുന്നു. ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ് ഈ വരികളിലുള്ളത്. മനുഷ്യർ സാധാരണ കല്പിക്കാറുള്ള കമനീയതയും ചമത്ക്കാരവും ജീവിതത്തിനില്ലെന്നും പുറമെ ഉറപ്പുള്ളതെന്നു തോന്നിയാലും മുട്ടിയാൽ തകർന്നുപോകുന്ന പളുങ്കുപാത്രംപോലെയായതിനാൽ അതിനെ ദയനീയമെന്നാണ് വിശേഷിപ്പിക്കേണ്ടതെന്നും കവി പറയുന്നു. പുറമെ എത്ര സുരക്ഷിതവും സുഭദ്രവുമെന്ന് തോന്നിയാലും ജീവിതത്തെ തനത് ഭാവത്തിൽ നോക്കിക്കാണുമ്പോൾ അത് നശ്വരവും ദുർബ്ബലവുമാണെന്ന് വെളിപ്പെടും. ഇന്ദ്രിയങ്ങൾക്ക് അനുഭവിക്കാനുള്ള സാമഗ്രികളും അതിന്റെ ശേഷികളെ മറികടക്കുന്നതിനുള്ള ഉപായങ്ങളും ലോകത്തിൽ സുലഭമാണെങ്കിലും അവയെ സമാശ്രയിക്കുന്നതിലൂടെ അരക്ഷിതാവസ്ഥയിലേക്കാണ് നയിക്കുക. വിവേകശാലിയായ ഒരാൾ ഇതെല്ലാം തിരിച്ചറിഞ്ഞ് ശാശ്വതമായ നന്മയിലേക്കുള്ള മാർഗ്ഗമാണ് കൈക്കൊള്ളേണ്ടത്.

കരുണയിൽ വാസവദത്ത ഒടുവിൽ എത്തിച്ചേർന്നിരിക്കുന്ന ചുടുകാടിനെ വർണ്ണിച്ചിരിക്കുന്നത് ഈ ലോകത്തിന്റെ പരിച്ഛേദമായാണ്. ഈ ലോകത്തിന്റെ തനി നിറം കണ്ടവരിൽ അതുണ്ടാക്കുന്ന അസ്വസ്ഥതയും നടുക്കവും വേദനയും ചുടുകാടിന്റെ വർണ്ണനയിൽ നിന്ന് നാമനുഭവിക്കുന്നു. നദിയുടെ മേലേ കരയിൽ ശൂന്യതയുടെ കളിക്കളംപോലെ ആ വിജനതീരം പാറയും പുറ്റും പാഴ്ച്ചെടികളും നിറഞ്ഞു കിടന്നു. അതിനടുത്ത് കൊമ്പുകളും ഇലകളും ചുരുങ്ങി തടിതേഞ്ഞ് തൊലി പൊടിഞ്ഞ് മാനം മുട്ടുമാറ് കൊമ്പുകളുമായി ഒരാൽമരം കാണാം. വെയിൽനാളം വീഴുമ്പോൾ അത് തലയിൽ തീയാളിക്കത്തുന്ന ചുടലഭൂതംപോലെ അനങ്ങുകയും വിറയ്ക്കുകയും ചെയ്യുന്നു. പൊട്ടിപ്പൊളിഞ്ഞ ആൽത്തറയുടെ വിടവുകളിലേക്ക് മാളങ്ങളിലേക്കിഴഞ്ഞു ചെല്ലുന്ന പാമ്പുകളെപ്പോലെ ചുറ്റിപ്പിണഞ്ഞു കിടക്കുന്ന വേരുകൾ. പൊഴിഞ്ഞ ആലിലകളും ഉറുമ്പുകളെടുത്തു നീങ്ങുന്ന ഉണക്കലരിയും വാടിയ പൂക്കളും ദർഭക്കഷണങ്ങളും അവിടെ പലേടത്തും ചിന്നിച്ചിതറി കിടക്കുന്നു. ചുടുകാടിന്റെ മറ്റൊരു മൂലയിൽ കത്തിക്കഴിഞ്ഞ തീക്കനലിൽനിന്ന് കാറ്റിൽ പുകച്ചുരുളുകൾ പൊങ്ങുന്നു. മറ്റൊരു ഭാഗത്ത് പകലെന്ന ബോധംപോലുമില്ലാതെ കുറുനരികൾ നിലത്തു നിന്ന് എന്തൊക്കെയോ ചിക്കിച്ചികഞ്ഞെടുത്ത് സ്വൈരമായി ഭക്ഷിക്കുന്നു. ഒരു കൂസലുമില്ലാതെ ഭീകരരായ പെരുംകഴുകന്മാർ ഇരയുടെ മേലിരുന്ന് ചെറിയ ആനത്തോട്ടിപോലെയുള്ള കൂർത്തകൊക്കുകൾകൊണ്ട് ചീഞ്ഞ അവശിഷ്ടങ്ങൾ കൊത്തിവലിക്കുന്നു. വിറകുകൊള്ളികളും കരിക്കട്ടകളും തീയിൽ കത്താതെ അവശേഷിച്ച എല്ലിൻ കഷ്ണങ്ങളും മറ്റ് മനുഷ്യാവയവങ്ങളും ഒരു ഭാഗത്ത്. വടക്കുഭാഗത്തുനിന്ന് അരയാൽവരെയെത്തുന്ന വിജന

മായ നടക്കാവിന്റെ ചുറ്റും ഭസ്മത്തിന്റെ ചാലുകൾ......... ഇങ്ങനെ ആ വർണ്ണന നീണ്ടു പോകുന്നു.

വെറും ശ്മശാനവർണ്ണനയെന്നതിൽ കവിഞ്ഞ് കൊടുംയാതനകൾ അനുഭവിക്കുന്ന വാസവദത്തയെ ചിത്രീകരിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കൽ കൂടിയാണിത്. സുഖഭോഗങ്ങൾ നേടിയെടുക്കാനുള്ള മനുഷ്യന്റെ അതിതീവ്രമായ പരാക്രമത്തിന് ഒരാളുടെ യൗവനവും സൗന്ദര്യവും മറ്റും ഇന്ധനമാക്കുമ്പോൾ അതവനെ കൊണ്ടെത്തിക്കുന്നത് ശാശ്വതമായ ശാന്തിയിലേക്കായിരിക്കില്ലെന്നും ഭയാനകമായ നരകനടുച്ചുഴിയിലേക്കായിരിക്കുമെന്നും കവി സ്പഷ്ടമാക്കുന്നു. അസ്തിവാരം തകർത്ത് വിടവുകളിലൂടെ വേരിറങ്ങി നിൽക്കുന്ന ആൽമരം അതിന്റെ പച്ചയായ അടയാളമാണ്. ഗീതയിൽ തലകീഴായി നിൽക്കുന്ന ആൽമരത്തെയാണ് സംസാരജീവിതത്തിന്റെ പ്രതീകമായി കാണിക്കുന്നത്.[65] ഉന്നതമായ അവസ്ഥകളിലേക്ക് ഉയരേണ്ടുന്ന മഹിതമായ മനുഷ്യജന്മത്തെ ഇന്ദ്രിയതൃഷ്ണകൾക്കർപ്പിക്കുമ്പോൾ വ്യക്തിയെയും സമൂഹത്തെയും അത് സർവ്വനാശത്തിലേക്കു നയിക്കുന്നു. വാസവദത്ത സ്നേഹയോഗ്യയാണെന്നും നിയമദണ്ഡനത്തിനു വിധേയമായി അവളെ ഇവിടെ കൊണ്ടെത്തിച്ചത് വേശ്യാവൃത്തിയാണെന്നും ധനാസക്തിയും സൗന്ദര്യവുമാണ് അവളെ ഇത്രത്തോളം വഞ്ചിച്ചതെന്നും മനസ്സിലാക്കിക്കൊണ്ട് പ്രപഞ്ചവിഷയങ്ങളെക്കുറിച്ച് ഉപഗുപ്തൻ പറയുന്നു.

അതിചപലമീയന്തഃകരണം ലോകഭോഗങ്ങൾ / പ്രതിനവ രസങ്ങളാൽ ഭൂരിശക്തികൾ [66]

രൂപം തുടങ്ങിയ പഴങ്ങളഞ്ചും ഭക്ഷിച്ച് മലഭാണ്ഡമായ ശരീരപഞ്ജരത്തിൽ താമസമാക്കി നയത്തോടെ മാറിമറഞ്ഞു കളിക്കുന്ന ജ്ഞാനേന്ദ്രിയങ്ങളെക്കുറിച്ച് 'ആത്മോപദേശ ശതക'ത്തിൽ നാരായണഗുരു പറയുന്ന അതേ ആശയം തന്നെയാണ് ഇവിടെ അവതരിപ്പിക്കുന്നത്.[67] മനുഷ്യന്റെ കെട്ടുപാടുകൾക്കും വിമോചനത്തിനും കാരണമായ ഈ അന്തഃകരണം വളരെയേറെ ചാപല്യങ്ങൾ നിറഞ്ഞതാണ്. സുഖാനുഭവങ്ങൾക്കുള്ള തൃഷ്ണ അതിനെ സദാ അലട്ടിക്കൊണ്ടിരിക്കുന്നു. ഈ ലോകഭോഗങ്ങൾ മനസ്സിനെ ആകർഷിക്കുകയും വശപ്പെടുത്തുകയും ചെയ്യുന്നു. സുഖസ്രോതസ്സിനെക്കുറിച്ച് ശരിയായ ധാരണയില്ലാതെ ഈ പ്രപഞ്ചത്തിലേക്ക് പരന്നൊഴുകുന്ന അപ്രതിരോദ്ധ്യമായ പഴകിയ വാസനയെയാണ് വാസവദത്തയുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ മനുഷ്യമനസ്സിനെ പ്രചോദനങ്ങളും അവൻ

---

65- ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992 എഡി:1, പുറം - പുറം-1021, ശ്ലോകം-(1-15)

66- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-251

67-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി: 1 -2003 പുറം-564, (ശ്ലോകം-8)

വർത്തിക്കുന്ന ലോകത്തിന്റെ ഗതിവിഗതികളും അവൻ സ്വായത്തമാക്കേണ്ടുന്ന ഔന്നത്യങ്ങളുമാണ് പ്രതിപാദിച്ചിരിക്കുന്നത്.

സത്യമോർക്കുകിൽ സംസാരയാത്രയിൽ പാപത്തിൽ കഴൽ
കുത്തിടാതെ കടന്നവർ കാണുകില്ലെടോ
ബദ്ധപങ്കമായോടുന്നിതൊരു കാലം നദി പിന്നെ
ശുദ്ധി കലർന്നൊരു കാലം ശോഭ തേടുന്നു [68]

ഈ ജീവിതത്തിൽ ഒരിക്കൽപോലും പാപം ചെയ്യാതെ കടന്നുപോയവർ ഉണ്ടാകില്ല. വർഷപാതത്തിൽ കലങ്ങി മറിഞ്ഞൊഴുകുന്ന നദി ക്രമേണ ശുദ്ധി നേടി തെളിഞ്ഞൊഴുകുന്നു. സുഖം/ദുഃഖം, പുണ്യം/പാപം തുടങ്ങിയ വിപരീതങ്ങളിൽ അധിഷ്ഠിതമാണ് എല്ലാ ജീവിതാനുഭവങ്ങളുമെന്നതിനാൽ ഇതിൽനിന്നാർക്കും ഒഴിഞ്ഞു നിൽക്കാനാകില്ല. ഘടികാരത്തിന്റെ പെൻഡുലംപോലെ ചലിക്കുന്നതിനാലാണ് ലോകത്തിലെ എല്ലാ അനുഭവങ്ങളും മാറി മറഞ്ഞു വരുന്നത്. ഈയൊരു ചലനക്രമമാണ് വിശ്വവ്യവസ്ഥയെ നിയന്ത്രിക്കുകയും പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നത്.

'മണിമാല'യിലെ 'ഒരു അനുതാപ'ത്തിൽ കവി പറയുന്നു. ''ഈ ലോകത്തു നിന്നു ലഭിക്കുന്ന സുഖം സുഖമല്ല. സുഖം മാത്രമായിട്ടൊന്ന് ലഭിക്കില്ല. ഇത് മനസ്സിലാക്കി ഇനി മേലിൽ ലോകപ്രീതിക്കായിക്കൊണ്ട് ഞാൻ ദുഃഖത്തെ ഉപാസിക്കുന്നു.''[69] വിരുദ്ധദ്വന്ദ്വങ്ങളിൽ ഒന്ന് എന്താണെന്ന് അറിയണമെങ്കിൽ മറ്റേത് എന്താണെന്നും എന്തല്ലെന്നും ഒരുപോലെ അറിയേണ്ടതായുണ്ട്. ചൂട് എന്താണെന്ന് അറിയണമെങ്കിൽ തണുപ്പിനെയും തിരിച്ചും അറിയേണ്ടി വരും. അതുപോലെ ഈ ലോകത്തിൽ സുഖം മാത്രമായി ലഭിക്കില്ലെന്നും അതിൽ ദുഃഖം കൂടിയുണ്ടെന്നും അറിയുമ്പോളാണ് ലോകനിലയിലുള്ള അറിവ് പൂർണ്ണമാകുന്നത്. അതുകൊണ്ടാണ് കവി ദുഃഖോപാസകനാകുവാൻ തീരുമാനിച്ചത്.

വനമാലയിലെ 'എന്റെ പ്രമാണ'ത്തിൽ കവി പറയുന്നത് ''നേടേണ്ട വിഷയങ്ങളെക്കുറിച്ച് ഒരുപാട് വിചാരിക്കാനുണ്ട്; എന്നാൽ ജീവിതകാലം അല്പമാണ്. ലഭിക്കാത്തതിനെ കുറിച്ച് ദുഃഖിക്കാതെ ദേഹിക്ക് ശാന്തിയും സുഖവും നൽകുക. സുഖപ്രദമായവയിലുള്ള താല്പര്യം കുറയ്ക്കുക. ആമ്പൽനി

---

68- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം- 252

69- ഹാ! കഷ്ടം സുഖമല്ലതാൻ സുഖവുമില്ലെകാന്തികം സൗഖ്യമീ-
ലോകപ്രീതി ദശാനിബന്ധനി,യുപാസിക്കുന്നു ദുഃഖത്തെ ഞാൻ.
കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-278

രയെ അമ്പിളിയെന്നപോലെ എല്ലാവരെയും സ്നേഹിക്കുക. കിട്ടിയതിലുള്ള അസംതൃപ്തിയും കിട്ടാത്തതിലുള്ള ദുഃഖവുമാണ് മനുഷ്യനുള്ളത്. അതിൽ കിട്ടാത്തതിലുള്ള ദുഃഖത്തിനാണ് ഊന്നലേകുന്നതെങ്കിൽ ഈ പ്രപഞ്ചത്തിൽ അനന്തകോടി വിഷയങ്ങൾ ഉണ്ട്. അതെല്ലാം പരിമിതശേഷിയുള്ള ഇന്ദ്രിയങ്ങളിലൂടെ ഉൾക്കൊള്ളുന്നതിനുള്ള കാര്യക്ഷമതയും ആയുർബ്ബലവും മനുഷ്യനില്ല; അവന്റെ കാമനകളെ പൂർത്തീകരിക്കാൻ ഈ പ്രപഞ്ചപദാർത്ഥങ്ങൾക്കൊന്നിനും കഴിയുകയുമില്ല. പ്രതീക്ഷിച്ചത് ലഭിക്കാതിരിക്കുമ്പോഴുള്ള ദുഃഖം നിലവിലെ കർമ്മശേഷിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. അതുകൊണ്ട് കിട്ടാത്തവയെക്കുറിച്ചുള്ള നിരാശ ഒഴിവാക്കി സ്വാസ്ഥ്യത്തോടെ വർത്തിക്കേണ്ടതുണ്ട്. ഇതെല്ലാമുണ്ടെങ്കിൽ മാത്രമേ ആമ്പലുകളെ ചന്ദ്രനെന്നതുപോലെ ഈ ലോകത്തെ സ്നേഹിക്കാൻ നമുക്ക് കഴിയൂ.[70]

ശിവലിംഗസ്വാമികളുടെ മരണത്തിൽ മനംനൊന്ത് ആശാൻ എഴുതിയതാണ് 'എന്റെ സ്നേഹിതന്റെ ദേഹവിയോഗം.' അതിൽ ശരീരം കുഴയുന്നതും ശ്വാസം മുട്ടുന്നതും ഉൾപ്പെടെ എല്ലാ ലക്ഷണങ്ങളെയും മൃതിയുടെ മിത്രങ്ങളെന്നു കാണിച്ചിരിക്കുന്നു. അവയെല്ലാം തികച്ചും അന്യമെന്നതിനാൽ തന്റെ ജീവനോട് താനാണ് യഥാർത്ഥ ബന്ധുവെന്ന് പറയുന്നു. ഇവിടെ മൃത്യുവിൽ അഭയം കണ്ടെത്തുന്നതിനു പകരം ജീവനെ സമാശ്രയിക്കുന്നു. സ്ഥലകാലാനുസൃതമായി ഉപാധിയിൽ ഭാവഭേദങ്ങൾ ഉണ്ടാകുമ്പോഴും അബാധിതമായി തുടരുന്ന അസ്തിത്വമാണ് ജീവാത്മാവ്. വിവിധ അവസ്ഥകളിലൂടെ നിരന്തരമാറ്റങ്ങൾക്ക് വിധേയമാകുന്ന ശരീരം ഉൾപ്പെടെയുള്ള വിഷയോപാധികളെ ശാശ്വതമായി അപേക്ഷിക്കാനാകില്ല. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി മാറ്റങ്ങൾക്ക് വിധേയമാകാത്തതും ഒരവസ്ഥയിലും നിഷേധിക്കാനാകാത്തതുമായ ബോധചൈതന്യത്തിന്റെ വ്യാവഹാരിക പ്രകാശനമായ ജീവനെയാണ് ഇവിടെ തന്റെ യഥാർത്ഥമിത്രമെന്ന് പറയുന്നത്.

ക്ഷണികജീവിതത്തിന്റെ അവസ്ഥാന്തരങ്ങളെക്കുറിച്ചുള്ള വിശകലനത്തിലൂടെ മുഴുവൻ ലോകത്തിന്റെയും അസ്ഥിരപ്രകൃതിയെ വികാരതീവ്രമായ ഭാവഗൗരവത്തോടെ, സാത്വികമായ തന്മയത്വത്തോടെ ഹൃദയംഗമമായി ആവിഷ്ക്കരിക്കുന്നവയാണ് ആശാന്റെ ഖണ്ഡകാവ്യങ്ങൾ. അവ പ്രസാദസൗഭാഗ്യങ്ങളെന്നെല്ലാം തോന്നിപ്പിക്കുന്ന ഭൗതികജീവിതത്തിന്റെ പുറംമോടികൾക്കപ്പുറം അതിന്റെ

---

70- മനമുഴറിയെരിഞ്ഞു താണു; മൈ-/ തനിയെ കുഴഞ്ഞു; തടഞ്ഞു വീർപ്പതും

അനുപദമണകല്ലി മിത്രമോ-/ടനുമൃതി ജീവ യഥാർത്ഥ ബന്ധു നീ

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-337

യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നു. ജീവിതത്തിന്റെ ആത്യന്തിക കൈകാര്യകർത്തൃത്വം ഈശ്വരനിൽ അർപ്പിച്ചാണ് കവി ലൗകികമായ നശ്വരതയേയും ക്ഷണഭംഗുരതയേയും കാണുന്നത്. വിടർന്ന് പരിമളം വീശിനിൽക്കുമ്പോളല്ല, മറിച്ച് അത് ഞെട്ടറ്റ് കാന്തിയും മിഴിവും കെട്ട് മണ്ണിൽ പതിച്ചു കിടക്കുമ്പോഴാണ് ആശാനിലെ ദാർശനികനായ കവി അതിനെ അഭിസംബോധന ചെയ്യുന്നത്; നളിനി, സീത, വാസവദത്ത എന്നിവരെപ്പോലെ. വിഷയങ്ങളിൽ അഭിരമിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ചുഴിഞ്ഞിറങ്ങുവാൻ ഇന്ദ്രിയമനോബുദ്ധികൾ വിസമ്മതിക്കും. എന്നാൽ പ്രതികൂലസാഹചര്യങ്ങളെ അതിക്രമിക്കാനുള്ള തിടുക്കത്തിൽ അത് കൂടുതൽ വസ്തുതോന്മുഖമായി മാറും. ആകാരവികാരങ്ങളോടു കൂടിയ വസ്തുപ്രപഞ്ചം ജീവനിൽ വീഴ്ത്തുന്ന പ്രതീകാനുഭവങ്ങളുടെ സൗഭാഗ്യം ശാശ്വതമല്ലെന്നും അവ താൽക്കാലികങ്ങൾ മാത്രമാണെന്നുമെല്ലാം മറനീക്കിക്കാണിച്ച് അവയെല്ലാം ഈശ്വരേച്ഛയുടെ ബാഹ്യപ്രകടനമെന്ന അർത്ഥത്തിൽ സാമാന്യലോക നിരൂപണത്തിന് അനുസൃതമായി വിധിയെന്ന് ആദ്യം നിർദ്ദേശിക്കുന്നു. പിന്നീട് വിധി ശബ്ദത്തെയും മറികടന്ന് ഒന്നിന്റെ ആവിർഭാവതിരോഭാവകാരങ്ങളുടെ അടിസ്ഥാനം അതിന്റെ കർമ്മഗതി തന്നെയാണെന്ന വാദത്തെ ശ്രുതിസമ്മതത്തോടെ സ്ഥാപിക്കുന്നു. ഇവിടെയെല്ലാം കാലികമായ ലോകത്തിന്റെ നശ്വരതയെയും സൗന്ദര്യത്തെയും നിഷ്പക്ഷബിന്ദുവിൽ വിലയിരുത്തി അതിനും ആധാരമായ അനശ്വര സത്യത്തെ സ്ഥാപിച്ചെടുക്കുകയാണ് കവി ചെയ്യുന്നത്. ലോകത്തിന്റെ സർവ്വസാധാരണമായ നശ്വരതയെ വർണ്ണിക്കുകയോ സ്ഥാപിച്ചെടുക്കുകയോ ചെയ്യേണ്ടതില്ല. പക്ഷേ, അനശ്വരസത്യത്തെ വെളിപാടിലൂടെയും പുനഃപ്രവചനത്തിലൂടെയും മറ്റും സാധരണീകരിക്കേണ്ടതുണ്ട്. അനശ്വരതയിലേക്കുള്ള ഗതികോർജ്ജമെടുക്കുന്നത് നിരന്തരാവധാനത്തിനും നിരൂപണങ്ങൾക്കും വിധേയമാക്കിക്കൊണ്ടിരിക്കുന്ന ലൗകികകേന്ദ്രത്തിൽ നിന്നുതന്നെയാണ്. അതിലൂടെയാണ് സത്യത്തിന്റെ സമഗ്രത ഉപാധി വൈവിദ്ധ്യങ്ങളിലൂടെ ക്രമികമായി അനാവൃതമാകുന്നത്.

## പ്രമാണവിചാരം

യഥാർത്ഥ അനുഭവജ്ഞാനമാണ് പ്രമ. തർക്കസംഗ്രഹത്തിൽ പ്രമയുടെ കരണമെന്നാണ് (പ്രമാകരണം പ്രമാണം) പ്രമാണത്തെ നിർവ്വചിച്ചിരിക്കുന്നത്.[71] പ്രത്യക്ഷം, അനുമാനം, ഉപമാനം, അർത്ഥാപത്തി, അനുപലബ്ധി, ആഗമം എന്നീ പ്രമാണങ്ങളെ അദ്വൈതം അംഗീകരിക്കുന്നു. ഈ പ്രമാണവിചാരത്തിന്റെ സ്വാധീനം 'വീണപൂവി'ലുണ്ട്. 'ശലഭമേനി അല്പംപോലും മാനിക്കാതെ നീ ഭ്രമരത്തെ

71 -വാര്യർ ഇ. ഐ (പ്രൊഫ.)- ഭാരതീയ തർക്കശാസ്ത്രം- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-പുറം-19

വരിച്ചുവെന്നതിൽ സംശയമൊന്നുമില്ല. അങ്ങനെയല്ലെങ്കിൽ ഇപ്പോൾ ഇവൻ വന്ന് നിന്റെ അരികില ണഞ്ഞ് അസഹനീയതയോടെ ഇങ്ങനെ നിലവിളിക്കുകയില്ല എന്ന് കവി പറയുന്നുണ്ട്.[72] അദ്വൈത ത്തിന് സമ്മതമാണ് അനുമാനപ്രമാണമെങ്കിലും പരാർത്ഥാനുമാനത്തിന്റെ അഞ്ച് അവയവങ്ങളെ അത് സ്വീകരിക്കുന്നില്ല. പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയം, നിഗമനം എന്നിവ ഉൾക്കൊള്ളുന്ന പഞ്ചാവയവന്യായവാക്യത്തിൽ ആദ്യത്തെയോ അവസാനത്തെയോ മൂന്നെണ്ണം മതിയെന്നാണ് അദ്വൈ തപക്ഷം. അതിൽ ഉദാഹരണം, ഉപനയം, നിഗമനം എന്നിവവെച്ച് ഇങ്ങനെ നിർദ്ധാരണം ചെയ്യാം.

1- പ്രതിജ്ഞ- പൂവ് ഭ്രമരവര്യനെ വരിച്ചിട്ടുണ്ട്.

2- ഹേതു- ഇവിടെ വണ്ട് വട്ടമിട്ടു പറക്കുന്നു.

3- ഉദാഹരണം- ഉറ്റവർ മരിച്ചവർക്കരികിൽ വന്ന് വിലപിക്കാറുണ്ട്.

## മായ/അവിദ്യ

ആത്യന്തികമായ സത്യം ഏകമാണെന്നിരിക്കെ സമഷ്ടിതലത്തിലുള്ള പ്രപഞ്ചപ്രതീതിക്കും വ്യഷ്ടിതലത്തിലുള്ള ജീവഭാവത്തിനും കാരണമായി അദ്വൈതം നൽകുന്ന വിശദീകരണമാണ് യഥാ ക്രമം മായ, അവിദ്യ എന്നീ സംജ്ഞകൾ. പരിവർത്തനവിധേയമല്ലാത്തതും അതുകൊണ്ടു തന്നെ ത്രികാ ലങ്ങൾ ബാധിക്കാത്തതും ഒരവസ്ഥയിലും നിഷേധിക്കാനാകാത്തതുമായ സത്തയെയാണ് അദ്വൈതം കേവലസത്യ(ബ്രഹ്മം)മായെണ്ണുന്നത്. മൂലവസ്തുവിന്റെ പരിണാമംകൊണ്ടോ രൂപാന്തരംകൊണ്ടോ ഒരു വസ്തുവിനെ മറ്റൊന്നായി തെറ്റിദ്ധരിക്കുന്നതുകൊണ്ടോ ഒരു പദാർത്ഥത്തിന്റെ പ്രകടീകരണമുണ്ടാകാം. കേവലസത്യമായ ബ്രഹ്മത്തിന് പരിണാമമില്ലാത്തതുകൊണ്ട് അത് നാമരൂപങ്ങൾകൊണ്ടുള്ള ആകാര വികാരഭേദങ്ങൾക്ക് വിധേയമാകില്ലെന്നാണ് അദ്വൈതപക്ഷം. അപ്പോൾ അവിഭക്തമായ സത്യത്തിൽ നിന്ന് ജഗൽപ്രതീതിക്കു കാരണമായി ഭവിക്കുന്ന സമഷ്ടിഗതമായ അജ്ഞാനത്തെയാണ് മായയെന്ന് പറയുന്നത്. അതിന്റെ വിശദാംശങ്ങളെ ഇങ്ങനെ അവതരിപ്പിക്കാം.

1- പ്രപഞ്ചത്തിന് ആത്യന്തികമായ ഉണ്മയില്ല. കാരണം അത് നിരന്തരമായ പരിണാമങ്ങൾക്ക് വിധേയമാ യിക്കൊണ്ടിരിക്കുന്നു.

2- പ്രപഞ്ചം ഇല്ലാത്തതല്ല. കാരണം ജാഗ്രദവസ്ഥയിൽ വ്യഷ്ടി/സമഷ്ടി തലങ്ങളിൽ ഉള്ളതുപോലെ അനുഭവപ്പെടുന്നു.

---

72- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 255, (ശ്ലോകം-12)

3- പ്രപഞ്ചം ഇല്ലാത്തതും ഉള്ളതും അല്ല. കാരണം ഇല്ലായ്മക്കും ഉണ്മയ്ക്കും ഏകകാലികമായ അസ്തിത്വമില്ല.

4- പ്രപഞ്ചം ഇല്ലാത്തതും ഉള്ളതും അല്ലാത്തതുമല്ല. അങ്ങനെ വന്നാൽ അത് കാര്യകാരണങ്ങളുടെ അനന്തമായ പിൻപോക്കിന് ഇടയാക്കും. അതായത് ഇല്ലാത്തതും ഉള്ളതും അല്ലാത്തത്, അതിനും കാരണമായത്, ആ കാരണത്തിനും കാരണമായത്, എന്നിങ്ങനെയുള്ള അനവസ്ഥാദോഷ(Infinite regress)ത്തിലേക്ക് നയിക്കും. അതുകൊണ്ടാണ് അതിനെ സദസദ്വിലക്ഷണമായത് (Neither real-nor unreal) എന്ന അർത്ഥത്തിൽ മായയെന്ന് പറയുന്നത്. ബ്രഹ്മത്തിന്റെ അനന്യവും അനിർവ്വചനീയവുമായ ശക്തിയാണ് മായ. ശരിയായ അറിവിനെ മായയിലെ താമസികശക്തി ആവരണം ചെയ്യുമ്പോൾത്തന്നെ രാജസികമായ വിക്ഷേപവും സംഭവിക്കുന്നു. ബ്രഹ്മാശ്രിതമായ മായയിലെ ജ്ഞാനഭാവം സത്വഗുണമായും കർമ്മഭാവം രജോഗുണമായും ജഡഭാവം താമോഗുണമായും ബന്ധപ്പെട്ടു കിടക്കുന്നതിനാലാണ് അതിനെ ത്രിഗുണാത്മികാ എന്ന് പറയുന്നത്.

കേവലസത്യം ഇന്ദ്രിയമനോബുദ്ധികളോട് താദാത്മ്യപ്പെട്ട് ദേഹോപാധികളിൽ വർത്തിക്കുമ്പോൾ അതിന്റെ പരിമിതബോധത്തെ ജീവഭാവമായാണ് കല്പിക്കുന്നത്. ജീവനും ഈശ്വരനും തമ്മിലുള്ള വ്യത്യാസം ഉപാധിഗതമാണെന്നും അതസ്തമിക്കുമ്പോൾ അവയുടെ സ്വതവേയുള്ള ഏകത്വത്തെ തിരിച്ചറിയാനാകുമന്നാണ് അദ്വൈതത്തിന്റെ നിലപാട്. ഇതിന്റെ വ്യക്തമായ സ്വാധീനം സ്തോത്രകൃതികൾ മുതൽ ആശാന്റെ എല്ലാ രചനകളിലുമുണ്ട്. ഭക്തവിലാപത്തിൽ വിഷം കുടിച്ച് ദുഃഖത്തോടെ മായയിൽ മയങ്ങിയ എനിക്ക് അവിടന്ന് എന്നാണ് അഭയം തരുന്നതെന്ന് ആശാൻ വേലായുധനായ സുബ്രഹ്മണ്യ സ്വാമിയോട് ചോദിക്കുന്നു.[73] പരമാർത്ഥം സ്ഥൂല-സൂക്ഷ്മ-കാരണ ശരീരങ്ങളാണോ? നാശത്തിൽ ഒന്നുമില്ലാതെ എല്ലാം കാലത്തിന്റെ വൈഭവത്തിലുള്ള ഭ്രമം മാത്രമാണോ? ആദ്യഭാഗത്ത് താൻ വിഷം കഴിച്ചപോലെ മായയിൽ മയങ്ങി കിടക്കുകയാണെന്ന് പറയുമ്പോൾ ഈ ലോകം മായയാണെന്നും ഇവിടത്തെ അനുഭവങ്ങൾ തനിക്ക് കഷ്ടതകളുണ്ടാക്കുന്നുണ്ടെന്നും തനിക്കതിൽനിന്ന് മോചനം വേണമെന്നും സാധകന് ആഗ്രഹമുണ്ട്. അതിനാണ് ഇഷ്ടദേവതയായ സുബ്രഹ്മണ്യനെ വിളിക്കുന്നത്. രണ്ടാമത്തെ

---

73- ആലമുണ്ടഴലുപോലെ മായയിൽ /മാലുകൊണ്ടും മതിയും മയങ്ങി ഞാൻ
കാലു തന്നു കനിയുന്നതെന്നു നീ / വേലുമേന്തി വിലസുന്ന ദൈവമേ
സ്ഥൂലമോ പൊരുളു സൂക്ഷ്മദേഹമോ / മൂലമോ മുടിവിലുള്ളതെന്നിയേ
കാലവൈഭവമതിൽ കലർന്നെഴും / ജാലമോ മുരുക മൂലദൈവമേ (ശ്ലോകം-1, 2)

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-74

ഭാഗത്ത് ഈ പ്രപഞ്ചത്തിൽ അനുഭവപ്പെടുന്ന പൊരുളിനെ സ്ഥൂല-സൂക്ഷ്മ-കാരണതലങ്ങളിൽ അന്വേഷിച്ച് ഒടുവിൽ അവ്യക്തവും അനിർവ്വചനീയവുമായ മായാശക്തിയുടെ തലത്തിലെത്തുന്നു. മായയിൽ മയങ്ങി കിടക്കുന്നുവെന്ന തിരിച്ചറിവാണ് സാധകന് പരമാർത്ഥത്തെ അന്വേഷിക്കാൻ പ്രേരണയാകുന്നത്.

ദേവീ സ്തോത്രങ്ങളിലെ ഉത്തരഭാഗത്തുള്ളതും ഇതേ ആശയം തന്നെയാണ്. (ശ്ലോകം-1) നാശമില്ലാത്ത ബ്രഹ്മമാകുന്ന വിളക്കിന് മായയാകുന്ന കാറ്റിന്റെ പ്രേരണയാൽ രണ്ടിതളുണ്ടെന്ന് കവി പറയുന്നു. അതിനെല്ലാമതീതയും അമൃതസ്വരൂപിണിയുമായ പരമേശ്വരിയെ കൈതൊഴുന്നു എന്ന് പ്രസ്തുത ഭാഗം ഉപസംഹരിക്കുന്നു.[73] മായയാകുന്ന കാറ്റടിച്ചാണ് ബ്രഹ്മമെന്ന തീനാളം ജ്ഞാനം, കർമ്മം എന്നിങ്ങനെ രണ്ടിതളായി പ്രകടമാകുന്നത്. കലർപ്പില്ലാത്ത ശുദ്ധബോധമെന്ന നിലയിലാണ് ബ്രഹ്മത്തെ തീനാളത്തോട് ഉപമിച്ചിരിക്കുന്നത്. യോഗദർശനത്തിൽ ഏകാഗ്രതയെ കാറ്റില്ലാത്തിടത്തെ തീനാളമെന്നാണ് കല്പിക്കുന്നത്. ജ്ഞാനം, കർമ്മം എന്നീ മാർഗ്ഗങ്ങൾ ഏകവും രണ്ടാമതൊന്നില്ലാത്തതുമായ അദ്വയബോധമാകുന്ന വിളക്കിൽ നിന്നുണ്ടായതാണെന്ന് കവി ഇവിടെ വ്യക്തമാക്കുന്നു. ഒരേ സത്യത്തിന്റെ പ്രതിനിധാനങ്ങളായി കർമ്മത്തെയും ജ്ഞാനത്തെയും വിശേഷിപ്പിച്ചതുകൊണ്ട് അവയ്ക്ക് സമുച്ചയദോഷവും സംഭവിക്കുന്നില്ല. ശാങ്കരശതകത്തിൽ[74] ഉന്മാദത്തോടു കൂടി അഹന്ത, ഇദന്ത എന്നിവ ചേർന്ന മായയിൽ വീണു കിടക്കുന്നവർക്ക് ജന്മമാകുന്ന വെയിലിൽ നിന്നഭയമേകുന്ന നിന്റെ പൊന്മണ്ഡപത്തിന്റെ തൂണുപോലുള്ള നിന്റെ തുട എന്നാണ് കാണാൻ കഴിയുന്നതെന്ന് ചോദിക്കുന്നു. ഇവിടെ ശിവൻ മായയുടെ വെയിലേറ്റ് വാടിത്തളർന്നവർക്ക് തണലേകുന്ന പൊന്മണ്ഡപത്തിന്റെ തൂണായി ചിത്രീകരിച്ചിരിക്കുന്നു.

ശാങ്കരശതകത്തിൽ ശിവപത്നിയായ പാർവ്വതിയോട് തന്റെ ദേഹത്തിന് ബാധിച്ച രോഗം കഠിനമാണെന്നും അതുകൊണ്ട് കാരുണ്യം ചൊരിയണമെന്നും ശരണാഗതിയായി പ്രാർത്ഥിക്കുന്നതിനിടയ്ക്ക് 'മായേ മയക്കി മനതാരു മറിച്ചിടല്ലേ' എന്ന് കൂടി ചേർക്കുന്നു.[75] ബ്രഹ്മത്തിൽനിന്ന് അഭിന്നശക്തിയായ മായയെന്നതുപോലെയാണ് ശിവതത്ത്വത്തോടൊത്ത് നിൽക്കുന്ന പാർവ്വതീദേവിയെ ഇവിടെ അഭിസംബോധന ചെയ്യുന്നത്. തന്റെ മനസ്സ് മയങ്ങി തനിക്ക് ശിവശക്ത്യൈക്യത്തെയും ലോകയാഥാർത്ഥ്യങ്ങ

---

73- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ (ഭാഗം ഒന്ന്) -കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-129, (ശ്ലോകം-1)

74-അതേ പുസ്തകം- പുറം-144 (ശ്ലോകം-11)

75-അതേ പുസ്തകം- പുറം-148 (ശ്ലോകം-27)

ളെയും ആത്മസത്യത്തെയും കാണാൻ കഴിയാതെ പോകരുതെന്ന് കവി ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അതിൽത്തന്നെ മറ്റൊരു ഭാഗത്ത് കപടനാടകത്തിലുള്ള സാമർത്ഥ്യം കണ്ട് മതിഭ്രമവും ദുഃഖവുംകൊണ്ട് അങ്ങയുടെ അടുക്കൽ അണഞ്ഞിരിക്കുന്നുവെന്നും ആയതിനാൽ താനിതുവരെ കാണാത്ത വേദാന്തവിദ്യയുടെ സാക്ഷാൽ പ്രകാശനം എന്നായിരിക്കുമെന്നും കവി ചോദിക്കുന്നു.[76] മായയെന്ന ഉപാധിയിലൂടെ ഈശ്വരൻ നടത്തുന്ന നാടകമാണ് ഈ പ്രപഞ്ചമെന്നും അതിൽ മുഴുകിയതിനാലാണ് തനിക്ക് ദുഃഖമുണ്ടായതെന്നും ഉപാസകന് ബോദ്ധ്യമുണ്ട്. അതുകൊണ്ടാണ് വേദാന്ത മുൾക്കൊള്ളുന്ന വിദ്യയുടെ യഥാർത്ഥ നാടകത്തിന് ആവശ്യപ്പെടുന്നത്. ലോകത്തെ കപടനാടകമെന്നും വേദാന്തവിദ്യയെ യഥാർത്ഥ നാടകമെന്നും ഇവിടെ പറയുന്നത് ശ്രദ്ധേയമാണ്. മുണ്ഡകോപനിഷത്തിൽ ശൗനകൻ അംഗിരസ്സനോട് 'ഭഗവാനെ, ഏതൊന്നിനെ അറിഞ്ഞാലാണോ ഈ കാണുന്നതിനെയെല്ലാം അറിയുവാൻ കഴിയുന്നത്' എന്നു ചോദിക്കുമ്പോൾ വേദങ്ങളും വേദാംഗങ്ങളും അപരാവിദ്യയെന്നരുളി അക്ഷരബ്രഹ്മത്തെ അറിയാൻ സഹായിക്കുന്ന വിദ്യയാണ് പരാവിദ്യയെന്ന് പറയുന്നു.[77] ഗ്രന്ഥങ്ങളിലെ ശബ്ദസമൂഹത്തെയാണ് ഇവിടെ വേദമെന്ന് പറയുന്നത്. അറിയപ്പെടുന്നതിനെല്ലാം ഉപരിയുള്ള തത്ത്വസാക്ഷാൽക്കാരം പാണ്ഡിത്യത്തിലുപരി ഗുരുപ്രാപ്തി, വൈരാഗ്യം തുടങ്ങിയവകൊണ്ട് നേടേണ്ടതാണ്. അതുകൊണ്ടാണ് പരാവിദ്യയെന്ന് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത്. ഈ ദൃഷ്ടിയിലാണ് കപടനാടകമെന്ന് ലോകത്തെയും യഥാർത്ഥ നാടകമെന്ന് ബ്രഹ്മവിദ്യയെയും കവി പറയുന്നത്. ഇവ ശരിയായ വ്യക്തിഭാവം മറച്ചുവെച്ചുകൊണ്ടുള്ള നാടകങ്ങളാണെന്നും ഇതിന്നതീതമാണ് പരമാർത്ഥമെന്നും കവി ഇവിടെ സ്പഷ്ടമാക്കുന്നുണ്ട്.

'നിജാനന്ദവിലാസ'ത്തിലും ബ്രഹ്മവിദ്യയെ(ചിദ്വിദ്യ)നാടകരൂപത്തിൽ ഇങ്ങനെ അവതരിപ്പിക്കുന്നു. ''അദ്ധ്യാത്മവിദ്യാരീതി ദീർഘകാലം പരിചയിച്ചിട്ടും ബ്രഹ്മദേവന് അതിലുള്ള കൊതി ഒട്ടും തീരുന്നില്ല. പെട്ടെന്ന് മുക്തി നൽകുന്ന ചിദ്വിദ്യയെ സംഗ്രഹിച്ചെടുത്ത് മനോഹരിയായ അദ്വൈതാനന്ദ രൂപിണിയായ വാഗ്ദേവതേ, നീ വന്ന് ചിദ്വിദ്യയാകുന്ന നാടകം അഭിനയിച്ചാലും.''[78] ഇവിടെ ബ്രഹ്മവിദ്യയുൾക്കൊള്ളുന്ന ആദ്ധ്യാത്മികശാസ്ത്ര പാരമ്പര്യത്തെയാണ് ചിദ്വിദ്യാ സമ്പ്രദായമെന്ന് പറഞ്ഞിരിക്കു

76- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ (ഭാഗം ഒന്ന്) -കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-150, (ശ്ലോകം-37)

77- Upanishads in Sankara's own words, Vol-2- Vidya vachaspathi V.Panoli- Mathrubhumi Printing & Publishing Co. Ltd. Edi-1,1992, page-120

78-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-60, (ശ്ലോകം-5)

ന്നത്. അനാദിയിൽ പ്രകടമായ സൃഷ്ടികർത്താവായ ബ്രഹ്മദേവൻ വാഗ്ദേവതയായ സരസ്വതീസമേത നായിട്ടുപോലും ആത്മവിദ്യയെ ആഭിമുഖ്യത്തോടെ വീണ്ടും വീണ്ടും പഠിക്കുകയും മനനം ചെയ്തു കൊണ്ടിരിക്കുകയുമാണ്. ഇത്ര ദുഷ്പ്രാപ്യമായ ആത്മവിദ്യയെ കാച്ചിക്കുറുക്കി തന്റെ മുന്നിൽ അവത രിപ്പിക്കാൻ കവി സരസ്വതീദേവിയോട് പ്രാർത്ഥിക്കുകയാണിവിടെ. കേൾവിയിലൂടെയും വിചാരത്തിലൂടെയും ധ്യാനത്തിലൂടെയും സ്വായത്തമാക്കേണ്ടതാണ് ആത്മവിദ്യ. അത് അനുഭൂതിതല ത്തിലെത്തുന്നതുവരെ നിർദ്ദിഷ്ടമായ പഠന-പാഠനസമ്പ്രദായത്തിലൂടെ പുരോഗമിക്കുമ്പോൾ ഗുരുവിനും ശാസ്ത്രത്തിനും പ്രമാണവിചാരങ്ങൾക്കുമെല്ലാം സ്ഥാനമുണ്ട്. വിരമിക്കുന്ന ഇടംവരെ സഞ്ചരിക്കാനുള്ള വാക്കുകളുടെ ശേഷി സ്വായത്തമാക്കുന്നതിനാണ് വാഗ്ദേവതയോടുതന്നെ ചിദ്വിദ്യാ നാടകമാടാൻ ആവ ശ്യപ്പെടുന്നത്. 'ശിവസുരഭി'യിൽ ഈ നാടകത്തിന്റെ പ്രത്യേകത കവി പറയുന്നത് ഇങ്ങനെയാണ്. കാലാവസാനംവരെ ഇത്രയും വലിയ സൃഷ്ടിയായി പ്രപഞ്ചനാടകമാടിയ പരമേശ്വരതത്ത്വത്തിന് ഇടമോ പരമാണുക്കളോ ആകൃതിയോ മാതൃകകളോ ഒന്നും തന്നെയില്ല.[79]

അനാദിയായ മായയിൽ നിന്നുള്ള വിമുക്തി ഈശ്വരാശ്രയത്തിൽനിന്നേ ലഭിക്കുകയുള്ളൂവെന്ന് കവിക്ക് ഉറപ്പുണ്ട്. 'ശിവസുരഭി'യിൽ അജ്ഞാനമാകുന്ന വലയിൽപ്പെട്ടുഴലുന്ന തനിക്ക് അതുവരെ കിട്ടാതിരുന്ന പദപങ്കജം ശിവകൃപകൊണ്ട് ലഭിച്ചത് ഒരിക്കലും മറക്കാനാകില്ലെന്ന് പറയുന്നു.[80] നശ്വര വും ദുഃഖകരവുമായ ലോകാനുഭവങ്ങളുടെ ഉറവിടം ശരിയായ അറിവില്ലായ്മയാണ്. വ്യഷ്ടിതലത്തി ലുള്ള അജ്ഞാനമായ അവിദ്യയുടെ അധീനതയിൽ കിടക്കുന്ന ജീവഭാവത്തിന് അതിൽ നിന്ന് വിമോ ചനം നേടാൻ പരിമിതികളേറെയുള്ളതുകൊണ്ടാണ് മായാധീശനായ ഈശ്വരനെ ആശ്രയിക്കുന്നത്.

ആകാശഭവനത്തിന്റെ വാതിൽപോലിരിക്കുന്ന കിഴക്കും പടിഞ്ഞാറുമുള്ള ദിഗന്തങ്ങളിൽ ചിത്ര വർണ്ണമാർന്ന തിരശ്ശീലകൊണ്ട് മൂടുന്ന സന്ധ്യയ്ക്ക് വന്ദനമർപ്പിച്ചുകൊണ്ട് സീത വിരമിക്കുന്ന ഭാഗം 'ചിന്താവിഷ്ടയായ സീത'യിലുണ്ട്.[81] വെളിച്ചം കടന്നു വരുന്ന ദിഗന്തങ്ങളെ തിരശ്ശീലകൊണ്ട് മൂടുന്ന വളായി അതിൽ സന്ധ്യയെ അവതരിപ്പിച്ചിരിക്കുന്നത് യഥാർത്ഥജ്ഞാനത്തെ മറച്ചുവെക്കുന്ന മായയോട് ഇണക്കമുള്ള പ്രതിഭാസമായിട്ടാണ്. അതുകൊണ്ടാണ് പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളോടും യാത്ര പറയുന്ന വേളയിൽ ദിഗന്തങ്ങളെ മൂടി വെളിച്ചത്തെ മറയ്ക്കുന്ന സന്ധ്യയെ മായാശക്തിയുടെ പ്രതിരൂ

79-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-60, (ശ്ലോകം-41)

80- അതേ പുസ്തകം- പുറം-175 (ശ്ലോകം-33)

81- അതേ പുസ്തകം- പുറം-718 (ശ്ലോകം-174)

പമെന്ന നിലയിൽ സീത അഭിവന്ദിക്കുന്നത്. കരുണയിൽ കവി അവിദ്യാജനിതമായ അജ്ഞാനത്തെ പരാമർശിക്കുന്നത് ഇങ്ങനെയാണ്.

അതുമല്ല വിപത്തുകളറിയുന്നില്ലഹോ മർത്ത്യൻ / പ്രതിബോധവാനെന്നാലും പരിമോഹത്താൽ

ഊറ്റമായോരുരഗത്തിൻ ചുരുളിനെയുറക്കത്താൽ / കാറ്റു തലയണയായേ കരുതൂ ഭോഷൻ[82]

എത്രബോധവാനാണെങ്കിലും തനിക്ക് നേരിടാനിരിക്കുന്ന വിപത്തുകളെക്കുറിച്ച് മനുഷ്യന് ഒന്നുംതന്നെ അറിയില്ല. മാനസികവിഭ്രാന്തിമൂലം ഉഗ്രവിഷമുള്ള സർപ്പത്തിന്റെ ചുരുൾപോലും കാറ്റു തലയണയായിട്ടേ അവൻ വിചാരിക്കുന്നുള്ളൂ. യൗവനവും സമ്പത്തും ഐശ്വര്യവും ശാശ്വതമെന്നു കരുതി വാസവദത്ത ചെയ്ത കഠോരകൃത്യങ്ങളെക്കുറിച്ചാണ് ഇവിടെ നിരൂപണം ചെയ്യുന്നത്. ജീവിതത്തിന് ചില ശാശ്വതമൂല്യങ്ങളുണ്ടെന്നും അവയോട് കാണിക്കുന്ന വൈമുഖ്യം ആത്മനാശത്തിൽ കലാശിക്കുമെന്നും ബുദ്ധി നശിച്ച വാസവദത്തയ്ക്ക് അതൊന്നും തിരിച്ചറിയാനായില്ലെന്നുമാണ് കവി പറയുന്നത്. സർപ്പച്ചുരുളിനെ കാറ്റു തലയണയായി തെറ്റിദ്ധരിക്കുന്നത് ത്യാജഗ്രാഹ്യങ്ങളുടെ തിരിച്ചറിവ് നഷ്ടപ്പെട്ടതുകൊണ്ടാണ്. അദ്വൈതചിന്തയനുസരിച്ച് നിലവിലുള്ള വസ്തുവിൽ അപ്രസക്തമായ മറ്റൊന്നിനെ ആരോപിക്കുന്ന മിഥ്യാജ്ഞാനമാണ് അദ്ധ്യാസം.

ഗതിയെന്ത് ജന്തുക്കൾക്ക്? രതിരോഷ മോഹങ്ങളാൽ / ജിതലോകമാമവിദ്യ ജയിച്ചിടുന്നു[83]

ശരിയായ അറിവിനെ മൂടി വ്യക്തിബോധത്തിൽ മിഥ്യയായ പ്രതീതികളെ വിക്ഷേപിക്കുന്നതാണ് അവിദ്യ. ശുദ്ധബോധം ജീവനിൽ സോപാധികം പ്രതിഫലിക്കുമ്പോഴുള്ള അചിത് ഭാവമാണ് അവിദ്യക്ക് കാരണം. അത് അസ്തിത്വത്തിന്റെ പരമഭാവത്തെയും വിജ്ഞാനത്തെയും ചിദാനന്ദത്തെയും മറച്ച് പരിമിതവിഭവങ്ങളിലേക്കുള്ള ആസക്തിയിലേക്ക് നയിക്കുന്നു. സുഖാനുഭവങ്ങൾക്കുള്ള തൃഷ്ണ അലട്ടുമ്പോൾ അത് നേടിയെടുക്കുന്നതിനും അനുഭവിക്കുന്നതിനും മനസ്സ് വിവിധവിഷയങ്ങളിൽ ശോഭനീയത കല്പിച്ച് പരക്കം പായുന്നു. തടയപ്പെടുന്ന കാമം ക്രോധമായിത്തീർന്ന് അത് വ്യക്തിജീവിതത്തെ അലോസരപ്പെടുത്തുന്നു. അതിന്നനുപൂരകമായ തരംഗങ്ങൾ സാമൂഹിക മണ്ഡലത്തിലും പ്രബലമാകുന്നു. ഇങ്ങനെ സുഖഭോഗങ്ങൾക്ക് അടിപ്പെടുന്ന ജീവികളെ അശരണരാക്കി അവിദ്യ വിജയം വരിക്കുന്നു. ഭാവരൂപത്തിലുള്ളതും ജ്ഞാനത്താൽ ബാധിക്കപ്പെടുന്നതുമായ അവിദ്യയുടെ പ്രധാന കാരണം അദ്ധ്യാസമാണ്. ശുദ്ധബോധ ചൈതന്യമായ ബ്രഹ്മവും ജഡമായ പ്രപഞ്ചവും അവിദ്യയുടെ

82- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-247

83- അതേ പുസ്തകം- പുറം-251

മൂലകാരണമാകാൻ വഴിയില്ല. അതിനാൽ വ്യാവഹാരികതലത്തിൽ മാത്രം പ്രസക്തിയുള്ള ജീവ-ബ്രഹ്മ ഭേദത്തിൽ നിന്നാണ് അവിദ്യ രൂപമെടുക്കുന്നത്. ഇതിന്റെ വിശദാമായ പരാമർശം ഭഗവദ്ഗീതയിലുണ്ട്. വിഷയങ്ങളെ ധ്യാനിക്കുന്നവന് അതിൽ ആസക്തിയുണ്ടാകുന്നു. ആസക്തി നിമിത്തം കാമവും അതിൽ നിന്ന് ക്രോധവും ഉണ്ടാകുന്നു. ക്രോധത്തിൽനിന്ന് അവിവേകവും അതിൽനിന്ന് ഓർമ്മക്കേടും തുടർന്ന് ബുദ്ധിനാശവും ഉണ്ടാകുന്നു. ബുദ്ധിനാശം ഹേതുവായി നശിച്ചു പോകുന്നു. [84]

ചണ്ഡാലഭിക്ഷുകിയിൽ കിഴക്കുനിന്നു വരുന്ന വഴിയെ കുറിച്ച് വർണ്ണിക്കുന്നത് ഇങ്ങനെയാണ്.

സ്വച്ഛതരമായ കാനൽ പ്രവാഹത്തിൻ / നീർച്ചാലുപോലെ തെളിഞ്ഞു മിന്നി [85]

മരുഭൂമിയിൽ സൂര്യപ്രകാശം പതിക്കുമ്പോൾ അവിടെ വെള്ളമുണ്ടെന്നു തോന്നിപ്പിക്കുന്ന പ്രതിഭാസമാണ് മരീചിക(കാനൽജലം). കാണുന്ന സമയത്ത് സത്യമെന്നതുപോലെ തോന്നുമെങ്കിലും വിചാരദശയിൽ അത് അവാസ്തവികമെന്ന് ബോദ്ധ്യപ്പെടും. അതുകൊണ്ടാണ് ആ വഴി കാനൽജലപ്രവാഹം പോലെ തെളിഞ്ഞു മിന്നിയെന്ന് കവി പറഞ്ഞിരിക്കുന്നത്. അതിൽത്തന്നെ കവി സൂചിപ്പിക്കുന്നു.

അന്ധകാരപ്രാന്തരത്തിൽ-കഷ്ടം / അന്ധരെയന്ധർ നയിപ്പൂ [86]

ലോകം നിരവധി അനാചാരങ്ങളുടെയും ദുരാചാരങ്ങളുടെയും മാമൂലുകളിലും വ്യവസ്ഥീകരണങ്ങളിലും കിടന്നുഴലുവാനുള്ള പ്രധാനകാരണം വിവിധ വിഷയങ്ങൾക്കടിമപ്പെട്ടു കിടക്കുന്നവർ അവരുടെ സ്വാർത്ഥതയുടെ പൂർത്തീകരണത്തിനു വേണ്ടിയാണ് പലതിനും പലർക്കും നേതൃത്വമേകുന്നത് എന്നതിനാലാണ്. സ്വയം ഇരുളിലാണ്ടു കിടക്കുന്ന ഒരാൾക്ക് മറ്റൊരാളെയും വെളിച്ചത്തിലേക്കു നയിക്കാനാകില്ല. വ്യക്തിതലത്തിലുള്ള അറില്ലായ്മ വിപാടനം ചെയ്താൽ മാത്രമേ അതിന്റെ ഗുണഫലം സമഷ്ടിയിലേക്കും പ്രവഹിപ്പിക്കാനാകൂ. അതിന് ഇന്നത്തെ അവസ്ഥയിലുള്ള നേതൃത്വത്തെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. നയിക്കുന്നവനും നയിക്കപ്പെടുന്നവനും ലക്ഷ്യബോധമില്ലാത്തവരാണെന്ന എക്കാലത്തും നിലവിലുള്ള സാമൂഹികയാഥാർത്ഥ്യത്തെ സ്പഷ്ടമാക്കാനാണ് അന്ധരെ നയിക്കുന്നത് അന്ധർ തന്നെയാണെന്ന് കവി പറഞ്ഞത്. വ്യഷ്ടിതലത്തിലും സമഷ്ടിതലത്തിലുമുള്ള അറിവില്ലായ്മയുടെ അന്ധത്വത്തിനു നിദാനം അവിദ്യാബാധിതമായ അവബോധമാണ്. ഇതിനെ മറികടന്ന് ജ്ഞാനസ്വരൂപത്തിലേക്ക് ഉണരാനാണ് കവി ആവശ്യപ്പെടുന്നത്.

---

84- ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, എഡി-1, കോട്ടയം-1992 പുറം -213,214, (ഗീത-2-62,63)

85- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-197

86- അതേ പുസ്തകം- പുറം-221

'വനമാല'യിലെ 'നമ്മുടെ മൂടുപട'മെന്ന ഒരാംഗലേയകവിതയുടെ തർജ്ജമയിൽ മനോഹര മായ മൂടൽമഞ്ഞിനെ സൃഷ്ടിച്ച് നമ്മുടെ ദൃഷ്ടികൾ മറച്ചീടുന്ന ശിവനെ വന്ദിക്കണമെന്നും ഈ ഭൂമിയിൽ അദ്ദേഹത്തിന്റെ കൃപയാകുന്ന വളരെ ലോലമായ മൂടുപടമാണ് നമ്മുടെ ഭാവിക്കുമേലും മൂടി കിടക്കു ന്നതെന്നും കവി പറയുന്നു.[87] ബ്രഹ്മചൈതന്യം അതിന്റെ അവിഭക്തശക്തിയായ മായാമറയിലൂടെ പ്രപഞ്ചത്തെ വെളിപ്പെടുത്തുന്നുവെന്ന അദ്വൈതചിന്തയോട് ഇണക്കമുള്ളതാണ് ഈ പരാമർശം. പര മാർത്ഥജ്ഞാനത്തെ മറച്ചു പിടിക്കുന്ന മായയെ മൂടൽമഞ്ഞും പരബ്രഹ്മതത്ത്വത്തെ ശിവനും ഇവിടെ പ്രതിനിധീകരിക്കുന്നു. മൂടൽമഞ്ഞ് മനോഹരമാണെങ്കിലും അത് സൂര്യവെളിച്ചത്തെ മറയ്ക്കുന്നതിന് കാരണമാകുന്നുവെന്ന തിരിച്ചറിവ് ഇതിലുണ്ട്. അതിനെ നിവാരണം ചെയ്യാൻ ഈശ്വരകൃപതന്നെ വേണമെന്ന ബോദ്ധ്യത്താലാണ് ഭാവിജീവിതത്തിലും അതുണ്ടാകണമെന്ന് പറയുന്നത്. ഒരേ സമയം തന്നെ ഈശ്വരനെ അവിദ്യയുടെ സ്രഷ്ടാവായും കൃപയുടെ ആവരണമായും ഇവിടെ ചിത്രീകരിച്ചി രിക്കുന്നു. ജീവിതത്തെക്കുറിച്ച് മായികമായ കാഴ്ചപ്പാട് വനമാലയിലെ 'ഒരു എഴുത്ത്' എന്ന കവിത യിലുമുണ്ട്.

കാണുന്നില്ലൊരു ചെറ്റു സൗഖ്യമിവിടെ കാനൽജലത്തെക്കൊതി-
ച്ചേണം പോലുഴലുന്നതാണു രസമോഹം തേടുമിജ്ജീവിതം [88]

കാനൽജലത്തോടുള്ള കൊതിപോലെ രസമോഹങ്ങളെ തേടി വ്യർത്ഥമായി ഉഴലുന്ന ജീവിതത്തിൽ സുഖങ്ങളൊന്നുമില്ല. ചപലമായ ജീവിതത്തിൽനിന്ന് അചഞ്ചലവും ശാശ്വതവുമായ യാതൊന്നും പ്രതീ ക്ഷിക്കാനാകില്ല. മരുഭൂമിയിൽ കാനൽജലത്തെ തേടുന്നതുപോലെയാണ് ജീവിതത്തിൽ സുഖത്തിനും ആഗ്രഹങ്ങൾക്കും പിന്നാലെ പോകുന്നത്. മായ, അവിദ്യ എന്നിവയെ സ്തോത്രകൃതികളിൽ സാമ്പ്ര ദായികമായും പ്രസ്തുത വീക്ഷണങ്ങളിൽ രൂപപരമായ മാറ്റം മാത്രം വരുത്തി ഖണ്ഡകാവ്യങ്ങളിൽ പ്രതീകാത്മകമായുമാണ് കവി പ്രയോഗിക്കുന്നത്.

**കർമ്മം-ഫലം-ഗതി**

കർമ്മം എന്ന പദത്തിന് ചലനം എന്നാണർത്ഥം. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും നിരന്ത രപരിണാമങ്ങൾക്ക് വിധേയമാകുന്നതിന്റെ കാരണം കർമ്മമാണ്. കർത്തൃത്വ - ഭോക്തൃത്വ-ജ്ഞാതൃത്വ

---

87- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-347, (ശ്ലോകം-1)

88- അതേ പുസ്തകം- പുറം-380, (ശ്ലോകം-4).

ബുദ്ധിയോടുകൂടി സോപാധികമായ മാനദണ്ഡങ്ങളും, ലക്ഷ്യങ്ങളും വെച്ച് ഒരു നിശ്ചിത സ്ഥല-കാലാനുസ്യൂതതയിൽ കായികവും വാചികവും മാനസികവും ബൗദ്ധികവുമായ ശേഷികളെ വിനിയോഗിക്കുന്നതാണ് കർമ്മം. ഇത് നമ്മെ സ്വരൂപത്തിൽനിന്ന് അകറ്റുന്നു. ചിദ്ഘനമായ ബ്രഹ്മത്തിൽ അനുഭവപ്പെടുന്ന ശക്തിസ്പന്ദനമാണ് കർമ്മം. ഉപാധിഗതമായ ജീവൻ അഹം-മമ എന്നീ ഭാവങ്ങളിൽ അതിന്റെ കർത്തൃത്ത്വം ഏറ്റെടുക്കുമ്പോൾ അത് അന്തക്കരണത്തിൽ സൂക്ഷ്മമായ പാടുകൾ വീഴ്ത്തുന്നു. അത് കർമ്മം-ഫലം-പ്രതികരണം-വാസന-കർമ്മം.......... എന്നിങ്ങനെ ബന്ധനങ്ങളുടെ അനന്തശൃംഖലയിലേക്ക് നയിക്കുന്നു. തുടങ്ങി ഒടുങ്ങുന്ന കർമ്മത്തിന് ബോധാംശമായ ജീവനെ ബന്ധിപ്പിക്കാനുള്ള ശക്തിയോ സാമർത്ഥ്യമോ ഇല്ല. അവിദ്യയിലധിഷ്ഠിതമായ സ്ഥൂല-സൂക്ഷ്മ-കാരണ മാദ്ധ്യമങ്ങളിലൂടെ ജഡപദാർത്ഥങ്ങളെ ആശ്രയിച്ചാണ് ദ്വന്ദ്വാധീനമായ ലോകം നിലകൊള്ളുന്നത്. നിലവിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നവയെ പ്രാരബ്ധമെന്നും മുമ്പ് സമാഹരിച്ചതിനെ സഞ്ചിതമെന്നും ഭാവികാലത്തിലേക്ക് സ്വരൂപിച്ചു വെച്ചതിനെ ആഗാമിയെന്നും കർമ്മങ്ങളെ മൂന്നായി തിരിക്കാം.

കർത്തൃത്ത്വ നിബദ്ധമായ കർമ്മസിദ്ധാന്തം വിധിവിശ്വാസത്തിനു ബദലായി നിലകൊള്ളുന്നതാണ്. ഭാരതീയചിന്തയിൽ ആവിർഭാവവും വിലയനവും ഉൾപ്പെടെയുള്ള പ്രക്രിയകളെല്ലാം കർമ്മസംസ്ക്കാരത്തെ ആസ്പദമാക്കിയാണ് നടക്കുന്നത്. ഒരു കർമ്മത്തിന്മേലുള്ള കർത്തൃത്ത്വവും പരിപൂർണ്ണ അധികാരവും അതിന്റെ കർത്താവിനു തന്നെയാണ്. അതുകൊണ്ട് ഒരാൾ ചെയ്യുന്ന കർമ്മത്തിന്റെ ഫലം അനുഭവിക്കേണ്ടത് അയാൾ മാത്രമാണെന്നതാണ് കർമ്മനിയമത്തിന്റെ സാരാംശം.[89] ഇതേ ആശയമാണ് ആശാന്റെ കൃതികളിലെല്ലാമുള്ളത്. വ്യക്തി ജീവിതത്തിലുണ്ടാകുന്ന ദുരന്തങ്ങൾക്ക് കാരണമായി കവി വിധിയെ പ്രതിപാദിക്കുമ്പോൾപ്പോലും അത് കർമ്മനിയമങ്ങൾക്ക് വിരുദ്ധമാകുന്നില്ല. ബാഹ്യവും ആന്തരികവുമായ സ്വാധീനഘടകങ്ങളുടെ പൂരകബിന്ദുവായാണ് ആശാൻ കവിതകളിൽ വിധി പ്രസ്താവം നിലകൊള്ളുന്നത്. സ്തോത്രകൃതികളിലെ ശാങ്കരശതകത്തിൽ (ശ്ലോകം-69) കർമ്മമാകുന്ന കറുത്ത കടൽ താണ്ടി സത്യത്തെ സാക്ഷാൽക്കരിക്കുന്നതിന് ശിവന്റെ പാദസേവ തന്നെ (ഈശ്വരാധീനം തന്നെ) വേണമെന്ന് വേദങ്ങൾ അരുളുന്നുവെന്ന് കവി പറയുന്നു.[90]

---

89- നിത്യവും ചെയ്യുന്ന കർമ്മഗണഫലം / കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ
താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ / താന്താനനുഭവിച്ചീടുകെന്നേ വരൂ (അയോദ്ധ്യാ കാണ്ഡം) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്- തുഞ്ചത്തെഴുത്തച്ഛൻ- സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി: 6, 1997, പുറം-156

90- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-167, (ശ്ലോകം-69)

പുലർവായുവേറ്റ് ഞെട്ടിൽ നിന്നടർന്നു വീഴുന്ന പൂവിനെ കണ്ട് ഉണർന്നിരിക്കുന്നവർ താഴോട്ടു വീഴുന്ന നക്ഷത്രമാണോ സ്വർഗ്ഗത്തിലെ സുഖം നഷ്ടപ്പെട്ട് ഭൂമിയിൽ പതിക്കുന്ന ജീവാത്മാവാണോ എന്നൊക്കെ തീർച്ചയായും വിചാരിച്ചിരിക്കുമെന്ന് വീണപൂവിലുണ്ട്.[91] ആര് എങ്ങനെ എവിടന്ന് എപ്പോൾ എന്തുകൊണ്ട് വിവിധനിലകളിൽ എത്തിച്ചേരുന്നുവെന്നും അവിടെനിന്ന് എങ്ങനെയെല്ലാമുയർന്ന് പ്രപഞ്ചചക്രഗതിയെ അതിവർത്തിക്കാൻ പ്രാപ്തരാകുമെന്നും ചിന്തിക്കുന്നവരുടെ ബോധനിലവാരത്തെയാണ് ഇവിടെ ഉണർച്ച എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ലോകത്തിന്റെ ഗതിവിഗതികളറിഞ്ഞ് ജീവിതലക്ഷ്യമായ സത്യസാക്ഷാൽക്കാരത്തിലേക്ക് ഉന്മുഖരായ മോക്ഷേച്ഛുക്കളും കൂടിയാണ് അവർ. പുണ്യം ക്ഷയിച്ചതുകൊണ്ട് സ്വർഗ്ഗലോകത്തുനിന്നും ഭൂമിയിലേക്ക് പതിച്ച ജീവനായിരിക്കുമോ പൂവെന്ന് ശാസ്ത്രയുക്തിക്ക് നിരക്കുന്ന വിധത്തിൽ സംശയിക്കുന്നതും ഈ ഉണർച്ച നേടിയവരാണ്. ഇതേ ആശയം മുൻനിർത്തി വീണപൂവിൽ കർമ്മഗതിയെ കുറിച്ച് ഇങ്ങനെ പരാമർശിക്കുന്നു.

ഉല്പന്നമായതു നശിക്കും; അണുക്കൾ നിൽക്കും;
ഉല്പന്നമാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും
ഉല്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ
കല്പിച്ചിടുന്നിവിടെയിങ്ങനെ ആഗമങ്ങൾ [92]

ഉണ്ടതായെല്ലാം രൂപാന്തരം പ്രാപിച്ച് നാശത്തിന് വിധേയമാകും. എന്നാൽ അതിന്റെ അണുക്കൾ നിലനിൽക്കും. പിന്നീടുള്ള ആവിർഭാവം ഒന്നിന്റെ കർമ്മഗതിപോലെ വരും എന്നെല്ലാമാണ് ആഗമങ്ങൾ പറയുന്നത്. മരണാന്തരവിഷയത്തിൽ കവി പ്രമാണമായെടുക്കുന്നത് അനുഭവജ്ഞരായ വിജ്ഞാനികളുടെ വാക്യങ്ങൾ ഉൾക്കൊള്ളുന്ന അന്തിമപ്രമാണമായ ആഗമ(വേദ)ത്തെയാണ്. ഉണ്ടായതിനെ ഇല്ലാതാക്കാനോ ഇല്ലാത്തതിനെ ഉണ്ടാക്കാനോ ആർക്കും കഴിയില്ല. ഉണ്ടായി നിലനിന്ന് വർദ്ധിച്ച് രൂപാന്തരപ്പെട്ട് ക്ഷയിച്ച് നശിച്ചു പോകുന്നതാണ് ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും. പുതിയൊരു രൂപത്തിൽ ആവിർഭവിക്കാനെടുക്കുന്ന പരിണാമത്തിന്റെ വലിയൊരു കുതിച്ചു ചാട്ടം മാത്രമാണ് ഒന്നിന്റെ വിനാശം. അത് എന്നന്നേക്കുമുള്ള ഇല്ലായ്മയല്ല. പ്രപഞ്ചത്തിന്റെ ആധാരം പരമാണുക്കളെന്ന് സിദ്ധാന്തിക്കുന്ന ന്യായ-വൈശേഷികത്തിൽ പഞ്ചഭൂതങ്ങളുടെ ഘടനയും ഉല്പത്തി സ്ഥിതിലയങ്ങളും പരിണാമങ്ങളും അണുസിദ്ധാന്തവുമായി ബന്ധപ്പെട്ടതാണ്. വിഭജിച്ചു വിഭജിച്ചു പോകുമ്പോൾ അവസാനം

---

91- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-248, (ശ്ലോകം-23)

92- അതേ പുസ്തകം- പുറം-252, (ശ്ലോകം-35).

ചെന്നെത്തുന്ന അവിഭാജ്യമായ കണികകളാണ് ന്യായ-വൈശേഷികത്തിലെ പരമാണുക്കൾ. സൃഷ്ടിയുടെ ഉപാദാന കാരണമായ അവയുടെ വിവിധ അനുപാതത്തിലുള്ള സംയോജനം സൃഷ്ടിക്കും വിയോജനം സംഹാരത്തിനും കാരണമാകുന്നു. ഉണ്ടായവയെല്ലാം നശിച്ച് അവയുടെ അണുക്കൾ മാത്രമവശേഷിക്കുമെന്ന കവിയുടെ പരാമർശത്തിലൂടെ ന്യായദർശനത്തിലെ പരമാണുകാരണവാദത്തെയല്ല ഇവിടെ സമർത്ഥിക്കുന്നത്. മറിച്ച്, ഈ പ്രപഞ്ചത്തിൽ ആത്യന്തികവിനാശമെന്നൊന്ന് ഇല്ലെന്നും പദാർത്ഥങ്ങളുടെ സൂക്ഷ്മഭാവം ഈ പ്രപഞ്ചത്തിലുണ്ടായിരിക്കുമെന്നുമുള്ള ആശയം പരമാണുക്കളെ മുൻനിർത്തി അദ്വൈതാനുസാരിയായി സ്ഥാപിക്കുകയാണ് കവി ചെയ്യുന്നത്. വ്യാവഹാരികമായ നാമരൂപങ്ങളുടെ ആവിർഭാവ-തിരോഭാവങ്ങളെ തീരുമാനിക്കുന്നത് കർമ്മസംസ്ക്കാരമാണെന്ന് സൂചിപ്പിച്ച് പ്രസ്തുത വീണപൂവിന്റെ ഗതിവിഗതികളെ തീരുമാനിച്ചത് അതിന്റെതന്നെ കർമ്മസംസ്ക്കാരമാണെന്ന് വേദപ്രമാണത്തെ മുൻനിർത്തി സാക്ഷ്യപ്പെടുത്തുകയാണിവിടെ. ഈ ആശയം നാരായണഗുരു ആത്മോപദേശ ശതകത്തിൽ പറയുന്നത് ഇങ്ങനെയാണ്. "കടലിലെ തിരമാലയെന്നപോലെ ഓരോ ശരീരവും ഉയർന്ന് ഉടയുന്നു. ഇതിനൊരവസാനവുമില്ല. പൊന്തി വരുന്ന ഈ പ്രക്രിയ അഖണ്ഡബോധ സമുദ്രത്തിൽ എല്ലായ്പ്പോഴും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തിയാണ്."[93] എന്ന നാരായണഗുരു ദർശനവുമായി ഇതിന് ബന്ധമുണ്ട്. ഇത് കഠോപനിഷത്തിൽ കൊല്ലുന്നവൻ ഞാൻ കൊല്ലപ്പെടുന്നു എന്ന് വിചാരിക്കുകയോ കൊല്ലപ്പെടുന്നവൻ ഞാൻ കൊല്ലപ്പെടുന്നു എന്നു വിചാരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ രണ്ടുപേരും (തത്ത്വം) അറിയുന്നില്ല. കാരണം ആത്മാവ് കൊല്ലുന്നില്ല കൊല്ലപ്പെടുന്നുമില്ല.[94]

ഈ പ്രപഞ്ചത്തിന്റെ അനിർവ്വചനീയതയും അനിശ്ചിതത്വവും സംഭാവ്യതയുമെല്ലാം ഇതിലെ സ്ഥാവരജംഗമ പദാർത്ഥങ്ങളും ഉൾക്കൊള്ളുന്നുണ്ട്. വീണപൂവിൽ കവി പറയുന്നു(ശ്ലോകം-36).

ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-/ ലേതെങ്കിലും വടിവിലീശ്വര വൈഭവത്താൽ[95]

കർമ്മം വ്യക്തിയുടെ വരുതിയിലാണെങ്കിലും അതിന്റെ ഫലത്തെ നിർണ്ണയിക്കുന്നത് ലോകദ്യ

93- നാരായണ ഗുരു- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 പുറം-657, (ശ്ലോകം-56)

94- ഹന്താ ചേന്മന്യതേ ഹന്തും / ഹതശ്ചേന്മന്യതേ ഹതം

ഉഭൗ തൗ ന വിജാനീതോ / നായം ഹന്തി ന ഹന്യതേ (കഠോപനിഷത്ത്- 2-19)

കഠോപനിഷത്ത് (ശാങ്കര ഭാഷ്യ സഹിതം)- വിവ: ഡോ. ടി.എൻ.എൻ. ഭട്ടതിരിപ്പാട്, ഡി.സി.ബുക്ക്സ്, ഒന്നാം പതിപ്പ്, 1994, പുറം-52

95- അതേ പുസ്തകം- പുറം-253, (ശ്ലോകം-36.

ഷ്ടിയിൽ വ്യക്ത്യതീതമായ വൈഭവങ്ങളാണ്. മാറിക്കൊണ്ടിരുന്ന ജഡഭാവത്തിന്റെയും അനശ്വരമായ ചൈതന്യത്തിന്റെയും കലർപ്പാണ് ഈ സൃഷ്ടിയെന്ന് കവി പറയുന്നു. വ്യക്തിയുടെ കർമ്മങ്ങൾക്ക് കൃത്യമായ ഫലം നൽകുന്ന പ്രപഞ്ചനിയമമായ ഈശ്വരവൈഭവംകൊണ്ട് ജഡചൈതന്യങ്ങൾ തമ്മിൽ ഏതെങ്കിലും വിധത്തിൽ കലരാമെന്നും കവി സൂചിപ്പിക്കുന്നു. ശുദ്ധബോധമാണ് തന്റെ സ്വരൂപമെന്ന് അനുഭവസ്ഥത നേടിയാൽ ചൈതന്യം കലർപ്പില്ലാതെ അതിന്റെ തനത് ഭാവത്തിൽ പ്രകാശിക്കും. അല്ലാത്ത പക്ഷം അത് കുറഞ്ഞ ബോധനിലവാരമുള്ള ജഡാവസ്ഥയുമായി ചേർന്ന് പ്രപഞ്ചത്തിൽ വീണ്ടും പ്രകടമാകും. കർമ്മസംസ്ക്കാരത്തിലധിഷ്ഠിതമായി ഉരുത്തിരിയുന്ന വൈയക്തികമായ ബോധാവസ്ഥയും പ്രപഞ്ചനിയമമായ ഈശ്വരനുമാണ് അതിന്റെ ഗതിവിഗതികളെ തീരുമാനിക്കുന്നത്. ഇതേ ആശയം തന്നെയാണ് പടിഞ്ഞാറ് അസ്തമിക്കുന്ന സൂര്യൻ കിഴക്ക് ഉദിച്ചു വരുന്നതുപോലെ അല്ലയോ പുഷ്പമേ, ഇവിടെ നിന്നു നീ മറഞ്ഞ് കല്പവൃക്ഷത്തിന്റെ കൊമ്പിൽ വിടർന്നിടാമെന്നതിലൂടെ കവി പങ്കുവെക്കുന്നത്.

> സത്പുഷ്പമേ, ഇവിടെ മാഞ്ഞു സുമേരുവിങ്കൽ
> കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ [96]

വിടർന്നിടാമെന്ന സംഭാവ്യതയുടെ പരാമർശത്തിലൂടെ കവി ചില യാഥാർത്ഥ്യങ്ങൾ വ്യക്തമാക്കുന്നു.

1-മരണമെന്നത് ഒരു പ്രാപഞ്ചികപ്രതിഭാസം മാത്രമാണ്.

2- മരണത്തിനപ്പുറവും ജീവിതമുണ്ട്.

3- ഗഹനമാണ് കർമ്മചക്രം എന്നതിനാൽ അതിന്റെ ഗതിവിഗതികൾ പ്രവചനാതീതമാണ്. ഈ നിലപാടിൽനിന്നുകൊണ്ട് ലോകത്തെയും മനുഷ്യജീവിതത്തെയും കുറിച്ച് പരാമർശിക്കുമ്പോൾ സംഭാവ്യതയിൽ മാത്രം പ്രസ്തുത പരാമർശത്തെ നിബദ്ധിക്കുന്നത്. കർമ്മക്രമത്തിന്റെ സ്ഥിതിഗതികൾ അതീവഗഹനമായതുകൊണ്ടും പരിമിതമായ കാലികദൃഷ്ടിയിൽനിന്നുകൊണ്ട് അതിനെ വിലയിരുത്താനാകാത്തതുകൊണ്ടുമാണ് ചൈതന്യവും ജഡവുമായ് കലരാമെന്നതുപോലെ തന്നെ കല്പവൃക്ഷത്തിന്റെ കൊമ്പിൽ വിടരാമെന്ന അനിശ്ചിതഭാവത്തെ മുൻനിർത്തുന്നത്. പ്രപഞ്ചം അത് പ്രകടിതമാകുന്ന സദസദ്വിലക്ഷണമായ മായയെപ്പോലെതന്നെ അനിശ്ചിതവും അനിർവ്വചനീയവുമായതിനാലാണ് ഇങ്ങനെ ജീവിതനിരൂപണം ചെയ്യേണ്ടി വരുന്നത്.

കർമ്മപാശത്തെക്കുറിച്ച് പറയുന്ന ദിവാകരനെ 'നളിനി' യിൽ കാണാം. നിർമ്മലേ, ധർമ്മലോപ

---

96- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-248, (ശ്ലോകം-37)

മില്ലാതെ സുഖദുഃഖാനുഭവങ്ങളിലൂടെ വളരെ നീണ്ടു കിടക്കുന്ന കർമ്മപാശത്തെ നീ ഒരു വിധത്തിൽ കടന്നു(ശ്ലോകം-165). നളിനി കടന്നുപോയ ജീവിതത്തിന്റെ ദ്വന്ദ്വാത്മകതലങ്ങളെ കുറിച്ച് ദിവാകരൻ സൂചിപ്പിക്കുകയാണിവിടെ.[97] അവ കർമ്മബന്ധങ്ങളുടെ വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളായിരുന്നു. അതെല്ലാം മറി കടന്ന് പരമപദത്തിലെത്തിയ നളിനി എത്രയോ ധന്യയാണെന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

തന്നെ വിട്ടുപോയ ലീലാമദനന്മാരോടുള്ള ആസക്തികൊണ്ട് ശിശുവിനെപ്പോലെ വീണു വിലപിച്ചു തളർന്ന മാധവിക്കു മുന്നിൽ അവർ അണയുന്ന സന്ദർഭത്തെ ലീലയിൽ പരാമർശിക്കുന്നുണ്ട്. നനഞ്ഞ ശരീരത്തോടു കൂടിയവരും അതീവ സൗന്ദര്യമുള്ളവരും യൗവനയുക്തന്മാരുമായ സ്ത്രീപുരുഷലക്ഷണങ്ങൾ വെവ്വേറെ പ്രകാശിക്കുന്നവരുമായ രണ്ടുപേർ പ്രത്യക്ഷപ്പെട്ട് ഉപദേശിക്കുന്നത് ഇപ്രകാരമാണ്. അല്ലയോ തോഴീ, ആരും ഈ ഭൗതികപ്രപഞ്ചത്തിൽ നിന്ന് എന്നന്നേക്കുമായി മറയുന്നില്ല. ഈ ഭൗതികശരീരം ഉപേക്ഷിക്കുന്നതോടെ സ്നേഹബദ്ധമായ ആത്മാവിന്റെ ദേഹബന്ധം അവസാനിക്കുന്നുമില്ല. ദുഃഖം മതിയാക്കി സുഖമായി കഴിയൂ. സംസാരചക്രത്തിന്റെ ചുറ്റൽ നിൽക്കാത്തതുകൊണ്ട് നാം വീണ്ടും ഒത്തുചേരുക തന്നെ ചെയ്യും. ഇതിന് ബ്രഹ്മലോകംവരെയുള്ള ലോകങ്ങൾ വീണ്ടും മടങ്ങി വരേണ്ടവയാണെന്ന ഗീതാശ്ലോകവുമായി ഇതിന് ബന്ധമുണ്ട്.[98] ബുദ്ധമതത്തിലെ ധർമ്മചക്രപ്രവർത്തന(Wheel of Dependent Orgination)ത്തിലെ 12 ഘടകങ്ങളായ അവിദ്യ, സംസ്ക്കാരം, വിജ്ഞാനം, നാമരൂപം, സദ്യാതനം, സ്പർശം, വേദന, തൃഷ്ണ, ഉപാദാനം, ഭാവം, ജാതി, ജരാമരണം എന്നിവയുമായും ഇതിനെ ബന്ധിപ്പിക്കാം. ഇതിൽ ആദ്യത്തെ രണ്ടെണ്ണം പൂർവ്വജന്മത്തിനും അവസാനത്തെ രണ്ടെണ്ണം പുനർജ്ജന്മത്തിനും ശേഷിക്കുന്നവ നിലവിലുള്ള ജന്മത്തിനും കാരണമായി ബൗദ്ധർ പറയുന്നു.[99]

ചിന്താവിഷ്ടയായ സീതയിലും ഇതുപോലെതന്നെ കർമ്മഗതിയെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. പഞ്ചവടിയിൽവെച്ച് തന്നിൽ ആസക്തിയുള്ളവനെന്ന് സീത ലക്ഷ്മണനെ പഴിച്ചപ്പോൾ ആ കൊള്ളി വാക്കുകൾ താങ്ങാനാകാതെ ലക്ഷ്മണൻ അവരെ ഉപേക്ഷിച്ചു പോകുകയായിരുന്നു. പിന്നീടു

---

97- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-321, (ശ്ലോകം-165)

98- ആ ബ്രഹ്മ ഭുവനാല്ലോകാഃ / പുനരാവർത്തിനോർജ്ജുനാ (8-16)

ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992, എഡി-1, പുറം-619

99- രാധാകൃഷ്ണൻ, എസ്. (ഡോ.)- ഭാരതീയ ദർശനങ്ങൾ- മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിങ്ങ് കമ്പനി, കോഴിക്കോട്, എഡി-4. 1996. പുറം-376

ണ്ടായ ലങ്കാവാസം, പാതിവ്രത്യസംബന്ധിയായ അപവാദപ്രചരണം, അതിനെത്തുടർന്നുണ്ടായ നാടുകടത്തൽ എന്നിവയുടെ കാരണം അന്വേഷിക്കുന്ന സീത എല്ലാം തന്റെ കർമ്മദോഷമാണെന്നും അതിന്റെ അനുഭവം വിഷമമാണെന്നുമുള്ള നിഗമനത്തിലേക്കാണ് എത്തിച്ചേരുന്നത്. അനിയന്ത്രിതമായ മനസ്സിന്റെ ചാപല്യത്താൽ നിർദ്ദോഷിയായ ലക്ഷ്മണനോട് പറഞ്ഞ കൊള്ളിവാക്കുകളാണ് തന്റെ വർത്തമാന അവസ്ഥയ്ക്ക് കാരണമെന്ന് സീത തിരിച്ചറിയുന്നു. തന്റെ ദുരിതങ്ങളുടെ കാരണം മറ്റൊരാളിലും ആരോപിക്കാതെ സ്വയമേറ്റെടുക്കുന്നതിനുള്ള ധീരത ഇവിടെ കാണാം. ഈ വിശ്വത്തിന്റെ സുവ്യക്തമായ നിയമവ്യവസ്ഥയും സാമൂഹികഭദ്രതയ്ക്ക് മനുഷ്യനുണ്ടാക്കിയ ലോകനീതിയെയും സീത ഇങ്ങനെ വിലയിരുത്തുന്നു.[100]

അറിവാൻ പണി നീതി സംഗ്രഹം / മറിയാം കാറ്റു കണക്കെയെങ്കിലും
കുറിയിൽ കടുകർമ്മപാകമ-/മ്മുറിയേൽപ്പിച്ചിടുമമ്പുപോലെ താൻ
മതി തീക്ഷ്ണശരങ്ങളേ ശ്രമം / ക്ഷതമേലാ മരവിച്ചൊരെന്മനം
കുതികൊള്ളുക ലോകചക്രമേ / ഹതയാം സീതയെയിങ്ങു തള്ളുക

പദാർത്ഥങ്ങളെപ്പോലെ സ്ഥലകാലങ്ങൾക്കനുസരിച്ച് മനുഷ്യൻ നിർമ്മിക്കുന്ന ലോകനീതിക്ക് മാറ്റങ്ങളുണ്ടാകാം. എന്നാൽ നിരുപാധികമായ പ്രപഞ്ചനിയമത്തിന്റെ നിഷ്പക്ഷമായ നീതിനിർവ്വഹണത്തിൽ പ്രാണികൾ ചെയ്യുന്ന ഗുണദോഷഫലങ്ങൾ അതിന്റെ കർത്താവിനെത്തന്നെ ബാധിക്കും. ആയതിനാൽ എല്ലാത്തിനും ഉത്തരവാദി താൻമാത്രമാണെന്ന് സീത തിരിച്ചറിയുകയാണിവിടെ. മരവിച്ചുപോയ തന്റെ മനസ്സിനെ കർമ്മഫലങ്ങളാകുന്ന അമ്പുകളോട് ഇനി മുറിവേല്പിക്കാനാകില്ലെന്ന് സീത പറയുന്നത് മനസ്സിനപ്പുറം കടന്നാണ്. ഇവിടെ കർമ്മഫലങ്ങൾക്കതീതമായിസഞ്ചരിക്കാനും ലോകചക്രത്തിന്റെ പരിവർത്തനഗതിയിൽനിന്ന് മുക്തയാകാനും തനിക്കാകുമെന്ന ഉറച്ച ബോദ്ധ്യം സീതയുടെ വിചാരഗതിയിലുണ്ട്. ചാക്രികതയിൽ വർത്തിക്കുന്ന ലോകത്തോട് തന്നെ തള്ളിക്കളയാൻ സീത ആവശ്യപ്പെടുന്നതും അതിനാലാണ്.

ചണ്ഡാലഭിക്ഷുകിയിൽ കർമ്മശൃംഖലയെക്കുറിച്ച് ഇങ്ങനെ പറയുന്നു.

വൃക്ഷമായും ചെടിയായും-പരം / പക്ഷിയായും മൃഗമായും
ലക്ഷം ജന്മങ്ങൾ കഴിഞ്ഞാൽ ജന്തു / പക്ഷേ മനുഷ്യായെന്നാം
എന്നെത്തുടർന്നെഴും നീണ്ട-ജന്മ / പൊന്നോമൽച്ചങ്ങല തന്റെ

---

100- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-715, 716, (ശ്ലോകം-166, 167)

പിന്നിലെ കണ്ണിയോരോന്നിൽ-പൊങ്ങി / മിന്നിയെന്നെത്തന്നെ കാണ്മൂ.

എന്ന ഭാഗം കർമ്മസംസ്ക്കാരത്തിനനുസരിച്ച് മരമായും ചെടിയായും പക്ഷിയായും മൃഗമായും കടന്നു പോകുന്ന ജീവൻ അനേകജന്മങ്ങൾ കഴിഞ്ഞാൽ മനുഷ്യനായിത്തീരാമെന്നാണ് ഇതിൽ പ്രതിപാദിക്കുന്നത്. ജന്മപരമ്പരകളാകുന്ന സ്വർണ്ണച്ചങ്ങലയുടെ ഏറ്റവും പിന്നിലെ കണ്ണികളിൽ ചിലത് പൊങ്ങുകയും ചിലപ്പോൾ തിളങ്ങുകയും ചെയ്യുമ്പോൾ ഞാൻ കാണുന്നത് എന്നെത്തന്നെയാണ്. നരകത്തിൽ വസിക്കുന്ന ജീവൻ പാപഫലങ്ങൾ കുറഞ്ഞ് മനസ്സ് പാകമാകുമ്പോൾ ഭൂലോകത്ത് മനുഷ്യ ജാതിയിൽ വന്ന് ജനിക്കുന്നു. അങ്ങനെ ജനിക്കുന്ന ജീവൻ സൽക്കർമ്മങ്ങൾകൊണ്ട് സമ്പുഷ്ടി നേടി സത്യലോകംവരെ തുടർച്ചയായും ക്രമികമായും ഉൽക്കൃഷ്ട ലോകങ്ങളെ പ്രാപിക്കുന്നുവെന്ന ജ്ഞാന പ്പാനയിലെ വീക്ഷണവുമായി ഇതിന് ബന്ധമുണ്ട്.[101]

ബോധതലത്തിന്റെ വിവിധ ഉപാധിവിശേഷങ്ങളിൽ നിലകൊള്ളുന്ന സൃഷ്ടിജാലങ്ങളുടെ ചലനത്തോട് ഈ പ്രപഞ്ചം മുഴുവൻ പ്രതികരിക്കുന്നു.വ്യക്തിതലത്തിലുള്ള ഇച്ഛാശക്തി, ക്രിയാശേഷി, ജ്ഞാനം സമഷ്ടിയായ സ്ഥലം, കാലം, ഈശ്വരൻ എന്നിവയാണ് ഒരു കർമ്മത്തെ പ്രധാനമായും നിർണ്ണയിക്കുന്ന ഘടകങ്ങൾ. ഇപ്രകാരം ആന്തരികവും ബാഹ്യവുമായ സ്പന്ദന/പ്രതിസ്പന്ദനങ്ങളിലൂടെ കർമ്മതരംഗങ്ങൾ വാസനാരൂപത്തിൽ അതിന്റെ ഉറവിടമായ ഓരോ ജീവനിലും സമ്മുദ്രിതമാകുന്നു. ഇത് അനന്തരകർമ്മങ്ങളിലും സ്വാധീമുണ്ടാക്കുന്നു. ഇതാണ് കർമ്മചക്ര പ്രവർത്തനം. ഒരേ സത്യത്തിന്റെ തലബദ്ധമായ ആവിഷ്ക്കാരമാണ് ഈ വിശ്വപ്രപഞ്ചമെന്നതിനാൽ സ്ഥാവരജംഗമപദാർത്ഥങ്ങളുൾപ്പെടെയുള്ള ഏതവസ്ഥകളിലേക്കും ഒരു ജീവന് പോക്കുവരവുകളുണ്ടാകും. അതിനാൽ ജന്മപരമ്പരകളാകുന്ന പൊൻചങ്ങലയുടെ കണ്ണിത്തിളക്കത്തിനു കാരണം ഒരാളുടെ സൽക്കർമ്മങ്ങൾ തന്നെയാണ്.

കരുണയിൽ ഉപഗുപ്തനോട് വാസവദത്തയ്ക്ക് തോന്നിയ പ്രേമം വേശ്യാവൃത്തിക്ക് വിരുദ്ധമാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന സന്ദർഭത്തിൽ തോഴിക്ക് വാസവദത്ത കൊടുക്കുന്ന മറുപടിക്കിടെ ഇങ്ങനെ പറയുന്നു. 'വിതയ്ക്കുന്ന വിത്തിനും അതിന്റെ വിളവിനും ഗാഢമായ ബന്ധമുള്ളതുപോലെ നന്മതിന്മകളും അവയുടെ ഫലങ്ങളായ സുഖദുഃഖങ്ങളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. നന്മയ്ക്ക് സുഖവും തിന്മയ്ക്ക് ദുഃഖവുമാണ് ഉണ്ടാകുക എന്ന ചൊല്ല് സാർത്ഥകമാണെങ്കിൽ കൊലയും കൊള്ളയും

101- പൂന്താനം- ജ്ഞാനപ്പാന-സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി: 2, 1993, പുറം-24

102-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-246

കുലവൃത്തിയായി സ്വീകരിച്ചത് നന്മയാണെന്ന് പറയുന്നത് തീർത്തും തെറ്റാണ്.'[102] കർമ്മനിയമത്തിന്റെ പ്രവർത്തനരൂപമാണ് ഇതിലുള്ളത്. ഒരു വിത്ത് നല്ല വിളവിനുള്ള മാർഗ്ഗവും ഉണ്ടാകുന്ന ഫലം അതിന്റെ ലക്ഷ്യവുമാണ്. സൽക്കർമ്മങ്ങൾക്ക് സദ്ഫലവും ദുഷ്ക്കർമ്മങ്ങൾക്ക് ദുഷിച്ച ഫലവുമാണ് കിട്ടുന്നത്. എല്ലാ കാലത്തും ദുഃഖങ്ങളെ അകറ്റി സ്വാസ്ഥ്യം അനുഭവിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന മനുഷ്യൻ തിന്മയെ അകറ്റുവാനും നന്മയെ ഉൾക്കൊള്ളാനും ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ തനിക്ക് സുഖം തരാത്തവയെ ഉപേക്ഷിക്കാനും അല്ലാത്തവയെ ഉൾക്കൊള്ളാനും തയ്യാറെടുക്കണമെന്നാണ് ഇവിടത്തെ വിവക്ഷ. കർമ്മനിയമത്തിന്റെ കർത്തൃത്ത്വത്തെ കുറിച്ച് കവി മറ്റൊരിടത്ത് പറയുന്നത് ഇങ്ങനെയാണ്.

എന്തിനന്യവിപത്തുകളഥവാ തേടുന്നു കഷ്ടം / സ്വന്തവാളാൽ സ്വയംവെട്ടി നശിപ്പൂ മർത്ത്യൻ[103]

വാസവദത്തയുടെ അവസ്ഥയെക്കുറിച്ച് ആലോചിക്കുമ്പോൾ കവി അഭിപ്രായപ്പെടുന്നത് ഇപ്രകാരമാണ്. ധനലോഭികളായ കള്ളന്മാർ ചുമരു കുത്തിത്തുരന്ന് വീട്ടിനുള്ളിൽ കയറി ഈ ക്രൂരകൃത്യം ചെയ്തതല്ല. മദ്യപിച്ചുണ്ടാക്കിയ ലഹളയിൽ ഈ വേശ്യയെ വെട്ടിമുറിച്ചതല്ല. രാജദ്രോഹ കുറ്റം ചുമത്തി ഭരണാധികാരി വിധിച്ചതുമല്ല ഈ ഘോരശിക്ഷ. എന്തിന് നാം മറ്റ് വിപത്തുകളെ ചിന്തിച്ച് ഖേദിക്കുന്നു! മനുഷ്യൻ സ്വന്തം വാളുകൊണ്ടു വെട്ടി സ്വയം നശിക്കുകയാണ്. ഒരാളുടെ കർമ്മഫലത്തിന്റെ ഉത്തരവാദി ബാഹ്യശക്തികളല്ലെന്നും അയാൾ മാത്രമാണെന്നും സ്ഥാപിക്കുകയാണിവിടെ. മറ്റൊരിടത്ത് ഒറ്റിക്കൊടുത്തവർ തന്നെ തൊഴിലാളിത്തലവന്റെ വികൃതമായ ശവശരീരം തൊഴുത്തിൽ നിന്ന് കുഴിച്ചെടുത്തത് കാണിക്കുന്ന സന്ദർഭത്തിൽ വാസവദത്തയുടെ പാപകർമ്മത്തിന്റെ ഫലമാണ് അവൾ അനുഭവിക്കുന്നതെന്ന് സൂചിപ്പിച്ച് നിയമവ്യവസ്ഥയുടെ കാർക്കശ്യത്തെ കുറിച്ച് "ബുദ്ധിഭ്രമംകൊണ്ട് ചെയ്തുപോയ കടുംകൈക്ക് അവൾ അനുഭവിക്കുന്ന യാതന കണ്ട് നാമവും രൂപവുമില്ലാത്ത നിർദ്ദയമായ നിയമത്തിന്റെ ദണ്ഡനാ പരിപാടികൾ ഭയങ്കരം തന്നെയാണെന്ന് പറയുന്നു."[104] പ്രകൃതിനിയമത്തിന്റെ ഉപകരണമെന്ന നിലയിലാണ് അവളുടെ ദുഷ്ചെയ്തികൾക്ക് രാജാവ് ശിക്ഷ വിധിക്കുന്നത്. അതുകൊണ്ട് നിയമമെന്നതിന് പ്രകൃതിനിയമമെന്നും അന്ന് നാട്ടിൽ നിലവിലുള്ള രാജനിയമമെന്നും അർത്ഥമുണ്ട്.

'കരുണ' യിൽത്തന്നെ പൂവും കാറ്റും തമ്മിലുള്ള ആത്മീയബന്ധത്തെ ഉദാഹരിച്ച് വാസവദത്തയുടെ അവയവങ്ങൾ ഛേദിക്കപ്പെട്ട് ശ്മശാനത്തിൽ കിടക്കുന്ന അതിദയനീയമായ അവസ്ഥയിലും ഉള്ളിൽ

---

103-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-246

104- അതേ പുസ്തകം- പുറം-247

പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഉപഗുപ്തനോടുള്ള ആഭിമുഖ്യത്തെ കവി ഇതിലൂടെ വെളിപ്പെടുത്തുന്നുണ്ട്. താൻ അത്രയ്ക്ക് സ്നേഹിക്കുന്ന ബുദ്ധഭിക്ഷുവിനെ അവസാനമായി ഒരിക്കൽക്കൂടി കണ്ടിട്ടു വേണം പ്രാണൻ ഉപേക്ഷിക്കാനെന്ന് അവൾ തീരുമാനിക്കുന്നു. ഇത്തരം ബന്ധബലമാണ് കർമ്മസംസ്ക്കാരങ്ങളുടെ അനന്തശൃംഖല നിർണ്ണയിക്കുന്നത്.[105] തന്റെ ഒടുവിലത്തെ ഗന്ധവും കാറ്റിനർപ്പിച്ച് മണ്ണടിയുവാൻ വിചാരിക്കുന്ന പൂവിനെപ്പോലെയെന്നാണ് ദയനീയാവസ്ഥയിയിൽ അവിടെ കിടക്കുന്ന വാസവദത്തയെ ഉപഗുപ്തൻ ദർശിക്കുന്നത്.

'മണിമാല'യിലെ 'പണം' എന്ന കവിതയിൽ (ശ്ലോകം-3) സ്ഥിരമായ സുഖം, മഹത്ത്വം, ശ്രേഷ്ഠമായ വിദ്യ, യശസ്സ്, പരമസുകൃതം, പരമമായ ഗതി ഇവയിലെന്തിനെയാണ് മനുഷ്യൻ കൊതിക്കുന്നതെന്ന് കവി ചോദിക്കുന്നു.[106] ധാർമ്മികമായ തെരഞ്ഞെടുപ്പിനെ മുൻനിർത്തിയാണ് ഈ ചോദ്യം ഉയിരെടുക്കുന്നത്. ഐഹികതയെയും പാരത്രികതയെയും സമ്പന്നമാക്കുന്ന നിരവധി വിഷയങ്ങളെ ഇതിൽ നിരത്തിയിരിക്കുന്നു. ഒരാൾ എന്താകണം അയാൾക്ക് എന്തെല്ലാം വേണം തുടങ്ങിയ കാര്യങ്ങൾ പ്രസ്തുത വ്യക്തിയുടെ കർമ്മസംസ്ക്കാരത്തിൽനിന്നുരുത്തിരിയുന്ന അവബോധഘടനയുമായി ബന്ധപ്പെട്ടതാണ്. ഗീതാഭാഷ്യത്തിന്റെ ഉപോദ്ഘാതത്തിൽ ധർമ്മത്തിന്റെ പ്രവൃത്തി/നിവൃത്തി ലക്ഷണങ്ങളെക്കുറിച്ച് ശങ്കരാചാര്യർ ഇങ്ങനെ വിശദമാക്കുന്നു. "നിശ്ചയമായും പ്രവൃത്തിലക്ഷണമായ ധർമ്മമെന്നും (ജ്ഞാനം, ശ്രേയസ്സ്) നിവൃത്തി ലക്ഷണമായ ധർമ്മമെന്നും (കർമ്മം, പ്രേയസ്സ്) വേദോക്തമായ ധർമ്മം രണ്ട് പ്രകാരമാണ്. ഗുണഘടനയ്ക്കും അവസ്ഥയ്ക്കും അനുസൃതമായി ആത്യന്തികമായ മുക്തിക്ക് ഒരു വ്യക്തി അനുഷ്ഠിക്കേണ്ട സദാചരണത്തെ പ്രവർത്തി ലക്ഷണത്തോടെയുള്ള ധർമ്മമെന്നും പ്രപഞ്ചവിഷയങ്ങളുടെ തനത്ഭാവം മനസ്സിലാക്കി അതിലുപരിയുള്ള ബോധത്തെ സാക്ഷാൽക്കരിക്കുന്നതിനുള്ള ലക്ഷ്യബോധത്തെ നിവൃത്തിലക്ഷണത്തോടു കൂടിയ ധർമ്മമെന്നും പറയുന്നു."[107]

ഡെപ്യൂട്ടി കലക്ടർ ശ്രീ. പി. വേലായുധൻ അവർകൾക്ക് റാവു ബഹദൂർ സ്ഥാനം ലഭിച്ചപ്പോൾ എഴുതിയ 'ഒരു അനുമോദന'ത്തിൽ (വനമാല) പ്രപഞ്ചനിയമചക്രത്തിന്റെ ഗതിയെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്. അത് പൊങ്ങുകയും താഴുകയും ചെയ്യും. ഇന്നല്ലെങ്കിൽ നാളെ ഏത് പൂക്കളും വാടി

---

105-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-250

106- അതേ പുസ്തകം- പുറം-268

107-ശ്രീമദ് ഭഗവദ്ഗീത - (ഭാഗം -2) - ശാങ്കരഭാഷ്യ വ്യാഖ്യാനസഹിതം- വ്യാഖ്യാനം-സ്വാമി ചിദാനന്ദപുരി കൊളത്തൂർ അദ്വൈതാശ്രമം, കൊളത്തൂർ രണ്ടാം പതിപ്പ്, പുറം-65

പ്പോകും. മുറിവില്ലാതെ കറങ്ങുന്ന ഈ നിയമചക്രം അതിനെ ആശ്രയിച്ചുകൊണ്ട് ചെയ്യുന്ന എല്ലാ യത്നങ്ങൾക്കും ഫലം നൽകിക്കൊണ്ടിരിക്കുന്നു.[108] ഒരു കൊള്ളി വിളക്കിലെ തീനാളമാകുന്നതും വിത്ത് മരമാകുന്നതുമാക്കെ ചിന്തിച്ചാൽ വിസ്മയവും കുതൂഹലവും ആനന്ദവുമുളവാകുന്നു. ഇത് ലോകഗതിയിലുള്ള വിശ്വാസത്തെയാണ് ഉറപ്പിക്കുന്നത്.

<u>മനസ്സ്</u>

ഒരു വ്യക്തിയുടെ സ്വത്വബോധത്തിന്റെ അടിസ്ഥാനം മനസ്സാണ്. ആശാൻകൃതികളിൽ ബാഹ്യ ലോകവുമായുള്ള ആപേക്ഷികപാരസ്പര്യത്തിലൂടെയാണ് മനസ്സിന്റെ കരുത്തും വ്യാപ്തിയും വിശദമാകുന്നത്. അന്തഃകരണം, മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നീ വിവിധ ഘടകങ്ങളോടെ വർത്തിക്കുന്ന മനസ്സാണ് കർമ്മജ്ഞാനേന്ദ്രിയങ്ങളെ സമന്വയിപ്പിക്കുത്. ജീവന് ഈശ്വരനെ സാക്ഷാൽക്കരിക്കുന്നതിനുള്ള തടസ്സം മനസ്സാണ്. മനസ്സിനെ മാണ്ഡൂക്യോപനിഷത്തിലെ A ssZzX {] I cW¯ nÂ (3:29þ31) C§ s\ \ ncq W wsN¿ p¶ p "സ്വപ്നത്തിൽ മനസ്സ് മായകൊണ്ട് രണ്ടെന്നു തോന്നത്തക്കരീതിയിൽ സ്പന്ദിക്കുന്നതുപോലെത്തന്നെ ജാഗ്രത്തിലും മനസ്സ് മായകൊണ്ട് രണ്ടെന്നു തോന്നത്തക്ക രീതിയിൽ സ്പന്ദിക്കുന്നു. ചരാചരരൂപത്തിൽ കാണുന്ന ഈ ദ്വൈതപ്രപഞ്ചം മുഴുവൻ മനസ്സിന്റെ സൃഷ്ടിയാണ്. എന്തുകൊണ്ടെന്നാൽ മനസ്സ് മനസ്സല്ലാതാകുമ്പോൾ ദ്വൈതം അനുഭവപ്പെടുന്നില്ലല്ലോ. ആത്മസത്യത്തെപ്പറ്റി അറിഞ്ഞ് മറ്റു വികല്പങ്ങളെയെല്ലാം ഉപേക്ഷിക്കുമ്പോൾ മനസ്സില്ലാതായിത്തീരുന്നു. ഗ്രഹിക്കുവാനുള്ള വിഷയമില്ലാതിരിക്കുമ്പോൾ ഗ്രഹിക്കുവാനുള്ള വികല്പവുമുണ്ടാകുന്നില്ല."[109]

ഭൗതികാവസ്ഥയെയും പഞ്ചഭൂതാത്മകമായ ശരീരത്തിന്റെ പരിമിതികളെയും മറികടക്കുന്ന തിനുള്ള ഉപാധിയെന്ന നിലയിലാണ് ആശാൻ കൃതികളിൽ മനോബുദ്ധികളെ സമീപിക്കുന്നത്. നിലീനമായിരിക്കുന്ന പ്രാകൃതവാസനകളെ സംസ്ക്കരിച്ച് ലക്ഷ്യത്തിന്റെ വിശുദ്ധിയിലേക്കും മഹിമയിലേക്കും ഉയർത്തുന്നതിനുള്ള ഇന്ധനശക്തിയായാണ് അവിടെ മനസ്സ് പ്രവർത്തിക്കുന്നത്. മനസ്സിന്റെ ബോധ-ഉപബോധ-അബോധതലങ്ങളുടെ തനതവസ്ഥ, അതിന്റെ ഗതി വിഗതികൾ, സാങ്കല്പികവും വൈകല്പികവുമായ അതിന്റെ നിർമ്മിതികൾ എന്നിവയുടെ പൊരുളറിവിലൂടെയാണ്

---

108-കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)</u>-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-250, (ശ്ലോകം-6,8)

109-<u>Mandukya Upanishad</u>- Swami Chinmayanandan- Central Chinmaya Mission Trust, Edi-2,1990, page-242-244

പാത്രങ്ങൾക്കും കഥാസന്ദർഭങ്ങൾക്കും കവി രൂപം കൊടുക്കുന്നത്. വ്യക്തിയുടെ ആത്മപ്രകാശനത്തെയും തൃഷ്ണയെയും സ്വതന്ത്രമായ അന്തഃകരണവ്യാപാരത്തെയും നിർദ്ധാരണം ചെയ്യാൻ അതുപകരിച്ചു. മനസ്സിന്റെ വൈയക്തികതലംപോലെതന്നെ സാമൂഹികമായ ഉള്ളടക്കത്തെയും കവി സംബോധന ചെയ്യുന്നുണ്ട്. കൂടാതെ വ്യക്തിമനസ്സിന്റെ വ്യത്യസ്തതലങ്ങൾ തമ്മിലും രണ്ടു വ്യക്തികളിലെ മനസ്സുകൾ തമ്മിലും വ്യഷ്ടിമനസ്സും സമൂഹമനസ്സും തമ്മിലും ഉപരിതല സംഘർഷങ്ങളെ ആശാൻ തന്റെ കൃതികളിലൂടെ വ്യക്തമായി ചിത്രീകരിക്കുന്നു. വിക്ഷോഭ-വിക്ഷേപങ്ങൾക്കപ്പുറത്ത് നിരുപാധികമായ ഒരതീത തലത്തിന്റെ പ്രകാശനമെന്ന നിലയിൽ അവ സമരസപ്പെട്ടു നിൽക്കുന്നുവെന്നും വിവേകപൂർവ്വം അതിനെ സാക്ഷാൽക്കരിക്കുന്നതാണ് സ്വാസ്ഥ്യത്തിനും വിശ്രാന്തിക്കും അനിവാര്യമെന്നും നിർദ്ദേശിക്കുന്നു.

'ശാങ്കരശതക'ത്തിൽ മനസ്സിനെ ചപലസ്വഭാവത്തെക്കുറിച്ച് അങ്ങയെ തിരഞ്ഞു പോകുന്നതിനു പകരം മനസ്സാകുന്ന കുരങ്ങന് പിന്നാലെ പോകുവാനിട വരുത്തരുതെന്നും പൂന്തേനിൽ ആശ വെടിഞ്ഞ് വിഷത്തെ കൊതിക്കുവാൻ തന്നെ അനുവദിക്കരുതെന്നും കവി പ്രാർത്ഥിക്കുന്നു.[110] 'ശിവ സുരഭി'യിൽ (ശ്ലോകം-9) പന്തിനോടും പമ്പരത്തോടും മനസ്സിലെ ചിന്തകളെ ഉപമിച്ച് ഒരു ചെറിയ സുഖംപോലും നൽകാൻ ചിന്തയ്ക്കാകില്ലെന്ന് സമർത്ഥിക്കുന്നു.[111] ചഞ്ചലവും അസ്ഥിരവുമായ വിചാരങ്ങ ളുടെ പ്രവാഹമായ മനസ്സാണ് ഈശ്വരോന്മുഖമാകുന്നതിൽനിന്നും മനുഷ്യനെ തടയുന്നത്. ഒന്നിന്റെ യാഥാർത്ഥ്യം അറിയിക്കാതെ അതിനെ മറ്റൊന്നായി തെറ്റിദ്ധരിപ്പിച്ച് ജീവിതത്തെ അശാന്തമാക്കുന്നതും അതുതന്നെയാണ്.

നളിനിയിൽ ദിവാകരയോഗിയുടെ മനസ്സിലുണ്ടായ നെടുവീർപ്പ് അത്ര ദൂരത്തല്ലാത്ത മരത്തിനു പിറകിൽ മറഞ്ഞു നിൽക്കുന്ന ഒരാളുടെ മനസ്സിൽ അലമാലകളുയർത്തിയെന്ന് പറയുന്നു(ശ്ലോകം-15). മനസ്സാകുന്ന വലിയ ശത്രു കീഴമർന്ന യോഗിയിൽ ഉയരുന്ന ജന്മവാസനയുടെ അസ്വാസ്ഥ്യമാണ് കവി ഇവിടെ വരച്ചു കാട്ടുന്നത്. സംയമമാർന്ന ഒരു വ്യക്തിത്വത്തിന്റെ മാനസികസ്പന്ദനം സർവ്വചരാചരങ്ങളെയും സ്വാധീനിക്കുമെന്ന് സൂചിപ്പിച്ച് കവി തുടരുന്നു. മരങ്ങൾ ഇടതൂർന്ന വഴിയായതിനാൽ അവർ പരസ്പരം കണ്ടില്ല. എങ്കിലും എന്തെന്നില്ലാത്ത ഉൽക്കണ്ഠ അനുഭവിച്ച അവരുടെ വാസനാ ബന്ധത്തിന്റെ ശക്തി കാണുക.[112] ഗുരു നിത്യചൈതന്യയതി എഴുതുന്നു. "അതിമാനസ പ്രക്രിയയായി

110- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-148, (ശ്ലോകം-29)

111- അതേ പുസ്തകം- പുറം-169, (ശ്ലോകം-9)

112-അതേ പുസ്തകം- പുറം-278, (ശ്ലോകം-17)

പാരാസൈക്കോളജിസ്റ്റുകൾ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന ടെലിപ്പതി ആശാനും ചിന്താവിഷയമായിരുന്നു. അഷ്ടസിദ്ധികളിലൊന്നാണ് പരമനോവിജ്ഞാനം.[113] നളിനിയിൽ മറ്റിടങ്ങളിൽ കവി പറയുന്നു. തപസ്സുകൊണ്ട് ശരീരം ചടച്ച നളിനിക്ക് തണുപ്പകലുകയും തുടുത്ത ഇള വെയിലേറ്റിട്ടും മുഖം വിളറുകയും ചെയ്തു.[114] ദിവാകരനോടുള്ള ആഭിമുഖ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നളിനി ആ ദുഃഖമുണ്ടാക്കുന്ന ഓർമ്മകളിൽ വാടിയ നെന്മേനിവാക വള്ളിയെപ്പോലെ നടുങ്ങി.[115] നളിനിയുടെ ഇടതുകൈ ഭാവിയിലുണ്ടാകാനിരിക്കുന്ന ക്ഷേമത്തെ സൂചിപ്പിക്കുന്നതുപോലെ അനങ്ങി.[116] തപസ്വിയും ബാലയുമായ ഇവൾ എന്തു ചിന്തയാലാണ് തളർന്നത്? കുലസ്ത്രീകളുടെ മനസ്സ് ആർക്കും അറിയാനാകില്ല .[117] തമ്മിൽ കാണാതെ തന്നെ തൊട്ടടുത്ത നിമിഷം തങ്ങളിലുണ്ടാകാനിരിക്കുന്ന പരിവർത്തനത്തെ കുറിച്ചുള്ള അവ്യക്തമായ ധാരണ നളിനിയ്ക്കുണ്ടായിരുന്നുവെന്നാണ് കവി ഇവിടെയെല്ലാം സ്പഷ്ടമാക്കുന്നത്.

ദിവാകരന്റെ മനസ്സിലൂടെ സഞ്ചരിച്ചു കഴിഞ്ഞതിനുശേഷമാണ് കവി നളിനിയുടെ മനസ്സിനെ അപഗ്രഥിക്കുന്നത്. തുടക്കത്തിൽ ദിവാകരനിലുണ്ടായ ചിന്താതരംഗമാണ് ചുറ്റുപാടുകളെ കലുഷിതമാക്കിയത്. കുന്നിന്നടിയിലെത്തിയ ദിവാകരൻ ഏതോ ചിന്തകൊണ്ടെന്നപോലെ അവിടെ സ്വയം നിന്നുപോകുകയും നെടുവീർപ്പിടുകയും ചെയ്തെന്ന് കവി പറയുന്നു. ശരീരം നശിച്ചു പോകുന്നതുവരെ ജീവികളിൽ നിലനിൽക്കുന്ന ജന്മവാസാനാ വൈഭവം തന്നെയാണെന്ന് സാമാന്യവൽക്കരിച്ച് മരണംവരെ തുടരുന്ന വാസനകളുടെ സ്വാധീനത്തിൽ നിന്ന് തീർത്തും വിടുതൽ നേടാൻ മനസ്സിനെ മെരുക്കിയെടുത്തവർക്കുപോലും ദുഷ്ക്കരമാണെന്ന് കവി സമർത്ഥിക്കുന്നു.[118] ഇതേ വിഷയത്തെ കുറിച്ച് നാരായണഗുരു 'ആത്മോപദേശ ശതക'ത്തിൽ പറയുന്നത് ഇങ്ങനെയാണ്. "മായ ലോകമോഹങ്ങളിലകപ്പെടുത്തി എങ്ങനെ ഭ്രമിപ്പിക്കുന്നുവോ അങ്ങനെ ശാസ്ത്ര പാണ്ഡിത്യമുള്ളവരും പുണ്യം ചെയ്തവർപോലും ഭ്രമിക്കാനിട വരുന്നു."[119]

---

113-നിത്യ ചൈതന്യ യതി-നളിനി എന്ന കാവ്യശില്പം- കറന്റ് ബുക്ക്സ്, എഡി-1, ജൂലായ്-1993, പുറം-40
114- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-148, (ശ്ലോകം-29)
115- അതേ പുസ്തകം- പുറം-278, (ശ്ലോകം-19)
116-അതേ പുസ്തകം- പുറം-279, (ശ്ലോകം-20)
117- അതേ പുസ്തകം- പുറം-279, (ശ്ലോകം-21)
118-അതേ പുസ്തകം- പുറം-276, (ശ്ലോകം-14)
119- പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം / സുകൃതികൾ പോലുമഹോ ചുഴന്നിടുന്നു
നാരായണ ഗുരു- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,എഡി-1, തിരുവനന്തപുരം-2003 പുറം-657, (ശ്ലോകം-43)

കഠിനവ്രതങ്ങളനുഷ്ഠിച്ചിട്ടും നളിനിയുടെ മനസ്സ് ഉറച്ചു നിന്നില്ല. വേനൽക്കാലത്ത് വറ്റി വരളുന്ന നദിപോലെ അതിന്റെ വഴി മുട്ടി.[120] നളിനിക്ക് കൃത്യമായ ലക്ഷ്യ-മാർഗ്ഗവിവേചനം നഷ്ടപ്പെട്ടതു കൊണ്ടാണ് മനസ്സ് അലക്ഷ്യമായി വഴി മുട്ടി കിടക്കുന്നത്. നളിനിയുടെ പൂർവ്വാശ്രമത്തിലെ അസംസ്കൃതമായ ജന്മവാസനകളാണ് അവരുടെ സാധനാബലത്തെ ഇളക്കി മറിക്കുന്നത്. കുലീനമായ കുടുംബ പാരമ്പര്യം, സ്നേഹസമ്പന്നരായ ബന്ധുമിത്രാദികൾ, സൗന്ദര്യം, സമ്പത്ത് സൗശീല്യം എന്നിവയെല്ലാമുണ്ടായിരുന്ന നളിനി തന്റെ ജീവിതത്തിന്റെ സകല സൗഭാഗ്യങ്ങളും ഉപേക്ഷിച്ചു. സ്ഥൂലദൃഷ്ടിയിൽ അസ്ഥിരവും ദുഃഖദായകവുമായ ലൗകികഭോഗങ്ങളെല്ലാം ഉപേക്ഷിച്ചിട്ടും നളിനിയുടെ മനസ്സ് അസ്വസ്ഥമായിരുന്നു. വളരെക്കാലം സംന്യാസജീവിതം നയിച്ചിട്ടും തടയിട്ടിരുന്ന കാമനകളുടെ അലയടികളേറ്റു തകർന്ന സേതുപോലെയായി അവളുടെ ജീവിതം. തപോമൃദിതയായ നളിനിയെപ്പോലും പിടിച്ചുലയ്ക്കത്തക്കവിധത്തിൽ ശക്തമാണ് ആദ്ധ്യാത്മിക മാർഗ്ഗത്തിലൂടെ മുന്നേറുന്നൊരാൾക്ക് തന്റെ ഉള്ളിലുള്ള വാസനാബലത്തിൽനിന്നുള്ള പ്രതിസന്ധികളും ബാഹ്യലോകത്തുനിന്നുള്ള പരീക്ഷണങ്ങളുമെന്ന് കവി ഇതിലൂടെ വെളിവാക്കുന്നു.

നളിനിക്കുള്ളിലുണ്ടായ ആഹ്ലാദത്തെ വേലിയേറ്റമായും അതിനു കാരണക്കാരനായ ദിവാകരനെ ചന്ദ്രനായും മറ്റൊരിടത്ത് കല്പിച്ചിരിക്കുന്നു.[121] തന്റെ ഉള്ളിലാണ്ടു കിടക്കുന്ന മൗലികമായ പ്രചോദനങ്ങൾ സഫലമാക്കാമെന്ന പ്രതീക്ഷ ദിവാകരനെ കണ്ടപ്പോൾ നളിനിയിൽ നാമ്പിട്ടു. അതുകൊണ്ടാണ് ചന്ദ്രന്റെ സ്വാധീനംകൊണ്ടുണ്ടാകുന്ന വേലിയേറ്റമെന്നതുപോലെ നളിനിയിൽ ദിവാകരസാന്നിദ്ധ്യം തിരയിളക്കമുണ്ടാക്കിയത്. ഇഷ്ടജനങ്ങളെ മനസ്സിലാക്കുവാൻ സ്ത്രീകൾക്ക് സൂക്ഷ്മമായ കണ്ണുകളുണ്ടെന്ന് ചന്ദ്രനും മനസ്സും തമ്മിലുള്ള ബന്ധത്തെ പുരസ്ക്കരിച്ച് കവി പറയുന്നു.

ലീല അതിസുന്ദരമായ യൗവനദശയിലെത്തിയെന്ന് കവി സൂചിപ്പിക്കുന്നതിനോടൊപ്പം തന്നെ യൗവനാരംഭത്തിൽ മനസ്സ് ഏത് വഴിക്ക് തിരിയുന്നുവോ ആ വഴിക്കു തന്നെ സ്ത്രീകളുടെ ഭാഗ്യമാകുന്ന യന്ത്രം (വാഹനം) പോകുമെന്ന് ലീലയിൽ പരാമർശിക്കുന്നു.[122] ഭാഗ്യയന്ത്രത്തെ ചലിപ്പിക്കുന്നത് മനസ്സാണ്. യൗവനത്തിലേക്കുള്ള കാൽവെപ്പ് മനുഷ്യജീവിതത്തിലെ സുപ്രധാന പരിണാമഘട്ടമാണ്. യൗവനത്തിലെടുക്കുന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും വ്യക്തിജീവിതത്തെ മൊത്തത്തിൽ ബാധിക്കുന്നു, വിവാഹശേഷം വളരെ ദുഃഖത്തോടെ യാത്ര പറയുന്ന അച്ഛന്റെ വേർപാട് ലീലയെ വേദ

120- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-282, (ശ്ലോകം-31)

121- അതേ പുസ്തകം- പുറം-335, (ശ്ലോകം-1-11)

നിപ്പിച്ചില്ല. നിരാശ ബാധിച്ച മനസ്സ് തകർന്ന വീണയിൽനിന്ന് സ്വരമുയരാത്തതുപോലെ സഹജാമല മായ സ്നേഹഭാവങ്ങളറ്റതായിരിക്കുമെന്നാണ് കവിയുടെ നിഗമനം. സ്നേഹവും നന്മയുമുൾപ്പെടെയുള്ള മനുഷ്യമനസ്സിന്റെ മൗലികഭാവങ്ങൾ തികഞ്ഞ സ്വാസ്ഥ്യത്തിൽ നിന്നാണ് ഉറവെടുക്കുന്നത്. അതിൽത്തന്നെ കവി പറയുന്നു.

നരഹൃദയമതിന്നു ഭാവനാ / പരികരമെങ്ങനെ ഭോഗമങ്ങനെ [123] (ശ്ലോകം-1-33)

മനുഷ്യമനസ്സിന്റെ സങ്കല്പങ്ങൾക്കനുസരിച്ചാണ് സുഖദുഃഖങ്ങൾ നിലകൊള്ളുന്നത്. ലീലയ്ക്ക് ലഭിച്ച അതിവിശിഷ്ടമായ വസ്തുക്കൾ അവൾക്ക് സന്തുഷ്ടിയേകിയില്ല. മനസ്സ് അതിന്റെ വിഷയങ്ങളോട് അനുഭാവപൂർവ്വമാണ് ഇടപെടുന്നതെങ്കിൽ സുഖവും പ്രതികൂലമാണെങ്കിൽ ദുഃഖവും ഉണ്ടാകുന്നു. സുഖദുഃഖങ്ങളെല്ലാം മനുഷ്യഹൃദയത്തിന്റെ ഭാവന എങ്ങനെയാണോ അപ്രകാരമായിരിക്കുമെന്ന് കവി പറയുന്നു. ലോകവിഷയങ്ങൾക്കൊന്നിനും ഒരാൾക്കും എല്ലാകാലത്തും ഒരുപോലെ സുഖദുഃഖങ്ങൾ പ്രദാനം ചെയ്യാനാകില്ല. മനുഷ്യമനസ്സ് വിരുദ്ധദ്വന്ദ്വങ്ങളിലൂടെ സ്ഥലകാലാനുസൃതം അദ്ധ്യാരോപി ക്കുന്ന പ്രതീതികളാണ് സുഖദുഃഖങ്ങളുൾപ്പെടെയുള്ള വിഷയങ്ങൾ. മനുഷ്യജീവിതത്തിന് ശാശ്വതമായ ക്ഷേമവും വിശ്രാന്തിയും സ്വാസ്ഥ്യവും പ്രദാനം ചെയ്യാനാൻ അവയ്ക്കൊന്നിനുമാകില്ലെന്ന യാഥാർത്ഥ്യം കവി ഇവിടെ സ്ഷ്ടമാക്കുന്നു.

ലീല സ്വയം മനസ്സിനോടു ചോദിക്കുന്നു. സ്വപ്നത്തിൽ കണ്ട ചേതോഹരവും രസം നിറഞ്ഞ തുമായ പഴം തിന്നാൻ നിനക്ക് ഇടവരുമോ? വീണ്ടും വീണ്ടും ഓർത്തുകൊണ്ടിരുന്ന ആ പഴം ഇപ്പോൾ വീണുപോയിരിക്കുന്നു.[124] ലീലയുടെ അവസ്ഥയെ വിശദമാക്കുകയാണ് കവി. ഒരു പക്ഷി താനിരി ക്കുന്ന മരത്തിലെ കനിയെ ആസ്വദിക്കാതെ സ്വപ്നത്തിൽ കണ്ട ഏതോ ഫലത്തെ കുറിച്ചോർത്ത് ഉദാ സീനനാകുന്നു. അപ്പോൾ അതിരുന്ന കൊമ്പിലെ കനി വീണു പോകുന്നു. സ്വപ്നം കണ്ടിരുന്ന ഫലത്തിന്റെ ലഭ്യതയെ കുറിച്ച് അതിന് തീർച്ചയില്ല. ഫലം ആസ്വദിക്കാതെ അതിന്മേലിരുന്ന പക്ഷിയെ പ്പോലെ മദനാസക്തിയാൽ ലീലയ്ക്ക് ഭർത്തൃസുഖം അനുഭവിക്കാനായില്ല. ഇവിടെ ലൗകികമായ ആസ്വാദനതൃഷ്ണയുടെ പ്രതീകമായി ലീലയുടെ ഭർത്താവിനെയും അതിന്നുപരിയുള്ള ആത്മീയമൂല്യ ത്തിന്റെ പ്രതിനിധിയായി മനസ്സാലെ വരിച്ച കാമുകനായ മദനനെയും അവതരിപ്പിക്കുന്നു. കരിമ്പുഴ രാമകൃഷ്ണന്റെ ലീലാഹൃദയത്തിൽ ഇതിനു കൊടുക്കിരിക്കുന്ന വ്യാഖ്യാനം ഇങ്ങനെയാണ്. ലൗകിക

---

123- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-341, (ശ്ലോകം-1-33)

124- അതേ പുസ്തകം- പുറം-343 (ശ്ലോകം-1-44)

സുഖസാമഗ്രികളാൽ ചുറ്റപ്പെട്ടിരിക്കുമ്പോളും ഈശ്വരോന്മുഖമായ ആത്മാവ് വിഗളിതവേദ്യാന്തരമായ ആനന്ദസുഖത്തിൽ മുഴുകി ഭൗതികസുഖത്തെ തിരസ്ക്കരിക്കുന്നു. അങ്ങനെ നിരാകരിക്കപ്പെട്ട ഭൗതികതത്ത്വം നശിക്കുമ്പോൾ ആത്മാവിൽ ഒരു ശങ്ക തലപൊക്കുന്നു. ഞാൻ വഞ്ചിതനായിപ്പോയോ? ഞാൻ കൊതിച്ച സുഖം കേവലം ഭാവനാദൃഷ്ടമാണല്ലോ? അതിന് ഉണ്മയുണ്ടോ? അത് സത്യമോ അല്ല മിഥ്യാസങ്കല്പമോ? ഈദൃശമായ സംശയം സാധകർക്ക് ഉണ്ടാകാമെന്ന് അനുഭവവേദികൾ ഘോഷിക്കുന്നു.[125]

തന്റെ കാമുകനുവേണ്ടി എന്നതിലുപരി മദനൻ പ്രതിനിധീകരിക്കുന്ന മൂല്യങ്ങളോടുള്ള ആഭിമുഖ്യം കൂടി ലീല നടത്തുന്ന അന്വേഷണത്തിനുണ്ട്. അതുകൊണ്ടാണ് ലീലയുടെ ശേഷികൾ അതീന്ദ്രിയനിലയിലേക്കുയർന്നതിന്റെ തെളിവുകൾ കവി നിരത്തുന്നത്. ലീല ഇങ്ങനെ പറയുന്നു.

മനതാരരുളുന്നു; കാന്തനാ / വനഭാഗം സഖി വിട്ടുപോയിടാ [126]

മരുഭൂവെയിലിൽജ്ജലാർത്ഥിയായ് / ത്തിരിയും മാനൊടു തുല്യമെൻ പ്രിയൻ [127]

തന്റെ പ്രിയങ്കരനായ മദനൻ വിന്ധ്യാടവി വിട്ടുപോയിട്ടില്ലെന്ന് മനസ്സു പറയുന്നതായും മരുഭൂമിയിലെ കൊടുംവെയിലിൽ വെള്ളമന്വേഷിച്ചു പോകുന്ന മാനിനെപ്പോലെ നീറുന്ന മനസ്സോടെ പ്രിയതമൻ ചുറ്റും കണ്ണോടിക്കുന്നത് തന്റെ ഉൾക്കണ്ണുകൊണ്ട് കാണുന്നുവെന്നും ലീല പറയുന്നു. ഇവിടെ പ്രത്യക്ഷം, അനുമാനം തുടങ്ങിയ പ്രമാണങ്ങൾക്കുപരിയുള്ള മാനസികശേഷികൾ വിനിയോഗിച്ചാണ് ലീല മദനന്റെ സാന്നിദ്ധ്യം അകക്കണ്ണുകൊണ്ടറിയുന്നത്. പ്രണയിക്കുന്നവരുടെ മനസ്സുകൾ തമ്മിലുള്ള സ്ഥലസമയങ്ങൾക്കതീതമായ സംബന്ധമാണ് കവി ഇവിടെ വെളിപ്പെടുത്തുന്നത്. തന്റെ തോഴിയായ മാധവിയെക്കൂടി ബോദ്ധ്യപ്പെടുത്തുന്നതിനുള്ള കരുത്ത് ലീലയുടെ ദർശനത്തിനുണ്ടെന്ന് തുടർന്ന് കവി വ്യക്തമാക്കുന്നു. പ്രസ്തുത സന്ദർഭത്തിൽ മാധവി പറയുന്നു. തോഴീ, നിർമ്മലനും ദേവതുല്യനുമായ പ്രിയതമൻ ഈ വനത്തിലുണ്ടെന്നുള്ളത് നിസ്സംശയമാണ്. ലായത്തെ കണ്ട കുതിരയെപ്പോലെ എന്റെ മനസ്സു മുന്നോട്ടു പോകാതെ അവിടെത്തന്നെ നിൽക്കുന്നു.[128] അപ്പോൾ പ്രിയതമൻ ഇവിടെ വന്നണയുമെന്നും അതുകൊണ്ട് തന്നെ അണിയിച്ചൊരുക്കണമെന്നും തോഴിയോട് ലീല ആവശ്യപ്പെടുന്നു(ശ്ലോകം-3-23).[129] ഇന്ദ്രിയങ്ങൾക്കതീതമായി താനുൾക്കൊണ്ടിരിക്കുന്ന ഉത്തമബോദ്ധ്യത്തെ അപരനിലേക്കും

---

125- കുമാരനാശാൻ- ലീല- വ്യാഖ്യാനം- കരിമ്പുഴ രാമകൃഷ്ണൻ (ലീലാ ഹൃദയം വ്യാഖ്യാനം)- ഡി.സി.ബുക്ക്സ്, കോട്ടയം, എഡി:1, 1982, പുറം-58

126- അതേ പുസ്തകം- പുറം-343 (ശ്ലോകം-2-62)

127- അതേ പുസ്തകം- പുറം-343 (ശ്ലോകം-2-63)

128- അതേ പുസ്തകം- പുറം- 372, (ശ്ലോകം-3-17)

129- അതേ പുസ്തകം- പുറം- 374, (ശ്ലോകം-3-23)

സന്നിവേശിപ്പിക്കുന്നതിനുള്ള ആത്മീയശക്തി ലീലയ്ക്കുണ്ടായിരുന്നുവെന്നതിന്റെ തെളിവാണിത്. വൈയക്തികഭാവത്തെ സമഷ്ടിയിലേക്ക് വിക്ഷേപിക്കുന്നതിനുള്ള സാദ്ധ്യതയാണ് കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങളുടെ നിരൂപണത്തിലുള്ളത്. മനസ്സിലൂടെ പ്രകടമാകുന്ന സോപാധികമായ അഹംഭാവത്തെ പ്രപഞ്ചത്തോളം വ്യാപിപ്പിച്ചോ തനൂകൃതമാക്കി വിലയിപ്പിച്ചോ നിശ്ശേഷമില്ലാതാക്കി അവയ്ക്കെല്ലാം ആധാരഭൂതമായ ആത്മതത്ത്വത്തെ വെളിപ്പെടുത്തുന്ന നിലപാടാണ് കവി തന്റെ കൃതികളിൽ കൈക്കൊള്ളുന്നത്.

'ചിന്താവിഷ്ടയായ സീത'യിൽ മനോവ്യാപാരങ്ങളെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഭർത്തൃസ്നേഹത്തിൽ നിന്നുണ്ടാകുന്ന പ്രിയഭാവങ്ങൾ മനസ്സിൽ നിന്ന് നിശ്ശേഷം മാഞ്ഞുപോയിട്ടില്ലെങ്കിലും അവയ്ക്ക് ഇപ്പോൾ ചിന്തയിൽ മേൽക്കൈയ്യില്ല. ചെറിയ വേർപാട് പോലും മനസ്സിൽ മുറിവേല്പിക്കുമെങ്കിലും പ്രണയം തലപൊക്കാതെ ഇപ്പോൾ അണലിപ്പാമ്പുപോലെ കിടക്കുകയാണ്. ഇന്ദ്രിയങ്ങൾക്ക് സന്തോഷം പകരുന്ന ഭാവങ്ങൾ മനസ്സിൽ നിന്നൊഴിവായതിനാൽ മനസ്സ് ഇപ്പോൾ പാക്കൾ വെടിഞ്ഞ കൂടുപോലെയായി. ഉദയാസ്തമയങ്ങളില്ലാതെ എപ്പോഴും വെളിച്ചം ചൊരിഞ്ഞിരുന്ന ചന്ദ്രൻ ഇപ്പോൾ ഓർമ്മ മാത്രമായി. എങ്കിലും കാറ്റേറ്റ് കാട്ടിലെ മുളകൾ സദാ ശബ്ദിക്കുന്നതുപോലെ പലതും പുലമ്പിക്കൊണ്ടിരിക്കുന്ന ഉന്മാദാവസ്ഥയിലേക്ക് പോകാൻ താനാഗ്രഹിക്കുന്നില്ലെന്ന് സീത വ്യക്തമാക്കുന്നുണ്ട്.[130] ശ്രീരാമൻ ഉപേക്ഷിച്ചതിന്റെ ഓർമ്മകളാകുന്ന കാറ്റ് മനസ്സിലെ ദുഃഖമാകുന്ന തീനാളങ്ങളെ വളർത്തുന്നതായും എന്നോ മരിച്ചു കഴിഞ്ഞ തന്നെ അത് ധാതുദ്രവ്യങ്ങളെ മൂശയിലെന്നപോലെ തന്നെ ശുദ്ധമാക്കുകയോ ഭസ്മീകരിക്കുകയോ ചെയ്യുന്നതായും സീത അറിയുന്നു.[131] ഇവിടെ കഴിഞ്ഞകാല സംഭവങ്ങളെ അനുസ്മരിക്കുന്നതുപോലെ തന്നെ അതിന്റെ മൂല്യസാധുത പരിശോധിച്ച് അതിനെ സീത വിമർശിക്കുന്നുമുണ്ട്. മാത്രമല്ല പരസ്പരാനുരാഗത്താൽ കോർക്കപ്പെട്ട ഗൃഹസ്ഥാശ്രമികളായ ദമ്പതിമാർക്കുണ്ടാകുന്ന ചാരിത്ര്യവിഷയത്തിലുള്ള ആശങ്ക മനുഷ്യർക്കിടയിൽ മാത്രമുള്ളതാണെന്നും കവി കുറിക്കുന്നു.[132] അണമുറിയാതൊഴുകുന്ന ചിന്തയുടെ അളവു കുറയ്ക്കാൻ ശ്രമിക്കുന്ന സീതയ്ക്ക് അതിന് സാധിക്കുന്നില്ല. ഭർത്താവിനെ ഈശ്വരനെപ്പോലെ കണ്ട് എല്ലാമർപ്പിച്ച പതിവ്രതയായ തന്റെ സ്നേഹവിശ്വാസങ്ങൾക്ക് ഒരിക്കലും നിരക്കാത്തതാണ് അദ്ദേഹത്തിൽ നിന്നു തിരിച്ചു കിട്ടിയതെന്ന് സീതയ്ക്ക് ബോദ്ധ്യമുണ്ട്. പ്രസ്തുത ചിന്തയുടെ ഗുരുത്വം സീതയുടെ ഇടനെഞ്ചിളക്കി ഉള്ളിലമർത്തിയ

---

130- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-680, (ശ്ലോകം-40)

131- അതേ പുസ്തകം- പുറം- 691, (ശ്ലോകം-84)

132- അതേ പുസ്തകം- പുറം-693, (ശ്ലോകം-88)

വേദനകളുരുകി കണ്ണീരായി പെയ്യാനിടയാക്കി. കാറ്റടിച്ചുണ്ടാകുന്ന ഓളങ്ങളാകുന്ന അണകൾക്ക് നീരൊഴുക്കിനെ തടുത്തു നിർത്താനാകില്ലെന്നാണ് പ്രസ്തുത സന്ദർഭത്തെ കവി സൂചിപ്പിക്കുന്നത്.[133] വ്യഷ്ടി മനസ്സിലെ ചിന്താതരംഗങ്ങളുടെ പ്രവാഹശക്തിയാണ് ഇവിടെ വിവക്ഷിക്കുന്നത്. ആത്മവിദ്യയെ ഗ്രഹിക്കുന്നതിനും സ്വാനുഭൂതമാക്കുന്നതിനും വേദാന്തശാസ്ത്രത്തിൽ ശ്രവണം, മനനം, നിദിദ്ധ്യാസം എന്നീ മൂന്ന് പദ്ധതികൾക്ക് പ്രാധാന്യമേകുന്നുണ്ട്. സത്യാസത്യങ്ങളെയും കാര്യാകാര്യങ്ങളെയും വിവേചിച്ചറിയുന്നതിന് ഉതകുന്നതാണ് മനനപ്രക്രിയ. പ്രസ്തുത തലത്തിലൂടെ വളരെ മുന്നേറുന്ന സീതയെയാണ് കവി അവതരിപ്പിക്കുന്നത്. ഭൂതകാല സംഭവങ്ങളെയും സ്വാനുഭവങ്ങളെയും സീത വസ്തുനിഷ്ഠമായും ആത്മനിഷ്ഠമായും വിലയിരുത്തുന്നു. ഇങ്ങനെ വിരുദ്ധവും വിപരീതവുമായ ദ്വന്ദ്വങ്ങളെ രാത്രിയുടെ നിശ്ശബ്ദതയിൽ വെച്ച് ഉൾക്കാഴ്ചയോടെ വിലയിരുത്തി ഒടുവിൽ അതിൽ നിന്നെല്ലാം നിഷ്ക്രമിച്ച് ഉണർവ്വിന്റെ പുതിയ പ്രഭാതത്തിൽ അയോദ്ധ്യയിലെത്തി ശ്രീരാമസമക്ഷം ദേഹത്യാഗം ചെയ്യുകയാണ് സീതാദേവി. വിവിധ ഉപാസനാപദ്ധതികളിലൂടെ അന്തഃകരണശുദ്ധിയാർന്ന് സത്യസാക്ഷാൽക്കാരം നേടുന്ന സാധകനെപ്പോലെയാണ് വിചാരപ്രക്രിയയിലൂടെ കടന്ന് രാമദർശനം നടത്തി ദേഹത്യാഗം ചെയ്യുന്ന സീതാദേവിയെ ചിന്താവിഷ്ടയായ സീതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

## ആദിപ്രരൂപം

വ്യക്തിമനസ്സെന്നും സമൂഹമനസ്സെന്നുമുള്ള തരംതിരിവുകൾക്കതീതമായി അനാദിയായ സമഷ്ടി ചേതസ്സിൽ നിലീനമായി കിടക്കുന്ന സാകാരവും നിരാകാരവുമായ കല്പനകൾ, വസ്തുക്കൾ, സത്തകൾ എന്നിവയെ ആദിപ്രരൂപങ്ങൾ (Archetypes)എന്നു പറയുന്നു. മഹാമാതാവ്, മഹാപിതാവ്, മായാവി, വീരനായകൻ, മഹാപുരുഷൻ, ശിശുപ്രരൂപങ്ങൾ എന്നിവയെല്ലാം ഇതിൽ പെടുന്നു. വ്യക്തിസത്തയെ സാമൂഹികമായ ബോധനിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് കവി സമഷ്ടിചേതസ്സിനെ കഥാപാത്രങ്ങളിലൂടെ സജീവമാക്കുന്നത്.

ജീവിതാശകളെല്ലാം നശിച്ച് ആത്മഹത്യ ചെയ്യാൻ തടാകത്തിലെ കയത്തിലേക്ക് എടുത്തു ചാടിയ നളിനിയെ ഒരു യോഗിനി വന്ന് രക്ഷപ്പെടുത്തുന്നു. ആത്മഹത്യാശ്രമത്തിനുള്ള കാരണമൊന്നും അപ്പോൾ അവർ തിരക്കിയില്ല. തന്റെ കരച്ചിലിൽനിന്നും അവരുടെ യോഗവൈഭവത്തിൽ നിന്നും കാര്യങ്ങളറിഞ്ഞിരിക്കാമെന്നാണ് നളിനി അനുമാനിക്കുന്നത്. ഈറൻ മാറാനായി യോഗിനി കൊടുത്ത മരവുരി ധരിച്ച്

---

133- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-697, (ശ്ലോകം-101)

മറ്റൊരു ദേഹമെടുത്ത പരേതാത്മാവിനെപ്പോലെ അവൾ അവരെ അനുഗമിച്ചു. അവരൊന്നിച്ചുള്ള ആശ്രമവാസം വിത്തിന് മേഘം മഴയെ കൊടുക്കുന്നതുപോലെ നളിനിയുടെ ജീവിതം അവർ സാർത്ഥകമാക്കി. പരമനിഃശ്രേയസത്തിന് അവർ നളിനിക്ക് ആത്മവിദ്യ ഉപദേശിച്ചു.[134] ജീവിതമെന്നതുപോലെ കെട്ടിക്കിടക്കുന്ന രാത്രിയുടെ ഇരുണ്ട കയത്തിൽ നിന്നും ജീവിതത്തിന്റെ പുത്തനുഷസ്സിനലേക്ക് നളിനിയെ പിടിച്ചു കയറ്റിയ യോഗിനി എല്ലാ രക്ഷാകർത്തൃത്ത്വവും കൈക്കൊള്ളാൻ ബാദ്ധ്യസ്ഥയായ സമഷ്ടി ചേതസ്സിലെ മഹാമാതാവിനെപ്പോലെയാണ് നിലകൊള്ളുന്നത്. ദിവാകരയോഗി നൽകുന്ന ദിവ്യസ്നേഹത്തിൽ അധിഷ്ഠിതമായ ഹിതോപദേശത്തിന്റെ അന്തഃസാരം പാഞ്ചഭൗതികമായ ദേഹത്തെ മറികടന്നാണ് നളിനി സാക്ഷാൽക്കരിക്കുന്നത്. അവിടെ കമിതാവ് എന്നതിലുപരി ഗുരുവും രക്ഷകനുമായ മഹാപിതാവിന്റെ സ്ഥാനം കൂടി ദിവാകരൻ കൈക്കൊള്ളുന്നുണ്ട്. ഒടുവിൽ നളിനി ദേഹം വെടിഞ്ഞപ്പോൾ സന്ധ്യാകർമ്മങ്ങൾക്ക് ശേഷം കാഷായവസ്ത്രമണിഞ്ഞ് അരികിലെത്തിയ അവൾ ചത്ത പശുക്കുട്ടിയെ കണ്ട തള്ളപ്പശുവെപ്പോലെ വാവിട്ടു കരയുന്നതായാണ് കവി പറയുന്നത്. പ്രപഞ്ചത്തിൽ വർത്തിക്കുമ്പോൾ അതിലഭിമുഖീകരിക്കുന്ന യാഥാർത്ഥ്യങ്ങളെ കണ്ടില്ലെന്നു നടിക്കുന്നവരല്ല ആത്മസംയമനം നേടിയ വിജ്ഞാനികൾ. അതുകൊണ്ടുതന്നെ ഇവിടെ സംയമേന്ദ്രിയരായ യോഗിനിയുടെയും ദിവാകരയോഗിയുടെയും പ്രതികരണം മാനവികതയുടെ ഔൽകൃഷ്ട്യത്തെയാണ് പ്രകാശിപ്പിക്കുന്നത്. അനാദിയായ മാതൃത്വത്തിന്റെ ഈർപ്പമാണ് രോദനമായി യോഗിനിയിലൂടെ പുറത്തു വന്നത്.

മദനനും ലീലയും കുറെ കാലത്തിനുശേഷം കാട്ടിൽവെച്ച് തമ്മിൽ കണ്ടപ്പോൾനടത്തുന്ന സ്നേഹപ്രകടനത്തെക്കുറിച്ച് കവി ഇങ്ങനെ പറയുന്നു. പ്രിയതമനെ സ്നേഹത്തിന്റെ ഇരിപ്പിടമായ ഹൃദയത്തിലും എപ്പോഴും ദുഃഖംകൊണ്ട് ചുടുന്ന നെറ്റിയിലും ഒരമ്മ കുഞ്ഞിനെ എന്നപോലെ ലീല ചുംബിച്ചു.[135] ഇവിടെ ലീല കാമുകിയുടെ ഭാവത്തിലല്ല മദനനോട് ഇപെടുന്നത്. പ്രിയതമന്റെ നിഷ്ക്കളങ്ക പ്രണയത്തിന്റെ ആസ്ഥാനമായ ഹൃദയത്തിലും വിരഹദുഃഖം മാറ്റാൻ നെറ്റിയിലും തലോടി ചുംബിക്കുകയാണ് ചെയ്തത്. ഈ സന്ദർഭത്തിൽ മദനനെ സംബന്ധിച്ച് ലീല മാതൃപ്രരൂപമായാണ് മുന്നിൽ നിൽക്കുന്നത്. കൊടുംകാട്ടിലുപേക്ഷിക്കപ്പെട്ട ഗർഭിണിയായ സീത ബോധംകെട്ടു കിടക്കുമ്പോൾ തന്റെ ആശ്രമം അടുത്തുതന്നെയാണെന്നും അതിനെ സ്വന്തം വീടുപോലെതന്നെ കാണണമെന്നും വാത്മീകി

---

134- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-306, (ശ്ലോകം-112)

135- അതേ പുസ്തകം- പുറം- 382, (ശ്ലോകം-59)

പറയുന്ന സന്ദർഭം ചിന്താവിഷ്ടയായ സീതയിലുണ്ട്.[136] പേമഴയിൽ മുങ്ങിക്കിടക്കുന്ന ഭൂമിക്ക് വേനൽക്കാലമെന്നതുപോലെ സീതയ്ക്ക് ആ സാന്നിദ്ധ്യം അനുഭവപ്പെട്ടു. അച്ഛന് മകളോടെന്നതുപോലെയുള്ള വാത്സല്യവും സുരക്ഷിതത്ത്വവും സീതയ്ക്ക് പ്രദാനം ചെയ്ത വാത്മീകിമഹർഷിക്ക് മഹാപിതാവിന്റെ കർത്തൃത്ത്വമാണ് ഇവിടെയുള്ളത്.

## വാസന, സംസ്ക്കാരം

പ്രാപഞ്ചികമായ ചലനപ്രതിചലനങ്ങളുടെ സ്വാധീനം വ്യഷ്ടിഗതമായ ചിത്തത്തിൽ വീഴ്ത്തുന്ന സമ്മുദ്രണങ്ങളാണ് വാസനകൾ. ഇതിന്റെ സമഷ്ടിഭാവമാണ് സംസ്ക്കാരം. താഴ്വാരത്തിലെത്തിയ ദിവാകരയോഗി ഒരുനിമിഷം ചിന്തപൂണ്ട് നെടുവീർപ്പിടുന്നതിന്റെ കാരണമന്വേഷിക്കുമ്പോൾ

ജന്തുവിന്നു തുടരുന്നു വാസനാ / ബന്ധമിങ്ങുടലു വീഴുവോളവും[137]

സ്ഥൂലസൂക്ഷ്മകാരണങ്ങളായ ശരീരം വീഴുന്നതുവരെ ജീവിക്ക് വാസനാ ബന്ധം തുടരുന്നുവെന്ന് കവി തിരിച്ചറിയുന്നു. ഒരു ബോധസത്തയുടെ വിവിധ രൂപഭാവങ്ങളിലുള്ള പരിച്ഛേദങ്ങളാണ് സൃഷ്ടിജാലങ്ങൾ. 'വിഷയരാഗംതന്നെയാണ് ആത്മാവിൽ അഹങ്കാരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ശരീരം എന്നിതൊക്കെയായി വികസിക്കുന്നതെന്ന് വിചാരം ചെയ്തുറപ്പിക്കണ'[138] മെന്ന് ശ്രീനാരായണ ഗുരു ആത്മോപദേശ ശതകത്തിൽ പറയുന്നു. സുഖലബ്ധിക്കുള്ള വാസനയിൽ അധിഷ്ഠിതമാണ് വിഷയരാഗങ്ങളുടെ നിലനിൽപ്പ്. ബാഹ്യാഭ്യന്തരപരിണാമങ്ങളുടെ ഗതിവിഗതികൾക്കനുസൃതമായി അവയെല്ലാം അവബോധത്തിൽ ആലേഖനം ചെയ്തിരിക്കും. അത് നിശ്ചിത സ്ഥലകാലവൃത്തത്തിൽ സോപാധികമായി പ്രകടമാകുമ്പോൾ പ്രാരബ്ധകർമ്മങ്ങൾ ചുരുളഴിയാനുതകുന്ന വാസനയായി പ്രകടമാകുന്നു. സംയമേന്ദ്രിയനായ ഒരു യോഗിക്ക് അദ്ദേഹം ഇടപെടുന്ന ലോകത്തിന്റെ തനതവസ്ഥ അറിയാം. അദ്ദേഹം ഉൾക്കൊണ്ടിരിക്കുന്ന അവബോധം ഒരിക്കലും വിഷയപ്രപഞ്ചത്തോടുള്ള വിച്ഛേദമായിരിക്കില്ല, മറിച്ച് അത് ബഹുസ്വരതയുടെ സമ്യക്കായ പാരസ്പര്യം നിറഞ്ഞതായിരിക്കും. പ്രാപഞ്ചികാവബോധത്തിന്റെ ഇടങ്ങളും അതിൽ സജീവമായിരിക്കും. അതുകൊണ്ട് സാധാരണ

136- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-382, (ശ്ലോകം-60)

137- അതേ പുസ്തകം- പുറം- 276, (ശ്ലോകം-14)

138- ഒരുരതി തന്നെയഹന്തയിന്ദ്രിയാന്തഃ / കരണകളേബരമെന്നിതൊക്കെയായി
നാരായണ ഗുരു- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,എഡി-1, തിരുവനന്തപുരം-2003 പുറം-678, (ശ്ലോകം-70)

ക്കാരനെപ്പോലെ യോഗിക്ക് ഉൽക്കണ്ഠപ്പെടാനുള്ള അവകാശത്തെ നീതീകരിക്കാനാണ് ദേഹവൈവിദ്ധ്യങ്ങളിലൂടെ പിന്തുടരുന്ന വാസനാബന്ധം ലക്ഷ്യതലമായ വിമുക്തിയിലേക്കുയരുന്നതു വരെ നിലനിൽക്കുമെന്ന് കവി പറഞ്ഞത്. നളിനിയിൽ മറ്റിടങ്ങളിൽ

കുന്ദവല്ലി വനഭൂവിൽ നിൽക്കിലും കുന്ദമാണതിനു കാന്തി വേറെയാം [139] (ശ്ലോകം-22)

മിന്നുകില്ലി തടില്ലഭ്ര ശാതയായ് ഖിന്നമാകിലുമഹോ തടില്ലത [140] (ശ്ലോകം-23)

എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. നളിനിയുടെ കുലീനമായ സൗന്ദര്യത്തിലേക്ക് വിരൽചൂണ്ടി കുരുക്കുത്തി മുല്ല കാട്ടിൽ നിന്നാലും അതിന്റെ കാന്തി വേറെതന്നെയാണെന്നും മിന്നൽക്കൊടി ശരത്ക്കാല മേഘത്തിനിടയിലാണെങ്കിലും അത് മിന്നിത്തിളങ്ങുകതന്നെ ചെയ്യുമെന്നും കവി നിദർശിക്കുന്നു. മറ്റുള്ളവയുടെ സ്വാധീനവും ചുറ്റുപാടുകളുടെ സമർദ്ദവും ഒന്നിന്റെ അവസ്ഥിതിയെ ആത്യന്തികമായി രൂപപ്പെടുത്തില്ലെന്ന് മുല്ലവള്ളിയെയും മിന്നൽക്കൊടിയെയും ഉദാഹരിച്ച് കവി പറയുന്നു. അധീശത്വവും വിധേയത്വവും തീരുമാനിക്കുന്നത് അതിലെ ആന്തരികഭാവങ്ങൾതന്നെയാണന്ന് ഇവിടെയെല്ലാം കവി സമർത്ഥിക്കുന്നു. തനത് ഭാവത്തിലേക്ക് വേരോട്ടം കിട്ടിയിട്ടുള്ള ഒന്നിന് ഒരിക്കലും മറ്റൊന്നായിത്തീരാൻ കഴിയില്ല. ബാഹ്യഘടകങ്ങുടെ ഇടപെടലുകൾ ഉള്ളതുപോലെ തോന്നുന്നത് തന്നിലെ സാദ്ധ്യതകളെ യഥാവസരം ഫലപ്രദമായി വിനിയോഗിക്കാത്തതുകൊണ്ടാണെന്ന് കവി ഇതിലൂടെയെല്ലാം വ്യക്തമാക്കുന്നു.

ചണ്ഡാല ഭിക്ഷുകിയിലെ പ്രകൃതിവർണ്ണനയിൽ ഇരതേടാനാകാതെ കൊടുംവെയിലിൽ വാടിത്തളർന്ന് മരച്ചില്ലകളിൽ വിശ്രമിക്കുന്ന പക്ഷികളെ കണ്ട് കവി പറയുന്നു-

ഹന്ത തടി തളർന്നാർത്തി കലരുന്ന / ജന്തു നിസർഗ്ഗ വികാരമേലാ

ശരീരം തളർന്ന് ദുഃഖിച്ചിരിക്കുന്ന ജീവികൾക്ക് അവയുടെ മൗലികമായ നൈസർഗ്ഗികമായ പ്രചോദനങ്ങൾ ഉണ്ടാകുകയില്ല. സ്വത്വബോധത്തിൽനിന്ന് ഉറവെടുക്കുന്ന മൗലികപ്രചോദനങ്ങളെ വ്യക്തിയുടെ ബോധമനസ്സ് ഉൾക്കൊള്ളുന്നത് അതിന്നനുഗുണമായ ഉപാധിവിശേഷങ്ങളോടെയാണ്. ഇന്ദ്രിയമനോബുദ്ധികൾ പരിക്ഷീണിതമായ അവസ്ഥയിലിരിക്കുമ്പോൾ ജീവന്റെ നൈസർഗ്ഗികസ്പന്ദനങ്ങളെ ചലനാത്മകമാക്കാൻ കഴിയില്ല. വാസനാബലംപോലെതന്നെ പ്രധാനമാണ് അത് പ്രകടിപ്പിക്കുന്നതിനുള്ള ഉപാധികളുടെ കാര്യക്ഷമതയും. ബാഹ്യസ്വാധീനങ്ങളൊന്നുമില്ലാതെ ജന്മവാസനയാൽ തുടരുന്ന കർമ്മം തന്നെയാണ് ഇതിൽ ഉന്നയിക്കപ്പെടുന്ന നൈസർഗ്ഗികഭാവം.

139- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-279, (ശ്ലോകം-22)

140- അതേ പുസ്തകം- പുറം- 260, (ശ്ലോകം-23)

**ഭാഷ, അർത്ഥം**

മുൻപരിചയത്തോടെ ദിവാകരനോട് സംവദിക്കുന്ന സന്ദർഭത്തിൽ നളിനി സൂചിപ്പിക്കുന്നു. മറ്റുള്ളവർക്ക് തന്റെ ഉള്ളു കാണിക്കുവാൻ ഈശ്വരൻ ഉപായമൊന്നും തന്നിട്ടില്ല. അർത്ഥത്തിലുള്ള സംശയങ്ങൾ വരുമെന്നതിനാൽ ഇന്ന് നിലവിലിരിക്കുന്ന ഭാഷ അപൂർണ്ണം തന്നെയാണ്.[141] മനസ്സിലെ വൈകാരികതകളെയും വിവേകത്തിന്റെ സമഗ്രതയെയും തുറന്നാവിഷ്ക്കരിക്കാൻ ഉപാധികളൊന്നും ഈശ്വരൻ തന്നിട്ടില്ലെന്നതാണ് നളിനിയുടെ ദുഃഖം. അവർ കുറെ കാലത്തിനുശേഷമാണ് ദിവാകരയോഗിയെ കാണുന്നത്. അപ്പോൾ പഴയ ഓർമ്മയിൽ അദ്ദേഹത്തോട് മനസ്സ് തുറക്കാൻ പ്രയാസമുണ്ട്. സംവേദനം സാർത്ഥകവും സുസംസ്കൃതവുമാകണമെങ്കിൽ അതിനെ സമ്പൂർണ്ണമായി ഉൾക്കൊള്ളുന്ന ഭാഷ തന്നെ വേണം. സംവേദനം നടത്തുമ്പോൾ അർഥശങ്കകളാൽ പിഴവു പറ്റാനിടയാക്കുന്ന ഭാഷ അപൂർണ്ണമാണ്. അപരിമേയമായ ആശയങ്ങളെ ദ്യോതിപ്പിക്കുവാൻ പരിമിതമായ ഭാഷാഘടനയ്ക്ക് കഴിയില്ല. മാത്രമല്ല, നളിനി തന്റെ മാനസിക സംഘർഷവും ലൗകികസങ്കടങ്ങളും അപൂർണ്ണമായ ഭാഷയിൽ അവതരിപ്പിക്കുമ്പോൾ ദിവാകരയോഗി അന്യഥാ ധരിക്കാനുമിടയുണ്ട്. ഉൽകൃഷ്ടമായ ബോദ്ധ്യത്തെ സാക്ഷ്യപ്പെടുത്താൻ വാക്കുകളെല്ലാം അസമർത്ഥങ്ങളാണെന്ന് ഉപനിഷത്തുകൾ ഉദ്ഘോഷിക്കുന്നു. ചക്ഷുരാദി ഇന്ദ്രിയങ്ങൾക്കോ വാക്കിനോ മനസ്സിനോ പ്രാപിക്കാൻ കഴിയാത്തത്(കേനോപനിഷത്ത് മന്ത്രം-3),[142] വാഗിന്ദ്രിയത്തിനു വിഷയമല്ലാത്തതും എന്നാൽ വാക്കിനെ പ്രവർത്തിപ്പിക്കുന്നതുമായ ചൈതന്യം (കേനോപനിഷത്ത് മന്ത്രം-4),[143] വാക്കുകൾ മനസ്സോടുകൂടി പ്രാപിക്കാതെ മടങ്ങുന്ന തലം (തൈത്തിരീയോപനിഷത്ത് അനുവാകം-2-9),[144] വാക്കുകൊണ്ടോ മനസ്സുകൊണ്ടോ കണ്ണുകൊണ്ടോ പ്രാപിക്കാൻ കഴിയാത്തത്(കഠോപനിഷത്ത് 6-12)[145] എന്നിങ്ങനെയാണ് സാക്ഷാൽക്കരിക്കേണ്ടുന്ന ബ്രാഹ്മീസ്ഥിതിയെ ഉപനിഷത്തുകൾ വിശേഷിപ്പിക്കുന്നത്. പ്രസ്തുത ദിശയിലേക്ക് സഞ്ചരിച്ചു

141- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-296, (ശ്ലോകം-76)

142-Upanishads in Sankara's own words, Vol-2- Vidya vachaspathi V.Panoli- Mathrubhumi Printing & Publishing Co. Ltd. Edi-1,1992, page-392

143- Upanishads in Sankara's own words, Vol-2- Vidya vachaspathi V.Panoli- Mathrubhumi Printing & Publishing Co. Ltd. Edi-1,1992, page-98

144-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-478

145- കഠോപനിഷത്ത് (ശാങ്കരഭാഷ്യ സഹിതം)- വിവ: ഡോ.ടി.എൻ.എൻ. ഭട്ടതിരിപ്പാട്, ഡി.സി. ബുക്ക്സ്, ഒന്നാം പതിപ്പ്, 1994, പുറം-111

കൊണ്ടിരിക്കുന്ന സ്പന്ദനങ്ങളെ കൃത്യമായ ഒരാശയമാക്കി അവതരിപ്പിക്കാൻ പദകോശങ്ങളുടെ സമുച്ചയമായ ഭാഷയ്ക്ക് കഴിയില്ലെന്നാണ് ഇവിടെ കവി സമർത്ഥിക്കുന്നത്.

'പ്രരോദന' ത്തിൽ എ.ആർ. രാജരാജവർമ്മയുടെ സാഹിത്യവഴികളുടെ ഗുണസമ്പുഷ്ടിയെപ്പറ്റി ചിന്തിക്കുമ്പോൾ കവി ഇങ്ങനെ പറയുന്നു. ഉദ്ദേശിച്ച അർത്ഥം കണ്ടെത്താൻ കഴിയുന്ന വിധത്തിലുള്ള അർത്ഥചാരുത എവിടെ? വെറും ശബ്ദമാകുന്ന ഇന്ദ്രജാലത്തിലുള്ള കൗതുകമെവിടെ? അന്യരുടെ ഗുണമേന്മ ഹുങ്കാരത്താൽ മാഞ്ഞു പോകില്ല. ഭൂമിയിൽ പൂങ്കോഴികൾക്കും കുയിലുകൾക്കും സ്ഥാനമുണ്ട്. [146] പ്രാസവാദസന്ദർഭത്തിൽ സജാതീയ ദ്വിതീയാക്ഷരപ്രാസവാദികൾ കേരളവർമ്മയുടെ ഭാഗത്ത് നിന്നപ്പോൾ അദ്ദേഹത്തിന്റെ മരുമകനായ എ.ആർ. രാജരാജവർമ്മ മറുപക്ഷത്തായിരുന്നു നിലയുറപ്പിച്ചത്. വൈവിദ്ധ്യമാർന്ന ഭാവുകത്വത്തെ വ്യക്തിബന്ധങ്ങൾക്ക് സ്വാധീനിക്കാനാകില്ലെന്ന അദ്ദേഹത്തിന്റെ കർശന നിലപാട് പ്രതിയോഗികളുടെ ഹുങ്കാരത്തിൽ മുങ്ങിപ്പോയില്ല. കാവ്യത്തിലെ വൈവിദ്ധ്യങ്ങൾക്ക് ഈ ലോകത്തിലെ പൂങ്കോഴികൾക്കും കുയിലുകൾക്കുമൊരുപോലെ അതാതിടങ്ങളുണ്ടെന്ന കാഴ്ചപ്പാടാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്. ഒരു തലത്തെയും നിരാകരിക്കാതെ അറിവിനു വിഷയമായവയെ എല്ലാം നിയന്ത്രിത(Restricted) യാഥാർത്ഥ്യങ്ങളെന്ന് അപഗ്രഥിച്ച് അവയ്ക്കെല്ലാം ഉണ്മയേകുന്ന ഏക സത്യത്തെ അനാവൃതമാക്കുന്ന അദ്വൈതദർശനത്തിന്റെ നിലപാടാണ് കവി ഇവിടെ കൈക്കൊള്ളുന്നത്.

## ശാസ്ത്രങ്ങളുടെ അപര്യാപ്തത

ഭൗതികവും ആദ്ധ്യാത്മികവുമായ വിവിധ ശാസ്ത്രസഞ്ചയങ്ങളുടെ പ്രസക്തിയും പരിമിതികളും മനസ്സിലാക്കിയ കവിയാണ് കുമാരനാശാൻ. ഏതൊരു ദർശനത്തിനും അതിന്റേതായ വീക്ഷണത്തെയും നിലപാടുകളെയും സമർത്ഥിക്കാനുതകുന്ന ശാസ്ത്രസംവിധാനക്രമമുണ്ട്. തന്റെ ബുദ്ധി പെട്ടന്ന് വർദ്ധിക്കുന്ന വിധത്തിൽ നിഗമങ്ങളും ശാസ്ത്രങ്ങളും ശ്രദ്ധിക്കണം. ശാസ്ത്രം മനസ്സിലാക്കുന്തോറും മനുഷ്യൻ അറിവുള്ളവനായി മാറുമെന്നും അവനിൽ വിജ്ഞാനതൃഷ്ണയും വർദ്ധിക്കുമെന്നും 'സാമാന്യ ധർമ്മങ്ങൾ' എന്ന ഉദ്ബോധന കാവ്യത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു[147] ഈ വിചിന്തനത്തെ സ്തോത്രകൃതികളിലും ഖണ്ഡകാവ്യങ്ങളിലും അവതരിപ്പിച്ചിട്ടുണ്ട്.

---

146- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-64, (ശ്ലോകം-54)

147- അതേ പുസ്തകം- പുറം-478

ക്ഷണികവാദികൾ മുതലായവർക്ക് അടുക്കാനാകാത്തത്ര ദൂരെയിരിക്കുന്നതും സത്യജ്ഞാനികളുടെ ഉള്ളം കൈയ്യിലിരിക്കുന്നതുമായ ദൈവമേ എന്ന് ഭക്തവിലാപത്തിൽ[148] കവി ഈശ്വരനെ അഭിസംബോധന ചെയ്യുന്നു. ഇവിടെ ഈശ്വരനിലുള്ള വിശ്വാസമോ അവിശ്വാസമോ ഈശ്വരന്റെ അസ്തിത്വത്തിനോ പ്രീതിക്കോ മാനദണ്ഡങ്ങളാകുന്നില്ല. പ്രപഞ്ചത്തിന്റെ ഗതിവിഗതികളെ നിയന്ത്രിച്ചും ജീവജാലങ്ങൾക്ക് അവരവരുടെ കർമ്മഫലം അനുവദിച്ചും നിലകൊള്ളുന്ന സാർവ്വലൗകികനിയമമായ ഈശ്വരൻ ദ്വന്ദ്വാതീതനാണ്. അതുകൊണ്ട് ഇവിടെ ക്ഷണികാദിവാദികളെന്ന് വിവക്ഷിക്കുന്നത് ബൗദ്ധചിന്തകളുൾക്കൊള്ളുന്ന ശാസ്ത്രഗ്രന്ഥങ്ങളുൾപ്പെടെയുള്ളവയിൽ പാണ്ഡിത്യം നേടിയ വിവാദ കുതുകികളെയാണ്. അവർ തർക്കവിതർക്കങ്ങളിലൂടെയെല്ലാം ലക്ഷീകരിക്കുന്ന സത്യത്തെ സ്വാനുഭൂതമാക്കിയവരല്ല. മാർഗ്ഗത്തെ ലക്ഷ്യമാക്കി തെറ്റിദ്ധരിച്ച അക്കൂട്ടർ ശാസ്ത്രഗർത്തങ്ങളിൽ നിപതിച്ചവരാണ്. അവരിൽ നിന്നും വ്യത്യസ്തമായി വാദാതീതമായ സത്യത്തെ സാക്ഷാൽക്കരിച്ച വിജ്ഞാനികൾക്ക് കരഗതമായതാണ് ഈശ്വരതത്ത്വം. ഭക്തവിലാപത്തിലെ (ശ്ലോകം-53) ഘടപടാദി ഭൗതികവാദങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ് ചിദാകാശത്തെ പ്രാപിക്കത്തക്കവണ്ണം ദൈവമേ എന്നെ അനുഗ്രഹിച്ചാലും[149] എന്ന പ്രാർത്ഥനയിലും ഇതേ ആശയമാണുള്ളത്.

മരണത്തെ ജയിക്കാൻ മനുഷ്യർ വളരെ നാളായി ശ്രമിക്കുന്നുണ്ടെങ്കിലും അതിനൊന്നും ഇതുവരെ ഫലം കണ്ടില്ലെന്ന് കവി പറയുന്നു.[150] പ്രതിഭയുടെ പ്രകാശംകൊണ്ട് സൂര്യനു തുല്യം ജ്വലിക്കുന്ന മനുഷ്യനും വെളിച്ചമേ കണ്ടിട്ടില്ലാത്ത കൃമിക്കും ഒരുപോലെ മരണം സംഭവിക്കുന്നത് കഷ്ടം തന്നെയാണ്. ഏറെക്കാലമായി തലച്ചോറ് പുകച്ചു കൊണ്ടിരുന്നിട്ടും ഈ ദുഃഖം പരിഹരിക്കാൻ ആധുനികശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കവി ചോദിക്കുന്നു. ശാരീരവിജ്ഞാനമേ, നിന്റെ ശ്രമം എന്തായി? നീ എത്ര നാൾ ഉഴറി? രസതന്ത്രമേ, ഭൗതികശാസ്ത്രമേ എന്താണ് നിങ്ങളും ആഗ്രഹിക്കുന്നത്? നിങ്ങളുടെ പിതാവായ മനുഷ്യൻ ചിന്തകൊണ്ടു മുരടിച്ചു പോയിരിക്കുന്നു. അവനെത്തിച്ചേരുന്ന അവസാന സ്ഥിതി ദയാർഹമാണ്. ഇതു നിങ്ങൾക്ക് ലജ്ജാകരമാണ്. ഭൗതികശാസ്ത്രം എത്ര വികസിച്ചിട്ടും അവന്റെ മൗലികമായ പ്രശ്നങ്ങൾക്ക് ഇതുവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ലോകത്തെ

---

148- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-82, (ശ്ലോകം-25)

149- അതേ പുസ്തകം- പുറം-478, (ശ്ലോകം-53)

150- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-94, 95 (ശ്ലോകം-124,125)

വിവിധ നിലപാടുകളിലൂടെ വ്യാഖാനിക്കുന്ന തത്ത്വചിന്തയും അടിസ്ഥാന സൗകര്യങ്ങളെ മെച്ചപ്പെടുത്തുന്നതിലൂടെ മനുഷ്യജീവിതത്തെ മാറ്റി മറിക്കുന്ന ഭൗതികശാസ്ത്രവും മരണതത്ത്വം കണ്ടെത്തുന്നതിൽ പരാജയപ്പെട്ടുവെന്നാണ് ദുഃഖവിവശനായ കവി ഇവിടെ ആക്ഷേപിക്കുന്നത്. സാമൂഹികമായ നന്മയും വ്യക്തിയുടെ ആത്യന്തികമായ ക്ഷേമൈശ്വര്യങ്ങളും പ്രദാനം ചെയ്യാൻ ഭൗതിക/ആത്മീയ ഭേദമെന്യേ അറിവിനു വിധേയമാകുന്ന വിഷയങ്ങൾക്കെല്ലാമുള്ള പരിമിതികളെയാണ് കവി ഇവിടെയെല്ലാം എടുത്തു കാട്ടുന്നത്.

## പ്രകൃതി

നല്ലവണ്ണം പ്രവൃത്തികൾ ചെയ്ത് നിരന്തരം പരിണാമത്തിന് വിധേയമാകുന്ന ഒന്നാണ് പ്രകൃതി.[151] അദ്വൈതദർശനത്തിൽ ത്രിഗുണങ്ങളായ സത്വം, രജസ്സ്, തമസ്സ് എന്നിവയുടെ സംഘാതമാണത്. അതിലെ സാത്വികാംശത്തിൽനിന്ന് ജ്ഞാനേന്ദ്രിയങ്ങളും രാജസാംശത്തിൽനിന്ന് കർമ്മേന്ദ്രിയങ്ങളും താമസാംശത്തിൽനിന്ന് പഞ്ചഭൂതങ്ങളും പ്രകടമാകുന്നു. വൈവിദ്ധ്യമാർന്ന സൃഷ്ടികളുടെ ഗുണഘടനയ്ക്ക് ആധാരം ത്രിഗുണാത്മികയായ പ്രകൃതിയാണ്. പ്രകൃതി/പുരുഷൻ എന്നിവയെ ആത്യന്തികതത്ത്വങ്ങളായി സ്വീകരിക്കുന്ന സാംഖ്യദർശനത്തിൽനിന്ന് വ്യത്യസ്തമായി പരമാത്മാവിന്റെ അനന്യശക്തിയെന്ന നിലയിൽ പ്രകൃതിയെ മായയെന്നും അവിദ്യാലക്ഷണമെന്നും വേദാന്തികൾ സംബോധന ചെയ്യുന്നു. പ്രപഞ്ചത്തിന്റെ ഉല്പത്തി-സ്ഥിതി-ലയങ്ങൾ നിരൂപണം ചെയ്യുന്നിടത്താണ് പ്രകൃതിനിരൂപണം പ്രസക്തമാകുന്നത്. പരമസത്തയിൽനിന്ന് അനന്യമായതുകൊണ്ട് പ്രകൃതിയെ അതിന്റെ സൂക്ഷ്മതലത്തിൽ ഉൾക്കൊള്ളാൻ ശ്രമിക്കുന്നത് ആത്മാന്വേഷണത്തിന്റെ അനിവാര്യതയാണ്. ആശാൻകവിതകളിൽ ഈ തലത്തിലാണ് പ്രകൃതി സംബന്ധമായ പരാമർശങ്ങളുള്ളത്.

ആശാന്റെ പ്രകൃതിസങ്കല്പം സാംസ്ക്കാരികാവബോധത്തിന്റെയും നവോത്ഥാനമൂല്യങ്ങളുടെയും പ്രതിനിധാനമാണ്. സഹജാവബോധത്തിലൂടെയാണ് ആശാന്റെ നായികമാർ ദിശകളറിഞ്ഞ് സംസ്ക്കാരത്തിന്റെ ആഭ്യന്തരഭൂപടങ്ങളിലൂടെ സഞ്ചരിക്കുന്നത്. പുതിയലോകബോധവും പരമ്പരാഗത ജീവിതമൂല്യങ്ങളും ആശാൻ കവിതകളിലെ നിർണ്ണായകഘടകങ്ങളാണ്. സാമൂഹികപ്രതിഫലനമുള്ള ആത്മപ്രകാശനത്തിന്റെ വിശുദ്ധോപകരണമായി ആശാന്റെ കാവ്യഭാഷ നിലകൊള്ളുന്നതും അതുകൊണ്ടാണ്. മനുഷ്യനും ചരാചരപ്രപഞ്ചവും തമ്മിലുള്ള സൂക്ഷ്മമായ ജൈവബന്ധത്തെയാണ് വീണപൂവ് ഉൾപ്പ

---

151-രാജഗോപാൽ എൻ. കെ.- സംസ്കൃത നിരുക്തകോശം- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-എഡി-1, 1999, പുറം -149

ടെയുള്ള സൃഷ്ടികളിലെല്ലാം കവി സവിശേഷമായി അവതരിപ്പിക്കുന്നത്. അചേതനത്വത്തെ മനുഷ്യഭാവങ്ങളും വികാരങ്ങളുമായി കൂട്ടിയിണക്കി പ്രകൃതിയെയും മനുഷ്യനെയും അഭേദാവസ്ഥയിൽ അവതരിപ്പിച്ച് ഐഹികജീവിത ദുഃഖങ്ങളിൽ നിന്നുള്ള വിമോചനത്തിനുവേണ്ടി അനുഷ്ഠിക്കുന്ന നിരന്തര സാധനയുടെ സാഫല്യമാണ് വീണപൂവ്. ഗുരു നിത്യ ചൈതന്യയതി എഴുതുന്നു. "ഒട്ടും മാനുഷകമല്ലാത്തൊരു വസ്തുവിൽ മാനുഷികം അദ്ധ്യാരോപം ചെയ്യുന്നുവെന്നു മാത്രമല്ല ഒരു സ്നേഹസന്ദർഭം ആവിഷ്ക്കരിച്ചു കാണിക്കുവാൻ പൂവിനെ നിമിത്തമാക്കുമ്പോൾ അതിൽ ബാല്യം, കൗമാരം, യൗവനം എന്നിവയെ വഴിക്കു വഴികൊണ്ടു വന്ന് മനുഷ്യരിൽ നിന്നു തുലോം അകലത്തുള്ള പൂവിനേയും ചിത്രശലഭങ്ങളെയും കരിവണ്ടിനെയുമൊക്കെ കഥാപാത്രങ്ങളാക്കി ആശാൻ സഹൃദയമനസ്സിൽ എന്തെല്ലാം മധുരഭാവങ്ങളാണ് ഉണ്ടാക്കുന്നത്? സ്നേഹത്തിന് പാത്രമാകുന്ന മുഖ്യമായ ജീവിതമൂല്യം സൗന്ദര്യമാണെന്നും ആശാൻ പറയാതെ പറയുന്നു."[152]

ദൃശ്യപ്രപഞ്ചത്തെ പരസ്പരാശ്രിതങ്ങളായ പ്രതീകങ്ങളിലൂടെ സമന്വയിപ്പിക്കുമ്പോഴാണ് തത്ത്വാധിഷ്ഠിതമായ പ്രസാദാത്മകയോടെ ജീവിതത്തെ നോക്കിക്കാണാനാകുന്നത്. ഇങ്ങനെ ജീവിതാവസ്ഥകളെ സമഗ്രമായി അപഗ്രഥിച്ചും ഉൾക്കൊണ്ടും കവി എത്തിച്ചേരുന്ന കവിതയിലെ ജീവിതസത്യം അതിന്റെ അനുഭൂതിതീവ്രതയിൽ പ്രാപഞ്ചികമായ സത്യത്തെയും സൗന്ദര്യത്തെയും മറികടക്കുന്നു. ആശാന്റെ ബൗദ്ധികവിതാനം ആദ്ധ്യാത്മികതയുടെ കൊടുമുടിയിലും വേര് ഭൂമിയുടെ ഹൃദയത്തിലും ഉറച്ചു നിൽക്കുന്നു. അവിടെ കാവ്യാത്മാവ് ബിംബമായും പ്രതീകമായും പുരോഗമിക്കുന്നതുപോലെ സൗന്ദര്യതലം അർത്ഥചാതുര്യം പ്രസരിപ്പിക്കുന്ന സർഗ്ഗസാന്നിദ്ധ്യമാകുന്നു.

എത്തിച്ചേരുന്നവരെ കിളിനാദങ്ങൾകൊണ്ട് സ്വാഗതം ചെയ്യുന്ന ആ താമരപ്പൊയ്ക ദിവാകരയോഗിയെയും ആകർഷിച്ചുവെന്ന് നളിനിയിലുണ്ട്. അതിന് ഉപോദ്ബലകമായി മനോഹരങ്ങളായ സ്ഥലങ്ങൾ ആരെയും ആകർഷിക്കുമെന്ന് കവി സാമാന്യവൽക്കരിക്കുന്നു. മംഗളകരവും മനോഹരവുമായ വനസ്ഥലിയെ അവാച്യമായ ആനന്ദത്തിന്റെ സ്ഫുരണമായാണ് യോഗികൾ നിദർശിക്കുന്നത്. മാത്രമല്ല, പ്രകൃതിസൗന്ദര്യത്തോടുള്ള ദിവാകരയോഗിയുടെ ആഭിമുഖ്യവും സഹജമാണ്. എങ്കിലും അവബോധത്തിന്റെ ഔന്നത്യത്തെ സൂചിപ്പിക്കുന്ന കൊടുമുടിയിൽനിന്നും ഒരു ചിത്രത്തിന്റെ ചാരുതയെ എന്ന

152- നിത്യ ചൈതന്യ യതി, ഗുരു- ആശാനെപ്പറ്റിയുള്ള മൂന്നു പ്രബന്ധങ്ങൾ- പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 1994, പുറം-15

152- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-275, (ശ്ലോകം-10,11)

പോലെ നിസ്സംഗമായാണ് ദിവാകരയോഗി പ്രപഞ്ചത്തെ നിരീക്ഷിക്കുന്നത്. സത്യത്തിന്റെ ആനുഭൂതിക മായ പ്രാതിനിദ്ധ്യമാണ് പ്രകൃതിസൗന്ദര്യമുൾപ്പെടെയുള്ള എല്ലാ രമ്യഭാവങ്ങളിലുമുള്ളത്. ആയതിനാൽ അലൗകികമായ അനുഭൂതികൾ ലോകഗതിയുടെ എതിർപോക്കല്ലെന്ന ഉത്തമബോദ്ധ്യത്തോടെ ദിവാകരയോഗി പ്രകൃതി സൗന്ദര്യത്തെ ഉൾക്കൊള്ളുന്നതായി കാണാം.

നളിനിയുടെ വിയോഗം ചരാചരങ്ങളിലുണ്ടാക്കിയ പ്രതികരണത്തെപ്പറ്റി ദിവാകരൻ പറയുന്നത് ഇങ്ങനെയാണ്. "ഭൂമി അരുവികളാകുന്ന തലമുടി പരത്തിക്കൊണ്ട് വിരഹദുഃഖത്താലിടുന്ന അലമുറ ഗുഹകളിൽ തടഞ്ഞു പുറപ്പെടുന്നത് നീ കാണുന്നില്ലേ? സൂര്യൻ ആകാശത്ത് ഉറച്ചു നിൽക്കുന്നതു പോലെ കാണപ്പെടുന്നു. കാടും അനക്കമറ്റു നിൽക്കുന്നു. നീ പൊങ്ങുന്ന ഊക്കുകൊണ്ട് കാലചക്ര ത്തിന്റെ ഗതി തന്നെ നിന്നുപോയി."[153] വീണപൂവിന്റെ പതനം അനുഭവപ്പെടുത്തുന്ന തുപോലെ നളി നിയുടെ ദേഹവിയോഗദുഃഖം ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും പങ്കിടുന്നതായി ദിവാകരയോഗി കാണുന്നു. ഏകമായ ഉണ്മയുടെ വിവിധ ആകാരവിശേഷങ്ങളെന്ന നിലയിൽ സൃഷ്ടികൾ തമ്മിലുള്ള അനന്തമായ പാരസ്പര്യമാണ് കവി ഇവിടെ അനാവൃതമാക്കുന്നത്.

## സ്ഥലം/കാലം

സാഹിത്യത്തിൽ സ്ഥലകാലങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. രണ്ട് സംഭവങ്ങൾക്കോ അനുഭവങ്ങൾക്കോ ഇടയിലുള്ള അന്തരമാണ് കാലം. ഒന്നാമത്തെ ബിന്ദുവിൽനിന്ന് മറ്റൊരു ബിന്ദുവിലേക്കെത്തി നിലവിലുള്ളതും ആദ്യത്തേതും തമ്മിലുള്ള സ്ഥലരാശിയുടെ അന്തരമാണ് സമയാനുഭവത്തിന്റെ അധിഷ്ഠാനം. കാലത്തിന്റെ അമൂർത്തമായ ഭാവമാണ് സ്ഥലരൂപകത്തിൽ വിന്യ സ്തമായിരിക്കുന്നത്. പ്രാതിഭാസികമായ അവിദ്യയിൽനിന്നും വ്യാവഹാരികമായ മായയിൽനിന്നും ഉണ്ടാകുന്ന കാലം ആത്യന്തികമായ നിലനിൽപ്പില്ലാത്തതാണ്. ഇന്ദ്രിയസംബന്ധിയായ കാലത്തെ അതീ ന്ദ്രിയപരതയിലേക്കുയർത്തി ഭൗതികമായ കാലത്തെയും മാനസികമായ കാലത്തെയും സമന്വയിപ്പിക്കു ന്നതിനുള്ള പരിശ്രമം ഭാരതീയചിന്തയിലുണ്ട്. അജ്ഞാനികളാണ് പ്രപഞ്ചത്തിന്റെ കാരണമായി കാലത്തെ കണക്കാക്കുന്നതെന്ന് ശ്വേതാശ്വതരോപനിഷത്ത് (6-1) വിലയിരുത്തുന്നു.[154]

---

153- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാ രിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-320, (ശ്ലോകം-161, 162)

154- ശ്വേതാശ്വതരോപനിഷത്ത്- വ്യാഖ്യാനം-മൃഡാനന്ദസ്വാമി- ശ്രീരാമകൃഷ്ണ മഠം, എഡി.3, തൃശ്ശൂർ-1988, പുറം-110

ആത്മോപദേശ ശതകത്തിൽ "പുതുതായി മാറിമാറി വന്നുചേരുന്നവയാണ് ഇന്നലെയും ഇന്നും നാളെയും അടുത്ത ദിവസങ്ങളുമെല്ലാം എന്നിങ്ങനെ കരുതി മോഹിച്ച് തുടർച്ചയായി വേറെവേറെയായി കണക്കാക്കി എണ്ണിത്തിട്ടപ്പെടുത്തുന്നതെല്ലാം മനസ്സിന്റെ വെറും ഭ്രമം മാത്രം. ഇതിലൊന്നും വസ്തുഭേദം ലേശംപോലുമില്ല. ഇക്കാര്യം വിചാരം ചെയ്തുറപ്പിക്കാ"[155] നാവശ്യപ്പെടുന്ന നാരായണഗുരു "സ്ഥലകാലങ്ങളാകുന്ന ബലമില്ലാത്ത നൂലുകൊണ്ടാണ് നെയ്ത വസ്ത്രത്താൽ ശരീരം മൂടിയിരിക്കുന്നവളെ" ന്ന് 'ജനനീ നവരത്നമഞ്ജരി' യിൽ ദേവിയെ വാഴ്ത്തുന്നു.[156] പ്രപഞ്ചത്തെ നിരൂപണം ചെയ്യുന്നതിനുള്ള സ്ഥിരാങ്കളല്ല സ്ഥലകാലങ്ങൾ. പരമാർത്ഥജ്ഞാനം വെളിപ്പെടുമ്പോൾ അവ പൊട്ടിത്തകരുമെന്നതിനാലാണ് നേർത്ത നൂലിനോട് ഉപമിച്ചത്. തന്റെ കൃതികളിലുടനീളം ആശാൻ അനുവർത്തിച്ച കാഴ്ചപ്പാടും ഇതുതന്നെയാണ്. "കാലം പ്രകൃതിസഹജമാണ് കാലം. അത് കൃത്രിമമായി നിർമ്മിക്കപ്പെടുന്നതല്ല. സ്വയംഭൂവാണ്. സമയത്തിന്റെ അതിസൂക്ഷ്മമായ കണികകൾപോലും നഷ്ടമാകാത്തത് എന്നതാണ് 'കാലം' എന്ന പദത്തിനർത്ഥം. പ്രപഞ്ചത്തിലെ ചേതന-അചേതനവും സൂക്ഷ്മസ്ഥൂലങ്ങളുമായ സമസ്തഭാവങ്ങളെയുമുൾക്കൊള്ളുന്നത് എന്ന് കാലമെന്ന പദത്തിനർത്ഥമുണ്ട്. ജീവജാലങ്ങളുടെ ജനനവും നിലനിൽപ്പും മരണവും കാലവുമായി ബന്ധപ്പെട്ടിരിക്കുന്നു'[157] എന്ന് ആയുർവ്വേദ സർവ്വവിജ്ഞാനകോശത്തിൽ കാണാം."

സ്ഥലാനുബദ്ധമായ സന്തുലിതാവസ്ഥയ്ക്ക് അസ്തിത്വം നടത്തുന്ന സമയാധിഷ്ഠിതമായ ക്രമീകരണങ്ങളാണ് കാലാവബോധ(Time consciousness)മായി പ്രകടമാകുന്നത്. ഓരോ ജീവജാലങ്ങളിലും കാലത്തിന്റെ ഗതിവിഗതികളെക്കുറിച്ചുള്ള അടിസ്ഥാനപരമായ അവബോധമുണ്ടായിരിക്കും. വൈയക്തികമായ ജന്മവാസനകൾ(instincts), മാനസിക വ്യാപാരങ്ങൾ, ആചാര-വിചാരങ്ങൾ, അനുഭവങ്ങൾ, അനുഭൂതികൾ, വിശ്വാസങ്ങൾ, പ്രതീക്ഷകൾ, പരിതോവസ്ഥകൾ(Circumstances) എന്നിവ കാലാവബോധവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് ഒരാശയം രണ്ട് സമയങ്ങളിലോ

---

155- നാരായണ ഗുരു- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,എഡി-1, തിരുവനന്തപുരം-2003 പുറം-678. (ശ്ലോകം-58)

156- കാലാദിയായ മൃദുനൂലാലെ നെയ്യുമൊരു ലീലാപടം ഭവതിമെയ്-

മേലാകെ മൂടുമതിനാലാരുമുള്ളതറിവീലാഗമാന്ത നിലയേ!

നാരായണ ഗുരു- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,എഡി-1, തിരുവനന്തപുരം-2003 പുറം-573

157- ആയുർവ്വേദ സർവ്വവിജ്ഞാനകോശം- രോഗവും പ്രതിവിധിയും ആയുർവ്വേദത്തിൽ, ഫൈൻ ആർട്ട്സ് പബ്ലിക്കേഷൻ, തിരുവനന്തപുരം, 1991, പുറം-198

സാഹചര്യങ്ങളിലോ പ്രയോഗിക്കപ്പെടുമ്പോൾ അതിന് വ്യത്യസ്തമായ പാഠങ്ങളും മാനങ്ങളും കൈവരുന്നത്. സ്ഥലാനുബന്ധമായി അത് കർമ്മമായും മാനസികമായി പ്രപഞ്ചാവബോധമായും അത് വികസ്വരമാകുന്ന കാലത്തിന് വസ്തുസത്തയോ സർവ്വതന്ത്രസ്വതന്ത്രമായൊരു അസ്തിത്വമോ ഇല്ല.

കുമാരനാശാന്റെ കാലസങ്കല്പം ചാക്രിക(Cyclic)മാണ്. തുടക്കവും ഒടുക്കവുമില്ലാതെ നടുവിൽ മാത്രം അനുഭവപ്പെടുന്ന പ്രതീതിയായതിനാലാണ് ആശാൻകവിത ദാർശനികമായി കാലത്തെ അഭിസംബോധന ചെയ്യാത്തത്. ശ്രീ. കെ.പി. അപ്പൻ എഴുതുന്നു. ''ആശാനിൽ കാണുന്ന കാലദർശനത്തിന്റെ അഭാവം കാലത്തെ അറിഞ്ഞുകൊണ്ടുള്ള നിഷേധദർശനത്തിന്റെ ഭാഗമാണ്.''[158] കാലത്തിന്റെ ചാക്രികതയും ക്ഷണികതയും അനിർവ്വചനീയതയും ആത്യന്തികതലത്തിലെ അതിന്റെ മായികതയും ശരീരമനോബുദ്ധികൾക്ക് അതുണ്ടാക്കുന്ന പരിമിതികളും അതിനെ മറി കടക്കേണ്ടുന്നതിന്റെ അനിവാര്യതയും ഉൾക്കൊണ്ടതിനാലാണ് വ്യക്തമായ കാലദർശനത്തിന്റെ അഭാവം ആശാൻ കവിതയിലുള്ളത്.

ഏകത്വത്തിന്റെയും യോഗാത്മകതയുടെയും സൂക്ഷ്മതയിൽ നിന്നുകൊണ്ടാണ് കാലത്തെ ഉണ്മയുടെ വെളിച്ചമായും ആത്മസംസ്ക്കരണത്തിനുള്ള പ്രചോദനമായും ആശാൻ കാണുന്നത്. അവബോധത്തിന്റെ മാനമേകി ആനന്ദരൂപമായി കാലത്തെ ആവിഷ്ക്കരിക്കുമ്പോൾ അത് ഭൗതികസത്തയെ അതിക്രമിക്കും. അതിന് ആനുഭവികമായ കാല(Empirical time)ത്തെയും ലാവണ്യാത്മകമായ കാല(Aesthetic time)ത്തെയും മഹാകാല(Cosmic time)ത്തെയും ബോധാധിഷ്ഠിതമാക്കി പുനഃസൃഷ്ടിച്ച് നിത്യതയിലേക്ക് സമന്വയിപ്പിക്കുന്ന കാലനിർണ്ണയപദ്ധതി തന്റെ രചനകളിലൂടെ അദ്ദേഹം സാക്ഷാത്ക്കരിച്ചിരിക്കുന്നു. അനന്തമായ സ്ഥലകാലബോധം ആത്മജ്ഞാനത്തെ ലക്ഷ്യമാക്കുമ്പോഴാണ് പ്രതിഭാശക്തി കാര്യകാരണഭാവങ്ങളിലൂടെ, അനന്തവൈചിത്ര്യമാർന്ന കല്പനകളിലൂടെ വാഗ്രൂപമെടുക്കുന്നത്. ഭാഷാപരമായ സംജ്ഞകളുടെ അർത്ഥം രൂപമെടുക്കുന്നതും കാലത്തിലൂടെയാണ്. ഒരു പദം രണ്ട് കാലത്തിലോ വ്യത്യസ്ത സാഹചര്യത്തിലോ ഉപയോഗിക്കുമ്പോൾ അർത്ഥവ്യത്യാസം ഉണ്ടാകുന്നത് കാലത്തിന്റെ ബഹുസ്വരതകൊണ്ടാണ്.

സ്ഥല-കാലങ്ങൾ പരസ്പരം മാറ്റാൻ കഴിയുന്ന സംവർഗ്ഗങ്ങളായാണ് ആശാൻകവിതയിലുള്ളത്. സ്തോത്രകൃതികളിലെ വൈരാഗ്യ പഞ്ചകത്തിൽ ''അല്ലയോ ശംഭോ, തീരത്തു വളരുന്ന മരച്ചുവ

158- അപ്പൻ കെ.പി.- സമയപ്രവാഹവും സാഹിത്യകലയും- ഡി.സി.ബുക്ക്സ്, എഡി-1, കോട്ടയം 1996, പുറം -67

ടിനെ തട്ടിയൊഴുന്ന നദിപോലെയുള്ള കാലത്തിന്റെ ഗതിവേഗം ശരീരത്തിന്റെ അടി തുരക്കുന്നു"[159] (ശ്ലോകം-1) വെന്ന് കവി പറയുന്നു. സ്ഥലകാല പരിവൃത്തത്തിലൊതുങ്ങിയ സ്ഥൂലപ്രപഞ്ചത്തിലെ സകല പ്രതിഭാസങ്ങളെയുമാണ് നശിച്ചു പോകുന്നത് എന്ന അർത്ഥം വരുന്ന ശരീരം എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത്. അനശ്വരമായതൊന്നും സ്ഥല-കാലങ്ങളുടെ വരുതിയിൽ നിൽക്കില്ല. കാലത്തിന്റെ ഗതിവിഗതികളോട് ഇണങ്ങിച്ചേരാൻ ഒരു പദാർത്ഥത്തിൽ നടക്കുന്ന പുനഃക്രമീകരണമാണ് അതിനെ നിരന്തര പരിവർത്തനത്തിന് വിധേയമാക്കുന്നത്. മാറിമറഞ്ഞ് വരുന്നവക്കെല്ലാം സമാശ്രയമാകുന്നത് അടിപതറാതെ നിലകൊള്ളുന്ന ഈശ്വരതത്ത്വമാണ്.

കാലഗതിയിലുള്ള കവിയുടെ ഉൽക്കണ്ഠയാണ് ശാങ്കരശതകത്തിൽ പങ്കുവെക്കുന്നത്. അതിവേഗം കറങ്ങുന്ന കാലചക്രത്തിന്നനുസരിച്ച്  ഒരാൾ ലോകത്തിൽ ജനിച്ച് ജീവിച്ച് മരിച്ചു പോകുന്നു. ജനിമൃതികൾക്കടിമയായി വേദനയോടെ സംസാരചക്രത്തിൽ ഉഴലുന്നതെല്ലാം  ആലോചിച്ച് നെഞ്ച് നീറ്റുന്ന ഈ അടിമയ്ക്ക് ഇനി കൈതാങ്ങ് ആരാണെന്നും[160] അതിൽത്തന്നെ മനസ്സ് അതികഠിനമായ ദുഃഖത്താൽ ഉഴറവേ, കാലനണയുമ്പോൾ ശിവപ്രകാശത്തിലെന്നാണ് തനിക്ക് ആമോദത്തോടെ കളിക്കാനാകുക എന്നും[161] കവി ചോദിക്കുന്നു. കാലഗതിയിലും ലോകസ്ഥിതിയിലും കവിക്കുള്ള ഉൽക്കണ്ഠയാണ് സർവ്വസാക്ഷിയായ പരമേശ്വരനെ സമാശ്രയിക്കാൻ പ്രേരിപ്പിക്കുന്നത്. കാലപ്രവാഹത്തിന്റെ പ്രത്യക്ഷസാക്ഷ്യമാണ് കർമ്മഫലാനുസൃതം ജനനമരണപ്രക്രിയയിലൂടെ സഞ്ചരിക്കുന്ന ലോകസൃഷ്ടികൾ. പ്രസ്തുത ചംക്രമണത്തിൽ നിന്ന് മുക്തിനേടി എന്നാണ് തനിക്ക് ഈശ്വരപദമണയാനാകുക എന്ന് കവി അന്വേഷിക്കുന്നു. ദണ്ഡ് ധരിച്ചെത്തുന്ന ഭയങ്കരനായ കാലനും പുനരാവർത്തികളിലൂടെ ജീവനെകൊണ്ടു പോകുന്ന കാലവും ഒന്നു തന്നെയാണെന്ന് കവി അനുവാചകനെ ബോദ്ധ്യപ്പെടുത്തുന്നു. അവിടെയാണ് ഇതു രണ്ടിനെയും ഒരേപോലെ മറികചന്ന കാലാരിയായ ശിവനെ സമീപിക്കുന്നത്. ശിവതത്ത്വത്തെ ബോധിച്ചാൽ കാലത്തിന്റെയോ ലോകത്തിന്റെയോ ബാധ ഉണ്ടാകില്ല.

ജീവിതത്തിന്റെ ആത്യന്തികലക്ഷ്യമായ വിമുക്തിയിലുള്ള നിലയൂന്നലിലാണ്. കഥാപാത്രങ്ങളെ താനുദ്ദേശിക്കുന്ന ലക്ഷ്യതലത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള ഭൗതികപശ്ചാത്തലമൊരുക്കാനാണ് തുടക്കത്തിൽത്തന്നെ സ്ഥലരാശിയെ വാർത്തെടുക്കുന്ന സമ്പ്രദായം ആശാൻ കൊണ്ടുവരുന്നത്. അത്യു


---

159-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി:1, മെയ്-2010 പുറം-135, (ശ്ലോകം-1)

160- അതേ പുസ്തകം- പുറം-146, (ശ്ലോകം-22)

161- അതേ പുസ്തകം- പുറം-149, (ശ്ലോകം-33)

ന്നതങ്ങളിൽ ഒരു രാജ്ഞിയെപ്പോലെ പ്രശോഭിച്ചിരുന്ന പൂവ് നിപതിച്ചു കാണുമ്പോൾ പ്രപഞ്ചത്തിന്റെ പുനരാവർത്തനങ്ങളെ വർത്തമാനം, ഭൂതം, ഭാവി എന്ന് തരം തിരിക്കാതെ അതിനെ പൂവെന്ന കേന്ദ്രബിന്ദുവിലേക്ക് കൊണ്ടുവന്ന് സ്ഥലകാലാതീതമായ അതിന്റെ അസ്തിത്വത്തെ നിർദ്ധാരണം ചെയ്യുകയാണ് കവി. വർത്തമാനകാലത്തിന്റെ പരിധികളിൽനിന്ന് വിമോചിപ്പിച്ച് നിത്യവിമുക്തിയിലേക്ക് അതിനെ ശാശ്വതീകരിക്കുന്നു. അതിനെ ഒരു ചാർട്ടിലൂടെ ഇങ്ങനെ ചിത്രീകരിക്കാം.




'നളിനി'യിൽ ഹിമാലയത്തിന്റെ ഔന്നത്യങ്ങളെ സ്ഥലരാശിയിൽ അടയാളപ്പെടുത്തി കവി പ്രതീകാത്മകമായ പ്രാരംഭം കുറിക്കുന്നു. അതിൽ ഹിമവദ്ഭാവത്തെ ദിവാകരയോഗിയും താഴ്വാരത്തെ നളിനിയും പ്രതിനിധീകരിക്കുന്നു. "ജീവപ്രകൃതിയെന്ന യാഥാർത്ഥ്യത്തിന്റെ രണ്ടിടങ്ങളാണ് കൊടുമുടിയും താഴ്വാരവും. ജീവിതത്തിന്റെ ഈ ഉഭയകോടികളെയും അഭിവ്യഞ്ജിപ്പിക്കുവാൻ പറ്റിയ പ്രതീകമാണ് ഹിമാലയശൈലശൃംഗവും അതിന്റെ ശോഭയാർന്ന തടവും. അപ്രകടമായ വാസ്തവികതയുടെ യോനിയിൽനിന്നും പിറന്നു പുറത്തു വന്ന് നാളെയുടെ സാദ്ധ്യതയിലേക്ക് വളർന്നു വരുന്നതാണ് ജീവിതമെന്ന ഇതിവൃത്തം"[162] എന്ന ഗുരു നിത്യചൈതന്യയതിയുടെ വിലയിരുത്തൽ ശ്രദ്ധേയമാണ്. കൊടുമുടികൾക്കും താഴ്വാരങ്ങൾക്കും അതീതമായിനിന്ന് അവയെയെല്ലാം പ്രകാശിപ്പിക്കുന്ന സൂര്യനെപ്പോലെ തേജസ്വിയാണ് ദിവാകരയോഗിയെന്നുള്ള സൂചനയും കവി

162-നിത്യ ചൈതന്യയതി, ഗുരു- നളിനി എന്ന കാവ്യശില്പം- കറന്റ് ബുക്ക്സ്,1 എഡി.1, 993, പുറം-22

നൽകുന്നുണ്ട്. സർവ്വകർമ്മസാക്ഷിയായ ആത്മഭാവമാണ് അതിലൂടെ വെളിപ്പെടുന്നത്.

പരമദയാലുവും ലോകബന്ധുവുമായുള്ള ബുദ്ധഭഗവാൻ തന്റെ ധർമ്മാദർശങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ ഉദ്ബുദ്ധരാക്കുന്ന സമയത്താണ് 'കരുണ'യിലെ സംഭവകഥ നടക്കുന്നതെന്നാണ് കവി നൽകുന്ന പ്രാരംഭസൂചന. സമുന്നതമൂല്യങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയാണ് കരുണ രചിക്കാൻ തനിക്ക് പ്രേരണയേകുന്നതെന്ന് പ്രസ്തുത സ്ഥലകാലസൂചനയിലൂടെ കവി വിവക്ഷിക്കുന്നു. അതിലെ നായികയായ വാസവദത്ത ബുദ്ധശിഷ്യനായ ഉപഗുപ്തനെ തന്നിലേക്കടുപ്പിക്കാൻ തോഴിയിലൂടെ ശ്രമിക്കുന്ന സന്ദർഭത്തിൽ പരിശ്രമമാകുന്ന വല്ലരി കനിയായിട്ടുണ്ടോ എന്ന് അവളോടു ചോദിക്കുന്നു. ഒരു വല്ലരി പൂത്ത് കായ്ക്കുന്ന കാലയളവെങ്കിലുംവേണം ഉപഗുപ്തനെ തന്റെ വശത്താക്കാനെന്ന് വാസവദത്ത കണക്കാക്കുന്നു. ധ്യാനധാരണാദികളിൽ കഴിയുന്ന ഉപഗുപ്തന്റെ അവബോധം വാസവദത്തയുടെ സമയസങ്കല്പവുമായി ഘടിക്കാതെ പോകുന്നു. സത്വസംശുദ്ധിയുടെ ആന്തരികമായ സൂക്ഷ്മസ്ഥലികളിലൂടെ വാസവദത്ത സഞ്ചരിക്കേണ്ടുന്ന കാലയളവിനെക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്നതിനാലാണ് കാണാൻ സമയമായില്ലെന്ന മറുപടി അദ്ദേഹത്തിൽനിന്നുണ്ടായത്. ശരീരതൃഷ്ണകളും മനസ്സിന്റെ സങ്കല്പവികല്പങ്ങളും ബൗദ്ധികമായ വിവേചനങ്ങളും കെട്ടടങ്ങുമ്പോഴുള്ള അവസ്ഥയിലാണ് ബോധമണ്ഡലത്തിൽ മഹാവാക്യങ്ങൾ പ്രവർത്തിക്കുന്നത്. ഇവിടെ കാലം അമൂർത്തമായ നിയതിയുടെ പ്രബോധമാദ്ധ്യമമായി മാറി ജീവനെ അതിലേക്കുയരുന്നതിന് സംസ്ക്കരിച്ചെടുക്കുന്നു. വാസവദത്ത പ്രണയാധിഷ്ഠിതമായ കാലപരിധിയിൽ വർത്തിക്കുമ്പോൾ കാലാതീതമായ പ്രജ്ഞയിലാണ് ഉപഗുപ്തന്റെ സ്ഥിതി. അതുകൊണ്ടാണ് ശരണത്രയബോധന ത്തിലൂടെ വാസവദത്തയെ മഹാനിർവ്വാണത്തിന്റെ സ്ഥലകാലാതീതമായ സത്യത്തിലേക്കുയർത്താൻ ഉപഗുപ്തന് സാധിക്കുന്നത്.

## ധർമ്മസങ്കല്പം

വ്യത്യസ്ത ഗുണഘടനയും സ്വഭാവസവിശേഷതകളുള്ള പ്രപഞ്ചവിഷയങ്ങളെ കോർത്തിണക്കുന്ന കേന്ദ്രമൂല്യമാണ് ധർമ്മം. പ്രപഞ്ചത്തെക്കുറിച്ച് മനുഷ്യനുണ്ടായ അവബോധം അതിന്നനുസൃതമായി ഓരോ പ്രാപഞ്ചിക ഘടകത്തിന്നും വ്യഷ്ടിചലനങ്ങൾക്കും സ്ഥാനനിർണ്ണയം ചെയ്യാൻ അവനെ പ്രേരിപ്പിച്ചു. അങ്ങനെയുണ്ടായതാണ് ധർമ്മബോധം. ജീവിതത്തിന്റെ ഏത് തലത്തിലും അത് പ്രസക്തമാണ്.[163]

---

163-Pavlov- Twenty years of objective study of nervous activity (behavior) of animals- 1928, page-80, Quoted in problems of modern aesthetics, 1969, Moscow

ധർമ്മാവബോധം ആശാൻകവിതകളിൽ ശുഭാപ്തിവിശ്വാസമായും നിലനിൽക്കുന്നുണ്ട്. ധർമ്മത്തെ കുറിച്ചുള്ള അറിവും സാർവ്വത്രികമൂല്യങ്ങളോടുള്ള പ്രതിബദ്ധതയും അനശ്വരതയിലുള്ള വിശ്വാസവും വൈയക്തികമായ സാദ്ധ്യതകളിലേക്കുള്ള ഉന്മുഖത്വവും ശുഭാപ്തിവിശ്വാസത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. അത് വികാരത്തിൽനിന്ന് ഉടലെടുത്ത്, ഇച്ഛാശക്തിയിലേക്കും വിജ്ഞാനത്തിലേക്കും ഉപരിതന(Vertical)മായി സഞ്ചരിച്ച്, ആന്തരികമായ സ്വാസ്ഥ്യത്തിൽ എത്തിച്ചേർന്ന് ജീവിതത്തെ സാർത്ഥകമാക്കുന്നു. ചന്ദ്രനില്ലാത്ത രാത്രിയിൽ ആകാശത്ത് നക്ഷത്രങ്ങളെന്നപോലെ കടലിലെ ദ്വീപുകളെന്നപോലെ ഏത് വലിയ ആപത്ത് ഇല്ലാതാക്കാനും ഒരു കാരണം വന്നു ചേരാമെന്ന് കവി ചിന്താവിഷ്ടയായ സീതയിൽ പറയുന്നു.[164]

ധർമ്മത്തിൽ അധിഷ്ഠിതമായ ലോകവീക്ഷണവും ജീവിതാചരണവുമാണ് ആശാൻ കവിത ലക്ഷ്യംവെക്കുന്നത്. സുദൃഢമായ പ്രത്യാശയുടെ രൂപത്തിലാണ് ധർമ്മശക്തിയെക്കുറിച്ചുള്ള സങ്കല്പം ആശാന്റെ  കവിതകളിൽ കാണുന്നത്. ലോകോക്തികൾ, പ്രബോധനങ്ങൾ, ആഹ്വാനങ്ങൾ എന്നിവയി e qsSb nW \C X \k nt[ ns¨ Sq pŠ X \ഗന്ന് അതിന്റെ ഉച്ചകോടിയെ പ്രാപിക്കുമ്പോൾ അതിന് അഭാവത്തിന്റെ സ്വഭാവത്തിലേക്ക് എത്തിച്ചേരുമെന്ന് കവി 'പ്രരോദന'ത്തിൽ സൂചിപ്പിക്കുന്നു(ശ്ലോകം-26). 'ഒന്നായും എന്നാൽ വ്യാകുലമായും ഇരിക്കുന്ന വിശ്വത്തിന്റെ ചക്രസമൂഹം ധർമ്മത്തിന്റെ അച്ചുതണ്ടിൽ നിന്ന് പ്രളയംവരെ കറങ്ങിക്കൊണ്ടിരിക്കുന്നു'വെന്നും[165] 'നിശ്ചയമായും ധർമ്മരഥം ഓടിച്ച് ഉദാരമായ ശോഭയോടെ സൂര്യൻ വന്നണയും. കൂരിരുട്ട് എന്നും ഒരുപോലെ നിലനിൽക്കുകയില്ല. യാതൊരു ഊനവും തട്ടാത്ത ഭയങ്ങളുടെ നിഴൽപോലും മറഞ്ഞു പോകും. മിന്നാമിനുങ്ങ് നക്ഷത്രസമൂഹത്തോടൊപ്പം ആനന്ദനിലയമായ ജ്യോതിസ്സിൽ നിലീനമാകു'[166]മെന്നും 'ദേഹാംശങ്ങളിൽ ഇരുട്ടും പ്രകാശവും പല പല ഭേദങ്ങളിൽ ചേർത്ത് അല്ലയോ ശാശ്വതശക്തീ, നീ ലോകങ്ങളെക്കൊണ്ട് പന്താടി കളിക്കുന്നു'[167]വെന്നും കവി പറയുന്നു. ഈ പ്രപഞ്ചത്തിലെ എല്ലാ ചലങ്ങളെയും സുവ്യവസ്ഥിതവും സന്തുലിതവുമാക്കുന്ന ഒരു നിയാമകശക്തി ധർമ്മാധിഷ്ഠിതമായി പ്രവർത്തിക്കുന്നുവെന്നും അതുകൊണ്ട് ധർമ്മത്തിന് സംഭവിക്കുന്ന ഗ്ലാനി താൽക്കാലികമാണെന്നും കവിക്ക് ഉത്തമബോദ്ധ്യമുണ്ട്. ധർമ്മത്തിന്റെ പരമമൂല്യം വെളിപ്പെടുന്നത് അതിന്റെ പ്രതിദ്വന്ദ്വിയായ അധർമ്മം നിലകൊള്ളുന്നതിനാലാണ്. ധർമ്മാധർമ്മങ്ങളുടെ

---

164- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-676, (ശ്ലോകം-26)

165- അതേ പുസ്തകം- പുറം- 82, (ശ്ലോകം-93)

166- അതേ പുസ്തകം- പുറം-103, (ശ്ലോകം-145)

167- അതേ പുസ്തകം- പുറം- 104, (ശ്ലോകം-146)

അസന്തുലിതാവസ്ഥയ്ക്ക് പ്രകൃതിതന്നെ പരിഹാരം കണ്ടെത്തുമെന്നുള്ള വിശ്വാസം ആശാൻ തന്റെ കാവ്യങ്ങളിലുടനീളം വെച്ചുപുലർത്തുന്നുണ്ട്.

'കരുണ'യിൽ ശ്മശാനത്തിൽ കിടക്കുന്ന വാസവദത്തയോട് കരയാതിരിക്കാനും ഭീരുത കളയാനും സമ്യക്ക് ദൃഷ്ടി, സമ്യക്ക് സങ്കല്പം, സമ്യക്ക് വാക്ക്, സമ്യക്ക് കർമ്മം, സമ്യഗാജീവം, സമ്യക്ക് വ്യായാമം, സമ്യക്ക് സ്മൃതി, സമ്യക്ക് സമാധി എന്നീ അഷ്ടാംഗമാർഗ്ഗത്തിൽ ചരിക്കുന്ന ബുദ്ധഭഗവാന്റെ പരിശുദ്ധമായ തൃപ്പാദങ്ങൾ തുടച്ച കൈകൾകൊണ്ട് മനോഹരമായ നിന്റെ നെറുക് ഞാൻ തലോടാമെന്നും പറഞ്ഞ് ഉപഗുപ്തൻ അപ്രകാരം പ്രവർത്തിക്കുന്നു.[168] ധർമ്മത്തിലടിയുറച്ചു ജീവിക്കുന്ന ഉപഗുപ്തന്റെ ദേഹസുഷമയിൽ ആകൃഷ്ടയായ വാസവദത്തയ്ക്ക് യഥാസമയം ലഭിക്കുന്ന ഈ അനുഗ്രഹസ്പർശം നിലവിലുള്ള അവളുടെ അവബോധത്തെ ഉയർത്തി ശരണത്രയത്തിന്റെ പരമതാല്പര്യം ഗ്രഹിക്കുന്നതിനു സജ്ജമാക്കുന്നു.

നിരന്തരം കറങ്ങിക്കൊണ്ടിരിക്കുന്ന വിധിചക്രം അമലമായ ധർമ്മത്തിലൂന്നിയതാണ്. ചന്ദ്രനെപ്പോലെ അതിൽ തെളിച്ചവും മങ്ങലും മാറിമാറി വരുമെന്ന് 'പുഷ്പവാടി'യിലെ നിഷ്ക്കപടതയോട് എന്ന കവിതയിൽ ആശാൻ എഴുതുന്നു.[169] 'ചേരും ധർമ്മത്തിൽ നിന്നാൽ ജയ,മപജയമാം തെറ്റിയാലോർക്ക' എന്നാണ് കവി ആശംസിക്കുന്നത്. ധർമ്മത്തിൽ നിന്നാൽ ജയവും അതിന് വിരുദ്ധമായി നിന്നാൽ പരാജയവും ഉണ്ടാകുമെന്ന് ഓർക്കാനാണ് 'വനമാല'യിലെ പള്ളിക്കെട്ട് മംഗളാശംസയിൽ കവി പറയുന്നത്.[170]

## മൃത്യു

നിരന്തരപരിണാമങ്ങൾക്ക് വിധേയമാകുന്ന സ്ഥലകാലനിബദ്ധമായ പ്രപഞ്ചപ്രതിഭാസങ്ങളുടെ അനിവാര്യമായ പരിവർത്തനഘട്ടമാണ് മരണം. പ്രാതിഭാസികവും വ്യാവഹാരികവുമായ തലത്തിലാണ് അദ്വൈതചിന്തയിൽ മറ്റ് വിരുദ്ധദ്വന്ദ്വങ്ങളെന്നപോലെ ജനിമൃതികളും പ്രസക്തമാകുന്നത്. ആത്മാവിന്റെ ഉപാധിഭേദമാണ് ജീവത്വകല്പനയ്ക്ക് ആധാരം. പഞ്ചഭൂതങ്ങളിൽനിന്നുണ്ടായ സ്ഥൂലശരീരം നശിക്കുമ്പോൾ കർമ്മസംസ്ക്കാരം സൂക്ഷ്മശരീരത്തെ പ്രാപിക്കുന്നു. അതും നശിച്ചു കഴിയുമ്പോൾ കാരണശരീരത്തിലേക്ക് പ്രവേശിക്കുന്നു. അവിദ്യാജനിതമായ കർമ്മസംസ്ക്കാരത്തിന്റെ

168- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-126

169- അതേ പുസ്തകം- പുറം-126, (ശ്ലോകം-7)

170- അതേ പുസ്തകം- പുറം-358, (ശ്ലോകം-3)

വാസനാബീജങ്ങൾ നിലനിൽക്കുന്നിടത്തോളം ജീവന്റെ വേർപാടും മരണാനന്തരഗതിയും ആവർത്തിച്ചുകൊണ്ടിരിക്കും. ഇത് വ്യഷ്ടിക്കും സമഷ്ടിക്കും ഒരുപോലെ ബാധകമായ പ്രപഞ്ച നിയമമാണ്. ജീവിതാസക്തിയെപ്പോലെതന്നെ ശക്തമായിരിക്കും ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള അവബോധവും. ആധുനിക മനഃശാസ്ത്രം മരണത്തോടുള്ള മനുഷ്യന്റെ മനോഭാവത്തെ നാല് തലങ്ങളിൽ വിലയിരുത്തുന്നു. 1) മരണവാസന,(Death instinct) 2) മരണാഭിലാഷം (Death wish) 3) മരണഭയം (Death fear) 4) മരണസംഭ്രമം (Death anxiety).[171]

പ്രിയപ്പെട്ടവരുടെ അകാലമരണം ഉൾക്കണ്ണു തുറപ്പിച്ച് ക്ഷണികജീവിതസുഖങ്ങളോടെല്ലാം വിരക്തി ജനിപ്പിക്കുന്നതായിരിക്കും. ആശാൻകൃതികളിൽ തത്ത്വചിന്തയുടെ സഹായംകൊണ്ട് മരണ ദുഃഖത്തിൽ ആശ്വാസം കണ്ടെത്തുന്നതിനോടൊപ്പം മരണചിന്തയുടെ വെളിച്ചത്തിൽ ജീവിതത്തെ അപ ഗ്രഥിക്കുക കൂടി ചെയ്യുന്നുണ്ട്. അതിൽ സൗന്ദര്യാത്മകവും ആത്മീയവും ദാർശനികവുമായ മൂല്യസ ഞ്ചയങ്ങൾ മൃത്യുവിന്റെ ഉരകല്ലിൽ തീവ്രശോഭ കൈവരിക്കുന്നുണ്ട്. ഒപ്പം ആ വെളിച്ചം മരണത്തിന പ്പുറത്തേക്ക് സഞ്ചരിച്ച് മൃത്യുവിൽനിന്ന് അമൃതത്ത്വത്തിലേക്ക് നയിക്കുന്നതിനുള്ള പ്രാർത്ഥനയുടെ സാഫല്യമായും മാറുന്നു. മരണത്തോടുള്ള തന്റെ ആത്മനിവേദനമായ 'പ്രരോദനം', ഉദാത്തമൃത്യുവിന്റെ സാഫല്യം മരണത്തിനപ്പുറം തേടുന്ന നായികമാരെ അവതരിപ്പിക്കുന്ന 'നളിനി', 'ലീല', 'കരുണ', സാമൂഹികമരണം(social death) നേടി പുനർജ്ജനിക്കുന്ന സാവിത്രിയുടെ കഥ പറയുന്ന 'ദുരവസ്ഥ', തല മുണ്ഡനം ചെയ്ത് ഭിക്ഷുണീമന്ദിരത്തിലെത്തി മാനസികമരണം വരിക്കുന്ന മാതംഗിയെ അവത രിപ്പിക്കുന്ന 'ചണ്ഡാലഭിക്ഷുകി' എന്നിവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. കൂടാതെ 'വനമാല' യിലെ 'ഒരനുതാപം', 'സി.വി.സ്മാരകം അഥവാ നിന്നു പോയ നാദം', 'എന്റെ സ്നേഹിതന്റെ ദേഹ വിയോഗം', 'അനുതാപം', 'ഒരു ചരമം', 'ചരമശ്ലോകങ്ങൾ', 'ജീവിതവും മരണവും', 'പറന്നു പോയ ഹംസം' എന്നീ കവിതകൾക്ക് പ്രത്യക്ഷമോ പരോക്ഷമോ ആയ ബന്ധം ഉണ്ട്.

ഭൗതികലോകത്തിന്റെ നിരർത്ഥകതയിൽനിന്നുള്ള വിഷയവൈരാഗ്യവും ആദ്ധ്യാത്മിക ആശയ ങ്ങളോടുള്ള ആഭിമുഖ്യവും മോക്ഷേച്ഛയുമുൾക്കൊള്ളുന്ന ആശാൻകൃതികളിൽ ജീവിതാഭിമുഖ്യവും മൃത്യുഭീതിയും ഇരുകരകളായി വർത്തിക്കുന്നു. ജനിമൃതികളെ ആപേക്ഷികയാഥാർത്ഥ്യങ്ങളെന്ന നില യ്ക്കാണ് ആശാൻ സമീപിക്കുന്നത്. അധികതുംഗപദത്തിൽ രാജ്ഞിയെപ്പോലെയുള്ള വാഴ്‌വ്/ നിലത്ത് വീണ ദയനീയമായ കിടപ്പ്, കഞ്ജബാണന്റെ പട്ടംകെട്ടിയ മഞ്ജുളാംഗി/ ചുടുകാട്ടിൽ അരിഞ്ഞു കൂട്ടി

---

171- കുര്യാസ് കുമ്പളക്കുഴി- മൃത്യുദർശനം മനഃശാസ്ത്രത്തിൽ- മനഃശാസ്ത്രം മാസിക, മാർച്ച് 1984, പുറം- 27-28

യ അവയവങ്ങളുമായി അവളുടെ ഒടുവിലത്തെ കിടപ്പ് തുടങ്ങിയ വിരുദ്ധാവസ്ഥകൾ സൃഷ്ടിക്കുന്ന സങ്കീർണ്ണമായ പ്രശ്നമണ്ഡലം സ്തോത്രകൃതികൾ മുതൽ പ്രസ്തുത കവിതകളിൽവരെയുണ്ട്. ഭക്ത വിലാപത്തിൽ സുബ്രഹ്മണ്യനെ സ്തുതിക്കുന്നതിനിടയിൽ "അല്ലയോ ദണ്ഡധരനായ മുരുകാ, കാലൻ എപ്പോഴും തന്റെ കൂടെയുള്ളതിനാൽ എന്നെ ശിക്ഷിക്കുമെന്ന ഭീതി പെരുകുന്നു. കാലപ്രവാഹത്തിൽ ഒഴുകിപ്പോകുന്ന വിറകായ് എപ്പോഴും മരണഭയത്തിൽ കഴിച്ചു കൂട്ടുന്ന അറിവില്ലാത്തവനായ നിന്റെ ഈ അടിമ തളർന്നു വീണു പോകുന്നു" [172] വെന്ന് പറയുന്നു. മൃത്യുവിൽനിന്ന് തന്നെ അമൃതത്വത്തി ലേക്ക് നയിക്കാൻ ഈശ്വരനൊഴികെ മറ്റാർക്കും കഴിയില്ലെന്ന തിരിച്ചറിവോടെ സമ്പൂർണ്ണമായി സ്വയമർപ്പിച്ച ഒരു ഭക്തന്റെ പ്രാർത്ഥനയാണിത്. പ്രസ്തുത നിലവാരത്തിൽ നിൽക്കുമ്പോളാണ് മരണത്തെ ഭയപ്പാടോടെ കവി അഭിസംബോധന ചെയ്യുന്നത്. ദേവതാസങ്കല്പത്തിൽ നിന്നതീതമായ ഗുരുതത്ത്വ ത്തെയും ഈശ്വരതത്ത്വത്തെയും പരാമർശിക്കുമ്പോൾ പ്രസ്തുതഭാവത്തെ മരണമുൾപ്പെടെയുള്ള ലൗകികവൃത്തങ്ങൾക്കപ്പുറം കടന്ന് സ്വായത്തമാക്കാനും കവി ശ്രദ്ധിക്കുന്നു ഇന്ദ്രിയമനോ ബുദ്ധികൾ ക്കധീനമായ മൃതിഭീതിയെ അതിൽനിന്നുയർന്ന മറ്റൊരു തലത്തിൽനിന്ന് നിർമ്മമമായാണ് കവി കാണുന്നത്. ലോകത്തിന്റെ അനിശ്ചിതാവസ്ഥയും അതിൽ പുലരുന്ന മനുഷ്യന്റെ നിസ്സഹായതയും അനുസ്മരിപ്പിക്കുന്നതിനോടൊപ്പംതന്നെ ലോകാനുഭവങ്ങളുടെ വർണ്ണശബളിമ ക്ഷണികവും നശ്വരവുമാണെന്ന് ബോദ്ധ്യപ്പെടുത്താനും കവി മരണത്തെ ഉപാധിയാക്കുന്നു. മരണസംബന്ധമായ നിരവധി പരാമർശങ്ങൾ സ്തോത്രകൃതികളിൽ കാണാം.

കാലകാലന്നരുളുമരുളുമായ്ക്കാണുവാൻ കാലമായോ [173]

പോകുന്നു കാലമരമാരറിയുന്നു ലോകം / ചാകുന്നുഴന്നു മരുവുന്നു പിറന്നിടുന്നു [174]

കാലാരിയായി വിലസുന്ന നിലാവെളിച്ചത്തോലുന്ന മോദമൊടു [175]

കാലൻ തുറന്ന കടിവായിലകപ്പെടല്ലേ [176]

മരണമാവതിനുള്ള ഭവാംബുധി [177]

---

172- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി:1, മെയ്-2010 പുറം-91, (ശ്ലോകം-57)

173- അതേ പുസ്തകം- പുറം-91, (ശ്ലോകം-57)

174- അതേ പുസ്തകം- പുറം-146 (ശ്ലോകം-22)

175- അതേ പുസ്തകം- പുറം-149, (ശ്ലോകം-33)

176- അതേ പുസ്തകം- പുറം-153, (ശ്ലോകം-49)

177- അതേ പുസ്തകം- പുറം-161, (ശ്ലോകം-83)

ജനിമൃതിക്കടലിൽ കരയെന്നിയേ (ശാങ്കരശതകം, ശ്ലോകം-85) [178]

മരണമെന്ന ലോകയാഥാർത്ഥ്യത്തെ വ്യക്തമായി അനുഭവപ്പെടുത്തുന്നത് വീണപൂവിലാണ്. ആത്മാന്വേഷണപരമായ അന്തർമ്മുഖത്വം നൽകുന്ന ഉൾക്കാഴ്ചയോടെ മരണമെന്ന യാഥാർത്ഥ്യത്തെ കവി നിരൂപണം ചെയ്യുന്നു. പ്രാപഞ്ചികതലത്തിലെ മാറ്റങ്ങളും അതിന്റെ തുടർച്ചയായ പതനവും അസാധാരണമല്ലെന്നും പൂവിന് അതിൽ നിന്നെല്ലാം അതീതവും അനശ്വരവുമായ അസ്തിത്വമുണ്ടെന്നും കവി സ്ഥാപിക്കുന്നു. അവിടെ മൃതിഭീതിയുടെ നിസ്സഹായതകളെ മറികടന്ന് അനിവാര്യമായ ലോകനിയമങ്ങളെ അറിയുകയും അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. അതിനുപരിയുള്ള അവബോധത്തിന്റെ വെളിച്ചത്തിൽ ഉൾക്കൊണ്ടവയെ എല്ലാം അതിക്രമിക്കുകയും ചെയ്യുന്നു.

ശ്രീഭൂവിലസ്ഥിരയെന്ന നിശ്ചിതസ്വഭാവത്തിന്റെ പ്രവചനത്തോടെ തുടങ്ങുന്ന വീണപൂവ് ലൗകികമായ തൃഷ്ണയുൾപ്പെടെയുള്ള അന്തഃകരണവ്യാപാരങ്ങളെയും സഹജമായ ആത്മപ്രകാശനത്തെയും സ്വതന്ത്രമാക്കുന്നു. സൂര്യനുൾപ്പെടെയുള്ള അനന്തമായ ഊർജ്ജസ്രോതസ്സിന്റെ പ്രകടീകരണങ്ങളാണ് ഇലയും പൂവും കായും. ഈ ഊർജ്ജത്തിന്റെ ചാക്രികമായ ഗതിവിഗതികളാണ് ജനിമൃതികളായി വെളിപ്പെടുന്നത്. ബാഹ്യദളങ്ങൾ, ഇതളുകൾ, പരാഗണകോശം എന്നിവ ഉള്ളടങ്ങുന്ന പൂവ് എന്ന ബിംബം ജൈവപ്രകൃതിയെ പ്രതിനിധാനം ചെയ്യുന്നു. അതുൾക്കൊള്ളുന്ന തത്ത്വം പാരസ്പര്യത്തിന്റേതാണ്. നിലനില്പിന് ആധാരമായ പ്രത്യുല്പാദനവ്യവസ്ഥയെ ചരജീവികളിലൂടെയാണ് പൂവ് നിർവ്വഹിക്കുന്നത്. ഇത് ക്രമമായി വിടരുന്ന പ്രപഞ്ചബോധത്തെ പ്രതിനിധീകരിക്കുന്നു. ഔപനിഷദോക്തികളിലൂടെ ലഭ്യമാകുന്ന പരമവിശ്രാന്തി, പരിത്യാഗത്തിന്റെ യുക്തി എന്നിവയെക്കല്ലാം അവിടെ സ്ഥാനം ലഭിക്കുന്നു.

പൂവിന്റെ മരണത്തിൽ വണ്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുഃഖത്തെക്കുറിച്ച് കവി പരാമർശിക്കുന്നത് ഇങ്ങനെയാണ്. ദേവന്മാർ(അല്ലെങ്കിൽ പണ്ഡിതന്മാർ) പോലും ആകർഷിക്കുന്ന ഗുണധോരണിയുടെ ഉള്ളടക്കമായിരുന്ന വീണപൂവിന്റെ പതനത്തിൽ ഇനി ദുഃഖാർത്തനായിരിക്കുന്നതിൽ അർത്ഥമല്ല.[179] മരിച്ചുപോകുമെന്നതിൽ തെല്ലും സംശയമില്ല. എന്നാൽ ദുഃഖത്താലുള്ള മനംമടുപ്പ് അത്രത്തോളം വലുതാണ്. ദുഃഖിതനായൊരുത്തൻ മരത്തിലും കല്ലിലും തലയിടിക്കുകയാണ് ചെയ്യാറുള്ളത്. നിശ്ചിത

---

178- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി:1, മെയ്-2010 പുറം-161, (ശ്ലോകം-85)

179- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 244, (ശ്ലോകം-14,15)

സ്ഥലകാലങ്ങളിൽ അനുഭവപ്പെടുന്നതാണ് സുഖദുഃഖങ്ങൾ. വിഷയങ്ങൾ ഒരു സന്ദർഭത്തിലുണ്ടാക്കുന്ന അനുഭവതീവ്രത സമയത്തിന്റെ മറ്റൊരു ബിന്ദുവിൽനിന്ന് അതിനെ വിലയിരുത്തുമ്പോൾ ഉണ്ടാകുന്നില്ല. പോക്കുവരവുകൾക്കിടയിൽ സ്ഥിരമായ ഒന്നിനും ഇടമില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ദുഃഖിച്ചിരിക്കുന്നത് നിഷ്ഫലമെന്ന് കവി പറയുന്നത്. പ്രകൃതിയുടെ താളക്രമത്തിന് കൃത്യമായ അടുക്കും മുറയുമുണ്ട്. വ്യക്ത്യധിഷ്ഠിതമായ സുഖദുഃഖങ്ങളുടെ അളവുകോലൊന്നും പ്രകൃതിനിയമത്തെ ബാധിക്കില്ല. മാത്രമല്ല, ഈ പ്രപഞ്ചത്തിലൊന്നിനും ആത്യന്തികനാശം ഇല്ലാത്തതുകൊണ്ട് നിലവിലുള്ള അവസ്ഥ ഇന്ദ്രിയപരിധിയിൽനിന്ന് വിലയിരുത്തുമ്പോൾ അനുഭവപ്പെടുന്ന ഭൗതികമായ വേർപെടൽ മാത്രമാണ്. കൂടാതെ, വർത്തമാനകാലത്ത് വിനിയോഗിക്കേണ്ട ഊർജ്ജത്തെ ഫലപ്രദമായി വിനിയോഗിക്കാൻ ദുഃഖമുൾപ്പെടെയുള്ള വൈകാരികാവസ്ഥകളൊന്നും അനുവദിക്കുകയുമില്ല. ഇതെല്ലാം കാരണമാണ് ദുഃഖിച്ചിരിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് കവി പറയുന്നു.

'വീണപൂവി'ലും 'പ്രരോദന'ത്തിലും പരാമർശിക്കുന്ന മൃത്യുബോധം 'നളിനി'യിലും 'ലീല'യിലും തീവ്രമായ അമൃതത്ത്വവാഞ്ഛയായാണ് മാറുന്നത്. ഉൽകൃഷ്ടവും ദിവ്യവുമായ പ്രണയത്തെ മരണത്തിനപ്പുറത്തേക്ക് അവയിൽ പ്രതിഷ്ഠിക്കുന്നു. ആത്മനിർവൃതിയുടെ ഉച്ചകോടിയിൽ സംഭവിക്കുന്ന മൃത്യുമുതൽ അതൃപ്തഹൃദയങ്ങൾ വരിക്കുന്ന ജീവത്യാഗംവരെയുള്ളതെല്ലാം അതിൽ പരാമൃഷ്ടമാകുന്നു. നളിനിയിൽ അഞ്ചിൽ മൂന്നും ലീലയിൽ ഏഴിൽ അഞ്ചും കഥാപാത്രങ്ങൾ മൃത്യുവിന്റെ പിടിയിലമരുന്നുണ്ട്. അനായാസേന മരണമെന്ന ലൗകികന്റെ തലവും സ്വച്ഛന്ദമൃത്യുവെന്ന ദിവ്യാത്മാക്കളുടെ തലവും ഇവിടെ നിർദ്ധാരണം ചെയ്യപ്പെടുന്നു. ഇവിടങ്ങളിലെല്ലാം മരണവിഷയത്തെ സംബന്ധിച്ച് കവിയും ദാർശനികനും തമ്മിലുള്ള സംഘർഷം ശക്തമാണ്.

നളിനിയിൽ മരണത്തെ ഉദാത്തീകരിക്കാൻ കവി ശ്രമിക്കുന്നു. എപ്പോൾ വേണമെങ്കിലും പിരിയത്തക്ക വിധത്തിൽ വളരെ ദുർബ്ബലമായാണ് ദേഹവും ദേഹിയും തമ്മിലുള്ള ബന്ധം അവിടെ വിശദീകരിക്കുന്നത്. നളിനിയുടെ മാതാപിതാക്കൾ പുത്രീവിയോഗ ദുഃഖംകൊണ്ട് മൃതരാകുമ്പോൾ പ്രണയസാഫല്യത്തിന്റെ ആനന്ദമൂർച്ഛയിലാണ് നളിനി ജീവൻ വെടിയുന്നത്. ദിവാകരനിലൂടെ നളിനിയുടെ ദേഹത്യാഗത്തെ വിലയിരുത്തുന്നത് വളരെ ശ്രദ്ധേയമാണ്. നളിനിയിൽ 'വെള്ളം താണുപോകുന്ന ചിറയെ മത്സ്യമെന്നതുപോലെ' പ്രാണൻ എന്നെ ഉപേക്ഷിച്ചു പോകുന്നുവെന്ന് നളിനി പറയുന്നുണ്ട്.[180] തന്റെ

---

180-പ്രാണനെന്നെ വെടിയുന്നിതേ ജലം താണിടും ചിറയെ മത്സ്യമെന്നപോൽ

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 311, (ശ്ലോകം-129)

പ്രാണനായകനാൽ നയിക്കപ്പെടേണ്ടവളാണ് താനെന്ന് നളിനി ദിവാകരനോട് പറയുന്നു. ദിവാകരനാണ് നളിനിയുടെ പ്രാണബലം. അത് നഷ്ടപ്പെടുമ്പോൾ വെള്ളമൊഴിഞ്ഞ ചിറയിലെ മത്സ്യത്തിന്റെ അവസ്ഥ യാണ് നളിനിക്ക് ഉണ്ടാകുന്നത്. ദിവാകരന്റെ സാന്നിദ്ധ്യത്തിലാണ് തന്റെ അസ്തിത്വത്തിന് അർത്ഥമു ണ്ടാകുകയെന്ന് നളിനി കരുതുന്നു. ഉയർന്ന അവബോധത്തിൽ വർത്തിക്കുന്ന ഒരു വ്യക്തി സുനിശ്ചി തമായ തന്റെ ദേഹവിയോഗത്തെ പ്രവചിക്കുന്ന തലം കൂടിയാണിത്. തുടർന്ന് ദിവാകരനിലൂടെ നളിനി യുടെ മരണത്തെ വിലയിരുത്തുന്നതും ശ്രദ്ധേയമാണ്. നളിനി മരണത്തിലൂടെ പരമമായ മഹസ്സിലെത്തി ച്ചേർന്നിരിക്കുകയാണ്. ജീവനും ശരീരവും തമ്മിലുള്ള ബന്ധം വളരെ നിസ്സാരമെന്ന് തെളിയിച്ചിരിക്കു ന്നു. സ്വയമേവ മൃത്യുവരിച്ച നളിനിയെയോർത്ത് ഭീകരനായ യമൻപോലും ലജ്ജിതനാകും [181](ശ്ലോകം-153). ദുഃഖമെല്ലാം കളഞ്ഞ് ഈ ലോകത്തെ ഉപേക്ഷിച്ച നളിനി ദിവാകരയോഗിക്ക് ഗുരൂപ ദേശമേകി[182](ശ്ലോകം-163). ധർമ്മച്യുതി സംഭവിക്കാതെ കർമ്മപാശഗതി കടന്നുപോയ നളിനിയുടെ സിദ്ധിലാഭത്തിന് ഇടമായിത്തീർന്ന ദിവാകരന്റെ ശരീരത്തിന് തീർത്ഥഭൂമിയുടെ പവിത്രതയാണ് കൈവ ന്നിരിക്കുന്നത് [183](ശ്ലോകം-165). ദിവാകരനെ നളിനിയുടെ മരണം അതിശക്തമായി പിടിച്ചുലയ്ക്കു കയും അദ്ദേഹത്തെ ലോകസേവാനിരതനാക്കുകയും ചെയ്തു. ഇവിടെ യോഗിയുടെ മനസ്സ് നളിനിയുടെ മരണത്തെ വിലയിരുത്തുമ്പോൾ പുലർത്തുന്ന നിഷ്പക്ഷതയും സന്തുലിതാവസ്ഥയും മറ്റും ലൗകികതലത്തിൽ നിന്ന് എത്രയോ ഉയർന്നതാണ്. മാംസനിബദ്ധമല്ലാത്ത പ്രണയം മൃത്യുവിനെ മറിക ടന്ന അത്യുദാത്തമായ അവസ്ഥയും കൂടിയാണത്.

മൃത്യുവിന്റെ സ്വാധീനം വളരെയധികമുള്ള മറ്റൊരു കൃതിയാണ് ലീല. നിരന്തരപരിണാമത്തിന് വിധേയമായ ഈ ലോകത്തിന്റെ അനിവാര്യമായ ഗതിവിഗതികളുടെ തുടർച്ചയാണ് മരണമെന്നും അതിനെ അതിക്രമിക്കുന്നതിനുള്ള മൃത്യുഞ്ജയേച്ഛ കൈവരിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടതെന്നും അതിൽ കവി സ്പഷ്ടമാക്കുന്നു. ലൗകികജീവിതത്തിന്റെ ആഴത്തിലുള്ള സ്വാധീനത്തെ പ്രതിരോധിയ്ക്കാനാണ് എല്ലാ ഉപലബ്ധികളും മൃത്യുവിന് മുന്നിൽ നിസ്സാരമാണെന്ന് സമർത്ഥിക്കുന്നത്. യൗവനയുക്തനായ ലീലയുടെ ഭർത്താവിന്റെ മരണത്തെക്കുറിച്ച് അവൻ ഒരു പ്രഭാതത്തിൽ ഉണരാതെയായി[184] എന്നാണ് നിർവ്വികാരം ചിത്രീകരിക്കുന്നത്. ഈ സന്ദർഭത്തെ കവി ഇങ്ങനെ വിശദീകരിക്കുന്നു. മരണത്തിന്

181- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം- 318, (ശ്ലോകം-153)

182-അതേ പുസ്തകം- പുറം- 320, (ശ്ലോകം-163)

183-അതേ പുസ്തകം- പുറം-321, (ശ്ലോകം-165)

184-അതേ പുസ്തകം- പുറം- 342, (ശ്ലോകം-1-38)

അകത്തു കടക്കാനുള്ള വാതിൽ എപ്പോഴും തുറന്നിട്ടിരിക്കുന്നു. ജനിച്ചവന് ഏത് കാലത്തും മരണമുണ്ടാകാം. ആർക്കും എപ്പോൾ വേണമെങ്കിലും എവിടെവെച്ചും സംഭവിക്കാവുന്ന മരണത്തിന് പ്രദേശം, പ്രായം, അവസ്ഥ, കുലം, ജാതി, ലിംഗം എന്നിങ്ങനെ മനുഷ്യനിർമ്മിതമായ പരികല്പനകളിലൊന്നും നിൽക്കുന്നതല്ല. ഹൃദയവേദനയാണ് അദ്ദേഹത്തിന്റെ മരണത്തിനിടയാക്കിയത്. ഇതിനെ കുറിച്ച് ലീലാ വ്യാഖ്യാനത്തിൽ കരിമ്പുഴ രാമചന്ദ്രൻ എഴുതുന്നു. "പൊറുക്കാനാകാത്ത ഹൃദയവേദനയിൽ അയാൾ നീറി നീറി മരിച്ചു. ഒരുഷസ്സിൽ-ഇതിൽ നിന്ന് ഈ വേദന വളരെ അവൻ അനുഭവിച്ചുവെന്നും ഓരോ ഉഷസ്സിലും അവൻ മരിച്ചു ജീവിക്കുകയാണ് ചെയ്തതെന്നും ഒടുവിൽ ഒരു നാൾ ഉണരാത്ത വിധം ഉറങ്ങിയെന്നും ദ്യോതിക്കുന്നു."[185]

നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന പ്രാപഞ്ചികപദാർത്ഥങ്ങൾ നശ്വരമാണെന്ന് കവി പറയുന്നത് എല്ലാത്തിനും ആധാരമായ ആത്മസത്യത്തെ സ്ഥാപിക്കാനാണ്. അവസ്ഥാന്തരപ്രാപ്തി യല്ലാതെ ഒന്നിനും ആത്യന്തികവിനാശമെന്നൊന്ന് ഇല്ലെന്ന് കവിയ്ക്ക് ബോദ്ധ്യമുണ്ട്. ലൗകികയാഥാർത്ഥ്യങ്ങളിൽ താദാത്മ്യപ്പെട്ടിരിക്കുന്ന അവബോധത്തെ വിമലീകരിക്കുകയും ഉന്നിദ്രമാക്കുകയും ചെയ്യുകയാണ് കവിയുടെ ലക്ഷ്യം. ജൈവലോകം മൃതിവശഗമെന്ന ലോകസാമാന്യമായ യുക്തി ആരിലും സന്നിവേശിപ്പിക്കേണ്ടതില്ല. എന്നാൽ അനശ്വരതയെക്കുറിച്ച് നിരന്തരം അവലോകനം ചെയ്യേണ്ടത് അനിവാര്യവുമാണ്. അപ്പോഴാണ് ഉൽപ്പത്തി കർമ്മഗതിപോലെ വരുമെന്നതുപോലെ മാംസപഞ്ജരം വെടിഞ്ഞാലും ആരും എന്നന്നേക്കുമായി മറഞ്ഞു പോകുന്നില്ലെന്ന് കവിക്ക് ഓർമ്മപ്പെടുത്തേണ്ടി വരുന്നത്. പഞ്ചഭൂതങ്ങളിൽ നിന്നുണ്ടായ ഭൗതികശരീരം മരണത്തിലൂടെ അതിന്റെ ഉറവിടത്തിലേക്കു തന്നെ തിരിച്ചു പോകുന്നു. അതുകൊണ്ടാണ് ഈ ലോകത്തിൽനിന്ന് ആരും എന്നന്നേക്കുമായി മറയുകയില്ലെന്നും മരണത്തോടെ എല്ലാം അവസാനിക്കുന്നില്ലെന്നും കവി പറയുന്നത്.[186] ഉണ്ടായി നിലനിന്ന് രൂപാന്തരപ്പെടുന്നവയ്ക്കെല്ലാം അതീതമായ ആത്മതത്ത്വം ഉല്പത്തിവിനാശങ്ങൾക്ക് അതീതമാണ്. മരണത്തോടെ സ്ഥൂലശരീരം വിഘടിച്ചുപോകുമെങ്കിലും വാസനാസമുച്ചയമായ സൂക്ഷ്മശരീരം (Bio-plasmatic body)അവശേഷിക്കും. അതിൽ നിഹിതമായ വാസാനാവൈഭവങ്ങൾക്കനുസരിച്ച് വിവിധ ദേഹോപാധികളിലൂടെ ആവിർഭാവ-തിരോഭാവങ്ങളുണ്ടാകും. ഇതും നശിക്കുമ്പോൾ മാത്രമേ

185- കുമാരനാശാൻ- ലീല- കരിമ്പുഴ രാമകൃഷ്ണന്റെ ലീലാഹൃദയം വ്യാഖ്യാനത്തോടു കൂടി- പുറം-141, ഡി.സി. ബുക്ക്സ്, കോട്ടയം-1982, പുറം-387

186- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-387

നിരുപാധികമായ മുക്തിയുടെ തലം അനാവൃതമാകൂ.

മരണത്തിന്റെ സജീവസാന്നിദ്ധ്യം പരഭാഗശോഭയായി വർത്തിക്കുന്ന കാവ്യമാണ് ചിന്താവിഷ്ടയായ സീത. അതിൽ സീതയുടെ വിചാരഘട്ടത്തിലെ പലയിടങ്ങളിലും മൃത്യുസ്പർശമുണ്ട്. ചിത്തഭ്രമം വന്ന് ഇന്ദ്രിയനാശം വന്ന് ജീവിക്കുന്നതിലും നല്ലത് മരണമാണെന്ന് ചിന്തിക്കുന്ന സീത ശ്രീരാമൻ കാട്ടിലുപേക്ഷിച്ചപ്പോൾ ഗർഭിണിയായ താൻ ആത്മഹത്യക്ക് മുതിർന്ന് മനസ്സ് വികലമാക്കാത്തത് നന്നായെന്ന് കരുതുന്നു. പ്രസ്തുത അവസരങ്ങളിലെല്ലാം ശരിയായ അറിവിനെ പ്രകാശിപ്പിക്കാതെ ഇന്ദ്രിയങ്ങളെ മൂടി നീറുന്ന കരളിന് കുഴമ്പുപോലെ സമാശ്വാസമേകുന്ന മരണത്തിന്റെ മകളെന്നു തോന്നിപ്പിക്കുന്ന മോഹമൂർച്ഛയെയാണ് സീത പലയിടങ്ങളിലും വരിക്കുന്നത്.

ഭൂതകാലത്തെ പക്ഷാതീതമായി നിരൂപണം ചെയ്ത സീതയ്ക്ക് കൃതകൃത്യത അനുഭവപ്പെടുന്നു. അപ്പോളാണ് ഇന്ദ്രിയങ്ങളെ പരിലാളിച്ച് മൃത്യുഭയത്തെ നീട്ടിക്കൊണ്ടുപോകുന്നതാണ് ജീവിതമെന്ന് ചിന്തിക്കുന്നില്ലെന്ന് തീരുമാനിക്കുന്നത്.[187] തന്റെ അഭിനയരംഗം കഴിഞ്ഞ നടൻ അരങ്ങൊഴിയണമെന്നതുപോലെ സീത ഈ ലോകത്തെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നു. തന്നെ തള്ളി മാറ്റി കാലചക്രത്തോടു മുന്നോട്ടു തന്നെ കുതിച്ചുകൊള്ളാൻ സീത ആവശ്യപ്പെടുന്നു. തുടർന്ന് വെണ്ണിലാവാകുന്ന ഭസ്മത്തിൽ സ്നാനം ചെയ്ത ചന്ദ്രനോടും ഇരുട്ടിനെ മുറിച്ച് വെളിച്ചം തൂകുന്ന നക്ഷത്രങ്ങളോടും ആകാശത്തിന്റെ വാതിൽപോലുള്ള കിഴക്കും പടിഞ്ഞാറുമുള്ള ദിക്കുകളെ മൂടുന്ന സന്ധ്യയോടും ലോകത്തിലെ സകല ചരാചരങ്ങളോടും സീത യാത്ര പറയുന്നു. തന്റെ സ്ഥൂലശരീരം ഭൂമിയിലും മനോഭാവങ്ങൾ ഓരോ പ്രകൃതിശോഭകളിലും ലയിക്കുമെന്നും അതുകൊണ്ട് താൻ ഒന്നിനോടും പ്രത്യേകിച്ച് യാത്ര പറയേണ്ടതില്ലെന്നുമാണ് സീതയുടെ നിശ്ചയം. തന്റെ മനസ്സിന് പ്രശാന്തിയേകിയ ബാഹ്യപരിസരത്തെ ആദ്യം അന്യമെന്ന് വിലയിരുത്തുകയും പിന്നീട് അതെല്ലാം ഒരവബോധത്തിൽ ഏകീഭവിപ്പിക്കുകയും ചെയ്യുന്ന സമന്വയബുദ്ധിയാണ് സീത ഇവിടെ കൈക്കൊള്ളുന്നത്. ഒടുവിൽ നളിനി, ലീല, വാസവദത്ത എന്നിവരെപ്പോലെ പ്രാണനാഥനായ ശ്രീരാമന്റെ ദർശനസാഫല്യം അനുഭവിച്ചാണ് സീത ഈ ലോകത്തുനിന്നും അന്തർദ്ധാനം ചെയ്യുന്നത്.

ആശാൻകവിതകളിൽ മരണം തീക്ഷ്ണഭാവത്തോടെ പ്രകടമാകുന്ന പ്രരോദനമെന്ന കാവ്യത്തിന്റെ പ്രമേയം എ.ആർ.രാജരാജവർമ്മയുടെ മരണമേല്പിച്ച് അഗാധമായ ആത്മവേദനയാണ്. കാവ്യപ്രവാഹത്തെ തടസ്സപ്പെടുത്തിക്കൊണ്ടാണ് അതിൽ പലപ്പോഴും തത്ത്വവിചാരം മേൽക്കൈ നേടുന്നത്. പ്രരോ

---

187-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-684 (ശ്ലോകം-55,56)

ദനത്തിന്റെ പലയിടങ്ങളിലും മരണത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടെങ്കിലും 124-മുതൽ 140-വരെ പതിനേഴ് ശ്ലോകങ്ങളിലൂടെ മരണതത്ത്വത്തെ ഗാഢമായി അന്വേഷിക്കുന്നു. പ്രരോദനത്തിൽ പറയുന്നു. ''കായുന്ന മനസ്സോടെ അടുത്തിരുന്നു വിഷാദപൂർവ്വം സംസാരിക്കുന്നവരുടെ നേരെ നോക്കി അവരെ പരിഹസിച്ചും ആയുർവേദം, ജ്യോതിഷം, തത്ത്വചിന്ത എന്നിവയെ നോക്കി കൊഞ്ഞനം കുത്തിയും പേടിയും ദൈന്യവും മഹാവിരക്തിയും നോട്ടങ്ങളാൽ ഉളവാക്കിയും തമ്പുരാന്റെ ഐശ്വര്യയുക്തമായിരുന്ന ഓരോ അവയവത്തിലും മരണം കൂത്താടി തിമർത്തു എന്ന് കവി പറയുന്നു.''[188] മരണത്തെ ജയിക്കാനുള്ള പരിശ്രമം വിഫലമാണെന്നും വ്യക്തിയുടെ മഹാത്മ്യം, മനുഷ്യരാൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ, എന്നിവയൊന്നും അതിന് ബാധകമല്ലെന്നും ഇവിടെ സ്പഷ്ടമാക്കുന്നു. വൈജാത്യങ്ങളും വൈവിദ്ധ്യങ്ങളും നിരാകൃതമാകുന്നിടത്താണ് യഥാർത്ഥ ആദ്ധ്യാത്മവിദ്യാലയം കുടികൊള്ളുന്നത്. ചിതാഗ്നി അതിനുള്ള ഉൾപ്രേരകമാകുന്നു. അറിവിനെ എല്ലാ വിവേചനങ്ങളും എരിച്ചില്ലാതാക്കുന്ന തീയിനോട് ശാസ്ത്രങ്ങൾ ഉപമിക്കാറുണ്ട്. സ്ഥാനവലിപ്പം, പ്രഭുത, സജ്ജാതി, വംശം, തനുധാടി എന്നിവയൊന്നും പരിഗണിക്കാതെ എല്ലാത്തിനെയും ഒരുപോലെ എരിച്ചു കളയുന്ന ലോകാനലൻ ഉച്ചനീചത്വമില്ലാത്ത സ്ഥിതിസമത്വബോധത്തിന്റെ പ്രതീകമാണ്.

പ്രരോദനത്തിലെ 92-ാം ശ്ലോകത്തിൽ കവി പറയുന്നത് ഇങ്ങനെയാണ്. ''മകളേ, കേരളഭാഷേ, ആശ്വസിക്കുക. വിധിയുടെ തീരുമാനത്തെ മാനിക്കുക. ഹൃദയത്തിന്റെ ചിറകൾ തകർത്ത മോഹനദിയിൽനിന്ന് കുഞ്ഞേ, നീ കരകയറിയാലും. സഹൃദയരാൽ സേവിക്കപ്പെടുന്നവളായ കേരളഭൂവേ, ദുഃഖത്താൽ കുഴയാതിരുന്നാലും. ജ്ഞാനസേചനത്താൽ അജ്ഞാനമോഹം അകറ്റിയ ശങ്കരഭഗവദ്പാദന്റെ അമ്മയാണ് നീ. ഇവിടെ കേരളഭൂമിയെ ആശ്വസിപ്പിക്കുന്നത് അദ്വൈതസിദ്ധാന്തസ്ഥാപകനായ ശങ്കരാചാര്യരുടെ മാതാവാണ് കേരളഭൂമി എന്ന് സൂചിപ്പിച്ചുകൊണ്ടാണ്.''[189] പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗതിവിഗതികൾക്കെല്ലാമാധാരമായ അസ്തിത്വമാണ് ഏകമായ സത്യം. നിരന്തര പരിണാ

---

188- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010, പുറം-52, (ശ്ലോകം-29)

189- വത്സേ! കൈരളി,യാശ്വസിക്ക, വിധിസങ്കല്പത്തെ മാനിക്ക, നിൻ
ഹൃത്സേതുക്കൾ തകർത്ത നദി വിട്ടേറീടുമെൻ പൈതലേ
സത്സേവ്യേ! സഖി! കേരളാവനി! കുഴഞ്ഞീടായ്ക ദുഃഖങ്ങളിൽ;
ചിത്സേകച്യുതി മോഹനായ ഭഗവൽപ്പാദന്റെ മാതാവു നീ

കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)</u>-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-52, ശ്ലോകം-29

മങ്ങൾക്ക് വിധേയമാകുന്ന മറ്റ് പ്രതിഭാസങ്ങളെല്ലാം അനിത്യങ്ങളും അതുകൊണ്ടുതന്നെ അസുഖ കാരണവുമാണെന്ന് ശാസ്ത്രോക്തമായ ശ്രുതി-യുക്തി-അനുഭവങ്ങളിലൂടെ സ്ഥാപിച്ച ആചാര്യനാണ് ശ്രീ ശങ്കരൻ. പ്രസ്തുത കാഴ്ചപ്പാടിൽ എ.ആറിന് ഇവിടെ സംഭവിച്ചിരിക്കുന്നത് പ്രകൃതി നിയമങ്ങൾക്ക നുസൃമായ ദേഹവിയോഗം മാത്രമാണ്. അതാകട്ടെ ഭൗതികോർജ്ജത്തിന്റെ ഗതിവിഗതികൾക്കനുസ രിച്ചു നടക്കുന്ന ക്രമീകരണവും. പ്രാണൻ പോയവരെ കുറിച്ചും പ്രാണൻപോയിട്ടില്ലാത്തവരെ കുറിച്ചും അറിവുള്ളവർ ദുഃഖിക്കുന്നില്ലെന്ന് ശ്രീമദ് ഭഗവദ് ഗീതയിലുണ്ട്.[190] അനിർവ്വചനീയമായ അദ്വൈതാനു ഭൂതിയെ ഒരു സിദ്ധാന്തത്തിന്റെ തലത്തിലേക്ക് കൊണ്ടുവന്ന ഒരാചാര്യന്റെ അമ്മ പ്രസ്തുത വിചാര ത്തിന്റെ ഗൗരവം ഉൾക്കൊണ്ട് അവസരത്തിനൊത്തുയർന്ന് പ്രവർത്തിക്കണമെന്ന അഭിപ്രായം കവി യ്ക്കുണ്ട്. കൂടാതെ അദ്വൈതചിന്തയെ സൈദ്ധാന്തികതലത്തിലുള്ള സംവാദമണ്ഡലത്തിലേക്ക് മാത്രം ചുരുക്കാതെ ജീവിതത്തിന്റെ നിർണ്ണായകസന്ദർഭത്തിൽ അതിനെ പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്ന ബോദ്ധ്യത്തിലേക്കു കൂടി ഈ പരാമർശം നീളുന്നു. കൂടാതെ പരേതനായ രാജരാജവർമ്മയുടെ നർമ്മോ ക്തികളും സൗഹൃദത്താൽ വിങ്ങുന്ന നോട്ടങ്ങളും പഴയതുപോലെതന്നെ ഉള്ളിൽ ഒളി മങ്ങാതെ കിട ക്കുന്നുണ്ടെന്ന് ആശാൻ തിരിച്ചറിയുന്നു. അപ്പോൾ ജീവിതം ആഗന്തുകമായ വൈകൃതവും മരണം നിത്യമായ പ്രകൃതിയുമാണെന്ന കാളിദാസവചനം കവി അനുസ്മരിക്കുന്നു.[191]

ജീവികൾ ഉണ്ടായ കാലംമുതൽക്കു തന്നെ അവയിൽ മരണഭയവുമുണ്ട്. ഇതിനെ പ്രകൃതി പ്രതിഭാസങ്ങളിൽ ആരോപിച്ചുള്ള ചോദ്യങ്ങൾ പ്രരോദനത്തിലുണ്ട്. (ശ്ലോകം-126) സൂര്യന്റെ ഉഗ്രമായ ചൂട് സൃഷ്ടിദിനം മുതൽ ഭൂമിയിലെ മരണത്തെ കണ്ടു പേടിച്ച് ഉള്ളിൽനിന്ന് ഉയരുന്ന ജ്വാലകളാണെന്നും കൂടിക്കിടക്കുന്ന നെടുവീർപ്പുകളാണ് വായുവെന്നും പണ്ടേക്കു പണ്ടേയുള്ള കണ്ണീരാണ് മഴയെന്നും കവി പറയുന്നു. തുടർന്ന് മരണത്തെക്കുറിച്ചും അനന്തരജീവിതത്തെക്കുറിച്ചും കവി ചിന്തിക്കുന്നു. കാറ്റടിച്ചോ എണ്ണ വറ്റിയോ കെട്ടുപോകുന്ന വിളക്കുപോലെ ഒരാൾ മരിച്ചാൽ അയാളെ സംബന്ധിക്കു ന്നതെല്ലാം തീരുന്നു. ദേഹമുപേക്ഷിച്ച ജീവൻ  പൂർവ്വസംസ്ക്കാരം അനുസരിച്ച് ഉൾത്താപത്തോടെ കൈയ്യെത്താത്ത ഉയരത്തിലുള്ള പഴം കൊതിച്ചു കിട്ടാത്ത കുട്ടിയെപ്പോലെ ഏറെക്കാലം ദുഃഖിക്കുന്നു. മരണാനന്തരത്തെക്കുറിച്ചുള്ള രണ്ട് ചിന്തകളാണ് ഇവിടെ പരാമർശിക്കുന്നത് എന്ന് സൂചിപ്പിക്കാനാണ്

190- ഗതാസൂനഗതാസൂംശ്ച / നാനുശോചന്തി പണ്ഡിതാഃ (2-11)

ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992, എഡി-1, പുറം-134

191- ഇങ്ങാഗന്തുക വൈകൃതം സ്ഥിരമഹോ ദേഹിക്കു നിത്യം മൃതി  (ശ്ലോകം-109)

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-89, (ശ്ലോകം-109)

പോൽ എന്ന പ്രയോഗം നടത്തിയത്- കെട്ട വിളക്കിലെ തീനാളത്തെ അന്വേഷിക്കുന്നത് പാഴ്വേലയാണെന്ന ബൗദ്ധചിന്തയും പൂർത്തീകരിക്കാത്ത ആഗ്രഹങ്ങളോടെ ദേഹം ഉപേക്ഷിക്കുന്ന വർക്ക് പുനർജ്ജന്മമുണ്ടെന്ന വേദാന്തചിന്തയും.

ജീവാത്മാക്കൾ അവരുടെ പുണ്യകർമ്മങ്ങൾക്കനുസരിച്ച് സ്വർഗ്ഗത്തിലും പാപകർമ്മങ്ങൾക്കനു സൃതമായി നരകത്തിലും എത്തിച്ചേരും. സുഖംപോലെ തന്നെ ദുഃഖവും മറുകര കാണാനാകാത്ത നിത്യ സമുദ്രമാണ്. ധർമ്മമാകുന്ന വലിയ ചക്രത്തിൽ ചരിക്കുന്ന ആത്മാവ് വീണ്ടും എത്തിച്ചേരും.[192] സൽക്കർമ്മ-ദുഷ്ക്കർമ്മങ്ങൾക്കനുസരിച്ചാണ് ജീവൻ സ്വർഗ്ഗ-നരകാദികളിലേക്കു പോകുന്നത്. ചെയ്ത പുണ്യം ക്ഷയിച്ചാൽ മനുഷ്യലോകത്തു തന്നെ എത്തിച്ചേരും. സനാതന ധർമ്മത്തെ സംബന്ധിച്ച് സ്വർഗ്ഗ നരകങ്ങൾക്കപ്പുറത്താണ് തിരിച്ചുവരവില്ലാത്ത മുക്തി. സെമിറ്റിക്ക് മതങ്ങളെ സംബന്ധിച്ച് ദൈവം നട ത്തുന്ന അന്ത്യവിചാരണയിലാണ് ജീവന് സ്വർഗ്ഗനരകങ്ങളെ തീരുമാനിക്കുന്നത്. അതുപോലെ സ്വർഗ്ഗനരകലോകങ്ങളിൽനിന്നുള്ള സുഖദുഃഖങ്ങൾ മറുകര കാണാത്ത നിത്യപാരാവാരമാണെന്ന് കവി പറയുന്നു. ഇങ്ങനെ ഊഹത്തെയോ മതഗ്രന്ഥത്തെയോ അടിസ്ഥാനമാക്കി ഓരോരുത്തർക്ക് ഓരോന്നു പറയാം. മരണത്തിനപ്പുറമുള്ള സത്യസ്ഥിതി ആർക്കും അറിയാൻ കഴിയുന്നില്ല. പ്രേതകഥയുമായി ബന്ധ പ്പെട്ട കാര്യങ്ങൾ നേരോ പൊളിയോ ബുദ്ധി വൈകല്യമോ? വേരോടെ കരിഞ്ഞുപോയ മരത്തിന്റെ നിഴൽ നില നിൽക്കുമോ? [193] താൻ ഉന്നയിച്ച ഓരോ ആശയത്തിന്റെയും സാധുത പരിശോധിക്കാൻ കവി തയ്യാറാകുന്നില്ല. അല്ലെങ്കിൽ മരണാനന്തരമുള്ള സംഗതികൾ പ്രതിഭയ്ക്ക് എത്താത്ത ദൂരത്തായതു കൊണ്ട് ഇല്ലെന്ന് ഊഹിച്ച് പറയുന്നതെങ്ങനെ? സത്യം ഇരുളിൽ മറഞ്ഞിരക്കുകയാണ്. ഈ വിശ്വ ത്തിലെ നിയമങ്ങൾ അവസാനമില്ലാത്തതാണ്. ഒന്നും സംഭാവ്യമല്ലെന്ന് തീരുമാനിക്കാൻ വയ്യ. വിശ്വാ സത്തിന് ആധാരമായി ഏതെങ്കിലും ഒരു സത്യം കാണും.

തീയുടെ മൂച്ചയേറിയ പല്ല് ഏശാത്തതും (തീയിന് ദഹിപ്പിക്കാൻ കഴിയാത്തതും) വളരെ സൂക്ഷ്മ മായ അംശങ്ങളോടു കൂടിയതും ആശയ്ക്ക് അല്പം ഇടം നൽകുന്നതുമായ തത്ത്വം എന്നും ശരീര ത്തിൽ അവശേഷിക്കും. അങ്ങനെയല്ലെങ്കിൽ മനുഷ്യജീവിതം മാത്രമല്ല, ഈ ലോകംപോലും സൃഷ്ടി ക്കപ്പെട്ടത് പാഴിലാകും. കണ്ണീരിന് വിലയില്ലാതാകുകയും ചെയ്യും. ആ സ്ഥിതി ആക്കും ആലോചിക്കാ നാകില്ല.[194] ഈ ആശയം ഭഗവദ്ഗീതയിലെ "ആയുധങ്ങൾ (ഇവനെ) ആത്മാവിനെ വെട്ടിമുറിക്കുന്നി

---

192- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)</u>-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-96, (ശ്ലോകം-128)

193-അതേ പുസ്തകം- പുറം-96, (ശ്ലോകം-129)

194-അതേ പുസ്തകം- പുറം-96, (ശ്ലോകം-129)

ല്ല. അഗ്നി ഇവനെ ദഹിപ്പിക്കുന്നില്ല. ജലം ഇവനെ നനയ്ക്കുന്നില്ല. വായു ഇവനെ ശോഷിപ്പിക്കുന്നില്ല'' എന്ന ശ്ലോകവുമായി ബന്ധപ്പെട്ടതാണ്.[195]

മരണശേഷം ഈ ശരീരത്തിൽ നശിക്കാതെ എന്തോ ഒന്ന് അവശേഷിക്കുമെന്നത് ശരിയാണെങ്കിൽ മരണമേ, നിന്റെ ഘോരങ്ങളായ പല്ലുകൾക്ക് മൂർച്ച പോരെന്നു തോന്നാം. അങ്ങനെയാണെങ്കിൽ വലിയ ആപത്തുണ്ടാക്കുന്ന പുലി എന്നു കരുതി ഭയപ്പെടുന്ന നീ പച്ചപുല്ലു തിന്ന് സ്വാദുള്ള പാൽ തരുന്ന പശുവാണെന്നും വരാം. വീരത്വം കൊതിച്ചെത്തുന്ന യുവാക്കൾക്ക് നീ വൻതോക്കിന്റെ വായിൽവെച്ച് ആശ്വാസം പകരുന്നു. അനുരാഗത്തിന്റെ പൂവരിച്ച വഴിയിൽ നടന്ന് മുള്ളേറ്റ എത്ര സുന്ദരികളാണ് നോവാറ്റാൻ തണുത്ത നിന്റെ ശരീരത്തോടുള്ള സമാഗമം തെരഞ്ഞെടുത്തത്.[196]. പകൽ മുഴുവൻ പണിയെടുത്തവർക്ക് ഉറക്കമെന്നതുപോലെ ജീവിതമാർഗ്ഗത്തിൽ ക്ലേശംകൊണ്ട് ക്ഷീണിതരായ ഹൃദയങ്ങൾക്ക് മൃതി സൗഖ്യമേകുന്നു.[197] നമ്മുടെ ക്ഷണികബോധത്തെ ജീവിതമെന്ന് നാം അഭിമാനിക്കുകയാണ്. അത് പ്രതിക്ഷണം നശിച്ചും ജനിച്ചും കൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ ഗതിവേഗംകൊണ്ട് നമ്മളത് അറിയാതെ പോകുന്നു. അതുകൊണ്ട് മരണത്തെ പേടിക്കുന്നവർ ഉറക്കംപോലുള്ള ക്ഷണികവിശ്രമങ്ങളെപ്പോലും ഭയപ്പെടേണ്ടതാണ്.[198] നീണ്ട ഉറക്കത്തിൽ കവിഞ്ഞതൊന്നുമല്ല മരണം. ഈ ജനിമൃതികളുടെ പുനരാവർത്തനങ്ങൾക്കുശേഷം മഹാകൈവല്യം വരുമെന്ന് അറിവുള്ളവർ പറയുന്നു. കർമ്മഫലബദ്ധമായ ജീവിതയാത്രയ്ക്കും ജീവിതാർത്ഥപ്രതീതിയ്ക്കും മരണമെന്ന വിരാമം അനിവാര്യമാണ്.[199]. ഒന്നില്ലെങ്കിൽ മറ്റൊന്ന് വിരസമാകും. സാധാരണപക്ഷികൾ പകലിനെ കീർത്തിച്ചു പാടുമ്പോൾ രാപ്പാടികൾ രാത്രിയെ സ്തുതിക്കുന്നു. അതുപോലെ മരണഭീതി പൂണ്ട സാധാരണക്കാർ ജീവിതത്തെ മുറുകെ പിടിക്കുമ്പോൾ മരണത്തെ അനുഗ്രഹമായി വിജ്ഞാനികൾ കാണുന്നു. അവർ ദിനരാത്രങ്ങൾ തമ്മിൽ ഭേദം കാണുന്നില്ല(ശ്ലോകം-138). ഹേ, മരണമേ, ഈ ജീവിതം പ്രവൃത്തി നിരതമാണ്. മാത്രമല്ല, നിവൃത്തിമാർഗ്ഗനിരതരായ പൗരസ്ത്യ തത്ത്വചിന്തകർക്ക്

---

195- നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ

ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ (2-23)

ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992, എഡി-1, പുറം-158

196- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-98, (ശ്ലോകം-132)

197- അതേ പുസ്തകം- പുറം-98, (ശ്ലോകം-132)

198- അതേ പുസ്തകം- പുറം-99, (ശ്ലോകം-135)

199- അതേ പുസ്തകം- പുറം-100, (ശ്ലോകം-138)

നിന്നോട് വളരെ പ്രിയമാണ്. തമോരൂപിയായ നിന്നിൽ നിന്നുള്ള ഭയത്തെ ഉന്മൂലനം ചെയ്യാനാണ് ആത്മാവ് നിത്യമാണെന്നുള്ള തത്ത്വം ആത്മജ്ഞാനികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.[200] മനുഷ്യൻ ഇന്നുവരെ നേടിയിട്ടുള്ള ഭൗതികവും ആദ്ധ്യാത്മികവുമായ ശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ മരണത്തെ നിരൂപണം ചെയ്യുന്നു. അതിലൂടെ പഞ്ചഭൂതാത്മകമായ ശരീരം വിഘടിച്ചു പോയാലും ശരീരമനോബുദ്ധികളുൾപ്പെടുന്ന സങ്കീർണ്ണവ്യവസ്ഥയെ സംയോജിപ്പിക്കുന്ന ആത്മതത്ത്വത്തെ സ്ഥാപിക്കുന്നു. മരണം താൽക്കാലികമായ ഭൗതികപ്രതിഭാസമാണെന്നും മരണത്തിന് അതീതമായ ആത്മാവിന്റെ അനശ്വരമായ ഉണ്മയെ അറിയലാണ് മനുഷ്യന്റെ ജീവിതലക്ഷ്യമെന്നും അടിവരയിടുന്നു.

മരണത്തെ ഇങ്ങനെയെല്ലാം നിരൂപണം ചെയ്യുന്ന കവി അതിനെ നേരിടുന്നതിന് അദ്വൈതവേദാന്തചിന്തയെ സമാശ്രയിക്കുന്നു. ജ്ഞാനസ്വരൂപത്തോട് തന്നെ കൈവിടരുതെന്ന് കവി പ്രാർത്ഥിക്കുന്നു. മിന്നാമിനുങ്ങ് മാത്രമായ താൻ ദുർബ്ബലമായ ചിറകു വിരിച്ച് നക്ഷത്രലോകം ലക്ഷ്യമാക്കി പറക്കുകയാണ്. അതിനെ മരണമാകുന്ന രാപ്പക്ഷിക്ക് അന്നമാക്കല്ലേ. ജ്ഞാനസ്വരൂപനായ ധർമ്മാത്മാവ് ഒരിക്കൽ ഉദിക്കും. നക്ഷത്രജാലങ്ങൾക്കൊപ്പം ആ മിന്നാമിനുങ്ങും ചിദാനന്ദമഹസ്സിൽ ലയിക്കും. ജനിമൃതികൾക്കതീതമായ അഖണ്ഡമഹാശക്തി സ്നേഹാരാധകനായ തനിക്ക് പ്രേമപൂർവ്വം അമൃതേകുമെന്നും കവി പറഞ്ഞാണ് മൃതിചിന്തകളെ പ്രരോദനത്തിൽ ഉപസംഹരിക്കുന്നത്.[201]

വിരലുകൊണ്ട് തൊട്ടാൽ പൊട്ടിപ്പോകുന്ന പളുങ്കുപാത്രമാണ് ജീവിതം. അതെത്ര നീണ്ടാലും ചുടുകാടിന്റെ അപ്പുറത്തേക്ക് എത്തുകയില്ല. മൃത്യു ജീവിതത്തെ പിച്ചിച്ചീന്തുന്ന ഭീതിദമായ ചിത്രം കരുണയുടെ രണ്ടാം ഖണ്ഡത്തിലുണ്ട്.[202] ഉപഗുപ്തന്റെ കരുണകൊണ്ട് ഉദാത്തമായ മനഃശാന്തി നേടിയ വാസവദത്ത മരണം വരിക്കാൻ സന്നദ്ധമായതോടെ മൃത്യു പരാജയപ്പെടുന്നു. കരുണയിൽ വിധിയുടെ ക്രൗര്യവും മനുഷ്യന്റെ നിസ്സഹായതയും അതിവിദഗ്ദ്ധമായി ആവിഷ്ക്കരിച്ചിരിക്കുന്നു. നീതിപീഠത്തിന്റെ രൂപത്തിൽ വിധിയേകുന്ന ശിക്ഷാവിധി ആത്യന്തികരക്ഷാമാർഗ്ഗമായി മൃത്യുദർശനത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. കഞ്ജബാണന്റെ പട്ടമഹിഷിസ്ഥാനത്തു നിന്ന് മൃത്യുവിന്റെ ആഴക്കയങ്ങളിലേക്കുള്ള പതനം കാവ്യത്തിന്റെ കാല്പനികഘടനയ്ക്ക് ചാരുതയേകുന്നു. ക്ഷണികമായ ജീവിതത്തെ അവഗണിച്ച് വിദ്യയുടെ ശ്രവണത്തിലൂടെ ആത്മബോധം സ്വായത്തമാക്കാനാണ് ഉപഗുപ്തൻ വാസവ

---

200- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-101, (ശ്ലോകം-139)

201- അതേ പുസ്തകം- പുറം-103, 104 (ശ്ലോകം-145, 146)

202- അതേ പുസ്തകം- പുറം-246

ദത്തയെ ഉപദേശിച്ചത്. അതിലൂടെ ബുദ്ധമാതാവെഴുന്ന സ്വർഗ്ഗലോകത്തെത്തി ചോരന്മാർക്കപഹരിക്കാനാകാത്ത ശാശ്വതശാന്തിയും മാരനെയ്താൽ മുറിയാത്ത മനഃശോഭയും നേടിയെടുക്കുന്നു. സംസാരത്തിന്റെ പെരുംചുഴിയിലാണ്ടുപോകുന്ന മനുഷ്യർക്ക് നിർവ്വാണതത്ത്വം ഉപദേശിച്ച് മൃത്യുവിൽ നിന്ന് അമൃതത്വത്തിലേക്കു നയിക്കുന്ന ഗുരുകർത്തൃത്ത്വമാണ് ഉപഗുപ്തനിലൂടെ വെളിപ്പെടുന്നത്. ബുദ്ധഭിക്ഷുക്കളുടെ അനുഷ്ഠാനങ്ങളിൽ (മൈത്രി, മുദിത, കരുണ, ഉപേക്ഷ) മുഖ്യമാണ് കരുണ. രോഗഗ്രസ്തയായ കുട്ടിയുടെ രക്ഷയ്ക്കുവേണ്ടി ഉറക്കമിളച്ചിരുന്ന് ശുശ്രൂഷിക്കുന്ന അമ്മയ്ക്ക് ആ കുട്ടി രോഗം മാറി സ്വാസ്ഥ്യം വീണ്ടെടുക്കുന്നതിനുള്ള ഔത്സുക്യമാണ് കരുണ. ആത്മാവിനും ശരീരത്തിനും രോഗം ബാധിച്ച വാസവദത്തയെ ഈ മാതൃമനോഭാവത്തോടെ കാണുന്ന ഉപഗുപ്തൻ അകാരണവും അതുല്യവുമായ കൃപയെ മരണത്തിന്നതീതമായ തലത്തിലേക്ക് പരിവർത്തിക്കുകയാണ് ചെയ്യുന്നത്. ആശാനെ സംബന്ധിച്ച് സ്നേഹമില്ലായ്മ മരണമാണ്. സ്നേഹത്തിന്റെ ഉദാത്തഭാവമായ കാരുണ്യത്തിനു മുന്നിൽ മരണം പരാജയപ്പെടുമെന്ന സന്ദേശമാണ് ഇതിലൂടെ ലഭിക്കുന്നത്.

സ്വന്തം അമ്മയുടെ ദേഹവിയോഗം കവിയിൽ ഉണ്ടാക്കിയ പ്രതികരണമാണ് 'മണിമാല'യിലെ 'ഒരനുതാപ'ത്തിലുള്ളത്. അതിൽ പാരിൽ പ്രാണഗളസ്ഥയാം മൃതി, ദൈവത്തിൻ ഗതി നാഗയാന കുടിലം-നീർപ്പോളയിജ്ജീവിതം, ഉപാസിക്കുന്നു ദുഃഖത്തെ ഞാൻ എന്നിങ്ങനെയുള്ള നിരവധി പരാമർശങ്ങളുണ്ട്. സമുദായകൃത്യനിരതനായതുകൊണ്ട് ഇരുപത് വർഷത്തോളം തന്റെ അമ്മയെ വേണ്ടത്ര ശ്രദ്ധിക്കാതെ ദർശനസൗഖ്യംപോലും നൽകാതെയുള്ള ദുഃസാഹസം സർപ്പത്തെപ്പോലെ കവിയുടെ കരളിൽ ആഞ്ഞുകൊത്തുന്നു. മകനേ, നിന്നോട് ക്ഷമിച്ചിരിക്കുന്നു എന്ന് കേൾക്കാൻ കവിക്ക് ആഗ്രഹമുണ്ട്. "താൻ ചെയ്ത പ്രവൃത്തികൾ പരേതന്റെ മരണത്തെ ത്വരിപ്പിച്ചിട്ടുണ്ടാകാം എന്ന കുറ്റബോധത്തിൽ നിന്നാണ് നിറുത്തലില്ലാത്ത ദുഃഖങ്ങളും വിലാപങ്ങളുമുണ്ടാകുന്ന നിരീക്ഷണം ഒരനുതാപത്തിന്റെ കാര്യത്തിൽ അന്വർത്ഥമാണ്."[203] സംസാര യന്ത്രഗതിയിൽ ഉഴലുന്ന ദേഹികളുടെ മരണത്തെ കുറിച്ചോർക്കുമ്പോൾത്തന്നെ ജീവിതനിരൂപണവും അവിടെ നടത്തുന്നു. ആദ്ധ്യാത്മികചിന്തകൾപോലും കവിക്ക് ശാന്തിദായകമാകുന്നില്ല. എപ്പോൾ വേണമെങ്കിലും കത്തി ചാരമാകാനിരിക്കുന്ന കമ്പിന്റെ അരക്ഷിതാവസ്ഥയിൽ കെട്ടിയ കയറിന്റെ നടുവിലാണ് മനുഷ്യജീവിതമെന്ന് കവി വിവക്ഷിക്കുന്നു. എല്ലാ സുഖങ്ങളും ഓരോ അവസ്ഥാവിശേഷമായി കവി തിരിച്ചറിയുന്നു. ഒരു സുഖവും യാഥാർത്ഥ്യമല്ലെന്നും ഐകാന്തികസുഖമെന്നൊന്നില്ലെന്നും പറഞ്ഞ് താൻ ദുഃഖത്തെത്തന്നെ ഉപാസിക്കട്ടെ എന്നും

---

203- കുര്യാസ് (ഡോ.)- മൃത്യുബോധം മലയാള കാല്പനിക കവിതയിൽ- ജീവൻ ബുക്ക്സ്, ഭരണങ്ങാനം- 1988 പുറം-221

കവി സ്വയം സമാശ്വസിക്കുന്നു.[204]

കൊറ്റ്യത്ത് രാമനുണ്ണി അവർകളുടെ ദേഹവിയോഗത്തിൽ അനശോചിച്ചെഴുതിയ 'വനമാല'യിലെ 'അനുശോചന'ത്തിൽ അസംഖ്യം ആളുകൾ മരിച്ചുപോകുന്നതായി കണ്ട് പഴകിയതാണെങ്കിലും ഉള്ളിൽ കൂറുള്ളവർ പോകുമ്പോൾ മരണം പുത്തനായി അനുഭവപ്പെടുന്നുവെന്ന് കവി പറയുന്നു.[205] വ്യക്തി, സ്ഥലം, സമയം, സന്ദർഭം, സംബന്ധം എന്നിവയോടുള്ള മരണത്തിന്റെ ആപേക്ഷികഭാവമാണ് ഇവിടെ പരാമർശിക്കുന്നത്. നിലവിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന നിസ്തുലമായ സ്നേഹബന്ധം മുറിപ്പെടുമ്പോൾ ആവർത്തനനൈരന്തര്യമാർന്ന മരണംപോലും പുതുമയുള്ളതാകുന്നു.

കവിയുടെ സ്നേഹിതനും പ്രസിദ്ധ വൈദ്യനുമായ കുളമ്പത്തു പറമ്പിൽ അച്യുതൻ വൈദ്യരുടെ ദേഹവിയോഗത്തിൽ എഴുതിയ 'തന്റെ സ്നേഹിതന്റെ ദേഹവിയോഗ'മെന്ന കവിതയിൽ നിയതി കൊണ്ടിട്ട മരണം തടയാനാകാത്തതാണെന്നും അത് ഭയമുണ്ടാക്കുന്നതാണെന്നും കവി അഭിപ്രായപ്പെടുന്നു.[206] ലോകമെന്ന തലത്തിൽ നിൽക്കുന്നതുകൊണ്ടാണ് നിയതി മരണമെന്ന മഹാവിപത്ത് കൊണ്ടിട്ടത് എന്നതിനാണ് ഇവിടത്തെ നിലയൂന്നൽ. കർമ്മസംസ്ക്കാരമനുസരിച്ച് ഓരോ ജീവനിലും വന്നു ചേരുന്ന പ്രപഞ്ചപ്രതികരണമാണ് ഫലാനുഭവങ്ങളായി ഉരുത്തിരിയുന്നത്. ഇടപെടലുകൾ അസാദ്ധ്യമാക്കുന്ന ഭൂതകാലത്തിന്റെ സ്വാധീനമുള്ളതുകൊണ്ടാണ് അതിനെ ഒഴിവാക്കാനാകാത്തത് എന്ന് കവി പറയുന്നത്. ജീവിതദുഃഖത്തിൽനിന്ന് കരയേറാൻ മരണത്തിന്റെ ശാന്തതയെ സമാശ്രയിച്ചെന്ന് കവി സമാശ്വസിക്കുന്നു. ഇവിടെ ദുഃഖത്തെ നിവാരണം ചെയ്യുന്നതിനുള്ള ഉപായമായി മരണം ഇവിടെ മാറുന്നു.

'ദുരവസ്ഥ'യിൽ സാവിത്രി അന്തർജ്ജനം മരണത്തിൽനിന്നു രക്ഷപ്പെടാൻ അഭയം പ്രാപിക്കുന്നത് പുലയച്ചാളയിലാണ്. അന്ന് നിലവിലുണ്ടായിരുന്ന സാമൂഹികവ്യവസ്ഥിതി അനുസരിച്ച് ഈ നടപടി സാവിത്രി അന്തർജ്ജനത്തെ ജാതിഭ്രഷ്ട് കല്പിച്ച് പടിയടച്ച് പിണ്ഡംവെക്കുന്നതിന് ഇടയാക്കി. മരണക്രിയകളോടെ സ്വസമുദായത്തിൽനിന്ന് പുറത്താക്കുന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് പ്രസ്തുത സമൂഹത്തിൽ നിന്നുള്ള വിച്ഛേദമാണ്. ഇതൊരർത്ഥത്തിൽ സാമൂഹികമായ മരണ(Social death)മാണ്. സ്വജീവൻ രക്ഷിക്കാനുള്ള സാവിത്രി അന്തർജ്ജനത്തിന്റെ വ്യഗ്രത അവരെ നയിച്ചത്

204- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)</u>-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, മെയ്-2010 പുറം-89, ശ്ലോകം-109

205- അതേ പുസ്തകം- പുറം- 340

206- അതേ പുസ്തകം- പുറം-335

അതിലേക്കാണ്. പുലയക്കുടിലിൽ കഴിയുന്ന തന്നെ ഹൈന്ദവസമുദായത്തിലെ ഒരു ജാതിക്കാരും സ്വീകരിക്കാനിടയില്ല. മറ്റ് മതവിഭാഗങ്ങളിൽ ജാതിയില്ലെങ്കിലും താൻ ജനിച്ചു വളർന്ന മതവിശ്വാസം കൈവെടിഞ്ഞ് അതിലേക്ക് പ്രവേശിക്കാനും അവർ തയ്യാറാകുന്നില്ല. ജീവസർവ്വസ്വമായ വിശ്വാസമാണ് മനുഷ്യന് വിളക്കെന്നും അതില്ലെങ്കിൽ ചുക്കാൻപോയ കപ്പൽപോലെയായിരിക്കും ജീവിതമെന്നും കവി പറയുന്നു.[207] ഈ സാമൂഹികമരണത്തെ തീവ്രതയെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്.

എന്തുചെയ്യേണ്ടതെങ്ങോട്ടു പോകേണ്ടതീ-/യന്ധകൂപത്തിലടിഞ്ഞഹോ ഞാൻ

അന്തമില്ലാത്തുള്ളൊരാഴത്തിലേക്കിതാ / ഹന്ത! താഴുന്നു താഴുന്നു കഷ്ടം

പിന്തുണയും പിടിയും കാണാതുൾഭയം / ചിന്തി ദുഃസ്വപ്നത്തിലെന്നപോലെ

പൊന്താനുഴറുന്നു കാൽനിൽക്കുന്നില്ലെന്റെ / ചിന്തേ ചിറകുകൾ നൽകണേ നീ

വിഷയപ്രപഞ്ചത്തിന്റെ അനിത്യഭാവത്തിന്റെയും ക്ഷണികതയുടെയും തുടർച്ചയും മൂർത്തതയുമായാണ് ആശാൻ മരണത്തെ കണ്ടത്. കവിവ്യക്തിത്വത്തെ മരണം ശക്തമായ അളവിൽ സ്വാധീനിച്ചിരുന്നു. എങ്കിലും മരണം ഒന്നിന്റെയും അന്ത്യമല്ലെന്ന ഉത്തമബോദ്ധ്യം കവിയ്ക്കുണ്ടായിരുന്നു. ജനിമൃതികളുൾപ്പെടെയുള്ള ദ്വന്ദ്വങ്ങളിൽനിന്നെല്ലാമുയർന്ന ഒരവബോധത്തിലേക്ക് സാധാരണക്കാരെ നയിക്കാൻ ഭക്തിമാർഗ്ഗം പര്യാപ്തമായതുകൊണ്ടാണ് തന്റെ കൃതികളിലുടനീളം അതിന് പ്രാധാന്യം കൊടുത്തത്. ഭക്തിയിലൂടെ ഈ പ്രപഞ്ചപദാർത്ഥങ്ങളുടെ തനത് ഭാവം ഉൾക്കൊണ്ട് അവയോട് കരുതലോടെ ഇടപെടുന്നതിനുള്ള വൈരാഗ്യഭാവവും അതിനുള്ള വിവേകവും സമാർജ്ജിക്കാനാകുമെന്ന് അദ്ദേഹം മനസ്സിലാക്കി. അതിനുതകുന്ന ലോകനിരൂപണമാണ് കൃതികളിലുടനീളം കാണുന്നത്. മനുഷ്യജീവിതത്തിൽ വന്നു ചേരുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് പരാമർശിക്കുന്നത് വിധേയഭാവത്തോടെയല്ല മറിച്ച്, അവയെ അതിജീവിക്കുന്നതിനുള്ള ആന്തരികശക്തിയെ ആദർശാത്മകമായി ഉണർത്തിക്കൊണ്ടാണ്. സാർവ്വത്രികമായ സ്നേഹസാഹോദര്യങ്ങളിലധിഷ്ഠിതമായ അസ്തിത്വത്തിന്റെ കേന്ദ്രസ്ഥാനമാണ് കവി ഇതിലൂടെയെല്ലാം ലക്ഷ്യമാക്കുന്നത്.

---

207- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ (ഭാഗം രണ്ട്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010 പുറം-158

# അദ്ധ്യായം ആറ്

# സ്നേഹം – സ്വാതന്ത്ര്യം – സാക്ഷാൽക്കാരം

പ്രാപഞ്ചികജീവിതത്തിന്റെ വിഷാദാത്മകതയുടെയും സ്ഥലകാലാതീതമായ വിമുക്തിയുടെ പ്രസാദാത്മകതയുടെയും സമന്വയമാണ് മനുഷ്യജീവിതം. കരണേന്ദ്രിയങ്ങളുടെ സോപാധികതയിലാണ് മനുഷ്യൻ പരിമിതികളും അസ്വാതന്ത്ര്യവും അനുഭവിക്കുന്നത്. പ്രസ്തുത തലത്തിൽ അപരങ്ങളാൽ നിയന്ത്രിതനും അതിനവൻ വിധേയനുമാണ്. എന്നാൽ അനിയന്ത്രിതവും നിരുപാധികവുമായ ബോധകേന്ദ്രമാണ് അവന്റെ ശക്തിസ്രോതസ്സ്. അതിനെ അന്വേഷിച്ചറിയാനുള്ള വൈമുഖ്യം കാണിക്കുമ്പോൾ എല്ലാത്തിൽ നിന്നും വേറിട്ടു നിൽക്കുന്നവനാണ് താൻ എന്ന ഭാവം ഉണ്ടാകുകയും സ്വാർത്ഥ ബുദ്ധി കരുത്താർജ്ജിക്കുകയും ചെയ്യും. ഇതുണ്ടാക്കുന്ന വിച്ഛേദം അവനെ വിഷാദാത്മകത യിലേക്കും അനിശ്ചിതാവസ്ഥയിലേക്കും നയിക്കാം. ഇത് പരിഹരിക്കാൻ യോഗയുക്തമായ സമീപനമാണ് ആശാൻ കൈക്കൊള്ളുന്നത്. ഒരിടത്ത് നിന്ദ്യമെന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന നരത്വത്തെത്തന്നെ മറ്റൊരിടത്ത് മോക്ഷോപായമായി ചിത്രീകരിച്ചതിന്റെ കാരണമിതാണ്.

വിഷയപ്രപഞ്ചത്തെക്കുറിച്ച് മനുഷ്യനുണ്ടായിരുന്ന ബോധത്തിലൂടെയാണ് ധാർമ്മികത പ്രായോഗികമായ ജീവിതാചരണമായി പരിണമിച്ചത്. ഇത് ഇഹ-പരങ്ങളെ ഇണക്കുന്ന സത്യം, സമത്വം, സ്നേഹം, സ്വാതന്ത്ര്യം, സാക്ഷാൽക്കാരം തുടങ്ങിയ മൂല്യമണ്ഡലങ്ങളുടെ സ്വാംശീകരണത്തിന് വഴി തുറന്നു. അനശ്വരതയുടെ വെളിച്ചത്തിൽ ഇഹത്തെ അപ്രധാനമായി കരുതുന്നതിൽനിന്ന് വ്യത്യസ്തമായി ഉഭയാശ്ലേഷിയും അനന്തമായ പാരസ്പര്യം നിറഞ്ഞതുമാണ് ആത്മബോധമെന്ന നിലപാടാണ് ആശാനുള്ളത്. ലക്ഷ്യം സത്യസാക്ഷാൽക്കാരമാണെങ്കിൽ അതിനുള്ള മാർഗ്ഗം ധർമ്മാചരണമാണ്. അതാകട്ടെ സ്ഥിതിസമത്വമായും നിരുപാധികമായ സ്നേഹമായും ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സ്നേഹത്തിലൂടെ സ്വാതന്ത്ര്യത്തിലേക്കും അവിടെ നിന്ന് സാക്ഷാൽക്കാരത്തിലേക്കും ഉയരാമെന്നാണ് കവിയുടെ അഭിപ്രായം.

## 6.1 സ്നേഹസങ്കല്പം

സ്നേഹഗായകനെന്നാണ് കുമാരനാശാൻ വിശേഷിപ്പിക്കപ്പെട്ടു പോരുന്നത്. സ്നേഹത്തെ ഈശ്വരീയമായി കരുതി സർവ്വചരാചരങ്ങളെയും പ്രസ്തുത

മൂല്യമണ്ഡലവുമായിണക്കി വ്യക്തിജീവിതത്തെ സംസ്ക്കരിക്കുകയും അതിലൂടെ സാമൂഹികമായ നവോത്ഥാനവും പ്രപഞ്ചത്തിന്റെ താളക്രമ വും ഉറപ്പുവരുത്തുകയും ചെയ്ത കവിയാണ് അദ്ദേഹം. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും സ്നേഹം തിരസ്ക്കരിക്കപ്പെടുകയും മൂലമുണ്ടാകുന്ന പരിണതികളാണ് തന്റെ ഖണ്ഡകാവ്യങ്ങളിലൂടെ ആശാൻ അവതരിപ്പിക്കുന്നത്. അനുരാഗം, പ്രണയം, പ്രേമം എന്നിങ്ങനെ പല പടികളിലായി അറിയപ്പെടുന്ന സ്നേഹത്തിന്റെ ഓരോ ഘട്ടവും കടന്ന് ഭൗതികമാലിന്യങ്ങൾ മിക്കവാറും ഒടുങ്ങിയ ശുദ്ധസ്നേഹത്തിന്റെ ദിവ്യരൂപത്തിലേക്കാണ് ഒടുവിൽ എത്തിച്ചേരുന്നത്. അതിലൂടെ ഉജ്ജ്വലമായൊരു സ്നേഹദർശനം ആശാൻ അവതരിപ്പിച്ചു.

സംശുദ്ധിയും വ്യക്തതയും നൽകി എല്ലാ കർമ്മങ്ങളുടെയും പ്രചോദനകേന്ദ്രമാകുന്ന സ്നേഹം അഹംഭാവമുൾപ്പെടെയുള്ള താദാത്മ്യങ്ങളെ ഇല്ലാതാക്കുന്നു. സ്നേഹത്തിന് പ്രധാനമായും മൂന്ന് തലങ്ങളുണ്ട്. സ്വന്തം സന്തോഷം, ഇഷ്ടാനിഷ്ടങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള തലമാണ് ആദ്യത്തേത്. ഇത് നേടുവാൻ സാധിച്ചില്ലെങ്കിൽ വെറുപ്പും വിദ്വേഷവും ഉണ്ടാകുന്നു. സ്വന്തം സൗഖ്യത്തിലും ക്ഷേമത്തിലും ഉപരി താൻ സ്നേഹിക്കുന്ന വ്യക്തിയുടെ സുഖവും സന്തോഷവും കാംക്ഷിച്ചുള്ളതാണ് രണ്ടാമത്തേത്. സ്നേഹിക്കുന്നവർക്ക് വേണ്ടി അവിടെ ത്യാഗസന്നദ്ധത കാണിക്കുമെങ്കിലും ഞാൻ, എന്റേത് തുടങ്ങിയ ഭാവങ്ങൾ അവിടെയുണ്ടാകും. ആത്മസാക്ഷാൽക്കാരത്തിലൂടെ പരിപൂർണ്ണത നേടിയ മഹാത്മാക്കളുടെ കാമനകൾ, പ്രതീക്ഷകൾ, സങ്കല്പങ്ങൾ എന്നിവയൊന്നും കൂടാതെ സർവ്വചരാചരങ്ങളിലേക്കും പരന്നൊഴുകുന്ന സ്നേഹമാണ് മൂന്നാമത്തേത്. തന്നിൽ നിന്നൊന്നിനെയും അനന്യമായി കാണാതെയുള്ള ആ ഭാവം സ്വാനുഭൂതിയുടെ നിറവിൽ നിന്നുയിരെടുക്കുന്നതാണ്. ഇപ്രകാരമുള്ള സ്നേഹത്തിന്റെ സോപാധികതലങ്ങളിൽ നിന്ന് നിരുപാധികതലത്തിലേക്കുയർന്ന് ജീവിതത്തെ ധന്യവും കൃതകൃത്യവുമാക്കാനാണ് കവി ആവശ്യപ്പെടുന്നത്. സ്നേഹം മനുഷ്യനിലെ അപരിമേയതയെ തുറന്നാവിഷ്ക്കരിക്കുമ്പോൾ പ്രാതിഭാസിക ലോകത്തിന്റെ അസ്ഥിരതയെ കുറിച്ചുള്ള ബോധം നമ്മിൽ നിന്ന് കൊഴിഞ്ഞു പോകുന്നു.

ലോകത്തിന്റെ പരമതത്ത്വം സ്നേഹമാണ്. ലോകത്തിലുള്ളതെല്ലാം സ്നേഹശൃംഖലയിൽ ബന്ധിപ്പിക്കപ്പെട്ടതാണ്. ഇതിനു കാരണം അറിയപ്പെടുന്നതെല്ലാം സത്യത്തിന്റെ അവിഭാജ്യഘടകങ്ങളായതുകൊണ്ടാണ്. ഈ പരംപൊരുളിനെ വിവിധനിലകളിൽ ഭാവാവിഷ്ക്കാരത്തിനു വിധേയമാക്കുന്നതാണ് ആശാൻ കവിതകൾ. പാത്രരചനാവിഷയം, ലോക

ഭാവനിരീക്ഷണം, വികാരാവിഷ്ക്കരണം തുടങ്ങിയ വിവിധവശങ്ങളെ പ്രസ്തുത തലവുമായി ബന്ധിപ്പിച്ച് അസാധാരണമായ ധ്വന്യാത്മകതയോടെ നാടകീയമാക്കി അവതരിപ്പിച്ചു. അതിൽ നിസ്സാർത്ഥ സ്നേഹം, മാംസനിബദ്ധമല്ലാത്ത രാഗം, സ്ത്രീമനസ്സിന്റെ അഗാധമായ പ്രണയനിഷ്ഠ, ഭാര്യാഭർത്തൃബന്ധത്തിന്റെ ഉദാത്തത, ത്യാഗസന്നദ്ധത, ധർമ്മബോധം എന്നിവ അദ്ദേഹത്തിന്റെ കൃതികളിൽ നിരൂപണവിഷയങ്ങളാക്കി. ആത്മനിഷ്ഠമെന്നതുപോലെ തന്നെ പ്രണയം തെരഞ്ഞെടുപ്പും സ്വാതന്ത്ര്യവും സ്വയംപ്രഖ്യാപനവും അവബോധവുമാണ്. പ്രണയത്തെ അതിന്റെ മർമ്മമറിഞ്ഞ് ആവിഷ്ക്കരിക്കുന്ന ആശാന്റെ നായികമാർ കഴിവും കരുത്തും തന്റേടവുമുള്ളവരാണ്.

മാനവസമുദായത്തിലെ എല്ലാത്തരം കെടുതികളെയും നിവാരണം ചെയ്ത് മനുഷ്യർ തമ്മിൽ സാമരസ്യം സ്ഥാപിക്കാൻ ആശാന് നിർദ്ദേശിക്കാനുള്ള ഒറ്റമൂലി സ്നേഹമാണ്. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യാനുള്ള മാനസികതലത്തിന്റെ അഭിവാഞ്ഛ മൗലികമാണ്. വ്യക്തിതലത്തിലും സമൂഹതലത്തിലുമുള്ള സ്നേഹമാണ് ജീവിതത്തെ ജീവിതവ്യവും ലോകത്തെ കൂടുതൽ സുന്ദരവുമാക്കുന്നത്. വ്യക്തികൾ തമ്മിലുള്ള ഹൃദയാർപ്പണത്തിന്റെ തലത്തിൽനിന്ന് സാമൂഹികമായ അനുഭവതലത്തിലേക്കാണ് സ്നേഹത്തിന്റെ വികാസം. ഇന്ദ്രിയാർത്ഥവും സോപാധികവുമായ ഇടങ്ങളിലൂടെ സമസ്ത ചരാചരങ്ങളിലേക്കും പരന്നൊഴുകി അവയുടെ ജീവസ്പന്ദനങ്ങളുമായി താദാത്മ്യപ്പെടുമ്പോൾ ഉദാത്തവും ദിവ്യവുമായ സ്നേഹം സത്യസാക്ഷാൽക്കാരത്തിൽ നിന്ന് അഭിന്നമാണ്. മാനുഷികമായ വൈകാരികഭാവത്തിന്റെ ഉറവിടം സ്നേഹമാണ്. സ്നേഹത്തിന്റെ പ്രകടനപരതയിലുള്ള അന്തരമാണ് മറ്റ് വികാരങ്ങളുടെ നിദാനം. ഈശ്വരഭക്തിയെപ്പോലും പരമപ്രേമസ്വരൂപമെന്ന നിലയിലാണ് നാരദഭക്തിസൂത്രത്തിൽ പരാമർശിച്ചിരിക്കുന്നത്.[1]

തനിക്ക് അനുകൂലമായി വരുന്നവയോടുള്ള ആഭിമുഖ്യമല്ല സ്നേഹം. അത് പ്രാതികൂല്യങ്ങളോടുള്ള സമരസപ്പെടലും അനുരഞ്ജനവും കൂടിയാണ്. വൃത്തിവൈവിദ്ധ്യങ്ങളുടെ സമന്വയധർമ്മവും ആത്യന്തികമായ മനുഷ്യനന്മയുടെ പ്രകാശനവും സ്നേഹത്തിനുണ്ട്. ആശാന്റെ സ്വതന്ത്രകൃതിയായ വിചിത്രവിജയമെന്ന നാടകത്തിൽ പിതാവിന്റെ ഹത്യയ്ക്കു കാരണക്കാരനായ ബ്രഹ്മദത്തനെന്ന കോസലരാജാവിനോട് മകനായ ദീർഘബാഹുവിന് അതേ നാണയത്തിൽത്തന്നെ പ്രതികാരം ചെയ്യാൻ

---

1- Chinmayananda, Swami- Narada Bhakti sutra- Central Chinmaya Mission Trust, Mumbai- Edi- 5, 2000, page- 2

അവസരമൊരുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നും

സ്നേഹിക്കയുണ്ണു നീ നിന്നെ / ദ്രോഹിക്കുന്ന ജനത്തെയും

ദ്രോഹം ദ്വേഷത്തെ നീക്കിടാ / സ്നേഹം നീക്കിടുമോർക്ക നീ [2]

എന്ന അച്ഛന്റെ ഉപദേശമാണ് മുഴങ്ങിയത്. അതോടെ കൈയ്യിലേന്തിയവാൾ താഴോട്ടു വീണുപോയി. ഇവിടെ സ്നേഹമെന്ന ഭാവം ജീവന്റെ പ്രതിരോധവും സുരക്ഷാ കവചവും ആത്മാവിന്റെ സാഫല്യവുമായി പരിണമിക്കുന്നു.

സ്നേഹമെന്ന യാഥാർത്ഥ്യത്തെ ജീവിതവ്രതമാക്കി അതിലേക്കണഞ്ഞവരാണ് ആശാന്റെ കഥാപാത്രങ്ങളായ നളിനിയും ലീലയും. പ്രസ്തുതകൃതികളിലെ നായകന്മാരുടെ സ്നേഹം ലോകോന്മുഖവും നായികമാരുടെ സ്നേഹം നായകോന്മുകവുമാണ്. കേന്ദ്രീകൃതവും വികേന്ദ്രീകൃവുമായ സ്നേഹത്തിന്റെ രണ്ട് പ്രതിനിധാനങ്ങളാണ് നളിനിയും ദിവാകരനും. കേന്ദ്രീകൃതമായ സ്നേഹം സോപാധികവും ഉപാധിനിഷ്ഠവുമായിരിക്കും. എന്നാൽ വികേന്ദ്രീകൃതമായ സ്നേഹം നിരുപാധികവും അകാരണമായി പ്രസരിക്കുന്നതും വ്യക്തിബാഹ്യവുമായിരിക്കും. ദിവാകരൻ വികേന്ദ്രീകൃത സ്നേഹത്തിന്റെ വക്താവും നളിനി കേന്ദ്രീകൃതസ്നേഹത്തിന്റെ അനുഭോക്താവുമാണ്. ദിവാകരൻ നളിനിയോട് ഇടപെടുന്നത് സാമാന്യസ്നേഹത്തിന്റെ യഥാർത്ഥഭാവത്തോടെയാണ്.

ജീവിതലക്ഷ്യത്തിന്റെ ആകത്തുകയായിരുന്നു നളിനിക്ക് ദിവാകരൻ. അദ്ദേഹത്തിൽ പ്രണയബദ്ധയായ നളിനി തന്റെ ഇച്ഛാശക്തി ഏകാഗ്രമാക്കി വീടും നാടും ഉപേക്ഷിച്ച് സന്ന്യാസത്തിനിറങ്ങിയ ദിവാകരനെ പിന്തുടരുന്നു. ഒരു കന്യകയ്ക്ക് ഒരു യുവാവിനോട് കുട്ടിക്കാലത്തുണ്ടായ സ്നേഹം വളർന്ന് വളർന്ന് അതിശക്തമായ ഈശ്വരഭക്തിപോലുള്ള പ്രേമമായി പരിണമിക്കുന്നതിനെയാണ് ആശാൻ നളിനിയിൽ ചിത്രീകരിക്കുന്നത്. നിസ്സ്വാർത്ഥമായ ആത്മത്യാഗത്തിലൂടെയാണ് പ്രകാശിതമാകുന്ന ഉദാത്തസ്നേഹം അസംസ്കൃതമായ രതിഭാവത്തെ മറികടക്കുന്നതിനുള്ള ഉപായമായി മാറുന്നത് നളിനിയിൽ ദർശിക്കാം. ഒപ്പംതന്നെ സ്നേഹം നൽകുന്ന പ്രതീക്ഷയും പ്രത്യാശയും സുരക്ഷിതത്ത്വബോധവും അവാച്യമാണ്. തടാകത്തിന്റെ കയത്തിലേക്ക് ആത്മഹത്യ ചെയ്യാൻ എടുത്തുചാടിയ നളിനി അതിനു തുനിഞ്ഞതിന്റെ കാരണം വിശദമാക്കുന്ന സന്ദർഭത്തിൽ

2-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-303

സ്നേഹബന്ധങ്ങളറ്റ് ഭൂമിയിൽ ജീവിക്കുന്നവർക്ക് പേടിക്കാനൊന്നുമില്ലെന്നും[3] പ്രണയഹീനമായ മനസ്സിന് ഒന്നിലും രമിക്കാനാകില്ലെന്നും തിരിച്ചറിയുന്നു. [4] സ്നേഹരഹിതമായ ജീവിതമാണ് മരണമെന്നാണ് ആശാന്റെ നിലപാട്. മരണത്തിന്റെ കയത്തിലേക്ക് എടുത്തുചാടുന്ന മനുഷ്യരെ പിടിച്ചുകെട്ടുന്നത് പ്രണയപാശമെന്നാണ് കവിയുടെ നിലപാട്. അതറ്റുപോയാൽ ആരും നളിനിയെപ്പോലെ മരണത്തിന്റെ കയത്തിലേക്കുപോകും.

ദിവ്യമായ ആത്മസന്തർപ്പണത്തിൽ അടിയുറച്ചതാണ് നളിനിക്ക് ദിവാകരനോടുള്ള പ്രേമം. ഭൗതികജീവിതവും ആത്മീയസാഫല്യവും അതിൽ അന്തർല്ലീനമാണ്. തന്റെ സർവ്വസ്വവും ജീവനും മോക്ഷവുമെല്ലാം ദിവാകരനാണെന്നും അദ്ദേഹമില്ലെങ്കിൽ താനില്ലെന്നും നളിനി പറയുന്നു.[5] ചരാചരപ്രപഞ്ചത്തിലേക്ക് ഒഴുകിപ്പടരാത്ത വ്യക്തിതലത്തിൽ വർത്തിക്കുന്ന സ്നേഹസഞ്ചാരമാണിത്. തുടർന്ന് നഖം ചുട്ടുപൊള്ളിക്കുന്ന കണ്ണീർ ദിവാകരയോഗിയുടെ പാദങ്ങളിൽ വീണപ്പോൾ അതിനു മുന്നിൽ പതറി അദ്ദേഹം തിരിഞ്ഞു നിന്നുപോകുന്ന സന്ദർഭമുണ്ട്. അതിനെ നിർമ്മല പ്രണയമാകുന്ന വലയിൽ ആരും വീണുപോകുമെന്ന് കവി ന്യായീകരിക്കുന്നു.[6] ചിതയിലെ ശവത്തിൽപൂവർപ്പിക്കുന്നതു പോലെ ചിത്തവും നശ്വരമായ വസ്തുക്കളിലർപ്പിക്കരുതെന്ന ഉപദേശം ദിവാകരയോഗി നൽകുന്നു. നളിനിയിലെ വിശുദ്ധവും അനശ്വരവുമായ പ്രേമത്തിന്റെ മഹത്തായ ആത്മീയജീവിതത്തിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതുണ്ടെന്നാണ് ദിവാകരയോഗിയുടെ അഭിപ്രായം. ചിതയിലെ ശവത്തിലർപ്പിക്കുന്ന പൂവ് ഔപചാരികമായ ആദരവിന്റെ പ്രകടനമാണ്. അത് ക്ഷണമാത്രയിൽ ചിതയോടൊപ്പം എരിഞ്ഞടങ്ങി ചിതയോടൊപ്പംതന്നെ ദുർഗ്ഗന്ധപൂരിതമാകുന്നതുമാണ്. നളിനിയുടെ ദിവ്യമായ പ്രേമം ഹൃദയഹാരിയായ സുഗന്ധം പരത്തി കാലാന്തരങ്ങളോളം നിലകൊള്ളണമെന്നതാണ് കവിയുടെ അഭിപ്രായം.

സ്നേഹത്തിന്റെ പാരമാർത്ഥികസ്വരൂപം വെളിപ്പെടുത്തുന്ന ഇടത്താണ് ആശാന്റെ

---

3-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-584, ശ്ലോകം-40, (ശ്ലോകം-102)

4- അതേ പുസ്തകം- പുറം-306, (ശ്ലോകം-110)

5-എന്റെയേകധനമെന്റെ ജീവന-ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും
എന്റെയീശ ദൃഢമീ പദാംബുജ-ത്തിന്റെ സീമയിതു പോകിലില്ല ഞാൻ (ശ്ലോകം-131)
കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-312

6- അതേ പുസ്തകം- പുറം-316, (ശ്ലോകം-133).

കേന്ദ്രീകൃതമായ സ്നേഹസ്ങ്കല്പം

സ്നേഹമാണഖിലസാരമൂഴിയിൽ സ്നേഹസാരമിഹ സത്യമേകമാം

മോഹനം ഭുവനസംഗമിങ്ങതിൽ സ്നേഹമൂലമമലേ വെടിഞ്ഞു ഞാൻ (ശ്ലോകം–136)

മനുഷ്യജീവിതത്തിന്റെ സാരസർവ്വസ്വമായ സ്നേഹം തന്നെയാണ് ഏകസത്യം. ആ സ്നേഹംകൊണ്ടു തന്നെയാണ് ഈ മനോഹരമായ ലോകത്തോടുള്ള സംഗംപോലും താനുപേക്ഷിച്ചതെന്ന് ദിവാകരൻ അറിയിക്കുന്നു. തന്റെ വിമുക്തിക്കും ലോകത്തിന്റെ ഹിതത്തിനുംവേണ്ടിയാണ് ഒരാൾ സന്ന്യാസജീവിതത്തിലേക്ക് കടക്കുന്നത്. ലൗകികതയെയോ വ്യക്തിതാല്പര്യങ്ങളെയോ വിലകുറച്ചു കാണുകയോ നിരാകരിക്കുകയോ ചെയ്യാതെ സോപാധികതകളിൽ നിന്നെല്ലാം സ്നേഹത്തെ സ്വതന്ത്രമാക്കി തനിക്കും പ്രപഞ്ചത്തിനും കൂടുതൽ കാലത്തേക്കുതകുന്ന പരമാവധി യോഗക്ഷേമങ്ങൾ നിർവ്വഹിക്കുന്ന ആളാണ് യോഗി. ഈ ലോകത്തോടുള്ള സംഗം പലപ്പോഴും വ്യക്തിഗതമായ കാര്യലാഭത്തിന്റെ തലത്തിലേക്ക് വഴുതിപ്പോകുമ്പോൾ സ്നേഹവ്യാഹതി സംഭവിക്കാനിടയുണ്ട്. അതിൽനിന്നുള്ള ശാശ്വതമുക്തിക്കുവേണ്ടിയാണ് താൻ ഈ ലോകത്തോടുള്ള സംഗം ഉപേക്ഷിച്ചതെന്നാണ് ദിവാകരയോഗി നളിനിയോട് പറയുന്നത്. സ്നേഹത്തിന്റെ പരമമായ സത്യം സാക്ഷാൽക്കരിച്ചവന് ബ്രഹ്മാനന്ദം ലഭിക്കുമെന്ന് സാക്ഷ്യപ്പെടുത്തി ദിവാകരൻ സ്നേഹോപനിഷത്ത് ഉപസംഹരിക്കുന്നു.

ദിവാകരന്റെ സ്നേഹദർശനത്തിലൂടെ സന്ന്യാസവും യോഗവും ജ്ഞാനവും പുതിയ അർത്ഥതലങ്ങളും മാനവും കൈവരിക്കുന്നു. ജീവിതരഹസ്യത്തിന്റെ ഈ താക്കോൽ നളിനിക്ക് പുതിയൊരുന്മേഷവും ലക്ഷ്യബോധത്തെക്കുറിച്ചുള്ള പ്രതീക്ഷയും പ്രദാനം ചെയ്യുന്നു. നിഗൂഢമായ ജ്ഞാനം നേടിയതുപോലെ നളിനി ജ്വലിപ്പിക്കപ്പെട്ട തീനാളംപോലെ എഴുന്നേറ്റു നിന്നു. ദിവാകരനോടൊത്തുള്ള കുടുംബജീവിതം കാംക്ഷിച്ച നളിനി ഒടുവിൽ തനിക്ക് ദിവാകരശിഷ്യയെങ്കിലുമായാൽ മതിയെന്നു തോന്നി. മാനസികമായി അതിന് തയ്യാറെടുത്തപ്പോൾത്തന്നെ ആശ്രമവാസമോ തപഃസ്വാദ്ധ്യായങ്ങളോ ഉപാസനകളോ കൂടാതെതന്നെ മഹാവാക്യശ്രവണത്തിനും ഗ്രഹണത്തിനും അധികാരിയായി. ‘കരുണ’യിലെ വാസവദത്തയെപ്പോലെ ലോലമാം ക്ഷണംകൊണ്ടാണ് നളിനിയിൽ ജ്ഞാനപ്രകാശ മുണ്ടായത്. ഈ ബോധോദയത്തെ വാക്കുകൾക്ക് അഗമ്യമായ മഹാവാക്യതത്ത്വം മൊഴിഞ്ഞ ദിവാകരന്റെ മുഖത്തേക്ക് നോക്കിനിൽക്കുന്ന അവർക്ക് അപ്രാപ്യമായ മഹത്വം ആർജ്ജിച്ചു നിൽക്കുന്നതായി സ്വയം അനുഭവപ്പെട്ടു. ശിശിരവായുവേറ്റ് പുളകം പുളകംപൂണ്ടപോലെ

ഇടിമുഴക്കംകേട്ട് മൊട്ടുകളങ്കുരിക്കുന്ന കടമ്പുവൃക്ഷംപെലെ സംശയങ്ങളെല്ലാമൊഴിഞ്ഞ നളിനിയെ കാണപ്പെട്ടു.[7] ബോധപ്രകാശത്തിൽ പരമവിശ്രാന്തിയിലെത്തിയ ജീവന്റെ കൃതാർത്ഥതയാണ് ഇവിടെ പ്രകടമാകുന്നത്. നളിനി യോഗിയെ അന്വേഷിച്ചു പോകുന്നതും യോഗി അവരെ മോക്ഷപ്രാപ്തിക്ക് യോഗ്യയാക്കുന്നതും സ്നേഹത്തിന്റെ പേരിലാണ്. സ്നേഹം അതിന്റെ അത്യുദാത്തഭാവം കൈക്കൊണ്ട് നളിനിയുടെ വ്യക്തിതലത്തിന്റെ പുറന്തോട് പിളർന്ന് ദിവാകരനുൾപ്പെടെയുള്ള സമസ്തചരാചരങ്ങളിലേക്കും ഒഴുകിപ്പടർന്ന് അവയെയെല്ലാം അഭിസംബോധന ചെയ്തുകൊണ്ടാണ് നളിനി ആത്മത്യാഗം ചെയ്യുന്നത്. ദിവാകരന്റെ ആത്മബോധതലം നളിനിയിലൂടെ പ്രായോഗികത നേടുമ്പോൾ നളിനി ദിവാകരനിലൂടെ ജീവിതത്തിന്റെ പരമസാഫല്യത്തിലേക്കുയരുന്നു. നിരുപാധികമായ സ്നേഹം സമത്വത്തിലേക്കും സാഹോദര്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ജീവനെ എങ്ങനെ നയിക്കുമെന്നതിന്റെ നിദർശനമാണ് ഇതിലൂടെ ഉപലബ്ധമാകുന്നത്. പ്രേമസാഫല്യം ഭോഗജീവിതവും ലൗകിക സൗഭാഗ്യവും ബ്രഹ്മാനന്ദം ആത്മസാക്ഷാൽക്കാരവുമാണ്. ദിവാകരന്റെ ആത്മോപദേശത്തിലൂടെ ആദ്യത്തേതിൽനിന്നും നളിനി രണ്ടാമതിലേക്കുയർന്നു.

ശിവസമാഗമം ലഭിച്ചെന്ന് ദിവാകരനെ കാണുമ്പോൾ ചിന്തിക്കുന്ന നളിനി ഒടുവിൽ ദിവാകരന്റെ മാറിടം ചരമശയ്യയാക്കുകയാണ്. ഇവിടെ ഭൗതികമായ സ്നേഹത്തിന്റെ അടയാളങ്ങൾ കണ്ടെടുക്കാമെങ്കിലും അതെല്ലാം ചെന്നവസാനിക്കുന്നത് ആത്മീയമായ സ്നേഹത്തിന്റെ നിറവിലാണ്. ഗുണാതീതമായ ഭാവത്തിലേക്ക് ഉയരാൻ കഴിവുള്ള സാത്വികശൃംഗാരമാണ് ഇവിടെയെല്ലാം പ്രവർത്തിക്കുന്നത്. ‘‘അതുകൊണ്ട് പുതിയമാനത്തിലും ശൈലിയിലും പുനരാവിഷ്ക്കരിക്കപ്പെട്ട സൗന്ദര്യലഹരിയാണ് നളിനി’’[8]യെന്നു പറഞ്ഞാലും തെറ്റില്ല.

സ്ത്രീപുരുഷന്മാർ പ്രണയപാരസ്പര്യംകൊണ്ട് ഏകവ്യക്തിത്വം ആർജ്ജിക്കുന്ന സ്നേഹം നളിനിയിൽ വൈയക്തിമായാണ് കുടികൊള്ളുന്നത്. മരണാതീതവും ആദർശവൽക്കരിക്കപ്പെട്ടതുമായ മേഖലയിൽ സാഫല്യം കൈവരുമെന്ന പ്രതീക്ഷയാണ് കാവ്യം നൽകുന്നത്. നളിനി തന്നിലർപ്പിച്ച പ്രണയത്തെ കുറിച്ചോർക്കുന്തോറും ദിവാകരന്റെ അന്തരംഗം കൂടുതൽ ശുദ്ധമാകുകയും അയാൾ ലോകസേവാനിരതനാകുകയും ചെയ്യുന്നു. നളി

---

7- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-314, (ശ്ലോകം-138)

8- ഭാസ്ക്കരനുണ്ണി പി. ആശാന്റെ വിചാരശൈലി- നാഷനൽ ബുക്ക് സ്റ്റാൾ, എഡി-1, കോട്ടയം -1974, പുറം-20

നിയുടെ ലൗകികമായ പ്രേമത്തെ ആദ്ധ്യാത്മികഭൂമികയിലേക്കുയർത്തി ലോകസേവാനിരതമായ ത്യാഗമായും കർമ്മമായും അതിനെ പരിവർത്തിപ്പിച്ചു. ദേഹം മറഞ്ഞാലും മായുന്നതല്ല മനുഷ്യത്വമെന്നതിന് അത് സാക്ഷ്യം വഹിച്ചു.

നിരന്തര പരിണാമങ്ങൾക്കിടയിൽ പ്രകടമാകുന്ന മനുഷ്യജീവിതത്തിൽ സ്ഥിരമായ സ്നേഹമെന്നൊന്നില്ലെന്നാണ് 'ലീല'യിൽ ലൗകികസ്നേഹത്തിന്റെ പ്രവർത്തനം നിരൂപണം ചെയ്യുന്ന കവി അഭിപ്രായപ്പെടുന്നത്. സ്നേഹം ചിരന്തനവും സാർവ്വത്രികവുമായ മൂല്യമാണെങ്കിലും വ്യക്തിതലം, സാമൂഹികമണ്ഡലം, ഈശ്വരീയതലം എന്നിവയെല്ലാം അതിൽ സ്വാധീനം ചെലുത്തുന്നുണ്ട്. അതുകൊണ്ട് സ്നേഹത്തിന്റെ ചലനാത്മകഭാവങ്ങൾക്ക് സ്ഥല-കാല-വ്യക്ത്യധിഷ്ഠിതമായ വ്യത്യാസങ്ങളുണ്ടാകും; പ്രതീക്ഷയും പ്രത്യാശകളും സ്വാർത്ഥതാല്പര്യങ്ങളുമുണ്ടാകും. അധികം പേരും അനുരാഗമെന്തെന്ന് അറിയാത്തവരാണ്. അറിയുന്ന കുറച്ചാളുകളേ അതിനെ ഉൾക്കൊള്ളുന്നുള്ളൂ. ഇതു രണ്ടും ഒത്തുവന്നാലാകട്ടെ അവരുടെ ആഗ്രഹം നിറവേറാതെ പോകുകയും ചെയ്യും. സ്നേഹത്തിന്റെ പ്രഭാവം അറിഞ്ഞ് അതിലുറച്ചുനിന്ന് അഭിലാഷം പൂർത്തീകരിക്കുകയാണെങ്കിൽ അതിൽ കവിഞ്ഞൊരു ഭാഗ്യമില്ല. പ്രണയബദ്ധരായ ലീലാമദനന്മാരെ സംബന്ധിച്ച് അവർക്ക് അനുരാഗത്തിന്റെ മഹിമ അറിയാം. അവരുടെ സ്നേഹം അഭൗമമണ്ഡലത്തിലാണ് സാഫല്യമടയുന്നത്. ഇതിലൂടെ സ്നേഹത്തിന്റെ സാപേക്ഷമായ സാഫല്യമേ ഈ ലൗകികത്തിൽ നടക്കുകയുള്ളൂവെന്നും പ്രപഞ്ചാതീതമായ നിരപേക്ഷവിതാനത്തിലാണ് ശാശ്വതപ്രണയം നിലനിൽക്കുന്നതെന്നും കവി സ്ഥാപിക്കുന്നു.

സ്നേഹത്തിലൂടെ സ്വാതന്ത്ര്യത്തെ തിരിച്ചറിയാൻ ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങൾക്കും അവകാശമുണ്ട്. അതുകൊണ്ടാണ്

യുവജന ഹൃദയം സ്വതന്ത്രമാ- ണവരുടെ കാമ്യ പരിഗ്രഹേച്ഛയിൽ[9]

എന്ന് കവി അഭിപ്രായപ്പെടുന്നത്. തന്റെ രക്ഷയിലുള്ളവരുടെ മേൽ ഒരാൾക്ക് സമ്പൂർണ്ണ അധികാരമുണ്ട്; അവരുടെ എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കാൻ അവകാശവുമുണ്ട്. എന്നാൽ വൈവാഹികവിഷയത്തിൽ സ്ത്രീപുരുഷഭേദമെന്യേ യുവജനങ്ങളുടെ ഹൃദയം സ്വതന്ത്രമാണെന്നാണ് കവിയുടെ അഭിപ്രായം. സാമൂഹികജീവിതത്തിന്റെ ആണിക്കല്ല് വ്യക്തികളായതുകൊണ്ട് വ്യക്തിയുടെ അവസ്ഥാവിശേഷങ്ങൾ സമൂഹഘടനയെ സ്വാധീനിക്കും.

---

9- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-337, (ശ്ലോകം-1-21)

ലീലയുടെ വ്യക്തിസ്വാതന്ത്രത്തിനെതിരെയുണ്ടായ ഇടപെടലുകളാണ് ലോകദൃഷ്ട്യാ അവളുടെ ജീവിതം ദുരന്തപൂർണ്ണമാക്കിയത്. വ്യക്തിയുടെയും സമൂഹത്തിന്റെയും താല്പ ര്യങ്ങൾ ഉപരിതലത്തിൽ പരസ്പരവിരുദ്ധങ്ങളെന്നപോലെ പ്രകടമായാലും ഒരു സത്യത്തിന്റെ വിഭിന്ന പ്രകാരങ്ങളെന്ന നിലയിൽ അവയുടെ അന്തരാളം പരസ്പരപൂരകമായാണ് വർത്തി ക്കുന്നത്. ഈ നിലപാടിൽ നിന്ന് ലോകജീവിതത്തെ കാണുന്ന ലീലയുടെ ഗുണപരിണാമ ങ്ങൾ പരീക്ഷിക്കുവാൻ നിയതിപോലും തയ്യാറായെന്നും പിന്നീട് കവി പറയുന്നു. വ്യക്തി സ്വാതന്ത്ര്യം ആർക്കും എന്തും എവിടെയും പ്രയോഗിക്കാനുള്ളതല്ല, മറിച്ച് ദേശകാലാനു സൃതം ഗുണവും അളവും പരിശോധിച്ചറിഞ്ഞ് വ്യക്തിക്കും സമൂഹത്തിനും എല്ലാകാലത്തും ക്ഷേമൈശ്വര്യങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ കരുതലോടെ വിനിയോഗിക്കേണ്ട ഒന്നാണതെന്നാണ് ആശാന്റെ പക്ഷം.

മദനൻ ചരലോകത്തെ വശീകരിച്ചതിൽ ഒട്ടും അത്ഭുതമില്ലെന്നും മനുഷ്യരെയോ ദേവന്മാരേയോ ഇതുപോലെ ഒരു യോഗിയും സ്നേഹിച്ചിട്ടില്ലെന്നും അതിന്റെ തെളിവാണ് വന്യജീവികൾ നൈസർഗ്ഗികമായ വികാരങ്ങളും പ്രവർത്തികളും വെടിഞ്ഞ് പൂവിനെ തേനീച്ചക്കൂട്ടംപോലെ അദ്ദേഹത്തെ ചുറ്റിത്തിരിഞ്ഞു നിൽക്കുന്നതെന്ന് മാധവി ദൃഷ്ടാന്തസഹിതം പറയുന്നത്.[10] സർവ്വജീവികളുടെയും ഹിതം കാംക്ഷിച്ച് നിസ്സ്വാർത്ഥ സ്നേഹം ചൊരിയുന്ന സ്നേഹയോഗിയാണ് മദനൻ. ജീവിതത്തിന്റെ മഹിതമായ ലക്ഷ്യതലത്തോട് ഉന്മുഖമായതിനാലാണ് അത് നൈസർഗ്ഗികവും സ്വാർത്ഥസ്പർശമേശാത്ത തും നിത്യവുമാകുന്നത്. സ്ഥിരമായ സ്നേഹത്തെ കുറിച്ച് മറ്റൊരിടത്തു പറയുന്നു. സ്ത്രീയ്ക്കായാലും പുരുഷനായാലും സ്നേഹം സ്ഥിരമാർന്നതായാൽ അതിൽക്കവിഞ്ഞൊരു ചാരിതാർത്ഥ്യമില്ല.[11]

മദനനെ അന്വേഷിക്കുന്ന ഉദ്യമത്തിൽനിന്ന് പിന്തിരിയണമെന്ന് മാധവി ആവശ്യപ്പെടുന്ന സന്ദർഭത്തിൽ ചെയ്യേണ്ടവയെയും ചെയ്യേണ്ടാത്തവയെ കുറിച്ചോർത്ത് മഹിതമായ സ്നേഹത്തെ മറന്നു പോകരുതെന്ന് ഉപദേശിക്കുന്നു.[12] അപൂർണ്ണമായി സ്നേഹത്തെ മനസ്സിലാക്കിയവർ ലോകമര്യാദകളെ അറിഞ്ഞനുസരിച്ചു പോകും. എന്നാർ

10- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-357, (ശ്ലോകം-2-27)

11- അതേ പുസ്തകം- പുറം-360 (ശ്ലോകം: 2-38)

12- അതേ പുസ്തകം- പുറം-364 (ശ്ലോകം- 2-56)

സമ്പൂർണ്ണമായ സ്നേഹം ലോകത്തെ ലക്ഷ്യമാക്കുകയോ ഭയപ്പെടുകയോ ചെയ്യുന്നില്ല. ലോകനീതിയും ധർമ്മനിർവ്വചനങ്ങളും സ്ഥലകാലവ്യക്തിഭേദങ്ങൾക്കനുസരിച്ച് മാറി മറഞ്ഞു വരുമ്പോൾ മനഃസാക്ഷിയുടെ നിർദ്ദേശങ്ങളാണ് ശാശ്വതമായ ധർമ്മമൂല്യത്തിന്റെ പ്രമാണമായി സ്വീകരിക്കേണ്ടി വരുന്നത്. ധർമ്മശാസ്ത്രങ്ങളുടെ സ്ഥൂലമായ വിധിനിഷേധ ങ്ങൾക്കനുസൃതമായല്ല ശാശ്വതമായ മൂല്യങ്ങളെ പരിഗ്രഹിക്കേണ്ടത്. അതുകൊണ്ടാണ് തന്റെ മനഃസാക്ഷിയുടെ പൂർണ്ണസമ്മതത്തോടെയാണ് താൻ മദനനെ അന്വേഷിക്കുന്നതെന്ന് ലീല വിശദീകരിക്കുന്നത്. ഇതിനെ തുടർച്ചയായാണ് സ്ഥിരചിത്തർക്ക് തമ്മിലുള്ള സ്നേഹബന്ധത്തിന്റെ വൈഭവം അവർക്കേ അറിയാൻ കഴിയുകയുള്ളൂവെന്നും പ്രസ്തുത ബന്ധത്തിന്റെ തീവ്രതയും അതിൽ നിന്നുണ്ടാകുന്ന പാരസ്പര്യവും ബുദ്ധിഭ്രമമെന്നു കരുതരുതെന്നും ആവശ്യപ്പെടുന്നത്.[13] ഈ ബന്ധത്തിന്റെ വൈഭവം അനുഭവിക്കുന്നവർക്ക ല്ലാതെ മറ്റുള്ളവർക്ക് എത്ര പാണ്ഡിത്യം നേടിയാലും അതജ്ഞാതമായിരിക്കും.

ലീല മാധവിയോട് പറഞ്ഞ ആശയങ്ങൾ മദനനെ നേരിൽക്കാണുമ്പോഴും അദ്ദേഹവുമായി പങ്കുവെക്കുന്നുണ്ട്. വളരെക്കാലം മദനനെ ചിന്തിച്ചിരുന്നതുകൊണ്ട് തന്റെ മനസ്സ് മദനന്റെ സ്ഥിരചിത്തത്തെ ഉൾക്കൊള്ളാൻ ഇടയായെന്നും അതിനാൽ അരനിമിഷംപോലും താൻ മറ്റൊരാളുടെതെന്ന് ചിന്തിച്ചിട്ടില്ലെന്നും ലീല പറയുന്നു. തന്നോട് അതിയായ താല്പര്യമുള്ള മദനൻ തന്നെക്കുറിച്ച് തെറ്റായതതൊന്നും ധരിക്കില്ലെന്ന് ലീലയ്ക്ക് ഉറപ്പുണ്ട്. പ്രകാശത്തിൽ ഇരുട്ട് തഴയ്ക്കാത്തതുപോലെ സ്നേഹത്തിന്നിരിപ്പിടമായ ഹൃദയത്തിൽ മലിനശങ്കകളൊന്നും ഉണ്ടാകില്ല.[14]

പ്രണയത്തിന്റെ ശക്തിയെയും സൂക്ഷ്മമായ വ്യാപ്തിയെയും ലീല നിരൂപണ വിഷയമാക്കുന്നുണ്ട്. കരാശ്ലേഷമാകുന്ന കൂട്ടിൽനിന്ന് മദനനെന്ന പക്ഷി തന്റെ ഭാഗ്യക്ഷയത്താൽ വിട്ടുപോയതിനെ കുറിച്ച് 'എത്രദൂരെപ്പോയാലും വിട്ടുപോകാത്ത സൂക്ഷ്മവും അന്തമറ്റതുമായ പ്രണയപാശംകൊണ്ടു കൂടി മദനനെ ബന്ധിച്ചിരിക്കുന്നതാ'[15] യി ലീല ചിന്തിക്കുന്നു. മറ്റ് ബന്ധനങ്ങളിൽനിന്ന് പ്രണയത്തിനുള്ള പ്രത്യേകതയെ കുറിച്ച് അത് അവസാനമറ്റ ദുരന്തരാഗപാശമാണെന്നതാണ്. പ്രണയത്തെ ജഡത്തിൽനിന്ന്

---

13- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-357, (ശ്ലോകം-2-26)

14- അതേ പുസ്തകം- പുറം-378 (ശ്ലോകം-2-42, 43)

15- അതേ പുസ്തകം- പുറം-383 (ശ്ലോകം- 3-64)

ചൈതന്യത്തിലേക്കുയർത്തുന്ന സമീപനമാണിവിടെ കാണുന്നത്. ലീലാമദനന്മാരുടെ ദേഹവിയോഗത്തിനുശേഷം തോഴിയായ മാധവി നർമ്മദാനദിയോടു പറയുന്നത് ഇങ്ങനെയാണ്. ചപലമെന്നു തോന്നുന്നതിന്റെ സ്ഥിരത പ്രസിദ്ധമാണ്. ഹേ, നദീ, നീയിങ്ങനെ ദുഃഖിക്കേണ്ടതില്ല. സ്ഥിരപ്രണയത്തോടു കൂടിയ ലീലാ മദനന്മാരുടെ ആ ഹൃദയയുഗത്തെ നീ നിന്റെ കയത്തിൽ ഇപ്പോൾ വഹിക്കുന്നുണ്ടല്ലോ? മനുഷ്യജീവിത മുൾപ്പെടെ പ്രപഞ്ചത്തിലെ സർവ്വതും അസ്ഥിരമാണ്. മാറ്റങ്ങൾക്കു വിധേയമാകുന്നവയ്ക്കെല്ലാം മാറാത്തൊരു അടിത്തറയുണ്ട്. ശാശ്വതമായ ആ ആത്മഭാവമാണ് പ്രകടീകരണമാണ് ദിവ്യമായ സ്നേഹം. അതുൾക്കൊണ്ട രണ്ടാത്മാക്കളാണ് നദിയുടെ അന്തർഭാഗമായ കയത്തിലുള്ളത് എന്നതുകൊണ്ട് നർമ്മദയ്ക്ക് ദുഃഖത്തിനവകാശമില്ല.

ചിന്താവിഷ്ടയായ സീതയിൽ 121-125 ശ്ലോകങ്ങളിലാണ് സ്നേഹത്തെ നിരൂപണം ചെയ്തിരിക്കുന്നത്. പരിശുദ്ധമായ അനുരാഗത്തെ മനോഗുഹയിലുള്ള പ്രകാശമാനമായ രത്നമായും ജീവാത്മാവ് ഹൃദയത്തിലണിയുന്ന ജാജ്ജ്വല്യമാനമായ ദിവ്യഭൂഷണമായും പുരുഷാർത്ഥങ്ങൾക്ക് സാധകമായും സ്ത്രീസഹജമായ സൗശീല്യസൗഭാഗ്യാദി സുകുമാരഗുണങ്ങളായും സ്നേഹത്തെ വിഭാവനം ചെയ്യുന്നു. മരുഭൂമിയെ സുന്ദരമായ പൂന്തോട്ടമാക്കാനും അതിന് കെല്പുണ്ട്. ധർമ്മമാർഗ്ഗത്തിൽ നടക്കുന്നവർക്ക് സ്വർഗ്ഗത്തിലേക്കു നയിക്കുന്ന വഴിവിളക്കും വിപരീതദിശയിൽ സഞ്ചരിക്കുന്ന അധർമ്മിഷ്ഠർക്ക് നരകഗതിയുമാണത്.[16] പിതൃലോകത്തെക്കുറിച്ചുള്ള ഓർമ്മകളിൽ കണ്ണീരീർപ്പമുള്ളതുകൊണ്ട് മരണത്തിനുപോലും ഈ രാഗത്തെ നശിപ്പിക്കാൻ കഴിയില്ല. അനുരാഗത്തിന്റെ ശത്രു വിദ്വേഷമല്ലെന്നും ദുരഭിമാനമാണെന്നും സീത തിരിച്ചറിയുന്നു.[17] നശ്വരമായ ഈ ലോകത്തിൽ നിന്ന് അനശ്വരതയിലേക്കുയരാൻ ഉള്ള ഉപാധി സ്നേഹം മാത്രമാണെന്ന് കവി ഇവിടെ സ്ഥാപിക്കുന്നു. പ്രപഞ്ചം മുഴുവൻ ചേർത്തുകോർത്തു നിർത്തുന്ന സർവ്വാധാരമായ ആത്മതത്ത്വത്തിന്റെ മൗലികഭാവം സ്നേഹസ്വരൂപത്തിലാണ്. ഈ നൈസർഗ്ഗികഭാവത്തെ ഉണർത്തിയെടുക്കുമ്പോൾ അത് ദേശകാലാതീതമായ ജീവശക്തിയായി പരിവർത്തിക്കും.

കൈരളിയ്ക്ക് പ്രിയപുത്രനോടുള്ള സ്നേഹംമൂലം അവളുടെ ചേതന മോഹാലസ്യത്തിന്റെ ഏറ്റവും താഴെയുള്ള പടിയിലെത്തിയിരിക്കുന്നുവെന്ന് പ്രരോദനത്തിൽ

---

16- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-703, (ശ്ലോകം-123)

17- അതേ പുസ്തകം- പുറം-703, ശ്ലോകം-125, പുറം-704

എ.ആറിന്റെ നിര്യാണത്തെ കുറിച്ച് കവി പറയുന്നു.[18] കൈരളിയുടെ ഉള്ളിലുള്ള ആശാസമൂഹം ധരിച്ച രൂപങ്ങളിലൊന്നാണ് ചിത്രശലഭങ്ങൾ എന്ന് സങ്കല്പിച്ച് തീയിൽച്ചാടി വീഴാൻ തുനിയുന്ന അവയെ സ്ഥിരസ്നേഹത്തിന്റെ പേരിൽ കവി വാഴ്ത്തുന്ന സന്ദർഭത്തിൽ പറയുന്നു. സ്ഥിരസ്നേഹമോർത്ത് സാധിക്കുമെങ്കിൽ നൂറുവട്ടം ചാവുന്നതുപോലും അഭികാമ്യമാണ്.[19]

മരണാനന്തരമുള്ള എ.ആറിന്റെ ഗതിയെക്കുറിച്ച് പ്രസാദാത്മകമായ വീക്ഷണം കവി അവതരിപ്പിക്കുന്നത് സ്നേഹത്തിന്റെ പിൻബലത്തിലാണ്. ''ദേഹാംശങ്ങളിൽ ഇരുട്ടും വെളിച്ചവും പല പ്രകാരത്തിൽ ചേർത്ത് അല്ലയോ ശാശ്വതധർമ്മശക്തീ, നീ ലോകങ്ങളെ പന്താടി കളിക്കുന്നു. നീ സ്നേഹാരാധകനെ സമാശ്വസിപ്പിച്ച് അമൃതത്വമേകുന്നു. പിന്നീട് മോഹനിരതവും അസംഗവും അഖണ്ഡവുമായ വിശ്രമസൗഖ്യം സ്വയം പ്രാപിക്കുന്നു.''[20] സ്നേഹാരാധകനായ ഒരാൾക്ക് സുനിശ്ചിതമായ ഈ വിമുക്തിമാർഗ്ഗത്തെ നിർദ്ദേശിക്കുന്നത് അദ്വൈതവേദാന്താനുസൃതമാണ്. ഈ അപ്രസ്തുത കഥനംകൊണ്ട് സ്നേഹാരാധകനായ തമ്പുരാന് മോക്ഷം ഉറപ്പാണെന്ന് വ്യഞ്ജിപ്പിക്കുന്നു.

'ചണ്ഡാലഭിക്ഷുകി'യിൽ ചണ്ഡാലയുവതിയായ മാതംഗിക്ക് ആശ്രമത്തിൽ പ്രവേശനം കൊടുത്തതിന്റെ നിജസ്ഥിതിറിയാൻ വരുന്ന പ്രസേനജിത്തിന് സ്നേഹത്തിന്റെ മഹത്വത്തെക്കുറിച്ച് ബുദ്ധഭഗവാൻ ഇങ്ങനെ ഉപദേശിക്കുന്നു.

സ്നേഹത്തിൽ നിന്നുദിക്കുന്നു-ലോകം / സ്നേഹത്താൽ വൃദ്ധിതേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൽ-സ്വയം / സ്നേഹം താനാനന്ദമാർക്കും,
സ്നേഹംതാൻ ജീവിതം ശ്രീമൻ-സ്നേഹ / വ്യാഹതി തന്നെ മരണം
സ്നേഹം നരകത്തിൻ ദ്വീപിൽ-സ്വർഗ്ഗ- / ഗേഹം പണിയും പടുത്വം
അമ്മതൻ നെഞ്ചു ഞരമ്പിൽ- തിങ്ങി / ചെമ്മേ ചെഞ്ചോരയെത്തന്നെ
അമ്മിഞ്ഞത്തൂവമൃതാക്കും-മൈത്രി / നമ്മോടതോതുന്നു രാജൻ

ലോകം ഉദ്ഭവിക്കുന്നതും വളർച്ച നേടുന്നതും സ്നേഹത്തിൽനിന്നാണ്. ഇങ്ങനെ നോക്കുമ്പോൾ സ്നേഹമാണ് ജീവിതവും ശക്തിയും ആനന്ദവും. സ്നേഹനാശമാണ് മരണം.

18-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-40 (ശ്ലോകം-6)

19- അതേ പുസ്തകം- പുറം-62, (ശ്ലോകം-49)

20- അതേ പുസ്തകം- പുറം- പുറം-104 (ശ്ലോകം-146)

നരകത്തിന്റെ ദ്വീപിൽ സ്നേഹം സ്വർഗ്ഗമാകുന്ന വീട് പണിതുയർത്തുന്ന മിടുക്കാണ്. അമ്മയുടെ നെഞ്ചിലെ ഞെരമ്പിലൂടെ ഊറി വരുന്ന ചോര അമ്മിഞ്ഞപ്പാലായി പരിണമിക്കുന്ന മൈത്രി നമ്മോട് പറയുന്നത് അതാണ്. സ്വർഗ്ഗം നമ്മിൽത്തന്നെയാണെന്ന സൂചനയും ഇവിടെയുണ്ട്. ഇവിടെ സ്നേഹം ബാഹ്യസ്വാധീനത്തിൽ നിന്നുണ്ടാകുന്നതല്ല. അത് ആന്തരികവും സഹജവുമായ നൈസർഗ്ഗികഭാവമാണ്. ലോകസൃഷ്ടിയും വികാസവും നടക്കുന്നത് സ്നേഹത്തിൽനിന്നാണെന്ന് വരുമ്പോൾ സ്നേഹത്തിന്റെ ഈശ്വരീയധർമ്മ ത്തിൽ നിന്ന് അഭിന്നമാണെന്ന് സ്പഷ്ടമാക്കുന്നു.

'വനമാല'യിലെ 'ഗിരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര' എന്ന കവിതയിൽ സ്നേഹം ഈ ലോകം നിലനിൽക്കുന്നതിന്റെ അധിഷ്ഠാനമാണെന്നും അറിവില്ലായ്മയാകുന്ന ജീവിതത്തിന് വിളക്കാണെന്നും വിശേഷിപ്പിക്കുന്നു. താനൊരു പദകോശമെഴുതുകയാണെ ങ്കിൽ സ്നേഹത്തിന് ആത്മസുഖം എന്നൊരർത്ഥം നൽകുമെന്നും അതിൽ കവി പറയുന്നു.[21] 'ഒരു ചരമ'ത്തിൽ കവി ചോദിക്കുന്നു. അല്ലയോ സഖേ, മരണമില്ലാത്ത സ്നേഹത്തിന്റെ മാഹാത്മ്യം അത്ഭുതം തന്നെയാണ്. ശരീരം ഉപേക്ഷിച്ചതൊന്നുമറിയാതെ ഹൃദയമാകുന്ന വസതിയിൽ അവർ പുഞ്ചിരി തൂകി നിൽക്കുകയാണ്.[22] 'ചെറിയവ'യിൽ മറ്റുള്ളവർക്ക് ഉപകാരമില്ലെങ്കിൽ മനുഷ്യജന്മത്തിന്റെ മാറ്റ് അറ്റുപോകുമെന്നും പറയുന്നുണ്ട്.[23]

ജീവിതത്തെ സാമൂഹികവും വൈയക്തികവുമായ പശ്ചാത്തലത്തിൽ നോക്കിക്കാ ണുമ്പോൾ ഉണ്ടാകുന്ന സമുന്നതമായ തത്ത്വചിന്ത, സാർവ്വത്രിക സാഹോദര്യത്തോടുള്ള ആഭിമുഖ്യം, ദുഃഖിതരോടുള്ള വിഷാദാത്മകമായ സഹാനുഭൂതി എന്നിവയിൽ നിന്നുയിരെടുക്കുന്നതും ആത്മീയതയിൽ അധിഷ്ഠിതവുമായ ചേതോവികാരമാണ് കരുണ. സ്നേഹത്തിന്റെ പരകോടിയായ ഈ കാരുണ്യത്തിന്റെ ഉറവിലൂടെയാണ് പരസ്പരം ജീവാ ത്മാക്കൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്. കരുണയിലെ ആദ്യഭാഗം സ്ത്രീസൗന്ദര്യത്തിന്റെ ചിത്രീകരണവും അതുകൊണ്ട് നേടിയെടുത്ത സൗഭാഗ്യങ്ങളുമാണ്. അതിന്റെ പ്രമത്തതയിൽ കാട്ടിക്കൂട്ടിയ ദുഷ്ചെയ്തികളുടെ വിവരണവും അവയ്ക്ക് ലഭിച്ച ശിക്ഷാനടപടികളുമാണ് തുടർന്നു വരുന്ന ഭാഗങ്ങളിലുള്ളത്. ഒടുവിൽ പശ്ചാത്താപവിവശയായി ദേഹാവയവങ്ങളറ്റ്

---

21-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-309, (ശ്ലോകം-10)

22- അതേ പുസ്തകം- പുറം-342 (ശ്ലോകം-2)

23- അതേ പുസ്തകം- പുറം-344(ശ്ലോകം-5)

ശ്മശാനഭൂമിയിൽ വാസവദത്ത കിടക്കുമ്പോൾ ഉപഗുപ്തൻ കടന്നുവരികയും ശരണത്രയത്തിന്റെ പരമതാല്പര്യം ഉപദേശിച്ച് അവൾക്ക് വിമോചനമേകുകയും ചെയ്യുന്നു. മറ്റ് കാമുകന്മാരിൽനിന്ന് വ്യത്യസ്തമായി യഥാർത്ഥ അനുരാഗമുള്ളതുകൊണ്ടാണ് വാസവദത്ത ഉപഗുപ്തനെ പ്രത്യേകം ക്ഷണിച്ചത്. അപ്പോൾ അത് നിരസിച്ച ഉപഗുപ്തൻ തത്ത്വോപദേശം സാക്ഷാൽക്കരിക്കാനുള്ള മനഃപാകം വാസവദത്തയ്ക്ക് കൈവരുന്ന സമയത്താണ് വരുന്നത്. ഇത് ഉപഗുപ്തന് വാസവദത്തയോടു തോന്നിയ അലിവും അൻപും കരുണയുംകൊണ്ടാണ്. നിരപേക്ഷമായ ഈ സ്നേഹംതന്നെയാണ് പരമമായജ്ഞാനത്തിലൂടെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നത്.

ഉപഗുപ്തനിൽ വാസവദത്തയ്ക്ക് തോന്നിയിട്ടുള്ള ആഴമേറിയ അഭിനിവേശം അവളുടെ ഭോഗകലുഷമായ സംസ്ക്കാരത്തിൽക്കൂടി കേവലം മാംസനിബദ്ധമാണെങ്കിലും അത് കൂടുതൽ ശുദ്ധീകരണസജ്ജമാണെന്നു കാണാം. അവളുടെ സമ്പത്തും സൗന്ദര്യവും നൃത്തസംഗീദാദികളിലുള്ള കലാനൈപുണ്യവും ജീവിതംതന്നെയും ഭിക്ഷുവിനെ ദർശിച്ച മാത്രയിൽ നിരർത്ഥകമായിപ്പോകുന്നു.[24] അതിനുമുമ്പ് കണ്ടവരും പരിചയിച്ചവരുമായ എല്ലാവരിൽനിന്നും വ്യത്യസ്തമായ അനുഭവമായിരുന്നു അത്. ലൗകികത്തെ ആർത്തിയോടും ആസക്തിയോടും അനുഭവിച്ചുകൊണ്ടിരുന്ന വാസവദത്തയിൽ ഉപഗുപ്തനുളവാക്കിയ സ്വാധീനം അവൾ അന്നുവരെ നേടിയെടുത്ത എല്ലാ നേട്ടങ്ങളെയും നിഷ്പ്രഭമാക്കുന്നതായിരുന്നു. അതുകൊണ്ടാണ് മാംസനിബദ്ധതയെ വിട്ട് അവളുടെ അനുരാഗം വിശുദ്ധമായ തലത്തെ പ്രാപിക്കുന്നത്.

അനുരാഗത്തിന്റെ ഉമിത്തീയിലിട്ടു നീറ്റി ശുദ്ധീകരിച്ച് അലൗകികമായ പാവനസ്നേഹത്തിലേക്ക് ഉയർന്നവരാണ് ആശാന്റെ നായികമാർ. വികസ്വരദശയിൽ അവരുടെ അനുരാഗം ചേതോഹരമാകുന്നതും സങ്കോചദശയിൽ അതുണ്ടാക്കുന്ന പ്രതിബന്ധങ്ങളും മറ്റും ആശാൻ കവിതയിൽ കാണാം. ആവിർഭാവഘട്ടത്തിൽത്തന്നെ മാംസനിബദ്ധമായ പ്രവണതകളെ അകറ്റി അനുരാഗത്തെ ആത്മതത്ത്വത്തിലേക്ക് ഉയർത്തി അതിനെ അനശ്വരമായ വിശ്വപ്രേമമായി പരിവർത്തിപ്പിക്കുന്നത് അവിടെ ദൃശ്യമാണ്.

---

24-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-236

### 6.2 കുടുംബവീക്ഷണം

പുരുഷാർത്ഥങ്ങളിൽ ധർമ്മത്തിലധിഷ്ഠിതമായി അർത്ഥകാമങ്ങൾ അനുഭവിക്കുന്നതിനും വ്യക്തിയിൽ ഐക്യവും സുരക്ഷിതത്വബോധവും പാരസ്പര്യവും വികസ്വരമാക്കുന്നതിനും സ്നേഹം, ത്യാഗം, സഹിഷ്ണുത, വികേന്ദ്രീകരണം തുടങ്ങിയ മൂല്യങ്ങളെ പ്രാവർത്തികമാക്കുന്നതിനുമുള്ള ആഗോളസ്ഥാപന(Universal institution)മാണ് കുടുംബം. ആശാന്റെ കുടുംബസങ്കല്പം രൂപമെടുക്കുന്നത് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പ്രായോഗികമായ ഇടങ്ങളിൽനിന്നാണ്. അത് വ്യക്തിയുടെ സ്വതന്ത്രവും അപ്രതിരോദ്ധ്യവുമായ ജന്മവാസനയ്ക്കനുസരിച്ചുള്ള തെരഞ്ഞെടുപ്പവകാശമാണ്. നിരവധി വ്യക്തികൾ കൂടിയതാണ് ഒരു കൂട്ടായ്മയെന്നതിനാൽ സാമൂഹികമായ നടപടിക്രമത്തിലും അഭിപ്രായരൂപീകരണത്തിലും ഓരോ വ്യക്തിയുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടത് വ്യക്തിത്വവികാസത്തിനും സത്വാവിഷ്ക്കാരത്തിനും അനിവാര്യമാണ്. പ്രസ്തുത മാർഗ്ഗത്തിലൂടെയുള്ള സഞ്ചാരം വ്യക്തിയ്ക്ക് തന്റെ തനിമയുടെ ഉള്ളടക്കത്തെ വിവേചിച്ചറിയാനുതകുന്നു. ഇപ്രകാരം വ്യക്തിസ്വാതന്ത്ര്യത്തെ കരുപ്പിടിപ്പിക്കുന്നതിനും വിനിയോഗിക്കന്നതിനുള്ള പ്രതലമെന്ന നിലയിൽ കുടുംബത്തിന് പ്രസക്തിയേറെയുണ്ട്.

സ്ത്രീ-പുരുഷബന്ധങ്ങളുടെയും കുടുംബസങ്കല്പങ്ങളുടെയും പുതിയ രൂപത്തിലുള്ള നിർവ്വചനം നവോത്ഥാനകാലഘട്ടത്തിലാണ് പ്രബലമാകുന്നത്. ഏകപതി, ഏകപത്നി തുടങ്ങിയവ ഇക്കാലഘട്ടത്തിന്റെ പ്രത്യേകതകളായിരുന്നു. 'വീണപൂവി'ൽ ഇത് വളരെ വ്യക്തമായി ആവിഷ്ക്കരിച്ചിരിക്കുന്നു. കണ്ടെത്തിയ വരനെ പൂവ് ആവോളം സ്നേഹിക്കുകയും പങ്കാളിയുടെ തെറ്റുകളെല്ലാം പൊറുക്കുകയും ചെയ്തിരുന്നു. തന്റെ ശരീരം ഒരാൾക്കു മാത്രം തീറു കൊടുത്ത പൂവ് മറ്റെല്ലാ കാമുകരെയും മടക്കി അയയ്ക്കുകയായിരുന്നു. അതൊന്നും പരിഗണിക്കാതെയുള്ള വണ്ടിന്റെ പരപുഷ്പബന്ധത്തിലുണ്ടായ മനോവേദനയാണ് പൂവിനെ മരണത്തിലേക്കു നയിച്ചതെന്നാണ് കവി സങ്കല്പിക്കുന്നത്.[25]

ആശാന്റെ കുടുംബസങ്കല്പത്തെപ്പറ്റിയുള്ള വ്യക്തമായ ചിത്രം സിംഹപ്രസവത്തിൽ നിന്ന് ലഭിക്കുന്നു. കൂട്ടിലടയ്ക്കപ്പെട്ട സിംഹത്തിന്റെ സ്വച്ഛന്ദമായ കുടുംബജീവിതത്തിനു നേരിട്ട പാരതന്ത്ര്യമാണ് ഇതിലെ പ്രതിപാദ്യം. സ്വന്തവും സ്വതന്ത്ര്യവുമായ വ്യക്തിജീവിതത്തിലുണ്ടാകുന്ന വിലങ്ങുകളും വിലക്കുകളുമെല്ലാം വ്യക്തിയെ ഉപരോധിക്കും.

25- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-245, (ശ്ലോകം-17)

എങ്കിലും ഉടലു വീഴുവോളവും തുടരുന്ന ജന്തുവാസന പാരതന്ത്ര്യത്തിലും തുടരുമെന്നാണ് 'സിംഹപ്രസവ'ത്തിലൂടെ സൂചിപ്പിക്കുന്നത്. ഒരാടിനെപ്പോലെ സിംഹം കിടാങ്ങളെ മുലയൂട്ടുന്നത് ചിത്രീകരിക്കുമ്പോൾ എത്ര ക്രൂരതയാർന്ന വന്യജീവിയിലും അടങ്ങിയിരിക്കുന്ന അനാദിയായ മാതൃത്വത്തിന്റെ ഉള്ളലിവിനെ കവി അനാവരണം ചെയ്യുന്നു.[26] മരത്തയ്യ് ശാഖിയായും പിന്നീടത് മുതുവൃക്ഷമായും ഒടുവിലത് വിറകായും മാറുന്നു. ഗാർഹസ്ഥ്യ ത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിയ്ക്കവേതന്നെ ഓരോ ജീവനും നിലവിലുള്ള ആശ്രമഘട്ട ത്തിൽനിന്ന് ക്രമികമായി പരിവർത്തനവിധേയമാകേണ്ടതാണെന്ന അഭിപ്രായമാണ് കവിയ്ക്കു ള്ളത്.[27]

ആശാന്റെ നായികമാരുടെ ഗാർഹസ്ഥ്യത്തിനുള്ള അഭിവാഞ്ഛയെ നായകന്മാരും നിയതിയും സമൂഹവുംചേർന്ന് ഉപരോധിക്കുന്നത് വീണപൂവ് മുതൽ കരുണവരെയുള്ള കാവ്യങ്ങളിൽ കാണാം. മരണത്തിന്റെ തൊട്ടുമുമ്പാണ് അവർ പ്രേമസായുജ്യമടയുന്നത്. കൂടാതെ തന്റെ കൃതികളിൽ ആശാൻ കുടുംബത്തിനും അതിലെ അവിഭാജ്യഘടകങ്ങളായ കുഞ്ഞുങ്ങൾക്കും വളരെയധികം പ്രാധാന്യമേകാൻ ശ്രദ്ധിച്ചിരിക്കുന്നു. കളിക്കോപ്പെടുത്ത ചെറുപൈതൽപോലെയെന്ന് നളിനിയിൽ ദിവാകരയോഗിയെ വർണ്ണിക്കുമ്പോളും[28] നിഴലിൻ വഴി പൈതലെന്നപോലെ ഇനി ഭോഗങ്ങളന്വേഷിച്ചലയു കയില്ലെന്ന് സീത ചിന്തിക്കുമ്പോ ളും[29] മനുഷ്യജന്മമാകുന്ന വേദനയ്ക്ക് ഒരുവിധത്തിൽ കുട്ടികൾ ശമനൗഷധങ്ങളാണെന്ന് സീത തീരുമാനിക്കുമ്പോളും[30] കരചരണങ്ങൾ മുറിച്ച് ചുടുകാട്ടിൽത്തള്ളപ്പെട്ട വാസവദത്ത യെ കൃതകോപനായ ശിശു കളിയിൽ പിച്ചിച്ചീന്തിയെ റിഞ്ഞ ശലഭത്തോട് ഉപമിക്കുമ്പോളും[31] അമ്പിളി, കുട്ടിയും തള്ളയും തുടങ്ങിയ ബാലകവിതകൾ എഴുതുമ്പോഴും ആശാന്റെ ഉള്ളിൽ ശക്തമായ കുടുംബസങ്കല്പം നിലനിന്നിരുന്നു. ഗാർഹസ്ഥ്യജീവിതം സാഫല്യമടയുന്ന ദുരവസ്ഥയിൽ സ്വച്ഛന്ദവൃത്തിക ളായ പ്രാക്കളെ ഉദാഹരിച്ച് തന്റെ മനസ്സിനിണങ്ങിയ ഇണയെ

26- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-258, (ശ്ലോകം-2)

27- അതേ പുസ്തകം- പുറം- 263, (ശ്ലോകം-26)

28- അതേ പുസ്തകം- പുറം- 273 (ശ്ലോകം-4)

29- അതേ പുസ്തകം- പുറം- 673 (ശ്ലോകം-13)

30- അതേ പുസ്തകം- പുറം- 676 (ശ്ലോകം-25)

31-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-254

വരിച്ച് കൂടുകെട്ടി ഈശ്വരൻ കൊടുത്ത കുട്ടികളെ പോറ്റി മരിക്കുന്നതുവരെ അതിൽ വേർപെടാതെ ജീവിക്കുന്നതാണ് കുടുംബജീവിതമെന്ന് കവി സൂചിപ്പിക്കുന്നു.[32] ഈ ലോകത്തോട് അനുരാഗമില്ലാത്തവരോട് മനുഷ്യാകാരമെടുത്ത് ജനിക്കാതിരി ക്കാനും വനാന്തരങ്ങളിലെ ഗുഹകളിൽ ഏകാന്തതയിലിരിക്കുന്ന നിർമ്മമതയാർന്നവരോട് അതുപേക്ഷിച്ച് പുറത്തു വരാതിരിക്കാനും 'ഗരിസപ്പാ അരുവി അല്ലെങ്കിൽ ഒരു വനയാത്ര'യിൽ കവി ആവശ്യപ്പെടുന്നു.[33] തന്റെ സുഹൃത്തായ ഡോ. പൽപ്പു ഭാര്യയോടും കുട്ടികളോടുംകൂടെ ഒരു വനയാത്രയിൽ കവിയ്ക്കരികിലേക്ക് അണയുമ്പോളുണ്ടായ ഗാർഹസ്ഥ്യത്തോടുള്ള ആഭിമുഖ്യമാണ് കവിതയിലെ പ്രതിപാദ്യം.

വിവാഹത്തിനുമുമ്പ് ആശാൻ ശ്രീനാരായണഗുരുവിനയച്ച 'ഒരു സമർപ്പണ'ത്തിൽ "രുചിയുടെ മാറ്റംകൊണ്ടും മറ്റു കാരണങ്ങളാലും അല്ലയോ ഗുരോ, ഞാൻ ശുഭകരമായ ഗൃഹസ്ഥവ്രതത്തെ എടുക്കാൻ പോകുന്നു. അങ്ങയെ ആശ്രയിക്കുന്നവനാൽ നിരാശ്രയമായ നാലാമത്തെ സന്ന്യാസാശ്രമം മാത്രം ആശ്രയിക്കപ്പെടണമെന്നില്ലല്ലോ?"[34] എന്ന് പറഞ്ഞിരിക്കുന്നു. ഗാർഹസ്ഥ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുമ്പോൾ മറ്റൊരാശ്രമത്തെയും അപ്രധാനമെന്ന് സമർത്ഥിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നില്ല. മറിച്ച് ഉദാത്തമായ ലക്ഷ്യത്തിലേക്കുയരുമ്പോഴുള്ള സുഭദ്രമായ ഇടത്താവളമായാണ് കുടുംബജീവിതം ഉൾപ്പെടെയുള്ള ലൗകികമായ ഉപലബ്ധികളെയെല്ലാം ആശാൻ നിരൂപണം ചെയ്യുന്നത്.

### 6.3 പരിസ്ഥിതിദർശനം

ഒരുണ്മയുടെ വിവിധതലങ്ങളിലുള്ള ആവിഷ്ക്കാരങ്ങളാണ് പ്രപഞ്ചസൃഷ്ടികൾ. ആയതിനാൽ സ്ഥൂല-സൂക്ഷ്മ-കാരണഭേദമെന്യേ അവയ്ക്കു തമ്മിൽ പാരസ്പര്യമുണ്ട്. ആശാന്റെ പരിസ്ഥിതിദർശനത്തിന്റെ മർമ്മവും അതാണ്. പ്രപഞ്ചത്തിൽ ഒറ്റതിരിഞ്ഞു നിൽക്കുന്ന ഇടങ്ങളില്ലെന്നും എല്ലാം പരസ്പരാശ്രിതങ്ങളാണെന്നും അസ്തിത്വത്തിന്റെ ആധാരം ഈ ബഹുമുഖസംബന്ധമാണെന്നും പല സന്ദർഭങ്ങളിലും കവി സ്പഷ്ടമാക്കുന്നു ണ്ട്. ജീവിതാവസ്ഥകളെ സമഗ്രമായി അപഗ്രഥിച്ചും ഉൾക്കൊണ്ടും എത്തിച്ചേരുന്ന ജീവിത

32- അതേ പുസ്തകം- പുറം-161

33- അതേ പുസ്തകം- പുറം-309 (ശ്ലോകം-11)

34- രുചേശ്ചലത്വാദിതരൈശ്ച ഹേതുഭിർ / ഗുരോ ചരിഷ്യാമി ശിവം ഗൃഹവ്രതം
ഭവച്ഛ്രിതസ്യാശ്രയതേ നിരാശ്രയം / ന കേവലം ബ്രഹ്മ തുരീയമാശ്രമം
അതേ പുസ്തകം- പുറം-438 (ശ്ലോകം-3)

സത്യം പ്രാപഞ്ചികമായ സത്യത്തിനും സൗന്ദര്യത്തിനും അപ്പുറത്താണ്.

പ്രപഞ്ചത്തിലെ പരസ്പരാശ്രിതത്വത്തെ പ്രതീകങ്ങളിലൂടെ കൊണ്ടു വരുമ്പോഴാണ് അവയ്ക്ക് അനന്യഭാവം കൈവരുന്നത്. തത്ത്വനിഷ്ഠമായും പ്രസാദാത്മകമായും ജീവിതത്തെ നോക്കിക്കാണുന്നതിനും ജഡത്തിലൂടെ ചൈതന്യത്തെ ദർശിക്കുന്നതിനും പരത്തെയും അപരത്തെയും സമന്വയിപ്പിക്കുന്നതിനുമുള്ള പ്രതീകമാണ് വീണപൂവ്. പൂവിനു നൽകിയ അസ്തിത്വത്തിന്റെ സാർവ്വത്രികഭാവം സാർവ്വകാലികമായി അതിൽ തുടരുന്നതു കാണാം. ലോകനടപടിക്രമങ്ങൾ, ലൗകികജീവിതത്തിന്റെയും ക്ഷണഭംഗുരത, മനുഷ്യനും ചരാചരപ്രപഞ്ചവും തമ്മിലുള്ള സൂക്ഷ്മമായ ജൈവബന്ധം ഇവയെല്ലാം വീണപൂവിലൂടെ കവി സവിശേഷമായി അവതരിപ്പിക്കുന്നു.

'വീണപൂവി'ൽ പൂവിന്റെ പതനം പ്രകൃതിപ്രതിഭാസങ്ങൾ എങ്ങനെ ഉൾക്കൊണ്ടുവെന്ന് പറയുന്നുണ്ട്. ചെറിയ എട്ടുകാലികൾ മരണത്തിൽ മൂടാനുള്ള പട്ട് നെയ്തു. ഉഷസ്സ് മഞ്ഞിൻകണങ്ങളുടെ മനോഹരമായ അന്ത്യഹാരം ചാർത്തി. നക്ഷത്രങ്ങൾ കണ്ണീരുപോലെ ഹിമകണങ്ങൾ പൊഴിച്ചു. കുരികിൽപ്പക്ഷികൾ കൂടുവിട്ടിറങ്ങി വന്ന് ദുഃഖത്തോടെ കരയുകയും പുലമ്പുകയും ചെയ്തു.[35] സൃഷ്ടിയുടെ ഒരറ്റത്തുള്ള നക്ഷത്രം മുതൽ മറ്റേ അറ്റത്തുള്ള വീണപൂവുവരെയുള്ളതിന്റെയെല്ലാം ആധാരം കേവലസത്തയിൽ നിലകൊള്ളുന്നതുകൊണ്ട് അവയ്ക്കു തമ്മിലുള്ള പാരസ്പര്യം അനന്തമാണ്. അതുകൊണ്ടാണ് പൂവിന്റെ നിര്യാണത്തിൽ സ്ഥാവരജംഗമപദാർത്ഥങ്ങളെല്ലാം ഒരുപോലെ ദുഃഖിക്കുന്നത്. ഓരോ പദാർത്ഥത്തിന്റെയും സ്പന്ദനപ്രതിസ്പന്ദനങ്ങൾ പ്രപഞ്ചവ്യവസ്ഥയുടെ താളക്രമത്തെ സ്വാധീനിക്കുമെന്നതിന്റെ സ്പഷ്ടമായ സൂചനകൂടിയാണത്.

ആത്മാക്കളെ ബന്ധിപ്പിക്കുന്ന ഒരദൃശ്യശൃംഖലപോലെയാണ് സാത്വികശൃംഗാരത്തെ പ്രതിപാദിക്കുന്ന 'നളിനി'യിലെ താമരപ്പൂവിന്റെ സൗരഭ്യവും രാജസികശൃംഗാരത്തെ കുറിക്കുന്ന 'ലീല'യിലെ ചമ്പകഗന്ധവും വർത്തിക്കുന്നത്. പ്രാഥമികതലത്തിൽ ഇവയുടെ ദൃശ്യഗന്ധാനുഭവങ്ങൾ പ്രതീകാത്മകങ്ങളായി അനുവാചകരിലേക്ക് സംക്രമിക്കുന്നു. അതിലുപരി ഇവയ്ക്ക് ഔൽപ്പത്തികമായ സംബന്ധം കൂടിയുണ്ട്. "ദൃഷ്ടാന്തത്തിന് 'നളിനി' ഒരു താമരപ്പൂവാണെന്നും'ലീല'ഒരു ചെമ്പകപ്പൂവാണെന്നും വിചാരിക്കുക; രണ്ടും പുഷ്പങ്ങളാണ്; രണ്ടിനേയും സൃഷ്ടിക്കുന്നതിൽ സ്രഷ്ടാവ് തന്റെ കല്പനാശക്തിയേയും

35- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-249 (ശ്ലോകം-26,27)

ശില്പസാമർത്ഥ്യത്തേയും ഒന്നുപോലെ ഉപയോഗിച്ചിട്ടും ഉണ്ട്. എങ്കിലും ഒന്ന് ശാന്തമായ സുഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂവ്, മറ്റേത് പ്രകടമായ സൗന്ദര്യവും ഉജ്ജ്വലകാന്തിയുമുള്ള ചെമ്പകപ്പൂവ്. വ്യത്യാസത്തിന്റെ കാരണം സ്രഷ്ടാവിന്റെ സങ്കല്പഭേദം മാത്രമായിരിക്കും. അത് ഒഴിച്ചു കൂടാനാകാത്തതുമാണെന്ന്"[36] ലീലയുടെ ആമുഖത്തിൽ ആശാൻ പറയുന്നു. ഏകാത്മഭാവത്തിന്റെ അവിഭക്തതയാണ് സമസ്തസൃഷ്ടികളും ഉൾക്കൊള്ളുന്ന ആവാസവ്യവസ്ഥ(Ecosystem)യ്ക്കുള്ളത്.

'പ്രരോദന'ത്തിൽ എ.ആർ. രാജരാജവർമ്മയുടെ നിര്യാണം പ്രകൃതിയെ എങ്ങനെ സ്വാധീനിച്ചുവെന്ന് സ്പഷ്ടമാക്കിക്കൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. കേരളാവനിയും കൈരളിയും വിവിധ ഭൂഭാഗങ്ങളുടെ അധിദേവതകളും ഇതരദേവഗണങ്ങളും പ്രകൃതിയും ജീവജാലങ്ങളുമെല്ലാമെല്ലാം ദുഃഖത്തിൽ ഭാഗഭാക്കാകുന്നു. ഇവിടെ നിര്യാണദുഃഖമെന്ന കേന്ദ്രബിന്ദുവിലേക്ക് സൃഷ്ടിയിലെ എല്ലാ ഘടകങ്ങളും സമന്വയിച്ചിരിക്കുന്നത് കാണാം. കൂടാതെ പാണിനി, കാളിദാസൻ, ഭാസൻ, പൗരസ്ത്യരും പാശ്ചാത്യരുമായ വിവിധ പണ്ഡിതർ, സരസ്വതീദേവിയും ഒപ്പമെഴുന്നള്ളിയ പ്രാചീനകവിത്രയത്തിൽപ്പെടുന്ന ചെറുശ്ശേരി, തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ തുടങ്ങിയവരുമെല്ലാം പരേതനെ എതിരേൽക്കാൻ വരുന്നുണ്ടെന്നും കവി വിഭാവനം ചെയ്യുന്നു.[37] സൃഷ്ടികൾക്കെല്ലാം സ്ഥലം, കാലം, വ്യക്തി, ധർമ്മം, അവസ്ഥ എന്നിവയ്ക്കെല്ലാം അതീതമായൊരു തലമുണ്ടെന്ന് ഇവിടെയെല്ലാം സ്പഷ്ടമാക്കുന്നു. പ്രപഞ്ചത്തിലെ അനിത്യത, അസ്ഥിരത, ക്ഷണികത, ശോകാത്മകത, പാരസ്പര്യം എന്നിവയെല്ലാം സ്ഥാപിക്കുവാൻ കവി പ്രതീകാത്മകമായി വിനിയോഗിച്ചിരിക്കുന്നത് ഈ ചരാചരപ്രപഞ്ചത്തെയാണ്. കായികവും മാനസികവും ബൗദ്ധികവുമായശേഷികൊണ്ട് മനുഷ്യന് ഈ പ്രപഞ്ചത്തെ കീഴടക്കാനാകില്ല. സത്താപരമായ ഐക്യമുള്ളതുകൊണ്ട് ഈ പ്രപഞ്ചത്തെ അവന് കീഴടക്കേണ്ടതുമില്ല. വൈവിദ്ധ്യവും വൈരുദ്ധ്യവുമാർന്ന നാമരൂപഗുണധർമ്മാദികളുള്ള സൃഷ്ടികൾ സാരാംശത്തിൽ ഒരാധാരത്തിൽത്തന്നെ അഭിന്നമായി വർത്തിക്കുന്നതെന്ന അദ്വൈതനിലപാടിനാണ് ഇവിടെ പ്രാമുഖ്യം. പരമ്പരാഗത ജീവിതമൂല്യങ്ങളും പുതിയ ലോകക്രമവും

---

36- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-327

37-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, (പുറം-48, ശ്ലോകം-21) (പുറം-80, ശ്ലോകം-89)

ഉൾക്കൊള്ളുന്ന ആശാന്റെ പരിസ്ഥിതിസങ്കല്പം സാംസ്ക്കാരികബോധത്തിന്റെ ഭാഗമാണ്. തദനുസൃതമായ സഹജാവബോധത്തോടെയാണ് ആശാന്റെ കഥാപാത്രങ്ങൾ സാംസ്ക്കാരത്തിന്റെ ആന്തരികഭൂപടങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നത്.

### 6.4 ഏകത്വബോധം

ഏകവും അദ്വിതീയവുമായ സത്യത്തിന്റെ വിവിധ തരത്തിലും തലത്തിലുമുള്ള ആകാര-പ്രകാരങ്ങളാണ് ഈ പ്രപഞ്ചപ്രതിഭാസങ്ങളെന്നാണ് അദ്വൈതപക്ഷം. അപ്രമേയമായ ബ്രഹ്മാവസ്ഥ പരമാർത്ഥമായിരിക്കേ പരിമിതമായ ജഗദനുഭവം വ്യവഹാരത്തിലുള്ള ജീവനെ അസ്വതന്ത്രമാക്കുന്നുവെന്ന നിലപാടാണ് ആശാനുള്ളത്. സത്താപരമായ കേവലദർശനത്തിൽ എല്ലാം ഒന്നാണ്. ഉപാധിവൈവിദ്ധ്യങ്ങൾ പ്രകടിതമായിരിക്കുമ്പോൾ ത്തന്നെ അവയുടെയെല്ലാം ഏകാധാരത്തെ അറിയാനും സാക്ഷാൽക്കരിക്കാനും സാധിക്കും. ലക്ഷ്യതലത്തിലുള്ള ഐക്യബോധത്തെ മാർഗ്ഗതലത്തിലേക്ക് കൊണ്ടുവരുമ്പോൾ അത് സർവ്വതലത്തിലുമുള്ള പ്രായോഗികമായ സ്ഥിതിസമത്വമായി പരിവർത്തിക്കും. ഈ സാർവ്വലൗകികവീക്ഷണം ഉൾക്കൊണ്ട കവിയാണ് കുമാരനാശാൻ. ഈ നിലപാടിലാണ് സാമൂഹികതിന്മകൾക്കെതിരെ പ്രതിഷേധമുയർത്തിയത്. ജീവിതത്തെ സാമൂഹികവും വൈയക്തികവുമായ പശ്ചാത്തലത്തിലാണ് നോക്കിക്കാണുന്നതെങ്കിൽ അന്ത്യഭാഗത്ത് അത് ആത്മീയതയിൽ അധിഷ്ഠിതമാണ്.

പൂവിനെ അഭിസംബോധന ചെയ്തുകൊണ്ട് കവി വീണപൂവിൽ പറയുന്നത് ഇങ്ങനെയാണ്. ‘‘നിന്റെ വേർപാടിനെക്കുറിച്ച് ഓർക്കുമ്പോഴും മണ്ണിലെ ശോചനീയമായ കിടപ്പ് കാണുമ്പോഴും എനിക്ക് ദുഃഖമുണ്ട്. അല്ലയോ പൂവേ, നമ്മൾ ഒരു സഹോദരരല്ലേ? ഒരു കൈതന്നെയല്ലേ നമ്മെയെല്ലാം സൃഷ്ടിച്ചിരിക്കുന്നത്?[38] താദാത്മ്യബോധമാണ് പൂവിന്റെ പതനത്തിൽ കവിക്ക് ദുഃഖം തോന്നുന്നതിനുള്ള കാരണം. ഒരു സൃഷ്ടിയുടെ രണ്ടിടങ്ങളെന്ന വ്യത്യാസമുണ്ടെങ്കിലും പൂവും താനും കേവലദൃഷ്ടിയിൽ ഒന്നാണെന്നും ഈ ലോകത്തിൽ നിന്ന് ഭൗതികമായ വിയോഗം ഇരുവർക്കും ഉണ്ടാകുമെന്നും കവിക്ക് ഉത്തമബോദ്ധ്യമുണ്ട്. അദ്വൈതത്തിൽ വ്യാവഹാരികമായ പ്രകടീകരണത്തിന് നിദാനമാക്കുന്ന സൃഷ്ടിസങ്കല്പത്തെ പുരസ്ക്കരിച്ച് ഒരു കൈതന്നെയാണ് നമ്മെയെല്ലാം രചിച്ചതെന്ന് കവി അനുസ്മരി

38- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-251 (ശ്ലോകം-32)

ക്കുന്നു. ഇവിടെ ലോകതലത്തിലുള്ള വിഭിന്നതയെ ആവിർഭാവതലത്തിലേക്കുകൊണ്ടുവന്ന് ഏകീഭവിപ്പിക്കുന്നു. പരമമായ ഏകത്വത്തെ കുറിക്കുന്ന ജാതിയും മതവും ദൈവവുമൊന്നെന്ന ശ്രീനാരായണദർശനമായും ഇതിന് ബന്ധമുണ്ട്. [39]

മാനവികയുടെ പരമോന്നത മന്ത്രമായ സത്യം, സമത്വം, സ്വാതന്ത്ര്യം എന്നിവയാണ് ആശാൻ കവിതകളിൽ മുഴങ്ങി കേൾക്കുന്നത്. അത് പ്രപഞ്ചവിശാലതയിലേക്ക് വികസിക്കുന്നതും സർവ്വചരാചരങ്ങളെയും ഉൾക്കൊള്ളുന്നതുമാണ്. 'മണിമാല'യിലെ 'പ്രഭാതനക്ഷത്ര'മെന്ന ഉദ്ബോധനപരമായ കവിതയിൽ പ്രഭാതത്തിൽ ഉദിച്ചുയരുന്ന സൂര്യനും ഏകത്വത്തിന്റെയും സാർവ്വത്രിക സാഹോദര്യത്തിന്റെയും സന്ദേശങ്ങളാണ് ലോകത്തിലേക്ക് പ്രസരിപ്പിക്കുന്നത്. അതിലെ ആഹ്വാനം ഉണരാനും ജാഗ്രതയോടെ ഈ പ്രപഞ്ചത്തെ നിരീക്ഷിച്ച് ഏകത്വബോധത്തിന്റെ പുലരിയെ സ്വാംശീകരിക്കാനുമാണ്. അവിടെ സമ്പൂർണ്ണമായ ഏകത്വത്തെയാണ് കവി ലക്ഷ്യമാക്കുന്നത്. അതുകൊണ്ടാണ് ഒരു രാജ്യവും ഒരു ഭാഷയും ഒരു ദേവനും ഒരു സമുദായവും മാത്രമേ ഉണ്ടാകാൻ പാടുള്ളൂ[40]വെന്ന ഉദ്ബോധനം കവി പകരുന്നത്. യാന്ത്രികമായോ നിയമപരമായോ ബലപൂർവ്വകമായോ നടത്തുന്ന ഏകോപനപരിശ്രമങ്ങളിൽനിന്ന് വ്യത്യസ്തമായി ഉൽപ്പത്തി-സ്ഥിതി-വിലയനങ്ങൾക്കെല്ലാം അധിഷ്ഠാനമായ സദ്വസ്തുവിലൂന്നിയ ഏകത്വത്തെയാണ് ഇവിടെ ലക്ഷീകരിക്കുന്നത്.

ശ്രീമൂലം തിരുനാളിന്റെ അറുപതാം പിറന്നാളിനോടനുബന്ധിച്ച് എഴുതിയ വനമാലയിലെ 'ഷഷ്ടിപൂർത്തി മംഗള'മെന്ന കവിതയിൽ രാജാവിന്റെ പ്രജാക്ഷേമതല്പരതയെക്കുറിച്ച് പറയുമ്പോൾ വിവിധ മതവിഭാഗങ്ങളിൽപ്പെട്ടവരെ പ്രതിനിധീകരിക്കുന്ന ചന്ദ്രക്കലയുടെയും കുരിശിന്റെയും ഗരുഡന്റെയും കാളയുടെയും അടയാളമുള്ള കൊടികൾ അവിടെ പാറിക്കളിക്കുന്നതും പറയക്കിടാങ്ങളെ എഴുത്തിനിരുത്തുന്നതും സൂചിപ്പിച്ച് വിവിധ ജാതി മതവിഭാഗത്തിൽപ്പെട്ടവരെ അവിടന്ന് തന്റെ മക്കളെപ്പോലെ സ്നേഹിക്കുന്നതായി

39- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 എഡി-1, പുറം-404

40- ഒരു രാജ്യം നിങ്ങൾക്കൊരു ഭാഷ നിങ്ങൾ- / ക്കൊരു ദേവൻ നിങ്ങൾക്കൊരു സമുദായം കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-266

സാക്ഷ്യപ്പെടുത്തുന്നു.[41] ഇവിടെ രാജചിഹ്നങ്ങൾക്കും അധികാരസ്ഥാനങ്ങൾക്കും അപ്പുറത്ത് രാജാവ് ആദരണീയനാകുന്നത് സർവ്വവിഭാഗങ്ങളോടും പുലർത്തുന്ന മാനവികതയിലും സ്ഥിതിസമത്വത്തിലും അധിഷ്ഠിതമായ സാമൂഹികനീതിയിൽ ഊന്നുന്നതിനാലാണ്.

6.5 സ്വാതന്ത്ര്യം

ഒരു വ്യക്തിയുടെ പ്രാഥമികതലംമുതൽ ആത്യന്തികതലംവരെയുള്ള ഇച്ഛകളുടെ വികാസത്തിനും പൂർത്തീകരണത്തിനും പ്രതിബന്ധമില്ലാത്ത അവസ്ഥയാണ് സ്വാതന്ത്ര്യം. അടിസ്ഥാനചോദനകൾ, മൗലികപ്രവണതകൾ തുടങ്ങിയ അസംസ്കൃതധാതുക്കളുമായി ബന്ധപ്പെട്ട ആന്തരികവ്യക്തിത്വവും സാമൂഹികനിയന്ത്രണങ്ങൾക്കനുസരിച്ച് വ്യവസ്ഥീകൃത മായ ബാഹ്യവ്യക്തിത്വവും മനുഷ്യർക്കുണ്ട്. അതിൽ മൗലികചോദനകളിലുള്ള അടിസ്ഥാനപരമായ സ്വാതന്ത്ര്യവാഞ്ഛയും അതിന്റെ പരിധിനിർണ്ണയനവും വൈയക്തികമായ പ്രശ്നമണ്ഡലങ്ങളിലൊന്നാണ്. ഇവിടയെല്ലാം സ്വയംനിർണ്ണയനാവകാശം കൈക്കൊള്ളുന്നത് സ്ഥലകാലാനുസൃതമായ ധാർമ്മികതയിലൂന്നിയാണ്. ജാതി, മതം, വർഗ്ഗം, വർണ്ണം, ലിംഗം, ദേശം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, അധികാരം എന്നിവ മനുഷ്യന്റെ സ്വാതന്ത്ര്യദാഹത്തെ പ്രശ്നവൽക്കരിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. അവയ്ക്കുപുറമെ മനുഷ്യനും സമുദായവും തമ്മിലുള്ള, മനുഷ്യൻ അവനവ നോടുതന്നെയുള്ള, മനുഷ്യനും സാഹചര്യവും തമ്മിലുള്ള, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സംഘട്ടനങ്ങളും അവന്റെ പാരതന്ത്ര്യത്തിനു നിദാനമാകുന്നു. സ്വാതന്ത്ര്യത്തിന്റെ നൂതനമാനങ്ങളെ മനുഷ്യൻ അന്വേഷിച്ചുകൊണ്ടിരിക്കുന്നത് മേൽപ്പറഞ്ഞ പരിമിതികളിലൂടെയാണ്. സമൂഹത്തെ ചലനാത്മകമാക്കുന്ന സാമൂഹിക, സാംസ്ക്കാരിക നവോത്ഥാനങ്ങൾ രൂപംകൊള്ളുന്നതും അതിലൂടെയാണ്. പാരതന്ത്ര്യത്തിന്റെ പരിമിതികളെ മറികടക്കുന്നതിനുള്ള ഇത്തരം സംരംഭങ്ങൾ മനുഷ്യനിൽ പുതിയ ഉണർവ്വിനോടൊപ്പം ഉത്തരവാദിത്വവും ചുമതലാബോധവും ബാദ്ധ്യതയും പ്രതിബദ്ധതയുമുണ്ടാക്കുന്നു. അങ്ങനെ ഓരോരുത്തരുടെയും സാദ്ധ്യതകളെ ഉപരോധിക്കുന്നതിനും പശ്ചാത്തലത്തെ അതിക്രമിക്കുന്നതിനുമുള്ള പ്രവർത്തിധർമ്മമായി സ്വാതന്ത്ര്യം പരിവർത്തിക്കുമ്പോൾ

41- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-361

വ്യക്തിസ്വാതന്ത്ര്യം അപരന് ഉപകാരമായിത്തീരുന്നു.

ആശാന്റെ സ്വാതന്ത്ര്യദർശനത്തിന്റെ അടിസ്ഥാനം അദ്വൈതതലത്തിലുള്ള സത്യദർശനമാണ്. ഏകവും അദ്വിതീയവുമായ സത്യത്തിന്റെ സോപാധികനിലയിലുള്ള ആവിഷ്ക്കാരമാണ് സമസ്തവും. ഈ തത്ത്വം അറിയുമ്പോൾ എല്ലാത്തിനെയും ധരിച്ചു നിൽക്കുന്ന പ്രസ്തുത ധാർമ്മികവ്യവസ്ഥയ്ക്കനുസൃതമായി ജീവിതത്തെ കരുപ്പിടിപ്പിക്കാനാകും. തദ്വാരാ സംശുദ്ധവും പ്രശാന്തവുമാകുന്ന അന്തഃകരണത്തിലൂടെ ഭൂതജാലങ്ങളുടെ പാരസ്പര്യത്തെ തിരിച്ചറിയുമ്പോൾ നമ്മിൽനിന്ന് സഹജമായ ആഭിമുഖ്യം അവയിലേക്കു സ്നേഹത്തിന്റെ രൂപത്തിൽ പ്രവഹിക്കും. ഉപാധികളിലുള്ള വ്യത്യാസങ്ങളല്ലാതെ താനും അറിയപ്പെടുന്ന പ്രപഞ്ചപ്രതിഭാസങ്ങളും ഒരു ചൈതന്യത്തിന്റെ വിസ്ഫൂർത്തിയാണെന്നുള്ള സ്ഥിതിസമത്വബോധം വികസ്വരമാകും. അതിലൂടെ സുസ്ഥാപിതമാകുന്ന അനന്യതാബോധമാണ് സ്വാതന്ത്ര്യത്തെ യാഥാർത്ഥ്യമാക്കുന്നത്. സത്യാവബോധത്തിന്ന നുസൃതമായ ധർമ്മാചരണത്തിലൂടെ അന്തഃകരണശുദ്ധി കൈവരിച്ച് പ്രേമത്തിലൂടെ സാഹോദര്യവും സ്ഥിതിസമത്വവും ഏകത്വവും തിരിച്ചറിഞ്ഞ് സ്വാതന്ത്ര്യത്തെ സാക്ഷാൽ ക്കരിക്കുന്നു.

വ്യക്തിക്ക് വിമോചനവും ലോകത്തിന് ഹിതവും എന്നക്രമത്തിലാണ് ആശാൻ സ്വാതന്ത്ര്യസങ്കല്പത്തെ പ്രായോഗികമാക്കുന്നത്. മനുഷ്യാത്മാവിനെ സത്യോന്മുഖമാക്കി വികസിപ്പിച്ച് അവനിൽ നിലീനമായ സ്വാതന്ത്ര്യത്തെ സാക്ഷാൽക്കരിക്കാനാണ് അദ്വൈതചിന്തയെ ആശാൻ വിനിയോഗിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ വക്താവും പ്രയോക്താവുമായ ആശാൻ തന്റെ കവിതകളിൽ ആചാരലംഘനവും സ്വാതന്ത്ര്യപ്രഖ്യാപനവും നടത്തിയിട്ടുണ്ട്. പാരതന്ത്ര്യത്തിന്റെ നാരായവേർ പിഴുതെറിയാനാണ് കവിയുടെ ആഹ്വാനം. സ്വാതന്ത്ര്യത്തിന് രാഷ്ട്രീയം, മാനവികം, സാമ്പത്തികം, പ്രാപഞ്ചികം, ആത്മീയം എന്നിങ്ങനെ നിരവധി മാനങ്ങളുണ്ട്. അവയുടെ ബഹുമുഖമായ പ്രകാശനതലങ്ങൾ ആശാൻകവിതയിൽ സുലഭമാണ്. ഇന്ദ്രിയവേദ്യമായ ഭൗതികസ്വാതന്ത്ര്യവും എല്ലാ പരിമിതികളിൽനിന്നും വിമുക്തിയേകുന്ന ആത്മീയസ്വാതന്ത്ര്യവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായിക്കണ്ടു. ഇപ്രകാരം സ്വാതന്ത്ര്യാവബോധത്തെ നിരുപാധികം ഉൾക്കൊണ്ട് പൈതൃകത്തിന്റെ മൂല്യസഞ്ചയത്തെ കാവ്യമണ്ഡലത്തിലേക്ക് സമന്വയിപ്പിച്ചപ്പോളാണ് അത് സാമൂഹികവിമോചനശക്തിയായും സംസ്ക്കാരത്തിന്റെ പുനരുജ്ജീവനചൈതന്യമായും പരിവർത്തിച്ചത്.

മനുഷ്യനെ അവന്റെ ഇച്ഛയ്ക്ക് അതീതമായി ഏതോ ശക്തിനയിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിൽനിന്ന് അവന് വിമോചനമില്ലെന്നുമുള്ള ധാരണ ആശാന്റെ ലൗകിക

മായ സ്വാതന്ത്ര്യസങ്കല്പത്തിൽ ഉൾച്ചേർന്നിരിക്കുന്നു. സ്നേഹം, സൗന്ദര്യം, എന്നിവയ്ക്ക് പ്രതിയോഗിയായി പ്രകൃതിയുടെയും വിധിയുടെയും സംഹാരശക്തിയെക്കുറിച്ചുള്ള അവബോധവും അതിൽ നിലനിൽക്കുന്നുണ്ട്. ഇതിനെ മറികടക്കുന്നതിനുള്ള പരിശ്രമങ്ങൾ കൃതികളിൽ കാണാം. സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരത്തിനായി നാം പ്രകൃതിയിലെ ഓരോ പ്രതിഭാസത്തെക്കുറിച്ചുമറിയണം. നമുക്കനുയോജ്യമാംവിധം അവയെ തിരിച്ചറിയുകയും വിധേയമാക്കുകയും വേണം.[42]

'ഒരു സിംഹപ്രസവ'ത്തിൽ കൂട്ടിൽക്കിടക്കുന്ന സിംഹം കോപത്താൽ ഉഗ്രമായ ഗർജ്ജനത്തോടെ രാജാവിനെ പരാതി ബോധിപ്പിക്കുകയായിരിക്കുമെന്ന് അനുമാനിക്കുന്ന കവി തുടരുന്നു- "പരതന്ത്രനാണെങ്കിലും പരാക്രമിയായ ഒരാൾ അപ്രിയം പ്രവർത്തിക്കൽ സഹിക്കില്ല."[43] ഒടുവിൽ തടവിൽ കിടക്കുന്ന സിംഹത്തോട് അന്നു നിലവിലിരുന്ന അധികാരവ്യവസ്ഥയുമായി ബന്ധിപ്പിച്ച് ദിനകൃത്യങ്ങൾപോലും ചെയ്തു തീർക്കാനാകാത്ത വിധത്തിൽ ജനങ്ങളൊക്കെത്തന്നെ അസ്വതന്ത്രരാണെന്ന് പറയുന്നു. സിംഹത്തിന്റെ ബന്ധനാവസ്ഥ കവിയിൽ ഉൽക്കണ്ഠയുളവാക്കുന്നു; ശരീരമാകുന്ന കൂട്ടിൽ തടവിൽക്കിടക്കുന്ന ജീവനെയോർമ്മപ്പെടുത്തുകയും ചെയ്യുന്നു.[44] തടവിൽക്കിടക്കുന്ന സിംഹം അധികാരസംബന്ധവും ആത്മീയവുമായ പാരതന്ത്ര്യത്തെ ഓർമ്മപ്പെടുത്താനിടയാക്കുന്നു.

നളിനി, ലീല, സീത, സാവിത്രി, മാതംഗി, വാസവദത്ത തുടങ്ങിയ മനുഷ്യപാത്രങ്ങളും പുഷ്പം, സിംഹം തുടങ്ങിയ പ്രകൃത്യംശങ്ങളും അതിരുകളില്ലാത്ത ആത്മസത്തയുടെ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്. ഇവിടെ സ്വാതന്ത്ര്യബോധം മാനവികതയിലേക്കൊതുങ്ങി നിൽക്കാതെ സമസ്തചരാചരങ്ങളിലേക്കും വ്യാപിക്കുന്നു. ഒരു ഉദ്ബോധനം, തീയക്കുട്ടിയുടെ വിചാരം, സ്വാതന്ത്ര്യഗാഥ, തുടങ്ങിയ കവിതകളും ഖണ്ഡകാവ്യങ്ങളും അദ്ദേഹത്തിന്റെ ആഴവും പരപ്പുമേറിയ സ്വാതന്ത്ര്യവീക്ഷണത്തെ വെളിപ്പെടുത്തുന്നവയാണ്. ദിവാകരൻ, ആനന്ദൻ, ഉപഗുപ്തൻ എന്നിവർ ഇന്ദ്രിയവിഷയങ്ങളിൽനിന്ന് പാരതന്ത്ര്യം നേടി ആത്മീയസ്വാതന്ത്ര്യത്തിന്റെ ആനന്ദം അനുഭവിച്ചവരാണ്. നളിനി, ലീല, വാസവദത്ത എന്നിവർ അവരെ

42- വേണു കെ. സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരം- ആലുവ, ഖനി ബുക്ക്സ്, 1990, എഡി-1, പുറം-59

43- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-259, (ശ്ലോകം-8)

44- അതേ പുസ്തകം- പുറം- 265, (ശ്ലോകം-35,36)

പൂർണ്ണസ്വാതന്ത്ര്യത്തിലേക്കെത്തിച്ചവരുമാണ്. സാഹിത്യജീവിതത്തിലും പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും ഉൾക്കൊണ്ട ആത്മാനുഭൂതികളെ കാല്പനികകവികളുടെ സഹജമായ സ്വാതന്ത്ര്യബോധത്തോടെ അദ്ദേഹം ആവിഷ്ക്കരിച്ചു.

ആശാൻകവിതകളിലെ സ്വാതന്ത്ര്യത്തിന് വിവിധതലങ്ങൾ ഉണ്ട്. ഒരു വ്യക്തിക്ക് അവനവനിൽനിന്നുള്ളത്, ഭൗതിക പരിസരത്തിൽ നിന്നുള്ളത്, പ്രകൃതിയിൽനിന്നുള്ളത്, അതുപോലെ സമൂഹത്തിന് അതിൽ നിന്നുതന്നെയുള്ളത്, വ്യക്തികളിൽ നിന്നുള്ളത്, പ്രകൃതിനിയമത്തിൽ നിന്നുള്ളത് എന്നിങ്ങനെ നിരവധി തലങ്ങൾ ആശാന്റെ സ്വാതന്ത്ര്യദർശനത്തിനുണ്ട്. ഈ അടിത്തറയിൽ നിന്നുകൊണ്ടാണ് ആശാൻ ദേശീയസ്വാതന്ത്ര്യത്തെ വിലയിരുത്തുന്നത്. ഭരണസംബന്ധമായ അധികാരവിനിമയം എന്നതിലുപരി ആശാന്റെ സ്വാതന്ത്ര്യത്തിന് നിരവധി മാനങ്ങങ്ങൾ കൈവരുന്നുണ്ട്. പരമ്പരാഗതസമീപനത്തിൽ നിന്ന് വ്യത്യസ്തമായി സ്വാതന്ത്ര്യത്തിന്റെ അന്തസ്സാരത്തേയും അതിന്റെ പ്രയോഗവ്യാപ്തിയേയും പ്രവർത്തനക്ഷമതയേയുംകുറിച്ചുള്ള ആശാന്റെ വീക്ഷണം തികച്ചും മൗലികമാണ്. പാരമ്പര്യത്തിലും പൈതൃകത്തിലുമുള്ള നന്മതിന്മകളെ വിവേചിച്ചറിയുന്നതിന് ആർജ്ജിതമായ സാംസ്ക്കാരികബോധത്തെ ഇവിടെയെല്ലാം ആശാൻ വിനിയോഗിക്കുന്നു. ദേശീയസ്വാതന്ത്ര്യവീക്ഷണം തുടക്കത്തിൽ സ്വാതന്ത്ര്യത്തിന്റെ പുറംപാളികളിൽ മാത്രമൊതുങ്ങിയപ്പോൾ അതിന്റെ ബാഹ്യാഭ്യന്തരവൈരുദ്ധ്യങ്ങളെ അവഗണിക്കുകയാണുണ്ടായത്.

'വനമാല'യിലെ 'തീയക്കുട്ടിയുടെ വിചാര'ത്തിൽ ഭാരതഭൂമിക്ക് പാരതന്ത്ര്യം വിധികല്പിതമാണെന്നും ജാതിയുടെ പേരിൽ മക്കൾ തമ്മിലടിച്ചു നശിക്കുമ്പോൾ എന്തിനാണ് സ്വരാജ്യമെന്നും കവി ചോദിക്കുന്നത് മേൽപ്പറഞ്ഞ ദൃഷ്ടിയിലാണ്.[45] അടിച്ചമർത്തപ്പെട്ട സമുദായത്തിന്റെ മോചനം സ്വപ്നം കാണുന്ന കവിയെയാണ് ഇവിടെ കാണുന്നത്. ആശാന്റെ സ്വാതന്ത്ര്യസങ്കല്പം സ്വരാജ്യത്തിൽ ഒതുങ്ങി നിന്ന ദേശീയതയായിരുന്നില്ല. ഇന്ത്യയിലെ അധഃസ്ഥിതരായ മനുഷ്യരുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് അദ്ദേഹം ദാഹിച്ചത്. അന്നത്തെ പലരുടെയും സ്വാതന്ത്ര്യസങ്കല്പം അധികാരവിനിമയത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നു. അങ്ങനെയാണെങ്കിൽപ്പോലും നിലനിർത്തുകയും എല്ലാവർക്കും അനുഭവിക്കാൻ സാധിക്കുകയും ചെയ്യണമെങ്കിൽ സാമൂഹികക്രമത്തെ പുനഃസംഘടപ്പിക്കേണ്ടതുണ്ടായിരുന്നു.

വൈദേശികമായ മേൽക്കോയ്മ അവസാനിപ്പിച്ച് ഭാരതത്തെ സ്വതന്ത്രമാക്കുന്നതിന്

---

45- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-322 (ശ്ലോകം-8)

അക്കാലത്ത് നടത്തിയ ജനമുന്നേറ്റങ്ങൾ ബഹുമുഖങ്ങളായിരുന്നു. അതിന് നേതൃത്വം കൊടുത്തവരുടെ ലക്ഷ്യം ജാതി, മതം, വർഗ്ഗം, വർണ്ണം, ലിംഗം, ഭാഷ, ദേശം, ആചാരവിശ്വാസ പ്രമാണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഭജിച്ചു നിന്ന ജനതയെ ഏകോപിപ്പിക്കലായിരുന്നു. ജാതിയുടെ പേരിൽ പോരടിക്കുന്നവരിലേക്ക് അധികാരമെത്തിയാൽ അവരതിനെ ദുർവ്വിനിയോഗം ചെയ്യും. ഈ സാഹചര്യത്തിലാണ് ആന്തരികമായ സംസ്ക്കരണത്തിൽനിന്നു തുടങ്ങി എല്ലാതരം കൊട്ടുപാടുകളിൽനിന്നുമുള്ള സമൂലവിമോചനത്തിലൂടെ സത്താപരമായ സമൈക്യത്തിലേക്കെത്തുന്ന ഉദാത്തമായ സ്വാതന്ത്ര്യദർശനം ആശാൻ ഉന്നയിച്ചത്. അതിൽ സാമ്പത്തികവും രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ തലങ്ങളും ഉൾക്കൊണ്ടിരുന്നു. എങ്കിലും സാമൂഹികസ്വാതന്ത്ര്യത്തിൽനിന്നാണ് എല്ലാത്തിനും തുടക്കമിട്ടത്. അടിമത്തം, ദാരിദ്ര്യം, വിദേശാധിപത്യം, ജാതിമേധാവിത്വം, സ്ത്രീകളുടെ അസ്വാതന്ത്ര്യം എന്നിവയ്ക്കെല്ലാം പ്രതിരോധമുയർത്തുന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്.

അവശരായ തേനീച്ചകളോട് സംഘടിക്കാൻ ആഹ്വാനം ചെയ്യുന്നതാണ് 'ഒരു ഉദ്ബോധന'മെന്ന കവിത. അതിൽ എല്ലാ പൂക്കളെയും ഒരുപോലെ തലോടി പ്രഭാതവായു പോകുന്ന വഴിതന്നെ നിങ്ങൾ പിന്തുടരണമെന്നും പൂമൊട്ടുകൾക്ക് അമൃതാക്ഷരം ഉപദേശിച്ച് ബോധവാന്മാരാക്കി തേനുണ്ണണമെന്ന് കവി പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. മരക്കൊമ്പിലും പൊത്തിലും ഗുഹയിലും വീടുകളിലുമുള്ളവരുടെ ക്ഷേമങ്ങൾ തിരക്കണം. മുഗളനെ ഓടിച്ച ആയുധം നിങ്ങളുടെ കൈവശമുണ്ട്. മുഷ്ക്കിനു കീഴടങ്ങാതെ പൊരുതാനും വേണ്ടി വന്നാൽ മരിക്കാനും അതിൽ കവി നമ്മളോട് ആവശ്യപ്പെടുകയാണ്. ആശാന്റെ സ്വാതന്ത്ര്യദർശനത്തിന്റെ സമഗ്രഭാവം അതിൽ കാണുന്നു. പ്രസ്തുത കവിതയുടെ ഉപസംഹാരഭാഗത്ത് സ്വാതന്ത്ര്യം അമൃതവും ജീവിതവുമാണെന്നും പാരതന്ത്ര്യം മാനികളെ സംബന്ധിച്ച് മരണത്തെക്കാൾ ഭയാനകമാണെന്നും പറയുന്നു.[46]

കൂരിരുട്ടാകുന്ന ആനയുടെ കുംഭം ഉടച്ചു ചോരചിന്തി മുന്നേറാനാണ് 'സിംഹനാദ'മെന്ന കവിതയിലെ ആഹ്വാനം. എങ്ങും തിരിഞ്ഞു നിൽക്കാതെ കൂസാതെ ജ്വലിച്ചു നിൽക്കുന്ന സൂര്യനെ നോക്കി കൂമനും കുറുക്കനും കരയട്ടെ. ഈർഷ്യയാൽ ആനയും തിമിം

---

46-സ്വാതന്ത്ര്യം തന്നെയമൃതം / സ്വാതന്ത്ര്യം തന്നെ ജീവിതം

പാരതന്ത്ര്യം മാനികൾക്കു / മൃതിയെക്കാൾ ഭയാനകം (ശ്ലോകം-17)

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-285-287

ഗലങ്ങളും വഴി തടയട്ടെ. ഏവരും സ്വതന്ത്രരാകണമെന്നാണ് ഇവിടെയെല്ലാം നിറഞ്ഞു നിൽക്കുന്ന ആശയം. ഈ യാത്രയിൽ തേരൊലി കേട്ട് മൂടൽമഞ്ഞ് വിറയ്ക്കും. വാർദ്ധക്യം ഊർജ്ജസ്വലമാകും. തേരോട്ടത്തിൽ പർവ്വതങ്ങൾ ഇടിഞ്ഞു വീഴുകയും അലയാഴി നികന്നു പോകുകയും ചെയ്യും. മാർഗ്ഗം മുടക്കാനെത്തുന്ന ആനകളുടെ മേൽ തേർപതിച്ച് ചോര ചിന്ത ട്ടെ. ഇരുട്ടകറ്റി ലോകമാകെ ക്രമീകരിക്കുന്ന ദേവാ, അവിടത്തെ ഘോരമായ കൃപയ്ക്ക് ഞാനിതാ നമസ്ക്കരിക്കുന്നു.[47]

'സ്വാതന്ത്ര്യഗാഥ'യിൽ മായാവ്യവസ്ഥയാലെന്നപോലെ അന്ധകാരത്തിന്റെ ആഴത്തിൽ ഞങ്ങൾ ബന്ധനസ്ഥരായി കേഴുകയാണെന്ന് പറഞ്ഞ് കാൽച്ചങ്ങല വെട്ടിമുറി ക്കാനും കൈവിലങ്ങ് പൊട്ടിച്ചെറിയാനും കവി ആവശ്യപ്പെടുന്നു. സാമൂഹികപശ്ചാത്തല ത്തിൽനിന്ന് തുടങ്ങി അത് വിശ്വമാനവികതയിലേക്കുയരുന്ന ആത്മീയസ്വാതന്ത്ര്യബോധ മായി പരിണമിക്കുന്നു.[48] ശ്രീനാരായണദർശനങ്ങളുമായുള്ള അടുപ്പമാണ് ആശാന്റെ സ്വാത ന്ത്ര്യാവബോധത്തിന്റെ മൂലാധാരം.

### 6.5.1 അറിവിലൂടെ സ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തെ നിശ്ചയിക്കുന്നതിൽ അധികാരം, സമ്പത്ത്, വിജ്ഞാനം എന്നിവയ്ക്ക് സുപ്രധാനമായ പങ്കുണ്ട്. ഇതിന്റെ അഭാവം ഭൗതികവും മാനസികവുമായ അടിമത്തത്തിലേ ക്ക് നമ്മെ നയിക്കും. സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും സഹജീവികളുടെയും വിമോ ചനത്തിന് ആധികാരികമായ അറിവ് അനിവാര്യമാണ്. മനുഷ്യരെ സർവ്വതന്ത്രസ്വതന്ത്ര രാക്കുന്നതിൽ വിജ്ഞാനത്തിന് പ്രാധാന്യമുള്ളതിനാലാണ് വിദ്യകൊണ്ടുള്ള പ്രബുദ്ധത അനിവാര്യമാകുന്നത്.

ഈ ലോകതത്ത്വവുമയേ തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ

'വീണപൂവി'ൽ പൂവ് മിന്നുന്ന നക്ഷത്രങ്ങളെ നോക്കിനിന്ന് ഈ പ്രപഞ്ചത്തിന്റെ യഥാർത്ഥതത്ത്വം പഠിച്ചെന്നു പറയുന്നുണ്ട്.[49] കീഴ്ജാതിക്കാരെയും സ്ത്രീകളെയും വിമോ

47- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-288, 289

48- അതേ പുസ്തകം- പുറം-290

49- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-240, (ശ്ലോകം-4)

ചിപ്പിക്കാൻ അവരെ അറിവിന്റെ ലോകത്ത് എത്തിക്കേണ്ടത് അനിവാര്യമെന്ന് ദുരവസ്ഥയിൽ കവി സ്പഷ്ടമാക്കുന്നു.

ശിക്ഷയിൽ സ്നേഹോക്തമായെഴും വർത്തിയി / ലക്ഷര പൊൻദീപം ഞാൻ കൊളുത്തും
ഏറുമവന്റെ ഗുണഗണം വിദ്യയാൽ / മാറിപ്പോം ബാഹ്യമലിനതകൾ
വേലയിൽ സാമർത്ഥ്യം വർദ്ധിക്കും സമ്പത്തും/ ചാലേയവനുണ്ടാം മാന്യതയും[50]

ഇപ്രകാരം അറിവിലൂടെ സ്വാതന്ത്ര്യം നേടുകയും നിലനിർത്തുകയും ഏവർക്കും ഗുണാനുഫലമേകത്തക്ക നിലയിൽ സമൂഹത്തിൽ വ്യാപിപ്പിക്കുകയും ചെയ്യണമെങ്കിൽ വിജ്ഞാനവും വിവേകവും കൂടിയേ കഴിയൂ. ആശാൻകവിതയിലെ സ്വാതന്ത്ര്യത്തിന്റെ അധിഷ്ഠാനവും ഇതു തന്നെയാണ്.

## സ്ത്രീസ്വാതന്ത്ര്യം

വൈദികപ്രത്യയശാസ്ത്രം പുരുഷനോടൊപ്പംതന്നെ സ്ത്രീയ്ക്കും തുല്യപ്രാധാന്യം നൽകി. ഒരുണ്മയുടെ തന്നെ വ്യത്യസ്തഭാവങ്ങളായാണ് സ്ത്രീയും പുരുഷനും ഇവിടെ വിലയിരുത്തപ്പെട്ടത്. പുരുഷസത്തയിൽനിന്ന് അഭിന്നയാണ് സ്ത്രീയെന്ന തലത്തിലേക്കുയർന്നപ്പോൾ അത് അർദ്ധനാരീശ്വരസങ്കല്പംവരെ എത്തിച്ചേർന്നു. വിദ്യയുടെയും ഐശ്വര്യത്തിന്റെയും ശക്തിയുടെയും വേദത്തിന്റെയുമെല്ലാം ദേവതാസങ്കല്പങ്ങൾ സ്ത്രീരൂപത്തിലുള്ളതായിരുന്നു. ഇങ്ങനെ സ്ത്രീത്വത്തിന് മഹിമയും ദിവ്യതയും പവിത്രയും നൽകുന്നതിൽ ഭാരതീയ ഋഷിമാർ ശ്രദ്ധാലുക്കളായിരുന്നു. ഉപനയനസംസ്ക്കാരം, പൂജാവിധികളിലുള്ള അധികാരം, വൈദികകർമ്മങ്ങളിലുള്ള പങ്കാളിത്തം, പണ്ഡിതസദസ്സുകളിലുള്ള സ്ഥാനം എന്നിവ പുരുഷനെന്നതുപോലെ സ്ത്രീയും അനുഭവിച്ചിരുന്നു. യാജ്ഞവൽക്ക്യപത്നിമാരായ ഗാർഗ്ഗിയും മൈത്രേയിയും ജനകസദസ്സിൽ നടത്തി വന്നിരുന്ന നിരന്തരമായ വാദപ്രതിവാദങ്ങൾ ഇതിന് ഉദാഹരണമാണ്. ഏതുകുലത്തിലാണോ പിത്രാദികൾ സ്ത്രീകളെ പൂജിക്കുന്നത് അവിടെ ദേവതമാർ പ്രസാദിക്കുന്നു. സ്ത്രീകളെ പൂജിക്കാത്ത കുലത്തിൽ ദേവതകൾ പ്രസാദിക്കാത്തതിനാൽ യാഗാദിക്രിയകളെല്ലാം

50- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-171

നിഷ്ഫലമായിത്തീരുമെന്ന[51] 'മനുസ്മൃതി' യിലുണ്ട്. ഇങ്ങനെ ഏകാത്മബോധത്തിലൂന്നിയ ലിംഗസമത്വമാണ് ആശാന്റെ സ്ത്രീപക്ഷവീക്ഷണത്തിന്റെ കാതൽ.

പാരമ്പര്യത്തിൽ അധിഷ്ഠിതമായ സ്ത്രീപുരുഷസങ്കല്പങ്ങളെ സോദ്ദേശ്യപൂർവ്വകമായ ദിശാബോധത്തോടെ വാർത്തെടുകയാണ് ആശാൻ ചെയ്തത്. നിലവിലുള്ള മാതൃകകളിൽനിന്ന് വ്യത്യസ്തമായൊരു സ്ത്രീമൂശ ആശാൻ അവതരിപ്പിച്ചു. ലൈംഗിക അരാജകത്വത്തിന്റെ ഭൂതകാലമായിരുന്നു മാംസനിബദ്ധമല്ലാത്ത സ്ത്രീസ്വത്വത്തെ നിർമ്മിക്കാൻ ആശാന് പ്രേരകമായത്. മാതൃദായകക്രമ(Matriarchal family)ത്തിൽ കുടുംബത്തെ നിയന്ത്രിച്ചിരുന്ന സ്ത്രീയ്ക്ക് നാഗരികതയുടെ പിതൃദായകഘട്ട(Patriarchal family)മായപ്പോളേക്ക് സ്വത്വവും സ്വാതന്ത്ര്യവുമെല്ലാം പുരുഷന് മുന്നിൽ അടിയറവെക്കേണ്ടി വന്നു. ഇപ്രകാരം അടിച്ചമർത്തപ്പെട്ട സ്ത്രൈണചേതനയുടെ സ്വാധീനവും സമൂഹത്തിലെ അസന്തുലിതമായ സ്ത്രീപുരുഷബന്ധവുമാണ് കാമുകപ്രേമത്തിനായി സമസ്ത മമതാബന്ധങ്ങളെയും സ്വകാര്യജീവിതത്തെയും നിഷേധിക്കുന്നവരായി ആശാന്റെ നായികമാർ മാറിയതിന്റെ പ്രധാന കാരണം.

ആശാന്റെ സ്ത്രീകഥാപാത്രങ്ങളെല്ലാം സർവ്വോൽക്കൃഷ്ടമായ ആന്തരികവ്യക്തിത്വത്തിന്റെ മൂർത്തീകരണങ്ങളാണ്. അവരുടെ വൈയക്തികഭാവം ഏകഭർത്തൃത്ത്വം, സ്വാഭിമാനം, വിനയം, ആത്മാർത്ഥത, സത്യസന്ധത, ഉദാത്തത, പ്രതിബദ്ധത എന്നീ ഗുണവൈശിഷ്ട്യങ്ങളാൽ സമ്പന്നമായിരുന്നു. സർവ്വാദരണീയമായ സ്ഥാനത്തിരുത്തി പുരുഷന്റെ സ്നേഹാദരങ്ങൾ അർഹിക്കുന്ന സ്വതന്ത്രവ്യക്തിത്വങ്ങളായി അദ്ദേഹം സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിച്ചു. ആശാന്റെ നായകന്മാർ നായികമാരുടെ ഉടലഴകിനുമപ്പുറം അവരുടെ അന്തരാത്മാവിനെ സ്പർശിക്കുന്നവരാണ്. അതുകൊണ്ടുതന്നെ നായകന്മാരുടെ സാന്നിദ്ധ്യം നായികമാരെ ആത്മസൗഖ്യത്തിന്റെ ഉച്ചകോടിയിലാണ് എത്തിക്കുന്നത്. ആന്തരികമായ ധർമ്മസങ്കടങ്ങളിൽനിന്നും സാമൂഹികമായ കെട്ടുപാടുകളിൽനിന്നും സ്ത്രീകളെ എന്നന്നേക്കുമായി വിമോചിപ്പിക്കുന്നതിനുള്ള നവോത്ഥാനപരിശ്രമങ്ങളായിരുന്നു ആശാന്റെ കൃതികളുടെ ആത്യന്തികലക്ഷ്യം.

കാമുകപ്രേമത്തിനായി സമസ്ത മമതാബന്ധങ്ങളെയും ജീവിതബാദ്ധ്യതകളെയും നിഷേധിക്കുന്നവരായി ആശാന്റെ സ്ത്രീകഥാപാത്രങ്ങൾ മാറിയതിനു കാരണം സ്ത്രീപുരുഷസമത്വത്തിലുള്ള അസന്തുലിതാവസ്ഥയായിരുന്നു. കൂടാതെ വ്യക്തിയുടെ സ്വാതന്ത്രേച്ഛയും

51- മനുസ്മൃതി,(3-56), ഭൃഗുസംഹിത സാരബോധിനീ സഹിതം- വ്യാഖ്യാനം- പ്രൊഫ.എൻ. ഗോപിനാഥൻ നായർ, വിദ്യാരംഭം പബ്ലിക്കേഷൻസ് ആലപ്പുഴ എഡി-3, 1988, പുറം-101

സമൂഹത്തിന്റെ വ്യവസ്ഥീകരണവും പ്രണയത്തെ സ്വാതന്ത്ര്യപ്രശ്നമാക്കി മാറ്റുമ്പോൾ അതെല്ലാം മറികടക്കുന്നതിനുള്ള ഇച്ഛാശക്തിയും സ്വയംനിർണ്ണയാവകാശവും കൈമുതലാക്കിയാണ് ആശാന്റെ നായികമാർ പ്രവർത്തിച്ചത്. അവർ സ്വതന്ത്രമായ കാമ്യപരിഗ്രഹേച്ഛയുടെ വക്താക്കളും പ്രയോക്താക്കളുമായിരുന്നു. ഇതര കാമുകരെ തിരസ്ക്കരിച്ച് ഭൃംഗവര്യനെ സ്വയം തിരഞ്ഞെടുത്ത പൂവ്, വീടും കുടുംബവും ഉപേക്ഷിച്ച് ദിവാകരനെ തേടിപ്പോയ നളിനി, ഭർത്താവിന്റെ മരണശേഷം വിന്ധ്യാടവിയിലേക്കുപോയ ലീല, ആനന്ദ ഭിക്ഷുവിനെ തേടിപ്പോകുന്ന മാതംഗി തുടങ്ങിയവരെയെല്ലാം നയിച്ചിരുന്നത് വിലക്കുകളില്ലാത്ത കാമ്യപരിഗ്രഹേച്ഛയായിരുന്നു. തന്റേടത്തോടെ പ്രവർത്തിക്കാനുള്ള ധീരത, സ്വാതന്ത്ര്യം, ആത്മബലം എന്നിവയെല്ലാം അവർ പ്രണയത്തിലൂടെ നേടിയെടുക്കുന്നു.

'വീണപൂവി'ൽ ചിത്രശലഭങ്ങളുടെ പ്രലോഭനങ്ങളെ മാനിക്കാതെ വണ്ടിനെ വരിക്കാൻ പൂവൊരുങ്ങുന്നത് പ്രണയം നൽകുന്ന സ്വാതന്ത്ര്യബോധം കൊണ്ടാണ്. വർണ്ണപ്പകിട്ടേറെയുള്ള ശലഭത്തെ മാനിക്കാതെ വണ്ടിനെ സ്വയംവരിച്ചെന്നതിൽ സംശയമൊന്നുമില്ലെന്നും അതല്ലെങ്കിൽ നിന്റെ അടുത്ത് വന്ന് അവൻ ഇങ്ങനെ നിലവിളിക്കുകയില്ലെന്നും കവി പറയുന്നു.[52] തുടർന്ന് തന്റെ ശരീരം ഒരാൾക്ക് തീറുകൊടുത്തെന്ന് പറഞ്ഞ് മറ്റു കാമുകന്മാരെ പൂവ് മടക്കി അയച്ചെന്നും തന്നെ ഉപേക്ഷിക്കരുതേ എന്നെല്ലാമാണ് വണ്ട് വിലപിക്കുന്നതെന്നും കവി വിഭാവനം ചെയ്യുന്നു.[53] ദേവന്മാർപോലും ആഗ്രഹിക്കത്തക്കഗുണങ്ങളാൽ ആകർഷിക്കപ്പെടുകയും ആ ഗുണങ്ങൾ അനുഭവിച്ച് ധന്യയായിത്തീരുകയും ചെയ്ത ഈ വണ്ട് പൂവിനോടൊപ്പം മരിക്കുകയാണെങ്കിൽ അങ്ങനെയാകട്ടെയെന്നും നിത്യദുഃഖത്താൽ പീഡിതനായി ജീവിക്കുന്നത് നിഷ്ഫലം തന്നെയാണെന്നും കവി സൂചനയേകുന്നു.[54] കാമുകനായ വണ്ട് പ്രിയതമയായ പൂവിനെ വിട്ട് മറ്റു പല പൂക്കളിലേക്കും സഞ്ചരിച്ചതുകൊണ്ടുണ്ടായ മനോവേദനയാകാം മനസ്വിയായ പൂവിന്റെ പതനകാരണമെന്നും കവി അനുമാനിക്കുന്നു.[55] ഇവിടെയെല്ലാം പൂവിന്റെ സ്വയംവരണത്തിനുള്ള അവകാശവും ഏകഭർത്ത്യവ്രതനിഷ്ഠയും സ്പഷ്ടമാണ്. ഇത് ക്ലാസിക്കൽ-ഫ്യൂഡൽ കാലഘട്ടങ്ങളിൽ

---

52-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-243, (ശ്ലോകം-12)

53-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-243 (ശ്ലോകം-13)

54- അതേ പുസ്തകം- പുറം- 244 (ശ്ലോകം-14)

55- അതേ പുസ്തകം- പുറം- 245 (ശ്ലോകം-17)

നിന്ന് വ്യത്യസ്തമായ സാംസ്ക്കാരികാവബോധമാണ്.

സ്വന്തവും സ്വതന്ത്രവുമായ തീരുമാനത്തിന്റെ പിൻബലത്തിലാണ് നളിനി ബാല്യകാല സഖാവായ ദിവാകരനെ അന്വേഷിച്ചിറങ്ങുന്നതും തമ്മിൽക്കാണുന്നതും ഒടുവിൽ ദേഹംവെടിയുന്നതും. പ്രാണനാഥനെ അന്വേഷിച്ച് നിരാശയായ നളിനി ആത്മഹത്യക്ക് ശ്രമിച്ചപ്പോൾ അതിൽനിന്ന് രക്ഷിക്കുന്നത് കാട്ടിലെ ഒരു യോഗിനിയാണ്. സാധനാസമ്പന്ന മായ ജീവിതത്തിലൂടെ കടന്നുപോയപ്പോൾ ആത്മീയവഴികളിൽ സ്ത്രീകൾക്ക് മുമ്പുണ്ടായിരുന്ന വിലക്കുകളെയാണ് തട്ടി മാറ്റിയത്. തന്റെ സാധനയുടെ സാഫല്യമായി അവർ ദിവാകരനെ തിരിച്ചറിയുന്നു. ദിവാകരന്റെ മാറിടം ചരമശയ്യയാക്കിയതോടെ സ്വേച്ഛയാ ദേഹമുപേക്ഷിക്കുന്നതു മുതൽ പരമമായ ആത്മസാക്ഷാ ൽക്കാരംവരെയുള്ള അധികാരം സ്ത്രീയ്ക്കുണ്ടെന്ന് കവി സ്ഥാപിക്കുന്നു. സ്ത്രീപുരുഷസമത്വം തിരിച്ചറിഞ്ഞ് സ്വാതന്ത്ര്യം പ്രാപിക്കാൻ ഈ വിശ്വപ്രപഞ്ചത്തിലേക്കു പ്രസരിക്കുന്ന ദിവാകരന്റെ ഉദാത്തമായ സ്നേഹം നളിനിയെ പ്രാപ്തയാക്കുന്നു. നളിനിയെ കുറിക്കുന്നതിന് കവി ഉപയോഗിക്കുന്ന ഉഷസ്സ ന്ധ്യ, തടില്ലത, ഇന്ദുവിന്നേകരശ്മി, മൃദുഹേമയഷ്ടി, പനിനീർ സുമോപമ, സൂര്യരശ്മി തടവും പളുങ്ക്, പൊൻകടമ്പിനുടെ കൊമ്പ്, അതിലോലലോചന, പട്ടിടഞ്ഞ തനു തുടങ്ങിയ വിശേഷണങ്ങൾ സാമ്പ്രദായികമായ പദാവലികളിൽനിന്ന് സ്ത്രീസ്വത്വത്തെ വിമുക്തമാക്കു ന്നതാണ്.

സ്വാതന്ത്ര്യത്തിനും സമൈക്യത്തിനുമുള്ള സോപാധികമായ എല്ലാ പരിമിതികളെയും നിലവിലുള്ള കീഴ്വഴക്കങ്ങളെയും അതിവർത്തിച്ചുകൊണ്ടുള്ള ലോകക്രമമാണ് അദ്വൈതചി ന്ത ലക്ഷീകരിക്കുന്നത്. മനുഷ്യജീവിതത്തിന്റെ സുസ്ഥിതിക്കും സാമൂഹികപുരോഗതിക്കും നടത്തുന്ന സമുദ്ധാരണപ്രവർത്തനങ്ങൾക്കും നിയമനിർമ്മാണങ്ങൾക്കുമൊപ്പം വൈയക്തി കമായ അന്തഃസംസ്ക്കരണവും തദ്വാരാ ആത്മീയമായ നവോത്ഥാനവും സംഭവിക്കേണ്ട താണ്. ഇത്തരം പ്രവർത്തനങ്ങൾ വ്യക്തിയുടെയും സമൂഹത്തിന്റെയും അവബോധത്തെ വികസ്വരമാക്കുകയും കൈവരിച്ച നന്മകളെ ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽപേരിലേ ക്കെത്തിച്ച് അത് നിലനിർത്താനും കഴിയുന്നു. ഈ ദൃഷ്ടിയിൽ സ്ത്രീസ്വാതന്ത്ര്യത്തിന്റെ അനിവാര്യതയെ സമ്പൂർണ്ണമായി ആവിഷ്ക്കരിക്കുന്ന കൃതിയാണ് ലീല. അതിൽ ഗുരുജനവചനം, കുലക്രമം, അസ്വാതന്ത്ര്യം, ദേശചര്യ എന്നിവയാൽ പ്രേരിതയായി കാമുകനായ മദനനെ വെടിഞ്ഞ് ലീല മറ്റൊരാളെ വരിക്കാൻ നിർബന്ധിതയാകുന്നു. ഒരിക്കലും പറിച്ചു കളയാനാകാത്തവിധം ലീലയെന്ന മനസ്വിനിയിൽ മദനൻ

പ്രതിഷ്ഠിതനായിരുന്നു. കൃതിയുടെ ആദ്യഭാഗത്തത് ഇങ്ങനെ ഉദാഹരിക്കുന്നു. "ഏറെ കാലമായി വൃക്ഷത്തിൽ പടർന്ന വള്ളി മറ്റൊന്നിലേക്ക് പടർത്താം. പുഴയൊഴുകുന്ന വഴിയും വേറെയാക്കാം. എന്നാൽ സ്ഥിരചിത്തതയുള്ളവരുടെ മനസ്സ് ഒരാളിൽ പതിഞ്ഞാൽ അതിനെ മാറ്റി പ്രതിഷ്ഠിക്കാൻ കഴിയില്ല."[56]

മനസ്സും ശരീരവും ഒരാൾക്കു തന്നെ സമർപ്പിക്കുന്നതിലാണ് യഥാർത്ഥപ്രണയത്തിന്റെ സാഫല്യം. ലീലയുടെയും നളിനിയുടെയും സാഹചര്യം ഇതിൽനിന്ന് വ്യത്യസ്തമാണ്. അവരുടെ മനസ്സും വപുസ്സും രണ്ടിടത്താണ് സമർപ്പിച്ചിരിക്കുന്നത്. എങ്കിലും ആത്മവിശുദ്ധിയിലാണ് സംരക്ഷണത്തിലാണ് ഇരുവരും ശ്രദ്ധവെച്ചിരിക്കുന്നത്. വിവാഹാനന്തരം ലീലയുടെ ശരീരം ഭർത്താവിനോടൊപ്പം നിന്നെങ്കിലും മനസ്സതിന് വഴങ്ങിയില്ല. അതുകൊണ്ടുണ്ടായ കടുത്ത മാനസികസംഘർഷത്തോടെ ലീല ജീവിച്ചപ്പോൾ തകർന്ന മാനസികനിലയോടെ സ്വയം അന്യവൽക്കരിച്ചുകൊണ്ടുള്ള ജീവിതമാണ് മദനൻ നയിച്ചത്. ഭർത്താവിന്റെയും രക്ഷിതാക്കളുടെയും മരണശേഷം തോഴിയായ മാധവിയെ അയച്ച് ലീല മദനന്റെ വിവരങ്ങൾ തേടുന്നു. വിന്ധ്യപർവ്വതത്തിലെ കൊടും കാട്ടിൽ രേവാ നദിക്കരയിൽ മനുഷ്യസഹവാസത്തിൽപ്പോലും താല്പര്യമില്ലാതെ മൃതകല്പനും ഉന്മാദിയുമായി കഴിയുന്ന മദനനെ വിസ്മരിക്കണമെന്നും ലൗകികമായ സൗഭാഗ്യങ്ങൾ ആവോളം അനുഭവിക്കണമെന്നും മറിച്ചുള്ള വികാരാവേശത്തോടെയുള്ള തീരുമാനങ്ങളെല്ലാം ഉപേക്ഷിക്കണമെന്നും തോഴി അവളെ ഉപദേശിക്കുന്നു.[57] ഒടുവിൽ തന്റെ അഭിപ്രായങ്ങൾ വിഗണിച്ചുകൊണ്ട് മദനാന്വേഷണത്തിനിറങ്ങുന്ന ലീലയെ പിന്തുടരാൻ മാധവി നിർബന്ധിതയാകുന്നു. യൗവനം, സമ്പത്ത്, ശരീരസൗന്ദര്യം, സുഖഭോഗങ്ങൾ തുടങ്ങിയവയുടെ കൈയ്യാളലിലാണ് ജീവിതത്തെ സാർത്ഥകമാക്കുന്നതെന്ന ജീവിതവീക്ഷണമാണ് മാധവിയെ നിയന്ത്രിക്കുന്നത്. സമൂഹത്തിൽ എക്കാലത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അധീശത്വപ്രത്യയശാസ്ത്രമാണ് മാധവിയിലൂടെ സങ്കുചിതമായ ദേഹാധിഷ്ഠിത

---

56- പഴകിയ തരുവല്ലി മാറ്റിടാം / പുഴയൊഴുകും വഴി വേറെയാക്കിടാം

കഴിയുമവ-മനസ്വിമാർ മന-/ സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ

കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-338, (ലീല- പുറം-39 ശ്ലോകം-1-24)

57- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-359, (ശ്ലോകം-2-33)

ധാരണകളായി പുറത്തു വരുന്നത്. ആൾക്കൂട്ടത്തിന്റെ നീതിബോധവുമായും ഇതിന് ബന്ധമുണ്ട്. ഉടലിന്നതീതമായ നിരുപാധികമൂല്യങ്ങളാണ് ജീവിതത്തിന് നിത്യമായ സ്വാസ്ഥ്യവും വിശ്രാന്തിയുമേകുന്നതെന്ന ലീലയുടെ ഉറച്ച ബോദ്ധ്യത്തിനുമുന്നിൽ അതെല്ലാം കീഴടങ്ങിയതുകൊണ്ടാണ് മാധവി അവളെ പിന്തുടരാൻ നിർബന്ധിതയാകുന്നത്.

വനാന്തരത്തിൽ അസ്ഥിമാത്രശേഷനായ മദനനെ കണ്ടപ്പോൾത്തന്നെ ലീല ആത്മസാഫല്യത്തോടെ അദ്ദേഹത്തെ പുണർന്ന് മാറിലും നെറ്റിയിലുമെല്ലാം മാറി മാറി ചുംബിച്ച് വെളിപ്പെടുത്തുന്നത് തന്റെ മാംസനിബദ്ധമല്ലാത്ത രാഗത്തെയാണ്. പ്രത്യുത്തരമായി ലീലയെ ഒന്ന് ചുംബിക്കുകമാത്രം ചെയ്ത് കാട്ടിലേക്ക് മറഞ്ഞ് ഒടുവിൽ രേവാനദിയുടെ ആഴങ്ങളിലേക്കു നഷ്ടപ്പെടുന്ന മദനനെ ലീലയും അതുപോലെത്തന്നെ പിന്തുടരുന്നു. പ്രിയജനങ്ങളുടെ വിയോഗത്തിനുശേഷം താൻ എന്തിനുവേണ്ടി ജീവിതം മാറ്റിവെച്ചുവോ അതേ ലക്ഷ്യത്തിനുവേണ്ടി സ്വയം ജീവത്യാഗം ചെയ്യാൻ ലീല സന്നദ്ധയാകുന്നു. ലീല വ്യക്ത്യധിഷ്ഠിതമായ സ്വാതന്ത്ര്യബോധത്തിലൂടെയാണ് സ്ത്രൈണസ്വത്വത്തെ വീണ്ടെടുക്കുന്നത്. നിരന്തരമായ അന്വേഷണത്തിലൂടെ ലീല മദനനെ കണ്ടെത്തുമ്പോൾ ചുംബനാലിംഗനാദികളിലൂടെ തന്റെ പ്രേമം വാരിക്കോരി ചൊരിയുന്നത് ഉടലിൽക്കവിഞ്ഞതാണ് വ്യക്തിസത്തയെന്ന നിലയിലാണ്. എന്നാൽ മദനൻ തന്റെ സ്നേഹം വെളിപ്പെടുത്തുന്നത് ഉള്ളലിവോടെ ഒന്നു മുകർന്നുകൊണ്ടാണ്. പൊടുന്നനെ അദ്ദേഹം കാട്ടിലേയക്ക് മറഞ്ഞ് രേവാനദിയിൽച്ചാടി ജീവത്യാഗം ചെയ്യുകയാണുണ്ടായത്. 'നളിനി'യിലെ ദിവാകരനെപ്പോലെ ഭൂതരാശികളിലേക്ക് പരന്നൊഴുകിയ തന്റെ സ്നേഹം ലീലയിൽ മാത്രം പരിമിതപ്പെട്ടു നിൽക്കുന്നതില്ലെന്നതിന്റെ വ്യക്തമായ സൂചനയാണിത്. ഉദാത്തമായ ഈ സ്നേഹത്തിന്റെ അനശ്വരത്വത്തെ ദേഹാതീതമായി സാക്ഷാൽക്കരിക്കാനാണ് മദനൻ കൈക്കൊണ്ട വഴി തന്നെ ലീലയും തെരഞ്ഞെടുത്തത്. ഇത് കണ്ട് മോഹാലസ്യപ്പെട്ടു കിടക്കുന്ന മാധവിക്കു മുന്നിൽ നനഞ്ഞ ശരീരത്തോടു കൂടിയ രണ്ട് യുവതീയുവാക്കൾ പ്രത്യക്ഷപ്പെട്ട് “ആരും ഈ പ്രപഞ്ചത്തിൽനിന്ന് എന്നന്നേക്കുമായി മറഞ്ഞുപോകുന്നില്ലെന്നും ഭൗതികശരീരം ഉപേക്ഷിക്കുന്നതോടെ സ്നേഹബദ്ധമായ ആത്മാവിന്റെ ദേഹബന്ധം അവസാനിക്കുന്നില്ലെന്നും”[58] അരുളുന്നു. ഇതിലൂടെ ജീവന്റെ അനശ്വരത, പ്രപഞ്ചത്തിന്റെ ആവർത്തനഭാവം എന്നിവ വിശദീകരിച്ച് മാധവിക്ക് സമാശ്വാസമരുളി. തുടർന്ന് കാട്ടിൽ നിന്ന് തിരിച്ചു വന്ന

58 കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-388, (ശ്ലോകം-3-82)

മാധവി തുച്ഛമായ ലൗകികസുഖങ്ങളെ വെടിഞ്ഞ് സന്ന്യാസാശ്രമം സ്വീകരിക്കുകയാണുണ്ടായത്. സോപാധികമായ ലൗകികവിഷയങ്ങളും അവയിൽനിന്നുള്ള അപൂർണ്ണങ്ങളും നശ്വരങ്ങളുമായ ഉപലബ്ധികളും സ്വത്വത്തിന്റെ പരിമിതികൾക്കും പാരതന്ത്ര്യത്തിനും ഇടയാക്കും. ഇത് തിരിച്ചറിഞ്ഞ മദനന്റെ സർവ്വതന്ത്രസ്വതന്ത്രതയെ പിൻപറ്റാനാണ് ലീല ശരീരം ഉപേക്ഷിച്ചത്. ലീലാമദനന്മാർ അഭൗമതലത്തിൽ സന്ധിച്ചതിനുശേഷം ഈ യാഥാർത്ഥ്യം തോഴിയായ മാധവിയെ അറിയിക്കാൻ തിരിച്ചെത്തിയത് അപാരകാരുണ്യം ഒന്നുകൊണ്ടു മാത്രമാണ്. ശാശ്വതമായ പ്രണയം ദേഹനിബദ്ധമല്ലാത്തതിനാൽ അഭൗതികാവസ്ഥയിലും അതിനെ സാക്ഷാൽക്കരിക്കാനാകുമെന്ന നിദർശനമുൾക്കൊണ്ടും പ്രാപഞ്ചികാവസ്ഥയുടെ പരിമിതികളറിഞ്ഞുംകൊണ്ടാണ് മാധവി ലൗകികസുഖങ്ങൾ വെടിഞ്ഞ് ലോകസംഗ്രഹാർത്ഥം സന്ന്യാസധർമ്മം കൈക്കൊള്ളുന്നത്.

നളിനിയിലും ലീലയിലും സ്ത്രീസ്വാതന്ത്ര്യത്തിന്റെ നീക്കുപോക്കില്ലാത്ത കർമ്മപദ്ധതികളായിരുന്നു മുഖ്യപ്രമേയമെങ്കിൽ ചിന്താവിഷ്ടയായ സീതയിൽ അത് വിചാരസംഘട്ടനത്തിലധിഷ്ഠിതമാണ്. "യുഗയുഗങ്ങളായി അസ്വതന്ത്രമായിരുന്ന ഒരു വിചാരധാരയുടെ ഉയിർത്തെഴുന്നേല്പാണ് ആശാന്റെ ചിന്താവിഷ്ടയായ സീത സഹൃദയഹൃദയങ്ങളിലേക്ക് കൊണ്ടു വരുന്നത്."[59] രാജാവെന്ന നിലയിൽ ശ്രീരാമൻ തന്നോടു ചെയ്ത പ്രവർത്തികളെ സീത വിചാരവിമർശത്തിന് വിധേയമാക്കുകയാണതിൽ. ധർമ്മത്തിന് മുഖ്യം, ഗൗണം എന്നിങ്ങനെയുള്ള വിഭജനക്രമമുണ്ട്. ഇവ രണ്ടും ഒരുപോലെ വരികയാണെങ്കിൽ മുഖ്യധർമ്മത്തെയാണ് കൈക്കൊള്ളേണ്ടത്. അവ വിരുദ്ധമാകുമ്പോൾ ഗൗണധർമ്മത്തെ ഉപേക്ഷിച്ച് മുഖ്യധർമ്മം കൈക്കൊള്ളേണ്ടതുണ്ട്. ശ്രീരാമനെ സംബന്ധിച്ച് മുഖ്യധർമ്മം രാജാവെന്നതിനാണ്. ഭർത്താവുൾപ്പെടെയുള്ള മറ്റെല്ലാം ഗൗണധർമ്മവും. ലങ്കയിൽ കുറച്ചുകാലം കഴിഞ്ഞ സീതയുടെ ചാരിത്രവിഷയത്തെക്കുറിച്ചുള്ള അപവാദങ്ങൾ ധർമ്മമൂർത്തിയായ ശ്രീരാമന് ചാരന്മാരിലൂടെ അറിയാനിട വന്നു. പ്രജകൾക്ക് മാതൃകയാകേണ്ട ഭരണാധികാരിയിൽ വന്ന ഈ കളങ്കത്തെ നീക്കാൻ സീതയുടെ സച്ചരിതത്വത്തെക്കുറിച്ച് മറ്റാരെക്കാളും നന്നായറിയുന്ന രാമൻതന്നെ തീരുമാനിച്ചു. ഇങ്ങനെ ഭരണാധികാരിയെന്ന നിലയിലുള്ള മുഖ്യധർമ്മം ഭർത്താവെന്ന ഗൗണധർമ്മത്തിനു വിരുദ്ധമായപ്പോൾ അന്നത്തെ ധർമ്മവ്യവസ്ഥയ്ക്കനുസരിച്ച് ആദ്യത്തേത് കൈക്കൊണ്ടതിനാലാണ് ഗർഭിണിയായ സീതയെ

---

59- നിത്യ ചൈതന്യയതി- ചിന്താവിഷ്ടയായ സീത ഒരു പഠനം- ഗുരുകുല പബ്ലിഷിങ്ങ് ഹൗസ്, വർക്കല എഡി-1, 1976, പുറം-36

കാട്ടിൽ ഉപേക്ഷിച്ചത്. ഈ വിഷയത്തെക്കുറിച്ച് സാമാന്യലോകദൃഷ്ടിയിൽ ഉണ്ടായേക്കാവുന്ന സന്ദേഹങ്ങളെ പൂർവ്വപക്ഷവീക്ഷണത്തിൽ അവതരിപ്പിച്ച് അതിന് സിദ്ധാന്തപക്ഷരൂപത്തിൽ മറുപടിയേകുകയാണ് ചെയ്യുന്നത്.

ഭാരതീയസംസ്ക്കാരത്തിൽ ഭാവശുദ്ധി, ഏകഭർത്തൃത്വം, ഹൃദയാർപ്പണം, സഹനം, സത്യസന്ധത, ഭർത്തൃസ്നേഹം, സ്ഥിരചിത്തത, സ്വഭാവനിഷ്ഠ, വിവേകം, ത്യാഗം, സ്വാഭിമാനം എന്നീ ഗുണങ്ങളുടെ മൂർത്തിമദ്ഭാവമാണ് സീതാദേവി. "സത്തും പവിത്രവും പുണ്യവുമായ എന്തിനും ഭാരതത്തിലുള്ള നാമമാണ് സീത. സ്ത്രീയിലുള്ള എല്ലാത്തിനെയും ഞങ്ങൾ സീതയെന്ന് പറയുന്നു."[60] തന്റെ ജീവിതാവസാനഘട്ടത്തിൽ ഏതാന്തതയിലിരുന്നുകൊണ്ട് പൂർവ്വകാലജീവിതത്തിലേക്ക് നടത്തുന്ന പര്യടനമാണ് 'ചിന്താവിഷ്ടയായ സീത'. തന്റെ ഭർത്താവെന്ന നിലയിലും രാജാവെന്ന നിലയിലും ശ്രീരാമന്റെ ചെയ്തികൾ അതിൽ സീത വിലയിരുത്തുന്നുണ്ട്. താനനുഷ്ഠിച്ച പാതിവ്രത്യമുൾപ്പെടെയുള്ള ഭർത്തൃധർമ്മത്തിന് അനുസൃതമായ പരിഗണനയും സ്നേഹവും നീതിയും രാമനിൽനിന്നും ലഭിച്ചില്ലെന്ന ഹൃദയവേദന സീതയ്ക്കുണ്ട്. ശ്രീരാമനെ കാട്ടിലേക്കയച്ചതു മുതൽ ഈയവസ്ഥയിൽ എത്തിച്ചതുവരെയുള്ളതിന്റെ കാരണം കൊട്ടാരത്തിലും അയോദ്ധ്യാനഗരത്തിലുമുള്ള 'ഖലജിഹ്വ'കളിൽ നിന്നുതിർന്ന 'കൃപണോക്തി'കളാണ്. മേൽസാഹചര്യത്തിലാണ് പുരുഷാധികാരത്തിന് വിധേയപ്പെട്ട് അവരുടെ ദേശാചര്യത്തെ ന്യായീകരിക്കുന്ന പുരസ്ത്രീകളെയും നിർമ്മലസ്വഭാവമുള്ള ആശ്രമവനിതകളെയും സീത താരതമ്യത്തിനെടുക്കുന്നത്. "പരമ്പരയായി കരളിൽ കുടിയിരിക്കുന്ന പരപുച്ഛവും അസൂയയും ദുരയും വ്യഭിചാരാസക്തിയുംകൊണ്ട് നഗരത്തിലെ സ്ത്രീകൾ കെട്ടുപോയിരിക്കുന്നു. തങ്ങളുടെ ദോഷങ്ങൾ മറ്റുള്ളവരിലേക്കാരോപിക്കുന്ന, സജ്ജനങ്ങളുടെ ആചാരങ്ങൾ അവിശ്വസിക്കുന്ന അവർ മഞ്ഞപ്പിത്തം പിടിച്ച് വേദനയോടെ മരിച്ചു പോകുന്നു"[61] വെന്ന് സീത കണ്ടെത്തുന്നു.

ഒരിക്കൽ വനവാസത്തിന് ഇറങ്ങിത്തിരിച്ച തന്നെ പിന്നീട് ഗർഭിണിയായ അവസരത്തിൽ യാതൊരു മുന്നറിയിപ്പും കൂടാതെ നിർദ്ദയം വനത്തിലുപേക്ഷിച്ചതുൾപ്പെടെയുള്ള

---

60- വിവേകാനന്ദൻ, സ്വാമി- വിവേകാനന്ദ സാഹിത്യ സർവ്വസ്വം(വാള്യം-7)- ശ്രീരാമകൃഷ്ണ മഠം, തൃശ്ശൂർ, 1963, പുറം-477

61- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-689, (ശ്ലോകം-74,75)

രാമന്റെ ചെയ്തികളെ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് സീത നിരൂപണം ചെയ്യുന്നു. ഒരു വസ്തുതയെ വിവിധദിശകളിലൂടെ നോക്കിക്കാണാനുതകുന്ന വിചിന്തന ബഹുസ്വരത സീത ഇതിൽ പരമാവധി വിനിയോഗിക്കുന്നുണ്ട്. സ്ത്രീയെയും ശൂദ്രനെയും തള്ളിക്കളയുന്ന ശ്രുതിയാണ് രാമനെ മയക്കിയതെന്ന് സീത തിരിച്ചറിയുന്നു.[62] വർണ്ണാശ്രമധർമ്മങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന സന്ദർഭത്തിൽ വരുന്ന ഇത്തരം പരാമർശങ്ങൾ സ്മൃതികളിലാണുള്ളത്. ധർമ്മത്തെ അറിയാനാഗ്രഹിക്കുന്നവർക്ക് പരമമായ പ്രമാണം ശ്രുതിയാണ്.[63] വിധിനിഷേധങ്ങളോടുകൂടിയതും പൂർവ്വാനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതും ഒരു പ്രത്യേകഫലസിദ്ധിയ്ക്കായി നിശ്ചയിച്ചിട്ടുള്ളതുമായ നിർദ്ദേശരൂപത്തിലുമുള്ള അറിവിനെ സ്മാർത്ത(a posteriori)മെന്നു പറയുന്നു. ശ്രുതി(a priori)യെന്നാൽ കാലദേശപരിഗണന യാതൊന്നും കൂടാതെ നിത്യമായ സത്യത്തെ എക്കാലത്തും എവിടെയും ആർക്കും ഉതകുന്ന രീതിയിൽ പറഞ്ഞിരിക്കുന്നതാണ്.[64] ശിഷ്യപ്രശിഷ്യപരമ്പരകളുടെ രൂപത്തിലാണ് രണ്ടും കൈമാറിയിരിക്കുന്നത്. സ്മൃതിയിലെ ആശയങ്ങൾ ശ്രുതിവിരുദ്ധങ്ങളാ കുമ്പോൾ ശ്രുതിയ്ക്കാണ് പ്രാമാണ്യം. എന്നിട്ടും കവി ശ്രുതി എന്നുപയോഗിച്ചത് പരമ്പരാപ്രോക്തമായി വരുന്ന സ്മാർത്തപ്രമാണങ്ങൾ എന്ന അർത്ഥത്തിലാണ്. തുടർന്ന് രാമനോടൊത്ത് വനവാസകാലത്ത് ഇരുമെയ്യാർന്ന ഒരു ജീവിപോലെ കഴിഞ്ഞതും സീത ഓർക്കുന്നു. സമദൃഷ്ടി, സമാർത്ഥചിന്തനം, ക്ഷമ, അന്യോന്യാനുരാഗം എന്നിവയെ അഹങ്കാരമാകുന്ന എലി കരണ്ടു തിന്നുമെന്നും വിഭവോന്നതി, കൃത്യവൈഭവം, ശുഭവിഖ്യാതി, ജയങ്ങൾ എന്നിവകൊണ്ടാകുന്ന ദുരഹങ്കാരത്തിന് വ്യാജസ്തുതികൾ കരുത്തു കൂട്ടുമെന്നും[65] കരുതുന്ന സീത ഇതെല്ലാമായിരിക്കാം രാമനിൽനിന്ന് തനിക്കുണ്ടായ നീതിനിഷേധത്തിന്റെ കാരണമെന്ന് ഒരു ദൃഷ്ടിയിൽ വിചിന്തനം ചെയ്യുന്നു.

വിപരീതദ്വന്ദ്വങ്ങളുടെ സമ്മിശ്രഭാവം ഓരോ പ്രപഞ്ചസൃഷ്ടിയിലുമുണ്ട്. തന്റെ

62- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-700, (ശ്ലോകം-112)

63- മനുസ്മൃതി,(2-13), ഭൃഗുസംഹിത സാരബോധിനീ സഹിതം- വ്യാഖ്യാനം- പ്രൊഫ.എൻ. ഗോപിനാഥൻ നായർ, വിദ്യാരംഭം പബ്ലിക്കേഷൻസ് ആലപ്പുഴ എഡി-3, 1988, പുറം-45

64- ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992, എഡി-1, പുറം-36

65-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-704, (ശ്ലോകം-126,127)

ഭർത്താവെന്നതിലുപരി രാജാവെന്ന നിലയിൽ വിലയിരുത്തുമ്പോൾ പ്രജാക്ഷേമൈക തല്പരനായ രാമന്റെ ധർമ്മശാസ്ത്രനൈപുണ്യവും നീതിനിർവ്വഹണകുശലതയും പ്രത്യേകം എടുത്തു പറയുന്നുണ്ട്. തനിക്ക് കഷ്ടനഷ്ടങ്ങളുണ്ടാക്കിയ രാമന്റെ ചെയ്തികളുടെ ഒരു വശം സീത ചിന്തിക്കുന്നു. സമ്പൂർണ്ണ പ്രജായത്തവ്യവസ്ഥയിൽ മനസ്സില്ലാമനസ്സോടേ രാമൻ കൈക്കൊണ്ട നടപടിയാണ് തന്റെ പരിത്യാഗമെന്ന[66] സീത കരുതുന്നു. ആപത്ത് ചിന്തിക്കാതെ ധർമ്മശൂരതയോടെ എടുത്ത പല തീരുമാനങ്ങളിലൊന്നാകാമത്. സ്വപത്നീ സമേതം നടത്തേണ്ട വൈദികാനുഷ്ഠാനങ്ങൾ കാഞ്ചനസീതയെവെച്ചു പൂർത്തീകരിക്കുന്ന രാമന്റെ ഏകപത്നീവ്രതവും പാരതന്ത്ര്യവും നിസ്സഹായതയും ഒരുപോലെ മനസ്സിലാക്കുന്നു. കിരീടം ഉപേക്ഷിച്ചുകൊണ്ടു തെണ്ടി നടക്കാം. അന്യർക്കുവേണ്ടി ദേഹമുപേക്ഷിക്കാം. എന്നാൽ ജനേച്ഛപോലെ രാജ്യം ഭരിക്കുന്നത് അതീവ ദുഷ്ക്കരമാണെന്ന നിഗമനത്തിൽ സീത എത്തിച്ചേരുന്നു.[67] ദേശകാലാനുസൃതം പുനഃപ്രവചനവിധേയമാക്കാത്ത ധർമ്മ ശാസ്ത്രങ്ങൾക്കും നീതിബോധത്തിനും കീഴ്പ്പെട്ടു നടക്കുന്ന അറിവധികാരവ്യവസ്ഥ ഒരു വ്യക്തിയിലും സമൂഹത്തിലും കനത്ത സംഘർഷങ്ങൾക്കിടയാക്കുന്നു. ദ്യുതിയേറിയ ധർമ്മവിളക്കായ ശ്രീരാമനിൽ താൻ ദർശിച്ച കളങ്കരേഖകൾക്ക് മാപ്പപേക്ഷിച്ച് അദ്ദേഹത്തെ കുറ്റവിമുക്തനാക്കുകയും ചെയ്യുന്നു.[68] യുദ്ധത്തിലേക്കും അനന്തരഫലമായ കെടുതിയിലേ ക്കും നയിച്ചതിനാൽ സുചരിതയാണെങ്കിലും തന്റെ ചരിത്രം നിന്ദ്യമെന്ന് ആത്മവിമർശനം നടത്തി തന്നെ പിന്തള്ളി കാലചക്രത്തോട് കുതിച്ചു കൊള്ളാൻ സീത ആവശ്യപ്പെടുന്നു.[69] ഇവിടെ ഇരുപക്ഷങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള യോഗബുദ്ധിയോടെയാണ് സീത കാര്യാകാര്യവിവേചനം നടത്തുന്നത്. മനസ്സിനപ്പുറത്ത് കടക്കുന്ന ഈ അവധാരണമാണ് ദേഹവിയോഗത്തിന് അവരെ സ്വയം സജ്ജമാക്കുന്നത്.

ദേഹം ഉപേക്ഷിക്കുന്നതിനു മുമ്പ് ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളോടും സീത യാത്ര പറയുന്നു. തന്റെ ജീവിതത്തിന്റെ ഓരോ അവസ്ഥയിലും ഭാഗഭാക്കായ ഈ ചരാചരപ്രപഞ്ചത്തിലെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, സന്ധ്യ, വനങ്ങൾ, പൂക്കൾ തുടങ്ങിയ

---

66-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-707, (ശ്ലോകം-135)

67- അതേ പുസ്തകം- പുറം- 713, (ശ്ലോകം-157)

68- അതേ പുസ്തകം- പുറം-715, (ശ്ലോകം-163)

69- അതേ പുസ്തകം- പുറം-716, (ശ്ലോകം-167)

സകല സ്ഥാവരജംഗമപദാർത്ഥങ്ങളോടും സീത വിടപറയുന്നുണ്ട്.[70] തന്റെ ഭൂഗർഭപ്രവേശ വും ദേഹവിയോഗാനന്തരമുള്ള ദേഹിയുടെ അവസ്ഥയെക്കുറിച്ചും ജ്ഞാനദൃഷ്ടിയുടെ മിഴിവോടെ സീത സ്പഷ്ടമാക്കുന്നു. ഒരു സ്ത്രീസ്വത്വത്തിന് ദേഹാതീതമായ തലത്തെപ്പോലും സാക്ഷാൽക്കാരമഹിമയിലേക്കുയരാൻ അധികാരമുണ്ടെന്നാണ് ഇവിടെയെ ല്ലാം കവി സ്പഷ്ടമാക്കുന്നത്. മുൻനിശ്ചയിച്ച പ്രകാരം തന്നെയാണ് സീത അയോദ്ധ്യയിൽ രാമസമക്ഷം തന്റെ ദേഹം വെടിയുന്നത്.

ജാതീയവും ലിംഗപരവുമായ വ്യത്യസ്ത ശ്രേണിയിലിരിക്കുന്ന രണ്ട് ജീവിതങ്ങളെ സ്ഥിതിസമത്വബോധത്തിന്റെ ആധാരത്തിൽ സമന്വയിപ്പിച്ച് ദളിതസ്വത്വത്തിന്റെ സാമൂഹികമായ ലക്ഷ്യംവെച്ചുകൊണ്ടെഴുതിയ കൃതിയാണ് ദുരവസ്ഥ. അതിൽ മാപ്പിളല ഹളയിൽ നിന്ന് രക്ഷപ്പെടാൻ ഒരന്തർജ്ജനം സുരക്ഷിതമായി തെരഞ്ഞടുത്തത് അധഃസ്ഥി തരും ദരിദ്രരും വസിക്കുന്ന പുലയച്ചാളയായിരുന്നു. അവിടെ അവൾക്ക് ലഭിച്ച സ്വാതന്ത്ര്യവും സുരക്ഷിതത്ത്വവും രക്ഷാകർത്തൃത്ത്വവും ഉച്ചനീചത്വം, സാമ്പത്തിക അസമത്വം, ജാതിവ്യത്യാസം തുടങ്ങിയ വിവേചനങ്ങളെ മറികടന്ന് അദ്ധ്വാനത്തിന് മുൻതൂക്കമേകിക്കൊണ്ട് ചാത്തനോടൊത്തുള്ള ദാമ്പത്യജീവിതത്തിന് വഴി തുറന്നു. പാടത്ത് പണിയെടുത്തുകൊണ്ട് ചെറുമിയായി ചാത്തനോടൊത്ത് കുടുംബജീവിതം നയിക്കാൻ തയ്യാറായത് അന്നത്തെ സാമൂഹികസമവാക്യങ്ങളെ കീഴ്മറിച്ചുകൊണ്ടായിരുന്നു. നളിനിയ്ക്കും ലീലയ്ക്കും ദിശാബോധമേകിയത് ബാഹ്യസമ്പർക്കങ്ങളായിരുന്നുവെങ്കിൽ സാവിത്രി അന്തർജ്ജനത്തിന്റെ കാര്യത്തിൽ 'അന്തരാത്മാവ് ചൊന്ന വഴിപോകാൻ' അവർ തീർച്ചയാക്കുന്നു.

സാമൂഹികവും വൈയക്തികവുമായ അരക്ഷിതാവസ്ഥയിൽ ഒരു തിരിച്ചുപോക്കോ ഏകാന്തതയോ ജീവഹത്യയോ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ജീവിതപ്രേരിതമായാണ് സാവിത്രി അന്തർജ്ജനം ചാത്തനോടൊന്നിച്ച് കുടുംബജീവിതം നയിക്കാൻ തീരുമാനമെ ടുക്കുന്നത്. തുടർന്നുള്ള അനുഭവങ്ങളാണ് സമൂഹഘടനയിലെ വിച്ഛേദങ്ങളെയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെയും നിർദ്ദേശിക്കാൻ അവരെ സന്നദ്ധയാക്കുന്നത്. ചാത്തൻ പെറ്റമ്മയെയും പെങ്ങളെയും കുടിലിൽനിന്ന് മാറിത്താമസിപ്പിച്ച് കാലാന്തരങ്ങളായി ഉള്ളിലുണ്ടായിരുന്ന വിധേയത്വം സാവിത്രിയ്ക്കു മുന്നിൽ തുറന്നു കാണിച്ചു. ചാത്തൻ

---

70-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-713, (ശ്ലോകം-157)

അന്നപാനങ്ങൾ നൽകിയതും തൊട്ടപ്പുറത്ത് നിഷ്ക്കളങ്കതയോടെ ഉറങ്ങിയതുമെല്ലാം നിഷ്ക്കളങ്കതയോടെയാണ് സാവിത്രി കണ്ടത്. അടിയാളരുടെ സത്വവിശുദ്ധിയും മനുഷ്യസ്നേഹവും തൊട്ടറിഞ്ഞ അവൾ ഈശ്വരീയമായ ഗുണങ്ങൾ എവിടെക്കണ്ടാലും വിഭാഗീയതകൾക്കിടമേകാതെ സ്വാംശീകരിക്കാമെന്ന നിലപാടിൽ എത്തിച്ചേരുന്നു. സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന സഹജാതരെ ഉയർത്തുവാനാണ് തന്റെ പാതിത്യമെങ്കിൽ അതിലെ ധന്യത തിരിച്ചറിയുകയും ചെയ്യുന്നു. [71]

ഭർത്താവിനെ മൃത്യുദേവനിൽനിന്ന് വീണ്ടെടുത്ത കഥ പറഞ്ഞുകൊടുക്കുകയും ചാത്തനെ സാക്ഷരനാക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുന്ന സാവിത്രിയുടെ നടപടി സ്ത്രീകൾക്ക് വിദ്യ അഭ്യസിക്കാനും അഭ്യസിപ്പിക്കാനുമുള്ള അറിവധികാരത്തി ലും അവകാശബോധത്തിലും നിലയൂന്നുന്നതാണ്. അതേറ്റെടുത്ത സാവിത്രിയെ ചാത്തൻ ദൈവമെന്ന് വിശേഷിപ്പിച്ചപ്പോൾ അത് തിരുത്തി

എന്നെ രക്ഷിക്കുവാനെത്തിയിച്ചാളയിൽ / സന്നിധാനം ചെയ്യും ദൈവതം നീ [72]

എന്ന് ചാത്തനോടവർ തിരിച്ചരുളി. ചാത്തന്റെ കരംകവർന്ന് അഗ്നിയെ വലംവെച്ച് ഭർത്താവാക്കി സഹശയനത്തിന് ക്ഷണിക്കുമ്പോൾ അന്നത്തെ സാമൂഹികവ്യവസ്ഥ അടിയോടെ ഉടച്ചു വാർക്കപ്പെടുകയായിരുന്നു. സമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യത്തിന്റെയും ജാതീയമായ മേൽക്കീഴ് തിരിവുകളുടെയും അർത്ഥരാഹിത്യമാണ് ഇതുൾക്കൊള്ളുന്ന സന്ദേശം. സ്വന്തം അവകാശവും കർത്തവ്യവും ഉത്തരവാദിത്വവും ഏറ്റെടുത്ത് പരിഷ്ക്കരണത്തിലും നവോത്ഥാന പരിശ്രമങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുമ്പോളുണ്ടാകുന്ന സർവ്വതോന്മുഖമായ സാമൂഹികവികാസമാണ് തന്റെ കൃതികളിലൂടെ ആശാൻ ലക്ഷ്യമാക്കുന്നത്.

വിശ്വാസപ്രമാണങ്ങളുടെ യാഥാസ്ഥിതികതയിലൂന്നിയ സാമൂഹികബോധത്തെ നവീനാശയങ്ങളുടെ ചലനാത്മകതയിലേക്ക് ഉണർത്തി വിട്ട സ്ത്രീസ്വത്വമാണ് 'ചണ്ഡാലഭി ക്ഷുകി'യിലെ മാതംഗി. പാരമ്പര്യം അടിച്ചേൽപ്പിച്ച ഉച്ചനീചത്വകല്പനകൾക്ക് വിധേയപ്പെട്ടു നിൽക്കുന്നതുകൊണ്ടാണ് ശ്രേഷ്ഠന്മാർ നീചനാരിയിൽനിന്നും വെള്ളം വാങ്ങിക്കുടിക്കുമോ എന്ന് ബുദ്ധഭിക്ഷുവായ ആനന്ദനോട് ചോദിച്ചത്. ഇത് ജാതീയമായും ലിംഗപരമായും

71- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-168

72- അതേ പുസ്തകം- പുറം-188

പാരതന്ത്ര്യമനുഭവിക്കുന്ന വിശ്വാസവും സന്ദേഹവുമാണ്. ജാതിയല്ല കുടിനീരാണ് ചോദിച്ചതെന്ന ഭിക്ഷുവിന്റെ പ്രതിവചനം നിലവിലുള്ള അനുശാസനങ്ങളെ തട്ടിത്തകർക്കുന്നതിനുള്ള ദാഹമായാണ് മാതംഗി തിരിച്ചറിഞ്ഞത്. ഭിക്ഷു മാതംഗിയിലെ ജാതിസ്വത്വത്തെ നിരാകരിച്ചപ്പോൾ അവളിൽ അവശേഷിച്ചത് സ്ത്രീസ്വത്വമാണ്. തന്വിയായതുകൊണ്ടാണ് ഭിക്ഷുവിനോട് കൂടുതൽ തർക്കിക്കാത്തതെന്ന് കവി അതുകൊണ്ടാണ് പറഞ്ഞത്. ഒന്നിനെയും ചോദ്യം ചെയ്യാതെ എല്ലാത്തിനെയും അതേ പടി ഉൾക്കൊള്ളുന്നവളാണ് മാതംഗി. അതിന് തടസ്സമായി നിന്നത് അറിവില്ലായ്മയും അതിൽനിന്നുണ്ടായ ഭീതിയുമാണ്. അതകന്നപ്പോൾ നൈസർഗ്ഗികമായ കാരുണ്യവും ആർദ്രതയും അലിവുമാണ് കുടിനീരൊഴുക്കിന്റെ രൂപത്തിൽ ഭിക്ഷുവിലേക്ക് പ്രവഹിച്ചത്. അവളുടെ അധമത്വബോധം (Inferiority complex) വ്യവസ്ഥാതീതമാകുന്നതിന്റെ ത്രസിപ്പ് തൊട്ടറിഞ്ഞാണ് ബുദ്ധഭഗവാൻ നേരിട്ടനുഗ്രഹിക്കുമെന്ന് പറഞ്ഞ് ഭിക്ഷു അവിടെ നിന്നും പോയത്.

വ്യക്തിയിലുണ്ടാകുന്ന തൃഷ്ണയും തജ്ജന്യമായ ദുഃഖങ്ങളും യാഥാസ്ഥിതികബോധത്തിൽ നിലകൊള്ളുന്ന സാമൂഹികവ്യവസ്ഥയും നവോത്ഥാനപ്രവർത്തനങ്ങൾക്ക് തടയിടുന്നു. മാതംഗിയുടെ അവബോധത്തിൽ ബുദ്ധഭിക്ഷു വീശിയ വെളിച്ചം സമൂഹത്തിന്റെ മുഖ്യധാരയിൽ അവളെ സ്ഥാനപ്പെടുത്തുകയും ആ സ്വാതന്ത്ര്യം അവളുടെ വ്യക്തിവികാസത്തിന് വഴിയൊരുക്കുകയും ചെയ്തു. അതുകൊണ്ടാണ്

രക്ഷാദക്ഷമാം തൽപ്രസാദം നിന്നെ- / പ്പക്ഷേ, വേറാളായ് മാറ്റുന്നുമുണ്ടാവാം[73]

എന്ന് കവി പറഞ്ഞത്. ഈ അംഗീകാരവും പരിഗണനയും ഭിക്ഷുവിനോടുള്ള സ്നേഹത്തിലേക്ക് വഴി തുറന്നു. ഒടുവിൽ ഭിക്ഷുവിനെത്തേടി വിഹാരത്തിലെത്തിയ മാതംഗിയെ ഭിക്ഷുകിയായി ബുദ്ധഭഗവാനും ഉൾക്കൊണ്ടു. സന്ന്യാസധർമ്മത്തിൽ സ്ത്രീകൾക്ക് വിലക്ക് നിലവിലിരുന്ന അന്നത്തെ സാഹചര്യത്തിലാണ് ചണ്ഡാലകുലത്തിൽജനിച്ച യുവതിയെ ഭിക്ഷുകിയായി അവരോധിച്ച് വിഹാരപ്രവേശം അനുവദിക്കുന്നത്.

ആത്മീയവളർച്ചയും വികാസവും ഉണ്ടാകുമ്പോൾ മൗലികഭാവങ്ങളെ തൊട്ടുണർത്താനും സാമൂഹികസ്പന്ദനങ്ങളെ തദനുഗുണമാക്കാനും കെട്ടുപാടുകൾക്കെല്ലാം അതീതനാകാനും ഒരു വ്യക്തിക്ക് സാധിക്കും. ഭിക്ഷുണീതലത്തിലേക്ക് കടന്ന മാതംഗി നിരന്തരമായ

73- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-203

സാധനാനുഷ്ഠാനങ്ങളിലൂടെ നേടിയെടുത്ത കാര്യഗ്രഹണശേഷിയും കർത്തവ്യനിർവ്വഹണ ബോധവും ആചാരനിഷ്ഠയും മേധാശേഷിയും അവരെ ആ ഭിക്ഷുസംഘത്തിന്റെ അവിഭാജ്യ ഘടകമാക്കി. ഇത് ജാതി-ബ്രാഹ്മണ-പൗരോഹിത്യഅധികാരങ്ങളെ അട്ടിമറിക്കുന്ന തായിരുന്നു. ഇതിനെ ചോദ്യം ചെയ്ത അന്നത്തെ അധികാരിവൃന്ദത്തോട് ഈർഷ്യ മുറ്റിയ ജാതിവ്യവസ്ഥയെ സ്നേഹത്തിന്റെ വീണ്ടെടുപ്പിലൂടെ നിരാകരിക്കാൻ ബുദ്ധഭഗവാൻ ആവശ്യപ്പെടുന്നു. വർണ്ണാശ്രമ-ജാതി-ലിംഗഭേദമെന്യേ എല്ലാവരും പരമദുഃഖനിവൃത്തിയായ നിർവ്വാണത്തിന് അധികാരികളാണെന്ന് ഇതിലൂടെയെല്ലാം കവി സ്ഥാപിക്കുന്നു.

ഉത്തരമഥുരാപുരിയിലെ വേശ്യയായ വാസവദത്തയുടെ ഭോഗാനുഭവങ്ങൾക്കുള്ള അടങ്ങാത്ത ആർത്തിയും ജീവിതാസക്തിയും തൽഫലമായുണ്ടാകുന്ന ആത്മനാശവുമാണ് 'കരുണ' യിലെ പ്രതിപാദ്യം. ബുദ്ധമതത്തിലെ ആര്യസത്യമായ ദുഃഖവും അതിൽനിന്നുള്ള വിമോചനവും ഒരു സ്ത്രൈണസത്തയെ എങ്ങനെ സംസ്ക്കരിച്ചുവെന്നതിന്റെ ദൃഷ്ടാന്തമാണത്. മാംസക്കച്ചവടത്തിന്റെ ശിഥിലമൂല്യങ്ങളുൾക്കൊള്ളുന്ന വാസവദത്തയ്ക്ക് ആരെയും ശരിയായി പ്രണയിക്കാനാകുന്നില്ല. അതിനിടെ ഉപഗുപ്തനെന്ന ബുദ്ധഭിക്ഷുവിൽ അവൾക്ക് അനുരാഗമുദിച്ചപ്പോൾ വശീകരണവിഷയത്തിൽ സമർത്ഥയായ തോഴിയെ വിട്ട് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. എന്നാൽ ക്ഷണം സ്വീകരിക്കുവാൻ സമയമായില്ലെന്ന് പറഞ്ഞ് ബുദ്ധഭിക്ഷു അവളെ മടക്കുന്നു. കുലവൃത്തിക്ക് വിരുദ്ധമായി വാസവദത്തയ്ക്ക് ഭിക്ഷുവിൽ നാമ്പിട്ട അനുരാഗം ആർജ്ജിതസ്വത്വ(Acquired identity) ത്തിൽ നിന്ന് അവളെ അന്യവൽക്കരിക്കുന്നു. ധനപതികൾപോലും തന്റെ പാദസേവകരാകുമ്പോൾ ഒരു ഭിക്ഷു കാണിക്കുന്ന വൈമുഖ്യം ആശാഭംഗവും താൽക്കാലികമായ ഒരനാസക്തിയും ഉളവാക്കുന്നു. പിന്നീട് സാഹചര്യങ്ങളാൽ മൂടിപ്പോകുന്നുണ്ടെങ്കിലും അതിന്റെ ദീപ്തി അനുഭവത്തിൽ അണയുന്നത് അവസാനഘട്ടത്തിലാണ്.

സുഖഭോഗസമൃദ്ധിയിൽനിന്ന് ശ്മശാനത്തിലേക്കെടുത്തെറിയപ്പെട്ടതിലൂടെ സ്ത്രീപുരുഷഭേദങ്ങൾക്കതീതമായി ഓരോ ജീവനിലും വന്നുചേരുന്ന സുഖദുഃഖങ്ങളുടെ ചാക്രികതയെ കവി ചിത്രീകരിക്കുന്നു. ഭോഗതൃഷ്ണയും ധനാസക്തിയും ദേഹാഭിമാനവും കൊണ്ടുണ്ടാകുന്ന ആത്മനാശമാണ് അത്. അന്ത്യനിമിഷത്തിൽ തന്റെ അരികിൽ വന്ന ഉപഗുപ്തനിൽനിന്നും അറ്റുപോയ തന്റെ ദേഹാവയവങ്ങളെ മൂടിവെക്കാൻ ശ്രമിക്കുന്ന വാസവദത്ത ആ ഉദ്യമത്തിൽ പരാജയപ്പെടുകയാണുണ്ടായത്. അവയവങ്ങ ളറ്റുപോയിട്ടും മരണം വരിക്കാതെ കിടന്നത് ഉപഗുപ്തനോടുള്ള രാഗവൈഭവത്താലാണെന്ന് കവി

സൂചിപ്പിക്കുന്നു.[75] തന്നിൽ നിലീനമായി കിടക്കുന്ന നൈതികമണ്ഡലത്തോടുള്ള ആഭിമുഖ്യമായിരുന്നു ഉപഗുപ്തനോടു തോന്നിയ അടുപ്പം. പരിപൂർണ്ണ ദുഃഖനിവൃത്തിയും ഉള്ളടങ്ങുന്ന നിർവ്വാണതലത്തിൽ നിൽക്കുന്ന ഉപഗുപ്തന് വാസവദത്തയോട് തോന്നിയത് അഹൈതുകമായ കരുണയാണ്. ഉപഗുപ്തൻ സംവദിച്ചതും ശരണത്രയം ഉപദേശിച്ചതും വാസവദത്തയുടെ സുസംസ്കൃതമായ അവബോധത്തോടാണ്. പ്രണയത്തിൽ നിന്നും കരുണയിലേക്കുയർത്തി അതവളെ തൃഷ്ണാരാഹിത്യത്തിലേക്ക് നയിച്ചു.

കാമത്തിൽനിന്നും മാംസത്തിൽനിന്നും സ്നേഹത്തെ വിമോചിപ്പിച്ച് വാസവദത്തയുടെ സ്ത്രൈണസ്വത്വം നിർവ്വാണത്തെ സ്പർശിക്കുമ്പോൾ ദേശകാലവ്യക്തിഭേദമെന്യേ ആർക്കും അന്തഃസംസ്ക്കരണത്തിലൂടെ ഈ പ്രാപഞ്ചികതലത്തിൽവെച്ചുതന്നെ സമ്പൂർണ്ണമായ സ്ഥിതിസമത്വവും സ്വാതന്ത്ര്യവുമുള്ളടങ്ങുന്ന പരമമായ നിർവ്വാണതലത്തെ പ്രാപിക്കാൻ കഴിയുമെന്ന സന്ദേശമാണ് പ്രസരിക്കുന്നത്. സ്വാനുഭവനിഷ്ഠമായ നിർവ്വാണതലവും ലോകസംഗ്രഹാർത്ഥമുള്ള കരുണയും ഒരസ്തിത്വത്തിന്റെതന്നെ ആവിഷ്ക്കാരങ്ങളാണ്.

## ദളിത് വിമോചനം

യാഥാസ്ഥിതികവും ജാതീയവുമായ ഉച്ചനീചത്വങ്ങളാൽ അസമത്വവും അടിമത്തവും അസ്വാതന്ത്ര്യവും അനുഭവിച്ചിരുന്ന ഒരു ജനതയുടെ വിമോചനം ലക്ഷ്യംവെച്ച കവിയാണ് ആശാൻ. ജാതീയമായ അനാചാരങ്ങളെയും അബദ്ധവിശ്വാസങ്ങളെയും എതിർക്കുന്നതിന് വേദേതിഹാസപുരാണാദികളിലെ ഏകാത്മദർശനത്തിനും സ്ഥിതിസമത്വത്തിനുമധിഷ്ഠിതമായ അദ്വൈതചിന്തയെയായിരുന്നു അദ്ദേഹം സമാശ്രയിച്ചത്. കാര്യത്തിൽനിന്ന് അതിന്റെ കാരണത്തെ അന്വേഷിച്ചറിയാനുള്ള സവിശേഷവിവേകബുദ്ധി ഉൾക്കൊള്ളുന്ന ഉൽകൃഷ്ടമായ മനുഷ്യസൃഷ്ടിയിൽ ജാതിവ്യത്യാസങ്ങളെയും അതിൽനിന്നുരുത്തിരിഞ്ഞ അനാചാരങ്ങളെയും അബദ്ധവിശ്വാസങ്ങളെയും ശാസ്ത്രയുക്തികൾക്കനുസൃതമായി പ്രതിരോധിക്കാൻ അതുപകരിച്ചു. ഇതിന് ആർഷപ്രമാണങ്ങളുടെയും സ്വാനുഭൂതിസമ്പന്നരായ ആചാര്യന്മാരുടെയും അദ്വൈതവീക്ഷണത്തെ അദ്ദേഹം പ്രയോജനപ്പെടുത്തി.

സൃഷ്ടിവൈവിദ്ധ്യങ്ങളുടെ പാരസ്പര്യത്തിലും മാനുഷികൈക്യത്തിന്റെ

---

75- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-250

സാർവ്വജനീനതയിലുമാണ് ആർഷസംസ്കൃതി ഊന്നലേകുന്നത്. "ജ്ഞാനികൾ വിദ്യകൊണ്ടും വിനയംകൊണ്ടും സമ്പന്നനായ ബ്രാഹ്മണനിലും പശുവിലും ആനയിലും നായയിലും നായയുടെ ഇറച്ചി തിന്നുന്നവനിൽപ്പോലും ബ്രഹ്മസത്യത്തെ ഒരുപോലെ കാണുന്നു"[76] എന്ന് ഭഗവദ്ഗീതയിലുണ്ട്. മനുഷ്യകല്പിതമായ ഉച്ചനീചഭേദങ്ങളെ "ഗംഗാജലത്തിലും ചണ്ഡാലന്റെ മുമ്പിലുള്ള ഓടയിലെ വെള്ളത്തിലും പ്രതിഫലിക്കുന്ന സൂര്യനും സ്വർണ്ണക്കുടത്തിലെ ആകാശത്തിനും മൺകുടത്തിലെ ആകാശത്തിനും തമ്മിലും എന്താണ് ഭേദം? തരംഗരഹിതമായ സമുദ്രംപോലെ ശാന്തമായി അനന്തസച്ചിദാനന്ദലക്ഷണമായി സഹജമായിരിക്കുന്ന പ്രത്യഗാത്മവസ്തുവിൽ ഇവൻ ബ്രാഹ്മണൻ, ഇവൻ ചണ്ഡാലൻ തുടങ്ങിയ ഭേദബുദ്ധിയ്ക്ക് സ്ഥാനമെവിടെ?"[77] എന്ന് ശങ്കരാചാര്യരും "എപ്രകാരമാണോ പശുവർഗ്ഗത്തിൽപ്പെട്ട ജന്തുക്കൾക്ക് ഗോവിന്റെ ഭാവം എന്നർത്ഥമുള്ള ഗോത്വം ജാതിയാണെന്ന് തർക്കശാസ്ത്രത്തിലും മറ്റും കരുതപ്പെടുന്നത് അതുപോലെ മനുഷ്യർക്ക് മനുഷ്യത്വമെന്നത് ജാതിയായി ഗണിക്കാവുന്നതാണ്. മനുഷ്യർക്ക് ജനനംകൊണ്ട് കിട്ടുന്നതായി കരുതപ്പെടുന്ന ബ്രാഹ്മണാദിജാതി ഇപ്രകാരം യുക്തിയൊന്നുമുള്ളതല്ല. കഷ്ടം! ആരും തന്നെ യാഥാർത്ഥ്യമെന്തെന്ന് അറിയുന്നതേയില്ല"[78] എന്ന് നാരായണഗുരുവും നിരാകരിക്കുന്നുണ്ട്. ഈ അദ്വയദർശനത്തിന്റെ കാവ്യാവിഷ്ക്കാരമാണ് ആശാൻ കവിതകൾ.

D¨ \ dNXz eÿ\ I tfmsShnÌPnï k aql nl hyhØ nXnbnÂ Cui zcX¯ zs¯ hnhn[ tZhXmk ¦ eÿ§ fne qsSB hnj y cη p¶ Xvk aql ¯ nsâ apJ y[ ncbnÂ \ n¶ v] nÀi zh Â ¡ cη (Marginalise)പ്പെട്ടവരുൾപ്പെടെ എല്ലാ ജനവിഭാഗങ്ങളെയും പ്രതിനിധീകരിച്ചു കൊണ്ടാണ്. മേലാളർ/കീഴാളർ, അടിമ/ ഉടമ എന്നിങ്ങനെയുള്ള പല

---

76- വിദ്യാവിനയ സമ്പന്നേ / ബ്രാഹ്മണേ ഗവി ഹസ്തിനി

ശുനി ചൈവ ശ്വപാകേ ച / പണ്ഡിതാഃ സമദർശിനഃ

ഭഗവദ് ഗീതാ സ്വാദ്ധ്യായം- ഗുരു നിത്യചൈതന്യയതി-ഡി.സി.ബുക്ക്സ്, കോട്ടയം-1992 പുറം -407, (ശ്ലോകം-5-18)

77- ശങ്കരാചാര്യർ- മനീഷാ പഞ്ചകം- ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ,എഡി-3 1993, പുറം-7

78- മനുഷ്യാണാം മനുഷ്യത്വം ജാതിർ ഗോത്വം ഗവാം യഥാ

ന ബ്രാഹ്മണാദിരസ്യൈവം ഹാ! തത്ത്വം വേത്തി കോ പിനഃ

ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 എഡി-1, പുറം-405

ബന്ധങ്ങളുടെയും പ്രതിനിധാനങ്ങൾ ആശാന്റെ എല്ലാ കൃതികളിലും കാണാം. ഇത്തരം ജാതീയവും വർഗ്ഗപരവുമായ പരാമർശങ്ങൾ വിഭാഗീകരണത്തിനോ സിദ്ധാന്തവൽക്കരണത്തിനോ പ്രസ്തുത സംവർഗ്ഗങ്ങൾ കാലാന്തരത്തോളം അതേ നിലയിൽ തുടരണമെന്ന ഉദ്ദേശ്യത്തോടെയോ അല്ല ആശാൻ കവിതകളിലുള്ളത്. സോദ്ദേശ്യപരമായ പ്രസ്തുത കവിതയുടെ സഞ്ചാരഗതിയും ദിശാസൂചനകളും കവിയുടെ പ്രതിബദ്ധതയെക്കുറിച്ചുള്ള അന്വേഷണവും ഇത് അദ്വൈതചിന്തയുടെ ഉദാരവും ബഹുസ്വരമായ സംവേദന സങ്കേതമാണെന്ന് തിരിച്ചറിയാൻ സൗകര്യമേകുന്നു. നിലവിലുള്ള യാഥാർത്ഥ്യങ്ങളെ നിരാകരിക്കാതെ എല്ലാത്തിനെയും നിലവിലുള്ള ഇടങ്ങളിൽ വെച്ചുതന്നെ അഭിസംബോധന ചെയ്ത് അവബോധത്തിന്റെ കരുത്തിലേക്കും വ്യാപ്തിയിലേക്കും ക്രമികമായി നയിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ദേവതാസങ്കല്പങ്ങളെ കീഴാളവിഭാഗവുമായി ബന്ധിപ്പിച്ച് നടത്തിയ ജാതീയമായി അഭിസംബോധനകൾ നാരായണഗുരുവിന്റെ സ്തോത്രകൃതികളിലും സുലഭമാണ്. അതുപോലുള്ള പല പ്രയോഗവിശേഷങ്ങളെയും ആശാൻ അതുപോലെത്തന്നെ കൈക്കൊള്ളുന്നു. ശ്രീ നാരായണഗുരുവിന്റെ സുബ്രഹ്മണ്യശതകത്തിൽ "പിച്ചതെണ്ടി കാലം കഴിച്ച ശിവന് ഏറ്റവും പ്രിയപ്പെട്ട മകനായ അല്ലയോ സുബ്രഹ്മണ്യഭഗവാൻ, അങ്ങ് അച്ഛനെപ്പോലെ പിച്ചക്കാരൻ തന്നെ. ഈ ഭക്തനോ സ്വതേ തന്നെ പിച്ചക്കാരനാണ്. പിച്ചക്കാരന്റെ തെറ്റുകൾ മറ്റൊരു പിച്ചക്കാരൻ ക്ഷമിക്കുന്നത് ഉചിതം തന്നെ"[79] എന്നും "ആഹാരത്തിന് വകയില്ലാതെ ഇരക്കാൻ കൈയ്യിൽ തലയോടും താങ്ങായി വടിയും ഏന്തി തെരുവുനീളെ പിച്ചതെണ്ടി നടക്കും. പാർവ്വതിക്ക് പകുതി ദേഹം പങ്കിട്ട അദ്ദേഹം കുടം നിറഞ്ഞുതുളുമ്പെ കള്ളും ചുമന്ന് വിടുപണി ചെയ്യു"[80] മെന്നുമുള്ള പരാമർശങ്ങളുണ്ട്. ഇതേ ആശയമാണ് ശാങ്കരശതകത്തിലെ "ബ്രഹ്മകപാലത്തിൽ ഇരന്നുണ്ണുന്ന പരദേശി തുണയ്ക്കുമെന്ന"[81] തിലുമുള്ളത്. സ്തോത്രകൃതികളിലെ 'സുബ്രഹ്മണ്യശതക'ത്തിൽ

---

79- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 എഡി-1, പുറം-100, (ശ്ലോകം-14)

80- അതേ പുസ്തകം- പുറം-101 (ശ്ലോകം-15)

81- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-153, (ശ്ലോകം-53)

"വിവാഹത്തിനുമുമ്പ് വള്ളിയുമായി സംസാരിച്ചു നിൽക്കുമ്പോൾ വള്ളിയുടെ പുലയനായ പിതാവിനെക്കണ്ട ഉടൻതന്നെ മരമായിത്തീർന്ന കാമാതുരനായ കനകവേലനിതാ വരുന്നു"[82] വെന്ന് പറയുന്നു. ഇവിടെ വള്ളിയുടെ പിതാവിനെ പുലയ വിഭാഗത്തിലുള്ളവനെന്നാണ് പരിചയപ്പെടുത്തുന്നത്. ഒമ്പത് തരത്തിലുള്ള ഭക്തിവേശേഷങ്ങളിലെ ദാസ്യമെന്ന ഭാവത്തെ ആസ്പദമാക്കിയാണ് ഭക്തരെ പണിയാളരെന്നും അടിമയെന്നുമെല്ലാം സ്തോത്രകൃതികളിൽ വിശേഷിപ്പിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

എന്നാണുറപ്പടിമയ്ക്കു ദൈവമേ (ഭക്തവിലാപം)[83]

ബാലനാമടിമ വാടിവീഴുമ- നീലമാമലയിൽ നിന്ന ദൈവമേ (ഭക്തവിലാപം)[84]

ആളായി നിന്നടിമകൾക്കഭയം കൊടുക്കും വേലായുധൻ വരദനെന്നെ വളർത്തിടേണം (ശാങ്കരശതകം) [85]

വേകുന്നു നെഞ്ചുപിടിയെന്നടിമയ്ക്കു ശംഭോ (ശാങ്കരശതകം)[86]

കഷ്ടിക്കുമാറടിമ വീഥിയിൽ വീണുപോമോ (ശാങ്കരശതകം)[87]

ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങളെയും ചൂഷണങ്ങളെയും പാരതന്ത്ര്യങ്ങളെയും മതപരിവർത്തനങ്ങളെയുംകുറിച്ച് ബോധവാനായ കുമാരനാശാനെയാണ് ദുരവസ്ഥയിൽ കാണാനാകുന്നത്. സമൂഹത്തെ പരമ്പരാഗത വിചിന്തനങ്ങളിൽനിന്ന് മോചിപ്പിക്കുന്നതിന് സ്വാതന്ത്ര്യത്തെക്കുറിച്ച് പുതിയൊരവബോധം പകരാനുള്ള ശ്രമം അതിലുണ്ട്. ഇതാണ് സാവിത്രിയും ചാത്തനും തമ്മിലുള്ള ദാമ്പത്യബന്ധമായി പരിണമിച്ചത്. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സാമൂഹികനിയമങ്ങൾ തടസ്സമാകുമ്പോൾ അതിനെ എങ്ങനെ മറികടക്കാമെന്ന് അദ്ദേഹം ദുരവസ്ഥയിലൂടെ വ്യക്തമാക്കി. ജാതിവ്യവസ്ഥമൂലം ഹിന്ദുധർമ്മത്തിനു വന്ന അപചയവും അതുകൊണ്ട് സമുദായത്തിനുണ്ടായ കനത്ത നഷ്ടവും അതിലുണ്ട്. ഒരു ബീജത്തിൽനിന്നുണ്ടാകുന്നവർക്കെല്ലാം സഹജാതബന്ധമാണുള്ളത്. പ്രസ്തുത ദൃഷ്ടിയിൽ കുടിലിലും കൊട്ടാരത്തിലും

---

82- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-153, (ശ്ലോകം-53)

83- അതേ പുസ്തകം- പുറം-113(ശ്ലോകം-80)

84- അതേ പുസ്തകം- പുറം-75(ശ്ലോകം-5)

85- അതേ പുസ്തകം- പുറം-88 (ശ്ലോകം-48)

86- അതേ പുസ്തകം- പുറം-142 (ശ്ലോകം-3)

87- അതേ പുസ്തകം- പുറം-146 (ശ്ലോകം-22)

വസിക്കുന്നവർക്ക് തമ്മിൽ അന്തരമില്ല. ബ്രാഹ്മണനെയും ചെറുമനെയും സൃഷ്ടിച്ചത് ഒരേ കൈകൾ തന്നെയാണ്. കായികശക്തിയും ബൗദ്ധികശേഷിയും സ്നേഹത്തിന്റെ ഉറവുകളും ജാതിവ്യവസ്ഥമൂലം നമുക്ക് നഷ്ടമായിട്ടുണ്ട്. എത്രയോ പെരുമാക്കളും ശങ്കരാചാര്യന്മാരും തുഞ്ചന്മാരും കുഞ്ചന്മാരുമെല്ലാം ജാതിവ്യവസ്ഥമൂലം നഷ്ടമായിട്ടുണ്ടെന്ന് കവി പരിതപിക്കുന്നു.[88] വ്യക്തിയുടെ സർവ്വതോന്മുഖമായ വികാസവും മാനുഷികവിഭവശേഷിയെ ക്രമീകരിച്ചുകൊണ്ടുള്ള ഫലപ്രദമായ വിനിയോഗവുമാണ് സാമൂഹികവളർച്ചയെ ത്വരിതപ്പെടുത്തുന്നത്. ജാതിവ്യവസ്ഥ എല്ലാ അർത്ഥത്തിലും അതിനെ പ്രതികൂലമായി ബാധിച്ചു. ഈ വിഷയമാണ് ദുരവസ്ഥയിലൂടെ കവി പ്രതിപാദിക്കുന്നത്. സ്ഥിതിസമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ മാനവികവീക്ഷണമാണ് സാമൂഹികസാഹചര്യങ്ങളെ നിരൂപണം ചെയ്യുമ്പോൾ കവി കൈക്കൊള്ളുന്നത്.

ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു സവിശേഷത ജാതീയതയുടെ പേരിൽ അന്ന് കേരളത്തിലുണ്ടായിരുന്നു. ഇതാണ് ഭ്രാന്താലയം കാണണമെങ്കിൽ മലബാറിലേക്കും തിരുവിതാംകൂറിലേക്കും പോയാൽ മതിയെന്ന സ്വാമി വിവേകാനന്ദന്റെ പ്രസ്താവനയ്ക്ക് നിദാനമായത്. ഇതര മതവിഭാഗത്തിലേക്ക് പ്രവേശിച്ച അടയാളമായി വന്ന അയിത്തജാതിക്കാരന് മേൽജാതിക്കാരന്റെ പൂമുഖത്തിണ്ണവരെ പ്രവേശനം കിട്ടിയിരുന്നു. ഈ ആശയമാണ്

എത്രയും ദൂരം വഴിതെറ്റി നിൽക്കേണ്ടോ- / രേഴച്ചെറുമൻപോയ് തൊപ്പിയിട്ടാൽ
ചിത്രമവനെത്തിച്ചാരത്തിരുന്നിടാം / ചെറ്റും പേടിക്കേണ്ടാ നമ്പൂരാരെ
ഇത്ര സുലഭവുമാശ്ചര്യവുമായി / സ്സിദ്ധിക്കും സ്വാതന്ത്ര്യസൗഖ്യമെങ്കിൽ
ബുദ്ധിയുള്ളോരിങ്ങാ ശ്രേയസ്സുപേക്ഷിച്ചു / ബദ്ധരായ് മേവുമോ ജാതി മേലിൽ[89]

സ്വാർത്ഥമതികളായ ചിലർ നിർമ്മിച്ച നയങ്ങളല്ല സനാതനധർമ്മത്തിന്റേതെന്ന് തുടർന്ന് കവി ഓർമ്മപ്പെടുത്തുന്നു.

ചാത്തന് തന്റെ മൂല്യം സ്വയമറിയാൻ കഴിയുന്നില്ലെന്നും വിധിസങ്കല്പത്താൽ മാത്രമാണ് അടിത്തട്ടിൽക്കിടക്കുന്ന ഈ രത്നത്തെ കണ്ടെത്താനായതെന്നും സാവിത്രി

---

88- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-136

89- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-150

കരുതുന്നു. സത്ത്വവിശുദ്ധിയും സ്നേഹവും തേജസ്സും ഉത്തമജാതിയിലുള്ളവരെപ്പോലെ തന്നെ താഴ്ന്ന വിഭാഗത്തിലും കാണാൻ കഴിയുമെങ്കിൽ അവർ തമ്മിലുള്ള വ്യത്യാസമെന്താണെന്നും കവി ചോദിക്കുന്നു.[90] ഈശ്വരദൃഷ്ടിയിൽ ജാതിഭേദങ്ങളില്ല. പഴയ ഋഷിമാർക്ക് ജന്മം നൽകിയത് അധഃകൃതരായ സ്ത്രീകളാണ്. ഇടക്കാലത്തുണ്ടായ പാക്കനാർ, നാറാണത്ത് ഭ്രാന്തൻ എന്നിവർ പറച്ചി പെറ്റ മക്കളായിരുന്നുവെന്ന് കേരളീയർ കീർത്തിക്കുന്നു. പാഴ്ക്കണ്ടത്തിൽ വീഴുന്ന വിത്ത് നല്ലതാണെങ്കിൽ നല്ല വിളവ് തരുന്നു. നല്ല നിലത്തു വീഴുന്ന വിത്ത് സത്തല്ലെങ്കിൽപ്പോലും നല്ല ഫലമുണ്ടാക്കും. ഇപ്രകാരം മികച്ച ബീജത്തിൽ നിന്നുണ്ടാകുന്ന സന്താനങ്ങളാൽ അവർക്ക് അന്യാദൃശങ്ങളായ ഗുണങ്ങളുണ്ടാകും. അതുപോലെ ചാത്തന്റെ താണകുലത്തെ അവന്റെ സന്തതിപരമ്പരകളിലൂടെ ഉയർത്തുകയാണ് ലക്ഷ്യമെങ്കിൽ താൻ ധന്യയായെന്ന് സാവിത്രി അന്തർജ്ജനം കരുതുന്നു.[91]

ദുരവസ്ഥയുടെ അവസാനഭാഗത്ത് പൂന്തോട്ടം പരിപാലിക്കുന്നവരോട് പുതിയ കാലം സമാഗതമായെന്നും പല തരത്തിലുള്ള പൂക്കൾ നിറഞ്ഞ ഈ പൂന്തോട്ടത്തിൽ വനമാലിയായ കൃഷ്ണഭഗവാന് ആനന്ദം നൽകാത്ത പൂക്കളൊന്നുമില്ലെന്നും പറയുന്നു. എല്ലാ പൂക്കളും അവന്റെ ഇച്ഛയ്ക്കനുസരിച്ച് പൂർണ്ണതയെ പ്രാപിക്കാനുഴറുകയാണ്. കാറ്റും സൂര്യപ്രകാശവും മഴയും വ്യത്യാസമില്ലാതെ ഈശ്വരൻ എല്ലാവർക്കും നൽകുന്നു[92] എന്നിങ്ങനെയെല്ലാം കുറിച്ചാണ് കവിത ഉപസംഹരിക്കുന്നത്. പ്രപഞ്ചത്തിന്റെ അധിനിയമമായ ഈശ്വരൻ പ്രകൃതിപ്രതിഭാസങ്ങളിൽ നിരുപാധികം ചൊരിയുന്ന അനുഗ്രഹം ഏകത്വബോധത്തോടെയാണ്. പ്രപഞ്ചമാകുന്ന പൂന്തോട്ടത്തിലെ ഒരു പൂവിനോടും ഈശ്വരന് പ്രത്യേകിച്ച് ഇഷ്ടാനിഷ്ടങ്ങളില്ല. അതുകൊണ്ട് ഈശ്വരീയതയെ സാക്ഷാൽക്കരിക്കുന്നതിന് കാലത്തിന്റെ ആഹ്വാനമുൾക്കൊണ്ട് ജാതീയതയെ ഉപേക്ഷിക്കാൻ കവി ആവശ്യപ്പെടുന്നു. അതിന് ഉള്ളിലെ ദുർമ്മത്സരം, ദ്വേഷം തുടങ്ങിയ കീടങ്ങളെ നിർമ്മൂലനം ചെയ്യാനും സ്നേഹത്താൽ തടം നനച്ച് പൂക്കൾക്ക് ദയയുടെ വളംചേർക്കുവാൻ കവി ആവശ്യപ്പെടുന്നു.

---

90- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-167

91- അതേ പുസ്തകം- പുറം-168

92- അതേ പുസ്തകം, പുറം-190

പഴകിപ്പോയ ആചാരത്തിന്റെ ദുർബ്ബലമായ ചരടിൽ ഒരു ജനത നിൽക്കില്ലെന്നും അതുകൊണ്ട് നിങ്ങൾ ചട്ടങ്ങളെ മാറ്റിയില്ലെങ്കിൽ ചട്ടങ്ങൾ നിങ്ങളെ മാറ്റുമെന്ന് താക്കീത് നൽകുന്നു.[93] "കവിയുടെ ലക്ഷ്യം പുലയനും നമ്പൂതിരിയും തുല്യരീതിയിൽ മനുഷ്യരാണെന്നും പുലയനെ ഹീനനായി മാറ്റി നിർത്തുന്ന ആചാരക്രമം കുത്സിതമാണെന്നും കാവ്യം വഴി ഉദാഹരിക്കുകയാണ്. കഥാ നായികയായ സാവിത്രി അന്തർജ്ജനവും കഥാനായകനായ ചാത്തനും ജാതീയ നിബന്ധനകളെ വെല്ലുവിളിച്ചുകൊണ്ട് ശ്രേയസ്ക്കരമായ രീതിയിൽ വിവാഹബദ്ധരായിത്തീരുന്നതു വഴിയാണ് അദ്ദേഹത്തിന് ആ ലക്ഷ്യം ഫലവത്താക്കാൻ കഴിയുക"[94] എന്ന് ദുരവസ്ഥയെക്കുറിച്ച് ജോസഫ് മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നു.

'ചണ്ഡാലഭിക്ഷുകി'യിൽ ആനന്ദഭിക്ഷു കുടിനീർ ആവശ്യപ്പെടുമ്പോൾ താൻ നീചകുലജാതയായ സ്ത്രീയാണെന്നാണ് മാതംഗി സ്വയം പരിചയപ്പെടുത്തുന്നത്. ജാതിയല്ല കുടിനീരാണ് താൻ ചോദിക്കുന്നതെന്ന് ഭിക്ഷു പറയുന്നു.[95] ഇത് ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത് എന്ന ശ്രീനാരായണഗുരുവിന്റെ ആശയവുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. കൂടാതെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ വിശപ്പും ദാഹവും ശമിപ്പിക്കുന്ന വിഷയത്തിൽ ജാതിചിന്തയ്ക്ക് സ്ഥാനമില്ലെന്ന ഇതേ ആശയം കൊടുംവരൾച്ചയിൽ അന്നപാനീയങ്ങൾ കിട്ടാതെ വലഞ്ഞ് പറയക്കുടിലിൽനിന്ന് പട്ടിയിറച്ചി മോഷ്ടിച്ച വിശ്വാമിത്ര മഹർഷിയും പറയനും തമ്മിൽ ജാതിചിന്തയെ അപ്രസക്തമാക്കിക്കൊണ്ടു നടത്തുന്ന സംവാദത്തിലുണ്ട്. മഹാഭാരതത്തിലെ ശാന്തിപർവ്വത്തിലും ദേവീഭാഗവതത്തിലെ ഏഴാമത്തെ സ്കന്ദത്തിലും ഇത് വായിക്കാം. ബ്രാഹ്മണക്ഷത്രിയവൈശ്യർക്കുള്ള ആഹാരക്രമങ്ങളിൽ പട്ടിയിറച്ചി അഭക്ഷ്യമായതിനാൽ ജാതിഭ്രഷ്ടുണ്ടാകുമെന്നും അതിനെ കൈക്കൊള്ളരുതെന്നും പറയൻ അഭ്യർത്ഥിച്ചപ്പോൾ വിശന്നു വലഞ്ഞ അഗസ്ത്യൻ

---

93- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-167

94-ജോസഫ് മുണ്ടശ്ശേരി- ആശാൻ കവിത ഒരു പഠനം- മംഗളോദയം പ്രൈവറ്റ് ലിമിറ്റഡ്- തൃശ്ശിവപേരൂർ-1971 എഡി-1, പുറം- 56, 57

95- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-190

വാതാപിയെന്ന ദൈത്യനെ ഭക്ഷിച്ച കാര്യം വിശ്വാമിത്രൻ സൂചിപ്പിച്ച്[96] തനിക്ക് പട്ടിയിറച്ചി ഭക്ഷിക്കാമെന്ന് ന്യായീകരിക്കുന്നു. "ദേഹത്തെ ഏതുകാലവും ഏതുവിധത്തിലും രക്ഷിച്ചു കൊള്ളണം. അങ്ങനെ ആത്മരക്ഷയ്ക്കായി ചെയ്യുന്ന പ്രവൃത്തികൾക്ക് ധർമ്മശാസ്ത്രവിധി പ്രകാരമുള്ള ഏതെങ്കിലും പാപകൃത്യം അനുഭവിച്ചുപോയാൽ അതിനു ദുഷ്ക്കാലം തീർന്നു. നല്ല കാലം വരുമ്പോൾ ശാസ്ത്രവിധിപ്രകാരമുള്ള പ്രായശ്ചിത്തകർമ്മം ചെയ്യേണ്ടതാകുന്നു. ഭക്ഷണം കഴിക്കാതെ മരിക്കുന്നവൻ ആത്മഹത്യാപാപം നേരിടുന്നതാണ്. അല്ലയോ ധർമ്മജ്ഞനായ ചണ്ഡാളാ, ഞാൻ ചോരധർമ്മം സ്വീകരിച്ച് എന്റെ ഭക്ഷണം എടുത്തു തിന്ന് എന്റെ ആത്മരക്ഷണം ചെയ്യുന്നു."[97] ബുദ്ധമതസംബന്ധിയായ പ്രാസംഗികവൃത്താന്തശകലമെന്നതുപോലെത്തന്നെ പുരാണേതിഹാസങ്ങളിലെ സമാന ഇതിവൃത്തങ്ങളും ഇതിനോട് ബന്ധപ്പെട്ടതാണ്.

ഭിക്ഷുസംഘത്തിൽ മാതംഗിയെ ചേർത്തതിന്റെ വിശദീകരണം ആരാഞ്ഞുകൊണ്ട് പ്രസേനജിത്ത് വരുമ്പോൾ ജാതിവ്യവസ്ഥയുടെ വ്യർത്ഥതയെക്കുറിച്ച് പറയുന്ന അവസരത്തിൽ ബുദ്ധഭഗവാൻ ഇങ്ങനെ പറയുന്നു. "ജാതി എന്നത് പരിഹാസ്യമായ അനുകരണമാണ്. സ്വന്തം നാദത്തിന്റെ മാറ്റൊലിയോട് ക്രോധത്തോടെ ജന്തുക്കൾ പോരാടിയെന്നു വരും. ബ്രാഹ്മണൻ കാഫലംപോലെ വള്ളിയിൽ നിന്നോ യാഗാഗ്നിയിൽ നിന്നോ ജനിക്കുകയാണോ? ജാതി ആരുടെയും രക്തത്തിൽ ഒഴുകുന്നില്ല. ചണ്ഡാലിയുടെ ശരീരം ബ്രാഹ്മണന്റെ ബീജപിണ്ഡത്തിന് ഊഷരമാകുന്നില്ല. നെറ്റിക്കുറിയോ കുടുമയോ പൂണൂലോ ഒന്നുംതന്നെ ബ്രാഹ്മണന് ജന്മനാ ലഭിക്കുന്നില്ല. മനുഷ്യനുണ്ടാക്കിയ വേർതിരിവുകളാണ് ജാതിയ്ക്ക് അടിസ്ഥാനം. ബ്രാഹ്മണനായാലും അക്ഷരബ്രഹ്മത്തെ സ്വയം അഭ്യാസമൊന്നുമില്ലാതെ അറിയുവാൻ സാധിക്കില്ല."[98]

---

96- വിശന്നഗസ്ത്യൻ വാതാപി / ദൈത്യനെ തിന്നതില്ലയോ

ആപത്തേറ്റു വിശന്നോൻ ഞാൻ / തിന്മേൻ നായിന്റെ ചന്തിയെ

ശ്രീ മഹാഭാരതം(അഞ്ചാം വാല്യം)- വിവർത്തനം- കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-2, 1981, പുറം-465

957- ദേവീഭാഗവതം (ഏഴാം സ്കന്ദം) വാല്യം-2, കേരളഭാഷാഗദ്യം- പരിഭാഷകൻ-കെ.രാമൻ മേനോൻ- എസ്.ടി.റെഡ്യാർ&സൺസ് വി.വി.പ്രസ്സ്, കൊല്ലം-1987 എഡി-1, പുറം-50,51

98- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-220

കർമ്മനിയതിയുടെ സ്വാധീനഫലമായുണ്ടാകുന്ന ജനിമൃതികൾ കൃമികൾക്കെന്നതു പോലെ മനുഷ്യനും ബാധകമാണ്. മുട്ട, പുഴു, പൂമ്പാറ്റ എന്നിങ്ങനെ വിവിധ അവസ്ഥകളിലേക്ക് സംക്രമിക്കുന്നത് ഒരേ ബീജം തന്നെയാണ്. നാമ്പായി തലനീട്ടി കുരുമൊട്ടായി രൂപംകൊണ്ട് വർണ്ണംവീശുന്ന പൂവായും കാണപ്പെടുന്നത് ഒരു പൂവിന്റെ വിവിധ രൂപങ്ങളാണ്. പുലയനെ നെല്ലിൻ ചുവട്ടിലെ കളയെന്നു കരുതരുത്. പൊൻകതിർ ചൂടി നിൽക്കുന്ന ചെടിയായിത്തന്നെ അത് വളരും. ഈ പ്രകൃതിനിയമത്തിന് ലഭിച്ചുട്ടുള്ള ദൃഷ്ടാന്തമാണ് മാതംഗി. സത്യധർമ്മങ്ങൾക്ക് നിരക്കാത്ത ശാസ്ത്രം അങ്ങൊരിക്കലും വകവെക്കരുത്. വയറ്റുപ്പിഴപ്പുകാർ അവരുടെ നേട്ടങ്ങൾക്കുവേണ്ടി ധർമ്മശാസ്ത്രങ്ങളെ എടുത്തു വ്യാഖ്യാനിക്കും. അപ്പോൾ ഇന്നലെ പ്രവർത്തിച്ച അബദ്ധവും സുബദ്ധമായിത്തീരുന്നു. മൂഢന്മാർ അത് ആചരിച്ച് നാളെ ശാസ്ത്രമെന്നു തന്നെ അറിയപ്പെടും. ഉദ്ദേശ്യലക്ഷ്യങ്ങൾ നോക്കാതെ ഇരുട്ട് നിറഞ്ഞ ലോകത്തിൽ അന്ധനെ അന്ധൻതന്നെ നയിക്കുന്നു. നയിക്കുന്നവനും നയിക്കപ്പെടുന്നവനും ഒരുപോലെ ലക്ഷ്യമില്ലാതെ കുഴഞ്ഞു പോകുന്നു. [99]

പല പല ജന്മങ്ങളിലൂടെ വിവിധ രൂപങ്ങൾ കൈക്കൊള്ളുന്ന പ്രപഞ്ചത്തിലെ ജീവജാലങ്ങളെ സഹജരെന്നല്ല പലേ രൂപങ്ങൾ കൈക്കൊള്ളുന്ന ഒരേ വ്യക്തി എന്നാണ് പറയേണ്ടത്. എല്ലാ ജന്മങ്ങളും ഒരാത്മാവിന്റെ വിവിധ രൂപങ്ങൾ കൈക്കൊള്ളലാണെന്നിരിക്കെ മനുഷ്യർക്കിടയിലെ ജാതിവ്യത്യാസത്തിന് യുക്തിയും അർത്ഥവുമില്ല. സ്വന്തം സുഖത്തിലുള്ള അമിതമായ തല്പരതയും അന്യരുടെ ക്ഷേമത്തിൽ താല്പര്യമില്ലാതെയുമിരിക്കുന്ന അജ്ഞാനികളുടെ മനസ്സിൽ നിന്നുപൊങ്ങുന്ന പുകയുന്ന ഈർഷ്യയാണ് ജാതി. യഥാർത്ഥജ്ഞാനികളിൽ സ്വാർത്ഥതയും അസൂയയും ഉണ്ടാകില്ല. സന്ധ്യാസമയത്തെ മേഘംപോലെ അഹങ്കാരം, വെറുപ്പ് തുടങ്ങിയ ദോഷവികാരങ്ങളായി അത് പരിണമിക്കുന്നു. അത് സ്വന്തം കുടുംബത്തെ പിരിക്കുകയും ബന്ധുക്കളെ വിഭജിക്കുകയും വർഗ്ഗങ്ങളായി തിരിച്ച് ലോകത്തെ അത് നശിപ്പിക്കുകയും ചെയ്യും. നമ്മെ ആശ്രയിച്ചു നിൽക്കുന്നവരെയും ലോകത്തെയുമെല്ലാം ജാതിക്കുശുമ്പാകുന്ന കറുത്ത തീ നശിപ്പിച്ചു കളയും. ജാതി രക്ഷസ്സിനെ തോല്പിക്കുകയാണെങ്കിൽ ഘോരമായ നരകത്തിന്റെ വാതിൽ നമുക്ക് തുറക്കേണ്ടി വരില്ല. പതിതരായി കല്പിക്കപ്പെടുന്നവർ നമ്മുടെ സ്വന്തം സഹോദരന്മാർ തന്നെയാണ്. അവരെ

---

99- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-221

ഭ്രൂണാവസ്ഥയിൽത്തന്നെ കൊല്ലാതെ കൊന്ന് ജന്മംതന്നെ വിഫലമാക്കുന്ന വലിയ കല്മഷകാരിണിയും ചാതുര്യത്തോടെ പല നിറങ്ങളെടുക്കുന്ന ഹിംസയുമാണ് ജാതി. ഭൂതദയ വിചാരിച്ചും നടപ്പാക്കേണ്ട നീതിയെക്കുറിച്ച് ആലോചിച്ചും കർശനമായ ആജ്ഞനൽകി ജന്തുബലിപോലെ നിഷിദ്ധമായ ജാതിവ്യവസ്ഥയെ ഇനി തിരിച്ചു വരാത്ത വിധത്തിൽ നിഷ്ക്കാസനം ചെയ്യാൻ ബുദ്ധൻ പ്രസേനജിത്തിനോട് ആവശ്യപ്പെട്ടു.[100]

നിലവിലുള്ള ധർമ്മനീതികളുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി കാലോചിതമായി അവയെ പരിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുന്ന ബുദ്ധഭഗവാൻ നവീനചിന്താഗതിയുടെ വക്താവാണ്. മനുഷ്യന്റെ പരിമിതികളെ അറിവില്ലായ്മകളെ പരിഹസിച്ച് അന്ധരെ നയിക്കുന്ന വ്യവസ്ഥിതി പറിച്ചെറിയാൻ ഭഗവാൻ ആഹ്വാനം ചെയ്യുന്നു. പരസ്പരസ്നേഹത്തിന്റെ അടിത്തറയിൽ മനുഷ്യൻ പടുത്തുയർത്തുന്ന ഭൂസ്വർഗ്ഗത്തിലെ ശാന്തിയാണ് നമുക്കാവശ്യമെന്നും അവിടെ ഉച്ചനീചത്വങ്ങൾ നിരർത്ഥകമാണെന്നും ബുദ്ധഭഗവാൻ ആഹ്വാനം ചെയ്യുന്നു. മനുഷ്യർക്കില്ല താനില്ലതാൻ ജാതി എന്ന സമ്പൂർണ്ണ നിഷേധം സർവ്വാശ്ലേഷിയായ വിശ്വസാഹോദര്യത്തിലേക്കും മനുഷ്യനന്മയിലേക്കുമാണ് ഉയർത്തുന്നത്.

ഉച്ചനീചത്വത്തിനു കാരണമായ ജാതിവ്യവസ്ഥയ്ക്കെതിരെ ആത്മശക്തിയോടെയും വിവേകത്തോടെയും പൊരുതാൻ 'സിംഹനാദ'ത്തിൽ കവി ആഹ്വാനം ചെയ്യുന്നു. മനുഷ്യന് അവനെത്തന്നെ അശുദ്ധവസ്തുവായി കാണാനും നടക്കുന്നതുപോലും തീണ്ടലായി കാണാനും പ്രേരിപ്പിക്കുന്ന ജാതി മറ്റുള്ളവരിൽ അലിവില്ലാത്ത ദുർജ്ജനങ്ങളുടെ കല്പനയാണ്. ഉള്ളിലെ കെടാവിളക്കിനോട് എന്നും ജ്വലിക്കാനും സമർത്ഥരായ സിംഹയുവാക്കളോട് ശത്രുക്കളെ ജയിക്കാനും കവി ആവശ്യപ്പെട്ട് പ്രസ്തുത കവിത ഉപസംഹരിക്കുന്നു.[101] സംഘടനയിലൂടെ കരുത്താർജ്ജിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്കു വരാൻ കീഴാളർക്ക് ആത്മവിശ്വാസം പകരുന്നതാണ് 'ഒരു പാട്ട്'. അറിവും സമ്പത്തും നേടി സത്യം, ധർമ്മം എന്നീ കുലധർമ്മങ്ങളെ പരിപാലിച്ച് സാമൂഹികമായ അഭ്യുന്നതിക്കുവേണ്ടി കർമ്മത്തെ യഥോചിതം വിനിയോഗിക്കുമ്പോൾ അത്

100- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-223

101- നരനു നരനശുദ്ധവസ്തുപോലും ധരയിൽ നടപ്പതു തീണ്ടലാണുപോലും
നരകമിവിടമാണു ഹന്ത കഷ്ടം! ഹര! ഹര! ഇങ്ങനെ വല്ല നാടുമുണ്ടോ?
കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-289

സ്വാതന്ത്ര്യത്തിലേക്ക് നയിക്കുമെന്ന് കവി അതിൽ സ്പഷ്ടമാക്കുന്നു.[102] ജാതീയമായ കെട്ടുപാടുകളെ ഉപരോധിക്കേണ്ടത് മനുഷ്യനിലെ അടിസ്ഥാനന്മയെ ഉണർത്തിയെടുക്കാനുതകുന്ന ജീവിതശൈലികൊണ്ടാണെന്നാണ് ആശാന്റെ നിലപാട്.

## വൈരാഗ്യം

ജീവിതത്തെക്കുറിച്ചുള്ള സമഗ്രവും അഗാധവുമായ വിചിന്തനത്തിൽനിന്നും രൂപമെടുക്കുന്നതാണ് വൈരാഗ്യമെന്ന ഭാവം. അത് വിഷയപ്രപഞ്ചത്തിന്റെ ബോധപൂർവ്വകമായ തിരസ്ക്കരണത്തൽനിന്ന് വ്യത്യസ്തമായി ആത്മസംസ്ക്കരണത്തിലൂടെ പരമമായ നിഃശ്രേയസ്സത്തിലേക്കുയരുന്നതിനുള്ള അരങ്ങൊരുക്കമാണ്. "ദേഹം തുടങ്ങി നിത്യമല്ലാത്ത ഭോഗവസ്തുക്കളിൽ ദർശനം, ശ്രവണം മുതലായവകൊണ്ട് യാതൊരു ജുഗുപ്സ ഉണ്ടോ അതുതന്നെ വൈരാഗ്യ"[103] മെന്ന് ശങ്കരാചാര്യർ വിവേകചൂഡാമണിയിൽ പറയുന്നു. മനസ്സ് വിഷയപ്രപഞ്ചത്തിൽ കാമ്യഭാവംകൈക്കൊള്ളുന്നത് അത് സത്യമാണെന്നും യാതൊരു പരിവർത്തനത്തിനും വിധേയമാകാതെ നിലനിൽക്കുന്നതാണെന്നും ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്താ നുള്ള കഴിവ് അവയ്ക്കുണ്ടെന്നുമുള്ളതിന്റെ അടിസ്ഥാനത്തിലാണ്. അവ പ്രതീതിതലത്തിലുള്ളതും അനിത്യവും ഇന്ദ്രിയങ്ങൾക്ക് ആത്യന്തികതൃപ്തിയേകാതെ ദുഃഖമേകുന്നതാ ണെന്നും അറിഞ്ഞാൽ മാത്രമേ അവയിൽ വൈരാഗ്യമുദിക്കൂ. "വൈരാഗ്യത്തിൽനിന്ന് ജ്ഞാനം ലഭിക്കുന്നു. ജ്ഞാനമുണ്ടായാൽ മനസ്സ് ബാഹ്യവിഷയങ്ങളിൽ നിവർത്തിക്കുന്നു. മനസ്സ് ബാഹ്യവിഷയങ്ങളിൽനിന്ന് നിവർത്തിച്ചാൽ അതിൽനിന്ന് ആത്മാനന്ദവും അതിലൂടെ കേവലശാന്തിയും അനുഭവപ്പെടുന്നു."[104]

കാല്പനികവും ശോഭനവുമായ നിറപ്പകർച്ചയോടെയാണ് മനസ്സ് പ്രാതിഭാസികലോകത്തെ കാണുന്നത്. അതിൽനിന്ന് വ്യത്യസ്തമായി ഒന്നിനെ അതിന്റെ യഥാതഥ(realist)ഭാവത്തിൽ വിലയിരുത്തുന്ന രീതിയാണ് വൈരാഗ്യം. അത്യന്തം പ്രബലമായ കാമം അന്തഃകരണത്തിലൂടെ ഇതരലിംഗങ്ങളിലോ ഇഷ്ടവിഷയങ്ങളിലോ

102- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-319

103- വേദാന്തപരിചയം (വിവേകചൂഡാമണിയുടെ വിശദീകരണം)-ഭാഗം-1- ഗുരു നിത്യ ചൈതന്യയതി, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 1996, പുറം-52

104- വേദാന്തപരിചയം (വിവേകചൂഡാമണിയുടെ വിശദീകരണം)-ഭാഗം-2- ഗുരു നിത്യ ചൈതന്യയതി, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 2000, പുറം-440

സുഖപ്രതീക്ഷയോടെ പ്രാപ്യത്തിന്റെ യഥാർത്ഥരൂപഭാവങ്ങൾ ചിന്തിക്കാതെ വിവേകശൂന്യമായി കടന്നുചെന്ന് വൈകാരികതയെ പ്രാപിക്കുന്നു. പ്രസ്തുത സന്ദർഭത്തിൽ ശോഭനങ്ങളായ കല്പനകൾ നീക്കി ഒന്നിനെ യഥാതഥമായി വിലയിരുത്താൻ ശ്രമിക്കുമ്പോൾ ആസക്തിയെല്ലാമൊഴിഞ്ഞ് സമചിത്തത കൈവരുന്നു. അത് സംയോഗവിയോഗങ്ങളിൽ ഹൃദ്യതയുണ്ടാക്കുന്ന ഘടങ്ങളുടെ നിജസ്ഥിതി അപഗ്രഥിച്ച്, കാല്പനികമായ ശോഭനതകളെ നീക്കി മൂല്യനിർണ്ണയനത്തിന് വിധേയമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വൈയക്തികവും സാമൂഹികവുമായ ഇഷ്ടാനിഷ്ടങ്ങളുടെ പ്രസക്തിയും അർത്ഥവും സ്വയം അന്വേഷിച്ചറിയാനാകുന്നു. കല്പനാതീതമായി ഒരു വിഷയത്തെ കാണുമ്പോൾ അതിൽ നമ്മുടെ മനസ്സിന്റെ ആസക്തി സീമിതവും സോപാധികവുമാകുന്നു. ഈ ദൃഷ്ടിയിൽ ഒരു വിഷയത്തിന്റെ തനത് ഭാവത്തിലേക്ക് മനസ്സിനെ തളച്ചുറപ്പിക്കൽ എന്ന അർത്ഥംകൂടി വൈരാഗ്യത്തിന് സിദ്ധമാകുന്നു.

വ്യവഹാരദൃഷ്ടിയിൽ ഈ പ്രപഞ്ചത്തിലെ സകലപദാർത്ഥങ്ങളും ഈശ്വരന്റെ സൃഷ്ടിയാണ്. അസ്തിത്വത്തിന്റെ വിവിധതലങ്ങളെ അനാവൃതമാക്കുന്ന ഈശ്വരസൃഷ്ടികളോടുള്ള അനാദരവും നിരാകരണവും അതിന്റെ സ്രഷ്ടാവിനെയും ബാധിക്കും. അസ്തിത്വത്തിന്റെ അനന്തമായ ആവിഷ്ക്കാരവൈഭവത്തെ അഭിസംബോധന ചെയ്യാതെ പോകുന്നത് വ്യക്തിസത്തയുടെ തമസ്ക്കരണത്തിലേക്ക് നയിക്കും. ഈ നിലയിലാണ് ആശാൻ പ്രപഞ്ചപ്രതിഭാസങ്ങളെ ഉൾക്കൊള്ളുകയും വിലയിരുത്തുകയും സർഗ്ഗാത്മകമാക്കുകയും ചെയ്തത്. ഉണ്മയുടെ സകല ഇടങ്ങളെയും പൂരിപ്പിച്ചുപോകുന്ന നിലയിലാണ് വിരുദ്ധകോടികളെ സമന്വയിപ്പിക്കുന്നത്. അവിടെ നിരാസമല്ല സംസ്ക്കരണവും ഉദാത്തീകരണ(sublimation)വുമാണ് സംഭവിക്കുന്നത്. എല്ലാത്തിനെയും തനത് മഹിമയിൽ നിലനിർത്തുകയാണ് ചെയ്യുന്നത്. അപ്പോൾ വൈരാഗ്യമെന്ന പദത്തിന് പ്രപഞ്ചത്തോടുള്ള രാഗം (ആഭിമുഖ്യം) നശിച്ച അവസ്ഥ എന്നൊരർത്ഥത്തിന് പകരം തന്റെ ആത്മസ്വരൂപത്തോടും ഈ പ്രപഞ്ചത്തിന്റെ സവിശേഷതത്ത്വമായ ഈശ്വരനോടുമുള്ള രാഗമെന്ന നിലയിലേക്കുയരുന്നു; അത് ഒന്നിനും വിരുദ്ധമാകാതെ എല്ലാത്തിലും എല്ലാമായി വിളങ്ങുന്ന സത്യത്തോടുള്ള ആഭിമുഖ്യമെന്ന നിലയിലെത്തുന്നതിലൂടെ സമ്യക്കായ വിശ്വവീക്ഷണം കൈവരിക്കാൻ സാധിക്കുന്നു.

ആശാന്റെ ലോകവീക്ഷണം മേല്പറഞ്ഞ നിലപാടിൽ അധിഷ്ഠിതമായതുകൊണ്ടാണ് അദ്ദേഹത്തിന്റെ കവിതകളിൽ ജീവിതാസക്തിയും വിരക്തിയും ഒരുപോലെ ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് തൃഷ്ണയെ സംസ്ക്കരിച്ച് ഒടുവിൽ അഭിലാ

ഷങ്ങളെല്ലാം കെട്ടടങ്ങുന്ന നിർവ്വാണമാണ് അദ്ദേഹം ലക്ഷ്യമാക്കിയിരിക്കുന്നത്. ബുദ്ധദർശനത്തെയും അദ്വൈതവേദാന്തത്തെയും കൂട്ടിയിണക്കി ശ്രീനാരായണഗുരു രൂപം നൽകിയ ദാർശനികചിന്തയോട് അത് കടപ്പെട്ടിരിക്കുന്നു. നമ്മുടെ അവബോധത്തെ ആസക്തിക്കും വിരക്തിക്കും ഉപരിയെത്തിക്കുന്നതിലാണ് അദ്ദേഹത്തിന്റെ കവിതകൾ ബദ്ധശ്രദ്ധമായിരിക്കുന്നത്. വെണ്മണിക്കവികൾ അവതരിപ്പിച്ച മാംസളമായ ദേഹവർണ്ണനയ്ക്ക് ബദലായാണ് ആശാൻ തന്റെ സൗന്ദര്യദർശനം അവതരിപ്പിക്കുന്നത്. തത്ത്വസാക്ഷാൽക്കാരം നേടിയ മഹാത്മാവിന്റെ തലത്തിലും അതിലേക്ക് നയിക്കപ്പെടാൻ സാധകനുവേണ്ട ഗുണഘടകമെന്ന നിലയിലും വൈരാഗ്യം പ്രസക്തമാണ്. വിഷയപ്രപഞ്ചത്തെ സദ്വസ്തുവിൽനിന്നും അനന്യഭാവത്തിൽ സാക്ഷാൽക്കരിച്ച വിജ്ഞാനിയുടെ വ്യവഹാരക്രമം അതിന്റെ അന്തഃസത്തയിൽ ജ്ഞാനവൈരാഗ്യനിഷ്ഠയുള്ളതായിരിക്കും. എന്നാൽ പ്രസ്തുത ദിശയിലേക്ക് സഞ്ചരിക്കുന്ന സാധകൻ തന്റെ ചിത്തവൃത്തികളെ സമ്യക്കായി നിഷ്പക്ഷബുദ്ധിയോടെ നിരൂപണം ചെയ്ത് പ്രസ്തുതതലത്തിലേക്കുയരേണ്ടതാണ്.

ആശാന്റെ സ്തോത്രകൃതികളിൽ അഭിസംബോധന ചെയ്യുന്ന ശിവൻ, സുബ്രഹ്മണ്യൻ, ദേവി തുടങ്ങിയ കർത്തൃസ്ഥാനങ്ങൾ ശൈവാഗമങ്ങളുമായി ബന്ധപ്പെട്ടതാണ്. അത് ലൗകികമായ ശൃംഗാരത്തിനും രതിക്കും അതീതമായ തലങ്ങളിൽ പ്രതിഷ്ഠിതമാണ്. "ഈ ഭൂലോകത്തിൽ സ്ത്രീകളോട് പുണർന്ന് എന്തു നേടാൻ? സ്ത്രീസംഗമത്താൽ അടയുന്ന സുഖം ക്ഷണികമല്ലേ? സംഗമം കഴിഞ്ഞുള്ള അവസ്ഥ അറിയുകയില്ലേ? ജ്ഞാനികൾ മൊഴിഞ്ഞ തത്ത്വശാസ്ത്രസിദ്ധാന്തങ്ങളും ഇവ തന്നെയല്ലേ? പുറമേ സ്ത്രീസംഗമം കരിമ്പിൻചാറുപോൽ മധുരമായിരുന്നാലും ജീവിതമാർഗ്ഗത്തിൽ അത് വേപ്പിൻ രസംപോൽ കശപ്പാർന്നതല്ലേ?"[105] എന്നാണ് ശൈവാഗമങ്ങളുടെ വീക്ഷണം. ഇതേ ആശയംതന്നെയാണ് 'ഭക്തവിലാപ'ത്തിൽ "കാമദേവൻ അസ്ത്രവൈദഗ്ദ്ധ്യത്തോടെ എന്നെ പ്രഹരിച്ചാലും ഞാൻ ജീവിക്കുന്നകാലത്തോളം സുന്ദരികളുമായി അടുക്കുന്നതിന് ഇടവരാതാക്കാൻ നിന്റെ കൃപാകടാക്ഷം ഉണ്ടാകണേ"[106] എന്ന കവിയുടെ പ്രാർത്ഥനയിലും ഉള്ളത്. ശാങ്കരശതക

---

105- വൈയകത് തേമട വാരൊടും കൂടി എൻ? / മെയ്യകത്തോരും വൈത്ത വിതി അതു

കൈയകത്തേ കരുമ്പാലൈയിൻ ചാറു കൊൾ / മെയ് അകത്തേ പെരും വേമ്പതു ആമേ. തിരുമൂല നായനാർ- തിരുമന്ത്രം- വിവ: കെ.ജി. ചന്ദ്രശേഖരൻ നായർ, ഡി.സി.ബുക്ക്സ്, എഡി-1, 2007, പുറം-88 (മന്ത്രം-207)

106- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-75, (ശ്ലോകം-4)

ത്തിൽ മനസ്സ് കാമാധീനമായി ദുഃഖത്തിൽ മയങ്ങിയിരിക്കുകയാണെന്ന്[107] കവി ഏറ്റു പറയുന്നുമുണ്ട്.

ഭക്തന്റെ വിലാപങ്ങളും സാധകരെ സംസാരച്ചുഴിയിലിട്ടുരുട്ടുന്ന സ്ത്രീകളുടെ ഗർഹണവും ഈശ്വരമഹിമയുടെ ഉപാഖ്യാനവും ആശാന്റെ സ്തോത്രകൃതികളിലുണ്ട്. മുടിയും മുലയും കെട്ടിവെച്ച് പൊട്ടിട്ട് മനോഹരമായ വസ്ത്രമണിഞ്ഞ പെൺകൊടി പെട്ടന്ന് ചിതയ്ക്ക് ഇരയാകുമ്പോൾ പട്ടിക്കുപോലും അവളിൽ ആശ തോന്നുകയില്ലെന്നും[108] മാൻ കണ്ണേറിട്ട് ഹൃദയത്തെ ഇളക്കി വിഷയാസക്തിയിൽ കഷ്ടപ്പെടുത്തുന്ന സ്ത്രീയെ നോക്കി കാലം കഴിക്കാതിരിക്കാൻ ഇടയാക്കണമെന്നും[109] പ്രാർത്ഥിക്കുന്നു. ഇതേ ആശയംതന്നെ യാണ് ശാങ്കരശതകത്തിൽ സ്ത്രീകളുടെ ചുരുണ്ട മുടിയും കുടംപോലുള്ള മുലകളും സാമർത്ഥ്യമുള്ള വാക്കുകളും ലീലയാൽ ഇളകുന്ന ശരീരവും അരക്കെട്ടും കളിക്കുന്ന മാനിനെപ്പോലുള്ള നോട്ടങ്ങളും ചുടുന്ന സന്താപസമുദ്രത്തിൽ എന്നെയിട്ടു വട്ടംതിരിക്കാതിരിക്കണേ[110] എന്ന പ്രാർത്ഥനയിലുമുള്ളത്. ഇത് "സ്ത്രീകളുടെ നിറഞ്ഞ സ്തനങ്ങളെയും നാഭീദേശത്തെയും കണ്ടിട്ട് മോഹാവേശത്തെ പ്രാപിക്കരുത്. ഇത് മാംസം, കൊഴുപ്പ് എന്നിവയുടെ വികാരമാണ്"[111] എന്ന ശ്രീശങ്കരാചാര്യ രുടെയും "കടാക്ഷവിക്ഷേപംകൊണ്ട് ആകർഷിച്ച് ലൈംഗികസുഖചിന്തയിൽ തള്ളിവിട്ട് ജീവിതത്തെയാകെ കീഴ്മറിക്കാൻ തയ്യാറായി പണക്കിഴിപോലുള്ള മുലയുമേന്തി എത്തുന്ന സ്ത്രീജനങ്ങളുടെ കാമവിലാസങ്ങളിലകപ്പെടുത്തി അല്ലയോ ഭഗവൻ, വല്ലാതെ ദുഃഖിപ്പിക്കരുത്"[112] എന്ന ശ്രീനാരായണഗുരുവിന്റെയും ആശയങ്ങളുമായി ബന്ധമുണ്ട്.

---

107- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-152, (ശ്ലോകം-47)

108- അതേ പുസ്തകം- പുറം-136, (ശ്ലോകം-2)

109- അതേ പുസ്തകം- പുറം-136, (ശ്ലോകം-3)

110- അതേ പുസ്തകം- പുറം-161, (ശ്ലോകം-86)

111- നാരീസ്തനഭര നാഭീദേശം ദൃഷ്ട്വാ മാ ഗാ മോഹാവേശം
ഏതന്മാംസ വസാദി വികാരം മനസി വിചിന്തയ വാരം വാരം
ശ്രീ ശങ്കരാചാര്യർ- ഭജഗോവിന്ദം (മോഹമുദ്ഗരം)- വിശദീകരണം- സി. നാരായണൻ നമ്പ്യാർ- നിത്യബുക്ക്സ്, എഡി-1, 1998, പുറം-18, (ശ്ലോകം-3)

112-മിഴിമുനകൊണ്ടു മയക്കി നാഭിയാകും കുഴിയിലുരുട്ടി മറപ്പതിന്നൊരുങ്ങി
കിഴിയുമെടുത്തു വരുന്ന മങ്കമാർ തൻ വഴികളിലിട്ടു വലയ്ക്കൊലാ മഹേശാ
ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാല കൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1. 2003 പുറം-257

'കളകണ്ഠഗീത'ത്തിൽ ഇമ്പം തരുന്ന ഈ യൗവനവും സമ്പത്തും അനിത്യമാണെന്നും രംഭോരുവും രതിസമാനയും കോമളമേനിയും കമനീയത തുളുമ്പുന്ന യൗവന മദം പൂണ്ടവളും പൂങ്കുഴലിയും ആയിരുന്ന ഇവൾ ജരാനര ബാധിച്ചവളായി തെണ്ടിയായി നടക്കുന്നതു കണ്ടാലുമെന്ന് കവി ലൗകികതയെ നിന്ദിക്കുന്നു. കാലത്തിന്റെ കർശനമായ ഗതിവിഗതികൾക്കിടയിൽ മനുഷ്യർ സ്ഥലകാല സന്ദർഭങ്ങൾക്കനുസരിച്ച് കല്പിച്ചുകൊടുക്കുന്ന കമനീയതകളെല്ലാം പൊലിഞ്ഞു പോകും. എല്ലാ വസ്തുക്കളും അഴിഞ്ഞഴിഞ്ഞ് ഇല്ലാതാകുമ്പോൾ തിരയടങ്ങിയ കടൽപോലെ എല്ലാം ശാന്തമാകും. ഈ തത്ത്വമറിഞ്ഞു പാടിയാൽ പാട്ടിന് മാധുര്യം കൂടുകയും ദുഃഖം ഇല്ലാതാക്കി അപൂർവ്വരസത്തോടെ അത് സഹൃദയരെ ആകർഷിക്കുകയും ചെയ്യുമെന്ന് ഉപദേശിച്ചുകൊണ്ടാണ്[113] കവി കവിത അവസാനിപ്പിക്കുന്നത്.

'വൈരാഗ്യപഞ്ചക'ത്തിൽ കവി അനുഭവിക്കുന്ന അന്തഃസംഘർഷം വ്യക്തമാക്കിയിരിക്കുന്നത് ഇങ്ങനെയാണ്. "തീരത്തു വളരുന്ന കൊഴുത്ത വൃക്ഷത്തിന്റെ വേരിൽ മുട്ടിയൊഴുകുന്ന നദിപോലെ കാലമാകുന്ന ക്രൂരപ്രവാഹം എന്റെ അടി തുരന്നുകൊണ്ടിരിക്കുന്നു. കെട്ടിവെച്ച മുലയും മുടിയുമുള്ള പട്ടുടയാട ചാർത്തി പൊട്ടുംതൊട്ടു വരുന്ന തരുണീമണി പെട്ടന്നു ചിതയ്ക്കിരയായി തീരുന്നു. കഷ്ടം ഒരു പട്ടിക്കുപോലും അവളോട് താല്പര്യമില്ല. ഇളംപേടമാനിന്റെ സുന്ദരമായ കടക്കൺനോട്ടങ്ങളാൽ ഹൃദയം വശീകരിച്ചു വിഷയാസക്തിയിൽ വട്ടം ചുഴറ്റുന്നവളെ നോക്കാൻ നീയെനിക്കിടയാക്കരുതേ. അല്ലയോ ഭഗവാനേ, സർവ്വസമ്പത്തും ഉപേക്ഷിച്ചവനും സർവ്വൈശ്വര്യങ്ങൾക്കുടയവനും വൈശ്രവണൻപോലും നമിക്കുന്നവനുമായ അങ്ങയെ വിട്ട് ദ്രവ്യാശകൊണ്ട് മറ്റൊരാളുടെ അടുത്തു പോകാൻ ഇടയാക്കരുതേ. ഇന്ദ്രന്റെ സ്വർഗ്ഗാദിലോകംപോലും സ്ഥിരമല്ലെന്നിരിക്കെ അങ്ങയുടെ പദാംബുജം ആശ്രയിക്കാതെ എനിക്കെങ്ങനെ ആശ്വാസം ലഭിക്കും?"[114]

'കാമിനീ ഗർഹണ'ത്തിലെ ഏഴ് ശ്ലോകങ്ങളിൽ കവി പറയുന്ന ആശയമിതാണ്. മണ്ണ്, വെള്ളം, വായു തുടങ്ങിയ പഞ്ചഭൂതങ്ങളിൽനിന്നുടലെടുക്കുന്ന ഈ ശരീരത്തിനെന്താണ് ഇത്ര മേന്മ? കടക്കണ്ണേറുകൊണ്ടു പുരുഷന്മാരെ പാപക്കടലിൽ മുക്കുന്ന പെണ്ണുങ്ങളും ഒരി

---

113- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-704, (ശ്ലോകം-126,127)

114- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-135-136, (ശ്ലോകം-1-5)

ക്കൽ പുഴുവിന്നിരയായി നശിച്ചു പോകും? ഒന്നാലോചിച്ചാൽ സ്ത്രീവിഷയത്തിലുള്ള താല്പ ര്യത്തിന് ഒരർത്ഥവുമില്ല. അതുകൊണ്ടു മനസ്സേ, സ്ത്രീവിഷയമായ പാപത്തിലൂടെ പോകരു തേ. ഘോരരൂപത്തോടും അട്ടഹാസത്തോടും കൂടി മരണം വന്ന് പോരടിക്കുമ്പോൾ അതിനെ തടയാൻ സുന്ദരിമാരുടെ ലീലാവിലാസങ്ങൾക്ക് കഴിയില്ല. ശിവപ്രസാദമേ പ്രസ്തുത സമ യത്ത് പ്രയോജനപ്പെടൂ. കാലന്റെയും കാമന്റെയും ശത്രുവായ ശിവനെക്കുറിച്ചുള്ള ചിന്ത പോലും വെടിഞ്ഞ് നീയിങ്ങനെ ആഹ്ലാദിക്കുന്നതെന്തിനാണ്? ഈ കാലമാകുന്ന കാലൻ മുസലായുധവുമായി എത്തിയാൽ നിന്റെ മോഹനശരീരം തകർന്നതു തന്നെ.[115] ഈ കവി തയുടെ ആദ്യഭാഗം പൊതുവായ ലോകനിരീക്ഷണത്തിന്നനുസൃതമായി സ്ത്രീശരീരത്തിന്റെ കമനീയതയെക്കുറിച്ചുള്ള വർണ്ണനയാണ്. അപരാർദ്ധം കല്പനകളെയും ചമത്ക്കാരങ്ങളെ യെല്ലാം നീക്കിക്കൊണ്ടുള്ള വസ്തുനിഷ്ഠമായ നിരൂപണവുമാണ്. എത്ര സുന്ദരമാണെങ്കിലും ഇതെല്ലാം കൈവെടിയേണ്ടതാണെന്നുള്ള ഉത്തമബോദ്ധ്യമാണ് വൈരാഗ്യത്തിനു നിദാനം.

ത്രിഗുണങ്ങളുടെ കോയ്മയ്ക്ക് വേണ്ടിയുള്ള മാത്സര്യത്തിന്റെ രംഗഭൂമിയാണ് മനു ഷ്യമനസ്സ്. അത് ജ്ഞാനേന്ദ്രിയങ്ങൾക്കും കർമ്മേന്ദ്രിയങ്ങൾക്കും അതീതമാകുമ്പോഴാണ് ഒരാൾക്ക് സ്ഥിതപ്രജ്ഞത്വം കൈവരുന്നത്. പ്രപഞ്ചവിഷയങ്ങളെ ആസ്വദിക്കുന്നതിൽനിന്ന് ഒഴിഞ്ഞു മാറലല്ല വൈരാഗ്യമെന്ന് വീണപൂവിൽ സ്പഷ്ടമാണ്. വൈരാഗ്യമേറിയ വൈദി കനും വൈരിക്കു മുന്നിൽ ഉഴറിയ ഭീരുവും ഒരുപോലെ വീണപൂവിന്റെ സൗന്ദര്യം ആസ്വദി ക്കുമെന്ന് കവി പറയുന്നത് അതുകൊണ്ടാണ്.[116] സൗന്ദര്യമെന്നൊരൊറ്റ പ്രാപഞ്ചികപ്രതി ഭാസത്തിന് മുന്നിൽ വിപരീതങ്ങൾ സമന്വയിപ്പിക്കപ്പെടുമെന്നത് അത് പരംപൊരുളിൽനിന്ന് വിഭിന്നമല്ലാത്തതുകൊണ്ടാണ്. നിത്യാനിത്യങ്ങളെ വിവേചിച്ചറിയുന്ന നിർവ്വേദഭാവത്തിന്റെ ആവിഷ്ക്കാരവും ആവേദനഭാവവും വീണപൂവിലുള്ളതിനാലാണ് അതിന് ഇന്ദ്രിയങ്ങൾക്ക തീതമായൊരു തലം ലഭിച്ചത്. ആത്മപ്രകാശനത്തെയും തൃഷ്ണയെയും സ്വതന്ത്രമായ അന്തഃകരണവ്യാപാരമായി കാണുന്ന രീതിയെ ഇത് സുസാദ്ധ്യമാക്കി. ''നിത്യാനിത്യങ്ങളെ വിവേചിച്ചറിയുന്നതിനാലുണ്ടാകുന്ന വിഷയവൈരാഗ്യമാണ് നിർവ്വേദം. അവസ്ഥാജാലങ്ങ ളുടെ ചപലതയെയും ഭൗമികമായ ഐശ്വര്യത്തിന്റെ അസ്ഥിരതയെയും ഐഹികജീവിത ത്തിന്റെ പരിണാമവിരസതയെയും കുറിച്ച് അടിയുറച്ച ബോധമുണ്ടാകുമ്പോഴേ ഈ വികാരം

115- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം- 198-200 (ശ്ലോകം-1-7)

116- അതേ പുസ്തകം- പുറം- 241 (ശ്ലോകം-7)

ഉദിക്കുകയുള്ളൂ. പ്രകൃതിയുടെ പരിണാമാത്മികത, പ്രപഞ്ചവസ്തുക്കൾക്കുണ്ടാകുന്ന ഈ ദയനീയമായ ദശാപരിണാമം ആരുടെ ബോധമണ്ഡലത്തിന്റെ ചൈതന്യകേന്ദ്രത്തെ ഉച്ചലിപ്പിക്കുമോ ആ വ്യക്തിയിൽ മാത്രമേ ഈ വികാരം ഉദയം കൊള്ളുകയുള്ളൂ."[117]

ഗ്രാമവൃക്ഷത്തിലെ കുയിലിൽ പഴങ്ങൾ നിറഞ്ഞ ശ്രേഷ്ഠമായ ഈ മാവ് മുനി ഉപേക്ഷിച്ചതുകൊണ്ട് അങ്ങേക്ക് ഇവിടെനിന്ന് പോകാമെന്നും മഹാത്മാക്കൾക്ക് ഒന്നിലും ഒരു സക്തിയുമുണ്ടാകില്ലെന്നും കവി പറയുന്നു.[118] പ്രപഞ്ചവിഷയങ്ങളെല്ലാം പരിമിതവും അപൂർണ്ണവുമാണെന്ന് അസ്ഥിരങ്ങളും പരസ്പരാശ്രിതങ്ങളുമാണെന്ന് ചരാചരങ്ങളുടെ ഗതിവിഗതികൾ നിരീക്ഷിക്കുന്ന മഹാത്മാക്കൾക്കറിയാം. പരിവർത്തനവിധേയമാകുന്ന ഒന്നിൽ നിന്ന് ലഭിക്കുന്ന സുഖം ഭംഗുരവും ഹ്രസ്വമായിരിക്കും. സ്വയം പരിണാമത്തിന് വിധേയമാകാത്ത ഒന്നിനേ മുറിവില്ലാത്ത ക്ഷേമവും സൗഖ്യവും സ്വാസ്ഥ്യവും നൽകാനാകൂ. ദിവ്യാത്മാക്കളാകട്ടെ നിരാസ്പദമായ ഈ സവിശേഷാനുഭൂതിയിൽ നിർല്ലീനരായതി നാൽ അനാസക്തരാണ്. ജീവിതത്തിന്റെ വസന്തത്തിൽ നിന്ന മാതംഗി ആനന്ദനെ പ്രാപിക്കാനുള്ള ത്വരയിലൂടെ ബുദ്ധഭിക്ഷുണീ മന്ദിരത്തിലേക്ക് ആനയിക്കപ്പെടുകയാണ്.[119] അതോടെ അവളുടെ അനുരാഗത്തിന്റെ നിറം മാറുന്നു. അവിടെ വൈരാഗ്യത്തിന് സമ്പൂർണ്ണ ദുഃഖനിവൃത്തിയായ നിർവ്വാണത്തിലേക്കുള്ള മാർഗ്ഗമെന്നൊരർത്ഥതലം കൂടി കൈവരുന്നു.

## മുക്തി- പരമമായ ജീവിതലക്ഷ്യം

സ്ഥലകാലവസ്തുബദ്ധമായ സോപാധികബോധം സഹജമായ നിരുപാധികസത്തയുമായി താദാത്മ്യപ്പെടുന്നതാണ് മുക്തി. അത് അസ്തിത്വത്തെ സത്വത്തിൽ നിന്ന് അഭിന്നമായി അനുഭവപ്പെടുത്തുന്നു. അത് ദേഹാന്തരങ്ങളിലോ ലോകാന്തരങ്ങളിലോ നടക്കുന്നതല്ല, മറിച്ച് ഇന്ന് ഇപ്പോൾ ഇവിടെയാണ് അതിന്റെ സാക്ഷാൽക്കാരതലം. "പരവും അവരവുമായ നിലയിൽ ആ ആത്മാവിനെ സാക്ഷാൽക്കരിക്കുമ്പോൾ ഹൃദയത്തിന്റെ അവിദ്യാവാസനകളാകുന്ന കെട്ടുകളെല്ലാം പൊട്ടിപ്പോകുന്നു, എല്ലാ സംശയങ്ങളും തീരുന്നു,

117- ഡാനിയൽ കെ.എം. വീണപൂവ് കണ്മുന്നിൽ- പി.കെ.ബ്രദേഴ്സ്, കോഴിക്കോട്, 1960, എഡി-1, പുറം-15,16

118- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-665, (ശ്ലോകം-44)

119- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-213

എല്ലാ കർമ്മങ്ങളും ക്ഷയിക്കുകയും ചെയ്യുന്നു"[120] വെന്ന് മുക്തിയെക്കുറിച്ച് മുണ്ഡ കോപനിഷത്ത് അരുളുന്നു. ഈ മുക്തിയിലേക്ക് ഉയരുന്നതിനുള്ള അധികാരമാണ് എല്ലാ പരിമിതികളിൽ നിന്നും വിമോചനം നേടണമെന്ന തീവ്രമായ ഇച്ഛാശക്തി. സാധനാ ചതുഷ്ടയ സമ്പത്തിൽ നിർദ്ദേശിച്ച മുമുക്ഷുത്വം. "അഹങ്കാരം മുതൽ ദേഹംവരെയുള്ള അജ്ഞാനംകൊണ്ട് കല്പിതമായ ബന്ധനങ്ങളെ സ്വന്തം രൂപത്തിന്റെ ജ്ഞാനംകൊണ്ട് അഴിക്കുവാനുള്ള ആഗ്രഹമാണ് മുമുക്ഷുത്വ"[121] മെന്നും സാധനാനുഷ്ഠാനങ്ങളിലൂടെ വിവേകവൈരാഗ്യങ്ങൾ ആർജ്ജിച്ച് ആത്മശുദ്ധിനേടിയ ജീവന്മുക്തന് "ഖേദമോ മോദമോ ഇല്ല. വിഷയങ്ങളിൽ സക്തിയോ വിരക്തിയോ ഇല്ല. അയാൾ സദാ തന്നിൽത്തന്നെ ക്രീഡിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. നിരന്തരമായ ആത്മാനുഭൂതിയിൽ തൃപ്തനാണയാൾ"[122] എന്നും വിവേകചൂഡാമണിയിൽ പറയുന്നുണ്ട്.

ജീവിതത്തിന്റെ ആത്യന്തികലക്ഷ്യതലമാണ് എല്ലാ ഉപാധികളിൽനിന്നും എന്നന്നേ ക്കുമുള്ള വിമുക്തിയെന്ന അദ്വൈതനിലപാടാണ് സ്വന്തം കൃതികളിൽ ആശാൻ കൈക്കൊ ണ്ടിരിക്കുന്നത്. 'നിജാനന്ദവിലാസ'ത്തിൽ ചിദാകാശത്തിൽ ആത്മാനുഭൂതി പ്രകാശം ഉണ്ടാകുമ്പോൾ തത്ത്വമസ്യാദി വാക്യങ്ങളെപ്പോലും അപ്രസക്തമാക്കി ആത്മബോധത്തിൽ ജ്ഞാതാവ്, ജ്ഞേയം, ജ്ഞാനം എന്നീ അവസ്ഥകളറ്റു നിൽക്കുന്ന ഏകമാത്രമായിട്ടുള്ള അവസ്ഥയെ കൈതൊഴുന്നുവെന്നും[123], ജ്ഞാനദൃഷ്ടി പതിപ്പിച്ച് ദേഹപ്രകൃതിയെ നിശ്ശേഷം നശിപ്പിച്ച് അജ്ഞാനം ഇല്ലാതാക്കി അളവറ്റു ശോഭിക്കുന്ന ഏറ്റവും ശ്രേഷ്ഠമായി മൗനരൂപമായ തേജസ്സിൽ സ്വയമർപ്പിച്ച് ആ മഹസ്സായ ദൈവത്തെ കൈവണങ്ങുന്നു[124] വെന്നും കവി പറയുന്നു. സമുന്നതമായ മുക്ത്യവസ്ഥയെ വാഗ്രൂപത്തിലേക്ക് വിവർത്തനം

120- ഭിദ്യന്തേ ഹൃദയഗ്രന്ഥി /ച്ഛിദ്യന്തേ സർവ്വസംശയാഃ

ക്ഷീയന്തേ ചാ സ്യ കർമ്മാണി / തസ്മിൻ ദൃഷ്ടേ പരാവരേ

മുണ്ഡകോപനിഷത്ത്- വ്യാഖ്യാനം-മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണ മഠം, തൃശ്ശൂർ എഡി-4 1987, പുറം-63, (2-2-9)

121-വേദാന്തപരിചയം (വിവേകചൂഡാമണിയുടെ വിശദീകരണം)-ഭാഗം-1- ഗുരു നിത്യ ചൈതന്യയതി, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 1997 പുറം-69

122-വേദാന്തപരിചയം (വിവേകചൂഡാമണിയുടെ വിശദീകരണം)-ഭാഗം-2- ഗുരു നിത്യ ചൈതന്യയതി, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 2000, പുറം-246

123- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-61, (ശ്ലോകം-8)

124- അതേ പുസ്തകം- പുറം- 62 (ശ്ലോകം-9)

ചെയ്യാനാണ് കവിയുടെ ഇവിടത്തെ പരിശ്രമം. തത്ത്വമസ്യാദി മഹാവാക്യങ്ങൾ വിചാരത്തിന്റെയും ധ്യാനത്തിന്റെയും തലത്തിലാണ് പ്രവർത്തിക്കുന്നത്. അവ തന്നിൽനിന്ന് അനന്യതയെ പ്രതിപാദിക്കുന്ന ശാസ്ത്രവ്യവസ്ഥയാണ്. എന്നാൽ ആത്മജ്ഞാനം നിരുപാധികമായ സ്വരൂപാവസ്ഥിതിയിൽ അധിഷ്ഠിതമാണ്. പ്രസ്തുതതലത്തെ നിർദ്ധാരണം ചെയ്യുമ്പോളാണ് തത്ത്വമസ്യാദിവാക്യങ്ങൾ അപ്രസക്തമെന്ന് അരുളുന്നത്. ചിന്തയും വാക്കുകളും വിരമിക്കുന്നിടത്താണ് മഹിതമായ ദൈവികാനുഭൂതിയുണ്ടാകുന്നത്. അഖണ്ഡമായ ബോധം ഘനീഭവിച്ചു നിൽക്കുന്ന അനുഭവത്തെ മൗനം മുറ്റി നിൽക്കുന്ന അമൃതസമുദ്രമെന്നാണ്[125] നാരായണഗുരു ആത്മോപദേശ ശതകത്തിൽ വിശേഷിപ്പിക്കുന്നത്.

'സുബ്രഹ്മണ്യശതക'ത്തിൽ സംസാരപാശത്തെ മുറിക്കുന്നവൻ[126], എന്റെ ലക്ഷ്യമായ അറിയേണ്ട വസ്തുവായി ജ്ഞാന-ജ്ഞേയ ഭേദമൊഴിഞ്ഞ് മൗനാവസ്ഥയിൽ ആനന്ദം പൊഴിയുന്ന അനുഭൂതിയായുള്ളവൻ[127] ദുരന്തപൂർണ്ണമായ സംസാരസമുദ്രത്തിൽ നിന്ന് കൈപിടിച്ചു കയറ്റുന്നവൻ[128] എന്നെല്ലാം സുബ്രഹ്മണ്യനെ കവി വിശേഷിപ്പിക്കുന്നു ണ്ട്. പരിമിതമായ ലോകവ്യവഹാരത്തെ മറികടക്കാൻ ബാദ്ധ്യതയുണ്ടെന്ന അവബോധം മനുഷ്യജീവനിൽ അന്തർല്ലീനമാണ്. അതിനാണ് സംസാരത്തിന് അതീതനായി നിൽക്കുന്ന സുബ്രഹ്മണ്യനെ സമാശ്രയിക്കുന്നത്.

'ഭക്തവിലാപ'ത്തിൽ "ബന്ധവും മുക്തിയും ഉണ്ടെന്ന് കരുതി അജ്ഞാനത്തിലാണ്ടു കിടക്കുന്ന എനിക്ക് ബന്ധമുക്തികൾക്കെല്ലാം അതീതനായ അങ്ങയെ എങ്ങനെ അറിയാൻ കഴിയും?[129] "അറിവില്ലായ്മയ്ക്ക് തുടക്കമില്ലാത്തതിനാൽ അത് ആത്യന്തികമായി ഇല്ലാത്തതാണ്. പിന്നെ ഞാനെങ്ങനെയാണ് ഇതിൽ ആണ്ടു കിടക്കുന്നത്?"[130]

---

125- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, തിരുവനന്തപുരം-2003 പുറം-617,618 (ശ്ലോകം-97)

126-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-101, (ശ്ലോകം-25)

127-അതേ പുസ്തകം- പുറം- 112(ശ്ലോകം-75)

128- അതേ പുസ്തകം- പുറം- 114 (ശ്ലോകം-83)

129-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-86, (ശ്ലോകം-43)

130- അതേ പുസ്തകം- പുറം-87 (ശ്ലോകം-44)

"സുഖദുഃഖങ്ങളിൽ സമചിത്തനായിരിക്കുന്ന എനിക്ക് നിർഗ്ഗുണമായ ചിദാകാശത്തിൽ നൃത്തമാടുന്നതായ അവസ്ഥ എന്ന് കൈവരും?"[131] എന്നെല്ലാം കവി ചോദിക്കുന്നു. ഇവിടെ ഈശ്വരനെ ബന്ധനത്തിനും വിമുക്തിക്കും അതീതനെന്ന് വാഴ്ത്തുന്നു. അവിദ്യോപാധികനായ ജീവന്റെ തലത്തിൽ ബന്ധമുക്തികൾ പ്രസക്തമാണ്. ഒരിക്കൽ ബന്ധനത്തിൽ കിടന്ന ജീവൻ അതിന്റെ നിരുപാധികസ്വത്വത്തെ തിരിച്ചറിയുമ്പോൾ വിമുക്തി നേടുന്നു. എന്നാൽ ഈശ്വരൻ വിമുക്തനാണെന്നു മാത്രമല്ല ഒരു കാലത്തും ബന്ധനത്തിൽ അകപ്പെടാത്തവനുമാണ്. ഇവിടെ ഈശ്വരതത്ത്വത്തെ പ്രതിനിധീകരിക്കുന്ന സുബ്രഹ്മണ്യനോട് കവി ജിജ്ഞാസയോടെ താൻ ബന്ധനത്തിൽ അകപ്പെട്ടതുപോലെ തോന്നുന്നതിനുള്ള കാരണം അന്വേഷിക്കുന്നു. സ്ഥലകാലാധീനമായ ബന്ധനത്തിൽനിന്ന് വിമോചനം നേടുന്നതിനുള്ള ജീവന്റെ ഉൽക്കടമായ അഭിവാഞ്ഛയാണ് ഇവിടെ പ്രതിഫലിക്കുന്നത്.

'ശാങ്കരശതക'ത്തിൽ "ശിവനാമജപത്താൽ അഭിവൃദ്ധിപൂണ്ട ലോകജനങ്ങൾ കൊതിക്കുന്ന കോമളമായ വിളക്കിലെ പ്രകാശം പതിഞ്ഞ് എന്നാണ് എന്റെ ഇളംഹൃദയം സാരവത്തായിരിക്കുകയെന്ന്"[132] കവി ചോദിക്കുന്നു. ജന്മവിച്ഛേദനവും പാപമോചനവുമാണ് ജപത്തിലൂടെ സംസിദ്ധമാകുന്നത്. രാഗദ്വേഷാദി മാലിന്യങ്ങൾ അന്തഃകരണവൃത്തികളിലേക്കു കടന്നു ചെല്ലുന്നത് ശിവനാമജപം തടയുന്നു. അങ്ങനെ അന്തഃസംസ്ക്കരണം കൈവരുമ്പോൾ ആത്മബോധത്തിന്റെ പ്രകാശം അനുഭൂതമാകുന്നു. ഇവിടെ ഭക്തിമാർഗ്ഗത്തിൽപ്പെടുന്ന നാമജപം സ്വരൂപാനുസന്ധാനത്തിന്റെ തലത്തിലേക്ക് ഉയരുമ്പോൾ അത് മുക്തിയാകുന്നു. ശാങ്കരശതകത്തിൽ "ഭ്രമബുദ്ധി അപവാദമാർഗ്ഗത്തിൽ പ്രവേശിച്ച് അമലവൃത്തിയിൽ നശിക്കുമ്പോൾ സൂര്യപ്രഭ വീശുന്ന ഉൾക്കൺതെളിച്ചത്തിൽ ബോധസമുദ്രത്തിന്റെ അതിരുവിട്ടവനേ"[133] എന്നാണ് ശിവനെ അഭിസംബോധന ചെയ്യുന്നത്. വാസനാതലവും സങ്കല്പതലവും ബാഹ്യദൃശ്യതലവും ആരോപിക്കുന്നതോടെ ജഗത്തെന്ന തോന്നലുളവാകുമ്പോൾ അത് അദ്ധ്യാരോപമാണെങ്കിൽ അതെല്ലാം ഒഴിച്ചു മാറ്റുന്നതിനെ അപവാദമെന്നു

---

131-കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-86, (ശ്ലോകം-43)

132- അതേ പുസ്തകം- പുറം-89 (ശ്ലോകം-51)

133- കുമാരനാശാൻ-<u>കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)</u>-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-177, (ശ്ലോകം-44)

പറയുന്നു. "സൃഷ്ടിയും ലയവും അഥവാ ജനനവും മരണവും ഇല്ലാത്തതാണ് പരമകാരണമായ ബ്രഹ്മം. അത് സ്വശക്തിയെ ആശ്രയിച്ച് തന്നിൽ സൃഷ്ടിയും ലയവും ഉണ്ടെന്ന് വെറുതെ ഭ്രമിപ്പിക്കുകയാണ് ചെയ്യുന്നതെന്ന്"[134] ദർശനമാലയിൽ നാരായണഗുരു പറയുന്നു. ശിവനെ ദേവതാസങ്കല്പത്തിൽനിന്നും അതീതമായി അവാസ്തവികമായ കല്പിതാരോപണങ്ങളെല്ലാം നീങ്ങിയ പൂർണ്ണബ്രഹ്മസ്വരൂപമെന്ന നിലയിലാണ് ഇവിടെ വിലയിരുത്തുന്നത്.

സങ്കീർണ്ണമായ ഐഹികബന്ധനത്തിൽനിന്ന് വിമോചനം നേടുമ്പോൾ കർമ്മസംസ്കാരമനുസരിച്ച് ഉയർന്ന ഗതിയെ പ്രാപിക്കാനാകുമെന്ന പ്രത്യാശ കവിയിലുണ്ട്. അതുകൊണ്ടാണ് വീണപൂവിൽ "അല്ലയോ സല്പുഷ്പമേ, നീ ഇവിടെനിന്നു മാഞ്ഞതിനുശേഷം കല്പദ്രുമത്തിന്റെ കൊമ്പിൽ വിടരാ"[135] മെന്ന് പറയുന്നത്. കല്പവൃക്ഷ ക്കൊമ്പിൽ വർദ്ധിച്ച ശോഭയോടെ വിലസുന്ന നീ ദേവസ്ത്രീകളുടെ മുടിക്ക് അലങ്കാരമായി ദേവയുവാക്കളിൽ ഇമ്പത്തോടെ അനുരാഗസമ്പത്തു നൽകി അത്യധികമായ പുണ്യത്തെ പ്രാപിക്കും. ലോകമുക്തിയെന്നത് ഇവിടെ പരലോകഗമനമാണ്. നിലവിലുള്ള ലോകത്തിലും വിശിഷ്ടമായ അനുഭവസമ്പത്താണ് അവിടെയുള്ളത്. കൂടുതൽ ഔന്നത്യമാർന്ന മേഖലകളിലേക്കുള്ള അന്വേഷണങ്ങളെ ത്വരിപ്പിക്കാൻ അതിനു കഴിയും.

ജീവന്മുക്തനായ ഒരാളുടെ സ്വഭാവസവിശേഷതകളെക്കുറിച്ചും നളിനിയിൽ പ്രതിപാദിക്കുന്നുണ്ട്. സ്വജീവിതം മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തിയാണ് ഈ ലോകത്തിൽ വിവേകികൾ വർത്തിക്കുന്നത്. അവർ ഈ ഭൂതഭൗതികതയിൽനിന്ന് ഉന്നതമായ വിതാന ത്തിൽ വർത്തിക്കുന്നവരാണ്. അവർക്ക് ഈ വിഷയപ്രപഞ്ചത്തിൽനിന്ന് വിശേഷിച്ചൊന്നും നേടാനില്ല. ലൗകികമായ അവരുടെ ഇടപെടലുകൾകൊണ്ട് അവർക്കൊന്നും നഷ്ടപ്പെടുന്നു മില്ല. മാത്രമല്ല, പ്രപഞ്ചത്തിൽ സത്യത്വബുദ്ധിവെച്ചു പുലർത്തുന്നവരോട് സംവേദനം ചെയ്യാനും അതീതതലങ്ങളെക്കുറിച്ച് അവരെ അറിയിക്കാനും വ്യവഹാരതലത്തിൽ മാത്രം നിലനിൽക്കുന്ന ലോകത്തിന്റെ പ്രസക്തി വിവേചനാപൂർവ്വം തിരിച്ചറിഞ്ഞ അവർക്ക്

---

134- ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2003 എഡി-1, പുറം-58, (ശ്ലോകം-3)

135-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-253, (ശ്ലോകം-37)

കഴിയുന്നു. ലോകസംഗ്രഹാർത്ഥം വർത്തിക്കുന്ന അവരെ അഹങ്കാരമമതങ്ങൾ, താദാത്മ്യബോധം, അഭിമാനം മുതലായവയൊന്നും ബാധിക്കുന്നില്ല. മറ്റാരെക്കാളും വിജ്ഞാനി പ്രാപഞ്ചികമായ ദ്വന്ദ്വതലങ്ങളെ നിരീക്ഷിക്കുന്നവനായിരിക്കും. എന്നാൽ സാധാരണക്കാരെപ്പോലെ അവർക്കതിൽ സത്യത്വബുദ്ധിയുണ്ടാകില്ല.

നളിനിയോട് എല്ലാ ദുഃഖങ്ങളും തുറന്നു പറയാനാവശ്യപ്പെടുന്ന സന്ദർഭത്തിൽ ദിവാകരൻ ആത്മജ്ഞാനികൾക്ക് കന്യകയെന്നും വടുവെന്നുമുള്ള വ്യത്യാസമില്ലെന്ന് പറയുന്നുണ്ട്[136]. മനുഷ്യനിർമ്മിതമായ മാനദണ്ഡങ്ങളെ ദിവാകരൻ ഇവിടെ അപ്രസക്തമാക്കുന്നു. കൂടാതെ പുരുഷന്റെ ആത്മസാക്ഷാൽക്കാരത്തിന് വിഘാതമാണ് സ്ത്രീയെന്ന് കരുതിയിരുന്ന പാരമ്പര്യത്തെ മറികടക്കുകകൂടി ഇവിടെ ചെയ്യുന്നുണ്ട്. വേദാന്തരഹസ്യം സ്വാനുഭവനിഷ്ഠമാക്കിയ മഹാത്മാക്കൾക്ക് നിവൃത്തിമാർഗ്ഗത്തിൽ ചരിക്കുന്ന ബ്രഹ്മചാരിയും ലോകനിലയിൽ വർത്തിക്കുന്ന കന്യകയും തമ്മിൽ അന്തരമില്ല. ഒരു സത്യത്തിന്റെ തന്നെ നാമരൂപാധിഷ്ഠിതമായ ആകാരഭേദങ്ങളായാണ് അവർ ലോകത്തെ കാണുന്നത്.

നളിനിയിൽ ദിവാരകന്റെ മാറിടം ചരമശയ്യയാക്കിയ നളിനിയുടെ ജീവത്യാഗത്തെ കുറിച്ച് കവി വിവരിക്കുന്നത് ഇങ്ങനെയാണ്. പ്രശാന്തമായ അലയിൽ മറ്റൊരല വിലയിക്കുന്ന തുപോലെ, മനോഹരമായ നാദത്തിൽ മറ്റൊരു നാദം ലയിച്ചു ചേരുന്നതുപോലെ, ഒരു കാന്തിയിൽ മറ്റൊരു കാന്തി കലരുന്നതുപോലെ നളിനീദിവാകരന്മാർ ഒരുമിച്ചു ചേർന്നു[137] ശരീരവും മനസ്സും അബോധാവസ്ഥയിൽ നിൽക്കേ ലോകത്തിൽ മറ്റാർക്കും ലഭിക്കാത്ത ആത്മനിർവൃതി നളിനി അനുഭവിക്കുകയായിരുന്നു[138]. നളിനി അനുഭവിച്ച ദുഃഖമോ മുറിവോ ഇല്ലാത്ത സുഖം അലൗകികവും കേവലവുമാണെന്ന് പറഞ്ഞതിൽ ആർക്കും അഭിപ്രായ ഭിന്നതയില്ല. [139] മനോഹരമായി പുഞ്ചിരിച്ച നളിനിയിൽ നിന്നടർന്ന കണ്ണീർ തന്റെ മാറിടത്തിൽ പതിച്ചിട്ടും ദിവാകരന് പുളകമുണ്ടായില്ല[140]. നളിനിയുടെ മുഖത്തു നിന്നും

---

136- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-297, (ശ്ലോകം-79)

137- അതേ പുസ്തകം- പുറം- 315 (ശ്ലോകം-141)

138- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-315, (ശ്ലോകം-141)

139- അതേ പുസ്തകം- പുറം- 316 (ശ്ലോകം-143)

140- അതേ പുസ്തകം- പുറം- 316 (ശ്ലോകം-145)

ഓങ്കാരം ഉയർന്നുപൊങ്ങി. ഉടനെ ഒരു തേജസ്സ് അന്തരീക്ഷത്തിലേക്ക് മാഞ്ഞുപോയി[141]. ക്ഷീണിതയായ നളിനി കണ്ണുകളടച്ചു നിശ്ചലയായി കൊടിമരത്തിൽ നിന്നും താണു പറ്റിയ പതാകപോലെ ദിവാകരന്റെ തോളിലേക്ക് ചാഞ്ഞു (ശ്ലോകം-145 പുറം-316). നിദ്രയോ ലയമോ സമാധിയോ അല്ല മരണമാണ് നളിനി വരിച്ചതെന്ന് അപ്പോൾ ദിവാകരൻ അറിഞ്ഞു. [142] ശരീരികൾക്ക് പ്രാണബന്ധം ഇത്ര നിസ്സാരമാണെന്ന് മനസ്സിലാക്കിയ നളിനിയുടെ പക്വതയിൽ ദിവാകരൻ ആശ്ചര്യംകൊള്ളുന്നു.[143] പിന്നീട് സേവനനിരതനായി മാറിയ ദിവാകരൻ ഒടുവിൽ യോഗവിദ്യയിലൂടെ ബ്രഹ്മഭാവത്തിലേക്കുയർന്നു.[144]

ലൗകികതയിൽനിന്ന് ഉയർന്നു നിൽക്കുന്ന രണ്ട് തപസ്വികളുടെ സംഗമമാണ് നളിനീ കാവ്യത്തിന്റെ അന്തിമഭാഗത്തുള്ളത്. ജീവിതത്തിന്റെ പരകോടിയിൽ വികാര പ്രകടനങ്ങ ൾക്കതീതമായ താരതമ്യങ്ങളില്ലാത്ത ആത്മലയമാണ് അവിടെ നടക്കുന്നത്. ശരീരസംബന്ധമായ വികാരവിചാരങ്ങളെല്ലാം ഇവിടെ അപ്രസക്തമാണ്. ഇന്ദ്രിയമനോബുദ്ധികളുൾപ്പെടെയുള്ള അറിവിടങ്ങൾക്ക് അപ്രാപ്യവും അലോകസംഭവ വുമായ കേവലസുഖമാണ് നളിനി അനുഭവിച്ചത്. നളിനിയുടെ അഗാധമായ ആനന്ദമൂർച്ഛയിൽ നിന്നാണ് വേദാന്തപ്പൊരുളായ ഓങ്കാരം നിർഗ്ഗമിക്കുന്നത്. മുക്തി ആത്മസ്വരൂപമാണെങ്കിലും ശാസ്ത്രസ്വാദ്ധ്യായങ്ങളിലൂടെയും ഗുരു കാണിച്ച സാധനാമാർഗ്ഗങ്ങളിലൂടെയും സഞ്ചരിച്ച് അന്തഃകരണശുദ്ധി നേടി ജീവിതത്തിന്റെ പരമലക്ഷ്യമായ സത്യസാക്ഷാൽക്കാരം നേടിയ ശിഷ്യയെപ്പോലെയാണ് ഇവിടെ നളിനിയുടെ കഥ കവി ഉപസംഹരിക്കുന്നത്. സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവർക്കും ജീവന്മുക്തിക്ക് അർഹതയുണ്ടെന്ന് ഇവിടെ സ്ഥാപിക്കുന്നു. ശരീരത്തിൽ നടക്കുന്ന ജൈവികപ്രവർത്തന(Organic functions)ങ്ങളുടെയും രാസസ്ഫുരണ(Chemical spark)ങ്ങളുടെയും ഉപോല്പന്നമല്ല ജീവഭാവമെന്നും അതിന് ശരീരത്തിൽ നിലകൊള്ളുമ്പോൾതന്നെ പ്രാപഞ്ചികതലത്തെക്കൂടി ഉൾക്കൊള്ളുന്ന ഗൗരവമുണ്ടെന്നും വ്യക്തമാക്കുന്നു. അതുകൊണ്ടാണ് അതീതതലത്തിൽ വർത്തിക്കുമ്പോൾ ശരീരത്തിന് പ്രാണനോടുള്ള ബന്ധം ഇത്രയ്ക്ക് നിസ്സാരമെന്ന് സ്വജീവിതത്തിലൂടെ നളിനി തെളിയിക്കാൻ സാധിച്ചത്. സേവാനിരതനായി ലോകത്തിൽ വർത്തിക്കുന്ന ദിവാകരനും

141- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, (ശ്ലോകം-145)

142- അതേ പുസ്തകം- പുറം- 317 (ശ്ലോകം-145)

143- അതേ പുസ്തകം- പുറം- 317 (ശ്ലോകം-150)

144- അതേ പുസ്തകം- പുറം- 323 (ശ്ലോകം-150)

ഒടുവിൽ ബ്രഹ്മസാക്ഷാൽക്കാരം നേടുന്നതായി കവി പറയുന്നു. ജ്ഞാനമാർഗ്ഗത്തിന്റെ യും യോഗസാധനകളുടെയും കൊടുമുടികളിൽനിന്നുമാത്രമല്ല കർമ്മത്തിന്റെയും ഭക്തിയുടെയും താഴ്വാരങ്ങളിൽനിന്നും കേവലമായ വിമുക്തിയിലേക്കുയരാമെന്നതിന്റെ വ്യക്തമായ നിദർശനമായി ഇത് പരിണമിക്കുന്നു.

'ഗ്രാമവൃക്ഷത്തിലെ കുയിലി'ൽ മനഃപ്രയാസങ്ങൾ മാറ്റി കുയിൽ പറന്നു പോകുന്നതിനെക്കുറിച്ച് 'ഓർമ്മയുടെ കക്കത്തോടിൽനിന്നും പൂർവ്വജ്ഞാനം കണക്കെ ഉപരിലോകത്തിലേക്ക് ഉൽക്കപോലെ മറഞ്ഞുപോയെന്നാണ്ന്ന്'കവി പറയുന്നത്.[145] ലൗകികമായി നേടിയെടുത്തതും ഉണ്ടായതുമെല്ലാം മറ്റൊരു സമയത്ത് കൈമോശം വരികയോ നഷ്ടപ്പെടുകയോ ചെയ്യും. ജീവാവസ്ഥയെ സംബന്ധിച്ച് മുക്തിവിവേകം പുതുതായി നേടിയെടുക്കുന്നതല്ല. നിലവിലുള്ളതിനെ സംസ്ക്കരിക്കുമ്പോൾ അതിൽ നിലീനമായ ഉദാത്തഭാവം ക്രമികമായി വെളിപ്പെടും. കവി പ്രയോഗിച്ച പൂർവ്വജ്ഞാനം എന്നതിന്റെ സാംഗത്യം അവിടെയാണ്.

ചിന്താവിഷ്ടയായ സീതയിൽ രാമനാൽ പരിത്യക്തയായ സീതാദേവിക്ക് വനത്തിൽവെച്ച് വാത്മീകി മഹർഷി മുക്തിയുടെ സ്വരൂപത്തെക്കുറിച്ചേകിയ അവബോധ ത്തെക്കുറിച്ച് ചിന്തിക്കുന്ന ഭാഗമുണ്ട്. [146] പ്രപഞ്ചം ബുദ്ധിയിൽ കാനൽജലംപോലെയുള്ള ഒരു തോന്നൽ മാത്രമാണെന്നും അതറിഞ്ഞ് സുഖദുഃഖങ്ങളിൽ അശേഷം മമതാബന്ധം കൂടാതെ എല്ലാം വിസ്മരിച്ച് നിർവ്വികാരമായിരിക്കുന്ന ആത്മാവസ്ഥിതിയാണ് മുക്തിയെന്ന് ശ്രുതിയുക്ത്യനുഭവങ്ങൾക്കനുസൃതമായി ഉള്ളിൽപ്പതിയത്തക്ക വിധത്തിൽ ബോദ്ധ്യപ്പെടു ത്തി തന്നെ സമാശ്വസിപ്പിച്ചതായി സീത ഓർക്കുന്നു. സർവ്വതന്ത്ര സ്വതന്ത്രമായ മുക്തിയുടെ അവസ്ഥയിൽ ലോകത്തിന്റെ അസ്തിത്വം കവി നിരൂപിക്കുകയാണിവിടെ. സ്വരൂപാവസ്ഥിതി യിലെ കേവലമായ സത്യത്വദൃഷ്ടിയിൽ അതുവരെ യഥാർത്ഥമെന്ന് അനുഭവപ്പെട്ട വിഷയപ്രപഞ്ചം ഉള്ളതെന്നോ ഇല്ലാത്തതെന്നോ കൃത്യമായി നിർവ്വചിക്കാൻ കഴിയാത്ത നിലയിൽ മിഥ്യയെന്നറിയാനാകുന്നു. ഇവിടെ നിരാകരണത്തിന്റെ ബലതന്ത്രമല്ല, മറിച്ച് കാര്യകാരണാതീതമായ അവബോധദശയിൽ സ്വാഭാവികമായി സംഭവിക്കുന്ന പ്രപഞ്ചോപശമത്തെയാണ് ഇവിടെ പരാമർശിക്കുന്നത്.

---

145- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-666 (ശ്ലോകം-46)

146- അതേ പുസ്തകം- പുറം-685 (ശ്ലോകം-61)

വളരെക്കാലം ബന്ധനത്തിൽ കിടക്കുന്ന പക്ഷി ചിറകിന്റെ ശക്തി മറന്നുപോകുന്നതു പോലെ തുടർച്ചയായ കീഴ്നടപ്പ് മനുഷ്യനിലെ സഹജമായ ആത്മവൈഭവത്തെ അറിയാതെ പോകുന്നതിന് കാരണമായേക്കാം.[147] ലൗകികപ്രപഞ്ചത്തിന്റെ വൈഷയികമായ സ്വാധീനശക്തിയിൽ ആമഗ്നനാകുന്ന മനുഷ്യർ സ്വാത്മവിസ്മൃതിയിലാണ്ടു കിടക്കുന്നു. അനാദിയായ അവിദ്യയുടെ ആവരണമാണ് ബന്ധനത്തിന്റെ മൂലഹേതു. രാജാക്കന്മാർ എത്ര ശക്തരാണെങ്കിലും പാരമ്പര്യാചാരങ്ങൾ അവരെ പരാധീനരാക്കുമെന്ന് കരുതുന്ന സന്ദർഭത്തിലാണ് 'ചിന്താവിഷ്ടയായ സീത'യിലെ സീതയുടെ ചന്താഗതി ഇങ്ങനെ സഞ്ചരിക്കുന്നത്. രാമദർശനത്തിന് അയോദ്ധ്യയിൽ പോകുന്നതിനു മുമ്പ് സീത തന്റെ ഭൂഗർഭഗമനത്തെ കുറിച്ച് ചിന്തിക്കുന്നു. മലയരുവികളുടെ മുഴക്കമാകുന്ന ശാന്തിഗാനംകേൾക്കുമെന്നും താൻ ശയിക്കുന്നതിനുപരി ഭാഗത്ത് മരങ്ങളും ചെടികളും പൂക്കൾ ചൊരിയുമെന്നും പക്ഷികൾ കളകൂജനം നടത്തുമെന്നും മാൻകൂട്ടങ്ങൾ തുള്ളി നടക്കുമെന്നും താൻ ഭൂമിയിൽ ലയിച്ചാൽ രത്നങ്ങളും ധാതുരാശികളുമുൾപ്പെടെ സർവ്വസ്വവും തന്റേതാകുമെന്നും സീത സ്വപ്നം കാണുന്നു.[148] അപ്പോഴും തന്റെ ബുദ്ധി സൂക്ഷ്മമായ ഉപരിലോകങ്ങളിലേക്ക് ഉയരേണ്ടതാണെന്നുള്ള ബോദ്ധ്യം അവർക്കുണ്ട്. ഭൂമിയെ വണങ്ങുന്നതുപോലെ ജലത്തിൽ ബിംബിച്ച നക്ഷത്രമെന്ന കണക്കേ എന്റെ ഉജ്ജ്വലമായ ആത്മചൈതന്യം ഉപരിലോകത്തിൽ പ്രതിഷ്ഠിക്കപ്പെടും. പരമാത്മസ്വരൂപമാകുന്ന ചിദാകാശത്തിൽ സകലദുഃഖങ്ങളും അറ്റ് വിലയം പ്രാപിക്കാനിരിക്കുന്ന തന്റെ ആത്മാവിന് ആശ്രയസ്ഥാനങ്ങൾ ആവശ്യമില്ലാത്തതിനാൽ അവർ ശ്രീരാമന് വന്ദനം പറയുന്നു.[149] വിയോഗദുഃഖങ്ങളെല്ലാം അകന്ന് ആത്മശുദ്ധി കൈവന്നാൽ സ്വാനുഭൂതി മഹിമയാർന്ന ആ സ്ഥാനത്തെ പ്രാപിക്കാനാകുമെന്ന് സീത രാമനെ ഓർമ്മപ്പെടുത്തുന്നു.[150] ഇവിടെയെല്ലാം മുക്തിയുടെ നിരതിശയഭാവവും വിലയനവിഹ്വലമായ സീതയുടെ ആത്മാഭിലാഷവുമാണ് വെളിപ്പെടുന്നത്.

മുക്തിയുടെ അവസ്ഥയെക്കുറിച്ചുള്ള സൂചനകൾ പ്രരോദനത്തിലുണ്ട്. ദേവന്മാർക്ക്

147- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-712, (ശ്ലോകം-152)

148- അതേ പുസ്തകം- പുറം-178-79, (ശ്ലോകം-720, 721)

149- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)-കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, മെയ്-2010, പുറം-721, (ശ്ലോകം-183)

150- അതേ പുസ്തകം- പുറം-721 (ശ്ലോകം-184)

ഭൂമിയോട് സ്നേഹമുള്ളതുകൊണ്ട് തീർച്ചയായും അവർ എ.ആറിന്റെ മരണത്തിൽ ഇപ്പോഴും വ്യസനിക്കുന്നുണ്ടെന്ന് കവി സൂചിപ്പിച്ച് പറയുന്നത് ഇങ്ങനെയാണ്- ദേശംകൊണ്ടും കാലംകൊണ്ടും വന്നുചേർന്ന ദൂരം അവർ അറിയുകയില്ല. ദേവന്മാർ വെളിച്ചത്തിന്റെ പ്രതീകങ്ങളാണ്. സ്ഥലകാലങ്ങളുടെ അവബോധത്തെ മറികടന്നവരാണവർ. വിജ്ഞാനദശയിലെ സ്ഥലകാലാനുഭൂതി സാധാരണ അവബോധത്തിൽനിന്ന് അതീതമാണെന്നാണ് ഇവിടത്തെ വിവക്ഷ.[151] ഇതേ ആശയംതന്നെയാണ് കവിയുടെ ഉപസംഹാരത്തിലുമുള്ളത്. ദേഹത്യാഗം ചെയ്ത എ.ആർ. രാജരാജവർമ്മ എത്തിച്ചേരേണ്ടുന്ന ശാന്തിധാമത്തെ പ്രണമിക്കുന്നത് ഇങ്ങനെയാണ്. ‘‘ഈ ആകാശത്തെയും അതിലുള്ള അനന്തകോടി ജ്യോതിർഗ്ഗോളങ്ങളെയും ഉൾക്കൊള്ളുന്ന മഹാകാശമായി, ഈ കാണുന്ന സൂര്യനെയും ഇരുട്ടാക്കി മാറ്റുന്ന പ്രഭാപൂരമായി, ദുഃഖത്തിന്റെ ചെറിയ സ്പർശംപോലുമില്ലാത്ത സുഖത്തെയും ദുഃഖമാക്കുന്ന സുഖസാരമായി ഏകമായും അദ്വയമായും വർത്തിക്കുന്ന ശാന്തിഭൂവിന് വീണ്ടും വീണ്ടും നമസ്ക്കാരങ്ങളർപ്പിക്കുന്നു.’’[152] ലൗകികമണ്ഡലത്തിൽ വെളിപ്പെടുന്ന ആകാശത്തിന്റെ വ്യാപ്തിയെയും പ്രകാശത്തിന്റെ ദീപ്തിയെയും അപ്രസക്തമാക്കുന്നതാണ് കേവലമായ അസ്തിത്വത്തെക്കുറിച്ചുള്ള ശുദ്ധജ്ഞാനം. അത് പ്രതീകങ്ങൾക്കും അടയാളങ്ങൾക്കും ചിഹ്നവ്യവസ്ഥകൾക്കും ലക്ഷ്യലക്ഷണങ്ങൾക്കും കാര്യകാരണങ്ങൾക്കും അതീതമാണ്. മോക്ഷം, നിർവ്വാണം, കൈവല്യം, അപവർഗ്ഗം എന്നിങ്ങനെയെല്ലാം വിവരിക്കുന്ന സത്യാനുഭൂതിതലത്തെ അദ്വൈതവേദാന്തികൾ ശാന്തം, ശിവം, ഏകം, അദ്വയം, സച്ചിദാനന്ദം എന്നെല്ലാം വിശേഷിപ്പിക്കുന്നു. ‘ആ ബ്രഹ്മത്തെ പ്രകാശിപ്പിക്കുവാൻ സൂര്യനോ ചന്ദ്രനോ നക്ഷത്രങ്ങൾ ക്കോ സാധിക്കുകയില്ല. പിന്നെ അഗ്നിയുടെ കാര്യം പറയണമോ? സ്വയം പ്രകാശസ്വരൂപമായ ബ്രഹ്മത്തെ ആശ്രയിച്ചാണ് ഇവയെല്ലാം പ്രകാശിക്കുന്നത്. അതിന്റെ പ്രകാശംകൊണ്ടാണ് ഇവയ്ക്കെല്ലാം പ്രകാശമുണ്ടാകുന്നത്’ എന്ന് ശ്വേതാശ്വതരോപനിഷത്തും[153] സത്യാനുഭൂതിയുടെ അവസ്ഥയെക്കുറിച്ച് ‘‘പതിനായിരം സൂര്യന്മാർ ഒരുമിച്ചുദിച്ചു വരുന്നതുപോലെ സത്യാനുഭവം ഉദയം

---

151- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-68, (ശ്ലോകം-61)

152- അതേ പുസ്തകം- പുറം-104, (ശ്ലോകം-147)

153- ശ്വേതാശ്വതരോപനിഷത്ത്-വ്യാഖ്യാനം-മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണ മഠം, തൃശ്ശൂർ എഡി-3,1988, പുറം-123

ചെയ്യും. അഖണ്ഡബോധസ്വരൂപമായ സത്യത്തെ മറച്ചിരിക്കുന്ന മാഞ്ഞു മറയുന്ന മായയാകുന്ന ഈ അജ്ഞാനാവരണത്തെ ചീന്തി ദൂരെക്കളഞ്ഞാവിർഭവിക്കുന്ന നിർവ്വികല്പജ്ഞാനസൂര്യനാണ് ഈ അനുഭവം' [154] എന്ന് ആത്മോപദേശ ശതകത്തിൽ നാരായണഗുരുവും അരുളുന്നു.

വാസവദത്തയെന്ന വാരനാരിയെ പരമമായ നിർവ്വാണത്തിലേക്ക് ഉയർത്തിയ പ്രമേയമാണ് 'കരുണ'യുടേത്. ശരണരത്നങ്ങൾ ഉപദേശിച്ചുകൊടുക്കുന്നതിനു മുമ്പ് ഉപഗുപ്തൻ വാസവദത്തയ്ക്ക് സ്പർശദീക്ഷ നൽകുന്നുണ്ട്. ബുദ്ധഭഗവാന്റെ പാദം തുടച്ച തന്റെ കൈകൾ ഉപഗുപ്തൻ വാസവദത്തയുടെ നെറ്റിത്തടത്തിൽ വെച്ചപ്പോൾ അവളിൽ രോമാഞ്ചമുണ്ടാകുകയും അസ്തമിക്കാറായ ബോധം തിരികെ വരികയും ചെയ്തു. തുടർന്ന് ഉപഗുപ്തൻ അവളോട് പറയുമ്പോൾ "സർവ്വജീവജാലങ്ങളുടെ ദുഃഖത്തെയും ഇല്ലാതാക്കി വിജ്ഞാനം പ്രസരിപ്പിക്കുന്ന വിശ്വവന്ദ്യനെ"[155] ന്ന് ശ്രീ ബുദ്ധനെ വിശേഷിപ്പിക്കുന്നു. വ്യക്തിയെന്നതിലുപരി എല്ലാ പരിമിതികളെയും അപ്രസക്തമാക്കുന്ന ബുദ്ധത്വ(Budhahood) ത്തെയാണ് ഇവിടെ ഓർമ്മപ്പെടുത്തുന്നത്. ബൗദ്ധർ ദുഃഖനാശം എന്ന് നിർദ്ദേശിക്കുന്ന നിർവ്വാണാവസ്ഥയെത്തന്നെയാണ് മോക്ഷം, സച്ചിദാനന്ദം, ബ്രഹ്മ(ആത്മ)സാക്ഷാൽക്കാരം, ജീവന്മുക്തി എന്നെല്ലാം അദ്വൈതം പറയുന്നത്. കരുണയിൽ മുക്തിയെ കുറിച്ച് ഉപഗുപ്തൻ വാസവദത്തയ്ക്ക് പറഞ്ഞു കൊടുക്കുന്നത് ഇങ്ങനെയാണ്.

ലോലമാം ക്ഷണമേ വേണ്ടൂ ബോധമുള്ളിൽ ജ്വലിക്കാനും
മാലകറ്റും തമസ്സാകെ മാഞ്ഞു പോകാനും[156]

ശരിയായ വിജ്ഞാനത്തെ വെളിച്ചമായും അറിവില്ലായ്മയെ ഇരുളായും കല്പിച്ചുകൊണ്ട് മുക്തിയെ വിലയിരുത്തുകയാണിവിടെ. വിജ്ഞാനോദയത്തിൽത്തന്നെ ശരിയായ അറിവിനെ

---

154- ഒരു പതിനായിരമാദിതേയരൊന്നായ് വരുവതുപോലെ വരും വിവേകവൃത്തി
അറിവിനെ മൂടുമനിത്യമായയാമീ യിരുളിനെയീർന്നെഴുമാദി സൂര്യനത്രേ
ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, തിരുവനന്തപുരം-2003 പുറം-617,618 (ശ്ലോകം-35)

155- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-252

156- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-253

മറച്ചു പിടിച്ച് ദുഃഖാനുഭവങ്ങൾക്ക് കാരണമാകുന്ന അറിവില്ലായ്മയുടെ ഇരുട്ട് എന്നന്നേക്കുമായി മറഞ്ഞു പോകുന്നു. അനേകം സംവത്സരങ്ങൾ കെട്ടിക്കിടക്കുന്ന ഇരുട്ടകലാൻ അവിടെ ഒരു ക്ഷണം മാത്രം മതി. ശരണത്രയം ഉപദേശിക്കുന്നതിനു മുമ്പ് ശ്രവിക്കാൻ പോകുന്ന പ്രസ്തുത വിഷയത്തിന്റെ മഹത്വത്തെ സൂചിപ്പിക്കുകയാണിവിടെ. ശരണരത്നങ്ങളുടെ താല്പര്യം ഗ്രഹിച്ച വാസവദത്തയിലുണ്ടായ മാറ്റങ്ങളെ കവി വർണ്ണിക്കുന്നത് ഇങ്ങനെയാണ്. അവൾ ജീവിതവിശുദ്ധി തേടുന്ന ക്ഷണത്തിൽ മഞ്ഞു തുള്ളിയിൽ ഒരു കാട് മുഴുവനും പ്രതിഫലിച്ചു കാണുന്നതുപോലെ പ്രപഞ്ചം മുഴുവൻ തിങ്ങി ഞെരുങ്ങി നിന്നു. പരമസത്തയുടെ സോപാധികമായ പ്രതിബിംബമാണ് ഈ മായിക പ്രപഞ്ചമെന്നും എല്ലാം പ്രകടിതമാകുന്ന മാദ്ധ്യമം അഭിന്നമാണെന്നുമുള്ള അദ്വൈതവേദാന്ത പക്ഷമാണ് കവിയ്ക്കുള്ളത്.

വാസവദത്തുടെയും ഉപഗുപ്തന്റെയും കഥയ്ക്ക് ഭാഗവതമഹാത്മ്യത്തിലെ ധുന്ധു കാരിയുടെ കഥയുമായി ബന്ധമുണ്ട്. പ്രസ്തുത കഥയിൽ രാജഭടന്മാരുടെ കൈയിൽപ്പെടാ തിരിക്കാനും മോഷ്ടിച്ച മുതൽ കൈവശപ്പെടുത്താനും ആത്മദേവന്റെ പുത്രനായ ധുന്ധു കാരിയെ വേശ്യാസ്ത്രീകൾ തീയിൽ എരിച്ചു കളഞ്ഞ് ശേഷിക്കുന്ന ഭാഗം മറവു ചെയ്യുന്നു. "അവന്റെ ശരീരത്തെ സ്ത്രീകൾ കുഴിച്ചിട്ടു. സ്ത്രീകൾ ഈ വിധം ചെയ്യുമോ എന്ന് സംശ യിക്കേണ്ട. പ്രായേണ ദുഷ്ടസ്ത്രീകൾ സാഹസകർമ്മം ചെയ്യാൻ മടിയില്ലാത്തവരാകുന്നു."[157] ഇവിടെ രണ്ട് സ്ഥലത്തും മരണമടയുന്നത് കാമത്തിന് അടിപ്പെട്ട് വേശ്യകൾക്ക് ദാസന്മാ രായി കഴിയുന്നവരാണ്. മരണാനന്തരം മഹാപ്രേതമായി അലഞ്ഞ് നടന്ന ധുന്ധുകാരിയെ മുക്തിയിലേക്കുയരാൻ സഹായിച്ചത് ഭാഗവതശ്രവണമാണെങ്കിൽ കരുണയിൽ ഉപഗുപ്തന്റെ ശരണമന്ത്രം ശ്രവിച്ചാണ് വാസവദത്ത മുക്തിയുടെ തത്ത്വം അറിയുന്നത്. ഈ കഥകളുടെ പരസ്പരബന്ധവും അതിലൂടെ ഉന്നയിക്കുന്ന അടിസ്ഥാനലക്ഷ്യവും ഒന്നാണ്. കേട്ടതിനെ ക്കുറിച്ച് ആഴത്തിലുള്ള ചിന്തയിലൂടെ സ്വാനുഭവത്തിലേക്കുയർത്തുന്ന ഉപദേശവാക്യങ്ങ ളുടെ പ്രസക്തിയാണ് ഇവിടെയെല്ലാം സൂചിതമായിരിക്കുന്നത്.

വാസവദത്തയുടെ ദേഹത്തിൽനിന്ന് അരിഞ്ഞെടുത്ത മാംസപിണ്ഡം ഉപഗുപ്തൻ കാണാതിരിക്കാൻ തോഴി വസ്ത്രംകൊണ്ടു മറയ്ക്കുമ്പോൾ ജനിമൃതികളുടെ

157- ശ്രീമദ് ഭാഗവതം- വ്യാഖ്യാനം- സാഹിത്യ കേസരി പണ്ഡിറ്റ് പി. ഗോപാലൻ നായർ-വാ ള്യം-1 ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം- ഭാഗവത മഹാത്മ്യം അദ്ധ്യായം- 5-12 എഡി-1, 1995, പുറം-75

കാര്യകാരണങ്ങളറിയുന്ന ആർഹതനായ ഉപഗുപ്തന്റെ കണ്ണുമൂടുവാൻ ആർക്കും കഴിയുകയില്ലെന്ന് കവി പറയുന്നു. വിജ്ഞാനിയുടെ ലോകവീക്ഷണത്തിന് സ്ഥലകാല നിബദ്ധമായ അതിരുകളില്ല. അതുകൊണ്ട് വർത്തമാനകാലത്തിന്നുപരിനിന്ന് വരുംവരായ്കകളെക്കുറിച്ച് അദ്ദേഹത്തിന് അറിയാനാകും. അതുകൊണ്ട് അദ്ദേഹത്തിൽ നിന്നൊന്നും ആർക്കും മറച്ചുവെക്കാനാകില്ല.[158]

ഗതാനുഗതികങ്ങളായ ലോകാവസ്ഥകളെ ഒരു വിജ്ഞാനി എങ്ങനെ അഭിമുഖീകരിക്കുമെന്നതിന്റെ നിദർശനമാണ് കരുണയിലെ അവസാന ഭാഗം. വാസവദത്തയുടെ ചിതയിലെ ഭസ്മക്കൂമ്പാരം കണ്ട് സ്തബ്ധനായ ഉപഗുപ്തനിൽനിന്നും കണ്ണീരടർന്നു വീണു. ഈ പ്രപഞ്ചം ദുഃഖമയമാണെന്ന ആര്യസത്യമറിയുന്ന ധീരൻ കരയില്ലെന്നതിനാൽ അത് ദുഃഖംകൊണ്ടുണ്ടായതല്ല. സൽകൃത്യം ചെയ്തതുകൊണ്ടുള്ള കൃതാർത്ഥതയോ മുക്തിക്ഷിപ്രസിദ്ധമാക്കിയതിലുള്ള വിസ്മയമോ അത്ഭുതം കണ്ടപ്പോളുണ്ടായ ചാപല്യമോ ആകാൻ തരമില്ല. കരുണയുടെ അഗാധമായ കയത്തിൽക്കിടന്നു പാകംവന്ന പരിണതവും ഉജ്ജ്വലവുമായ മുത്തുമണിയാണ് ആ കണ്ണുനീർത്തുള്ളി. താൻ നിർവ്വഹിച്ച മംഗളകർമ്മത്തിന്റെ മഹത്വത്തെക്കുറിച്ചോർക്കാതെ വെയിൽനാളം കടപൊട്ടി പറന്നെത്തിയതുപോലെ കരുണയിൽ രംഗപ്രവേശം ചെയ്യുന്ന ഉപഗുപ്തൻ ഗർവ്വമില്ലാതെ വന്നവഴി തന്നെ മടങ്ങിപ്പോയി. താൻ ചെയ്ത മഹത്തരമായ പുണ്യകർമ്മം പ്രസ്തുത ബുദ്ധഭിക്ഷുവിനെ സ്പർശിച്ചതേയില്ല. എങ്കിലും ഹൃദയാലുവായ അദ്ദേഹം വാസവദത്തയുടെ ദേഹവിയോഗത്തിൽ ചിന്താമഗ്നനായിരുന്നവെന്ന സൂചന കവി നൽകുന്നു.[159] ഈ ലോകത്തിൽ നടക്കുന്ന സംഭവവികാസങ്ങളുടെ കാര്യകാരണങ്ങൾ മറ്റാരെക്കാളും നന്നായി വിജ്ഞാനിക്കറിയാം. അഹൈതുകമായ കാരുണ്യത്താൽ ഇന്ദ്രിയമനോബുദ്ധികളുടെ തലങ്ങളിൽ അദ്ദേഹം അവയോട് പ്രതികരിച്ചെന്നു വരും. നിരന്തരമാറ്റങ്ങൾക്ക് വിധേയമാകുന്ന പ്രതിഭാസങ്ങളുടെ യാഥാർത്ഥ്യം നിയന്ത്രിതഭാവത്തിലാണെങ്കിലും പരമാർത്ഥത്തിന്റെ കീഴ്ത്തലത്തിലുള്ള ലോകത്തിൽ വർത്തിക്കുമ്പോൾ ആചരണത്തിലൂടെ ജീവിതമാതൃകയും പാഠവുമായിത്തീരാൻ അവർ ശ്രദ്ധാലുക്കളായിരിക്കും.

---

158-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-244

159-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-255

ഉപഗുപ്തനോട് നമസ്ക്കാരമോതി കവി നടത്തുന്ന അഭ്യർത്ഥനയോടെയാണ് കരുണ അവസാനിക്കുന്നത്. അങ്ങ് നിർവ്വാണനിമഗ്നനാകാതെ ലോകസേവയ്ക്ക് വന്നാലും. അനാഥരും അശരണരുമായവരിൽ കരുണ കാണിക്കുന്ന അങ്ങയെപ്പോലുള്ള സല്പുത്രരെ ഈ ഭൂമീദേവിക്ക് ആവശ്യമുണ്ട്. ആശാനെ സംബന്ധിച്ച് നിർവ്വാണനിമഗ്നതയും ലോകസേവനവും പരസ്പരവിരുദ്ധങ്ങളെല്ല. അതുകൊണ്ടാണ് നളിനിയുടെ ദേഹവിയോഗത്തിനുശേഷം ദിവാകരൻ ലോകക്ഷേമം നടത്തിയത്. കർമ്മമാർഗ്ഗത്തിലൂടെയും അന്തഃസംസ്ക്കരണം നേടി ആത്മസാക്ഷാൽക്കാരമടയാമെന്ന കവിയുടെ ദർശനത്തെ പ്രാവർത്തികമാക്കുകയാണ് കഥാപാത്രങ്ങൾ.

മുക്തിയിലേക്ക് ഉയരുന്നതിന് അനിവാര്യമായത് പരിമിതികൾക്കതീതമായ ശക്തിവിശേഷത്തെക്കുറിച്ചുള്ള ബോദ്ധ്യമാണ്. വിശ്വാസത്തെക്കുറിച്ച് ആശാൻ ദുരവസ്ഥ യിൽ പറയുന്നത് ഇങ്ങനെയാണ്. വിശ്വാസം മനുഷ്യന് വിളക്കാണ്. അത് പോയാൽ ചുക്കാൻ പോയ കപ്പൽ പോലെയാകും.[160] വിശ്വാസത്തിന്റെ മനഃശാസ്ത്രപരമായ അവലോകനമാണ് കുമാരനാശാൻ നടത്തുന്നത്. ഭാവിക്കുന്നതു തന്നെ ഭവിക്കുമെന്ന വേദാന്തവാക്യവും നിനക്ക് നീ തന്നെ വിളക്കെന്ന ബുദ്ധവചനവും നിന്റെ വിശ്വാസം നിന്നെ രക്ഷിക്കുമെന്ന ക്രിസ്തു വചനവും ഇവിടെ പ്രസക്തമാണ്. വ്യക്തിതലത്തിലുള്ള നമ്മുടെ പരിമിതികളെ അതിക്രമി ക്കുന്നതിനുള്ള കരുത്താർന്ന ആലംബനമാണ് വിശ്വാസം. ഉപാദ്ധ്യനുസൃതമായി വിഭിന്ന ങ്ങളായ രൂപഭാവങ്ങളോടെ അത് നിലനിൽക്കുന്നു.

സാമാന്യധർമ്മങ്ങളിൽ തത്ത്വം കാണുന്നവൻ ധർമ്മപാശത്താൽ ബദ്ധനാകില്ല. ഇതു കാണാത്ത മൂഢനാണ് സംസാരമാകുന്ന കടലിലാണ്ടു പോകുന്നത്. ഇന്ദ്രിയങ്ങളെ അടക്കി രാഗദ്വേഷങ്ങളെ നീക്കി അഹിംസയിലൂടെ മുക്തി നേടാം. എല്ലാത്തിലും ശ്രേഷ്ഠമായതെന്നും മോക്ഷസാധനമെന്നും സർവ്വസിദ്ധാന്തങ്ങളും പറയുന്നത് വിജ്ഞാനത്തെയാണെന്ന് കവി വ്യക്തമാക്കുന്നു. ആത്മാവിന്റെ അനശ്വരതയേയും ജനിമൃതികളുടെ നൈരന്തര്യത്തേയും സൽക്കർമ്മാനുഷ്ഠാനങ്ങളുടെ പ്രാധാന്യത്തെയും കുറിച്ച് ആശാൻകൃതികളിൽ സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു.

---

160-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-255

159-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010, പുറം-481

# അദ്ധ്യായം ഏഴ്

## ഉപസംഹാരം

മനുഷ്യജീവിതത്തിന്റെ ഗതിവിഗതികളെയും അവസ്ഥാന്തരങ്ങളെയും സമഗ്രമായി ചിന്തിച്ച് അതിന് പ്രായോഗികമായ ദിശാബോധവും മാനവും പ്രദാനം ചെയ്ത പ്രതിഭാശാലി യായിരുന്നു മഹാകവി കുമാരനാശാൻ. അദ്വൈതദർശനത്തിന്റെ ദാർശനികവും ചരിത്രപരവുമായ സ്വാധീനം ഉൾക്കൊണ്ട് വൈയക്തികതലത്തിലും സാമൂഹികരംഗത്തും നവോത്ഥാനപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അഗാധമായ ജീവിതദർശനം, വിശാലമായപ്രപഞ്ചവീക്ഷണം, ഗൗരവപൂർണ്ണമായ ഉൾക്കാഴ്ചകൾ എന്നിവയിലൂടെ കവിതയെ അലസമായ ബഹിർമ്മുഖതയിൽ നിന്നും വിനോദത്തിൽ നിന്നും വിമോചിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. 'ആശാൻകവിതയിലെ അദ്വൈതദർശന'മെന്ന ഈ പ്രബന്ധത്തിലെ മുഖ്യ ആശയങ്ങ ളെ ഇങ്ങനെ ക്രോഡീകരിക്കാം.

1- വൈയക്തികമായ ആത്മനിഷ്ഠതലത്തെ ബാഹ്യപ്രപഞ്ചവുമായി ഇണക്കുന്ന നൈസർഗ്ഗികമായ പ്രക്രിയയാണ് സാഹിത്യമെങ്കിൽ സത്യത്തെ അന്വേഷിക്കുകയും അതിന്റെ കാര്യകാരണസംബന്ധത്തെ അപഗ്രഥിക്കുകയുമാണ് ദർശനം ചെയ്യുന്നത്. സാഹിത്യം വൈകാരികതലവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ ദർശനത്തിന് വൈചാരികതതല വുമായാണ് കൂടുതൽ അടുപ്പം. എങ്കിലും കാവ്യത്തിന് കലാസൗഭാഗ്യം നൽകുന്ന, തുടർവിചാരങ്ങൾക്ക് വഴിമരുന്നിടുന്ന, അനുവാചകർക്ക് വിശാലമായൊരുൾക്കാഴ്ച നൽകുന്ന ഘടകം എന്ന നിലയിൽ സാഹിത്യം ദർശനമായി ബന്ധപ്പെട്ടിരിക്കുന്നു.

2- പൗരസ്ത്യദർശനത്തിൽ സാമ്പ്രദായികമായി വ്യവഹരിച്ചുപോരുന്ന കവി, കാവ്യം, കാവ്യ ഹേതു, കാവ്യപ്രയോജനം, രസം, ധ്വനി, വക്രോക്തി, രീതി, ഔചിത്യം, അനുമാനം, ശബ്ദ ശക്തികൾ, ഗുണദോഷവിചാരങ്ങൾ, എന്നിവയെക്കുറിച്ചുള്ള വിചിന്തനങ്ങളെല്ലാം ദാർശനിക അടിത്തറയിലാണ് നിലകൊള്ളുന്നത്.

3- ദർശനവും സാഹിത്യവും തമ്മിലുള്ള പാരസ്പര്യം പാശ്ചാത്യവീക്ഷണത്തിലും സുദൃഢമാണ്. അവിടെ കലാസാഹിത്യാദികളുടെ ദാർശനികാപഗ്രഥനം പതിനെട്ടാം നൂറ്റാണ്ടുവരെ അനൗപചാരികമായാണ് നടന്നിരുന്നത്. പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരുൾപ്പെട്ട പ്രാരംഭഘട്ടം, ദാന്തേ മുതലായവരുടെ മദ്ധ്യമഘട്ടം, ഫിലിപ്പ് സിഡ്നി, ബെൻജോൺസൻ എന്നിവരുടെ നവോത്ഥാനഘട്ടം, അലക്സാണ്ടർ പോപ്പും ക്രോച്ചെയും ഉൾപ്പെടുന്ന നിയോക്ലാസിസം, ഷെല്ലി, വേഡ്സ്വർത്ത്, കോൾറിഡ്ജ് മുതലായവരുടെ കാല്പനികയുഗം, വാൾട്ടർ പേറ്റർ, മാത്യു ആർനോൾഡ് എന്നിവരുടെ വിക്ടോറിയൻ ഘട്ടം, കാറൽമാക്സ്, ടോൾസ്റ്റോയ്, ഫ്രോയ്ഡ്, എലിയട്ട് എന്നിവരുടെ ആധുനികഘട്ടം, ദറിദ, ലക്കാൻ, ഫൂക്കോ എന്നിവരുടെ ഉത്തരാധുനികദർശനം തുടങ്ങിയ സാഹിത്യസിദ്ധാന്തങ്ങൾ ദാർശനികതയുമായി ബന്ധപ്പെട്ടവയാണ്.

4- വേദോപനിഷത്തുകളിലും, ബ്രഹ്മസൂത്രത്തിലും, പുരാണേതിഹാസങ്ങളിലും അന്തർഭവിച്ചതാണ് അദ്വൈതദർശനം. അവയിലെ ദേവതാസങ്കല്പങ്ങളിലൂടെയും, ഉപാസനാമാർഗ്ഗങ്ങളിലൂടെയും, തത്ത്വവിചാരങ്ങളിലൂടെയും നിർദ്ദേശിക്കുന്നത് അഭേദാവസ്ഥയെയാണ്. ആസ്തിക-നാസ്തികമാർഗ്ഗങ്ങളുടെ പല നിലപാടുകളെയും അദ്വൈതം വ്യാവഹാരികതലത്തിൽ ഉൾക്കൊള്ളുന്നു. പരമാർത്ഥദശയിലെ അവയുടെ സാധുതയെ സംബന്ധിച്ച വീക്ഷണങ്ങളിലാണ് മുഖ്യമായും അദ്വൈതദർശനത്തിന് വിയോജിപ്പ് ഉള്ളത്. വേദോപനിഷൽദർശനങ്ങളുടെയും, ബൗദ്ധദർശനങ്ങളായ ശൂന്യവാദം, വിജ്ഞാനവാദം എന്നിവയുടെയും, ഗൗഡപാദാചാര്യരുടെ സ്വാധീനത്തിന്റെയും സമന്വയമാണ് സൈദ്ധാന്തികതലത്തിൽ ശങ്കരാചാര്യർ നിർവ്വഹിച്ചത്.

5- നവോത്ഥാന നായകന്മാരുടെ വീക്ഷണങ്ങളും പിൽക്കാലത്ത് അപപാഠങ്ങൾക്ക് വിധേയമായിട്ടുണ്ട്. ശങ്കരാചാര്യരിലും, നാരായണഗുരുവിലും മറ്റും ജാതീയത ആരോപിച്ച് അവരെ നിശ്ചിത പരിവൃത്തത്തിലാക്കുന്നത് ഇതിന്റെ ഭാഗമായിട്ടാണ്. ഇങ്ങനെ വരുമ്പോൾ പ്രസ്തുത ആചാര്യന്മാരുടെ ദർശനങ്ങൾ മൊത്തത്തിൽ അവലോകനം ചെയ്ത് അവർ എന്തിനൂന്നലേകുന്നുവെന്ന് അന്വേഷിച്ചുറപ്പിക്കുകയാണ് വേണ്ടത്.

6– അദ്വൈതം നിരാകരണത്തിന്റെ ശാസ്ത്രമല്ല; മറിച്ച്, അതാത് തലങ്ങളിൽനിന്ന് നിരപേക്ഷ വിധാനത്തിലേക്കുയർത്തുന്ന സത്യദർശനമാണത്. വാദഘോഷങ്ങൾക്കപ്പുറം നിർവ്വിവാദ മേഖലയെ അനാവൃതമാക്കുന്ന ഇത് അനുഭവത്തിന്റെ വ്യാകരണസിദ്ധാന്തമാണ്.

7– മലയാളം സ്വതന്ത്രഭാഷയായി വികസിക്കുകയും ഭക്തിപ്രസ്ഥാനം നിർണ്ണായകസ്വാധീനം ചെലുത്തുകയും ചെയ്തതോടെയാണ് മലയാള കവിതയിൽ ദാർശനിക പാരമ്പര്യത്തിന് തുടക്കം കുറിക്കുന്നത്. പ്രകൃതിവസ്തുക്കളിൽ ദൈവികത കല്പിച്ച് നടത്തുന്ന സർപ്പാരാധന, കാളീപൂജ, അയ്യൻ/അമ്മൻ ആരാധന, പാന, കളമെഴുത്ത്, കളംപാട്ട്, മുടിയേറ്റ്, കാളീപൂജ എന്നിവയ്ക്കുള്ള മതപരമായ ഗാനങ്ങളിലും നാടൻപാട്ടുകളിലും ഭക്തിയുടെ ആദ്യകാലപ്രകടനം ദൃശ്യമാണ്. കിളിപ്പാട്ട്, തുള്ളൽക്കൃതികൾ, മണിപ്രവാളകൃതികൾ, ചമ്പുക്കൾ, മുക്തകങ്ങൾ, മഹാകാവ്യങ്ങൾ, ഖണ്ഡകാവ്യങ്ങൾ എന്നിവയെല്ലാം തന്നെ ഭക്തിയുടെ പ്രാഥമികതലം മുതൽ നിർഗ്ഗുണോപാസനയുടെ ഉച്ചകോടിവരെയുള്ള എല്ലാ തലങ്ങളെയും അഭിസംബോധന ചെയ്യുന്നുണ്ട്.

8–ദേശീയപ്രസ്ഥാനം, പാശ്ചാത്യ അധിനിവേശം, ഇംഗ്ലീഷ് വിദ്യാഭ്യാസം, ശ്രീ ശങ്കരാചാര്യരുടെ താത്ത്വികവും ശ്രീനാരായണഗുരുദേവന്റെ പ്രായോഗികവുമായ അദ്വൈതത്തിന്റെ സ്വാംശീകരണം, സാഹിത്യസംബന്ധമായ സാഹചര്യങ്ങൾ എന്നിവയിൽനിന്നെല്ലാമുൾക്കൊണ്ട സാംസ്ക്കാരികാവബോധത്തെ ആദ്ധ്യാത്മികദർശനംകൊണ്ട് സുസംസ്കൃതമാക്കി സാഹിത്യത്തിലൂടെ ആവിഷ്ക്കരിച്ച് ഗതാനുഗതികത്വത്തിൽനിന്ന് മലയാളകവിതയെ മുക്തമാക്കുകയാണ് കുമാരനാശാൻ ചെയ്തത്. ആശയഗാംഭീര്യവും ആദർശശുദ്ധിയും ബഹുസ്വരതയും ഉൾക്കൊണ്ട അദ്ദേഹത്തിന്റെ രചനകളെല്ലാം കാവ്യാസ്വാദനത്തിന് പുതിയ മാനങ്ങളും ദിശാബോധവുമേകി.

9– അദ്വൈതചിന്തയുടെ സ്ഥലകാലാനുസൃതമായ പ്രയോഗികതയെ പാരായണത്തിലൂടെയും വിചാരത്തിലൂടെയും ധ്യാനത്തിലൂടെയും സംഗ്രഹിച്ച് ആത്മാവിഷ്ക്കാരത്തിന് വിധേയമാക്കുന്ന രീതിയാണ് ആശാൻകൃതികളിൽ കാണുന്നത്. അതിന് ആസ്തികദർശനങ്ങൾ, ബൗദ്ധദർശനം, പാശ്ചാത്യചിന്തകൾ എന്നിവയെ എല്ലാം ആശാൻ രചനകളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. അതിലൂടെ മനുഷ്യരെ തമ്മിലകറ്റുന്ന മൂല്യനിരാസം സംഭവിച്ച ജാതി, മതം

എന്നിവയ്ക്കെതിരെ പ്രതിരോധമുയർത്താനും ആദ്ധ്യാത്മിക ആശയങ്ങളെ ജനകീയമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അദ്വൈതചിന്തയുടെ സ്വാധീനമുപയോഗിച്ച് കാവ്യമണ്ഡലത്തിൽ തുഞ്ചത്തെഴുത്തച്ഛൻ നിർവ്വഹിച്ച ശുദ്ധീകരണപ്രക്രിയയാണ് മറ്റൊരു തരത്തിൽ കുമാരനാശാനും നടത്തിയത്.

10– ആശാൻകൃതികളിലെ അദ്വൈതദർശനം ക്രോഡീകരിക്കുന്നത് വിവിധ ദർശനങ്ങളെ അനുഭവസമഗ്രതയുമായി ചേർത്തിണക്കുമ്പോൾ അവയുടെ സ്ഥാനപ്പെടുത്തലിന് ആധാരമായി അദ്വൈതാവബോധത്തെ ആശാൻ എങ്ങനെ സ്വാംശീകരിച്ചിരിക്കുന്നു എന്ന് പരിശോധിക്കാനാണ്.

11– ആശാന്റെ സ്തോത്രകൃതികളിലെ ഭക്തി അദ്വൈതജ്ഞാനത്തിൽ അധിഷ്ഠിതമാണ്. ബ്രഹ്മത്തിന്റെ സമൂർത്തപ്രതീകങ്ങളാണ് ആശാന്റെ സ്തോത്രകൃതികളിലെ ദേവതാസങ്കല്പങ്ങൾ. അദ്വൈതജ്ഞാനോപാസനയിലൂടെ അതിനെ ധ്യാനിക്കാനും പ്രതിപാദിക്കാനും ഭക്തിയുടെ ശക്തവും സാർവ്വത്രികവുമായ പരമപ്രേമത്തെ സമാശ്രയിക്കാനും അദ്ദേഹത്തിന് സാധിച്ചു. ഒരുണ്മയുടെ വിഭിന്നഭാവങ്ങളെന്ന നിലയിൽ കവി അവയെ വിലയിരുത്തുന്നത് പക്ഷാതീതമായാണ്.

12– വിഷയ-വിഷയീ ഭാവം, ദാതൃ-ദേയഭാവം, ആശ്രയ-ആശ്രയീഭാവം, നിയമ-നിയാമകഭാവം, കാര്യ-കാരണഭാവം, ആധാര-ആധേയഭാവം എന്നീ നിലകളിലാണ് സ്തോത്രകൃതി കളിൽ ഈശ്വരതത്ത്വത്തെ ആശാൻ പരാമർശിക്കുന്നത്. അതിലൂടെ പ്രപഞ്ചത്തിന്റെ സർവ്വാധിഷ്ഠാനമായ ഈശ്വരൻ ഏകനാണെന്നും നാമരൂപാത്മകമായ ദേവതാസങ്കല്പങ്ങളെല്ലാം അതിന്റെ അനന്യശക്തിവിശേഷങ്ങളാണെന്നും ഏകത്വാവബോധത്തിലേക്ക് ഉയരാ ൻ അത് മനുഷ്യന് സഹായകരമാണെന്നും വ്യക്തമാക്കുന്നു. ഒപ്പംതന്നെ ബഹുദേവതാസങ്കല്പങ്ങളുടെ ഉറവിടമായ സംസ്കൃതിവിശേഷങ്ങളെ ഉൾക്കൊള്ളുകയും സ്വാംശീകരിക്കുകയും അവയുടെ ഏകത്വം സ്ഥാപിക്കുകയും ചെയ്യുന്നു.

13– മനുഷ്യനിലെ അനന്തസാദ്ധ്യതകളെ നിരവധി പരീക്ഷണങ്ങളിലൂടെ പുറത്ത് കൊണ്ടുവന്ന് അവന്റെ ആത്മസംസ്ക്കരണം, സ്വതന്ത്രേച്ഛ, ഭാവശുദ്ധി, മനഃശക്തി, പ്രതിരോധശേഷി

തുടങ്ങിയ നിലീനശക്തികളെ ഉണർത്തി ഊർദ്ധ്വമുഖമാക്കുന്ന പ്രധാനഘടകമായും ജീവിതാനുഭവങ്ങൾ വ്യക്തിത്വതലത്തിലെ അന്തഃഛിദ്രങ്ങൾക്ക് കാരണമാക്കാതെ അവയെ സമ്യക്കായി കാണാനും ഉൾക്കൊള്ളാനും സാധൂകരിക്കാനും അനുരഞ്ജനത്തിലേർപ്പെടാനും നിദാനമായ പ്രേരകശക്തിയായും കർമ്മഫലത്തിന്റെ ഉത്തരവാദി അവനവൻ മാത്രമാണെന്നറിഞ്ഞ് അതിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്ത് ജീവിതത്തെ കൂടുതൽ ഈശ്വരോന്മുഖതയ്ക്ക് സജ്ജമാക്കുന്ന ഉപാധിയായും ആശാൻ വിധിയെ കാണുന്നു.

14- ഈശ്വരനെന്നപോലെതന്നെ ഗുരുവിനും ആശാൻകവിതയിൽ സ്ഥാനമുണ്ട്. രക്ഷകൻ, മഹാപിതാവ്, ഈശ്വരൻ, ആത്മതത്ത്വം എന്നീ നിലയിലെല്ലാം ഗുരുസ്വത്വം ആശാൻകവിതകളിൽ കടന്നു വരുന്നുണ്ട്. ദേവതാസങ്കല്പത്തോടിണക്കിയാണ് പലയിടങ്ങളിലും ഗുരുവിനെ അവതരിപ്പിക്കുന്നത്. ഗുരുവിലൂടെ ഈശ്വരനെ കാണുന്നതിനോടൊപ്പം ഗുരുവിനെത്തന്നെ ഈശ്വരനായും ആത്മബോധമായും വ്യക്തിതലത്തെ മറികടക്കുന്നതിനുള്ള ഉത്തേജകോർജ്ജമായും തിരിച്ചറിയുന്ന അഭിന്നാവസ്ഥയേയും കവി പലയിടങ്ങളിലും നിർദ്ദേശിക്കുന്നുണ്ട്.

15- സാമൂഹികനവോത്ഥാനത്തിന് ശ്രീനാരായണഗുരു നൽകിയ സംഭാവനകൾക്ക് സമാനമാണ് സാഹിത്യരംഗത്ത് കുമാരനാശാൻ നൽകിയത്. സാമൂഹികമായ സ്ഥിതിസമത്വത്തിലേക്കും വൈയക്തികമായ പരമാനുഭൂതിയിലേക്കും നയിക്കുന്ന അദ്വൈതാദർശം പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്ന സത്യത്തിലധിഷ്ഠിതമായ വ്യക്തിജീവിതം കെട്ടിപ്പടുക്കാൻ പ്രേരകമാകുന്നു. അനാചാരങ്ങളെയും അബദ്ധവിശ്വാസങ്ങളെയും ജാതീയതയെയും എതിർക്കുവാൻ പ്രസ്തുത ദർശനത്തെയാണ് കുമാരനാശാൻ അവലംബമാക്കിയത്. വ്യവസായവിപ്ലവത്തെത്തുടർന്ന് പാശ്ചാത്യലോകത്തുണ്ടായ സോഷ്യലിസം, ജനാധിപത്യം, മാനവികത തുടങ്ങിയ ചിന്തകളെക്കുറിച്ച് അവബോധമുണ്ടായിരുന്നെങ്കിലും അദ്വൈതപക്ഷത്തിൽ നിന്നുകൊണ്ടാണ് അതിന് നൂതനവ്യാഖ്യാനങ്ങൾ ചമച്ചത്. വേദോപനിഷത്തുകളിലെ സ്ഥിതിസമത്വചിന്തകൾക്ക് ഊന്നലേകി ഉച്ചനീചകല്പനകളിൽ അധിഷ്ഠിതമായ ജാതീയതയെ എതിർത്തു. സാമൂഹികനവോത്ഥാനത്തിന് പാരമ്പര്യത്തിന്റെ കേന്ദ്രാക്ഷത്തിൽനിന്നുതന്നെയായിരുന്നു അദ്ദേഹം ഊർജ്ജസമാഹരണം നടത്തിയത്. ജാതിവ്യവസ്ഥയുൾപ്പെടെയുള്ള അനാചാരങ്ങൾ ഈശ്വരസൃഷ്ടമല്ലെന്നും സ്വാർത്ഥമൂർത്തികളും സ്നേഹശൂന്യരുമായ മനുഷ്യരുടെ നിർമ്മിതിയാണെന്നും അദ്ദേഹം കൃതികളിലൂടെ സമർത്ഥിച്ചത് സാർവ്വലൗകികസ

ഹിഷ്ണുതയുടെ വെളിച്ചത്തിലായിരുന്നു.

16- ബൗദ്ധദർശനം ആശാനിലുണ്ടാക്കിയ സ്വാധീനം ഈ രണ്ട് പരാമർശങ്ങളിലും വ്യക്തമാണ്. ആശാൻകവിതയിൽ കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത് അദ്വൈതചിന്തയാണെങ്കിൽ അതിന് പശ്ചാത്തലശോഭ നൽകുന്നത് അതിനോട് അനന്യമായി വർത്തിക്കുന്ന ബൗദ്ധദർശനമാണ്. ബുദ്ധമതം ലോകനിലപാടിൽ ഉന്നയിക്കുന്ന സാർവ്വത്രിക സ്നേഹസാഹോദര്യങ്ങളിൽ അധിഷ്ഠിതമായ വിശ്വമാനവികതയുൾപ്പെടെയുള്ള മൂല്യസഞ്ചയങ്ങളെ ആശാൻ ഉൾക്കൊണ്ട് തന്റെ രചനകളെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. പക്ഷേ, അതദ്ദേഹം സ്വാംശീകരിച്ച അദ്വൈതമായ ഐക്യബോധത്തിന്റെ അടിസ്ഥാനത്തിലാണ്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് തൃഷ്ണയെ സംസ്ക്കരിച്ച് അവസാനം വ്യക്തിതലത്തിലുള്ള അഹങ്കാരംപോലും കെട്ടടങ്ങുന്നുവെന്ന് ബൗദ്ധർ പറയുന്ന നിർവ്വാണാവസ്ഥയെത്തന്നെയാണ് പദാർത്ഥപ്രപഞ്ചത്തെ തന്റെ അസ്തിത്വത്തിൽനിന്ന് അഭിന്നമായി തിരിച്ചറിയുന്ന ജീവന്മുക്തിയെന്ന് അദ്വൈതം നിർദ്ദേശിക്കുന്നത്.

17- മനുഷ്യജീവിതത്തിന്റെ പ്രസന്നഭാവങ്ങളെ ആവിഷ്ക്കരിക്കുമ്പോഴും ദൃശ്യപ്രപഞ്ചത്തെ ഭീതിയും മരണവും അരക്ഷിതാവസ്ഥയും മിഥ്യാത്വവും ക്ഷണികതയും ഒളിച്ചുവെച്ച നശ്വര പ്രതീകമാണ് പ്രപഞ്ചസൗന്ദര്യമെന്ന് കവി നിരന്തരം ഓർമ്മപ്പെടുത്തുന്നു. പ്രപഞ്ചമായും മറ്റ് ജീവജാലങ്ങളുമായും താരതമ്യം ചെയ്യുമ്പോൾ മനുഷ്യന്റെ നിസ്സാരത അവന് ബോദ്ധ്യമാകാത്തത് അവന്റെ ആഗ്രഹങ്ങളും അസൂയയും നിറഞ്ഞ ജീവിതത്താലാണെന്നും കവി നിദർശിക്കുന്നു.

18- അനേകം വൈവിദ്ധ്യങ്ങൾ ചേർന്ന് മാറി മറഞ്ഞു വരുന്ന ഈ ലോകത്തിലെ ഏകത്വത്തെ അറിയാനായില്ലെങ്കിൽ അത് ഭ്രമാത്മകതയിലേക്ക് നയിക്കും. ഉള്ളതുപോലെ അനുഭവപ്പെടുന്നതും എന്നാൽ മറ്റ് തലങ്ങളുമായി ബന്ധപ്പെടുത്തി വിചാരം ചെയ്യുമ്പോൾ പ്രസക്തമല്ലാത്തതുമായ ഒന്നാണ് ഭ്രമത്തിന് കാരണമാകുന്നതെന്ന് കൃതികളിലൂടെ ആശാൻ വ്യക്തമാക്കുന്നു.

19–ഈ പ്രപഞ്ചത്തിൽ ആത്യന്തികനാശമെന്നൊന്നില്ലെന്നും ഉല്പത്തി കർമ്മഗതിപോലെയാണ് സംഭവിക്കുന്നതെന്നും പ്രാരബ്ധകർമ്മം അവസാനിക്കുമ്പോൾ ഒരാൾ തന്റെ ശരീരം ഉപേക്ഷിക്കുന്നുവെന്നുമാണ് കർമ്മസിദ്ധാന്തത്തെക്കുറിച്ച് കവിയ്ക്ക് പറയാനുള്ളത്. ഉണ്ടാകുക, നിലനിൽക്കുക, വർദ്ധിക്കുക, മാറ്റങ്ങൾക്ക് വിധേയമാകുക, ക്ഷയിക്കുക, നശിക്കുക എന്നിവയുടെ ആവർത്തനമാണ് ഈ ലോകം. എന്നാൽ ഇതിൽനിന്ന് വിലക്ഷണമാണ് മാറ്റങ്ങൾക്കെല്ലാം ആധാരമായി നിൽക്കുന്ന ആത്മതത്ത്വം. ആത്മാവിന്റെ അനശ്വരതയും പഞ്ചഭൂതാത്മകമായ പദാർത്ഥങ്ങളുടെ നശ്വരതയുമാണ് ആശാന്റെ പ്രപഞ്ചവീക്ഷണങ്ങളിൽ വെളിപ്പെടുന്നത്.

20– വ്യഷ്ടിതലത്തിലും സമഷ്ടിതലത്തിലുമുള്ള അജ്ഞതയ്ക്ക് നിദാനം അവിദ്യാബാധയാണ്. ഇതിനെ മറികടന്ന് ജ്ഞാനസ്വരൂപത്തിലേക്ക് ഉയരാനാണ് കവി ആവശ്യപ്പെടുന്നത്. മായ, അവിദ്യ എന്നിവയെ സ്തോത്രകൃതികളിൽ സാമ്പ്രദായികമായും പ്രസ്തുത വീക്ഷണങ്ങളിൽ രൂപപരമായ മാറ്റം മാത്രം വരുത്തി ഖണ്ഡകാവ്യങ്ങളിൽ പ്രതീകാത്മകമായുമാണ് കവി പ്രയോഗിക്കുന്നത്.

22– ഭാരതീയചിന്തയിൽ ഉൽല്പത്തി-സ്ഥിതി- നാശങ്ങളുൾപ്പെടെയുള്ള പ്രക്രിയകൾക്കെല്ലാം ആധാരം കർമ്മസംസ്ക്കാരമാണ്. ഒരു കർമ്മത്തിന്മേലുള്ള കർത്തൃത്ത്വവും പരിപൂർണ്ണ അധികാരവും അതിന്റെ കർത്താവിനു മാത്രമായതിനാൽ കർമ്മഫലം അനുഭവിക്കേണ്ടത് അയാൾ മാത്രമാണെന്നാണ് കർമ്മനിയമത്തിന്റെ സാരാംശം. ബാഹ്യവും ആന്തരികവുമായ സ്വാധീനഘടകങ്ങളുടെ പൂരകബിന്ദുവായാണ് കവി വിധിയെ പ്രതിപാദിക്കുന്നത്. കർമ്മനിയമങ്ങൾക്ക് അവിരുദ്ധമായാണ് ആശാൻ കവിതകളിൽ വിധി പ്രസ്താവം നിലകൊള്ളുന്നത്.

23– വൈയക്തികഭാവത്തെ സമഷ്ടിയിലേക്ക് വിക്ഷേപിക്കുന്നതിനുള്ള സാദ്ധ്യതയാണ് തന്റെ കഥാപാത്രങ്ങളിലൂടെ ആശാൻ അന്വേഷിക്കുന്നത്. മനസ്സിലൂടെ പ്രകടമാകുന്ന സോപാധികമായ അഹംഭാവത്തെ പ്രപഞ്ചത്തോളം വ്യാപിപ്പിച്ചോ ക്രമികമായി വിലയിപ്പിച്ചോ നിശ്ശേഷമില്ലാതാക്കി അവയ്ക്കെല്ലാം ആധാരഭൂതമായ ആത്മതത്ത്വത്തെ വെളിപ്പെടുത്തുന്ന നിലപാടാണ് ആശാൻ കൃതികളിലുള്ളത്.

24- ലോകത്തെ വിവിധ നിലപാടുകളിലൂടെ വ്യാഖാനിക്കുന്ന തത്ത്വചിന്തയും അടിസ്ഥാന സൗകര്യങ്ങളെ മെച്ചപ്പെടുത്തുന്നതിലൂടെ മനുഷ്യജീവിതത്തെ മാറ്റി മറിക്കുന്ന ഭൗതികശാസ്ത്രവും മനുഷ്യന്റെ കാതലായ പല പ്രശ്നങ്ങൾക്കു മുന്നിലും പരാജയപ്പെട്ടുവെന്ന അഭിപ്രായം കവിയ്ക്കുണ്ട്. സാമൂഹികമായ നന്മയും വ്യക്തിയുടെ ആത്യന്തികമായ ക്ഷേമൈശ്വര്യങ്ങളും പ്രദാനം ചെയ്യാൻ ഭൗതിക/ആത്മീയ ഭേദമെന്യേ അറിവിനു വിധേയമാകുന്ന വിഷയങ്ങൾക്കെല്ലാമുള്ള പരിമിതികളെയും കവി എടുത്തു കാട്ടുന്നുണ്ട്.

25- ഏകമായ ഉണ്മയുടെ വിവിധ ആകാരവിശേഷങ്ങളെന്ന നിലയിൽ സൃഷ്ടികൾ തമ്മിലുള്ള അനന്തമായ പാരസ്പര്യംകൊണ്ടാണ് വീണപൂവിന്റെ പതനവും നളിനിയുടെ ദേഹവിയോഗദുഃഖവും ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും പങ്കിടുന്നത്.

26- സ്തോത്രകൃതികൾ മുതൽക്കുള്ള കുമാരനാശാന്റെ ദാർശനിക അവബോധത്തിന്റെ മൗലികഭാവമാണ് അദ്ദേഹത്തിന്റെ പിൽക്കാലകൃതികളിലുമുള്ളത്. രൂപഘടനയിലും ഭാവത്തിന്റെ ഉപരിമണ്ഡലത്തിലും ഭാവുകത്വപരിണാമത്തിന്നനുസൃതമായ ആവിഷ്ക്കാര സമ്പ്രദായങ്ങൾ ആശാൻ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ കേവലസത്യത്തെ കുറിച്ചുള്ള അവബോധം, ഈശ്വരന്റെ ഏകത്വം, ജീവാത്മാവിന്റെ അനശ്വരത്വം തുടങ്ങിയവയെ കുറിച്ചുള്ള നിദർശനം വിഷയപ്രപഞ്ചം മായികമാണെന്നും അതിന്നപ്പുറത്തുള്ള അതീതതലങ്ങളെ അന്വേഷിച്ചറിയണമെന്നമെന്നുള്ള ബോദ്ധ്യം, വ്യവഹാരപ്രപഞ്ചം അപൂർണ്ണവും ദുഃഖദായകവുമാണെന്ന വീക്ഷണം, ഭോഗവിഷയങ്ങളിലൂടെ ശാശ്വതമായ വിമോചനം നേടാനാകില്ലെന്ന വിശ്വാസം, സർവ്വചരാചരങ്ങളുടെയും ഉള്ളിൽ നിലകൊള്ളുന്ന നന്മയിലും കാരുണ്യത്തിലും സ്നേഹത്തിലും നിലയൂന്നിയ ഐകമത്യം എന്നീ മൗലികവീക്ഷണങ്ങളിലൊന്നിലും സ്തോത്രകൃതികൾക്കും പിൽക്കാലകൃതികൾക്കും തമ്മിൽ വിച്ഛേദമില്ല.

27- ഏകത്വത്തിന്റെയും യോഗാത്മകതയുടെയും അടിത്തറയിൽനിന്നാണ് കാലത്തെ ആത്മസംസ്ക്കരണത്തിനുള്ള പ്രചോദനമായി ആശാൻ കാണുന്നത്. അനന്തമായ സ്ഥലകാലബോധം ആത്മജ്ഞാനത്തെ ലക്ഷ്യമാക്കുമ്പോഴാണ് അനന്തവൈചിത്ര്യമാർന്ന കല്പന

കളിലൂടെ വാഗ്രൂപമെടുക്കുന്നത്. ഒരു പദം വ്യത്യസ്ത സാഹചര്യങ്ങളിൽ ഉപയോഗിക്കുമ്പോൾ അർത്ഥവ്യത്യാസം ഉണ്ടാകുന്നത് കാലത്തിന്റെ ബഹുസ്വരതകൊണ്ടാണ്.

28- ആശാൻകൃതികളിൽ ജീവിതാഭിമുഖ്യവും മൃത്യുഭീതിയും ഇരുകരകളായി വർത്തിക്കുന്നു. ജനിമൃതികളെ ആപേക്ഷികയാഥാർത്ഥ്യങ്ങളെന്ന നിലയ്ക്കാണ് ആശാൻ വിലയിരുത്തുന്നത്. ഇത്തരം വിരുദ്ധാവസ്ഥകൾ സൃഷ്ടിക്കുന്ന സങ്കീർണ്ണമായ പ്രശ്നമണ്ഡലം കവിതകളിലുണ്ട്. വിഷയപ്രപഞ്ചത്തിന്റെ അനിത്യഭാവങ്ങളുടെ തുടർച്ചയും മൂർത്തതയുമായാണ് ആശാൻ മരണത്തെ കണ്ടത്. കവിവ്യക്തിത്വത്തെ മരണം ശക്തമായ അളവിൽ സ്വാധീനിച്ചിരുന്നെങ്കിലും മരണം ഒന്നിന്റെയും അന്ത്യമല്ലെന്ന ഉത്തമബോദ്ധ്യം കവിയ്ക്കുണ്ടായിരുന്നു. ഈ പ്രപഞ്ചപദാർത്ഥങ്ങളുടെ തനത് ഭാവം ഉൾക്കൊണ്ട് അവയോട് കരുതലോടെ ഇടപെടുന്നതിനുള്ള വൈരാഗ്യഭാവവും അതിനുള്ള വിവേകവും സമാർജ്ജിക്കാനാകുമെന്ന് അദ്ദേഹം മനസ്സിലാക്കി.

29- സ്നേഹഗായകനാണ് കുമാരനാശാൻ. പ്രപഞ്ചതത്ത്വമായ സ്നേഹത്തെ ഈശ്വരീയമായിക്കണ്ട് സർവ്വചരാചരങ്ങളെയും പ്രസ്തുത മൂല്യമണ്ഡലവുമായിണക്കി വ്യക്തിജീവിതത്തെ സംസ്ക്കരിക്കുകയും അതിലൂടെ സാമൂഹികമായ നവോത്ഥാനവും പ്രപഞ്ചത്തിന്റെ താളക്രമവും ഉറപ്പുവരുത്തുകയും ചെയ്ത കവിയാണ് അദ്ദേഹം. പ്രണയനിഷ്ഠ, വിശുദ്ധപ്രണയം, ഭാര്യാഭർത്തൃബന്ധത്തിന്റെ ഉദാത്തത, ത്യാഗസന്നദ്ധത, ധർമ്മബോധം എന്നിവ അദ്ദേഹം കൃതികളിൽ മുഖ്യപ്രമേയമാക്കുന്നുണ്ട്. ആത്മനിഷ്ഠമെന്നതുപോലെ തന്നെ പ്രണയം തെരഞ്ഞെടുപ്പും സ്വാതന്ത്ര്യവും സ്വയംപ്രഖ്യാപനവും അവബോധവുമാണ്. മാംസനിബദ്ധമല്ലാത്ത ശുദ്ധസ്നേഹത്തെ ജീവന്റെ പ്രതിരോധവും സുരക്ഷാ കവചവും ആത്മാവിന്റെ സാഫല്യവുമാക്കി ഉയർത്തി ഉജ്ജ്വലമായൊരു സ്നേഹദർശനം ആശാൻ അവതരിപ്പിച്ചു.

30- പ്രപഞ്ചത്തിലെ അനിത്യത, അസ്ഥിരത, ക്ഷണികത, ശോകാത്മകത, പാരസ്പര്യം എന്നിവയെല്ലാം സ്ഥാപിക്കുവാൻ കവി പ്രതീകമാക്കുന്നത് ഈ ചരാചരപ്രപഞ്ചത്തെയാണ്. വൈവിദ്ധ്യവും വൈരുദ്ധ്യവുമാർന്ന സൃഷ്ടികൾ സാരാംശത്തിൽ ഒരാധാരത്തിൽത്തന്നെ അഭിന്നമായി വർത്തിക്കുന്നുവെന്ന അദ്വൈതനിലപാടിൽ നിന്നുകൊണ്ടാണ് പരമ്പരാഗത

ജീവിതമൂല്യങ്ങളും പുതിയലോകക്രമവും ഉൾക്കൊള്ളുന്ന ആശാന്റെ പരിസ്ഥിതി സങ്കല്പം ഉരുത്തിരിയുന്നത്.

31- ആശാന്റെ സ്വാതന്ത്ര്യദർശനത്തിന് അടിസ്ഥാനം അദ്വൈതതലത്തിലുള്ള സത്യദർശനമാണ്. ഏകവും അദ്വിതീയവുമായ സത്യത്തിന്റെ സോപാധികനിലയിലുള്ള ആവിഷ്ക്കാരമാണ് സമസ്തവും. അതിലൂടെ സുസ്ഥാപിതമാകുന്ന അനന്യതാബോധമാണ് സ്വാതന്ത്ര്യത്തെ യാഥാർത്ഥ്യമാക്കുന്നത്. സത്യാവബോധത്തിന്നനുസൃതമായ ധർമ്മാചരണത്തിലൂടെ അന്തഃകരണശുദ്ധി കൈവരിച്ച് പ്രേമത്തിലൂടെ സാഹോദര്യവും സ്ഥിതിസമത്വവും ഏകത്വവും തിരിച്ചറിഞ്ഞ് സ്വാതന്ത്ര്യത്തെ സാക്ഷാൽക്കരിക്കലാണ് ജീവിതലക്ഷ്യമായി ആശാൻ കാണുന്നത്.

32- ഒരു വ്യക്തിക്ക് അവനവനിൽനിന്നുള്ളത്, ഭൗതിക പരിസരത്തിൽനിന്നുള്ളത്, പ്രകൃതിയിൽനിന്നുള്ളത്, അതുപോലെ സമൂഹത്തിന് അതിൽ നിന്നുതന്നെയുള്ളത്, വ്യക്തികളിൽനിന്നുള്ളത്, പ്രകൃതിനിയമത്തിൽനിന്നുള്ളത് എന്നിങ്ങനെ നിരവധി തലങ്ങൾ ആശാന്റെ സ്വാതന്ത്ര്യദർശനത്തിനുണ്ട്. ദേശീയസ്വാതന്ത്ര്യത്തെ അധികാരവിനിമയമെന്നതിനപ്പുറം ഇന്ത്യയിലെ അധഃസ്ഥിതരായ മനുഷ്യരുടെ വിമോചനത്തിനുള്ള സാമൂഹികക്രമത്തിന്റെ പുനഃസംഘടനയെന്ന നിലയ്ക്കാണ് ആശാൻ വിലയിരുത്തിയത്.

33- വ്യക്തിയുടെ സ്വതന്ത്രേച്ഛയും സമൂഹത്തിന്റെ വ്യവസ്ഥീകരണവും പ്രണയത്തെ സ്വാതന്ത്ര്യപ്രശ്നമാക്കി മാറ്റുമ്പോൾ അതെല്ലാം മറികടക്കുന്നതിനുള്ള ഇച്ഛാശക്തിയും സ്വയംനിർണ്ണയാവകാശവും ആശാന്റെ നായികമാർക്കുണ്ടായിരുന്നു. സ്വതന്ത്രമായ കാമ്യപ്രതിഗ്രഹേച്ഛയുടെ വക്താക്കളും പ്രയോക്താക്കളുമായ അവർ തന്റേടത്തോടെ പ്രവർത്തിക്കാനുള്ള ധീരത, സ്വാതന്ത്ര്യം, ആത്മബലം എന്നിവയെല്ലാം നേടിയെടുക്കുന്നത് പ്രണയത്തിലൂടെയാണ്. ഇതര കാമുകരെ തിരസ്ക്കരിച്ച് ഭൃംഗവര്യനെ സ്വയം തിരഞ്ഞെടുത്ത വീണപൂവ്, വീടും കുടുംബവും ഉപേക്ഷിച്ച് ദിവാകരനെ തേടിപ്പോയ നളിനി, ഭർത്താവിന്റെ മരണശേഷം വിന്ധ്യാടവിയിലേക്കുപോയ ലീല, ആനന്ദഭിക്ഷുവിനെ തേടിപ്പോകുന്ന മാതംഗി, ചാത്തനെ വരിക്കുന്ന സാവിത്രി തുടങ്ങിയവരെയെല്ലാം അതിന് ഉദാഹരണങ്ങളാണ്.

34- ആശാൻകൃതികളിലെ മേലാളർ/കീഴാളർ, അടിമ/ ഉടമ എന്നിങ്ങനെ ജാതീയവും വർഗ്ഗപരവുമായ പരാമർശങ്ങൾ വിഭാഗീകരണമോ സിദ്ധാന്തവൽക്കരണമോ ലക്ഷീകരിക്കുന്നില്ല. നിലവിലുള്ള യാഥാർത്ഥ്യങ്ങളോട് അതത് ഇടങ്ങളിൽ വെച്ചുതന്നെ നടത്തുന്ന അദ്വൈതചിന്തയുടെ ഉദാരവും ബഹുസ്വരമായ സംവേദനസങ്കേതമാണതെന്ന് കവിതയുടെ പരമതാല്പര്യവും ലക്ഷ്യമാർഗ്ഗങ്ങളും നിരൂപണം ചെയ്യുമ്പോൾ വ്യക്തമാകും.

35- ജീവിതത്തെക്കുറിച്ചുള്ള ആഴമേറിയ വിചിന്തനത്തിൽനിന്നും രൂപമെടുക്കുന്നതാണ് വൈരാഗ്യമെന്ന ഭാവം. അത് അതീതയാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അവബോധത്തിന്ന നുസൃതമായി ആത്മസംസ്ക്കരണത്തിലൂടെ പരമമായ നിഃശ്രേയസ്സത്തിലേക്കുയരുന്നതിനുള്ള അരങ്ങൊരുക്കമാണ്.

36- ഉണ്മയുടെ സകല ഇടങ്ങളെയും പൂരിപ്പിച്ചുപോകുന്ന നിലയിലാണ് വിരുദ്ധകോടികളെ സമന്വയിപ്പിക്കുന്നത്. അവിടെ നിരാസമല്ല സംസ്ക്കരണവും ഉദാത്തീകരണ(sublimation)വുമാണ് സംഭവിക്കുന്നത്. എല്ലാത്തിനെയും തനത് മഹിമയിൽ നിലനിർത്തുകയാണ് ചെയ്യുന്നത്. അപ്പോൾ വൈരാഗ്യമെന്ന പദം തന്റെ ആത്മസ്വരൂപത്തോടും ഈ പ്രപഞ്ചത്തിന്റെ സവിശേഷതത്ത്വമായ ഈശ്വരനോടുമുള്ള രാഗമെന്ന നിലയിലേക്കുയരുന്നു; അതുകൊണ്ടാണ് ആശാൻകവിതകളിൽ ജീവിതാസക്തിയും വിരക്തിയും ഒരുപോലെ ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് തൃഷ്ണയെ സംസ്ക്കരിച്ച് നമ്മുടെ അവബോധത്തെ ആസക്തിക്കും വിരക്തിക്കും ഉപരിയെത്തിക്കാനാണ് കവിതകളിലൂടെ അദ്ദേഹം ശ്രദ്ധിച്ചത്.

37- എല്ലാ ഉപാധികളിൽ നിന്നും എന്നന്നേക്കുമുള്ള വിമുക്തിയെന്ന അദ്വൈതനിലപാടാണ് തന്റെ കൃതികളിൽ ആശാൻ കൈക്കൊണ്ടിരിക്കുന്നത്. തന്നിലെ അപരിമേയശക്തി വിശേഷത്തെക്കുറിച്ചുള്ള ബോദ്ധ്യമാണ് മുക്തിയിലേക്ക് ഉയരുന്നതിന് അനിവാര്യമായതെന്നും കവി സ്പഷ്ടമാക്കുന്നു.

• • • • • • • • • • • • • • • • • • • • • •

# ഗ്രന്ഥസൂചിക

## പ്രഥമാകരങ്ങൾ


1. ഈശാവാസ്യോപനിഷത്ത് -വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി, നാരായണ ഗുരു കുലം - 1992

2. ഉപനിഷത്ത് സർവ്വസ്വം - സമ്പൂർണ്ണമൂലവും, പരിഭാഷയും, ഡി. ശ്രീമാൻ നമ്പൂതിരി, സമ്രാട്ട് പബ്ലിക്കേഷൻസ് - 2001

3. ഋഗ്വേദം - ഭാഷാഭാഷ്യം : ഒ. എം. സി. നമ്പൂതിരിപ്പാട്, ഡി.സി. ബുക്സ് 1995 (വാല്യം - 2,7)

4. ഐതരേയോപനിഷത്ത് വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ - 1985

5. കഠോപനിഷത്ത് - (ശാങ്കരഭാഷ്യസഹിതം), വിവ.: ടി. എൻ. എൻ. ഭട്ടതിരിപ്പാട് - ഡി. സി. ബുക്സ്, 1994

6- കേനോപനിഷത്ത്- മന്ത്രം-3 -വ്യാഖ്യാനം- മൃഡാനന്ദസ്വാമി- ശ്രീരാമകൃഷ്ണ മഠം, പുറനാട്ടുകര, തൃശ്ശൂർ, 1992 പുറം-26

7-ഗാരുഡ, നാരദ, ബ്രഹ്മപുരാണങ്ങൾ - ബാലകൃഷ്ണൻ & ആർ. ലീലാദേവി - നാഷണൽ ബുക്സ്റ്റാൾ, കോട്ടയം - 1983

8- ഛാന്ദോഗ്യോപനിഷത്ത് - ശാങ്കരഭാഷ്യസഹിതം- വിവർത്തകൻ - ഡോ. ടി. എൻ. എൻ. ഭട്ടതിരിപ്പാട്, ആദിശങ്കര സാംസ്ക്കാരികകേന്ദ്രം, തിരുവനന്തപുരം - 1981

9- തൈത്തിരീയോപനിഷത്ത്- വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ - 1985

10-ദേവീഭാഗവതം വാല്യം-1,2, കേരളഭാഷാഗദ്യം- പരിഭാഷകൻ-കെ.രാമൻ മേനോൻ- എസ്. ടി.റെഡ്യാർ&സൺസ് വി.വി.പ്രസ്സ്, കൊല്ലം-1987 എഡി-1

11- പ്രശ്നോപനിഷത്ത്-വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ - 1992

12- ബൃഹദാരണ്യകോപനിഷത്ത് - ഗുരു നിത്യചൈതന്യയതി- ഡി.സി.ബുക്സ് - വാല്യം - I മധുകാണ്ഡം, 1994, വാല്യം -II മുനികാണ്ഡം 1995,

വാല്യം-III ഖിലകാണ്ഡം 1996

13- ബൃഹദാരണ്യകോപനിഷത്ത് -വ്യാഖ്യാനം - മൃഡാനന്ദസ്വാമി. ശ്രീരാമകൃഷ്ണമഠം - 1992

14- ബ്രഹ്മസൂത്രം (ശാങ്കരഭാഷ്യാനുവാദം)- പണ്ഡിറ്റ് ഗോപാലൻ നായർ. ഈതോസ് ബുക്സ്, 1994

15- ബ്രഹ്മസൂത്രഭാഷ്യാനുവാദം (ഭാഷ്യപ്രദീപം): പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ (ഭാഷ്യപ്രദീപം) - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്., 1997

16-ഭഗവദ്ഗീതാ സ്വാദ്ധ്യായം - ഗുരു നിത്യചൈതന്യയതി കറന്റ് ബുക്സ് - 1992

17- മനുസ്മൃതി,(3-56), ഭൃഗുസംഹിത സാരബോധിനീ സഹിതം- വ്യാഖ്യാനം- പ്രൊഫ.എൻ. ഗോപിനാഥൻ നായർ, വിദ്യാരംഭം പബ്ലിക്കേഷൻസ് ആലപ്പുഴ എഡി-3, 1988, പുറം-101

18- മഹാഭാരത സാരസർവ്വസ്വം - സ്വാമി ജ്ഞാനാനന്ദ സരസ്വതി. വാല്യം-1, 1990

19- മാണ്ഡൂക്യകാരിക - മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, 1988

20- മുണ്ഡകോപനിഷത്ത് -വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ - 1987

21-യജുർവേദം - വ്യാഖ്യാനം : വി. ബാലകൃഷ്ണൻ & ആർ. ലീലാദേവി, വിദ്യാർത്ഥിമിത്രം, 1975

22- യോഗവാസിഷ്ഠം (കൈരളീവ്യാഖ്യാനം) - ഡോ. എൻ. ഗോപാലപ്പണിക്കർ, ശ്രീരാമവിഷൻ പ്രിന്റിംങ് & പബ്ലിക്കേഷൻസ്, 1985

23- രണ്ടു വിദ്യാരണ്യ കൃതികൾ - പഞ്ചദശി, ജീവന്മുക്തിവിവേകം, പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1997

24.- വാത്മീകി രാമായണം - വിവ. ഡോ. സുധാംശു ചതുർവേദി, പ്രസാധനം - ഗീതാ പ്രൈവറ്റ് ലിമിറ്റഡ്

25- വാസിഷ്ഠരാമായണം (ശ്രീ വാല്മീകി മഹർഷി പ്രണീതം) - പരിഭാഷകൻ - പണ്ഡിതർ, സാഹിത്യ നിപുണൻ, കെ. വാസുദേവൻ മൂസ്സത്, പി. കെ. ബ്രദേഴ്സ് - 1987

26 വേദാന്തദർശനം - ഉപനിഷത് സ്വാദ്ധ്യായം, പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997

27-ശ്വേതാശ്വതരോപനിഷത്ത് -വ്യാഖ്യാനം : മൃഡാനന്ദസ്വാമി, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ – 1987

28- ശ്രീമദ് ഭഗവദ്ഗീത - (ഭാഗം - 1, 2, 3) - ശാങ്കരഭാഷ്യ വ്യാഖ്യാനസഹിതം., സ്വാമി ചിദാനന്ദപുരി കൊളത്തൂർ അദ്വൈതാശ്രമം.

29- ശ്രീമദ് ഭാഗവതം - ഭാവാർത്ഥകൗമുദീ വ്യാഖ്യാനസഹിതം - സാഹിത്യകേസരി പണ്ഡിറ്റ്. പി. ഗോപാലൻ നായർ ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം, 1995

30-ശ്രീ മഹാഭാരതം - വാല്യം - 4, ഭാഷാഭാരത വിവർത്തനം - കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ - നാഷണൽ ബുക്സ്റ്റാൾ - 1987

31- ശ്രീ മഹാഭാരതം - വാല്യം - 4, ഭാഷാഭാരത വിവർത്തനം - കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ - നാഷണൽ ബുക്സ്റ്റാൾ - 1987

32-ശ്രീ മഹാഭാരതം(അഞ്ചാം വാല്യം)- വിവർത്തനം- കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-2, 1981,

33-ശ്രീരാമഗീത വ്യാഖ്യാനം - സ്വാമി ചിന്മയാനന്ദൻ. വിവർത്തകൻ - ഗോപാലൻ സെൻട്രൽ ചിന്മയമിഷൻ ട്രസ്റ്റ് 1986

34- ശ്രീ ലളിതാ സഹസ്രനാമം - വ്യാഖ്യാ. തിരുവള്ളിക്കാട്ട് നാരായണ മേനോൻ. മാതാ അമൃതാനന്ദമയീ മിഷൻ ട്രസ്റ്റ് 1995

35-ദേവീഭാഗവതം-വാല്യം-2, കേരളഭാഷാഗദ്യം- പരിഭാഷകൻ-കെ.രാമൻ മേനോൻ- എസ്. ടി.റെഡ്യാർ&സൺസ് വി.വി.പ്രസ്സ്, കൊല്ലം-1987 എഡി-1

36- ദേവീ മഹാത്മ്യം - വ്യാഖ്യാതാവ് : ആചാര്യ എൻ. ആർ. ശാസ്ത്രി, വിദ്യാരംഭം പ്രസിദ്ധീകരണം, 1987

37സമ്പൂർണ്ണ ശിവപുരാണം (ഗദ്യം) - സി. ജി. വാരിയർ, സുലഭ ബുക്സ്, തൃശ്ശൂർ. 1996

38- സാമവേദം - വ്യാഖ്യാനം - വി. ബാലകൃഷ്ണൻ & ആർ. ലീലാദേവി

Aurovillie Publishers - കോട്ടയം, 1975

### ദ്വിതീയാകരങ്ങൾ

1- അച്യുതൻ എം - പാശ്ചാത്യസാഹിത്യദർശനം -കറന്റ് ബുക്സ്, തൃശ്ശൂർ- 1997

2-അമ്പിളി കുമാരി ആർ. (ഡോ.)- ഇമേജറി ഭാഷയും മനസ്സും- ആശാൻ കവിതകളുടെ വായന-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2011

3- അപ്പൻ കെ.പി.- സമയപ്രവാഹവും സാഹിത്യകലയും- ഡി.സി.ബുക്ക്സ്, എഡി-1, കോട്ടയം 1996

4—ആയുർവ്വേദ സർവ്വവിജ്ഞാനകോശം- രോഗവും പ്രതിവിധിയും ആയുർവ്വേദത്തിൽ, ഫൈൻ ആർട്ട്സ് പബ്ലിക്കേഷൻ, തിരുവനന്തപുരം, 1991, പുറം-198

5-അപ്പൻ എം.പി.- ശ്രീനാരായണ ഗുരുവും ആശാൻ കവിതയിലെ ശൃംഗാരാവിഷ്ക്കരണവും- ശ്രീനാരായണ പഠന കേന്ദ്രം, കേരള സർവ്വകലാശാല, എഡി-1, 1999

6-ആശാൻ മെമ്മോറിയൽ അസോസിയേഷൻ, ചെന്നൈ- സൂര്യതേജസ്സ് (ആശാൻ കവിതാ പഠനങ്ങൾ),-പ്രസാധകൻ- ഇ.കെ. പുരുഷോത്തമൻ, എഡി-1, 1999

7- ഉള്ളൂർ എസ്. പരമേശ്വരയ്യർ- ഉള്ളൂരിന്റെ പദ്യകൃതികൾ- (വാള്യം-2)- നാഷനൽ ബുക്ക്സ്റ്റാൾ, കോട്ട യം, 1977

8-കമലമ്മ ജി.- ആശാൻ സാഹിത്യ പ്രവേശിക (പഠനങ്ങൾ)- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ട യം, എഡി-1. 1989, പുറം-129

9- കുട്ടിക്കൃഷ്ണ മാരാർ- സാഹിത്യഭൂഷണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്-1991

10-കരുണാകരൻ, കെടാക്കുളം- ഋഷിയും കവിയും ശ്രീനാരായണ യുഗപ്രഭാവം- അന്താരാഷ്ട്ര ഗുരുവർഷാചരണം, സ്മരണിക 1970

11- കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം ഒന്ന്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010

12-കുമാരനാശാൻ-കുമാരനാശാൻസമ്പൂർണ്ണ കൃതികൾ(ഭാഗം രണ്ട്)- കുമാരനാശാൻ ദേശീയ സാംസ്ക്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, എഡി.1, മെയ്-2010

13- കുമാരനാശാൻ സ്മാരകസമിതി- സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം, എഡി-1, 1968 പുറം-73

14- കുമാരനാശാൻ-പ്രരോദനം- പ്രദ്യോതിനി വ്യാഖ്യാനം- ഡോ. ടി. ഭാസ്ക്കരൻ-കേരളഭാഷാ

ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം- 2000 (ശ്ലോകം-40)

15-കുമാരനാശാൻ- ലീല- (കരിമ്പുഴ രാമകൃഷ്ണന്റെ ലീലാഹൃദയം വ്യാഖ്യാനത്തോടു കൂടി)-ഡി.സി. ബുക്ക്സ്, കോട്ടയം-1982

16-കുമാരനാശാന്റെ കാവ്യപ്രപഞ്ചം-സമ്പാ:കെ.രാമചന്ദ്രൻ നായർ, ടി. ഭാസ്ക്കരൻ, കേരളസർവ്വകലാശാല, തിരുവനന്തപുരം, എഡി-1, 1976

17-കുമാരനാശാൻ സ്മാരകസമിതി- സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം, എഡി-1, 1968

18-കുഞ്ചുണ്ണിരാജാ കെ. (ഡോ) - ശ്രീശങ്കരാചാര്യർ -സാംസ്ക്കാരിക വകുപ്പ്, കേരള സർക്കാർ 1998

19- കുരുക്ഷേത്ര പബ്ലിക്കേഷൻസ് - ശങ്കരദർശനം വ്യത്യസ്ത വീക്ഷണങ്ങളിൽ - ലേഖന സമാഹാരം, 1989

20- കുര്യാസ് (ഡോ.)- മൃത്യുബോധം മലയാള കാല്പനിക കവിതയിൽ- ജീവൻ ബുക്ക്സ്, ഭരണങ്ങാനം- 1988

21- കുറ്റിപ്പുഴ കൃഷ്ണപ്പിള്ള - കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ - (ഭാഗം 2-തത്ത്വചിന്ത) കേരള സാഹിത്യ അക്കാദമി - 1996

22- കേശവൻ നായർ. പി. - ഭൗതികത്തിനുമപ്പുറം - ഡി. സി. ബുക്സ് 2001

23- കേശവൻ വൈദ്യർ. സി.ആർ. - ശ്രീനാരായണ ചിന്തകൾ - നാഷണൽ ബുക് സ്റ്റാൾ - 1972

24-കൃഷ്ണപ്പിള്ള എൻ. പ്രൊഫ.- തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-1,

25-ഗോപിനാഥൻ എ. (ഡോ.)- ആശാനും ഭാരതീയദർശനങ്ങളും- സാന്ദീപനി ബുക്ക്സ്, എഡി-1, 1993

26-ചട്ടമ്പിസ്വാമികൾ - നിജാനന്ദവിലാസം - വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി, 1986

27- ചാക്കോ പി.ടി (പ്രൊഫ.) - സാഹിത്യ തത്ത്വം -സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്- 1998

27-ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തുപരം - ശാങ്കരദർശനം പ്രശ്നങ്ങളും പ്രസക്തിയും - എഡി: ഐ. വി. ദാസ് - 1990

28-ചെറിയാൻ കുനിയന്തോടത്ത്, (ഫാദർ)- ആശാനിലെ ദാർശനികൻ- ജനതാ ബുക്ക് സ്റ്റാൾ, തേവര, എഡി-1, 1971

29-ജയകൃഷ്ണൻ- വീണപൂവ്, വീഴാത്ത പൂവിന്റെ സമരോത്സുക സഞ്ചാരം- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1 2008

30-ജോസഫ് മുണ്ടശ്ശേരി- ആശാൻകവിത: ഒരു പഠനം- കറന്റ് ബുക്ക്സ്, തൃശ്ശൂർ, എഡി-3, 1988,

31-ജോസഫ് മുണ്ടശ്ശേരി- മാറ്റൊലി- മംഗളോദയം, ഒന്നാം പതിപ്പ്, 1944, തൃശ്ശൂർ

32- ഡാനിയൽ കെ.എം. വീണപൂവ് കൺമുന്നിൽ- പി.കെ.ബ്രദേഴ്സ്, കോഴിക്കോട്, 1960

33-തരകൻ കെ.എം. (ഡോ.)-പാശ്ചാത്യസാഹിത്യ തത്ത്വശാസ്ത്രം -നാഷനൽ ബുക്സ്റ്റാൾ, കോട്ടയം-2000

34-തിരുമൂല നായനാർ- തിരുമന്ത്രം- വിവ: കെ.ജി. ചന്ദ്രശേഖരൻ നായർ, ഡി.സി.ബുക്ക്സ്, എഡി-1, 2007

35- തുഞ്ചത്തെഴുത്തച്ഛൻ-അദ്ധ്യാത്മരാമായണം കിളിപ്പാട്ട്- സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി: 6, 1997, പുറം-156

36- ദാമോദരൻ. കെ. - ഭാരതീയ ചിന്ത - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1998

37- നജ്മും എ. (ഡോ.)- സംവാദത്തിന്റെ ബലതന്ത്രം- കറന്റ് ബുക്ക്സ്, തൃശ്ശൂർ, 1997

38- നമ്പൂതിരി. വി. ജി. - അദ്വൈതവേദാന്തസാരം -കുരുക്ഷേത്ര പ്രകാശൻ - 2000

39- നായർ. എ. കെ. - ബ്രഹ്മാനന്ദ സ്വാമി ശിവയോഗി - പ്രസാധകൻ പി. വി. ബാലകൃഷ്ണൻ നായർ - സിദ്ധാശ്രമം - 1971

40-നായർ. എം. എസ്. (ഡോ.) - മനസ്സ് എന്ന ദൈവം - കറന്റ് ബുക്സ് - 1997

41- നാരായണഗുരു-അദ്വൈതദീപിക - വ്യാഖ്യാനം : മുനി നാരായണപ്രസാദ്, നാരായണഗുരുകുലം, 2001

42- നാരായണഗുരു - അറിവ് - വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി - നാരായണ ഗുരുകുലം - 1989

43- നാരായണഗുരു- ആത്മോപദേശ ശതകം - വ്യാഖ്യാനം : ഗുരു നിത്യചൈതന്യയതി - മാതൃഭൂമി പ്രസിദ്ധീകരണം - 1988

44- നാരായണഗുരു- ആത്മോപദേശ ശതകം - വ്യാഖ്യാനം : മുനിനാരായണപ്രസാദ് - നാരായണ ഗുരുകുലം

45- നാരായണഗുരു - ബ്രഹ്മവിദ്യാപഞ്ചകം - വ്യാഖ്യാനം : മുനി നാരായണപ്രസാദ്, നാരായണഗുരുകുലം, 1985

46- നാരായണ ഗുരു - ഷൺമുഖ സ്തോത്രം - വ്യാഖ്യാനം - മുനി നാരായണ പ്രസാദ്, നാരായണ ഗുരുകുലം, 1989.

47- നാരായണ മേനോൻ നാലാപ്പാട്ട്- ആർഷജ്ഞാനം- മാതൃഭൂമി ബുക്ക്സ്, കോഴിക്കോട് 1970, എഡി-1,

48- നിത്യ ചൈതന്യ യതി, ഗുരു- ആശാനെപ്പറ്റിയുള്ള മൂന്നു പ്രബന്ധങ്ങൾ- പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 1994

49- നിത്യചൈതന്യയതി, ഗുരു - തത്ത്വമസി - തത്ത്വവും അനുഷ്ഠാനവും - ഡി.സി. ബുക്സ് - 1995

50- നിത്യചൈതന്യയതി, ഗുരു - ദൈവവും പ്രവാചകനും പിന്നെ ഞാനും- ഇംപ്രിന്റ് ബുക്സ് - 1994

51- നിത്യചൈതന്യയതി, ഗുരു- സീത നൂറ്റാണ്ടുകളിലൂടെ- നാരായണ ഗുരുകുലം- ശ്രീനിവാസപുരം, തിരുവനന്തപുരം

52- നിത്യചൈതന്യയതി, ഗുരു - ഭാരതീയ മനഃശാസ്ത്രം - കറന്റ് ബുക്സ്, 1992

53- നിത്യ ചൈതന്യയതി, ഗുരു- നളിനി എന്ന കാവ്യശില്പം- കറന്റ് ബുക്ക്സ്, എഡി-1, 1993

54- നിത്യ ചൈതന്യയതി, ഗുരു- വേദാന്തപരിചയം (വിവേകചൂഡാമണിയുടെ വിശദീകരണം)-ഭാഗം-1- പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 1997 പുറം-69

55-നിത്യ ചൈതന്യയതി, ഗുരു-(വിവേകചൂഡാമണിയുടെ വിശദീകരണം)-ഭാഗം-2-പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, എഡി-1, 2000, പുറം-246

56- നിരണത്ത് രാമപ്പണിക്കർ- ഭാഷാ ഭഗവദ്ഗീത—കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1988-

പുറം-31

57- നീലകണ്ഠൻ ഇളയത്. കെ. എൻ. (ഡോ.) - അദ്വൈതധർമ്മം- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1992

58-പൂന്താനം നമ്പൂതിരി- ജ്ഞാനപ്പാന-സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി: 2, 1993

59- ബാലകൃഷ്ണൻ പി.കെ. കാവ്യകല കുമാരനാശാനിലൂടെ- ഡി.സി.ബുക്ക്സ്, കോട്ടയം, എഡി- 2, 2009

60- ബ്രഹ്മാനന്ദസ്വാമി ശിവയോഗി - ആനന്ദസൂത്രം- പ്രസാധകൻ - നിർമ്മലാനന്ദയോഗി, ആലത്തൂർ, 1997

61- ഭരതമുനി- നാട്യശാസ്ത്രം- കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ -1987

62- ഭാസ്ക്കരൻ ടി.(ഡോ.) - ഭാരതീയ കാവ്യശാസ്ത്രം - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1994

63— ഭാസ്ക്കരനുണ്ണി പി. ആശാന്റെ വിചാരശൈലി- നാഷനൽ ബുക്ക് സ്റ്റാൾ, എഡി-1, കോട്ടയം-1974, പുറം-20

64-വാസുദേവ ഭട്ടതിരി. സി. വി. - ഭാരതീയദർശനങ്ങൾ - നാഷനൽ ബുക്ക്സ്റ്റാൾ, 1990

65- ബൈബിൾ-പുതിയ നിയമം- ദി ഗിഡിയൻസ് ഇന്റർ നാഷനൽ-1990,

66- ബ്രഹ്മാനന്ദസ്വാമി ശിവയോഗി - മോക്ഷപ്രദീപം - സിദ്ധാശ്രമം - 1952

67- മഹിമഭട്ടൻ- വ്യക്തിവിവേകം- വ്യാഖ്യാ. സുകുമാരപ്പിള്ള.കെ.(ഡോ.) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1988

68- മഹേശ്വരൻ നായർ. കെ. (പ്രൊഫ.) - ശ്രീനാരായണഗുരു, മതം, മാർക്സിസം പുരോഗമന കലാ സാഹിത്യസംഘം, 1986

69- മഹേശ്വരൻ നായർ. കെ. (ഡോ.) - ചട്ടമ്പിസ്വാമികൾ - ജീവിതവും കൃതികളും - ഡൂമ ബുക്സ് - 95

70- മുരളീധരൻ, നെല്ലിക്കൽ (ഡോ.)- ആശാൻ കവിത- പുരാവൃത്തപഠനം- കേരള ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, 1997,

71- മുരളീധരൻ, നെല്ലിക്കൽ (ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ- ഡി.സി. ബുക്ക്സ്, എഡി-1, 2000

72- മുരളീധരൻ നെല്ലിക്കൽ(ഡോ.)- വിശ്വസാഹിത്യദർശനങ്ങൾ-ഡി.സി. ബുക്സ്-1997

73- രമണമഹർഷി ട്രസ്റ്റ് - രമണദർശനം - കോഴിക്കോട് - 1985

74- രവീന്ദ്രൻ ടി.കെ.- ആശാൻ-പരിവർത്തന കവി-കേരള സർവ്വകലാശാല, കാര്യവട്ടം, എഡി-1, 1996

75- രവീന്ദ്രനാഥ ടാഗോർ- സാഹിത്യ ചിന്തകൾ- വിവ: വി.ബാലകൃഷ്ണൻ വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, കോട്ടയം-1991

76- രാഘവൻ പിള്ള. പി. കെ. - രമണമഹർഷി - നിത്യബുക്സ്, 1996

77- രാജഗോപാൽ. എൻ. കെ. - സംസ്കൃത നിരുക്തകോശം, (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1999)

78- രാധാകൃഷ്ണൻ. എസ്. (ഡോ.)- ഭാരതീയദർശനം - വാള്യം 1 & 2, മാതൃഭൂമി പബ്ലിക്കേഷൻ. വിവ. : നാരായണൻ നമ്പീശൻ - 1996

79- രാധാകൃഷ്ണൻ. കെ. എസ്. (ഡോ.) - മാർക്സിസവും അദ്വൈതവേദാന്തവും -നാഷനൽ ബുക്ക്സ്റ്റാൾ - 1991

80- രാമൻ നായർ എൻ. (ഡോ.) - അരിസ്റ്റോട്ടിലിന്റെ കാവ്യശാസ്ത്രം -നാഷനൽ ബുക്സ്സ്റ്റാൾ, കോട്ടയം- 1998

81-വള്ളത്തോൾ നാരായണ മേനോൻ- മഗ്ദലന മറിയം- പൂർണ്ണ പബ്ലിക്കേഷൻ, കോഴിക്കോട്,

82- ലീലാവതി എം (ഡോ.)- ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ- ഒരു പഠനം- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എഡി-1, 1993ുറം-65

83- ലീലാവതി എം (ഡോ.)മലയാള കവിതാ സാഹിത്യ ചരിത്രം- കേരളസാഹിത്യ അക്കാദമി തൃശ്ശൂർ-1980 പുറം-65

84- വാഗ്ഭടാനന്ദന്റെ സമ്പൂർണ്ണ കൃതികൾ - മാതൃഭൂമി പ്രസിദ്ധീകരണം - -1988

85- വാര്യർ ഇ. ഐ (പ്രൊഫ.)- ഭാരതീയ തർക്കശാസ്ത്രം- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

86- വിവേകാനന്ദ സ്വാമികൾ - ജ്ഞാനയോഗം - ശ്രീരാമകൃഷ്ണമഠം - 2000

87- വിവേകാനന്ദ സ്വാമികൾ - ഭക്തിയോഗം - ശ്രീരാമകൃഷ്ണമഠം - 1989

88- വിവേകാനന്ദ സ്വാമികൾ - രാജയോഗം - ശ്രീരാമകൃഷ്ണമഠം - 1994

89-വിവേകാനന്ദ സാഹിത്യസംഗ്രഹം- ശ്രീരാമകൃഷ്ണമഠം - - 1992

90- വിഷ്ണു നാരായണൻ നമ്പൂതിരി- അലകടലും നെയ്യാമ്പലുകളും- കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം എഡി-1, 2004

91- വെട്ടം മാണി എം.എ. - പുരാണിക് എൻസൈക്ലോപീഡിയ - കറന്റ് ബുക്സ് 1993

92- വേദബന്ധു -യവനകാവ്യതത്ത്വങ്ങൾ - ഇൻസ്റ്റിറ്റ്യൂട്ട്-1999 - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1995

93- വേണു കെ. സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരം- ആലുവ, ഖനി ബുക്ക്സ്, എഡി-1, 1990,

94- ഡോ. കെ. വേലായുധൻ നായർ, (ഡോ.) - അരവിന്ദദർശനം - ട്രസ്റ്റ് പബ്ലിക്കേഷൻസ് - 2000

95- ശങ്കരൻ, തായാട്ട് -ആശാൻ:നവോത്ഥാനത്തിന്റെ കവി- സാഹിത്യ പ്രവർത്തകസഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, എഡി-3 2000

96- ശങ്കരാചാര്യർ - അദ്വൈതാനുഭൂതി - വ്യാഖ്യാ. സ്വാമി ജ്ഞാനാനന്ദ സരസ്വതി - ആനന്ദ കുടീരം പ്രസിദ്ധീകരണം - 1995.

97- ശങ്കരാചാര്യർ - ആത്മബോധം - വ്യാഖ്യാനം - സ്വാമി ചിന്മയാനന്ദ. വിവർത്തകൻ - കൃഷ്ണൻകുട്ടിക്കുറുപ്പ് - 1993

98- ശങ്കരാചാര്യർ - ആത്മാനാത്മ വിവേകം - വ്യാഖ്യാനം : സ്വാമി ജ്ഞാനാനന്ദസരസ്വതി - ആനന്ദകുടീരം പ്രസിദ്ധീകരണം - 1990

99- ശങ്കരാചാര്യർ - തത്ത്വബോധം - പരിഭാഷകൻ - എ. കെ. പ്രഭാകരൻ, ചിന്മയ പബ്ലിക്കേഷൻസ് - 1998

100- ശങ്കരാചാര്യർ-ദക്ഷിണാമൂർത്തി സ്തോത്രം-വ്യാഖ്യാതാവ് സ്വാമി ചിന്മയാനന്ദ, വിവ: ശ്രീ.കൃഷ്ണൻ കുട്ടി കുറുപ്പ്, സെൻട്രൽ ചിന്മയ മിഷൻ ട്രസ്റ്റ്, എഡി-1, 1999,

101- ശങ്കരാചാര്യർ - ദൃക്ക്ദൃശ്യവിവേകം - വ്യാഖ്യാനം - ആഗമാനന്ദസ്വാമികൾ - ശ്രീരാമ കൃഷ്ണ അദ്വൈതാശ്രമം - കാലടി - 1985

102- ശങ്കരാചാര്യർ - ബ്രഹ്മജ്ഞാനാവലി - സമ്പാദഗകൻ : സ്വാമി ജ്ഞാനാനന്ദ സരസ്വതി - ആനന്ദകുടീരം പ്രസിദ്ധീകരണം.

103- ശീ ശങ്കരാചാര്യർ- ഭജഗോവിന്ദം (മോഹമുദ്ഗരം)- വിശദീകരണം- സി. നാരായണൻ നമ്പ്യാർ- നിത്യബുക്ക്സ്, എഡി-1, 1998

104- ശങ്കരാചാര്യർ - മനീഷാപഞ്ചകം - വ്യാഖ്യാ. സ്വാമി ചിദാനന്ദപുരി കൊളത്തൂർ അദ്വൈതാശ്രമം - 1998

105- ശങ്കരാചാര്യർ - വിവേകചൂഡാമണി - ശങ്കരാചാര്യർ. വ്യാഖ്യാനം - സ്വാമി ചിന്മയാനന്ദൻ, വാള്യം -1,2, വിവ. : സി. ഗോപാലൻ, ചിന്മയ പബ്ലിക്കേഷൻ, 1988

106- ശങ്കരാചാര്യർ - സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം - വ്യാഖ്യാനം : ആഗമാനന്ദ സ്വാമികൾ, ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി - 1981

107- ശങ്കരാചാര്യർ - സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം - വ്യഖ്യാനം. സ്വാമി ജ്ഞാനാന്ദ സരസ്വതി - ആനന്ദകുടീരം പ്രസിദ്ധീകരണം.

108-ശങ്കരാചാര്യർ - സൗന്ദര്യലഹരി - വ്യാഖ്യാനം - ഡോ. ബി. സി. ബാലകൃഷ്ണൻ, ഡി. സി. ബുക്സ് - 1993

109- ശങ്കരാചാര്യർ - സൗന്ദര്യലഹരി - വ്യാഖ്യാനം - സുബ്രഹ്മണ്യശാസ്ത്രി, മാതൃഭൂമി പ്രസാധനം - 1988

110- ശങ്കരാചാര്യർ - സ്വാത്മനിരൂപണം - വ്യാഖ്യാസ്വാമി. ജ്ഞാനാനന്ദസരസ്വതി - ആനന്ദകുടീരം പ്രസിദ്ധീകരണം - 1995.

111- ശങ്കരാചാര്യർ - ഹരിമീഡേ സ്തോത്രം - വ്യാഖ്യാനം : സ്വാമി ജ്ഞാനാനന്ദ സരസ്വതി. ആനന്ദകുടീരം പ്രസിദ്ധീകരണം - . 1996

112-ശുഭ, (ഡോ.)- ബുദ്ധദർശനത്തിന്റെ പ്രഭാവം ആശാൻ കവിതയിൽ- ജീവൻ പബ്ലിക്കേഷൻസ്. എഡി-1, 2006

113- ശേഷാദ്രി. പി. - ശ്രീശങ്കരാചാര്യചരിതം - ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ - 1978

114- ശ്രീജൻ വി.സി. (ഡോ.)-ചിന്തയിലെ രൂപകങ്ങൾ- നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം -2000

115-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം ഒന്ന്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003

116-ശ്രീ നാരായണ ഗുരുദേവ കൃതികൾ- സമ്പൂർണ്ണ വ്യാഖ്യാനം- (ഭാഗം രണ്ട്)- പ്രൊഫ.ജി. ബാലകൃഷ്ണൻ നായർ-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, എഡി-1, 2003

117-ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ്ണകൃതികൾ (വിദ്യോതിനീ വ്യാഖ്യാനം) ഡോ. ടി. ഭാസ്കരൻ, പ്രസാധകർ, മാതൃഭൂമി - 1985

118-ശ്രീരാമകൃഷ്ണ മഠം - ശ്രീരാമകൃഷ്ണവചനാമൃതം - വാല്യം-1 വിവർത്തനം - സിദ്ധിനാഥാനന്ദ സ്വാമികൾ, - 1990

119- ശ്രീരാമകൃഷ്ണ മഠം - ശ്രീരാമകൃഷ്ണവചനാമൃതസംഗ്രഹം - 1994

120-സാനു. എം. കെ. - നാരായണഗുരുസ്വാമി - വിവേകോദയം പ്രിന്റിങ്ങ് & പബ്ലിക്കേഷൻസ്, 1976

121-സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ- സമ്പാ: ഡോ. കെ.എം. ജോർജ്ജ്, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷനൽ ബുക്ക് സ്റ്റാൾ കോട്ടയം-1973, പുറം-98

122- മസുകുമാരൻ നായർ ജി. (പ്രൊഫ.) - സൗന്ദര്യദർശനം- ഡി. സി. ബുക്സ്, കോട്ടയം -1979

123-സുകുമാരപ്പിള്ള കെ. (ഡോ.) - കാവ്യമീമാംസ - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-1993

124-സുകുമാർ അഴീക്കോട്, (ഡോ.)- ആശാന്റെ സീതാകാവ്യം - മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്- 1990

125- സുകുമാർ അഴീക്കോട്, (ഡോ.)- തത്ത്വമസി - നാഷനൽ ബുക്ക്സ്റ്റാൾ - 1989

126-സുന്ദരം. എം.എ. (ഡോ.) - അദ്വൈതം - അദ്വൈതം പുസ്തക പ്രസാധക സമിതി - 2001

127- സ്റ്റീഫൻ വില്യം ഹോക്കിങ്ങ്സ് - കാലത്തിന്റെ സംക്ഷിപ്ത ചരിത്രം - പെന്റഗൺ ബുക്സ് - 1994

**സപ്ലിമെന്റുകൾ**

1. പ്രബുദ്ധകേരളം വിശേഷാൽപ്രതി - 1996
2. ശ്രീനാരായണഗുരു സപ്ലിമെന്റ് - മാതൃഭൂമി, 1993
3. ശ്രീനാരായണഗുരു സ്പെഷ്യൽ, ശിവഗിരി തീർത്ഥാടനം, കേരള കൗമുദി, 1994

4. വിവേകാനന്ദ സപ്ലിമെന്റ് - മാതൃഭൂമി, 1992

5. ശ്രീശങ്കര സപ്ലിമെന്റ് - മാതൃഭൂമി, 1993

ഗോപിനാഥൻ കെ. കുമാരനാശാന്റെ കവിതകളിൽ വെളിപ്പെടുന്ന കവി മനസ്സ്- പി.എച്ച്.ഡി. പ്രബന്ധം, കേരള സർവ്വകലാശാല, 1986

കുര്യാസ് കുമ്പളക്കുഴി- മൃത്യുദർശനം മനഃശാസ്ത്രത്തിൽ- മനഃശാസ്ത്രം മാസിക, മാർച്ച് 1984, പുറം- 27-28

## ENGLISH BOOKS

1. Atharva Veda Samhita - Vol. 1, 2, William Dwight Whitney - Motilal Banarsidass Publication Pvt. Ltd., Edn. 1984

2. Mandukya Upanishad - Commentary : Swami Chinmayananda, Central Chinmaya Mission Trust

3. Bertrand Russel - Religion & Science - Oxford University Press - Edn. 1975

4. Chandradhar Sharma (Dr.) - Critical Survey of Indian Philosophy - Motilal Banarsidass Publication Pvt. Ltd., Edn. 1997.

5. Chowkhamba Sanskrit Series - Sabdakalpadrumam - Varanasi - 1967

6- Narada Bhakti sutra- Chinmayananda, Swami- Central Chinmaya Mission Trust, Mumbai- Edi- 5, 2000, page- 2

7- Pavlov- Twenty years of objective study of nervous activity (behavior) of animals- 1928, page-80, Quoted in problems of modern aesthetics, 1969, Moscow

8- .Ramana Maharshi - Upadesa Sara - Commentary : Swami Tejomayananda, Central Chinmaya Trust.

9 .Ram Shankar Misra - The Integral Advaitism of Sri. Aurabindo - Banaras Hindu University, Edn. - 1957

10- Sunil Kumar D.E-Aspects of sanskrit literature- Firma K.M. Pvt. Ltd. Calcutta Edi- 1,1976

11- Surendranath Dasgupta - History of Indian Philosophy - Vol 1. & 2, Motilal Banarsidass Publication Pvt. Ltd., Edn. 1992.

12- Upanishads in Sankara's own words, Vol-2- Vidya vachaspathi V.Panoli- Mathrubhumi Printing & Publishing Co. Ltd. Edi-1,1992